# PROCEEDINGS

OF THE

# TWELFTH KERALA LEGISLATIVE ASSEMBLY

## SECOND SESSION

**Wednesday, the 25th October 2006**

## OFFICIAL REPORT

**Vol. 130—No. 20**

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM

LIBRARY ARCHIVES Kerala Legislative Assembly

# കേരള നിയമസഭാ നടപടികൾ

## പന്ത്രണ്ടാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

**2006 ഒക്ടോബർ 25, ബുധൻ**

*സ്പീക്കർ*

ശ്രീ. കെ. രാധാകൃഷ്ണൻ

*ഡെപ്യൂട്ടി സ്പീക്കർ*

ശ്രീ. ജോസ് ബേബി

*സെക്രട്ടറി*

ഡോ. എം. സി. വത്സൻ

*ചീഫ് എഡിറ്റർ*

ശ്രീമതി എസ്. വിജയമ്മാൾ

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

2/3777/2010/DTP.

LIBRARY ARCHIVES Kerala Legislative Assembly

## മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | .. | ശ്രീ. വി. എസ്. അച്ചുതാനന്ദൻ |
| വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി | .. | ശ്രീ. എം. എ. ബേബി |
| ആഭ്യന്തരവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി | .. | ശ്രീ. കോടിയേരി ബാലകൃഷ്ണൻ |
| പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി | .. | ശ്രീ. എ. കെ. ബാലൻ |
| വനവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി | .. | ശ്രീ. ബിനോയ് വിശ്വം |
| ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി | .. | ശ്രീ. സി. ദിവാകരൻ |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | .. | ശ്രീ. പി. കെ. ഗുരുദാസൻ |
| മരാമത്ത് വകുപ്പുമന്ത്രി | .. | ശ്രീ. റ്റി. യു. കുരുവിള |
| വ്യവസായ വകുപ്പുമന്ത്രി | .. | ശ്രീ. എളമരം കരീം |
| ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി | .. | ശ്രീ. മാത്യു ടി. തോമസ് |
| തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി | .. | ശ്രീ. പാലോളി മുഹമ്മദ് കുട്ടി |
| ജലവിഭവ വകുപ്പുമന്ത്രി | .. | ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ |
| റവന്യൂ വകുപ്പുമന്ത്രി | .. | ശ്രീ. കെ. പി. രാജേന്ദ്രൻ |
| കൃഷി വകുപ്പുമന്ത്രി | .. | ശ്രീ. മുല്ലക്കര രത്നാകരൻ |
| ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി | .. | ശ്രീ. എസ്. ശർമ്മ |
| ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി | .. | ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ |
| സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി | .. | ശ്രീ. ജി. സുധാകരൻ |
| ധനകാര്യ വകുപ്പുമന്ത്രി | .. | ഡോ. തോമസ് ഐസക് |
| നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി | .. | ശ്രീ. എം. വിജയകുമാർ |

LIBRARY ARCHIVES Kerala Legislative Assembly

# ഉള്ളടക്കം

പേജ്

I. ചോദ്യോത്തരങ്ങൾ

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ .. 1

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 23

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 42

(3) 20-10-2006, 23-10-2006 എന്നീ തീയതികളിലെ ചോദ്യോത്തരങ്ങൾ .. 136,164,310

II. ചരമോപചാരം

മുൻ മന്ത്രി കെ. ചന്ദ്രശേഖരൻ, മുൻ നിയമസഭാംഗങ്ങളായിരുന്ന പി. രാമലിംഗം, കെ. എം. എബ്രഹാം, തിരു-കൊച്ചി നിയമസഭാംഗങ്ങളായിരുന്ന എം. വർക്കി, പുറത്തേക്കാട് ചന്ദ്രശേഖരൻ നായർ, മുൻ ലോകസഭാംഗമായിരുന്ന കെ. എ. രാജൻ, മുൻ കേന്ദ്ര മന്ത്രി ജി. രവീന്ദ്രവർമ്മ എന്നിവരുടെ നിര്യാണം. .. 400

III. അടിയന്തിര പ്രമേയം

കുട്ടനാടൻ പ്രദേശത്ത് നെല്ല് സംഭരിക്കാത്തതും പുഞ്ചകൃഷിക്ക് ലഭിച്ചിരുന്ന ആനുകൂല്യങ്ങൾ നിർത്തലാക്കിയതും മൂലമുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ .. 404
(അവതരണാനുമതി നിഷേധിച്ചു.)

IV. ശ്രദ്ധ ക്ഷണിക്കൽ

(1) വർക്കലയിലൂടെയുള്ള ജലപാത പുനരുദ്ധരിക്കേണ്ടതിന്റെയും പാപനാശം കടൽത്തീരം സംരക്ഷിക്കേണ്ടതിന്റെയും ആവശ്യകത
—ശ്രീ. വർക്കല കഹാർ .. 412

(2) ജൈവമാലിന്യങ്ങൾ ഉപയോഗിച്ച് കംപോസ്റ്റ് വളവും വൈദ്യുതിയും ഉല്പാദിപ്പിക്കുന്നതിനുള്ള പദ്ധതികൾ
—ശ്രീ. പി. ജെ. ജോസഫ് .. 415

V. സബ്മിഷൻ

(1) കിണറ്റിൽ വീണ് മരണമടഞ്ഞ അജീഷിന് ധനസഹായം
— പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻചാണ്ടി) .. 419

(2) വടക്കാഞ്ചേരി സബ് ഡിപ്പോയിൽ ഡീസൽ ഫില്ലിംഗ് സ്റ്റേഷൻ
— ശ്രീ. എം. ചന്ദ്രൻ .. 423

LIBRARY ARCHIVES Kerala Legislative Assembly

പേജ്

(3) വൈദ്യുതി ബോർഡ് ഉപഭോക്താക്കളിൽനിന്നും അധിക ക്യാഷ് ഡെപ്പോസിറ്റ് ഈടാക്കുന്നത് സംബന്ധിച്ച്

— ശ്രീ. കെ. എം. മാണി .. 424

(4) വികലാംഗരുടെ പ്രശ്നങ്ങൾ

— ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് .. 427

(5) ഏനാത്ത് പോലീസ് സ്റ്റേഷൻ

— ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ .. 429

(6) കൈപ്പള്ളി-ഏന്തയാർ റോഡ് നിർമ്മാണം

— ശ്രീ. പി. സി. ജോർജ് .. 430

(7) കെ. എസ്. ഇ. ബി. യിൽ പി. എസ്. സി. അഡ്വൈസ് മെമ്മോ നൽകിയ എഞ്ചിനീയറിംഗ് ഉദ്യോഗാർത്ഥികളെ നിയമിക്കേണ്ടതിന്റെ ആവശ്യകത

— ശ്രീ. പി. ജയരാജൻ .. 432

(8) കൊച്ചി നഗരത്തിൽ ആധുനിക പോലീസ് സംവിധാനം

— പ്രൊഫ. കെ. വി. തോമസ് .. 434

(9) ഭരണിക്കാവ് ബ്ലോക്കിൽ ആർ.ഐ.ഡി.എഫ്.-ൽ ഉൾപ്പെടുത്തിയ റോഡിന്റെ നിർമ്മാണം

— ശ്രീ. എം. മുരളി .. 435

(10) റെയിൽവേ കാറ്ററിംഗ് തൊഴിലാളികൾ അനുഭവിക്കുന്ന പ്രയാസങ്ങൾ

— ശ്രീ. എം. ഹംസ .. 436

(11) തയ്യൽ തൊഴിലാളികൾക്ക് ക്ഷേമനിധി ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത

— ശ്രീ. കെ. ബാബു .. 438

(12) എം. സി. റോഡിന്റെ വികസനം

— ശ്രീ. കെ. കെ. ഷാജു .. 438

(13) മൃതശരീരം പോസ്റ്റുമോർട്ടം ചെയ്യുന്നതിലെ കാലതാമസം

— ശ്രീ. എം. ഉമ്മർ .. 439

(14) 'റീപ്' എന്ന പാഠപുസ്തകം വിദ്യാലയങ്ങളിൽ പഠിപ്പിക്കാനുള്ള തീരുമാനം

— ശ്രീ. സി. പി. മുഹമ്മദ് .. 440


LIBRARY ARCHIVES Kerala Legislative Assembly

പേജ്

(15) വടക്കൻമല, മഞ്ഞള്ളൂർ ശുദ്ധജല വിതരണ പദ്ധതികൾ
— ശ്രീ. ബാബു പോൾ .. 442

(16) കേരളത്തിലെ 'ന്യൂ' സ്കൂൾ അദ്ധ്യാപകരുടെ നിയമനം
— ശ്രീ. കെ. കെ. ജയചന്ദ്രൻ .. 443

(17) കുറ്റ്യാടി കേന്ദ്രമായി ഒരു കാർഷിക ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കണമെന്ന ആവശ്യം
— ശ്രീമതി കെ. കെ. ലതിക .. 443

(18) ലക്ഷംവീട് കോളനികളിൽ ഉപയോഗിക്കുന്ന മിനിവാട്ടർ ടാങ്കുകൾക്ക് കറന്റ് ചാർജ് ഈടാക്കുന്നത് സംബന്ധിച്ച്
— ശ്രീ. എ. എം. ആരിഫ് .. 444

(19) പൊൻമുടി പോലീസ് സ്റ്റേഷന്റെ വിപുലീകരണം
— ശ്രീമതി ജെ. അരുന്ധതി .. 445

(20) കേരള പോലീസിലെ ക്യാമ്പ് ഫോളോവേഴ്സ് വിഭാഗത്തെ സർവ്വീസ് ചട്ടത്തിന്റെ പരിധിയിൽ കൊണ്ടുവരേണ്ടതിന്റെ ആവശ്യകത
— ശ്രീ. പി. തിലോത്തമൻ .. 445

(21) വയനാട് ജില്ലയ്ക്ക് പ്രകൃതിക്ഷോഭ ദുരിതാശ്വാസ സഹായം
— ശ്രീ. എം. വി. ശ്രേയാംസ് കുമാർ .. 447

(22) കണ്ണൂർ ജില്ലാ സെൻട്രൽ ലൈബ്രറിക്ക് കെട്ടിടം പണിയാൻ ഭൂമി
— ശ്രീ. കെ. പി. മോഹനൻ .. 448

(23) കണ്ണൂർ എസ്. എൻ. കോളേജിൽ വർദ്ധിച്ചുവരുന്ന അക്രമ സംഭവങ്ങൾ
— ശ്രീ. പി. സി. വിഷ്ണുനാഥ് .. 448

(24) വൈലത്തൂരിൽ റസീന എന്ന പെൺകുട്ടിയെ പീഡിപ്പിച്ചതു സംബന്ധിച്ച്
— ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി .. 450

(25) പരശുവയ്ക്കലിലെ റോഡപകടം
— ശ്രീ. വി. ശിവൻകുട്ടി .. 452

(26) വേലൂർ കോടശ്ശേരിയിൽ കരിങ്കൽ ക്വാറി തൊഴിലാളികൾ മിന്നലേറ്റു മരണപ്പെട്ടതു സംബന്ധിച്ച്
— ശ്രീ. എ. സി. മൊയ്തീൻ .. 453

(27) റാന്നി ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിലെ റാഗിംഗ്
— ശ്രീ. രാജു എബ്രഹാം .. 454

LIBRARY ARCHIVES Kerala Legislative Assembly

| | | പേജ് |
|---|---|---|
| VI. | ക്രമപ്രശ്നം | |
| | ഗുണ്ടാ ആക്ടിന് പകരമുള്ള ഓർഡിനൻസ് | |
| | — ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ .. | 455 |
| VII. | മേശപ്പുറത്തു വച്ച കടലാസ്സുകൾ .. | 457 |
| VIII. | റിപ്പോർട്ട് സമർപ്പണം | |
| | VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ 2004-05 വർഷത്തെ ആനുകാലിക് റിപ്പോർട്ട് .. | 461 |
| IX. | ധനകാര്യം | |
| | 2006-07 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളെ സംബന്ധിക്കുന്ന ചർച്ചയും വോട്ടെടുപ്പും .. | 462 |
| X. | 58-ാം ചട്ടപ്രകാരമുള്ള ചർച്ച | |
| | മാറാട് കലാപം അന്വേഷിച്ച കമ്മീഷന്റെ റിപ്പോർട്ടിന്മേലുള്ള ചർച്ച | |
| | — ശ്രീ. ആര്യാടൻ മുഹമ്മദ് .. | 576 |
| | അനുബന്ധം .. | 641 |


LIBRARY ARCHIVES Kerala Legislative Assembly

# കേരള നിയമസഭാ നടപടികൾ

## പന്ത്രണ്ടാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

2006 ഒക്ടോബർ 25, ബുധൻ

വാല്യം CXXX] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 20

നിയമസഭ 2006 ഒക്ടോബർ മാസം 25-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രായ്ക്കറ്റിൽ കാണിച്ചിരിക്കുന്നു.)

### (i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ........ ഓർഡർ........

ചോദ്യം നം. 703

#### മത്സ്യബന്ധന വകുപ്പിനുള്ള വിദേശസഹായം

*1 [703] ശ്രീ. കെ. ശിവദാസൻ നായർ :

,, കെ. സുധാകരൻ :

,, ബി. ബാബു പ്രസാദ് :

,, കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യബന്ധന വകുപ്പിന് ഏതെങ്കിലും വിദേശരാജ്യങ്ങളുടെ സഹായം ലഭിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം വിദേശരാജ്യങ്ങളുടെ സഹായമാണ് ലഭിക്കുന്നത്;

(സി) പ്രസ്തുത സഹായ സഹകരണങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ ?



LIBRARY ARCHIVES Kerala Legislative Assembly

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ,

(എ) മത്സ്യബന്ധന വകുപ്പിന് നേരിട്ട് വിദേശരാജ്യങ്ങളുടെ സഹായമൊന്നും ലഭിക്കുന്നില്ല.

(ബി) ബാധകമല്ല.

(സി) ബാധകമല്ല.

ശ്രീ. കെ. സുധാകരൻ : സർ, ക്ഷേമനിധി ബോർഡിന് നൽകേണ്ട വിഹിതത്തെ ചൊല്ലി ഡീലേഴ്സും വ്യവസായികളും ഉയർത്തിയ എതിർപ്പും കോടതി നടപടികളും മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം അക്ഷരാർത്ഥത്തിൽ നിലപ്പിച്ചിരിക്കുകയാണ്. ഏതാണ്ട് 35 കോടി രൂപ കുടിശ്ശികയുണ്ടെന്നാണ് അറിവ്. ഒരു വർഷം ആനുകൂല്യം നൽകാൻ 3 കോടി രൂപ വേണം. പെൻഷൻ കൊടുക്കാനുള്ള തുക മാത്രമേ ഗവൺമെന്റ് കൊടുക്കുന്നുള്ളൂ. കല്യാണം, മരണം തുടങ്ങിയ ആവശ്യങ്ങൾക്ക് ധനസഹായമൊന്നും ക്ഷേമനിധി ബോർഡിൽ നിന്ന് ലഭിക്കുന്നില്ല. ഇതിന് പരിഹാരം കാണാൻ യു. ഡി. എഫ്. ഗവൺമെന്റ് ഒരു നിയമനിർമ്മാണം തുടങ്ങിവച്ചിരുന്നു. അതിന്റെ ഇന്നത്തെ അവസ്ഥ എന്താണ്; ഈ രണ്ട് ആനുകൂല്യങ്ങൾ താത്ക്കാലികമായിട്ടെങ്കിലും കൊടുക്കാനുള്ള തുക അനുവദിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ ?

ശ്രീ. എസ്. ശർമ്മ: ബഹുമാനപ്പെട്ട അംഗം ശ്രീ. സുധാകരൻ പറഞ്ഞ പ്രശ്നത്തിൽ കയറ്റുമതിക്കാർ ക്ഷേമനിധി വിഹിതം അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കിക്കിട്ടുന്നതിന് സുപ്രീംകോടതിയിൽ കേസ് കൊടുത്തു. ആ കേസിൽ കയറ്റുമതിക്കാരുടെ വാദം കോടതി അംഗീകരിച്ചു. ഈ സാഹചര്യത്തിൽ അവരിൽ നിന്ന് നിയമപരമായിതന്നെ സെസ്സ് ഈടാക്കാൻ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഒരു ഓർഡിനൻസ് കൊണ്ടുവന്നു. ആ ഓർഡിനൻസ് പുതുക്കി പോരായ്മകൾ പരിഹരിച്ച് അടുത്ത നിയമസഭാ സമ്മേളനത്തിൽ നിയമം ആക്കാൻ നടപടി സ്വീകരിക്കും. അതുവഴി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനത്തിന് വരുമാന സ്രോതസ്സ് കുറേക്കൂടി സജീവമാക്കാൻ ഉദ്ദേശിക്കുന്നു.

ശ്രീ. കെ. സുധാകരൻ : യു.ഡി.എഫ്. ഗവൺമെന്റ് തുടങ്ങിവച്ച തീരദേശ വികസന ഏജൻസിക്ക് അന്നത്തെ ബഡ്ജറ്റിൽ രണ്ട് കോടി രൂപ നീക്കിവയ്ക്കുകയുണ്ടായി. തീരദേശ വികസന ഏജൻസിയുടെ അവസ്ഥ എന്താണ് ; യു.ഡി.എഫ്. ഗവൺമെന്റ് തുടങ്ങിവച്ചതുകൊണ്ട് മുന്നോട്ടുകൊണ്ടുപോകുന്നില്ല എന്നതാണോ എൽ. ഡി. എഫ്. ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുന്നത്; അതോ അത് തുടരാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. എസ്. ശർമ്മ: തീരദേശ വികസന ഏജൻസി തുടരണമോ വേണ്ടയോ എന്നത് സംബന്ധിച്ച് നയപരമായ ഒരു തീരുമാനം ഗവൺമെന്റ് ഇതിനകം സ്വീകരിച്ചിട്ടില്ല. അത് കാബിനറ്റിന്റെ പരിഗണനയിലിരിക്കുന്ന പ്രശ്നമാണ്.

ശ്രീ. ബി. ബാബു പ്രസാദ് : കായംകുളം-തോട്ടപ്പള്ളി മത്സ്യബന്ധന തുറമുഖങ്ങളുടെ പണി എന്നത്തേക്ക് പൂർത്തിയാകും ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എസ്. ശർമ്മ : കായംകുളം ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണ പ്രവർത്തനം 2007 ഡിസംബർ മാസത്തോടുകൂടി കമ്മിഷൻ ചെയ്യണമെന്നാണ് ഉദ്ദേശിക്കുന്നത്. തോട്ടപ്പള്ളി 2008 അവസാനത്തോടുകൂടി കമ്മിഷൻ ചെയ്യാൻ ഉദ്ദേശിക്കുന്നു.

ശ്രീ. ബി. ബാബു പ്രസാദ്: തീരദേശത്ത് കാലവർഷക്കെടുതിമൂലം മത്സ്യത്തൊഴിലാളികൾക്ക് വർഷത്തിൽ പകുതി മാസങ്ങളിലും മത്സ്യബന്ധനത്തിന് പോകാൻ കഴിയാത്ത ഒരു അവസ്ഥയാണ്. അതോടൊപ്പം പ്രകൃതിക്ഷോഭവും അവരുടെ തൊഴിലിനെ വളരെയേറെ ബാധിക്കുന്നുണ്ട്. ട്രോളിംഗ് സമയത്തടക്കം തൊഴിൽ ഇല്ലാതെ ഇരിക്കുന്ന ഇവർക്ക് ഉപജീവനത്തിന് എന്തെങ്കിലും സംവിധാനമോ ഏതെങ്കിലും ക്ഷേമപദ്ധതിയോ നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. എസ്. ശർമ്മ: ട്രോളിംഗ് നിരോധന സമയത്ത് ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ തൊഴിൽ നഷ്ടപ്പെടുന്നത് ഗുരുതരമായ ഒരു സാമൂഹ്യ പ്രശ്നമായി ഉയർന്നുനിൽക്കുന്ന കാര്യമാണ്. തൊഴിൽ ഇല്ലാതെ വരുന്ന ഈ പ്രത്യേക സാഹചര്യത്തിൽ താത്ക്കാലിക ആശ്വാസം എന്ന നിലയ്ക്കാണ് സൗജന്യ റേഷൻ നൽകുന്നതിന് സർക്കാർ മുന്നോട്ട് വന്നത്. ബദൽ തൊഴിൽ സംബന്ധിച്ച് ഒരു തീരുമാനം കൈക്കൊണ്ടിട്ടില്ല. എന്നാൽ അത്തരം സംവിധാനമുണ്ടാക്കാൻ എന്താണ് ചെയ്യാൻ കഴിയുക എന്നതിനെ സംബന്ധിച്ച് ചർച്ച ചെയ്യുന്നതാണ്.

ശ്രീ. കെ. ബാബു: നമ്മുടെ സംസ്ഥാനത്ത് നോർവീജിയൻ സഹായത്തോടുകൂടിയാണ് ആധുനിക മത്സ്യബന്ധനത്തിന് നടപടി സ്വീകരിച്ചു വന്നത്. വിദേശ സഹായം ഇല്ല എന്ന് അങ്ങ് പറഞ്ഞു. ഈ സഭയിൽ ഇൻഡ്യൻ പ്രസിഡണ്ട് നടത്തിയ പ്രഖ്യാപനത്തിൽ പത്തിന പരിപാടിയിലെ ഒരിനം ഡീപ് സീ ഫിഷിംഗ് ആയിരുന്നു. ഡീപ് സീ ഫിഷിംഗിന് വിദേശ സഹായം ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കുമോ; ഇല്ലെങ്കിൽ മറ്റെന്തെങ്കിലും മാർഗ്ഗം നടപ്പിലാക്കാൻ വേണ്ടി ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എസ്. ശർമ്മ : ഡീപ് സീ ഫിഷിംഗിനെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം പരാമർശിച്ചതുപോലെ രാഷ്ട്രപതിയുടെ സ്പീച്ചിൽ ഒരു പ്രധാനപ്പെട്ട ഇനമായിരുന്നു. അതനുസരിച്ച് ഡീപ് സീ ഫിഷിംഗ് പ്രോത്സാഹിപ്പിക്കുന്നതിനായി സെൻട്രൽ ഗവൺമെന്റ് 4 കോടി രൂപ കഴിഞ്ഞ രണ്ട് ആഴ്ച മുൻപ് അനുവദിച്ചുകൊണ്ട് ഉത്തരവ് വന്നിട്ടുണ്ട്. കേരളത്തിൽ ഇപ്പോൾ എം.പി.ഇ.ഡി.എ.-യുടെ ഒരു പ്രോജക്ട് ഡീപ് സീ ഫിഷിംഗ് പ്രോത്സാഹിപ്പിക്കുന്നതിന് നിലവിലുണ്ട്. എം.പി.ഇ.ഡി.എ.-യും സ്റ്റേറ്റ് ഗവൺമെന്റും ഈ പ്രോജക്ടുകളുടെ സംയോജന സാധ്യതകൾ സംബന്ധിച്ച് ഒരു ചർച്ച നടത്തി. ഡീപ് സീ ഫിഷിംഗിന് സന്നദ്ധമായി വരുന്ന ബോട്ടോന്നിന് 7.5 ലക്ഷം രൂപ സബ്സിഡി കൊടുക്കാമെന്നാണ് എം.പി.ഇ.ഡി.എ. സന്നദ്ധത പ്രകടിപ്പിച്ചിരിക്കുന്നത്. എന്നാൽ എം.പി.ഇ.ഡി.എ. പറഞ്ഞത് ഇപ്പോൾ അവരുടെ മുൻപിൽ അപേക്ഷകർ വളരെ പരിമിതമായി മാത്രമേ ഉളളുവെന്നാണ്. ഈ പോരായ്മ പരിഹരിക്കുന്നതിന് ഫിഷിംഗ് ഡിപ്പാർട്ടുമെന്റിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് നിർദ്ദേശം കൊടുക്കുകയും ചെയ്തു. ആഴക്കടൽ മത്സ്യബന്ധനത്തിന് സന്നദ്ധമായി വരുന്ന ബോട്ടുകൾക്ക് ഈ ആനുകൂല്യം പ്രയോജനപ്പെടുത്തി ആഴക്കടൽ മത്സ്യസമ്പത്ത് കൂടുതൽ ഉല്പാദിപ്പിക്കുന്നതിന് ഡിപ്പാർട്ടുമെന്റിന്റെ മുഴുവൻ ശ്രദ്ധയും ഉണ്ടാകണമെന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ബാബു: നമ്മുടെ മത്സ്യസമ്പത്തിന്റെ നല്ല ശതമാനവും കയറ്റുമതി ചെയ്യുകയാണ് ചെയ്യുന്നത്. നമ്മൾ കയറ്റുമതിക്കും പ്രോസ്സസ്സിംഗിനുമെല്ലാം പഴയ സമ്പ്രദായങ്ങളാണ് ഇപ്പോഴും സ്വീകരിക്കുന്നത്. പഴയസമ്പ്രദായം മാറ്റി പ്രോസ്സസിംഗിലും കയറ്റുമതിയുമായി ബന്ധപ്പെട്ട മറ്റു കാര്യങ്ങളിലുമെല്ലാം സാങ്കേതിക വിദ്യ ഉപയോഗിച്ച് ആധുനികവത്ക്കരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എസ്. ശർമ്മ: ഏറ്റവും ഗുണമേൻമയോടുകൂടിയാണ് മത്സ്യം കയറ്റുമതി ചെയ്യുന്നത്. കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി, നിലവിലുള്ള ഫിഷിംഗ് ഹാർബറുകൾ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി പുതുക്കിപ്പണിയുന്നതാണ്. ഹാർബറുകൾ സെലക്റ്റ് ചെയ്തതിനുശേഷം അവയുടെ നവീകരണത്തിന് രണ്ടുമൂന്ന് സോഴ്സുകളിലൂടെയാണ് പണം കണ്ടെത്തുന്നത്. നബാർഡിന്റെ അസിസ്റ്റൻസ് ഉണ്ട്. ഉദാഹരണത്തിന് ബേപ്പൂർ, നീണ്ടകര, ശക്തികുളങ്ങര, മാപ്പിള ബേ, ചോമ്പാല തുടങ്ങിയ ഹാർബറുകൾ റ്റി.ഇ.എ.പി./റ്റി.ആർ.പി. എന്നിവയിൽ ഉൾപ്പെടുത്തി ഹൈജീനിക് ഹാർബറുകളായി ഉയർത്തുന്നതിന് നടപടികൾ സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്. നീണ്ടകരയുടെയും ബേപ്പൂരിന്റെയും ശുചീകരണ നടപടികൾ രണ്ട് ആഴ്ചയ്ക്കുള്ളിൽ പൂർത്തിയാക്കി ഹൈജീനിക് ഹാർബർ ആക്കി ഉയർത്തുന്നതാണ്.

ശ്രീ. എം. എ. വാഹീദ്: മത്സ്യബന്ധനവകുപ്പിന് നേരിട്ട് വിദേശ രാജ്യങ്ങളിൽനിന്ന് സഹായം ലഭിക്കുന്നില്ല എന്ന് അങ്ങ് പറഞ്ഞു. അല്ലാതെ ഏതെങ്കിലും ഗവൺമെന്റ് ഏജൻസി വഴിയോ നോൺ ഗവൺമെന്റൽ ഏജൻസി വഴിയോ മറ്റേതെങ്കിലും തരത്തിലോ തീരദേശ മത്സ്യബന്ധനത്തിന് സഹായം ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ശ്രീ. എസ്. ശർമ്മ: 1993 മുതൽ 1998 വരെയുള്ള കാലയളവിൽ കുവൈറ്റ് ഗവൺമെന്റിന്റെ സഹായം ഉണ്ടായിട്ടുണ്ട്. പിന്നെ സുനാമി ബാധിതമായതിനുശേഷം പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കും ജീവിതോപാധികൾ നൽകുന്നതിനും വേണ്ടി കേന്ദ്ര ഗവൺമെന്റ് വഴി സംസ്ഥാന ഗവൺമെന്റിന് ലഭ്യമാക്കുന്ന തുകയുടെ ഒരു നിശ്ചിത ശതമാനം ഫിഷറീസ് സെക്ടറിന് ലഭിക്കുന്നുണ്ട്. നേരിട്ട് ലഭിക്കുന്നുണ്ടോ എന്ന് ചോദിച്ചാൽ ലഭിക്കുന്നില്ല എന്നതാണ് മറുപടി. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ ഏതെങ്കിലും ഏജൻസി വഴിയോ, സെൻട്രൽ ഗവൺമെന്റ് വഴിയോ, സ്റ്റേറ്റ് ഗവൺമെന്റ് വഴിയോ ഫിഷറീസ് സെക്ടറിന് സഹായമുണ്ട്. ഉദാഹരണത്തിന് സുനാമി അടിയന്തിര ദുരിതാശ്വാസ സഹായമായി എ.ഡി.ബി.-യുടെ ഗ്രാന്റുണ്ട്. സുനാമി ബാധിച്ചത് കണക്കിലെടുത്ത് സഹായത്തിനുവേണ്ടി 162.82 കോടി രൂപ ഗ്രാന്റുള്ളതിൽ ഫിഷറീസ് സെക്ടറിന് 64.85 കോടി രൂപ ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. കൂടാതെ, ജപ്പാനിൽ നിന്ന് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മത്സ്യമേഖലയിലുള്ളവർക്ക് അവരുടെ ജീവിത പുരോഗതി ലക്ഷ്യം വച്ചുകൊണ്ടുള്ള സാമ്പത്തിക സഹായം രണ്ട് സ്റ്റേറ്റുകൾക്കുണ്ട്. അത് കേരളവും തമിഴ്നാടുമാണ്. കേരളത്തിന് 5 കോടി രൂപ ഫിഷറിസ് സെക്ടറിനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എ. വാഹീദ്: സർ, മൽസ്യബന്ധനത്തിന് എന്തെങ്കിലും സാങ്കേതിക സഹായങ്ങൾ വിദേശരാജ്യത്തുനിന്ന് നമ്മുടെ വകുപ്പിന് ലഭിച്ചിട്ടുണ്ടോ, ആഴക്കടൽ മൽസ്യബന്ധനത്തിനൊക്കെ നമുക്ക് സാങ്കേതിക സഹായം വേണം. അങ്ങനെ എന്തെങ്കിലും സാങ്കേതിക സഹായങ്ങൾ ഏതെങ്കിലും രാജ്യത്തുനിന്ന് നമ്മൾ ആവശ്യപ്പെട്ടിട്ടുണ്ടോ, നമുക്ക് ലഭ്യമാകുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

ശ്രീ. എസ്. ശർമ്മ: സർ, സാങ്കേതികസഹായം പ്രത്യേകമായും ഡീപ് സീ ഫിഷിംഗിന് ഇപ്പോൾ വിദേശത്തുനിന്നും അഭ്യർത്ഥിക്കേണ്ട ആവശ്യം നമ്മുടെ മുമ്പിലില്ല. ആഴക്കടൽ മത്സ്യബന്ധനം കേന്ദ്ര സർക്കാരിന്റെ പരിധിയിൽ വരുന്ന കാര്യമാണ്. ഡീപ് സീ ഫിഷിംഗിന്റെ കാര്യത്തിൽ എം.പി.ഇ.ഡി.എ.-യുടെ പദ്ധതികളുമായി സംയോജിപ്പിച്ച് വൈവിദ്ധ്യവൽക്കരണത്തിന് യോജിച്ച പരിപാടികൾ നടപ്പാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. അതിന് എം.പി.ഇ.ഡി.എ.-യുടെ പരാതി വേണ്ടത്ര അപേക്ഷകർ ഈ പദ്ധതിക്കായി ലഭിക്കുന്നില്ല എന്നുള്ളതാണ്. ആ കുറവ് പരിഹരിക്കുന്നതിനുള്ള ശ്രമമാണ് ഗവൺമെന്റ് നടത്തുന്നത്.

ശ്രീ. സി. കെ. സദാശിവൻ: സർ, വിദേശ സഹായത്തോടെ മൽസ്യബന്ധന ഉപകരണങ്ങൾ വാങ്ങിയതിൽ ഏതെങ്കിലും തരത്തിലുള്ള ക്രമക്കേട് നടന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൻമേൽ ഏതു തരത്തിലുള്ള നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

ശ്രീ. എസ്. ശർമ്മ: സർ, പരിശോധിച്ചതിനുശേഷം മറുപടി പറയാം.

ശ്രീ. ടി. എൻ. പ്രതാപൻ: സർ, നമ്മുടെ തീരദേശ മേഖലയിൽ സുനാമി ദുരന്തം ഉണ്ടായതിനുശേഷം കേന്ദ്ര സർക്കാരും എ.ഡി.ബി.-യും ഉൾപ്പെടെ സുനാമി പുനരുദ്ധാരണത്തിന് വേണ്ടി നമുക്ക് അനുവദിച്ച സംഖ്യയെക്കുറിച്ച് അങ്ങ് ഇവിടെ പറയുകയുണ്ടായി. അത് വിഭജിച്ചിട്ടുള്ളത് നൂറു ശതമാനവും അശാസ്ത്രീയമായിട്ടാണ്. പാവപ്പെട്ട മൽസ്യത്തൊഴിലാളികളുടെ ജീവിത പുരോഗതിക്കുവേണ്ടി ചെലവ് ചെയ്യേണ്ട ഈ കോടിക്കണക്കിന് രൂപ തീരദേശവുമായി പുലബന്ധം ഇല്ലാത്ത മറ്റ് പല വകുപ്പുകളുമാണ് മഹാഭൂരിപക്ഷവും പങ്കുവച്ച് എടുത്തിട്ടുള്ളത്. അങ്ങ് നേതൃത്വം കൊടുത്തുകൊണ്ട് അത് പുനഃപരിശോധിച്ച് തീരദേശത്തെ പാവപ്പെട്ട മൽസ്യത്തൊഴിലാളികൾക്ക് അവരുടെ അടിസ്ഥാന ജീവിത പുരോഗതിക്കുവേണ്ടി പ്രയോജനപ്പെടുത്തുന്നതിന് ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള വിഭജനം രണ്ടാമത് നടത്തി അർഹരായ യഥാർത്ഥ വകുപ്പിന് ലഭിക്കുന്നതിനുവേണ്ടിയുള്ള ശ്രമം കാബിനറ്റിൽ സമ്മർദ്ദം ചെലുത്തി അങ്ങ് നടത്തുമോ?

ശ്രീ. എസ്. ശർമ്മ: സർ, വിദേശ സഹായവുമായി ബന്ധപ്പെട്ടുള്ള ചോദ്യമാണ്. കാബിനറ്റിൽ പ്രത്യേകിച്ച് സമ്മർദ്ദം ഇക്കാര്യത്തിൽ നടത്തേണ്ടതായിട്ടില്ല. ബഹുമാനപ്പെട്ട അംഗം ശ്രീ. പ്രതാപൻ സൂചിപ്പിച്ച അലോക്കേഷൻ 2005-06 സാമ്പത്തിക വർഷത്തിലാണ് നടത്തിയിട്ടുള്ളത്. ഇവിടെ ചൂണ്ടിക്കാണിച്ച രൂപത്തിൽ അതിൽ അപാകതകൾ ഉണ്ടെന്നുള്ള യാഥാർത്ഥ്യം ഗവൺമെന്റ് മനസ്സിലാക്കിയിട്ടുണ്ട്. ഇപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനായിട്ടുള്ള ഒരു സ്റ്റിയറിംഗ് കമ്മിറ്റിയും വകുപ്പ് സെക്രട്ടറിമാർ അടങ്ങുന്നതും ചീഫ് സെക്രട്ടറി ചെയർമാനുമായിട്ടുള്ള

എംപവേർഡ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. ഓരോ വകുപ്പ് തിരിച്ചുള്ള പ്രോജക്ട് മോണിറ്ററിംഗ് യൂണിറ്റ് നിലവിൽ വന്നിട്ടുണ്ട്. സെക്ടറൽ അടിസ്ഥാനത്തിലുള്ള അലോക്കേഷനിൽ വന്നിട്ടുള്ള അപാകതകൾ അടുത്തവർഷം മുതൽ പുനഃ പരിശോധനയ്ക്ക് വിധേയമാക്കും. ഈ വർഷം ഒക്ടോബർ 31-നുള്ളിൽ നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയാണ് ഏതെല്ലാം രൂപത്തിലുള്ളതാണ് എന്നൊക്കെ സെൻട്രൽ പ്ലാനിംഗ് കമ്മീഷനെ അറിയിക്കേണ്ടതുണ്ട്. അതനുസരിച്ച് ഒക്ടോബർ 31-നുള്ളിൽ വകുപ്പ് തിരിച്ചുള്ള പ്രോജക്ടുകൾ അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. സുനാമി ബാധിതരായ തീരദേശത്തെ ജനങ്ങളുടെ ജീവിത വളർച്ചയ്ക്കും പുരോഗതിക്കും ആയിരിക്കും ഈ തുക ചെലവഴിക്കേണ്ടത് എന്ന അടിസ്ഥാന തത്വത്തിൽത്തന്നെ ഉറച്ചു നിന്നുകൊണ്ട് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. എം. കെ. പ്രേംനാഥ്: സർ, കേന്ദ്രം കൊണ്ടുവന്ന തീരദേശ പരിപാലന നിയമംമൂലം മൽസ്യത്തൊഴിലാളികൾ വളരെയധികം ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. ഈ നിയമം കുറേ ലഘൂകരിക്കുന്നതിന് വേണ്ടിയുള്ള വല്ല നടപടിയും എടുക്കുമോ ?

ശ്രീ. എസ്. ശർമ്മ: സർ, ഈ നിയമത്തിൽ ഇളവ് വരുത്തണം എന്ന ആവശ്യത്തോട് യോജിക്കുന്നു. തീരദേശത്ത് വീട് നിർമ്മാണത്തിനും മറ്റ് കാര്യങ്ങൾക്കുമൊക്കെയായി നിയമത്തിൽ ഇളവ് വരുത്തുക എന്നുള്ള ആവശ്യം സംസ്ഥാന ഗവൺമെന്റ് കേന്ദ്രത്തിന്റെ മുമ്പിൽ ഉന്നയിച്ചിട്ടുണ്ട്.

ശ്രീ. സി. എം. ദിനേശ് മണി: സർ, ഇന്ന് നമ്മുടെ മൽസ്യത്തൊഴിലാളികൾ ആകാശം കറുക്കുമ്പോൾ പട്ടിണി കിടക്കുകയും മാനം തെളിയുമ്പോൾ കഞ്ഞി കുടിക്കുകയും ചെയ്യുന്ന ഒരവസ്ഥയാണ്. നമ്മുടെ സംസ്ഥാനമൊഴിച്ച് തമിഴ്നാട് ഉൾപ്പെടെയുള്ള മറ്റ് സംസ്ഥാനങ്ങളിൽ മൽസ്യബന്ധന മേഖലകളിൽ വളരെ ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തി ആധുനിക പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുകയാണ്. നമ്മൾ വളരെ പിന്നിലാണ്, അതുകൊണ്ട് വിദേശ സഹായമോ അല്ലെങ്കിൽ ആഭ്യന്തര മൂലധന സമാഹരണമോ വഴി നല്ല രീതിയിലുള്ള മുതൽമുടക്കി മൽസ്യബന്ധനമേഖല ആധുനികവൽക്കരിച്ചുകൊണ്ട് തീരദേശ വികസനത്തിനുള്ള ഒരു സമഗ്രമായ പദ്ധതിക്ക് രൂപം കൊടുക്കുമോ?

ശ്രീ. എസ്. ശർമ്മ: സർ, തീരദേശ വികസനം ഒരു അടിസ്ഥാന ലക്ഷ്യമാക്കി അംഗീകരിച്ചുകൊണ്ട് സമഗ്രമായിട്ടുള്ള വികസന പദ്ധതികൾക്ക് രൂപം നൽകുന്നതിന് പ്രോജക്ട് തയ്യാറാക്കാൻ സംസ്ഥാന പ്ലാനിംഗ് ബോർഡിനെ ചുമതലപ്പെടുത്തുകയും ഈ ബജറ്റിൽ 50 ലക്ഷം രൂപ വകകൊള്ളിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനകംതന്നെ ആധുനികമായിട്ടുള്ള സംവിധാനങ്ങൾ എപ്രകാരം പ്രയോജനപ്പെടുത്തി ഈ മേഖലയുടെ വളർച്ചയ്ക്ക് പുരോഗതി ഉറപ്പുവരുത്താം എന്നതു സംബന്ധിച്ച് ചർച്ചയും തീരുമാനങ്ങളും ഗവൺമെന്റ് കൈക്കൊണ്ടുവരികയാണ്.

പ്രൊഫ. കെ. വി. തോമസ്: 25 വർഷങ്ങൾക്കുമുമ്പ് ശ്രീ. കെ. കരുണാകരൻ മുഖ്യമന്ത്രിയായിരുന്ന സന്ദർഭത്തിൽ കുവൈറ്റ് ഫണ്ട് കേരളത്തിന് ലഭിക്കുകയുണ്ടായി. അന്നാണ് പൊഴിയാർ സ്കീം തുടങ്ങിയത്. അന്ന് പ്രൈവറ്റ് ഏജൻസികൾക്കും ഫണ്ട് കൊടുത്തിരുന്നു. പക്ഷേ അത് പൂർത്തീകരിക്കാൻ കഴിഞ്ഞില്ല. കാരണം കുവൈറ്റ്

LIBRARY ARCHIVES Kerala Legislative Assembly

ഫണ്ട് ഗവൺമെന്റ് ഇടയ്ക്ക് നിർത്തിവച്ചു. നമ്മുടെ മൽസ്യത്തൊഴിലാളികൾക്കും മൽസ്യ കർഷകർക്കും നൽകിയ ഫണ്ട് പരിപൂർണ്ണമായി ഉപയോഗിക്കാൻ കഴിഞ്ഞില്ല, പക്ഷെ ഇപ്പോൾ അവർക്കെതിരായി റവന്യൂ റിക്കവറി തുടരുകയാണ്. അത് പരിശോധിച്ചിട്ട് പ്രിൻസിപ്പൽ എമൗണ്ടെങ്കിലും വാങ്ങിക്കൊണ്ട് ഇതൊന്ന് സെറ്റിൽ ചെയ്യാൻ കഴിയുമോ?

ശ്രീ. എസ്. ശർമ്മ: സർ, ചെമ്മീൻ കൃഷി നടത്തി നഷ്ടങ്ങൾ നേരിടുകയും തിരിച്ചടയ്ക്കാൻ കഴിയാതെ വരികയും ചെയ്ത കൃഷിക്കാരെ സഹായിക്കാൻ കഴിയുന്നവിധത്തിൽ, ഇവിടെ അവതരിപ്പിക്കുവാൻ ഉദ്ദേശിക്കുന്ന കാർഷിക കടാശ്വാസ ബില്ലിന്റെ പരിധിയിൽ ചെമ്മീൻ കൃഷിക്കാരെക്കൂടി ഉൾപ്പെടുത്തുന്നതിനു വേണ്ടിയുള്ള ശ്രമം നടത്തുന്നതാണ്.

ശ്രീ. പി. എം. എ. സലാം: വെള്ളപ്പൊക്കമുണ്ടാകുന്ന കാലത്ത് തീരദേശ മൽസ്യത്തൊഴിലാളികളായ തീരദേശവാസികളെ താൽക്കാലികമായി ക്യാമ്പുകളിലേക്കും മറ്റ് സ്ഥലങ്ങളിലേക്കും മാറ്റി പാർപ്പിക്കുകയാണ്. ഇത് വർഷാവർഷം ആവർത്തിച്ചുകൊണ്ടിരിക്കുന്നു. ഇത് മാറ്റാൻ സ്ഥിരമായി ഇവരെ പുനഃരധിവസിപ്പിക്കാനും കടൽക്ഷോഭത്തിന്റെ ആഘാതം ഏൽക്കാത്ത ഭാഗത്തേക്ക് സ്ഥിരമായി ഇവരെ മാറ്റിപ്പാർപ്പിക്കാനുള്ള ഒരു സ്ഥിതിവിശേഷം ഉണ്ടാക്കാൻ സർക്കാർ ശ്രമിക്കുമോ?

ശ്രീ. എസ്. ശർമ്മ: സർ, സുനാമി ദുരിതത്തെത്തുടർന്ന് സംസ്ഥാനത്ത് ഈ മേഖലയുടെ പുരോഗതിക്കുവേണ്ടി അനുവദിച്ചിട്ടുള്ള തുകയിൽ ഇതിനകംതന്നെ 179.96 കോടി രൂപ കോസ്റ്റൽ പ്രൊട്ടക്ഷന്റേയും തീരദേശ സംരക്ഷണത്തിന്റേയും ഭാഗമായി തീരവനം പദ്ധതിക്ക് നീക്കിവച്ചിട്ടുണ്ട്. ഇതിൽ 150 കോടിയോളം രൂപ പുനഃരധിവാസത്തിനുവേണ്ടി മാറ്റിവച്ചിട്ടുണ്ട്. പക്ഷെ ആ തുക പോരാ എന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം. അതിന് തുടർ നടപടി സ്വീകരിക്കുന്നതാണ്. ഇതിനകം തന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയും ഇവരെല്ലാം കേന്ദ്ര ഗവൺമെന്റിന്റെ മുമ്പിൽ സമർപ്പിച്ച നിവേദനത്തിൽ തീരദേശത്ത് പുനരധിവാസ പദ്ധതിക്ക് മാത്രമായി 991 കോടി രൂപയുടെ ഒരു പദ്ധതി കേന്ദ്രത്തിന്റെ മുമ്പിൽ സമർപ്പിച്ചിട്ടുണ്ട്.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: ബഹുമാനപ്പെട്ട മന്ത്രി മൽസ്യബന്ധന വകുപ്പിന് വിദേശ സഹായം ലഭിക്കുന്നില്ല എന്ന് സൂചിപ്പിക്കുകയുണ്ടായി. എന്നാൽ മൽസ്യബന്ധനത്തിനും മൽസ്യത്തൊഴിലാളികൾക്കും ദ്രോഹകരമായ നിലയിൽ വിദേശ രാജ്യങ്ങളിൽ നിന്നും പ്രത്യേകിച്ച് ബഹുരാഷ്ട്ര കുത്തക കമ്പനികളുടെ ആധുനികമായ കപ്പലുകൾ മാസങ്ങളോളം നമ്മുടെ പുറം കടലിൽ ക്യാമ്പുചെയ്ത് മൽസ്യബന്ധനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? കേന്ദ്ര ഗവൺമെന്റിന്റെ പുതിയ നയത്തിന്റെ ഭാഗമായിട്ടാണ് ഇത്തരം വിദേശ കപ്പലുകൾക്കുള്ള സൗകര്യം ലഭ്യമാകുന്നത് എന്നുള്ളത് കണക്കിലെടുത്തുകൊണ്ട് കേരളത്തിന്റെ ശക്തമായ വികാരം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എസ്. ശർമ്മ: സർ, ഈ ഗവൺമെന്റ് വന്നതിനുശേഷം ഈ പ്രത്യേക പ്രശ്നം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് ഡൽഹിയിൽ ബന്ധപ്പെട്ട മന്ത്രാലയത്തിന് നിവേദനം സമർപ്പിക്കുകയും മന്ത്രാലയത്തോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം കടന്നപ്പള്ളി ഇവിടെ പരാമർശിച്ചതുപോലെ നമ്മുടെ മൽസ്യസമ്പത്ത് കൊള്ളയടിക്കുന്ന ആനവാരി കപ്പൽ എന്നു വിശേഷിപ്പിക്കാവുന്ന വിദേശട്രോളറുകൾ നമ്മുടെ മത്സ്യ സമ്പത്ത് കൊള്ളയടിക്കുന്നത് ഈ മേഖലയെ അങ്ങേയറ്റം ദോഷകരമായി ബാധിക്കുന്ന ഒന്നാണ്. കേന്ദ്ര സർക്കാർ വിദേശ കപ്പലുകൾക്ക് ആഴക്കടൽ മത്സ്യബന്ധനത്തിന് നല്കിയിട്ടുള്ള ലൈസൻസ് റദ്ദാക്കണമെന്നും മുരാരി കമ്മീഷൻ റിപ്പോർട്ട് പൂർണ്ണ അർത്ഥത്തിൽ നടപ്പിലാക്കണമെന്നുമാണ് സംസ്ഥാന സർക്കാർ ആവശ്യപ്പെടുന്നത്.

ശ്രീ. സി. ടി. അഹമ്മദ് അലി: മൽസ്യത്തൊഴിലാളി മേഖലയുടെ സമഗ്രമായ വികസനത്തിന് നബാർഡിന്റെ എന്തെങ്കിലും സഹായം ലഭ്യമാകുന്നുണ്ടോ ഇല്ലെങ്കിൽ ഫിഷിംഗ് ഹാർബർ, ഫിഷ് ലാന്റിംഗ് സെന്റർ, സീവാൾ, ബോട്ട്, മറ്റ് ഉപകരണങ്ങൾ, ഭവന നിർമ്മാണം എന്നീ ആവശ്യങ്ങൾക്കു വേണ്ടി നബാർഡിന്റെ സഹായം ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. എസ്. ശർമ്മ: സർ, നബാർഡ് വിവിധ മേഖലകളുടെ വളർച്ചയ്ക്കു വേണ്ടി സാമ്പത്തിക സഹായം നൽകിവരുന്നുണ്ട്. ഫിഷറീസ് സെക്ടറിൽ പശ്ചാത്തല സൗകര്യ വികസനത്തിനും അതുപോലെ ഹാർബറുകളുടേയും റോഡുകളുടേയുമൊക്കെ വികസനത്തിനും സഹായം നൽകിവരുന്നുണ്ട്. എന്നാൽ അത്തരം സഹായം ലഭ്യമാകുന്നതിന് അവരുടെ കണ്ടീഷൻസ് പാലിക്കുക എന്നുള്ളതാണ്. ഇപ്പോൾ റോഡ് നിർമ്മാണത്തിന് സഹായം ഇൻഡ്യൻ റോഡ് കോൺഗ്രസ്സ് അംഗീകരിച്ചിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് നൽകിവരുന്നത്. ഗവൺമെന്റ് അത്തരം സഹായം പരമാവധി ലഭ്യമാക്കുന്നതിനു മുൻകൈയെടുക്കുന്നതാണ്.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: സർ, കണ്ണൂർ ജില്ലയിലുള്ള വളരെ പ്രധാനപ്പെട്ട ഫിഷിംഗ് ഹാർബറുകളാണ് അഴീക്കലും മാപ്പിള ബേയും. അഴീക്കലിൽ ഏതാണ്ട് 20 കൊല്ലത്തിലേറെയായി ഡ്രെഡ്ജിംഗ് നടന്നിട്ട് ഡ്രെഡ്ജിംഗിന് ആവശ്യമായ നിലവിലുള്ള പ്രവൃത്തി അവാർഡ് ചെയ്തിട്ട് വർഷങ്ങളായി. എങ്കിലും അന്നത്തെ കോൺട്രാക്ടറുടെ അലസതയും അതുപോലെ ഡിപ്പാർട്ടുമെന്റിന്റെ ജാഗ്രതയായിട്ടുള്ള ഇടപെടൽ ഇല്ലായ്മയും കാരണം ആ പ്രവൃത്തി തടസ്സപ്പെടുന്നതായി ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? എത്രയും അടിയന്തിരമായി, സമയബന്ധിതമായി നടപടികൾ പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. എസ്. ശർമ്മ : ബഹുമാനപ്പെട്ട എം. പ്രകാശൻ മാസ്റ്റർ പറഞ്ഞ അഴീക്കലിലെ ഡ്രഡ്ജിംഗ് തടസ്സപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആ തടസ്സം നീക്കുന്നതിന് നിർദ്ദേശം കൊടുക്കുന്നതാണ്. മാപ്പിള ബേ ഹാർബറിന്റെ ഡ്രെഡ്ജിംഗിന് വേണ്ടിയിട്ടുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

ശ്രീ. വി. സുരേന്ദ്രൻപിള്ള: സർ, മറ്റ് പല മേഖലകളിലും ഏർപ്പെടുത്തിയതുപോലെ മോഡണൈസേഷൻ അതുപോലെ തന്നെ സേഫ്റ്റി മെഷേഴ്സിന്റെ കാര്യങ്ങൾ, മൽസ്യബന്ധന മേഖല പരിപോഷിപ്പിക്കുന്നതിനുവേണ്ടി സുരക്ഷാ

LIBRARY ARCHIVES Kerala Legislative Assembly

സംവിധാനവും ആധുനിക സാങ്കേതികവിദ്യയും ഇതുവരെ രൂപീകരിച്ചിട്ടേയില്ല. ഇതിന് പ്രത്യേകം പ്രാധാന്യം കൊടുത്ത് മൽസ്യബന്ധന മേഖലയ്ക്കുവേണ്ടി മാത്രം ഇപ്പോൾ തന്നെ പവർ ഫിനാൻസ് കോർപ്പറേഷൻ രൂപീകരിച്ചിട്ടുണ്ട്. മൽസ്യബന്ധന മേഖലയുടെ വിപുലീകരണത്തെ ലക്ഷ്യമാക്കി ആ മാതൃകയിൽ ഒരു ഫിനാൻസ് കോർപ്പറേഷൻ രൂപീകരിക്കാൻ തയ്യാറാകുമോ?

ശ്രീ. എസ്. ശർമ്മ: നയപരമായിട്ടുള്ള പ്രശ്നമാണ് ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ചിരിക്കുന്നത്. ചർച്ച ചെയ്തതിനുശേഷമേ അതുസംബന്ധിച്ച് മറുപടി പറയാൻ കഴിയുകയുള്ളൂ. മത്സ്യമേഖലയുടെ പുരോഗതിക്കായി ശാസ്ത്ര-സാങ്കേതിക നേട്ടങ്ങൾ പ്രയോജനപ്പെടുത്തുകയെന്നുള്ള ചോദ്യത്തിന്റെ സ്പിരിറ്റ് വളരെ പ്രസക്തമാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വിവിധ തലങ്ങളിൽ ഈ വിഷയം ചർച്ച ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഐ.എസ്.ആർ.ഒ.യുമായി ഒരു ധാരണാപത്രത്തിൽ ഫിഷറീസ് ഡിപ്പാർട്ടുമെന്റ് ഏർപ്പെടുന്നുണ്ട്. തീരദേശത്ത് വിജ്ഞാനകേന്ദ്രങ്ങൾ സ്ഥാപിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഫിഷർമാന് മീൻപിടിക്കാൻ എവിടെയാണ് കൂടുതൽ മൽസ്യസമ്പത്തുള്ളതെന്ന് മുൻകൂട്ടി കൃത്യമായി അറിഞ്ഞ് അതനുസരിച്ച് നിർദ്ദേശം കൊടുക്കാം. മത്സ്യബന്ധനത്തിനിടയിൽ അപകടം സംഭവിച്ചാൽ ബീക്കൺ ഉപയോഗിച്ച് സാറ്റലൈറ്റ് സംവിധാനംവഴി അവരുടെ ജീവൻ രക്ഷിക്കാൻ കഴിയും. ഈ ലക്ഷ്യം മുൻനിർത്തി ഐ.എസ്.ആർ.ഒ.യുമായി ചർച്ച ചെയ്തുകൊണ്ട് അവിടെയുള്ള ടെക്നോളജി ഈ സെക്ടറിന്റെ പുരോഗതിക്കുവേണ്ടി ഉപയോഗിക്കുകയെന്നുള്ള ധാരണയുണ്ടായിട്ടുണ്ട്.

ശ്രീ. ജോർജ് മേഴ്സിയർ: സർ, പരമ്പരാഗത മൽസ്യബന്ധന മേഖലയിൽ വിദേശ രാജ്യങ്ങളിൽ ധാരാളം പുരോഗതിയുണ്ടായിട്ടുണ്ട്. മന്ത്രി ഇപ്പോൾ പറഞ്ഞ ഫിഷിംഗ് ഫൈൻഡറിന് ഏഴായിരം രൂപ മാത്രമേയുള്ളൂ. അതിന് ഐ.എസ്.ആർ.ഒ. ഒന്നും വേണ്ട. ഞാൻ ഉദ്ദേശിക്കുന്നത് സമഗ്രമായിട്ടുള്ള രീതിയിൽ...... നമ്മുടെ മൽസ്യബന്ധന മേഖലയിൽ നൂറ്റാണ്ടുകൾക്ക് മുമ്പുള്ള തരത്തിലുള്ള മൽസ്യബന്ധനമാണ് ഇപ്പോൾ നടക്കുന്നത്. അത് വിദേശ രാജ്യങ്ങളിലുള്ളതുപോലെ കൂടുതൽ മോഡണൈസ് ചെയ്യണം. അത്തരം നടപടികൾ ഇവിടെ ആവിഷ്ക്കരിക്കാനുള്ള പദ്ധതികളെക്കുറിച്ച് ആലോചിക്കുമോ?

ശ്രീ. എസ്. ശർമ്മ: മോഡണൈസേഷൻ കാലഘട്ടത്തിന്റെ ആവശ്യമാണ്. അതേസമയം അതിന്റെ ഫലമായി കടപ്പുറത്ത് സംഘർഷം ഉണ്ടാകാതെ നോക്കുകയും വേണം. ഇത് രണ്ടുംകൂടിയുള്ള ഒരു കാഴ്ചപ്പാട് വച്ചിട്ട് പരമാവധി ശാസ്ത്ര നേട്ടങ്ങളെ ഈ മേഖലയുടെ വളർച്ചയ്ക്കുപയോഗിക്കുകയെന്നുള്ള കാഴ്ചപ്പാട് തന്നെയാണ് ഗവൺമെന്റിനുള്ളത്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സുനാമി പുനരധിവാസ പദ്ധതിയിൽ ധാരാളം ക്ഷേമപ്രവർത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനെക്കുറിച്ച് ചർച്ച ചെയ്യാൻവേണ്ടി തീരദേശ മണ്ഡലങ്ങളിൽ യോഗം വിളിക്കുമോ?

ശ്രീ. എസ്. ശർമ്മ: ഓരോ പദ്ധതിയെ സംബന്ധിച്ചിടത്തോളം നടപ്പിലാക്കുന്നതിന്റെ ഭാഗമായി അതാതു പദ്ധതി പ്രദേശത്ത് ജനപ്രതിനിധികളുടെ യോഗം വിളിച്ചുകൂട്ടി ചർച്ചചെയ്തുകൊണ്ടായിരിക്കും തീരുമാനങ്ങൾ കൈക്കൊള്ളുക.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. രാജു എബ്രഹാം: സർ, കടലിൽ അപകടം സംഭവിക്കുമ്പോൾ കോസ്റ്റ് ഗാർഡിന്റെ സഹായമാണ് ഇപ്പോൾ തേടിക്കൊണ്ടിരിക്കുന്നത്. ഇത് പര്യാപ്തമല്ല. അതുകൊണ്ട് കൂടുതൽ ഹെലികോപ്ടറുകൾ ഉൾപ്പെടെ ലഭ്യമാക്കി ഈ സംവിധാനങ്ങളെ ശക്തിപ്പെടുത്താനുള്ള എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

ശ്രീ. എസ്. ശർമ്മ: കോസ്റ്റ് ഗാർഡിന്റെ സേവനം ഇപ്പോൾ ലഭിക്കുന്നുണ്ട്. പക്ഷെ ആ സേവനത്തിൽ, കടലിൽപോയി മൽസ്യബന്ധനം നടത്തി ജീവൻ നഷ്ടപ്പെടുന്നവരെ വച്ചുനോക്കുമ്പോൾ സേവനം മതിയോയെന്ന് ചോദിച്ചാൽ പോരാ. ഒറ്റ ജീവനും നഷ്ടപ്പെടാതിരിക്കുകയെന്നുള്ളതാണ് ഈ സേവനം കൊണ്ട് ലക്ഷ്യം വയ്ക്കുന്നത്. ഇപ്പോൾ തമിഴ്നാട്ടിലേതുപോലെ ഏതു സാഹചര്യത്തിലും അപകടം സംഭവിച്ചാൽ ജീവൻ നഷ്ടപ്പെടാതിരിക്കാൻവേണ്ടി ഫിഷർമാന് ലൈഫ് ജാക്കറ്റുകൾ ഏർപ്പെടുത്തുന്ന കാര്യം പരിഗണിച്ചുവരികയാണ്.

## ഗ്രാമീണ ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി

*2 [704] ശ്രീ. സി. എച്ച്. കുഞ്ഞമ്പു :

" കെ. കെ. ദിവാകരൻ :

" എം. ചന്ദ്രൻ:

" ബാബു എം. പാലിശ്ശേരി :

" എം. ഹംസ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളുടെ സഹകരണത്തോടെ ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ മുഖേന ഗ്രാമീണ ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) ഈ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ; എത്ര പഞ്ചായത്തുകൾ ഈ പദ്ധതി പ്രയോജനപ്പെടുത്തിയിട്ടുണ്ട് ;

(സി) പദ്ധതിക്കുവേണ്ടി നടപ്പുവർഷം സർക്കാർ എന്തു തുക അനുവദിച്ചിട്ടുണ്ട് ;

(ഡി) പദ്ധതി പരാജയപ്പെടാനുള്ള കാരണം പരിശോധിക്കുമോ ;

(ഇ) എല്ലാ പഞ്ചായത്തുകളിലും പദ്ധതി സംബന്ധിച്ച് പ്രചാരണം നടത്തുന്നതിനും പദ്ധതി നടപ്പിലാക്കുന്നതിനും നിർദ്ദേശം നൽകുമോ?

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി):

(എ) ആന്റ് (ബി) ഉണ്ട്. 1996 ആഗസ്റ്റ് 15-ന് പ്രധാനമന്ത്രി പ്രഖ്യാപിച്ച റൂറൽ ലൈഫ് ഇൻഷ്വറൻസ് സ്കീം എൽ.ഐ.സി. യിലൂടെ ഗ്രാമപഞ്ചായത്തുകൾ നടത്തുന്ന രീതിയിലാണ് ആവിഷ്ക്കരിച്ചിരുന്നത്. ഈ പദ്ധതി ഇപ്പോൾ നിലവിലില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) തുക വകയിരുത്തിയിട്ടില്ല.

(ഡി) പദ്ധതിയെ സംബന്ധിച്ച് താൽപ്പര്യക്കുറവാണ്.

(ഇ) പ്രസ്തുത പദ്ധതി ഇപ്പോൾ നിലവിലില്ല.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കായി എൽ.ഐ.സി. ആരംഭിച്ച ജനശ്രീ ഭീമയോജന പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ; എൽ.ഐ.സി. നടപ്പിലാക്കുന്ന ഈ പദ്ധതിക്ക് പ്രീമിയം ഇനത്തിൽ 50 ശതമാനം തുക കേന്ദ്ര ഗവൺമെന്റ് നൽകുന്നുണ്ട്. അതുകൊണ്ട് കൂടുതൽ ആളുകളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: ഇവിടെ പറഞ്ഞിട്ടുള്ളതുപോലെ ഈ പദ്ധതി നടപ്പിലാക്കാൻ ആരംഭിച്ചു, 70 രൂപയായിരുന്നു പ്രീമിയം. മരണപ്പെട്ടാൽ കിട്ടാൻ പോകുന്നത് 5,000 രൂപയാണ്. ആളുകൾക്ക് താൽപ്പര്യം കുറഞ്ഞു. അങ്ങനെയാണ് ആ പദ്ധതി ഇപ്പോൾ നിലവിലില്ലാത്ത അവസ്ഥ വന്നത്.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, മരം കയറുന്ന തൊഴിലാളികൾക്ക് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; അങ്ങനെ നടപ്പിലാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ഇവിടെ വെളിപ്പെടുത്താമോ; ഏതെങ്കിലും തൊഴിലാളികൾക്ക് അങ്ങനെയുള്ള പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : ഇവിടെ, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ആളുകൾക്ക് സംരക്ഷണം കൊടുക്കാനാവശ്യമായ ഒരു പദ്ധതിയെക്കുറിച്ചാണ് കഴിഞ്ഞ ദിവസങ്ങളിലെല്ലാം ചർച്ച ചെയ്തത്. അത് ചില പ്രശ്നങ്ങളിൽ മുട്ടിനിൽക്കുകയാണ്. കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്ന് അംഗീകരിപ്പിക്കുന്നതിനുവേണ്ടി ഗവൺമെന്റ് ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. കെ. ദിവാകരൻ: സർ, പ്രധാനമന്ത്രി പ്രഖ്യാപിച്ച റൂറൽ ലൈഫ് ഇൻഷ്വറൻസ് സ്കീമിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; ഏത് ഏജ് ഗ്രൂപ്പിൽപ്പെട്ടവരാണ് ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: ഈ പദ്ധതി ഗ്രാമപഞ്ചായത്തുകളുടെ സഹകരണത്തോടെ ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ മുഖേന ഗ്രാമീണ ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയായാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്. 1-4-2000-ത്തിലാണ് ഈ പദ്ധതി പിൻവലിച്ചത്. അതുവരെയാണ് നടന്നത്. ഈ പദ്ധതിയുടെ വിശദാംശങ്ങൾ, 20 വയസ്സിനും 50 വയസ്സിനും ഇടയ്ക്ക് പ്രായമുള്ള ദാരിദ്ര്യരേഖയ്ക്ക് താഴെ വരുമാനമുള്ള കുടുംബത്തിൽപ്പെട്ടവർക്ക് അംഗമാകാം. വ്യക്തികൾക്ക് ഈ പദ്ധതി പ്രകാരം ഒരു കുടുംബത്തിലെ ഒരു വ്യക്തിക്ക് മാത്രമേ ചേരാൻ അർഹതയുള്ളൂ. ഈ പദ്ധതിയിൽ ചേരുന്ന വ്യക്തിയുടെ വയസ് 20 മുതൽ 39 വരെയാണെങ്കിൽ വാർഷിക പ്രീമിയം 60

LIBRARY ARCHIVES Kerala Legislative Assembly

രൂപയും വ്യക്തിയുടെ വയസ്സ് 40 മുതൽ 49 വരെയാണെങ്കിൽ വാർഷിക പ്രീമിയം 70 രൂപയും അടയ്ക്കേണ്ടതാണ്. പദ്ധതിയിൽ ഇൻഷ്വർ ചെയ്യപ്പെട്ട അംഗം പ്രീമിയം തുക ഗ്രാമപഞ്ചായത്തിൽ അടയ്ക്കേണ്ടതാണ്. 50 ശതമാനം കേന്ദ്രമാണ് നൽകുന്നത്. 25 ശതമാനം പഞ്ചായത്ത്, 25 ശതമാനം സംസ്ഥാന ഗവൺമെന്റ്, ഇതാണ് ഈ പദ്ധതിയുടെ ഡീറ്റെയിൽസ്. പക്ഷെ ആനുകൂല്യം വളരെ കുറവായതുകൊണ്ട് ആളുകൾക്ക് താൽപ്പര്യം കാണുന്നില്ല.

ശ്രീ. കെ. കെ. ദിവാകരൻ: ഈ ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയിൽ എന്തെങ്കിലും മാറ്റം വരുത്തി, വീണ്ടും പുനരാവിഷ്ക്കരിക്കാൻ സംസ്ഥാന സർക്കാർ നടപടി സ്വീകരിക്കുമോ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: ഇവിടെ അത്തരത്തിലുള്ള പദ്ധതിയെ സംബന്ധിച്ചാണ് ചർച്ച നടന്നത്. പ്രസ്തുത പദ്ധതി കുറ്റമറ്റ രീതിയിൽ നടപ്പിലാക്കുന്നതിന് വേണ്ടിയാണ് ഗവൺമെന്റ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീ. എം. ചന്ദ്രൻ: യു.ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്ത് കൊണ്ടുവന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ ഐ.സി.ഐ.സി.ഐ. ലൊംബാർഡ് എന്ന കമ്പനിയെയാണ് ഏൽപ്പിച്ചിരിക്കുന്നത്. അതിന്റെ ഫലമായി കേന്ദ്ര ഗവണ്മെന്റ് നൽകാനുള്ള സബ്സിഡി, സ്വകാര്യ കമ്പനി ആയതിന്റെ ഭാഗമായി നൽകാത്തതിനാൽ ഈ പദ്ധതി നടപ്പിലാകാതെ പോയി. ഈ സാഹചര്യത്തിൽ വേറെ ഏതെങ്കിലും പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: കേന്ദ്ര ഗവണ്മെന്റ് ഈ പദ്ധതി ആവിഷ്ക്കരിക്കുന്ന ഘട്ടത്തിൽ പൊതുമേഖല എന്നുള്ള ഒരു നിബന്ധന പറഞ്ഞിരുന്നു. ഇത് സംബന്ധിച്ചുള്ള ക്വട്ടേഷൻ ക്ഷണിച്ച സമയത്ത് പൊതുമേഖലയിൽ വലിയ പ്രീമിയം ക്വാട്ട് ചെയ്തു. ഏറ്റവും കുറഞ്ഞ റേറ്റ് ക്വാട്ട് ചെയ്തത് പ്രൈവറ്റ് കമ്പനിയാണ്. അങ്ങനെയാണ് പ്രൈവറ്റ് കമ്പനിക്ക് കൊടുത്തത്. അത് സ്വീകാര്യമല്ലെങ്കിലും അതിനകത്തുള്ള പ്രധാന പ്രശ്നം അതല്ല. ഇവിടെ 25 ലക്ഷം ആളുകളേ പ്രീമിയം അടച്ചിട്ടുള്ളൂ. പഞ്ചായത്ത് അവരുടെ വീതം അടച്ചിട്ടുണ്ട്. 25 ലക്ഷത്തിൽപ്പരം വരുന്ന ആളുകളിൽ കേന്ദ്ര ഗവണ്മെന്റിന്റെ ദൃഷ്ടിയിൽ ദാരിദ്ര്യരേഖയ്ക്ക് താഴെ വരുന്നത് 9 ലക്ഷം പേരേയുള്ളൂ. ഒന്നുകിൽ കേന്ദ്ര ഗവണ്മെന്റ് അത് അംഗീകരിക്കണം. അല്ലെങ്കിൽ ബാക്കിയുള്ളവരെക്കൂടി ഇതിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കണം.

ശ്രീ. എം. ചന്ദ്രൻ: പ്രധാനമന്ത്രി പ്രഖ്യാപിച്ച റൂറൽ ഗ്രൂപ്പ് ലൈഫ് ഇൻഷ്വറൻസ് സ്കീം നമ്മുടെ രാജ്യത്ത് ഏതെങ്കിലും സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ അനുഭവങ്ങൾ സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: ഇപ്പോൾ എന്റെ മുമ്പിലില്ല. നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കിയതിൽ പ്രയോജനമില്ല എന്നുള്ള സ്ഥിതിയാണ് കണ്ടത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബാബു എം. പാലിശ്ശേരി: കേന്ദ്രഗവണ്മെന്റ് അംഗീകരിച്ച പല പദ്ധതികളും വിജയകരമായിരുന്നില്ല, പ്രയോജനപ്പെട്ടില്ല എന്ന് പറഞ്ഞിരുന്നു. പല ആളുകൾക്കും വളരെ ചെറിയ തുകയാണ് ലഭിക്കുന്നതെന്നുള്ളതുകൊണ്ട് വിജയിക്കുന്നില്ല. ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നതിന് മുമ്പായി വിവിധ രാഷ്ട്രീയ പാർട്ടികളും സംസ്ഥാനങ്ങളുമായൊക്കെ വല്ല ആലോചനയും നടത്താറുണ്ടോ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: കേന്ദ്രഗവണ്മെന്റിന്റെ പല പദ്ധതികളും വളരെ പ്രയോജനകരമായ പദ്ധതികളായിട്ടാണ് കൊണ്ടുവരുന്നതെങ്കിലും കേരളത്തിന്റെ സാഹചര്യത്തിൽ അത് പൂർണ്ണമായും പ്രയോജനപ്പെടുത്താൻ നമുക്ക് സാധിക്കുന്നില്ല. എല്ലാം വടക്കേ ഇന്ത്യൻ പാറ്റേണിലാണ് വരുന്നത്. അതിന്റെ പ്രയാസം നമ്മൾ അനുഭവിക്കുന്നു.

ശ്രീ. ബാബു എം. പാലിശ്ശേരി: ചില സ്വകാര്യ ഇൻഷ്വറൻസ് കമ്പനികൾ ജനകീയ ഇൻഷ്വറൻസ് പദ്ധതികളുമായി ഒരു ഘട്ടംവരെ സംസ്ഥാന ഗവണ്മെന്റുമായി ബന്ധപ്പെടുകയും പിന്നീട് പിൻവലിക്കുകയും ചെയ്തതായി കേൾക്കുന്നു. ഇത്തരം കമ്പനികൾക്കെതിരെ എന്തെങ്കിലും നടപടി സംസ്ഥാന ഗവണ്മെന്റ് സ്വീകരിക്കുന്നുണ്ടോ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: അവർ ക്വാട്ട് ചെയ്ത സംഖ്യ വളരെ കൂടുതലായിരുന്നു. ഐ.സി.ഐ.സി.ഐ. ലൊംബാർഡ് എന്നു പറയുന്ന കമ്പനിയാണ് കുറഞ്ഞ പ്രീമിയം ക്വാട്ട് ചെയ്തത്. അതിന്റെ അടിസ്ഥാനത്തിലാണ് കൊടുത്തത്. രണ്ടാമത്, ആ പദ്ധതിയെ സംബന്ധിച്ച് കേന്ദ്ര ഗവണ്മെന്റുമായി ചർച്ച ചെയ്ത് വീണ്ടും നമുക്ക് എല്ലാ വിഭാഗത്തേയും ഉൾപ്പെടുത്തിക്കൊണ്ട് ടെണ്ടർ വയ്ക്കാം. ഏറ്റവും കുറഞ്ഞ തുക സ്വീകാര്യമായിട്ടുള്ളതുണ്ടെങ്കിൽ നമുക്ക് അംഗീകരിക്കാം.

ശ്രീ. എം. ഹംസ: 1996 ഓഗസ്റ്റ് 15-ന് ഇന്ത്യൻ സ്വാതന്ത്ര്യദിന സമ്മാനമായിട്ടാണ് ബഹുമാനപ്പെട്ട പ്രധാനമന്ത്രി റൂറൽ ലൈഫ് ഇൻഷ്വറൻസ് പദ്ധതി പ്രഖ്യാപിച്ചത്. ഈ പദ്ധതിയിൽ ചേരുന്ന കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് എന്തെങ്കിലും ആനുകൂല്യങ്ങൾ ഈ പദ്ധതി പ്രകാരം ഉണ്ടോ; ഉണ്ടെങ്കിൽ ആ പദ്ധതി പ്രകാരം വിദ്യാർത്ഥികൾക്ക് കൊടുക്കുന്ന ആനുകൂല്യങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: ആ പദ്ധതി ഞാൻ ഇവിടെ വിശദീകരിച്ച രീതിയിൽ പരാജയപ്പെട്ടു എന്നുള്ളതാണ്. ആളുകൾക്ക് താൽപര്യമില്ല.

ശ്രീ. എം. ഹംസ: ഈ പദ്ധതി കേരള ഗവണ്മെന്റ് നടപ്പിലാക്കേണ്ടതില്ല എന്ന് ഏതെങ്കിലും സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; ഇങ്ങനെ ഒരു പദ്ധതി നടപ്പിലാക്കേണ്ടതില്ല എന്ന് സർക്കാർ തീരുമാനിക്കാനുള്ള കാരണം എന്താണ്?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: സർക്കാർ തീരുമാനിക്കാതെ തന്നെ നടപ്പിലാകാത്ത ഒരു സ്ഥിതിയാണ്. അതുകൊണ്ട് അതിന്റെകൂടെ സർക്കാരും കൂടുന്നുയെന്നു മാത്രമേയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ഡി. സതീശൻ: സർ, ഗ്രാമീണ ഇൻഷ്വറൻസ് പദ്ധതി നിർത്തലാക്കുകയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ചികിത്സാസഹായം ഫലത്തിൽ ഇല്ലാതാകുകയും ചെയ്തതോടെ വളരെ ഗുരുതരമായ ഒരു സ്ഥിതിവിശേഷമാണ് ഗ്രാമീണ മേഖലയിലെ സാധാരണക്കാരെ സംബന്ധിച്ചുള്ളത്. ആരോഗ്യ സുരക്ഷാ പദ്ധതിയെക്കുറിച്ച് ഒരു അനിശ്ചിതാവസ്ഥ നിലനിൽക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ഉത്തരം പറഞ്ഞതുപോലെ 9 ലക്ഷം പേരെ മാത്രമാണ് കേന്ദ്ര ഗവണ്മെന്റ് ബി.പി.എൽ. ആയി അംഗീകരിക്കാൻ തയ്യാറായിട്ടുള്ളത്. ബി.പി.എൽ.-ൽപ്പെടാത്ത 14 ലക്ഷം ആളുകളുണ്ട്. ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിക്ക് രജിസ്ട്രേഷൻ അനുവദിക്കുന്നതിനുമുമ്പ് സഭയിൽ ചർച്ച ചെയ്യപ്പെട്ടപ്പോൾ പറഞ്ഞത് ഏകദേശം 14 ലക്ഷം പേർ എന്നാണ്. ഇതിൽ 9 ലക്ഷം പേരെ മാത്രമേ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ സ്വീകരിക്കുന്നുള്ളൂ എന്ന് കേന്ദ്ര ഗവണ്മെന്റിൽനിന്നും എന്തെങ്കിലും കമ്മ്യൂണിക്കേഷൻ ലഭിച്ചിട്ടുണ്ടോ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ കണക്ക് അവർ സൂചിപ്പിച്ചതനുസരിച്ച് 9 ലക്ഷം പേരേയുള്ളൂ. നമ്മൾ 25 ലക്ഷം പേരെയാണ് ഇതിൽ ചേർത്തിരുന്നത്. ബാക്കിയുള്ളവരെ സംബന്ധിച്ചിടത്തോളം കേന്ദ്ര ഗവണ്മെന്റ് ആലോചിച്ച് ഒന്നുകിൽ 25 ലക്ഷം പേരേയും അംഗീകരിക്കണം. അതല്ലെങ്കിൽ ബാക്കി വരുന്ന 15 ലക്ഷത്തെ സംബന്ധിച്ച് നമ്മൾ ഒരു തീരുമാനം എടുക്കണം. ഇതാണ് സ്ഥിതി.

ശ്രീ. സാജു പോൾ: ഗ്രാമീണ മേഖലയിലെ ജനങ്ങൾക്കുവേണ്ടി ആരോഗ്യ സുരക്ഷാ ഇൻഷ്വറൻസ് പദ്ധതി കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് നടപ്പിലാക്കി എന്നും ഈ സർക്കാർ നിർത്തലാക്കി എന്നും ആരോപിച്ചുകൊണ്ട് കോൺഗ്രസ് നേതൃത്വത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്കുമുമ്പിൽ കൂട്ടധർണ്ണയും പിക്കറ്റിംഗും നടത്തുകയുണ്ടായി. കോൺഗ്രസ് ഭരിക്കുന്ന പഞ്ചായത്തുകളിൽ അവർ വില്ലേജ് ഓഫീസിന് മുമ്പിലാണ് നടത്തിയത്. അങ്ങനെയൊരു പദ്ധതി മുൻ ഗവണ്മെന്റ് ആവിഷ്ക്കരിച്ചിട്ടുണ്ടോ; അതിനു വേണ്ടി എന്തെങ്കിലും തുക വകയിരുത്തിയോ; അതിന്റെ നിജസ്ഥിതി സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കുമോ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: നിയമസഭയിൽ പലവട്ടം പറഞ്ഞ പ്രശ്നമാണ്. ഗവണ്മെന്റ് ഒരു പദ്ധതി ആവിഷ്ക്കരിച്ചു. കേന്ദ്ര ഗവണ്മെന്റിന്റെ മാനദണ്ഡപ്രകാരം ഒത്തുപോകാത്തതുകൊണ്ട് അവർ സഹായകരമായ നിലപാട് സ്വീകരിച്ചില്ല. സംസ്ഥാന ഗവണ്മെന്റ് വിഹിതം വച്ചില്ല. ദാരിദ്ര്യരേഖ സംബന്ധിച്ച് രണ്ടു കൂട്ടരും തമ്മിലുള്ള തർക്കം തീർന്നില്ല. അതിനെ സംബന്ധിച്ച് കേന്ദ്ര ഗവണ്മെന്റുമായി ആലോചിച്ച് നമുക്ക് പദ്ധതി മുന്നോട്ടുകൊണ്ടുപോകണം, വ്യക്തത വേണം. ഇപ്പോൾ അവ്യക്തമായ രീതിയിലാണ് നിൽക്കുന്നത്.

ശ്രീ. കെ. സി. ജോസഫ്: ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത്, നിലവിലുള്ള ആരോഗ്യ സുരക്ഷാപദ്ധതി നടപ്പിലാക്കാതിരിക്കാനുള്ള കാരണം സംസ്ഥാന ഗവണ്മെന്റും കേന്ദ്ര ഗവണ്മെന്റും തമ്മിലുള്ള ബി.പി.എൽ.-ലെ എണ്ണത്തിലുള്ള തർക്കമാണെന്ന് പറഞ്ഞു. ബി.പി.എൽ. ആയി 9 ലക്ഷം പേരെ അംഗീകരിച്ചു എന്ന് വല്ല കമ്മ്യൂണിക്കേഷനും ലഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അങ്ങനെ പറയാനുള്ള കാരണമെന്താണ്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: കേന്ദ്ര ഗവണ്മെന്റ് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള സ്കീമിൽ കാണുന്നത് 9 ലക്ഷത്തിൽപ്പരം ആളുകളെയാണ്. നമ്മൾ കൊടുത്തത് 24 ലക്ഷത്തിൽപ്പരം ആളുകളെയാണ്. നമ്മുടെ മാനദണ്ഡപ്രകാരം എ.പി.എൽ. ആയിരത്തിൽപ്പരം ആളുകളേയുള്ളൂ. അവരുടെ കണക്കുപ്രകാരം 15 ലക്ഷത്തിൽപ്പരം ആളുകളുണ്ട്. ഇത് അംഗീകരിക്കണമെന്ന നമ്മുടെ നിർബ്ബന്ധം അംഗീകരിച്ചുകിട്ടിയാൽ നടത്തുക, ഇല്ലെങ്കിൽ നമ്മൾ പണം കണ്ടെത്തണം. ഇതാണ് സ്ഥിതി.

ശ്രീ. പി. സി. ജോർജ്: അങ്ങ് ഈ വകുപ്പ് ഭരിക്കുമ്പോൾ ഇതിനകത്ത് കള്ളത്തരം നടക്കില്ലെന്ന് ബോദ്ധ്യമുള്ളവരാണ്. 5 വർഷം ജനകീയാസൂത്രണം നടപ്പിലാക്കി പാവങ്ങളെ എങ്ങനെ സംരക്ഷിക്കണമെന്ന് തീരുമാനിച്ച ഒരു ഗവണ്മെന്റിന് നേതൃത്വം കൊടുത്ത ആളാണ്. സാമ്പത്തിക ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന പല ആളുകളും എ.പി.എൽ. ലിസ്റ്റിൽ കിടക്കുകയാണ്. അതുപോലെ എല്ലാ സാമ്പത്തിക സൗകര്യ ങ്ങളുമുള്ള പല ആളുകളും ബി.പി.എൽ. ലിസ്റ്റിലുമുണ്ട്. ഈ സഭയിൽത്തന്നെ പല പ്രാവശ്യം ചർച്ച ചെയ്യപ്പെട്ട ബി.പി.എൽ. ലിസ്റ്റ് പരിഷ്ക്കരിക്കുന്നതിന് പദ്ധതി ആലോചിക്കുമോ? അതുപോലെതന്നെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി. പാവപ്പെട്ടവ രുടെ ബുദ്ധിമുട്ട് വളരെ വലുതാണ്. ഇപ്പോൾ യു.ഡി.എഫ്. ഗവണ്മെന്റ് കൊണ്ടുവന്ന വിദേശ ബാങ്ക് സഹായത്തോടെയുള്ള പദ്ധതി, അതിനകത്ത് കബളിപ്പിക്കലായിരുന്നു. കേരളീയ ജനത അംഗീകരിച്ചില്ല. നിലവിൽ ബദൽ നിർദ്ദേശം എന്തെങ്കിലും ഗവൺമെന്റിന്റെ മുമ്പിലുണ്ടോ; ബദൽ നിർദ്ദേശം നടപ്പിലാക്കാൻ ഗവണ്മെന്റ് ആലോചിക്കുമോ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ കേന്ദ്ര ഗവണ്മെന്റിന് ഇപ്പോൾ നമ്മൾ കൊടുത്ത ലിസ്റ്റിലുള്ള എ.പി.എൽ. ഏതാണ്ട് 15 ലക്ഷത്തോളം വരുമെന്ന് പറഞ്ഞത് യഥാർത്ഥത്തിൽ പാവപ്പെട്ടവരാണ്. കേരളത്തിന്റെ പ്രത്യേകത അനുസരിച്ച് വീടുണ്ട്, ഓടുണ്ട് എന്നുള്ളതിന്റെ പേരിൽ അത് തള്ളപ്പെട്ടതാണ്. അവർക്ക് ആനുകൂല്യങ്ങൾ കിട്ടുക എന്നുള്ളതാണ് ഗവണ്മെന്റ് ഉദ്ദേശിക്കുന്നത്. അതിനുവേണ്ടി ശക്തമായി കേന്ദ്ര ഗവണ്മെന്റിന്റെ മുമ്പിൽ ഈ അവസ്ഥ ഉന്നയിച്ച് അംഗീകരിക്കാൻ വേണ്ടി ശ്രമിക്കും.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ബി.പി.എൽ. ലിസ്റ്റും ബി.പി.എൽ. വിഭാഗവും രണ്ടാണ്. ബി.പി.എൽ ലിസ്റ്റിലില്ലെങ്കിലും ബി.പി.എൽ വിഭാഗത്തിൽപ്പെട്ട റേഷൻ കാർഡ് നോക്കിയിട്ട് വരുമാനം കുറഞ്ഞിട്ടുള്ള ആളുകളുണ്ടെങ്കിൽ അവർക്ക് ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് കിട്ടുന്ന ആനുകൂല്യങ്ങൾ കൊടുക്കാമെന്ന് നേരത്തെ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. പഞ്ചായത്തിൽ പോയി സർട്ടിഫിക്കറ്റ് വാങ്ങി കൊടുത്താൽ ബി.പി.എൽ. ലിസ്റ്റിലില്ലെങ്കിലും ബി.പി.എൽ.-ന്റെ ആനുകൂല്യങ്ങൾ കൊടുക്കുന്ന കീഴ്‌വഴക്കം കേരളത്തിൽ നിലനിൽക്കുകയാണ്. ഇത്രയും സുപ്രധാനമായ കാര്യത്തിൽ ഈ പാവങ്ങൾക്കെല്ലാം ആനുകൂല്യം കിട്ടുന്നതിനുവേണ്ടി ഗവൺമെന്റ് സമ്മർദ്ദം ചെലുത്തുമോ, കേന്ദ്ര ഗവൺമെന്റ് ഇവിടെ നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് പറ ഞ്ഞതല്ലാതെ കേന്ദ്രത്തിൽ നിന്ന് ഇതു സംബന്ധിച്ച് എന്തെങ്കിലും കമ്മ്യൂണിക്കേഷൻ കിട്ടിയത് അങ്ങേയ്ക്ക് സഭയിൽ വയ്ക്കാൻ കഴിയുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: പാവപ്പെട്ട ആളുകൾക്ക് ആനുകൂല്യം കിട്ടുന്ന കാര്യത്തിൽ ബഹുമാനപ്പെട്ട മെമ്പർ കാണിച്ചിട്ടുള്ള ഉത്കണ്ഠയിൽ നിന്നും ഒട്ടും കുറവല്ലാത്ത ഉത്കണ്ഠ ഇവിടെയുമുണ്ട്. പക്ഷേ ഒരു മാനദണ്ഡം പ്രഖ്യാപിച്ചിട്ടുണ്ടെങ്കിൽ അതിന്റെ അടിസ്ഥാനത്തിലേ കാര്യങ്ങൾ നീങ്ങൂ. ആ മാനദണ്ഡത്തിൽ മാറ്റം വരുത്താൻ വേണ്ടിയാണ് ഇപ്പോൾ ശ്രമിക്കുന്നത്. ആ മാനദണ്ഡത്തിൽ കേന്ദ്ര ഗവൺമെന്റ് ഉറച്ചുനിൽക്കുകയാണെങ്കിൽ ഈ പറയുന്ന വിഭാഗത്തിന് ആനുകൂല്യം കിട്ടില്ല. അതുകൊണ്ട് കേരളത്തിന്റെ പ്രത്യേക സാഹചര്യം വച്ചുകൊണ്ട് കേന്ദ്ര ഗവൺമെന്റിനെകൊണ്ട് ഇത് അംഗീകരിപ്പിക്കുന്നതിനുവേണ്ടി ശക്തിയായി സമ്മർദ്ദം ചെലുത്തുക എന്നുള്ളതാണ് ഗവൺമെന്റ് കാണുന്നത്. സംസ്ഥാന ഗവൺമെന്റ് അംഗീകരിക്കുന്ന രേഖ പോലെയല്ല, കേന്ദ്ര ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം അവർ അംഗീകരിച്ചില്ല എന്നുള്ളതാണ് പ്രശ്നം.........(മൈക്ക് ഓഫ്)............ഇതിനെ സംബന്ധിച്ച് കേന്ദ്ര ധനകാര്യമന്ത്രി ശ്രീ. ചിദംബരം അയച്ച കത്താണ് സഭയിൽ വച്ചത്.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): വീണ്ടും വീണ്ടും ഈ ചോദ്യം ഉന്നയിക്കുന്നതുകൊണ്ട് പറയുകയാണ്, കേന്ദ്ര ഗ്രാമവികസന വകുപ്പ് ഔപചാരികമായിട്ട് കേരളത്തിൽ ബി.പി.എൽ.-ന് താഴെയുള്ള കുടുംബങ്ങളുടെ എണ്ണം പത്ത് ലക്ഷത്തിൽ താഴെയാണെന്ന് അറിയിച്ചിട്ടുണ്ട്.

ശ്രീ. കെ. പി. മോഹനൻ: സർ, ഈ ഗ്രാമീണ ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി ഒരു പരാജയമാണെന്ന് വിശ്വസിക്കുകയാണ്. നമ്മുടെ കുടുംബശ്രീ അംഗങ്ങളൊക്കെത്തന്നെ പാവപ്പെട്ട കുടുംബത്തിൽപ്പെട്ടവരാണ്; ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവരാണ്. അത് കൂടുതൽ ഊർജ്ജസ്വലമാക്കി എല്ലാ കുടുംബശ്രീ അംഗങ്ങളെയും ഗ്രാമീണ ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തി അവർക്ക് കൂടുതൽ പരിരക്ഷ നൽകാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: അതിനുവേണമെങ്കിൽ നമുക്ക് ശ്രമിക്കാം. പക്ഷേ ആളുകൾക്ക് അതിൽ താൽപ്പര്യമില്ല. ഒരു മരണം കഴിഞ്ഞാൽ 5,000 രൂപ കൊടുക്കുന്നുണ്ട്. അതുപോലെ ആകർഷകമായ രീതിയിലുള്ള ഒരു പദ്ധതി നമുക്ക് കൊണ്ടുവരണം.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, അതാത് പ്രദേശങ്ങളിലെ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും പി. ടി. എ. യുടെയും സാമ്പത്തിക സഹായത്തോടെ സംസ്ഥാനത്തെ മുഴുവൻ വിദ്യാർത്ഥികൾക്കും ആരോഗ്യ വിദ്യാഭ്യാസ മേഖലയിൽ ആനുകൂല്യം ലഭ്യമാക്കുന്നവിധം, പഠനം പൂർത്തീകരിക്കുന്നതുവരെ പരിരക്ഷ ഉറപ്പാക്കുന്നവിധം ഒരു സ്റ്റുഡന്റ്സ് ഇൻഷ്വറൻസ് സ്കീമിനെക്കുറിച്ച് കേരളത്തിൽ ആലോചിക്കാൻ കഴിയില്ലേ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: അതുസംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്. അത് ഗവൺമെന്റ് പരിശോധിക്കുന്നുണ്ട്; തീരുമാനമെടുത്തിട്ടില്ല.

ശ്രീ. കെ. എം. മാണി: കേന്ദ്രം നിശ്ചയിച്ചിരിക്കുന്നതനുസരിച്ച് 10 ലക്ഷം ആളുകളാണ് ബി.പി.എൽ.-ന് താഴെയുള്ളത് എന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറയുകയുണ്ടായി എന്നാൽ അതിനേക്കാൾ കൂടുതൽ ആളുകൾ ദാരിദ്ര്യരേഖയ്ക്ക് താഴെ

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടെന്നാണ് നമ്മുടെ നിലപാട്. ഇതുസംബന്ധിച്ചുള്ള നോംസ് എന്താണ്; കേന്ദ്രം ഇന്ന് അനുവർത്തിക്കുന്ന നോംസ് തിരുത്തണമെന്ന് ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുണ്ടോ; അത് തിരുത്തിക്കാൻ എന്ത് നടപടികൾ സ്വീകരിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: കേന്ദ്ര ഗവൺമെന്റ് ഇതുസംബന്ധിച്ച് ആവിഷ്കരിച്ചിട്ടുള്ള മാനദണ്ഡം കേരളത്തിന് ഒരിക്കലും സഹായകരമല്ല എന്ന നിലപാട് ശക്തമായിട്ട് കേന്ദ്രത്തിന്റെ മുൻപിൽ അവതരിപ്പിക്കാൻ പോവുകയാണ്. നിയമസഭ കഴിഞ്ഞതിനുശേഷം അവരെ പോയി കണ്ട് ഈ പദ്ധതിയെ സംബന്ധിച്ച് സംസാരിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ട്.

## ഗ്രാമീണ സഡക് യോജന

*3 [705] ശ്രീ. കെ. ബി. ഗണേഷ്കുമാർ :

„ കെ. കെ. ഷാജു :

„ തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയം ഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രിയുടെ ഗ്രാമീണ സഡക് യോജന നടത്തിപ്പിൽ വരുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ബി) ഇത്തരം പദ്ധതികളുടെ നടപടിക്രമം ലഘൂകരിക്കുകയും നിശ്ചിത സമയത്തിനകം ജോലികൾ പൂർത്തീകരിക്കുകയും ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ?

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): സർ,

(എ) പ്രധാനമന്ത്രിയുടെ ഗ്രാമീണ സഡക് യോജനയുടെ നടത്തിപ്പിൽ കാലതാമസമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പി.എം.ജി.എസ്.വൈ.യുടെ നടത്തിപ്പ് ത്വരിതപ്പെടുത്തുന്നതിനായി ഇതര വകുപ്പുകളിലെ എഞ്ചിനീയറിംഗ് വിഭാഗങ്ങളുടെയും സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളുടേയും സേവനം ഉപയോഗിക്കുക, ബന്ധപ്പെട്ട എഞ്ചിനീയറിംഗ് സ്റ്റാഫിന് പരിശീലനം നൽകുക, നിലവിലുള്ള സംസ്ഥാന സാങ്കേതിക ഏജൻസിയുടെ (എസ്. റ്റി. എ.) എണ്ണം ഒന്നിൽ നിന്നും രണ്ടായി വർദ്ധിപ്പിക്കുക എന്നീ നടപടികൾ പരിഗണനയിലാണ്. കൂടാതെ ഗ്രാമീണ റോഡുകളുടെ കോർ നെറ്റ് വർക്ക് പരിഷ്ക്കരിക്കുവാനുള്ള അനുവാദത്തിനായി കേന്ദ്ര സർക്കാരിനെ സമീപിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

(ബി) ഈ പദ്ധതി നടപ്പിലാക്കുന്ന നടപടിക്രമങ്ങൾ കേന്ദ്ര സർക്കാർ നിർദ്ദേശിച്ച മാനദണ്ഡമനുസരിച്ചാണ്. നിശ്ചിത സമയത്തിനുള്ളിൽ പണികൾ പൂർത്തീകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. കെ. കെ. ഷാജു: സർ, പ്രധാനമന്ത്രിയുടെ ഗ്രാമീണ സഡക് യോജന പദ്ധതിയുടെ പ്രഖ്യാപനവും അതിന്റെ നടത്തിപ്പും വളരെ വലിയ പ്രതീക്ഷയാണ് നമ്മുടെ നാട്ടിൻപുറത്തുണ്ടാക്കിയത്. തദ്ദേശഭരണ സ്ഥാപനങ്ങൾക്കോ ഗവൺമെന്റിനോ



LIBRARY ARCHIVES Kerala Legislative Assembly

ഏറ്റെടുത്ത് നിർവ്വഹിക്കാൻ പറ്റാത്ത വലിയ സാമ്പത്തിക ബാദ്ധ്യതയുള്ള റോഡുകൾ ഏറ്റെടുക്കാൻ കഴിയുമെന്നുള്ള ആ പ്രഖ്യാപനം വളരെ നന്നായി നടപ്പിലാക്കുന്ന ഒരു പദ്ധതിയെന്നുള്ള നിലയിൽ റോഡുകൾക്കുള്ള ഒരു ശാപമോക്ഷമായിട്ടാണ് നമ്മൾ കരുതിയത്. എന്നാൽ അതിന്റെ പ്രവർത്തനങ്ങൾ അവതാളത്തിലാണ്. ഇത്തരം റോഡുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്ത് നടപടിയാണ് അങ്ങ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: ഇത് വളരെ പ്രധാനപ്പെട്ട, വളരെ പ്രയോജനപെടുന്ന ഒരു പദ്ധതിയാണ്. പക്ഷേ ഇതിലുള്ള വ്യവസ്ഥയിൽ ചിലത് കേരളത്തിന്റെ പല പ്രദേശത്തും പ്രായോഗികമായിട്ട് വരുന്നില്ല. എട്ട് മീറ്റർ സ്ഥലം കിട്ടുക എന്നുള്ളത് കോസ്റ്റൽ മേഖലയിലെല്ലാം വലിയ പ്രയാസമുണ്ടാക്കുന്നതാണ്. അപ്പോൾ കേന്ദ്ര ഗവൺമെന്റിന്റെ മുൻപാകെ സംസ്ഥാനത്തിന്റെ പ്രത്യേകത വച്ച് അതിൽ ചില ഇളവ് നൽകി ആറ് മീറ്ററെങ്കിലും ആക്കണമെന്നുള്ള ആവശ്യം ഉന്നയിച്ചിട്ടുണ്ട്. ഒന്നുകൂടി ശക്തിയായിട്ട് ആവശ്യപ്പെടാം.

ശ്രീ. കെ. കെ. ഷാജു: ഇപ്പോൾ അങ്ങ് പറഞ്ഞത്, നടപടിക്രമങ്ങളിൽ എട്ട് മീറ്ററിന്റെ കാര്യമാണ്. എട്ട് മീറ്റർ ഇല്ലാത്ത റോഡിന്റെ തടസ്സം മനസ്സിലാക്കാം. പക്ഷേ എല്ലാ മാനദണ്ഡങ്ങളും പൂർത്തീകരിച്ചിട്ടുള്ള റോഡുകളുടെ സ്ഥിതിയെ സംബന്ധിച്ചാണ് ഞാൻ പറഞ്ഞത്. അതിന്റെ നിർമ്മാണ പ്രവർത്തനങ്ങളും അവതാളത്തിലാണ്. 2003-ലും 2006-ലുമൊക്കെ പൂർത്തീകരിക്കുമെന്ന് പറഞ്ഞ പദ്ധതികൾ തുടങ്ങിയിട്ടില്ല. എന്ന് ഈ പദ്ധതി അവസാനിപ്പിക്കും; എന്നുവരെ ഈ പദ്ധതി മുൻപോട്ട് കൊണ്ടുപോകാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്; അതിന്റെ കാലപരിധി തീരുമാനിച്ചിട്ടുണ്ടോ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: അതിലുള്ള ചില പ്രയാസങ്ങൾ പരിഹരിക്കുന്നതിന് ചില മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഇതിന് വേഗത കൂട്ടാൻ ഗവൺമെന്റ് ശ്രമിക്കുന്നതായിരിക്കും.

ശ്രീ. തോമസ് ചാണ്ടി: മണ്ഡലത്തിൽ ഇറങ്ങി നടന്നാൽ പൊട്ടിപ്പൊളിഞ്ഞ് കിടക്കുന്ന എല്ലാ റോഡുകളും നാട്ടുകാർ ഞങ്ങളെ കൊണ്ടുപോയി കാണിക്കുകയാണ്. അവരുടെ വിചാരം ഇതെല്ലാം എം. എൽ. എ. യുടെ ഉത്തരവാദിത്വമാണെന്നാണ്. അതുകൊണ്ട് ഇത്തരത്തിലുള്ള പദ്ധതികളിൽ എം.എൽ.എ.മാർക്ക് കൂടി ഇൻവോൾവ്മെന്റ് ഉണ്ടാകത്തക്ക രീതിയിൽ ഇതിനെക്കുറിച്ച് ഒരു പുനരാവിഷ്ക്കരണം നടത്താൻ അങ്ങ് ആലോചിക്കുമോ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: പദ്ധതി നിർദ്ദേശിക്കുന്നതിൽ എം.എൽ.എ.മാർക്ക് പ്രധാനപ്പെട്ട പങ്കുണ്ടല്ലോ. ജില്ലാ പഞ്ചായത്താണ് അവസാനം തീരുമാനിക്കുന്നത്. എങ്കിലും അതിനെ സംബന്ധിച്ചിടത്തോളം അതിൽ ഇടപെടാനും ആവശ്യകത ബോദ്ധ്യപ്പെടുത്താനുമൊക്കെ എം.എൽ.എ.മാർക്ക് അധികാരമുള്ളതാണ്. ഇതിൽ കൂടുതൽ അതിൽ പങ്കാളിത്തം വേണമോ എന്നുള്ളത് ആലോചിക്കാം. ആവശ്യമാണെന്നുണ്ടെങ്കിൽ മാറ്റം വരുത്താം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തോമസ് ചാണ്ടി: 2006-07-ൽ ഈ പദ്ധതിയിലേക്ക് എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും അതിൽ എത്ര ചെലവാക്കിയെന്നും ഇനി എത്ര ബാക്കിയുണ്ടെന്നും പറയാമോ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: അത്തരത്തിൽ കൃത്യമായിട്ടുള്ള ഒരു കണക്ക് ഇപ്പോൾ പറയാൻ കഴിയില്ല. പരിശോധിച്ച് പറയാം.

ശ്രീ. സി. പി. മുഹമ്മദ്: സർ, പ്രൈംമിനിസ്റ്റേഴ്സ് ഗ്രാമ സഡക് യോജന പദ്ധതി അനുസരിച്ച് റോഡിന്റെ വീതി മാത്രമല്ല പ്രശ്നം. ഒറ്റപ്പെട്ടു കിടക്കുന്ന പ്രദേശങ്ങളെ ബന്ധിപ്പിക്കുന്നതും ഈ റോഡ് പദ്ധതിയിൽ ഒരു പ്രധാനപ്പെട്ട ഘടകമാണ്. പഴയ കേന്ദ്രാവിഷ്കൃത പദ്ധതികളായ ആർ.എം.പി., എൻ.ആർ.ഇ.പി. ആർ.എൽ.ജി.പി. അടക്കമുള്ള ഇന്നേവരെയുള്ള എല്ലാ പദ്ധതികൾ വരുമ്പോഴും കേരളത്തിന്റെ സാഹചര്യങ്ങൾക്കനുസരിച്ചല്ല ഈ പദ്ധതികളുടെ നോംസ് എന്ന ആക്ഷേപം വരുകയും നിയമസഭയിൽ ചോദ്യം വരുകയുമൊക്കെ ചെയ്തിട്ടുണ്ട്. ഓരോ പദ്ധതി വരുമ്പോഴും ഇതു തന്നെ ആവർത്തിക്കുകയാണ്. വടക്കേഇന്ത്യ മുന്നിൽ കണ്ടുകൊണ്ട് ജനസാന്ദ്രതയുള്ള, അനുദിനം നഗരവത്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന കേരളത്തിലേക്ക് പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ അതിന്റെ നോംസ് കേരള സാഹചര്യത്തിന് അനുകൂലമായി വേണമെന്നുള്ള കാര്യത്തിൽ അടിയന്തിര ചർച്ചയും നടപടികളും സംസ്ഥാന സർക്കാർ സ്വീകരിക്കുമോ?

ശ്രീ. പാലോളി മുഹമ്മദ്കുട്ടി: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യമാണ് ഞാൻ നേരത്തേ സൂചിപ്പിച്ചത്. നമുക്ക് പല പദ്ധതികളിലും പ്രയാസം ഉണ്ടാകുന്നുണ്ട്. അത് വളരെ ഗൗരവത്തോടുകൂടിത്തന്നെ കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരണം. കഴിഞ്ഞ കാലത്ത് ഈ പദ്ധതിയിലേക്ക് നിർദ്ദേശിക്കപ്പെട്ട റോഡുകളിൽ രണ്ട് മീറ്ററിൽ അധികമായിട്ടുള്ളത് വളരെ കുറവാണ്. ഉദ്ദേശിച്ചിട്ടുള്ളത് അതല്ല. രണ്ടു പഞ്ചായത്തുകൾ തമ്മിൽ ബന്ധിപ്പിക്കുന്ന അല്ലെങ്കിൽ രണ്ട് ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന രീതിയിലുള്ള പ്രധാനപ്പെട്ട റോഡാണ് ഉദ്ദേശിച്ചിട്ടുള്ളത്. ആ രീതിയിലുള്ള റോഡ് വന്നപ്പോൾ നല്ലതുപോലെ തദ്ദേശഭരണ സ്ഥാപനങ്ങളെ ഈ കാര്യം ബോദ്ധ്യപ്പെടുത്തി നല്ല പദ്ധതികൾ തയ്യാറാക്കുന്നതിന് വേണ്ടി നിർദ്ദേശിച്ചിട്ടുണ്ട്.

ശ്രീ. എ. സി. മൊയ്തീൻ: പി.എം.ജി.എസ്.വൈ. പദ്ധതിയിൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സമയബന്ധിതമായി പദ്ധതികൾ സമർപ്പിക്കാത്തതിനെ തുടർന്ന് വേണ്ടത്ര പദ്ധതികൾ കേരളത്തിന് അനുവദിക്കാതിരുന്നിട്ടുണ്ടെന്നുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ വർഷം അത് പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: അധികം നിർദ്ദേശങ്ങൾ സമർപ്പിക്കപ്പെട്ടിട്ടില്ല എന്നുള്ളത് മാത്രമല്ല സമർപ്പിച്ചിട്ടുള്ള പദ്ധതികൾ അധികവും കൊച്ചുകൊച്ചു റോഡുകളാണ്. ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന, അല്ലെങ്കിൽ രണ്ടുമൂന്നു പഞ്ചായത്തുകളെ ബന്ധിപ്പിച്ചു പോകുന്ന രീതിയിലുള്ള റോഡുകളല്ല അധികവും വന്നത്. അതിന്റെ കുറവു പരിഹരിക്കുന്നതിനുവേണ്ടി ശ്രമിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ശശീന്ദ്രൻ: ഈ പദ്ധതി പ്രകാരമുള്ള പ്രവർത്തനങ്ങൾക്ക് അന്തിമ രൂപം നല്കുന്നത് ഇന്നത്തെ നിലയിൽ ജില്ലാ പഞ്ചായത്തുകളാണ്. അങ്ങനെ വരുമ്പോൾ എം.എൽ.എ. മാർ പ്രയാസം അനുഭവിക്കുന്നുണ്ട്. അതുപോലെതന്നെ റോഡുകളുടെ വീതി സംബന്ധിച്ച് തീരദേശ പഞ്ചായത്തുകൾക്ക് ഇളവ് അനുവദിച്ചിട്ടുണ്ട്. അതൊന്നും പരിഗണിക്കാതെയാണ് ചില പഞ്ചായത്തുകളും പ്ലാനിംഗ് ബോർഡുകളും ഇപ്പോൾ അനുവദിച്ചിട്ടുള്ള പ്രവർത്തികൾക്ക് അനുവാദം നല്കിയിരിക്കുന്നത്. അതു മനസ്സിലാക്കി ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ എം.എൽ.എ. മാരുടെ പങ്കാളിത്തംകൂടി ഉറപ്പുവരുത്താൻ ആവശ്യമായ നിർദ്ദേശം നല്കാൻ ഗവൺമെൻറ് തയ്യാറാകുമോ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: എം.എൽ.എ. മാരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഇപ്പോൾ കാര്യമായി പരിഗണിക്കുന്നില്ല എങ്കിൽ അതിനുള്ള സംവിധാനം നമുക്കുണ്ടാക്കാം. വേറെ അഭിപ്രായവ്യത്യാസമില്ല.

ശ്രീ. എം. മുരളി: സർ, കേരളത്തിലെ സഡക് യോജനയിൽ എടുത്തിരിക്കുന്ന റോഡുകളുടെ നിർമ്മാണം 80 ശതമാനവും സ്തംഭിച്ചിരിക്കുകയാണ്. ഇതിനിടെ സഡക് യോജനാ ഭാരത് നിർമ്മാൺ പദ്ധതിയായി മാറ്റിയിരിക്കുകയാണ്. ഇത് കേന്ദ്രാവിഷ്കൃത പദ്ധതിയായതുകൊണ്ട് എം.പി. മാരും എം.എൽ.എ. മാരും അടങ്ങിയ ഒരു കമ്മിറ്റി ജില്ലാതലത്തിൽ രൂപീകരിച്ച് ഈ റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ സൂപ്പർവൈസ് ചെയ്യാൻവേണ്ടി ഒരു സംവിധാനം ഉണ്ടാക്കിയാൽ കുറേ കാര്യങ്ങൾ ചെയ്യാൻ കഴിയും. ആ നിർദ്ദേശം ഗവൺമെന്റ് പരിഗണിക്കുമോ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: ഇതിന്റെ പ്രൊപ്പോസൽ കൊടുക്കുന്ന ഘട്ടത്തിലും തയ്യാറാക്കുന്ന ഘട്ടത്തിലുമെല്ലാം എം.എൽ.എ. മാർക്ക് ഫലപ്രദമായ രീതിയിൽ പങ്കുവഹിക്കുവാൻ കഴിയുന്ന ഒരു സംവിധാനം ഇപ്പോൾ ഉണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇല്ലെങ്കിൽ തീർച്ചയായും അങ്ങനെയൊരു സംവിധാനമുണ്ടാക്കാൻ നോക്കാം.

ശ്രീ. പി. ജെ. ജോസഫ്: സർ, ഇപ്പോൾ ഇവിടെ സെലക്ട് ചെയ്യുന്ന റോഡുകൾ പലതും പ്രാധാന്യമുള്ളതല്ല എന്നുള്ള ആക്ഷേപം നിലനില്ക്കുന്നുണ്ട്. 10000 കി. മീ. റോഡ് പി.ഡബ്ല്യു.ഡി. ഏറ്റെടുക്കുവാൻ നിർദ്ദേശം ഉണ്ടായിട്ടുണ്ട്, അത് ഏറ്റെടുത്തു എന്നുള്ള തെറ്റിദ്ധാരണ അംഗങ്ങളിൽ ഉണ്ട്. ഏറ്റെടുത്തിട്ടില്ല. 10000 കി. മീ. റോഡ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയാൽ നമുക്ക് അംഗീകാരം കിട്ടും. പി.ഡബ്ല്യു.ഡി.ക്ക് 14000 കി. മീ. തന്നെ പണിയാൻ പണമില്ല. 10000 കി. മീ. റോഡ് 8 മീ. വീതിയും മറ്റെല്ലാ ലക്ഷണവുമുള്ള റോഡുകളാണ്. നമുക്ക് അനുവാദം കിട്ടുകയും ചെയ്യും. അത് അയയ്ക്കുവാൻ മുൻകയ്യെടുത്ത് പ്രവർത്തിക്കുമോ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: ശ്രീ. പി. ജെ. ജോസഫിന്റെ നിർദ്ദേശം പരിശോധിക്കാം.

ശ്രീ. ജോസഫ് എം. പുതുശ്ശേരി: സർ, പി. എം. ജി. എസ്. വൈ.യിൽ ഏറ്റെടുത്ത പണികൾ സ്തംഭിച്ചിരിക്കുകയാണെന്ന് ഇവിടെ പരാമർശമുണ്ടായി. അവിടത്തെ മാനദണ്ഡങ്ങളാണ് പലപ്പോഴും സ്തംഭനാവസ്ഥയ്ക്ക് കാരണമാകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോൾ വച്ചിരിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരം 35 ലക്ഷം രൂപയാണ് 1 കി. മീ.ന് ഈ പദ്ധതി പ്രകാരമുള്ള ചെലവ് നിശ്ചയിച്ചിരിക്കുന്നത്. ഓരോ പ്രദേശത്തിന്റെ പ്രത്യേകത കണക്കിലെടുത്ത് കൂടുതൽ തുകയുണ്ടെങ്കിലേ അത് പൂർത്തീകരിക്കുവാൻ കഴിയൂ. അങ്ങനെ നമ്മുടെ സംസ്ഥാനത്തു തന്നെ നിരവധി വർക്കുകൾ സ്തംഭനാവസ്ഥയിലായി. സംസ്ഥാന ഗവൺമെന്റും കേന്ദ്ര ഗവൺമെന്റും തമ്മിൽ ഇക്കാര്യത്തിൽ അങ്ങോട്ടും ഇങ്ങോട്ടും എഴുത്തുകുത്തുകളുമൊക്കെയായിട്ട് നില്ക്കുകയാണ്. ഇതിന്റെ പരിധികൂട്ടി, ഈ സ്തംഭനാവസ്ഥ ഒഴിവാക്കി പ്രായോഗികമായി നിർവ്വഹിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: സാധാരണ ഗതിയിൽ ഒരു കി. മീറ്ററിന് 30 ലക്ഷം രൂപയെന്ന് വച്ചിട്ടുണ്ടെങ്കിലും ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചിരിക്കുന്നതു പോലെ ചില സ്ഥലത്ത് കൂടുതൽ സംഖ്യ ചെലവഴിക്കേണ്ടിവരും. അതുപോലുള്ള സ്ഥലങ്ങളിൽ ചെലവഴിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ അനുസരിച്ച് ഒരു തടസ്സവുമില്ല. സാധാരണ ഗതിയിൽ 30 ലക്ഷം രൂപ എന്നുള്ളത് വച്ചിട്ടുണ്ടെങ്കിലും അതിനേക്കാൾ കൂടുതൽ തുക ചെലവഴിക്കണമെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ടെങ്കിൽ അതിനുള്ള അധികാരമുണ്ട്; യാതൊരു പ്രശ്നവുമില്ല.

ശ്രീ. എൻ. അനിരുദ്ധൻ: സർ, പ്രധാനമന്ത്രിയുടെ സഡക് യോജന പദ്ധതി പ്രകാരം കൊല്ലം ജില്ലയിൽ ഇത്തിക്കര ബ്ലോക്കിൽ ഫോർമാലിറ്റീസ് ഒബ്സർവ് ചെയ്ത് ഒരു റോഡിന്റെ പണിയും ഒരു പാലത്തിന്റെ പണിയും ആരംഭിച്ചു. പക്ഷേ അത് രണ്ട് വർഷമായി ആരംഭിച്ചിട്ട്, ഇപ്പോൾ പുരോഗമിക്കുന്നില്ല. അങ്ങേയ്ക്ക് നേരിട്ടും പഞ്ചായത്തും മറ്റും പരിവേദനങ്ങളും നിവേദനങ്ങളുമെല്ലാം ഒരുപാട് സമർപ്പിച്ചിട്ടുണ്ട്. ഉദ്യോഗസ്ഥരും കോൺട്രാക്ടർമാരും തമ്മിലുള്ള തർക്കം കൊണ്ടാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. തീർച്ചയായും ഇത്തരം പദ്ധതികൾ ഡിലേ ചെയ്തുകൊണ്ടു വരുന്നതിന് ശ്രമിക്കുന്നുണ്ട്. ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അവിടെ ബഹുജന സമരം ആരംഭിച്ചിരിക്കുകയാണ്. അതിന്റെ പണി ആരംഭിക്കുന്നതിനുള്ള നടപടികളെടുക്കുവാൻ അങ്ങ് ശ്രദ്ധിക്കുമോ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: ബഹുമാനപ്പെട്ട മെമ്പറുടെ പരാതി ഇതു സംബന്ധിച്ചുണ്ടായിരുന്നു. എന്താണ് ഇതിന്റെ വസ്തുത എന്ന് അറിയുന്നതിനുവേണ്ടി അന്വേഷിക്കുവാൻ ഉത്തരവ് ഇട്ടിട്ടുണ്ട്. റിപ്പോർട്ട് കിട്ടിയിട്ടുണ്ടെങ്കിൽ ഉടനെ അതിന് പരിഹാരം കാണാം.

ശ്രീ. കെ. അച്ചുതൻ: സർ, ഈ പദ്ധതി അനുസരിച്ച് കഴിഞ്ഞവർഷം തന്നെ കുറേ റോഡുകളുടെ പ്രവർത്തി തുടങ്ങാൻ പോകുന്നുവെന്ന് ഉദ്യോഗസ്ഥർ വന്ന് നാടുമുഴുവൻ പറഞ്ഞതാണ്. യാതൊരു പ്രവർത്തിയും തുടങ്ങിയിട്ടില്ല. 8-ാമത് റേറ്റ് റിവിഷൻ വന്നതുകൊണ്ട് വീണ്ടും ഡൽഹിക്ക് അയച്ചിരിക്കുന്നുവെന്നാണ് ഇപ്പോൾ മനസ്സിലാക്കുവാൻ കഴിഞ്ഞത്. 8 മീറ്റർ വീതി, 1 കി. മീ നീളം ഉണ്ടെങ്കിൽ എത്ര റോഡുകൾ വേണമെങ്കിലും എടുക്കാമെന്ന് കഴിഞ്ഞ ദിവസം നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞിട്ടുണ്ട്. എന്റെ നിയോജകമണ്ഡലമായ ചിറ്റൂരിൽ 8 മീ. വീതി, 1 കി. മീ. നീളമുള്ള ധാരാളം റോഡുകളുണ്ട്. അങ്ങനെയാണെങ്കിൽ ധനകാര്യ വകുപ്പു മന്ത്രി ഈ പദ്ധതിയുമായി ബന്ധപ്പെടുത്തി വളരെ പെട്ടെന്ന് പ്രവൃത്തി തുടങ്ങാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: ഇത്തരത്തിലുള്ള നിർദ്ദേശം കിട്ടിയിട്ടുണ്ടെങ്കിൽ അത് തീർച്ചയായും പരിഗണിക്കും.

ശ്രീ. എ. എം. ആരിഫ്: ഈ പദ്ധതി പ്രകാരമുള്ള റോഡിന്റെ മാനദണ്ഡങ്ങൾ പാലിച്ച ഒരു ലിസ്റ്റ്, ബ്ലോക്ക് പഞ്ചായത്തുകളിൽ എ. ഇ. മാരും മറ്റും വർഷങ്ങൾക്കു മുമ്പ് തയ്യാറാക്കിയിട്ടുള്ളതാണ്. വർഷങ്ങൾക്കു മുമ്പ് തയ്യാറാക്കിയ ആ ലിസ്റ്റിൽ നിന്ന് മാത്രമേ സെലക്ട് ചെയ്യാൻ പറ്റൂ. പി.സി.ഐ. ടെക്നിക്കൽ ടേംസ് കുറച്ചിട്ടുണ്ട്. അതെല്ലാം തയ്യാറാക്കുന്ന ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റികൾ ചർച്ച ചെയ്ത് അവരുടെ നിർദ്ദേശം കൊടുക്കണം. ബ്ലോക്കിലെ എ. ഇ. മാരാണ് ഇതു സംബന്ധിച്ചുള്ള ലിസ്റ്റ് തയ്യാറാക്കുന്നത്. ശ്രീ. പി. ജെ. ജോസഫ് പറഞ്ഞ റോഡുകളെല്ലാം ഉൾപ്പെടുത്തിയിട്ടുണ്ട്. പക്ഷേ അതൊന്നും ഈ ലിസ്റ്റിലില്ല. നമുക്ക് ആ ലിസ്റ്റ് സെലക്ട് ചെയ്യാൻ തയ്യാറായാൽപോലും ആ ലിസ്റ്റിലില്ലാത്ത ഒറ്റ റോഡും പരിഗണിക്കപ്പെടുകയില്ല. ലിസ്റ്റ് പുനരവലോകനം ചെയ്ത് റോഡുകൾ സെലക്ട് ചെയ്തിട്ടുണ്ടെങ്കിൽ മാത്രമേ അത് സജസ്റ്റ് ചെയ്യാൻ പറ്റുകയുള്ളൂ. അതോടൊപ്പംതന്നെ ഈ മാനദണ്ഡങ്ങളിൽ പറഞ്ഞിട്ടുള്ള ഇളവുകൾ സാധിപ്പിച്ചെടുത്താൽ മാത്രമേ റോഡുകൾ നിർമ്മിക്കുവാൻ കഴിയൂ. അതിന് ആവശ്യമായിട്ടുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: ഇപ്പോൾ അയച്ചിട്ടുള്ള ലിസ്റ്റിൽ ഉൾപ്പെടാത്ത റോഡുകൾ വല്ലതും നിർദ്ദേശിക്കുവാനുണ്ടെങ്കിൽ തീർച്ചയായും തദ്ദേശ ഭരണ സ്ഥാപനങ്ങൾ മുഖേന അത് അയയ്ക്കാം. അത് പരിഗണിക്കുകയും ചെയ്യാം. മാനദണ്ഡങ്ങൾ മാറ്റുന്നതിനുവേണ്ടി ശക്തിയായി നമ്മൾ ആവശ്യപ്പെടാൻ പോകുകയാണ്.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: അംഗീകരിക്കപ്പെട്ട റോഡുകൾ മാനദണ്ഡങ്ങൾ അനുസരിച്ച് അല്ലെന്നും അയച്ച റോഡുകളുടെ എസ്റ്റിമേറ്റ് ശരിയല്ലെന്നുമൊക്കെ പറഞ്ഞ് വളരെ കൺഫ്യൂഷനുണ്ട്. അതുകൊണ്ട് അടിയന്തിരമായി റിവ്യൂ നടത്താൻ തയ്യാറാകണം. അനുവദിച്ച റോഡുകളുടെ നിർമ്മാണം എവിടെ നില്ക്കുന്നു എന്നുള്ള കാര്യത്തെ സംബന്ധിച്ച് ഒരു റിവ്യൂ നടത്താൻ വേണ്ട നിർദ്ദേശം കൊടുക്കുമോ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: ഇത് വേണമെന്നുണ്ടെങ്കിൽ ഓരോ ജില്ലകളിൽ നിന്നും വന്നിട്ടുള്ള പ്രൊപ്പോസൽ, അന്വേഷിച്ച് ആ ജില്ലകളിൽത്തന്നെ അതിനെ സംബന്ധിച്ച് റിവ്യൂ നടത്താം.

ശ്രീ. കെ. വി. കുഞ്ഞിരാമൻ: ഇതിന് രണ്ട് പ്രശ്നങ്ങളുണ്ട്. വലിയ റോഡുകൾ എടുക്കണമെന്ന് പറഞ്ഞു. എസ്റ്റിമേറ്റ് തുക കൂടിപ്പോകുന്നു എന്നുള്ളതുകൊണ്ട് പല വീക്ക് ബ്രിഡ്ജസും അതേപടി നിലനിർത്തിയിട്ടുണ്ട്. പല സഡക് യോജന റോഡുകളുടേയും അംഗീകാരം നേടിയെടുത്തിട്ട് ഈ റോഡ് തയ്യാറാക്കുന്ന അവസരത്തിൽ ആ പദ്ധതിയെല്ലാം ലാപ്സായി വരികയാണ്.............................................

മി. സ്പീക്കർ: ഓർഡർ...... ഓർഡർ....... ചോദ്യോത്തര സമയം കഴിഞ്ഞു.

(ചോദ്യോത്തര സമയം കഴിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly

## (ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ഗ്രന്ഥാലയങ്ങൾക്ക് ഗ്രാന്റ്

*4 [706] ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി:
,, വി. കെ. ഇബ്രാഹിം കുഞ്ഞ്:
,, കെ. മുഹമ്മദുണ്ണി ഹാജി:
,, പി. കെ. അബ്ദുറബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള ഗ്രന്ഥശാലകളെ പരിപോഷിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഗ്രാമീണതലത്തിൽ വായന പ്രോത്സാഹിപ്പിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഗ്രന്ഥാലയങ്ങൾക്ക് ഗ്രാന്റും മറ്റ് ആനുകൂല്യങ്ങളും നൽകുന്നുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം ആലോചിക്കുമോ ?

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി):

(എ) സംസ്ഥാനത്ത് 88 ഗ്രാമപഞ്ചായത്ത് ലൈബ്രറികളും പതിനൊന്നിന പരിപാടിയിൽ നിർമ്മിച്ച 418 ലൈബ്രറികളും ഉണ്ട്. ഇതിനുപുറമെ ഗ്രാമപഞ്ചായത്തുകൾ, ജനകീയ ആസൂത്രണ പദ്ധതിയിലും കേരള വികസന പദ്ധതിയിലും ഉൾപ്പെടുത്തി വികസന ഗ്രാന്റ് വിനിയോഗിച്ച് ആരംഭിച്ച ലൈബ്രറികളുമുണ്ട്. ഗ്രന്ഥശാലകളെ പരിപോഷിപ്പിക്കുന്നതിനായി എല്ലാ ലൈബ്രറികളിലും പുതിയ പുസ്തകങ്ങൾ ലഭ്യമാക്കുന്നതിനും പത്രമാസികകൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. നഗരസഭകളുടെ ഉടമസ്ഥതയിലുള്ള ഗ്രന്ഥശാലകൾക്ക് അവയുടെ പ്രവർത്തനത്തിനാവശ്യമായ കെട്ടിടം, ഫർണിച്ചർ എന്നിവയും ജീവനക്കാരുടെ ശമ്പളവും നഗരസഭകൾ മുഖേന നൽകിവരുന്നു.

(ബി) സംസ്ഥാന ലൈബ്രറി കൗൺസിലിന്റെ നിബന്ധനകൾക്ക് വിധേയമായി പ്രവർത്തിക്കുന്ന ഗ്രന്ഥശാലകൾക്ക് കൗൺസിൽ വാർഷിക അലവൻസും പുസ്തകം വാങ്ങുന്നതിനുള്ള ഗ്രാന്റും നൽകിവരുന്നു. 11 ഇന പരിപാടിയിൽ ആരംഭിച്ച ഗ്രന്ഥശാലകളിലെ ലൈബ്രേറിയൻമാർക്ക് ഹോണറേറിയവും പുസ്തകങ്ങൾ, പത്രമാസികകൾ എന്നിവ വാങ്ങുന്നതിന് ഗ്രാന്റും പഞ്ചായത്തുകൾ നൽകിവരുന്നു. വായനാശീലം പ്രോത്സാഹിപ്പിക്കുന്നതിന് പഞ്ചായത്ത്തലത്തിൽ പ്രചാരണ പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കെട്ടിട നികുതിയുടെ 5 ശതമാനം നിരക്കിൽ ലൈബ്രറി സെസ്സായി ഈടാക്കി ലൈബ്രറി കൗൺസിലിന് നൽകുന്നുണ്ട്. കഴിഞ്ഞ 3 വർഷങ്ങളിൽ ഇപ്രകാരം നൽകിയ തുക താഴെ കൊടുക്കുന്നു.

2003-2004 — 4 കോടി 11 ലക്ഷം രൂപ
2004-2005 — 3 കോടി 11 ലക്ഷം രൂപ
2005-2006 — 6 കോടി 91 ലക്ഷം രൂപ.

## വിഭവ ഭൂപടം

*5 [707] ശ്രീ. എം. ജെ. ജേക്കബ്:

ശ്രീമതി ജെ. അരുന്ധതി:

ശ്രീ. ബി. ഡി. ദേവസ്സി:

ശ്രീമതി പി. അയിഷാ പോറ്റി:

ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുതലത്തിൽ വിഭവ ഭൂപടം തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഗ്രാമീണവികസനവുമായി ബന്ധപ്പെട്ട പരിപാടികൾ ആസൂത്രണം ചെയ്യുന്നതിന് പ്രയോജനപ്പെടുന്ന വിധത്തിൽ ശാസ്ത്രീയമായ രീതിയിൽ വിദഗ്ദ്ധരുടെ സേവനം പ്രയോജനപ്പെടുത്തി വിഭവ ഭൂപടം തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി):

(എ) ഉണ്ട്.

വിഭവ ഭൂപടം തയ്യാറാക്കിയ പഞ്ചായത്തുകൾ

തിരുവനന്തപുരം—25

കൊല്ലം—74

പത്തനംതിട്ട—5

ആലപ്പുഴ—33

കോട്ടയം—16

ഇടുക്കി—12

എറണാകുളം—94

തൃശ്ശൂർ—98

പാലക്കാട്—95

മലപ്പുറം—57

കോഴിക്കോട്—78

വയനാട്—26

കണ്ണൂർ—75

കാസർഗോഡ്—4

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇപ്പോൾതന്നെ പഞ്ചായത്ത് റിസോഴ്സ് മാപ്പിംഗ് പ്രോഗ്രാം എന്ന പദ്ധതി നിലവിലുണ്ട്. ഈ പദ്ധതിയിലൂടെ വിഭവ ഭൂപടങ്ങൾ, ഡാറ്റാ ബേസുകൾ എന്നിവ നിലവിലുള്ള വികേന്ദ്രീകൃതാസൂത്രണ പരിപാടിയിലെ വികസന പ്രവർത്തനങ്ങൾക്കായി പല ഗ്രാമ പഞ്ചായത്തുകളും പ്രയോജനപ്പെടുത്തുന്നുണ്ട്. കൂടാതെ നൂതന ജി.ഐ.എസ്. സങ്കേതങ്ങളും റിമോട്ട് സെൻസിംഗ് ടെക്നിക്കുകളും ഉപയോഗിച്ച് ഭൂവിനിയോഗ രീതികൾ പഠിച്ചുവരുന്നുണ്ട്. കൊല്ലം ജില്ലയിൽ അഗ്രോ ഇക്കോളജിക്കൽ സോണേഷൻ പ്രോജക്ട് ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്.

കാലിത്തീറ്റ, കോഴിത്തീറ്റ എന്നിവയുടെ ഗുണനിലവാരം

*6 [708] ശ്രീ. രാജാജി മാത്യു തോമസ്:
,, എൻ. അനിരുദ്ധൻ:
,, എ. കെ. ചന്ദ്രൻ:
,, വി. എസ്. സുനിൽ കുമാർ:
,, ബാബു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന കാലിത്തീറ്റയുടെയും കോഴിത്തീറ്റയുടെയും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് ;

(ബി) കന്നുകാലികളുടെയും കോഴികളുടെയും ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്ന വിധത്തിലുള്ള രാസപദാർത്ഥങ്ങൾ തീറ്റകളിൽ ചേർക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) പൊതുമേഖലയിൽ കാലിത്തീറ്റയും കോഴിത്തീറ്റയും നിർമ്മിക്കുന്നുണ്ടോ ; ഇത്തരത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന തീറ്റ ആവശ്യാനുസരണം ലഭ്യമാണോ ; ഇല്ലെങ്കിൽ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) :

(എ) മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിൽ ഒരു ഫീഡ് ടെസ്റ്റിംഗ് ലബോറട്ടറിയുണ്ട്. കൂടാതെ തിരുവല്ലയിലെ ഏവിയൻ ഡിസീസ് ഡയഗ്നോസ്റ്റിക് ലാബിൽ തീറ്റയിലുള്ള അഫ്ളാ ടോക്സിൻ തുടങ്ങിയ വിഷാംശങ്ങൾ പരിശോധിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. കേരള ഫീഡ്സ് ഉൽപാദിപ്പിച്ച് വിതരണം ചെയ്യുന്ന കാലിത്തീറ്റ ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാന്റേർഡ് നിഷ്ക്കർഷിച്ചിട്ടുള്ള ഗുണനിലവാരം ഉറപ്പാക്കുന്നുണ്ട്. മിൽമയ്ക്ക് രണ്ട് കാലിത്തീറ്റ ഫാക്ടറികളോടനുബന്ധിച്ച് ക്വാളിറ്റി കൺട്രോൾ ലബോറട്ടറി പ്രവർത്തിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഉണ്ട്. ആവശ്യാനുസരണം ലഭ്യമല്ല. ഉൽപാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## വഖഫ് ബോർഡിൽ നിന്നുള്ള ക്ഷേമസഹായങ്ങൾ

*7 [709] ശ്രീ. മഞ്ഞളാംകുഴി അലി:
,, എ. എം. യൂസഫ്:
ശ്രീമതി കെ. എസ്. സലീഖ:
ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി:
,, പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വഖഫ് ബോർഡിൽ നിന്നു നൽകുന്ന ക്ഷേമസഹായങ്ങൾ എന്തെല്ലാമാണ് ; അവ ലഭിക്കാനുള്ള അർഹതാ മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ ;

(ബി) അവ അനുവദിക്കുന്നതിൽ വിവേചനം കാണിക്കുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി):

(എ) മുദരിസ് (പണ്ഡിതർ), ഇമാം, മദ്രസ അദ്ധ്യാപകർ, മുക്രി, അസിസ്റ്റന്റ് ഇമാം, അറ്റൻഡർ എന്നീ വിഭാഗങ്ങളിൽപ്പെട്ടവർക്ക് പെൻഷൻ നൽകിവരുന്നു. വിവാഹം, ചികിത്സ എന്നീ ആവശ്യങ്ങൾക്ക് സാമ്പത്തിക സഹായവും നൽകിവരുന്നു. പെൻഷനും ധനസഹായവും ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ അനുബന്ധമായി ചേർക്കുന്നു.†

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരിശോധിച്ചുവരുന്നു.

## മത്സ്യത്തൊഴിലാളികൾക്കുള്ള സമ്പാദ്യ സമാശ്വാസ പദ്ധതി

*8 [710] ശ്രീ. കെ. ടി. ജലീൽ:
,, എ. എം. ആരിഫ്:
,, എം. കെ. പുരുഷോത്തമൻ:
,, കെ. കുഞ്ഞമ്മത് മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികൾക്കായി സമ്പാദ്യ സമാശ്വാസ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

(ബി) എത്ര മത്സ്യ തൊഴിലാളികൾ പദ്ധതിയിൽ അംഗങ്ങളായി ചേർന്നിട്ടുണ്ട് ;

(സി) കൂടുതൽ പേരെ ഈ പദ്ധതിയിൽ അംഗങ്ങളാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) പദ്ധതി നടത്തിപ്പിനായി കഴിഞ്ഞ വർഷം സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും എന്തു തുക വീതം ചെലവഴിച്ചു?

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ):

(എ) ഉണ്ട്. 1991-92 കാലയളവു മുതൽ കടൽ മത്സ്യത്തൊഴിലാളികൾക്ക് സമ്പാദ്യ സമാശ്വാസ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു. ഇത് ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. (50:50). 2001-'02 വർഷം മുതൽ ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്കും ഈ പദ്ധതി നടപ്പിലാക്കിവരുന്നു. 2002 ജൂലായ് മാസം മുതൽ മത്സ്യ വിപണനവും അനുബന്ധവുമായ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന വനിതാ മത്സ്യത്തൊഴിലാളികളെകൂടി കടലോര മത്സ്യത്തൊഴിലാളി സമ്പാദ്യ സമാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) 2005-'06 വർഷത്തെ കണക്കനുസരിച്ച് മറൈൻ വിഭാഗത്തിൽ 122878 മത്സ്യത്തൊഴിലാളികളും ഇൻലാന്റ് വിഭാഗത്തിൽ 8838 മത്സ്യത്തൊഴിലാളികളും അംഗങ്ങളായി ചേർന്നിട്ടുണ്ട്.

(സി) ഈ പദ്ധതി പ്രകാരം കടൽ മത്സ്യബന്ധനം മുഖ്യ ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിട്ടുള്ള ഏതൊരു മത്സ്യത്തൊഴിലാളിക്കും അംഗമാകാവുന്നതാണ്.

(ഡി) പദ്ധതി നടത്തിപ്പിനായി കഴിഞ്ഞ വർഷം (2005-'06) കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ വിഹിതമായി 6,93,56,625 രൂപ (ആറു കോടി തൊണ്ണൂറ്റിമൂന്ന് ലക്ഷത്തി അമ്പത്തിയാറായിരത്തി അറുന്നൂറ്റി ഇരുപത്തിയഞ്ച് രൂപ) കടൽ മത്സ്യ തൊഴിലാളി സമ്പാദ്യ സമാശ്വാസ പദ്ധതി പ്രകാരം 2006 മാർച്ചിൽ അനുവദിച്ച് നൽകിയിട്ടുണ്ട്. ഉൾനാടൻ മത്സ്യത്തൊഴിലാളി സമ്പാദ്യ സമാശ്വാസ പദ്ധതി പ്രകാരം 2005-'06 വർഷത്തെ കേന്ദ്ര സംസ്ഥാന വിഹിതമായി 37,79,350 രൂപ 26-6-2006-ലെ ഉത്തരവുപ്രകാരം (മുപ്പത്തിയേഴ്ലക്ഷത്തി എഴുപത്തിയൊമ്പതിനായിരത്തി മൂന്നൂറ്റിയമ്പത് രൂപ) അനുവദിച്ചു നൽകിയിട്ടുണ്ട്. മൊത്തം 7,31,35,975 രൂപ (ഏഴുകോടി മുപ്പത്തിയൊന്ന് ലക്ഷത്തി മുപ്പത്തയ്യായിരത്തി തൊള്ളായിരത്തി എഴുപത്തിയഞ്ച് രൂപ) ഈ പദ്ധതിക്കായി 2005-06 വർഷം ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 150 ലക്ഷം രൂപ കേന്ദ്ര ഗവൺമെന്റ് അനുവദിച്ചിട്ടുണ്ട്. ബാക്കി 21,56,79,875 രൂപ കൂടി കേന്ദ്ര വിഹിതമായി ലഭിക്കുവാനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## സമുദ്ര മത്സ്യങ്ങളുടെ ലഭ്യത

*9 [711] ശ്രീ. എം. എ. വാഹീദ്:

" തേറമ്പിൽ രാമകൃഷ്ണൻ:

പ്രൊഫസർ കെ. വി. തോമസ്:

ശ്രീ. വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമുദ്ര മത്സ്യലഭ്യതയെപ്പറ്റി എന്തെല്ലാം ഗവേഷണങ്ങൾ നടത്തുന്നുണ്ട് ;

(ബി) ഏതെല്ലാം കാലത്ത് എവിടെയെല്ലാമാണ് സമുദ്ര മത്സ്യങ്ങൾ ധാരാളമായി കാണുന്നതെന്നും മറ്റുമുള്ള വിവരങ്ങൾ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് നൽകാറുണ്ടോ ;

(സി) എങ്കിൽ അത് എപ്രകാരമെന്ന് വിശദമാക്കുമോ?

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ):

(എ) ആഴക്കടൽ മത്സ്യബന്ധനത്തെക്കുറിച്ച് ഡിപ്പാർട്ട്മെന്റ് ഓഫ് ഓഷ്യൻ ഡെവലപ്പ്മെന്റിന്റെ സഹായത്തോടെ സാഗർ സമ്പദാ എന്ന ഗവേഷണക്കപ്പൽ ഉപയോഗിച്ച് വ്യത്യസ്ത ആഴങ്ങളിൽ ലഭ്യമാകുന്ന മത്സ്യ ഇനങ്ങൾ, സ്വഭാവരീതികൾ, ക്യാച്ച് പെർ യൂണിറ്റ്, എഫർട്ട് തുടങ്ങിയ വിവരങ്ങൾ ശേഖരിച്ചുവരുന്നു. കൂടാതെ ഹാർബറുകളിൽ നിന്നും ചൂഷണം ചെയ്യപ്പെടുന്ന മത്സ്യങ്ങളുടെ ഇനം തിരിച്ചുള്ള കണക്ക് ശേഖരിച്ച് ലഭ്യതയിലുള്ള ഏറ്റക്കുറച്ചിലുകൾ, പ്രാദേശിക പ്രത്യേകതകൾ എന്നിവയെക്കുറിച്ച് പഠനം നടത്തുന്നു.

(ബി) ഉണ്ട്.

(സി) മത്സ്യലഭ്യതയെ സംബന്ധിച്ച് ഉപഗ്രഹങ്ങൾ വഴി സമാഹരിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ INCOIS-ഉം NRSA യും കാലാകാലങ്ങളിൽ തയ്യാറാക്കുന്ന മത്സ്യക്കൂട്ടങ്ങൾ കാണാൻ സാദ്ധ്യതയുള്ള 'പൊട്ടൻഷ്യൽ ഫിഷിംഗ് സോണുകളെ' പറ്റിയുള്ള വിവരങ്ങൾ നൽകുന്നുണ്ട്. മത്സ്യബന്ധനത്തിനുപറ്റിയ മേഖലകളെപ്പറ്റി എഫ്. എസ്.ഐ. തയ്യാറാക്കുന്ന അറ്റ്ലസുകളും ലഭ്യമാക്കപ്പെടുന്നുണ്ട്. കൂടാതെ സി.എം.എഫ്.ആർ.ഐ.-യും മത്സ്യഫെഡും മത്സ്യലഭ്യതയെ സംബന്ധിച്ച വാർത്താ ബോർഡുകൾ പ്രദർശിപ്പിക്കാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## ഭാരത് നിർമ്മാൺ പദ്ധതി

*10 [712] ശ്രീമതി ഇ. എസ്. ബിജി മോൾ:
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ:
,, പള്ളിപ്രം ബാലൻ:
,, എൻ. രാജൻ:
,, കെ. രാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപ്രദേശങ്ങളെ പ്രധാന കേന്ദ്രങ്ങളുമായി ബന്ധിപ്പിക്കുന്നതിനു വേണ്ടിയുള്ള ഭാരത് നിർമ്മാൺ പദ്ധതി സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നുമുതലാണ് ആരംഭിച്ചതെന്ന് വെളിപ്പെടുത്തുമോ ;

(ബി) 2005-06 മുതൽ 2008-09 വരെയുള്ള നാല് വർഷക്കാലത്തേക്കുള്ള പദ്ധതിയുടെ പ്ലാൻ തയ്യാറാക്കി കേന്ദ്രത്തിന് നൽകുന്നതിൽ വീഴ്ച വന്നിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അത് പരിഹരിച്ച് പദ്ധതി നേടിയെടുക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ്കുട്ടി):

(എ) ഉണ്ട്. 2005-06 മുതൽ പ്രധാനമന്ത്രി സഡക്ക് യോജന, "ഭാരത് നിർമ്മാൺ പദ്ധതി"—യുടെ ഭാഗമായാണ് നടപ്പിലാക്കുന്നത്.

(ബി) ഇല്ല. 2005-06 മുതൽ 2007-08 വരെയുള്ള പദ്ധതിയുടെ ടാർഗറ്റ് ജില്ലകളെ അറിയിച്ചിട്ടുണ്ട്. അതനുസരിച്ച് പ്ലാൻ തയ്യാറാക്കി സമർപ്പിക്കുന്നതിന് നിർദ്ദേശവും നൽകിയിട്ടുണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള മാന്വലുകൾ

*11 [713] ശ്രീ. വി. ശിവൻകുട്ടി :
ശ്രീമതി ജെ. അരുന്ധതി :
ശ്രീ. അൽഫോൺസ് കണ്ണന്താനം :
,, വി. എൻ. വാസവൻ :
,, വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേകം മാന്വലുകൾ ഇല്ലാത്തതുമൂലം വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനും കണക്കുകൾ സൂക്ഷിക്കുന്നതിനും ആഡിറ്റ് വകുപ്പിന് വിവരങ്ങൾ നൽകുന്നതിനും തടസ്സങ്ങൾ അനുഭവപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ മാന്വലുകൾ തയ്യാറാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ്കുട്ടി):

(എ) ഉണ്ട്.

(ബി) സ്വീകരിച്ചുവരുന്നു.

## ആഴക്കടൽ മത്സ്യബന്ധനം

*12 [714] ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
,, പി. വിശ്വൻ:
,, ആർ. സെൽവരാജ്:
,, എ. എം. ആരിഫ്:
,, സി. കെ. സദാശിവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആഴക്കടൽ മത്സ്യബന്ധനത്തിനായി ഏതെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ ;

(ബി) ഏതെല്ലാം പ്രദേശങ്ങളിലാണ് ഇപ്പോൾ ആഴക്കടൽ മത്സ്യബന്ധനം നടത്തുന്നത് ;

(സി) എത്ര മത്സ്യബന്ധന യൂണിറ്റുകൾ ആഴക്കടൽ മത്സ്യബന്ധനം നടത്തുന്നുണ്ട്; ഈ യൂണിറ്റുകൾ ലാഭകരമായി പ്രവർത്തിക്കുന്നുണ്ടോ ;

(ഡി) ഇവയ്ക്ക് സർക്കാർ നൽകുന്ന പ്രത്യേക സഹായങ്ങൾ എന്തെല്ലാമാണ് ;

(ഇ) ആഴക്കടൽ മത്സ്യബന്ധനം മത്സ്യസംസ്ക്കരണം, വിപണനം എന്നിവയ്ക്കായി ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കുമോ?

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ):

(എ) ഉണ്ട്. ആഴക്കടൽ മത്സ്യബന്ധനത്തിനായി പരമ്പരാഗത മത്സ്യത്തൊഴിലാളികളെ പ്രാപ്തരാക്കുന്നതിന് ഒരു പുതിയ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ മത്സ്യഫെഡ് പദ്ധതി തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്.

(ബി) നിലവിൽ മത്സ്യഫെഡിൽ അഫിലിയേറ്റു ചെയ്തിട്ടുള്ള കൊല്ലം ജില്ലയിലെ പ്രാഥമിക സഹകരണ സംഘമായ ജോനകപ്പുറം-മൂദാക്കരയിലെ ഒരു കൂട്ടം തൊഴിലാളികൾ ചേർന്ന് പരീക്ഷണാടിസ്ഥാനത്തിൽ ഡോറി മാതൃകയിലുള്ള ആഴക്കടൽ മത്സ്യബന്ധനം നടത്തുകയും അത് വിജയകരമാണെന്ന് ബോദ്ധ്യപ്പെടുകയും ചെയ്തിട്ടുണ്ട്. കൂടാതെ മുനമ്പം, കൊച്ചി, കൊല്ലം എന്നീ കേന്ദ്രങ്ങളിൽ ഒക്ടോബർ, ഏപ്രിൽ മാസങ്ങളിൽ ആഴക്കടൽ ചെമ്മീൻ പിടിക്കുന്നതിന് ആഴക്കടൽ ട്രോളിംഗ് നടത്തുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) വാടകയ്ക്കെടുത്ത ഒരു ട്രോളിംഗ് ബോട്ട് മാതൃയാനമായും 14 മറൈൻ പ്ലൈവുഡ് വള്ളങ്ങൾ മാതൃയാനത്തിന്റെ ഇരുവശം ഒന്നിനുപുറകെ ഒന്നായി ബന്ധിച്ചും ഡോറി മാതൃകയിൽ പരീക്ഷണാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഈ ഗ്രൂപ്പ് 51 മത്സ്യത്തൊഴിലാളികളടങ്ങുന്നതാണ്. ഇത് ലാഭകരമായിട്ടാണ് പ്രവർത്തിക്കുന്നത്.

(ഡി) നിലവിൽ ആഴക്കടൽ മത്സ്യബന്ധനത്തിനായി പ്രത്യേക സർക്കാർ സഹായം ഒന്നുംതന്നെ മത്സ്യഫെഡ് വഴി നൽകുന്നില്ല. മത്സ്യഫെഡിൽനിന്നും സംഘത്തിന് ലേലം ശക്തിപ്പെടുത്തുന്നതിലേക്ക് നൽകിയിട്ടുള്ള തുകയാണ് പ്രവർത്തന ചിലവിലേക്ക് വിനിയോഗിച്ചിട്ടുള്ളത്.

(ഇ) ആക്ഷൻ പ്ലാൻ തയ്യാറാക്കിവരുന്നു.

## മത്സ്യബന്ധനോപകരണങ്ങൾ വാങ്ങാൻ ധനസഹായം

*13 [715] ശ്രീ. ജോർജ് മേഴ്സിയർ :

,, എം. മുരളി :

,, കെ. സി. വേണുഗോപാൽ :

,, ബി. ബാബുപ്രസാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനോപകരണങ്ങളും വള്ളങ്ങളും വാങ്ങുവാൻ എന്തെല്ലാം സഹായങ്ങൾ നൽകിവരുന്നുണ്ട് ;

(ബി) ഇവയിൽ ഏതെല്ലാം ഉപകരണങ്ങൾക്ക് സബ്സിഡിയും പൂർണ്ണ സൗജന്യ സഹായങ്ങളും നൽകിവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) സംസ്ഥാനത്തെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിന് (മത്സ്യബന്ധയാനം ഉൾപ്പെടെ) ദേശീയ സഹകരണ വികസന കോർപ്പറേഷൻ (എൻ.സി.ഡി.സി.) ദേശീയ പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ (എൻ.ബി.സി.എഫ്.ഡി.സി.) എന്നീ സ്ഥാപനങ്ങളുടെ ധനസഹായത്തോടുകൂടി മത്സ്യഫെഡ് വഴി ധനസഹായം നൽകിവരുന്നു.

(ബി) ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ ധനസഹായത്തോടുകൂടിയുള്ള പദ്ധതി പ്രകാരം നൽകുന്ന എല്ലാ മത്സ്യബന്ധന ഉപകരണങ്ങൾക്കും സബ്സിഡി നൽകുന്നുണ്ട്. ബാങ്കബിൾ സ്കീം അനുസരിച്ച് വായ്പ ലഭ്യമാക്കുന്ന മത്സ്യബന്ധന ഉപകരണങ്ങൾക്കും സബ്സിഡി നൽകി വരുന്നുണ്ട്. മോട്ടോറൈസേഷൻ പദ്ധതി അനുസരിച്ച് ഫിഷറിസ് വകുപ്പിൽ രജിസ്റ്റർ ചെയ്ത് വള്ളങ്ങളിൽ ഘടിപ്പിച്ച് 10 എച്ച്.പി.-ക്ക് താഴെയുള്ള എഞ്ചിൻ ഒന്നിന് പരമാവധി 10,000 രൂപ കേന്ദ്ര പദ്ധതി അനുസരിച്ച് സബ്സിഡി നൽകുന്നു. കൂടാതെ ഗിയർ സബ്സിഡി പദ്ധതി പ്രകാരം 10 കുതിരശ്ക്തിയിൽ താഴെയുള്ള എഞ്ചിനുകൾ ഘടിപ്പിച്ച വള്ളങ്ങൾക്കുള്ള വലയ്ക്കായി പരമാവധി 6,000 രൂപ സബ്സിഡി ലഭ്യമാക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## മത്സ്യബന്ധന തൊഴിലാളികളെ മത്സ്യബന്ധന ബോട്ടിനുടമയാക്കുന്ന പദ്ധതി

*14 [716] പ്രൊഫസർ കെ. വി. തോമസ്:
ശ്രീ. കെ. ബാബു :
,, വർക്കല കഹാർ :
,, ടി. എൻ. പ്രതാപൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധന തൊഴിലാളികളെ മത്സ്യബന്ധന ബോട്ടിനുടമയാക്കുന്ന പദ്ധതി ഇപ്പോൾ നിലവിലുണ്ടോ ;

(ബി) ഇല്ലാത്തപക്ഷം പ്രസ്തുത പദ്ധതി അവസാനിപ്പിക്കുവാനുള്ള കാരണങ്ങൾ എന്തെന്ന് വ്യക്തമാക്കുമോ ;

(സി) ഈ പദ്ധതി പുനരാരംഭിക്കുവാൻ ഉദ്ദേശ്യമുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കുമോ ?

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) നിലവിലില്ല.

(ബി) ജനറൽ മെക്കനൈസേഷൻ സ്കീം, സ്മാൾബോട്ട് മെക്കനൈസേഷൻ സ്കീം, ഗിൽനെററ് സ്കീം, പാക്കേജ് സ്കീമുകൾ എന്നീ പദ്ധതികൾ വഴിയാണ് ഇത് നടപ്പിലാക്കിയത്. ബോട്ടുകളുടെ യന്ത്രവൽക്കരണം, മത്സ്യോൽപാദനത്തിലും കയറ്റുമതിയിലും കൈവരിച്ച നേട്ടങ്ങൾ എന്നിവ കണക്കിലെടുത്ത് അത്തരം പദ്ധതികൾ തുടർന്നു നടപ്പിലാക്കേണ്ട ആവശ്യമില്ലായെന്ന തീരുമാനത്തിൽ സർക്കാർ എത്തിച്ചേരുകയും യന്ത്രവൽകൃത മേഖലകൾക്ക് നൽകിവന്നിരുന്ന അത്തരം പ്രോത്സാഹനങ്ങൾ തുടർന്ന് നൽകേണ്ടതില്ലായെന്ന് തീരുമാനിക്കുകയും ചെയ്തു. എന്നാൽ എൻ.സി.ഡി.സി.-യുടെ സഹായത്തോടെ പരമ്പരാഗത മേഖലയിൽ മത്സ്യഫെഡുവഴി മത്സ്യ തൊഴിലാളികളെ മത്സ്യബന്ധനോപകരണങ്ങളുടെ ഉടമകളാക്കുവാനുള്ള പദ്ധതിക്ക് തുടക്കം കുറിക്കുകയും ചെയ്തു.

(സി) തൽക്കാലം പരിഗണനയിലില്ല. അക്വേറിയം റിഫോംസ് നടപ്പിലാക്കി യഥാർത്ഥത്തിൽ മത്സ്യബന്ധനത്തിലേർപ്പെടുന്നവരെ മത്സ്യബന്ധനോപകരണങ്ങളുടെ ഉടമകളാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

## പൊതുമാർക്കറ്റുകളുടെ ശുചീകരണം

*15 [717] ശ്രീ. എ. സി. മൊയ്തീൻ :
,, സി. കെ. പി. പത്മനാഭൻ :
,, പി. വിശ്വൻ :
പ്രൊഫസർ സി. രവീന്ദ്രനാഥ് :
ശ്രീ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമാർക്കറ്റുകളുടെ അറ്റകുറ്റപ്പണികൾക്കും ശുചീകരണത്തിനും തദ്ദേശ സ്ഥാപനങ്ങൾ വേണ്ടത്ര ശ്രദ്ധ നൽകുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) മത്സ്യ മാർക്കറ്റുകളിലെ ഓടകളും മറ്റും ശുചിയായി സൂക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) ചുറ്റുമതിൽ ഇല്ലാത്ത പൊതു മാർക്കറ്റുകൾ ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുന്നതിന് നിർദ്ദേശം നൽകുമോ ?

തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) :

(എ) ഉണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക്, അവയ്ക്ക് ലഭിക്കുന്ന പദ്ധതി വിഹിത തുക ഉപയോഗിച്ച് പൊതു മാർക്കറ്റുകൾ നവീകരിക്കുന്നതിനും ശുചിയായി സൂക്ഷിക്കുന്നതിനുമുള്ള പദ്ധതികൾ തയ്യാറാക്കുന്നതിന് മുൻഗണന നൽകണമെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) നടപടി സ്വീകരിച്ചിട്ടുണ്ട്. സമ്പൂർണ്ണ സുചീകരണ പദ്ധതിയുടെ ഭാഗമായി എല്ലാ മത്സ്യമാർക്കറ്റുകളും അവയോട് അനുബന്ധിച്ചുള്ള ഓടകളും ശുചിയാക്കുന്നുണ്ട്.

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുതന്നെ ഇക്കാര്യത്തിൽ ഉചിതമായ നടപടി സ്വീകരിക്കാവുന്നതാണ്.

## ഫാസ്റ്റ് ഫുഡ് വില്പനശാലകൾ പരിശോധനാ വിഷയമാക്കാൻ നടപടി

*16 [718] ശ്രീ. കെ. കെ. ജയചന്ദ്രൻ :
,, മുരളി പെരുനെല്ലി :
,, സാജുപോൾ :
,, മഞ്ഞളാംകുഴി അലി :

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫാസ്റ്റ്ഫുഡ് വിൽപ്പനശാലകളുടെ എണ്ണം വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സഞ്ചരിക്കുന്ന ഫാസ്റ്റ്ഫുഡ് ശാലകളെകൂടി പരിശോധനാ വിധേയമാക്കാൻ നടപടി സ്വീകരിക്കുമോ?

തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) :

(എ) ഉണ്ട്.

(ബി) ഇപ്പോൾത്തന്നെ സഞ്ചരിക്കുന്ന ഫാസ്റ്റ്ഫുഡ് ശാലകളെ ഹെൽത്ത് സ്ക്വാഡ് പരിശോധിക്കുന്നുണ്ട്. ആയത് കർക്കശമാക്കുന്നതാണ്.



LIBRARY ARCHIVES Kerala Legislative Assembly

## കേരളപ്പിറവിയുടെ സുവർണ്ണജൂബിലി

*17 [719] ശ്രീ. കെ. സി. രാജഗോപാലൻ :
" എസ്. രാജേന്ദ്രൻ :
ശ്രീമതി കെ. കെ. ലതിക :
ശ്രീ. ടി. പി. കുഞ്ഞുണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളപ്പിറവിയുടെ സുവർണ്ണജൂബിലിയുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ വകുപ്പ് പുതുതായി എന്തെങ്കിലും പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) ഇതുമായി ബന്ധപ്പെട്ട് പഞ്ചായത്തുകൾക്ക് പ്രത്യേക ഫണ്ട് അനുവദിക്കുന്നുണ്ടോ ;

(സി) സുവർണ്ണ ജൂബിലി സ്മാരകമായി പഞ്ചായത്ത് നടപ്പാക്കുന്ന പദ്ധതികൾ ബഹുജന പങ്കാളിത്തത്തോടെ നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ?

തദ്ദേശ സ്വയംഭരണവും, ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) :

(എ) കേരളപ്പിറവിയുടെ സുവർണ്ണ ജൂബിലിയുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ വകുപ്പ് താഴെ പറയുന്ന പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

(1) സ്വരാജ് ഭവൻ നിർമ്മാണം

തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിലുള്ള വിവിധ ഓഫീസുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി അത്തരം ഓഫീസുകളെല്ലാം ഒരേ കൂരയ്ക്കു കീഴിൽ കൊണ്ടുവരുന്നതിനായി ഒരു ഓഫീസ് സമുച്ചയം (സ്വരാജ് ഭവൻ), തിരുവനന്തപുരത്തുള്ള നന്ദൻകോട് എന്ന സ്ഥലത്ത് പണിയുവാൻ തീരുമാനിച്ചിട്ടുണ്ട്.

(2) സമ്പൂർണ്ണ ശുചിത്വ പരിപാടി ഊർജ്ജിതപ്പെടുത്തുന്നതിനായിട്ടുള്ള പദ്ധതി.

(3) സമ്പൂർണ്ണഭവന നിർമ്മാണ പദ്ധതി.

(4) ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും ഒരു മാതൃകാപദ്ധതി നടപ്പിലാക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## മത്സ്യത്തൊഴിലാളി സ്ത്രീകളെ ക്ഷേമനിധിയിൽ ഉൾപ്പെടുത്താൻ നടപടി

*18 [720] ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളി സ്ത്രീകളെ ക്ഷേമനിധിയിൽ നിന്ന് ഒഴിവാക്കിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ മത്സ്യത്തൊഴിലാളി സ്ത്രീകളെക്കൂടി ക്ഷേമനിധിയിൽ ഉൾപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) ഇല്ല. 1980-ലെ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ആക്ടിൽ വിവരിക്കുന്ന പ്രകാരം മത്സ്യത്തൊഴിലാളി പട്ടികയിൽ ഉൾപ്പെട്ട സ്ത്രീകളെ ക്ഷേമനിധിയിൽ ഉൾപ്പെടുത്തി ക്ഷേമനിധി ആനുകൂല്യം നൽകിവരുന്നുണ്ട്.

(ബി) ബാധകമല്ല.

## വളർത്തു നായ്ക്കൾക്ക് ലൈസൻസ്

*19 [721] ശ്രീ. എം. പ്രകാശൻ മാസ്ററർ :
,, കെ. വി. കുഞ്ഞിരാമൻ:
,, സാജു പോൾ :
,, എ. പ്രദീപ് കുമാർ :
,, എം. എം. മോനായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നായ്ക്കളെ വളർത്തുന്നതിന് തദ്ദേശ സ്ഥാപനങ്ങൾ ലൈസൻസ് നല്കുന്ന നിയമവ്യവസ്ഥ നിലവിലുണ്ടോ ;

(ബി) ഈ വ്യവസ്ഥയനുസരിച്ച് എത്ര നായ്ക്കൾക്കാണ് ലൈസൻസ് നല്കിയിട്ടുള്ളത്;

(സി) പേപ്പട്ടി ശല്യം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ഈ നിയമം കർശനമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി):

(എ) ഉണ്ട്.

(ബി) വിവരം ശേഖരിച്ചിട്ടില്ല.

(സി) നടപടികൾ സ്വീകരിക്കുന്നതാണ്.

## അക്വാ പാർക്ക്

*20 [722] ശ്രീ. എ. കെ. ചന്ദ്രൻ :

" പി. തിലോത്തമൻ:

" ബാബു പോൾ :

" രാജാജി മാത്യു തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്വകാര്യ സംരംഭകരുടെ സഹായത്തോടെ അക്വാ പാർക്ക് സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഇതിലൂടെ എത്ര പേർക്ക് തൊഴിൽ ലഭിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് എവിടെയെല്ലാമാണ് ഇവയുടെ ഉപഗ്രഹ ഫാമുകൾ സ്ഥാപിക്കാനുദ്ദേശിച്ചിട്ടുള്ളത് ; ഇതിനാവശ്യമായ സാങ്കേതിക വിദ്യയ്ക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) ഉണ്ട്. സ്വകാര്യ സംരംഭകരിൽ നിന്നും അപേക്ഷ- ക്ഷണിച്ചിട്ടുണ്ട്. സ്വകാര്യ സംരംഭകർകൂടി ഉൾപ്പെടുന്ന ഒരു പൊതുമേഖലാ കമ്പനിയായി രജിസ്റ്റർ ചെയ്തിട്ടായിരിക്കും ഇത് പ്രവർത്തിക്കുക.

(ബി) 5000 പേർക്ക് പ്രത്യക്ഷമായും 10000 പേർക്ക് പരോക്ഷമായും തൊഴിൽ ലഭിക്കുമെന്ന് കരുതുന്നു.

(സി) തിരുവനന്തപുരം, കണ്ണൂർ, മലപ്പുറം, കോട്ടയം (പള്ളം) എന്നീ ജില്ലകളിലാണ് ഉപഗ്രഹ ഫാമുകൾ സ്ഥാപിക്കാനുദ്ദേശിച്ചിട്ടുള്ളത്. കൂടാതെ ഹോംസ്റ്റെഡ് ഫാമുകളും ആരംഭിക്കുന്നതാണ്. അക്വാ പാർക്കിന്റെ സാങ്കേതികവിദ്യ ലഭ്യമാക്കുന്നതിന് ഗ്ലോബൽ ടെണ്ടർ നൽകിയിട്ടുണ്ട്.

## അലങ്കാര മത്സ്യോല്പാദനം

*21 [723] ശ്രീ. കെ. രാജു :

" മാങ്കോട് രാധാകൃഷ്ണൻ :

" എൻ. അനിരുദ്ധൻ :

" കെ. അജിത് :

" പള്ളിപ്രം ബാലൻ ; താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അലങ്കാര മത്സ്യോൽപാദനത്തിന്റെയും വിപണനത്തിന്റെയും സാദ്ധ്യതകളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ ;

(ബി) ആവശ്യമായ മൂലധനവും സാങ്കേതികവിദ്യയും ഈ രംഗത്ത് കേന്ദ്രീകരിക്കുന്നതിന് എന്തെങ്കിലും പദ്ധതികളുണ്ടോ ; എങ്കിൽ വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ):

(എ) ഉണ്ട്.

(ബി) ഉണ്ട്. ഇതിലേക്ക് ആവശ്യമായ മൂലധനവും സാങ്കേതികവിദ്യയും ഈ രംഗത്ത് കേന്ദ്രീകരിക്കുന്നതിന് സംസ്ഥാനത്ത് ആലുവയ്ക്കടുത്ത് കടുങ്ങല്ലൂരിൽ 10 ഏക്കർ സ്ഥലത്ത് ഒരു അക്വാ പാർക്ക് കെ. എസ്. ഐ. ഡി. സി. യുടെ സഹകരണത്തോടുകൂടി സ്ഥാപിക്കുന്നതാണ്. ഇതിനോടനുബന്ധിച്ച് തിരഞ്ഞെടുക്കപ്പെട്ട ജില്ലകളിൽ സാറ്റലൈറ്റ് ഫാമുകളും ഹോംസ്റ്റെഡ് ഫാമുകളും ആരംഭിക്കുന്നതാണ്. ഇതിന്റെ മേൽനോട്ടം വഹിക്കുന്നത് ഒരു പബ്ലിക് ലിമിറ്റഡ് കമ്പനിയായിരിക്കും. ഇതിനാവശ്യമായ സാങ്കേതികവിദ്യ ലഭ്യമാക്കുന്നതിന് ഗ്ലോബൽ ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.

## ചെമ്മീൻകെട്ട്

*22 [724] ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

„ എം. മുരളി :

„ സി. പി. മുഹമ്മദ് :

„ എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എവിടെയെല്ലാം നെൽപ്പാടങ്ങളിൽ ചെമ്മീൻകെട്ട് നടത്തുന്നുണ്ട്;

(ബി) ചെമ്മീൻകെട്ടിന് ലൈസൻസ് ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) എങ്കിൽ അതിനുള്ള ഫീസ് എത്രയാണ് ;

(ഡി) നെൽപ്പാടങ്ങളിലെ ചെമ്മീൻ കെട്ടുവഴി പ്രതിവർഷം എന്തു തുകയ്ക്കുള്ള ചെമ്മീൻ ലഭിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ):

(എ) ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ ചെമ്മീൻകെട്ട് നിലവിലുണ്ട്.

(ബി) ഉണ്ട്.

(സി) ഏക്കറിന് 50 രൂപാ നിരക്കിൽ ലൈസൻസ് ഫീസ് നല്കണം. ഇത്തരം പാടശേഖരങ്ങളിൽ പരിഷ്കൃത ചെമ്മീൻകൃഷി ചെയ്യുന്നതിന് അക്വാ കൾച്ചർ അതോറിറ്റിയുടെ ലൈസൻസ് എടുക്കണം. കേന്ദ്രസർക്കാരിന്റെ 2005-ലെ കോസ്റ്റൽ അക്വാ കൾച്ചർ അതോറിറ്റി വിജ്ഞാപന പ്രകാരം.

(1) 5 ഹെക്ടർ വരെ—രൂപ 200
(ഹെക്ടർ 1-ന്)

എന്നാൽ ഏറ്റവും കുറഞ്ഞത് 500 രൂപ ആയിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

(2) 5.1 മുതൽ 10 ഹെക്ടർ വരെ—

രൂപ 1,000 + 500 (ഹെക്ടർ 1-ന്)

(3) 10.1 ഹെക്ടറും അതിൽ കൂടുതലും

രൂപ 3,500 + 1,000 (ഹെക്ടർ 1-ന്).

(ഡി) ചെമ്മീൻകെട്ടുവഴി പ്രതിവർഷം ഏകദേശം 175 കോടി രൂപയ്ക്കുള്ള ചെമ്മീൻ ഉല്പാദിപ്പിക്കുന്നുണ്ട്.

## ഉപഭോക്തൃ സംരക്ഷണത്തിനുള്ള സംവിധാനം

*23 [725] ശ്രീ. ജോസഫ് എം. പുതുശ്ശേരി :

" തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപഭോക്തൃ സംരക്ഷണത്തിനായി സർക്കാർ എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(ബി) ഉപഭോക്തൃ സംരക്ഷണ നിയമത്തിന്റെ പരിധിയിൽ ഏതൊക്കെ സ്ഥാപനങ്ങൾ വരുമെന്ന് വ്യക്തമാക്കുമോ ;

(സി) ഐ. ടി. രംഗവും പ്രസ്തുത നിയമത്തിന്റെ പരിധിയിൽപ്പെടുമോ; ഇല്ലെങ്കിൽ ആയതുകൂടി ഉൾപ്പെടുത്തുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ):

(എ) ഉപഭോക്തൃ സംരക്ഷണത്തിനായി പരാതികൾ കേൾക്കുന്നതിനും നിയമാനുസൃതമായ മാർഗ്ഗങ്ങളിലൂടെ സംരക്ഷണം നൽകുന്നതിനുമായി ജില്ലാതലത്തിൽ 14 ഉപഭോക്തൃതർക്ക പരിഹാര ഫോറങ്ങളും സംസ്ഥാനതലത്തിൽ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനും ഫലപ്രദമായി പ്രവർത്തിച്ചു വരുന്നു.

(ബി) ഉൽപ്പന്നങ്ങൾ ഉണ്ടാക്കുകയും വിൽക്കുകയും ചെയ്യുന്ന എല്ലാ സ്ഥാപനങ്ങളും, സേവനം പ്രദാനം ചെയ്യുമെന്ന് വാഗ്ദാനം നൽകി പണം ഈടാക്കുന്ന എല്ലാ സ്ഥാപനങ്ങളും ഉപഭോക്തൃസംരക്ഷണ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുന്നു.

(സി) ഐ. ടി. രംഗം പൂർണ്ണമായും ഉപഭോക്തൃ സംരക്ഷണ നിയമത്തിന്റെ പരിധിയിൽപ്പെടുന്നില്ല. ഐ. ടി. മേഖലയെ ഉപഭോക്തൃ സംരക്ഷണ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടത് കേന്ദ്രസർക്കാരാണ്.

LIBRARY ARCHIVES Kerala Legislative Assembly

## ഫിഷറീസ് ഹൈസ്ക്കൂളുകൾ

*24 [726] ശ്രീ. വർക്കല കഹാർ :

,, കെ. സി. വേണുഗോപാൽ :

,, കെ. സുധാകരൻ :

,, ജോർജ്ജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഫിഷറീസ് ഹൈസ്ക്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഈ സ്ക്കൂളുകളുടെ മാനേജ്മെന്റ് ആർക്കാണ് ;

(സി) ഈ സ്ക്കൂളുകളിലെ കുട്ടികൾക്ക് മത്സ്യബന്ധനത്തിലും അനുബന്ധ പ്രവർത്തനങ്ങളിലും പരിശീലനം നൽകുന്നുണ്ടോ ;

(ഡി) പ്രസ്തുത സ്ക്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ നൽകിവരുന്നു ;

(ഇ) മത്സ്യബന്ധനത്തിലേർപ്പെടാത്തവരുടെ കുട്ടികൾക്കും പ്രസ്തുത സ്ക്കൂളുകളിൽ ചേരുവാൻ സാധിക്കുമോ ?

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) 10 ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്ക്കൂളുകൾ പ്രവർത്തിച്ചുവരുന്നുണ്ട്.

(ബി) അതാത് ജില്ലാ പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളുമാണ് ഇപ്പോൾ സ്ക്കൂളുകളുടെ മേൽനോട്ടം വഹിക്കുന്നത്. ആവശ്യമായ ഫണ്ട് ഫിഷറീസ് വകുപ്പ് അനുവദിച്ചുനൽകുന്നു. ഫിഷറീസ് സബ്ജക്ട് പഠിപ്പിക്കുന്നതിന് ഫിഷറീസ്വകുപ്പും മറ്റു വിഷയങ്ങൾ പഠിപ്പിക്കുന്നതിന് വിദ്യാഭ്യാസവകുപ്പുമാണ് അദ്ധ്യാപകരെ നിയമിക്കുന്നത്. അദ്ധ്യാപകേതര ജീവനക്കാരെ മത്സ്യബന്ധന വകുപ്പാണ് നിയമിക്കുന്നത്.

(സി) ഹൈസ്ക്കൂൾ നിലവാരത്തിൽ അക്വാകൾച്ചർ ആന്റ് ഫിഷറീസ് സയൻസ്, സീമാൻഷിപ്പ്, നാവിഗേഷൻ ആന്റ് മോട്ടോറൈസേഷൻ എന്നീ വിഷയങ്ങളും ഫിഷറീസ് സയൻസ് ആന്റ് നാവിഗേഷൻ എന്ന വിഷയം ഇലക്ടീവ് ആയും പഠിപ്പിച്ചുവരുന്നുണ്ട്.

(ഡി) സൗജന്യ വിദ്യാഭ്യാസത്തിനു പുറമേ സൗജന്യമായി താമസ സൗകര്യങ്ങളും, ഭക്ഷണവും നൽകുന്നുണ്ട്.

(ഇ) നിലവിലുള്ള വ്യവസ്ഥയനുസരിച്ച് അംഗീകൃത മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് മാത്രമേ പ്രസ്തുത സ്ക്കൂളുകളിൽ പഠിക്കാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## അപ്ലൈഡ് ന്യൂട്രീഷൻ പ്രോഗ്രാം

*25 [727] ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അപ്ലൈഡ് ന്യൂട്രീഷൻ പ്രോഗ്രാം സംസ്ഥാനം മുഴുവൻ വ്യാപിപ്പിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എത്ര ബ്ളോക്കുകളിൽ ഈ പദ്ധതി ഇനിയും വ്യാപിപ്പിക്കാനുണ്ട് ;

(സി) ഇതിന്റെ ഗുണഭോക്താക്കൾ ആരെല്ലാം ;

(ഡി) ഈ പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് എന്തെല്ലാം പ്രയോജനം ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ്കുട്ടി):

(എ) അപ്ലൈഡ് ന്യൂട്രീഷൻ പ്രോഗ്രാം ഇപ്പോൾ നടപ്പാക്കുന്നില്ല.

(ബി) ഉദിക്കുന്നില്ല.

(സി) ഈ പരിപാടിയുടെ ഗുണഭോക്താക്കൾ പ്രീ സ്ക്കൂൾകുട്ടികളും, ഗർഭിണികളും, മുലയൂട്ടുന്ന അമ്മമാരുമായിരുന്നു.

(ഡി) അപ്ലൈഡ് ന്യൂട്രീഷൻ പ്രോഗ്രാം നടപ്പിലാക്കിയിരുന്ന കാലയളവിൽ ഈ പരിപാടിയുടെ ഗുണഭോക്താക്കൾക്ക് താഴെപ്പറയുന്ന പ്രയോജനങ്ങൾ ലഭ്യമായിരുന്നു.

(1) പദ്ധതിപ്രകാരമുള്ള ഫീഡിംഗ് പ്രോഗ്രാം വഴി പ്രീസ്ക്കൂൾ കുട്ടികൾക്കും ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും ഫീഡിംഗ് സെന്ററുകൾ മുഖേന ഭക്ഷ്യ പദാർത്ഥങ്ങൾ ലഭ്യമാക്കിയിരുന്നു.

(2) സ്ത്രീകൾക്കായി പോഷകാഹാര വിദ്യാഭ്യാസ ക്യാമ്പുകൾ നടത്തിയിരുന്നു.

(3) ഗുണഭോക്താക്കളുടെ വീടുകളിൽ അടുക്കളത്തോട്ടം നിർമ്മിക്കുന്നതിന് വിത്ത്, വളം, കൃഷി ഉപകരണങ്ങൾ തുടങ്ങിയവ യൂണിസെഫിന്റെ (UNICEF) സഹായത്തോടെ ലഭ്യമാക്കിയിരുന്നു.

(4) ഗുണഭോക്താക്കളായ അമ്മമാരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി ആടുവളർത്തൽ, കോഴിവളർത്തൽ, പന്നി വളർത്തൽ എന്നിവയ്ക്ക് സഹായം ലഭ്യമാക്കിയിരിക്കുന്നു.

(5) സമഗ്ര മാതൃശിശുസംരക്ഷണ കേന്ദ്രങ്ങളായി ഉയർത്തപ്പെടുന്ന ഫീഡിംഗ് സെന്ററുകൾക്ക് ബാലവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് 'കെയർ' (CARE) എന്ന സംഘടനയും, സർക്കാരും സാമ്പത്തിക സഹായം ലഭ്യമാക്കിയിരുന്നു.

(6) പുതുതായി നിയമിക്കപ്പെടുന്ന ബാലവാടി ടീച്ചർമാർക്ക് എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്ററുകൾ വഴി പരിശീലനം നൽകിയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

## മിൽമയുടെ ഇരട്ടവില സമ്പ്രദായം

*26 [728] ശ്രീ. എം. ജെ. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരസഹകരണമേഖലയിൽ മിൽമ നടപ്പിലാക്കിയിരുന്ന ഇരട്ടവില സമ്പ്രദായം അവസാനിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ബി) ഉൽപ്പാദന ചെലവിന് അനുസൃതമായ വില ലഭ്യമാക്കുമോ ;

(സി) ക്ഷീര സഹകരണ സംഘങ്ങളുടെ കരുതൽധനം ഇരുപതിയഞ്ച് ശതമാനം എന്നത് കുറച്ച്, കുറവുചെയ്യുന്ന പ്രസ്തുത തുക ക്ഷീരകർഷകർക്ക് ലഭ്യമാക്കുമോ ;

(ഡി) ക്ഷീര സഹകരണ സംഘങ്ങളിലെ വാർഷിക ഓഡിറ്റ് കൃത്യമായി നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുമോ ; ഓഡിറ്റ് ഫീസ് കുറയ്ക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) :

(എ) മഴക്കാലത്തും (ജൂൺ-ജൂലൈ മാസങ്ങളിൽ) തണുപ്പുകാലത്തും (നവംബർ, ഡിസംബർ) തീറ്റ വസ്തുക്കളുടെ ലഭ്യത കൂടുകയും പാലുത്പാദനചെലവ് കുറയ്ക്കുകയും ചെയ്യുമ്പോൾ വിപണന ആവശ്യത്തേക്കാൾ കൂടുതൽ പാൽ സംഭരണം ഉണ്ടാകുന്നു. ആ പാൽ പാൽപ്പൊടിയാക്കി മാറ്റുമ്പോൾ വേണ്ടിവരുന്ന അധിക ചെലവ് മേഖലായൂണിയനുകൾക്ക് ബാദ്ധ്യത ആകാതിരിക്കാൻ ഒന്നോ രണ്ടോ മാസം സംഭരണ വില കുറയ്ക്കുന്നു. എന്നാൽ വേനൽക്കാല മാസങ്ങളിൽ (ജനുവരി മുതൽ ഏപ്രിൽ വരെ) സംഭരണവും ഉൽപ്പാദനവും കുറയുന്ന സമയങ്ങളിൽ നിശ്ചയിച്ചിരുന്ന വിലയേക്കാൾ അധിക വിലയോ കർഷകർ വാങ്ങുന്ന കാലിത്തീറ്റയ്ക്ക് സബ്സിഡിയോ നൽകുന്നു. ഇപ്രകാരം തീരുമാനമെടുക്കാൻ മേഖലായൂണിയനുകൾക്ക് അവയുടെ ഭരണസമിതി തീരുമാനവും ഫെഡറേഷന്റെ അംഗീകാരവും മതിയാകുമെന്നതിനാൽ സർക്കാർ ഇടപെട്ട് ഈ സമ്പ്രദായം നിർത്തലാക്കാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

(ബി) ഉൽപ്പാദന ചെലവിന് അനുസൃതമായ വില നിലവിലുള്ള പരിസ്ഥിതി കൂടി കണക്കിലെടുത്ത് നൽകുന്നതിന് പരമാവധി ശ്രമം നടത്തുന്നുണ്ട്.

(സി) ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

(ഡി) പ്രാഥമിക ക്ഷീരസഹകരണ സംഘങ്ങളിൽ ആഡിറ്റ് വളരെയധികം ബാക്കിയുണ്ട്. ഇത് സമയബന്ധിതമായി പൂർത്തിയാക്കുവാൻവേണ്ട നടപടി സ്വീകരിച്ചു വരുന്നു. ഓഡിറ്റ് ഫീസ് കുറയ്ക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

## (2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ത്രിതല പഞ്ചായത്ത് സംവിധാനം

1 [4322] ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ത്രിതല പഞ്ചായത്ത് സംവിധാനത്തിന് പകരം ദ്വിതല പഞ്ചായത്ത് സംവിധാനം നടപ്പാക്കുവാനും ബ്ലോക്ക് പഞ്ചായത്ത് സമിതികൾ നിറുത്തലാക്കുവാനുമുള്ള എന്തെങ്കിലും നിർദ്ദേശങ്ങൾ ഗവൺമെന്റിന്റെ പരിഗണനയിൽ ഉണ്ടോ ;

(ബി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) പരിഗണനയിലില്ല.

(ബി) ബാധകമല്ല.

### ഗ്രാമസഭകളിൽ ജനപങ്കാളിത്തം ഉറപ്പ് വരുത്തുന്നതിന് പ്രചാരണം

2 [4323] ശ്രീ. വി. ശശികുമാർ :
,, സി. കെ. സദാശിവൻ :
,, രാജു എബ്രഹാം :
,, എം. എം. മോനായി :
,, കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമസഭാ യോഗങ്ങളിൽ ദാരിദ്ര്യ രേഖയ്ക്ക് മുകളിലുള്ളവരുടേയും സ്ത്രീകളുടേയും പങ്കാളിത്തം കുറഞ്ഞുവരുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഗ്രാമസഭകൾ ബഹുജന പങ്കാളിത്തത്തോടെ ചേരുന്നതിന് ആവശ്യമായ പ്രചാരണം അതത് ഗ്രാമപഞ്ചായത്തുകൾ സംഘടിപ്പിക്കാൻ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഗ്രാമസഭ കൂടുന്നതിന് എല്ലാ വീടുകളിലും നോട്ടീസ് എത്തിക്കുക, പ്രധാന സ്ഥലങ്ങളിൽ നോട്ടീസ് പതിക്കുക, മൈക്ക് അനൗൺസ്മെന്റ് നടത്തുക, കുടുംബശ്രീ, അയൽക്കൂട്ടങ്ങൾ മുഖാന്തിരം വീട് വീടാന്തരം പ്രചാരണം നൽകുക, വാർത്താ മാധ്യമങ്ങളിലൂടെ അറിയിപ്പുകൾ നൽകുക തുടങ്ങിയ രീതികൾ സ്വീകരിച്ച് ഗ്രാമസഭകളിൽ പൊതുജന പങ്കാളിത്തം വർദ്ധിപ്പിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## ഗ്രാമസഭകൾവഴിയുള്ള കോഴി വിതരണ പദ്ധതിയിലെ അപാകത

3 [4324] പ്രൊ. കെ. വി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻവഴി ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് വളർത്തുന്നതിനുവേണ്ടി കോഴികളെ നൽകുന്ന പദ്ധതിയനുസരിച്ച് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള ഇന്റർവ്യൂ നെടുമങ്ങാട് ബ്ലോക്കാഫീസിൽവച്ച് നടത്തുമെന്ന് അറിയിച്ചിരുന്നോ ;

(ബി) അതനുസരിച്ച് ഇന്റർവ്യൂ നടത്തിയോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(സി) വെമ്പായം പഞ്ചായത്തിൽ ഈ പദ്ധതിപ്രകാരമുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് ഗ്രാമസഭകൾ കൂടിയിട്ടുണ്ടോ ; എങ്കിൽ എന്നെല്ലാം ;

(ഡി) ഈ സഭകളിൽവച്ച് ഈ പദ്ധതി പ്രകാരമുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുണ്ടോ ; എങ്കിൽ അവരുടെ പേരും മേൽവിലാസവും അടങ്ങുന്ന ലിസ്റ്റ് ലഭ്യമാക്കുമോ ; ഇവർ എല്ലാവരും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരാണോയെന്ന് അറിയിക്കുമോ ?

### ഉത്തരം

(എ) അറിയിച്ചിരുന്നു.

(ബി) ഇന്റർവ്യൂ നടത്തിയിരുന്നു.

(സി) കേരള സംസ്ഥാന പൗൾട്രി ഡെവലപ്പ്മെന്റ് കോർപ്പറേഷൻവഴി നടപ്പിലാക്കുന്ന വീട്ടുവളപ്പിലെ കോഴി വളർത്തൽ എന്ന എസ്.ജി.എസ്.വൈ. സ്പെഷ്യൽ പ്രോജക്ടിന്റെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് ഇപ്രകാരമാണ്.

ഈ പദ്ധതി നടപ്പിലാക്കുന്ന ബ്ലോക്ക് അതിർത്തിയിലുള്ള പഞ്ചായത്താഫീസിലെ നോട്ടീസ് ബോർഡിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനെക്കുറിച്ചുള്ള അറിയിപ്പ് പ്രസിദ്ധീകരിക്കും. അത് പ്രകാരം, താൽപ്പര്യമുള്ളവരെ ബ്ലോക്കാഫീസിൽ വരുത്തി പദ്ധതിയെക്കുറിച്ച് മാനേജിംഗ് ഡയറക്ടർ/പ്രോഗ്രാം കോഓർഡിനേറ്റർ വിശദീകരിച്ചുകൊടുക്കും. പദ്ധതിയെക്കുറിച്ച് മനസ്സിലാക്കിയശേഷം ഈ പദ്ധതിയിൽ ചേരണമെന്നാഗ്രഹിക്കുന്നവർ ഇന്റർവ്യൂവിൽ പങ്കെടുക്കും. അതിൽനിന്നു 800 ഗുണഭോക്താക്കളെ ഇതിനുവേണ്ടി നിയോഗിച്ചിട്ടുള്ള കമ്മിറ്റി തെരഞ്ഞെടുക്കും. മാനേജിംഗ് ഡയറക്ടർ, പ്രോഗ്രാം കോ-ഓർഡിനേറ്റർ, ഡി.ആർ.ഡി.എ. പ്രോജക്ട് ഓഫീസർ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് മുതലായവരെ പ്രസ്തുത കമ്മിറ്റിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതി പ്രകാരം ഗ്രാമസഭകളല്ല ഗുണഭോക്താക്കളെ തെരഞ്ഞെടുത്തുവരുന്നത്. എന്നിരുന്നാലും പഞ്ചായത്ത് പ്രസിഡന്റുമാരുടേയും ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരുടേയും സഹകരണത്തോടെയാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. കോഴിക്കുഞ്ഞുങ്ങളെ വളർത്താനുള്ള സൗകര്യം, കുടുംബപശ്ചാത്തലം, ശാരീരിക വൈകല്യം മുതലായവയാണ് മുഖ്യമായും പരിഗണന ചെയ്യാറുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പഞ്ചായത്തുതലത്തിൽ എസ്.ജി.എസ്.വൈ. (സ്പെഷ്യൽ) പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കളുടെ പേരുവിവരങ്ങൾ ബന്ധപ്പെട്ട പഞ്ചായത്തുകളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. വെമ്പായം പഞ്ചായത്തിൽ തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ പേരുവിവരം ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു. †

## മാലിന്യമുക്ത കേരളം സ്ഥിരസംവിധാനം

4 [4325] ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാലിന്യമുക്ത കേരളം പരിപാടിയുമായി ബന്ധപ്പെടുത്തി പൊതുസ്ഥലങ്ങളിലെ മാലിന്യ നിർമ്മാർജ്ജനത്തിനായി തദ്ദേശഭരണസ്ഥാപനങ്ങളുടെ ചെലവിൽ കുടുംബശ്രീ യൂണിറ്റിലെ പ്രവർത്തകരെ ഉപയോഗിച്ച് സ്ഥിരം സംവിധാനം ഏർപ്പെടുത്തുവാൻ ശ്രമിക്കുമോ ;

(ബി) കുടുംബശ്രീ യൂണിറ്റുകൾ, ലൈബ്രറികൾ, സാമൂഹ്യ സംഘടനകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിവിധ ക്ലബ്ബുകൾ എന്നിവയുമായി സഹകരിച്ച് മാലിന്യ നിർമ്മാർജ്ജനത്തിന്റെ പ്രസക്തിയെക്കുറിച്ച് സ്ഥിരമായ ബോധവൽക്കരണ പരിപാടികൾ ആവിഷ്കരിക്കുമോ ;

(സി) സാക്ഷരതായജ്ഞംപോലെ തുടർച്ചയായ ഒരു സംരംഭമായി മാലിന്യമുക്തകേരളം പരിപാടിയെ മാറ്റുമോ ; എങ്കിൽ വിശദമാക്കാമോ ?

### ഉത്തരം

(എ) മാലിന്യ നിർമ്മാർജ്ജനം തദ്ദേശഭരണസ്ഥാപനങ്ങൾ നിർബന്ധമായും ചെയ്യേണ്ട ചുമതലയാണ്. ആയത് നിർവ്വഹിക്കുന്നതിനായി തദ്ദേശഭരണസ്ഥാപനങ്ങൾക്കുവേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതാണ്.

(ബി) സമ്പൂർണ്ണ ശുചിത്വ പദ്ധതിപ്രകാരം സ്ഥിരമായ ബോധവൽക്കരണ പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നുണ്ട്.

(സി) തദ്ദേശഭരണസ്ഥാപനങ്ങളുടെ അനിവാര്യ ചുമതലയായ മാലിന്യ നിർമ്മാർജ്ജനം നിർവ്വഹിക്കുന്നതിനാവശ്യമായ സാങ്കേതികവും ധനപരവുമായ സഹായം സർക്കാർ നൽകുന്നുണ്ട്. തദ്ദേശഭരണസ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം മാലിന്യ നിർമ്മാർജ്ജനം ഒരു വ്യവസ്ഥാപിത പരിപാടിയാണ്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## ഗ്രാമപ്രദേശങ്ങളിലെ മാലിന്യ നിർമ്മാർജ്ജനത്തിന് നിയമ നിർമ്മാണം

5 [4326] ശ്രീ. എം. എം. മോനായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമപ്രദേശങ്ങൾ മാലിന്യകൂമ്പാരമായി മാറിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ മാലിന്യങ്ങൾ അലക്ഷ്യമായി വലിച്ചെറിയുന്നവരെ ഇത്തരം പ്രവർത്തികളിൽ നിന്നും പിന്തിരിപ്പിക്കുന്നതിനും മാലിന്യ നിക്ഷേപം നിയന്ത്രിക്കുന്നതിനും വ്യവസ്ഥകളുള്ള ശക്തമായ നിയമനിർമ്മാണത്തെക്കുറിച്ച് ആലോചിക്കുന്നുണ്ടോ ;

(ബി) പഞ്ചായത്തുകളിൽനിന്നും ചെറുകിട സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുമ്പോൾ മാലിന്യസംസ്കരണം ഉറപ്പാക്കാൻ ഉടമകളിൽനിന്നും എഗ്രിമെന്റുകൾ വാങ്ങാറുണ്ടോ ;

(സി) ഇല്ലെങ്കിൽ അത്തരം വ്യവസ്ഥകളോടുകൂടിയ ലൈസൻസുകൾ ഏർപ്പെടുത്തുമോ ?

### ഉത്തരം

(എ) മാലിന്യങ്ങൾ അലക്ഷ്യമായി വലിച്ചെറിയുന്നവരെ ശിക്ഷിക്കുന്നതിനായി ഇപ്പോൾ നിയമത്തിൽ വ്യവസ്ഥയുണ്ട്. 1994–ലെ കേരള മുനിസിപ്പാലിറ്റീസ് ആക്ടിലെ 340–ാം വകുപ്പുപ്രകാരം മാലിന്യ നിക്ഷേപ കേന്ദ്രങ്ങളിലല്ലാതെ മാലിന്യം നിക്ഷേപിക്കുന്നത് നിരോധിച്ചിട്ടുണ്ട്. പൊതുസ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നവരേയോ, നിക്ഷേപിക്കാൻ കാരണമാകുന്നവരേയോ കണ്ടെത്തി അപ്പോൾതന്നെ 250 രൂപവരെ പിഴ ഈടാക്കാൻ മുൻസിപ്പൽ സെക്രട്ടറിക്കോ പ്രത്യേകം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ ഈ വകുപ്പ് പ്രകാരം അധികാരമുണ്ട്. പ്രസ്തുത തുക 15 ദിവസത്തിനകം ഒടുക്കാതിരുന്നാൽ അവർക്കെതിരെ പ്രോസിക്യൂഷൻ നടപടി എടുക്കുന്നതിന് മുൻസിപ്പൽ സെക്രട്ടറിയെ അധികാരപ്പെടുത്തിയിട്ടുണ്ട്.

(ബി & സി) പ്രത്യേക എഗ്രിമെന്റുകൾ വാങ്ങാറില്ല. എന്നാൽ ഡി & ഒ. ലൈസൻസിലെ വ്യവസ്ഥകളിൽ ഇക്കാര്യം ഉൾപ്പെടുന്നുണ്ട്.

## ഗാർഹിക മാലിന്യങ്ങൾ സംഭരിച്ച് നശിപ്പിക്കുന്നതിന് നടപടി

6 [4327] ശ്രീ. ബി. ബാബു പ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വീടുകളിലുണ്ടാകുന്ന മാലിന്യങ്ങൾ സംഭരിച്ച് നശിപ്പിക്കണമെന്ന് പഞ്ചായത്ത്രാജ് ആക്ടിലും മുനിസിപ്പാലിറ്റീസ് ആക്ടിലും വ്യവസ്ഥയുണ്ടോ ; ഇല്ലാത്ത പക്ഷം അതിനുള്ള വ്യവസ്ഥയുണ്ടാക്കുമോ ;

(ബി) എത്ര ഗ്രാമപഞ്ചായത്തുകളും നഗരസഭകളും ആയതിനുള്ള ഏർപ്പാടുണ്ടാക്കിയെന്ന് വ്യക്തമാക്കാമോ ;

(സി) എത്ര നഗരസഭകൾക്കും ഗ്രാമപഞ്ചായത്തുകൾക്കും അതിനുള്ള സൗകര്യമുണ്ടാക്കുവാൻ ധനസഹായം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) & (സി) കുടുംബശ്രീ പ്രവർത്തകരുമായി സഹകരിച്ച് പല ഗ്രാമപഞ്ചാത്തുകളും മുനിസിപ്പാലിറ്റികളും നഗരസഭകളും ഇതിനുള്ള ഏർപ്പാട് ചെയ്തു വരുന്നുണ്ട്. ഇതുവരെ 46 മുനിസിപ്പാലിറ്റികൾ ഖരമാലിന്യ സംസ്കരണ പദ്ധതികൾ സമർപ്പിക്കുകയുണ്ടായി. ഇതിൽ 37 മുനിസിപ്പാലിറ്റികളുടെ പദ്ധതികൾ അംഗീകരിക്കുകയും 33 മുനിസിപ്പാലിറ്റികൾക്കായി 1011.36 ലക്ഷം രൂപ സാമ്പത്തിക സഹായമായി നൽകുകയുമുണ്ടായി. അതുപോലെ 43 ഗ്രാമപഞ്ചായത്തുകൾ പദ്ധതി സമർപ്പിക്കുകയും ഇതിൽ 19 പഞ്ചായത്തുകൾക്ക് അനുമതി നൽകുകയും 12 ഗ്രാമപഞ്ചായത്തുകൾക്കായി 93.12 ലക്ഷം രൂപ സാമ്പത്തിക സഹായമായി നൽകുകയും ചെയ്തിട്ടുണ്ട്.

## തിരുവനന്തപുരം നഗരത്തിലെ റോഡുകളിൽനിന്നും മാലിന്യങ്ങൾ നീക്കംചെയ്യാൻ നടപടി

7 [4328] ശ്രീ. വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നഗരത്തിൽ ഡ്രെയിനേജ് പൊട്ടി മലിന വസ്തുക്കളും മലിനജലവും റോഡിലും റോഡ് വക്കത്തും തളംകെട്ടിക്കിടക്കുന്നത് കൊതുക് വർദ്ധിക്കാൻ ഇടയാക്കിയിട്ടുണ്ടോ ;

(ബി) ഈ മാലിന്യങ്ങൾ നീക്കം ചെയ്ത് റോഡ് വൃത്തിയാക്കേണ്ട ഉത്തരവാദിത്വം ആരുടേതാണെന്ന് വിശദമാക്കുമോ ;

(സി) എത്രകാലമായി ഈ സ്ഥലങ്ങളിൽ ഡ്രെയിനേജ് പൊട്ടി മാലിന്യം വമിക്കുന്നു. ഇത്തരം മാലിന്യങ്ങൾ ഉടനടി നീക്കാത്തതിന്റെ ഭവിഷ്യത്ത് എന്തെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) തദ്ദേശഭരണ സ്ഥാപനങ്ങൾ, പൊതുമരാമത്ത് വകുപ്പ്, കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ വരുന്ന ഡ്രെയിനേജ് വിഭാഗം എന്നീ വകുപ്പുകൾക്ക് ഇക്കാര്യത്തിൽ കൂട്ടുത്തരവാദിത്വമുണ്ട്.

(സി) ഇക്കാര്യം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പിന് വ്യക്തമായ പരാതികളൊന്നും ലഭിച്ചിട്ടില്ല. ഇത്തരം മാലിന്യങ്ങൾ ഉടനടി നീക്കം ചെയ്യാത്തപക്ഷം കൊതുകുകൾ വർദ്ധിക്കുന്നതിനും അവ പരത്തുന്ന രോഗങ്ങൾ വ്യാപകമായി പടർന്ന് പിടിക്കുന്നതിനും ഇടയാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

## ചിക്കുൻഗുനിയ, ഡെങ്കിപ്പനി എന്നിവ തടയുന്നതിന് നടപടി

8 [4329] ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
,, പി. കെ. അബ്ദുറബ്ബ് :
,, കെ. മുഹമ്മദുണ്ണി ഹാജി :
,, യു. സി. രാമൻ :
,, എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചിക്കുൻഗുനിയ, ഡെങ്കിപ്പനി എന്നീ രോഗങ്ങൾ പടർന്ന് പിടിക്കാൻ കാരണം സംസ്ഥാന ഗവൺമെന്റുകൾ പരിസര ശുചീകരണം കൊതുക് നിർമ്മാർജ്ജനം എന്നിവ നടപ്പിലാക്കാത്തതുകൊണ്ടാണെന്ന കേന്ദ്ര മന്ത്രിയുടെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സംസ്ഥാന ഗവൺമെന്റ് രോഗബാധ തടയാൻ ആവശ്യമായ എന്തെല്ലാം പ്രവൃത്തികൾ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) അതിന്റെ അപര്യാപ്തത കൊണ്ടാണോ ഇപ്പോൾ ഈ രോഗങ്ങൾ പടർന്ന് പിടിക്കാൻ ഇടയായത് എന്ന് പരിശോധിച്ചിട്ടുണ്ടോ ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി & സി) രോഗബാധ തടയാനായി സ്പ്രേയിംഗ്, ഫോഗിംഗ് എന്നിവ മുഖേന രോഗം പരത്തുന്ന കൊതുകുകളെ നശിപ്പിക്കുന്നു. വിവിധ സാമൂഹ്യ സന്നദ്ധ സംഘടനകളുടെയും ബഹുജനങ്ങളുടെയും സജീവ സാന്നിദ്ധ്യം ഉറപ്പാക്കിക്കൊണ്ട് പി. എച്ച്. സെന്ററുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടി ബോധവൽക്കരണം, മെഡിക്കൽ ക്യാമ്പ്, രോഗപ്രതിരോധ പ്രവർത്തനങ്ങൾ, കൊതുകു നിവാരണം, ശുചീകരണ പ്രവർത്തനങ്ങൾ എന്നിവ നടത്തിവരുന്നുണ്ട്.

## ചിക്കുൻഗുനിയ പ്രതിരോധിക്കാൻ അനുവദിച്ച തുക

9 [4330] ശ്രീ. എ. എ. അസീസ് :
,, കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ചിക്കുൻഗുനിയ രോഗത്തെ പ്രതിരോധിക്കാൻ എത്ര തുകവീതം പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷനുകൾക്ക് ചെലവഴിക്കാൻ അനുവാദം നൽകിയിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

3-10-2006-ലെ സ.ഉ. (സാധാ.) നമ്പർ 2402/2006/തസ്വഭവ. ഉത്തരവ് പ്രകാരം ആലപ്പുഴ ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കൊതുകു നിവാരണം, പരിസര ശുചീകരണം, വൈദ്യസഹായം എന്നിവയ്ക്ക് ഇരുപത്തി അയ്യായിരം രൂപയും, തീരപ്രദേശത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രതിരോധ നടപടികൾക്ക് ഇരുപത്തിയയ്യായിരം രൂപ വീതവും മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പതിനായിരം രൂപ വീതവും തനത് ഫണ്ടിൽ നിന്നോ വികസന ഫണ്ടിൽനിന്നോ ചെലവഴിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കൂടാതെ 9-10-2006-ലെ സ.ഉ. (സാധാ.) നം. 2487/2006/തസ്വഭവ. ഉത്തരവ് പ്രകാരം സമഗ്രമായ ശുചീകരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് ഓരോ വാർഡിനും ആയിരം രൂപ വീതം ചെലവഴിക്കുന്നതിന് എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും അനുമതി നൽകിയിട്ടുണ്ട്.

## കൊതുക് നശീകരണ പദ്ധതി

10 [4331] ശ്രീ. പി. കെ. അബ്ദുറബ്ബ് :

„ കെ. മുഹമ്മദുണ്ണി ഹാജി :

„ അബ്ദുറഹിമാൻ രണ്ടത്താണി :

„ കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചിക്കുൻഗുനിയ പരത്തുന്നതിന് കാരണമായ കൊതുകുകളെ നശിപ്പിക്കുന്നതിനും പരിസര ശുചീകരണം നടത്തുവാനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഗവൺമെന്റിൽനിന്നും എന്തെങ്കിലും ധനസഹായം നൽകുന്നുണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ & ബി) ചിക്കുൻഗുനിയ ബാധിച്ച ആലപ്പുഴ ജില്ലയിലെ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കൊതുക് നിവാരണം, പരിസര ശുചീകരണം, വൈദ്യസഹായം എന്നിവ നടപ്പാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തനതുഫണ്ടിൽനിന്നോ വികസന ഫണ്ടിൽനിന്നോ 25,000 രൂപയും മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 10,000 രൂപയും തനതു ഫണ്ടിൽനിന്നോ വികസന ഫണ്ടിൽനിന്നോ ചെലവഴിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## കൊതുക് നിവാരണ പ്രവർത്തനങ്ങൾ

11 [4332] ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻകാലങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ കൊതുകുനിവാരണത്തിനായി ഓടകളിലും വീട്ടുവളപ്പുകളിലും കൊതുകുനാശിനി തളിക്കാറുണ്ടായിരുന്നോ ;

(ബി) ചിക്കുൻഗുനിയപോലെ കൊതുകുകൾ പരത്തുന്ന മാരകരോഗങ്ങൾ വ്യാപകമായിരിക്കുന്ന ഇക്കാലത്ത് കൊതുക് നിവാരണ പ്രവർത്തനങ്ങൾ തുടരാത്തതിന് കാരണമെന്താണ് ;

(സി) തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർ കൊതുക് നിവാരണ പ്രവർത്തനങ്ങളിൽ വിമുഖത കാട്ടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) സന്നദ്ധ സംഘടനകളുമായി സഹകരിച്ച് തൊഴിൽ രഹിതരായ ചെറുപ്പക്കാർക്ക് പ്രതിഫലം നൽകി കൊതുക് നിവാരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാൻ നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) ഇപ്പോഴും തളിക്കുന്നുണ്ട്.

(ബി) കൊതുക് നിവാരണ പ്രവർത്തനങ്ങൾ നിറുത്തി വച്ചിട്ടില്ല. കൂടുതൽ ശക്തിപ്പെടുത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഇല്ല.

(ഡി) പൊതുജനങ്ങളിൽ നിന്നും നിശ്ചിത തുക സ്വീകരിച്ച് കുടുംബശ്രീ യൂണിറ്റുകൾ തദ്ദേശഭരണ സ്ഥാപനങ്ങളിലെ പദ്ധതി വിഹിതത്തിലെ തുക വിനിയോഗിച്ച് കൊതുകുനിവാരണത്തിനുള്ള മരുന്നുകൾ വാങ്ങി വിവിധ തദ്ദേശസ്വയംഭരണ പ്രദേശങ്ങളിൽ കൊതുകുനിവാരണ പ്രവർത്തനം നടത്തി വരുന്നുണ്ട്. പ്രത്യേക പ്രതിഫലം നൽകി തൊഴിൽ രഹിതരായ ചെറുപ്പക്കാരെ കൊതുകുനിവാരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് തൽക്കാലം ഉദ്ദേശിക്കുന്നില്ല.

## പഞ്ചായത്തുകളിലെ അക്കൗണ്ടിംഗ് സമ്പ്രദായം ലഘൂകരിക്കാൻ നടപടി

12 [4333] ശ്രീ. സി. എഫ്. തോമസ് :

പ്രൊഫ. എൻ. ജയരാജ് :

ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബിൽ സമ്പ്രദായവും ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായവും നിലവിൽ വന്നപ്പോൾ ധാരാളം രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടി വന്നതുമൂലം പല പഞ്ചായത്തുകളിലും ബുദ്ധിമുട്ട് ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിനായി ജീവനക്കാർക്ക് നൽകിയ ട്രെയിനിംഗ് പ്രോഗ്രാം പര്യാപ്തമായിരുന്നോ ;

(സി) ഈ സമ്പ്രദായം ലഘൂകരിക്കാൻ ഉദ്ദേശമുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആയിരുന്നു.

(സി) മൂന്നാം ധനകാര്യ കമ്മീഷന്റെ ശുപാർശ അനുസരിച്ച് ബിൽ സമ്പ്രദായം പരിഷ്ക്കരിച്ച് ലഘൂകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ പുതിയ സമ്പ്രദായത്തിൽ എല്ലാവിഭാഗം ജീവനക്കാർക്കും ശരിയായ പരിശീലനം നൽകി വരുന്നു.

പഞ്ചായത്തുകളിൽ കമ്പ്യൂട്ടറൈസേഷൻ

13 [4334] ശ്രീ. പി. കെ. അബ്ദുറബ്ബ് :
,, അബ്ദുറഹിമാൻ രണ്ടത്താണി :
,, കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പഞ്ചായത്തുകളിൽ കമ്പ്യൂട്ടറൈസേഷൻ നടത്തുന്ന പരിപാടി പൂർത്തിയായോ ;

(ബി) ഇല്ലെങ്കിൽ ഇനിയും എവിടെയെല്ലാമാണ് കമ്പ്യൂട്ടറൈസേഷൻ നടത്താൻ ബാക്കിയുള്ളത് ;

(സി) എന്നത്തേക്ക് ഇതിന്റെ പണി പൂർത്തിയാകും ;

(സി) ഇതിനായി എന്ത് തുകകൂടി വേണ്ടി വരുമെന്ന് പഞ്ചായത്ത് തിരിച്ച് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) തിരുവനന്തപുരം ജില്ലയിലെ വെള്ളനാട് ഗ്രാമപഞ്ചായത്തും തൃശ്ശൂർ ജില്ലയിലെ തളിക്കുളം ഗ്രാമപഞ്ചായത്തും സമ്പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിച്ചു. കൂടാതെ സംസ്ഥാനത്തെ 5 കോർപ്പറേഷനുകളിലും 53 മുനിസിപ്പാലിറ്റികളിലും കമ്പ്യൂട്ടർ ലഭ്യമാക്കിയിട്ടുള്ള 262 ഗ്രാമ പഞ്ചായത്തുകളിലും 147 ബ്ലോക്ക് പഞ്ചായത്തുകളിലും 10 ജില്ലാ പഞ്ചായത്തുകളിലും ഒന്നാംഘട്ട കമ്പ്യൂട്ടർവൽക്കരണം പൂർത്തിയായി. ഇവിടങ്ങളിൽ രണ്ടാംഘട്ട പ്രവർത്തനം പുരോഗമിക്കുന്നു. ശേഷിക്കുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ കമ്പ്യൂട്ടർവൽക്കരണം നടത്തേണ്ടതായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇപ്പോഴത്തെ തീരുമാന പ്രകാരം 31-3-2007-ന് പൂർത്തിയാകും.

(ഡി) കമ്പ്യൂട്ടർവൽക്കരണത്തിനാവശ്യമായ ഉപകരണങ്ങൾ, സോഫ്റ്റ് വെയറുകൾ വിന്യസിക്കൽ, കസ്റ്റമൈസ് ചെയ്യൽ, സാങ്കേതിക സഹായം നൽകൽ, ജീവനക്കാരുടേയും മറ്റും പരിശീലനം, മുൻകാല വിവരങ്ങൾ പ്രീ പ്രോസസ്സ് ചെയ്ത് കമ്പ്യൂട്ടറിൽ രേഖപ്പെടുത്തൽ, മാസ്റ്ററുകൾ തയ്യാറാക്കൽ എന്നിവയടക്കമുള്ള പ്രവർത്തനങ്ങൾക്കായി താഴെ പറയും പ്രകാരം ചെലവ് പ്രതീക്ഷിക്കുന്നു.

സ്പെഷ്യൽ ഗ്രേഡ് ഗ്രാമ പഞ്ചായത്തുകൾക്കും ജില്ലാ പഞ്ചായത്തുകൾക്കും ഏകദേശം 12 ലക്ഷം രൂപ വീതവും 2,3 ഗ്രേഡ് ഗ്രാമ പഞ്ചായത്തുകൾക്കും ബ്ലോക്ക് പഞ്ചായത്തുകൾക്കും ഏകദേശം 8 ലക്ഷം രൂപാ വീതവും വേണ്ടിവരും.

## ബി.പി.എൽ. വിഭാഗക്കാരുടെ വീട് വൈദ്യുതീകരിക്കുന്നതിന് പദ്ധതി

14 [4335] ശ്രീ. സി. എം. ദിനേശ് മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദാരിദ്ര്യരേഖയ്ക്ക് താഴെ ജീവിക്കുന്നവരുടെ വീട് വൈദ്യുതീകരിക്കുന്നതിന് 1000 രൂപ നൽകുന്ന പദ്ധതി നിലവിലുണ്ടായിരുന്നോ ;

(ബി) കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ നിർത്തിവച്ച ഈ പദ്ധതി വീണ്ടും തുടങ്ങാൻ തയ്യാറാകുമോ ; എങ്കിൽ ഈ പദ്ധതിക്കുള്ള തുക വർദ്ധിപ്പിക്കുമോ ?

### ഉത്തരം

(എ) & (ബി) ദാരിദ്ര്യരേഖയ്ക്ക് താഴെ ജീവിക്കുന്നവരുടെ വീട് വൈദ്യുതീകരിക്കുന്നതിന് 1000 രൂപ നൽകുന്ന പദ്ധതി ഇപ്പോഴും നിലവിലുണ്ട്, ഇത് നിർത്തിവച്ചിട്ടില്ല. ഈ പദ്ധതിക്കുള്ള തുക വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## റിസോഴ്സ് പേഴ്സന്മാർക്ക് നൽകിയിട്ടുള്ള പ്രതിഫലം

15 [4336] ശ്രീ. ബി. ബാബു പ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനകീയാസൂത്രണത്തിന്റെ ഏറ്റവും മുകളിലെ തട്ട് മുതൽ ത്രിതല പഞ്ചായത്ത് തലം വരെയുള്ള റിസോർഴ്സ് പേഴ്സന്മാരായി നിശ്ചയിക്കപ്പെട്ടവർക്ക് മാത്രം പ്രതിഫലം ഇനത്തിൽ എത്ര രൂപ ചെലവായി എന്നതിനെപ്പറ്റി കണക്ക് ലഭ്യമാണോ ;

(ബി) എങ്കിൽ അത് സംബന്ധിച്ച വിശദാംശം നൽകുമോ ?

### ഉത്തരം

(എ) & (ബി) റിസോഴ്സ് പേഴ്സൻമാരായി നിശ്ചയിക്കപ്പെട്ടവർക്ക് പ്രതിഫലമിനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

## ജൈവ-വൈവിധ്യ രജിസ്റ്റർ

16 [4337] ശ്രീ. സി. എഫ്. തോമസ് :

പ്രൊഫ. എൻ. ജയരാജ് :

ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ജൈവവൈവിധ്യ രജിസ്റ്റർ, പഞ്ചായത്തുകളിൽ സൂക്ഷിക്കണമെന്ന നിർദ്ദേശം നടപ്പിലാക്കിയിട്ടുണ്ടോ ?

### ഉത്തരം

ജൈവവൈവിധ്യ രജിസ്റ്ററുകൾ തയ്യാറാക്കുന്നതിന് പഞ്ചായത്ത് പ്രസിഡന്റുമാർക്ക് കിലയിൽ പരിശീലനം നടന്നു വരികയാണ്.

## തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പബ്ലിക് വർക്ക്സ് മാന്വൽ

17 [4338] ശ്രീ. വി. ജെ. തങ്കപ്പൻ :

" എം. പ്രകാശൻ മാസ്റ്റർ :

" എം. ജെ. ജേക്കബ് :

ശ്രീമതി അയിഷാ പോറ്റി :

ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭരണ നവീകരണ പദ്ധതിയുടെ ഭാഗമായി തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കുവേണ്ടി പബ്ലിക് വർക്ക്സ് മാന്വൽ തയ്യാറാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) പൊതുമരാമത്ത് വകുപ്പിന്റെ മാന്വലിൽ നിന്നും വ്യത്യസ്തമായി ഈ മാന്വലിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ എന്തെല്ലാമാണ് ;

(സി) സോഷ്യൽ ആഡിറ്റിംഗിന്, മാന്വൽ എത്രത്തോളം പ്രയോജനപ്പെടുമെന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) ഉണ്ട്.

(ബി) ഗുണഭോക്തൃ സമിതികൾക്ക് കാര്യക്ഷമമായി പ്രവർത്തിക്കാൻ ഉതകുന്ന തരത്തിലും പൊതുമരാമത്ത് പണികളിൽ ജനപങ്കാളിത്തം ഉറപ്പാക്കാൻ പറ്റുന്ന തരത്തിലുമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട്. അന്തിമരൂപം ആയിട്ടില്ല.

(സി) സാമൂഹ്യ വിലയിരുത്തലിന് അവസരം നൽകുന്ന രീതിയിലാണ് മാന്വൽ വിഭാവനം ചെയ്യാൻ ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

## തീരദേശ പഞ്ചായത്തുകളായി തെരഞ്ഞെടുക്കാനുള്ള മാനദണ്ഡങ്ങൾ

18 [4339] ശ്രീ. പി. ടി. എ. റഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീരദേശ പഞ്ചായത്തുകളായി തെരഞ്ഞെടുക്കപ്പെടാനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ;

(ബി) പെരുവയൽ, രാമനാട്ടുകര, ഒളവണ്ണ എന്നീ പഞ്ചായത്തുകൾ തീരദേശ പഞ്ചായത്തുകളാണോ ; എങ്കിൽ ഏത് മാനദണ്ഡത്തിലാണ് ഇവ തീരദേശ പഞ്ചായത്തുകളായത് ?

### ഉത്തരം

(എ) കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരം തീരദേശ പഞ്ചായത്തുകൾ എന്ന തരത്തിൽ പഞ്ചായത്തുകളെ തരംതിരിച്ചിട്ടില്ല.

(ബി) ബാധകമല്ല.

## തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ അഴിമതി തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ

19 [4340] ശ്രീ. ബി. രാഘവൻ :

,, എം. കെ. പുരുഷോത്തമൻ :

,, കെ. കുഞ്ഞിരാമൻ :

,, പി. കൃഷ്ണപ്രസാദ് :

,, പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ അഴിമതി തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ;

(ബി) വിവിധ പദ്ധതികൾ നടപ്പാക്കുന്ന കാര്യത്തിൽ സുതാര്യത ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ ;

(സി) തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ വിവിധ പദ്ധതി പ്രകാരമുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന കാര്യത്തിൽ സ്വജനപക്ഷപാതവും അഴിമതിയും ഉണ്ടാകാതെ നോക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ;

(ഡി) കൈക്കൂലിയുമായി ബന്ധപ്പെട്ട് തദ്ദേശ സ്ഥാപനങ്ങളിലെ ഏതെല്ലാം തലത്തിലുള്ള എത്ര ഉദ്യോഗസ്ഥർ വിജിലൻസ് അന്വേഷണം നേരിടുന്നുവെന്ന് അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(i) ജീവനക്കാരുടെ പേരിലെ അഴിമതി അന്വേഷിക്കുന്നതിന് വകുപ്പുതല വിജിലൻസ് ഓഫീസറെ നിയമിച്ചിട്ടുണ്ട്.

(ii) പെർഫോർമൻസ് ആഡിറ്റ്, ലോക്കൽ ഫണ്ട് ഓഡിറ്റ്, അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് എന്നീ ഓഡിറ്റിംഗ് സംവിധാനം ശക്തിപ്പെടുത്തി പരിശോധന കുറ്റമറ്റതാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(iii) തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ദുർഭരണത്തേയും അഴിമതിയെപ്പറ്റിയും ജനങ്ങൾക്കുണ്ടാകുന്ന പരാതി അന്വേഷിക്കുവാൻ വേണ്ടി ഓംബുഡ്സ്മാൻ സംവിധാനവും ട്രിബ്യൂണലും നിലവിലുണ്ട്.

(iv) നടപടിക്രമങ്ങൾ സുതാര്യമാക്കുന്നതിന് വേണ്ടിയും അറിയാനുള്ള അവകാശം ഉറപ്പാക്കാൻ വേണ്ടിയും പൗരാവകാശരേഖ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) സ്വീകരിച്ചിട്ടുണ്ട്.

(സി) ക്ഷേമപദ്ധതികൾക്കുള്ള പ്രോജക്ട് തയ്യാറാക്കുമ്പോൾ തെരഞ്ഞെടുക്കപ്പെടേണ്ട ഗുണഭോക്താക്കളുടെ അർഹതാ മാനദണ്ഡം പ്രോജക്ടിൽ തന്നെ നിഷ്ക്കർഷിച്ചിട്ടുണ്ട്. ഇതനുസരിച്ച് ഗ്രാമസഭ തെരഞ്ഞെടുക്കുന്ന ഗുണഭോക്താക്കളുടെ ലിസ്റ്റ് പഞ്ചായത്താഫീസിൽ പൊതുജനങ്ങളുടെ അറിവിനായി പ്രസിദ്ധപ്പെടുത്തുന്നുണ്ട്. ഇതുമുഖേന അനർഹരായ ഗുണഭോക്താക്കളെ ഒഴിവാക്കാൻ സാധിക്കുന്നു.

(ഡി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

## തെരുവു നായ്ക്കളെ പിടിക്കുന്നതിന് നടപടി

20 [4341] ശ്രീ. എ. പി. അനിൽകുമാർ :

,, എം. എ. വാഹിദ് :

,, കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തെരുവു നായ്ക്കളെ പിടിക്കുകയും കൊല്ലുകയും ചെയ്യുന്നത് സംബന്ധിച്ച് സംസ്ഥാന ഹൈക്കോടതിയുടെ ഉത്തരവ് എന്താണ് ;

(ബി) ഇവയെ പിടിക്കുകയും കൊല്ലുകയും ചെയ്യേണ്ടതാരാണ് ;

(സി) ഈ അധികാരസ്ഥർ അവറ്റയെ പിടിക്കുകയും കൊല്ലുകയും ചെയ്യാത്തത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) സംസ്ഥാനത്താകമാനം തെരുവു നായ്ക്കളുടെ ശല്യം വർദ്ധിച്ചുവരുന്നതിനാൽ ഇവയെ അടിയന്തിരമായി പിടിക്കാനും കൊല്ലാനുമുള്ള നിർദ്ദേശം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേന്ദ്ര ഗവൺമെന്റ് നിർദ്ദേശപ്രകാരം തെരുവുനായ്ക്കളെ കൊല്ലുന്നതിനു പകരം വന്ധ്യംകരണം നടത്തി പിടിച്ച സ്ഥലത്തുതന്നെ വിടണം എന്ന് നിർദ്ദേശിച്ചിരുന്നു. ഇതനുസരിച്ച് നഗരകാര്യ ഡയറക്ടർ സർക്കുലർ പുറപ്പെടുവിച്ചു. തെരുവ് നായ്ക്കളുടെ ശല്യം സംസ്ഥാനത്ത് കൂടി വന്നു. ഈ സാഹചര്യത്തിൽ ഓംബുഡ്സ്മാൻ നഗരകാര്യ ഡയറക്ടറുടെ സർക്കുലർ റദ്ദാക്കി. ഓംബുഡ്സ്മാന്റെ തീരുമാനം ഹൈക്കോടതി ശരിവച്ചു.

(ബി) തെരുവുനായ്ക്കളുടെ നിയന്ത്രണത്തിന്റെ ചുമതല തദ്ദേശഭരണ സ്ഥാപനങ്ങളിലാണ് നിക്ഷിപ്തമായിട്ടുള്ളത്.

(സി) 2001-ൽ നിലവിൽ വന്ന ആനിമൽ ബർത്ത് കൺട്രോൾ ചട്ടങ്ങൾ അനുസരിച്ച് നായ്ക്കളെ കൊല്ലുന്നതിനുപകരം വന്ധ്യംകരണം നടത്തി പിടിച്ചസ്ഥലത്ത് തിരിച്ചു വിടാനാണ് നിഷ്കർഷിച്ചിട്ടുള്ളത്. ഈ നിർദ്ദേശം തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നൽകിയിരുന്നെങ്കിലും പ്രായോഗിക ബുദ്ധിമുട്ടുകാരണം പ്രസ്തുത നിർദ്ദേശം നടപ്പിലാക്കാൻ കഴിഞ്ഞില്ല. പേവിഷബാധയ്ക്ക് പ്രതിരോധകുത്തിവയ്പ് നൽകി പിടിച്ചസ്ഥലത്തു തിരിച്ചുവിടുക എന്ന കേന്ദ്രനിർദ്ദേശപ്രകാരമാണ് തെരുവു നായ്ക്കളെ നശിപ്പിക്കുന്നത് നിർത്തലാക്കിയത്.

(ഡി) ബഹു: ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ തെരുവ് നായ്ക്കളുടെ ശല്യം ഒഴിവാക്കുന്നതിനുള്ള നടപടി എടുക്കാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിട്ടുണ്ട്.

## പേപ്പട്ടികളെ കൊല്ലുന്നതിന് നിയമഭേദഗതി

21 [4342] ശ്രീ. പി. കെ. അബ്ദുറബ്ബ് :

,, അബ്ദുറഹിമാൻ രണ്ടത്താണി :

,, കെ. കുട്ടി അഹമ്മദ് കുട്ടി :

,, എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പേവിഷ മരണങ്ങൾക്ക് കാരണമായ പേപ്പട്ടികളെയും അലഞ്ഞു തിരിയുന്ന നായ്ക്കളെയും കൊല്ലുന്നതിനായി നിയമഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) പ്രസ്തുത നിയമം ഭേദഗതി ചെയ്യുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) പേ ബാധിച്ച നായ്ക്കളെയും മറ്റെല്ലാ തെരുവു നായ്ക്കളെയും പിടിച്ച് നശിപ്പിക്കുന്നതിന് പഞ്ചായത്ത് രാജ്/മുനിസിപ്പാലിറ്റി ആക്ട് പ്രകാരം തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് അധികാരമുണ്ടായിരുന്നു. എന്നാൽ 1960-ലെ ജന്തു ദ്രോഹനിയമത്തിന്റെ കീഴിൽ

2001-ലെ ആനിമൽ ബർത്ത് കൺട്രോൾ (ഡോഗ്സ്) റൂൾസ് പ്രകാരം തെരുവു നായ്ക്കളെ പിടിച്ചു നശിപ്പിക്കുന്നതിന് പകരം വന്ധ്യംകരണ ശസ്ത്രക്രിയ ചെയ്തു പേവിഷബാധ പ്രതിരോധ കുത്തിവയ്പു നൽകി പിടിച്ച സ്ഥലത്ത് തിരിച്ചുവിടുക എന്ന കേന്ദ്ര നിർദ്ദേശപ്രകാരമാണ് തെരുവുനായ്ക്കളെ നശിപ്പിക്കുന്നത് നിർത്തലാക്കിയത്. ഈ കേന്ദ്ര നിയമം ഭേദഗതി ചെയ്യേണ്ടത് കേന്ദ്ര ഗവൺമെന്റാണ്.

(ബി) കേരള ഹൈക്കോടതിയുടെ 22-8-2006-ലെ 19547/06 നമ്പർ റിട്ട് പെറ്റീഷനിലെ വിധിന്യായ പ്രകാരം തെരുവുനായ്ക്കളെ നിയന്ത്രിക്കുന്നതിനുള്ള നടപടി എടുക്കാൻ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിനാൽ പേപ്പട്ടികളെയും മറ്റ് അലഞ്ഞുതിരിയുന്നനായ്ക്കളെയും നിയന്ത്രിക്കുന്നതിനുള്ള നടപടി എടുക്കുന്നതിന് ഇപ്പോൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് തടസ്സങ്ങൾ ഒന്നും നിലവിലില്ല.

## ജില്ലാ പഞ്ചായത്തുകൾക്കും ബ്ലോക്ക് പഞ്ചായത്തുകൾക്കും സ്വന്തമായുള്ള വരുമാന മാർഗ്ഗങ്ങൾ

22 [4343] ശ്രീ. കെ. ശിവദാസൻ നായർ:

,, വർക്കല കഹാർ:

,, എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ജില്ലാ പഞ്ചായത്തുകൾക്കും ബ്ലോക്ക് പഞ്ചായത്തുകൾക്കും സ്വന്തമായ വരുമാനത്തിന് എന്തെല്ലാം മാർഗ്ഗങ്ങളുണ്ട് ?

### ഉത്തരം

മരാമത്ത് പണികൾ ടെന്റർ ചെയ്യുമ്പോൾ ടെന്റർ ഫോറം വിൽക്കുന്ന തുക, ജില്ലാ ബ്ലോക്ക് പഞ്ചായത്ത് ആസ്ഥാനങ്ങളിലെ ഫലവൃക്ഷങ്ങളിൽ നിന്നുമുള്ള വരുമാനം, കൈമാറ്റം ചെയ്യപ്പെട്ട കൃഷി ഫാമുകളിൽ നിന്നുള്ള ആദായം കൈമാറ്റം ചെയ്യപ്പെട്ട മറ്റ് സ്ഥാപനങ്ങളുടെ കോമ്പൗണ്ടിലെ ഫലവൃക്ഷങ്ങളിൽ നിന്നുമുള്ള വരുമാനം വികേന്ദ്രീകൃതാസൂത്രണത്തിലും മറ്റ് മാർഗ്ഗങ്ങൾ മുഖേനയും സൂക്ഷിക്കപ്പെട്ടിട്ടുള്ള ആസ്തികളിൽ നിന്നുള്ള വാടക എന്നിവയാണ് ജില്ലാ ബ്ലോക്ക് പഞ്ചായത്തുകളുടെ സ്വന്തമായ വരുമാനമാർഗ്ഗങ്ങൾ.

## പഞ്ചായത്തുകളുടെ പുനർവിഭജനം

23 [4344] ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിസ്തൃതിയുടെയും ജനസംഖ്യയുടെയും അടിസ്ഥാനത്തിൽ പഞ്ചായത്തുകൾ പുനർ വിഭജിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് എന്തെങ്കിലും പഠനം ഗവൺമെന്റ് നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) പഞ്ചായത്തുകൾ വിഭജിക്കുന്നത് സംബന്ധിച്ച് സർക്കാർ പ്രത്യേക പഠനം നടത്തിയിട്ടില്ല.

## നിലവിലില്ലാത്ത കെട്ടിടങ്ങളുടെ പേരിലുള്ള റവന്യൂ റിക്കവറി നടപടികൾ തടയുന്നതിന് നടപടി

24 [4345] ശ്രീ. എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1993-നു ശേഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കെട്ടിടങ്ങൾക്ക് വാർഡ് വിഭജനത്തിന്റെ അടിസ്ഥാനത്തിൽ പുതിയ നമ്പർ നൽകി ഡിമാന്റുകൾ പുനർനിശ്ചയിക്കാത്തതിനാൽ നിലവിലില്ലാത്ത കെട്ടിടങ്ങളുടെ പേരിലും നികുതി ഏർപ്പെടുത്തി ഡിമാന്റ് നോട്ടീസുകൾ നൽകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇങ്ങനെ നിലവിലില്ലാത്ത കെട്ടിടങ്ങളുടെ പേരിൽ റവന്യൂ റിക്കവറി നടപടികൾ എടുക്കുന്നത് തടയുവാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

## പഞ്ചായത്ത് ജീവനക്കാരുടെ സ്ഥലംമാറ്റത്തിലെ അപാകതകൾ

25 [4346] ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്ത് ജീവനക്കാരുടെ സ്ഥലംമാറ്റത്തിലെ അപാകതകൾ ചൂണ്ടിക്കാണിച്ച് പഞ്ചായത്ത് എംപ്ലോയീസ് ഓർഗനൈസേഷനും മറ്റ് സംഘടനകളും വ്യക്തികളും നൽകിയ പരാതികൾ പരിശോധിച്ചിട്ടുണ്ടോ ;

(ബി) ജീവനക്കാരുടെ സംഘടനാ ഭാരവാഹികളെ അന്യായമായും മുൻകാല നടപടികൾക്ക് വിരുദ്ധമായും സ്ഥലം മാറ്റിയ നടപടി പുനഃപരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പരിശോധിച്ചിട്ടുണ്ട്.

(ബി) നിലവിലുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായും ഭരണപരമായ ആവശ്യങ്ങൾ മുൻനിർത്തിയുമാണ് സ്ഥലംമാറ്റങ്ങൾ നടത്തിയിട്ടുള്ളത്. അസൗകര്യങ്ങൾ ചൂണ്ടിക്കാണിച്ച ചിലർക്ക് സൗകര്യപ്രദമായി സ്ഥലംമാറ്റം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പഞ്ചായത്ത് ഡിപ്പാർട്ട്മെന്റിലെ ഒഴിവുകൾ നികത്താൻ നടപടി

26 [4347] ശ്രീ. തോമസ് ഉണ്ണിയാടൻ:

പ്രൊഫ. എൻ. ജയരാജ്:

ശ്രീ. സി. എഫ്. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്ത് ഡിപ്പാർട്ട്മെന്റിൽ ഡി. പി. സി. കൂടുന്നതിനുള്ള കാലതാമസം ഒഴിവാക്കുമോ ;

(ബി) സീനിയർ സൂപ്രണ്ടുമാരുടെ ഒഴിവുകൾ നികത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പഞ്ചായത്തുവകുപ്പിൽ 2005 കലണ്ടർ വർഷം വരെ ഡിപ്പാർട്ട്മെന്റൽ പ്രമോഷൻ കമ്മിറ്റി (ലോവർ) കൂടി സെലക്ട് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. ഇതേ തുടർന്ന് 8-8-2006-ൽ 2005 വർഷത്തെ അഡ്ഹോക്ക് ഡി. പി. സി. (ലോവർ) ചേരുകയുണ്ടായി. 2006 കലണ്ടർ വർഷത്തെ ഡി. പി. സി. (ലോവർ) കാലതാമസം കൂടാതെ ചേരുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പഞ്ചായത്ത് ഡയറക്ടറുടെ 12-10-2006 തീയതിയിലെ ഇ11.2/2004 ഉത്തരവ് പ്രകാരം 28 പേർക്ക് സീനിയർ സൂപ്രണ്ടുമാരായി ഉദ്യോഗക്കയറ്റം നൽകുകയും നിലവിലുണ്ടായിരുന്ന മുഴുവൻ ഒഴിവുകളും നികത്തുകയും ചെയ്തിട്ടുണ്ട്.

പഞ്ചായത്ത് സെക്രട്ടറിമാരുടെ നിയമനം

27 [4348] ശ്രീ. യു. സി. രാമൻ:

„ വി. കെ. ഇബ്രാഹിം കുഞ്ഞ്:

„ കെ. മുഹമ്മദുണ്ണി ഹാജി:

„ സി. ടി. അഹമ്മദ് അലി:

„ എം. ഉമ്മർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര പഞ്ചായത്തുകളിൽ സെക്രട്ടറി തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട് ;

(ബി) സെക്രട്ടറിമാരുടെ നിയമനം നടക്കാത്തതുകൊണ്ട് പഞ്ചായത്തുകളിൽ ദൈനംദിന പ്രവർത്തനങ്ങൾക്ക് തടസ്സം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഈ ഒഴിവുകളിൽ നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 56.

(ബി) ഇല്ല. ഹെഡ് ക്ലാർക്ക്/ജൂനിയർ സൂപ്രണ്ട് എന്നിവർക്ക് അധിക ചുമതല നൽകിയിട്ടുണ്ട്.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്.

പഞ്ചായത്തുകളിൽ അക്കൗണ്ടന്റ് തസ്തിക

28 [4349] പ്രൊഫ. എൻ. ജയരാജ് :

ശ്രീ. തോമസ് ഉണ്ണിയാടൻ :

,, സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അക്കൗണ്ടന്റ് ജനറലിന്റെ നിർദ്ദേശം അനുസരിച്ചുള്ള അക്കൗണ്ടന്റ് തസ്തിക പഞ്ചായത്തുകളിൽ പ്രാവർത്തികമാക്കാൻ ഉദ്ദേശമുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

ഇക്കാര്യം പരിശോധിച്ചുവരികയാണ്.

ബ്യൂട്ടിപാർലർ തുടങ്ങുന്നതിന് ലൈസൻസ്

29 [4350] ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബ്യൂട്ടി പാർലർ തുടങ്ങുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുമുള്ള ലൈസൻസ് ആവശ്യമുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ എന്തു മാനദണ്ഡമാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) അനധികൃതമായി അസംഖ്യം ബ്യൂട്ടിപാർലറുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിനെതിരെ നടപടികൾ സ്വീകരിക്കുമോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്. 1996-ലെ കേരള പഞ്ചായത്ത് രാജ് ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് (നൽകൽ) ചട്ടങ്ങൾ പ്രകാരവും മുനിസിപ്പാലിറ്റി/നഗരസഭകളിൽ 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 447-ാം വകുപ്പ് പ്രകാരവും ബ്യൂട്ടി പാർലർ തുടങ്ങുന്നതിന് ലൈസൻസ് ആവശ്യമാണ്. തൃപ്തികരമായ സാനിട്ടറി സമ്പ്രദായം, കെട്ടിട ഉടമയുടെ സമ്മതപത്രം, മുൻ വർഷത്തെ നികുതി അടച്ച രസീത് എന്നിവയാണ് ബ്യൂട്ടി പാർലർ തുടങ്ങുന്നതിനാവശ്യമായ മാനദണ്ഡങ്ങൾ.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

## വയനാട്ടിലെ തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ അപര്യാപ്തത

30 [4351] ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട്ടിലെ തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ ആവശ്യത്തിന് ജീവനക്കാരില്ലാത്തതും അത് പദ്ധതി പ്രവർത്തനമടക്കമുള്ള ഗ്രാമപഞ്ചായത്തുകളുടെ ദൈനംദിന പ്രവർത്തനങ്ങളെ ബാധിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ പോരായ്മ മാറ്റുന്നതിനായി എന്ത് സംവിധാനമാണ് ഉദ്ദേശിക്കുന്നത് ?

### ഉത്തരം

(എ & ബി) ഉണ്ട്. നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## എയ്ഡ്സ് രോഗിയായ മാസ്റ്റർ 'അതുൽ'-ന്റെ ചികിത്സയ്ക്ക് ധനസഹായം

31 [4352] ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കണ്ണൂർ ജില്ലയിലെ ചൊക്ളി ഗ്രാമപഞ്ചായത്തിലെ എയ്ഡ്സ് രോഗിയായ മാസ്റ്റർ 'അതുൽ'-ന്റെ ചികിത്സയ്ക്ക് ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും ധനസഹായവും വീടും ലഭിക്കുന്നതിന് അനുമതി നൽകണമെന്ന ചൊക്ളി ഗ്രാമപഞ്ചായത്ത് മെമ്പർ ശ്രീ. ടി. ജയേഷിന്റെ നിവേദനത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ?

### ഉത്തരം

ഗ്രാമ പഞ്ചായത്ത് മെമ്പറുടെ നിവേദനം സർക്കാരിൽ ലഭിച്ചിട്ടുണ്ട്. എന്നാൽ മാസ്റ്റർ 'അതുൽ'-ന്റെ ചികിത്സയ്ക്ക് ധനസഹായം നൽകുന്ന കാര്യത്തിൽ ഗ്രാമപഞ്ചായത്ത് പ്രമേയം പാസ്സാക്കി അംഗീകാരം നൽകിയാൽ മാത്രമേ ആയതിന്മേൽ തുടർ നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

## ശ്രീമതി അമ്മിണി തങ്കപ്പന് വീട് ലഭ്യമാക്കുന്നതിന് നടപടി

32 [4353] ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിലെ ഇരട്ടയാർ ഗ്രാമപഞ്ചായത്തിൽ 2004-2005 കാലഘട്ടത്തിൽ പട്ടികജാതി വിഭാഗക്കാർക്ക് വീട് നൽകുന്നതിന് വ്യക്തിഗത ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കിയിരുന്നോ ;

(ബി) പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ട അർഹരായ ഗുണഭോക്താക്കളുടെ പേരും മേൽവിലാസവും ഒന്നുമുതൽ അഞ്ചുവരെയുള്ള ക്രമത്തിൽ നൽകാമോ ;

(സി) 2004-05 കാലയളവിൽ പ്രസ്തുത ലിസ്റ്റിൽ നിന്ന് അർഹതപ്പെട്ട ആർക്കെല്ലാം മുൻഗണനാക്രമത്തിൽ വീട് നൽകിയെന്ന് അറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രസ്തുത ലിസ്റ്റ് പ്രകാരം വീട് ലഭിക്കാൻ തുടർന്ന് അർഹതയുള്ളവർ ആരെല്ലാമെന്ന് മുൻഗണനാക്രമത്തിൽ അറിയിക്കാമോ ;

(ഇ) 2006-07 സാമ്പത്തികവർഷം വീട് നൽകാൻ തയ്യാറാക്കിയ ലിസ്റ്റിൽപ്പെട്ട ഒന്നുമുതൽ നാലുവരെ ക്രമനമ്പരുള്ളവർക്ക് മുൻകാലങ്ങളിൽ ബ്ലോക്കിൽ നിന്നും പഞ്ചായത്തിൽ നിന്നുമായി ആനുകൂല്യങ്ങൾ (വീടിനും മറ്റും സാമ്പത്തിക സഹായം) കൈപ്പറ്റിയിരുന്നവരായിരുന്നുവെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ;

(എഫ്) മുൻപ് ആനുകൂല്യങ്ങൾ കൈപ്പറ്റിയിരുന്നവർ എങ്ങനെ 2006-07 വർഷത്തിലെ ഗുണഭോക്തൃലിസ്റ്റിൽ വന്നുവെന്ന് വ്യക്തമാക്കാമോ ;

(ജി) 2006-07 സാമ്പത്തിക വർഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ട, വീട് ലഭിക്കാൻ അർഹരായ വ്യക്തിഗത ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത് മുൻഗണനാ ക്രമം പാലിച്ചുകൊണ്ടാണോ ;

(എച്ച്) മുൻഗണനാക്രമം പാലിച്ചിരുന്നെങ്കിൽ ശ്രീമതി അമ്മിണി തങ്കപ്പൻ, കാരിത്തൊട്ടിൽ എന്ന ആളാകുമായിരുന്നില്ലേ 2006-07 ലിസ്റ്റിൽ ഒന്നാമത് വരേണ്ടിയിരുന്നത് ;

(ഐ) മുൻഗണനാ ക്രമത്തിൽ ലിസ്റ്റ് തയ്യാറാക്കുന്നതിൽ വന്നിട്ടുള്ള പിശക് തിരുത്താൻ നടപടി സ്വീകരിക്കുമോ ;

(ജെ) പട്ടികജാതി വിഭാഗക്കാരിയും വീട് ലഭിക്കാൻ അർഹയുമായ ശ്രീമതി അമ്മിണി തങ്കപ്പൻ, കാരിത്തോട്ടിൽ എന്നവർക്ക് 2006-07 വർഷം തന്നെ വീട് ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

## ഉത്തരം

(എ) തയ്യാറാക്കിയിരുന്നു.

(ബി) 1. തങ്കമ്മ കുട്ടപ്പൻ, കാഞ്ഞിരത്തുംമൂട്ടിൽ.
2. രാജമ്മ വിജയൻ, തടത്തിൽ, കൊച്ചുകാമാക്ഷി.
3. ലക്ഷ്മി, ഒഴത്തിൽ, ചെമ്പകപ്പാറ.
4. ശ്യാമള കുഞ്ഞുമോൻ, കനകപ്പലത്ത്.
5. അമ്മിണി തങ്കപ്പൻ, കാരിത്തോട്ടിൽ.

(സി) 2004-05 കാലയളവിൽ തങ്കമ്മ കുട്ടപ്പൻ, കാഞ്ഞിരത്തുംമൂട്ടിൽ എന്നവർക്ക് വീട് നൽകിയിട്ടുണ്ട്.

(ഡി) 1. രാജമ്മ വിജയൻ, തടത്തിൽ, കൊച്ചുകാമാക്ഷി.
2. ലക്ഷ്മി, ഒഴത്തിൽ, ചെമ്പകപ്പാറ.
3. ശ്യാമള കുഞ്ഞുമോൻ, കനകപ്പലത്ത്.
4. അമ്മിണി തങ്കപ്പൻ, കാരിത്തോട്ടിൽ

(ഇ) 2006-07 സാമ്പത്തിക വർഷം വീട് നൽകാൻ തയ്യാറാക്കിയ ലിസ്റ്റിൽ ക്രമനമ്പർ 1, 3, 4 എന്നിവർക്ക് 10 വർഷങ്ങൾക്ക് മുമ്പ് ആനുകൂല്യങ്ങൾ ലഭിച്ചിരുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് നടത്തിയിട്ടുള്ളത് ഗ്രാമസഭയാണ്.

(ജി) വർക്കിംഗ് ഗ്രൂപ്പ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗ്രാമസഭയാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുള്ളത്.

(എച്ച്) ലഭ്യമായ അപേക്ഷകളിൽ നിന്ന് ഗ്രാമസഭയാണ് മുൻഗണനാക്രമം നിശ്ചയിച്ചിട്ടുള്ളത്.

(ഐ & ജെ) ഇക്കാര്യം പരിശോധിക്കുന്നതാണ്.

## കുളനട പഞ്ചായത്ത് ഹയർ സെക്കണ്ടറി സ്കൂളിലെ അദ്ധ്യാപക അനദ്ധ്യാപക നിയമനങ്ങൾ

33 [4354] ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ ഉൾപ്പെട്ട കുളനട പഞ്ചായത്ത് ഹയർ സെക്കന്ററി സ്ക്കൂളിലെ അദ്ധ്യാപക, അനദ്ധ്യാപക നിയമനങ്ങൾ പബ്ളിക് സർവ്വീസ് കമ്മീഷൻ മുഖേനയാണോ നടത്തപ്പെടുന്നതെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത സ്ക്കൂളിലെ 10 അദ്ധ്യാപക നിയമനങ്ങൾ പഞ്ചായത്ത് ഭരണ സമിതി നടത്തുവാൻ തീരുമാനിച്ചിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) നാളിതുവരെ എത്ര നിയമനങ്ങൾ ഏതൊക്കെ തസ്തികകളിൽ നടത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ഡി) ഇപ്പോൾ ഈ സ്ക്കൂളിൽ എത്ര തസ്തികകൾ ഒഴിഞ്ഞുകിടപ്പുണ്ടെന്ന് വിശദമാക്കുമോ ?

### ഉത്തരം

(എ) &(ബി) പഞ്ചായത്ത് സ്ക്കൂളുകളിലെ നിയമനങ്ങൾ പി.എസ്. സി. മുഖേന നടത്തുന്നതിന് 6-10-1995-ലെ സർക്കാർ ഉത്തരവ് (കൈയെഴുത്ത്) നമ്പർ 218/95/തസ്വഭവ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ കുളനട ഗ്രാമപഞ്ചായത്ത് ഹയർ സെക്കന്ററി സ്ക്കൂളിൽ നിയമനം നടത്തുന്നതിന് പഞ്ചായത്ത് നേരിട്ട് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത നോട്ടിഫിക്കേഷനെതിരെ ബഹു. ഹൈക്കോടതി മുമ്പാകെ കേസ്സ് നിലവിലുണ്ട്. ഇക്കാര്യത്തിൽ 7-8-2006-ലെ സർക്കുലർ നമ്പർ 22346/ എച്ച്1/2006/തസ്വഭവ. പ്രകാരം സർക്കാർ സ്പഷ്ടീകരണവും നൽകിയിട്ടുണ്ട്. നിയമനം നടത്തിയിട്ടില്ല.

(സി) ഹൈസ്ക്കൂളിൽ നിന്ന് 3 എച്ച്. എസ്. എ. മാരെ പ്രമോട്ട് ചെയ്ത് ഹയർ സെക്കണ്ടറി സ്ക്കൂളിൽ അദ്ധ്യാപകരായി നിയമിച്ചിട്ടുണ്ട്. എച്ച്. എസ്.-ൽ നിന്ന് ഒരു പ്യൂണിനെ പ്രമോട്ട് ചെയ്ത് ഹയർ സെക്കണ്ടറിയിൽ ലാബ് അസിസ്റ്റന്റായി നിയമിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അദ്ധ്യാപക തസ്തിക - 9
ലാബ് അസിസ്റ്റന്റ് - 1

നഗരപുനരുദ്ധാരണത്തിനായി ലഭിക്കുന്ന സഹായം

34 [4355] പ്രൊഫസർ കെ. വി. തോമസ് :
ശ്രീ. കെ. സുധാകരൻ :
,, എ. പി. അനിൽകുമാർ :
,, എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയം ഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരപുനരുദ്ധാരണത്തിനായി എന്തെല്ലാം കാര്യങ്ങൾക്കാണ് ജവഹർലാൽ നെഹ്രു ദേശീയ നഗരപുനരുദ്ധാരണമിഷൻ സഹായം നൽകുന്നത് ;

(ബി) ഒട്ടാകെ എന്തു തുകയ്ക്കുള്ള പദ്ധതികളാണ് നഗരസഭകൾ ഈ മിഷന് സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കുടിവെള്ളം, സ്വീവറേജ്, ജലനിർഗ്ഗമനസംവിധാനം, പരിസ്ഥിതി സംരക്ഷണം, ഖരമാലിന്യ നിർമ്മാർജ്ജനം, ഗതാഗതമേഖല, നഗരപുനരുദ്ധാരണം, പൈതൃക സംരക്ഷണവും വിനോദസഞ്ചാരവും, സാമൂഹിക സൗകര്യങ്ങൾ, നഗരങ്ങളിലെ പാവപ്പെട്ടവർക്ക് അടിസ്ഥാന സൗകര്യങ്ങൾ പ്രദാനം ചെയ്യുന്ന ഉപമിഷൻ എന്നീ കാര്യങ്ങൾക്കാണ് ജവർഹർലാൽ നെഹ്രു ദേശീയ നഗരപുനരുദ്ധാരണ മിഷൻ സഹായം നൽകുന്നത്.

(ബി) തിരുവനന്തപുരം, കൊച്ചി നഗരസഭകളെയാണ് ജവഹർലാൽ നെഹ്രു നാഷണൽ അർബൻ റെന്യുവൽ മിഷനിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. തിരുവനന്തപുരം നഗരസഭ 7126.93 കോടി രൂപയുടെയും കൊച്ചി നഗരസഭ 10,983.45 കോടി രൂപയുടേയും സിറ്റി ഡെവലപ്മെന്റ് പ്ലാൻ (സി.ഡി.പി.) ആണ് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളത്.

മുനിസിപ്പാലിറ്റികളിൽ വൈദ്യുത ശ്മശാനം

35 [4356] ശ്രീ. വി. എൻ. വാസവൻ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ എല്ലാ മുനിസിപ്പാലിറ്റികളിലും വൈദ്യുതി ശ്മശാനം സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ?

ഉത്തരം

അതാത് തദ്ദേശ ഭരണസ്ഥാപനങ്ങളാണ് വൈദ്യുതി ശ്മശാനം സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## മുനിസിപ്പൽ കോമൺ സർവ്വീസിൽ നിലവിലുള്ള പ്രൊമോഷൻ

36 [4357] ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ 2 മാസത്തിന് മുൻപ് എത്ര എൽ. ഡി. ക്ലാർക്കുമാർക്ക് മുൻസിപ്പൽ കോമൻ സർവ്വീസിൽ യു. ഡി. ക്ലാർക്കായി സ്ഥാനക്കയറ്റം നൽകി ; മുനിസിപ്പാലിറ്റി/കോർപ്പറേഷനുകളിൽ യു. ഡി. ക്ലാർക്കിന്റെ ഒഴിവുകൾ നിലവിലുണ്ടോ ; എങ്കിൽ ടി ഒഴിവുകൾ എപ്പോൾ നികത്തുമെന്ന് വ്യക്തമാക്കുമോ ;

(ബി) ഇനി യു. ഡി. ക്ലാർക്ക് തസ്തികയിൽ പ്രൊമോഷൻ ലഭിക്കുവാൻ അർഹതയുള്ള എൽ.ഡി. ക്ലാർക്ക്/ബിൽകളക്ടർമാർ എത്ര ഉണ്ടെന്ന് വ്യക്തമാക്കുമോ; ഗ്രഡേഷൻ ലിസ്റ്റ് എല്ലാ വർഷവും പ്രസിദ്ധീകരിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) കഴിഞ്ഞ രണ്ടു മാസത്തിനു മുൻപ് കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ 16 എൽ. ഡി. ക്ലാർക്ക്മാർക്ക് യു.ഡി. ക്ലാർക്കായി സ്ഥാനക്കയറ്റം നൽകിയിരുന്നു. അതിനുശേഷം 4-10-2006-ൽ 39 എൽ. ഡി. ക്ലാർക്ക്മാർക്ക് കൂടി യു.ഡി ക്ളാർക്കായി ഉദ്യോഗകയറ്റം നൽകിയിട്ടുണ്ട്. നിലവിൽ യു. ഡി. ക്ലാർക്ക് തസ്തികയിൽ 3 ഒഴിവുകൾ ഉണ്ട്. ആയത് ഉദ്യോഗകയറ്റം വഴി നികത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

(ബി) യു.ഡി. ക്ലാർക്കായി പ്രൊമോഷൻ ലഭിക്കാൻ യോഗ്യത നേടിയ 241 എൽ. ഡി. ക്ലാർക്ക്/ബിൽ കളക്ടർമാർ മുനിസിപ്പൽ കോമൺ സർവ്വീസിൽ നിലവിലുണ്ട്. ഗ്രഡേഷൻ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

## കെ.യു.ഡി.പി., കെ.എസ്.യു.ഡി.പി.

37 [4358] ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള നഗരവികസന പദ്ധതി എന്നാണ് നിലവിൽ വന്നത് ;

(ബി) കെ. യു. ഡി. പി. നടപ്പാക്കുന്നതിനുള്ള ചുമതല ആർക്കാണ് ; കെ.യു.ഡി.പി.യിൽ എത്ര ജീവനക്കാരുണ്ട് ; കെ.യു.ഡി.പി.ക്ക് വേണ്ടി നാളിതുവരെ എത്ര രൂപ ചെലവാക്കിയിട്ടുണ്ട് ;

(സി) കേരള സസ്റ്റൈയിനബിൾ അർബൻ ഡെവലപ്മെന്റ് പ്രോജക്ട് എന്നാണ് നിലവിൽവന്നത് ; ഇതിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ വ്യക്തമാക്കാമോ ;

(ഡി) കെ.യു.ഡി.പി., കെ.എസ്.യു.ഡി.പി. ഇവയുടെ പ്രവർത്തനങ്ങൾ തമ്മിലുള്ള വ്യത്യാസം എന്താണെന്നറിയിക്കുമോ ; കെ.എസ്.യു.ഡി.പി. യിൽ എത്ര ജീവനക്കാരുണ്ട്; വിശദവിവരം നൽകുമോ?

ഉത്തരം

(എ) 15-10-1998-ൽ

(ബി) കെ.യു.ഡി.പി. ഡയറക്ടർക്കാണ് പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ചുമതല. കെ.യു.ഡി.പി. യിൽ 11 ജീവനക്കാരുണ്ട്. നാളിതുവരെ ചെലവായ തുകയുടെ വിവരം ശേഖരിച്ചു വരുന്നു.

(സി) 19-11-2003-ലെ സർക്കാർ ഉത്തരവ് ജി. ഒ. (സാ) നമ്പർ 4136/03/തസ്വഭവ. നമ്പർ പ്രകാരമാണ് നിലവിൽ വന്നത്. കേരളത്തിലെ കോർപ്പറേഷനുകളുടെ അടിസ്ഥാന സൗകര്യ വികസനവും സേവനങ്ങളുടെ മെച്ചപ്പെടുത്തലും, നഗര സമൂഹോദ്ധാരണ പ്രവർത്തനങ്ങൾ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം പദ്ധതി മാനേജ്മെന്റിന്റെ ശാക്തീകരണം എന്നിവയാണ് കെ.എസ്.യു.ഡി.പി.യിലൂടെ വിഭാവനം ചെയ്യുന്നത്.

(ഡി) തലസ്ഥാന നഗര വികസന പദ്ധതിയുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിലെ വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന പദ്ധതികൾ ഏകോപിപ്പിച്ച് പുറമേ നിന്നുള്ള സാമ്പത്തിക സഹായം ലഭ്യമാക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ ഇതിനായി നിയോഗിക്കപ്പെട്ടിട്ടുള്ള എംപവേർഡ് കമ്മിറ്റി മുഖേന കെ.യു.ഡി.പി. നടപ്പിലാക്കി വരുന്നു. കെ. എസ്. യു. ഡി.പി.യിൽ പ്രോജക്ട് ഡയറക്ടർ, ഡെപ്യൂട്ടി പ്രോജക്ട് ഡയറക്ടർ, കമ്മ്യൂണിറ്റി ഡെവലപ്മെന്റ് ഓഫീസർ, ടെക്നിക്കൽ ഓഫീസർ (റോഡ്സ്) എന്നീ ഉദ്യോഗസ്ഥരും, വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ ഒരു ഓഫീസ് മാനേജരും ദിവസക്കൂലി അടിസ്ഥാനത്തിൽ ഒരു ശിപായിയും മുഴുവൻ സമയ കണ്ടിജന്റ് വർക്കറും ഇപ്പോൾ നിലവിലുണ്ട്. കേരളത്തിലെ കോർപ്പറേഷനുകളുടെ അടിസ്ഥാന സൗകര്യ വികസനം, സേവനങ്ങളുടെ മെച്ചപ്പെടുത്തൽ, നഗര സമൂഹോദ്ധാരണ പ്രവർത്തനങ്ങൾ, തദ്ദേശ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം, പദ്ധതി മാനേജ്മെന്റിന്റെ ശാക്തീകരണം എന്നിവയാണ് കെ. എസ്.യു.ഡി.പി.യിലൂടെ വിഭാവനം ചെയ്യുന്നത്.

## വികസനപ്രവർത്തനങ്ങൾക്ക് ധർമ്മശാലയിലുള്ള പുറമ്പോക്ക് വിട്ടു നൽകുന്നതിന് നടപടി

38 [4359] ശ്രീ. സി. കെ. പി. പത്മനാഭൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധർമ്മശാലയിലുള്ള പുറമ്പോക്ക് ഭൂമി തളിപ്പറമ്പ് നഗരസഭയുടെ വികസന പ്രവർത്തനങ്ങൾക്കായി വിട്ടു നൽകണമെന്ന നഗരസഭയുടെ അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിലേയ്ക്കായി ഗവൺമെന്റ് എന്ത് നിലപാട് സ്വീകരിക്കുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നടപടികൾ സ്വീകരിച്ചു വരുന്നു.

2/3777/2010/DTP.

LIBRARY ARCHIVES Kerala Legislative Assembly

## ബിൽഡിംഗ് റൂൾസിൽ മാറ്റം വരുത്താൻ നടപടി

39 [4360] ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയം ഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പ്രകൃതി ദുരിന്ത സാദ്ധ്യതാ പ്രദേശത്ത് കെട്ടിട നിർമ്മാണ രീതികളിൽ മതിയായ സുരക്ഷാ സംവിധാനം ഏർപ്പെടുത്തുംവിധം ബിൽഡിംഗ് റൂൾസിൽ ആവശ്യമായ മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തുവാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

ഉണ്ട്, 1999-ലെ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നുണ്ട്.

## അനധികൃത കെട്ടിട നിർമ്മാണം തടയുന്നതിന് പ്രത്യേക സ്ക്വാഡുകൾ

40 [4361] ശ്രീ. സി. എം. ദിനേശ് മണി :

,, വി. ചെന്താമരാക്ഷൻ :

,, ആനത്തലവട്ടം ആനന്ദൻ :

,, സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് :

,, പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയം ഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനധികൃത കെട്ടിട നിർമ്മാണം കണ്ടുപിടിക്കുന്നതിനും അതിനെതിരെ നടപടി സ്വീകരിക്കുന്നതിനും നിലവിലുള്ള സംവിധാനം എന്താണ്;

(ബി) ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ മൗനാനുവാദത്തോടെ അനധികൃത കെട്ടിട നിർമ്മാണങ്ങളും നിലവിലുള്ള കെട്ടിടങ്ങളുടെ എക്സ്റ്റൻഷൻ വർക്കുകളും നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിനും കുറ്റക്കാരായ ഉദ്യോഗസ്ഥർക്കും കെട്ടിട ഉടമകൾക്കും എതിരെ നടപടി സ്വീകരിക്കുന്നതിനും പ്രത്യേക സ്ക്വാഡുകൾ രൂപീകരിക്കുമോ ?

### ഉത്തരം

(എ) അനധികൃത കെട്ടിട നിർമ്മാണങ്ങൾ കണ്ടുപിടിക്കുന്നതിനും തടയുന്നതിനാവശ്യമായ വ്യവസ്ഥകൾ കേരള മുനിസിപ്പാലിറ്റീസ് ആക്ട്, കേരള പഞ്ചായത്തീ രാജ് ആക്ട് കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് ചട്ടങ്ങൾ എന്നിവയിലുണ്ട് .അവ കർശനമായി നടപ്പിലാക്കി അനധികൃത കെട്ടിട നിർമ്മാണങ്ങൾ തടയണമെന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ അനുമതി

LIBRARY ARCHIVES Kerala Legislative Assembly

ഇല്ലാതെയും ചട്ടങ്ങൾക്കു വിരുദ്ധമായും പണി തുടങ്ങുകയോ/പണി പൂർത്തിയാക്കുകയോ ചെയ്താൽ അത്തരം കെട്ടിടങ്ങളുടെ പണി നിർത്തിവയ്പിക്കാനുള്ള അധികാരവും ചട്ട ലംഘനത്തോടുകൂടി പണിതിരിക്കുന്ന ഭാഗങ്ങൾ കെട്ടിടമുടമയ്ക്ക് നോട്ടീസ് നൽകിയ ശേഷം പൊളിച്ചുകളയാനുള്ള അധികാരവും ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാർക്കുണ്ട്. ആവശ്യമെങ്കിൽ പോലീസ് സഹായവും സെക്രട്ടറിമാർക്ക് ആവശ്യ പ്പെടാവുന്നതാണ്. ഇതിനുപരിയായി അനധികൃത നിർമ്മാണങ്ങൾ തടയുന്നതിനായി കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, പഞ്ചായത്ത് തലങ്ങളിൽ ഉദ്യോഗസ്ഥരടങ്ങിയ സ്ക്വാഡുകൾ രൂപവൽക്കരിച്ചു സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) അനധികൃത നിർമ്മാണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി ഉടനടി നടപടികൾ സ്വീകരിക്കുന്നതിനായി നഗരസഭയിലേയും നഗര-ഗ്രാമാസൂത്രണ വകുപ്പിലേയും ഉദ്യോഗസ്ഥരടങ്ങിയ ഒരു സ്ക്വാഡ് എല്ലാ തദ്ദേശ ഭരണസ്ഥാപനങ്ങളിലും രൂപീകരിച്ചിട്ടുണ്ട്. ഇപ്പോൾ പഞ്ചായത്തുകളിലും നഗരസഭകളിലും അനധികൃത നിർമ്മാണം തടയുന്നതിനും കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്ന തിനും സ്ക്വാഡുകൾ, നിലവിലുണ്ട്. അനധികൃത നിർമ്മാണങ്ങൾ നടക്കുന്നുണ്ടോയെന്ന് പ്രസ്തുത സ്ക്വാഡുകൾ പരിശോധിച്ച് അവ നിർത്തിവയ്പ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും സ്വീകരിച്ച നടപടികൾ സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതു മാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

## മൂന്നാറിന്റെ പരിസ്ഥിതി സംരക്ഷണം

41 [4362] ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാറിന്റെ പരിസ്ഥിതിക്ക് കോട്ടംതട്ടുന്ന വിധത്തിലുള്ള കെട്ടിട നിർമ്മാ ണങ്ങൾ വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നിയന്ത്രണമില്ലാത്ത കെട്ടിട നിർമ്മാണംമൂലം മൂന്നാറിന്റെ പരിസ്ഥിതിക്ക് കോട്ടം തട്ടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതു സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) ഇല്ലെങ്കിൽ ടൂറിസം വകുപ്പും, തദ്ദേശ സ്വയംഭരണവകുപ്പുമായി യോജിച്ച് ഒരു പഠനം നടത്തുവാനും മൂന്നാർ ഒരു പ്രത്യേക സോണായി പ്രഖ്യാപിച്ച് മൂന്നാറിന്റെ പരിസ്ഥിതിക്കും കാലാവസ്ഥയ്ക്കും പ്രകൃതിരമണീയതയ്ക്കും കോട്ടം തട്ടാത്ത രൂപത്തിൽ കെട്ടിടങ്ങളുടെ രൂപകൽപനയിലും നിർമ്മാണത്തിലും ആവശ്യമായ നിയന്ത്രണങ്ങൾ കൊണ്ടുവരുന്നതിനുമുള്ള അടിയന്തിര നടപടികൾ കൈക്കൊള്ളുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. സംസ്ഥാന ടൂറിസം വകുപ്പിന്റെ അവശ്യപ്രകാരം നഗര-ഗ്രാമാസൂത്രണ വകുപ്പ് മൂന്നാറിന്റെ ഒരു വികസന രൂപരേഖ തയ്യാറാക്കി നൽകിയിട്ടുണ്ട്.

(സി) 15-10-2005-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 371/2005/ടൂറിസം പ്രകാരം, 2005-ലെ കേരള വിനോദസഞ്ചാരം (മേഖലകളുടെ സംരക്ഷണവും പരിപാലനവും) ആക്ട് 3-ാം വകുപ്പ് 1-ാം ഉപവകുപ്പ് പ്രകാരം നിക്ഷിപ്തമായ അധികാരങ്ങൾ ഉപയോഗിച്ച് സർക്കാർ, മൂന്നാറിനെ പ്രത്യേക വിനോദ സഞ്ചാര മേഖലയായി പ്രഖ്യാപിച്ചിട്ടുണ്ട്. പ്രത്യേക ടൂറിസം മേഖലകളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി ടി നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം പ്രത്യേക മാർഗ്ഗരേഖയുടെ കരട് ടൂറിസം വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. ആയത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ ടൂറിസം വകുപ്പ് സ്വീകരിച്ചു വരുന്നുണ്ട്.

## സ്വയം തൊഴിൽ ചെയ്യുന്നവർക്കുള്ള സഹായങ്ങൾ

42 [4363] ശ്രീ. ടി. എൻ. പ്രതാപൻ :

,, വർക്കല കഹാർ :

,, എം. എ. വാഹീദ് :

,, തേറമ്പിൽ രാമകൃഷ്ണൻ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വയം തൊഴിൽ ചെയ്യുന്നതിന് വായ്പാ സഹായം സ്വീകരിക്കുന്നവരുടെ തൊഴിൽ പുരോഗതിക്കുവേണ്ടി എന്തെല്ലാം സഹായങ്ങൾ നൽകാറുണ്ട് ;

(ബി) അവർ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് നൽകുന്ന സഹായങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(സി) സ്വയം തൊഴിൽ ചെയ്യുന്നതിനെടുക്കുന്ന വായ്പതുക കൃത്യമായി അടയ്ക്കുന്നവർക്ക് എന്തെല്ലാം പ്രോത്സാഹനം നൽകുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) സ്വയം തൊഴിൽവഴി ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ വാങ്ങാറുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഗ്രാമവികസന വകുപ്പിന്റെ നിയന്ത്രണത്തിൽ നടപ്പിലാക്കിവരുന്നകേന്ദ്രാവിഷ്കൃത സ്വയം തൊഴിൽപദ്ധതിയായ സ്വർണ്ണ ജയന്തി ഗ്രാമസരോസ്ഗാർ യോജന (എസ്. ജി. എസ്. വൈ.) പ്രകാരം ബ്ലോക്ക് പഞ്ചായത്തുകൾ വഴി വായ്പാസഹായം സ്വീകരിക്കുന്നവരുടെ തൊഴിൽ പുരോഗതിയ്ക്കുവേണ്ടി താഴെ പറയുന്ന സഹായങ്ങൾ നൽകി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(1) പൊതു വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് 7,500 രൂപയും പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് 10,000 രൂപയും സ്വയം സഹായ സംഘങ്ങൾക്ക് 1.25 ലക്ഷം രൂപയും പരമാവധി സബ്സിഡിയായി നൽകിവരുന്നു.

(2) വിദഗ്ദ്ധ പരിശീലനം ആവശ്യമായ ഗുണഭോക്താക്കൾക്കും സ്വയം സഹായ സംഘങ്ങൾക്കും അവരവർ തെരഞ്ഞെടുക്കുന്ന തൊഴിൽ മേഖലകളിൽ വൈദഗ്ദ്ധ്യ പരിശീലനം നൽകിവരുന്നു. കൂടാതെ തെരഞ്ഞെടുക്കപ്പെടുന്ന എല്ലാ ഗുണഭോക്താക്കൾക്കും അടിസ്ഥാന അവബോധ പരിശീലനവും നൽകുന്നുണ്ട്. ഒരു ഗുണഭോക്താവിന് മേൽപ്പറഞ്ഞ രണ്ടുതരത്തിലുള്ള പരിശീലനം നൽകുന്നതിന് പരമാവധി 5,000 രൂപ വരെ ചെലവ് ചെയ്യാവുന്നതാണ്.

(3) സ്വയം സഹായസംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് സഹായം ബാങ്ക് വായ്പാ ബന്ധിതമായി നൽകിവരുന്നു.

(ബി) എസ്. ജി.എസ്.വൈ. പദ്ധതി ഗുണഭോക്താക്കൾ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് താഴെപ്പറയുന്ന സഹായങ്ങൾ ലഭ്യമാക്കുന്നുണ്ട്.

(i) ചില ബ്ലോക്കുകളിൽ ബ്ലോക്കുതല വിപണനകേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നു.

(ii) ജില്ലാതലത്തിൽ ഡിസ്ട്രിക്റ്റ് സപ്ലൈ ആന്റ് മാർക്കറ്റിംഗ് സൊസൈറ്റികൾ സംസ്ഥാനത്ത് ഒൻപത് ജില്ലകളിൽ പ്രവർത്തിക്കുന്നുണ്ട്.

(iii) സംസ്ഥാനതലത്തിൽ കേരളാ റൂറൽ ഡെവലപ്പ്മെന്റ് ആന്റ് മാർക്കറ്റിംഗ് സൊസൈറ്റി (കേരംസ്) വഴി സ്വയംതൊഴിൽ പദ്ധതികളുടെ ഗുണഭോക്താക്കളുടെ ഉൽപ്പന്നങ്ങൾ സമാഹരിച്ച് തിരുവനന്തപുരത്തേയും എറണാകുളത്തേയും ഗ്രാമശ്രീ വിപണന കേന്ദ്രങ്ങൾ വഴി വിറ്റഴിച്ചുവരുന്നു.

(iv) എല്ലാ വർഷവും ഓണത്തോടനുബന്ധിച്ച് ഐ. ആർ. ഡി. പി./ എസ്.ജി.എസ്. വൈ. ഉൽപ്പന്നങ്ങളുടെ വിപണനമേളകൾ ജില്ലാടിസ്ഥാനത്തിൽ നടത്തിവരുന്നു.

(സി) സ്വയംതൊഴിൽ ചെയ്യാനെടുക്കുന്ന വായ്പതുക കൃത്യമായി അടയ്ക്കുന്നവർക്ക് തൊഴിൽ സംരംഭങ്ങൾ വിപുലീകരിക്കുന്നതിനും പ്രവർത്തനമൂലധനമായി വീണ്ടും വായ്പ ആവശ്യമായിവരുന്നുണ്ടെങ്കിൽ ആയതും ലഘുവായ നടപടിക്രമങ്ങളിലൂടെ ബാങ്കുകൾ ലഭ്യമാക്കിവരുന്നു.

(ഡി) സ്വയംതൊഴിൽ വഴി ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ വ്യാപകമായി വാങ്ങി ഉപയോഗിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഗുണഭോക്താവാകുന്നതിനുള്ള നടപടിക്രമം

43 [4364] ശ്രീ. കെ. സി. ജോസഫ് :

,, എൻ. ശക്തൻ :

,, എ. പി. അനിൽകുമാർ :

,, കെ. ബാബു :

,, വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഗുണഭോക്താവാകുന്നതിനുള്ള നടപടിക്രമമെന്തെന്ന് വിശദമാക്കുമോ ;

(ബി) ഈ പദ്ധതിക്ക് നിലവിൽ എത്ര ഗുണഭോക്താക്കൾ ഉണ്ട് ;

(സി) എന്തെല്ലാം വിധത്തിലുള്ള തൊഴിലുകളാണ് ഈ പദ്ധതി പ്രകാരം നൽകുന്നത് ;

(ഡി) ഈ പദ്ധതിയുടെ ഗുണഭോക്താവിന്റെ ഒരു ദിവസത്തെ വേതനം എത്ര എന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ ഗുണഭോക്താക്കളായി ഗ്രാമപ്രദേശത്തു നിന്നും കായികാദ്ധ്വാനം ചെയ്യാൻ തയ്യാറായ ഏതൊരു പ്രായപൂർത്തിയായ അംഗത്തിന്റെ കുടുംബത്തിനും ഗ്രാമപഞ്ചായത്തിൽ അപേക്ഷ നൽകി രജിസ്റ്റർ ചെയ്യാം. പ്രസ്തുത കുടുംബത്തിലെ അപേക്ഷകർ ഗ്രാമപഞ്ചായത്ത് അതിർത്തിക്കുള്ളിൽ താമസമാണെന്നും പ്രായപൂർത്തിയായവരാണെന്നും അന്വേഷണത്തിലൂടെ ഉറപ്പാക്കിയശേഷം രജിസ്ട്രേഷൻ നടത്തുകയും തൊഴിൽ കാർഡുകൾ നൽകുകയും ചെയ്യുന്നു. ഈ രജിസ്ട്രേഷന് 5 വർഷം പ്രാബല്യമുണ്ടായിരിക്കും, തൊഴിൽ കാർഡ് ലഭിച്ച കുടുംബത്തിന് പഞ്ചായത്തിൽ ഏതു ദിവസം മുതലാണ് ജോലി ചെയ്യുവാൻ ആഗ്രഹിക്കുന്നത് എന്ന് കാണിച്ചുകൊണ്ട് മുൻകൂർ അപേക്ഷ നൽകാവുന്നതാണ്.

(ബി) സംസ്ഥാനത്ത് 226120 പേർ ഗുണഭോക്താക്കളായി പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(സി) ഈ പദ്ധതിപ്രകാരം താഴെ പറയുന്നതരം പണികളുടെ നടത്തിപ്പിന് ആവശ്യമായ അവിദഗ്ദ്ധ തൊഴിലുകളാണ് നൽകുന്നത് ;

(i) ജല സംരക്ഷണവും മഴവെള്ള സംഭരണവും

(ii) വനസംരക്ഷണവും മരം വച്ചുപിടിപ്പിക്കലും അതുവഴി വരൾച്ച തടയലും.

(iii) ജലസേചന തോടുകൾ ഉൾപ്പെടെയുള്ള ചെറുകിട ജലസേചന പദ്ധതികൾ.

LIBRARY ARCHIVES Kerala Legislative Assembly

(iv) പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമി, ഇന്ദിരാ ആവാസ് യോജനയുടെ ഗുണഭോക്താക്കളുടെ ഭൂമി എന്നിവയുടെ ജലസേചന സൗകര്യം.

(v) കുളങ്ങൾ വൃത്തിയാക്കൽ ഉൾപ്പെടെയുള്ള പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനർനിർമ്മാണം.

(vi) ഭൂവികസനം

(vii) വെള്ളക്കെട്ടുള്ള പ്രദേശങ്ങളിൽ അഴുക്കുചാൽ നിർമ്മിക്കുന്നതുൾപ്പെടെയുള്ള വെള്ളപ്പൊക്ക നിയന്ത്രണ പ്രവർത്തനങ്ങളും മറ്റു സംരക്ഷണ പ്രവർത്തനങ്ങളും.

(viii) ഗ്രാമങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നതിന് ഏതു കാലാവസ്ഥയിലും ഉപയോഗയോഗ്യമായ റോഡുകളുടെ നിർമ്മാണം.

(ഡി) 125 രൂപയാണ് പ്രതിദിന വേതനം.

## തൊഴിലുറപ്പ് പദ്ധതി

44 [4365] ശ്രീമതി കെ. എസ്. സലീഖ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്കായി സംസ്ഥാന സർക്കാർ വിഹിതം എത്ര കോടി രൂപയാണ്; ഗ്രാമപഞ്ചായത്തുകളുടെ വിഹിതം എത്രയാണെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡം എന്തൊക്കെയാണെന്ന് വിശദമാക്കുമോ ?

### ഉത്തരം

(എ) ഗ്രാമീണ തൊഴിലുറപ്പു പദ്ധതിക്കായി 20 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പദ്ധതിയുടെ ചെലവ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 90:10 എന്ന അനുപാതത്തിൽ വഹിക്കുന്നതാണ്. മൊത്തം പദ്ധതി വിഹിതത്തിന്റെ 50% ഗ്രാമപഞ്ചായത്തുകൾക്കുള്ള വിഹിതമാണ്.

(ബി) അവിദഗ്ദ്ധ തൊഴിൽ ചെയ്യാൻ സന്നദ്ധരായ ഗ്രാമീണ മേഖലയിലെ പ്രായപൂർത്തിയായ വ്യക്തി ഉൾപ്പെടുന്ന കുടുംബം എന്നതാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡം.

LIBRARY ARCHIVES Kerala Legislative Assembly

## ഗ്രാമസേവകർക്കുള്ള പരിശീലനം

45 [4366] ശ്രീ. എ. പ്രദീപ്കുമാർ :

,, എം. ചന്ദ്രൻ :

,, ആനത്തലവട്ടം ആനന്ദൻ :

,, അൽഫോൺസ് കണ്ണന്താനം :

,, കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമസേവകരുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ;

(ബി) ഗ്രാമസേവകർക്കുള്ള പരിശീലനത്തിന് നിലവിലുള്ള സംവിധാനം എന്താണ് ;

(സി) ഏതെല്ലാം വിഷയങ്ങളിലാണ് ഇവർക്ക് പരിശീലനം നൽകുന്നത് ; പുതുതായി ആവിഷ്ക്കരിച്ചിട്ടുള്ള ഗ്രാമവികസന പദ്ധതികളെ സംബന്ധിച്ച് ഇവർക്ക് പരിജ്ഞാനം നൽകുമോ ;

(ഡി) ഗ്രാമസേവകർക്ക് ഇൻസർവ്വീസ് കോഴ്സുകൾ സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ?

### ഉത്തരം

(എ) ഗ്രാമസേവക് എന്ന തസ്തിക വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ എന്ന് പുനർനാമകരണം ചെയ്തിട്ടുണ്ട്. ഇവരുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(1) പഞ്ചായത്ത്രാജ് സംവിധാനം നടപ്പിലാക്കിയതിന്റെ ഭാഗമായി വി. ഇ. ഒ. മാരെ ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയിരുന്നു. എങ്കിലും ബ്ലോക്ക് പഞ്ചായത്തിന് വേറെ ഫീൽഡ് ജീവനക്കാർ ഇല്ലാത്തതുകൊണ്ട് ബ്ലോക്ക് പഞ്ചായത്തുകൾ വഴി നടപ്പിലാക്കി വരുന്ന കേന്ദ്രാവിഷ്കൃത പരിപാടികൾ അവരുടെ സേവനം ലഭ്യമാക്കുന്നതിന് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(2) വി.ഇ.ഒ.മാരെ ഗ്രാമപഞ്ചായത്തുകളുടെ ഇംപ്ളിമെന്റിംഗ് ഓഫീസർമാരായും ഡ്രായിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസർമാരായും പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) പുതുതായി നിയമിക്കുന്ന വി. ഇ. ഒ.മാർക്ക് സംസ്ഥാനത്തെ 3 എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്ററുകളിലായി 6 മാസം നീണ്ടുനിൽക്കുന്ന തീയറി, പ്രാക്ടിക്കൽ, ഫീൽഡ് പരിചയ പരിശീലനം എന്നിവ ഉൾപ്പെടുത്തി പരിശീലനം നൽകുന്നുണ്ട്. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതികളെക്കുറിച്ചും സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന വിവിധ പദ്ധതികളെക്കുറിച്ചും റിഫ്രഷർ പരിശീലന പരിപാടികളും ഹ്രസ്വകാല പരിശീലന പരിപാടികളും കമ്പ്യൂട്ടർ പരിശീലനവും നൽകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) താഴെപ്പറയുന്ന വിഷയങ്ങളിലാണ് പ്രീസർവ്വീസ് പരിശീലനം നൽകുന്നത്:-

(1) മൃഗസംരക്ഷണം

(2) കൃഷി

(3) ഗ്രാമവികസന പദ്ധതികൾ

(4) വികസന വിദ്യാഭ്യാസം

(5) ഫുഡ് & ന്യൂട്രീഷൻ

(6) റൂറൽ എഞ്ചിനീയറിംഗ്

(7) കമ്മ്യൂണിറ്റി ഡവലപ്പ്മെന്റ്

(8) റൂറൽ ഇക്കണോമിക്സ് & പ്ലാനിംഗ്

(9) സഹകരണവും പഞ്ചായത്ത്രാജും

(10) പൊതുജനാരോഗ്യവും പരിസരശുചിത്വവും

(11) റൂറൽ സോഷ്യോളജി

(12) റൂറൽ ഇൻഡസ്ട്രീസ്

കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതികളെക്കുറിച്ച് സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന വിവിധ പദ്ധതികളെക്കുറിച്ചും പുതുതായി ആവിഷ്ക്കരിക്കുന്ന ഗ്രാമവികസന പദ്ധതികളെ സംബന്ധിച്ചും റിഫ്രഷർ പരിശീലന പരിപാടികളും ഹ്രസ്വകാല പരിശീലന പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്.

(ഡി) സർവ്വീസിലുള്ള വി.ഇ.ഒ.മാർക്ക് ഇപ്പോൾ തന്നെ റിഫ്രഷർ പരിശീലന പരിപാടികളും ഹ്രസ്വകാല പരിശീലന പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്.

## എൻ.ഇ.എസ്. ബ്ലോക്കുകൾ മുഖേന നടത്തുന്ന പ്രവർത്തനങ്ങൾ

46 [4367] ശ്രീ. വി. ഡി. സതീശൻ :

പ്രൊഫ. കെ. വി. തോമസ് :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

,, എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ എൻ. ഇ. എസ് ബ്ലോക്കുകൾ മുഖേന എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നതെന്ന് വിശദമാക്കുമോ ;

(ബി) ഒരു താലൂക്കിൽ എത്ര എൻ.ഇ.എസ് ബ്ലോക്കുകൾ ഉണ്ട് ;

(സി) എൻ.ഇ.എസ്. ബ്ലോക്കുകളേയും താലൂക്കുകളേയും ഏകീകരിക്കുവാൻ ഉദ്ദേശമുണ്ടോയെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) എൻ.ഇ.എസ്. ബ്ലോക്കുകൾ വഴി നടപ്പിലാക്കിയിരുന്ന ഗ്രാമവികസന പ്രവർത്തനങ്ങൾ ഇപ്പോൾ ബ്ലോക്ക് പഞ്ചായത്തുകൾ മുഖേനയാണ് നടപ്പിലാക്കിവരുന്നത്. ബ്ലോക്ക് പഞ്ചായത്തുകൾ മുഖേന താഴെപ്പറയുന്ന കേന്ദ്രാവിഷ്കൃത ഗ്രാമവികസന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(1) സ്വർണ്ണജയന്തി ഗ്രാമസ്വ റോസ്ഗാർ യോജന (എസ്.ജി.എസ്.വൈ.)

(2) ഇന്ദിരാ ആവാസ് യോജന (ഐ.എ.വൈ.)

(3) സമ്പൂർണ്ണ ഗ്രാമീൺ റോസ്ഗാർ യോജന (എസ്.ജി.ആർ.വൈ).

(4) സമ്പൂർണ്ണ ശുചിത്വയജ്ഞം പരിപാടിയുടെ ഘടകങ്ങളായ വിവര വിജ്ഞാനവ്യാപനം, വിദ്യാലയ ശുചിത്വ സമുച്ചയങ്ങൾ, സമൂഹ ശുചിത്വ സമുച്ചയങ്ങൾ, അംഗൻവാടി കക്കൂസുകൾ എന്നിവ ബ്ലോക്കു പഞ്ചായത്തുകൾ വഴി നടപ്പിലാക്കിവരുന്നു.

(5) ഹരിയാലി പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായും പ്രവർത്തിച്ചു വരുന്നു.

ഇതിനുപുറമേ ബ്ലോക്കു പഞ്ചായത്തുകൾക്ക് സംസ്ഥാന സർക്കാർ നൽകുന്ന പദ്ധതി വിഹിതം വിനിയോഗിച്ച് വിവിധ പ്രോജക്ടുകൾ പ്രാദേശികാടിസ്ഥാനത്തിൽ തയ്യാറാക്കി നടപ്പിലാക്കിവരുന്നു.

(ബി) ഓരോ താലൂക്കിലേയും എൻ.ഇ.എസ്. ബ്ലോക്കുകളുടെ എണ്ണം വ്യത്യസ്തമാണ്.

(സി) ഉദ്ദേശിക്കുന്നില്ല.

## ഗ്രാമവികസന വകുപ്പിലൂടെ നടപ്പിലാക്കിവരുന്ന പദ്ധതികൾ

47 [4368] ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പു സാമ്പത്തികവർഷം ഗ്രാമവികസന വകുപ്പിലൂടെ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നത് ;

(ബി) പ്രസ്തുത പദ്ധതികൾക്കായി എന്തു തുക നീക്കിവച്ചിട്ടുണ്ട് ;

(സി) പുതുതായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നടപ്പു സാമ്പത്തിക വർഷം ഗ്രാമവികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു :

(1) സ്വർണ്ണ ജയന്തി ഗ്രാമസ്വറോസ്ഗാർ യോജന (എസ്.ജി.എസ്.വൈ) യും ഈ പദ്ധതിയിൻ കീഴിലെ സ്പെഷ്യൽ പ്രോജക്റ്റുകളും.

(2) ഇന്ദിരാ ആവാസ് യോജന (ഐ.എ.വൈ.)

(3) സമ്പൂർണ്ണ ഗ്രാമീൺ റോസ്ഗാർ യോജന (എസ്.ജി.ആർ.വൈ.)

(4) സമ്പൂർണ്ണ ശുചിത്വ യജ്ഞം.

(5) സംയോജിത തരിശുഭൂമി വികസന പദ്ധതി/ഹരിയാലി

(6) പ്രധാനമന്ത്രിയുടെ ഗ്രാമസഡക് യോജന (പി.എം.ജി.എസ്.വൈ.)

(7) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (എൻ.ആർ.ഇ.ജി.പി.)

(ബി) മേൽ സൂചിപ്പിച്ച പദ്ധതികളിൽ പ്രധാനമന്ത്രിയുടെ ഗ്രാമസഡക് യോജന ഒഴികെയുള്ള പദ്ധതികളുടെ സംസ്ഥാന വിഹിതം വഹിക്കുന്നതിനായി 2006-07-ലെ സംസ്ഥാന ബഡ്ജറ്റിൽ ആകെ 9713 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രധാനമന്ത്രിയുടെ ഗ്രാമസഡക് യോജന പൂർണ്ണമായും കേന്ദ്ര വിഹിതം മാത്രമുള്ള പദ്ധതിയാണ്.

കേന്ദ്രവിഹിതം സംസ്ഥാന ബഡ്ജറ്റിലൂടെയല്ല നൽകുന്നത്. ബന്ധപ്പെട്ട ദാരിദ്ര്യ നിർമ്മാർജ്ജന യൂണിറ്റുകൾക്ക്/കെ.എസ്.എസ്.ആർ.ഡി.ക്ക് നേരിട്ട് നൽകുകയാണ് ചെയ്യുന്നത്. വിഹിതാധിഷ്ടിത കേന്ദ്രാവിഷ്കൃത ഗ്രാമവികസന പദ്ധതികളായ സ്വർണ്ണ ജയന്തി ഗ്രാമസ്വറോസ്ഗാർ യോജന, ഇന്ദിരാ ആവാസ് യോജന, സമ്പൂർണ്ണ ഗ്രാമീൺ റോസ്ഗാർ യോജന, എന്നീ പദ്ധതികൾക്കായി നടപ്പുസാമ്പത്തിക വർഷത്തെ കേന്ദ്ര വിഹിതം ആകെ 15,670.43 ലക്ഷം രൂപയാണ്.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്ക് നടപ്പുവർഷം 2,179.51 ലക്ഷം രൂപ കേന്ദ്ര വിഹിതമായി ലഭിച്ചിട്ടുണ്ട്. ഈ തുക വിനിയോഗിക്കുന്ന മുറയ്ക്ക് തുടർന്നുള്ള ഗഡുക്കൾ കേന്ദ്ര സർക്കാർ നൽകുന്നതാണ്. ഈ പദ്ധതിയ്ക്ക് നടപ്പു വർഷം ആകെ എത്ര തുക ലഭിയ്ക്കും എന്ന് ഇപ്പോൾ കണക്കാക്കാൻ കഴിയുകയില്ല.

സമ്പൂർണ്ണ ശുചിത്വ യജ്ഞം, സംയോജിത തരിശുഭൂമി വികസന പദ്ധതി/ഹരിയാലി, പ്രധാനമന്ത്രിയുടെ ഗ്രാമസഡക് യോജന എന്നീ പദ്ധതികൾ പ്രോജക്റ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന പദ്ധതികളാണ്. ഇതിനകം ലഭിച്ച തുകയുടെ വിനിയോഗം പുതിയ പ്രോജക്ടുകളുടെ അനുമതി എന്നിവയെ ആശ്രയിച്ചായിരിക്കും ഈ പദ്ധതികളുടെ നടപ്പ് സാമ്പത്തിക വർഷത്തെ കേന്ദ്രവിഹിതം ലഭിക്കുന്നത്. ആയതിനാൽ ഈ പദ്ധതികൾക്ക് എത്ര തുക ലഭിക്കും എന്ന് ഇപ്പോൾ കൃത്യമായി പറയാൻ കഴിയുകയില്ല.

(സി) പുതിയ പദ്ധതി നിർദ്ദേശങ്ങൾ ഒന്നും ലഭിച്ചിട്ടില്ല.

## സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ് എന്ന സ്ഥാപനത്തിന്റെ പ്രവർത്തന ലക്ഷ്യങ്ങൾ

48 [4369] ശ്രീ. ജോസഫ് എം. പുതുശ്ശേരി :

„ തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടരക്കര ഇ. റ്റി.സി. കാമ്പസിൽ പ്രവർത്തിക്കുന്ന എസ്.ഐ.ആർ.ഡി. യിൽ എന്തൊക്കെ പരിശീലന പരിപാടികളാണ് നടന്നുവരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തന രീതി, ലക്ഷ്യങ്ങൾ, നേട്ടങ്ങൾ എന്നിവ രേഖകൾ സഹിതം വിശദമാക്കുമോ ;

(സി) ഗ്രാമവികസന പ്രവർത്തനങ്ങളിൽ നേരിട്ടിടപെടുന്ന ഉദ്യോഗസ്ഥർക്ക് എന്തൊക്കെ പരിശീലനങ്ങളാണ് പ്രധാനമായും നൽകിവരുന്നത് ; അതുപോലെ മറ്റ് വകുപ്പുകളിലെ ഫീൽഡ്ലവൽ ഉദ്യോഗസ്ഥർക്ക് ഇവിടെ പരിശീലനം നൽകാറുണ്ടോ; എങ്കിൽ എന്തൊക്കെ; ഇല്ലെങ്കിൽ അവർക്കുകൂടി പരിശീലനം നൽകുവാൻ നടപടി സ്വീകരിക്കുമോ ;

(ഡി) എസ്.ഐ.ആർ.ഡി.യിൽ സ്പെഷ്യൽ റൂൾസ് നിലവിലുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ ;

(ഇ) ഇല്ലെങ്കിൽ ഏത് റൂൾ ആണ് ജീവനക്കാര്യത്തിൽ ഇപ്പോൾ അവലംബിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ ;

(എഫ്) എസ്.ഐ.ആർ.ഡി.യിലെ ജീവനക്കാര്യത്തിൽ കെ.എസ്.ആർ ബാധകമാണോ എന്നത് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) ഗ്രാമവികസനം, പഞ്ചായത്തീരാജ്, മാനവശേഷി വികസനം, ദാരിദ്ര്യ നിർമ്മാർജ്ജനം, നീർത്തട വികസനം, വികേന്ദ്രീകൃത ആസൂത്രണം, ഉപഭോക്തൃ സംരക്ഷണം, സ്ത്രീ ശാക്തീകരണം തുടങ്ങിയ വിഷയങ്ങളെ ആസ്പദമാക്കി ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, സന്നദ്ധ സംഘടനാംഗങ്ങൾ എന്നിവർക്ക് അവരുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പരിശീലന പരിപാടികളാണ് എസ്.ഐ.ആർ.ഡി. യിൽ നടത്തിവരുന്നത്.

(ബി) അനുബന്ധം 'എ' ആയി ചേർത്തിരിക്കുന്നു. †

(സി) കേന്ദ്രാവിഷ്കൃത പദ്ധതികളായ എസ്.ജി.എസ്.വൈ, എസ്.ജി.ആർ.വൈ, ഐ.എ.വൈ, സമ്പൂർണ്ണ ശുചിത്വയജ്ഞം, വികേന്ദ്രീകൃത ആസൂത്രണം, പഞ്ചായത്തീ രാജ്, നീർത്തട വികസനം, ഹരിയാലി, സ്ത്രീ ശാക്തീകരണം, റൂറൽ മാർക്കറ്റിംഗ്, ഉപഭോക്തൃ

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

സംരക്ഷണം, വിവരാവകാശ നിയമം, കമ്പ്യൂട്ടർ പരിശീലനം എന്നിവയാണ് ഗ്രാമ വികസന പ്രവർത്തനങ്ങളിൽ നേരിട്ട് ഏർപ്പെടുന്ന ഉദ്യോഗസ്ഥർക്ക് നൽകി വരുന്ന പരിശീലന പരിപാടികൾ. മറ്റ് വികസന വകുപ്പുകളിലെ ഫീൽഡ് ലെവൽ ഉദ്യോഗസ്ഥർക്കും വിവിധ വിഷയങ്ങളെ ആസ്പദമാക്കി പരിശീലനം നൽകിവരുന്നു.

(ഡി) എസ്.ഐ.ആർ.ഡി.യിൽ എസ്.ഐ. ആർ.ഡി. റൂൾസ് 39(22) പ്രകാരമുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അധികാര പ്രകാരം തയ്യാറാക്കിയ സർവ്വീസ് റൂൾസിന് 1-11-1994 മുതൽ പ്രാബല്യമുണ്ട്. പ്രസ്തുത റൂൾസ്, പരിമിതകാല/കരാർ നിയമനം മൂലമോ കൺസൾട്ടൻസി ഉദ്ദേശിച്ച് നടത്തുന്ന നിയമനം മൂലമോ നിയമിക്കപ്പെടുന്ന ജീവനക്കാർ ഒഴികെയുള്ള എല്ലാ വിഭാഗങ്ങൾക്കും ബാധകമാക്കിയിട്ടുണ്ട്. പ്രസ്തുത റൂൾസ് കാലാകാലങ്ങളിൽ എക്സിക്യൂട്ടീവ് കമ്മിറ്റി വരുത്തുന്ന ഭേദഗതികളനുസരിച്ച് നിലവിലിരിക്കുന്നതാണ്. പ്രസ്തുത റൂൾസ് നടപ്പാക്കൽ, വ്യാഖ്യാനിക്കൽ ഇവ സംബന്ധിച്ച സംശയങ്ങൾ എന്നിവ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അന്തിമ തീർപ്പിന് വിധേയമായിരിക്കും.

(ഇ & എഫ്) നിലവിലുള്ള എസ്.ഐ.ആർ.ഡി. റൂൾസിൽ ജീവനക്കാര്യം സംബന്ധിച്ച് ഏതെങ്കിലും ഭാഗം ഇല്ലാതെ വരുന്നപക്ഷം ഇതുസംബന്ധമായി സംസ്ഥാന സർക്കാർ സർവ്വീസ് നിയമം ബാധകമായിരിക്കുമെന്ന് 2.23 ഖണ്ഡിക പ്രകാരം സർവ്വീസ് റൂൾസിൽ വ്യക്തമാക്കിയിട്ടുണ്ട്.

## കേരള റൂറൽ ഡവലപ്പ്മെന്റ് ആന്റ് മാർക്കറ്റിംഗ് സൊസൈറ്റിയുടെ പ്രവർത്തനം

49 [4370] ശ്രീ. ബി. രാഘവൻ:
,, കെ. വി. കുഞ്ഞിരാമൻ:
,, കെ. കെ. ജയചന്ദ്രൻ:
,, കെ. ടി. ജലീൽ:
,, വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള റൂറൽ ഡവലപ്പ്മെന്റ് ആന്റ് മാർക്കറ്റിംഗ് സൊസൈറ്റിയുടെ പ്രവർത്തനം വിശദമാക്കുമോ ;

(ബി) ഗ്രാമീണർ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾക്ക് ന്യായവില ലഭ്യമാക്കുന്നതിന് സൊസൈറ്റി വഹിക്കുന്ന പങ്ക് വ്യക്തമാക്കുമോ ;

(സി) കഴിഞ്ഞ വർഷം സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ എത്ര വിപണന മേളകൾ നടത്തി എന്ന് വെളിപ്പെടുത്തുമോ ;

(ഡി) കൂടുതൽ വിപണന മേളകൾ ബഹുജന പങ്കാളിത്തത്തോടെ നടത്താൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സ്വയം തൊഴിൽ പദ്ധതികളായ ഐ.ആർ.ഡി.പി., ഡി.ഡബ്ല്യു.സി.ആർ.എ., എസ്.ജി.എസ്.വൈ എന്നീ പദ്ധതികളുടെ ഗുണഭോക്താക്കളായ ചെറുകിടസംരംഭകരും മഹിളാ സമാജങ്ങൾ, സ്വയം സഹായ സംഘങ്ങൾ എന്നിവരും ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ കേരള റൂറൽ ഡെവലപ്പ്മെന്റ് ആന്റ് മാർക്കറ്റിംഗ് സൊസൈറ്റിയുടെ തിരുവനന്തപുരത്തേയും എറണാകുളത്തേയും ഗ്രാമശ്രീ സെയിൽസ് ഔട്ട്ലെറ്റുകൾ മുഖേന വിറ്റഴിച്ചുവരുന്നു. കൂടാതെ തിരുവനന്തപുരത്ത് ഒരു മൊബൈൽ സെയിൽസ് വാനും പ്രവർത്തിച്ചുവരുന്നു. വിപണന കേന്ദ്രങ്ങൾ നടത്തുക എന്നതാണ് ഈ സൊസൈറ്റിയുടെ ഇപ്പോഴത്തെ പ്രധാന പ്രവർത്തനം.

(ബി) ഉല്പാദകരിൽ നിന്ന് സൊസൈറ്റി നേരിട്ട് ഉല്പന്നങ്ങൾ വാങ്ങുകയും ഉല്പന്നങ്ങൾ എത്തിക്കുമ്പോൾ തന്നെ സാധാരണഗതിയിൽ ഉല്പന്നങ്ങളുടെ വിലയുടെ 70% വരെ ഉല്പാദകർക്ക് ലഭ്യമാക്കുകയും ബാക്കിത്തുക ഉൽപ്പന്നങ്ങൾ വിൽപ്പന നടത്തുന്ന തനുസരിച്ച് ഉല്പാദകർക്ക് ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. ഉല്പന്നങ്ങൾ വാങ്ങുന്നത് ഉല്പാദകർ നിശ്ചയിക്കുന്ന വില അനുസരിച്ചാണ്. വളരെ ചെറിയ ഒരു സെയിൽസ് കമ്മീഷൻ മാത്രം ചുമത്തിയാണ് ഉൽപ്പന്നങ്ങൾ വിൽപ്പന നടത്തുന്നത്.

(സി) കഴിഞ്ഞ വർഷം ഈ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ വിപണന മേള കളൊന്നും നടത്തിയിട്ടില്ല. എന്നാൽ ഓണത്തോടനുബന്ധിച്ച് തിരുവനന്തപുരത്തും, എറണാകുളത്തും ഡി.ആർ.ഡി.എ.-കൾ സംഘടിപ്പിച്ച ഐ.ആർ.ഡി.പി., എസ്.ജി.എസ്.വൈ വിപണന മേളകളിൽ സൊസൈറ്റി പങ്കെടുത്തിരുന്നു.

(ഡി) സൊസൈറ്റിയുടെ സാമ്പത്തിക സ്ഥിതി മെച്ചമല്ലാത്തതിനാൽ വിപണന മേളകൾ നടത്താൻ തൽക്കാലം കഴിയാത്ത സ്ഥിതിയിലാണ്.

പട്ടുനൂൽകൃഷി വ്യാപിപ്പിക്കുന്നതിന് നടപടികൾ

50 [4371] ശ്രീ. കെ. ബി. ഗണേഷ്കുമാർ:

,, തോമസ് ചാണ്ടി:

,, കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിന്റെ നേതൃത്വത്തിൽ പട്ടുനൂൽകൃഷി വ്യാപിപ്പിക്കു ന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ;

(ബി) ആലപ്പുഴ ജില്ലയിൽ ചെങ്ങന്നൂരിൽ ഉള്ളതുപോലെ മറ്റ് ഭാഗങ്ങളി ലേയ്ക്കും പട്ടുനൂൽ കൃഷി വികസിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ബ്ലോക്ക് തലത്തിൽ സെറികൾച്ചർ യൂണിറ്റുകൾ ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഗ്രാമവികസന വകുപ്പിന്റെ കീഴിൽ കേരളത്തിലെ 5 ജില്ലകളെ കേന്ദ്രീകരിച്ച് (പാലക്കാട്, മലപ്പുറം, വയനാട്, കണ്ണൂർ, തൃശ്ശൂർ എന്നീ ജില്ലകൾ) 'സെറിശ്രീ' എന്ന പേരിൽ ഒരു സ്പെഷ്യൽ എസ്.ജി.എസ്.വൈ പ്രോജക്ട് കേന്ദ്ര ഗ്രാമ വികസന മന്ത്രാലയത്തിൽ സെറിഫെഡ് മുഖേന അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കർഷകരാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. 5 ജില്ലകളിൽ 1000 ഏക്കർ മൾബറി കൃഷി ചെയ്യുന്നതിലൂടെ നാലായിരം കർഷകർക്കും മറ്റു അനുബന്ധ വ്യവസായങ്ങളിലൂടെ 600 പേർക്കും ഇതിന്റെ പ്രയോജനം ലഭിക്കുന്നതാണ്.

(ബി) ആലപ്പുഴ ജില്ലയിൽ ചെങ്ങന്നൂരിൽ നാഷണൽ പ്രോഗ്രാം ഫോർ റൂറൽ ഇൻഡസ്ട്രീയലൈസേഷൻ (എൻ.പി.ആർ.ഐ) പദ്ധതിയുടെ കീഴിൽ കേന്ദ്ര സിൽക്ക് ബോർഡിന്റെ ക്ലസ്റ്റർ റിസോഴ്സ് സെന്ററാണ് പ്രവർത്തിക്കുന്നത്. ഇതിന്റെ കീഴിലുള്ള രണ്ട് ക്ലസ്റ്റർ ഡവലപ്മെന്റ് സെന്ററുകൾ അഗളിയിലും നിലമ്പൂരും പ്രവർത്തിക്കുന്നുണ്ട്. സെറിഫെഡ് തിരഞ്ഞെടുത്തിരിക്കുന്ന 60 ക്ലസ്റ്ററുകളിൽ തിരഞ്ഞെടുത്ത 10 ക്ലസ്റ്ററുകളുടെ സമഗ്ര വികസനത്തിനായി ഇത്തരം ക്ലസ്റ്റർ ഡവലപ്മെന്റ് സെന്ററുകൾ തുടങ്ങാനായി കേന്ദ്ര സിൽക്ക് ബോർഡിനെ സമീപിക്കുന്നുണ്ട്.

(സി) നിലവിൽ കർഷകരുടെ സാന്ദ്രതയും കൃഷിവികസനത്തിനുള്ള സാദ്ധ്യതയും കണക്കിലെടുത്ത് അടുത്തുള്ള പഞ്ചായത്തുകൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ക്ലസ്റ്ററുകളെ കേന്ദ്രീകരിച്ചാണ് മൾബറി കൃഷിയും വിജ്ഞാന പ്രവർത്തനങ്ങളും നടത്തുന്നത്. ഈ ക്ലസ്റ്ററുകളിലേയ്ക്ക് ഫീൽഡ് ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്. മേൽപറഞ്ഞ സാദ്ധ്യതകൾ കണക്കിലെടുത്ത് ബ്ലോക്ക് തലത്തിലും യൂണിറ്റുകൾ സ്ഥാപിക്കാൻ സെറിഫെഡ് നടപടികൾ സ്വീകരിക്കുന്നതാണ്.

## റെയിൽവേ ഭൂമിക്ക് പുറത്ത് സമാന്തര വഴികൾ നിർമ്മിക്കുവാൻ പഞ്ചായത്തുകൾക്ക് അനുമതി

T 51 [4372] ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റെയിൽവേ വൈദ്യുതീകരിച്ചതിനു ശേഷം റെയിൽവെ കോമ്പൗണ്ടിനുള്ളിലൂടെയുള്ള നടപ്പാതകൾ കമ്പിവേലികെട്ടി അടച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതുമൂലം റെയിൽവേ കോമ്പൗണ്ടിന് പുറത്ത് മുപ്പത് മീറ്റർ ഉള്ളിൽ താമസിക്കുന്ന ആളുകളുടെ നടപ്പുവഴി നഷ്ടപ്പെട്ട വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവർ അനുഭവിക്കുന്ന ദുരിതം പരിഹരിക്കുവാൻ റെയിൽവേ ഭൂമിക്ക് പുറത്ത് സമാന്തര വഴികൾ നിർമ്മിക്കുവാൻ ഗ്രാമപഞ്ചായത്തുകളെ അനുവദിക്കുമോ ;

(സി) ഇതിനാവശ്യമായ ഫണ്ട് പ്രധാന മന്ത്രിയുടെ ഗ്രാമീണ റോഡ് നിർമ്മാണ പദ്ധതിയിൽ നിന്ന് ലഭിക്കുന്നതിന് നടപടി കൈക്കൊള്ളുമോ ?

---

T മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) റെയിൽവെ വൈദ്യുതീകരിച്ചതിനുശേഷം റെയിൽവേ കോമ്പൗണ്ടിനുള്ളിലൂടെയുള്ള നടപ്പാതകൾ കമ്പിവേലികെട്ടി അടച്ചിട്ടില്ല എന്ന് റെയിൽവേ അധികൃതർ അറിയിച്ചിട്ടുണ്ട്.

(ബി) സ്ഥലം ലഭ്യമാണെങ്കിൽ സമാന്തര വഴികൾ നിർമ്മിക്കാൻ ഗ്രാമപഞ്ചായത്തുകൾക്ക് പ്രത്യേക അനുവാദത്തിന്റെ ആവശ്യമില്ല.

(സി) സമാന്തര വഴികൾ നിർമ്മിക്കുവാൻ പി.എം.ജി.എസ്.വൈ. മാർഗ്ഗനിർദ്ദേശങ്ങൾ അനുവദിക്കുന്നില്ല.

## കാസർഗോഡ് ജില്ലയിൽ 'ഭാരത് നിർമ്മാൺ പദ്ധതി'-യിൽ ഉൾപ്പെടുത്തിയ റോഡുകൾ

52 [4373] ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെയുള്ള 'ഭാരത് നിർമ്മാൺ പദ്ധതി' യിൽ കാസർഗോഡ് ജില്ലയിൽ 2006-2007 സാമ്പത്തിക വർഷത്തിൽ എത്ര കിലോമീറ്റർ റോഡുകളാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ റോഡുകൾ എതൊക്കെയാണെന്നും, പ്രസ്തുത റോഡുകൾക്ക് കേന്ദ്ര സാമ്പത്തിക സഹായത്തിനായി സമർപ്പിച്ചിട്ടുണ്ടോയെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) ഭാരത് നിർമ്മാൺ പദ്ധതിയിലുൾപ്പെടുത്തി 2006-07 സാമ്പത്തിക വർഷത്തിൽ കാസർഗോഡ് ജില്ലയിൽ 55 കിലോമീറ്റർ റോഡാണ് പരിഗണനയിലുള്ളത്.

(ബി) പ്രസ്തുത റോഡുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. ജില്ലയിലെ ഡി.പി.സി. 57.98 കി. മീറ്റർ റോഡുകളുടെ ലിസ്റ്റ് സ്റ്റേറ്റ് ലെവൽ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകാരത്തിനുശേഷം കേന്ദ്ര സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നതാണ്. †

## നെടുമങ്ങാട് ബ്ലോക്കിലെ കൂലിക്ക് ഭക്ഷണം പദ്ധതി

53 [4374] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.ജെ.ആർ.വൈ. കൂലിക്ക് ഭക്ഷണം പദ്ധതി പ്രകാരം നെടുമങ്ങാട് ബ്ലോക്കിൽ എത്ര രൂപയുടെ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ പദ്ധതിക്കുവേണ്ട തുകയും ഭക്ഷ്യധാന്യങ്ങളും അനുവദിച്ചിട്ടുണ്ടോ; എങ്കിൽ അവ വിതരണം നടത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ;

(സി) ഇവ വിതരണം നടത്തുന്നതിനുള്ള തടസ്സമെന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) എസ്. ജി. ആർ. വൈ. കൂലിയ്ക്ക് ഭക്ഷണം പദ്ധതി പ്രകാരം നെടുമങ്ങാട് ബ്ലോക്കിൽ 1,02,20,561 രൂപയുടെ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി & സി) ഈ പദ്ധതിയ്ക്ക് 2005-06-ൽ മുഴുവൻ തുകയും അനുവദിച്ചിട്ടുണ്ട്. 2006-07-ൽ ഒന്നാം ഗഡു വിതരണം ചെയ്തിട്ടുണ്ട്. ഭക്ഷ്യധാന്യം വിതരണം ചെയ്തിട്ടില്ല. ഭക്ഷ്യധാന്യങ്ങളുടെ വിതരണം കൂടുതൽ ഫലപ്രദമാക്കുന്നതിനുള്ള ചില നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയിൽ ഉള്ളതിനാലാണ് ഭക്ഷ്യധാന്യങ്ങൾ ഇതുവരെ എടുത്ത് വിതരണം ചെയ്യാതിരുന്നത്.

## അട്ടപ്പാടിയുടെ വികസനത്തിനായി ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ

54 [4375] ശ്രീ. പി. കൃഷ്ണപ്രസാദ് :

,, സി.കെ.പി. പത്മനാഭൻ :

,, സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് :

,, കെ. സി. കുഞ്ഞിരാമൻ :

,, എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അട്ടപ്പാടിയുടെ സുസ്ഥിരവും സംയോജിതവുമായ പരിസ്ഥിതി വികസനത്തിനായി ഗ്രാമവികസന വകുപ്പിന്റെ കീഴിൽ ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) കഴിഞ്ഞ 5 വർഷക്കാലം ഇതിനായി എത്രകോടി രൂപ ചെലവഴിച്ചു ;

(സി) പദ്ധതിയുടെ ലക്ഷ്യങ്ങൾ എത്രത്തോളം നേടാനായി എന്ന് പരിശോധിച്ചിട്ടുണ്ടോ ;

(ഡി) പദ്ധതിയുടെ നടത്തിപ്പിൽ കാര്യമായ പുരോഗതി ഉണ്ടായിട്ടില്ല എന്ന ആക്ഷേപം പരിശോധിക്കുമോ ;

(ഇ) ഈ വർഷം എന്തെല്ലാം പരിപാടികളാണ് നടപ്പാക്കുന്നത് ;

(എഫ്) പദ്ധതിയുടെ നടത്തിപ്പിൽ അഴിമതി തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?



LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അട്ടപ്പാടിയുടെ സുസ്ഥിരവും സംയോജിതവുമായ പരിസ്ഥിതി വികസനം ഉൾപ്പെടെയുള്ള സമഗ്രവികസനം ലക്ഷ്യം വച്ചുകൊണ്ട് ഗ്രാമ വികസന വകുപ്പിനുകീഴിലുള്ള അട്ടപ്പാടി ഹിൽസ് ഏരിയാ ഡവലപ്പ്മെന്റ് സൊസൈറ്റി (അഹാഡ്സ്) നടപ്പിലാക്കി വരുന്ന പദ്ധതിയാണ് അട്ടപ്പാടി പരിസ്ഥിതി പുനഃസ്ഥാപന പദ്ധതി. ജെ.ബി.ഐ.സി.യുടെയും സംസ്ഥാന സർക്കാരിന്റെയും ധനസഹായത്തോടുകൂടി, നാശോന്മുഖമായിത്തീർന്ന അട്ടപ്പാടിയുടെ പരിസ്ഥിതി പുനഃസ്ഥാപിക്കുക, ഭാവിയിൽ ഉണ്ടായേക്കാവുന്ന പരിസ്ഥിതിനാശം തടയുക, ജന പങ്കാളിത്തത്തിൽ അധിഷ്ഠിതമായ പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തനങ്ങൾക്ക് അനുകരണീയ മാതൃകകൾ വികസിപ്പിക്കുക, പരിസ്ഥിതിക്ക് ഇണങ്ങുന്ന സുസ്ഥിര ജീവനോപാധികൾ തദ്ദേശസമൂഹത്തിനു വേണ്ടി പ്രത്യേകിച്ചും ഗിരിവർഗ്ഗ വിഭാഗങ്ങൾക്ക് ഊന്നൽ നൽകി ആവിഷ്ക്കരിച്ച് നടപ്പിലാക്കുക എന്നിവയാണ് ഈ പദ്ധതി മുഖ്യമായും ലക്ഷ്യമിടുന്നത് . നീർത്തടാധിഷ്ഠിത വികസനത്തോടുകൂടി ജനപങ്കാളിത്തത്തിലധിഷ്ഠിതമായും സുതാര്യതയോടും കൂടിയാണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്. 93 ഗുണഭോക്തൃ സംഘങ്ങൾ, 164 ഊരുവികസന സമിതികൾ, 54 സംയുക്ത വനപരിപാലന സമിതികൾ എന്നീ ജനകീയ സമിതികൾ ഇതിന്റെ ഭാഗമായി രൂപികരിക്കപ്പെട്ടിട്ടുണ്ട്. വനവൽക്കരണം, അഗ്രോ ഫോറസ്ട്രി, മണ്ണ്-ജല സംരക്ഷണം, സമ്പൂർണ്ണ ഊരുവികസന പരിപാടി, ആരോഗ്യ വിദ്യാഭ്യാസ മേഖലയിലെ പശ്ചാത്തല സൗകര്യ വികസനം, ബദൽ ഊർജ്ജ സ്രോതസ്സുകളുടെ വികസനം, മാനവ വിഭവശേഷി വികസനം തുടങ്ങിയ വിവിധ വികസന പ്രവർത്തനങ്ങൾ ജനകീയ സമിതികൾവഴി നടപ്പിലാക്കി വരുന്നു. സമ്പൂർണ്ണ ഊരു വികസന പരിപാടിയിൽ പാർപ്പിടം, മഴവെള്ള സംഭരണം, പുകയില്ലാ അടുപ്പുകളുടെ വിതരണം, കമ്മ്യൂണിറ്റി-റിസോഴ്സ് സെന്ററുകളുടെ നിർമ്മാണം, വരുമാന ദായക പ്രവർത്തനങ്ങൾ തുടങ്ങിയ വികസന ഘടകങ്ങൾ ഉൾപ്പെടുന്നു. 24 ഊരുകളിലായി 708 പുതിയ വീടുകളുടെ നിർമ്മാണവും, 125 വീടുകളുടെ നവീകരണവും ഇതിന്റെ ഭാഗമായി നടന്നുവരുന്നു. കൂടാതെ 8873 ഹെക്ടർ വനതരിശുഭൂമിയിലും 4000 ഹെക്ടർ സ്വകാര്യ തരിശുഭൂമിയിലും വനവൽക്കരണ പ്രവർത്തനങ്ങളും നടപ്പിലാക്കിക്കഴിഞ്ഞു.

(ബി) അഹാഡ്സ് നടപ്പിലാക്കിവരുന്ന പദ്ധതി പ്രവർത്തനങ്ങൾക്ക് 2000-01 മുതൽ 2005-06 വരെ 7,610.38 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

(സി) ഉണ്ട്. ഈ പദ്ധതിയുടെ ഇന്റർനാഷണൽ കൺസൾട്ടൻസിയായ നിപ്പോൺ കോയി കമ്പനി 2005-06 വരെ എല്ലാവർഷവും പദ്ധതിയുടെ പുരോഗതി അവലോകനം ചെയ്തിരുന്നു. കൂടാതെ ഗുജറാത്തിൽ സ്ഥിതിചെയ്യുന്നു ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ മാനേജ്മെന്റ് ആനന്ദ് (ഇർമ) എന്ന പ്രശസ്ത സ്ഥാപനവും അഹാഡ്സ് പ്രവർത്തനങ്ങളുടെ ഇടക്കാല അവലോകനം നടത്തിയിരുന്നു. 2006-07-ൽ ജെ.ബി.ഐ.സി. നിയോഗിച്ച വിൽബർസ്മിത്ത് എന്ന കൺസൾട്ടൻസി സ്ഥാപനവും പദ്ധതിയുടെ പ്രവർത്തനങ്ങൾ വിശദമായി വിലയിരുത്തിയിരുന്നു. ഈ അവലോകനങ്ങൾ എല്ലാം അഹാഡ്സിന്റെ നിർവ്വഹണ പ്രവർത്തനങ്ങൾ ശരിയായ ദിശയിൽ ആണെന്ന് അഭിപ്രായപ്പെടുകയും പദ്ധതി പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമാക്കാൻ സഹായകമാകുന്ന നിർദ്ദേശങ്ങൾ നൽകുകയും അതനുസരിച്ച് പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുമുണ്ട്.

(ഡി) പദ്ധതിയുടെ നടത്തിപ്പിൽ 2000 ഏപ്രിലിൽ ഫീൽഡ്തല പ്രവർത്തനങ്ങൾ തുടങ്ങിയതുമുതൽ ഗണ്യമായ പുരോഗതി കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

(ഇ) ജെ.ബി.ഐ.സി.യും ഗവൺമെന്റും അംഗീകരിച്ച ഫൈനൽ ഇംപ്ലിമെന്റേഷൻ പ്ലാൻ പ്രകാരമാണ് പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. ഈ വർഷം നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

* ജലവിഭവ വികസന പ്രവർത്തനങ്ങൾ, ജലസേചന പ്രവർത്തനങ്ങൾ, ജലസംരക്ഷണ പ്രവർത്തനങ്ങൾ.
* ഊരുഭൂമി വികസനം, പൊതു കാലിത്തൊഴുത്ത്, കമ്മ്യൂണിറ്റി ഹാൾ, പൊതു മീറ്റിംഗ് ഹാൾ.
* സൗരോർജ്ജ സംരക്ഷണം
* ഊരുകളിലെ ജലസ്രോതസ്സ് സംരക്ഷണം.
* പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കുള്ള വീടുനിർമ്മാണം
* ശുചീകരണ പ്രവർത്തനങ്ങൾ.
* അനുബന്ധ റോഡുകൾ
* യു.എ. ഓഫീസ് നിർമ്മാണ പ്രവർത്തനങ്ങൾ.
* ചാവടിയൂർ പാലം നിർമ്മാണം
* വിദ്യാഭ്യാസ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ
* ആരോഗ്യ മേഖലയിൽ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ
* കാർഷിക വനവൽക്കരണ പ്രവർത്തനങ്ങൾ
* കുറുമ്പ ആദിവാസികൾക്കായുള്ള വികസന പ്രവർത്തനങ്ങൾ
* സാക്ഷരതാ ബോധവൽക്കരണം, പ്രചരണം, പരിശീലനം എന്നീ പ്രവർത്തനങ്ങൾ.

(എഫ്) അഴിമതിരഹിത പദ്ധതിയായിരിക്കണമെന്ന പ്രഖ്യാപിത ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിന്റെ ഭാഗമായി അഴിമതി തടയുന്നതിനും തുടക്കത്തിൽ തന്നെ അത്തരം കാര്യങ്ങൾ കണ്ടെത്തുന്നതിനും ശക്തമായ ഭരണ സംവിധാനം നിലവിലുണ്ട്. അട്ടപ്പാടി പരിസ്ഥിതി പുനഃസ്ഥാപന പദ്ധതി പ്രത്യേകിച്ചും ജനപങ്കാളിത്തത്തോടുകൂടി നടപ്പിലാക്കുന്ന ഒരു പദ്ധതിയാണ്. ഗുണഭോക്തൃ സംഘങ്ങൾ, ഊരുവികസന സമിതികൾ, സംയുക്ത വനപരിപാലന സമിതികൾവഴിയും ജനകീയ സമിതികളുടെ ജനറൽ ബോഡിയുടെ തീരുമാനത്തിൽ അധിഷ്ഠിതമായി എക്സിക്യൂട്ടീവ് കമ്മിറ്റികൾ വഴിയുമാണ്

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. ഇങ്ങനെ നടത്തുന്ന പ്രവർത്തനങ്ങളുടെ മേൽനോട്ടം എക്സിക്യൂട്ടീവ് കമ്മിറ്റിയും അഹാഡ്സിന്റെ കണക്ക് പരിശോധന വിഭാഗവും ഇതിനുപുറമേ സോഷ്യൽ ഓഡിറ്റും യഥാസമയങ്ങളിൽ നടത്തുന്നുണ്ട്. ഇതിന്റെ ഭാഗമായി ഭരണസമിതി അംഗങ്ങളുടേയും ജനപ്രതിനിധികളുടേയും ഉദ്യോഗസ്ഥരുടേയും നേതൃത്വത്തിൽ വിവിധ തരത്തിലുള്ള കമ്മിറ്റികൾ രൂപീകരിച്ച് അഴിമതി തടയുന്നതിന് പദ്ധതി എപ്പോഴും സന്നദ്ധമാണ്. ഗുണഭോക്തൃ സംഘ കണക്ക് പരിശോധനാ കമ്മിറ്റി, വിജിലൻസ് കമ്മിറ്റി, എൻക്വയറി കമ്മിറ്റി എന്നീ ശക്തമായ കമ്മിറ്റികളാണ് ഇതിനായി പ്രവർത്തിക്കുന്നത്. ഇവ കൂടാതെ അഹാഡ്സ് ഗവേണിംഗ് ബോഡിയുടെ നിർദ്ദേശ പ്രകാരം ഉദ്യോഗസ്ഥരും ജനപ്രതിനിധികളും അടങ്ങുന്ന ഒരു പ്രത്യേക കമ്മിറ്റിയും നിലവിലുണ്ട്.

## ഗ്രാമവികസന വകുപ്പ് മുഖേന കോന്നി നിയോജകമണ്ഡലത്തിൽ നടന്നുവരുന്ന വികസന പ്രവർത്തനങ്ങൾ

55 [4376] ശ്രീ. അടൂർ പ്രകാശ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിൽനിന്നും കോന്നി നിയോജകമണ്ഡലത്തിൽ ഏതെല്ലാം വികസന പ്രവർത്തനങ്ങൾ നടന്നുവരുന്നുവെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ ;

(ബി) പുതുതായി ഏതെല്ലാം പ്രവർത്തികളാണ് ഏറ്റെടുത്ത് നടപ്പിലാക്കുവാൻ സർക്കാർ പരിഗണനയിലുള്ളതെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ ?

### ഉത്തരം

(എ) കോന്നി നിയോജകമണ്ഡലത്തിൽ ഗ്രാമവികസന വകുപ്പിന്റെ നിയന്ത്രണത്തിൽ താഴെപ്പറയുന്ന പദ്ധതികളിലൂടെയുള്ള വികസന പ്രവർത്തനങ്ങളാണ് നടന്നുവരുന്നത് :

(1) സ്വർണ്ണജയന്തി ഗ്രാമസ്വറോസ്ഗാർ യോജന (എസ്.ജി.എസ്.വൈ.) പ്രകാരമുള്ള സ്വയംതൊഴിൽ പദ്ധതി.

(2) ഇന്ദിരാ ആവാസ് യോജന (ഐ.എ.വൈ) പ്രകാരമുള്ള ഭവന നിർമ്മാണ പദ്ധതി.

(3) സമ്പൂർണ്ണ ഗ്രാമീൺ റോസ്ഗാർ യോജന (എസ്.ജി.ആർ.വൈ.) പ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ.

(4) പ്രധാനമന്ത്രി ഗ്രാമസഡക് യോജന പ്രകാരമുള്ള ഗ്രാമീണ റോഡ് നിർമ്മാണം.

(5) സമ്പൂർണ്ണ ശുചിത്വ യജ്ഞം പ്രകാരമുള്ള പരിപാടികൾ.

(6) ആർ.ഐ. ഡി.എഫ്. പ്രകാരമുള്ള റോഡുകളുടെ നിർമ്മാണം.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രധാനമന്ത്രിയുടെ ഗ്രാമസഡക് യോജനയിൽ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് പരിഗണനയിലുള്ള റോഡ് പ്രവർത്തികളുടെ പട്ടിക അനുബന്ധമായി കൊടുത്തിരിക്കുന്നു. †

## മഞ്ചേശ്വരം മണ്ഡലത്തിൽ എസ്.ജി.ആർ.വൈ. പദ്ധതിപ്രകാരം അനുവദിച്ച തുക

56 [4377] ശ്രീ. സി. എച്ച്. കുഞ്ഞമ്പു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മഞ്ചേശ്വരം മണ്ഡലത്തിൽ എസ്.ജി.ആർ.വൈ. പദ്ധതിയിൽ എത്ര തുക അനുവദിച്ചു എന്നും എത്ര തുക ചെലവഴിച്ചു എന്നും അറിയിക്കാമോ ;

(ബി) കേന്ദ്ര സർക്കാർ നിശ്ചയിച്ച രീതിയിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ;

(സി) ഈ പദ്ധതി മുഖാന്തിരം എത്ര തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചു ;

(ഡി) എസ്.സി./എസ്.റ്റി. വിഭാഗങ്ങൾക്ക് ഈ പദ്ധതിയുമായി ബന്ധപ്പെട്ട് എത്ര തുക നീക്കിവെച്ചു എന്നും അതിൽ എത്ര തുക ചെലവാക്കി എന്നും വ്യക്തമാക്കാമോ ;

(ഇ) തുക ചെലവാക്കാത്തത് സംബന്ധിച്ച് കാരണം വ്യക്തമാക്കുമോ?

### ഉത്തരം

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മഞ്ചേശ്വരം മണ്ഡലത്തിൽ എസ്. ജി. ആർ. വൈ. പദ്ധതിയിൻകീഴിൽ 7,63,17,780 രൂപ അനുവദിച്ചു. അതിൽ 7,54,48,036 രൂപ ചെലവഴിച്ചു.

(ബി) ഉണ്ട്.

(സി) 339041 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചു.

(ഡി) എസ്.സി./എസ്.റ്റി. വിഭാഗങ്ങൾക്ക് 2,91,07,155 രൂപ നീക്കി വച്ചു. അതിൽ 2,82,46,658 രൂപ ചെലവഴിച്ചു.

(ഇ) പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന്റെ ഭാഗമായി വിവിധ നിർവ്വഹണ ഘട്ടങ്ങളിലാണ്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## രാഷ്ട്രീയ സാം വികാസ് യോജന

57 [4378] ശ്രീ. കെ. ടി. ജലീൽ :

„ പി. ജയരാജൻ :

„ പി. കൃഷ്ണപ്രസാദ് :

„ മഞ്ഞളാംകുഴി അലി :

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാഷ്ട്രീയ സാം വികാസ് യോജന ഏതെല്ലാം ജില്ലകളിലാണ് നടപ്പാക്കുന്നത്; ഇതിന്റെ മേൽനോട്ടം വഹിക്കുന്നത് ആരാണ് ;

(ബി) ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ ;

(സി) പദ്ധതിയ്ക്കുള്ള കേന്ദ്രവിഹിതം എത്ര കോടി രൂപയാണ് ; ഇതുവരെ എന്തു തുക ചെലവാക്കി എന്ന് അറിയിക്കുമോ ;

(ഡി) കൂടുതൽ ജില്ലകളിലേക്ക് പദ്ധതി വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) രാഷ്ട്രീയ സാം വികാസ് യോജന പാലക്കാട്, വയനാട് എന്നീ ജില്ല കളിലാണ് നടപ്പാക്കുന്നത്. ഇതിന്റെ മേൽനോട്ടം വഹിക്കുന്നത് ബന്ധപ്പെട്ട ജില്ലാ കളക്ടറാണ്.

(ബി) കാർഷികവിളകളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുക, പ്രധാനപ്പെട്ട അടിസ്ഥാന സൗകര്യങ്ങളിലെ കുറവ് നികത്തുക, ദാരിദ്ര്യനിർമ്മാർജ്ജനം, തൊഴിലില്ലായ്മ എന്നിവ പരിഹരിക്കുക തുടങ്ങിയവയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) പദ്ധതിയ്ക്കുള്ള കേന്ദ്രവിഹിതം ഓരോ ജില്ലയ്ക്കും 45 കോടി രൂപ വീതമാണ്. ഇതിൽ പാലക്കാട് ജില്ലയ്ക്ക് ലഭിച്ച 37.50 കോടി രൂപയിൽ 35 കോടി രൂപ ചെലവഴിച്ചു. വയനാട് ജില്ലയ്ക്ക് ലഭിച്ച 22.50 കോടി രൂപയിൽ 10 കോടി രൂപ ചെലവഴിച്ചു.

(ഡി) കൂടുതൽ ജില്ലകളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് തീരുമാനമായിട്ടില്ല.

## ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കുള്ള റേഷനരി വിതരണം

58 [4379] ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് മൂന്ന് രൂപയ്ക്ക് നൽകുന്ന അരി കേരളത്തിൽ എത്ര പേർക്ക് നൽകുന്നു ;

(ബി) ഓരോ ജില്ലയിലും എത്രപേർക്കാണ് നൽകുന്നത് ;

(സി) ഇതിന് ഒരു വർഷത്തേക്ക് ആകെ വേണ്ടിവരുന്ന സംഖ്യ എത്രയാണെന്ന് വ്യക്തമാക്കുമോ;

(ഡി) കഴിഞ്ഞ സർക്കാർ ഇക്കാര്യത്തിന് ആവശ്യമായ തുക വകയിരുത്തിയിരുന്നോ എന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) 14,94,498 ബി. പി. എൽ. കാർഡ് ഉടമകൾക്ക് നൽകുന്നുണ്ട്.

(ബി) ജില്ലതിരിച്ചുള്ള കണക്ക് അനുബന്ധമായി കൊടുത്തിരിക്കുന്നു. †

(സി) ഏകദേശം 117 കോടിയോളം രൂപ.

(ഡി) ബഡ്ജറ്റിൽ വകയിരുത്തിയിരുന്നില്ല.

## മണ്ണെണ്ണയുടെ ക്വാട്ട വർദ്ധിപ്പിക്കുന്നതിനുള്ള നടപടി

59 [4380] ശ്രീ. എം. പ്രകാശൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗാർഹിക ആവശ്യങ്ങൾക്കുവേണ്ടി ഇപ്പോൾ എത്ര ലിറ്റർ മണ്ണെണ്ണയാണ് കേരളത്തിന് അനുവദിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത മണ്ണെണ്ണയുടെ ക്വാട്ട വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ക്വാട്ട വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

### ഉത്തരം

(എ) 2006-07 സാമ്പത്തിക വർഷത്തിലെ മൂന്നാം ക്വാട്ടറിലേയ്ക്ക് (2006 ഒക്ടോബർ മുതൽ ഡിസംബർ വരെയുള്ള മൂന്ന് മാസത്തേയ്ക്ക്) കേന്ദ്രം സംസ്ഥാനത്തിന് 54077 മെട്രിക് ടൺ (69489 കി. ലിറ്റർ) മണ്ണെണ്ണയാണ് ഗാർഹിക ആവശ്യങ്ങൾക്കായി അനുവദിച്ചിരിക്കുന്നത്. അതായത് പ്രതിമാസം ശരാശരി 23163 കി. ലിറ്റർ മണ്ണെണ്ണയാണ് അനുവദിച്ചിരിക്കുന്നത്

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആന്റ് (സി) സംസ്ഥാനത്തിന് ലഭിച്ചു വരുന്ന പ്രതിമാസ മണ്ണെണ്ണ വിഹിതം വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പ്രധാനമന്ത്രി, കേന്ദ്ര പെട്രോളിയവും പ്രകൃതി വാതകവും വകുപ്പുമന്ത്രി എന്നിവർക്ക് 2006 ജൂലൈ മാസം നിവേദനം സമർപ്പിച്ചിട്ടുണ്ട്.

## റേഷൻ സാധനങ്ങളുടെ ഹോൾസെയിൽ ഡീലർമാർ

60 [4381] ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻ ചില്ലറ വ്യാപാരികൾക്ക് സാധനങ്ങൾ വിതരണം ചെയ്യുന്ന ഹോൾസെയിൽ ഡീലർമാരിൽ സഹകരണമേഖലയിലും സ്വകാര്യ മേഖലയിലും എത്ര വീതം ഏജൻസികൾ ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) 2001-2006 കാലഘട്ടത്തിൽ എത്ര പേർക്ക്/എത്ര സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകി; സ്വകാര്യ/സഹകരണ മേഖല തിരിച്ച് വെളിപ്പെടുത്താമോ ?

### ഉത്തരം

(എ) സഹകരണമേഖലയിലും സ്വകാര്യ മേഖലയിലും ഉള്ള റേഷൻ ഹോൾസെയിൽ ഡീലർമാരുടെ എണ്ണം അനുബന്ധം ഒന്നായി ചേർത്തിട്ടുണ്ട്. †

(ബി) അനുബന്ധം രണ്ടായി ചേർത്തിട്ടുണ്ട്. ††

## റേഷൻ കടകളെ ശബരി സ്റ്റോറുകളായി മാറ്റുന്നതിന് നടപടി

61 [4382] ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂടുതൽ റേഷൻകടകളെ ശബരി സ്റ്റോറുകളാക്കി മാറ്റുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) നിലവിലുള്ള സ്റ്റോറുകളിലേയ്ക്ക് ആവശ്യമനുസരിച്ച് കൃത്യസമയത്ത് സപ്ലൈകോ സാധനങ്ങൾ എത്തിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ആവശ്യാനുസരണം സാധനങ്ങൾ എത്തിച്ചു നൽകാൻ എന്തു നടപടിയാണ് സ്വീകരിക്കുന്നത് ;

(ഡി) സാധനങ്ങൾ വിൽക്കുമ്പോൾ റേഷൻ കടകൾക്ക് എന്ത് കമ്മീഷനാണ് നൽകുന്നത് ; ഇത് വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

---

† അനുബന്ധം IV

†† അനുബന്ധം IVA

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) നിലവിലുള്ള സ്റ്റോറുകളിലേക്ക് ആവശ്യാനുസരണം സാധനങ്ങൾ കൃത്യസമയത്ത് എത്തിച്ച് കൊടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. എന്നാലും ചില പ്രദേശങ്ങളിൽ ചില പ്രത്യേക കാരണങ്ങളാൽ സാധനങ്ങൾ ലഭിക്കുന്നില്ല എന്ന പരാതി ഉണ്ടാകാറുണ്ട്.

(സി) എല്ലാ ഡിപ്പോകളിലും എല്ലാ സമയത്തും ആവശ്യമായ സ്റ്റോക്ക് ലഭ്യമാക്കണമെന്നുള്ള കർശന നിർദ്ദേശം നൽകി. ഇതിലേയ്ക്കാവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചുവരുന്നു. കൂടാതെ അധിക ലാഭത്തിനുവേണ്ടി കുറഞ്ഞ വിലയ്ക്ക് എ.ആർ.ഡി. ശബരി സ്റ്റോറുകൾക്ക് ലഭ്യമാക്കുന്ന സപ്ലൈകോ സാധനങ്ങൾ സ്വകാര്യ ഏജൻസിയായ ശബരി സ്റ്റോർ നടത്തിപ്പുകാർ മൊത്തമായി മറിച്ച് വിൽക്കാതിരിക്കുന്നത് പരിശോധിക്കുന്നതാണ്. മോണിറ്ററിംഗ് സംവിധാനവും രൂപപ്പെടുത്തിവരുന്നു.

(ഡി) ശബരി സ്റ്റോറുടമകൾക്ക് ഓരോ സാധനത്തിനും ആകർഷണീയമായ നിരക്കിലുള്ള കമ്മീഷൻ ചുവടെ കൊടുത്തിട്ടുള്ള പ്രകാരമാണ് നൽകി വരുന്നത്. പ്രാപ്തിയുള്ള ശബരി സ്റ്റോർ നടത്തിപ്പുകാർക്ക് കൂടുതൽ കച്ചവടം നടത്തി പ്രയത്നത്തിനനുസരിച്ചുള്ള ലാഭം ഇപ്പോഴുള്ള കമ്മീഷൻ നിരക്കിൽനിന്നു തന്നെ ലഭിക്കുമെന്നതിനാൽ വർദ്ധിപ്പിക്കേണ്ട ആവശ്യമില്ല.

| നമ്പർ | ഇനം | 3-6-2005 മുതലുള്ള മാർജിൻ |
|---|---|---|
| (1) | (2) | (3) |
| 1 | ശബരി വെളിച്ചെണ്ണ | 3 % |
| 2 | ശബരി പാമോയിൽ | 3 % |
| 3 | ശബരി മട്ട അരി | 3 % |
| 4 | എല്ലാ ഇനം അരികളും | 3 % |
| 5 | ഹോർലിക്സ് | 3 % |
| 6 | ബൂസ്റ്റ് | 3 % |
| 7 | കേര വെളിച്ചെണ്ണ | 2 % |
| 8 | എല്ലാ ഇനം ഭക്ഷ്യ എണ്ണകളും നെയ്യും | 3 % |
| 9 | ഫ്രീസെയിൽ പഞ്ചസാര | 0 % |
| 10 | ചെറുപയർ, ഉഴുന്നുപൊളി, വൻപയർ, ഉഴുന്ന് പിളർന്നത്, വൻകടല, തുവരപ്പരിപ്പ്, മുളക്, മല്ലി | 3 % |
| 11 | ശബരി ചായ ലൂസ് | 7 % |
| 12 | ശബരി ചായ (പായ്ക്കറ്റ്) | 14 % |
| 13 | പി.ഡി.എസ്. ആട്ട, സപ്ലൈകോ ആട്ട | 7 % |
| 14 | ശബരി ഉപ്പ് | 14 % |
| 15 | ശബരി കറി പൗഡർ | 10 % |
| 16 | എൻ. എസ്./എൽ.ജി. കായം | 7 % |

LIBRARY ARCHIVES Kerala Legislative Assembly

| (1) | (2) | (3) |
|---|---|---|
| 17 | ഉജാല, എക്സോ ഡിഷ് വാഷ് ബാർ, സ്പീഡ്/ഉജാല വാഷിംഗ് പൗഡർ | 7 % |
| 18 | പീസ് പരിപ്പ്, ജീരകം, കടുക്, ഉലുവ | 7 % |

## റേഷൻ ഹോൾസെയിൽ വ്യാപാരികൾക്കുള്ള കുടിശ്ശിക

62 [4383] ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004-ൽ എത്ര ടൺ എ.പി.എൽ. അരി ബി.പി.എൽ. ആയി വിതരണം ചെയ്തിട്ടുണ്ട് ;

(ബി) പ്രസ്തുത അരി വിതരണത്തിന്റെ ഭാഗമായി എത്ര രൂപ ഹോൾസെയിൽ വ്യാപാരികൾക്ക് കുടിശ്ശികയുണ്ട് ;

(സി) പ്രസ്തുത തുക എപ്പോൾ കൊടുത്തുതീർക്കുമെന്ന് വെളിപ്പെടുത്തുമോ ?

### ഉത്തരം

(എ) 3720.83 മെട്രിക് ടൺ എ.പി.എൽ. അരി ബി.പി.എൽ. അരിയായി വിതരണം ചെയ്തിട്ടുണ്ട് .

(ബി) 79,62,055.65 രൂപ ഹോൾസെയിൽ വ്യാപാരികൾക്ക് കുടിശ്ശികയുണ്ട് .

(സി) 2006-07 സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുമ്പ് കൊടുത്ത് തീർക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## റേഷൻകടകളിലൂടെ വിതരണം ചെയ്ത അരിയുടേയും ഗോതമ്പിന്റേയും അളവ്

63 [4384] ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ റേഷൻകടകളിലൂടെ ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ എത്ര ടൺ അരിയും ഗോതമ്പും വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

സംസ്ഥാനത്ത് 2006 ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ റേഷൻ കടകളിലൂടെ വിതരണം ചെയ്ത അരിയുടെയും ഗോതമ്പിന്റെയും പദ്ധതി തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി കൊടുത്തിരിക്കുന്നു. †

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

### തിരുവനന്തപുരം ജില്ലയിലെ റീട്ടെയിൽ റേഷൻ ഷോപ്പ് ഉടമകൾക്ക് നൽകാനുള്ള കുടിശ്ശിക

64 [4385] ശ്രീ. എൻ. ശക്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവനന്തപുരം ജില്ലയിൽ സൗജന്യ റേഷൻ നൽകിയ വകയിൽ റീട്ടെയിൽ റേഷൻ ഷോപ്പ് ഉടമകൾക്ക് കൊടുക്കേണ്ട തുകയിൽ എന്ത് തുക നാളിതുവരെ നൽകിയിട്ടുണ്ട്;

(ബി) കുടിശ്ശികയായി എന്ത് തുക അവർക്ക് നൽകാനുണ്ട്;

(സി) പ്രസ്തുത തുക കിട്ടാത്തതുകാരണം റീട്ടെയിൽ റേഷൻ ഷോപ്പ് ഉടമകൾ ബുദ്ധിമുട്ട് അനുഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവർക്ക് നൽകാനുള്ള കുടിശ്ശിക തുക എന്ന് നൽകുമെന്ന് വ്യക്തമാക്കാമോ?

#### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവനന്തപുരം ജില്ലയിലെ റേഷൻ ഷോപ്പ് ഉടമകൾക്ക് 45,00,297 രൂപ സൗജന്യ റേഷൻ നൽകിയ ഇനത്തിൽ ഇതുവരെ നല്കിയിട്ടുണ്ട്.

(ബി) കുടിശ്ശികയായി 5,88,016.30 രൂപ റേഷൻ വ്യാപാരികൾക്ക് നൽകാനുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സൗജന്യ റേഷൻ അനുവദിച്ച വകുപ്പുകൾ തുക അനുവദിക്കുന്ന മുറയ്ക്ക് റേഷൻ വ്യാപാരികൾക്ക് തുക നൽകുന്നതാണ്.

### ധാന്യപ്പൊടിയുടേയും അരിമാവിന്റേയും ഗുണനിലവാരം പരിശോധിക്കുവാൻ നടപടി

65 [4386] ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗോതമ്പുൾപ്പെടെയുള്ള ധാന്യങ്ങൾ യഥേഷ്ടം ലഭിക്കാത്തതുമൂലം ചെറുകിട വ്യവസായ സ്ഥാപനങ്ങളിൽ തൊഴിലവസരം നഷ്ടപ്പെടുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) എസ്. എസ്. ഐ. രജിസ്ട്രേഷനുള്ള ചെറുകിട വ്യവസായ യൂണിറ്റുകളിൽ ഭക്ഷ്യ ധാന്യപ്പൊടി ഉത്പാദിപ്പിക്കുന്നതിനാവശ്യമായ ഗോതമ്പ്, അരി എന്നിവ ന്യായമായ വിലയ്ക്ക് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) പുട്ടുപൊടി, അരിമാവ്, ഗോതമ്പ് പൊടി, മറ്റ് ധാന്യപ്പൊടികൾ എന്നിവ വൻതോതിൽ ഉപഭോക്താക്കൾക്ക് വിറ്റഴിക്കുന്നതിനായി വിപണിയിൽ എത്തിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവയുടെ ഗുണനിലവാരം പരിശോധിക്കുവാൻ എന്ത് സംവിധാനമാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കേന്ദ്ര സർക്കാർ വിവിധ പദ്ധതികൾ പ്രകാരം അനുവദിക്കുന്ന ഭക്ഷ്യധാന്യങ്ങൾ പൊതുവിതരണ ശൃംഗല വഴി കാർഡുടമകൾക്ക് അർഹതപ്പെട്ട അളവിൽ വിതരണം ചെയ്യാൻ തികയാത്ത സാഹചര്യത്തിൽ വ്യവസായ യൂണിറ്റുകൾക്ക് ഭക്ഷ്യ ധാന്യപ്പൊടി ഉൽപാദിപ്പിക്കുന്ന ആവശ്യത്തിന് ധാന്യങ്ങൾ അനുവദിക്കുന്ന കാര്യം പരിഗണിക്കാൻ തൽക്കാലം നിവൃത്തിയില്ല. മാത്രവുമല്ല, പൊതുവിതരണ ശൃംഗല വഴി വിതരണം ചെയ്യുവാൻ കേന്ദ്ര സർക്കാർ അനുവദിച്ചു നൽകുന്ന ഭക്ഷ്യ ധാന്യങ്ങൾ മറ്റ് മേഖലകളിലേയ്ക്ക് വഴിമാറ്റി ചെലവഴിക്കുവാൻ നിലവിലുള്ള നിയമം അനുവദിക്കുന്നതുമില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് സിവിൽ സപ്ളൈസ് വകുപ്പിന് നേരിട്ട് സംവിധാനമില്ല.

## തൃശ്ശൂർ ജില്ലയിലെ നെല്ല് സംഭരണം

T 66 [4387] ശ്രീ. എ. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ ഇപ്പോൾ കർഷകരിൽ നിന്നും നെല്ല് സംഭരിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) തൃശ്ശൂർ ജില്ലയിലെ എല്ലാ കർഷകരിൽ നിന്നും നെല്ല് സംഭരിക്കുന്നതിന് അടിയന്തിരമായി നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) തൃശ്ശൂർ ജില്ലയിൽ നെല്ല് സംഭരിക്കുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കാമോ?

ഉത്തരം

(എ) ഇപ്പോൾ തൃശ്ശൂർ ജില്ലയിലെ കർഷകരിൽ നിന്നും നെല്ല് സംഭരിക്കുന്നില്ല.

(ബി) കൃഷിക്കാരുടെ സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുന്നതിന് വേണ്ടിയുള്ള കർഷക രജിസ്ട്രേഷൻ തൃശ്ശൂർ ജില്ലയിൽ നടന്നിട്ടില്ല. കർഷകരുടെ ആവശ്യാനുസരണം നെല്ല് സംഭരണത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ബാധകമല്ല.

---

T മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## ഗോതമ്പ് ആട്ടയാക്കി സപ്ളൈകോ വഴി വിതരണം ചെയ്യുന്ന പദ്ധതി

67 [4388] ശ്രീ. ആർ. സെൽവരാജ് :

,, കെ. സി. കുഞ്ഞിരാമൻ :

ശ്രീമതി കെ. കെ. ലതിക :

ശ്രീ. ടി. പി. കുഞ്ഞുണ്ണി :

,, കെ. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗോതമ്പ് ആട്ടയാക്കി സപ്ളൈകോ വഴി വിതരണം ചെയ്യുന്ന പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ; എതെല്ലാം ജില്ലകളിൽ പദ്ധതി നടപ്പാക്കിയിട്ടുണ്ട് ;

(സി) ഇതിനായി കേന്ദ്ര സർക്കാർ എത്ര ടൺ ഗോതമ്പ് അനുവദിച്ചിട്ടുണ്ട് ;

(ഡി) ആട്ട കിലോയ്ക്ക് എന്ത് വിലയാണ് നിശ്ചയിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ?

### ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തിന് നൽകുന്ന പ്രതിമാസ എ. പി. എൽ. ഗോതമ്പ് വിഹിതത്തിൽ നിന്നും 5000 മെട്രിക് ടൺ ഗോതമ്പ് കേരള സ്റ്റേറ്റ് സിവിൽ സപ്ളൈസ് കോർപ്പറേഷൻ വഴി പോഷകമൂല്യമുള്ള ആട്ടയാക്കി അഞ്ചു ജില്ലകളിലെ റേഷൻ കടകളിലൂടെ വിതരണം ചെയ്യാനുള്ള പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, എറണാകുളം, പാലക്കാട്, കണ്ണൂർ ജില്ലകളിൽ ഈ പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കാനാണ് അനുമതി ലഭിച്ചിട്ടുള്ളത്.

(സി) സംസ്ഥാനത്തെ നിലവിലുള്ള എ. പി. എൽ. ഗോതമ്പ് വിഹിതമായ 11777 മെട്രിക് ടണ്ണിൽ നിന്നും 5000 മെട്രിക് ടൺ ഗോതമ്പ് ഇതിനായി അനുവദിച്ചിട്ടുണ്ട്.

(ഡി) ഗോതമ്പ് പൊടിച്ച് ആട്ടയാക്കി വിതരണം ചെയ്യുന്നതിനുള്ള ക്രമീകരണങ്ങൾ സിവിൽ സപ്ളൈസ് കോർപ്പറേഷനിൽ നടന്നുവരുന്നതേയുള്ളൂ. ക്രമീകരണങ്ങൾ പൂർത്തയാക്കി ആട്ട റേഷൻ കടകളിൽ വിതരണത്തിനായി തയ്യാറാകുന്ന മുറയ്ക്ക് പൊതുവിപണിയിലെ വിലയേക്കാൾ കുറഞ്ഞ നിരക്കിൽ വില നിശ്ചയിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

## സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഗോഡൗണുകൾ വാടകയ്ക്കെടുക്കുന്നത് ഒഴിവാക്കാൻ നടപടി

68 [4389] ശ്രീ. വി. എൻ. വാസവൻ :

" വി. ശിവൻകുട്ടി :

" സി. എച്ച്. കുഞ്ഞമ്പു :

" സി. എം. ദിനേശ് മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ നിയന്ത്രണത്തിൽ എത്ര ഗോഡൗണുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) അവയിൽ വാടകയ്ക്കെടുത്തിട്ടുള്ളവ ഏതെല്ലാം ;

(സി) വെയർഹൗസിംഗ് കോർപ്പറേഷന്റെ ഗോഡൗണുകൾ ഉള്ള സ്ഥലങ്ങളിൽ ഗോഡൗണുകൾ വാടകയ്ക്കെടുത്തിട്ടുണ്ടോ ; എങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ഡി) വെയർഹൗസിംഗ് കോർപ്പറേഷന്റെ ഗോഡൗണുകൾ ഒഴിഞ്ഞു കിടക്കുമ്പോൾ അതിനുസമീപം സിവിൽ സപ്ലൈസ് കോർപ്പറേഷൻ, സ്വകാര്യ കെട്ടിടങ്ങൾ വാടകയ്ക്കെടുത്ത് ജീവനക്കാരെ നിയമിച്ച് ഗോഡൗണുകൾ നടത്തുന്നതുമൂലം സർക്കാരിനുണ്ടാകുന്ന നഷ്ടം ഒഴിവാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) 56 ഡിപ്പോ ഗോഡൗണുകൾ, 9 സബ് ഡിപ്പോകൾ, 3 എൽ. പി. ജി. ഗോഡൗണുകൾ എന്നിവ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നുണ്ട്.

(ബി) തിരുവനന്തപുരം, കൊല്ലം, കൊട്ടാരക്കര, പീരുമേട്, മൂന്നാർ, കൊച്ചി, ആലപ്പുഴ, മാനന്തവാടി എന്നിവിടങ്ങളിലെ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഗോഡൗണുകൾ ഒഴിച്ചാൽ ബാക്കിയുള്ളവ വെയർ ഹൗസിംഗ് കോർപ്പറേഷന്റേതുൾപ്പെടെ വാടകയ്ക്കെടുത്ത് പ്രവർത്തിച്ചുവരുന്നവയാണ്.

(സി) & (ഡി) ഉണ്ട്. വെയർഹൗസിംഗ് കോർപ്പറേഷന്റെ ഗോഡൗണുകൾ പരമാവധി ഉപയോഗിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

2001-2006 കാലഘട്ടത്തിൽ സപ്ലൈകോയിലെ അഴിമതിക്കേസ്സുകൾ

69 [4390] ശ്രീ. എ. കെ. ശശീന്ദ്രൻ :
,, കെ. പി. മോഹനൻ :
,, പി. എം. എ. സലാം :
,, ജോസ് തെറ്റയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001-2006 കാലഘട്ടത്തിൽ സപ്ലൈകോയിൽ നടന്ന അഴിമതിക്കേസ്സുകളിൽ കുറ്റക്കാരെ കണ്ടെത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) എങ്കിൽ കുറ്റക്കാർക്കെതിരെ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) & (ബി) 2001-2005 കാലഘട്ടത്തിൽ നടന്ന അഴിമതികളെക്കുറിച്ച് വിവിധ അന്വേഷണ ഏജൻസികൾ അന്വേഷണം നടത്തുകയും ചില ജീവനക്കാരുടെ പേരിൽ ശിക്ഷണ നടപടികൾ സ്വീകരിക്കുകയും ചെയ്തു.

അന്വേഷണങ്ങളെല്ലാം അപര്യാപ്തമായ സാഹചര്യത്തിൽ 2001 മുതൽ 2006 വരെയുള്ള കാലഘട്ടങ്ങളിൽ നടന്ന എല്ലാ ക്രമക്കേടുകളെക്കുറിച്ചും സമഗ്രമായ അന്വേഷണം നടത്താൻ സി.ബി.ഐ.-യെ ചുമതലപ്പെടുത്തിക്കൊണ്ട് 17-10-2006-ൽ സർക്കാർ തീരുമാനിച്ചു.

മട്ടാഞ്ചേരിയിലെ ഗോഡൗണിന്റെ പ്രവർത്തനം പുനരാരംഭിക്കാൻ നടപടി

70 [4391] ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ മട്ടാഞ്ചേരിയിലെ ഗോഡൗൺ പ്രവർത്തനം നിർത്തിവച്ചതിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) പശ്ചിമകൊച്ചിയിലെ എത്ര റേഷൻ കടകൾക്കാണ് ഇവിടെ നിന്നും റേഷൻ സാധനങ്ങൾ വിതരണം ചെയ്തിരുന്നത് ;

(സി) ഇപ്പോൾ പ്രസ്തുത കടകൾക്ക് റേഷൻ സാധനങ്ങൾ വിതരണം ചെയ്യുന്നതിന് ആരെയാണ് ഏൽപ്പിച്ചിരിക്കുന്നത്;

(ഡി) പ്രസ്തുത ഗോഡൗണിൽ ജോലി ചെയ്തിരുന്ന പതിനാറ് സ്ഥിരം തൊഴിലാളികൾക്കും എൺപതിൽപ്പരം അനുബന്ധ തൊഴിലാളികൾക്കും ഇതുകൊണ്ട് തൊഴിൽ നഷ്ടപ്പെട്ടത് പരിഗണിച്ച് മുൻതൊഴിൽ വകുപ്പുമന്ത്രി ഗോഡൗൺ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനെ സംബന്ധിച്ച് റിപ്പോർട്ട് അയയ്ക്കാൻ 19-2-2003-ൽ നിർദ്ദേശിച്ചതിൻപ്രകാരമുള്ള റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പ്രസ്തുത ഗോഡൗൺ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുവേണ്ടി ലഭിച്ച നിവേദനങ്ങളിന്മേൽ എന്ത് നടപടി സ്വീകരിച്ചു ;

(എഫ്) മട്ടാഞ്ചേരിയിലെ ഗോഡൗൺ തുറന്ന് പ്രവർത്തിപ്പിക്കാൻ സത്വര നടപടി സ്വീകരിക്കുമോ ;

(ജി) ഗോഡൗൺ എന്നേയ്ക്ക് തുറന്ന് പ്രവർത്തിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കല്ല് ഗോഡൗൺ പരിസരത്തു നിന്നും അരി തിന്ന് ആടുകൾ ചത്തു എന്ന പരാതിയെത്തുടർന്നാണ് ആദ്യം കല്ല് ഗോഡൗണിൽ പ്രവർത്തിച്ചിരുന്ന സബ് ഡിപ്പോയുടെ പ്രവർത്തനം നിറുത്തേണ്ടി വന്നത്. പിന്നീട് എല്ലാ ജില്ലകളിലും സിവിൽ സപ്ലൈസ് കോർപ്പറേഷൻ സബ് ഡിപ്പോകൾ തുറന്നു പ്രവർത്തിപ്പിക്കണമെന്ന ഗവൺമെന്റ് തീരുമാനം വന്നപ്പോൾ ഒന്നിൽ കൂടുതൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ സബ് ഡിപ്പോകൾ പ്രവർത്തിക്കുന്ന ജില്ലകളിലെ അധികമുള്ള സബ് ഡിപ്പോ നിറുത്തലാക്കുവാൻ ഗവൺമെന്റ് ഉത്തരവാകുകയും അതനുസരിച്ച് എറണാകുളം ജില്ലയിൽ കൊച്ചിയിലെ സബ് ഡിപ്പോ നിർത്തുകയും ചെയ്തു.

(ബി) & (സി) ഇവിടെനിന്നും കൊച്ചിയിലെ 141 റേഷൻ കടകൾക്ക് സാധനങ്ങൾ വിതരണം ചെയ്തിരുന്നു. ആ റേഷൻ കടകൾക്ക് ഇപ്പോൾ കൊച്ചി സിറ്റി റേഷനിംഗ് ഓഫീസറുടെ കീഴിലെ എ. ഡബ്ല്യു. ഡി. 5, എ. ഡബ്ല്യു. ഡി. 11, കൊച്ചി താലൂക്ക് സപ്ലൈ ഓഫീസിന്റെ കീഴിലുള്ള എ. ഡബ്ല്യു. ഡി. 12 എന്നീ ഹോൾസെയിൽ കടകളിൽ നിന്നും റേഷൻ സാധനങ്ങൾ വിതരണം ചെയ്യുന്നു.

(ഡി) മുൻ തൊഴിൽ വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 19-12-2003-ൽ നടന്ന യോഗത്തിന്റെ മിനിട്ട്സിൻമേലുള്ള റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

(ഇ), (എഫ്) & (ജി) ഒന്നിൽ കൂടുതൽ സബ് ഡിപ്പോകൾ ഉള്ള ജില്ലകളിലെ അധികമുള്ള ഡിപ്പോകൾ നിറുത്തലാക്കി ബാക്കിയുള്ള സബ് ഡിപ്പോകളുടെ പ്രവർത്തനം കാര്യക്ഷമമായി നടത്തുന്നതിനാണ് ശ്രമിക്കുന്നത്. സപ്ലൈകോയുടെ താലൂക്ക് ഡിപ്പോ ഇപ്പോഴും കല്ല് ഗോഡൗണിൽ തന്നെയാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്.

## ഇടുക്കി നിയോജകമണ്ഡലത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ സ്ഥാപനങ്ങൾ

71 [4392] ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി നിയോജകമണ്ഡലത്തിൽ നടപ്പുസാമ്പത്തിക വർഷത്തിൽ ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പിന്റെ കീഴിൽ ഏതെങ്കിലും സ്ഥാപനങ്ങൾ തുടങ്ങുവാനുദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ എവിടെയാണ് തുടങ്ങാൻ ഉദ്ദേശിക്കുന്നതെന്നും എന്ന് തുടങ്ങുമെന്നും അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) & (ബി) ഇടുക്കി നിയോജകമണ്ഡലത്തിലെ 10 പഞ്ചായത്തുകളിൽ മരിയാപുരം ഒഴികെ മറ്റെല്ലാ പഞ്ചായത്തുകളിലും സിവിൽ സപ്ളൈസ് കോർപ്പറേഷന്റെ മാവേലി/ശബരി സൂപ്പർ മാർക്കറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. മരിയാപുരം പഞ്ചായത്തിൽ മാവേലി സ്റ്റോറിലെ അതേ വിലയ്ക്ക് തന്നെ മാവേലി സ്റ്റോറിൽ ലഭിക്കുന്ന എല്ലാവിധ സാധനങ്ങളും ലഭ്യമാകുന്ന എ. ആർ. ഡി. ശബരി സ്റ്റോർ പ്രവർത്തിക്കുന്നുണ്ട്. ഓരോ പഞ്ചായത്തിലും ഒരു മാവേലി സ്റ്റോറോ, എ. ആർ. ഡി. ശബരി സ്റ്റോറോ ഉണ്ടെങ്കിൽ കൂടുതൽ പലവ്യഞ്ജന വിൽപ്പനശാലകൾ പ്രസ്തുത പഞ്ചായത്തിൽ അനുവദിക്കാറില്ല. എന്നാൽ സംസ്ഥാനത്ത് നിലവിലുള്ള 51 മാവേലി മെഡിക്കൽ സ്റ്റോറിന്റെ എണ്ണം വർദ്ധിപ്പിച്ച് എല്ലാ താലൂക്കുകളിലും 5 മാവേലി മെഡിക്കൽ സ്റ്റോർ എന്ന ഉദ്ദേശലക്ഷ്യം നേടാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ജനസാന്ദ്രതയുള്ള പട്ടണങ്ങളിൽ തിരക്കുള്ള ആശുപത്രികൾ ഉണ്ടെങ്കിൽ അവയോടുചേർന്നും മാനദണ്ഡങ്ങൾ അനുസരിച്ച് മാവേലി മെഡിക്കൽ സ്റ്റോർ തുടങ്ങുന്നതാണ്.

## സിവിൽസപ്ളൈസ് കോർപ്പറേഷനിലെ ഡെപ്യൂട്ടേഷൻ

72 [4393] ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽസപ്ളൈസ് കോർപ്പറേഷനിൽ ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്ന സർക്കാർ ജീവനക്കാരെ ഡെപ്യൂട്ടേഷൻ കാലാവധി കഴിഞ്ഞാലുടൻ തിരിച്ചയയ്ക്കുമോ ;

(ബി) കെ. എസ്. ആർ. ചട്ടം 142-ന് വിരുദ്ധമായി സിവിൽസപ്ലൈസ് കോർപ്പറേഷനിൽ ആരെങ്കിലും അഞ്ചു വർഷത്തിൽ കൂടുതലായി തുടർച്ചയായി ഡെപ്യൂട്ടേഷനിൽ തുടരുന്നുണ്ടോ ;

(സി) എങ്കിൽ അങ്ങനെ തുടരുന്ന ജീവനക്കാരുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) എന്ത് അസാധാരണ സാഹചര്യത്തിലാണ് അഞ്ച് വർഷം കഴിഞ്ഞവർ ഡെപ്യൂട്ടേഷനിൽ തുടരുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഇ) സർക്കാർ അനുമതിയോടെയാണോ അഞ്ച് വർഷം കഴിഞ്ഞവർ തുടർച്ചയായി ഡെപ്യൂട്ടേഷനിൽ തുടരുന്നതെന്ന് വ്യക്തമാക്കുമോ ;

(എഫ്) സർക്കാർ അനുമതിയില്ലാതെ അഞ്ച് വർഷത്തിൽ കൂടുതൽ കാലം ജീവനക്കാരെ ഡെപ്യൂട്ടേഷനിൽ തുടരാൻ അനുവദിക്കുന്ന കോർപ്പറേഷൻ മേധാവികൾക്കെതിരെ നടപടികൾ സ്വീകരിക്കുമോ ?



LIBRARY ARCHIVES Kerala Legislative Assembly

## ഉത്തരം

(എ), (ബി) & (സി) സിവിൽസപ്ളൈസ് കോർപ്പറേഷന്റെ ആരംഭകാലം മുതൽതന്നെ സിവിൽസപ്ളൈസ് വകുപ്പിൽ നിന്നുള്ള ജീവനക്കാരെയാണ് ഡെപ്യൂട്ടേഷനിൽ നിയമിച്ചുവരുന്നത്. ഇവരുടെ ഡെപ്യൂട്ടേഷൻ കാലാവധി കഴിഞ്ഞാൽ സാധാരണഗതിയിൽ തിരിച്ചയയ്ക്കാറുണ്ട്. എന്നാൽ കോർപ്പറേഷനിലെ ജോലിയുടെ പ്രത്യേക സ്വഭാവം കണക്കിലെടുത്തും പൂർണ്ണമായും സ്ഥിരം നിയമനങ്ങൾക്കുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കാത്തതുകൊണ്ടും അഞ്ചുവർഷം ഡെപ്യൂട്ടേഷൻ പൂർത്തിയാക്കിയവരും ചില സന്ദർഭങ്ങളിൽ തുടരാറുണ്ട്.അഞ്ചുവർഷം കഴിഞ്ഞും വകുപ്പിലേക്ക് തിരിച്ചെടുത്ത് ഉത്തരവായിട്ടും ഡെപ്യൂട്ടേഷനിൽ തുടരുന്ന ജീവനക്കാരുടെ വിവരം താഴെ പറയും പ്രകാരമാണ് :

(1) അസിസ്റ്റന്റ് മാനേജർ (താലൂക്ക് സപ്ളൈ ഓഫീസർ)—1

(2) ജൂനിയർ മാനേജർ (അസിസ്റ്റന്റ് താലൂക്ക് സപ്ളൈ ഓഫീസർ)—1

(3) അസിസ്റ്റന്റ് (എൽ.ഡി. ക്ളാർക്ക്/യു.ഡി. ക്ളാർക്ക്/റേഷനിംഗ് ഇൻസ്പെക്ടർ)—36

(ഡി) സിവിൽസപ്ളൈസ് കോർപ്പറേഷൻ നിത്യോപയോഗസാധനങ്ങൾ ന്യായവിലയ്ക്ക് വിൽപ്പന നടത്തുന്ന ഒരു സ്ഥാപനമായതിനാൽ സാധനങ്ങൾ വിൽക്കുന്ന ഔട്ട്ലെറ്റുകൾ അടച്ചിട്ടാൽ അത് പൊതുവിതരണത്തെ ബാധിക്കും. ഔട്ട്ലെറ്റുകളുടെ ചുമതല പുതുതായി ഡെപ്യൂട്ടേഷനിൽ നിയമിക്കുന്ന ഉദ്യോഗസ്ഥനെ ഏൽപ്പിച്ചശേഷം മാത്രമേ ഡെപ്യൂട്ടേഷൻ കാലാവധി പൂർത്തിയാക്കിയ ജീവനക്കാരെ വിടുതൽ ചെയ്യാൻ സാധിക്കുകയുള്ളു.

(ഇ) & (എഫ്) അഞ്ച് വർഷം കാലാവധി കഴിഞ്ഞ് ഡെപ്യൂട്ടേഷനിൽ തുടരുന്നതിന് സർക്കാർ അനുമതി ലഭിച്ചവരും അനുമതിക്കായി സർക്കാരിന് ബന്ധപ്പെട്ടവരുടെ ശുപാർശയോടെ അപേക്ഷ സമർപ്പിച്ചിട്ടുള്ളവരുടെയും പ്രശ്നങ്ങൾ സർക്കാർ പരിശോധിച്ച് വരികയാണ്.

## അസോള കൃഷി പ്രോത്സാഹിപ്പിക്കാൻ പദ്ധതി

73 [4394] ശ്രീ. എം. എം. മോനായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) "അസോള" കൃഷി പ്രോത്സാഹിപ്പിക്കാൻ എന്തെങ്കിലും പദ്ധതികൾ ഉണ്ടോ ; എങ്കിൽ വിശദമാക്കാമോ ;

(ബി) ഇതൊരു ലാഭകരമായ കാലിത്തീറ്റയായി ഉപയോഗിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. ക്ഷീരവികസന വകുപ്പ് നടപ്പിലാക്കുന്ന തീറ്റപ്പുൽ കൃഷി ഉല്പാദന പരിപാടിയുടെ ഭാഗമായി സംസ്ഥാനത്തെ 8500 ക്ഷീര കർഷകർക്ക് "അസോള" യൂണിറ്റ് സ്ഥാപിക്കുന്നതിനായി 350 രൂപ ക്രമത്തിൽ സർക്കാർ ധനസഹായം നൽകുന്നു. ഈ ഇനത്തിൽ 2005-06 സാമ്പത്തികവർഷം 29.75 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ മൃഗസംരക്ഷണവകുപ്പും കെ.എൽ.ഡി.ബോർഡും അവരുടെ ഫാമുകളിൽ അസോള കൃഷി മാതൃകാപരമായി ഉലാപാദിപ്പിക്കുകയും കർഷകർക്ക് വിതരണം ചെയ്യുകയും ചെയ്യുന്നു.

(ബി) നടപടികൾ സ്വീകരിക്കുന്നുണ്ട്.

## മൃഗസംരക്ഷണമേഖലയിലെ വികസന പദ്ധതികൾ

74 [4395] ശ്രീമതി കെ. എസ്. സലീഖ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൃഗസംരക്ഷണ-ക്ഷീര വികസനമേഖലകളിൽ ഈ സർക്കാർ ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിലേക്കായി എത്ര കോടി രൂപ മാറ്റിവയ്ക്കാനാണ് ഉദ്ദേശിക്കുന്നത് ;

(സി) സംസ്ഥാനം ഒരു കാലി രോഗവിമുക്തമേഖലയാക്കുവാൻ എന്തൊക്കെ പദ്ധതികൾക്കാണ് സർക്കാർ രൂപം നൽകുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) മൃഗസംരക്ഷണമേഖലയിലെ ഫാമുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും വികസിപ്പിക്കുന്നതിനും ഈ സർക്കാർ പുതിയ പദ്ധതികൾക്ക് രൂപം നൽകുമോ ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) മൃഗസംരക്ഷണമേഖലയുടെ പുരോഗതിക്കുവേണ്ടി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു :

(1) കർഷകരുടെ വളർത്തുമൃഗങ്ങളുടെ ആരോഗ്യ പരിരക്ഷണത്തിനായി മൃഗാശുപത്രികളുടെ വികസനം.

(2) 100% കേന്ദ്രാവിഷ്കൃതമായ കുളമ്പുരോഗ നിയന്ത്രണത്തിനുള്ള പദ്ധതി പ്രകാരം തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിലെ കന്നുകാലികൾക്ക് കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ്പ് നടത്തുന്നു. എൻ.ഡി.ഡി.ബി. സഹായത്തോടെയുള്ള കുളമ്പുരോഗ നിയന്ത്രണപദ്ധതി പ്രകാരം ജില്ലകളിൽ കുളമ്പുരോഗ നിവാരണത്തിന് വേണ്ടി പ്രതിരോധ കുത്തിവയ്പ് നൽകുന്നു. കൂടാതെ രോഗനിരീക്ഷണവും രോഗപ്രതിരോധ ശേഷി പഠനങ്ങളും നടത്തുന്നു.

(3) ബയോളജിക്കൽ പ്രൊഡക്ഷൻ കോംപ്ലക്സിൽ പകർച്ചവ്യാധികൾക്കുള്ള പ്രതിരോധമരുന്ന് ഉൽപ്പാദിപ്പിക്കുന്നു. ഇങ്ങനെ ഉൽപാദിപ്പിക്കപ്പെടുന്ന വാക്സിൻ മൃഗാശുപത്രികൾ മുഖേന സൗജന്യമായി ലഭ്യമാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(4) കാലിവസന്തയും സമാനരോഗങ്ങളും നിലവിലുണ്ടോ എന്ന് നിരീക്ഷിക്കുന്നു.

(5) ഊർജ്ജിത കന്നുകാലി വികസന പദ്ധതിപ്രകാരം നിലവിലുള്ള കന്നുകാലി ശേഖരത്തിന്റെ ഉൽപാദനക്ഷമത ക്രമമായി ഉയർത്തുകയാണ് ഉദ്ദേശം.

(6) എരുമ വംശവർദ്ധന പദ്ധതി പ്രകാരം എരുമ വളർത്തൽ പ്രോൽസാഹന നടപടികൾ നടപ്പിലാക്കുന്നു. എരുമ കുട്ടികൾക്കും, ഗർഭിണികൾക്കും തീറ്റ ചിലവിന് സബ്സിഡി നൽകും.

(7) ആടുവളർത്തൽ കേന്ദ്രങ്ങളുടെ വികസന പദ്ധതികളുടെ ലക്ഷ്യം കർഷകരുടെ ആവശ്യം അനുസരിച്ച് ഉൽപാദനശേഷിയുള്ള മേൽത്തരം മലബാറി ആടുകളേയും അട്ടപ്പാടി ബ്ലോക്ക് ഇനം ആടുകളേയും ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നു.

(8) പ്രത്യേക കന്നുകാലി വികസന പദ്ധതി നടപ്പിലാക്കുന്നു. 4-5 മാസം പ്രായമുള്ള 21000 സങ്കരവർഗ്ഗ പശുക്കുട്ടികളെ തിരഞ്ഞെടുത്ത് 32 മാസം വരെയോ, പ്രസവിക്കുന്നതുവരെയോ പകുതി വിലയ്ക്ക് തീറ്റ നൽകി പരിപാലന ചിലവ് കുറച്ച് പശുക്കുട്ടികളെ എത്രയും നേരത്തെ കറവപ്പശുക്കളാക്കി മാറ്റുന്നു.

(9) വികസനവും പരിശീലനവും പദ്ധതിപ്രകാരം കർഷകർക്ക് ബോധവൽക്കരണ ക്യാമ്പുകൾ, പ്രദർശനങ്ങൾ, സെമിനാറുകൾ, ശിൽപ്പശാലകൾ എന്നിവ സംഘടിപ്പിക്കുന്നു.

ക്ഷീരവികസനമേഖലയുടെ പുരോഗതിക്കുവേണ്ടി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു :

(i) തീറ്റപ്പുൽകൃഷി ഉൽപ്പാദനപരിപാടിയുടെ ഭാഗമായി 2240 ഹെക്ടറിൽ തീറ്റപ്പുൽ കൃഷി നടപ്പിലാക്കുന്നതിൽ 1640 ഹെക്ടറിൽ സബ്സിഡിയോടു കൂടിയാണ് നടപ്പിലാക്കുന്നത്. അസോള യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും മിൽക്ക് ഷെഡ് ഡെവലപ്പമെന്റ് പ്രോഗ്രാം എന്ന പദ്ധതി മുഖേനയും ക്ഷീരോദ്പാദനം വർദ്ധിപ്പിക്കുവാൻ ധനസഹായം നൽകുന്ന, ക്ഷീര സഹകരണ സംഘങ്ങൾക്കും ധനസഹായം ലഭിക്കുന്നു.

(ii) വയനാട് ജില്ലയിലെ ക്ഷീരവികസന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുവാനായി 25 ലക്ഷം രൂപ വ്യക്തമായ പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നൽകുന്നു.

(iii) ആലപ്പുഴ ജില്ലയിലെ അരൂരിൽ സ്ത്രീകൾക്കായി ക്ഷീരോല്പന്ന നിർമ്മാണ ഫാക്ടറിയുടെ നിർമ്മാണം നടന്നുവരുന്നു.

(iv) 'പശുഗ്രാമം പദ്ധതി' ഡയറി യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും കാലിത്തൊഴുത്ത് നവീകരിക്കുന്നതിനും ധനസഹായം നൽകുന്നു.

(10) പാലുല്പാദനം വർദ്ധിപ്പിക്കുന്നതിന് പുൽമേടുകളുടെ വികസനത്തിനായി 30.125 കോടി രൂപയുടെ പദ്ധതി കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്.

(11) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 40,000 വനിത ഗുണഭോക്താക്കളെ സഹായിക്കുന്നതിനായി 14.92 കോടി രൂപയുടെ പദ്ധതി കേന്ദ്രഗ്രാമവികസന വകുപ്പിന് സമർപ്പിക്കുവാൻ സർക്കാരിന്റെ പരിഗണനയിലുണ്ട്.

(ബി) 2006-07 സാമ്പത്തികവർഷത്തിൽ മൃഗസംരക്ഷണവകുപ്പിനുവേണ്ടി പദ്ധതി വിഹിതത്തിൽ 61.85 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ക്ഷീരവികസന വകുപ്പിന്റെ പദ്ധതികൾക്ക് 4.35 കോടി രൂപ സംസ്ഥാന പദ്ധതികൾക്കും, 3.67 കോടി കേന്ദ്രാവിഷ്കൃത പദ്ധതികൾക്കും, 2.29 കോടി രൂപ പൊതുമേഖലകൾക്ക് ധനസഹായം നൽകുന്നതിനുമായാണ് വകകൊള്ളിച്ചിരിക്കുന്നത്. കൂടാതെ 'അഡീഷണൽ സെൻട്രൽ അസിസ്റ്റൻസ്' ആയി 5 കോടി രൂപ കൂടി ലഭ്യമായിട്ടുണ്ട്.

(സി) നിലവിൽ നാല് പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്:

(i) ദേശീയ കാലിവസന്ത നിർമ്മാർജ്ജനപദ്ധതി

(ii) ദേശീയ കുളമ്പുരോഗ നിയന്ത്രണപദ്ധതി

(iii) എൻ. ഡി. ഡി. ബി. സഹായത്തോടെയുള്ള രോഗ വിമുക്ത മേഖലാ പ്രോജക്ട്.

(ഡി) ഈ സാമ്പത്തിക വർഷം കന്നുകാലി ഫാമുകൾക്ക് 25 ലക്ഷം രൂപയും ഡക്ക് ഫാമിന് 15 ലക്ഷം രൂപയും കോഴി വളർത്തൽ ഫാമുകൾക്ക് 130 ലക്ഷം രൂപയും ആടു വളർത്തൽ ഫാമുകൾക്ക് 25 ലക്ഷം രൂപയും പന്നി വളർത്തൽ ഫാമുകൾക്ക് 35 ലക്ഷം രൂപയും മുയൽ വളർത്തൽ ഫാമിന് 5 ലക്ഷം രൂപയും (ആകെ 235 ലക്ഷം രൂപ) ഫാമുകളുടെ വികസനത്തിനായി വകയിരുത്തിയിട്ടുണ്ട്. മേൽത്തരം മാതൃപിതൃശേഖരം വാങ്ങി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും കർഷകർക്ക് ഉൽപ്പാദനോപാധികൾ നൽകുന്നതിനും ഫാമുകളുടെ നടത്തിപ്പിനും ഈ പദ്ധതി വിഭാവനം ചെയ്യുന്നു. ഓരോ ഫാമിനോടും ചേർന്നുകിടക്കുന്ന പ്രദേശങ്ങളിലെ താൽപര്യമുള്ള 25 കർഷകരെങ്കിലും ഫാമിൽ നിന്നും ഉൽപ്പാദന ഉപാധികൾ കൊടുത്ത് പ്രോത്സാഹിപ്പിച്ച് ഈ മേഖലയിലേക്ക് കൊണ്ടുവരുന്നതാണ്. ഓരോ പഞ്ചായത്തിലും കുറഞ്ഞത് അഞ്ചു കർഷകരെങ്കിലും മൃഗസംരക്ഷണരംഗത്ത് വ്യവസായികാടിസ്ഥാനത്തിൽ ഫാമും അനുബന്ധ വ്യാവസായങ്ങളും തുടങ്ങാൻ പ്രോത്സാഹനം നൽകുന്നതാണ്. വനിതാ സ്വയം സഹായസംഘങ്ങൾക്ക് ആടുവളർത്തൽ, മുയൽ വളർത്തൽ, കാട വളർത്തൽ കോഴിവളർത്തൽ എന്നീ രംഗങ്ങളിൽ സാങ്കേതിക ഉപദേശവും പരിശീലനവും സാമ്പത്തിക സഹായങ്ങളും നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly.

ഗോസുരക്ഷാ പദ്ധതി

75 [4396] ശ്രീ. വി. ശശികുമാർ :

ശ്രീമതി കെ. എസ്. സലീഖ :

ശ്രീ. രാജു എബ്രഹാം :

„ എസ്. രാജേന്ദ്രൻ :

„ കെ. സി. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗോസുരക്ഷാ പദ്ധതിപ്രകാരം സംസ്ഥാനത്ത് എത്ര കന്നുകാലികളെ ഇൻഷ്വർ ചെയ്തു എന്നു വെളിപ്പെടുത്തുമോ ?

ഉത്തരം

പാലക്കാട്, ആലപ്പുഴ ജില്ലകളിലായി 16-10-2006 വരെ 19826 കന്നുകാലികളെ ഇൻഷ്വർ ചെയ്തിട്ടുണ്ട്.

ഗോരക്ഷാപദ്ധതിയുടെ മൂന്നാംഘട്ടം

76 [4397] ശ്രീ. എൻ. രാജൻ :

„ കെ. അജിത്:

ശ്രീമതി ഇ. എസ്. ബിജി മോൾ :

ശ്രീ. പി. തിലോത്തമൻ :

„ വി. എസ്. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഗോരക്ഷാപദ്ധതിയുടെ മൂന്നാംഘട്ടം ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ എന്നുമുതലാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കുമോ ;

(ബി) മൂന്നാംഘട്ടത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നും ഈ ഘട്ടം വിജയിപ്പിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 7-8-2006-ന് ആരംഭിച്ചിട്ടുണ്ട്.

(ബി) ചിട്ടയായ തുടർ പ്രവർത്തനത്തിലൂടെ സംസ്ഥാനത്തെ എല്ലാ കന്നുകാലികളെയും പ്രതിരോധകുത്തിവയ്പിന് വിധേയമാക്കുകയും കുളമ്പുരോഗത്തിനെതിരെ കേരളത്തിലെ കന്നുകാലികളിൽ പൊതുവായ പ്രതിരോധശക്തി ഉണ്ടാക്കിയെടുക്കുകയും അതുവഴി കുളമ്പുരോഗം നിയന്ത്രിക്കുകയുമാണ് പ്രധാന ഉദ്ദേശലക്ഷ്യം. അഞ്ചുവർഷക്കാലം തുടർച്ചയായി കുത്തിവയ്പ്പ് നടത്തുകയാണ് പദ്ധതിയുടെ ലക്ഷ്യം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സ്വീകരിച്ച നടപടികൾ

കുത്തിവയ്പ് നടത്തുന്നതിന് 2519 വാക്സിനേഷൻ സ്കാഡുകൾ രൂപീകരിച്ചു. കുത്തിവയ്പിന് ആവശ്യമായ സാധനങ്ങൾ യഥാസമയം എത്തിച്ചിരുന്നു.

കുളമ്പുരോഗത്തെക്കുറിച്ചും പ്രതിരോധ പ്രവർത്തനങ്ങളുടെ ആവശ്യകതയെക്കുറിച്ചും അവബോധം സൃഷ്ടിക്കുന്നതിന് സംസ്ഥാനത്ത് മൂന്ന് സെമിനാറുകൾ നടത്തി. സംസ്ഥാനത്ത് ഇതുവരെ മൂന്നാം ഘട്ടത്തിൽ 2199476 കന്നുകാലികൾക്ക് (70.23 ശതമാനം) കുളമ്പുരോഗപ്രതിരോധ വാക്സിനേഷൻ നടത്തി.

വാക്സിനേഷൻ സ്കാഡുകൾക്കുള്ള ട്രെയിനിംഗ് എല്ലാ ജില്ലകളിലും നടത്തി. ഗോരക്ഷാപദ്ധതിയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് മൃഗസംരക്ഷണവകുപ്പ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ അനുബന്ധ വകുപ്പുകളായ ക്ഷീരവികസനം, തദ്ദേശസ്വയംഭരണം, മിൽമ, പബ്ലിക് റിലേഷൻസ് എന്നിവയുടെ വകുപ്പുമേധാവികളുടെ യോഗംകൂടി നടപടികൾ സ്വീകരിച്ചു. കുത്തിവയ്പിന്റെ വിശദാംശങ്ങൾ ദിവസേന സംസ്ഥാനതലത്തിൽ ശേഖരിക്കുകയും ഉന്നതോദ്യോഗസ്ഥർക്ക് റിപ്പോർട്ട് നൽകുകയും ചെയ്തു. കൂടാതെ ഈ പദ്ധതിയെക്കുറിച്ച് സംസ്ഥാനതല ബോധവൽക്കരണത്തിന്റെ ഭാഗമായി അച്ചടി, ദൃശ്യശ്രവ്യ മാദ്ധ്യമങ്ങളിലൂടെ പരസ്യങ്ങളും ചർച്ചകളും നടത്തി.

ഗോരക്ഷാപദ്ധതിക്കുള്ള കോർപ്പസ് ഫണ്ട്

77 [4398] ശ്രീ. എ. എ. അസീസ് :

,, കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കി വരുന്ന ഗോരക്ഷാപദ്ധതിക്ക് കോർപ്പസ് ഫണ്ട് ഇനത്തിൽ എത്ര തുക ലഭ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) കോർപ്പസ് ഫണ്ടിനത്തിൽ ലഭിച്ചിട്ടുള്ള തുക എവിടെയാണ് നിക്ഷേപിക്കുന്നത്; പ്രസ്തുത തുകയുടെ വിനിയോഗം എങ്ങനെയാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഫണ്ടിന്റെ നിക്ഷേപം ട്രഷറിയിൽ നിക്ഷേപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 2004 ജൂലൈ മാസം മുതൽ 2006 ഒക്ടോബർ മാസംവരെ ആകെ 7,29,78,052 രൂപ ലഭ്യമായിട്ടുണ്ട്.

(ബി) കോർപ്പസ് ഫണ്ട് ഇനത്തിൽ ലഭിച്ചിട്ടുള്ള തുക ദേശസാൽകൃത ബാങ്കായ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ വികാസ് ഭവൻ ശാഖയിലാണ് നിക്ഷേപിക്കുന്നത്. ഇപ്പോൾ പ്രോജക്ട് കോ-ഓർഡിനേറ്ററുടേയും മിൽമാ മാനേജിംഗ് ഡയറക്ടറുടേയും സംയുക്ത അക്കൗണ്ടിലാണിത്. കോർപ്പസ് ഫണ്ടിൽ നിക്ഷേപിക്കുന്ന തുക, സാധാരണ പിൻവലിക്കാൻ സാദ്ധ്യമല്ലാത്ത സ്ഥിരനിക്ഷേപ അക്കൗണ്ടിലാണ്

നിക്ഷേപിച്ചിരിക്കുന്നത്. ഈ ഗോരക്ഷാപദ്ധതി തുടർന്ന് നടപ്പിലാക്കേണ്ടതിനാൽ ദേശീയ ക്ഷീരവികസന ബോർഡിന്റെ സഹായം അവസാനിക്കുന്ന മുറയ്ക്ക് പ്രസ്തുത ഫണ്ടിൽനിന്നും ലഭിക്കുന്ന പലിശ ഉപയോഗിച്ച് പദ്ധതി തുടർന്നും നടപ്പിലാക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. അഞ്ചു വർഷക്കാലത്തേക്കാണ് ഈ സഹായം.

(സി) ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

## കുന്നത്തുനാട്ടിലെ പഞ്ചായത്തുകളിൽ ഗോസുരക്ഷാപദ്ധതി

78 [4399] ശ്രീ. എം. എം. മോനായി: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ പഞ്ചായത്തുകളിൽ ഗോസുരക്ഷാ പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ?

### ഉത്തരം

ഗോസുരക്ഷാപദ്ധതിയുടെ അടുത്ത ഘട്ടത്തിൽ പരിഗണിക്കാവുന്നതാണ്. നിലവിൽ പാലക്കാട്, ആലപ്പുഴ ജില്ലകൾ മാത്രമേ ഈ പദ്ധതിയുടെ പരിധിയിൽ വരുന്നുള്ളൂ.

## കന്നുകാലി സമ്പത്തിന്റെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുവാൻ നടപടി

79 [4400] ശ്രീ. ജോസഫ് എം. പുതുശ്ശേരി :

,, തോമസ് ചാഴികാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുള്ള നാടൻ ഇനം കന്നുകാലികൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ ;

(ബി) ഏതൊക്കൊ സങ്കരയിനം കന്നുകാലികൾ സംസ്ഥാനത്ത് പരിപാലിക്കപ്പെടുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) വെച്ചൂർ പശു എന്ന ഇനത്തെ സംരക്ഷിക്കാൻ എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(ഡി) നമ്മുടെ കന്നുകാലി സമ്പത്തിന്റെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുവാൻ എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടുവരുന്നതെന്നു വിശദീകരിക്കുമോ ?

### ഉത്തരം

(എ) വെച്ചൂർ പശു ആണ് സംസ്ഥാനത്ത് അംഗീകരിക്കപ്പെട്ട നാടൻ കന്നുകാലി. കാസർഗോഡ് ഡ്വാർഫ്, വടകര ഡ്വാർഫ്, പാലക്കാടൻ പണിമൃഗങ്ങൾ എന്നീ നാടൻ ഇനങ്ങളും കേരളത്തിൽ നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ജേഴ്സി, ഹോൾസ്റ്റീൻഫ്രീഷ്യൻ, ബ്രൗൺസ്വിസ്സ്, സുനന്ദിനി എന്നീ വിദേശ ജനുസ്സുകളുടെ സങ്കരയിനം കന്നുകാലികളാണ് സംസ്ഥാനത്ത് പരിപാലിക്കപ്പെടുന്നത്.

(സി) കേരള കാർഷിക സർവ്വകലാശാലയിൽ ഇത് സംബന്ധിച്ച് ഒരു പദ്ധതി നടപ്പിലാക്കി വരുന്നു. ഈ വർഷം മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള കന്നുകാലി ഫാമിൽ ഇത്തരം വംശനാശം സംഭവിക്കുന്ന ഇനങ്ങളെ സംരക്ഷിക്കുവാൻ നടപടി സ്വീകരിക്കുന്നുണ്ട്.

(ഡി) കന്നുകാലി സമ്പത്തിന്റെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുവാൻ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു ;

(i) കൃത്രിമ ബീജ സങ്കലന പദ്ധതി

(ii) കന്നുകുട്ടി പരിപാലന പദ്ധതി

(iii) കർഷകർക്കുള്ള ബോധവൽക്കരണ പരിപാടികൾ

(iv) തീറ്റപ്പുൽക്കൃഷി പ്രചാരണം

(v) കന്നുകാലി രോഗ നിർമ്മാർജ്ജന പദ്ധതികൾ

(vi) ശാസ്ത്രീയമായ കന്നുകാലി പ്രജനനനയം.

(vii) പ്രീമിയം വിത്തുകാള പദ്ധതി

(viii) ഗോരേഖ പദ്ധതി

(ix) ഗുണമേന്മ കൂടിയ വിത്തുകാളകളുടെ ഇറക്കുമതി

## പശു ഗ്രാമം പദ്ധതി

80 [4401] ശ്രീ. എ. കെ. ശശീന്ദ്രൻ:

,, കെ. പി. മോഹനൻ:

,, പി. എം. എ. സലാം:

,, ജോസ് തെറ്റയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ക്ഷീരവികസന വകുപ്പിന്റെ പശുഗ്രാമം പദ്ധതി എന്താണെന്ന് വ്യക്തമാക്കാമോ ;

(ബി) പശുഗ്രാമം പദ്ധതിയിൽ അംഗങ്ങളാകുന്ന കർഷകർക്ക് പശുക്കളെ വാങ്ങുന്നതിനും തൊഴുത്ത് നിർമ്മിക്കുന്നതിനും ബാങ്കുകളിൽനിന്ന് വായ്പ അനുവദിക്കുന്നതിന് എന്തെല്ലാം നിബന്ധനകളാണുള്ളതെന്ന് വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് പാൽ ഉൽപ്പാദനവും അത്യുൽപ്പാദന ശേഷിയുള്ള പശുക്കളുടെ എണ്ണവും വർദ്ധിപ്പിക്കുന്നതിനും, ക്ഷീരമേഖലകളുടെ അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ധനസഹായം നൽകുകയാണ് 'പശുഗ്രാമം' പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. ഇതിനായി തെരഞ്ഞെടുക്കപ്പെട്ട 1709 ക്ഷീരകർഷകർക്ക് 2 പശുക്കൾ വീതവും 140 പേർക്ക് 4 പശുക്കൾ വീതവും 50 പേർക്ക് 10 പശുക്കൾ വീതവുമുള്ള ഡയറി യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും 1000 പേർക്ക് കന്നുക്കുട്ടി യൂണിറ്റ് സ്ഥാപിക്കുന്നതിനും ഉദ്ദേശിക്കുന്നു. കൂടാതെ 3000 ക്ഷീരകർഷകർക്ക് ഗർഭകാല കന്നുകാലിത്തീറ്റ നൽകുന്നതിനും 1000 ക്ഷീരകർഷകർക്ക് തൊഴുത്ത് നവീകരിക്കുന്നതിനും ധനസഹായം നൽകുന്നു. പട്ടികജാതി/പട്ടികവർഗ്ഗ, വിധവ, ബി. പി. എൽ., അഭ്യസ്ത വിദ്യരായ തൊഴിൽരഹിതർ എന്നിവർക്ക് ടി പദ്ധതിയുടെ ഗുണഭോക്താക്കളാകുന്നതിന് മുൻഗണന നൽകുന്നതാണ്.

(ബി) സാധാരണ കാർഷിക വായ്പകൾക്ക് ബാങ്കുകൾ ഏർപ്പെടുത്തിയിട്ടുള്ള നിബന്ധനകൾ ഈ വായ്പക്കും ബാധകമാണ്.

കൂടുതൽ കാലിത്തീറ്റ ഉൽപ്പാദിപ്പിക്കാൻ നടപടി

81 [4402] ശ്രീ. വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ കേരള ഫീഡ്സിൽ ഉൽപ്പാദിപ്പിക്കുന്ന കാലിത്തീറ്റ എന്തു വിലയ്ക്കാണ് ക്ഷീരകർഷകർക്ക് നൽകുന്നത് ;

(ബി) ഇതിനേക്കാൾ കുറഞ്ഞ വിലയ്ക്ക് ഗുണമേന്മയുള്ള കാലിത്തീറ്റ ഉൽപ്പാദിപ്പിച്ച് കർഷകർക്ക് നൽകുവാൻ നടപടിയെടുക്കുമോ;

(സി) കൂടുതൽ കാലിത്തീറ്റ ഉൽപ്പാദിപ്പിക്കുവാൻ എന്തെല്ലാം പദ്ധതികളുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരള ഫീഡ്സ് ഉൽപ്പാദിപ്പിക്കുന്ന "കേരള ഫീഡ്സ് ഓർഡിനറി" കാലിത്തീറ്റയ്ക്ക് 50 കി. ഗ്രാം ചാക്കിന് 380 രൂപയും "കേരള ഫീഡ്സ് സ്പെഷ്യൽ" കാലിത്തീറ്റയ്ക്ക് 50 കി. ഗ്രാം ചാക്കിന് 425 രൂപയുമാണ് പരമാവധി വിൽപ്പന വില.

(ബി) ഇതേ ഗുണമേന്മയുള്ള കാലിത്തീറ്റ ഇതിലും കുറഞ്ഞ വിലയ്ക്ക് ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുക അപ്രായോഗികമാണ്.

(സി) തെക്കൻ ജില്ലകളിലെ കാലിത്തീറ്റയുടെ ആവശ്യകത നിറവേറ്റുന്നതിനുവേണ്ടി തിരുവനന്തപുരം ജില്ലയിലും വടക്കൻ ജില്ലകളിലെ കാലിത്തീറ്റയുടെ ആവശ്യകത നിറവേറ്റുന്നതിനുവേണ്ടി മലബാർ മേഖലയിലും പുതിയ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

## പാലിന്റേയും ഇറച്ചിക്കോഴിയുടേയും ഉൽപ്പാദനം വർദ്ധിപ്പിക്കാൻ പദ്ധതി

82 [4403] ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി:
,, കെ. കുട്ടി അഹമ്മദ് കുട്ടി:
,, അബ്ദുറഹിമാൻ രണ്ടത്താണി:
,, വി. കെ. ഇബ്രാഹിം കുഞ്ഞ്:
,, സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാലിത്തീറ്റ, കോഴിത്തീറ്റ എന്നിവയുടെ ഉൽപ്പാദനം വർദ്ധിപ്പിച്ച് പാലിന്റേയും ഇറച്ചിക്കോഴിയുടേയും ഉൽപ്പാദനം വർദ്ധിപ്പിക്കാനുള്ള പദ്ധതിയുടെ പുരോഗതി വെളിപ്പെടുത്തുമോ ;

(ബി) സംസ്ഥാനത്ത് ഇവയുടെ ഉൽപ്പാദന നിരക്ക് കഴിഞ്ഞ രണ്ട് വർഷങ്ങളിൽ ഓരോന്നിലും എത്രയായിരുന്നുവെന്ന് വെളിപ്പെടുത്തുമോ;

(സി) ഇപ്പോൾ ഇവ സംസ്ഥാനത്തിനു വെളിയിൽനിന്നും ഓരോ വർഷവും എത്തിക്കുന്നതിന്റെ കണക്ക് വെളിപ്പെടുത്തുമോ ;

(ഡി) ഇക്കാര്യത്തിൽ സംസ്ഥാനം എന്നത്തേക്ക് സ്വയംപര്യാപ്തമാകുമെന്ന് അറിയിക്കുമോ ?

### ഉത്തരം

(എ) പൊതു മേഖലയിലേയും സഹകരണ മേഖലയിലേയും ഉൽപ്പാദന കേന്ദ്രങ്ങളുടെ ഉൽപ്പാദനശേഷി പരമാവധി പ്രയോജനപ്പെടുത്തിയും പുതിയ ഉൽപ്പാദന കേന്ദ്രങ്ങൾ ആരംഭിച്ചും കാലിത്തീറ്റ, കോഴിത്തീറ്റ എന്നിവ ആവശ്യാനുസരണം ഉൽപ്പാദിപ്പിച്ച് പാലിന്റേയും ഇറച്ചിക്കോഴിയുടേയും ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) കഴിഞ്ഞ രണ്ട് വർഷങ്ങളിലെ ഇവയുടെ ഉൽപ്പാദനത്തിന്റെ കണക്ക് താഴെക്കൊടുക്കുന്നു.

പാൽ

2003-04—12.8 %

2004-05—4.1 %

കാലിത്തീറ്റ (പൊതുമേഖല + സഹകരണമേഖല)

2004-05—236352 മെ.ടൺ

2005-06—258649 മെ. ടൺ

കോഴിത്തീറ്റ (പൊതുമേഖല)

2004-05—1509 മെ. ടൺ

2005-06—1832 മെ. ടൺ

LIBRARY ARCHIVES Kerala Legislative Assembly

(സി) കണക്ക് താഴെക്കൊടുക്കുന്നു:

പാൽ

മിൽമ 2004-05 വർഷം 625 ലക്ഷം ലിറ്ററും, 2005-06 വർഷം 500 ലിറ്ററും പാൽ അയൽ സംസ്ഥാനങ്ങളിൽനിന്നും വാങ്ങിയിട്ടുണ്ട്.

കാലിത്തീറ്റ

2004-05—6311 മെ. ടൺ

2005-06—20928 മെ. ടൺ

കോഴിത്തീറ്റ

2004-05—6866 മെ. ടൺ

2005-06—9063 മെ. ടൺ

(ഡി) 11-ാം പഞ്ചവത്സര പദ്ധതി പൂർത്തിയാകുമ്പോഴേയ്ക്കും സ്വയം പര്യാപ്തമാകുമെന്ന് പ്രതീക്ഷക്കുന്നു.

## അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പാലിന്റെ ഗുണനിലവാരം

83 [4404] ശ്രീ. എ. എ. അസീസ്:

,, കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അയൽ സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് എത്തുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പിന്റെ അതിർത്തി ചെക്ക് പോസ്റ്റുകളിൽ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; എങ്കിൽ എങ്ങനെയെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇല്ലെങ്കിൽ സർക്കാരിന് അധിക സാമ്പത്തികബാധ്യത ഇല്ലാത്ത നിലയിൽ പാൽ പരിശോധന കിറ്റുകൾ ചെക്കു പോസ്റ്റുകളിൽ വിതരണം ചെയ്യുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പാലിന്റെ ഗുണനിലവാര പരിശോധന പ്രിവൻഷൻ ഓഫ് ഫുഡ് അഡൾട്രേഷൻ ആക്ട് അനുസരിച്ച് സംസ്ഥാന ആരോഗ്യ വകുപ്പിലും മിൽക്ക് ആന്റ് മിൽക്ക് പ്രോഡക്ട് ഓർഡർ അനുസരിച്ച് ക്ഷീരവകുപ്പിലും നിക്ഷിപ്തമാണ്. അയൽ സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിൽ എത്തുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പിന്റെ അതിർത്തി ചെക്ക് പോസ്റ്റുകളിൽ പ്രത്യേക സംവിധാനങ്ങൾ ഇല്ല. എന്നാൽ ആരോഗ്യവകുപ്പിന്റെ കീഴിലുള്ള ഫുഡ് ഇൻസ്പെക്ടർമാർ ചെക്ക് പോസ്റ്റുകൾ ഉൾപ്പെടെ വിവിധകേന്ദ്രങ്ങളിൽ നിന്ന് പാൽ സാമ്പിളുകൾ ശേഖരിച്ച് പരിശോധിക്കാൻ അയയ്ക്കാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിശ്ചിത യോഗ്യതയും പരിശീലനവും ലഭിച്ചിട്ടുള്ള ഒരാൾക്കുമാത്രമേ ചെക്കു പോസ്റ്റുകളിൽ, പരിശോധന കിറ്റുകൾ വിതരണം ചെയ്താൽ പോലും, പാലിന്റെ ഗുണനിലവാര പരിശോധന നടത്താൻ സാധിക്കുകയുള്ളു. ഇതിന് അധിക തസ്തിക വേണമെന്നതിനാൽ സാമ്പത്തികബാധ്യത ഉണ്ട്. ആയതിനാൽ ഇപ്പോൾ പരിഗണിക്കുവാൻ നിർവാഹമില്ല.

മഞ്ചേശ്വരത്ത് കന്നുകാലി വളർത്തൽ ഫാമുകൾ ആരംഭിക്കുന്നതിനുള്ള നടപടി

84 [4405] ശ്രീ. സി. എച്ച്. കുഞ്ഞമ്പു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേശ്വരം നിയോജക മണ്ഡലത്തിൽ കന്നുകാലി വളർത്തൽ ഉപജീവന മാർഗ്ഗമാക്കിയ കർഷകരെ സംരക്ഷിക്കുന്നതിന് നിയോജക മണ്ഡലം കേന്ദ്രീകരിച്ച് കന്നുകാലി ഫാമുകൾ രൂപീകരിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ;

(സി) ഇല്ലെങ്കിൽ ഫാമുകൾ രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇത്തരം നിർദ്ദേശങ്ങളൊന്നും സർക്കാരിന്റെ പരിഗണനയിലില്ല. അപ്രകാരം ഒരു പദ്ധതി സർക്കാരിന്റെ പരിഗണനയ്ക്ക് വരുന്ന മുറയ്ക്ക് പരിശോധിക്കുന്നതായിരിക്കും.

(ബി) & (സി) ചോദ്യം ഉദിക്കുന്നില്ല.

ഐ. സി. ഡി. പി. സബ് സെന്ററുകൾവഴി നൽകിവരുന്ന മരുന്നുകൾ

85 [4406] ശ്രീ. എ. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ. സി. ഡി. പി. സബ് സെൻററുകൾവഴി ക്ഷീരകർഷകർക്ക് ഇപ്പോൾ നൽകിവരുന്ന മരുന്നുകൾ ഏതെല്ലാം രോഗങ്ങൾക്ക് ഉള്ളതാണ് ; വിലകുറഞ്ഞതും ഗുണമേന്മയുള്ളതുമായ കൂടുതൽ മരുന്നുകൾ വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) തൃശ്ശൂർ ജില്ലയിൽ ഇപ്രകാരം കൂടുതൽ മരുന്നുകൾ വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പ്രാഥമിക ശുശ്രൂഷയ്ക്ക് ആവശ്യമായ മരുന്നുകളാണ് ഐ. സി. ഡി. പി. സബ്സെന്ററുകൾവഴി ഇപ്പോൾ ക്ഷീരകർഷകർക്ക് നൽകുന്നത്. വില കുറഞ്ഞതും ഗുണമേന്മയുള്ളതുമായ കൂടുതൽ മരുന്നുകൾ വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) ഉദ്ദേശിക്കുന്നുണ്ട്.

ഡി. ഇ. ഒ. തസ്തികകൾ എ. ഡി. തസ്തികയിലേക്ക് ഉയർത്താനുള്ള ശുപാർശ

86 [4407] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷീരവികസന വകുപ്പിൽ എട്ടാം ശമ്പള പരിഷ്ക്കരണ റിപ്പോർട്ട് പ്രകാരം പതിനാല് ഡി. ഇ. ഒ./റ്റി. എ. തസ്തികകൾ എ. ഡി. തസ്തികയിലേക്ക് ഉയർത്തുന്നതിനുള്ള ശുപാർശ സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ബി) ഡി. ഇ. ഒ./റ്റി. എ. തസ്തികകൾ എ. ഡി. തസ്തികയിലേക്ക് ഉയർത്തുകയാണെങ്കിൽ പതിനാല് ഡി. ഇ. ഒ. തസ്തികകൾ ഇല്ലാതാകുമെന്നുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് ;

(സി) ഡി. ഇ. ഒ. തസ്തികകൾ നിലനിർത്തികൊണ്ട് മാത്രം ശമ്പള പരിഷ്ക്കരണത്തിലെ ശുപാർശകൾ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(ഡി) ഡി. ഇ. ഒ. തസ്തികകളിൽ കുറവ് വരുത്തുന്നത് അടിസ്ഥാനതലത്തിൽ കർഷകരുമായി നേരിട്ട് ബന്ധമുള്ള ഉദ്യോഗസ്ഥരുടെ അഭാവം ഉണ്ടാക്കുമെന്നതും വികസനപ്രവർത്തനങ്ങളിൽ കാര്യമായ വീഴ്ച ഉണ്ടാകുമെന്നുമുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇതു പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വകുപ്പിലെ ഡി. ഇ. ഒ. തസ്തികകൾ ആകെ 182 ആണ്. ഇതിൽ 14 ക്ഷീരവികസന ഓഫീസർ തസ്തികകൾ ടെക്നിക്കൽ അസിസ്റ്റന്റ്, അസിസ്റ്റന്റ് ഡയറക്ടർ ആയി ഉയർത്തുന്നതിനുള്ള 8-ാം ശമ്പളക്കമ്മീഷന്റെ ശുപാർശ സർക്കാരിന്റെ പരിഗണനയിലുണ്ട്.

(ബി) 14 ക്ഷീരവികസന ഓഫീസർ തസ്തികകൾ അസിസ്റ്റന്റ് ഡയറക്ടർ ഗ്രേഡിൽ ഉയർത്തുകയാണെങ്കിൽ 14 ക്ഷീരവികസന ഓഫീസർമാർക്ക് ഈ തസ്തികയിലേക്ക് (സീനിയറായ 14 പേർക്ക്) സ്ഥാനക്കയറ്റം ലഭിക്കുകയും ഫീൽഡ് ലവൽ ഓഫീസർമാരുടെ പ്രവർത്തനം കാര്യക്ഷമമായി മേൽനോട്ടം നടത്തി നിർവ്വഹിക്കുവാനും സാധിക്കുന്നതാണ്.

(സി) ടി നിർദ്ദേശം അധിക സാമ്പത്തിക ബാദ്ധ്യത വരുത്തുമെന്നതിനാൽ നിർവ്വാഹമില്ല.

(ഡി) & (ഇ) അടിസ്ഥാനതലത്തിൽ കർഷകരുമായി നേരിട്ട് ബന്ധമുള്ള ഉദ്യോഗസ്ഥരുടെ അഭാവവും വികസന പ്രവർത്തനങ്ങളിൽ വീഴ്ചയും ഉണ്ടാകാത്ത രീതിയിലുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ഡയറി ഫാം ഇൻസ്പെക്ടർമാരുടെ ഒഴിവുകൾ

87 [4408] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷീര വികസനവകുപ്പിൽ ഡയറി ഫാം ഇൻസ്പെക്ടർമാരുടെ എത്ര ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ക്ഷീരവികസന വകുപ്പിന്റെ കീഴിലുള്ള ക്ഷീരകർഷക ക്ഷേമനിധി ബോർഡിൽ വർക്കിംഗ് അറേഞ്ച്മെന്റായി എത്ര പേർ ജോലി ചെയ്യുന്നുണ്ടെന്നുള്ള വിവരം കാറ്റഗറി തിരിച്ചു ലഭ്യമാക്കുമോ ;

(സി) കേരളത്തിൽ ധാരാളം ക്ഷീരവികസന യൂണിറ്റുകളിൽ ഡയറി ഫാം ഇൻസ്പെക്ടർമാരുടെ കുറവുണ്ടായിരിക്കുമ്പോൾ ഡി. എഫ്. ഐ. മാരായി ജോലി ചെയ്യുന്നതിന് പ്രത്യേക പരിശീലനം ലഭിച്ചവർ വർക്കിംഗ് അറേഞ്ച്മെന്റായി അവരുടെ സൗകര്യാർത്ഥം മറ്റ് ആഫീസുകളിൽ ജോലി ചെയ്യുന്നുണ്ടെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതു പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ക്ഷീര വികസന വകുപ്പിൽ ഡയറി ഫാം ഇൻസ്പെക്ടർ എന്ന തസ്തിക നിലവിലില്ല. ഡയറി ഫാം ഇൻസ്ട്രക്ടർ എന്ന തസ്തികയാണുള്ളത്. ഈ തസ്തികയിൽ 60 ഒഴിവുകൾ നിലവിലുണ്ട്.

(ബി) ക്ഷീരകർഷക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനത്തിനായി രണ്ട് ക്ഷീരവികസന ഓഫീസർമാർ, നാല് ഡയറി ഫാം ഇൻസ്ട്രക്ടർ, രണ്ട് എൽ.ഡി. ക്ലാർക്ക്, ഒരു എൽ.ഡി. ടൈപ്പിസ്റ്റ്, ഒരു ശിപായി എന്നിവരെ സ്പെഷ്യൽ ഡ്യൂട്ടിയിൽ നിയോഗിച്ചിട്ടുണ്ട്. വർക്കിംഗ് അറേഞ്ച്മെന്റിൽ ആരെയും നിയമിച്ചിട്ടില്ല.

(സി) ജോലിഭാരം കൂടുതലുള്ള മൂന്നുക്ഷീര വികസന യൂണിറ്റുകളിൽ നാല് ഡയറിഫാം ഇൻസ്ട്രക്ടർമാരെ മൂന്നുമാസക്കാലത്തേയ്ക്ക് സ്പെഷ്യൽ ഡ്യൂട്ടിയിൽ നിയോഗിച്ചിട്ടുണ്ട്. വർക്കിംഗ് അറേഞ്ച്മെന്റിൽ ആരെയും നിയമിച്ചിട്ടില്ല.

(ഡി) നിലവിലുള്ള ഒഴിവുകൾ, പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സ്പെഷ്യൽ ഡ്യൂട്ടിക്ക് നിയമിക്കപ്പെട്ടിരിക്കുന്ന ഡയറിഫാം ഇൻസ്പെക്ടർമാരെ കാലാവധി കഴിയുമ്പോൾ അവരവരുടെ ഓഫീസുകളിലേയ്ക്ക് മടക്കി അയയ്ക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ മൃഗാശുപത്രികൾ

88 [4409] ശ്രീ. എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എല്ലാ ഗ്രാമ പഞ്ചായത്തുകളിലും മൃഗാശുപത്രികളുണ്ടോ ;

(ബി) എത്ര ഗ്രാമ പഞ്ചായത്തുകളിൽ മൃഗാശുപത്രികൾ ഇല്ലെന്നു പറയുമോ ;

(സി) അത്തരം ഗ്രാമപഞ്ചായത്തുകളിൽ മൃഗാശുപത്രികൾ ആരംഭിക്കുന്നതിനുള്ള മുൻഗണനാക്രമം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ചിറക്കര, കുമിൾ, കോരുതോട്, ദേവികുളം, തെങ്കര, മുളവന്നൂർ, താമന്നൂർ എന്നീ ഏഴ് പഞ്ചായത്തുകളിൽ മൃഗാശുപത്രികൾ ഇല്ല.

(സി) അപ്രകാരം മുൻഗണനാക്രമത്തിന് രൂപം നൽകിയിട്ടില്ല. എന്നാൽ കർഷകരുടെയും തദ്ദേശ ഭരണസ്ഥാപനങ്ങളുടെയും താല്പര്യപ്രകാരം എല്ലാ പഞ്ചായത്തുകളിലും മൃഗ ചികിൽസാ സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശമുണ്ട്.

വളർത്തുമൃഗങ്ങളിലെ സാംക്രമികരോഗങ്ങളെ സംബന്ധിച്ച പഠനം

89 [4410] ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സർക്കാർ പുതുതായി എത്ര മൃഗാശുപത്രികൾ ആരംഭിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) വളർത്തുമൃഗങ്ങളുടെ എണ്ണം പെരുകി വരുന്ന സാഹചര്യത്തിൽ ഇവയിലൂടെ പടർന്നുപിടിക്കുന്ന മാരകമായ സാംക്രമികരോഗങ്ങളെ സംബന്ധിച്ച് ഫലപ്രദമായ പഠനം നടക്കുന്നുണ്ടോ;

(സി) വളർത്തുമൃഗങ്ങളുടെ ആകെ എണ്ണം ഇനം തിരിച്ച് ബന്ധപ്പെട്ട വകുപ്പിൽ ലഭ്യമാണോ ?

ഉത്തരം

(എ) കഴിഞ്ഞ സർക്കാർ പുതുതായി 23 മൃഗാശുപത്രികൾ ആരംഭിച്ചു.

(ബി) കാലാകാലങ്ങളിൽ, വകുപ്പുതലത്തിൽ ഇക്കാര്യത്തിൽ പഠനം നടത്തുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ലഭ്യമാണ്.

| | | |
|---|---|---|
| കന്നുകാലികൾ | - | 2122453 എണ്ണം. |
| എരുമ | - | 64618 എണ്ണം. |
| ആട് | - | 1213173 എണ്ണം. |
| ചെമ്മരിയാട് | - | 3631 എണ്ണം. |
| പന്നി | - | 76452 എണ്ണം. |
| പട്ടി | - | 1131035 എണ്ണം. |
| മറ്റുള്ളവ | - | 1069 എണ്ണം. |
| ആന | - | 942 എണ്ണം. |
| **പക്ഷികൾ** | | |
| മുട്ടക്കോഴി | - | 10991832 എണ്ണം. |
| ഇറച്ചിക്കോഴി | - | 2197002 എണ്ണം. |
| താറാവ് | - | 660609 എണ്ണം. |
| മറ്റുപക്ഷികൾ | - | 563321 എണ്ണം. |

## മൃഗാശുപത്രികൾക്ക് കെട്ടിടം നിർമ്മിക്കാൻ ധന സഹായം

90 [4411] ശ്രീ. ബാബു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൃഗാശുപത്രികൾക്ക് കെട്ടിടം നിർമ്മിക്കാൻ മൃഗസംരക്ഷണവകുപ്പ് ഏതെങ്കിലും വിധത്തിലുള്ള ധനസഹായം നൽകുന്നുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്നും അതിനാവശ്യമായ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഈ സാമ്പത്തിക വർഷം മൃഗാശുപത്രികളുടെ നിർമ്മാണപ്രവർത്തനങ്ങൾക്ക് ധനസഹായം നൽകാൻ തുക വകയിരുത്തിയിട്ടില്ല.

(ബി) ബാധകമല്ല.

## വളർത്തുമൃഗങ്ങളിലെ പകർച്ചവ്യാധികൾ തടയുന്നതിനുള്ള നടപടി

91 [4412] ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വളർത്തുമൃഗങ്ങളിൽ കണ്ടുവരുന്ന പകർച്ചവ്യാധികൾ തടയുന്നതിന് എന്തെല്ലാം പദ്ധതികളാണ് സർക്കാർ ഇപ്പോൾ നടപ്പിലാക്കുന്നത്;

(ബി) മൃഗസംരക്ഷണമേഖലയിൽ രോഗപ്രതിരോധപ്രവർത്തനത്തിനായി എന്തെല്ലാം ഗവേഷണപ്രവർത്തനങ്ങളാണ് നടക്കുന്നത് എന്ന് വ്യക്തമാക്കാമോ?



LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1. ഗോരക്ഷ (അനിമൽ ഡിസീസ് കൺട്രോൾ പ്രോജക്ട് ADCP 11 ജില്ലകൾക്ക് NDDB സഹായ പദ്ധതി.)

2. കുളമ്പുരോഗ നിയന്ത്രണ പദ്ധതി (FMD-CP) 100% കേന്ദ്രാവിഷ്കൃതം

3. അസ്കാഡ്-75% കേന്ദ്രാവിഷ്കൃതം

4. മൃഗചികിത്സാ സേവനങ്ങൾ ശക്തിപ്പെടുത്തൽ—സംസ്ഥാനാവിഷ്കൃത പദ്ധതി.

5. ബയോളജിക്കൽ പ്രൊഡക്ഷൻ കോംപ്ലക്സിന്റെ വികസനം-സംസ്ഥാനാവിഷ്കൃത പദ്ധതി.

6. ദേശീയ കാലിവസന്ത നിർമ്മാർജ്ജന പദ്ധതി—100% കേന്ദ്രാവിഷ്കൃതം

(ബി) പാലോട് പ്രവർത്തിക്കുന്ന വെറ്ററിനറി ബയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ പുതിയ പ്രതിരോധ വാക്സിൻ ഉല്പാദനം, രോഗപരിശോധനയ്ക്ക് സഹായിക്കുന്ന റീ ഏജന്റ്, രോഗ പരിശോധനാകിറ്റുകൾ എന്നിവയുടെ ഉല്പാദനത്തിൽ ഗവേഷണം നടത്തി വരുന്നു. കുളമ്പുരോഗ പ്രതിരോധകുത്തിവയ്പ്പ് ഫലപ്രദമാണോ എന്ന് സ്ഥിരീകരിക്കുന്നതിനായി 'സീറോ മോണിറ്ററിംഗ്' പ്രവർത്തനം നടത്തിവരുന്നു. കണ്ണൂർ, പാലക്കാട്, പത്തനംതിട്ട, തിരുവനന്തപുരം ജില്ലകളിൽ മേഖലാ രോഗ നിർണ്ണയ ലബോറട്ടറികളും അവിടെ വിവിധ രോഗങ്ങളെപ്പറ്റിയുള്ള പഠനങ്ങളും നടത്തിവരുന്നു.

## സമ്പദ് ഘടനയിൽ മൃഗസംരക്ഷണ മേഖലയുടെ സംഭാവനകൾ

92 [4413] ശ്രീ. രാജാജി മാത്യു തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിന്റെ സമ്പദ് ഘടനയിൽ മൃഗസംരക്ഷണമേഖല നൽകുന്ന സംഭാവനയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) മൃഗസംരക്ഷണമേഖലയിലെ രോഗബാധ, രോഗപ്രതിരോധസംവിധാനം, മികച്ച വളർത്തുമൃഗങ്ങളുടെ ഉല്പാദനവും സംരക്ഷണവും എന്നിവ സംബന്ധിച്ച് സംസ്ഥാനത്തിനാവശ്യമായ പഠന ഗവേഷണ സംവിധാനങ്ങൾ, വിദഗ്ദ്ധർ തുടങ്ങിയവ ഇപ്പോൾ ലഭ്യമാണോ;

(സി) എങ്കിൽ അതിന്റെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കാമോ?

ഉത്തരം

(എ) പാൽ, മുട്ട, മാംസം എന്നിവയുടെ ഉൽപാദനത്തിലൂടെയും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലൂടെയും പ്രതിശീർഷ വരുമാനം വർദ്ധിപ്പിക്കുന്നതിലൂടെയും സംസ്ഥാനത്തിന്റെ സമ്പദ് ഘടന സംപുഷ്ടമാക്കുന്നതിൽ മൃഗസംരക്ഷണമേഖല ശ്രദ്ധേയമായ സംഭാവനകൾ നല്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആന്റ് (സി) ഒരു പരിധി വരെ ലഭ്യമാണ്; ഈ മേഖലയിലെ ഗവേഷണങ്ങളിൽ ഏറിയപങ്കും കാർഷിക സർവ്വകലാശാല മുഖേനയാണ് നടത്തിവരുന്നത്. രോഗ നിർണ്ണയലാബുകളുടെയും പഠന ഗവേഷണ സൗകര്യങ്ങളുടെയും അപര്യാപ്തതയും പരിശീലനം ലഭിച്ച സ്പെഷ്യലിസ്റ്റുകളുടെ അഭാവവും വകുപ്പ് അഭിമുഖീകരിക്കുന്നുണ്ട്.

വെറ്ററിനറി സർവ്വകലാശാല സ്ഥാപിക്കുന്നതിന് നടപടി

93 [4414] പ്രൊ. എൻ. ജയരാജ് :
ശ്രീ. സി. എഫ്. തോമസ് :
,, തോമസ് ഉണ്ണിയാടൻ: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേരളത്തിൽ വെറ്ററിനറി സർവ്വകലാശാല സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

ഉത്തരം

സംസ്ഥാനത്ത് ഒരു വെറ്ററിനറി സർവ്വകലാശാല രൂപികരിക്കുന്നതിനെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഏഴ് അംഗങ്ങളുള്ള ഒരു ടാസ്ക് ഫോഴ്സ് സർക്കാർ രൂപീകരിച്ചിരുന്നു. മൃഗസംരക്ഷണ വകുപ്പ് സെക്രട്ടറിയെ അധിക ചുമതല നൽകി വെറ്ററിനറി സർവ്വകലാശാല സ്ഥാപിക്കുന്നതിന് തുടർനടപടികൾ സ്വീകരിക്കുന്നതിനുള്ള സ്പെഷ്യൽ ഓഫീസറായി സർക്കാർ നിയമിച്ചിട്ടുണ്ട്. കാർഷിക സർവ്വകലാശാലയിലെ ജീവനക്കാരുടെ ഘടന, ആസ്തി, ബാദ്ധ്യത എന്നിവ സംബന്ധിച്ച് ഒരു റിപ്പോർട്ട് സമർപ്പിക്കുവാൻ രജിസ്ട്രാറോട് ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

വെറ്ററിനറി പോളിക്ലിനിക്കുകൾ ആരംഭിക്കുന്നതിനുള്ള നടപടി

94 [4415] ശ്രീ. എ. എ. അസീസ് :
,, കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വെറ്ററിനറി പോളിക്ലിനിക്കുകൾ ഇല്ലാത്ത താലൂക്കുകൾ ഉണ്ടോ; എങ്കിൽ അവ ഏതെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(ബി) കന്നുകാലികൾ കൂടുതലുള്ള ഇരവിപുരം നിയോജകമണ്ഡലത്തിൽ വെറ്ററിനറി പോളിക്ലിനിക്ക് തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് 13 താലൂക്കുകളിൽ വെറ്ററിനറി പോളിക്ലിനിക്കുകൾ ഇല്ല. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

1. തിരുവനന്തപുരം-1, ചിറയിൻകീഴ്.
2. കൊല്ലം-3, കൊട്ടാരക്കര, കുന്നത്തൂർ, കരുനാഗപ്പള്ളി.
3. കോട്ടയം-1 വൈക്കം
4. പത്തനംതിട്ട-1 മല്ലപ്പള്ളി
5. ഇടുക്കി-1 പീരുമേട്.
6. എറണാകുളം-2 കോതമംഗലം, കുന്നത്തുനാട്.
7. തൃശ്ശൂർ-1 ചാവക്കാട്.
8. മലപ്പുറം-2 തിരൂരങ്ങാടി, നിലമ്പൂർ.
9. കാസർഗോഡ്-1 ഹോസ്ദുർഗ്ഗ്.

(ബി) അനുഭാവപൂർവ്വം പരിഗണിക്കുന്നതാണ്.

## മൃഗങ്ങളെ പരസ്യമായി കശാപ്പു ചെയ്യുന്നത് തടയാൻ നടപടി

95 [4416] ശ്രീ. വി. എൻ. വാസവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ മിക്ക ഭാഗങ്ങളിലും മൃഗങ്ങളെ പരസ്യമായി മാംസത്തിന് വേണ്ടി കശാപ്പുചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് തടയാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിശദമാക്കാം. കശാപ്പുശാലകൾ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലാണ് പ്രവർത്തിക്കുന്നത്. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിന്റെ പരിധിയിൽ 1996-ലെ കശാപ്പുശാലകളും ഇറച്ചിക്കടകളും ചട്ടങ്ങൾ പ്രകാരമാണ് ഈ വിഷയം നിയന്ത്രിക്കുന്നത്. കശാപ്പുശാലകളുടെ ലൈസൻസിംഗ്, അവയുടെ സ്ഥാനം, കശാപ്പുകാരുടെ ലൈസൻസിംഗ്, കശാപ്പുസമയത്ത് മറ്റുള്ളവരുടെ പ്രവേശനം നിരസിക്കൽ, പരിശോധന, മുദ്രവെയ്ക്കൽ തുടങ്ങി എല്ലാ കാര്യങ്ങളും ഈ നിയമത്തിൽ പ്രതിപാദിക്കുന്നുണ്ട്.

## കണ്ണൂരിലെ കോഴി വളർത്തൽ കേന്ദ്രം

96 [4417] ശ്രീ. എം. പ്രകാശൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂരിൽ നിലവിലുള്ള മുണ്ടയാട് കോഴി വളർത്തൽ കേന്ദ്രത്തിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത സ്ഥാപനം ഇന്നത്തെ സ്ഥിതിയിലാവാൻ കാരണമെന്താണെന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത സ്ഥാപനം പുനരുജ്ജീവിപ്പിക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മുണ്ടയാട് കോഴി വളർത്തൽ കേന്ദ്രത്തിൽ കോഴികളുടെ മാതൃപിതൃശേഖരത്തെ വളർത്തുകയും മേൽത്തരം കോഴിക്കുഞ്ഞുങ്ങളെ ഉൽപാദിപ്പിച്ച് പൊതുജനങ്ങൾക്ക് വിതരണം നടത്തുകയും ചെയ്യുന്നു. 7000 കോഴികളെ വളർത്താനുള്ള സൗകര്യമാണ് ഇപ്പോൾ ഇവിടെയുള്ളത്. അതിൽ 4361 കോഴികൾ ഇപ്പോഴുണ്ട്. ഓരോ ആഴ്ചയിലും ഏകദേശം 1000 കോഴിക്കുഞ്ഞുങ്ങളെ ഉൽപാദിപ്പിക്കുന്നുണ്ട്. ഡിസംബർ മാസത്തോടെ പ്രതിവാര ഉൽപാദനം 3200 ആയിത്തീരും.

(ബി) കർഷകർക്ക് മേൻമയുള്ള കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുക, കോഴി വളർത്തലിൽ ആവശ്യമായ ഗവേഷണങ്ങൾ നടത്തുക എന്നീ സ്ഥാപിത ലക്ഷ്യത്തോടെയുള്ള പ്രവർത്തനത്തിന്റെ ഫലമായും മേൽത്തരം കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് വിതരണം ചെയ്യാൻ കഴിയുന്നു

(സി) സ്വീകരിച്ചുവരുന്നു.

## തൃശ്ശൂർ ജില്ലയിലെ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ ഒഴിവുകൾ

97 [4418] ശ്രീ. എ. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിൽ ഇപ്പോൾ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ട് ;

(ബി) പ്രസ്തുത തസ്തികയിൽ നിയമനം നടത്തുന്നതിന് പി. എസ്. സി. ലിസ്റ്റ് നിലവിലുണ്ടോ; ഇല്ലെങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 14 ഒഴിവുകൾ നിലവിലുണ്ട്.

(ബി) ഇല്ല. ആറ് ഒഴിവുകൾ പി. എസ്. സി.യ്ക്ക് റിപ്പോർട്ട് ചെയ്തു കഴിഞ്ഞു. ബാക്കി 8 ഒഴിവുകൾകൂടി പി. എസ്. സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

## മത്സ്യബന്ധനത്തിനായുള്ള ബോട്ടുകളുടെ സറിശേഷത

98 [4419] ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 99 മുതൽ 112 വരെ കുതിരശക്തിയുള്ള എൻജിനുകൾ ഘടിപ്പിച്ച മത്സ്യ ബന്ധന ബോട്ടുകൾ കടലിലിറക്കാൻ യോജിച്ചവയല്ലെന്ന് കോടതി പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) ഇതിനെ മറികടന്ന് ഇത്തരം ബോട്ടുകൾ കടലിൽ പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഈ വർഷം ഇത്തരത്തിലുള്ള എത്ര ബോട്ടുകൾ കടലിൽ മുങ്ങിയെന്നും പ്രസ്തുത സംഭവങ്ങളിൽ എത്രപേർ മരിക്കുകയും എത്രപേർക്ക് ക്ഷതമേൽക്കുകയും ഉണ്ടായെന്നും വ്യക്തമാക്കുമോ ;

(ഡി) ഇത്തരം ബോട്ടുകൾ ഇൻഷ്വർ ചെയ്യാൻ കഴിയുമോ എന്ന് അറിയിക്കുമോ ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

(സി) ഈ വർഷം ഇത്തരം എഞ്ചിൻ ഘടിപ്പിച്ച ബോട്ടുകൾ കടലിൽ മുങ്ങിയതായോ, മത്സ്യത്തൊഴിലാളികൾക്ക് ക്ഷതം സംഭവിച്ചതായോ റിപ്പോർട്ട് ചെയ്തിട്ടില്ല.

(ഡി) സംസ്ഥാന മത്സ്യവകുപ്പു വഴി ഇത്തരം ബോട്ടുകൾക്ക് ഇൻഷ്വറൻസ് പദ്ധതികളൊന്നും ഇപ്പോൾ നടപ്പിലാക്കുന്നില്ല.

## മത്സ്യ കർഷക ഏജൻസികൾ

99 [4420] ശ്രീ. സി. പി. മുഹമ്മദ്:
,, എം. മുരളി:
,, ജോർജ് മേഴ്സിയർ:
,, ടി. എൻ. പ്രതാപൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര മത്സ്യ കർഷക ഏജൻസികൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഏജൻസികൾ എവിടെയെല്ലാമാണെന്ന വിവരം ലഭ്യമാക്കുമോ ;

(സി) പ്രസ്തുത ഏജൻസികളുടെ പ്രവർത്തനങ്ങൾ വിശദമാക്കുമോ ;

(ഡി) ഏജൻസികൾവഴി നൽകുന്ന മത്സ്യകുഞ്ഞുങ്ങൾക്ക് വില ഈടാക്കാറുണ്ടോ ;

(ഇ) ഈ ഏജൻസികൾ ഉല്പാദിപ്പിക്കുന്ന മത്സ്യങ്ങൾക്ക് വില ലഭിക്കുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്തെ 14 ജില്ലകളിലും ഓരോ ശുദ്ധജല മത്സ്യകർഷക വികസന ഏജൻസിയും അതിനോടൊപ്പം ആറ് ഓരുജല മത്സ്യ കർഷക വികസന ഏജൻസികളും പ്രവർത്തിക്കുന്നുണ്ട്.

(ബി) ശുദ്ധ ജല മത്സ്യകർഷക വികസന ഏജൻസികൾ

(1) തിരുവനന്തപുരം

(2) കൊല്ലം

(3) ആലപ്പുഴ

(4) കോട്ടയം

(5) പത്തനംതിട്ട

(6) എറണാകുളം

(7) ഇടുക്കി

(8) തൃശ്ശൂർ

(9) പാലക്കാട്

(10) മലപ്പുറം

(11) കോഴിക്കോട്

(12) വയനാട്

(13) കണ്ണൂർ

(14) കാസർഗോഡ്.

ഓരുജല മത്സ്യകർഷക വികസന ഏജൻസികൾ

(1) കൊല്ലം

(2) ആലപ്പുഴ

(3) എറണാകുളം

(4) തൃശ്ശൂർ

(5) കോഴിക്കോട്

(6) കണ്ണൂർ.

(സി) ശുദ്ധജല/ഓരുജല മത്സ്യകൃഷി വ്യാപിപ്പിക്കുന്നതോടൊപ്പം കൃഷിക്കുള്ള പരിശീലനവും പ്രോത്സാഹനവും സാമ്പത്തിക സാങ്കേതിക സഹായവും ഈ ഏജൻസികൾ മുഖേന നല്കിവരുന്നു. ഇവ കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തിയാണ്

പ്രവർത്തിക്കുന്നത്. ഇതിനാവശ്യമായ ഫണ്ട് 75% കേന്ദ്ര സർക്കാരും 25% സംസ്ഥാന സർക്കാരും വഹിക്കുന്നു. കേന്ദ്ര സർക്കാർ നിബന്ധനകൾക്കു വിധേയമായിട്ടാണ് ഈ ഏജൻസികൾ പ്രവർത്തിക്കുന്നത്. അതാത് ജില്ലാ കളക്ടർമാരാണ് ശുദ്ധ ജല മത്സ്യ കർഷക വികസന ഏജൻസികളുടെ ചെയർമാൻ. കൊല്ലം ജില്ലാ ഓരുജല മത്സ്യകർഷക വികസന ഏജൻസിയുടെ കീഴിൽ ഒരു ചെമ്മീൻ ഹാച്ചറി പ്രവർത്തിക്കുന്നുണ്ട്.

(ഡി) ആദ്യ പ്രാവശ്യം ഏജൻസികൾ നല്കുന്ന മത്സ്യകുഞ്ഞുങ്ങൾക്ക് വില ഈടാക്കാറില്ല. രണ്ടാം പ്രാവശ്യം മുതൽ വില ഈടാക്കാറുണ്ട്.

(ഇ) ഈ ഏജൻസികൾ മത്സ്യ ഉല്പാദനം നടത്തുന്നില്ല. കർഷകർക്ക് മത്സ്യ കൃഷി ചെയ്യുന്നതിനുള്ള സാങ്കേതികവും സാമ്പത്തികവുമായ സഹായങ്ങൾ മാത്രമാണ് നല്കുന്നത്.

## ഫിഷറീസ് മേഖലയിലെ കുടിവെള്ള പദ്ധതികൾ

100 [4121] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് ഫിഷറീസ് മേഖലയിൽ എത്ര കുടിവെള്ള പദ്ധതികൾക്ക് അംഗീകാരം നല്കിയിട്ടുണ്ടെന്നുള്ളതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) ഇതിൽ പണി പൂർത്തീകരിച്ചതും അല്ലാത്തവയുമായ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ ?

## ഉത്തരം

(എ) തീരസമൃദ്ധി പദ്ധതിയിൽ ഉൾപ്പെടുത്തി 19 പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| | ജില്ല | എണ്ണം |
|---|---|---|
| 1. | തിരുവനന്തപുരം | 3 |
| 2. | കൊല്ലം | 2 |
| 3. | ആലപ്പുഴ | 2 |
| 4. | എറണാകുളം | 5 |
| 5. | തൃശ്ശൂർ | 1 |
| 6. | മലപ്പുറം | 1 |
| 7. | കോഴിക്കോട് | 1 |
| 8. | കണ്ണൂർ | 2 |
| 9. | കാസർഗോഡ് | 2 |

(ബി) ഇവയിൽ 8 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. 5 എണ്ണത്തിന്റെ പണി പുരോഗമിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

## വിഷൻ 2010-ന്റെ കീഴിൽ മത്സ്യബന്ധന മേഖലയിലെ പദ്ധതികൾ

101 [4422] ശ്രീ. സി. എച്ച്. കുഞ്ഞമ്പു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഷൻ 2010 പദ്ധതിയിൽപ്പെടുത്തി സംസ്ഥാനത്തെ ഫിഷറീസ് മേഖല യുടെ വികസനത്തിനായി അധിക കേന്ദ്രസഹായം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) തീരദേശത്ത് വീടുകൾ നിർമ്മിക്കുന്ന പദ്ധതിക്ക് അനുവാദം ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇതിന്റെ മൊത്തം അടങ്കൽ തുക എത്രയെന്ന് അറിയിക്കുമോ;

(ഡി) ഈ പദ്ധതി എവിടെയൊക്കെ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഇ) ഈ പദ്ധതിയുടെ ഘടകങ്ങൾ ഏതൊക്കെയാണെന്ന കാര്യം വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്

(ബി) വീടുകൾ കൂടി ഉൾപ്പെടുന്ന കോസ്റ്റൽ പുര എന്നപദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അനുവാദം ലഭിച്ചിട്ടുണ്ട്.

(സി) കോസ്റ്റൽ പുര എന്ന പദ്ധതിയുടെ മൊത്തം അടങ്കൽ തുക ഒരു കോടി രൂപയാണ്. ഇതിൽ 40 ലക്ഷം രൂപ ഭവനനിർമ്മാണത്തിനും വീട് റിപ്പയറിംഗിനുമായി നീക്കിവച്ചിട്ടുണ്ട്.

(ഡി) കോസ്റ്റൽപുര എന്ന പദ്ധതി കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം, മംഗൽപ്പാടി എന്നീ മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഇ) കോസ്റ്റൽപുര എന്ന പദ്ധതിയിൽ ഭവന നിർമ്മാണം, സ്ഥലം വാങ്ങി വീട് നിർമ്മാണം, വീട് റിപ്പയർ, കുടിവെള്ള പദ്ധതി, റോഡ് നിർമ്മാണം എന്നീ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

## മത്സ്യത്തൊഴിലാളികൾക്കുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ

102 [4423] ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്ക് എന്തെല്ലാം കേന്ദ്രാവിഷ്കൃത പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്കു വേണ്ടി താഴെപ്പറയുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളാണ് നിലവിലുള്ളത്.

(1) എച്ച്. എസ്. ഡി. ഓയിലിന് റിബേറ്റ് നൽകാനുള്ള പദ്ധതി (80% കേന്ദ്ര സഹായം)

(2) കൈപ്പുസ്തകങ്ങളുടെ പ്രസിദ്ധീകരണത്തിനുള്ള പദ്ധതി (80% കേന്ദ്ര സഹായം)

(3) ഉൾനാടൻ മത്സ്യകൃഷി, ശുദ്ധജല മത്സ്യകൃഷി ഇവയുടെ വികസനത്തിനായിട്ടുള്ള പദ്ധതി (75% കേന്ദ്രസഹായം)

(4) നാടൻ വഞ്ചികൾ നവീകരിക്കുന്നതിനുള്ള പദ്ധതി (50% കേന്ദ്ര സഹായം)

(5) മത്സ്യബന്ധനത്തിന് അനുയോജ്യമായ വലകൾ നൽകുന്നതിനുള്ള പദ്ധതി (50% കേന്ദ്ര സഹായം)

(6) മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മണത്തിനും അറ്റകുറ്റപ്പണികൾക്കുമായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതി (50% കേന്ദ്ര സഹായം)

(7) മത്സ്യബന്ധന തുറമുഖങ്ങളുടെ ആഴം കൂട്ടുന്നതിനായിട്ടുള്ള പദ്ധതി (50% കേന്ദ്ര സഹായം)

(8) മത്സ്യബന്ധന തുറമുഖങ്ങളുടേയും മത്സ്യം കരയ്ക്കടുപ്പിക്കുന്നതിനുള്ള കേന്ദ്രങ്ങളുടെയും നവീകരണത്തിനുള്ള പദ്ധതി (50% കേന്ദ്ര സഹായം)

(9) പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ വള്ളങ്ങൾ കരയ്ക്കടുപ്പിക്കുന്നതിനുള്ള കേന്ദ്രങ്ങളുടെ നിർമ്മാണത്തിനുള്ള പദ്ധതി (50% കേന്ദ്ര സഹായം)

(10) ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധിയുടെ സഹായത്തോടെയുള്ള സമ്പാദ്യ സുരക്ഷാ പദ്ധതിയും (50% കേന്ദ്രസഹായം) ഭവനനിർമ്മാണ പദ്ധതിയും (50% കേന്ദ്രസഹായം)ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയും (50% കേന്ദ്ര സഹായം) നിലവിലുണ്ട്.

മത്സ്യത്തൊഴിലാളികൾക്ക് തൊഴിൽ നൽകാനുള്ള പദ്ധതി

103 [4424] ശ്രീ.ജോർജ്ജ് മേഴ്സിയർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന സീസൺ അല്ലാത്തപ്പോൾ തൊഴിൽ നൽകുന്നതിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം അവർക്ക് എന്തെല്ലാം തൊഴിലാണ് നൽകി വരുന്നത്;

(സി) ഈ തൊഴിലിൽ നിന്ന് പ്രതിദിനം അവർക്ക് എന്തു വരുമാനം ഉണ്ടാകുന്നുവെന്നു വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന സീസൺ അല്ലാത്തപ്പോൾ തൊഴിൽ നൽകുന്നതിന് നിലവിൽ പദ്ധതി ഇല്ല. എന്നാൽ 2006-ലെ മത്സ്യബന്ധന നിരോധന കാലത്ത് മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ അനുവദിച്ചിരുന്നു. യന്ത്രവൽകൃത മത്സ്യബന്ധനബോട്ടുകളിലെ മത്സ്യത്തൊഴിലാളികൾക്കും ഫിഷിംഗ് ഹാർബറുകളിൽ ജോലിചെയ്യുന്ന അനുബന്ധ മത്സ്യതൊഴിലാളികൾക്കും 2006 ജൂൺ 15 മുതൽ ആഗസ്റ്റ് 15-വരെ സൗജന്യറേഷൻ അനുവദിക്കുകയുണ്ടായി. പിന്നീട് ജൂലൈ 29-മുതൽ ആഗസ്റ്റ് 15 വരെ ബാൻ കാലവധി ദീർഘിപ്പിച്ച സമയത്ത് മറ്റു മത്സ്യബന്ധന യാനകളിൽ ജോലിചെയ്യുന്ന മത്സ്യത്തൊഴിലാളികൾക്കും ഫിഷ് ലാന്റിംഗ് സെന്ററുകളിലും പീലിംഗ് ഷെഡുകളിലും ജോലി ചെയ്യുന്നവർക്കും രണ്ടാഴ്ചത്തെ സൗജന്യറേഷൻ അനുവദിക്കുകയുണ്ടായി. ജി.ഒ.(ആർ.ടി)നം.358/2006/എഫ് ആന്റ് പി. ഡി. തീയതി 2-8-2006.

(ബി & സി) ബാധകമല്ല.

## തീരദേശ ഭൗതികസാഹചര്യ വികസനം

104 [4425] ശ്രീമതി കെ. എസ്. സലീഖ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീരദേശ മേഖലയിലെ മത്സ്യത്തൊഴിലാളികളുടെ ഭൗതിക സാഹചര്യം വിപുലപ്പെടുത്തുവാൻ 12-ാം ധനകാര്യ കമ്മീഷൻ അനുവദിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത തുക ഉപയോഗിച്ച് നടപ്പിലാക്കുവാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ ;

(സി) തീരദേശ തൊഴിലാളികളുടെ പ്രവർത്തനമേഖല വൈവിധ്യവൽക്കരിക്കുന്നതിനും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനത്തിനും ഏതൊക്കെ പദ്ധതികൾക്കാണ് രൂപം നല്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

ഉത്തരം

(എ & ബി) കടൽഭിത്തി നിർമ്മാണത്തിന് 178 കോടി രുപ അനുവദിച്ചിട്ടുണ്ട്.

(സി) ഇതിനായി ഈ വർഷം 24.38 കോടി രൂപയുടെ പദ്ധതി ഏഷ്യൻ ഡെവലപ്പ്മെന്റ് ബാങ്കിന്റെ 100% ധന സഹായത്തോടെയുള്ള സുനാമി എമർജൻസി അസിസ്റ്റൻസ് പോജക്ട് (TEAP), കേന്ദ്ര സർക്കാരിന്റെ 100% ധനസഹായത്തോടെയുള്ള സുനാമി റീഹാബിലിറ്റേഷൻ പ്രോഗ്രാം (TRP) എന്നിവവഴി ഫിഷറീസ് വകുപ്പ് നടപ്പാക്കാനുദ്ദേശിക്കുന്നു. ഈ പദ്ധതി നടത്തിപ്പിന്റെ പ്രരാഭ പ്രവർത്തനങ്ങൾ തുടങ്ങിക്കഴിഞ്ഞു. ആദ്യ പടിയായി ഒൻപത് തീരദേശ ജില്ലകളിലാണ് പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

## മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് പ്രത്യേകമായുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ

105 [4426] ശ്രീ. സി. ടി. അഹമ്മദ് അലി :താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് പ്രത്യേകമായിട്ടുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത വിഭാഗത്തിന് എന്തെല്ലാം വിദ്യാഭ്യാസ ആനുകൂല്യങ്ങളാണ് നല്കിവരുന്നതെന്ന് വെളിപ്പെടുത്തുമോ ?

### ഉത്തരം

(എ) മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് പ്രത്യേകമായി തീരദേശ ജില്ലകളിലായി 10 റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്ക്കൂളുകൾ പ്രവർത്തിച്ചുവരുന്നുണ്ട്.

(ബി) ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്ക്കൂളുകളിലെ മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ് നല്കുന്നതിനു പുറമെ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നല്കിവരുന്ന എല്ലാ ആനുകൂല്യങ്ങളും മത്സ്യത്തൊഴിലാളി കുട്ടികൾക്കും ബാധകമാക്കിയിട്ടുണ്ട്.

## ഫിഷറീസ് വകുപ്പിൽ നിയമനത്തിന് സ്പെഷ്യൽ റൂൾസ്

106 [4427] ശ്രീ. റോഷി അഗസ്റ്റിൻ :

,, തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഫിഷറീസ് വകുപ്പിൽ നിയമനത്തിനായി സ്പെഷ്യൽ റൂൾസ് നിലവിലുണ്ടോ ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) നിലവിലുള്ള സ്പെഷ്യൽ റൂൾ പ്രകാരം, ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ, ജോയിന്റ് ഡയറക്ടർ, അഡീഷണൽ ഡയറക്ടർ, ഡയറക്ടർ തുടങ്ങിയ തസ്തികകളിലേക്കുള്ള നിയമന രീതി എങ്ങനെയാണെന്ന് വ്യക്തമാക്കുമോ ;

(സി) ഡയറക്ടർ തസ്തിക ഒഴികെയുള്ള തസ്തികകളിലേയ്ക്കുള്ള യോഗ്യത സുവോളജി, ബോട്ടണി, കെമിസ്ട്രി, ഫിസിക്സ് എന്നീ വിഷയങ്ങളിലുള്ള ബിരുദവും 10 മാസം ദൈർഘ്യമുള്ള സ്റ്റാഫ് ട്രെയിനിംഗും അക്കൗണ്ട് ടെസ്റ്റും ആണെന്നിരിക്കെ എം. എസ്. സി. യോഗ്യതയുള്ളവർക്ക് മുൻഗണന നൽകുന്ന സമ്പ്രദായം എന്നുമുതലാണ് അവലംബിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) വിവേചന പൂർണ്ണമായ ഈ രീതി അവസാനിപ്പിച്ച് സ്പെഷ്യൽ റൂളിൽ നിഷ്ക്കർഷിച്ച രീതിയിൽ നിയമനങ്ങൾ നടത്തുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) മത്സ്യഭവൻ ആഫീസർ തസ്തികയിൽ നിയമനം നടത്തുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(എഫ്) ശാസ്ത്ര ബിരുദവും 10 മാസത്തെ സ്റ്റാഫ് ട്രെയിനിംഗും അക്കൗണ്ട് ടെസ്റ്റും വിജയകരമായി പൂർത്തിയാക്കിയിട്ടുള്ള എക്സക്യൂട്ടീവ് വിഭാഗം ഉദ്യോഗസ്ഥർക്ക് മത്സ്യഭവൻ ആഫീസർ തസ്തികകൾ ഉറപ്പുവരുത്താൻ സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഫിഷറീസ് വകുപ്പിൽ 1962-ൽ നിലവിൽ വന്ന സ്പെഷ്യൽ റൂൾസ് നിലവിലുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു. †

(ബി) ഡയറക്ടർ ഒഴികെയുള്ള തസ്തികകളിലെ നിയമനങ്ങൾക്ക് സ്പെഷ്യൽ റൂൾസ് അനുസരിച്ചുള്ള യോഗ്യതയും നിയമന രീതിയുമാണ് സ്വീകരിച്ചുവരുന്നത്.

(സി) ഡയറക്ടർ തസ്തിക ഒഴികെയുള്ള തസ്തികകളിലേക്കുള്ള നിയമനങ്ങളെല്ലാം സ്പെഷ്യൽ റൂളിന് വിധേയമായി മാത്രമാണ് നടത്തുന്നത്.

(ഡി) സ്പെഷ്യൽ റൂളിൽ നിഷ്ക്കർഷിച്ച രീതിയിൽ മാത്രമാണ് ഫിഷറീസ് വകുപ്പിൽ നിയമനങ്ങൾ നടത്തുന്നത്.

(ഇ) നടപടി സ്വീകരിച്ചുവരുന്നു.

(എഫ്) ഇതിനുള്ള സാദ്ധ്യതകൾ പരിശോധിക്കാവുന്നതാണ്.

കടലോരമില്ലാത്ത ജില്ലകളിലെ മത്സ്യോൽപ്പാദനം

107 [4428] ശ്രീ. കെ. ബാബു :
,, സി. പി. മുഹമ്മദ് :
,, എ. പി. അനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കടലോരമില്ലാത്ത എത്ര ജില്ലകളുണ്ട്;

(ബി) ഈ ജില്ലകളിൽ മത്സ്യബന്ധന വകുപ്പ് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നത്;

(സി) ഇവിടങ്ങളിൽ മത്സ്യബന്ധന വകുപ്പിന് എത്ര ഓഫീസുകളുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഈ ജില്ലകളിൽ കഴിഞ്ഞ വർഷം എത്ര ടൺ മത്സ്യം വീതം ഉൽപ്പാദിപ്പിച്ചു;

(ഇ) ഏതെല്ലാം ഇനത്തിലുള്ള മത്സ്യങ്ങളെയാണ് ഉൽപാദിപ്പിച്ചതെന്ന് വ്യക്തമാക്കുമോ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 5 ജില്ലകൾ ഉണ്ട്. കോട്ടയം, ഇടുക്കി, പത്തനംതിട്ട, വയനാട്, പാലക്കാട്.

(ബി) ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്കുവേണ്ടി താഴെ കൊടുത്തിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നു :

1. ദേശീയ മത്സ്യത്തൊഴിലാളി ഭവന നിർമ്മാണ ഗ്രാന്റ്
2. വീട് അറ്റകുറ്റപ്പണിക്കുള്ള സഹായം
3. കക്കൂസ് നിർമ്മിച്ചു നല്കൽ
4. മത്സ്യത്തൊഴിലാളി കുട്ടികളുടെ വിദ്യാഭ്യാസ ലംപ്സം ഗ്രാന്റ്
5. പഞ്ഞമാസ സമ്പാദ്യ പദ്ധതി
6. സാമൂഹിക മത്സ്യ കൃഷി പദ്ധതി
7. മത്സ്യത്തൊഴിലാളികൾക്കുള്ള പെൻഷൻ
8. മരണാനന്തര സഹായം
9. ചികിത്സാ സഹായം
10. ഇൻഷ്വറൻസ് സഹായം
11. ശുദ്ധജല മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കർഷകർക്ക് പരിശീലനവും സാമ്പത്തിക സാങ്കേതിക സഹായവും നൽകുന്നു.
12. പത്തനംതിട്ട ജില്ലയിൽ പന്നിവേലിച്ചിറ, പോളച്ചിറ എന്നിവിടങ്ങളിലെ മത്സ്യവിത്തുൽപ്പാദന കേന്ദ്രങ്ങളിൽ നിന്ന് മത്സ്യകുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുന്നു.
13. ഒരു നെല്ലും ഒരു മീനും പദ്ധതി പ്രകാരം മത്സ്യ/കൊഞ്ചുകൃഷി ഈ ജില്ലകളിൽ നടത്തി വരുന്നു.

(സി) കോട്ടയം: ഒരു ജില്ലാ ഓഫീസും ഇതിന്റെ കീഴിൽ നാല് സബ് ഓഫീസുകളുമുണ്ട് അവ :

1. ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ (ജില്ലാ ഓഫീസ്)
2. ഗവൺമെന്റ് മോഡൽ ഫിഷ് ഫാം, പള്ളം, നാട്ടകം.
3. ഫിഷറീസ് ഇൻസ്പെക്ടർ ഓഫീസ്, വൈക്കം.
4. മത്സ്യഭവൻ, കുമരകം.
5. മത്സ്യഭവൻ വൈക്കം എന്നിവയാണ്.

LIBRARY ARCHIVES Kerala Legislative Assembly

പത്തനംതിട്ട

1. ജില്ലാ ആഫീസ് പത്തനംതിട്ട.
2. നാഷണൽ ഫിഷ് സീഡ് ഫാം, പന്നിവേലിച്ചിറ.
3. നാഷണൽ ഫിഷ് സീഡ് ഫാം, പോളച്ചിറ.
4. ഫിഷ് ഫാം, എടത്വ.
5. മത്സ്യഭവൻ, കടപ്ര.

ഇടുക്കി

1. കുമിളിയിൽ ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ, എഫ്. എഫ്. ഡി. എ. ഓഫീസ് പ്രവർത്തിക്കുന്നു.

പാലക്കാട്

1. ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ്, മലമ്പുഴ.
2. ദേശീയ മത്സ്യവിത്തുൽപ്പാദന കേന്ദ്രം മലമ്പുഴ.
3. ശുദ്ധജല അക്വേറിയം, മലമ്പുഴ.
4. എഫ്.എഫ്.ഡി. എ., മീൻകര.
5. ഫിഷറീസ് സബ് ഇൻസ്പെക്ടർ ഓഫീസ്.
6. എഫ്.എഫ്. ഡി. എ., മലമ്പുഴ.

വയനാട്

വയനാട് ജില്ലയിൽ പൂക്കോട് തടാകത്തിനടുത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസ്, എഫ്. എഫ്. ഡി. എ. യുടെ ഓഫീസ്, മത്സ്യകർഷക പരിശീലന കേന്ദ്രം, തളിപ്പുഴ, മാനന്തവാടി എഫ്.ഡി.ഒ. ഓഫീസ് എന്നിവ പ്രവർത്തിക്കുന്നുണ്ട്.

(ഡി) കോട്ടയം — 143 ടൺ മത്സ്യം

പത്തനംതിട്ട — 320 ടൺ മത്സ്യം

ഇടുക്കി — 70 ടൺ മത്സ്യം

പാലക്കാട് — 143.616 ടൺ മത്സ്യം

വയനാട് — 23 ടൺ മത്സ്യം

കോട്ടയത്ത് ഒരു നെല്ലും ഒരു മീനും പദ്ധതിപ്രകാരം ഹെക്ടർ ഒന്നിന് 750 കി. ഗ്രാം കൊഞ്ചും 450 കി. ഗ്രാം മത്സ്യവും ഉല്പാദിപ്പിച്ചു.

(ഇ) കട്‌ല, രോഹു, മൃഗാൾ, ലേബിയോ, കൊഞ്ച്, ഗ്രാസ് കാർപ്പ്.

## മലമ്പ്രദേശങ്ങളിൽ ശുദ്ധജല മത്സ്യകൃഷി

108 [4429] ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലമ്പ്രദേശങ്ങളിലെ ജലാശയങ്ങളിൽ ശുദ്ധജല മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നുണ്ടോ ;

(ബി) ഇത്തരം സ്ഥലങ്ങളിൽ നിന്നും ഇപ്പോൾ എന്തു വിലയ്ക്കുള്ള മത്സ്യങ്ങളെ പിടിക്കുന്നുണ്ട് ;

(സി) മലമ്പ്രദേശങ്ങളിലെ ജലാശയങ്ങളിൽ മത്സ്യകൃഷി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) ഉണ്ട്.

(ബി) മലമ്പ്രദേശങ്ങളിലെ 8 ജലസംഭരണികളിൽ നിന്ന് 2004-05-ൽ 28.23 ലക്ഷം രൂപയ്ക്കുള്ള മത്സ്യം പിടിച്ചെടുത്തു.

(സി) എല്ലാ വർഷവും സാമൂഹ്യ മത്സ്യകൃഷിയുടെ ഭാഗമായി മലമ്പ്രദേശങ്ങളിലൂടെ കടന്നുപോകുന്ന നദികളിലും മറ്റു ജലാശയങ്ങളിലും മത്സ്യവിത്തുകൾ നിക്ഷേപിച്ച് മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നുണ്ട്. ഈ പ്രദേശങ്ങളിലുള്ള മത്സ്യകർഷകരെ മത്സ്യകർഷക വികസന ഏജൻസിയുടെ പരിശീലനത്തിൽ പങ്കെടുപ്പിക്കുകയും, അവരെ ശാസ്ത്രീയ മത്സ്യകൃഷിയെക്കുറിച്ചും അലങ്കാര മത്സ്യകൃഷിയെക്കുറിച്ചും ബോധവാന്മാരാക്കുകയും ചെയ്യുന്നുണ്ട്. ഇതുവഴി ധാരാളം ആളുകൾ തങ്ങളുടെ സ്വന്തം ജലാശയങ്ങളും കൂടാതെ പഞ്ചായത്ത് കുളങ്ങൾ പാട്ടത്തിനെടുത്തും, മത്സ്യക്കൃഷി നടത്തിവരുന്നു. മത്സ്യകർഷക വികസന ഏജൻസി, ഏജൻസിയിൽ രജിസ്റ്റർ ചെയ്ത കർഷകർക്ക് ഒരു പ്രാവശ്യം മത്സ്യക്കുഞ്ഞുങ്ങളെ ഇൻപുട്ട് സബ്സിഡി ഇനത്തിൽ സൗജന്യമായി നൽകുന്നു. കൂടാതെ മത്സ്യക്കുളം പുനരുദ്ധരിക്കുന്നതിനുവേണ്ടി കർഷകർക്ക് ഹെക്ടറിന് 60,000 രൂപ നിരക്കിൽ ബാങ്ക്ലോൺ ലഭ്യമാക്കുന്നു. ഇതിൽ 12,000 രൂപ സബ്സിഡിയായി നൽകുന്നു. പട്ടികജാതി വർഗ്ഗ വിഭാഗത്തിന് 15,000 രൂപ സബ്സിഡിയായി നൽകുന്നുമുണ്ട്. ഇനിയും മത്സ്യക്കൃഷി ആരംഭിച്ചിട്ടില്ലാത്ത ജനസംഭരണികളിലും മറ്റും മത്സ്യകൃഷി ആരംഭിക്കുന്നതിന് നിലനിൽക്കുന്ന തടസ്സങ്ങൾ ഒഴിവാക്കുന്നതിന് ഉന്നതതലത്തിൽ ഫിഷറീസ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട വകുപ്പുകളിലെ സെക്രട്ടറിമാർ അടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിച്ച് മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചുവരുന്നു. അതോടൊപ്പം കേന്ദ്രസർക്കാർ സഹായത്തോടെ വയനാട് ജില്ലയിൽ വിദർഭ പാക്കേജിൽ ഉൾപ്പെടുത്തി 100 ഹെക്ടർ പ്രദേശങ്ങളിൽ മത്സ്യക്കൃഷി വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

## രജിസ്റ്റർ ചെയ്ത മത്സ്യബന്ധന ബോട്ടുകളും ട്രോളറുകളും

109 [4430] ശ്രീ. സി. പി. മുഹമ്മദ് :
,, എ. പി. അനിൽകുമാർ:
,, ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത മത്സ്യബന്ധന ബോട്ടുകളും ട്രോളറുകളും എത്ര വീതമുണ്ടെന്ന് പറയാമോ ;

(ബി) പരമ്പരാഗത രീതിയിൽ വള്ളങ്ങളിൽ മത്സ്യബന്ധനം നടത്തുന്നവർ രജിസ്റ്റർ ചെയ്യേണ്ടതുണ്ടോ ;

(സി) സംസ്ഥാനത്തിന്റെ കടൽതീരത്ത് മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്ന ബോട്ടുകളുടെയും നാടൻ വള്ളങ്ങളുടെയും ട്രോളറുകളുടെയും മൊത്തം എണ്ണം കൂടുതലാണെന്ന് കരുതുന്നുണ്ടോ ?

### ഉത്തരം

(എ ആന്റ് ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) പരമാവധി വിഭവശേഷി കണക്കിലെടുക്കുമ്പോൾ കൂടുതലാണെന്ന് പഠന റിപ്പോർട്ടുകൾ കാണിക്കുന്നുണ്ട്.

## ഫിഷറീസ് ഇൻസ്പെക്ടർമാരുടെ പ്രമോഷൻ

110 [4431] ശ്രീ. തോമസ് ചാഴികാടൻ :
,, റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫിഷർമെൻ ട്രെയിനിംഗ് സെന്ററിലെ സൂപ്രണ്ട് തസ്തിക നിലനിർത്തണമെന്നാവശ്യപ്പെട്ട് ഫിഷറീസ് ഡയറക്ടർ കത്തയച്ചിരുന്നോ ; എങ്കിൽ കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) ഇതിൻമേൽ എന്ത് തുടർ നടപടികൾ സ്വീകരിച്ചുവെന്നു വ്യക്തമാക്കുമോ ;

(സി) ഈ തസ്തിക നിലനിർത്തിക്കൊണ്ട് സുവോളജി, ബോട്ടണി, കെമിസ്ട്രി, ഫിസിക്സ് എന്നീ വിഷയങ്ങളിൽ ബിരുദവും 10 മാസം ദൈർഘ്യമുള്ള സ്റ്റാഫ് ട്രെയിനിംഗ് അക്കൗണ്ട് ടെസ്റ്റും വിജയകരമായി പൂർത്തിയാക്കിയ ഫിഷറീസ് ഇൻസ്പെക്ടർമാരെ പ്രൊമോഷൻ നൽകി നിയമിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ;

(ഡി) ഈ യോഗ്യതകളുള്ള ഫിഷറീസ് ഇൻസ്പെക്ടർമാരുടെ വിശദവിവരം ലഭ്യമാക്കുമോ ; എത്ര വർഷമായി ഇവർ ഓരോരുത്തരും പ്രമോഷൻ ലഭിക്കാതെ പ്രസ്തുത തസ്തികയിൽ സേവനം അനുഷ്ഠിച്ചുവരുന്നു ; ഫിഷർമെൻ ട്രെയിനിംഗ് സെന്റർ സൂപ്രണ്ട് തസ്തികയിൽ നിയമനം നടത്താതിരിക്കുന്നത് ഇവരുടെ പ്രമോഷൻ സാദ്ധ്യതയെ പ്രതികൂലമായി ബാധിച്ചുവെന്ന സംഗതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഈ ദുഃസ്ഥിതി പരിഹരിക്കുവാൻ സർക്കാർ അടിയന്തിര നടപടി സ്വീകരിക്കുമോ ;



LIBRARY ARCHIVES Kerala Legislative Assembly

(ഇ) യോഗ്യതയുള്ളവരെ ഉൾക്കൊള്ളിച്ചുകൊണ്ട് അടിയന്തിരമായി ഡി. പി. സി. കൂടുവാൻ നടപടി സ്വീകരിക്കുമോ ;

(എഫ്) ഫിഷറീസ് ഇൻസ്പെക്ടർമാരുടെ സീനിയോറിറ്റി ലിസ്റ്റ് ഇതുവരെ പ്രസിദ്ധീകരിച്ചിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിനുള്ള സത്വര നടപടി സ്വീകരിക്കുമോ ;

(ജി) സ്റ്റാഫ് ട്രെയിനിംഗിന്റെ ദൈർഘ്യം വെട്ടിച്ചുരുക്കിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിന്റെ കാരണം വിശദമാക്കുമോ ;

(എച്ച്) സ്റ്റാഫ് ട്രെയിനിംഗ് കോഴ്സ് പഴയ രീതിയിൽ പുനഃക്രമീകരിക്കുവാൻ നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ, ബി ആന്റ് സി) മത്സ്യബന്ധന ഡയറക്ടറിൽനിന്നും ലഭിച്ച കത്തിന്റെ പകർപ്പ് അനുബന്ധമായി വച്ചിരിക്കുന്നു. കത്തിലെ ആവശ്യം സർക്കാർ പരിശോധിച്ചുവരുന്നു.†

(ഡി) വിശദവിവരം ശേഖരിച്ചുവരുന്നു.

(ഇ) ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടറുടെ തസ്തികയിലേക്ക് യോഗ്യതയുള്ളവരെ ഉൾക്കൊള്ളിച്ചുകൊണ്ട് 2006-ലേക്കുള്ള ഡി. പി. സി. ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(എഫ്) ഫിഷറീസ് ഇൻസ്പെക്ടർമാരുടെ റ്റെൻന്റേറ്റീവ് സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ന്യൂനതകൾ പരിഹരിച്ച് ഫൈനൽ ലിസ്റ്റ് താമസംവിനാ പ്രസിദ്ധീകരിക്കുന്നതാണ്.

(ജി & എച്ച്) ട്രെയിനിംഗ് കാലാവധി 3 മാസമാക്കി കുറച്ചുകൊണ്ട് 21-7-2004-ലെ ജി. ഒ. (എം. എസ്.) 30/04/എഫ് ആന്റ് പി. ഡി. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇപ്പോൾ സ്റ്റാഫ് ട്രെയിനിംഗ് ആവശ്യമായ തസ്തികകളിൽ നിയമനം ലഭിക്കുന്നവർക്ക് ഫിഷറീസ് വിഷയങ്ങൾ സംബന്ധമായ വിദ്യാഭ്യാസ യോഗ്യതയുള്ളതിനാലാണ് ട്രെയിനിംഗ് കാലാവധി കുറച്ചത്.

ട്രോളിംഗ് നിരോധന കാലം

111 [4432] ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) തമിഴ്നാട്, കേരളം, കർണ്ണാടക സംസ്ഥാനങ്ങളിൽ ട്രോളിംഗ് നിരോധനമുള്ളത് ഏതു കാലത്താണ് ;

(ബി) ഈ കാലത്ത് കേരള തീരത്തുള്ള മത്സ്യങ്ങൾ കർണ്ണാടക തീരത്തേക്ക് പോകുന്ന അനുഭവമുണ്ടായിട്ടുണ്ടോ ;

(സി) ഇതിന് എന്ത് പ്രതിവിധി കാണാൻ ഉദ്ദേശിക്കുന്നു ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2006-ൽ കേരളം, കർണ്ണാടക സംസ്ഥാനങ്ങളിൽ ജൂൺ 15 മുതൽ ആഗസ്റ്റ് 15 വരെ ട്രോളിംഗ് നിരോധനം നിലവിലുണ്ടായിരുന്നു. തമിഴ്നാട്ടിൽ ഏപ്രിൽ 15 മുതൽ മേയ് 31 വരെ (46 ദിവസം) ട്രോളിംഗ് നിരോധനമുണ്ടായിരുന്നു.

(ബി) ചാള, അയില എന്നീ മത്സ്യങ്ങൾ അവയുടെ സ്വാഭാവികമായ സഞ്ചാര സ്വഭാവമനുസരിച്ച് കേരള-കർണ്ണാടക കടൽ ഭാഗങ്ങളിൽ അങ്ങോട്ടും ഇങ്ങോട്ടും പ്രയാണം ചെയ്യാറുണ്ട് എന്ന് സി. എം. എഫ്. ആർ. ഐ.യുടെ പഠനങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്.

(സി) ഇത് സ്വാഭാവികമായതിനാൽ പ്രതിവിധികൾ ഒന്നും നിഷ്ക്കർഷിക്കാനാവില്ല.

മത്സ്യം, ഞണ്ട്, ചിപ്പി എന്നിവയുടെ ഉല്പാദനം

112 [4433] ശ്രീ. കെ. സുധാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യം, ഞണ്ട്, ചിപ്പി എന്നിവയുടെ ഉല്പാദനം പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം സഹായങ്ങൾ ചെയ്തുവരുന്നു ;

(ബി) സംസ്ഥാനത്ത് വ്യാവസായികാടിസ്ഥാനത്തിൽ ഇവയുടെ കൃഷി നടക്കുന്നുണ്ടോ ;

(സി) എങ്കിൽ പ്രതിവർഷം എന്തു തുകയ്ക്കുള്ള മത്സ്യവും ചിപ്പിയും ഞണ്ടും സംസ്ഥാനത്ത് ഉല്പാദിപ്പിക്കപ്പെടുന്നുണ്ട് ?

ഉത്തരം

(എ) മത്സ്യ കർഷക വികസന ഏജൻസികൾവഴി താഴെ കൊടുക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നു.

(1) മത്സ്യ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഹെക്ടറിന് 6,000 രൂപ സബ്സിഡി നല്കുന്നു.

(2) ഞണ്ടു കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഹെക്ടറിന് 30,000 രൂപ സബ്സിഡി നല്കുന്നു.

(3) ചിപ്പി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് രണ്ടുപേർ അടങ്ങുന്ന യൂണിറ്റിന് 2,000 രൂപയുടെ സബ്സിഡി നല്കുന്നു.

(4) കുളങ്ങളുടെ പുനരുദ്ധാരണം നടത്തുന്നതിന് ഹെക്ടറിന് പരമാവധി 12,000 രൂപയുടെ സബ്സിഡി അനുവദിക്കുന്നു.

(5) മത്സ്യകർഷകർക്ക് പരിശീലനം നല്കുന്നതിന് പ്രതിദിനം നൂറു (100) രൂപ വച്ച് പത്ത് ദിവസത്തേക്ക് സ്റ്റൈപ്പന്റ് അനുവദിക്കുന്നു. കൂടാതെ യാത്ര ചെലവിന് നൂറു (100) രൂപ നല്കുന്നു.

(6) പുതിയ കുളങ്ങൾ നിർമ്മിക്കുന്നതിന് ഹെക്ടറിന് പരമാവധി 40,000 രൂപയുടെ സബ്സിഡി നല്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്.

(സി) ഒരു നെല്ലും ഒരു മീനും പദ്ധതിയിലൂടെ കുട്ടനാടൻ പാടശേഖരങ്ങളിൽ പ്രതിവർഷം ഏകദേശം 3 കോടി രൂപയുടെ ഉല്പാദനം ഉണ്ടാവുന്നു. ചിപ്പി കൃഷിയിലൂടെ പ്രതിവർഷം ഏകദേശം 9 ലക്ഷം രൂപയുടെ ഉല്പാദനം ഉണ്ടാവുന്നു.

## മരണമടയുന്ന മത്സ്യത്തൊഴിലാളികളുടെ കുട്ടികൾ

113 [4434] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലിൽ മത്സ്യബന്ധനത്തിന് പോകുമ്പോൾ മരണപ്പെടുന്നവരുടെ കുട്ടികളെ സംസ്ഥാനം ദത്തെടുത്തു വളർത്താറുണ്ടോ ;

(ബി) ഇവർക്ക് നൽകുന്ന സഹായം വർദ്ധിപ്പിക്കാനുദ്ദേശമുണ്ടോ?

### ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

## സുനാമി എമർജൻസി അസിസ്റ്റൻസ് പ്രോജക്ട്

114 [4435] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുൻ സർക്കാരിന്റെ കാലത്തെ സുനാമി എമർജൻസി അസിസ്റ്റൻസ് പ്രോജക്ട് (റ്റി. ഇ. എ. പി.)-യിൽ ഉൾപ്പെടുത്തി ഏതൊക്കെ പ്രവൃത്തികളാണ് ഹാർബർ എഞ്ചിനീയറിംഗ് വിഭാഗം നടപ്പിലാക്കിയത്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ?

### ഉത്തരം

മുൻ സർക്കാരിന്റെ കാലത്ത് TEAP-ൽ ഉൾപ്പെടുത്തി ഹാർബറുകളുടെ പുനർ നിർമ്മാണ പ്രവർത്തികൾ, ഹാർബറിൽ അടിഞ്ഞുകൂടിയ മണ്ണ് ഡ്രഡ്ജ് ചെയ്തു നീക്കുന്ന പ്രവർത്തി കൂടാതെ തീരദേശ റോഡുകളുടെ അറ്റകുറ്റപ്പണികൾ എന്നിവ ചെയ്യുകയുണ്ടായി.

ജില്ല തിരിച്ചുള്ള വിവരം:

(1) കൊല്ലം ജില്ലയിലെ തങ്കശ്ശേരി, കായംകുളം ഹാർബറുകളുടെ പുനർ നിർമ്മാണ പ്രവർത്തികൾ—95,46,771 രൂപ.

(2) എറണാകുളം ജില്ലയിലെ മുനമ്പം ഹാർബറിന്റെയും തീരദേശ റോഡുകളുടെയും പുനർ നിർമ്മാണ പ്രവർത്തികൾ—3,68,94,699 രൂപ.

(3) തൃശ്ശൂർ ജില്ലയിലെ ചേറ്റുവാ ഫിഷ് ലാന്റിംഗ് സെന്ററിന്റെയും തീരദേശ റോഡിന്റെയും പുനർ നിർമ്മാണ പ്രവർത്തികൾ—1,15,03,780 രൂപ.

ആകെ.—5,79,45,250 രൂപ.

LIBRARY ARCHIVES Kerala Legislative Assembly

## മത്സ്യബന്ധനത്തിനിടെ ഉണ്ടായ അപകട മരണം

115 [4436] ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടിയിൽ മത്സ്യബന്ധനത്തിനിടയിൽ 8-10-2006-ൽ ഒരു മത്സ്യത്തൊഴിലാളിക്ക് അപകടമരണം ഉണ്ടായ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത സംഭവത്തിന്റെ വിശദാംശം ലഭ്യമാക്കുമോ ;

(സി) പ്രസ്തുത മത്സ്യത്തൊഴിലാളി കുടുംബത്തിന് സഹായം നൽകുകയുണ്ടായോ ;

(ഡി) എങ്കിൽ എന്തെല്ലാം സഹായങ്ങൾ ലഭ്യമാക്കിയെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്. കൊയിലാണ്ടിയിൽ മത്സ്യബന്ധനത്തിനിടെ ഒരു മത്സ്യത്തൊഴിലാളി മരണമടഞ്ഞതായി പോലീസ് സൂപ്രണ്ട് (മറൈൻ എൻഫോഴ്സ്മെന്റ്) റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) 8-10-2006-ന് കൊയിലാണ്ടിയിൽ നിന്നും ഔട്ട് ബോർഡ് എഞ്ചിൻ ഘടിപ്പിച്ച തോണിയിൽ മത്സ്യബന്ധനത്തിനുപോയ രണ്ടു തൊഴിലാളികളിൽ ഒരു തൊഴിലാളിയുടെ (സത്താർ, 45 വയസ്സ്, കരയ്ക്കാട് വളപ്പിൽ, കൊയിലാണ്ടി) കാലിൽ കയർ കുടുങ്ങി കടലിൽ വീണു മരണമടഞ്ഞതായും. ടിയാന്റെ മൃതശരീരം ഉച്ചയോടെ കരയ്ക്ക് എത്തിച്ച് പോസ്റ്റ്മോർട്ടത്തിനുശേഷം ബന്ധുക്കൾക്ക് വിട്ടുകൊടുത്തതായും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

(സി) ധനസഹായം നല്കിയിട്ടുണ്ട്.

(ഡി) അടിയന്തിര ധനസഹായമായി 5,000 രൂപ നല്കി. ഇതുകൂടാതെ അപേക്ഷ സമർപ്പിക്കുന്നമുറയ്ക്ക് വിധവാ പെൻഷൻ, ഇൻഷ്വറൻസ് ധനസഹായം എന്നിവ ലഭ്യമാക്കുന്നതിനുള്ള നടപടികളും മത്സ്യബോർഡ് വഴി സ്വീകരിച്ചുവരുന്നു.

## പണി പൂർത്തിയാകാതെയുള്ള മത്സ്യബന്ധന തുറമുഖങ്ങൾ

116 [4437] ശ്രീ. ബി. ബാബു പ്രസാദ് :
,, സി. പി. മുഹമ്മദ് :
,, വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പണി പൂർത്തിയാകാത്ത മത്സ്യബന്ധന തുറമുഖങ്ങളുടെ പണി ആരംഭിച്ചത് എന്നാണെന്ന് അറിയിക്കുമോ ;

(ബി) ഇവയുടെ പണി എന്നത്തേക്ക് പൂർത്തിയാക്കുവാനാണ് ഉദ്ദേശിച്ചിരുന്നത് ;

(സി) ഇപ്പോൾ ഇവ മത്സ്യബന്ധന തുറമുഖങ്ങളായി ഉപയോഗിക്കുന്നുണ്ടോ ?

### ഉത്തരം

(എ), (ബി) ആന്റ് (സി) വിഴിഞ്ഞം, മുതലപ്പൊഴി, കായംകുളം, തോട്ടപ്പള്ളി, പൊന്നാനി എന്നിവയാണ് ഇപ്പോൾ പണി നടന്നുകൊണ്ടിരിക്കുന്ന മത്സ്യബന്ധന തുറമുഖങ്ങൾ. ഇവയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly

| മത്സ്യബന്ധന തുറമുഖങ്ങൾ | പണി ആരംഭിച്ച തീയതി | പണിപൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്ന തീയതി |
|---|---|---|
| വിഴിഞ്ഞം (രണ്ടും മൂന്നും ഘട്ടം) | 3/1987 | 12/2007 |
| മുതലപ്പൊഴി | 6/2000 | 3/2007 |
| കായംകുളം | 9/1995 | 12/2008 |
| തോട്ടപ്പള്ളി | 12/2004 | 3/2008 |
| പൊന്നാനി | 4/2000 | 12/2008 |

മുകളിൽ പ്രതിപാദിച്ചിരിക്കുന്ന എല്ലാ സ്ഥലങ്ങളിലും നിലവിലുള്ള പരിമിതമായ സൗകര്യങ്ങളുപയോഗപ്പെടുത്തി മത്സ്യബന്ധന പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

## ചേറ്റുവയിൽ ഫിഷിംഗ് ഹാർബർ

117 [4438] പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. മുരളി പെരുനെല്ലി :
„ എ. സി. മൊയ്തീൻ :
„ ബി.ഡി. ദേവസ്സി :
„ ബാബു എം. പാലിശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിലെ ചേറ്റുവയിൽ നിലവിലുള്ള ഫിഷ് ലാന്റിംഗ് സെന്റർ നവീകരിച്ച് പുതുതായി ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിന് ഉദ്ദേശമുണ്ടോ ;

(ബി) ഇതിനായി പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ;

(സി) എങ്കിൽ ഇക്കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടു വന്നിട്ടുണ്ടോ ;

(ഡി) ഈ പദ്ധതിക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ ; പദ്ധതി നടപ്പാക്കിയാൽ സംസ്ഥാനത്തിന് ലഭ്യമാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്. നിലവിലുള്ള ഫിഷ്ലാന്റിംഗ് സെന്റർ നവീകരിച്ച് ഒരു ഫിഷിംഗ് ഹാർബർ ആയി വികസിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നു.

(ബി) ഉണ്ട്.

(സി) ഉണ്ട്. 50 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതിയായി നടപ്പാക്കുന്നതിനുള്ള അനുമതിക്കും ഫണ്ടിനുംവേണ്ടി കേന്ദ്രസർക്കാരിലേക്ക് വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ഡി) കേന്ദ്രാനുമതി ലഭ്യമായിട്ടില്ല. തൃശ്ശൂർ ജില്ലയിലെ ഏക അഴിമുഖമായ ചേറ്റുവ ഏറെ ചരിത്ര പ്രാധാന്യമുള്ളതാണ്. കേരളത്തിലെ പ്രധാന അഴിമുഖങ്ങളിൽ ഒന്നായ ചേറ്റുവ അഴിമുഖവുമായി ബന്ധപ്പെട്ട് അഴീക്കോട് മുതൽ എടക്കഴിയൂർ വരെയുള്ള ആയിരക്കണക്കിന് മത്സ്യത്തൊഴിലാളികൾക്കും അനുബന്ധമേഖലയിൽ പ്രവർത്തിക്കുന്ന നൂറുകണക്കിന് തൊഴിലാളികൾക്കും ഹാർബറിന്റെ പ്രയോജനം ലഭിക്കും. കൂടാതെ മത്സ്യമേഖലയിലെ തൊഴിൽദിനങ്ങൾ കൂടുന്നതും ആനുപാതികമായി റവന്യൂ വർദ്ധിക്കുന്നതുമായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

രജിസ്ട്രാർ ഓഫീസുകളുടെ കംപ്യൂട്ടറൈസേഷൻ

118 [4439] ശ്രീ. എ. എ. അസീസ് :

,, കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇതിനകം എത്ര രജിസ്ട്രാർ ഓഫീസുകൾ കംപ്യൂട്ടറൈസ് ചെയ്തിട്ടുണ്ട് ;

(ബി) സംസ്ഥാനത്തെ സബ് രജിസ്ട്രാർ ഓഫീസുകളിലെ കമ്പ്യൂട്ടർ വൽക്കരണംമൂലം ആധാരമെഴുത്തുകാർക്കുമാരുടെ ജോലി നഷ്ടപ്പെടുമോ എന്ന് വ്യക്തമാക്കുമോ ;

(സി) കമ്പ്യൂട്ടറൈസേഷൻമൂലം പൊതുജനങ്ങൾക്ക് ഉണ്ടായിട്ടുള്ള പ്രയോജനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 268 സബ് രജിസ്ട്രാരാഫീസുകൾ കമ്പ്യൂട്ടറൈസ് ചെയ്തിട്ടുണ്ട്. ബാക്കിയുള്ള 40 സബ് രജിസ്ട്രാർ ഓഫീസുകൾ കൂടി കമ്പ്യൂട്ടർവൽക്കരിക്കാൻ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ഇല്ല. ആരുടെയും തൊഴിൽ ഇതുമൂലം നഷ്ടപ്പെടുകയില്ല.

(സി) കമ്പ്യൂട്ടറൈസേഷൻ പൂർത്തിയാക്കിയ സബ് രജിസ്ട്രാർ ഓഫീസുകളിൽ നിന്നും കമ്പ്യൂട്ടർ സഹായത്തോടെ കാലതാമസമില്ലാതെ 13 വർഷം വരെയുള്ള കുടിക്കട സർട്ടിഫിക്കറ്റുകൾ നൽകിവരുന്നുണ്ട്. ആധാരങ്ങളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ നൽകുന്ന കാര്യത്തിലും കമ്പ്യൂട്ടർ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്ന കാര്യം പരിഗണിക്കും. കമ്പ്യൂട്ടർവത്കൃത ഓഫീസുകളിൽ ഡിജിറ്റൽ ഫോട്ടോഗ്രാഫിയുടെ സാങ്കേതികവിദ്യകൂടി ഉപയോഗിച്ച് ആധാരപകർപ്പുകൾ നൽകാനുള്ള പദ്ധതിയാണ് പരിഗണനയിലുള്ളത്.

ചപ്പാരപ്പടവിൽ സബ് രജിസ്ട്രാർ ഓഫീസ്

119 [4440] ശ്രീ. സി. കെ. പി. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തളിപ്പറമ്പ് നിയോജകമണ്ഡലത്തിലെ ചപ്പാരപ്പടവിൽ സബ്രജിസ്ട്രാർ ഓഫീസ് സ്ഥാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇതുസംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കാൻ രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിനോടാവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

സുൽത്താൻബത്തേരി സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടം പണി

120 [4441] ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുൽത്താൻബത്തേരിയിലെ സബ് രജിസ്ട്രാർ ഓഫീസിന് സ്വന്തമായി സ്ഥലമുണ്ടായിട്ടും ഈ ഓഫീസ് ഇപ്പോഴും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത സ്ഥലത്ത് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; എങ്കിൽ തടസ്സം നീക്കി കെട്ടിടം പണി അടിയന്തിരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 23 സെന്റ് സ്ഥലം സ്വന്തമായിട്ടുള്ള സുൽത്താൻബത്തേരി സബ് രജിസ്ട്രാർ ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിനായി 16 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് 27-9-2005-ലെ സ. ഉ. (സാ) നമ്പർ 602/05/നി.വ. പ്രകാരം സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന് ആവശ്യമായ തുക കണ്ടെത്തി നിർമ്മാണം ആരംഭിക്കുവാനുള്ള നടപടികൾ തുടർന്നുവരുന്നു.

†20-10-2006-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

പരീക്ഷകളിൽ പരാജയപ്പെടുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനം തുടരുന്നതിന് പദ്ധതി

121 [661] ശ്രീ. പി. വിശ്വൻ :
" കെ. കുഞ്ഞമ്മത് മാസ്റ്റർ :
" കെ. സി. കുഞ്ഞിരാമൻ :
ശ്രീമതി കെ. എസ്. സലീഖ:
ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്. എസ്. എൽ. സി. ഹയർ സെക്കണ്ടറി പരീക്ഷകളിൽ പരാജയപ്പെടുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനം തുടരുന്നതിനും വീണ്ടും പരീക്ഷയ്ക്കിരിക്കുന്നതിന് പ്രാപ്തരാക്കുന്നതിനുമായി എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ ;

(ബി) എങ്കിൽ പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ഇവർക്ക് പഠന സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളത് ഏതെല്ലാം സ്ഥാപനങ്ങളിലാണ് ;

(ഡി) ഇപ്രകാരം വീണ്ടും പരീക്ഷയ്ക്കിരുന്ന വിദ്യാർത്ഥികളിൽ എത്ര പേർ കഴിഞ്ഞ 5 വർഷക്കാലത്ത് പരീക്ഷകളിൽ പാസ്സായി എന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) SSLC പരീക്ഷയിൽ പരാജിതരാകുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഒരിക്കൽകൂടി പഠിച്ച് വിജയിക്കുന്നതിനായി സാമ്പത്തിക സഹായം നൽകുന്ന ഒരു പദ്ധതി 1988-89 അദ്ധ്യയന വർഷം മുതൽ വകുപ്പ് നടപ്പാക്കി വരുന്നു. മാർച്ച്-ഏപ്രിൽ മാസങ്ങളിൽ നടക്കുന്ന SSLC പരീക്ഷയിൽ പരാജയപ്പെട്ടവരും എന്നാൽ 20 ശതമാനമോ അതിലധികമോ മാർക്ക് നേടിയിട്ടുള്ള പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ട്യൂട്ടോറിയൽ കോളേജുകളിൽ 8 മാസം പഠിക്കുന്നതിനും അടുത്ത മാർച്ച്-ഏപ്രിൽ മാസം പരീക്ഷ എഴുതുന്നതിനുമാണ് ധനസഹായം നൽകുന്നത്. ട്യൂഷൻ ഫീസ് 450 രൂപ, യാത്രാ ചെലവ് 250 രൂപ, സ്റ്റേഷനറി ചെലവ് 100 രൂപ എന്നിങ്ങനെ ധനസഹായം നൽകുന്നു.

† 20-10-2006-ന് നിയമസഭ സമ്മേളിക്കാത്തതിനാൽ അന്നേയ്ക്ക് നിശ്ചയിച്ചിരുന്ന നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ എന്ന നിലയിൽ കൊടുത്തിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

1990-91 അദ്ധ്യയന വർഷം മുതൽ പ്രീഡിഗ്രി പരീക്ഷയിൽ പരാജയപ്പെടുന്ന പട്ടികജാതി/വർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനം തുടരുന്നതിനുള്ള ഒരു പദ്ധതി നടപ്പാക്കിവരുന്നു.

ഓരോ വർഷവും മാർച്ച്-ഏപ്രിൽ മാസങ്ങളിൽ പ്രീഡിഗ്രി പരീക്ഷയിൽ പരാജയപ്പെട്ടവരും ഓരോ പാർട്ടിനും 30%-ൽ കുറയാതെ മാർക്കു നേടിയിട്ടുള്ളവരുമായ പട്ടികജാതി/വർഗ്ഗ വിദ്യാർത്ഥികൾക്ക് ട്യൂട്ടോറിയലിൽ ചേർന്ന് പഠിച്ച് പരീക്ഷ എഴുതി ജയിക്കുന്നതിന് അവരെ പ്രാപ്തരാക്കുന്നതിനാണ് ധനസഹായം നൽകുന്നത്. മുഴുവൻ വിഷയവും വീണ്ടും പഠിക്കുവാൻ താഴെപ്പറയും പ്രകാരം ധനസഹായം നൽകുന്നു.

| PDC | Ist Group | 2nd Group | 3rd & 4th Group |
|---|---|---|---|
| (എ) തിയറി പഠിക്കുന്നതിന് | 800 | 800 | 500 |
| പ്രാക്ടിക്കലിന് മാത്രം | 300 | 450 | .. |
| (ബി) പാർട്ട് എഴുതുന്നവർക്ക് | | | |
| 1 ഇംഗ്ലീഷ് | 600 | 600 | 600 |
| 2 രണ്ടാം ഭാഷ | 300 | 300 | 300 |
| 3 പ്രധാന വിഷയങ്ങൾ | | | |
| (i) തിയറി | 600 | 600 | 600 |
| (ii) പ്രാക്ടിക്കൽ | 300 | 450 | .. |

II യാത്രാച്ചെലവ് മുഴുവൻ വിഷയങ്ങളും എഴുതുന്നവർക്ക് 400 രൂപയും പാർട്ട് എഴുതുന്നവർക്ക് 200 രൂപയും.

III സ്റ്റേഷനറിക്കായി മുഴുവൻ വിഷയം എഴുതുന്നവർക്ക് 200 രൂപയും പാർട്ടെഴുതുന്നവർക്ക് 100 രൂപയും നൽകുന്നു.

ഇതുകൂടാതെ ഡിഗ്രി പരീക്ഷകൾക്ക് തോൽക്കുന്ന പട്ടികജാതി/വർഗ്ഗ വിദ്യാർത്ഥികൾക്കും ട്യൂട്ടോറിയലിൽ ചേർന്ന് പഠിച്ച് ഒരു പ്രാവശ്യം കൂടി പരീക്ഷ എഴുതുന്നതിന് 1992-93 അദ്ധ്യയന വർഷം മുതൽ ധനസഹായം നൽകുന്നുണ്ട്.

| ഡിഗ്രിക്ക് | മെയിൻ/സബ് | ലാംഗ്വേജ്/ഇംഗ്ലീഷ് |
|---|---|---|
| ബി. എ. | 1,000 | 350 |
| ബി. കോം. | 1,000 | 350 |
| ബി. എസ്. സി. (മെയിൻമാത്രം) | 1,400 | 350 |
| പ്രാക്ടിക്കൽ മാത്രം | 850 | .. |

LIBRARY ARCHIVES Kerala Legislative Assembly

ഇത് പാർട്ടായി എഴുതുന്നവർക്ക് പരമാവധി 1,200 രൂപ ഫീസും യാത്രാ ചെലവിനായി 400 രൂപയും നൽകുന്നു. സ്റ്റേഷനറി ചെലവുകൾക്കായി ബി. എ., ബി.കോം.-ന് 100 രൂപയും ബി. എസ്. സി.-ക്ക് 150 രൂപയും നൽകുന്നു.

വിവിധ പരീക്ഷകളിൽ തോൽക്കുന്ന പട്ടികജാതി/വർഗ്ഗ വിദ്യാർത്ഥികൾക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്ന കോഴ്സുകളുടെ കൂട്ടത്തിൽ TSLC, VHSC, Plus-II കോഴ്സുകൾ കൂടി ഉൾപ്പെടുത്തി സ. ഉ. (കൈ) 25/93/പജാ. പവി. വിവ. തീയതി 22-5-1993 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

ടി പദ്ധതിയുടെ പ്രയോജനം കൂടുതൽ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നതിലേക്കായി 2004-05 അദ്ധ്യയന വർഷം മുതൽ SSLC-ക്ക് ഗ്രേഡിംഗ് സമ്പ്രദായം ആയതിനാൽ 20% മാർക്ക് എന്നതിനുപകരം D, E എന്നീ ഗ്രേഡുകൾ വാങ്ങിയിട്ടുള്ള പട്ടികജാതി വിദ്യാർത്ഥികൾക്ക് ട്യൂട്ടോറിയലിൽ ചേർന്ന് പഠിക്കുന്നതിന് ഓരോ വിഷയത്തിനും 100 രൂപ നിരക്കിൽ ധനസഹായം അനുവദിച്ചുവരുന്നു.

(സി) ഉത്തരം അനുബന്ധമായി ചേർക്കുന്നു. (അനുബന്ധം-I)†

(ഡി) ഉത്തരം അനുബന്ധമായി ചേർക്കുന്നു. (അനുബന്ധം-II)†

## സഹകരണ വായ്പകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ

122[662] ശ്രീ. കെ. കെ. ദിവാകരൻ :
,, എം. പ്രകാശൻ മാസ്റ്റർ:
,, കെ. വി. കുഞ്ഞിരാമൻ :
,, മുരളി പെരുനെല്ലി :
,, സി. എച്ച്. കുഞ്ഞമ്പു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ ബാങ്കുകളിൽനിന്നും നൽകുന്ന വായ്പകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഏതെല്ലാം വായ്പകൾക്കാണ് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുള്ളത് ;

(സി) എല്ലാവായ്പകൾക്കും ഇൻഷ്വറൻസ് പരിരക്ഷ നൽകുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ഇല്ല.

(ബി) വായ്പകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടില്ല.

(സി) ഇക്കാര്യം ഇതുവരെ ആലോചിച്ചിട്ടില്ല. നിർദ്ദേശം പരിഗണിക്കാവുന്നതാണ്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## ഒന്നുമുതൽ അഞ്ച് വരെയുള്ള ക്ലാസ്സുകളിൽ മലയാള ഭാഷ നിർബന്ധമാക്കുന്നതിന് നടപടി

123 [663] ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. പി. തിലോത്തമൻ :
,, രാജാജി മാത്യു തോമസ് :
,, പള്ളിപ്രം ബാലൻ :
,, വി. എസ്. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എല്ലാ സ്ക്കൂളുകളിലും ഒന്നുമുതൽ അഞ്ചു വരെയുള്ള ക്ലാസ്സുകളിൽ മലയാള ഭാഷ നർബന്ധമായും പഠിപ്പിക്കുന്നതിന് ആവശ്യമായ നിയമനിർമ്മാണം നടത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ?

### ഉത്തരം

(എ & ബി) 29-9-2006-ലെ സ. ഉ. (എം. എസ്.) 250/06/പൊവിവ. പ്രകാരം എല്ലാ സ്ക്കൂളുകളിലും നാലാം ക്ലാസ് വരെ വിദ്യാർത്ഥിയുടെ മാതൃഭാഷ പഠിപ്പിക്കുവാൻ നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് നിയമ നിർമ്മാണം നടത്തണമെന്നുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലില്ല.

## വൈദ്യുതി തകരാറ് പരിഹരിക്കാൻ മൊബൈൽ പരിശോധന യൂണിറ്റുകൾ

124 [664] ശ്രീ. ബാബു എം. പാലിശ്ശേരി :
,, സി. എം. ദിനേശ് മണി:
,, ബി. ഡി. ദേവസ്സി:
,, എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി തകരാറുകൾ പരിഹരിക്കാൻ ഉണ്ടാകുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിനായി എല്ലാ സെക്ഷനുകളിലും പ്രത്യേകം ജീവനക്കാരെ നിയമിക്കുന്നുണ്ടോ;

(സി) തകരാറുകൾ പരിശോധിക്കുന്നതിന് മൊബൈൽ സംവിധാനം എവിടെയെല്ലാം ഏർപ്പെടുത്തിയിട്ടുണ്ട്; ഇവയുടെ പ്രവർത്തനം പരിശോധിച്ചിട്ടുണ്ടോ;

(ഡി) മൊബൈൽ പരിശോധന യൂണിറ്റുകൾ എല്ലാ സെക്ഷനുകളിലും ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്

(ബി) സെക്ഷനുകളിൽ നിലവിലുള്ള ജീവനക്കാരെ ഉപയോഗിച്ച് വൈദ്യുതി തകരാറുകൾ പരമാവധി വേഗത്തിൽ പരിഹരിക്കുന്നുണ്ട്. കൂടാതെ ഫീൽഡ് ജീവനക്കാരുടെ തസ്തികകൾ ഒഴിവുള്ള സെക്ഷനുകളിൽ ജീവനക്കാരെ നിയമിക്കുന്നതിന് സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) തിരുവനന്തപുരം, കൊല്ലം, കോട്ടയം,. തൃപ്പൂണിത്തുറ, മട്ടാഞ്ചേരി, എറണാകുളം, കോഴിക്കോട് എന്നീ നഗര പ്രദേശങ്ങളിൽ വൈദ്യുതി തകരാറ് പരിഹരിക്കുന്നതിനായി ട്രബിൾ കാൾ മാനേജ്മെന്റ് സിസ്റ്റം പ്രവർത്തിച്ചുവരുന്നു. റ്റി. ബി. എം. എസ്.-ന്റെ പ്രവർത്തനം പരിശോധിക്കാറുണ്ട്.

(ഡി) എ. പി. ഡി. ആർ. പി.-യുടെ ഭാഗമായി കേരളത്തിലെ 39 പട്ടണങ്ങളിൽ മൊബൈൽ പരിശോധന യൂണിറ്റുകൾ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. എല്ലാ സെക്ഷനുകളിലും പ്രത്യേകം മൊബൈൽ പരിശോധനാ യൂണിറ്റുകൾ ആവശ്യമില്ല. സെക്ഷനുകൾക്കായി അനുവദിച്ച വാഹന സൗകര്യം ഉപയോഗിച്ച് സെക്ഷൻ ജീവനക്കാർ പരിശോധന നടത്തിവരുന്നുണ്ട്.

## പ്ലാനറ്റോറിയത്തിന്റെ നവീകരണം

125 [665] ശ്രീ. അൽഫോൺസ് കണ്ണന്താനം :
,, വി. ശിവൻകുട്ടി :
ശ്രീമതി ജെ. അരുന്ധതി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശാസ്ത്ര-സാങ്കേതിക മ്യൂസിയത്തിലെ പ്ലാനറ്റോറിയത്തിന്റെ നവീകരണത്തിനായി എന്തെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കുമോ ;

(ബി) പ്ലാനറ്റോറിയം കൂടുതൽ ആകർഷകവും വിജ്ഞാനപ്രദവും ആക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) മ്യൂസിയത്തിലെ വിവിധ ഗ്യാലറികളുടെ നവീകരണത്തിന് പദ്ധതി തയ്യാറാക്കുമോ ;

(ഡി) മ്യൂസിയത്തിൽ കുട്ടികളുടെ ശാസ്ത്ര പാർക്കിന്റേയും പ്ലേ പാർക്കിന്റേയും നവീകരണ പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ & ബി) ഉണ്ട്. ഇതിലേക്കായി പ്ളാനറ്റോറിയം ഉപകരണങ്ങൾ സപ്ളൈ ചെയ്ത ജപ്പാനിലെ ഗോട്ടോ കമ്പനിയുമായി ചർച്ച നടന്നുകൊണ്ടിരിക്കുകയാണ്. ആവശ്യമായ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പ്ളാനറ്റോറിയം കൂടുതൽ ആകർഷകവും വിജ്ഞാനപ്രദവുമാക്കുന്നതിന് നടപടികൾ ആരംഭിക്കുന്നതാണ്.

(സി) നിലവിലുള്ള 10 ഗ്യാലറികളിൽ 3 എണ്ണം നവീകരിച്ചു കഴിഞ്ഞു. മറ്റ് രണ്ടെണ്ണത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ബാക്കി അഞ്ച് ഗ്യാലറികളിൽ നവീകരണം ആവശ്യമില്ല. കൂടാതെ പുതിയ ഗ്യാലറികളുടെ നിർമ്മാണം പ്രാരംഭദശയിലാണ്.

(ഡി) കുട്ടികളുടെ ശാസ്ത്ര പാർക്കിനോടും പ്ളേ പാർക്കിനോടും അനുബന്ധിച്ച്, മിനിസ്ട്രി ഓഫ് നോൺ കൺവെൻഷണൽ എനർജിയുടെ സാമ്പത്തിക സഹായത്തോടെ ഒരു എനർജി പാർക്ക് സജ്ജമായിക്കഴിഞ്ഞു. കൂടുതൽ പാർക്ക് എക്സിബിറ്റുകൾ സ്ഥാപിക്കുവാനുള്ള പദ്ധതികൾ പരിഗണിച്ചുവരുന്നു.

## സഹകരണ മേഖലയിലെ അഴിമതി

126 [666] ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
,, എം. ചന്ദ്രൻ :
,, പി. പി. അബ്ദുള്ളക്കുട്ടി :
,, മഞ്ഞളാംകുഴി അലി :

ശ്രീമതി കെ. കെ. ലതിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ മേഖലയിലെ അഴിമതി തടയുന്നതിന് ഏർപ്പെടുത്തിയ ജില്ലാതല മോണിറ്ററിംഗ് സംവിധാനത്തിന്റെ പ്രവർത്തന പുരോഗതി വെളിപ്പെടുത്തുമോ ;

(ബി) നിയമസഭാ തെരഞ്ഞെടുപ്പ് പ്രഖ്യാപനത്തിനും പുതിയ സർക്കാർ അധികാരത്തിൽ വരുന്നതിനും ഇടയിലുള്ള കാലയളവിൽ ജില്ലകളിൽ ജോയിന്റ് രജിസ്ട്രാർ (ജനറൽ) തലത്തിൽ വ്യാപകമായ രീതിയിൽ സംഘങ്ങളുടെ രജിസ്ട്രേഷൻ, തസ്തിക അനുവദിക്കൽ, സംഘങ്ങളുടെ ബ്രാഞ്ച് അനുവദിക്കൽ എന്നിവ നടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ജില്ലതിരിച്ച് ലഭ്യമാക്കുമോ ;

(സി) ഈ നടപടിയിൽ ഉദ്യോഗസ്ഥതലത്തിൽ വൻതോതിൽ അഴിമതി നടന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇതിനെക്കുറിച്ച് സമഗ്രമായ അന്വേഷണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തിൽ അഴിമതി ആരോപിച്ച് ലഭിക്കുന്ന പരാതികളിൽ ജില്ലാതലത്തിലും സംസ്ഥാനതലത്തിലും അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുകയും അതിൻമേൽ നടപടികൾ സ്വീകരിച്ചും വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജില്ല തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി &ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അന്വേഷണം നടത്തി നടപടി സ്വീകരിക്കുന്നതാണ്.

## ജില്ലാ സഹകരണ ബാങ്കുകളിലെ കമ്പ്യൂട്ടറൈസേഷൻ

127 [667] ശ്രീ. ജോർജ് മേഴ്സിയർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എ. ടി. എം. ഉൾപ്പെടെയുള്ള കമ്പ്യൂട്ടർ സംവിധാനം ഏർപ്പെടുത്തുവാൻ ഓരോ ജില്ലാ സഹകരണ ബാങ്കിനും നാളിതുവരെ എത്ര തുക വീതം ചെലവായി ;

(ബി) ഒരു ബ്രാഞ്ച് കമ്പ്യൂട്ടറൈസ് ചെയ്യുന്നതിന് ഓരോ ജില്ലാ സഹകരണ ബാങ്കിനും എത്ര തുക ചെലവായിട്ടുണ്ട്;

(സി) കമ്പ്യൂട്ടർ സംവിധാനം ഏർപ്പെടുത്തുവാൻ ഏതെല്ലാം ജില്ലാ സഹകരണ ബാങ്കുകളാണ് സഹകരണ സംഘം രജിസ്ട്രാറുടെ അനുമതി തേടിയത് എന്നും ഇതിൽ ഏതെല്ലാം ബാങ്കുകൾക്ക് രജിസ്ട്രാറുടെ അനുമതി ലഭിച്ചുവെന്നും ഏതെല്ലാം ബാങ്കുകൾക്ക് നിഷേധിച്ചുവെന്നും വ്യക്തമാക്കാമോ ;

(ഡി) അനുമതി നിഷേധിക്കാനുണ്ടായ കാരണം വ്യക്തമാക്കുമോ ?

### ഉത്തരം

(എ) തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിനും എറണാകുളം ജില്ലാ സഹകരണ ബാങ്കിനും മാത്രമേ എ. ടി. എം. ഉൾപ്പെടെയുള്ള കമ്പ്യൂട്ടർ സംവിധാനം നിലവിലുള്ളു. എ. ടി. എം. ഉൾപ്പെടെയുള്ള കമ്പ്യൂട്ടർ സംവിധാനവും എ. ടി. എം. ഉൾപ്പെടാത്ത കമ്പ്യൂട്ടർ സംവിധാനവും ഓരോ ജില്ലാ സഹകരണ ബാങ്കിനും സ്ഥാപിക്കുന്നതിന് നാളിതുവരെ ചെലവായ തുകയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| തിരുവനന്തപുരം | — | 5,42,79,474 |
| കൊല്ലം | — | 7,54,79,865 |
| പത്തനംതിട്ട | — | കമ്പ്യൂട്ടർവൽക്കരണം നടത്തിയിട്ടില്ല |
| ആലപ്പുഴ | — | 3,19,29,364 |
| ഇടുക്കി | — | 1,61,32,000 |
| കോട്ടയം | — | 2,19,94,339 |
| എറണാകുളം | — | 219 ലക്ഷം |
| തൃശ്ശൂർ | — | 22,44,098 |

† അനുബന്ധം V

LIBRARY ARCHIVES Kerala Legislative Assembly

| | | |
|---|---|---|
| | പാലക്കാട് | — 81,83,000 |
| | മലപ്പുറം | — 2,95,00,000 |
| | കോഴിക്കോട് | — 15,904,000 |
| | കണ്ണൂർ | — 92,71,556 |
| | വയനാട് | — 76,59,739 |
| | കാസർഗോഡ് | — കമ്പ്യൂട്ടർവൽക്കരിച്ചിട്ടില്ല |
| (ബി) | തിരുവനന്തപുരം | — 8,00,000 |
| | കൊല്ലം | — 15,00,000 |
| | പത്തനംതിട്ട | — കമ്പ്യൂട്ടർവൽക്കരണം നടത്തിയിട്ടില്ല |
| | ആലപ്പുഴ | — 6,30,000 |
| | ഇടുക്കി | — 4,00,000 |
| | കോട്ടയം | — 4,03,000 |
| | എറണാകുളം | — വലിയ ശാഖകൾ-5,00,000<br>ചെറിയ ശാഖകൾ-2,00,000 |
| | തൃശ്ശൂർ | — 12,23,050 |
| | പാലക്കാട് | — 5,00,000 |
| | മലപ്പുറം | — 3,92,000 |
| | കോഴിക്കോട് | — ശാഖാ തലത്തിൽ കണക്ക് സൂക്ഷിച്ചിട്ടില്ല |
| | കണ്ണൂർ | — 5,00,000 |
| | വയനാട് | — 2,45,000 |
| | കാസർഗോഡ് | — ശാഖകൾകമ്പ്യൂട്ടർ വൽക്കരിച്ചിട്ടില്ല. |

(സി) വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഡി) അനുമതി നിഷേധിച്ചിട്ടില്ല. അനുമതി നേടാതെ പ്രവർത്തി നടത്തിയത് ഗുരുതരമായതുകൊണ്ട് അന്വേഷണം നടത്തുന്നതാണ്.

## പെട്രോൾ പമ്പുകളിലുള്ള മീറ്ററുകളിലെ കൃത്രിമം

128 [668] ശ്രീ. പി. ടി. എ. റഹീം :
,, എം. ജെ. ജേക്കബ് :
,, രാജു എബ്രഹാം :
ശ്രീമതി കെ. കെ. ലതിക :

ശ്രീ. ടി. പി. കുഞ്ഞുണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പല പെട്രോൾ പമ്പുകളിലേയും മീറ്ററുകൾ ശരിയായി പ്രവർത്തിക്കുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പെട്രോൾ പമ്പുകളിലെ മീറ്ററുകൾ ലീഗൽ മെട്രോളജി വകുപ്പ് പരിശോധിക്കാറുണ്ടോ ;

(സി) കഴിഞ്ഞ രണ്ടു വർഷക്കാലയളവിൽ എത്ര പമ്പുകൾ പരിശോധിച്ചു ; പരിശോധനയുടെ ഫലം വിശദമാക്കുമോ ;

(ഡി) പരിശോധനയുടെ അടിസ്ഥാനത്തിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തു ;

(ഇ) പെട്രോൾ പമ്പുകളിലെ അളവിലെ കൃത്രിമം കണ്ടുപിടിക്കുന്നതിന് മിന്നൽ പരിശോധനകൾ നടത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) & (ബി) ഉണ്ട്. പെട്രോൾ പമ്പിലെ പെട്രോളിയം ഉത്പന്നങ്ങൾ വിൽക്കുന്ന ഡിസ്പെൻസിംഗ് പമ്പ് ലീഗൽ മെട്രോളജി വകുപ്പ് പരിശോധിക്കാറുണ്ട്.

(സി) കഴിഞ്ഞ രണ്ടു വർഷക്കാലയളവിൽ 6039 പമ്പുകൾ പരിശോധിച്ചു. കൃത്രിമം കണ്ടുപിടിക്കപ്പെട്ട പമ്പുകൾക്കെതിരെ നടപടി സ്വീകരിച്ചു.

(ഡി) 287 കേസ്സുകൾ രജിസ്റ്റർ ചെയ്തു.

(ഇ) ഇപ്പോൾതന്നെ മിന്നൽ പരിശോധനകൾ നടത്തിവരുന്നുണ്ട്.

ഉപഭോക്തൃ സഹകരണ സംഘങ്ങൾ

129 [669] ശ്രീ. വി. ശിവൻകുട്ടി :

,, വി. എൻ. വാസവൻ :

,, എം. എം. മോനായി :

,, എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉപഭോക്തൃ സഹകരണ സംഘങ്ങൾക്ക് സഹകരണ വകുപ്പ് നൽകുന്ന സഹായങ്ങൾ എന്തെല്ലാമാണ്;

(ബി) സംസ്ഥാനത്ത് ഇതുവരെ എത്ര ഉപഭോക്തൃ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്

(സി) ഏതെല്ലാം പദ്ധതികൾക്കാണ് സബ്സിഡി അനുവദിച്ചിട്ടുള്ളത് ;

(ഡി) നഗര പ്രദേശങ്ങളിലും ഗ്രാമ പ്രദേശങ്ങളിലുമുള്ള ഉപഭോക്തൃ സഹകരണ സംഘങ്ങളുടെ വികസനത്തിനായി ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ എതെല്ലാമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉപഭോക്തൃ സഹകരണ സംഘങ്ങൾക്ക് സർക്കാരിൽനിന്നും ഓഹരി, വായ്പ, പലിശ രഹിത വായ്പ, മാനേജീരിയൽ സബ്സിഡി, ഫർണിച്ചർ വായ്പ മുതലായവയും എൻ. സി. ഡി. സി. പദ്ധതിപ്രകാരം മാർജിൻ മണിയും ധനസഹായമായി നൽകുന്നു.

(ബി) സംസ്ഥാനതലത്തിൽ കൺസ്യൂമർ ഫെഡറേഷനും, ജില്ലാ തലത്തിൽ 14 മൊത്ത വ്യാപാര സ്റ്റോറുകളും പ്രാഥമിക തലത്തിൽ 919 പ്രാഥമിക ഉപഭോക്തൃ സഹകരണ സംഘങ്ങളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ജീവനക്കാരുടെ ശമ്പളത്തിന് മാനേജീരിയൽ സബ്സിഡിയും, കൂടാതെ ഫർണിച്ചർ സബ്സിഡി, ഗോഡൗൺ സബ്സിഡി, ഉത്സവകാല സബ്സിഡി, പുനരുദ്ധാരണ പദ്ധതിക്ക് സബ്സിഡി, ത്രാസ് വാങ്ങുന്നതിന് സബ്സിഡി എന്നിവയും അനുവദിക്കാറുണ്ട്.

സർക്കാരിൽ നിന്നും ഉപഭോക്തൃ സഹകരണ സംഘങ്ങൾ പുനസംഘടിപ്പിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും ഉള്ള വ്യക്തമായ പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാരിന്റെ 22-12-1998-ലെ ജി. ഒ. (എം. എസ്.) നമ്പർ 179/98/സഹ. ഉത്തരവനസരിച്ച് ഓഹരി മൂലധനം മൂന്ന് ഗഡുക്കളായി 2,70,000 രൂപയും (ഓരോ വർഷവും 90,000 രൂപ) അതിന് ആനുപാതികമായി മാനേജീരിയൽ സബ്സിഡി മൂന്ന് ഗഡുക്കളായി 30,000 രൂപയും (ഓരോ വർഷവും 10,000 രൂപ) നൽകിവരുന്നു. സർക്കാരിന്റെ 19-9-1998-ലെ ജി. ഒ. (എം. എസ്.) 139/98-ാം നമ്പർ ഉത്തരവ് അനുസരിച്ച് കൺസ്യൂമർ ഫെഡറേഷന് 10,00,000 രൂപ ഓഹരി ഇനത്തിലും 5,00,000 രൂപ സബ്സിഡിയായും നൽകിവരുന്നുണ്ട്. കൂടാതെ സർക്കാരിന്റെ 10-2-1999-ലെ ജി. ഒ. (ആർ. റ്റി.) നമ്പർ 83/99-ാം നമ്പർ ഉത്തരവ് അനുസരിച്ച് പലിശരഹിത വായ്പയായി 10,00,000 രൂപയും ഫെഡറേഷന് നൽകിവരുന്നു.

സർക്കാരിന്റെ 10-3-1995-ലെ ജി. ഒ. (എം. എസ്.) 40/99/സഹ. നമ്പർ ഉത്തരവിനു വിധേയമായി സംഘങ്ങളുടെ വിറ്റുവരവിന്റെയും, പ്രവർത്തനം വിലയിരുത്തിയും, വ്യക്തമായ പ്രോജക്ട് റിപ്പോർട്ടിന്റെയും സെല്ലിംഗ് ഏരിയ 200 സ്ക്വ. ഫീറ്റ്, 800 സ്ക്വ. ഫീറ്റ്, 1500 സ്ക്വ. ഫീറ്റ്, 3000 സ്ക്വ. ഫീറ്റ് വീതമുള്ള സംഘങ്ങൾക്ക് താഴെപ്പറയും പ്രകാരമുള്ള ധനസഹായവും നൽകി വരുന്നു. മിനിമം വിൽപ്പന ഏരിയ 200 ചതുരശ്ര അടിയുള്ള സംഘങ്ങൾക്ക് ഓഹരിയായി 45,000 രൂപയും വായ്പയായി 10,000 രൂപയും മാനേജീരിയൽ സബ്സിഡിയായി 5,000 രൂപയുമുൾപ്പെടെ മൊത്തം 60,000 രൂപയും നൽകി വരുന്നു. വില്പന ഏരിയ 800 ചതുരശ്ര അടി വിസ്തീർണ്ണമുള്ള സംഘങ്ങൾക്ക് ഓഹരിയായി പരമാവധി 90,000 രൂപയും വായ്പയായി 35,000 രൂപയും സബ്സിഡിയായി 10,000 രൂപയുമുൾപ്പെടെ മൊത്തം 1,35,000 രൂപയും നൽകിവരുന്നു. വില്പന ഏരിയ 1500 ചതുരശ്ര അടി വിസ്തീർണ്ണമുള്ള സംഘങ്ങൾക്ക് ഓഹരിയായി

പരമാവധി 3,00,000 രൂപയും വായ്പയായി 1,20,000 രൂപയും സബ്സിഡിയായി 30,000 രൂപയുമുൾപ്പെടെ മൊത്തം 4,50,000 രൂപയും നൽകി വരുന്നു. 3000 മുതൽ 6000 വരെ ചതുരശ്ര അടി വിസ്തീർണ്ണമുള്ള സംഘങ്ങൾക്ക് ഓഹരിയായി പരമാവധി 6,00,000 രൂപയും വായ്പയായി 2,00,000 രൂപയും മാനേജീരിയൽ സബ്സിഡിയായി 50,000 രൂപയുമുൾപ്പെടെ മൊത്തം 8,50,000 രൂപയും നൽകി വരുന്നു.

(ഡി) നഗര പ്രദേശങ്ങളിലും ഗ്രാമ പ്രദേശങ്ങളിലും ഉപഭോക്തൃ സഹകരണ സംഘങ്ങളുടെ വികസനത്തിനായി ഓഹരി, മാനേജീരിയൽ സബ്സിഡി, പലിശരഹിത വായ്പ, കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം മാർജിൻ മണി എന്നിവ അനുവദിക്കുന്നുണ്ട്.

## സ്വാശ്രയ മെഡിക്കൽ കോളേജ് പ്രവേശനത്തിലെ സുതാര്യത

130 [670] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ മെഡിക്കൽ കോളേജുകളിലേക്കുള്ള പ്രവേശനത്തിൽ സുതാര്യത ഉറപ്പാക്കുക എന്ന കാര്യം 2006-ലെ പ്രൊഫഷണൽ കോളേജ് നിയമത്തിന്റെ ലക്ഷ്യമായിരുന്നോ ;

(ബി) എങ്കിൽ 2006-ൽ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ മാനേജ്മെന്റ് സീറ്റുകളിലേക്ക് നടത്തിയ പ്രവേശനത്തിൽ സുതാര്യത നിലനിർത്തുവാൻ കഴിഞ്ഞിട്ടുണ്ടോ ;

(സി) ജസ്റ്റിസ് പി. എ. മുഹമ്മദ് കമ്മിറ്റി റിപ്പോർട്ടിൽ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ മാനേജ്മെന്റ് സീറ്റുകളിലേക്കുള്ള പ്രവേശനത്തിൽ ന്യൂനത ഇല്ലെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

(ഡി) അല്ലാത്തപക്ഷം ജസ്റ്റിസ് പി. എ. മുഹമ്മദ് കമ്മിറ്റി റിപ്പോർട്ട് നടപ്പാക്കാതിരുന്നതുമൂലം സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ മാനേജ്മെന്റ് സീറ്റിലേക്കുള്ള പ്രവേശനത്തിലെ സുതാര്യത എപ്രകാരം ഉറപ്പാക്കാൻ കഴിഞ്ഞു എന്ന് വിശദീകരിക്കുമോ ?

## ഉത്തരം

(എ) അതെ.

(ബി) ഇല്ല.

(സി) ഉണ്ട്.

(ഡി) 2006-ലെ മാനേജ്മെന്റ് സീറ്റിലേക്കുള്ള പ്രവേശനത്തിൽ പൂർണ്ണമായും സുതാര്യത ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല. ക്ലാസ്സ് തുടങ്ങി ഒന്നര മാസത്തിനുശേഷം വിദ്യാർത്ഥികളെ പുറത്താക്കുന്ന സാഹചര്യം ഒഴിവാക്കാനാണ് കമ്മിറ്റി റിപ്പോർട്ട് അനുസരിച്ച് നടപടി സ്വീകരിക്കാതിരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

## പ്രകൃതി ദുരന്ത നിവാരണം

131 [671] ശ്രീ. എൻ രാജൻ :
,, ബാബു പോൾ :
,, എ. കെ. ചന്ദ്രൻ :
ശ്രീമതി ഇ. എസ്. ബിജി മോൾ :

ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രകൃതി ദുരന്ത നിവാരണ നയത്തിന് രൂപം നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രകൃതിക്ഷോഭങ്ങൾക്ക് കൂടുതൽ സാധ്യതയുള്ള സംസ്ഥാനങ്ങളുടെ പട്ടികയിൽ കേരളത്തെ ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(സി) ഭൂകമ്പം ഉൾപ്പെടെയുള്ള പ്രകൃതിക്ഷോഭങ്ങൾ മുൻകൂട്ടി അറിയുന്നതിനും മുൻകരുതലുകളെടുക്കുന്നതിനുമുള്ള ഇപ്പോഴുള്ള പോരായ്മകൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; എങ്കിൽ അത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

### ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്തിന് പ്രത്യേകമായ ഒരു ദുരന്ത നിവാരണ നയത്തിന് രൂപം കൊടുത്ത് നടപ്പിലാക്കുവാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) ഉണ്ട്. ഒന്നിൽ കൂടുതൽ ദുരന്തങ്ങൾ സംഭവിക്കാൻ സാധ്യതയുള്ള (മൾട്ടി ഹസാർഡ്) സംസ്ഥാനമാണ് കേരളം. വെള്ളവും കാലാവസ്ഥയുമായി ബന്ധപ്പെട്ടതും ഭൗമശാസ്ത്രപരമായി ബന്ധപ്പെട്ടതും ജൈവശാസ്ത്രപരവും രാസ വ്യവസായ ആണവ നിലയങ്ങളുമായി ബന്ധപ്പെട്ടതുമായ ദുരന്തങ്ങൾക്കു പുറമേ, മനുഷ്യ നിർമ്മിത ദുരന്തങ്ങളുടെ കാര്യത്തിലും കേരളത്തിന് ആശങ്കയ്ക്ക് വഴിയുണ്ട്. ഭൂകമ്പത്തിന്റെ കാര്യത്തിൽ കേരളം സോൺ III-ൽ ആണ്. കൂടാതെ ചുഴലിക്കാറ്റ്, ഇടി മിന്നൽ, വെള്ളപ്പൊക്കം, വരൾച്ച/കുടിവെള്ളക്ഷാമം, ഉരുൾപൊട്ടൽ, സുനാമി, തീപിടുത്തം എന്നിവയ്ക്കും സാധ്യതയുള്ള സംസ്ഥാനമാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭൂകമ്പം മുൻകൂട്ടി അറിയുന്നതിന് നിലവിൽ മാർഗ്ഗ ങ്ങളില്ല. എന്നാൽ, ഭൂകമ്പ സാധ്യതാ പ്രദേശങ്ങൾ മുൻകൂട്ടി മനസ്സിലാക്കാൻ സഹായിക്കു ന്നതിന് ഉപഗ്രഹ ചിത്രങ്ങളും മുമ്പുനടന്ന ഭൂകമ്പങ്ങളുടെ വിവര ക്രോഡീകരണവും സഹായകമാകും. ചെറുചലനങ്ങൾ രേഖപ്പെടുത്തുവാൻ സഹായിക്കുന്ന രീതിയിൽ ചെലവുകുറഞ്ഞ സീസ്മോഗ്രാഫുകളുടെ ഒരു ശൃംഖല സ്ഥാപിക്കാനും ഈ ഉപകരണ ങ്ങളിൽ നിന്ന് വിവരശേഖരം സാധ്യമാകുന്ന രീതിയിൽ തെരഞ്ഞെടുത്ത ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിനും ആലോചിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മിടുക്കന്മാരായ പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം

132 [672] ശ്രീ. സി. കെ. പി. പത്മനാഭൻ :

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :

ശ്രീ. ആർ. സെൽവരാജ് :

" വി. ശശികുമാർ :

" എം. കെ. പുരുഷോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിടുക്കന്മാരായ പട്ടികജാതി വിദ്യാർത്ഥികളെ കണ്ടെത്തി മെച്ചപ്പെട്ട വിദ്യാഭ്യാസ സൗകര്യങ്ങൾ നൽകുന്നതിന് പദ്ധതി നിലവിലുണ്ടോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) സ്ക്കൂൾ-കോളേജ് തലങ്ങളിൽ ഈ പദ്ധതി നടപ്പാക്കുന്നുണ്ടോ ;

(ഡി) സ്ക്കൂൾതലത്തിലും കോളേജ് തലത്തിലും എത്ര വിദ്യാർത്ഥികൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നുണ്ട് ;

(ഇ) ഈ പദ്ധതിക്ക് കേന്ദ്ര സഹായം ലഭിക്കുന്നുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2002-03 സാമ്പത്തിക വർഷം സർക്കാർ സ്കൂളുകളിലും സർക്കാർ എയ്ഡഡ് പ്രൈവറ്റ് സ്കൂളുകളിലും 4-ാം ക്ലാസ്സിലും 7-ാം ക്ലാസ്സിലും പഠിച്ചിരുന്ന പട്ടികജാതി വിദ്യാർത്ഥികളിൽ സമർത്ഥരായ വിദ്യാർത്ഥികളെ കണ്ടെത്തി അവർക്ക് 6-ാം ക്ലാസ്സിലും 8-ാം ക്ലാസ്സിലും പഠിക്കുന്നതിനാവശ്യമായ പുസ്തകം, നോട്ട്ബുക്ക്, യൂണിഫോം, ബാഗ്, കുട, ഷൂസ്, എന്നിവയ്ക്ക് 750 രൂപയും പ്രതിമാസ സ്റ്റൈപ്പന്റ് 150 രൂപ നിരക്കിൽ 7 മാസം 1,050 രൂപയും കണക്ക്, സയൻസ്, ഇംഗ്ലീഷ് എന്നീ വിഷയങ്ങൾക്ക് പ്രത്യേക ട്യൂഷൻ നൽകുന്നതിന് 75 രൂപാ നിരക്കിൽ 1,575 രൂപയും ചേർത്ത് ആകെ ഒരു കുട്ടിക്ക് 4,075 രൂപാ ക്രമത്തിൽ നൽകുന്നു. 30,000 രൂപയിൽ താഴെ വാർഷിക കുടുംബ വരുമാനമുള്ള രക്ഷിതാക്കളുടെ കുട്ടികൾക്കാണ് ടി ധനസഹായം നൽകുന്നത്. സ. ഉ. (എം. എസ്.) നമ്പർ 81/02/SCSTDD തീയതി 31-12-2002-ലെ നിബന്ധന പ്രകാരം ഓരോ സ്കൂൾ വർഷാവസാന പരീക്ഷയിലും മുൻ വർഷാവസാന പരീക്ഷയ്ക്കു ലഭിക്കുന്ന മാർക്കിനേക്കാൾ 5% എങ്കിലും കൂടുതൽ മാർക്ക് വിദ്യാർത്ഥികൾ കരസ്ഥമാക്കേണ്ടതാണ്. പദ്ധതിയെ സംബന്ധിച്ച വിശദ വിവരങ്ങൾ 31-12-2002-ലെ സ.ഉ.(എം.എസ്.) 81/02/പജാ.പവ.വിവ തീയതി 31-12-2002-ൽ വ്യക്തമാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.† മെച്ചപ്പെട്ട പഠന നിലവാരമുള്ള പട്ടികജാതി വിദ്യാർത്ഥികളെ കണ്ടെത്തി അവരുടെ മുഴുവൻ ചെലവും സർക്കാർ നൽകി താമസ സൗകര്യത്തോടെ സംസ്ഥാനത്തെ 7 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ പ്രവേശനം നൽകി പഠിപ്പിക്കുന്നു. 5-ാം ക്ലാസ്സിലേക്ക് പ്രവേശനം നൽകുന്ന ടി വിദ്യാർത്ഥികൾക്ക് ആവശ്യമായ ബുക്ക്, യൂണിഫോം, ട്യൂഷൻ, ഭക്ഷണം എന്നിവയെല്ലാം സർക്കാർ നൽകുന്നു.

സംസ്ഥാനത്തെ ഉന്നത നിലവാരം പുലർത്തുന്ന റസിഡൻഷ്യൽ സ്കൂളുകളിൽ 5-ാം ക്ലാസ്സിൽ പ്രവേശനം നൽകി അവരെ ബോർഡിംഗിൽ താമസിപ്പിച്ചു പഠിപ്പിക്കുന്നു. ഇവരുടെ വിദ്യാഭ്യാസത്തിനാവശ്യമായ പാഠപുസ്തകം, നോട്ട്ബുക്ക്, യൂണിഫോം, താമസ ഭക്ഷണച്ചെലവുകൾ എന്നിവയും സർക്കാർ നൽകുന്നു. ഈ പദ്ധതി ഇപ്പോൾ നഗരസഭകളും ജില്ലാ പഞ്ചായത്തുകളും മുഖേനയാണ് നടത്തി വരുന്നത്.

(സി) സ്കൂൾതലങ്ങളിൽ മാത്രമേ ഈ പദ്ധതി നടത്തിവരുന്നുള്ളു.

(ഡി) ആകെ 10768 കുട്ടികൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നുണ്ട്.

(ഇ) ഇല്ല.

## സ്കൂൾ കുട്ടികൾക്കുള്ള ഗ്രൂപ്പ് പേഴ്സണൽ ഇൻഷ്വറൻസ് പദ്ധതി

133 [673] ശ്രീ. കെ. ടി. ജലീൽ:

ശ്രീമതി കെ. എസ്. സലീഖ:

പ്രൊഫ. സി. രവീന്ദ്രനാഥ് :

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അപകടങ്ങൾക്കെതിരെ സ്കൂൾ കുട്ടികൾക്കുള്ള ഗ്രൂപ്പ് പേഴ്സണൽ ഇൻഷ്വറൻസ് പദ്ധതിയിൽ എത്ര കുട്ടികളെ ഇൻഷ്വർ ചെയ്തിട്ടുണ്ട്;

(ബി) പ്രീമിയം ഇനത്തിൽ സർക്കാർ എത്ര രൂപ ഇൻഷ്വറൻസ് കമ്പനിയിൽ അടയ്ക്കുന്നുണ്ട് ;

(സി) 2004-05, 2005-06 എന്നീ വർഷങ്ങളിൽ എത്ര കുട്ടികൾക്ക് പദ്ധതിയുടെ പ്രയോജനം കിട്ടി ;

(ഡി) ഓരോ വർഷവും കുട്ടികൾക്ക് ആകെ എത്ര രൂപ കമ്പനിയിൽ നിന്നും ലഭിച്ചു ;

(ഇ) പദ്ധതിയിൽ എന്തെങ്കിലും പരിഷ്കാരം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് ആകെ '47,11731' കുട്ടികളെ ഇൻഷ്വർ ചെയ്തിട്ടുണ്ട്.

(ബി) ഈ പദ്ധതി 2002 മുതൽ സർക്കാർ നേരിട്ടു നടത്തുകയാണ്.

(സി) എല്ലാ ജില്ലകളിലുമായി മുന്നൂറ്റി അമ്പതോളം കുട്ടികൾക്ക് പ്രയോജനം കിട്ടിയിട്ടുണ്ട്.

(ഡി) പ്രസ്തുത വർഷങ്ങളിൽ സർക്കാർ നേരിട്ടാണ് പദ്ധതി നടപ്പാക്കിയിട്ടുള്ളത്.

(ഇ) ഉദ്ദേശിക്കുന്നില്ല.

## സ്കൂൾ, കോളേജ് തലങ്ങളിലെ കായികരംഗം

134 [674] ശ്രീ. പി. തിലോത്തമൻ :

,, രാജാജി മാത്യു തോമസ് :

,, എൻ. രാജൻ :

,, മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ തലങ്ങളിലും കോളേജ് തലങ്ങളിലും കായിക രംഗം പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ഇപ്പോൾ നിലവിലുള്ളത് ;

(ബി) കായികാദ്ധ്യാപകരില്ലാത്ത സ്കൂളുകളും കോളേജുകളും സംസ്ഥാനത്തുണ്ടോ ; എങ്കിൽ സർക്കാർ മേഖലയിൽ എത്ര ; സ്വകാര്യ മേഖലയിൽ എത്ര ;

(സി) എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും കായികാദ്ധ്യാപക നിയമനം നിർബ്ബന്ധമാക്കുന്നതിനുദ്ദേശിക്കുന്നുണ്ടോയെന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 129 സ്കൂളുകളിലെ കായിക തൽപരരായ കുട്ടികളെ കണ്ടുപിടിച്ച് അവർക്ക് 5-ാം ക്ലാസ്സു മുതൽ 10-ാം ക്ലാസ്സുവരെ നീണ്ടുനിൽക്കുന്ന പ്രത്യേക പരിശീലനം അത്‌ലറ്റിക്സിനും, വിവിധ ഗെയിംസ് ഇനങ്ങൾക്കും നൽകിവരുന്നു. ഇതിലേയ്ക്കായി പ്രതിവർഷം 30 ലക്ഷം (മുപ്പത് ലക്ഷം) രൂപ ചെലവഴിക്കുന്നു. കൂടാതെ ജില്ലാ കോച്ചിംഗ് ക്യാമ്പ്, സമ്മർ കോച്ചിംഗ് ക്യാമ്പ് എന്നിവ സംഘടിപ്പിച്ച് ഇതിലൂടെയും വിദഗ്ദ്ധ പരിശീലനം നൽകുന്നുണ്ട്. ജില്ലാ കായിക മത്സര വിജയികൾക്ക് പ്രൈസ് മണിയും, ദേശീയമത്സരങ്ങളിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്നവർക്ക് യഥാക്രമം 5,000, 4,000, 3,000 രൂപ ക്രമത്തിൽ ക്യാഷ് അവാർഡും നൽകുന്നുണ്ട്. കൂടാതെ പ്രസ്തുത വിദ്യാർത്ഥികൾക്ക് എസ്. എസ്. എൽ. സി., ഹയർ സെക്കന്ററി വൊക്കേഷണൽ ഹയർ സെക്കന്ററി പരീക്ഷകൾക്ക് ഗ്രേസ് മാർക്കും നൽകുന്നുണ്ട്. കായിക രംഗത്തെ സമർത്ഥരായ 120 കുട്ടികളെ വർഷം തോറും വിദ്യാഭ്യാസ വകുപ്പ് സംഘടിപ്പിക്കുന്ന ജില്ലാ, സോണൽ മത്സരങ്ങളിലൂടെ തെരഞ്ഞെ

LIBRARY ARCHIVES Kerala Legislative Assembly

ടുത്ത് അവർക്ക് തിരുവനന്തപുരം ജി. വി. രാജാ സ്പോർട്സ് സ്കൂൾ, സ്പോർട്സ് ഡിവിഷൻ, കണ്ണൂർ എന്നീ സ്ഥാപനങ്ങളിൽ 8-ാം ക്ലാസ്സിൽ പ്രവേശനം നൽകുന്നു. ഇവരുടെ 10-ാം ക്ലാസ്സുവരെയുള്ള പഠനചെലവുകൾ സർക്കാർ വഹിക്കുന്നു. ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ ഒരു ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജും പ്രവർത്തിക്കുന്നുണ്ട്.

(ബി) എൽ. പി. സ്കൂളുകളിൽ കായികാദ്ധ്യാപകരുടെ തസ്തിക നിലവിലില്ല. യു. പി., ഹൈസ്കൂൾ തലങ്ങളിലുള്ള സ്കൂളുകളിൽ കെ. ഇ. ആർ.-ന് വിധേയമായി കായികാദ്ധ്യാപകരെ നിയമിക്കുന്നുണ്ട്. സംസ്ഥാനത്ത് കായികാദ്ധ്യാപകരില്ലാത്ത സ്കൂളുകളുടെ വിവരം ശേഖരിച്ചുവരുന്നു. ഗവ. മ്യൂസിക് കോളേജ് ഒഴികെ എല്ലാ സർക്കാർ കോളേജുകളിലും കായികാദ്ധ്യാപകരുടെ തസ്തിക നിലവിലുണ്ട്. കോളേജുകളിലെ കായികാദ്ധ്യാപക തസ്തികകൾ സംബന്ധിച്ച വിവരം അനുബന്ധമായി കൊടുത്തിരിക്കുന്നു. †

(സി) ഇക്കാര്യത്തിൽ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടില്ല.

## സ്കൂൾ, കോളേജ് തലങ്ങളിലെ കായികരംഗം

135 [674] ശ്രീ. പി. തിലോത്തമൻ :
,, രാജാജി മാത്യു തോമസ് :
,, എൻ. രാജൻ :
,, മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ തലങ്ങളിലും കോളേജ് തലങ്ങളിലും കായികരംഗം പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ഇപ്പോൾ നിലവിലുള്ളത്;

(ബി) കായികാദ്ധ്യാപകരില്ലാത്ത സ്കൂളുകളും കോളേജുകളും സംസ്ഥാനത്തുണ്ടോ; എങ്കിൽ സർക്കാർ മേഖലയിൽ എത്ര; സ്വകാര്യ മേഖലയിൽ എത്ര;

(സി) എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും കായികാദ്ധ്യാപക നിയമനം നിർബ്ബന്ധമാക്കുന്നതിനുദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ?

## ഉത്തരം

(എ) മറുപടി നൽകിയിട്ടുണ്ട്.

(ബി) എൽ. പി. സ്കൂളുകളിൽ കായികാദ്ധ്യാപകരുടെ തസ്തിക നിലവിലില്ല. യു. പി., ഹൈസ്കൂൾ തലങ്ങളിലുള്ള സ്കൂളുകളിൽ കെ. ഇ. ആർ.-ന് വിധേയമായി കായികാദ്ധ്യാപകരെ നിയമിക്കുന്നുണ്ട്. സംസ്ഥാനത്ത് 33 സർക്കാർ സ്ക്കൂളുകളിലും ഒരു സ്വകാര്യ സ്ക്കൂളിലും കായികാദ്ധ്യാപകരില്ല. ഗവ. മ്യൂസിക് കോളേജ് ഒഴികെ എല്ലാ സർക്കാർ കോളേജുകളിലും കായികാദ്ധ്യാപക തസ്തിക നിലവിലുണ്ട്.

(സി) മറുപടി നൽകിയിട്ടുണ്ട്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

### ഹയർ എഡ്യൂക്കേഷൻ സ്കോളർഷിപ്പ് ഫണ്ട്

136 [675] ശ്രീ. കെ. സുധാകരൻ :
,, ബി. ബാബു പ്രസാദ്:
,, കെ. ശിവദാസൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെന്റ് ഒരു ഹയർ എഡ്യൂക്കേഷൻ സ്കോളർഷിപ്പ് ഫണ്ട് രൂപീകരിച്ചിട്ടുണ്ടോ; അതിന്റെ അഡ്മിനിസ്ട്രേറ്റർ ആരാണ്;

(ബി) അതിലേയ്ക്ക് ഗവൺമെന്റ് എന്ത് തുക നൽകി;

(സി) അതിന്റെ കോർപ്പസ് എത്രയാണ്; ഈ ഫണ്ടിൽനിന്നും ഈ വർഷം എന്ത് തുകയുടെ സ്കോളർഷിപ്പ് നൽകാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ?

#### ഉത്തരം

(എ) 2006-ലെ കേരള പ്രൊഫഷണൽ കോളേജസ് ഓർ ഇൻസ്റ്റിറ്റ്യൂഷൻസ് ആക്റ്റ് (ആക്റ്റ് നമ്പർ 19) പ്രകാരം ഹയർ എഡ്യൂക്കേഷൻ സ്കോളർഷിപ്പ് ഫണ്ടിന് വ്യവസ്ഥയുണ്ട്. എന്നാൽ ഇത് രൂപീകൃതമായിട്ടില്ല. സർക്കാർ നിയമിക്കുന്ന ഒരാളായിരിക്കും ഇതിന്റെ അഡ്മിനിസ്ട്രേറ്റർ.

(ബി) & (സി) സ്കോളർഷിപ്പ് ഫണ്ടിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

### സ്വാശ്രയ കോളേജ് പ്രവേശനകേസ്

137 [676] ശ്രീ. പി. കെ. അബ്ദുറബ്ബ് :
,, യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാശ്രയ കോളേജ് പ്രവേശന പ്രശ്നം കോടതിക്ക് പുറത്ത് ഒത്തുതീർപ്പാക്കാൻ സാധിക്കുമെന്ന പ്രതീക്ഷ ഫലവത്താക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്;

(ബി) ഇതിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ ?

#### ഉത്തരം

(എ) സ്വാശ്രയ നിയമത്തിന്റെ അടിസ്ഥാന തത്വത്തിൽ ഉറച്ചുനിന്നുകൊണ്ട് സ്വാശ്രയ മാനേജ്മെന്റുകളുമായി കൂടിയാലോചന നടത്തിയിട്ടുണ്ട്.

(ബി) അന്തിമ തീരുമാനം ഉണ്ടായിട്ടില്ല.

## പാട്ടത്തിന് നൽകിയ ഭൂമി

138 [677] ശ്രീ. എൻ. അനിരുദ്ധൻ :

,, മാങ്കോട് രാധാകൃഷ്ണൻ :

,, കെ. അജിത് :

,, കെ. രാജു :

,, എ. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നൂറ് വർഷത്തേക്ക് പാട്ടത്തിന് നൽകിയിട്ടുള്ള എത്ര ഹെക്ടർ സർക്കാർ ഭൂമി സംസ്ഥാനത്തുണ്ട്; ഇതിൽ പാട്ടക്കരാറിന്റെ കാലാവധി അവസാനിച്ച ഭൂമിയുണ്ടോ ; എങ്കിൽ എത്ര ഹെക്ടർ;

(ബി) ഇപ്രകാരമുള്ള എത്ര പാട്ടക്കരാറുകൾ ഇതിനകം പുതുക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ഇതിൽ പാട്ടത്തുക കുടിശ്ശിക വരുത്തിയ എത്ര ഹെക്ടർ ഭൂമിയാണുള്ളത്; പ്രസ്തുത കുടിശ്ശിക പിരിച്ചെടുക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) പാട്ടത്തിന് നൽകിയ ഭൂമി മറിച്ചുവിറ്റ സംഭവങ്ങളുണ്ടായിട്ടുണ്ടോ ; എങ്കിൽ അതിനെതിരെ എന്തു നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ?

### ഉത്തരം

(എ) നിലവിലുള്ള ചട്ടങ്ങൾ പ്രകാരം നൂറ് വർഷത്തേയ്ക്ക് ഭൂമി പാട്ടത്തിന് വ്യവസ്ഥയില്ല. എന്നാൽ 99 വർഷത്തിനോ അതിൽ കുറഞ്ഞ കാലാവധിക്കോ സംസ്ഥാനത്തൊട്ടാകെ 1942.64.19 ഹെക്ടർ ഭൂമി പാട്ടത്തിന് നൽകിയിട്ടുണ്ട്.

(ബി & സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) ഉണ്ട്. പാട്ടവ്യവസ്ഥകൾ ലംഘിക്കുന്ന കേസുകളിലെല്ലാം പാട്ടം റദ്ദ് ചെയ്ത് ടി ഭൂമി സർക്കാരിലേയ്ക്ക് ഏറ്റെടുക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളാൻ എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

## വി. എച്ച്. എസ്. ഇ. കോഴ്സുകൾക്ക് അംഗീകാരം

139 [678] ശ്രീ. വി. സുരേന്ദ്രൻ പിള്ള:

,, മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വി. എച്ച്. എസ്. ഇ. നടത്തുന്ന കോഴ്സുകളെ എല്ലാ സർവ്വകലാശാലകളും അംഗീകരിച്ചിട്ടുണ്ടോ; വിശദവിവരം നൽകാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വി. എച്ച്. എസ്. ഇ. കോഴ്സിന്റെ സർട്ടിഫിക്കറ്റുകൾ പ്ലസ്ടുവിന് തുല്യമാക്കി ഉത്തരവ് പുറപ്പെടുവിച്ചാൽ മാത്രമേ സർവ്വകലാശാലകൾ കോഴ്സിനെ അംഗീകരിക്കുകയുള്ളു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചു;

(സി) ഉപരിപഠനത്തിന് വി. എച്ച്. എസ്. സി.-യെ പ്ലസ്ടുവിന് തുല്യമാക്കിയിട്ടുണ്ടോ; വിശദവിവരം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) വി. എച്ച്. എസ്. ഇ. വകുപ്പ് നടത്തിവരുന്ന കോഴ്സുകൾക്ക് രാജ്യത്തെ 24 വിവിധ സർവ്വകലാശാലകൾ ഉന്നത പഠനത്തിനായി അംഗീകാരം നൽകിയിട്ടുണ്ട്. അവയുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി ആന്റ് സി) ഉപരി പഠനത്തിന് വി. എച്ച്. എസ്. സി.-യെ പ്ലസ്ടുവിന് തുല്യമാക്കിയിട്ടുണ്ട്. ജി. ഒ. (ആർ.ടി.) നമ്പർ 2700/03/ജി.ഇ. തീയതി 10-7-2003 പ്രകാരം നോൺ വൊക്കേഷണൽ വിഷയങ്ങൾ ഓപ്ഷണലായി പഠിച്ച് വൊക്കേഷണൽ ഹയർ സെക്കന്ററി കോഴ്സിൽ നേടുന്ന വിജയം ഹയർ സെക്കന്ററി ബോർഡ് നടത്തുന്ന തത്തുല്യമായ വിഷയങ്ങളിലെ പ്ലസ്ടു കോഴ്സിന് തുല്യമാണെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

രാജ്യത്തെ എല്ലാ സർവ്വകലാശാലകളും വി. എച്ച്. എസ്. ഇ. കോഴ്സുകൾ പ്ലസ്ടു കോഴ്സുകൾക്ക് തുല്യമായി പരിഗണിക്കേണ്ടതാണെന്ന് അസോസിയേഷൻ ഓഫ് ഇന്ത്യൻ യൂണിവേഴ്സിറ്റീസ് നിർദ്ദേശം നൽകിയിട്ടുള്ളതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്.

## കയർ സഹകരണ സംഘങ്ങളുടെ ഓഡിറ്റ്

140 [679] ശ്രീ. കെ. കെ. ജയചന്ദ്രൻ:
,, ബാബു എം. പാലിശ്ശേരി:
ശ്രീമതി ജെ. അരുന്ധതി:
ശ്രീ. സി. കെ. സദാശിവൻ:
,, സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കയർ സഹകരണ സംഘങ്ങളുടെ ഓഡിറ്റ് സഹകരണ വകുപ്പിൽനിന്ന് മാറ്റി കയർ ഡയറക്ടറിൽ നിക്ഷിപ്തമാക്കിയ നടപടി സഹകരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സഹകരണ നിയമത്തിലെ സെക്ഷൻ 63 അനുസരിച്ച് സഹകരണ സംഘങ്ങളുടെ ഓഡിറ്റ് നടത്തേണ്ടത് ആരാണ്;

(സി) നിയമവിരുദ്ധമായ ഉത്തരവ് തിരുത്തുന്നതിന് നടപടി സ്വീകരിക്കുമോ; കയർ സഹകരണ സംഘങ്ങളുടെ ഓഡിറ്റ് സമയബന്ധിതമായി പൂർത്തിയാക്കാൻ സഹകരണ വകുപ്പിന് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സഹകരണ നിയമത്തിലെ സെക്ഷൻ 63 (1) അനുസരിച്ച് രജിസ്ട്രാർക്ക് ഒരു ഉദ്യോഗസ്ഥനെ വർഷത്തിലൊരിക്കലെങ്കിലും സഹകരണ സംഘങ്ങളുടെ ഓഡിറ്റ് നടത്താൻ ചുമതലപ്പെടുത്താവുന്നതാണ്. കയർ സംഘങ്ങളുടെ രജിസ്ട്രാർ കയർ ഡയറക്ടറാണ്.

(സി) കയർ സഹകരണ സംഘങ്ങളുടെ ഓഡിറ്റ് കയർ വികസന വകുപ്പിന്റെ ചുമതലയിലാക്കിയ ഉത്തരവ് നിയമവിരുദ്ധമല്ല. കയർ സംഘങ്ങളുടെ ഓഡിറ്റ് അടിയന്തിരമായി പൂർത്തിയാക്കാൻ കയർ സഹകരണ സംഘങ്ങളുടെ രജിസ്ട്രാർ കൂടിയായ കയർ വികസന ഡയറക്ടർക്ക് നിർദ്ദേശം നൽകുന്നതാണ്. കഴിഞ്ഞ കാലത്ത് സമയബന്ധിതമായി ഓഡിറ്റ് പൂർത്തിയാക്കുവാൻ ചുമതലപ്പെട്ടവർ ശ്രദ്ധിച്ചിട്ടില്ല.

## കയർ സഹകരണ സംഘങ്ങൾക്ക് നൽകുന്ന ഫണ്ട്

141 [680] ശ്രീ. എ. എം. ആരിഫ്:
,, ആനത്തലവട്ടം ആനന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ സഹകരണ സംഘങ്ങൾക്ക് അനുവദിക്കുന്ന മാർക്കറ്റിംഗ് ഡവലപ്പ്മെന്റ് അസിസ്റ്റൻസ്, പ്രൊഡക്ഷൻ ആന്റ് മാർക്കറ്റിംഗ് ഇൻസെന്റീവ് എന്നീ ഫണ്ടുകൾ എന്തെല്ലാം കാര്യങ്ങൾക്കാണ് വിനിയോഗിക്കാൻ കഴിയുന്നത് ;

(ബി) ഈ ഫണ്ടുകൾ ഉപയോഗിച്ച് ചകിരി ഉൾപ്പെടെയുള്ള അസംസ്കൃത സാധനങ്ങൾ വാങ്ങുന്നതിനും തൊഴിലാളികൾക്ക് വേതനം നല്കുന്നതിനും സാധിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ) 50% കേന്ദ്രസഹായ പദ്ധതിയായ മാർക്കറ്റിംഗ് ഡവലപ്പ്മെന്റ് അസിസ്റ്റൻസ് കേന്ദ്രസർക്കാരിന്റെ മാർഗ്ഗരേഖയനുസരിച്ച് താഴെ ചേർക്കുന്ന 7 കാര്യങ്ങൾക്കാണ് വിനിയോഗിക്കാൻ കഴിയുന്നത്.

1. പരസ്യപ്രചാരണം
2. പുതിയ ഷോറൂമുകൾ/വിപണന കേന്ദ്രങ്ങൾ തുടങ്ങുക
3. മാർക്കറ്റ് സ്റ്റഡി
4. നിലവിലുള്ള വിപണന കേന്ദ്രങ്ങളുടെ നവീകരണം

LIBRARY ARCHIVES Kerala Legislative Assembly

5. മാർക്കറ്റ് ഇന്റലിജൻസ് നെറ്റ്‌വർക്ക് രൂപീകരണം/കമ്പ്യൂട്ടർ എയ്ഡഡ് ഡിസൈൻ സെന്ററുകൾ സ്ഥാപിക്കൽ, യോഗ്യരായ ഡിസൈനർമാരുടെ സേവനം ഉപയോഗിക്കൽ, ഇ-കോമേഴ്സ് സൗകര്യങ്ങൾ തുടങ്ങുക, ഷോറൂമുകളുടെ കമ്പ്യൂട്ടറൈസേഷൻ തുടങ്ങിയ ഡിസൈൻ സൗകര്യങ്ങളുടെ അപ്ഗ്രഡേഷൻ.

6. ഗോഡൗൺ

7. ഡിസ്കൗണ്ട് ഉൾപ്പെടെയുള്ള മാർക്കറ്റിംഗ് സ്ട്രാറ്റജീസ്.

സംസ്ഥാന പദ്ധതിയിൻ കീഴിലുള്ള പി.എം.ഐ. സഹായം താഴെ ചേർക്കുന്ന 6 കാര്യങ്ങൾക്കായി ഉപയോഗിക്കാം.

1. തൊണ്ട്, ചകിരി, കയർ തുടങ്ങിയ അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിന്.

2. യന്ത്രോപകരണങ്ങൾ വാങ്ങൽ/നന്നാക്കൽ.

3. സംഘം/സ്ഥാപനങ്ങളുടെ ഉല്പാദനവും വിപണനവുമായി ബന്ധപ്പെട്ടുള്ള ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ്.

4. റാട്ടുകൾ, ലൂമുകൾ, വർക്ക്ഷെഡ്, ഗോഡൗൺ എന്നിവയുടെ റിപ്പയർ.

5. കൂലിയിനത്തിലെ കുടിശ്ശിക തുക കൊടുക്കുക.

6. സർക്കാരിലേക്കുള്ള ലോൺ തിരിച്ചടക്കൽ.

(ബി) മാർക്കറ്റിംഗ് ഡവലപ്പ്മെന്റ് അസിസ്റ്റൻസ് കേന്ദ്ര സർക്കാർ നിബന്ധനകൾ പ്രകാരം ഉത്തരം എ-യിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾക്ക് മാത്രമേ ഉപയോഗിക്കാൻ സാധിക്കുകയുള്ളു. വിപണനത്തെ മാത്രം പ്രോത്സാഹിപ്പിക്കാൻ ഉള്ള 50% കേന്ദ്ര സഹായ പദ്ധതിയാണിത്. സഹകരണ സംഘങ്ങളുടെ ആവശ്യാനുസരണം പദ്ധതിയിൽ ആവശ്യമായ മാറ്റം വരുത്തണമെന്ന് കേന്ദ്രസർക്കാരിനോട് നാം ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ, പി. എം. ഐ. സഹായം ഉപയോഗിച്ച് ചകിരി ഉൾപ്പെടെയുള്ള അസംസ്കൃത സാധനങ്ങൾ വാങ്ങുന്നതിനും തൊഴിലാളികൾക്കുള്ള വേതനം നൽകുന്നതിനും തടസ്സമില്ല.

## കലാ-കായികരംഗങ്ങളിൽ മികവുള്ള വിദ്യാർത്ഥികളുടെ ആനുകൂല്യം വർദ്ധിപ്പിക്കാൻ നടപടി

142 [681] ശ്രീ. മോൻസ് ജോസഫ് :

,, വി. സുരേന്ദ്രൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക മത്സരങ്ങളിൽ സംസ്ഥാന ദേശീയ തലങ്ങളിൽ മെഡലുകൾ നേടുന്ന പട്ടികവിഭാഗ വിദ്യാർത്ഥികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നിലവിലുള്ളതെന്ന് വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവർക്കുള്ള ക്യാഷ് അവാർഡ് വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) കലാരംഗത്ത് മികവ് കാട്ടുന്ന പട്ടിക വിഭാഗ വിദ്യാർത്ഥികൾക്ക് ആനുകൂല്യങ്ങൾ നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ ഇതിന്റെ വിശദവിവരം നൽകാമോ ?

ഉത്തരം

(എ) കായിക മത്സരങ്ങളിൽ സംസ്ഥാന ദേശീയതലത്തിൽ മെഡലുകൾ നേടുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രോത്സാഹന ധനസഹായം നൽകി വരുന്നുണ്ട്. ഇതിന്റെ വിശദാംശങ്ങൾ അനുബന്ധം-1-ൽ ചേർത്തിരിക്കുന്നു. †

(ബി) ഉണ്ട്. ക്യാഷ് അവാർഡ് തുക വർദ്ധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(സി) കലാരംഗത്ത് മികവ് കാട്ടുന്ന പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് പ്രോത്സാഹന സമ്മാനം നൽകുന്ന പദ്ധതി നിലവിലുണ്ട്. ഇത് പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്കും നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

മൃഗശാലകളുടെ നവീകരണം

143 [682] ശ്രീ. കെ. വി. കുഞ്ഞിരാമൻ :
,, ആർ. സെൽവരാജ് :
,, കെ. സി. രാജഗോപാലൻ :
,, എ. സി. മൊയ്തീൻ :
,, സി. എച്ച്. കുഞ്ഞമ്പു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗശാലകളുടെ നവീകരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം ;

(ബി) ഇതിനായി കേന്ദ്ര മൃഗശാല അതോറിറ്റിയുടെ സഹായം ലഭിച്ചിട്ടുണ്ടോ; വിശദമാക്കുക ;

(സി) തിരുവനന്തപുരം മൃഗശാലയിലേക്ക് കൂടുതൽ മൃഗങ്ങളേയും പക്ഷികളേയും കൊണ്ടുവരാൻ പദ്ധതിയുണ്ടോ; എങ്കിൽ ഇവയെ എവിടെ നിന്നാണ് കൊണ്ടുവരുന്നത് ;

(ഡി) തൃശ്ശൂർ മൃഗശാല പുത്തൂരിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ ;

(ഇ) ഇക്കാര്യത്തിലുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ആധുനിക സങ്കൽപ്പത്തിനനുസരിച്ച് മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും മൃഗങ്ങൾക്ക് അവയുടെ ആവാസ വ്യവസ്ഥക്കനുയോജ്യമായ തുറന്ന കൂടുകൾ നിർമ്മിക്കുകയും ചെയ്തു.

(ബി) ഉണ്ട്, തിരുവനന്തപുരം മൃഗശാലയിൽ വിവിധ ഇനത്തിലുള്ള കുരങ്ങന്മാർ, കരടികൾ, ചീങ്കണ്ണികൾ, ഉരഗങ്ങൾ, നീർനായ എന്നിവയ്ക്ക് തുറന്ന കൂടുകൾ നിർമ്മിക്കാൻ കേന്ദ്ര മൃഗശാലാ അതോറിറ്റിയുടെ സഹായം കിട്ടിയിട്ടുണ്ട്.

(സി) ഉണ്ട്. അന്യ സംസ്ഥാനങ്ങളിലെ മൃഗശാലകളിൽനിന്നും കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ഇല്ല.

(ഇ) വനേതരാവശ്യങ്ങൾക്ക് വനഭൂമി ലഭ്യമാക്കണമെങ്കിൽ കേന്ദ്ര സർക്കാരിന്റെ വനവൽക്കരണത്തിനായുള്ള പ്രത്യേക ഫണ്ടിൽ ഭൂമിക്ക് ഇപ്പോൾ നിലവിലുള്ള മൂല്യം നിക്ഷേപിക്കേണ്ടതായിട്ടുണ്ട്. ഇതിന് ഏകദേശം 10 കോടിയോളം രൂപ വേണ്ടിവരും. ഇക്കാര്യം പരിശോധിച്ചുവരുന്നു.

## കയർ മേഖല നേരിടുന്ന പ്രതിസന്ധി

T 144 [683] ശ്രീ. കെ. അജിത് :

„ കെ. രാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ വ്യവസായം നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് ഏതെങ്കിലും തരത്തിലുള്ള പഠനങ്ങൾ നടത്തിയിട്ടുണ്ടോ ; എങ്കിൽ പഠന റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ടോ ;

(ബി) ഈ റിപ്പോർട്ടുകളിലെ പ്രധാന ശുപാർശകൾ എന്തെല്ലാമാണ്; ഇവയിൽ ഏതെങ്കിലും നടപ്പിലാക്കിയിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്. ഹൈദരാബാദിലുള്ള അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫ് കോളേജ് ഓഫ് ഇൻഡ്യ എന്ന സ്ഥാപനം സ്റ്റഡി ഓഫ് കയർ ഇൻഡസ്ട്രി ഇൻ കേരള എന്ന പഠനം നടത്തുകയും റിപ്പോർട്ട് കയർ വികസന ഡയറക്ടർക്ക് ലഭ്യമാവുകയും ചെയ്തിട്ടുണ്ട്.

(ബി) പഠനത്തിന്റെ ഭാഗമായി കണ്ടെത്തിയ പ്രധാന പ്രശ്നങ്ങളും അവയ്ക്ക് നിർദ്ദേശിച്ച പരിഹാര മാർഗ്ഗങ്ങളും അനുബന്ധം 1-ൽ ചേർത്തിട്ടുണ്ട്. †ഇവയിൽ നടപ്പാക്കിയവയും നടപടി സ്വീകരിച്ചവയും അനുബന്ധം 2 ൽ ചേർത്തിട്ടുണ്ട്. †തുടർന്ന് വിശദമായ ഒരു പഠനം ഈ രംഗത്ത് നടത്തുന്നതിനും ഗവൺമെന്റ് ഉദ്ദേശിക്കുന്നു.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

'T' ഇന്നത്തേക്ക് മാറ്റിയ ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

## പ്രൈമറി, അപ്പർ പ്രൈമറി വിദ്യാർത്ഥികളുടെ പഠന നിലവാരം

145 [684] ശ്രീ. ചെന്താമരാക്ഷൻ : L വി.

" കെ. കെ. ദിവാകരൻ :

" ബി. ഡി. ദേവസ്സി :

ശ്രീമതി പി. അയിഷാ പോറ്റി :

ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രൈമറി അപ്പർ പ്രൈമറി വിദ്യാർത്ഥികളുടെ പഠന നിലവാരത്തെക്കുറിച്ച് എൻ. സി. ഇ. ആർ. ടി., എസ്. എസ്. എ. തുടങ്ങിയ ഏജൻസികൾ പഠനം നടത്തിയിട്ടുണ്ടോ ;

(ബി) ഈ മേഖലകളിൽ സംസ്ഥാനം പുറകോട്ടുപോയതായി പഠനത്തിൽ തെളിഞ്ഞതായി കണ്ടെത്തിയിട്ടുണ്ടോ ?

(സി) പഠന നിലവാരത്തിൽ സംസ്ഥാനത്തിന്റെ സ്ഥാനം വ്യക്തമാക്കുമോ;

(ഡി) പഠനനിലവാരം ഉയർത്തുന്നതിന് എന്തെങ്കിലും പദ്ധതി പരിഗണയിലുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) കേരളത്തെ അപേക്ഷിച്ച് ഇന്ത്യയിലെ ചില സംസ്ഥാനങ്ങൾ ചില വിഷയങ്ങളിൽ പഠന നിലവാരത്തിൽ മെച്ചപ്പെട്ടതാണെന്ന് എൻ. സി. ഇ. ആർ. ടി. യുടെ പഠന റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്.

(ഡി) ഉണ്ട്, "ഗുണനിലവാരമുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം" എന്ന പ്രോജക്ടിലൂടെ സംസ്ഥാനത്തെ പഠന ശതമാനം കുറവുള്ള 104 സ്കൂളുകളിലും ഒരു പ്രത്യേക പഠന പാക്കേജ് തയ്യാറാക്കുന്നുണ്ട്. കൂടാതെ പാഠപുസ്തകങ്ങളിലെ പ്രയാസാ മേറിയ മേഖലകൾ കണ്ടെത്തി കുട്ടികൾക്ക് വർക്ക് ബുക്ക് ഇന്ററാക്ടീവ് സി.ഡി. തുടങ്ങിയവ വികസിപ്പിച്ചെടുക്കുന്നുണ്ട്. ഇതിനു പുറമെ കാര്യക്ഷമമായ അദ്ധ്യാപക പരിശീലനവും ആസൂത്രണത്തിന് പ്രധാന്യം നൽകുന്ന ക്ലസ്റ്റർ മീറ്റിംഗുകളും സംഘടിപ്പി ക്കുന്നുണ്ട്.

## പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള പീഡനങ്ങൾ

146 [685] ശ്രീ. സി. പി. മുഹമ്മദ് :

" എ. പി. അനിൽകുമാർ :

" വി.ഡി.സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി-പട്ടികവർഗ്ഗക്കാരെ ദേഹോപദ്രമേല്പിക്കുന്ന കേസുകളിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള ക്രൂരത തടയുന്നത് സംബന്ധിച്ച നിയമപ്രകാരം കേസ്സെടുക്കണമെന്ന് നിർദ്ദേശം നൽകുമോ ;

(ബി) ഇല്ലെങ്കിൽ അതിനുള്ള കാരണം വിശദീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പട്ടികജാതി/പട്ടികവർഗ്ഗക്കാരെ ദേഹോപദ്രമേല്പിക്കുന്ന കേസുകളിൽ 1989-ലെ അതിക്രമം തടയൽ നിയമപ്രകാരം കേസ് എടുത്ത് നടപടി സ്വീകരിച്ചുവരുന്നു. ഇതിനായി സംസ്ഥാനത്തെ പോലീസ് ഹെഡ്ക്വാർട്ടേഴ്സിൽ ഒരു സ്പെഷ്യൽ സെൽ നിലവിലുണ്ട്. പ്രസ്തുത സെൽ ഇത്തരം കേസുകൾ കൈകാര്യം ചെയ്യുന്നതിനും അതിന്മേൽ നടപടി സ്വീകരിക്കുന്നതിനും വേണ്ടി കാര്യക്ഷമവും ഫലപ്രദവുമായ രീതിയിൽ പ്രവർത്തിച്ചുവരുന്നു.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ജപ്തി നടപടി

147 [686] ശ്രീ. സി. എഫ്. തോമസ് :

,, തോമസ് ഉണ്ണിയാടൻ :

,, പ്രൊഫ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ ബാങ്കുകളിൽനിന്നും കാർഷികാവശ്യത്തിനും അല്ലാതെയും എടുത്ത വായ്പ തിരിച്ചടയ്ക്കാത്തതിന്റെ പേരിലുള്ള ജപ്തി നടപടികൾ നിർത്തി വയ്ക്കാൻ സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ബി) കാർഷികേതര വായ്പ നൽകുന്ന അർബ്ബൻ ബാങ്കുകൾക്ക് ഈ നിർദ്ദേശം ബാധകമാണോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സഹകരണ സംഘങ്ങൾ/ബാങ്കുകൾ കാർഷിക വായ്പാ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സ്വീകരിച്ചിട്ടുള്ള ജപ്തി ഉൾപ്പെടെയുള്ള എല്ലാ നിയമ നടപടികളും 10-3-2004 മുതൽ 31-12-2006 വരെ നിർത്തിവച്ച് സഹകരണസംഘം രജിസ്ട്രാർ, സഹകരണ സംഘങ്ങൾ/ബാങ്കുകൾ/സഹകരണ വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർക്ക് സർക്കുലർ നിർദ്ദേശം നൽകിയിട്ടുണ്ട്. കാർഷികേതര വായ്പകളിൻമേലുള്ള ജപ്തി നടപടികൾ നിർത്തിവച്ച് നിർദ്ദേശങ്ങളൊന്നും നൽകിയിട്ടില്ല.

(ബി) കാർഷികേതര വായ്പ നൽകുന്ന അർബൻ ബാങ്കുകൾക്ക് ഈ നിർദ്ദേശം ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള പ്രത്യേക പരിശീലന പദ്ധതി

148 [687] ശ്രീ. ബി. രാഘവൻ :
,, വി. ജെ. തങ്കപ്പൻ:
,, എസ്. രാജേന്ദ്രൻ :
,, എം. കെ. പുരുഷോത്തമൻ:
,, എം. എം. മോനായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സരപരീക്ഷകളിൽ പങ്കെടുക്കുന്നതിന് പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനം നൽകുന്ന പദ്ധതി നിലവിലുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) ട്രെയിനിംഗ് സെന്റുകളിൽനിന്നും മെച്ചപ്പെട്ട പരിശീലനം ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ;

(സി) ഏതെല്ലാം ജില്ലകളിലാണ് ട്രെയിനിംഗ് സെന്ററുകൾ നിലവിലുള്ളത്;

(ഡി) എല്ലാ ജില്ലകളിലും ട്രെയിനിംഗ് സെന്ററുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഇ) കഴിഞ്ഞ രണ്ടു വർഷക്കാലം എത്രപേർക്ക് പരിശീലനം നൽകി എന്ന് അറിയിക്കുമോ ?

### ഉത്തരം

(എ) ഉണ്ട്. പട്ടികജാതി വികസനവകുപ്പിന്റെ കീഴിൽ ഇതിനായി 4 പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകളും സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനത്തിനായി ഒരു ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സിവിൽ സർവ്വീസ് പരീക്ഷാ പരിശീലന സൊസൈറ്റിയും പ്രവർത്തിച്ചുവരുന്നു.

യു.പി.എസ്.സി.യും, കെ.പി.എസ്.സി.യും റെയിൽവേ റിക്യൂട്ട്മെന്റ് ബോർഡും പൊതുമേഖലാ സ്ഥാപനങ്ങളിലേക്ക് നടത്തുന്ന മത്സര പരീക്ഷകളിലും മറ്റ് ഉദ്യോഗപരമായ മത്സരപരീക്ഷകളിലും പങ്കെടുത്തു വിജയിക്കുന്നതിന് പ്രാപ്തരാക്കുന്നതിനാണ് പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ വഴി പരിശീലനം നൽകുന്നത്. ഐ.എ.എസ്./ഐ.പി.എസ്./ഐ.എഫ്. എസ്.തുടങ്ങിയ മത്സര പരീക്ഷകൾക്കുള്ള പരിശീലനം ഐ.സി.എസ്.ഇ.റ്റി.എസ്. വഴി നല്കുന്നു. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് മാനേജ്മെന്റ് സ്റ്റഡീസ്, ബയോടെക്നോളജി, ലൈഫ് സയൻസ് തുടങ്ങിയ വികസിത മേഖലകളിൽ മത്സരിക്കുന്നതിനുള്ള കഴിവും യോഗ്യതയും വർദ്ധിപ്പിക്കുന്നതിന് കോഴിക്കോട് ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിന്റെ കീഴിൽ സെന്റർ ഓഫ് എക്സലൻസ് വഴി പരിശീലനം നൽകുന്നു.

(ബി) പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകളിൽ മെച്ചപ്പെട്ട പരിശീലനം ലഭ്യമാക്കുന്നതിന്റെ ഭാഗമായി പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ദ്വിവത്സര ടൈപ്പ് റൈറ്റിംഗ് ആന്റ് സ്റ്റെനോഗ്രാഫി കോഴ്സിന് 400/-രൂപ പ്രതിമാസ സ്റ്റൈപ്പന്റ് നിരക്കിൽ 40 കുട്ടികൾക്കു വീതം ഓരോ വർഷവും നൽകുന്നു. 500 രൂപ സ്റ്റൈപ്പന്റ്

നിർക്കിൽ 20 കുട്ടികൾക്ക് 3 മാസ ദൈർഘ്യമുള്ള കമ്പ്യൂട്ടർ കോഴ്സ്, കാലാകാലങ്ങളിൽ പി.എസ്.സി., യു.പി.എസ്.സി., സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ എന്നിവ നടത്തുന്ന പരീക്ഷകൾക്കു ഉദ്യോഗാർത്ഥികളെ സജ്ജരാക്കുന്നതിനുള്ള ഹ്രസ്വകാല പരിശീലന കോഴ്സുകൾ എന്നിവ നടത്തി വരുന്നു. കൂടാതെ + 2 പരീക്ഷയ്ക്കു ശേഷമുള്ള മദ്ധ്യവേനലവധി കാലയളവിൽ മെഡിക്കൽ, എഞ്ചിനീയറിംഗ്, എൽ.എൽ.ബി., പ്രവേശന പരീക്ഷകൾക്കുള്ള പരിശീലന കോഴ്സും പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകളിൽ നടത്തി വരുന്നു. പരിശീലന പരിപാടിയുടെ നടത്തിപ്പു ചുമതലയ്ക്കായി പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകളിൽ കോളിജിയേറ്റ് എഡ്യൂക്കേഷനിലെ സീനിയർ ഗ്രേഡ് ലക്ചറർമാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ പ്രിൻസിപ്പൽമാരായി നിയമിച്ചിരിക്കുന്നുണ്ട്. പരിശീലനം നൽകുന്നതിനായി സ്റ്റെനോഗ്രാഫി കോഴ്സിന് ഒരു സ്റ്റെനോഗ്രാഫി ഇൻസ്ട്രക്ടറും കമ്പ്യൂട്ടർ കോഴ്സിന് ഒരു വർഷത്തെ കരാർ വ്യവസ്ഥയിൽ ഒരു കമ്പ്യൂട്ടർ ഇൻസ്ട്രക്ടറേയും നിയമിച്ചിട്ടുണ്ട്.

പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളെ സിവിൽ സർവ്വീസ് പരീക്ഷകൾക്കു തയ്യാറാക്കുന്നതിനുവേണ്ടി പരിശീലനം നൽകുന്നതിനു പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സിവിൽ സർവ്വീസ് ട്രെയിനിംഗ് സൊസൈറ്റിയിൽ ഒരു ബാച്ചിൽ 30 പേർക്ക് പരിശീലനം നൽകുന്നുണ്ട്. പരിശീലനം നൽകുന്നതിനുള്ള മേൽനോട്ടം വഹിക്കാൻ കോളേജ് വിദ്യാഭ്യാസവകുപ്പിൽ നിന്നും സീനിയർ ഗ്രേഡ് ലക്ചറർമാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട് പരിശീലനം നൽകുന്നതിനുള്ള അദ്ധ്യാപകരെ ഹോണറേറിയം വ്യവസ്ഥയിൽ എടുത്ത് പരിശീലനം നൽകുന്നു.

(സി) തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, പാലക്കാട് എന്നീ ജില്ലകളിൽ പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. തിരുവനന്തപുരം ആസ്ഥാനമാക്കി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സിവിൽ സർവ്വീസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റിയും, കോഴിക്കോട് ആസ്ഥാനമാക്കി സെന്റർ ഓഫ് എക്സലൻസും പ്രവർത്തിച്ചുവരുന്നു.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

(ഇ) 3468 വിദ്യാർത്ഥികൾക്കു പരിശീലനം നൽകിയിട്ടുണ്ട്.

## സഹകരണ ബാങ്കുകളിലെ നിക്ഷേപം

149 [688] ശ്രീ. പള്ളിപ്രം ബാലൻ :

„ ബാബുപോൾ :

„ വി. എസ്. സുനിൽകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകളിലെ നിക്ഷേപങ്ങൾ വിദേശ ബാങ്കുകളിലേക്കും സ്വകാര്യ ഇൻഷ്വറൻസ് കമ്പനികളിലേക്കും മാറ്റുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ കാരണം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) നിക്ഷേപകരെ സഹകരണ മേഖലയിലേക്ക് ആകർഷിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് തികച്ചും തെറ്റാണ്. ആവശ്യമെങ്കിൽ നടപടി സ്വീകരിക്കും ഇതിനെ നിരുത്സാഹപ്പെടുത്തിക്കൊണ്ട് സഹകരണ സംഘം രജിസ്ട്രാറുടെ അറിയിപ്പും ഉടനെ നൽകുന്നതാണ്.

(ബി) ഉണ്ട്. ആകർഷകമായ നിരക്കിൽ പലിശ നിശ്ചയിച്ച് നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വായ്പാ മേഖലയിൽ ഓരോ വർഷവും നിക്ഷേപ സമാഹരണ യജ്ഞം നടത്തുകയും, സഹകരണ ബാങ്കുകൾ ആകർഷകമായ നിക്ഷേപ പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. മുതിർന്ന പൗരൻമാർക്ക് സാധാരണനിരക്കിനേക്കാൾ ഉയർന്ന നിരക്കിൽ പലിശ നൽകുന്നുണ്ട്. കേരള പിറവിയുടെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് മൂന്നു മാസത്തേക്ക് 'സഹകരണ നിക്ഷേപം- കേരളീയം 'എന്ന പേരിൽ ഒരു നിക്ഷേപ സമാഹരണ പദ്ധതി സഹകരണ മേഖലയിലൂടെ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പട്ടയ വിതരണം

150 [689] ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടയ വിതരണം ത്വരിതപ്പെടുത്തുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) ഇതിനകം എത്ര പേർക്ക് പട്ടയം നൽകിയിട്ടുണ്ട്;

(സി) ലക്ഷം വീട് കോളനികളിലെ പട്ടയ വിതരണനടപടി ത്വരിതപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ;

(ഡി) സൗജന്യമായി ഭൂമി പതിച്ചുകിട്ടുന്നതിന് നിലവിലുണ്ടായിരുന്ന വരുമാന പരിധി ഉയർത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) അർഹരായ എല്ലാ അപേക്ഷകർക്കും പട്ടയം നൽകുന്നതിനുള്ള നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കി വരുന്നു. കേരളപ്പിറവിയുടെ 50-ാം വാർഷികം പ്രമാണിച്ച് നവംബർ 1 മുതൽ 50 ദിവസം നീണ്ടു നിൽക്കുന്ന പട്ടയമേളകൾ സംഘടിപ്പിക്കുവാനും ആയതുവഴി പരമാവധി പട്ടയങ്ങളും കൈവശരേഖയും നൽകുവാനും ജില്ലാകളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് 494 പേർക്കായി 20,9093 ഹെക്ടർ ഭൂമിക്ക് പട്ടയം നൽകിയിട്ടുണ്ട്.

(സി) ലക്ഷംവീട് കൈവശക്കാർക്ക് പട്ടയം നൽകുന്നതിന് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളുടെ അംഗീകാരം ലഭിക്കുന്നതിന് അനിതരസാധാരണമായ കാലതാമസം ഉണ്ടാകുന്നതിനാൽ വില്ലേജ് അദാലത്തുകൾവഴി ഇത് സംബന്ധിച്ച് തീരുമാനം എടുക്കുവാൻ അധികാരപ്പെടുത്തികൊണ്ട് 31-12-2005 ലെ ജി. ഒ. (എം.എസ്.) 405/05/റവന്യൂ പ്രകാരം ഉത്തരവായിട്ടുണ്ട്. ഇതുപ്രകാരം ലക്ഷംവീട് പട്ടയങ്ങളുടെ വിതരണം ത്വരിതപ്പെടുത്തിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 138 ലക്ഷംവീട് പട്ടയങ്ങൾ നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പഞ്ചായത്ത് മേഖലയിൽ സൗജന്യമായി ഭൂമി പതിച്ചുകിട്ടുന്നതിനുള്ള വരുമാനം പരിധി 30,000 രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. മുനിസിപ്പൽ/കോർപ്പറേഷൻ മേഖലയിൽ 24,000 രൂപ വരെ കുടുംബവാർഷിക വരുമാനമുള്ളവർക്ക് 5 സെന്റ് വരെ ഭൂമി സൗജന്യമായി പതിച്ചുനൽകുന്നു. 24,000 രൂപ മുതൽ 50,000 രൂപ വരെ വാർഷിക വരുമാനം ഉള്ളവർക്ക് മാർക്കറ്റ് വിലയുടെ 1/5 ഭാഗം ഈടാക്കി പതിച്ചു നൽകാൻ വ്യവസ്ഥയുണ്ട്.

## സർവ്വകലാശാല പരീക്ഷകൾ

151 [690] ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വകലാശാലകൾ നടത്തുന്ന പരീക്ഷകളുടെ ഫലം യഥാസമയം പ്രസിദ്ധീകരിക്കാത്തതുമൂലം വിദ്യാർത്ഥികൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതു പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ ;

(സി) ഒന്നും രണ്ടും വർഷ ബിരുദ പരീക്ഷകളും സെമസ്റ്റർ കോഴ്സുകളിൽ പകുതി സെമസ്റ്ററുകളിലെ പരീക്ഷകളും കോളേജുകൾ നേരിട്ടു നടത്താനുള്ള നിർദ്ദേശം പരിഗണിക്കുമോ ?

## ഉത്തരം

(എ) ഉണ്ട്.

(ബി) കമ്പ്യൂട്ടർവൽക്കരണം മുഖേനയും ഒരേ സമയത്ത് ഒന്നിൽ കൂടുതൽ മൂല്യനിർണ്ണയക്യാമ്പ് നടത്തിയും മറ്റുള്ള സെക്ഷനുകളിൽനിന്ന് ജീവനക്കാരെ വിന്യസിച്ചും പരിഹാരം കാണാൻ ശ്രമിക്കുന്നുണ്ട്.

(സി) ബന്ധപ്പെട്ട സർവകലാശാലകളുടെ അക്കാദമിക് സമിതികളായ ബോർഡ് ഓഫ് സ്റ്റഡീസ്, ഫാക്കൽറ്റി, അക്കാദമിക് കൗൺസിൽ സിൻഡിക്കേറ്റ് മുതലായവയുടെ നയപരമായ തീരുമാനത്തിന് വിധേയമായി മാത്രമേ ഈ നിർദ്ദേശം പരിഗണിക്കാൻ കഴിയുകയുള്ളൂ.

## 20-10-2006-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

## ഗ്രേഡിംഗ്

152 [3996] ശ്രീ. എൻ. രാജൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവും സംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഗ്രേഡിംഗിന്റെ ഭാഗമായുള്ള പാർട്ട്-രണ്ട് (കലാകായിക പ്രവൃത്തി പരിചയ വിദ്യാഭ്യാസം) പൊതു പരീക്ഷയുടെ ഭാഗമാക്കുവാനുള്ള നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

കലാകായിക പ്രവൃത്തി പരിചയം (പാർട്ട്-രണ്ട്) ഇപ്പോൾ പൊതു പരീക്ഷയുടെ ഭാഗമായി വിലയിരുത്തപ്പെടുന്നില്ല. ഇത് സംബന്ധിച്ച നിർദ്ദേശങ്ങളൊന്നും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## ഒന്നാം ക്ലാസിലേക്ക് പ്രവേശനം നേടിയ വിദ്യാർത്ഥികൾ

153 [3997] ശ്രീ. എം. ഹംസ :
ശ്രീമതി അയിഷാ പോറ്റി:
ശ്രീ. ആനത്തലവട്ടം ആനന്ദൻ:
" എ. എം. ആരിഫ്:
" വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം ഒന്നാം ക്ലാസിലേക്ക് എത്ര കുട്ടികളെ പ്രവേശിപ്പിച്ചു;

(ബി) കഴിഞ്ഞ വർഷം എത്ര കുട്ടികളെ പ്രവേശിപ്പിച്ചു ;

(സി) കുട്ടികളുടെ കുറവുമൂലം സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ ഡിവിഷനുകൾ കുറഞ്ഞിട്ടുണ്ടോ ;

(ഡി) ഡിവിഷൻ കുറവുമൂലം ഈ വർഷം ജോലി നഷ്ടപ്പെട്ട എത്ര അദ്ധ്യാപകരുണ്ട്;

(ഇ) ഇപ്പോൾ എത്ര പ്രൊട്ടക്റ്റഡ് അദ്ധ്യപകർ ഉണ്ടെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ഈ വർഷം ഒന്നാം ക്ലാസിലേക്ക് 4,19,794 കുട്ടികളെ പ്രവേശിപ്പിച്ചു.

(ബി) കഴിഞ്ഞ വർഷം 4,25,353 കുട്ടികളെ പ്രവേശിപ്പിച്ചു.

(സി) ഉണ്ട്.

(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഇ) ലഭ്യമായ വിവരം അനുസരിച്ച് ആകെ 3710 പ്രൊട്ടക്റ്റഡ് അദ്ധ്യാപകർ സംസ്ഥാനത്തുണ്ട്.

## എൽ.കെ.ജി., യു.കെ.ജി., എൽ.പി. വിഭാഗങ്ങളിലെ വിദ്യാർത്ഥികളുടെ എണ്ണം നിജപ്പെടുത്തുന്നതിന് നടപടി

154 [3998] ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൽ. കെ. ജി., യു. കെ. ജി., എൽ. പി. വിഭാഗം വരെയുള്ള വിദ്യാർത്ഥികൾക്ക് അദ്ധ്യാപകരുടെ വ്യക്തിഗതമായ ശ്രദ്ധയും പ്രോത്സാഹനവും മതിയായ അളവിൽ ലഭിക്കുന്നില്ലായെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വിലയിരുത്തപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കുമോ ;

(ബി) ഇതു പരിഹരിക്കുവാൻ എന്തൊക്കെ മാർഗ്ഗങ്ങളാണ് അവലംബിക്കാൻ ഉദ്ദേശിക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഓരോ ഡിവിഷനിലേയും വിദ്യാർത്ഥികളുടെ എണ്ണം 25 ആയി നിജപ്പെടുത്തുവാനും എല്ലാ സർക്കാർ, സ്വകാര്യ, എയിഡഡ്, അൺ എയ്ഡഡ് വിദ്യാലയങ്ങളിലും ഇതു കർശനമായി പാലിക്കുവാനും അടിയന്തിര നിർദ്ദേശം നൽകുമാ ;

(ഡി) മേൽ നിർദ്ദേശം പാലിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുവാൻ പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) എൽ. കെ. ജി., യു. കെ. ജി. എന്നിവ ഔപചാരിക വിദ്യാഭ്യാസത്തിന്റെ ഭാഗമല്ല. എൽ. പി. വിഭാഗത്തിൽ ഒരു ഡിവിഷനിൽ പരമാവധി 50 കുട്ടികളെയാണ് പഠിപ്പിക്കാവുന്നത്. പരിഷ്കരിച്ച പാഠ്യപദ്ധതിയനുസരിച്ചുള്ള പഠന ബോധന പ്രവർത്തനങ്ങൾ നടക്കുമ്പോൾ എല്ലാ കുട്ടികളും പഠന പ്രകിയയിൽ പങ്കാളികളാകേണ്ടതുണ്ട്. അതിനായുള്ള പരിശീലനം അദ്ധ്യാപകർക്ക് നൽകുന്നുണ്ട്. അതിനാൽ എല്ലാ കുട്ടികൾക്കും വ്യക്തിഗത ശ്രദ്ധ ലഭിക്കാറുണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം ചുരുങ്ങിയത് 1:45 ആണ്. ഇതിൽ 1:40 വരെ താത്ക്കാലിക ഇളവുകൾ അനുവദിക്കാറുണ്ട്. വർദ്ധിച്ച സാമ്പത്തിക ബാധ്യത ഉണ്ടാകുമെന്നതിനാൽ അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം ഇതിലും കുറയ്ക്കുവാൻ ഇപ്പോൾ സാധിക്കുകയില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

## സർവ്വശിക്ഷാ അഭിയാൻ പദ്ധതി

155 [3999] ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വശിക്ഷാ അഭിയാൻ എന്ന പദ്ധതി ഏത് ഘട്ടം വരെ നടപ്പിലാക്കിയെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഏതെല്ലാം ജില്ലകളിലാണ് ഈ പദ്ധതി ഇതിനകം നടപ്പാക്കിയത് ?

ഉത്തരം

(എ) സർവ്വശിക്ഷാ അഭിയാൻ എന്ന പദ്ധതി ൧-൧൦ ക്ലാസ്സുവരെയാണ് നടപ്പിലാക്കിയിട്ടുള്ളത്;

(ബി) കേരളത്തിലെ എല്ലാ ജില്ലകളിലും ഈ പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

## അടുത്ത വർഷം ആരംഭിക്കുന്ന സ്കൂളുകൾ

156 [4000] ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത വർഷം സ്കൂളുകൾ പുതുതായി അനുവദിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പുതുതായി എത്ര സ്കൂളുകൾ അനുവദിക്കണമെന്ന് കണ്ടെത്തിയെന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ & ബി) പുതിയ സ്കൂളുകൾ തുടങ്ങുന്നതും അപ്ഗ്രേഡ് ചെയ്യുന്നതും അംഗീകാരം നൽകുന്നതും സംബന്ധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ 19-8-2006-ലെ സ.ഉ. (സാധാ) നമ്പർ 3691/06/പൊ. വി. പ്രകാരം ഒരു ഉന്നതതല കമ്മിറ്റിയെ സർക്കാർ നിയോഗിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ച ശേഷം മാത്രമേ ഇതു സംബന്ധിച്ചുള്ള തീരുമാനം സർക്കാർ എടുക്കുകയുള്ളൂ.

## കാമ്പസുകളിൽ ലഹരി വിരുദ്ധ പ്രചരണങ്ങൾ

157 [4001] ശ്രീ. എൻ. രാജൻ :

" രാജാജി മാത്യു തോമസ് :

" എ. കെ. ചന്ദ്രൻ :

" ബാബുപോൾ :

ശ്രീമതി. ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാമ്പസുകളിൽ ലഹരി വിരുദ്ധ പ്രചരണങ്ങൾ നടത്താറുണ്ടോ ; ഉണ്ടെങ്കിൽ എന്തെല്ലാം പ്രചരണങ്ങളാണ് നടത്തി വരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) നിയമപരമായ മുന്നറിയിപ്പ് പ്രദർശിപ്പിച്ചതിനുശേഷവും ലഹരി വസ്തുക്കൾ യഥേഷ്ടം കാമ്പസുകളിൽ വിറ്റഴിക്കുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, ഉണ്ടെങ്കിൽ ഈ അപാകത പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) ഉണ്ട്. കോളേജുകളിൽ ലഹരിവിരുദ്ധ പ്രചരണങ്ങൾ നടത്തുന്നതിനുള്ള വ്യക്തമായ നിർദ്ദേശം എല്ലാ പ്രിൻസിപ്പൽമാർക്കും നൽകിയിട്ടുണ്ട്. അതിൻ പ്രകാരം ഓരോ കോളേജിലും പ്രിൻസിപ്പാളിന്റെ നേതൃത്വത്തിൽ കമ്മിറ്റികൾ രൂപീകരിച്ച് കാമ്പസ്സുകളിൽ പ്രതിജ്ഞയെടുക്കൽ, ബോധവൽക്കരണസെമിനാറുകൾ മുതലായവ നടത്തി വരുന്നു. കൂടാതെ എൻ. എസ്. എസ്., എൻ.സി.സി., കോളേജ് യൂണിയൻ എന്നിവയുടെ നേതൃത്വത്തിൽ പല കാമ്പസ്സുകളിലും ലഹരി വിരുദ്ധ പ്രചരണങ്ങളും സെമിനാറുകളും നടത്താറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഹയർസെക്കണ്ടറിവരെയുള്ള കാമ്പസുകളിൽ എല്ലാ വർഷവും ലഹരിവർജ്ജനബോധവൽക്കരണം നടത്തണമെന്ന് ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൽമാർക്ക് നിർദ്ദേശം നൽകാറുണ്ട്. കൂടാതെ എൻ. സി. സി., എൻ. എസ്. എസ്., കരിയർ ഗൈഡൻസ് യൂണിറ്റുകളും മറ്റ് സന്നദ്ധ സംഘടനകളും ഇതു സംബന്ധിച്ച് ബോധവൽക്കരണം നടത്താറുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സർക്കാരിന്റെ ശ്രദ്ധയിൽപെടുന്നപക്ഷം വേണ്ട നടപടി ഇക്കാര്യത്തിൽ സ്വീകരിക്കുന്നതാണ്.

## സംസ്ഥാനത്തെ സ്കൂളുകളിൽ ഉച്ചഭക്ഷണത്തിനാവശ്യമായ തുക

158 [4002] ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ ഇപ്പോൾ എത്ര കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകുന്നുണ്ട്; ഇതിന് എന്ത് ചെലവ് വരും ;

(ബി) ഈ ചെലവ് എപ്രകാരമാണ് നിർവ്വഹിക്കുന്നത്; സ്കൂൾ കുട്ടികൾക്ക് ഉച്ചഭക്ഷണത്തിനായി എന്തു തുകയുടെ കേന്ദ്രസഹായം ലഭിക്കുന്നുണ്ടെന്ന് വിശദമാക്കുമോ ?

### ഉത്തരം

(എ) സംസ്ഥാനത്താകെ 2682644 (ഇരുപത്തിയാറു ലക്ഷത്തി എൺപത്തിരണ്ടായിരത്തി അറുനൂറ്റി നാൽപത്തിനാല്) കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകുന്നുണ്ട്. ഇതിനായി 175. 75 കോടി രൂപ ഒരു വർഷം ചെലവ് വരും.

(ബി) 50.75 കോടി രൂപ കേന്ദ്ര വിഹിതവും 125 കോടി രൂപ സംസ്ഥാന വിഹിതവുമാണ്.

## കേന്ദ്രീയ വിദ്യാലയങ്ങളിലെ പാഠ്യപദ്ധതിയിൽ മലയാള ഭാഷാ പഠനം ഉൾപ്പെടുത്തുന്നതിന് നടപടി

159 [4003] ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തിനകത്ത് പ്രവർത്തിക്കുന്ന കേന്ദ്രീയ വിദ്യാലയങ്ങളിൽ മലയാള ഭാഷ പാഠ്യവിഷയമല്ല എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; പ്രസ്തുത സ്കൂളുകളിൽ മലയാളഭാഷ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് എന്തെങ്കിലും പദ്ധതിയുണ്ടോ; വിശദാംശം നൽകുമോ ?

### ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത സ്കൂളുകളിൽ മലയാള ഭാഷ കൂടി പഠിപ്പിക്കുന്നതിനുള്ള നടപടികൾ നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

## വിദ്യാലയങ്ങളിൽ പത്താം ക്ലാസ്സുവരെ മലയാളം നിർബന്ധമാക്കാൻ നടപടി

160 [4004] ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ അനുമതിയോടുകൂടി നടത്തുന്ന മുഴുവൻ വിദ്യാലയങ്ങളിലും പത്താം ക്ലാസ്സുവരെ മലയാളം പഠിപ്പിക്കുന്നത് നിർബന്ധമാക്കൻ അടിയന്തിര നടപടി സ്വീകരിക്കുമോ ;

(ബി) എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ & ബി) ഇക്കാര്യം പരിഗണിക്കുന്നതാണ്.

## മലയാളം മീഡിയത്തിൽ പഠിച്ച കുട്ടികൾക്ക് മലയാളത്തിൽ എൻട്രസ് പരീക്ഷ എഴുതാനുള്ള സൗകര്യം

161 [4005] ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാളം മീഡിയത്തിൽപഠിച്ച കുട്ടികൾക്ക് മലയാളത്തിൽ എൻട്രൻസ് പരീക്ഷയെഴുതാനുള്ള സൗകര്യം നൽകുമോ ;

(ബി) മലയാളം മീഡിയത്തിൽ പഠിച്ചവർക്ക് എൻട്രൻസ് റാങ്ക് ലിസ്റ്റ് ഉണ്ടാക്കുമ്പോൾ റിസർവേഷൻ നൽകുന്നതിന് ഉദ്ദേശമുണ്ടോ; എങ്കിൽ അതിന് എന്തെല്ലാം നടപടികളെടുത്തുവെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ആന്റ് (ബി) മലയാളത്തിൽ എൻട്രൻസ് പരീക്ഷ നടത്താനുള്ള ആലോചന നിലവിലില്ല.

## സർക്കാർ സ്കൂളുകളിൽ മഴവെള്ള സംഭരണ പദ്ധതി

162 [4006] ശ്രീ. വി. എൻ. വാസവൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ മഴവെള്ള സംഭരണ പദ്ധതി നടപ്പാക്കുന്നതിനെക്കുറിച്ച് വിശദീകരിക്കുമോ ?

### ഉത്തരം

സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ എൻ.എസ്. എസ്. യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ മഴവെള്ള സംഭരണികൾ നിർമ്മിച്ച് വരുന്നുണ്ട്. കൂടാതെ മഴവെള്ള സംഭരണികൾ മാതൃകാപരമായി നിർമ്മിക്കാനും മഴവെള്ള സംഭരണത്തെക്കുറിച്ചും ജല പരിപോഷണത്തെക്കുറിച്ചും ബോധവൽക്കരണ ക്ലാസ്സുകൾ/ജലസാക്ഷരതാ ക്ലാസുകൾ തുടങ്ങിയവ സംഘടിപ്പിക്കാനും തീരുമാനിച്ചിട്ടുണ്ട്. മഴവെള്ള സംഭരണ പ്രചരണ പരിപാടിയുടെ വിജയകരമായ നടത്തിപ്പിനുവേണ്ടി എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## ഓപ്പൺ സ്കൂൾ വിദ്യാർത്ഥികൾക്ക് ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ

163 [4007] ശ്രീ. കെ. വി. അബ്ദുൾ ഖാദർ :

„ കെ. കുഞ്ഞിരാമൻ :

„ പി. കൃഷ്ണപ്രസാദ് :

„ എം. ജെ. ജേക്കബ് :

„ എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓപ്പൺ സ്കൂളിൽ രജിസ്റ്റർ ചെയ്യുന്ന വിദ്യാർത്ഥികൾക്ക് എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(ബി) രജിസ്റ്റർ ചെയ്യുന്ന കുട്ടികളിൽനിന്ന് ഫീസിനത്തിൽ ലഭിക്കേണ്ട വരുമാനം ഏതെല്ലാം കാര്യങ്ങൾക്കാണ് വിനിയോഗിക്കപ്പെടുന്നത്; ഈ ഇനത്തിൽ ലഭിച്ച തുക കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വകമാറ്റി ചെലവഴിച്ചതായുള്ള ആക്ഷേപം സംബന്ധിച്ച് അന്വേഷണം നടത്തുമോ ?

### ഉത്തരം

(എ) ഓപ്പൺ റഗുലർ സ്കീമിൽ പഠനം നിർവ്വഹിക്കുന്ന വിദ്യാർത്ഥികൾക്കായി താഴെ പറയുന്ന അക്കാഡമിക് സൗകര്യങ്ങൾ നൽകിവരുന്നു :

(1) അതാത് വിഷയവുമായി ബന്ധപ്പെട്ട സ്റ്റഡീ മെറ്റീരിയൽ നൽകുന്നു.

(2) അവധി ദിവസങ്ങളിൽ സംസ്ഥാനത്തെ ഹയർ സെക്കൻഡറി സ്കൂളുകൾവഴി 30 ദിവസത്തെ കോൺട്രാക്ട് ക്ലാസ്സിന് അവസരം നൽകുന്നു.

(3) പ്രാക്ടിക്കൽ ഉള്ള വിഷയങ്ങൾക്ക് 10 മണിക്കൂർ പ്രാക്ടിക്കൽ ക്ലാസ്സ് നൽകുന്നു.

കൂടാതെ ഓപ്പൺ പ്രൈവറ്റ് വിഭാഗത്തിൽ രജിസ്റ്റർ ചെയ്യുന്ന വിദ്യാർത്ഥികൾക്കായി പഠനത്തിനാവശ്യമായ രജിസ്ട്രേഷൻ നടപടികൾ പൂർത്തികരിക്കുക, നിരന്തരമൂല്യ നിർണ്ണയവുമായി ബന്ധപ്പെട്ട് ഒരു വർഷം രണ്ട് ദിവസത്തെ കോൺടാക്ട് ക്ലാസ്സുകൾ നൽകുക, നിരന്തരമൂല്യനിർണ്ണയം സ്കൂൾ തലത്തിൽ നിർവ്വഹിക്കുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തുക എന്നീ സൗകര്യങ്ങളും ചെയ്തുവരുന്നു.

(ബി) ഓരോ സെന്ററിലേയും കോൺടാക്റ്റ് ക്ലാസ്സുകളുടെ ചെലവ് സ്റ്റഡീ മെറ്റീരിയലുകളുടെ ചെലവ് പ്രിൻസിപ്പൽമാർക്കുള്ള റമ്യൂണറേഷൻ, സ്റ്റഡി സെന്ററുകൾക്കുള്ള മറ്റു സൗകര്യപ്രദമായ ലാബുകൾ, ക്ലാസ്സ് മുറികൾ എന്നിവ ഒരുക്കുന്നതിനും ജീവനക്കാരുടെ ശമ്പളം മറ്റ് ഓഫീസ് ചെലവുകൾ എന്നിവയ്ക്കായും വിനിയോഗിക്കുന്നു. ഈ ഇനത്തിൽ ലഭിച്ച തുക സർക്കാരിന്റെ അനുമതിയോടുകൂടി ഹയർസെക്കന്ററി അദ്ധ്യാപക പരിശീലനത്തിന് ഉപയോഗിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## പൊതു കലണ്ടറാക്കുന്നതിന് നടപടി

164 [4008] ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്കൂളുകളിൽ പി. ടി. എ., മാനേജ്മെന്റ്, മറ്റ് അധികാരികൾ എന്നിവരുടെ സമ്മതത്തോടെ സ്കൂളുകളുടെ കലണ്ടർ പൊതുകലണ്ടറാക്കി മാറ്റാനുള്ള ഉത്തരവ് നൽകാൻ നടപടി സ്വീകരിക്കുമോ ;

ഉത്തരം

ഇക്കാര്യത്തിൽ ലഭിക്കുന്ന അപേക്ഷകളിൽ വിശദമായ അന്വേഷണം നടത്തി അർഹതപ്പെട്ട കേസുകളിൽ ഉത്തരവ് നൽകുന്നുണ്ട്.

## ശനിയാഴ്ചകൾ സാദ്ധ്യായ ദിനമാക്കാൻ നടപടി

165 [4009] ശ്രീ. ബി. ബാബു പ്രസാദ് :

" തേറമ്പിൽ രാമകൃഷ്ണൻ :

" വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ സ്കൂളുകളും എല്ലാ ശനിയാഴ്ചയും പ്രവൃത്തി ദിവസം ആക്കുവാൻ ഉദ്ദേശമുണ്ടോ ;

(ബി) ശനിയാഴ്ച കൂടി അദ്ധ്യയനദിവസമാക്കിയാൽ ഒരു സ്കൂൾ വർഷത്തിൽ എത്ര പ്രവൃത്തി ദിനങ്ങൾ ഉണ്ടാകുമെന്ന് വ്യക്തമാക്കമോ ;

(സി) എല്ലാ ശനിയാഴ്ചയും പ്രവൃത്തി ദിവസമാക്കുമ്പോൾ അദ്ധ്യാപകരുടെ ജോലി ഭാരം കൂടുമോ ;

(ഡി) അതിനനുസരണമായി അവർക്ക് വേതനം വർദ്ധിപ്പിക്കുന്നുണ്ടോ;

(ഇ) ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) കേരള വിദ്യാഭ്യാസ ചട്ടം അദ്ധ്യായം VII ചട്ടം 3 പ്രകാരം 220 അദ്ധ്യയന ദിവസങ്ങളാണ് ഒരു സ്കൂൾ വർഷത്തേക്ക് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ പ്രത്യേക സാഹചര്യങ്ങളിൽ ഇതിൽ ഇളവ് ചെയ്യാവുന്നതാണ്. എല്ലാ സ്കൂളുകളിലും എല്ലാ ശനിയാഴ്ചയും പ്രവൃത്തി ദിവസമാക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(സി, ഡി, & ഇ), ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ സ്കൂളുകൾക്കുവേണ്ടി അദ്ധ്യയന കലണ്ടർ

166 [4010] ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:

,, കെ. ബാബു:

,, എൻ. ശക്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകൾക്കുവേണ്ടി അദ്ധ്യയന കലണ്ടർ തയ്യാറാക്കാറുണ്ടോ; എങ്കിൽ അതനുസരിച്ച് ഒരുവർഷം എത്ര സാദ്ധ്യായ ദിവസങ്ങളുണ്ടാകുമെന്ന് വ്യക്തമാക്കുമോ;

(ബി) യഥാർത്ഥത്തിൽ ഒരു വർഷം സ്കൂളുകളിൽ എത്ര ദിവസത്തെ ക്ലാസുണ്ടാകും;

(സി) സ്കൂളുകളുടെ സാദ്ധ്യായ ദിനത്തിൽ കുറവ് വരാനുള്ള കാരണങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഡി) സ്കൂളുകൾക്ക് സ്പെഷ്യൽ അവധി കൊടുക്കുമ്പോൾ അദ്ധ്യാപകർ ക്ലാസ്സുകളിൽ ഹാജരായി അറ്റൻഡൻസ് മാർക്ക് ചെയ്യണമെന്നുണ്ടോ;

(ഇ) അദ്ധ്യയന കലണ്ടർ തയ്യാറാക്കുമ്പോൾ ശനി, ഞായർ, ഗസറ്റഡ് ഹോളീഡേയ്സ് എന്നിവ സാദ്ധ്യായ ദിനങ്ങളായി കണക്കാക്കാറുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള വിദ്യാഭ്യാസ ചട്ടം അദ്ധ്യായം VII ചട്ടം 5 അനുസരിച്ച് സംസ്ഥാനത്തെ സ്കൂളുകൾക്കുവേണ്ടി അദ്ധ്യയന വർഷം തുടങ്ങുന്നതിന് മുമ്പായി പൊതു വിദ്യാഭ്യാസ ഡയറക്ടർ അദ്ധ്യയന കലണ്ടർ തയ്യാറാക്കുന്നുണ്ട്. ഇതനുസരിച്ച് ഒരു അദ്ധ്യയന വർഷം 200-ൽ കുറയാത്ത പ്രവൃത്തി ദിവസമുണ്ടാകും.

(ബി & സി) സ്കൂൾ കലണ്ടർ പ്രകാരം ഒരു വർഷം 200-ൽ കുറയാത്ത പ്രവൃത്തി ദിവസങ്ങൾ എന്ന് നിശ്ചയിച്ചിട്ടുണ്ട് എങ്കിലും പ്രകൃതിദുരന്തം, പ്രാദേശിക ഉത്സവം തുടങ്ങിയ പ്രത്യേക കാരണങ്ങളാൽ സാദ്ധ്യായ ദിവസങ്ങളിൽ കുറവ് വരാറുണ്ട്.

(ഡി) ഇല്ല. എന്നാൽ ചില പ്രത്യേക സാഹചര്യങ്ങളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി നൽകുമ്പോൾ അദ്ധ്യാപകർ സ്കൂളിൽ ഹാജരായി അറ്റൻഡൻസ് മാർക്ക് ചെയ്യേണ്ടതാണ് എന്ന് നിഷ്ക്കർഷിക്കാറുണ്ട്.

(ഇ) ഇല്ല. എന്നാൽ ചില പ്രത്യേക സാഹചര്യങ്ങളിൽ അദ്ധ്യയന ദിനങ്ങൾ നഷ്ടമാകുമ്പോൾ ശനിയാഴ്ചകൾ സാദ്ധ്യായ ദിവസമായി നിശ്ചയിക്കാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## വിദ്യാലയങ്ങൾക്ക് മധ്യവേനൽ അവധി സമ്പ്രദായം

167 [4011] ശ്രീ. ജോസഫ് എം. പുതുശ്ശേരി:
„ റോഷി അഗസ്റ്റിൻ:
„ തോമസ് ചാഴികാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നമ്മുടെ സംസ്ഥാനത്തെ വിദ്യാലയങ്ങൾക്ക് മധ്യവേനൽ അവധി സമ്പ്രദായം എന്നു മുതൽക്കാണ് നടപ്പിലാക്കിയത്; ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പുകളും പ്രസ്തുത സമ്പ്രദായം ഏർപ്പെടുത്തുവാനുള്ള പശ്ചാത്തലവും വിശദമാക്കുമോ;

(ബി) കാലാവസ്ഥയിലും ഋതുഭേദങ്ങളിലും സമീപ വർഷങ്ങളിലുണ്ടായിട്ടുള്ള സാരമായ വ്യതിയാനങ്ങൾ കണക്കിലെടുത്ത്, കനത്ത മഴയും വെള്ളപ്പൊക്കവും അധികരിക്കുന്ന കാലയളവിലേക്ക് വിദ്യാലയങ്ങൾക്ക് ദീർഘകാല അവധി പ്രഖ്യാപിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഇക്കാര്യത്തെക്കുറിച്ച് ചർച്ച ചെയ്ത് ബന്ധപ്പെട്ടവരുടെ ഒരു കമ്മിറ്റി രൂപീകരിച്ച് സത്വര നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) തിരുവിതാംകൂർ വിദ്യാഭ്യാസ നിയമ സംഹിത അദ്ധ്യായം 10 പ്രകാരം എല്ലാ പ്രൈവറ്റ് സ്കൂളുകളും മീനത്തിലെ രണ്ടാമത്തെ ശനിയാഴ്ചയ്ക്കപ്പുറമല്ലാത്ത ഒരു തീയതി മുതൽ ഇടവത്തിലെ ആദ്യത്തെ തിങ്കളാഴ്ച വരെ ഒരു വേക്കേഷന് വ്യവസ്ഥ ചെയ്യേണ്ടതാണ് എന്ന് പറഞ്ഞിരുന്നു. 1958-ലെ കേരള വിദ്യാഭ്യാസ ചട്ടം അദ്ധ്യായം VII ചട്ടം 1-ൽ എല്ലാ സ്കൂളുകളും മധ്യവേനൽ അവധിക്കായി ഏപ്രിൽ 14-ന് അടയ്ക്കണമെന്നും മേയ് 2-ന് തുറന്ന് പ്രവർത്തിക്കണം എന്നും വ്യവസ്ഥ ചെയ്തിരുന്നു. 8-6-1971-ൽ പ്രസിദ്ധീകരിച്ച 4-6-1971-ലെ സ. ഉ. (പി) 68/71/സ്കൂൾ എഡ്യൂക്കേഷൻ ഉത്തരവ് പ്രകാരം സ്കൂളുകൾ മധ്യവേനൽ അവധിക്കായി മാർച്ച് മാസത്തെ അവസാന ദിവസം അടയ്ക്കണമെന്നും ജൂൺ മാസത്തെ ആദ്യത്തെ പ്രവർത്തി ദിവസം തുറന്ന് പ്രവർത്തിക്കണം എന്നും പ്രസ്തുത ചട്ടം ഭേദഗതി ചെയ്തു.

(ബി & സി) കാലാവസ്ഥയിൽ പ്രതികൂല സാഹചര്യം ഉണ്ടാവുകയാണെങ്കിൽ സ്കൂളുകൾക്ക് അവധി നൽകാൻ നിലവിൽ വ്യവസ്ഥകളുണ്ട്. ആയതിനാൽ ഇതിലേക്ക് ദീർഘകാല അവധി നൽകുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## പുതിയ സ്കൂൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

168 [4012] ശ്രീ. ബി. ബാബുപ്രസാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി സ്കൂൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് പറയുമോ;

(സി) 20-ൽ പരം വർഷങ്ങളായി പ്രവർത്തിക്കുന്ന എൽ. പി. സ്കൂളുകളും യു. പി. സ്കൂളുകളും അപ്ഗ്രേഡ് ചെയ്യുവാൻ നടപടിയെടുക്കുമോ ?

ഉത്തരം

(എ & ബി) കെ. ഇ. ആർ. അദ്ധ്യായം 5 റൂൾ 2 പ്രകാരം വിദ്യാഭ്യാസ ആവശ്യകതയുള്ള സ്ഥലങ്ങളിൽ കെ. ഇ. ആർ അദ്ധ്യായം 4 പ്രകാരം ആവശ്യമുള്ള ഭൗതിക സാഹചര്യങ്ങൾ ഉണ്ടെങ്കിൽ സർക്കാർ നയത്തിന് അനുസരിച്ച് പുതിയ സ്കൂൾ തുടങ്ങാൻ നടപടി സ്വീകരിക്കാവുന്നതാണ്.

(സി) സ്കൂളുകൾ എത്ര വർഷമായി പ്രവർത്തിക്കുന്നുവെന്ന കാര്യം അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള മാനദണ്ഡമല്ല. പുതിയ സ്കൂളുകൾ തുടങ്ങുന്നതിനും അപ്ഗ്രേഡ് ചെയ്യുന്നതിനും അംഗീകാരം നൽകുന്നതിനും സംബന്ധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ 19-8-2006-ലെ സ. ഉ. (സാധാ) നമ്പർ 3691/06/പൊ. വി പ്രകാരം ഒരു ഉന്നതതല കമ്മിറ്റിയെ സർക്കാർ നിയോഗിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചശേഷം മാത്രമേ ഇതു സംബന്ധിച്ചുള്ള തീരുമാനം സർക്കാർ എടുക്കുകയുള്ളൂ.

## സർക്കാർ സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് യാത്ര ചെയ്യുന്നതിനായി ബസ്സുകൾ

169 [4013] ശ്രീ. ബാബു പോൾ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് യാത്രചെയ്യുന്നതിനായി ബസ്സുകൾ വാങ്ങുന്നതിന് അദ്ധ്യാപക രക്ഷകർത്തൃ സമിതികളെ സഹായിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

## സംസ്ഥാനത്തെ സ്കൂളുകൾ പുതുക്കി പണിയുന്നതിന് നടപടി

170 [4014] ശ്രീ. റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകൾ കെ. ഇ. ആർ. ചട്ടങ്ങൾ അനുസരിച്ച് പുതുക്കി പണിയണം എന്നാവശ്യപ്പെട്ട് സർക്കാർ സർക്കുലർ ഇറക്കിയിരുന്നോ ; എന്നാണ് സർക്കുലർ ഇറക്കിയത് ; ആയതിന്റെ ഒരു പകർപ്പ് ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇപ്രകാരം ഒരു സർക്കുലർ ഇറക്കിയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

(സി) സർക്കുലർ പുറപ്പെടുവിക്കുന്നതിനുമുമ്പ് നിർമ്മാണം പൂർത്തിയാക്കിയതും ബലവത്തായതുമായ കെട്ടിടങ്ങൾ കെ. ഇ. ആർ. ചട്ടങ്ങൾ അനുസരിച്ച് പുതുക്കി പണിയേണ്ടിവരുമോ;

(ഡി) ബലവത്തായ കെട്ടിടങ്ങൾ നിലനിർത്തി കെട്ടുറപ്പില്ലാത്തവ മാത്രം പുതുക്കി പണിയുന്നതിന് ആവശ്യമായ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) സർക്കുലർ ഇറക്കിയിരുന്നു. 10-3-2006-ലാണ് സർക്കുലർ ഇറക്കിയത്. സർക്കുലറിന്റെ പകർപ്പ് ഇതോടൊപ്പം വയ്ക്കുന്നു.†

(ബി) ഓലമേഞ്ഞതും പെട്ടെന്ന് തീപിടിക്കുന്നതുമായ മേൽക്കൂരകൾ ഉള്ള കെട്ടിടങ്ങൾക്കുപകരം ബലവും സുരക്ഷിതത്വവുമുള്ള കെട്ടിടങ്ങളിൽ സ്കൂളുകൾ നടത്തുന്നതിനുവേണ്ടിയാണ് ഇപ്രകാരമുള്ള സർക്കുലർ ഇറക്കിയത്.

(സി) കെട്ടിടങ്ങൾ ബലമുള്ളതും സുരക്ഷിതത്വമുള്ളതും കെ. ഇ. ആർ. അനുശാസിക്കുന്ന നിബന്ധനകൾ പ്രകാരമുള്ളതുമാണെങ്കിൽ പുതുക്കിപ്പണിയേണ്ടി വരില്ല.

(ഡി) സ്കൂൾ കെട്ടിടങ്ങൾ കെ. ഇ. ആർ. അനുശാസിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരമുള്ളതായിരിക്കണമെന്നതിനാൽ അതനുസരിച്ച് മാത്രമേ പ്രവർത്തിക്കാൻ പറ്റുകയുള്ളു.

## ഇഗ്നോ ബി. എഡ്. സർക്കാർ അദ്ധ്യാപക നിയമനത്തിനുവേണ്ട യോഗ്യതയായി അംഗീകരിക്കുന്നതിന് നടപടി

171 [4015] ശ്രീ. തോമസ് ചാഴികാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇഗ്നോ ബി. എഡ്. സർക്കാർ അദ്ധ്യാപക നിയമനത്തിനുവേണ്ട യോഗ്യതയായി അംഗീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

(ബി) ഇഗ്നോ ബി. എഡ്. ഹയർ സെക്കന്ററി അദ്ധ്യാപക നിയമനത്തിന് വേണ്ട യോഗ്യതയായി അംഗീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) ഒരേ ബി. എഡ്. യോഗ്യത ഹൈസ്ക്കൂളിലെ നിയമനത്തിന് അംഗീകരിക്കുകയും ഹയർ സെക്കണ്ടറി നിയമനത്തിന് അംഗീകരിക്കാതിരിക്കുകയും ചെയ്യുന്നതിന്റെ കാരണം വ്യക്തമാക്കുമോ ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അംഗീകരിച്ചിട്ടുണ്ട്. ബന്ധപ്പെട്ട സർക്കാർ കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) ഇല്ല. ബി. എഡ്. റഗുലർ കോഴ്സ് പ്രകാരമാവണമെന്ന സ്പെഷ്യൽ റൂൾസിലെ വ്യവസ്ഥയാണ് ഇതിന് കാരണം.

(സി) ഇക്കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

എസ്. എസ്. എ. പാഠ്യപദ്ധതി അനുസരിച്ച് 7-ാം ക്ലാസ്സ് വരെയുള്ള ക്ലാസ്സുകളിലേക്ക് ചോദ്യപേപ്പർ വിതരണം ചെയ്യുന്ന നടപടി

172 [4016] ശ്രീ. റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്. എസ്. എ. പാഠ്യപദ്ധതി അനുസരിച്ച് 7-ാം ക്ലാസ്സ് വരെയുള്ള ക്ലാസ്സുകളിലേക്ക് ചോദ്യപേപ്പർ വിതരണം ചെയ്യാനുള്ള ചുമതല ആർക്കാണ്;

(ബി) ചോദ്യപേപ്പർ വിതരണം ചെയ്യുമ്പോൾ വില ഈടാക്കാറുണ്ടോ;

(സി) ഓരോ ക്ലാസ്സുകളിലേക്കും തയ്യാറാക്കുന്ന ചോദ്യപേപ്പറിന് എത്ര തുക ചെലവാകുന്നുണ്ടെന്ന് ക്ലാസ് തിരിച്ച് അറിയിക്കാമോ;

(ഡി) അംഗീകൃത സ്കൂളുകൾക്ക് നൽകുന്ന ചോദ്യപേപ്പറിന് എത്ര തുകയാണ് ഈടാക്കുന്നത് എന്ന് ക്ലാസ്സ് തിരിച്ച് അറിയിക്കാമോ;

(ഇ) വർഷാരംഭത്തിൽ ഫീസ് നിശ്ചയിച്ചപ്പോൾ ചോദ്യപേപ്പറിന്റെ ഫീസും ഉൾപ്പെടുത്താൻ നിർദ്ദേശം നൽകിയിരുന്നോ; എന്നാണ് സ്കൂളുകൾക്ക് ഇപ്രകാരം നിർദ്ദേശം നൽകിയതെന്ന് അറിയിക്കാമോ;

(എഫ്) ചോദ്യപേപ്പറിന് ന്യായമായ ഫീസ് മാത്രം ഈടാക്കാൻ അടിയന്തിര നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ജില്ലാ പ്രോജക്ട് ഓഫീസർ, സർവ്വശിക്ഷാ അഭിയാൻ.

(ബി) ഇല്ല.

(സി) ഒരു പേജിന് നിശ്ചിത തുക കണക്കാക്കിയാണ് ചോദ്യപേപ്പർ അച്ചടിക്കുന്നത്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ക്ലാസ് തിരിച്ച് കണക്കുകൾ ലഭ്യമല്ല.

(ഇ & എഫ്) സർക്കാർ, എയിഡഡ് സ്കൂളുകളിൽ നിന്നും ചോദ്യപേപ്പറിന് വില ഈടാക്കിയിട്ടില്ല.

തുല്യതാ പരീക്ഷയ്ക്ക് ഈടാക്കുന്ന ഫീസ്

173 [4017] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള തുടർ വിദ്യാകേന്ദ്രം നടത്തുന്ന പത്താംതരം തുല്യതാ പരീക്ഷയ്ക്ക് ഭീമമായ ഫീസ് ഈടാക്കുന്നതിനാൽ പഠിതാക്കൾക്ക് പരീക്ഷ എഴുതുവാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സ്വാശ്രയ രീതിയിലധിഷ്ഠിതമായ പത്താം തരം 'ഒ' ലെവൽ തുല്യതാ പരീക്ഷയ്ക്ക് രജിസ്ട്രേഷൻ ഫീസ്, കോഴ്സ് ഫീസ്, പുസ്തകങ്ങളുടെ വില എന്നിവയ്ക്കായി 1,500 രൂപയാണ് നിശ്ചയിച്ചിട്ടുള്ളത്. ഇവ രണ്ട് ഗഡുക്കളായി അടച്ചാൽ മതിയാകും. ഇത് അമിതമായ ഫീസാണെന്ന് കാണിച്ചുകൊണ്ടുള്ള പരാതി ലഭിച്ചിട്ടില്ല.

(ബി) ആദ്യ ഫീസായി നിശ്ചയിച്ച 2,830 രൂപ പിന്നീട് 1,500 രൂപയായി കുറയ്ക്കുകയുണ്ടായി.

കേന്ദ്രീയ വിദ്യാലയ സംഘടൻ പരീക്ഷാകേന്ദ്രം

174 [4018] ശ്രീ. തോമസ് ചാണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രീയ വിദ്യാലയ സംഘടൻ നടത്തുന്ന അദ്ധ്യാപക പരീക്ഷകൾക്ക് കേരളത്തിൽ പരീക്ഷാ സെന്റർ ഇല്ലാത്തതുമൂലം മലയാളി ഉദ്യോഗാർത്ഥികൾ ബുദ്ധിമുട്ട് അനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പരീക്ഷകളുടെ ഒരു കേന്ദ്രം സംസ്ഥാനത്ത് അനുവദിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.



LIBRARY ARCHIVES Kerala Legislative Assembly

## വടക്കാഞ്ചേരി ഗവൺമെന്റ് ഗേൾസ് ഹൈസ്ക്കൂളിൽ പുതിയ ഡിവിഷനുകൾ അനുവദിക്കാൻ നടപടി

175 [4019] ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളിൽ വിദ്യാർത്ഥി അനുപാതം കൂടുതലുള്ള സ്കൂളുകളിൽ പുതിയ ഡിവിഷൻ അനുവദിക്കാൻ എന്തു നടപടിക്രമമാണ് നിലവിലുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) വടക്കാഞ്ചേരി ഗവൺമെന്റ് ഗേൾസ് ഹൈസ്ക്കൂളിൽ 5, 6, 7 ക്ലാസ്സുകളിൽ കുട്ടികളുടെ എണ്ണം കൂടുതലായതുകൊണ്ട് ഇവിടെ കൂടുതൽ ഡിവിഷൻ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) ഏകദിന പരിശോധനയിൽ വിദ്യാർത്ഥി അനുപാതം കൂടുതലുള്ള സ്ക്കൂളുകളുടെ വിവരം, പ്രൈമറി സ്ക്കൂളിന്റേത് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും ഹൈസ്ക്കൂളിന്റേത് ജില്ലാ വിദ്യാഭ്യാസ ഓഫീസർ ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും അറിയിക്കുന്നത് അനുസരിച്ച് പ്രസ്തുത ഓഫീസർമാർ മുന്നറിയിപ്പില്ലാതെ പ്രസ്തുത സ്ക്കൂളുകൾ സന്ദർശിച്ച് (ഹയർ ലെവൽ വെരിഫിക്കേഷൻ) കുട്ടികളുടെ എണ്ണം രേഖപ്പെടുത്തി ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർക്ക് നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ തസ്തിക നിർണ്ണയം പൂർത്തിയാക്കുകയും ചെയ്യുന്ന നടപടിക്രമമാണ് നിലവിലുള്ളത്. അംഗീകൃത എയിഡഡ് സ്ക്കൂളുകളിലും ഇത് തന്നെയാണ് നടപടിക്രമം.

(ബി) ഹയർലെവൽ വെരിഫിക്കേഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിന്മേൽ നടപടി സ്വീകരിക്കുന്നതാണ്.

## മാള നിയോജകമണ്ഡലത്തിലെ എൽ. പി., യു. പി. സ്കൂളുകളുടെ പുരോഗതിക്ക് നടപടി

176 [4020] ശ്രീ. എ. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാള നിയോജകമണ്ഡലത്തിലെ സർക്കാർ എൽ.പി., യു.പി. സ്കൂളുകളിൽ വിദ്യാർത്ഥികൾ കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന് എന്ത് പരിഹാരം കാണാനാണ് ഉദ്ദേശിക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത്തരം സ്കൂളുകളിൽ കുട്ടികളെ കൊണ്ടുവരുന്നതിനായി വാഹനം വാങ്ങിക്കുന്നതിന് സർക്കാരിൽനിന്നും എന്ത് സഹായം ലഭിക്കും എന്ന് വിശദമാക്കുമോ;

(സി) മാള നിയോജകമണ്ഡലത്തിലെ സർക്കാർ സ്കൂളുകളിൽ ഫർണീച്ചറിന്റെ കുറവ് പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. കുട്ടികളെ സ്റ്റേറ്റ് സിലബസിൽ നിലനിർത്താനായി സ്കൂൾ സൗകര്യങ്ങൾ മെച്ചമാക്കിയും ക്ലാസ്സ്റൂം പഠനം ആകർഷകമാക്കിയും ഗ്രാമപഞ്ചായത്തുകളുടെ സഹകരണത്തോടെ സർക്കാർ ശ്രമിക്കുന്നുണ്ട്.

(ബി) സർക്കാർ തലത്തിൽ ഇതിനായി പ്രത്യേക സഹായം നൽകാറില്ല.

(സി) ഫർണിച്ചറുകൾ വാങ്ങുന്നതിനായി വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർക്ക് പ്രത്യേക ഫണ്ട് നൽകിയിട്ടുണ്ട്. ഫർണിച്ചർ കുറവുള്ള സ്കൂളുകൾ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാരെ സമീപിച്ച് ടി ഫണ്ടിൽ നിന്ന് ഫർണിച്ചർ വാങ്ങുകയോ അധികം ഫർണിച്ചറുകൾ ഉള്ള സ്കൂളുകളിൽ നിന്നും ആവശ്യമുള്ള സ്കൂളുകൾക്ക് നൽകാൻ നടപടി സ്വീകരിക്കുകയോ ചെയ്യും.

## സ്കൂൾ പ്രിൻസിപ്പൽമാരുടെ ജോലിഭാരം

177 [4021] ശ്രീ. തോമസ് ഉണ്ണിയാടൻ:
പ്രൊഫ. എൻ. ജയരാജ്:
ശ്രീ. സി. എഫ്. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കണ്ടറി സ്കൂളുകളിലെ പ്രിൻസിപ്പൽമാരുടെ ജോലിഭാരം ലഘൂകരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ബി) ഹയർസെക്കണ്ടറി സ്കൂൾ റീജിയണൽ ഡയറക്ടർ ഓഫീസുകളിൽ ആവശ്യത്തിന് ജീവനക്കാരില്ലാത്തതുമൂലമുള്ള അസൗകര്യങ്ങൾ പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഹയർസെക്കണ്ടറി സ്കൂളുകളിലെ ഹൈസ്കൂൾ വിഭാഗത്തിന്റെ ഭരണ ചുമതല സ്കൂളിന്റെ ഹെഡ്മാസ്റ്ററിൽ നിക്ഷിപ്തമാണ്. +1, +2 ക്ലാസുകൾ ഉൾപ്പെട്ട ഹയർസെക്കണ്ടറി വിഭാഗത്തിന്റെ ചുമതല മാത്രമാണ് പ്രിൻസിപ്പാളിനുള്ളത്. ഈ സാഹചര്യത്തിൽ പ്രിൻസിപ്പാളിന്റെ ജോലിഭാരം ലഘൂകരിക്കേണ്ടതിന്റെ ആവശ്യമുണ്ടെന്ന് സർക്കാർ കരുതുന്നില്ല.

(ബി) ഹയർ സെക്കണ്ടറി റീജിയണൽ ഡയറക്ടർ ആഫീസുകളിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

## ഹയർസെക്കണ്ടറി സ്കൂളിൽ നോൺ-ടീച്ചിംഗ് സ്റ്റാഫിന്റെ നിയമനം

178 [4022] പ്രൊഫ. എൻ. ജയരാജ്:
ശ്രീ. തോമസ് ഉണ്ണിയാടൻ:
,, സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കണ്ടറി സ്കൂളുകളിൽ ആവശ്യത്തിന് നോൺ-ടീച്ചിംഗ് സ്റ്റാഫിന്റെ നിയമനം നടക്കാത്തതുമൂലമുള്ള പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യം സർക്കാരിന്റെ പരിശോധനയിലാണ്.

## പ്ലസ്ടു അദ്ധ്യാപകർക്ക് പൂർണ്ണ ശമ്പളം

179 [4023] ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999 മുതൽ 2001 വരെ പ്ലസ്ടു തലത്തിൽ പഠിപ്പിച്ചിരുന്ന അദ്ധ്യാപകർക്ക് പൂർണ്ണ സ്കെയിലിൽ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകണമെന്ന് ഹൈക്കോടതി ഉത്തരവ് നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) ഹൈക്കോടതി ഉത്തരവിന്റെ പകർപ്പ് സർക്കാരിന് ലഭിച്ചിട്ടേയുള്ളൂ. ആയത് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## കുന്ദമംഗലം മണ്ഡലത്തിൽ പ്ലസ് ടു അനുവദിക്കാൻ നടപടി

180 [4024] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം മണ്ഡലത്തിലെ ഏതൊക്കെ വിദ്യാലയങ്ങളിലാണ് കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ പ്ലസ് ടു അനുവദിച്ചത് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കുന്ദമംഗലം മണ്ഡലത്തിൽ പ്ലസ്ടു ഇല്ലാത്ത ഹൈസ്കൂളുകൾ ഏതൊക്കെയാണെന്നും ഇവിടെ പ്ലസ് ടു നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നും വെളിപ്പെടുത്താമോ ;

(സി) പ്ലസ് ടു അനുവദിക്കുന്നതിന് കൈക്കൊണ്ട നടപടി വ്യക്തമാക്കാമോ ?

ഉത്തരം

(എ) കുന്ദമംഗലം മണ്ഡലത്തിലെ ഗവൺമെന്റ് എച്ച്. എസ്. എസ്. പെരിങ്ങളം, ഗവ: എച്ച്. എസ്. എസ്. നീലേശ്വരം, എം. കെ. എച്ച്. എം. ഒ. എച്ച്. എസ്. എസ്. മുക്കം എന്നീ വിദ്യാലയങ്ങളാണ് കഴിഞ്ഞ യു. ഡി. എഫ്. ഗവൺമെന്റ് പ്ലസ് ടു അനുവദിച്ചത്. കൂടാതെ ആക്സിലിയൻ ന്യൂജ്യോതി എച്ച്. എസ്. എസ്. കുന്ദമംഗലം എന്ന സ്കൂളിന് അൺ എയ്ഡഡ് മേഖലയിലും പ്ലസ് ടു അനുവദിച്ചു.

(ബി ആന്റ് സി) കുന്ദമംഗലം മണ്ഡലത്തിൽ പറമ്പിൽ എച്ച്. എസ്., നായർകുഴി എച്ച്. എസ്. എന്നീ ഗവ: സ്കൂളുകളിലും മുക്കം എച്ച്. എസ്. എന്ന എയ്ഡഡ് സ്കൂളിലും പ്ലസ്ടു അനുവദിച്ചിട്ടില്ല. പുതിയ ഹയർ സെക്കണ്ടറി സ്കൂളുകൾ അനുവദിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

ശ്രീമതി സി. എസ്. ബിന്ദുവിന്റെ എച്ച്. എസ്. എ. നിയമനം

181 [4025] ശ്രീ. എം. ഉമ്മർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ തിരുമല എ.എം.എച്ച്.എസ്.എസ്.-ൽ (എയിഡഡ്) 2004-05 വർഷത്തിൽ ഒഴിവുണ്ടായിരുന്ന ഇംഗ്ലീഷ് എച്ച്. എസ്. എ.-യുടെ (2004-05-ൽ നടത്തിയ) രണ്ട് അഡീഷണൽ പോസ്റ്റിൽ 16-11-2004-ൽ നിയമിച്ചതിൽ ഒരാളായ ശ്രീമതി സി. എസ്. ബിന്ദുവിനെ ഒരു വർഷത്തിനുശേഷം മാനേജർ ലീവ് വേക്കൻസിയിൽ മാറ്റി നിയമിച്ചത് കെ. ഇ. ആർ. അനുസരിച്ചാണോ ; എങ്കിൽ കെ. ഇ. ആർ. ഏത് വകുപ്പ് അനുസരിച്ചാണ്;

(ബി) ഒരേ ദിവസം രണ്ട് പേരെ നിയമിച്ചാൽ (എച്ച്. എസ്. എ. ഇംഗ്ലീഷിൽ) സീനിയറായി തീരുമാനിക്കുന്നതാരെയാണ് ; പ്രായം കൂടിയ ആളിനെ സീനിയറായി കണക്കാക്കുന്നതിന് റൂൾ അനുവദിക്കുന്നുണ്ടോ ;

(സി) ശ്രീമതി സി. എസ്. ബിന്ദുവിന്റെ നിയമനം ഒരു വർഷക്കാലമായിട്ടും അപ്രൂവലിന് നടപടി എടുക്കാതെ തടഞ്ഞുവച്ചിരിക്കുന്ന ഉദ്യോഗസ്ഥന്റെ പേരിൽ നടപടി സ്വീകരിക്കുമോ ;

(ഡി) തിരുമല എ.എം.എച്ച്.എസ്.എസ്.-ലെ സി. എസ്. ബിന്ദുവിന്റെ നിയമന അപ്രൂവലിന് ഉണ്ടായ കാലതാമസം സംബന്ധിച്ച് 21-7-2006-ൽ 39777/06-ാം നമ്പരായി ഗവൺമെന്റിന് കൊടുത്ത റിവിഷൻ പെറ്റീഷന് മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരള വിദ്യാഭ്യാസ നിയമം സെക്ഷൻ 11-ഉം കേരള വിദ്യാഭ്യാസ ചട്ടം 14 എ-യിൽ ചട്ടം ഒന്നിൽ (1)-ഉം അനുസരിച്ച് എയിഡഡ് സ്കൂളുകളിൽ ഉണ്ടാകുന്ന ഒഴിവുകളിലേക്ക് സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്ക് വിധേയമായാണ് മാനേജർ അദ്ധ്യാപകരെ നിയമിക്കുന്നത്. ഇപ്രകാരം നിയമിക്കുമ്പോൾ ചൂണ്ടിക്കാണിക്കപ്പെടുന്ന ഒഴിവ് ഇല്ലാതെ വരികയും മറ്റൊരു ഒഴിവ് ഉണ്ടായിരിക്കുകയും ചെയ്താൽ നിയമന ഉത്തരവ് നിലനിർത്തികൊണ്ട് ചെയിഞ്ച് ഓഫ് സ്റ്റാഫ് (സി.എസ്.ഫോം)-ലും മാറ്റം വരുത്താവുന്നതാണ്. പ്രസ്തുത നിയമങ്ങൾ മാനേജർക്ക് അധികാരം നൽകുന്നു.

(ബി) കേരള വിദ്യാഭ്യാസ ചട്ടം 51-എ, 43 എന്നീ ചട്ടങ്ങൾ അനുസരിച്ച് രണ്ടോ അതിലധികമോ അവകാശികളെ ഒരേ ദിവസം നിയമിച്ചാൽ പ്രായം കൂടിയ ആളിനെ സീനിയർ മോസ്റ്റായി കണക്കാക്കുവാൻ വിദ്യാഭ്യാസ ചട്ടം അദ്ധ്യായം 14-എയിലെ ചട്ടം 37 (11) അനുവദിക്കുന്നു.

(സി) ശ്രീമതി സി. എസ്. ബിന്ദുവിന്റെ നിയമനം ഡിപ്പാർട്ട്മെന്റ് തലത്തിൽ തടഞ്ഞുവച്ചിട്ടില്ല. നിയമന വേക്കൻസിയിൽ ഉണ്ടായ തർക്കം തിരുവനന്തപുരം ജില്ലാ വിദ്യാഭ്യാസ ആഫീസിൽ പരിശോധിച്ച് ഹിയറിംഗ് നടത്തുകയും തുടർന്ന് ഉത്തരവ് നമ്പർ ബി5/9134/05 തീയതി 17-3-2006 പ്രകാരം തള്ളിക്കളയുകയും ചെയ്തു. തിരുവനന്തപുരം ജില്ലാ വിദ്യാഭ്യാസ ആഫീസറുടെ ഈ തീരുമാനത്തെ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദ്ദേശാനുസരണം പൊതു വിദ്യാഭ്യാസ ഡയറക്ടർ പരിശോധിക്കുകയും തുടർന്ന് ഹിയറിംഗ് നടത്തുകയും ഉണ്ടായി. പ്രസ്തുത ഹിയറിംഗിൽ പരാതിക്കാരിയായ ശ്രീമതി സി. എസ്. ബിന്ദുവിനെ ഉൾപ്പെടുത്തുകയുണ്ടായി ശ്രീമതി സി. എസ്. ബിന്ദുവിന്റെ പുനർ നിയമനത്തിൽ നിയമപരമായ പിശക് ഇല്ലാതിരുന്നതിനാൽ 3-6-2006-ലെ ഉത്തരവ് നമ്പർ ഇ. റ്റി. 5/22798/06/ഡി.പി.ഐ. തീയതി പ്രകാരം പരാതി തള്ളികളഞ്ഞിട്ടുണ്ട്. വിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവിനെതിരെ ശ്രീമതി സി. എസ്. ബിന്ദുവിൽ നിന്നും സർക്കാരന് റിവ്യൂ ഹർജി ലഭിച്ചിട്ടുണ്ട്. റിവ്യൂ ഹർജി വിശദമായി പരിശോധിച്ച് മേൽ നടപടികൾ സ്വീകരിക്കുന്നതാണ്. എന്നാൽ ഇവരുടെ നിയമനത്തിനുള്ള അംഗീകാരം മാനേജർ സമർപ്പിച്ചിട്ടുള്ള രീതിയിൽ നൽകുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ടെങ്കിൽ ഇതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥന്മാരുടെ മേൽ യുക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) 21-7-2006-ലെ റിവ്യൂ ഹർജി 25-7-2006-ൽ ലഭിച്ചിട്ടുണ്ട്. ആയത് 25-7-2006-ലെ 39777/ഇ2/06/ജി.ഇ.ഡി.എൻ. നമ്പർ കത്ത് പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ടിനയച്ചു. ടി ഹർജിയിൽ വിശദമായ പരിശോധന ആവശ്യമുള്ളതിനാൽ ഹർജിയുടെ പകർപ്പ് പൊതു വിദ്യാഭ്യാസ ഡയറക്ടർ തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടറുടെ ആഫീസിലേക്കും തിരുവനന്തപുരം ജില്ലാ വിദ്യാഭ്യാസ ആഫീസിലേയ്ക്കും അയച്ചു കൊടുത്തിട്ടുണ്ട്. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് സർക്കാർ യുക്തമായ നടപടി സ്വീകരിക്കുന്നതാണ്.

## പ്രൊട്ടക്ഷനുള്ള ഒരദ്ധ്യാപകന്റെ അവകാശങ്ങൾ

182 [4026] ശ്രീ. എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൊട്ടക്ഷനുള്ള ഒരദ്ധ്യാപകന്റെ അവകാശങ്ങൾ എന്തെല്ലാമാണ് ;

(ബി) പ്രൊട്ടക്ഷനുള്ള അദ്ധ്യാപകർക്ക് നിയമനം നൽകുന്നതിനായി സർക്കാർ സ്കൂളിലെ അദ്ധ്യാപകരെ പിരിച്ചുവിട്ട സംഭവം ഇക്കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ ഉണ്ടായിട്ടുണ്ടോ ?

### ഉത്തരം

(എ) 1996-97 അദ്ധ്യയന വർഷം വരെ സ്ഥിരം ഒഴിവിൽ നിയമനാംഗീകാരം ലഭിച്ച എയിഡഡ് സ്കൂൾ അദ്ധ്യാപകർക്ക് സർക്കാർ സംരക്ഷണാനുകൂല്യം നൽകുന്നുണ്ട്. ഇപ്രകാരമുള്ള അദ്ധ്യാപകർക്ക്, അനുവദനീയമായ തസ്തികകളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകർക്കുള്ള എല്ലാ അവകാശങ്ങളും ലഭ്യമാണ്.

(ബി) ഇല്ല. സംരക്ഷണത്തിനർഹതയുള്ള എയിഡഡ് സ്കൂളിലെ ജീവനക്കാരെ, സർക്കാർ സ്കൂളുകളിൽ ഒഴിവുണ്ടെങ്കിൽ മാത്രം, അതും മാതൃസ്കൂളിൽ ഒഴിവു വരുന്ന മുറയ്ക്ക് തിരിയെ പോകാം എന്ന വ്യവസ്ഥയിൽ ഒരു താല്ക്കാലിക ക്രമീകരണം എന്ന നിലയിലെ നിയമിക്കാറുള്ളൂ.

## എയിഡഡ് സ്കൂൾ അദ്ധ്യാപകർക്കുള്ള പ്രൊട്ടക്ഷൻ.

183 [4027] ശ്രീ. ജി. കാർത്തികേയൻ: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

15-7-1997-ന് ശേഷം ഡിവിഷൻ കുറവുമൂലം ജോലിയിൽ നിന്നും പുറത്തു പോകേണ്ടി വന്ന എയിഡഡ് സ്കൂൾ അദ്ധ്യാപകർക്ക്, 16-12-2004-ലെ ജി. ഒ. (എം. എസ്.) നമ്പർ 379/04/ജിഎഡ്യു. പ്രകാരം അടച്ചുപൂട്ടിയ 48 എയിഡഡ് സ്കൂളുകളിലെ അദ്ധ്യാപകർക്ക് താത്ക്കാലികാടിസ്ഥാനത്തിൽ പ്രൊട്ടക്ഷൻ നൽകിയതുപോലെ പ്രൊട്ടക്ഷൻ നൽകാനുള്ള പദ്ധതി പരിഗണനയിൽ ഉണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

### ഉത്തരം

ഇല്ല. 1996-97 വർഷത്തെ സ്ഥിരം ഒഴിവുകളിൽ നിയമിക്കപ്പെടുകയും 14-7-1997-ൽ സർവ്വീസിൽ ഉണ്ടായിരിക്കുകയും ചെയ്യുന്ന എയ്ഡഡ് സ്കൂൾ ജീവനക്കാർക്കാണ് നിലവിൽ പ്രൊട്ടക്ഷൻ ആനുകൂല്യം നൽകുന്നത്. 15-7-1997-നു ശേഷം റെഗുലർ തസ്തികയിൽ നിയമിക്കപ്പെട്ടവർക്ക് പ്രൊട്ടക്ഷൻ നൽകുന്നതിനു നിലവിൽ വിയവസ്ഥയില്ല. അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുന്ന ഒരു കാര്യമാണിത്. ജി. ഒ. (എം. എസ്.) നമ്പർ 379/04/പൊ.വി. പ്രകാരം അടച്ചുപൂട്ടിയ സ്കൂളുകളിലെ അദ്ധ്യാപകർക്ക് പ്രൊട്ടക്ഷൻ നൽകിയത് സർക്കാരിന്റെ നയപരമായ തീരുമാനമാണ്.

LIBRARY ARCHIVES Kerala Legislative Assembly

## കൂടുതൽ ബി. ബി. എ., എം. ബി. എ. കോഴ്സുകൾ തുടങ്ങുവാൻ നടപടി

184 [4028] പ്രൊഫ. സി. രവീന്ദ്രനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി. ബി. എ., എം. ബി. എ. തുടങ്ങിയ കോഴ്സുകൾ കൂടുതൽ സ്ഥാപനങ്ങളിൽ തുടങ്ങുവാൻ നടപടി സ്വീകരിക്കുമോ ;

(ബി) മാനേജ്മെന്റ് സംബന്ധമായ കോഴ്സുകൾ വി.എച്ച്.എസ്.സി. ഹയർ സെക്കണ്ടറി തലങ്ങളിൽ കൂടുതലായി തുടങ്ങുവാൻ നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) കോഴ്സുകളുടെ ലഭ്യത, ആവശ്യകത, ജോലി സാദ്ധ്യത എന്നിവ സംബന്ധിച്ച് വിശദമായ പഠനം നടത്തിയ ശേഷം മാത്രമേ ബി. ബി. എ., എം. ബി. എ. ഉൾപ്പെടെയുള്ള കോഴ്സുകൾ പുതുതായി അനുവദിക്കുകയുള്ളൂ.

(ബി) വി. എച്ച്. എസ്. സി, എച്ച്. എസ്. സി. എന്നിവയിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്ന ഘട്ടത്തിൽ മാനേജ്മെന്റ് സംബന്ധമായ കോഴ്സുകളും പരിഗണിക്കുന്നതാണ്.

## കോസ്മറ്റോളജി (ബ്യൂട്ടിസയൻസ്) ഡിഗ്രി തലത്തിലുള്ള കോഴ്സുകൾ തുടങ്ങുന്നതിന് നടപടി

185 [4029] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോസ്മറ്റോളജി (ബ്യൂട്ടിസയൻസ്)ക്ക് പി.ജി. ഡിപ്ലോമാ കോഴ്സ് നിലവിലുണ്ടെങ്കിലും ഡിഗ്രി തലത്തിൽ കോഴ്സുകളൊന്നും ഇല്ലെന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഡിഗ്രി തലത്തിലുള്ള കോഴ്സുകൾ തുടങ്ങുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

### ഉത്തരം

(എ) ഉണ്ട്.

(ബി) എം.ജി. സർവ്വകലാശാല ബി.എസ്സ്.സി. ബ്യൂട്ടി സയൻസ് കോഴ്സിന്റെ സിലബസ് തയ്യാറാക്കി അംഗീകാരത്തിന് സമർപ്പിച്ചിരിക്കുകയാണെന്ന് അറിയിച്ചിട്ടുണ്ട്. കേരള സർവ്വകലാശാല ബിരുദ തലത്തിൽ " ബി.എസ്സ്.സി " ഇൻ ബ്യൂട്ടി സയൻസ് തുടങ്ങുന്നതിന് ബ്യൂട്ടീഷൻസ് അസോസിയേഷൻ മുന്നോട്ടു വച്ച നിർദ്ദേശം 2006 ഡിസംബറിൽ നടക്കുന്ന സർവ്വകലാശാലാ ബോർഡ് ഓഫ് സ്റ്റഡീസിന്റെ വാർഷിക സമ്മേളനത്തിൽ പരിഗണനയ്ക്കായി സമർപ്പിക്കുമെന്ന് അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ചാരുംമൂട് കേന്ദ്രമാക്കി എ.ഇ.ഒ. ഓഫീസ് സ്ഥാപിക്കാൻ നടപടി

186 [4030] ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിലെ ചാരുംമൂട് കേന്ദ്രമാക്കി ഒരു എ.ഇ.ഒ. ഓഫീസ് വേണമെന്ന ആവശ്യത്തിൻമേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) ചാരുംമൂട് എ.ഇ.ഒ. ഓഫീസ് സംബന്ധിച്ച്, പൊതു വിദ്യാഭ്യാസ ഡയറക്ടർ ഗവൺമെന്റിന് നൽകിയ റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ;

(സി) ഇത് സംബന്ധിച്ച് ആലപ്പുഴ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ഡി.പി.ഐ.യ്ക്ക് നൽകിയ റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ;

(ഡി) എന്നത്തേയക്ക് ചാരുംമൂട്ടിൽ എ.ഇ.ഒ. ഓഫീസ് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ഇ) കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ സംസ്ഥാനത്ത് എത്ര പുതിയ എ.ഇ.ഒ. ഓഫീസ് ആരംഭിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ചാരുംമൂട് കേന്ദ്രമാക്കി ഒരു പുതിയ എ.ഇ.ഒ. ആഫീസ് ആരംഭിക്കണമെന്ന നിവേദനം സർക്കാർ വിശദമായി പരിശോധിക്കുകയും ഇപ്പോൾ നിലവിലുള്ള സ്കൂളുകളുടെ എണ്ണം അടിസ്ഥാനപ്പെടുത്തി ചാരുംമൂട്ടിൽ ഒരു ഉപജില്ലാ ഓഫീസ് പുതുതായി രൂപീകരിക്കേണ്ട ആവശ്യമില്ലെന്ന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) അനുബന്ധം I ആയി ചേർത്തിരിക്കുന്നു †.

(സി) അനുബന്ധം II ആയി ചേർത്തിരിക്കുന്നു †.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) കോഴിക്കോട് ജില്ലയിലെ മുക്കം ആസ്ഥാനമാക്കി ഒരു ഉപജില്ല ഓഫീസ് രൂപീകരിച്ചു.

എൽ.ജി.എസ്. കാരെ എച്ച്.എസ്.എ. മാരായി നിയമിക്കാനുള്ള വ്യവസ്ഥകൾ

187 [4032] ശ്രീ. ആർ. സെൽവരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ വകുപ്പിൽ B.Ed. യോഗ്യതയുള്ള ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് ഹൈസ്കൂൾ അസിസ്റ്റന്റ് ആയി പ്രൊമോഷൻ നൽകുന്നതിന്റെ വ്യവസ്ഥകൾ വ്യക്തമാക്കുമോ ;

---

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്

നക്ഷത്രചിഹ്നമിടാത്ത [4031]-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ലഭ്യമായിട്ടില്ല.

(ബി) എത്ര ശതമാനം സംവരണമാണ് ഇത്തരം ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ളത്;

(സി) ഇവരുടെ നിയമന രീതി വ്യക്തമാക്കുമോ ?

ഉത്തരം

(എ, ബി ആന്റ് സി) 25-5-1999-ലെ സ.ഉ.(എംഎസ്.) 120/99/പൊ.വി. പ്രകാരം എച്ച്. എസ്. എ. മാരായി നിയമനം ലഭിക്കുന്നതിന് ഓരോ ജില്ലയിലെയും 10% ഒഴിവുകൾ മിനിസ്റ്റീരിയൽ ജീവനക്കാർക്കായി നീക്കി വച്ചിട്ടുണ്ട്. 25/1/2001-ലെ സ.ഉ. (എം.എസ്) 20/2001/പൊ.വി. അനുസരിച്ച് വിദ്യാഭ്യാസ വകുപ്പിൽ നിശ്ചിത യോഗ്യതയുള്ളവരും 5 വർഷത്തിൽ കുറയാത്ത സേവനദൈർഘ്യമുള്ളവരുമായ ക്ലാർക്ക്, ടൈപ്പിസ്റ്റ്, അറ്റൻഡർ, പ്യൂൺ എന്നിവർക്ക് തസ്തികമാറ്റംവഴി എച്ച്.എസ്.എ. ആയി നിയമനം ലഭിക്കുന്നതിനായി പി. എസ്. സിയ്ക്ക് അപേക്ഷിക്കാവുന്നതും അപ്രകാരം തിരഞ്ഞെടുക്കുന്നവരെ 10% ഒഴിവുകളിലേയ്ക്ക് നിയമിക്കാവുന്നതുമാണ്. ഇതിനായി ബന്ധപ്പെട്ട വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർ എച്ച്. എസ്. എ തസ്തികയിലുണ്ടാകുന്ന ഒഴിവുകളുടെ 10% പി. എസ്. സി. യ്ക്ക് റിപ്പോർട്ട് ചെയ്യുന്നു.

പ്രീ-റിസൈൻഡ് സർവ്വീസ് യോഗ്യത

188 [4033] ശ്രീമതി കെ. എസ്. സലീഖ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രീ-റിസൈൻഡ് സർവ്വീസ് യോഗ്യത സേവനകാലമായി വിദ്യാഭ്യാസ വകുപ്പ് പരിഗണിക്കാറുണ്ടോ ;

(ബി) എങ്കിൽ വെള്ളിനേഴി ജി.എൽ.പി. സ്കൂൾ പി.ഡി. ടീച്ചർ ശ്രീ. രാമൻകുട്ടിയുടെ നിവേദനത്തിനുമേൽ വിദ്യാഭ്യാമസവകുപ്പിൽ നിലവിലുള്ള 35176/ബി3/06/പൊ. വി.വ., തീയതി 7-7-2006-ാം നമ്പർ ഫയലിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സർവ്വീസിൽ നിന്ന് റിസൈൻ ചെയ്തശേഷം. ഒരു മാസത്തിനുള്ളിൽ പുതിയ ജോലിയിൽ പ്രവേശിച്ചിട്ടുണ്ടെങ്കിൽ 17-7-1986-ലെ ജി. ഒ. (എംഎസ്.) 122/86/പൊ.വി. നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രീ-റിസൈൻഡ് സർവ്വീസ് യോഗ്യത സേവനകാലമായി സർവ്വീസ് ആനുകൂല്യങ്ങൾക്ക് പരിഗണിക്കാവുന്നതാണ്.

(ബി) ഇത് സംബന്ധിച്ച് വിശദമായ റിപ്പോർട്ട് പാലക്കാട് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറിൽ നിന്നും ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് പരിശോധിച്ച് യുക്തമായ നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## തിരുവനന്തപുരം ജില്ലയിൽ എച്ച്.എസ്.എ. തസ്തികയിലെ ഒഴിവുകൾ

189 [4034] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ എച്ച്.എസ്.എ. (മലയാളം) റാങ്ക് ലിസ്റ്റ് നിലവിൽവന്നതിനുശേഷം എത്രപേരെ ഇന്റർ ഡിസ്ട്രിക്ട് ട്രാൻസ്ഫർ മുഖേന പ്രസ്തുത ജില്ലയിൽ എച്ച്.എസ്.എ. (മലയാളം) ആയി നിയമിച്ചിട്ടുണ്ട് ;

(ബി) തിരുവനന്തപുരം ജില്ലയിൽ എച്ച്. എസ്. എ. (മലയാളം) തസ്തികയിൽ ദിവസക്കൂലി/കരാർ അടിസ്ഥാനത്തിൽ എത്രപേർ ജോലി ചെയ്യുന്നു എന്നുള്ള വിവരം വ്യക്തമാക്കാമോ:

(സി) നോൺ ജോയിനിംഗ് ഡ്യൂട്ടി ഒഴിവുകൾ എത്രയെണ്ണം റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നുള്ളത് ജാതി തിരിച്ചുള്ള ലിസ്റ്റ് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ആറ് പേരെ നിയമിച്ചു.

(ബി) ഇരുപത്തിയാറ് പേർ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നു.

(സി) രണ്ട് നോൺ-ജോയിനിംഗ് ഡ്യൂട്ടി ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതിൽ ഒന്ന് ഈഴവയും മറ്റൊന്ന് ഓപ്പൺ കാറ്റഗറിയുമാണ്.

## തിരുവനന്തപുരം ജില്ലയിലെ എച്ച്. എസ്. എ. (മാത്സ്) തസ്തികയിലേക്കുള്ള നിയമനം

190 [4035] ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി. 8-3-2006-ൽ പ്രസിദ്ധീകരിച്ച തിരുവനന്തപുരം ജില്ലയിലെ വിദ്യാഭ്യാസവകുപ്പിൽ എച്ച്.എസ്.എ. (മാത്സ്) തസ്തികയിലേക്ക് എത്രപേരെ നിയമനത്തിനായി ശുപാർശ ചെയ്തു ;

(ബി) തിരുവനന്തപുരം ജില്ലയിൽ പ്രസ്തുത തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ട്; ആയതിനാൽ എത്ര എണ്ണം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തു;

(സി) മുഴുവൻ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) അഞ്ച് (5) പേരെ ശുപാർശ ചെയ്തു.

(ബി) ഒഴിവുകളൊന്നും നിലവിലില്ല.

(സി) പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ ഒഴിവുകൾ ഒന്നും നിലവിലില്ല.

LIBRARY ARCHIVES Kerala Legislative Assembly

## എയിഡഡ് സ്കൂളുകളിലെ കായിക അദ്ധ്യാപകരുടെ ജോലി സംരക്ഷിക്കുവാൻ നടപടി

191 [4036] ശ്രീ. ജോസഫ് എം. പുതുശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പല എയിഡഡ് സ്കൂളുകളിലും 5 വർഷത്തിൽ കുറയാത്ത സർവ്വീസുള്ള നിരവധി കായികാദ്ധ്യാപകർക്ക് ഈ വർഷം ജോലി നഷ്ടപ്പെട്ടിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) 8, 9 ക്ലാസ്സുകളിലെ ഡിവിഷനുകൾ മാത്രം നോക്കി കായികാദ്ധ്യാപകരെ നിയമിക്കുന്ന നിലവിലുള്ള നിയമംമൂലം പല ഗ്രാമീണ ഹൈസ്കൂളുകളിലും കായികാദ്ധ്യാപക തസ്തിക തന്നെ ഇല്ലാതായിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഗവൺമെന്റ് സ്കൂളുകളിൽ നിലവിലുള്ളതുപോലെ 2 എയിഡഡ് സ്കൂളുകൾ ക്ലബ്ബ് ചെയ്ത് ജോലി നഷ്ടപ്പെട്ട കായികാദ്ധ്യാപകരുടെ ജോലി സംരക്ഷിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) 2006-07 അദ്ധ്യയന വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവുകൾ പ്രകാരം ജോലി നഷ്ടമായ കായികാദ്ധ്യാപകരുടെ വിവരം ലഭ്യമല്ല. ആയത് ശേഖരിച്ചു വരികയാണ്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) നിലവിലുള്ള നിയമപ്രകാരം സംരക്ഷണത്തിന് അർഹതയുള്ള അദ്ധ്യാപകരെ നിലനിർത്താൻ തസ്തിക അനുവദിക്കേണ്ടിവരുന്ന സാഹചര്യങ്ങളിൽ ഒന്നിൽ കൂടുതൽ സ്കൂളുകളിൽ ജോലി നൽകാറുണ്ട് (ക്ലബ്ബിംഗ് അറേഞ്ച്മെന്റ്). ഇപ്രകാരമല്ലാതെ, ഒന്നിൽ കൂടുതൽ സ്കൂളുകൾ ഉൾപ്പെടുത്തി തസ്തിക അനുവദിച്ച് നൽകാറില്ല.

## കായികാദ്ധ്യാപകരുടെ ശമ്പള സ്കെയിൽ ഉയർത്താൻ നടപടി

192 [4037] ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ സ്കൂളുകളിൽ ജോലി നോക്കിവരുന്ന ബാച്ചിലർ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ/മാസ്റ്റർ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ യോഗ്യതയുള്ള കായികാദ്ധ്യാപകർക്ക് പ്രൈമറി സ്കൂൾ അദ്ധ്യാപകരുടെ ശമ്പള സ്കെയിലാണ് നൽകിവരുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇവരുടെ ശമ്പളസ്കെയിൽ ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇവരുടെ നിലവിലുള്ള പ്രൊമോഷൻ സാദ്ധ്യതകൾ എന്തെല്ലാമാണ്;

(ഡി) കായികാദ്ധ്യാപകരുടെ നിലവിലുള്ള പ്രൊമോഷൻ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശമ്പളസ്കെയിൽ ഉയർത്തുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും ഇപ്പോൾ നിലവിലില്ല.

(സി) മറ്റ് അദ്ധ്യാപകർക്ക് അനുവദിച്ചിട്ടുള്ളതുപോലെ 8, 16, 23 എന്നീ ക്രമത്തിൽ സേവനദൈർഘ്യം പരിഗണിച്ച് ഗ്രേഡ് പ്രൊമോഷൻ അനുവദിച്ച് വരുന്നുണ്ട്.

(ഡി) നിർദ്ദേശങ്ങളൊന്നും തന്നെ പരിഗണനയിലില്ല.

## കായികാദ്ധ്യാപകരുടെ പ്രൊമോഷൻ

193 [4038] ശ്രീ. ആനത്തലവട്ടം ആനന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളിൽ നിന്നും ബാച്ചിലർ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ/മാസ്റ്റർ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ വിദ്യാഭ്യാസ യോഗ്യതയുള്ള കായികാദ്ധ്യാപകരെ പോളിടെക്നിക്കുകളിലേക്ക് ഫിസിക്കൽ ഇൻസ്ട്രക്ടർമാരായി പ്രൊമോട്ട് ചെയ്ത് നിയമിക്കുന്നതിന് മൂന്നുവർഷമായി തുടർന്നുവരുന്ന നടപടിക്രമം പൂർത്തിയായോ;

(ബി) ഇല്ലെങ്കിൽ മേൽപ്പറഞ്ഞ നടപടി ഇപ്പോൾ ഏതുഘട്ടത്തിലാണ്;

(സി) ഈ നടപടിക്രമം എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ഡി) സർക്കാർ സ്കൂളുകളിൽനിന്ന് ബാച്ചിലർ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ/മാസ്റ്റർ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ യോഗ്യതയുള്ള കായികാദ്ധ്യാപകരെ പോളിടെക്നിക്കുകളിലേക്കും, അവിടെനിന്നും അർഹരായവരെ കോളേജുകളിലേക്കും നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല. ഗവൺമെന്റ് സ്കൂളുകളിലെ യോഗ്യരായ കായികാദ്ധ്യാപകരെ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ ഗവൺമെന്റ് പോളിടെക്നിക്കുകളിലെ കായിക ഇൻസ്ട്രക്ടറായി നിയമിക്കുന്നതിന് ലഭിച്ച 85 അപേക്ഷകൾ പരിശോധിച്ചുവരുന്നു.

(ബി) പ്രസ്തുത അപേക്ഷകരുടെ സീനിയോറിറ്റിക്രമം നിർണ്ണയിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടറോട് ആവശ്യപ്പെട്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) വ്യക്തമായി പറയാൻ നിർവ്വാഹമില്ല. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ മറുപടി ലഭിച്ചാലുടൻ യോഗ്യരായവരെ അസ്സൽ സർട്ടിഫിക്കറ്റുകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ ഇൻസ്ട്രക്ടർമാരായി നിയമിക്കുന്നതാണ്.

(ഡി) നിലവിലുള്ള ഇൻസ്ട്രക്ടർമാരിൽ ലക്ചറർ ആകാൻ യോഗ്യതയുള്ള ആരും തന്നെ ഇല്ലാത്തതിനാൽ നിലവിലുള്ള എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിരിക്കുകയാണ്. പുതുതായി മേൽപ്പറഞ്ഞ നടപടിക്രമത്തിലൂടെ നിയമിക്കപ്പെടുന്ന ഇൻസ്ട്രക്ടർമാരിൽ ലക്ചറർ ആകാൻ യോഗ്യതയുള്ളവർ ഉണ്ടെങ്കിൽ മേലിൽ ഉണ്ടാകുന്ന ഒഴിവുകളിൽ ലക്ചറർ നിയമനം പ്രസ്തുത ആളുകൾക്ക് നൽകുന്നതാണ്.

## B.P.Ed./M.P.Ed. യോഗ്യതയുള്ള കായികാദ്ധ്യാപകരുടെ ശമ്പള സ്കെയിൽ ഉയർത്തുന്നതിന് നടപടി

194 [4039] ശ്രീ. റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെന്റ് സ്കൂളുകളിൽ ജോലിനോക്കിവരുന്ന B.P.Ed./M.P.Ed. യോഗ്യതയുള്ള കായികാദ്ധ്യാപകർക്ക് പ്രൈമറി സ്കൂൾ അദ്ധ്യാപകരുടെ ശമ്പളസ്കെയിലാണ് നൽകിവരുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇവരുടെ ശമ്പളസ്കെയിൽ ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) ഇവർക്ക് നിലവിലുള്ള പ്രൊമോഷൻ സാദ്ധ്യതകൾ എന്തെല്ലമാണ് ;

(ഡി) കായികാദ്ധ്യാപകരുടെ നിലവിലുള്ള പ്രൊമോഷൻ സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) ഉണ്ട്.

(ബി) ശമ്പളസ്കെയിൽ ഉയർത്തുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും ഇപ്പോൾ നിലവിലില്ല.

(സി) മറ്റ് അദ്ധ്യാപകർക്ക് അനുവദിച്ചിട്ടുള്ളതുപോലെ 8, 16, 23 വർഷത്തെ സേവനദൈർഘ്യം പരിഗണിച്ച് ഗ്രേഡ് പ്രൊമോഷൻ അനുവദിച്ച് വരുന്നുണ്ട്.

(ഡി) നിർദ്ദേശങ്ങൾ ഒന്നും പരിഗണനയിലില്ല.

## പഞ്ചായത്ത് സ്കൂൾ അദ്ധ്യാപകർക്ക് നിയമന ഉത്തരവ് നൽകുന്ന അധികാരി

195 [4040] ശ്രീ. എം. ജെ. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി പഞ്ചായത്ത് സ്കൂളുകളിൽ നിയമിതരാകുന്ന അദ്ധ്യാപകർക്ക് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ തന്നെ നിയമന ഉത്തരവ് നൽകുന്ന കാര്യം പരിഗണിക്കുമോ ;

(ബി) ഇങ്ങനെയുള്ള അദ്ധ്യാപകർക്ക് ഇപ്പോൾ നിയമന ഉത്തരവ് പുറപ്പെടുവിക്കുന്നത് പഞ്ചായത്ത് സെക്രട്ടറിമാരാണോ എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ & ബി) കെ.ഇ.ആർ. പ്രകാരം പഞ്ചായത്ത് സ്കൂളുകൾ എയ്ഡഡ് സ്കൂളുകളാണ്. എയ്ഡഡ് സ്കൂളുകളിൽ നിയമന ഉത്തരവ് നൽകുന്നതിനുള്ള അധികാരം മാനേജർമാർക്കാണ്. പഞ്ചായത്ത് സ്കൂളുകളിലെ മാനേജർമാരായി പ്രവർത്തിക്കുന്നത് പഞ്ചായത്ത് സെക്രട്ടറിമാരായതിനാൽ നിയമന ഉത്തരവ് നൽകേണ്ടതും അവർ തന്നെയാണ്. ഈ സാഹചര്യത്തിൽ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർ നിയമന ഉത്തരവ് നൽകുന്ന കാര്യം പരിഗണിക്കാൻ കഴിയില്ല.

പഞ്ചായത്ത് സ്കൂളുകളിൽ പി.എസ്.സി. വഴി നിയമനം ലഭിച്ച അദ്ധ്യാപകരുടെ സേവന-വേതന വ്യവസ്ഥ

196 [4041] ശ്രീ. എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് സ്കൂളുകളിൽ പി.എസ്.സി. വഴി നിയമനം ലഭിച്ച അദ്ധ്യാപകർക്ക് സർക്കാർ സ്കൂളുകളിലെ അദ്ധ്യാപകർക്ക് ലഭിക്കുന്ന സർവ്വീസ് സംബന്ധമായ എല്ലാ ആനുകൂല്യങ്ങളും നൽകുന്നുണ്ടോ ;

(ബി) പഞ്ചായത്ത് സ്കൂളിൽ പി.എസ്.സി. വഴി നിയമനം ലഭിച്ചവർക്ക് ജി.പി.എഫ്.-ൽ അംഗത്വം നൽകാതെ കെ.എ.എസ്.ഇ. പി.എഫ്.-ൽ അംഗത്വം നൽകുന്നത് ഉചിതമായ നടപടിയായി കരുതുന്നുണ്ടോ ;

(സി) പ്രസ്തുത അദ്ധ്യാപകർക്ക് ജി.പി.എഫ്.-ൽ പണമടയ്ക്കുവാൻ സൗകര്യം നൽകാനുള്ള തീരുമാനമുണ്ടാകുമോ ?

ഉത്തരം

(എ) സർക്കാർ സ്കൂളുകളിലെയും എയ്ഡഡ് സ്കൂളുകളിലെയും അദ്ധ്യാപകരുടെ സർവ്വീസ് വ്യവസ്ഥകൾ വ്യത്യസ്തമാണ്. കെ.ഇ.ആർ. പ്രകാരം പഞ്ചായത്ത് സ്കൂളുകൾ എയ്ഡഡ് സ്കൂളുകളാണ്. അതിനാൽ പഞ്ചായത്ത് സ്കൂൾ അദ്ധ്യാപകർക്ക് എയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെ സർവ്വീസ് വ്യവസ്ഥകളാണ് ബാധകമായിട്ടുള്ളത്.

(ബി) നിലവിലുള്ള വ്യവസ്ഥകൾ പ്രകാരമാണ് കെ.എ.എസ്.ഇ. പി.എഫ്.-ൽ അംഗത്വം നൽകുന്നത്.

(സി) കേരള വിദ്യാഭ്യാസ ചട്ടത്തിലെ വ്യവസ്ഥകൾ പ്രകാരം ഇത് അനുവദനീയമല്ല.

ജില്ലാതല ഹയർസെക്കണ്ടറി ഓഫീസുകൾ രൂപീകരിക്കാൻ നടപടി

197 [4042] ശ്രീ. എൻ. രാജൻ: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിലെ അദ്ധ്യാപകരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും പാസ്സാക്കുന്നതിൽ റീജിയണൽ ഓഫീസുകളിൽ കാലതാമസമുണ്ടാകുന്നതിനാൽ ജില്ലാതല ഓഫീസുകൾ രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ജില്ലാതല ഹയർസെക്കണ്ടറി ഓഫീസുകൾ രൂപീകരിക്കുന്ന കാര്യം തൽക്കാലം സർക്കാരിന്റെ പരിഗണനയിലില്ല.

ആയഞ്ചേരി ആർ.എ.സി.എച്ച്.എസ്. പ്ലസ് വൺ പ്രവേശനം

198 [4043] ശ്രീമതി കെ. കെ. ലതിക: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മേപ്പയൂർ നിയോജകമണ്ഡലത്തിലെ ആയഞ്ചേരി റഹ്മാനിയ ഹയർ സെക്കണ്ടറി സ്കൂളിലെ 2006-07 വർഷത്തെ പ്ലസ് വൺ കോഴ്സിന് ഓപ്പൺ മെറിറ്റിലും കമ്മ്യൂണിറ്റി ക്വാട്ടയിലും മാനേജ്മെന്റ് ക്വാട്ടയിലും പ്രവേശനം നൽകിയ വിദ്യാർത്ഥികളുടെ പേരും യോഗ്യതാ പരീക്ഷയുടെ മാർക്കും ഇൻഡക്സ് മാർക്കും അടങ്ങിയ ലിസ്റ്റ് കാറ്റഗറി തിരിച്ച് ലഭ്യമാക്കുമോ ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളുകളിലെ പ്രിൻസിപ്പാൾ തസ്തിക

199 [4044] ശ്രീ. കെ. ശിവദാസൻ നായർ: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂളുകളിൽ വളരെ നാളുകളായി ഒഴിഞ്ഞുകിടക്കുന്ന 150-ഓളം പ്രിൻസിപ്പാൾ തസ്തികകൾ നികത്തുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കുന്നത് എന്ന് വിശദമാക്കുമോ ?

ഉത്തരം

ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളുകളിലെ പ്രിൻസിപ്പൽമാരുടെ തസ്തികകളിലെ ഒഴിവുകൾ പ്രൊമോഷൻവഴി നികത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

ഓഫീസ് ഓഡിറ്റിംഗ് നടത്തി റിപ്പോർട്ട് നൽകുന്നതിന് നടപടി

200 [4045] ശ്രീ. സി. എഫ്. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം, ആലപ്പുഴ ജില്ലകളിൽ ഹയർസെക്കണ്ടറി സ്കൂൾ പ്രിൻസിപ്പലിന്റെ ചാർജ്ജ് കൂടി വഹിച്ചിരുന്ന ഹൈസ്കൂൾ ഹെഡ്മാസ്റ്റർമാർക്ക് അവർ സർവ്വീസിലിരുന്ന കാലയളവിലെ ഓഫീസ് ഓഡിറ്റിംഗ് ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിൽനിന്നും നടത്തി റിപ്പോർട്ട് നൽകാത്തതുമൂലം റിട്ടയർമെന്റ് ആനുകൂല്യങ്ങൾ ലഭിക്കാനുള്ള ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഓഡിറ്റിംഗ് നടത്തി റിപ്പോർട്ട് നൽകാനുള്ള നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2005 നവംബർ മാസം വരെ ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിൽ ലഭിച്ച അപേക്ഷകളിൽ കോട്ടയം, ആലപ്പുഴ ജില്ലകൾ ഉൾപ്പെടെയുള്ള എല്ലാ ഹയർ സെക്കണ്ടറി സ്കൂളുകളിലെയും പ്രിൻസിപ്പൽമാർക്കും ചാർജ്ജ് വഹിച്ചിരുന്ന ഹൈസ്കൂൾ വിഭാഗത്തിലെ ഹെഡ്മാസ്റ്റർമാർക്കും ഓഡിറ്റിംഗ് നടത്തി കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ബാദ്ധ്യത/ബാദ്ധ്യതാരഹിതപത്രം നൽകിയിട്ടുണ്ട്. എന്നാൽ ഓഡിറ്റിംഗിലെ ന്യൂനതകൾ പരിഹരിക്കാത്ത കേസുകളിൽ ബാദ്ധ്യത/ബാദ്ധ്യതാരഹിതപത്രം നൽകുവാൻ ഇനിയും ബാക്കിയുണ്ട്.

2006 ജനുവരി മാസം മുതൽ പ്രിൻസിപ്പൽമാരുടെയും ഹെഡ്മാസ്റ്റർമാരുടെയും അപേക്ഷകളിന്മേൽ ഓഡിറ്റിംഗ് നടത്തി ദ്രുതഗതിയിൽ തീർപ്പ് കല്പിച്ച് ബാദ്ധ്യത/ബാദ്ധ്യതാരഹിതപത്രം നല്കുന്നതിന് ഡയറക്ടറേറ്റിലെ മൂന്ന് മേഖലാ ഓഫീസുകൾക്ക് അധികാരം വികേന്ദ്രീകരിച്ച് നൽകിയിട്ടുമുണ്ട്.

(ബി) കാലതാമസം കൂടാതെ ഓഡിറ്റിംഗ് നടത്തി റിപ്പോർട്ട് നൽകുവാനുള്ള ഉചിതമായ നടപടികൾ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടർ സ്വീകരിച്ചു വരുന്നുണ്ട്.

## ഹയർസെക്കണ്ടറി ഡയറക്ടറേറ്റിലെ ക്ളാർക്കുമാരുടെ ഒഴിവുകൾ

201 [4046]. ശ്രീ. തോമസ് ഉണ്ണിയാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കണ്ടറി ഡയറക്ടറേറ്റിലെ ക്ളാർക്കുമാരുടെ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഒഴിവുകളിൽ ദിവസവേതനത്തിന് ഇപ്പോൾ ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ ; എങ്കിൽ ഇവർ എത്ര കാലമായി ജോലി ചെയ്യുന്നുവെന്ന് വ്യക്തമാക്കാമോ ;

(സി) കമ്പ്യൂട്ടർ ഓപ്പറേറ്റർ/ഡാറ്റ എൻട്രി ഓപ്പറേറ്റർ എന്നീ തസ്തിക ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിൽ നിലവിലുണ്ടോ ; ഉണ്ടെങ്കിൽ എംപ്ളോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നാണോ താത്ക്കാലിക നിയമനത്തിൽ കൂടിയാണോ ഇവർ ജോലി ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) താത്ക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരുടെ പേരുവിവരവും ഇവരുടെ അടിസ്ഥാന യോഗ്യതയും എന്താണെന്ന് വ്യക്തമാക്കുമോ ;

(ഇ) ഈ യോഗ്യതയുള്ളവർ എംപ്ളോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്യാത്തതുകൊണ്ടാണോ താത്ക്കാലികാടിസ്ഥാനത്തിൽ നിയമനം നടത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(എഫ്) ദിവസവേതനത്തിന് താത്ക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരെ പിരിച്ചുവിട്ട് എംപ്ളോയ്മെന്റിൽ നിന്നും പകരം നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ. ?



LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഹയർസെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിൽ മിനിസ്റ്റീരിയൽ ജീവനക്കാർക്കുള്ള സ്പെഷ്യൽ റൂൾ നിലവിൽ വന്നിട്ടില്ലാത്തതിനാൽ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല. ഡയറക്ടറേറ്റിലെ ക്ലാർക്കുമാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥകളിലാണ് നിയമിക്കുന്നത്.

(ബി) ഉണ്ട്. ക്ലാർക്ക് തസ്തികയിൽ ഒരാൾ 2006 മേയ് മാസം മുതൽ ദിവസ വേതന അടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്നു. താല്ക്കാലികമായി നിയമിക്കുന്നവർക്ക് 14 പ്രവർത്തി ദിവസങ്ങളിൽ കൂടുതൽ തുടർച്ചയായി ജോലി നൽകാറില്ല.

(സി) കംപ്യൂട്ടർ/ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികകൾ നിലവിലില്ല. പരീക്ഷയുമായി ബന്ധപ്പെട്ട അനുബന്ധ ജോലികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ സ്ഥിരം ജീവനക്കാർ ഇല്ലാത്ത സാഹചര്യത്തിൽ പ്രസ്തുത ജോലിയിൽ വൈദഗ്ദ്ധ്യമുള്ളവരെ ദിവസവേതന അടിസ്ഥാനത്തിൽ നിയമിക്കാറുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാണ് നിയമനങ്ങൾ നടത്താറുള്ളതെങ്കിലും മതിയായ വൈദഗ്ദ്ധ്യമുള്ളവരെ കിട്ടാതാകുമ്പോൾ മറ്റുള്ളവരെ നിയമിക്കാറുണ്ട്.

(ഡി) വിശദവിവരം അനുബന്ധമായി ചേർക്കുന്നു. †

(ഇ) വളരെ അത്യാവശ്യ ജോലികൾ പൂർത്തിയാക്കേണ്ട ഘട്ടങ്ങളിൽ ആവശ്യത്തിന് സ്ഥിരജീവനക്കാർ ഇല്ലാത്ത സാഹചര്യത്തിൽ മാത്രമേ ദിവസക്കൂലി അടിസ്ഥാനത്തിൽ നിയമനം നടത്താറുളളൂ. ഈ വകുപ്പിലെ അനദ്ധ്യാപക ജീവനക്കാർക്കുള്ള സ്പെഷ്യൽ റൂൾ നിലവിൽ ഇല്ലാത്തതിനാൽ ഒഴിവുകൾ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നിർവാഹമില്ല. എംപ്ലോയ്മെന്റിൽനിന്നും ലിസ്റ്റ് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് കിട്ടുന്നമുറയ്ക്ക് ഇവരെ വിടുതൽ ചെയ്യുന്നതാണ്.

(എഫ്) താല്ക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരെ ജോലി തീരുന്ന മുറയ്ക്കോ അല്ലെങ്കിൽ ഡെപ്യൂട്ടേഷനിലോ എംപ്ളോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും ആളുവരുന്നമുറയ്ക്കോ വിടുതൽ ചെയ്യുന്നതാണ്.

## നബാർഡിൽ നിന്നും കെട്ടിട നിർമ്മാണത്തിന് ധനസഹായം ലഭിച്ചിട്ടുള്ള സ്കൂളുകൾ

202 [4047] ശ്രീ. സി. ടി. അഹമ്മദ് അലി :

,, കെ. കുട്ടി അഹമ്മദ് കുട്ടി:

,, അബ്ദുറഹിമാൻ രണ്ടത്താണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹയർ സെക്കണ്ടറി സ്കൂളുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് നബാർഡിന്റെ സഹായം ആവശ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതുവരെയായി എത്ര ഹയർ സെക്കണ്ടറി സ്കൂളുകളിൽനിന്നും കെട്ടിട സഹായത്തിനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും എന്ത് തുക വീതം എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടെന്നുമുള്ള ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇതുവരെയായി എത്ര ഹയർ സെക്കണ്ടറി സ്കൂളുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള അപേക്ഷ നബാർഡ് സഹായത്തിന് അയച്ചിട്ടുണ്ടെന്നും എത്ര എണ്ണത്തിന് എന്ത് തുക വീതം സഹായം ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ ;

(സി) ബാക്കി സ്കൂളുകൾക്കുള്ള സഹായം എന്നേയ്ക്ക് ലഭിക്കുമെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. 62 സർക്കാർ സ്കൂളുകളിൽനിന്നും കെട്ടിട നിർമ്മാണത്തിന് സഹായത്തിനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധം I, II, III ആയി ചേർത്തിട്ടുണ്ട്. †

(ബി) 55 സർക്കാർ സ്കൂളുകളുടെ അപേക്ഷകൾ നബാർഡിന്റെ സഹായത്തിന് അയച്ചിട്ടുണ്ട്. ഇതിൽ 33 സ്കൂളുകൾക്ക് ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. വിവരങ്ങൾ അനുബന്ധം IV ആയി ചേർത്തിട്ടുണ്ട്. †

(സി) ശേഷിക്കുന്ന സ്കൂളുകൾക്ക് സഹായം ലഭ്യമാക്കുന്ന കാര്യം ഉചിതമായ സന്ദർഭത്തിൽ പരിഗണിക്കുന്നതാണ്.

## എച്ച്. എസ്. എസ്. ടി. (ഹിന്ദി) ജൂനിയർമാരുടെ പ്രൊമോഷൻ

203 [4048] <u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിലേക്ക് ഹിന്ദി (സീനിയർ) അദ്ധ്യാപകരായി ട്രാൻസ്ഫർ മുഖേന നിയമിക്കപ്പെടാൻ യോഗ്യരായ എത്ര ഹിന്ദി-ജൂനിയർ അദ്ധ്യാപകരാണ് നിലവിലുള്ളത് ;

(ബി) ട്രാൻസ്ഫർ മുഖേനയുള്ള ഹിന്ദി സീനിയർ അദ്ധ്യാപക നിയമനത്തിന് അർഹരായവരുടെ സെലക്ട് ലിസ്റ്റ് നിലവിൽവന്നത് എന്നാണ് ;

(സി) സെലക്ട് ലിസ്റ്റ് ഇല്ലാതെ തന്നെ സ്പെഷ്യൽ റൂൾസ് പ്രകാരം ജൂനിയർ അദ്ധ്യാപകരെ സീനിയർ അദ്ധ്യാപകരായി നിയമിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

<u>ഉത്തരം</u>

(എ) രണ്ട് വർഷ കാലാവധി പൂർത്തിയാക്കിയ 52 പേർ ഉണ്ട്.

(ബി) നിലവിൽ വന്നിട്ടില്ല.

(സി) ഈ വിഷയത്തിൽ ഉണ്ടായിട്ടുള്ള ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിധികൾ കണക്കിലെടുത്തു മാത്രമേ ഇക്കാര്യം പരിഗണിക്കാൻ കഴിയൂ.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## എച്ച്. എസ്. എസ്. ടി. (ഹിന്ദി) സീനിയർ നിയമനം

204 [4049] ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി സ്കൂളുകളിൽ ഹിന്ദി സീനിയർ അദ്ധ്യാപകരുടെ എത്ര തസ്തികകൾ അനുവദിച്ചിട്ടുണ്ട് ;

(ബി) അനുവദിക്കപ്പെട്ട തസ്തികയിൽ ഏതെങ്കിലും പിന്നീട് റദ്ദാക്കിയിട്ടുണ്ടോ;

(സി) ഇതിൽ എത്ര തസ്തികകൾ ഒഴിഞ്ഞ് കിടപ്പുണ്ട് ;

(ഡി) ഒഴിവുള്ള തസ്തികകളിൽ പി. എസ്. സി.-യിൽ നിന്ന് നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) 177 തസ്തികകൾ.

(ബി) രണ്ടാം ഭാഷ തെരഞ്ഞെടുക്കുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായിട്ടാണ് ഓരോ വർഷവും തസ്തികകൾ നിർണ്ണയിക്കുന്നത്.

(സി) 65 തസ്തികകൾ

(ഡി) നേരിട്ടുള്ള നിയമനത്തിന് യോഗ്യമായ തസ്തികകളിൽ പി. എസ്. സി. മുഖാന്തിരം നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## ഇ. കെ. നായനാർ മെമ്മോറിയൽ കോളേജിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നതിന് നടപടി

205 [4050] ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ മണ്ഡലത്തിലെ എളേരിയിൽ പ്രവർത്തിക്കുന്ന ഇ. കെ. നായനാർ മെമ്മോറിയൽ ഗവൺമെന്റ് കോളേജിൽ പുതിയ കോഴ്സുകൾക്കുവേണ്ടി ലഭിച്ച അപേക്ഷയിൻമേൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(ബി) ഈ പ്രദേശത്തിന്റെ പിന്നോക്കാവസ്ഥ കണക്കിലെടുത്ത് പുതിയ കോഴ്സുകൾ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) തൃക്കരിപ്പൂർ മണ്ഡലത്തിലെ എളേരിയിൽ പ്രവർത്തിക്കുന്ന ഇ. കെ. നായനാർ മെമ്മോറിയൽ ഗവൺമെന്റ് കോളേജിൽ പുതിയ കോഴ്സുകൾക്ക് വേണ്ടി ഈ അദ്ധ്യയന വർഷം അപേക്ഷകളൊന്നും ഇതുവരെ ലഭിച്ചിട്ടില്ല.

(ബി) പുതിയ കോഴ്സുകൾക്ക് അപേക്ഷ/ശുപാർശ ലഭിക്കുന്ന മുറയ്ക്ക് സർക്കാരിന്റെ സാമ്പത്തിക സ്ഥിതികൂടി കണക്കിലെടുത്ത് മാത്രമേ ഇക്കാര്യം പരിഗണിക്കുവാൻ കഴിയൂ.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## കൽപ്പറ്റ എൻ. എം. എസ്. എം. കോളേജിന്റെ വികസനം

206 [4051] ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൽപ്പറ്റ എൻ. എം. എസ്. എം. കോളേജിന്റെ വികസനം സംബന്ധിച്ച് കോളേജ് എസ്. എഫ്. ഐ. യൂണിറ്റിന്റെ നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത നിവേദനത്തിൻമേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(സി) ഈ കോളേജിലെ ഡെവലപ്മെന്റ് ഇക്കണോമിക്സ്, മാസ് കമ്മ്യൂണിക്കേഷൻ കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കെ.പി.സി.ആർ. പ്രകാരമുള്ള ഫീസ് ആനുകൂല്യം നൽകുന്നത് സംബന്ധിച്ച നിലപാട് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത കോളേജിൽ ഹിസ്റ്ററി ബിരുദാനന്തര ബിരുദ കോഴ്സ് തുടങ്ങുന്നതിന് നടപടി സ്വീകരിക്കാമോ ;

(ഇ) കോളേജിൽ കായിക പരിശീലനത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കാമോ ?

### ഉത്തരം

(എ) ഉണ്ട്.

(ബി ആന്റ് സി) ഇത് സംബന്ധിച്ച നിവേദനങ്ങൾ പട്ടിക ജാതി/പട്ടിക വർഗ്ഗ വികസന വകുപ്പ് ഡയറക്ടർമാർക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

(ഡി) അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

(ഇ) കായിക പരിശീലനത്തിന് അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഗവൺമെന്റ് കായിക കോളേജിനൊഴികെ മറ്റൊരു കോളേജിനും 2004-05-നുശേഷം തുക അനുവദിച്ചിട്ടില്ല.

## ബിരുദ ബിരുദാനന്തര കോഴ്സുകൾക്കുള്ള പ്രവേശനത്തിന് പിന്നോക്ക സമുദായങ്ങൾക്ക് സംവരണം

207 [4052] ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബിരുദ-ബിരുദാനന്തര കോഴ്സുകൾക്കുള്ള പ്രവേശനത്തിന് പിന്നോക്ക സമുദായങ്ങൾക്ക് സംവരണം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) പ്രസ്തുത കോഴ്സുകൾക്ക് സാമ്പത്തിക സംവരണം ഏർപ്പെടുത്തിയിട്ടുണ്ടോ, എങ്കിൽ എത്ര ശതമാനമെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിന്റെ പ്രയോജനം ആർക്ക് ലഭിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ, ബി ആന്റ് സി) പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കുള്ള 20% സംവരണം നിലനിർത്തിക്കൊണ്ട് മറ്റ് പിന്നോക്ക വിഭാഗങ്ങൾക്ക് 20% സംവരണം ഗവൺമെന്റ് കോളേജുകളിൽ ഡിഗ്രി, പി. ജി. കോഴ്സുകൾക്ക് അനുവദിച്ചും മുന്നോക്ക വിഭാഗങ്ങളിലെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വിദ്യാർത്ഥികൾക്ക് ഡിഗ്രി, പി. ജി. പ്രവേശനത്തിൽ 10% സീറ്റ് സംവരണം ചെയ്തുകൊണ്ടും ഉന്നത വിദ്യാഭ്യാസ വകുപ്പ് രണ്ട് ഉത്തരവുകൾ പുറപ്പെടുവിച്ചുവെങ്കിലും അവ തൽക്കാലത്തേക്ക് മരവിപ്പിച്ചിരിക്കുകയാണ്. ഇക്കൊല്ലത്തെ പ്രവേശന നടപടികൾ ആരംഭിച്ചതിനാൽ പുതിയ ഉത്തരവുകൾ സൃഷ്ടിക്കുന്ന പ്രായോഗിക ബുദ്ധിമുണ്ടുകൾ കണക്കിലെടുത്താണ് അവ തൽക്കാലം നടപ്പാക്കേണ്ടതില്ല എന്നും നിലവിലുള്ള സംവരണ വ്യവസ്ഥകൾ തുടരാനും തീരുമാനിച്ചത്.

## ആർട്സ് ആന്റ് സയൻസ് കോളേജിൽ സംവരണം ഏർപ്പെടുത്തിയ നടപടിക്കെതിരെ കേസ്

208 [4053] ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ സാമ്പത്തിക സംവരണം ഏർപ്പെടുത്തിയ നടപടിക്കെതിരെ ആരെങ്കിലും കേസ് ഫയൽ ചെയ്തിട്ടുണ്ടോ ;

(ബി) എങ്കിൽ ആരെല്ലാമെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ ആന്റ് ബി) വിവരം ശേഖരിച്ചുവരുന്നു.

## തൃശ്ശൂർ ലാ കോളേജ് വിദ്യാർത്ഥികളുടെ കൂട്ട തോൽവി

209 [4054] ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര ഗവൺമെന്റ് ലാ കോളേജുകൾ ഉണ്ട് ; അവ ഏതെല്ലാം ;

(ബി) ഇവ ഓരോന്നിലും വർഷംതോറും എത്ര വിദ്യാർത്ഥികൾക്ക് അഡ്മിഷൻ നൽകുന്നുണ്ട് ; അഡ്മിഷൻ രീതി വിശദീകരിക്കുമോ ;

(സി) ഓരോ കോളേജിലെയും കഴിഞ്ഞ 5 വർഷങ്ങളിലെ എൽ.എൽ.ബി. (5 വർഷം, 3 വർഷം) വിജയ ശതമാനം കോളേജുകൾ തിരിച്ച് വെളിപ്പെടുത്തുമോ ;

(ഡി) തൃശ്ശൂർ ഗവൺമെന്റ് ലാ കോളേജിലെ അവസാന വർഷ വിദ്യാർത്ഥികൾ കൂട്ടത്തോടെ തോറ്റ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) തൃശ്ശൂർ ഗവൺമെന്റ് ലാ കോളേജിലെ പ്രസ്തുത വിദ്യാർത്ഥികൾ മെരിറ്റിന്റെ അടിസ്ഥാനത്തിൽ അഡ്മിഷൻ ലഭിച്ചവർ ആണോ ;

(എഫ്) എങ്കിൽ പ്ലസ്ടുവിനും, ഡിഗ്രിക്കും ഉയർന്ന മാർക്ക് വാങ്ങാൻ കഴിഞ്ഞ വിദ്യാർത്ഥികൾ നിയമ പരീക്ഷയിൽ തോൽക്കുന്നത് എന്തുകൊണ്ട് എന്നത് അന്വേഷിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് നാല് ഗവൺമെന്റ് ലാ കോളേജുകൾ ഉണ്ട്.

(1) തിരുവനന്തപുരം ഗവൺമെന്റ് ലാ കോളേജ്

(2) എറണാകുളം ഗവൺമെന്റ് ലാ കോളേജ്

(3) തൃശ്ശൂർ ഗവൺമെന്റ് ലാ കോളേജ്

(4) കോഴിക്കോട് ഗവൺമെന്റ് ലാ കോളേജ്.

(ബി) ഓരോ ഗവൺമെന്റ് ലാ കോളേജുകളിലും വർഷംതോറും ത്രിവത്സര എൽ.എൽ.ബി. കോഴ്സിൽ 100 പേർക്കും പഞ്ചവത്സര എൽ.എൽ.ബി. കോഴ്സിൽ 80 പേർക്കും പ്രവേശനം നൽകുന്നുണ്ട്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ഗവൺമെന്റ് ലാ കോളേജുകളിൽ 15 പേർക്കും തൃശ്ശൂർ ഗവൺമെന്റ് ലാ കോളേജിൽ 10 പേർക്കും എൽ.എൽ.എം. കോഴ്സിനും പ്രവേശനം നൽകുന്നുണ്ട്. പൊതു പ്രവേശന പരീക്ഷ കമ്മീഷണർ നടത്തുന്ന പൊതു പ്രവേശന പരീക്ഷയുടെ റാങ്ക് ലിസ്റ്റിൽ നിന്നുമാണ് വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകിവരുന്നത്.

(സി) കഴിഞ്ഞ 5 വർഷങ്ങളിലെ വിജയ ശതമാനം സംബന്ധിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

വിജയശതമാനം

| | കോഴ്സ് | 2001 | 2002 | 2003 | 2004 | 2005 | 2006 |
|---|---|---|---|---|---|---|---|
| തിരുവനന്തപുരം ഗവ. ലാ കോളേജ് | ത്രിവത്സര എൽ.എൽ.ബി. | 60 | 53.30 | 64.28 | 67.5 | 74.15 | ഫലം വന്നിട്ടില്ല |
| | പഞ്ചവത്സര എൽ.എൽ.ബി. | 80 | 84.62 | 68 | 64 | 85.13 | ,, |
| എറണാകുളം ഗവ. ലാ കോളേജ് | ത്രിവത്സര എൽ.എൽ.ബി. | .. | 75 | 75 | 70 | 65 | 60 |
| | പഞ്ചവത്സര എൽ.എൽ.ബി. | .. | 75 | 70 | 65 | 60 | പരീക്ഷ നടക്കാനിരിക്കുന്നതേയുള്ളൂ |
| തൃശ്ശൂർ ഗവ. ലാ കോളേജ് | ത്രിവത്സര എൽ.എൽ.ബി. | .. | 65 | 50 | 41 | 46 | 26 |
| | പഞ്ചവത്സര എൽ.എൽ.ബി. | (2001-2002-ലാണ് കോഴ്സ് ആരംഭിച്ചത്) | | | | | |
| കോഴിക്കോട് ഗവ. ലാ കോളേജ് | ത്രിവത്സര എൽ.എൽ.ബി. | .. | 39 | 40 | 38 | 31 | 25 |
| | പഞ്ചവത്സര എൽ.എൽ.ബി. | .. | 54 | 52 | 51 | 50 | 49 |

(ഡി) കഴിഞ്ഞ വർഷത്തെ പരീക്ഷയിൽ 93 വിദ്യാർത്ഥികൾ പരീക്ഷ എഴുതിയതിൽ 25 വിദ്യാർത്ഥികൾ മാത്രമാണ് പാസ്സായിട്ടുള്ളത്. കുട്ടികളുടെ മോശമായ ഉത്തരങ്ങളാണ് തോൽവിക്ക് കാരണം.

(ഇ) എൻട്രൻസ് പരീക്ഷാ കമ്മീഷണർ നടത്തുന്ന പൊതു പ്രവേശന പരീക്ഷയുടെ റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് വിദ്യാർത്ഥികൾക്ക് അഡ്മിഷൻ നടത്തുന്നത്.

(എഫ്) ഈ വിഷയം സംബന്ധിച്ചുള്ള അന്വേഷണം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജിൽ അനുവദിച്ച സീറ്റുകൾ

210 [4055] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിൽ കഴിഞ്ഞ വർഷം എത്ര സീറ്റുകൾ ഒഴിവായിക്കിടന്നു ;

(ബി) ഈ വർഷം സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിൽ പുതുതായി എത്ര സീറ്റുകൾ അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) 2442 സീറ്റുകൾ ഒഴിഞ്ഞുകിടന്നു.

(ബി) എഞ്ചിനീയറിംഗിന് കഴിഞ്ഞ വർഷത്തെക്കാൾ ഈ വർഷം 1995 സീറ്റുകൾ കൂടുതലായി അനുവദിച്ചിട്ടുണ്ട്.

## സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകൾ

211 [4056] ശ്രീ. വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര എഞ്ചിനീയറിംഗ് കോളേജുകളുണ്ട്; ഇവ ഏതെല്ലാം സർവ്വകലാശാലകളോടാണ് അഫിലിയേറ്റ് ചെയ്തിട്ടുള്ളത്;

(ബി) സംസ്ഥാനത്ത് ഒരു എഞ്ചിനീയറിംഗ് യൂണിവേഴ്സിറ്റി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 84. ഇവ താഴെ പറയുന്ന സർവ്വകലാശാലകളോടാണ് അഫിലിയേറ്റ് ചെയ്തിട്ടുള്ളത്.

| | | എണ്ണം |
|---|---|---|
| (1) | അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി | 2 |
| (2) | കേരളാ യൂണിവേഴ്സിറ്റി | 18 |
| (3) | കാലിക്കട്ട് യൂണിവേഴ്സിറ്റി | 18 |
| (4) | മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി | 22 |
| (5) | കൊച്ചിൻ യൂണിവേഴ്സിറ്റി | 19 |
| (6) | കണ്ണൂർ യൂണിവേഴ്സിറ്റി | 5 |

(ബി) സംസ്ഥാനത്ത് ഒരു ടെക്നിക്കൽ യൂണിവേഴ്സിറ്റി സ്ഥാപിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജ് ഹോസ്റ്റലിലെ മെസ്സ് തൊഴിലാളികളെ സ്ഥിരപ്പെടുത്താൻ നടപടി

212 [4057] ശ്രീ. വി. ശിവൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജ് ഹോസ്റ്റലിലെ മെസ്സ് തൊഴിലാളികളായി എത്രപേർ സ്ഥിരമായി ജോലി ചെയ്തുവരുന്നു ;

(ബി) തൃശ്ശൂർ എഞ്ചിനീയറിംഗ് കോളേജിൽ ചെയ്തതുപോലെ ഇവരെ സർക്കാർ ജീവനക്കാരായി നിയമിക്കുന്നതിന് തയ്യാറാകുമോ ;

(സി) ഇവരെ സർക്കാർ ജീവനക്കാരായി പരിഗണിക്കണമെന്ന് ഹൈക്കോടതി ഉത്തരവ് ഉണ്ടായിട്ടുണ്ടോ ;

(ഡി) ഇവർക്ക് മിനിമം വേജസ്സ് കുടിശ്ശിക മൂന്നുമാസത്തിനകം നൽകണമെന്ന ലേബർ കോടതി ഉത്തരവ് നടപ്പിലാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ഉടൻ നടപ്പിലാക്കുമോ ;

(ഇ) ഇവർക്ക് പി. എഫ്. കുടിശ്ശിക സഹിതം നടപ്പിലാക്കണമെന്നും ഇ.എസ്.ഐ. നടപ്പിലാക്കണമെന്നുമുള്ള ഉത്തരവുകൾ അടിയന്തിരമായി നടപ്പിലാക്കുമോ?

ഉത്തരം

(എ) 17 പേർ

(ബി) പരിഗണനയിലില്ല.

(സി) ഇല്ല.

(ഡി) ഇല്ല. ലേബർ കോടതി തീരുമാനത്തിനെതിരെ ഹൈക്കോടതി അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്.

(ഇ) ഹൈക്കോടതിയുടെ അന്തിമതീരുമാനം അനുസരിച്ച് പ്രവർത്തിക്കുന്നതാണ്.

## കിളിമാനൂർ നിയോജകമണ്ഡലത്തിൽ ഉന്നത വിദ്യാഭ്യാസത്തിന് സ്ഥാപനം

213 [4058] ശ്രീ. എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂർ നിയോജകമണ്ഡലത്തിൽ ഉന്നത വിദ്യാഭ്യാസത്തിന് ഒരു സ്ഥാപനവും നിലവിലില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പട്ടികജാതി/പട്ടിവർഗ്ഗ വിഭാഗക്കാർ വളരെയധികമുള്ള ഈ മണ്ഡലത്തിൽ സർക്കാർ ഐ.റ്റി.ഐ., പോളിടെക്നിക് കോളേജ് ഇവയിൽ ഏതെങ്കിലും ഒന്ന് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) രാജാരവിവർമ്മയുടെ നാമധേയത്തിൽ ടൗൺ കേന്ദ്രമാക്കി ഉന്നത വിദ്യാഭ്യാസത്തിനുള്ള സൗകര്യം ഒരുക്കുമോ?

### ഉത്തരം

(എ) കേരള സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ശ്രീ. ശങ്കര വിദ്യാപീഠം ആർട്ട്സ് ആന്റ് സയൻസ് കോളേജ് കിളിമാനൂർ നിയമസഭാമണ്ഡലത്തിലാണ് സ്ഥിതിചെയ്യുന്നത്.

(ബി & സി) ഇതു സംബന്ധിച്ച ശുപാർശകളൊന്നും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. സർക്കാരിന്റെ സാമ്പത്തിക സ്ഥിതി പരിഗണിച്ചശേഷമേ ശുപാർശകൾ ലഭിക്കുന്ന മുറയ്ക്ക് ഇതു സംബന്ധിച്ച തീരുമാനം എടുക്കാൻ കഴിയൂ.

## കല്ല്യാശ്ശേരി വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിന് പ്രിന്റിംഗ് മെഷീൻ നൽകാൻ നടപടി

214 [4059] ശ്രീ. എം. പ്രകാശൻമാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിന് വർഷങ്ങൾക്ക് മുമ്പ് അനുവദിച്ച പ്രിന്റിംഗ് മെഷീൻ ഇനിയും ലഭ്യമായിട്ടില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രിന്റിംഗ് മെഷീൻ നൽകുന്നതിന് നിലവിലുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ ;

(സി) പ്രിന്റിംഗ് കോഴ്സിലെ വിദ്യാർത്ഥികൾക്ക് പഠനം നടത്തുന്നതിന് പ്രിന്റിംഗ് മെഷീൻ നൽകാൻ സത്വരനടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലെ പ്രിന്റിംഗ് കോഴ്സുകളുടെ നവീകരണത്തിനായി ചുമതലയേറ്റിരുന്ന "കേരള സ്റ്റേറ്റ് ആഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്റർ" പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിൽ വീഴ്ച വരുത്തിയതിനാലാണ് കല്ല്യാശ്ശേരി വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ പ്രിന്റിംഗ് മെഷീൻ സ്ഥാപിക്കാൻ കഴിയാതെ വന്നത്.

(സി) നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

## കണ്ണൂർ ഗവൺമെന്റ് പോളിടെക്നിക്കിൽ ഓട്ടോമൊബൈൽ എഞ്ചിനീയറിംഗ് കോഴ്സ്

215 [4060] ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

എടക്കാട് നിയോജകമണ്ഡലത്തിൽപ്പെടുന്ന കണ്ണൂർ ഗവൺമെന്റ് പോളിടെക്നിക്ക് കോളേജിൽ ഓട്ടോമൊബൈൽ എഞ്ചിനീയറിംഗ് കോഴ്സ് അനുവദിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ കോഴ്സ് അനുവദിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

### ഉത്തരം

ഉണ്ട്. പുതിയ കോഴ്സുകൾ എ.ഐ.സി.റ്റി.ഇ. നിബന്ധനകൾക്ക് വിധേയമായാണ് ആരംഭിക്കുന്നത്. നിലവിലുള്ള എ.ഐ.സി.റ്റി.ഇ. നിയമം അനുസരിച്ച് ഒരു സ്ഥാപനത്തിൽ 6 കോഴ്സുകളേ അനുവദിക്കുകയുള്ളൂ. കണ്ണൂർ ഗവൺമെന്റ് പോളിടെക്നിക്ക് കോളേജിൽ ഇപ്പോൾത്തന്നെ 6 കോഴ്സുകൾ ഉണ്ട്.

## അൺ എയ്ഡഡ് പ്രൊഫഷണൽ കോളേജുകൾക്ക് ന്യൂനപക്ഷ സ്റ്റാറ്റസ്

216 [4061] ശ്രീ. എം. മുരളി:

„ വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുള്ള ഏതാനും അൺ-എയ്ഡഡ് പ്രൊഫഷണൽ കോളേജുകൾക്ക് ന്യൂനപക്ഷ സ്റ്റാറ്റസ് നൽകുന്നത് സംബന്ധിച്ച തീരുമാനം കൈക്കൊള്ളുന്നതിനായി 20-6-2006-ൽ ദേശീയ ന്യൂനപക്ഷ വിദ്യാഭ്യാസ കമ്മീഷൻ യോഗം ചേരുമെന്ന വിവരം അറിയിച്ചുകൊണ്ടുള്ള കത്ത് സംസ്ഥാന ഗവൺമെന്റിന് കിട്ടിയത് എപ്പോഴാണ്; പ്രസ്തുത കമ്മീഷന് ജുഡീഷ്യൽ ഫങ്ഷൻ ഉണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ന്യൂനപക്ഷ പദവി നൽകുന്നത് സംബന്ധിച്ച് കമ്മീഷൻ എടുക്കുന്ന തീരുമാനം അതിൽ നിക്ഷിപ്തമായുള്ള ജുഡീഷ്യൽ ഫങ്ഷൻ പ്രകാരമാണോ എടുക്കുന്നത്; എങ്കിൽ ആ യോഗം മാറ്റിവയ്ക്കണമെന്നാവശ്യപ്പെടുന്നതിന് കമ്മീഷന്റെ മുമ്പിൽ ഹാജരാകുന്നതിന് ഏതെങ്കിലും അഭിഭാഷകർക്ക് നിർദ്ദേശം നൽകിയോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) പ്രസ്തുത കത്ത് ലഭിച്ചത് 6-6-2006-ലാണ്. പ്രസ്തുത കമ്മീഷന് ക്വാസി ജുഡീഷ്യൽ ഫങ്ഷനാണുള്ളത്. പ്രസ്തുത നിയമത്തിലെ പന്ത്രണ്ടാം വകുപ്പ് പ്രകാരം സാക്ഷികളെ വിസ്തരിക്കുന്നതിനും തെളിവുകൾ ശേഖരിക്കുന്നതിനും സിവിൽ കോടതിയുടെ അധികാരം നൽകിയിട്ടുണ്ട്.

---

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ [4062]-ന്റെ ഉത്തരം ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ക്വാസി ജുഡീഷ്യൽ അധികാരം മുഖേനയാണ് തീരുമാനം എടുക്കുന്നത്. യോഗം മാറ്റിവയ്ക്കണമെന്നാവശ്യപ്പെടുന്നതിന് കമ്മീഷന്റെ മുമ്പിൽ ഹാജരാകുന്നതിന് അഭിഭാഷകന് നിർദ്ദേശം നൽകിയിരുന്നില്ല. എന്തെന്നാൽ കമ്മീഷന്റെ യോഗം മാറ്റിവയ്ക്കണമെന്ന് ആവശ്യപ്പെടുവാൻ അഭിഭാഷകൻ ഹാജരാകണമെന്ന് വ്യവസ്ഥയില്ല.

ന്യൂനപക്ഷപദവി ലഭിച്ചിട്ടുള്ള അൺഎയ്ഡഡ് പ്രൊഫഷണൽ കോളേജുകൾ

217 [4063] ശ്രീ. കെ. ബാബു:
പ്രൊഫസർ കെ. വി. തോമസ്:
ശ്രീ. സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര അൺ എയ്ഡഡ് പ്രൊഫഷണൽ കോളേജുകൾക്ക് ന്യൂനപക്ഷ പദവി ലഭിച്ചിട്ടുണ്ട്; അതിൽ എത്ര എണ്ണത്തിന് ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം പ്രസ്തുത പദവി ലഭിച്ചു;

(ബി) ഇതിൽ ഏതെല്ലാം അൺ എയ്ഡഡ് പ്രൊഫഷണൽ കോളേജുകളുടെ കാര്യത്തിൽ ന്യൂനപക്ഷ പദവി നൽകുന്നതിനുള്ള തീരുമാനം 20-6-2006-ൽ ദേശീയ ന്യൂനപക്ഷ വിദ്യാഭ്യാസ കമ്മീഷൻ എടുത്തുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 7-10-1994-ലെ ജി.ഒ. (എം.എസ്)138/94/ഹയർ എഡ്യു. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഒരു അൺ എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജിന് സർക്കാർ തലത്തിൽ ന്യൂനപക്ഷപദവി നൽകിയിട്ടുണ്ട്. ദേശീയ ന്യൂനപക്ഷ വിദ്യാഭ്യാസ കമ്മീഷൻ ആറ് അൺ എയ്ഡഡ് പ്രൊഫഷണൽ കോളേജുകൾക്ക് ന്യൂനപക്ഷപദവി നൽകിയിട്ടുണ്ട്. ഇതിൽ അഞ്ചെണ്ണത്തിനാണ് ഈ ഗവൺമെന്റ് നിലവിൽവന്നശേഷം പ്രസ്തുത പദവി ലഭിച്ചത്.

(ബി) ദേശീയ ന്യൂനപക്ഷ വിദ്യാഭ്യാസ കമ്മീഷൻ 20-6-2006-ൽ ന്യൂനപക്ഷപദവി നൽകിയ അൺ എയ്ഡഡ് പ്രൊഫഷണൽ കോളേജുകളുടെ പേരുവിവരം ചുവടെ ചേർക്കുന്നു:

(1) ഡോക്ടർ സോമർവെൽ സി.എസ്.ഐ., മെഡിക്കൽ കോളേജ്, കാരക്കോണം, തിരുവനന്തപുരം.

(2) സെന്റ് ജോസഫ്സ് കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആന്റ് ടെക്നോളജി, പാലാ.

(3) സി.എസ്.ഐ. കോളേജ് ഓഫ് നഴ്സിംഗ്, കാരക്കോണം, തിരുവനന്തപുരം.

(4) മലങ്കര ഓർത്തഡോക്സ് സിറിയൻ ചർച്ച് മെഡിക്കൽ കോളേജ്, കോലഞ്ചേരി.

---

നക്ഷത്രചിഹ്നമിടാത്ത [4064]-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## സ്വാശ്രയ കേസിൽ അഡ്വക്കേറ്റ് ജനറലിന്റെ നിർദ്ദേശപ്രകാരമല്ലാതെ ഹാജരായ അഡ്വക്കേറ്റുമാർ

218 [4065] ശ്രീ. ജോർജ് മേഴ്സിയർ :
,, ബി. ബാബുപ്രസാദ് :
,, വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അൺ എയ്ഡഡ് പ്രൊഫഷണൽ കോളേജുകളെ സംബന്ധിക്കുന്ന നിയമത്തെ ചോദ്യം ചെയ്തുകൊണ്ട് അവയുടെ മാനേജുമെന്റുകൾ സുപ്രീംകോടതിയിൽ 7-7-2006-ൽ ഫയൽചെയ്ത കേസിൽ സംസ്ഥാനത്തെ പ്രതിനിധീകരിച്ച് ഏതെല്ലാം അഭിഭാഷകരാണ് കോടതി മുമ്പാകെ ഹാജരായത് ;

(ബി) പ്രസ്തുത കേസിൽ ആരെല്ലാം സംസ്ഥാനത്തിനുവേണ്ടി ഹാജരാകണമെന്നാണ് അഡ്വക്കേറ്റ് ജനറൽ നിർദ്ദേശം നൽകിയിരുന്നത് ;

(സി) അഡ്വക്കേറ്റ് ജനറൽ നിർദ്ദേശിക്കാത്ത ആരെങ്കിലും പ്രസ്തുത കേസിൽ കോടതി മുമ്പാകെ ഹാജരായിട്ടുണ്ടോ ;

(ഡി) എങ്കിൽ അത് എപ്രകാരം സംഭവിച്ചു എന്ന് വ്യക്തമാക്കാമോ ; ഇപ്രകാരം ഹാജരായതാരാണെന്ന് വിശദമാക്കാമോ ?

### ഉത്തരം

(എ) അഡ്വക്കേറ്റ് ജനറൽ ശ്രീ. സി.പി. സുധാകരപ്രസാദ്, മുതിർന്ന അഭിഭാഷകരായ ശ്രീ. സി. എസ്. വൈദ്യനാഥൻ, ശ്രീ. കെ. കെ. വേണുഗോപാൽ, സ്റ്റാന്റിംഗ് കൗൺസിൽ ആയ ശ്രീ. പി. വി. ദിനേഷ് എന്നിവരാണ് സുപ്രീംകോടതിയിൽ ഹാജരായത്.

(ബി) (സി) & (ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

## ഫീ റെഗുലേറ്ററി കമ്മിറ്റി സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലേയ്ക്കുള്ള താൽക്കാലിക ഫീസ് നിർണ്ണയിച്ചതിലുള്ള മാനദണ്ഡം

219 [4066] ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2006 ജൂലായ് 8-ാം തീയതി ഫീ റെഗുലേറ്ററി കമ്മിറ്റി സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലേയ്ക്കുള്ള താൽക്കാലിക ഫീസ് നിർണ്ണയിച്ചത് എന്ത് മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണെന്ന് വിശദീകരിക്കാമോ ;

(ബി) 2006 ജൂലായ് 31-ന് മുമ്പ് ഈ ഫീസിന് മാറ്റം വരുമെന്ന് പ്രസ്തുത യോഗം കഴിഞ്ഞ് ഫീ റെഗുലേറ്ററി കമ്മിറ്റിയുടെ മെമ്പർ സെക്രട്ടറി പ്രസ്താവിച്ചിരുന്നോ ; അപ്രകാരമൊരു പ്രസ്താവന അദ്ദേഹം നടത്തിയത് എന്തടിസ്ഥാനത്തിലായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(സി) 8-7-2006-ൽ കൂടിയ ഫീ റെഗുലേറ്ററി കമ്മിറ്റിയുടെ യോഗം ഇക്കാര്യം സംബന്ധിച്ച് ചർച്ചചെയ്ത് തീരുമാനമെടുത്തിരുന്നോ ;

(ഡി) ആത്യന്തികമായി തീരുമാനിക്കുന്ന ഫീസിൽ 15 ശതമാനം വ്യത്യാസമേ ഉണ്ടാകൂവെന്ന മുൻവിധിയോടുകൂടിയുള്ള പ്രഖ്യാപനം നടത്തിയത് എന്തടിസ്ഥാന ത്തിലാണ് ;

(ഇ) ഫീ റെഗുലേറ്ററി കമ്മിറ്റി താൽക്കാലിക ഫീസ് നിശ്ചയിച്ചത് എന്ത് വ്യവസ്ഥയുടെ അടിസ്ഥാനത്തിലാണ് ;

(എഫ്) 8-7-2006-ൽ കൂടിയ ഫീ റെഗുലേറ്ററി കമ്മിറ്റി അൺ എയ്ഡഡ് പ്രൊഫഷണൽ കോളേജുകളിലെ 50 ശതമാനം സംവരണം സീറ്റിൽ എത്ര ഫീസാണ് ഏർപ്പെടുത്തേണ്ടതെന്ന് നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ അതെത്രയെന്ന് വ്യക്തമാക്കുമോ ; നിശ്ചയിക്കാത്തപക്ഷം അതിനുള്ള കാരണമെന്തെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ജസ്റ്റിസ് കെ. റ്റി. തോമസ് കമ്മിറ്റി നിശ്ചയിച്ചിരുന്ന നിരക്കിലുള്ള ഫീസിന്റെ അടിസ്ഥാനത്തിൽ 2006-07 അദ്ധ്യയനവർഷത്തേയ്ക്ക് താൽക്കാലികമായി നിശ്ച യിച്ച് തീരുമാനിക്കുകയാണുണ്ടായത്.

(ബി) ഇല്ല.

(സി) കഴിയുന്നത്ര വേഗത്തിൽ ഫീസ് ഘടന സംബന്ധിച്ച് അവസാന തീരുമാനമെടുക്കുമെന്ന് തീരുമാനിച്ചിരുന്നു.

(ഡി) വിദ്യാർത്ഥികളിൽ ഫീസ് ഘടന സംബന്ധിച്ച് ആശങ്ക ഉണ്ടാകാതിരി ക്കുന്നതിനുവേണ്ടി.

(ഇ) ആത്യന്തികമായി ഫീസ് നിശ്ചയിക്കുമ്പോൾ താൽക്കാലികമായി നിശ്ചയിച്ച ഫീസിനെക്കാൾ കൂടുതലാണെങ്കിൽ വ്യത്യാസം വരുന്ന തുക വിദ്യാർത്ഥികളിൽ നിന്നും ഈടാക്കുന്നതാണെന്നും കുറവാണെങ്കിൽ അപ്രകാരമുള്ള തുക വിദ്യാർത്ഥികൾക്ക് മടക്കി നൽകുന്നതിനുമുള്ള വ്യവസ്ഥയിലാണ് താൽക്കാലിക ഫീസ് നിശ്ചയിച്ചത്.

(എഫ്) സംവരണ സീറ്റിലേക്ക് പ്രത്യേകം ഫീസ് നിശ്ചയിച്ചിട്ടില്ല. 2006-ലെ കേരളാ പ്രൊഫഷണൽ കോളേജ് ചട്ടങ്ങളിലെ ചട്ടം 11-ലെ വ്യവസ്ഥകൾ പ്രകാരമാണ് സംവരണ വിഭാഗത്തിൽപ്പെട്ടവരുടെ ഫീസ് ഈടാക്കുന്നത്. ഇക്കാര്യം 8-7-2006-ൽ താൽക്കാലിക ഫീസ് നിശ്ചയിച്ചു പുറപ്പെടുവിച്ച ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. എസ്.സി./എസ്.ടി./ഒ.ഇ.സി. ഫീസ് സർക്കാർ നൽകും. 40 ശതമാനം വിദ്യാർത്ഥികൾക്ക് സർക്കാർ ഫീസ് ആണ് ഏർപ്പെടുത്തിയിട്ടുള്ളത്. അധികഫീസ് സബ്സിഡിയായി മാനേജ്മെന്റ് നൽകും.

LIBRARY ARCHIVES Kerala Legislative Assembly

## സ്വാശ്രയ കോളേജുകളിലേക്കുള്ള പ്രവേശനം, ഫീസ് നിശ്ചയിക്കൽ എന്നിവ സംബന്ധിച്ച നിയമം

220 [4067] ശ്രീ. എൻ. ശക്തൻ :
„ തേറമ്പിൽ രാമകൃഷ്ണൻ :
„ എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലേക്കുള്ള പ്രവേശനം, ഫീസ് നിശ്ചയിക്കൽ എന്നിവ സംബന്ധിച്ച് നിലവിലുള്ള നിയമം ഏതെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ നിയമത്തിലെ വ്യവസ്ഥകളനുസരിച്ച് സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ ഫീസ് നിശ്ചയിക്കാനുള്ള അധികാരം ആർക്കാണ് ;

(സി) ഈ നിയമം നിലവിൽ വന്നശേഷം ഏതെങ്കിലും സ്വാശ്രയ പ്രൊഫഷണൽ കോളേജിലെ ഫീസ് ഗവൺമെന്റ് നിശ്ചയിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ ഏതെല്ലാം സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ ഫീസാണ് ഗവൺമെന്റ് നിർണ്ണയിച്ചതെന്ന് വ്യക്തമാക്കുമോ ;

(ഇ) തൽസംബന്ധമായ നിലവിലുള്ള നിയമത്തിലെ വ്യവസ്ഥയനുസരിച്ച് ഗവൺമെന്റ് ഫീസ് നിർണ്ണയിച്ച നടപടി നിയമാനുസൃതമാണോ ; എങ്കിൽ എപ്രകാരമെന്ന് വിശദീകരിക്കുമോ ?

### ഉത്തരം

(എ) കേരള പ്രൊഫഷണൽ കോളേജസ് ഓർ ഇൻസ്റ്റിറ്റ്യൂഷൻസ് (പ്രൊഹിബിഷൻ ഓഫ് ക്യാപിറ്റേഷൻ ഫീ, റെഗുലേഷൻ ഓഫ് അഡ്മിഷൻ, ഫിക്സേഷൻ ഓഫ് നോൺ എക്സ്പ്ലോയിറ്റേറ്റീവ് ഫീ ആന്റ് അദർ മെഷേഴ്സ് ടു എൻഷ്വർ ഇക്വിറ്റി ആന്റ് എക്സലന്റ്സ് ഇൻ പ്രൊഫഷണൽ എഡ്യൂക്കേഷൻ) ആക്ട് 19/2006 കേരള സർക്കാർ കൊണ്ടുവന്നു. ഈ ആക്ടിലെ 20-ാം സെക്ഷൻ അനുസരിച്ച് 2004-ലെ ആക്ട് പിൻവലിച്ചിട്ടുണ്ട്. പക്ഷേ 2006-ലെ ആക്ടിന്റെ സാധുത കോടതിയുടെ പരിഗണനയിലാണ്.

(ബി) 2006-ലെ നിയമത്തിലെ 6-ാം സെക്ഷൻ അനുസരിച്ച് സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെയും സ്ഥാപനങ്ങളിലെയും ഫീസ് നിർണ്ണയിക്കുവാനുള്ള അധികാരം ഫീ റെഗുലേറ്ററി കമ്മിറ്റിക്കാണ്.

(സി) ഉണ്ട്.

(ഡി) 19-9-2006-ലെ ജി.ഒ. (പി) നമ്പർ 120/06/ഉ.വി.വ. ഉത്തരവ് പ്രകാരം താഴെപറയുന്ന കോളേജുകളിലെ നോൺ ഫ്രീഷിപ്പ് സീറ്റുകളിലെ ഫീസ് താൽക്കാലികമായി സർക്കാർ നിശ്ചയിച്ചിട്ടുണ്ട്.

(1) കെ.എം.സി.റ്റി. ഡന്റൽ കോളേജ്, കോഴിക്കോട്.
(2) കെ.എം.സി.റ്റി. ആയുർവ്വേദ കോളേജ്, കോഴിക്കോട്.
(3) നൈറ്റിംഗേൽ കോളേജ് ഓഫ് നഴ്സിംഗ്, നെടുമങ്ങാട്, തിരുവനന്തപുരം.

LIBRARY ARCHIVES Kerala Legislative Assembly

(4) കിംസ് കോളേജ് ഓഫ് നഴ്സിംഗ്, തിരുവനന്തപുരം.

(5) ശ്രീകൃഷ്ണ കോളേജ് ഓഫ് ഫാർമസി, പാറശ്ശാല, തിരുവനന്തപുരം.

(6) കോ-ഓപ്പറേറ്റീവ് മെഡിക്കൽ കോളേജ്, കൊച്ചി.

(ഇ) സ്ഥാപനങ്ങളുമായി സർക്കാർ ഉണ്ടാക്കിയ കരാറിന്റെ അടിസ്ഥാനത്തിലാണ് ഫീസ് നിശ്ചയിച്ചത്. ആയതിനാൽ സർക്കാർ ഫീസ് നിശ്ചയിച്ച നടപടി നിയമാനുസൃതമാണ്.

## സ്വാശ്രയ, ഗവൺമെന്റ് മെഡിക്കൽ-എഞ്ചിനീയറിംഗ് കോളേജുകളിലെ സ്പോർട്ട്സ് ക്വാട്ടയിൽ പ്രവേശനം

221 [4068] ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാശ്രയ ഗവൺമെന്റ് മെഡിക്കൽ, എഞ്ചിനീയറിംഗ് കോളേജുകളിൽ നിലവിൽ സ്പോർട്ട് ക്വാട്ടയിൽ പ്രവേശനം നടത്തുന്നുണ്ടോ ;

(ബി) പ്രസ്തുത കോളേജുകളിൽ ഇവർക്ക് എത്ര ശതമാനം സംവരണമാണ് ഉള്ളതെന്ന് വിശദീകരിക്കുമോ ;

(സി) പുതിയ സ്വാശ്രയ നിയമം അനുസരിച്ച് രണ്ട് ശതമാനം സംവരണം കലാകായികരംഗത്ത് മികവ് തെളിയിച്ചവർക്ക് ബില്ലിൽ സംവരണം ഏർപ്പെടുത്തിയിട്ടുള്ളത് നടപ്പിലാക്കിയിട്ടുണ്ടോ ;

(ഡി) ഈ 2 ശതമാനം സംവരണം കലാകായിക രംഗത്ത് എങ്ങനെയാണ് കൊടുക്കുന്നതെന്ന് വിശദീകരിക്കുമോ ;

(ഇ) ഈ സംവരണം നടപ്പാക്കിയിട്ടില്ലെങ്കിൽ അത് നടപ്പാക്കുമോ ?

### ഉത്തരം

(എ) ഉണ്ട്.

(ബി) 2006-ലെ ആക്റ്റ് പ്രകാരം സ്വാശ്രയ കോളേജിൽ 1 ശതമാനം സീറ്റ് സ്പോർട്ട്സ് വിഭാഗത്തിന് സംവരണം ചെയ്തിട്ടുണ്ട്. ഗവൺമെന്റ് കോളേജുകളിൽ നിശ്ചിത എണ്ണം സീറ്റുകൾ മാറ്റിവച്ചിട്ടുണ്ട്.

(സി) 2004-ലെ ആക്ട് പ്രകാരം പ്രവേശനം നടത്തിയ സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ കലാകായികരംഗത്ത് മികവ് തെളിയിച്ചവർക്ക് സീറ്റുകൾ ലഭ്യമല്ലായിരുന്നു. എന്നാൽ 2006-ലെ ആക്ട് അനുസരിച്ച് പ്രവേശനം നടത്തിയ സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ 1:1 എന്ന അനുപാതത്തിൽ 2 ശതമാനം സീറ്റുകൾ മാറ്റിവച്ചിട്ടുണ്ട്.

(ഡി) സ്പോർട്ട്സ് ക്വാട്ടയിലുള്ള പ്രവേശനം പ്രോസ്പെക്ടസിലെ 5.2, 24 വ്യവസ്ഥപ്രകാരവും കലാരംഗത്ത് മികവ് തെളിയിച്ചവർക്കുള്ള പ്രവേശനം 5-7-2006-ലെ ജി.ഒ. (പി) നമ്പർ 66/2006/ഉ.വി.വ. ഉത്തരവുപ്രകാരമുള്ള ചട്ടങ്ങളിലെ നാലാം അദ്ധ്യായത്തിലെ 10-ാം വകുപ്പിലെ 8-ാം ഖണ്ഡികപ്രകാരവും നൽകുന്നതാണ്.

(ഇ) 2006-ലെ ആക്ട്പ്രകാരം പ്രവേശനം നടത്തിയ സ്ഥാപനങ്ങളിൽ നടപ്പാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES,Kerala Legislative Assembly

### സംസ്ഥാനത്തെ സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ പ്രിവിലേജ് സീറ്റുകളിലേക്കുള്ള പ്രവേശനം

222 [4069] ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുള്ള സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ എത്ര പ്രിവിലേജ് സീറ്റുകളുണ്ട് ;

(ബി) ഈ സീറ്റുകളിലേക്കുള്ള പ്രവേശനം ഏതുവിധത്തിലാണെന്ന് വ്യക്തമാക്കാമോ ; ഈ സീറ്റുകളിലേക്കുള്ള എൻട്രൻസ് കമ്മീഷണർ തയ്യാറാക്കുന്ന ലിസ്റ്റിലെ ആപേക്ഷിക മെരിറ്റ് കണക്കിലെടുത്താണോ പ്രവേശനം നൽകുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) അല്ലാത്തപക്ഷം എൻട്രൻസ് കമ്മീഷണർ തയ്യാറാക്കുന്ന ലിസ്റ്റിൽ നിന്നും സ്വാശ്രയ കേളേജുകൾക്ക് ഇഷ്ടമുള്ളവരെ എടുക്കുവാനുള്ള അവകാശമുണ്ടോ ; ഇത് അഴിമതിക്ക് കാരണമാകുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സ്വാശ്രയ പ്രൊഫഷണൽ കോഴ്സുകളിലേക്കുള്ള പ്രവേശനം 2004-ലെ നിയമം ബാധകമാക്കിയിട്ടുള്ള സ്ഥാപനങ്ങളിൽ പ്രിവിലേജ് സീറ്റുകൾ ലഭ്യമല്ല. എന്നാൽ 2006-ലെ ആക്ട്പ്രകാരം പ്രവേശനം നടത്തുന്ന കോളേജുകളിൽ ആകെ 712 പ്രിവിലേജ് സീറ്റുകളുണ്ട്.

(ബി) 2006-ലെ ആക്ടിലെ 2 (q)-ലെ നിർവ്വചന പ്രകാരം പ്രിവിലേജ് സീറ്റുകളിലേക്കുള്ള പ്രവേശനം മാനേജുമെന്റുകൾക്ക് ലഭിക്കുന്ന അപേക്ഷകൾ എൻട്രൻസ് പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിക്കുന്ന റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന ലിസ്റ്റിൽനിന്നും ഇന്റർസെ മെരിറ്റടിസ്ഥാനത്തിൽ മാനേജുമെന്റുകൾ തയ്യാറാക്കി നൽകുന്ന ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ഏകജാലക പ്രവേശനമായിരിക്കണെമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. ഒഴികെ സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളുടെ കീഴിലുള്ള പ്രിവിലേജ് സീറ്റുകൾ പ്രവേശന പരീക്ഷാകമ്മീഷണർ അലോട്ട്മെന്റ് നടത്തുന്ന സ്റ്റേറ്റ് മെരിറ്റ് കാറ്റഗറിയിലുൾപ്പെടുത്തിയാണ് പ്രവേശനം നടത്തിയത്. കെ.എസ്.ആർ.ടി.സി. യുടെ കീഴിലുള്ള സ്വാശ്രയ കോളേജിൽ 5 ശതമാനം പ്രിവിലേജ് സീറ്റ് സ്റ്റേറ്റ് മെരിറ്റായി പ്രവേശന പരീക്ഷാ കമ്മീഷണർ നികത്തിയിട്ടുണ്ട്.

(സി) 2006-ലെ ആക്ടിലെ പ്രിവിലേജ് സീറ്റിന്റെ നിർവ്വചനപ്രകാരം കഴിയില്ല.

### ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജുകളിൽ പുതുതായി അസിസ്റ്റന്റ് പ്രൊഫസർമാരെ നിയമിക്കുന്ന നടപടി

223 [4070] ശ്രീ. കെ. കെ. ദിവാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ.എച്ച്.ആർ.ഡി. യിലെ എഞ്ചിനീയറിംഗ് കോളേജുകളിൽ പുതുതായി അസിസ്റ്റന്റ് പ്രൊഫസർമാരെ നിയമിക്കുന്നുണ്ടോ ; എങ്കിൽ എന്തു മാനദണ്ഡം അനുസരിച്ചാണ് നിയമിക്കുന്നത് ; എ.ഐ.സി.റ്റി.ഇ. നിയമപ്രകാരമാണോ ഈ നിയമനം നടത്തുന്നത് ;

(ബി) നിലവിലുള്ള ഐ.എച്ച്.ആർ.ഡി. കോളേജുകളിലെ അദ്ധ്യാപകരിൽ നിന്നാണോ ഈ നിയമനങ്ങൾ നടത്താൻ ഉദ്ദേശിക്കുന്നത് ;

(സി) ഐ.എച്ച്.ആർ.ഡി. യിൽ എഞ്ചിനീയറിംഗ് അദ്ധ്യാപകരുടെ സീനിയോരിറ്റി ലിസ്റ്റ് നിലവിലുണ്ടോ ; വിവിധ കാറ്റഗറിയിലുള്ള എഞ്ചിനീയറിംഗ് ലക്ചർമാരുടെ സീനിയോറിറ്റി ഏത് മാനദണ്ഡത്തിലാണ് നിശ്ചയിക്കുന്നത്;

(ഇ) അസിസ്റ്റന്റ് പ്രൊഫസർമാരെ നിയമിക്കുമ്പോൾ 1999-ലെ ബൈഫർക്കേഷന് മുമ്പ് ഐ.എച്ച്.ആർ.ഡി.യിൽ ചേർന്ന കോളേജ് ഓഫ് അപ്ലൈഡ് സയൻസിലെ ജീവനക്കാർക്ക് എന്തെങ്കിലും പ്രത്യേക പരിഗണന നൽകുന്നുണ്ടോ ; ഉണ്ടെങ്കിൽ ഇവയുടെ സീനിയോരിറ്റി നിശ്ചയിക്കുന്നത് ഏതടിസ്ഥാനത്തിലാണ് ; ഇവരെ പൊതു സീനിയോറിറ്റി ലിസ്റ്റിൽ എപ്രകാരമാണ് ചേർക്കുന്നത് ?

ഉത്തരം

(എ) നിയമിക്കുന്നുണ്ട്. ഐ.എച്ച്.ആർ.ഡി. സ്പെഷ്യൽ റൂൾസ് പ്രകാരമാണ് നിയമനം നടത്തുന്നത്. ഇത് എ.ഐ.സി.റ്റി.ഇ. നിയമ പ്രകാരമുള്ളതാണ്.

(ബി) ഐ.എച്ച്.ആർ.ഡി. സ്പെഷ്യൽ റൂൾസ് പ്രകാരം ഐ.എച്ച്.ആർ.ഡി. കോളേജുകളിലെ നിശ്ചിത യോഗ്യതയുള്ള അദ്ധ്യാപകരിൽനിന്നും തെരഞ്ഞെടുത്താണ് നിയമനം നടത്തേണ്ടത്.

(സി) ഐ.എച്ച്.ആർ.ഡി. യിൽ എഞ്ചിനീയറിംഗ് അദ്ധ്യാപകരുടെ പൊതുവായ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. അപേക്ഷ ക്ഷണിക്കുമ്പോൾ ലഭിക്കുന്ന അപേക്ഷകരുടെ സീനിയോറിറ്റി നിലവിലുള്ള മാനദണ്ഡങ്ങൾ അനുസരിച്ച് നിശ്ചയിക്കും.

(ഡി) വിവിധ കാറ്റഗറിയിലുള്ള എഞ്ചിനീയറിംഗ് ലക്ചറർമാരുടെ സീനിയോറിറ്റി, അതാത് കാറ്റഗറിയിലെ അവരുടെ നിയമനത്തെ അടിസ്ഥാനപ്പെടുത്തിയാണ് നിശ്ചയിക്കുക.

(ഇ) 1-6-1999-ന് മുമ്പ് (അതായത് ബൈഫർക്കേഷന് മുമ്പ്) ഐ.എച്ച്.ആർ.ഡി. സർവ്വീസിൽ ലക്ചറർമാരായി ചേർന്നിട്ടുള്ളവരും ഇപ്പോൾ എഞ്ചിനീയറിംഗ് ഇതര സ്ഥാപനങ്ങളിൽ ജോലി നോക്കുന്നവരും ആയ നിശ്ചിത യോഗ്യതയുള്ളവരെയും കൂടി, ഐ.എച്ച്.ആർ.ഡി. സ്പെഷ്യൽ റൂൾസ് പ്രകാരം അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ നിയമനത്തിനായി നിശ്ചയിച്ച് പൂരക തസ്തികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇവർക്ക് യാതൊരു പ്രത്യേക പരിഗണനയും നിശ്ചയിച്ചിട്ടില്ല. പൊതു സീനിയോരിറ്റി ലിസ്റ്റിൽ ഇവരെ നിലവിലുള്ള നിയമമനുസരിച്ചുതന്നെ, അവരുടെ ലക്ചറർ തസ്തികയിലെ നിയമനത്തിന്റെ അടിസ്ഥാനത്തിലായിരിക്കും ഉൾക്കൊള്ളിക്കുക.

## എയ്ഡഡ് കോളേജുകളിലെ സ്വാശ്രയ കോഴ്സുകൾ

224 [4071] ശ്രീ. കെ. സി. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് കോളേജുകളിൽ ആരംഭിച്ചിട്ടുള്ള സ്വാശ്രയ കോഴ്സുകൾ ഏതൊക്കെയാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ കോഴ്സുകളുടെ നിലവാരത്തെ സംബന്ധിച്ച് പരിശോധിക്കാൻ സംവിധാനം ഉണ്ടോ ;

(സി) ഇവിടുത്തെ അദ്ധ്യാപകരുടെ നിയമനം, യോഗ്യത, വേതനം എന്നിവ സംബന്ധിച്ച് എന്തെങ്കിലും മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി & സി) എയ്ഡഡ് കോളേജുകളിൽ സ്വാശ്രയ കോഴ്സുകൾ നടത്തുവാനും കോഴ്സുകളുടെ നിലവാരം സംബന്ധിച്ച് പരിശോധന നടത്തുവാനും അവിടുത്തെ അധ്യാകരുടെ നിയമനം, യോഗ്യത എന്നിവയുടെ മാനദണ്ഡം നിശ്ചയിക്കുവാനും അവയുടെ പ്രവർത്തനം നിരീക്ഷിക്കുവാനും പ്രത്യേക സംവിധാനമൊന്നും ഇപ്പോൾ നിലവിലില്ല.

പരിസ്ഥിതി പഠന വകുപ്പുകൾ

225 [4072] ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം യൂണിവേഴ്സിറ്റികളിൽ പരിസ്ഥിതി പഠന വകുപ്പുകൾ ഉണ്ടെന്നും അതിൽ എവിടെയൊക്കെ പരിസ്ഥിതി മലിനീകരണം നിമിത്തമുള്ള രോഗങ്ങളെ സംബന്ധിച്ച് ഗവേഷണം നടത്തുന്നുണ്ടെന്നും വിശദമാക്കാമോ;

(ബി) എം.ജി./കൊച്ചി സർവ്വകലാശാലകളിലെ പരിസ്ഥിതി പഠന വകുപ്പുകൾ കൊതുകുകൾ പരത്തുന്ന രോഗങ്ങളെ സംബന്ധിച്ച് എന്തെങ്കിലും ഗവേഷണം നടത്തുന്നുണ്ടോ ; എങ്കിൽ അതു സംബന്ധിച്ചുള്ള വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) കൊതുകുകൾ പരത്തുന്ന രോഗങ്ങൾ വ്യാപിക്കുന്നതിൽ പരിസ്ഥിതി മലിനീകരണം സുപ്രധാന ഘടകമായതിനാൽ പ്രസ്തുത രോഗങ്ങൾ കൂടുതലായി കാണപ്പെടുന്ന മേഖലയിലെ യൂണിവേഴ്സിറ്റികളായ എം.ജി./കൊച്ചി യൂണിവേഴ്സിറ്റികളുടെ പരിസ്ഥിതി പഠന വകുപ്പുകളെ ഇതു സംബന്ധിച്ചുള്ള ഗവേഷണങ്ങൾ ഫലപ്രദമായ രീതിയിൽ നടത്തുവാൻ സജ്ജമാക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) എം.ജി./കൊച്ചി യൂണിവേഴ്സിറ്റികളിലെ പരിസ്ഥിതി പഠന വകുപ്പുകളിൽ കൊതുക് പരത്തുന്ന രോഗങ്ങളെ സംബന്ധിച്ച് ഗവേഷണ പരിചയമുള്ളവർ ഇല്ലായെങ്കിൽ പരിചയമുള്ളവരെ ഉൾപ്പെടുത്തി വകുപ്പ് പുനഃസംഘടിപ്പിച്ച് ഈ രംഗത്ത് ഫലപ്രദമായ ഗവേഷണ പഠനങ്ങൾ നടത്തുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരള, മഹാത്മാഗാന്ധി സർവ്വകലാശാലകളിലും കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിലും പരിസ്ഥിതി പഠന വകുപ്പുകൾ ഉണ്ട്. മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽ പരിസ്ഥിതി പഠന വകുപ്പ് (സ്കൂൾ ഓഫ് എൺവയൺമെന്റൽ സയൻസ്) പരിസ്ഥിതി മലിനീകരണം നിമിത്തമുള്ള രോഗങ്ങളെ സംബന്ധിച്ച് ഗവേഷണ പഠനങ്ങൾ നടത്തുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ പരിസ്ഥിതി പഠന വകുപ്പിലും സ്കൂൾ ഓഫ് അപ്ലൈഡ് ലൈഫ് സയൻസിലും കൊതുകുകൾ പരത്തുന്ന രോഗങ്ങളെ സംബന്ധിച്ച് ഗവേഷണം നടത്തിയിട്ടുണ്ട്. ഇതു സംബന്ധിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി & ഡി) പരിസ്ഥിതി മലിനീകരണം ആരോഗ്യമേഖലയിൽ സംജാതമാക്കുന്ന വിവിധതരം പ്രശ്നങ്ങളെ സംബന്ധിച്ചും പകർച്ചവ്യാധികളും അവ പരത്തുന്ന കൊതുകുകൾ, മറ്റു ഘടകങ്ങൾ എന്നിവയെ സംബന്ധിച്ചും നടത്തപ്പെടേണ്ട വിശദമായ പഠനങ്ങളുടെ രൂപരേഖ മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ പരിസ്ഥിതി പഠന വകുപ്പ് ആവിഷ്ക്കരിച്ചിട്ടുണ്ട്. സർവ്വകലാശാലാ പഠന വകുപ്പുകൾക്ക് മുൻകൈയെടുത്ത് ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാവുന്നതാണ്.

## മഹാത്മാഗാന്ധി സർവ്വകലാശാലയിലെ അസിസ്റ്റന്റ് ഗ്രേഡ്-2 ലേക്കുള്ള നിയമനം

226 [4073] ശ്രീ. എം. ഉമ്മർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി സർവ്വകലാശാലയിലെ അസിസ്റ്റന്റ് ഗ്രേഡ്-2 ലേക്ക് നടന്ന എഴുത്ത് പരീക്ഷയുടെ റാങ്ക് ലിസ്റ്റ് എന്ന് പ്രസിദ്ധീകരിക്കും ;

(ബി) പ്രസ്തുത പരീക്ഷ യൂണിവേഴ്സിറ്റി നേരിട്ടാണോ നടത്തിയത് ; അല്ലെങ്കിൽ ഏത് ഏജൻസിയെയാണ് പരീക്ഷ നടത്തുവാനുള്ള ചുമതല ഏൽപ്പിച്ചത് ; പുറത്തുള്ള ഏജൻസിയെ പരീക്ഷ നടത്തിപ്പിനും റാങ്ക്ലിസ്റ്റ് തയ്യാറാക്കുന്നതിനും ചുമതലപ്പെടുത്തിയത് ഏത് മാനദണ്ഡത്തിലാണെന്ന് വ്യക്തമാക്കുമോ ;

(സി) പരീക്ഷകൾ നടത്തി പരിചയമുള്ള സർവ്വകലാശാല എന്തിനാണ് പുറത്തുള്ള ഏജൻസിയെ പരീക്ഷാ ചുമതല ഏൽപ്പിച്ചത് ; ഈ തസ്തികയിലേയ്ക്കുള്ള പരീക്ഷ സംബന്ധിച്ച് ഏതെങ്കിലും കോടതിയിൽ കേസ് നിലവിലുണ്ടോ ;

(ഡി) എം.ജി. യൂണിവേഴ്സിറ്റിയിൽ താഴ്ന്ന ജീവനക്കാരിൽ നിന്നും അസിസ്റ്റന്റ് ഗ്രേഡ്-2 ലേക്ക് എത്ര ശതമാനം റിസർവേഷനാണ് നീക്കിവെച്ചിരിക്കുന്നത് ; താഴ്ന്ന ജീവനക്കാർക്ക് റിസർവേഷൻ നൽകുകയാണെങ്കിൽ അതിലുൾപ്പെടുന്ന ജീവനക്കാർ ആരെല്ലാമാണെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കുമോ ;

(ഇ) യൂണിവേഴ്സിറ്റിയിലെ റോണിയോ ഓപ്പറേറ്റർ തസ്തികയിൽ നിന്നും അസിസ്റ്റന്റ് ഗ്രേഡ്-2 ലേക്ക് പ്രൊമോഷൻ നൽകാൻ ഉദ്ദേശമുണ്ടോ ; ഇത്തരമൊരു പ്രൊമോഷൻ നൽകുന്നതിനായി ഗവൺമെന്റിന്റെ ഏതെങ്കിലും ഉത്തരവ് യൂണിവേഴ്സിറ്റിയിൽ ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ സ്റ്റേ ഉത്തരവ് ഉള്ളതിനാൽ പ്രസിദ്ധീകരിക്കാൻ കഴിയുന്നില്ല.

(ബി) നേരിട്ടല്ല നടത്തിയത്. എൽ.ബി.എസ്.-നെയാണ് ഏൽപ്പിച്ചത്. ഒ.എം.ആർ. ടെസ്റ്റും മൂല്യനിർണ്ണയവും നടത്തുന്നതിന് സൗകര്യങ്ങൾ സർവ്വകലാശാലയ്ക്കില്ലാത്തതിനാൽ സർക്കാർ നിയന്ത്രിത സ്ഥാപനമായ എൽ.ബി.എസ്.-നെ ഏൽപ്പിക്കുകയായിരുന്നു. സർവ്വകലാശാലയുടെ സ്റ്റാറ്റ്യൂട്ടറി സെലക്ഷൻ കമ്മിറ്റിയാണ് ഈ തീരുമാനമെടുത്തത്.

(സി) ഒ. എം. ആർ. ടെസ്റ്റ് നടത്തുന്നതിനുള്ള പരിഞ്ജാനം സർവ്വകലാശാലയ്ക്കില്ല. കേരള ഹൈക്കോടതിയിൽ ഒരു ഉദ്യാഗാർത്ഥി സമർപ്പിച്ച കേസ് നിലവിലുണ്ട്.

(ഡി) രണ്ടു ശതമാനം സർവ്വകലാശാലയിലെ ക്ലാസ്സ് IV ജീവനക്കാർ.

(ഇ) റോണിയോ ഓപ്പറേറ്റർമാർക്ക് സ്ഥാനക്കയറ്റം നൽകുന്നതിന് സർക്കാർ നിർദ്ദേശങ്ങളൊന്നും നൽകിയിട്ടില്ല. ഇക്കാര്യത്തിൽ ഒരു കേസ് ഹൈക്കോടതി മുമ്പാകെ നിലവിലുണ്ട്.

## കൊച്ചി സർവ്വകലാശാലയിലെ പഠന ഗവേഷണ വകുപ്പുകൾ

227 [4074] ശ്രീ. എ. എം. യൂസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി സർവ്വകലാശാലയിലെ പഠന ഗവേഷണ വകുപ്പുകൾ നിർത്തലാക്കുവാൻ സർവ്വകലാശാല സിൻഡിക്കേറ്റ് കഴിഞ്ഞ അദ്ധ്യയന വർഷം തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ;

(ബി) പഠന ഗവേഷണ വകുപ്പുകൾ നിർത്തലാക്കുവാൻ എടുക്കുന്ന തീരുമാനം അക്കാദമിക് വിരുദ്ധമാണോ;

(സി) പഠന ഗവേഷണ വകുപ്പുകൾ നിർത്തലാക്കുവാൻ തീരുമാനമെടുത്തിട്ടുണ്ടെങ്കിൽ അത് റദ്ദ് ചെയ്യുമോ?

ഉത്തരം

(എ) ഇല്ല.

(ബി & സി) ചോദ്യം ഉദിക്കുന്നില്ല.

## കൊച്ചി സർവ്വകലാശാലയിലെ വിദ്യാർത്ഥി പ്രവേശനം

228 [4075] ശ്രീ. എ. എം. യൂസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ നടപ്പിലാക്കിയ വിദ്യാഭ്യാസ സ്വാശ്രയ നിയമത്തിന് അനുസൃതമായാണോ കൊച്ചി സർവ്വകലാശാലയിൽ സ്വാശ്രയ കോഴ്സുകളിലേക്ക് പ്രവേശനം നടത്തിയിട്ടുള്ളത്;

(ബി) അല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ ;

(സി) ഈ നിയമം കൊച്ചി സർവ്വകലാശാലയ്ക്ക് ബാധകമാണോ ;

(ഡി) കൊച്ചി സർവ്വകലാശാലയിലെ സ്വാശ്രയ കോഴ്സുകളിലേയ്ക്ക് നടത്തിയിട്ടുള്ള പ്രവേശന നടപടികളിൽ എന്തെങ്കിലും അപാകതകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) അല്ല.

(ബി) കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാല നേരിട്ട് നടത്തുന്ന ബി.ടെക്. ഉൾപ്പെടെയുള്ള കോഴ്സുകൾക്ക് പ്രവേശനം നടത്തുന്നത് സർവ്വകലാശാല അഖിലേന്ത്യാതലത്തിൽ നടത്തുന്ന പൊതു പ്രവേശന പരീക്ഷ മുഖാന്തിരമാണ്. സർക്കാർ നിയമം കൊണ്ടുവരുന്നതിനുമുമ്പുതന്നെ ഈ പരീക്ഷയുടെ നടപടി ക്രമങ്ങൾ ആരംഭിച്ച് കഴിഞ്ഞിരുന്നതിനാൽ മുൻ വർഷങ്ങളിൽ ചെയ്തതുപോലെ സർവ്വകലാശാലാ തലത്തിൽ പ്രവേശന നടപടികൾ പൂർത്തിയാക്കുകയാണ് ചെയ്തത്.

(സി) കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല നേരിട്ട് നടത്തുന്ന സ്ഥാപനങ്ങൾക്ക് ഈ വർഷം നിയമം ബാധകമാക്കിയിട്ടില്ല.

(ഡി) പ്രവേശന നടപടികളിൽ അപാകതകൾ ഒന്നുംതന്നെ കണ്ടെത്തിയിട്ടില്ലായെന്ന് സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

## എം.ജി. യൂണിവേഴ്സിറ്റിയിൽ അറബിക് ഡിപ്പാർട്ട്മെന്റ് രൂപീകരിക്കാൻ നടപടി

229 [4076] ശ്രീ. വി. കെ ഇബ്രാഹിംകുഞ്ഞ് :

„ അബ്ദുറഹിമാൻ രണ്ടത്താണി :

„ കെ. മുഹമ്മദുണ്ണി ഹാജി :

„ കെ. കുട്ടി അഹമ്മദ് കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം. ജി. യൂണിവേഴ്സിറ്റിയിൽ അറബിക് ഡിപ്പാർട്ട്മെന്റ് പ്രവർത്തിക്കുന്നുണ്ടോ ;

(ബി) ഇല്ലെങ്കിൽ അറബിക് ഡിപ്പാർട്ട്മെന്റ് രൂപീകരിക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ രൂപീകരണം ഏത് ഘട്ടത്തിലാണ് ;

(സി) ഇല്ലെങ്കിൽ അടിയന്തിരമായി അറബിക് ഡിപ്പാർട്ട്മെന്റ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി & സി) ഇക്കാര്യം സിൻഡിക്കേറ്റ് പരിഗണിച്ചു വരുന്നു.

## എം. ജി. സർവ്വകലാശാലയുടെ സാമ്പത്തിക ഇടപാടുകളെക്കുറിച്ച് വിജിലൻസ് അന്വേഷണം

230 [4077] പ്രൊഫസർ സി. രവീന്ദ്രനാഥ്:

ശ്രീ. പി. ജയരാജൻ:

„ അൽഫോൺസ് കണ്ണന്താനം:

„ കെ. ടി. ജലീൽ:

„ സി. എം. ദിനേശ്മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം. ജി. സർവ്വകലാശാല നേരിടുന്ന സാമ്പത്തിക പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് ഇടയാക്കിയ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) പുതുപ്പള്ളിയിൽ തുടങ്ങാൻ ഉദ്ദേശിക്കുന്ന സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയുടെ ചുമതല ഏറ്റെടുക്കുന്നതിന് എം. ജി. സർവ്വകലാശാല തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇതിനായി സർവ്വകലാശാല എന്തു തുക ഇതിനകം അനുവദിച്ചിട്ടുണ്ട്;

(ഡി) പുതിയ പരീക്ഷാഭവൻ പണിയുന്നതിന് സർവ്വകലാശാല തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) സർവ്വകലാശാല ഫണ്ട് ഉപയോഗിച്ച് പാലായിൽ സ്ഥലം വാങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(എഫ്) സർവ്വകലാശാലയുടെ കഴിഞ്ഞ അഞ്ചു വർഷത്തെ സാമ്പത്തിക ഇടപാടുകൾ സംബന്ധിച്ച് ഒരു വിജിലൻസ് അന്വേഷണം നടത്താൻ തയ്യാറാകുമോ ?

ഉത്തരം

(എ) ഇപ്പോൾ സാമ്പത്തിക പ്രതിസന്ധി ഇല്ലായെന്ന് സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. സർക്കാരിൽ നിന്നും ലഭിച്ച 5 കോടി രൂപയ്ക്കു പുറമെ സർവ്വകലാശാല ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള 10 കോടി രൂപയും ആവശ്യമായ കൂടുതൽ ഫണ്ടും സ്വരൂപിച്ച് സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി തുടങ്ങുന്നതിനുള്ള എല്ലാ ബാദ്ധ്യതകളും ഏറ്റെടുക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 10 കോടി രൂപ.

(ഡി) ഉണ്ട്. 24-2-2006-ൽ ആധുനിക സൗകര്യങ്ങളോടുകൂടി പരീക്ഷാഭവൻ നിർമ്മിക്കാൻ സിൻഡിക്കേറ്റ് തീരുമാനിച്ചു. ഇതിന്റെ നിർമ്മാണ ജോലികൾ കേന്ദ്ര പൊതുമരാമത്തു വകുപ്പിനെ ഏൽപ്പിക്കാൻ 12-7-2006-ൽ സിൻഡിക്കേറ്റ് തീരുമാനിച്ചു. 17-8-2006-ൽ വൈസ് ചാൻസലർ കെട്ടിടത്തിന്റെ ശിലാസ്ഥാപനം നടത്തി.

(ഇ) ഉണ്ട്.

(എഫ്) ഇപ്പോൾ പരിഗണനയിലില്ല.

## എം. ജി. സർവ്വകലാശാലയിലെ സിൻഡിക്കേറ്റ് മെമ്പർമാരെ പിരിച്ചുവിട്ട നടപടി

231 [4078] ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ് :
,, പി. കെ. അബ്ദുറബ്ബ് :
,, കെ. കുട്ടി അഹമ്മദ് കുട്ടി :
,, എം. ഉമ്മർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം. ജി. സർവ്വകലാശാലയിലെ ഏതെങ്കിലും സിൻഡിക്കേറ്റ് മെമ്പർമാരെ പിരിച്ചുവിട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവർ ആരെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ബി) എന്ത് കാരണം കാണിച്ചാണ് ഇവരെ പിരിച്ചുവിട്ടത് ;

(സി) പിരിച്ചുവിട്ട സിൻഡിക്കേറ്റ് മെമ്പർമാർക്ക് പകരം പുതിയ മെമ്പർമാരെ നിയമിച്ചോ ; എങ്കിൽ അവർ ആരെല്ലാം ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ഡി) സ്വയംഭരണ സ്ഥാപനമായ സർവ്വകലാശാലയിൽ ഗവൺമെന്റ് ഒരു പ്രാവശ്യം നോമിനേറ്റ് ചെയ്യുന്നതോ തെരഞ്ഞെടുക്കപ്പെടുന്നതോ ആയ സിൻഡിക്കേറ്റ് മെമ്പർമാരെ കാലാവധി കഴിയുംമുമ്പ് പിരിച്ചുവിടുന്നതിന് ഗവൺമെന്റിന് അധികാരം ഉണ്ടോ ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

### ഉത്തരം

(എ) ഉണ്ട്.

(1) ശ്രീ. എ. മുജീബ്
(2) ശ്രീ. വി. ശശിധരൻ
(3) ഡോക്ടർ കെ. ജി. നാരായണപിള്ള
(4) ശ്രീമതി പി. എ. ഫാത്തിമ

എന്നിവരെയാണ് പിരിച്ചുവിട്ടത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നിലവിലുണ്ടായിരുന്ന സെനറ്റിന്റെ കാലാവധി 28-8-2004-ൽ അവസാനിച്ചിരുന്നു. സെനറ്റ് രൂപീകരണ പ്രക്രിയയ്ക്കായുള്ള വിജ്ഞാപനം 18-4-2006-ൽ മാത്രമാണ് പുറപ്പെടുവിക്കപ്പെട്ടത്. അതിനാൽ മുൻ സർക്കാർ 21-1-2006-ൽ നടത്തിയ നാമനിർദ്ദേശം നിലവിലില്ലാത്ത സെനറ്റിലേക്കായിരുന്നു.

(സി) താഴെ പറയുന്നവരെ നിയമിച്ചിട്ടുണ്ട്.

ഇൻഫർമേഷൻ ടെക്നോളജി

(1) ഡോക്ടർ എൻ. ഗോഡ്ഫ്രേ, റീഡർ, സ്കൂൾ ഓഫ് പ്യൂയർ ആന്റ് അപ്ലൈഡ് ഫിസിക്സ്, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി.

(2) പ്രൊഫസർ കെ. മാത്യൂ, സെലക്ഷൻ ഗ്രേഡ് ലക്ചറർ, ഡിപ്പാർട്ട്മെന്റ് ഓഫ് ഫിസിക്സ്, ബസേലിയോസ് കോളേജ്, കോട്ടയം.

ബയോടെക്നോളജി

(1) പ്രൊഫസർ കെ. സദാശിവൻ നായർ, അർച്ചന, ഓൾഡ് സെമിനാരി റോഡ്, ചുങ്കം, കോട്ടയം.

(2) പ്രൊഫസർ വി. എൻ. ചന്ദ്രമോഹനൻ, സെലക്ഷൻ ഗ്രേഡ് ലക്ചറർ, ഡിപ്പാർട്ട്മെന്റ് ഓഫ് കെമിസ്ട്രി, ഗവൺമെന്റ് കോളേജ്, കോട്ടയം.

(ഡി) നിയമവിരുദ്ധമായ രീതിയിൽ നോമിനേറ്റ് ചെയ്യപ്പെട്ടു എന്നു കണ്ടാൽ അത് റദ്ദാക്കാനുള്ള നടപടി സ്വീകരിക്കുന്നത് തികച്ചും നിയമവിധേയമായ നടപടിയാണ്. സർവ്വകലാശാലാ നിയമങ്ങളിലെ വകുപ്പുകൾക്ക് വിരുദ്ധമായ രീതിയിൽ നടന്ന നാമനിർദ്ദേശങ്ങളുടെ കാര്യത്തിൽ മാത്രമാണ് നിയമ വിധേയമായ രീതിയിൽ സർക്കാർ ഇടപെട്ടിട്ടുള്ളത്.

## യു. ജി. സി. അംഗീകരിച്ച കോഴ്സുകളുടെ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥർക്ക് പ്രൊമോഷൻ

232 [4079] ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ജി. സി. അംഗീകരിച്ചിട്ടുള്ള എല്ലാ കോഴ്സുകളും എല്ലാ സർവ്വകലാശാലകളും അംഗീകരിക്കണമെന്ന നിയമം നിലവിലുണ്ടോ ;

(ബി) എങ്കിൽ യു. ജി. സി. അംഗീകരിച്ചിട്ടുള്ള ഇന്ത്യയിലെ പ്രമുഖ സർവ്വകലാശാലകളിൽ നിന്നും നേടിയിട്ടുള്ള സയൻസിലുള്ള കറസ്പോണ്ടൻസ് ബിരുദാനന്തരബിരുദം സംസ്ഥാനത്തെ സർവ്വകലാശാലകൾ അംഗീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) വിവിധ വകുപ്പുകളിൽ ,ജോലി നോക്കുന്ന ഉദ്യോഗസ്ഥർക്ക് അദ്ധ്യാപനത്തിനൊഴികെ പ്രൊമോഷന് ബിരുദാനന്തരബിരുദം ആവശ്യമായി വരുമ്പോൾ യു.ജി.സി. അംഗീകരിച്ചിട്ടുള്ള എല്ലാ ബിരുദങ്ങളും യോഗ്യതയായി കണക്കാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) കേരളത്തിലെ സർവ്വകലാശാലകൾ തത്തുല്യമായി അംഗീകരിച്ചിട്ടുള്ള ബിരുദ, ബിരുദാനന്തരബിരുദങ്ങൾ മാത്രമേ, സർക്കാരിനും കെ.പി.എസ്.സി.ക്കും കണക്കിലെടുക്കാൻ കഴിയൂ.

സംസ്ഥാന സാക്ഷരതാ മിഷൻ പ്രവർത്തനം

233 [4080] ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന/ജില്ലാ സാക്ഷരതാമിഷനുകളിലായി ഡെപ്യൂട്ടേഷൻകാർ അല്ലാത്ത ആകെ എത്ര ജീവനക്കാർ ഉണ്ട് ;

(ബി) ഇവർക്കായി ഒരു മാസം നൽകേണ്ട ശമ്പളവും അലവൻസും എത്ര;

(സി) 2006 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ഇവർക്ക് സ്കെയിൽ ഓഫ് പേ അനുസരിച്ച് ശമ്പളം നൽകി അടുത്ത മാസം മുതൽ ആയത് നിർത്തലാക്കിയത് എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇവർക്ക് സ്കെയിൽ ഓഫ് പേ പുനഃസ്ഥാപിക്കാൻ എന്തെങ്കിലും സാങ്കേതിക പ്രശ്നങ്ങൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാന/ജില്ലാ സാക്ഷരതാമിഷനുകളിൽ ഡെപ്യൂട്ടേഷൻ/വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥകളിലല്ലാതെ വിവിധ തസ്തികകളിലായി 84 കരാർ ജീവനക്കാരും 5 ദിവസവേതന ജീവനക്കാരും ഉണ്ട്.

(ബി) ഇവർക്കായി ഒരു മാസം 2,87,175 രൂപയോളം ശമ്പള ഇനത്തിൽ ചെലവാകുന്നുണ്ട്. അലവൻസുകൾ ഒന്നും നൽകുന്നില്ല.

(സി)&(ഡി) സംസ്ഥാന സാക്ഷരതാമിഷനിൽ കരാർ, ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർക്ക് ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിന് സർക്കാർ ഇതുവരെ അനുമതി നൽകിയിട്ടില്ല. ഇതു സംബന്ധിച്ച നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

## സമ്പൂർണ്ണ സാക്ഷരത

234 [4081] പ്രൊഫ. കെ. വി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സമ്പൂർണ്ണ സാക്ഷരത നേടാത്ത ഏതെല്ലാം ജില്ലകളുണ്ട്;

(ബി) ഇവയെ സമ്പൂർണ്ണ സാക്ഷരത ജില്ലകളാക്കുവാൻ എന്തു നടപടി സ്വീകരിച്ചു ;

(സി) സമ്പൂർണ്ണ സാക്ഷരതയുള്ള ജില്ലകളുടെ സ്ഥാനം നിലനിർത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ജനസംഖ്യയുടെ 90%-ൽ കൂടുതൽ സാക്ഷരർ ഉള്ള ജില്ലകൾ സമ്പൂർണ്ണ സാക്ഷരത നേടിയതായി കണക്കാക്കുന്നു. തിരുവനന്തപുരം, ഇടുക്കി, പാലക്കാട്, മലപ്പുറം, വയനാട്, കാസർഗോഡ് എന്നീ ജില്ലകൾ സമ്പൂർണ്ണ സാക്ഷരത നേടിയിട്ടില്ല.

(ബി) സമ്പൂർണ്ണ സാക്ഷരതയഞ്ജത്തിലൂടെ കൈവരിച്ച അടിസ്ഥാന സാക്ഷരത നിലനിർത്തുന്നതിനുള്ള വിവിധ പരിപാടികളാണ് തുടർ വിദ്യാഭ്യാസ പദ്ധതിയിലൂടെ ഇപ്പോൾ നടന്നുവരുന്നത്. കൂടാതെ സംസ്ഥാനത്ത് സാക്ഷരതാ പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്തുന്നതിന്റേയും നൂറു ശതമാനം സാക്ഷരത കൈവരിക്കുന്നതിന്റേയും ഭാഗമായി ജില്ലകളിൽ അവശേഷിക്കുന്ന നിരക്ഷരരെ കൂടി കണ്ടെത്തി സാക്ഷരരാക്കുന്നതിനായി ജില്ലാതല പ്രോജക്ടുകൾ തയ്യാറാക്കി ദേശീയ സാക്ഷരതാമിഷന് സമർപ്പിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിവരികയാണ്.

(സി) സമ്പൂർണ്ണ സാക്ഷരത നേടിയ ജില്ലകളിലുൾപ്പെടെയുള്ള സംസ്ഥാനത്തെ മുഴുവൻ നവസാക്ഷരരെയും ഉൾക്കൊള്ളിച്ചുകൊണ്ട് തുടർ വിദ്യാഭ്യാസ പരിപാടിയുടെ ഭാഗമായി തുല്യതാ പഠനം 4, 7, 10 ക്ലാസുകളിലേക്കായി നടത്തിവരുന്നു. സാമൂഹിക-സാമ്പത്തിക കാരണങ്ങളാൽ സ്കൂളിൽ പോകാൻ കഴിയാത്തവർക്കും പഠനം ഇടയ്ക്കുവച്ച് നിർത്തേണ്ടി വന്നവർക്കും നവ സാക്ഷരർക്കും തുടർന്ന് പഠിക്കാൻ അവസരമൊരുക്കുകയെന്ന ലക്ഷ്യത്തോടെയുള്ള പരിപാടികളാണ് സാക്ഷരതാ പ്രവർത്തനത്തോടൊപ്പം തുടർ വിദ്യാഭ്യാസത്തിന്റെ ഭാഗമായി ആസൂത്രണം ചെയ്തിരിക്കുന്നത്.

## റിപ്രോഗ്രാഫിക്സെന്റർ നടത്തുന്ന കോഴ്സുകളിൽ പരിശീലനം പൂർത്തിയാക്കുന്നവർക്ക് യഥാസമയം സർട്ടിഫിക്കറ്റ് നൽകുന്നതിന് നടപടി

235 [4083] ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ സ്റ്റേറ്റ് ആഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിന്റെ കീഴിൽ സംസ്ഥാനത്ത് എത്ര ട്രെയിനിംഗ് സെന്ററുകളാണ് നടത്തിവരുന്നത്;

---

നക്ഷത്രചിഹ്നമിടാത്ത [4082]-ാം ചോദ്യത്തിന്റെ ഉത്തരം ലഭ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) റിപ്രോഗ്രാഫിക് സെന്റർ നടത്തുന്ന കോഴ്സുകളിൽ പരിശീലനം പൂർത്തിയാക്കുന്നവർക്ക് യഥാസമയം പരീക്ഷ നടത്തി സർട്ടിഫിക്കറ്റ് നൽകുന്ന കാര്യത്തിൽ അധികാരികൾ അമാന്തം കാട്ടിവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) റിപ്രോഗ്രാഫിക് സെന്ററിന്റെ കീഴിൽ ഏതുവർഷം വരെ പരിശീലനം പൂർത്തിയാക്കിയവർക്കാണ് പരീക്ഷ നടത്തി സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളത്;

(ഡി) കോഴ്സുകൾ തീരുന്ന മുറയ്ക്കുതന്നെ പരീക്ഷ നടത്തി സർട്ടിഫിക്കറ്റുകൾ നൽകാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 3 ട്രെയിനിംഗ് സെന്ററുകളും 11 പ്രൊഡക്ഷൻ-കം-ട്രെയിനിംഗ് സെന്ററുകളും പ്രവർത്തിക്കുന്നുണ്ട്.

(ബി) സെന്റർ നേരിട്ട് പരീക്ഷ നടത്തുന്ന കോഴ്സുകളിൽ യഥാസമയം തന്നെ പരീക്ഷ നടത്തി, മാർക്ക് ലിസ്റ്റും സർട്ടിഫിക്കറ്റും നൽകിവരുന്നുണ്ട്. എന്നാൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ പരീക്ഷാവിഭാഗം പരീക്ഷ നടത്തി മാർക്ക് ലിസ്റ്റും സർട്ടിഫിക്കറ്റും വിതരണം ചെയ്യുന്ന പി.ജി.ഡി.സി.എ., സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ കമ്പ്യൂട്ടർ ആന്റ് ഡി. റ്റി. പി. ഓപ്പറേഷൻ, അഡ്വാൻസ്ഡ് ഓഫ്സെറ്റ് പ്രിന്റിംഗ് എന്നീ കോഴ്സുകളിൽ കാലതാമസം നേരിട്ടിട്ടുണ്ട്.

(സി) സെന്റർ നേരിട്ട് പരീക്ഷ നടത്തി സർട്ടിഫിക്കറ്റ് നൽകുന്ന കോഴ്സുകളിൽ 2006 ആഗസ്റ്റ് മാസം വരെയുള്ള സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. സാങ്കേതിക പരീക്ഷാ കൺട്രോളർ പരീക്ഷ നടത്തി സർട്ടിഫിക്കറ്റ് നൽകുന്ന കോഴ്സുകളിൽ 2005 ഫെബ്രുവരിയിൽ നടത്തിയ പരീക്ഷയുടെ സർട്ടിഫിക്കറ്റ് വിതരണം ചെയ്യാനുണ്ട്.

(ഡി) സെന്റർ നേരിട്ട് പരീക്ഷ നടത്തി സർട്ടിഫിക്കറ്റ് നൽകുന്ന കോഴ്സുകളിൽ കാലതാമസം ഉണ്ടാകാറില്ല. സാങ്കേതിക പരീക്ഷാ കൺട്രോളർ പരീക്ഷ നടത്തി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ വേണ്ട നടപടി സ്വീകരിച്ചുവരുന്നു.

## കെ. ആർ. നാരായണൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് ആന്റ് ആർട്സ്

236 [4084] <u>ശ്രീ. സി. കെ. സദാശിവൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തുടർ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി ആരംഭിക്കുന്ന കെ. ആർ. നാരായണൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് ആന്റ് ആർട്സ് എന്ന സ്ഥാപനത്തിൽ എന്തെല്ലാം കോഴ്സുകൾ തുടങ്ങുവാനാണ് ഉദ്ദേശിക്കുന്നത്;

(ബി) ഇതിന്റെ പ്രവർത്തനം എന്ന് ആരംഭിക്കുവാൻ സാധിക്കും എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കെ. ആർ. നാരായണൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് ആന്റ് ആർട്സ് എന്ന സ്ഥാപനം തുടർ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായല്ല സ്ഥാപിച്ചിട്ടുള്ളത്. അവിടെ താഴെ പറയുന്ന കോഴ്സുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നു:

(1) വീഡിയോ പ്രൊഡക്ഷൻ ആന്റ് പ്രോഗ്രാം ഡിസൈൻ.

(2) സ്ക്രിപ്റ്റ് റൈറ്റിംഗ് ആന്റ് ഡയറക്ഷൻ.

(3) വീഡിയോഗ്രാഫി ആന്റ് ഡിജിറ്റൽ സ്റ്റിൽ ഫോട്ടോഗ്രാഫി.

(4) ലീനിയർ ആന്റ് നോൺ ലീനിയർ ആന്റ് സൗണ്ട് റെക്കോർഡിംഗ്.

(5) ഡിപ്ലോമാ ഇൻ ഫിലിം മേക്കിംഗ്.

(ബി) ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ചുവരുന്നു.

## എൻ. സി. സി. വകുപ്പിലെ ഭരണ-സാമ്പത്തിക കാര്യങ്ങൾ

237 [4085] ശ്രീ. സി. കെ. സദാശിവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ. സി. സി. വകുപ്പിലെ ജീവനക്കാരുടെ ഭരണപരമായ കാര്യങ്ങളും സംസ്ഥാന സർക്കാരിന്റെ ഫണ്ടും കൈകാര്യം ചെയ്യുന്നത് സംസ്ഥാന സർക്കാരിന്റെ നിയമങ്ങളെക്കുറിച്ച് അവബോധമില്ലാത്ത ജീവനക്കാരായതുമൂലമുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജീവനക്കാരുടെ ഭരണപരമായ കാര്യങ്ങളും സംസ്ഥാന ഫണ്ടിന്റെ വിനിയോഗവും സംസ്ഥാന സർക്കാർ ജീവനക്കാരെ ഏല്പിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇക്കാര്യത്തിലുണ്ടായിട്ടുള്ള കേരള ഹൈക്കോടതി വിധി നടപ്പിലാക്കുവാൻ തയ്യാറാകുമോ;

(ഡി) എങ്കിൽ സ്വീകരിച്ചതും സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതുമായ നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇതു സംബന്ധിച്ച് കേരള എൻ. സി. സി. സിവിലിയൻ സ്റ്റാഫ് അസോസിയേഷന്റെ പരാതി ലഭിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) വിധി നടപ്പിലാക്കുന്നതാണ്.

(ഡി) വിധി അനുസരിച്ച് പരാതിക്കാരെ നേരിൽ കേട്ടിട്ടുണ്ട്. മറ്റു കാര്യങ്ങൾ പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പുരാവസ്തു വകുപ്പിൽ സ്പെഷ്യൽ റൂൾസ് മാറ്റുന്നതിനുള്ള നടപടിക്രമങ്ങൾ

238 [4086] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരാവസ്തു വകുപ്പിൽ 2000-ൽ നിലവിൽവന്ന സ്പെഷ്യൽ റൂൾസ് സമൂലം മാറ്റുന്നതിന് മുൻ സർക്കാരിന്റെ കാലത്ത് എന്തെങ്കിലും നീക്കം ഉണ്ടായിട്ടുണ്ടോ; എങ്കിൽ അത് എന്ത് അടിസ്ഥാനത്തിലായിരുന്നുവെന്ന് അറിയിക്കാമോ;

(ബി) അതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ്;

(സി) കരട് മാറ്റത്തിൽ നിരവധി അപാകതകൾ ഉള്ളതായി ജീവനക്കാരുടേയും സംഘടനകളുടേയും എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; അതിൽ എന്തൊക്കെ തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്;

(ഡി) ലഭിച്ച പരാതികൾ ഈ സർക്കാർ പുനഃപരിശോധിക്കുമോ;

(ഇ) സ്പെഷ്യൽ റൂൾസ് തയ്യാറാക്കുന്നതിനും മാറ്റുന്നതിനും ഉള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണ്; സ്പെഷ്യൽ റൂൾസ് പരിഷ്ക്കരണത്തിന്റെ ഇതുവരെയുള്ള അവസ്ഥ വ്യക്തമാക്കുമോ;

(എഫ്) സ്പെഷ്യൽ റൂൾസ് തയ്യാറാക്കുമ്പോൾ പൊതുവായി ശ്രദ്ധിക്കപ്പെടുന്നതിനായി ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ എന്തെങ്കിലും ഉത്തരവുകൾ ഉണ്ടായിട്ടുണ്ടോ; എങ്കിൽ ആയത് കരട് സ്പെഷ്യൽ റൂൾസ് തയ്യാറാക്കിയപ്പോൾ പാലിച്ചിട്ടുണ്ടോയെന്നറിയിക്കാമോ?

ഉത്തരം

(എ) ചില അപാകതകൾ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് സ്പെഷ്യൽ റൂൾസിൽ ഭേദഗതി വരുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഇത് സർക്കാരിന്റെ പരിഗണനയിലാണ്.

(സി) & (ഡി) നിരവധി പരാതികൾ ലഭിച്ചിട്ടുണ്ട്. സ്പെഷ്യൽ റൂൾസിന്റെ ഭേദഗതി സംബന്ധിച്ചുള്ള നിർദ്ദേശങ്ങളിന്മേൽ അന്തിമതീരുമാനമാകുന്നതിനുമുമ്പ് പുരാവസ്തു വകുപ്പിന്റെ ആവശ്യങ്ങൾക്ക് ദോഷകരമായി ബാധിക്കാത്ത വിധത്തിൽ ജീവനക്കാർ നല്കിയ പരാതികളിലെ ആവശ്യങ്ങൾ പരിഗണിക്കുന്നതാണ് എന്ന തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

(ഇ) ഇതു സംബന്ധിച്ച നടപടിക്രമങ്ങൾ വ്യക്തമാക്കുന്ന സർക്കുലർ അനുബന്ധമായി ചേർത്തിട്ടുണ്ട്.† കരട് സ്പെഷ്യൽ റൂൾസിന് പി.എസ്.സി.യുടെ അംഗീകാരം ലഭിച്ചു കഴിഞ്ഞു. എന്നാൽ ജീവനക്കാരിൽ നിന്നുള്ള ആവശ്യങ്ങളുടെ അടിസ്ഥാനത്തിൽ വീണ്ടും ഭേദഗതികൾ ആവശ്യമാണോ എന്ന കാര്യം പരിശോധനയിലാണ്.

(എഫ്) വിവരം ശേഖരിച്ചുവരുന്നു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## ബ്യൂട്ടി തെറാപ്പി ലളിതകലകളുടെ പട്ടികയിൽപ്പെടുത്തുന്നതിന് നടപടി

239 [4087] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബ്യൂട്ടി തെറാപ്പി ലളിതകലകളുടെ പട്ടികയിൽപ്പെടുത്തുന്നത് സംബന്ധിച്ചുള്ള എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നു വ്യക്തമാക്കുമോ;

(സി) ബ്യൂട്ടി തെറാപ്പി ലളിതകലകളുടെ പട്ടികയിൽപ്പെടുത്തുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) നിവേദനത്തിലെ ആവശ്യം പരിശോധിക്കുകയും നിവേദകന് മറുപടി നൽകുകയും ചെയ്തു.

(സി) സ്വതന്ത്രമായ സർഗ്ഗാത്മക ആവിഷ്ക്കാരങ്ങൾ സാധ്യമാകുന്ന ചിത്രകല, ശിൽപ്പകല, ഗ്രാഫിക് ആർട്ട് എന്നിവയുടെ കൂട്ടത്തിൽ ബ്യൂട്ടി തെറാപ്പിയെ കണക്കാക്കുവാൻ സാദ്ധ്യമല്ലാത്തതിനാൽ ബ്യൂട്ടി തെറാപ്പിയെ ലളിതകലകളുടെ പട്ടികയിൽ ഉൾപ്പെടുത്തുവാൻ കഴിയുകയില്ല.

## കലാസാഹിത്യകാരൻമാർക്ക് ധനസഹായം വർദ്ധിപ്പിക്കാൻ നടപടി

240 [4088] ശ്രീ. വി. ശിവൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കലാസാഹിത്യകാരന്മാർക്ക് സർക്കാർ അനുവദിക്കുന്ന ധനസഹായം കുറവാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവർക്ക് നിലവിൽ അനുവദിക്കുന്ന പ്രതിമാസ ധനസഹായം വർദ്ധിപ്പിക്കുന്നതിന് നടപടിയെടുക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) പരിശോധിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വേലുത്തമ്പി ദളവാ വിളംബര സ്മാരകത്തിന് ധനസഹായം

241 [4089] ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വേലുത്തമ്പി ദളവ ചരിത്രപ്രസിദ്ധമായ വിളംബര പ്രസംഗം നടത്തിയ കുണ്ടറ ഇളമ്പള്ളൂരിൽ, വിളംബര സ്മാരകം സ്ഥാപിക്കുന്നതിന് കുണ്ടറ വേലുത്തമ്പി ദളവാ സ്മാരക കമ്മിറ്റി സാമ്പത്തിക സഹായത്തിന് അപേക്ഷ സമർപ്പിച്ചിരുന്നോ;

(ബി) എന്നാണ് അപേക്ഷ സമർപ്പിച്ചത്; അതിൻമേൽ എന്തു തീരുമാനം എടുത്തു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സമർപ്പിച്ചിരുന്നു.

(ബി) 27-6-2006-ന് സർക്കാർ ഉത്തരവ് (സാധാ) നമ്പർ 340/2006/സി.എ.ഡി. തീയതി 11-10-2006 പ്രകാരം ഒരു ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

കൊട്ടാരക്കര തമ്പുരാൻ മ്യൂസിയം മാറ്റി സ്ഥാപിക്കുന്നതിന് നടപടി

242 [4090] ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൊട്ടാരക്കര തൃക്കണ്ണമംഗലിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കൊട്ടാരക്കര തമ്പുരാൻ മ്യൂസിയം, കൊട്ടാരക്കര പി.ഡബ്ല്യു. ഡി. റസ്റ്റ്ഹൗസിലെ ഉപയോഗമില്ലാതെകിടക്കുന്ന കെട്ടിടസമുച്ചയത്തിലേക്ക് മാറ്റി സ്ഥാപിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

കേരളാ സ്റ്റേറ്റ് സയൻസ് ആന്റ് ടെക്നോളജി മ്യൂസിയത്തിലെ കരാർ അടിസ്ഥാനത്തിൽ നിയമനം

243 [4091] ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ സ്റ്റേറ്റ് സയൻസ് ആന്റ് ടെക്നോളജി മ്യൂസിയത്തിന്റെ നാലാമത്തെ ഗവേണിംഗ് ബോഡിയിൽ കരാർ അടിസ്ഥാനത്തിൽ ഏതെല്ലാം ജീവനക്കാരെ നിയമിക്കുവാനാണ് അനുമതി നൽകിയതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ ഓരോരുത്തർക്കും എത്ര കാലത്തേക്കാണ് നിയമനം നൽകിയിരുന്നത്;

(സി) ഇതിൽ ആരെല്ലാം ഇപ്പോഴും തുടരുന്നുവെന്ന് വ്യക്തമാക്കുമോ;

(ഡി) ഇപ്രകാരം കരാർ അടിസ്ഥാനത്തിൽ 1990-ൽ നിയമിച്ച ആളുകൾ ഇപ്പോൾ തുടരുന്നത് ഏതു ഉത്തരവ് പ്രകാരമാണെന്ന് വ്യക്തമാക്കാമോ;

(ഇ) ബന്ധപ്പെട്ട മുഴുവൻ ഉത്തരവുകളുടെയും കോപ്പി മേശപ്പുറത്തു വയ്ക്കുമോ?

ഉത്തരം

(എ) & (ബി) പ്ലാനറ്റേറിയം കെട്ടിടനിർമ്മാണത്തിന്റെ മേൽനോട്ടം വഹിക്കുന്നതിന് ഒരു സിവിൽ എൻജിനീയറെ രണ്ടു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് 27-2-1987-ൽ കൂടിയ കേരളാ സ്റ്റേറ്റ് സയൻസ് ആന്റ് ടെക്നോളജി മ്യൂസിയത്തിന്റെ നാലാമത്തെ ഗവേണിംഗ് ബോഡി അംഗീകാരം നൽകിയിരുന്നു. കൂടാതെ ഒരു പ്രോജക്ട് ഓഫീസർ (പ്ലാനിംഗ്) എന്ന തസ്തികയും 3 വർഷത്തേക്ക് അനുവദിച്ചിരുന്നു.

(സി) ഈ തസ്തികയിൽ നിയമിക്കപ്പെട്ട ആരും ഇപ്പോൾ മ്യൂസിയത്തിൽ തുടരുന്നില്ല.

(ഡി) & (ഇ) 1990-ൽ കരാർ അടിസ്ഥാനത്തിൽ ആരെയും നിയമിച്ചിട്ടില്ല.

## കേരളാ സയൻസ് ആന്റ് ടെക്നോളജി മ്യൂസിയത്തിൽ കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ചതിലുള്ള അഴിമതി

244 [4092] ശ്രീ. കെ. സുധാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സയൻസ് ആന്റ് ടെക്നോളജി മ്യൂസിയത്തിൽ 1990-ൽ കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ചതിൽ അഴിമതിയുള്ളതായി ശ്രീ തോമസ് എന്നയാൾ പരാതി നൽകിയിരുന്നോ; എങ്കിൽ ആയതിന് എന്തെല്ലാം തുടർനടപടി കൈക്കൊണ്ടുവെന്ന് വ്യക്തമാക്കാമോ;

(ബി) ഉന്നത വിദ്യാഭ്യാസ വകുപ്പിലെ നമ്പർ 16334/ജി3/90-ാം നമ്പർ പ്രകാരം നിലവിലുണ്ടായിരുന്ന ഫയലിൽ എന്താണ് തീരുമാനം കൈക്കൊണ്ടതെന്ന് വെളിപ്പെടുത്തുമോ;

(സി) കേരളാ സയൻസ് ആന്റ് ടെക്നോളജി മ്യൂസിയത്തിലെ ജീവനക്കാരുടെ നിയമനം സംബന്ധിച്ച് നിലവിൽ എത്ര കേസുകൾ ഏതെല്ലാം കോടതികളിൽ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ഓരോ കേസിന്റെയും നമ്പരും മറ്റും ഇനം തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) പരാതി ലഭിച്ചിരുന്നു. 1990-ൽ കരാർ അടിസ്ഥാനത്തിൽ മ്യൂസിയത്തിൽ ആരെയും നിയമിച്ചിട്ടില്ല.



LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉന്നത വിദ്യാഭ്യാസ വകുപ്പിലെ 16334/ജി3/90-ാം നമ്പർ ഫയൽ തീർപ്പാക്കുകയും ആയത് ചട്ടപ്രകാരം നശിപ്പിച്ചതായും കാണുന്നു. അതിനാൽ വിശദാംശം ലഭ്യമല്ല.

(സി) ആന്റ് (ഡി) ഏഴ് കേസുകൾ നിലവിലുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു:

| | കേസ് നമ്പർ | കോടതി |
|---|---|---|
| 1. | WP No. 22449/03 | ഹൈക്കോടതി, എറണാകുളം |
| 2. | WP(C) No. 32181/03 | ,, |
| 3. | WP(C) No. 8633/04 | ,, |
| 4. | O.P. No. 5385/99 | ,, |
| 5. | WP(C) No. 22856/03 | ,, |
| 6. | WP(C) No. 25228/06 | ,, |
| 7. | WP(C) No. 10997/06 | ,, |

## കേരള സ്റ്റേറ്റ് സയൻസ് ആന്റ് ടെക്നോളജി മ്യൂസിയം പ്ലാനറ്റോറിയത്തിലെ മരാമത്ത് പണികൾ

245 [4093] ശ്രീ. അടൂർ പ്രകാശ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് സയൻസ് ആന്റ് ടെക്നോളജി മ്യൂസിയം പ്ലാനറ്റോറിയം പണിക്ക് 4-ാമത്തെ ഗവേണിംഗ് ബോഡി യോഗത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമിച്ച അസിസ്റ്റന്റ് എഞ്ചിനീയറെ കാലാവധി കഴിഞ്ഞിട്ടും പിരിച്ചു വിടാത്തതെന്തുകൊണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) താൽക്കാലികമായി നിയമിച്ച ജീവനക്കാരനെ മരാമത്ത് പണികൾ തീർന്നിട്ടും പിരിച്ചുവിടാതെ നിലനിർത്തുന്നതിനെക്കുറിച്ച് അക്കൗണ്ടന്റ് ജനറൽ ഓഫീസിലെ സ്പെഷ്യൽ വിംഗ് 22-7-1997-ൽ നടത്തിയ പരിശോധനാ റിപ്പോർട്ടിൻമേൽ നാളിതുവരെയായി എന്തെങ്കിലും തുടർനടപടി കൈക്കൊണ്ടിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(സി) 1-4-1990-ൽ അസിസ്റ്റന്റ് എഞ്ചിനീയറെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചതിൽ അഴിമതി ആരോപിച്ച് ശ്രീ. തോമസ് എന്നയാൾ 20-4-1990-ൽ നൽകിയ പരാതിയിൻമേൽ എന്ത് നടപടി കൈക്കൊണ്ടുവെന്ന് വ്യക്തമാക്കുമോ;

(ഡി) എസ്.റ്റി. എം. നമ്പർ 222/89 തീയതി 11-4-1990-ൽ കരാർ അടിസ്ഥാനത്തിൽ രണ്ട് വർഷത്തേക്ക് നിയമിച്ച അസിസ്റ്റന്റ് എഞ്ചിനീയർ ഇപ്പോഴും മ്യൂസിയത്തിൽ തുടരുന്നത് എന്തുകൊണ്ടെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ബഹു. സുപ്രീംകോടതി വിധിപ്രകാരം ഭരണഘടനയുടെ 14, 16, 309 വകുപ്പ് പ്രകാരം താൽക്കാലിക അടിസ്ഥാനത്തിൽ നിയമിച്ചവരെ പിരിച്ചുവിടാൻ നിർദ്ദേശിച്ചിട്ടുള്ളതുകൊണ്ട് ടിയാനെ മാത്രം നിലനിർത്തുന്നതെന്തുകൊണ്ടെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) ഇത് സംബന്ധിച്ച മുഴുവൻ ഉത്തരവുകളുടെ കോപ്പിയും മേശപ്പുറത്തു വയ്ക്കുമോ ?

ഉത്തരം

(എ) 4-ാമത്തെ ഗവേണിംഗ് ബോഡി യോഗത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി അസിസ്റ്റന്റ് എഞ്ചിനീയറെ നിയമിക്കുവാൻ തീരുമാനം എടുത്തിട്ടില്ല.

(ബി) പ്ലാനറ്റോറിയം മരാമത്ത് പണികൾക്കുവേണ്ടി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നൽകിയ അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയെ സമീപിച്ച ഒ.പി. 14928/96-ലുള്ള വിധിപ്രകാരം മ്യൂസിയത്തിൽ സ്ഥിരം നിയമനം നേടുകയായിരുന്നു. അക്കൗണ്ടന്റ് ജനറൽ രേഖപ്പെടുത്തിയ പരിശോധനാ റിപ്പോർട്ട് ബഹുമാനപ്പെട്ട ഹൈക്കോടതി അംഗീകരിച്ചിരുന്നില്ല.

(സി) ഉന്നത വിദ്യാഭ്യാസ വകുപ്പിലെ ബന്ധപ്പെട്ട 16334/ജി3/90-ാം നമ്പർ ഫയൽ തീർപ്പാക്കുകയും തീർപ്പ് ഫയൽ ചട്ടപ്രകാരം നശിപ്പിച്ചതായും കാണുന്നു. ആയതിനാൽ വിശദാംശം ലഭ്യമല്ല.

(ഡി), (ഇ) ആന്റ് (എഫ്) വിവരം ശേഖരിച്ചുനൽകുന്നതാണ്.

## കേരള സയൻസ് ആന്റ് ടെക്നോളജി മ്യൂസിയത്തിൽ കരാർ നിയമനം

246 [4094] ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ സയൻസ് ആന്റ് ടെക്നോളജി മ്യൂസിയത്തിൽ 10 ദിവസക്കൂലി സ്വീപ്പർമാരെ നോക്കാനായി ഒരു അസിസ്റ്റന്റ് എഞ്ചിനീയറുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥർ നിലവിലുണ്ടോ ;

(ബി) കരാർ അടിസ്ഥാനത്തിൽ 1990-ൽ നിയമിച്ച ഉദ്യോഗസ്ഥരെ എന്തുകൊണ്ടാണ് പിരിച്ചുവിടാത്തതെന്നും ഇപ്പോഴും സർവ്വീസിൽ തുടരുന്നതെന്തുക്കൊണ്ടാണെന്നും വ്യക്തമാക്കുമോ ;

(സി) മ്യൂസിയത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ ഉൾപ്പെടെയുള്ള സിവിൽ വിഭാഗത്തിൽ ഒരോരുത്തരുടെയും ഇനം തിരിച്ചുള്ള ഡ്യൂട്ടി എന്താണെന്ന് വെളിപ്പെടുത്തുമോ ;

(ഡി) സിവിൽ വിഭാഗം ഇക്കഴിഞ്ഞ അഞ്ച് വർഷമായി ചെയ്തിട്ടുള്ള പ്രവൃത്തികൾ എന്തെല്ലാമാണെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) കരാർ അടിസ്ഥാനത്തിൽ 1990-ൽ ആരെയും നിയമിച്ചിട്ടില്ല.

(സി) കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിൽ സിവിൽ വിംഗിൽ ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ, ഒരു സബ് എഞ്ചിനീയർ, ഒരു പ്ലംബർ ട്രെയിനി എന്നിവർ ജോലി നോക്കുന്നുണ്ട്. ഇതിൽ പ്ലംബർ ട്രെയിനി രണ്ടു വർഷം കാലാവധിയുള്ള അപ്രന്റീസ്ഷിപ്പ് ആക്ടിന്റെ കീഴിൽ ആണ്. ഈ മ്യൂസിയത്തിലെ സിവിൽ നിർമ്മാണ പ്രവർത്തികളുടേയും അറ്റകുറ്റപ്പണികളുടേയും പ്ലാനിംഗ് മേൽനോട്ടം, ഉത്തരവാദിത്വം എന്നിവ സിവിൽ വിംഗിൽ നിക്ഷിപ്തമാണ്. കൂടാതെ ആറര ഏക്കർ കാമ്പസിന്റേയും പൂന്തോട്ടത്തിന്റേയും ചുമതല സിവിൽ വിംഗിനാണ്.

(ഡി) സിവിൽ വിഭാഗം ഇക്കഴിഞ്ഞ അഞ്ച് വർഷമായി ചെയ്തിട്ടുള്ള പ്രവർത്തികളുടെ വിവരം താഴെ കൊടുത്തിരിക്കുന്നു.

(1) പാർക്കിംഗ് ഏരിയ നിർമ്മാണം

(2) ഗസ്റ്റ് ഹൗസ് നിർമ്മാണം

(3) ലൈബ്രറി ഹാൾ/ലക്ചർഹാൾ നവീകരണം

(4) സന്ദർശക സൗകര്യങ്ങൾ സജ്ജമാക്കൽ

(5) ത്രീഡി തിയേറ്റർ സജ്ജീകരണം

(6) എഡ്യൂസാറ്റ് ടെർമിനൽ മുറിയുടെ സജ്ജീകരണം

(7) എനർജി പാർക്കിന്റെ നിർമ്മാണത്തിലെ സിവിൽ ജോലികൾ

(8) പ്ലേ പാർക്ക് നിർമ്മാണത്തിലെ സിവിൽ ജോലികൾ

(9) കുട്ടികളുടെ സയൻസ് പാർക്കിലെ ലാന്റ്സ്കേപ്പിംഗ് ജോലികൾ

(10) മ്യൂസിയം പഴയ കെട്ടിടത്തിന്റെ നവീകരണം

(11) ശാസ്ത്രഗ്യാലറികളുടെ നിർമ്മാണത്തിലെ സിവിൽ ജോലികൾ

(12) എക്സിബിഷൻ ബസിന്റെ പാർക്കിംഗ് ഷെഡ്

(13) മ്യൂസിയം കാമ്പസിലെ കുടിവെള്ളക്ഷാമം പരിഹരിക്കാനുള്ള ജോലികൾ

(14) പൂന്തോട്ടത്തിന്റെ പരിപാലനം

(15) ആറ് ഏക്കർ കാമ്പസ്, ഒരു ലക്ഷം ചതുരശ്രയടി കെട്ടിടം എന്നിവയുടെ സംരക്ഷണം, പരിപാലനം, അറ്റകുറ്റപ്പണികൾ എന്നിവയുടെ ചുമതല

(16) പുതിയ പദ്ധതികളുടെ രൂപകൽപ്പനയിൽ സിവിൽ ജോലികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കലും പ്ലാനിംഗും

(17) മ്യൂസിയം കാന്റീൻ നവീകരണവും മേൽനോട്ടവും

(18) ഗാർഡനിംഗ്, ക്ലീനിംഗ് തൊഴിലാളികളുടെ ഭരണ ചുമതല

LIBRARY ARCHIVES Kerala Legislative Assembly

## സയൻസ് ആന്റ് ടെക്നോളജി മ്യൂസിയത്തിലെ പൊതുമരാമത്ത് പണികൾ

247 [4095] ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സയൻസ് ആന്റ് ടെക്നോളജി മ്യൂസിയത്തിൽ പൊതുമരാമത്ത് പണികൾ ചെയ്യുന്നതിലേക്ക് എത്ര ജീവനക്കാർ നിലവിലുണ്ടെന്നും അവർക്ക് എത്ര രൂപ വീതം ശമ്പളം നൽകുന്നുവെന്നും ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇവിടത്തെ മരാമത്ത് പണികൾ ചെയ്യുന്നതിന് മ്യൂസിയം നേരിട്ടാണോ ; അതോ ഏതെങ്കിലും ഏജൻസി വഴിയാണോ ;

(സി) ഇപ്പോൾ ഏതെല്ലാം മരാമത്ത് പണികളാണ് നടക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) കരാർ അടിസ്ഥാനത്തിൽ നിയമിച്ച 10 സ്വീപ്പർമാരെ നിയന്ത്രിക്കുന്നതിന് മാത്രമായി ഒരു അസിസ്റ്റന്റ് എഞ്ചിനീയറും ഒരു സബ് എഞ്ചിനീയറും നിലവിലുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ മരാമത്ത് പണികൾ ഇല്ലാത്ത സാഹചര്യത്തിൽ കരാർ വ്യവസ്ഥയിൽ തുടരുന്ന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഉൾപ്പെടെയുള്ള സിവിൽ വിഭാഗം പിരിച്ചുവിടുന്നതിന് നടപടി കൈക്കൊള്ളുമോ;

(എഫ്) ഈ വിഭാഗം തുടരുന്നതുകൊണ്ട് പ്രതിമാസം എത്ര രൂപ നഷ്ടം സംഭവിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) മ്യൂസിയത്തിലെ മരാമത്ത് പണികൾ ചെയ്യുന്നതിലേക്കായി ഒരു അസിസ്റ്റന്റ് എഞ്ചിനീയറും ഒരു സബ് എഞ്ചിനീയറും നിലവിലുണ്ട്. അവർക്ക് യഥാക്രമം 15,200-ഉം 10,500-ഉം രൂപ വിധം പ്രതിമാസവേതനം നൽകുന്നു.

(ബി) സംസ്ഥാന പൊതുമരാമത്ത് വകുപ്പ്, സംസ്ഥാന നിർമ്മിതികേന്ദ്ര എന്നീ സ്ഥാപനങ്ങൾ വഴിയും ചെറുജോലികൾ മ്യൂസിയം നേരിട്ടുമാണ് ചെയ്യുന്നത്.

(സി) ലക്ഷദ്വീപിലെ പ്ലാനറ്റോറിയത്തിന്റെ കൺസൾട്ടൻസിയും മേൽനോട്ടവും, പ്ലാനറ്റോറിയം സ്കൈ തീയേറ്ററിലെ ഫ്ളോറിംഗ് കാർപ്പറ്റ് വിരിയ്ക്കൽ, മ്യൂസിയം. പ്ലാനറ്റോറിയം എന്നീ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ എന്നീ മരാമത്ത് പണികൾ നടന്നുവരുന്നു.

(ഡി) ഇല്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

(എഫ്) മ്യൂസിയത്തിന് നഷ്ടം സംഭവിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

## പ്രാചീന തമിഴ്ഗ്രന്ഥങ്ങളുടെ മലയാള പരിഭാഷ

248 [4096] ശ്രീ. കെ. ശിവദാസൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാചീന കേരള സംസ്ക്കാരവുമായി അടുത്ത ബന്ധമുള്ള തമിഴ് ഗ്രന്ഥങ്ങളായ മധുരൈ കാഞ്ചി, തിരുവായ്മൊഴി, നാലായിര പ്രബന്ധം, മുകുന്ദമാല തുടങ്ങിയവ മലയാളത്തിലേക്ക് തർജ്ജമ ചെയ്യുന്നതിന് സാംസ്കാരിക വകുപ്പിന് പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം നൽകാമോ;

(ബി) ഇല്ലെങ്കിൽ ഈ പദ്ധതി അടിയന്തിര പ്രാധാന്യത്തോടെ നടപ്പിലാക്കുമോ?

### ഉത്തരം

(എ) ഇല്ല.

(ബി) പരിശോധിക്കാവുന്നതാണ്.

## സർവ്വവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രസിദ്ധീകരണങ്ങൾ

249 [4097] ശ്രീ. വി. ശശികുമാർ:
„ എ. പ്രദീപ്കുമാർ:
„ മുരളി പെരുനെല്ലി:
„ മഞ്ഞളാംകുഴി അലി:
„ കൃഷ്ണപ്രസാദ്: താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ട് ഇതിനകം സർവ്വവിജ്ഞാനകോശത്തിന്റേയും വിശ്വസാഹിത്യ വിജ്ഞാനകോശത്തിന്റേയും എത്ര വാല്യങ്ങൾ പ്രസിദ്ധീകരിച്ചു;

(ബി) ഇവയുടെ പ്രസിദ്ധീകരണം എന്നത്തേയ്ക്ക് പൂർത്തിയാകും;

(സി) നേരത്തെ പ്രസിദ്ധീകരിച്ച വാല്യങ്ങളിൽ കാലാനുസൃതമായ മാറ്റം വരുത്തുന്നതിന് പദ്ധതിയുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ഡി) പ്രസിദ്ധീകരിച്ച എല്ലാ വാല്യങ്ങളും വിറ്റഴിച്ചിട്ടുണ്ടോ; വിൽപ്പന വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

### ഉത്തരം

(എ) സർവ്വവിജ്ഞാനകോശത്തിന്റെ 13 വാല്യങ്ങളും വിശ്വസാഹിത്യവിജ്ഞാനകോശത്തിന്റെ 5 വാല്യങ്ങളും പ്രസിദ്ധീകരിച്ചു.

(ബി) സർവ്വവിജ്ഞാനകോശത്തിന്റെ 20-ാം വാല്യം 2012-ലും വിശ്വസാഹിത്യ വിജ്ഞാനകോശത്തിന്റെ 10-ാം വാല്യം 2010-ലും പ്രസിദ്ധീകരിക്കുവാൻ കഴിയും.

LIBRARY ARCHIVES Kerala Legislative Assembly

(സി) സർവ്വവിജ്ഞാനകോശത്തിന്റെ 1 മുതൽ 10 വരെയുള്ള വാല്യങ്ങൾ പരിഷ്ക്കരിക്കുന്നതിനുള്ള പ്രവർത്തനം ആരംഭിച്ചു.

(ഡി) വിറ്റഴിച്ചിട്ടുണ്ട്. ഇൻസ്റ്റിറ്റ്യൂട്ടിന്റെ വിൽപ്പന വിഭാഗത്തിനും കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റിക്കും പുറമേ ഡി. സി. ബുക്ക്സ്, പൂർണ്ണാ പബ്ളിക്കേഷൻസ് എന്നീ സ്ഥാപനങ്ങളെ ഏജൻസികളായി നിയോഗിച്ചും പുതിയതായി പ്രൊമോട്ടർമാരെ നിയമിച്ചും വിൽപ്പന വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## പുതിയ താലൂക്കുകളുടെ രൂപീകരണം

250 [4098] ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പതിനാറ് പുതിയ താലൂക്കുകൾ രൂപീകരിക്കുവാൻ സർക്കാർ തീരുമാനം എടുത്തിട്ടുണ്ടോ ; എന്നാണ് ഇത് സംബന്ധിച്ച് തീരുമാനമെടുത്തതെന്ന് വ്യക്തമാക്കാമോ ; ഏതെല്ലാം താലൂക്കുകളാണ് രൂപീകരിക്കുന്നതെന്നും ഇവയുടെ ആസ്ഥാനം ഏതാണെന്നും വെളിപ്പെടുത്താമോ ;

(ബി) കോഴിക്കോട് ജില്ലയിൽ പുതുതായി ഏതെല്ലാം താലൂക്കുകളാണ് രൂപീകരിക്കുന്നത് ; ഇവയിൽ ഉൾപ്പെടുന്ന പഞ്ചായത്തുകളുടെ പേര് വ്യക്തമാക്കാമോ ;

(സി) ഇതു സംബന്ധിച്ച സർക്കാർ ഉത്തരവ് ലഭ്യമാക്കാമോ ;

(ഡി) ബ്ലോക്ക് പഞ്ചായത്തുകളുടെ അടിസ്ഥാനത്തിൽ താലൂക്കുകൾ പുന:സംഘടിപ്പിക്കാൻ നിർദ്ദേശമുണ്ടോ ;

(ഇ) അസംബ്ലി നിയോജകമണ്ഡലങ്ങൾ പുനഃസംഘടിപ്പിക്കുവാൻ തീരുമാനമായിട്ടുള്ള സാഹചര്യങ്ങൾ ഇതിനനുസൃതമായി താലൂക്ക് വിഭജനം പുനരാലോചിക്കുവാൻ സർക്കാർ തയ്യാറാകുമോ ?

### ഉത്തരം

(എ) ഈ സർക്കാർ പുതിയ താലൂക്കുകളുടെ രൂപീകരണം സംബന്ധിച്ച് നയപരമായ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(ബി, സി, ഡി & ഇ) സംസ്ഥാനത്തെ ഓരോ പ്രദേശങ്ങളുടേയും ഭൂപ്രകൃതി, ജനസംഖ്യ, പ്രദേശങ്ങളുടെ പിന്നോക്കാവസ്ഥ, നിലവിലുള്ള പഞ്ചായത്ത് ത്രീടയർ സിസ്റ്റം തുടങ്ങിയ വിവിധ കാര്യങ്ങൾ വിശദമായി പരിശോധിച്ച് നയപരമായ തീരുമാനം കൈക്കൊണ്ടതിനുശേഷമേ പുതിയ താലൂക്കുകളുടെ രൂപികരണം സാദ്ധ്യമാവുകയുള്ളൂ.

## കളക്ടറേറ്റുകളിലെ പരാതി പരിഹാരസെൽ

251 [4099] ശ്രീമതി പി. അയിഷാപോറ്റി : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ കളക്ടറേറ്റുകളിലും താലൂക്കാഫീസുകളിലും അന്വേഷണ കൗണ്ടർ/പൊതുജനപരാതി പരിഹാരസെൽ ആരംഭിച്ചതുകൊണ്ട് എന്തെല്ലാം സേവനം ഇതുവഴി പൊതുജനങ്ങൾക്ക് ലഭ്യമാകുന്നുവെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

കളക്ടറേറ്റിലും താലൂക്കാഫീസുകളിലും അന്വേഷണ കൗണ്ടർ/പൊതുജന പരാതി പരിഹാരസെൽ ആരംഭിച്ചതുകൊണ്ട് പൊതുജനങ്ങൾക്ക് ആവശ്യമായ നിർദ്ദേശങ്ങളും ഉപദേശങ്ങളും നൽകുവാൻ സാധിക്കുന്നു. പൊതുജനങ്ങളുടെ പരാതികൾ കൗണ്ടറിൽ സ്വീകരിച്ച് രജിസ്റ്ററിലും കമ്പ്യൂട്ടറിലും ചേർത്ത് പരാതി നമ്പരും, കൈപ്പറ്റ് രസീതും നൽകുന്നു. വിവിധയിനം സർട്ടിഫിക്കറ്റുകൾ കാലതാമസം കൂടാതെ വിതരണംചെയ്യുന്നതിന് സാധിക്കുന്നു. പൊതുജനങ്ങളുടെ പരാതികൾ സമയബന്ധിതമായി പരിഹരിക്കുവാൻ സാധിക്കുന്നു.

ജില്ലാ കളക്ടറേറ്റുകളിലെ അന്വേഷണ കൗണ്ടർ/പൊതുജനപരാതി പരിഹാര സെൽ എന്നിവ പൂർണ്ണമായും ജില്ലാ കളക്ടറുടെ നേരിട്ടുള്ള നിയന്ത്രണത്തിലും മേൽനോട്ടത്തിലുമായതിനാൽ ലഭിക്കുന്ന ഓരോ അപേക്ഷയിലും ജില്ലാ കളക്ടറുടെ പ്രത്യേക ശ്രദ്ധ പതിപ്പിച്ച് പരാതി ഒട്ടും കാലതാമസംകൂടാതെ പരിഹരിക്കുവാൻ സാധിക്കുന്നു. പരാതി പരിഹരിക്കുവാൻ കഴിയാത്ത കേസുകളിൽ പരാതികക്ഷിക്ക് ഇക്കാര്യത്തിന് വിശദമായ മറുപടി നൽകുവാനും പരാതി പരിഹാര സെൽവഴി സാധിക്കുന്നു. പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടാൽ പരിഹരിക്കുന്നതാണ്.

റിവർമാനേജ്മെന്റ് ബോർഡിന്റെ പ്രവർത്തനം

252 [4100] ശ്രീ. കെ. പി. മോഹനൻ :
,, എ. കെ. ശശീന്ദ്രൻ :
,, പി. എം. എ. സലാം :
,, ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജില്ലകളിൽ പ്രവർത്തിക്കുന്ന റിവർ മാനേജുമെന്റ് ബോർഡ് ഇപ്പോൾ ഫലപ്രദമായ പ്രവർത്തനം നടത്തുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവയുടെ പ്രവർത്തനം ത്വരിതപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ & ബി) കമ്മിറ്റിയുടെ പ്രവർത്തനം തൃപ്തികരമായിരുന്നില്ല. കൂടുതൽ ഫലപ്രദമായി പ്രവർത്തിക്കുന്നതിന് കഴിയുംവിധം ജില്ലാതല കമ്മിറ്റികൾ പുനഃസംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

പെരിയാറിൽനിന്നും അനധികൃത മണൽവാരൽ

253 [4101] ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരിയാറിൽനിന്ന് മണൽവാരുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും അത് ലംഘിച്ച് മണൽവാരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇങ്ങനെ അനധികൃമായി മണൽവാരുന്നതുകൊണ്ട് സർക്കാരിലേക്ക് ലഭിക്കേണ്ട തുകയിൽ ഉണ്ടായിട്ടുള്ള കുറവ് എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനധികൃത മണൽവാരൽ തടയാത്തതുമൂലം ഖജനാവിലേക്ക് ലഭിക്കേണ്ട തുകയിൽ വന്ന കുറവ് എത്രയാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. അനധികൃത മണൽവാരൽ തടയുന്നതിന് കർശന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അനധികൃതമായി വാരുകയും കടത്തുകയും ചെയ്യുന്ന മണൽ കസ്റ്റഡിയിലെടുത്ത് സർക്കാരിലേക്ക് മുതൽകൂട്ടുകയും കക്ഷികൾക്ക് പിഴ ചുമത്തുകയും ചെയ്യുന്നുണ്ട്.

(ബി) അനധികൃതമായി മണൽവാരുന്നതുമൂലം സർക്കാരിന് നഷ്ടം സംഭവിക്കുന്നുണ്ട്. ചട്ടലംഘനം നടത്തുന്നവരിൽനിന്നും ഉയർന്ന പിഴ തുകയും മണൽ വിലയും ഈടാക്കി വരുന്നുണ്ട്.

(സി) അനധികൃതമായി നടക്കുന്ന പ്രവർത്തനമായതിനാൽ ഇത്തരത്തിൽ വാരുന്ന മണലിന്റെ കൃത്യമായ കണക്ക് ശേഖരിക്കാനോ പൂർണ്ണമായ നഷ്ടം തിട്ടപ്പെടുത്താനോ കഴിയുന്നതല്ല. ജില്ലാ തലത്തിൽ രൂപീകരിച്ചിട്ടുള്ള വിദഗ്ദ്ധകമ്മിറ്റി ഇതിനുള്ള നടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകുന്നതാണ്.

കൃഷിക്കാർക്കുള്ള ആനുകൂല്യങ്ങൾ

254 [4102] ശ്രീ. എസ്. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിക്ഷോഭങ്ങൾമൂലം കൃഷിനാശം സംഭവിക്കുന്ന കൃഷിക്കാർക്കുള്ള ആനുകൂല്യങ്ങൾ വിതരണം ചെയ്യാൻ വളരെയേറെ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കാലതാമസം ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) കൃഷിനാശം സംഭവിച്ചതിനുശേഷം കൃഷിഭവൻവഴി കൊടുക്കുന്ന അപേക്ഷ കൃഷിവകുപ്പ് പരിശോധിച്ച് തിട്ടപ്പെടുത്തി അതത് ജില്ലയിലെ പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് സമർപ്പിക്കുകയും, അതിൽ സൂക്ഷ്മപരിശോധന നടത്തി, നിലവിലുള്ള മാനദണ്ഡമനുസരിച്ചുള്ള ധനസഹായത്തിനായി ജില്ലാ കളക്ടറെ സമീപിക്കുകയും ജില്ലാ കളക്ടർ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ധനസഹായം അനുവദിക്കുകയും ചെയ്യുന്നു. ഇത്തരത്തിലുള്ള നടപടിക്രമങ്ങൾ അനിവാര്യമായതിനാലാണ് കാലതാമസം നേരിടുന്നത്. എന്നാലും, എത്രയുംവേഗം ആനുകൂല്യങ്ങൾ വിതരണം ചെയ്യാൻവേണ്ട നിർദ്ദേശങ്ങൾ നൽകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പൂവൻവാഴ കൃഷിനാശത്തിന് നഷ്ടപരിഹാരം

T254 [4103] പ്രൊഫ. സി. രവീന്ദ്രനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലവർഷക്കെടുതിയിൽ കൃഷിനാശം സംഭവിച്ച നേന്ത്രവാഴകൃഷിക്ക് നഷ്ടപരിഹാരം നൽകുന്നുണ്ടോ;

(ബി) നേന്ത്രവാഴയേക്കാൾ കൃഷിച്ചെലവുള്ള പൂവൻവാഴ നശിച്ചാൽ നഷ്ടപരിഹാരം നൽകാത്തത് എന്തുകൊണ്ട്;

(സി) ഇതു പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രകൃതിക്ഷോഭംമൂലം നാശനഷ്ടം ഉണ്ടാകുന്ന എല്ലാ ഇനം വാഴകൾക്കും പ്രകൃതിക്ഷോഭ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിച്ചു വരുന്നു. ഇതിൽ കുലച്ച വാഴയ്ക്ക് 25 രൂപയും കുലയ്ക്കാത്ത വാഴയ്ക്ക് 12 രൂപയും ധനസഹായം നൽകുന്നുണ്ട്.

(സി) ചോദ്യം പ്രസക്തമല്ല.

കാലവർഷക്കെടുതിക്ക് ധനസഹായം

T255 [4104] ശ്രീ മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാലവർഷക്കെടുതിയിൽ കൃഷിനാശൾ സംഭവിച്ച കർഷകർക്ക് സഹായംനൽകുന്ന പദ്ധതിപ്രകാരം ഈ വർഷം മണലൂർ നിയോജകമണ്ഡലത്തിൽ എത്രപേർക്ക് സഹായധനം അനുവദിച്ചു എന്നറിയിക്കാമോ?

ഉത്തരം

133 പേർക്ക്

കാലവർഷക്കെടുതിയിൽ വീടും കിണറും താഴ്ന്നുപോയ ആളുകൾക്കുള്ള നഷ്ടപരിഹാരം

T256 [4105] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലവർഷത്തിന്റെ ഭാഗമായി സംസ്ഥാനത്ത് വീടുകളും കിണറുകളും താഴ്ന്നുപോകുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇങ്ങനെ നഷ്ടം സംഭവിച്ച ആളുകൾക്ക് എന്ത് സഹായമാണ് നൽകിവരുന്നത് എന്ന് വ്യക്തമാക്കുമോ;

---

'T' മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

(സി) കുന്ദമംഗലം നിയോജകമണ്ഡലത്തിൽ 2006 ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള കാലഘട്ടത്തിൽ താഴ്ന്നുപോയ കിണറുകളുടേയും വീടുകളുടേയും എണ്ണം എത്രയെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ ;

(ഡി) ഓരോ ആളുകൾക്കും അനുവദിച്ച നഷ്ടപരിഹാര തുക എത്രയെന്ന് വിശദമാക്കുമോ ;

(ഇ) വീട് താഴ്ന്നുപോയ അബ്ദുൾ സത്താർ, വട്ടംപറമ്പിൽ, മുറിയനാൽ, കുന്ദമംഗലം. എന്നയാളിന്റെ നഷ്ടപരിഹാരം സംബന്ധിച്ച അപേക്ഷയിൽ കൈക്കൊണ്ട നടപടി വിശദീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കിണർ പൂർണ്ണമായും തകർന്നാൽ അനുവദിക്കുന്ന പരമാവധി ധനസഹായം 5,000 രൂപയാണ്. ഭാഗികമാണെങ്കിൽ നഷ്ടത്തിന്റെ വ്യാപ്തിക്കനുസരിച്ചാണ് നഷ്ടപരിഹാരം അനുവദിക്കുന്നത്. വീടുകൾ പൂർണ്ണമായും തകർന്നാൽ 15,000 രൂപയും ഭാഗികമായി തകർന്നാൽ പരമാവധി 5,000 രൂപവരെയും നൽകിവരുന്നു.

(സി) വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഡി) 491 പേർക്ക് 14,76,225 രൂപ നൽകിയിട്ടുണ്ട്.

(ഇ) കുന്ദമംഗലം വില്ലേജിലെ അബ്ദുൾ സത്താറിന്റെയും ഭാര്യയുടേയും കൈവശത്തിലുള്ള വീട് നിർമ്മാണത്തിലിരിക്കെ തകർന്നതിനാൽ സി. ആർ. എഫ്. മാനദണ്ഡപ്രകാരം ധനസഹായം അനുവദിക്കാൻ വ്യവസ്ഥയില്ല.

കണ്ണൂർ ജില്ലയിൽ പ്രകൃതിക്ഷോഭംമൂലം ഉണ്ടായ നാശനഷ്ടങ്ങൾ

T257 [4106] ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2006 മേയ് 1-നുമുമ്പ് കണ്ണൂർ ജില്ലയിൽ പ്രകൃതിക്ഷോഭംമൂലം നാശനഷ്ടം സംഭവിച്ച കൃഷിക്കാർക്ക് നഷ്ടപരിഹാരമായി എത്ര രൂപ ഇനിയും നൽകാനുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത തുക എന്നത്തേക്ക് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 42,35,437 രൂപ.

(ബി) ജില്ലാ കളക്ടറുടെ ശുപാർശപ്രകാരമുള്ള തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

† അനുബന്ധം VI

'T' മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

## കണ്ണൂർ ജില്ലയിൽ പ്രകൃതിദുരന്തത്തിൽ നാശനഷ്ടം സംഭവിച്ചവർക്കുള്ള കുടിശ്ശിക

T258 [4107] ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004-2006 വർഷത്തിൽ കണ്ണൂർ ജില്ലയിൽ പ്രകൃതി ദുരന്തത്തിൽ നാശനഷ്ടം സംഭവിച്ച ആളുകൾക്ക് നഷ്ടപരിഹാരം നൽകാൻ കുടിശ്ശികയുണ്ടോ ;

(ബി) എങ്കിൽ എത്ര ആളുകൾക്ക് കുടിശ്ശിക നൽകാനുണ്ട് ; തുക എത്രയാണ് ;

(സി) ഏതെല്ലാം വർഷങ്ങളിലെ കുടിശ്ശികയാണ് നൽകാനുള്ളത് ;

(ഡി) കുടിശ്ശിക നൽകാനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) ഉണ്ട്.

(ബി) 5,630 പേർക്ക് 58,02,837 രൂപ കുടിശ്ശികയുണ്ട്.

(സി) 2004-2005, 2005-2006 വർഷങ്ങളിലെ കുടിശ്ശികയാണ് നൽകാനുള്ളത്.

(ഡി) ജില്ലാ കളക്ടറുടെ ശുപാർശ പ്രകാരമുള്ള തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

## സജീവന്റെ കുടുംബത്തെ സഹായിക്കാൻ നടപടി

T259 [4108] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിങ്ങളം നിയോജകമണ്ഡലത്തിൽ ചൊക്ലി വില്ലേജിലെ ഒളവിലത്ത് കുഞ്ഞിപ്പുരയിൽ കൃഷ്ണന്റെ മകൻ സജീവൻ വെള്ളപ്പൊക്കത്തിൽ മുങ്ങിമരണപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നിർദ്ധനരായ സജീവന്റെ കുടുംബത്തെ സഹായിക്കാൻ വേണ്ടി നൽകിയ അപേക്ഷയിൻമേൽ എന്തു നടപടി സ്വീകരിച്ചെന്ന് വെളിപ്പെടുത്തുമോ ?

### ഉത്തരം

(എ) ഉണ്ട്.

(ബി) പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽ നിന്നും 50,000 രൂപ ധനസഹായമായി നൽകിയിട്ടുണ്ട്.

'T' മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

## ഈട്ടിമരങ്ങൾ ഏറ്റെടുത്ത് വിൽപ്പന നടത്താൻ നടപടി

T260 [4109] ശ്രീ. കെ. സി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വയനാട് ജില്ലയിൽ മാനന്തവാടി താലൂക്കിൽ ഉൾപ്പെട്ട വെള്ളമുണ്ട റീ. സ. 622/14 എ-യിൽപ്പെട്ട പട്ടയം അനുവദിച്ചിട്ടുള്ള ഭൂമിയിലെ ഈട്ടി മരങ്ങൾ ഭൂരി ഭാഗവും ഉണങ്ങിയും കാറ്റത്ത് കടപുഴകിയും കൃഷിഭൂമിയിൽ കിടന്ന് നശിച്ചുകൊണ്ടി രിക്കുന്നതിനാൽ അവ ഏറ്റെടുത്ത് വിൽപ്പന നടത്തി കൃഷിക്കാർക്ക് ന്യായമായ വിഹിതം കൊടുത്തുകൊണ്ട് അവരുടെ ബാധ്യതയിൽ നിന്ന് ഒഴിവാക്കിക്കൊടുക്കുന്ന തിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

### ഉത്തരം

10-11-1999-ലെ സർക്കാർ ഉത്തരവ് ജി. ഒ. (എംഎസ്.) നമ്പർ 441/99/ആർ.ഡി പ്രകാരം പട്ടയ ഭൂമിയിലെ റിസർവ്വ് മരങ്ങൾ വനം വകുപ്പ് ലേലം ചെയ്ത് പണം ബന്ധപ്പെട്ട അക്കൗണ്ടിലേക്ക് ഒടുക്കുകയാണ് ചെയ്യുന്നത്. പട്ടയ ഭൂമിയിലെ വീണു കിടക്കുന്ന മരങ്ങൾ ലേലം ചെയ്യാനുള്ള നടപടി റവന്യൂ, വനം വകുപ്പുകൾ സ്വീകരിച്ച് വരുന്നുണ്ട്. വയനാട് കോളനൈസേഷൻ സ്കീം ഒഴികെ മറ്റ് പട്ടയഭൂമിയിൽ നിന്നും മരം മുറിക്കുമ്പോൾ കർഷകർക്ക് നഷ്ടപരിഹാരമോ മറ്റൊന്നുമോ നൽകാറില്ല. പട്ടയ ഭൂമിയിൽ നിൽക്കുന്നതോ വീണുകിടക്കുന്നതോ ആയ മരങ്ങൾ സംരക്ഷിക്കാനുള്ള ബാദ്ധ്യത ഉടമസ്ഥനുണ്ട്.

## പാറശ്ശാല മണ്ഡലത്തിൽ സർക്കാർ ഏറ്റെടുത്ത ഭൂമി

261 [4110] ശ്രീ. ആർ. സെൽവരാജ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിൽ സർക്കാർ ഏതൊക്കെ ആവശ്യ ങ്ങൾക്ക് വേണ്ടിയാണ് ഭൂമി ഏറ്റെടുത്തിട്ടുള്ളത് ; പ്രസ്തുത ഭൂമി അതേ ആവശ്യത്തിന് തന്നെയാണോ വിനിയോഗിച്ചതെന്ന് വ്യക്തമാക്കാമോ ;

(ബി) കൊല്ലയിൽ ഗ്രാമപഞ്ചായത്തിൽ 1985-ൽ മത്സ്യത്തൊഴിലാളികളുടെ പുനരുദ്ധാരണത്തിന് എത്ര സെന്റ് ഭൂമി ഏറ്റെടുത്തുവെന്ന് വെളിപ്പെടുത്താമോ ;

(സി) ഇതിൽ എത്രപേർക്ക് ഭൂമി പതിച്ച് കൊടുത്തുവെന്ന് വ്യക്തമാക്കാമോ ;

(ഡി) ബാക്കിയുള്ള ഭൂമി സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) തിരുപുറം വില്ലേജിൽ 2.18 ആർ സ്ഥലം മാവിളക്കടവ് പാലത്തിനായി ഏറ്റെടുത്തിട്ടുണ്ട്. റെയിൽവേയ്ക്കുവേണ്ടി പാറശ്ശാല വില്ലേജിൽ 14.90 ആർ സ്ഥലവും പരശുവയ്ക്കൽ വില്ലേജിൽ 0.85 ആർ സ്ഥലവും ഏറ്റെടുത്തിട്ടുണ്ട്. ഏറ്റെടുത്ത ഭൂമി അതാത് ആവശ്യങ്ങൾക്ക് വേണ്ടിയാണ് വിനിയോഗിക്കുന്നത്.

(ബി, സി & ഡി) കൊല്ലയിൽ വില്ലേജിൽ ബ്ലോക്ക് നമ്പർ 42-ൽ 52.36 ആർ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. ഇതിൽ 2.02 ആർ സ്ഥലം ഒരു വ്യക്തിക്ക് പതിച്ചു നൽകി യിട്ടുണ്ട്. ബാക്കിയുള്ള ഭൂമി വില്ലേജ് ആഫീസറുടെ മേൽനോട്ടത്തിലും സംരക്ഷണത്തി ലുമാണ്.

---

'T' മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

## എം. പി. അപ്പൻ റോഡിലെ മലിനീകരണംമൂലമുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുള്ള നടപടി

262 [4112] ശ്രീ. എ. പി. അനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ വഴുതയ്ക്കാട് എം. പി. അപ്പൻ റോഡിൽ നിന്നാരംഭിച്ച് കിള്ളിയാറിൽ ചെന്നു ചേരുന്ന ഓടയിൽ നിന്നുള്ള മലിനീകരണവും ദുർഗ്ഗന്ധവുംമൂലം പരിസരവാസികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിലേക്കായി ജില്ലാ കളക്ടർ അദ്ധ്യക്ഷനായുള്ള കോ-ഓർഡിനേഷൻ കമ്മിറ്റി നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് ഓംബുഡ്സ്മാൻ നൽകിയ ഉത്തരവ് പ്രകാരം ഇതുവരെ എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടതെന്ന് വെളിപ്പെടുത്തുമോ;

(ബി) നടപടികൾ കൈക്കൊണ്ടിട്ടില്ലെങ്കിൽ ഇതിനുള്ള കാരണമെന്തെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത ഉത്തരവുപ്രകാരം ഇനി എന്ന് നടപടികൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിലെ വഴുതയ്ക്കാട് എം. പി. അപ്പൻ റോഡിൽ നിന്നും ആരംഭിച്ച് കിള്ളിയാറിൽ ചെന്നുചേരുന്ന ഓടയിൽ നിന്നുള്ള മലിനീകരണവും ദുർഗ്ഗന്ധവുംമൂലം പരിസരവാസികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിലേക്കായി ജില്ലാ കളക്ടർ അദ്ധ്യക്ഷനായുള്ള കോ-ഓർഡിനേഷൻ കമ്മിറ്റി നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ടുള്ള ഒംബുഡ്സ്മാൻ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത് സംബന്ധിച്ച് എം. പി. അപ്പൻ നഗർ റസിഡന്റ്സ് അസോസിയേഷൻ ബഹുമാനപ്പെട്ട ഓംബുഡ്സ്മാൻ കോടതി മുമ്പാകെ 964/05 നമ്പരായി ഫയൽ ചെയ്ത കേസ് 17-5-2006-ന് പരാതിക്കാരൻ ഹാജരാകാത്തതിനാൽ തള്ളിക്കൊണ്ട് ഉത്തരവായിട്ടുണ്ട്.

(ബി, സി) ഇതിന്മേൽ നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ടുള്ള ഉത്തരവ് കളക്ടറേറ്റിലോ തിരുവനന്തപുരം നഗരസഭയിലോ ലഭിച്ചിട്ടില്ല.

എന്നിരുന്നാലും എം.പി. അപ്പൻ റോഡിലെ ഓടയിൽ കുറേഭാഗം സ്ളാബിടുന്നതിനും മറ്റ് അനുബന്ധ പണികൾക്കുമായി 4 ലക്ഷം രൂപയുടെ ഒരു പ്രവൃത്തി തീരപഥം പദ്ധതിയിൽ, അനുമതി ലഭിക്കുകയും അത് നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നതായും വൻകിട ജലസേചനവിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

കൂടാതെ ഹീരാ അപ്പാർട്ട്മെന്റിൽ നിന്നും മറ്റ് ചില വീടുകളിൽ നിന്നും ഓടയിലേക്ക് കൊടുത്തിരുന്ന സ്വീവേജ് പൈപ്പ് മാറ്റിയിട്ടുള്ളതും ഹീരാ അപ്പാർട്ട്മെന്റ് സോക്പിറ്റുകൾ നിർമ്മിച്ചു പ്രശ്നം പരിഹരിച്ചിട്ടുള്ളതുമാണ്. അവർ സ്വീവറേജ് കണക്ഷന് വാട്ടർ അതോറിറ്റിയിൽ തുക അടച്ചിട്ടുമുണ്ട്.

നക്ഷത്രചിഹ്നമിടാത്ത 4111-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

## റവന്യൂവകുപ്പിലെ ടൈപ്പിസ്റ്റുകളെ വില്ലേജ് ഓഫീസുകളിൽ പുനർവിന്യാസം നടത്താൻ നടപടി

263 [4114] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വില്ലേജ് ഓഫീസുകളിലെ ജോലിഭാരം കണക്കിലെടുത്ത് കമ്പ്യൂട്ടർ പ്രവർത്തിപ്പിക്കുന്നതിന് പരിശീലനം ലഭിച്ച റവന്യൂവകുപ്പിൽതന്നെയുള്ള ടൈപ്പിസ്റ്റുകളെ വില്ലേജ് ഓഫീസുകളിൽ പുനർവിന്യാസം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

### ഉത്തരം

സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളിൽ കമ്പ്യൂട്ടർ പ്രവർത്തിപ്പിക്കുന്നതിന് പരിശീലനം ലഭിച്ച ടൈപ്പിസ്റ്റുകളെ പുനർവിന്യാസിക്കാൻ റവന്യൂവകുപ്പിൽ ടൈപ്പിസ്റ്റുകളുടെ എണ്ണം തീരെ കുറവാണ്. മാത്രവുമല്ല വില്ലേജ് ഓഫീസുകളിൽ ടൈപ്പിസ്റ്റുകളുടെ തസ്തികയില്ല. ഇതു സംബന്ധിച്ച നിർദ്ദേശങ്ങളൊന്നും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## സർക്കാർ ജീവനക്കാരുടെ സർവ്വീസ് ബുക്ക് നഷ്ടപ്പെട്ട സംഭവം

264 [4116] ശ്രീ. തോമസ് ഉണ്ണിയാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ സർവ്വീസ് ബുക്ക് നഷ്ടപ്പെട്ടാൽ അത് പുനർനിർമ്മിക്കുന്നതിന് സ്വീകരിക്കുന്ന നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(ബി) തൃശ്ശൂർ കളക്ടറേറ്റിൽ രണ്ട് ജീവനക്കാരുടെ സർവ്വീസ് ബുക്ക് നഷ്ടപ്പെട്ട വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഈ സംഭവത്തിന് ഉത്തരവാദികളായവരുടെ പേര് വിവരം വെളിപ്പെടുത്താമോ ;

(ഡി) ഇവരുടെ പേരിൽ ശിക്ഷാനടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

### ഉത്തരം

(എ) സർവ്വീസ് പുസ്തകത്തിന്റെ സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പ് ജീവനക്കാരൻ സൂക്ഷിച്ചിട്ടുണ്ടെങ്കിൽ അതുപയോഗിച്ച് പുതിയ സേവന പുസ്തകം തയ്യാറാക്കാവുന്നതാണ്. അല്ലാത്തപക്ഷം സർവ്വീസ് പുസ്തകം തിരിച്ചുകിട്ടാത്തവിധം നഷ്ടപ്പെട്ടു എന്നു ബോദ്ധ്യമായാൽ മേലധികാരിയുടെ അനുമതിയോടെ ടി ജീവനക്കാരൻ നാളിതുവരെ ജോലി ചെയ്തിരുന്ന ഓഫീസുകളിലെ രേഖകളുടെയും ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകളുടെയും അടിസ്ഥാനത്തിൽ പുതിയ സേവന പുസ്തകം തയ്യാറാക്കാവുന്നതാണ്.

---

4115-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി-ഡി) തൃശൂർ കലക്ടറേറ്റിൽ ജീവനക്കാരുടെ സേവന കാര്യങ്ങൾ കമ്പ്യൂട്ടർ വത്കരിക്കുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടർ വിഭാഗത്തിലേക്ക് കൈമാറിയ സേവന പുസ്തകങ്ങളിൽ ഒരെണ്ണം കാണാതായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാര്യമായ തിരച്ചിൽ നടത്തിയിട്ടും സേവന പുസ്തകം കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ഈ കാലഘട്ടത്തിൽ എം.ജി.പി.യുമായി ബന്ധപ്പെട്ട് ഇടയ്ക്കിടെ ജോലി സ്ഥലം മാറിക്കൊണ്ടിരുന്നതും പുസ്തകം നഷ്ടപ്പെടാൻ കാരണമായിട്ടുണ്ട്. സേവന പുസ്തകം കണ്ടെത്താൻ കഴിയാത്ത സാഹചര്യത്തിൽ പുതിയ സേവന പുസ്തകം ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

## പെരിങ്ങത്തൂർ വില്ലേജ് വിഭജനം

265 [4117] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി താലൂക്കിലെ പെരിങ്ങത്തൂർ വില്ലേജ് വിഭജനം നടക്കാത്തത് കാരണം പൊതുജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വില്ലേജ് വിഭജനം നടത്താനുള്ള നടപടി ഏതുവരെ എത്തിയെന്ന് വിശദീകരിക്കുമോ;

(സി) വില്ലേജിന്റെ വിഭജനം എപ്പോൾ പ്രായോഗികമാകുമെന്ന് വെളിപ്പെടുത്തുമോ?

### ഉത്തരം

(എ, ബി & സി) സംസ്ഥാനത്തെ ഓരോ പ്രദേശങ്ങളുടെയും ഭൂപ്രകൃതി, ജനസംഖ്യ, പ്രദേശങ്ങളുടെ പിന്നോക്കാവസ്ഥ, നിലവിലുള്ള പഞ്ചായത്ത് ത്രീടയർ സിസ്റ്റം, സാമ്പത്തിക സ്ഥിതി, പുതിയ വില്ലേജുകൾ രൂപീകരിക്കുമ്പോൾ ഉണ്ടാകാവുന്ന അധിക സാമ്പത്തിക ബാദ്ധ്യത തുടങ്ങിയ കാര്യങ്ങൾ വിശദമായി പരിശോധിച്ച് നയപരമായ തീരുമാനം കൈക്കൊള്ളേണ്ടതുണ്ട്. പെരിങ്ങത്തൂർ വില്ലേജ് വിഭജനം എന്ന ആവശ്യം പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

## മാള നിയോജകമണ്ഡലത്തിലെ പുതിയ വില്ലേജ് ഓഫീസുകൾ

266 [4118] ശ്രീ. എ. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാള നിയോജകമണ്ഡലത്തിൽ പുതുതായി പണിയാൻ ഉദ്ദേശിക്കുന്ന വില്ലേജാഫീസുകൾ ഏതെല്ലാമാണ്;

(ബി) പ്രസ്തുത മണ്ഡലത്തിൽ എത്ര ഗ്രൂപ്പ് വില്ലേജുകൾ ഉണ്ട്;

(സി) ഇവയ്ക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്ന നടപടി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയും?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വടക്കുംഭാഗം-വടമ ഗ്രൂപ്പ് വില്ലേജിലെ വടക്കുംഭാഗത്തിനും കുറുവിലശ്ശേരി-ആലത്തൂർ ഗ്രൂപ്പിലെ കുറുവിലശ്ശേരിക്കും വേണ്ടി വില്ലേജ് ആഫീസുകൾ പണിയാൻ ഉദ്ദേശിക്കുന്നു.

(ബി) രണ്ട് ഗ്രൂപ്പ് വില്ലേജുകൾ.

(സി) ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പണി പൂർത്തീകരിക്കുന്നതാണ്.

ശ്രീകൃഷ്ണപുരം നിയോജകമണ്ഡലത്തിലെ പൂക്കോട്ട്കാവിൽ പുതുതായി വില്ലേജ് ഓഫീസ്

267 [4119] ശ്രീമതി കെ. എസ്. സലീഖ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര വില്ലേജ് ഓഫീസുകൾ പ്രവർത്തിച്ചു വരുന്നുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ പുതുതായി എത്ര വില്ലേജാഫീസുകൾകൂടി പ്രവർത്തിപ്പിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വെളിപ്പെടുത്തുമോ;

(സി) ശ്രീകൃഷ്ണപുരം നിയോജകമണ്ഡലത്തിലുൾപ്പെട്ട പൂക്കോട്ട്കാവിൽ പുതുതായി ഒരു വില്ലേജാഫീസ് തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1478 വില്ലേജ് ഓഫീസുകൾ. ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. †

(ബി & സി) പുതിയ വില്ലേജുകൾ രൂപീകരിക്കുന്നത് സർക്കാരിന്റെ പരിഗണനയിലുള്ള കാര്യമാണ്. ഇക്കാര്യത്തിൽ നയപരമായ തീരുമാനം എടുത്ത് പുതിയ വില്ലേജുകൾ രൂപീകരിക്കുമ്പോൾ ഈ ആവശ്യം പരിശോധിക്കുന്നതാണ്.

കാസർഗോഡ് ജില്ലയിലെ ലാന്റ് അസെസ്സ്മെന്റ്

268 [4120] ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് മുനിസിപ്പാലിറ്റിയിൽ ഇതുവരെ തീരുമാനമാകാതെ കിടക്കുന്ന എത്ര ലാന്റ് അസെസ്സ്മെന്റ് അപേക്ഷകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷകൾ എത്ര കാലപ്പഴക്കം ഉള്ളതാണ്;

(സി) മുനിസിപ്പാലിറ്റി തലത്തിലുള്ള ലാന്റ് അസെസ്സ്മെന്റ് കമ്മിറ്റി കൂടിയിട്ട് എത്ര കാലമായി;

(ഡി) പ്രസ്തുത അപേക്ഷകളിൽ തീരുമാനമെടുത്ത് എന്ന് ലാന്റ് അസെസ്സ്മെന്റ് നടപടികൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 69.

(ബി) ഒരു വർഷം മുതൽ 10 വർഷം വരെ.

(സി) 26-4-2002 നാണ് അവസാനമായി എൽ.പി. കമ്മിറ്റി കൂടിയത്.

(ഡി) ഒരു വർഷത്തിനുള്ളിൽ.

## റവന്യൂ കാർഡ് നടപ്പിലാക്കുന്നതിനുള്ള നടപടി

269 [4121] ശ്രീ. പി. വിശ്വൻ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

റവന്യൂ കാർഡ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

നിലവിലുള്ള റവന്യൂ കാർഡ് ചട്ടങ്ങളിൽ ചില പരിഷ്കാരങ്ങൾ വരുത്തിക്കൊണ്ട് 1-11-2006 മുതൽ സംസ്ഥാനത്ത് റവന്യൂ കാർഡ് നടപ്പിലാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് എല്ലാ ജില്ലാ കളക്ടർമാരോടും നിലവിലുള്ള റവന്യൂ കാർഡ് ചട്ടപ്രകാരം വിഭാവനം ചെയ്യുന്ന കാർഡിൽ എന്തെങ്കിലും കൂട്ടിച്ചേർക്കലുകളോ, വെട്ടിച്ചുരുക്കലുകളോ, മറ്റെന്തെങ്കിലും പരിഷ്കാരങ്ങളോ വരുത്തേണ്ടതുണ്ടോ എന്ന് ആരാഞ്ഞിട്ടുണ്ട്. അപ്രകാരം കിട്ടുന്ന നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് പുതിയ റവന്യൂ കാർഡ് 1-11-2006 മുതൽ നടപ്പിൽ വരുത്തുവാനാണ് തീരുമാനിച്ചിട്ടുള്ളത്. എന്നാൽ ജില്ലകളിൽ നിന്ന് റിപ്പോർട്ടുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല. അതിനാൽ കുറച്ചുകൂടി സാവകാശം വേണ്ടിവരും. നിലവിൽ ഒരു കുടുബത്തിന് ഒരു റവന്യൂ കാർഡ് എന്ന നിലയിൽ ഓരോ റവന്യൂ കാർഡിലും ഉൾക്കൊള്ളിച്ചുള്ള അംഗങ്ങളുടെ എണ്ണം, പേര്, ജനനതീയതി, ജൻമസ്ഥലം, വിവാഹിതരാണോ, വിധവ/വിഭാര്യനാണോ എന്ന് തുടങ്ങിയ വിവരങ്ങളും ഓരോ അംഗത്തിന്റേയും തൊഴിലും വാർഷിക വരുമാനവും, ജാതി, മതം എന്നിവയും കുടുംബത്തിന്റെ ബാദ്ധ്യത, ഓരോ അംഗത്തിന്റേയും സ്വത്തു വിവരങ്ങൾ, ലഭിച്ചിട്ടുള്ള ധനസഹായത്തിന്റെ വിവരങ്ങൾ, സാമ്പത്തികമായും സാമൂഹികമായും പിന്നോക്ക അവസ്ഥയിലാണോ പ്രത്യേക പരിഗണന ആവശ്യമുള്ള അവസ്ഥയിലോ എന്നുമുള്ള വിവരങ്ങളും അടങ്ങിയ ഒരു സമ്പൂർണ്ണ രേഖയാണ് റവന്യൂ കാർഡ് എന്നതു കൊണ്ട് വിഭാവന ചെയ്യുന്നത്.

റവന്യൂ കാർഡിലെ ബന്ധപ്പെട്ട പേജുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ജാതി/വരുമാനം തുടങ്ങിയ വിവിധ സർട്ടിഫിക്കറ്റുകൾക്ക് പകരമായി ഉപയോഗിക്കാവുന്നതും ഇത് പൊതുജനങ്ങൾക്ക് പലവിധത്തിലുള്ള സർട്ടിഫിക്കറ്റുകൾക്കായി ഓഫീസുകൾ കയറേണ്ടി വരുന്ന സാഹചര്യം ഒഴിവാക്കപ്പെടുകയും ചെയ്യുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

## എറണാകുളം ജില്ലയിലെ റീസർവ്വേ നടപടി

270 [4122] ശ്രീ. ബാബുപോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിൽ ഏതെല്ലാം താലൂക്കുകളിൽ റീസർവ്വേ നടപടി പൂർത്തീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ബി) മൂവാറ്റുപുഴ താലൂക്കിൽ ഇതിനുള്ള നടപടി എന്ന് ആരംഭിക്കുമെന്ന് വിശദമാക്കാമോ ?

### ഉത്തരം

(എ) എറണാകുളം ജില്ലയിലെ കുന്നത്തുനാട്, ആലുവ താലൂക്കുകളിലെ റീസർവേ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്.

(ബി) മൂവാറ്റുപുഴ താലൂക്കിൽ റീസർവേ ആരംഭിക്കുന്നതിനായി 1961-ലെ കേരള സർവേയും ഭൂരേഖയും അതിരടയാള നിയമത്തിലെ 3 ഉം 4 ഉം വകുപ്പുകൾ അനുസരിച്ചുള്ള വിജ്ഞാപനം സർക്കാർ ഗസറ്റിൽ വിജ്ഞാപനം ചെയ്യുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

## ഇനാം ഭൂമികൾക്ക് പട്ടയം നൽകുന്നതിനുള്ള നടപടി

271 [4123] ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഇനാം ഭൂമികൾക്ക് പട്ടയം നൽകിയിരുന്ന ഓഫീസ് നിർത്തലാക്കിയതുമൂലം കഷ്ടപ്പെടുന്ന ഭൂ ഉടമകൾക്ക് പട്ടയം ലഭിക്കുന്നതിനാവശ്യമായ സംവിധാനം ഏർപ്പെടുത്തുമോ ?

### ഉത്തരം

ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, മലപ്പുറം ജില്ലകളിൽ അധികാര പരിധിയുണ്ടായിരുന്ന കോട്ടയം സർവ്വീസ് ഇനാം ലാന്റ്സ് സ്പെഷ്യൽ തഹശീൽദാർ ഓഫീസ് 31-7-2005-ൽ വച്ച് നിർത്തലാക്കിയിട്ടുള്ളതാണ്. ഈ അഞ്ച് ജില്ലകളിലും ഇനാം ഭൂമി സെറ്റിൽ ചെയ്യുന്നതിനുള്ള അധികാരം പ്രസ്തുത ജില്ലകളിലെ അഡീഷണൽ തഹശീൽദാർമാർക്ക് നൽകികൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

## കായൽ പുറമ്പോക്കാണെന്ന കാരണത്താൽ പട്ടയം നിരസിച്ചവർക്ക് പട്ടയം നൽകുന്നതിന് നടപടി

272 [4124] ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വളരെ വർഷങ്ങളായി പട്ടയം ലഭിക്കുന്നതിന് അപേക്ഷ നൽകിയിട്ടും കായൽ പുറമ്പോക്കാണ് എന്ന കാരണത്താൽ പട്ടയം നിരസിക്കപ്പെട്ട കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത്തരം കേസുകളിൽ പട്ടയം നൽകുന്നതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) റവന്യൂ രേഖകളിൽ മാത്രം കായൽ പുറമ്പോക്കെന്ന് കാണുകയും വർഷങ്ങൾ പഴക്കമുള്ള വൃക്ഷങ്ങൾ നിലനിൽക്കുന്നതുമായ കരഭൂമിയിലെ താമസക്കാർക്ക് അർഹതയും മാനദണ്ഡങ്ങളും പാലിച്ച് പട്ടയം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) സർക്കാർ ഭൂമി പതിച്ചുകിട്ടുകയും പട്ടയം കക്ഷിയുമായി ബന്ധമില്ലാത്ത ആളുകൾക്ക് പ്രസ്തുത സ്ഥലം തീറായി നൽകുകയും ചെയ്യുന്ന പ്രവണത കൂടിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അത് നിയന്ത്രിക്കാൻ നടപടി കൈക്കൊള്ളുമോ ?

### ഉത്തരം

(എ, ബി & സി) വിവരം ശേഖരിച്ചുവരുന്നു.

## സഹകരണ സംഘങ്ങളിലെ അഴിമതി

273 [4125] ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകരണ സംഘങ്ങളിലെ അഴിമതിയെ സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചു ;

(ബി) ഇതിൽ തിരുവനന്തപുരം ജില്ലയിലെ എത്ര സഹകരണ സംഘങ്ങളെ കുറിച്ച് പരാതി ലഭിച്ചിട്ടുണ്ട് ; ഇവയുടെ പേര് വിവരം വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത പരാതികളിൻമേൽ സത്യസന്ധവും നീതിപൂർവ്വവുമായ അന്വേഷണം സമയബന്ധിതമായി പൂർത്തിയാക്കുമോ ;

(ഡി) സഹകരണ സംഘം രജിസ്ട്രാറുടെ കീഴിൽ പ്രവർത്തിക്കുന്ന സഹകരണ വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ ;

(ഇ) മുൻ സർക്കാരിന്റെ കാലത്ത് സഹകരണ വിജിലൻസ് വിഭാഗത്തിന് ലഭിക്കുന്ന പരാതികളിൻമേൽ യഥാസമയം അന്വേഷണം നടത്താതിരുന്നിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ അന്വേഷണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അഴിമതിയെപ്പറ്റി കിട്ടിയ 3500-ൽപ്പരം പരാതികളിൽ 437 എണ്ണത്തെപ്പറ്റി പ്രത്യേക അന്വേഷണം നടത്തിവരുന്നു.

(ബി) 31. ലിസ്റ്റ് അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്. †

(സി) പൂർത്തിയാക്കുന്നതാണ്.

(ഡി) നടപടി സ്വീകരിക്കും.

(ഇ) ഉണ്ട്. അന്വേഷണം നടത്താൻ കാലതാമസം വന്ന ചില പരാതികൾ ബാക്കിയായിട്ടുണ്ട്. അവ സത്വരമായി അന്വേഷിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പ്രാഥമിക സഹകരണ സംഘങ്ങൾ

274 [4126] ശ്രീ. തോമസ് ഉണ്ണിയാടൻ:
പ്രൊഫ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രൈമറി സഹകരണ സംഘങ്ങളുടെ തലവന്മാരായി പ്രൊഫഷണലുകളെ നിയമിക്കാൻ ഉദ്ദേശമുണ്ടോ;

(ബി) പ്രൈമറി സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി മറ്റെന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ഈ നടപടികൾ എന്നത്തേക്ക് നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) പ്രാഥമിക സഹകരണ സംഘങ്ങളിലേയും അർബ്ബൻ ബാങ്കുകളിലേയും അഴിമതി കുറയ്ക്കുന്നതിന്റെ ഭാഗമായി ടി സംഘങ്ങളിലെ ഭരണസമിതി അംഗങ്ങൾ തുടർച്ചയായി രണ്ട് തവണയിലധികം മത്സരിക്കുന്നത് തടയുന്നതിന് നിയമനിർമ്മാണം നടത്തുമോ?

ഉത്തരം

(എ) തലവനെ നിയമിക്കുന്നത് സർക്കാരല്ല. സഹകാരികൾ തെരഞ്ഞെടുക്കുകയാണ്.

(ബി) പ്രൈമറി സഹകരണ സംഘങ്ങളുടെ ഭരണകർതൃത്വം, നടത്തിപ്പ്, സാമ്പത്തികം എന്നീ മേഖലകളിൽ ബലക്ഷയം സംഭവിച്ചുകൊണ്ടിരിക്കുന്നതായും പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നിയമപരവും സ്ഥാപനപരവുമായ

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

നടപടികൾ സ്വീകരിക്കേണ്ടതാണെന്നും നഷ്ട സാദ്ധ്യതയുള്ള ആസ്തികളുടെ അടിസ്ഥാനത്തിലുള്ള മൂലധന പര്യാപ്തത, പ്രൂഡൻഷ്യൽ മാനദണ്ഡങ്ങൾ എന്നിവ പ്രാഥമിക സംഘങ്ങൾക്ക് ബാധകമാക്കാൻ ആലോചിക്കുന്നുണ്ട്.

(സി) ഇക്കാര്യത്തിൽ നടക്കുന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളുന്നതാണ്.

(ഡി) കേരള സഹകരണ ചട്ടം 44(1)(എം) ആയി ഉണ്ടായിരുന്ന മേൽപ്പടി വ്യവസ്ഥ 6-1-1981-ലെ ഗസറ്റ് വിജ്ഞാപനം മുഖേന ചട്ടത്തിൽ ഭേദഗതി വരുത്തി ഒഴിവാക്കുകയായിരുന്നു. ഇപ്പോൾ പുതുതായി നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണനയിലില്ല.

## 2000-ലെ കേരള സഹകരണസംഘം (ഭേദഗതി) നിയമം

275 [4127] ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2000-ലെ കേരള സഹകരണ സംഘം (ഭേദഗതി) നിയമത്തിലെ (2000-ലെ ഒന്നാം ആക്ട്) 63-ാം വകുപ്പുപ്രകാരം പുതുതായി ഡയറക്ടർ ഓഫ് കോ-ഓപ്പറേറ്റീവ് ഓഡിററ് രൂപീകരിക്കാൻ വ്യവസ്ഥയുണ്ടോ ; എങ്കിൽ ഇതിനായി എന്തു നടപടികളാണ് സ്വീകരിച്ചിട്ടുളളത്; ഇല്ലെങ്കിൽ എന്തു നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു;

(ബി) 200-ലെ കേരള സഹകരണ സംഘം (ഭേദഗതി) നിയമപ്രകാരം കേരള സഹകരണസംഘം നിയമത്തിൽ 68 (എ) വകുപ്പ് ചേർക്കുകയും പോലീസ് വകുപ്പിലെ ഡി. ഐ. ജി. റാങ്കിലുള്ള ഉദ്യോഗസ്ഥനെ വിജിലൻസ് ഓഫീസറായി നിയമിക്കാൻ വ്യവസ്ഥ ചെയ്യുകയും ചെയ്തിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം നിയമനം നടത്തിയിട്ടുണ്ടോ എന്ന് വിശദമാക്കുമോ ?

### ഉത്തരം

(എ) 1999-ലെ കേരള സഹകരണസംഘം (ഭേദഗതി) നിയമത്തിലെ (2000-ലെ ഒന്നാം ആക്ട്) 17-ാം വകുപ്പ് പ്രകാരം (1969-ലെ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 63) ഡയറക്ടർ ഓഫ് കോ-ഓപ്പറേറ്റീവ് ഓഡിററ് രൂപീകരിക്കാൻ വ്യവസ്ഥയുണ്ട്. എന്നാൽ ഇതിനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടില്ല. പ്രസ്തുത ഭേദഗതി നിയമത്തിലെ വകുപ്പ് 17 പ്രാബല്യത്തിൽ വരുത്തുന്ന

LIBRARY ARCHIVES Kerala Legislative Assembly

തീയതി നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചാലേ ഡയറക്ടർ ഓഫ് കോ-ഓപ്പറേറ്റീവ് ഓഡിററ് രൂപീകൃതമാകുകയുള്ളൂ. പ്രസ്തുത വകുപ്പ് പ്രാബല്യത്തിൽ വരുത്തിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 1999-ലെ കേരള സഹകരണസംഘം (ഭേദഗതി) നിയമം പ്രകാരം, 1969-ലെ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 68 എ പ്രകാരം പോലീസ് വകുപ്പിലെ ഡി. ഐ. ജി. റാങ്കിലുള്ള ഉദ്യോഗസ്ഥനെ വിജിലൻസ് ഓഫീസറായി നിയമിക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഇപ്രകാരം നിയമനം നടത്തിയിട്ടില്ല.

## അർബൻ സഹകരണ ബാങ്കുകൾ

276 [4128] ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ലാഭത്തിൽ പ്രവർത്തിക്കുന്നതും ഡിവിഡന്റ് നൽകി വരുന്നതുമായ അർബൻ സഹകരണ ബാങ്കുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ;

(ബി) ലാഭത്തിൽ പ്രവർത്തിക്കുന്ന സർവ്വീസ് ബാങ്കുകൾ ഏതെല്ലാമാണ് ;

(സി) കമ്പ്യൂട്ടർവൽകൃത സഹകരണ ബാങ്കുകളിൽ മികച്ച സോഫ്ട് വെയറാണോ ഉപയോഗിക്കുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) കമ്പ്യൂട്ടർ ഓഡിറ്റിംഗ് മാന്വൽ തയ്യാറായിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള നടപ്ടി സ്വീകരിക്കുമോ ;

(ഇ) സംസ്ഥാനത്ത് സൈബർ ആക്ട് പ്രകാരം ലൈസൻസുള്ള എത്ര അർബൻ സഹകരണ ബാങ്കുകളുണ്ടെന്ന് വ്യക്തമാക്കാമോ ?

### ഉത്തരം

(എ) 25 എണ്ണം. ജില്ലതിരിച്ചുള്ള പട്ടിക് അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു. †

(ബി) 491 എണ്ണം ജില്ല തിരിച്ചുള്ള പട്ടിക അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. †

(സി) കമ്പ്യൂട്ടർ സോഫ്ററ്വെയറിന്റെ ഗുണമേന്മ പരിശോധിക്കുന്നതിനാവശ്യമായ സാങ്കേതിക സംവിധാനം സഹകരണ വകുപ്പിൽ ഇപ്പോൾ ഇല്ല.

(ഡി) കമ്പ്യൂട്ടർ ഓഡിറ്റിംഗ് മാന്വൽ തയ്യാറാക്കിയിട്ടില്ല. ഇക്കാര്യം പരിശോധിക്കുന്നതാണ്.

(ഇ) 23 എണ്ണം. ജില്ല തിരിച്ചുള്ള പട്ടിക അനുബന്ധം-3 ആയി ചേർത്തിരിക്കുന്നു. †

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## സുനാമി ദുരിതാശ്വാസ നിധി

277 [4129] ശ്രീ. എ. പി. അനിൽകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ സ്ഥാപനങ്ങളിൽ നിന്നും മുഖ്യമന്ത്രിയുടെയും സഹകരണ മന്ത്രിയുടെയും സുനാമി റിലീഫ് ഫണ്ടിലേക്ക് സംഭാവനയായി ലഭിച്ച തുക എത്ര വീതമാണ് ;

(ബി) സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിൽ നിന്നും സഹകരണ മന്ത്രിയുടെ സുനാമി റിലീഫ് ഫണ്ടിലേക്ക് സംഭാവനയായി നൽകിയ തുക സഹകരണ വകുപ്പിലെ കൺകറണ്ട് ആഡിററർ അംഗീകരിക്കാതെ തടഞ്ഞു വച്ചിട്ടുണ്ടോ ; എങ്കിൽ ഈ തുക ഏത് അക്കൗണ്ടിലാണ് സൂക്ഷിച്ചിട്ടുള്ളത് ;

(സി) ദുരിതാശ്വാസ നിധിയിലേക്ക് സഹകരണ അപ്പക്സ് സ്ഥാപനം നൽകിയ സംഭാവന ആഡിറ്റിൽ തടഞ്ഞുവച്ച സഹകരണവകുപ്പ് ഉദ്യോഗസ്ഥനെതിരെ ഉചിതമായ നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) സഹകരണ സ്ഥാപനങ്ങളിൽനിന്നും മുഖ്യമന്ത്രിയുടെ സുനാമി റിലീഫ് ഫണ്ടിലേക്ക് 54,73,830 (അൻപത്തിനാല് ലക്ഷത്തി എഴുപത്തി മൂവായിരത്തി എണ്ണൂറ്റിമുപ്പത്) രൂപ ലഭിച്ചിട്ടുണ്ട്. സഹകരണ വകുപ്പ് മന്ത്രിയുടെ സുനാമി ഫണ്ടിലേക്ക് തുക ലഭിച്ചിട്ടില്ല.

(ബി) സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിന്റെ 2004-05 ഓഡിററ് റിപ്പോർട്ട് പ്രകാരം സഹകരണ മന്ത്രിയുടെ സുനാമി റിലീഫ് ഫണ്ടിലേക്ക് സംഭാവന നൽകിയതായി പ്രത്യേകം കാണിച്ചിട്ടില്ല. എന്നാൽ സംഭാവന നൽകിയ ഇനത്തിൽ 16,94,688 (പതിനാറ് ലക്ഷത്തിതൊണ്ണൂറ്റിനാലായിരത്തി അറുനൂറ്റി എൺപത്തിയെട്ട്) രൂപ ബാങ്ക് സ്വരൂപിക്കുന്ന പൊതുനന്മ ഫണ്ടിൽനിന്നും അല്ലാതെ ബാങ്കിന്റെ സ്വന്തം ഫണ്ടിൽനിന്നും ചെലവാക്കിയത് നിയമാനുസൃതം അല്ലാത്തതിനാൽ 2004-05 വർഷത്തെ ഓഡിറ്റിൽ തടയുകയും ടി തുക ബാങ്കിന് കിട്ടാനുള്ള അഡ്വാൻസ് ഇനത്തിലേക്ക് മാററി കരുതൽ വയ്ക്കുകയും ചെയ്തിട്ടുണ്ട്.

(സി) നടപടിക്ക് പ്രശ്നം ഉദിക്കുന്നില്ല. ഓഡിററർ സ്വന്തം ചുമതലയാണ് നിർവ്വഹിച്ചത്.

## സുനാമി ഫണ്ട്

278 [4130] ശ്രീ. വി. എൻ. വാസവൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മുൻ സർക്കാരിന്റെ കാലത്ത് സുനാമി ഫണ്ട് എന്ന പേരിൽ പ്രൈമറി സംഘങ്ങളിൽ നിന്നും സ്വരൂപിച്ച മൂന്ന് കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിക്ഷേപിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഈ തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിക്ഷേപിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

മുൻ സർക്കാരിന്റെ കാലത്ത് സുനാമി ഫണ്ട് എന്ന പേരിൽ പ്രൈമറി സംഘങ്ങളിൽ നിന്നും സ്വരൂപിച്ച 4,00,70,755.40 രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിക്ഷേപിച്ചിട്ടില്ല. ലഭിച്ച തുക വിനിയോഗിക്കുന്നത് സംബന്ധിച്ച് സർക്കാർ അന്തിമ തീരുമാനം എടുത്തിട്ടില്ല.

ആത്മഹത്യ ചെയ്ത കർഷകരുടെ വായ്പ

279 [4131] ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആത്മഹത്യ ചെയ്ത കർഷകരുടെ പ്രൈമറി സഹകരണ ബാങ്കുകളിലുള്ള വായ്പ എഴുതി തള്ളുന്നതിന്റെ ഭാഗമായി ഓരോ ജില്ലയിലും ആത്മഹത്യ ചെയ്ത എത്ര കർഷകരുടെ വായ്പ എഴുതിത്തള്ളാൻ നടപടി സ്വീകരിച്ചു ;

(ബി) ഇതിനായി മൊത്തം എത്ര രൂപ ചെലവഴിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത സാമ്പത്തിക ബാദ്ധ്യത സംസ്ഥാന സർക്കാർ ഏറ്റെടുക്കാമെന്ന് അറിയിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) സഹകരണ സ്ഥാപനങ്ങൾ വഴി വായ്പ എടുക്കുകയും കട ബാദ്ധ്യതയെ തുടർന്ന് ആത്മഹത്യ ചെയ്യുകയും ചെയ്ത തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ എന്നീ ജില്ലകളിലെ ഓരോ കർഷകന്റെ ബാദ്ധ്യത വീതം സംസ്ഥാനത്ത് സഹകരണ സംഘങ്ങൾ/ബാങ്കുകൾ ഇതിനകം എഴുതിത്തള്ളിയിട്ടുണ്ട്. ടി മൂന്ന് കർഷകരുടെ വായ്പകളിലായി ആകെ 94,170 രൂപയാണ് എഴുതിത്തള്ളിയിട്ടുള്ളത്.

27-7-2006-ലെ ജി. ഒ. (എം. എസ്.) 58/06/എ.ഡി.നമ്പർ സർക്കാർ ഉത്തരവു പ്രകാരം ജില്ലാതലത്തിൽ രൂപീകൃതമായിട്ടുള്ള കമ്മിറ്റികൾ ഇതുവരെ അംഗീകരിച്ച 161 വായ്പകളിൽ ബാക്കി നില്പുള്ള 53,05,561 രൂപ എഴുതി തള്ളുന്നതിനുള്ള നടപടികൾ വകുപ്പ്/സംഘം തലത്തിൽ സ്വീകരിച്ചുവരുന്നു. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ പരാമർശിക്കുന്നു.

| ജില്ല | എണ്ണം | തുക |
|---|---|---|
| (1) | (2) | (3) |
| തിരുവനന്തപുരം | 3 | 2,03,063 |
| ആലപ്പുഴ | 5 | 2,43,347 |
| കോട്ടയം | 1 | 16,269 |
| ഇടുക്കി | 55 | 5,97,095 |

LIBRARY ARCHIVES Kerala Legislative Assembly

| (1) | (2) | (3) |
|---|---|---|
| പാലക്കാട് | 22 | 13,89,620 |
| കോഴിക്കോട് | 4 | 1,49,402 |
| കണ്ണൂർ | 4 | 1,15,610 |
| കാസർഗോഡ് | 67 | 25,91,155 |
| ആകെ | 161 | 53,05,561 |

കോഴിക്കോട് ജില്ലയിൽ 9 കർഷകരുടെ കാർഷികേതര വായ്പകളിൽ ബാക്കി നിൽപ്പുള്ള 8,81,463 രൂപയും എഴുതിത്തള്ളുന്നതിന് അർഹതയുള്ളതായി ജില്ലാതല കമ്മിറ്റി 15-9-2006-ലെ ജില്ലാതല ബാങ്കേഴ്സ് കമ്മിറ്റി യോഗം അംഗീകരിച്ചിട്ടുള്ളതായി ജോയിന്റ് രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്.

ഇതിനു പുറമേ ജില്ലാതല കമ്മിറ്റികളിൽ 1264 കർഷകരുടെ 1286 വായ്പകളിൽ (കാർഷികവും കാർഷികേതരവും) ബാക്കി നിൽപ്പ് തുകയായ 4,00,81,778 രൂപയുടെ അർഹതയെ സംബന്ധിച്ച് പരിശോധന നടന്നുവരികയാണ്.

(ബി) സഹകരണ സ്ഥാപനങ്ങൾ വഴി വായ്പ എടുക്കുകയും കട ബാദ്ധ്യതയെത്തുടർന്ന് ആത്മഹത്യ ചെയ്യുകയും ചെയ്ത തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എന്നീ ജില്ലകളിലെ ഓരോ കർഷകന്റെ കട ബാദ്ധ്യതവീതം (ബാലരാമപുരം സർവ്വീസ് സഹകരണ ബാങ്ക്, തിരുവനന്തപുരം-7,216 രൂപയും പോരുവഴി സർവ്വീസ് സഹകരണ ബാങ്ക്, കൊല്ലം-38,725 രൂപയും പാലമേൽ സർവ്വീസ് സഹകരണ ബാങ്ക്, ആലപ്പുഴ-48229 രൂപയും) സംസ്ഥാനത്ത് സഹകരണ സംഘങ്ങൾ/ബാങ്കുകൾ ഇതിനകം എഴുതിത്തള്ളിയിട്ടുണ്ട്. ;

(സി) അർഹതയുള്ള എല്ലാ കേസുകളും എഴുതിത്തള്ളുന്നതാണ്. സംസ്ഥാന സർക്കാരിന്റെ നയപ്രകാരം എഴുതിത്തള്ളുന്നതിനാൽ ബാദ്ധ്യത സർക്കാർ ഏറ്റെടുത്ത് എഴുതിത്തള്ളിയ തുക സംഘങ്ങൾക്ക് തിരികെ നൽകേണ്ടിവരും.

## വായ്പാ തട്ടിപ്പ്

280 [4132] ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കിയിലെ ചെറുതോണി സഹകരണ ബാങ്കിൽ നിന്നും വ്യാജ സർട്ടിഫിക്കറ്റ് നൽകി കെ.എസ്.ആർ.ടി.സി. ജീവനക്കാർ വായ്പാ തട്ടിപ്പ് നടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ആരുടെയൊക്കെ പേരിൽ ഇത്തരത്തിൽ വായ്പ എടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(സി) കുറ്റക്കാർക്കെതിരെ ക്രിമിനൽ നടപടി പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി ശിക്ഷാ നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ), (ബി) ആന്റ് (സി) സംസ്ഥാന സഹകരണ ബാങ്കിന്റെ ഇടുക്കി ജില്ലയിലെ ചെറുതോണി ശാഖയിൽ വായ്പാ തട്ടിപ്പ് നടന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യുടെ തോടുപുഴ യൂണിറ്റിലെ ഡ്രൈവർമാരായ ശ്രീ. എം. കെ. സുകുമാരൻ, ശ്രീ. പി.ആർ മുരളി, കണ്ടക്ടറായ ശ്രീ. ജി. പി. ഗിരീഷ്കുമാർ എന്നിവരുടെ പേരിലാണ് വായ്പ എടുത്തിട്ടുള്ളത്. കുറ്റക്കാർക്കെതിരെ കെ.എസ്.ആർ.ടി.സി. യുടെ വിജിലൻസ് വിഭാഗത്തിന്റെ നടപടികൾ സ്വീകരിച്ചു വരവെ 22-7-2006-ൽ വായ്പ അടച്ചുതീർത്തിട്ടുണ്ട്. തിരിച്ചടയ്ക്കുന്നില്ലെങ്കിൽ കൃത്രിമം കാട്ടിയതിന് ക്രിമിനൽ കേസ് എടുക്കാൻ നിർദ്ദേശം നൽകുന്നുണ്ട്.

സർവ്വീസ് സഹകരണ ബാങ്കുകളിലെ ജീവനക്കാർക്ക് പെൻഷൻ

281 [4133] ശ്രീ. എ. കെ. ശശീന്ദ്രൻ :

„ പി. എം. എ. സലാം :

„ കെ. പി. മോഹനൻ :

„ ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സർവ്വീസ് സഹകരണ ബാങ്കിലെ ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യം നൽകുന്നതിനായി പെൻഷൻ ബോർഡ് രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

14-3-1995-ലെ ജി.ഒ.(പി.) നം. 44/95/സഹ. ഉത്തരവിൽ സർവ്വീസ് സഹകരണ ബാങ്കിലെ ജീവനക്കാർക്കും പെൻഷൻ നൽകുന്നതിന് വ്യവസ്ഥയുള്ളതിനാൽ സർവ്വീസ് സഹകരണ ബാങ്കിലെ ജീവനക്കാർക്ക് പെൻഷൻ നൽകുന്നതിനായി പ്രത്യേകമായി പെൻഷൻ ബോർഡ് രൂപീകരിക്കേണ്ട ആവശ്യം ഉദിക്കുന്നില്ല.

കണ്ണൂർ ജില്ലാ സഹകരണ ബാങ്കിന്റെ കമ്പ്യൂട്ടറൈസേഷൻ

282 [4134] ശ്രീ.പി.ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലാ സഹകരണ ബാങ്ക് കമ്പ്യൂട്ടറൈസ് ചെയ്യുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; എങ്കിൽ പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ പദ്ധതിക്ക് എന്ത് തുക ചെലവ് വരുമെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത് ; ഏത് കമ്പനിയെയാണ് കമ്പ്യൂട്ടറൈസേഷൻ ചുമതല ഏൽപ്പിക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കുന്നതിന് രജിസ്ട്രാറുടെ അനുമതി ലഭിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) കണ്ണൂർ ജില്ലാ സഹകരണ ബാങ്ക് കമ്പ്യൂട്ടറൈസ് ചെയ്യുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. പദ്ധതി പ്രാരംഭ ഘട്ടത്തിലാണ്.

(ബി) ഏകദേശം 5 കോടി രൂപ ചെലവ് വരുമെന്നാണ് പ്രാഥമികമായി കണക്കാക്കപ്പെട്ടിട്ടുള്ളത്. ഏത് കമ്പനിയെയാണ് കമ്പ്യൂട്ടറൈസേഷൻ ചുമതല ഏൽപ്പിക്കേണ്ടതെന്ന് ഇതുവരെ ബാങ്ക് തീരുമാനിച്ചിട്ടില്ല.

(സി) ഇല്ല.

## വായ്പകൾക്ക് അമിത പലിശ

283. [4135] ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക സഹകരണ സംഘങ്ങളിൽ നിന്നും നൽകുന്ന വായ്പകൾക്ക് സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിച്ചിട്ടുള്ള സർക്കുലറിന് വിധേയമായിട്ടല്ല പലിശ ഈടാക്കുന്നതെന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പരാതികളിൻമേൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) മലപ്പുറം ജില്ലയിലെ താളന്നൂർ സർവ്വീസ് സഹകരണ ബാങ്ക് തെന്നല സർവ്വീസ് സഹകരണ ബാങ്ക് എന്നിവിടങ്ങളിൽ സർക്കുലറിന് വിരുദ്ധമായി പലിശ ഈടാക്കിയതായി പരാതി ലഭിച്ചിരുന്നു. താളന്നൂർ സർവ്വീസ് സഹകരണ ബാങ്കിൽ 65-ാം വകുപ്പ് പ്രകാരം നടക്കുന്ന അന്വേഷണത്തിൽ ഈ വിഷയം ഉൾപ്പെടുത്തിയിട്ടുണ്ട്. തെന്നല സർവ്വീസ് സഹകരണ ബാങ്കിൽ അധികമായി ഈടാക്കിയ പലിശ തിരികെ നൽകുന്നതിന് ജോയിന്റ് രജിസ്ട്രാർ നിർദ്ദേശം നൽകുകയും ആയതു പ്രകാരം തുക തിരികെ നൽകുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## നബാർഡ് വായ്പ

284 [4136] ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നബാർഡ്, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ മുഖേന കഴിഞ്ഞ വർഷം നൽകിയ കാർഷിക വായ്പകൾ എത്ര ;

(ബി) കാർഷിക വായ്പകൾ അനുവദിക്കുന്നതിന് നബാർഡ് പ്രത്യേക വ്യവസ്ഥകൾ ഏർപ്പെടുത്തിയിട്ടുണ്ടോ എന്നറിയിക്കുമോ ?

## ഉത്തരം

(എ) പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ മുഖേന വിതരണം ചെയ്യുന്നതിന് 234.30 കോടി രൂപയും പ്രാഥമിക കാർഷിക വികസന ബാങ്കുകൾ വഴി വിതരണം ചെയ്യുന്നതിന് 160.35 കോടി രൂപയും യഥാക്രമം സംസ്ഥാന സഹകരണ ബാങ്കിനും, സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിനും നബാർഡ് കഴിഞ്ഞ വർഷം വായ്പയായി നൽകിയിട്ടുണ്ട്.

(ബി) കാർഷിക വായ്പകൾ അനുവദിക്കുന്നതിന് നബാർഡ് പ്രത്യേക വ്യവസ്ഥകൾ ഏർപ്പെടുത്തിയിട്ടുണ്ട്.

(1) പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകൾ സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിൽ വായ്പ തവണ തിരിച്ചടയ്ക്കുന്ന തോത് അനുസരിച്ച് സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് ലാഭത്തിലാണോ പ്രവർത്തിക്കുന്നത് എന്ന് കണക്കാക്കുകയും നബാർഡ് ഒരു നിശ്ചിത തുക സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിന് പുനർ വായ്പയായി അനുവദിക്കും. ആയത് പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ വഴി വായ്പ നൽകി ലഭിക്കുന്ന ഗഹാന്റെ ഈടിന്മേൽ സംസ്ഥാന സർക്കാരിന്റെ ഗ്യാരന്റിയിന്മേൽ നബാർഡ് പുനർ വായ്പയായി സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിന് ലഭ്യമാക്കുന്നു.

(2) സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കുകളും നബാർഡിന്റെ പുനർ വായ്പയും അവരുടെ സ്വന്തം ഫണ്ടിൽനിന്നുള്ള വായ്പയും ഉൾപ്പെടെ 7% പലിശ നിരക്കിൽ കർഷകർക്ക് നൽകിയാൽ നബാർഡ് 2.5% നിരക്കിൽ സംസ്ഥാന സഹകരണ ബാങ്കിന് പുനർവായ്പ നൽകും. കൂടാതെ സംസ്ഥാന സഹകരണ ബാങ്കിന്റെ നിഷ്ക്രിയ ആസ്തിയുമായി ബന്ധപ്പെടുത്തിയാണ് പുനർവായ്പ നൽകുന്നത്. നിഷ്ക്രിയ ആസ്തി 20%-ത്തിന് മുകളിൽ ആയതിനാൽ ജില്ലാ സഹകരണ ബാങ്കുകൾ മൊത്തം വിതരണം ചെയ്യുന്ന കാർഷിക വായ്പയുടെ 35% മാത്രമേ സംസ്ഥാന സഹകരണ ബാങ്കിന് ഈ വർഷം നബാർഡിന്റെ പുനർവായ്പയായി ലഭിക്കുകയുള്ളു. എന്നാൽ സംസ്ഥാന സഹകരണ വകുപ്പിന്റെ തീരുമാനപ്രകാരം 7% പലിശയിൽ കുറച്ച് 1 ലക്ഷം രൂപ വരെ 5.5% വും 1.3 ലക്ഷം രൂപ വരെ 6% വും പലിശയിൽ കാർഷിക വായ്പകൾ 1-7-2006 മുതൽ നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

## ജില്ലാ സഹകരണ ബാങ്ക് ജീവനക്കാരെ സെൻട്രൽ ആക്ടിൽ നിന്നും ഒഴിവാക്കാൻ നടപടി

285 [4137] ശ്രീ. എം. എം. മോനായി : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പ്രൈമറി സംഘങ്ങളിലെ ജീവനക്കാരെ സെൻട്രൽ ആക്ടിൽ നിന്നും ഒഴിവാക്കിക്കൊണ്ട് ലേബർ ഡിപ്പാർട്ടുമെന്റ് പുറപ്പെടുവിച്ച 19-8-2006-ലെ [ജി.ഒ. (എം. എസ്.) നമ്പർ 44/2006/എൽ.ബി.ആർ.] ഉത്തരവ് ജില്ലാ ബാങ്ക് ജീവനക്കാർക്കും ബാധകമാക്കുവാൻ കഴിയുമോ എന്ന് അറിയിക്കുമോ ?

### ഉത്തരം

പ്രൈമറി സംഘങ്ങളിലെ ജീവനക്കാരെ സെൻട്രൽ ആക്ടിൽ നിന്നും ഒഴിവാക്കിക്കൊണ്ട് ലേബർ ഡിപ്പാർട്ടുമെന്റ് പുറപ്പെടുവിച്ച 19-6-2006-ലെ ജി. ഒ. (എം.എസ്.) നമ്പർ 44/2006/എൽ.ബി.ആർ. ഉത്തരവ് ജില്ലാ ബാങ്ക് ജീവനക്കാർക്കും ബാധകമാക്കുവാൻ കഴിയില്ല. ജില്ലാ സഹകരണ ബാങ്ക് ജീവനക്കാരെ 1952-ലെ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് ആന്റ് മിസലേനിയസ് പ്രൊവിഷൻ ആക്ടിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കുന്ന കാര്യം പ്രത്യേകമായി പരിശോധിച്ച് തീരുമാനിക്കേണ്ടതുണ്ട്.

## നീതി മെഡിക്കൽ സ്റ്റോറുകൾ

286 [4138] ശ്രീ. വി. എൻ. വാസവൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സഹകരണ മേഖലയിൽ കൂടുതൽ നീതി മെഡിക്കൽ സ്റ്റോറുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

### ഉത്തരം

അപേക്ഷ ലഭിക്കുന്നപക്ഷം പരിശോധിച്ച് അനുവദിക്കുന്നതാണ്. കിട്ടിയ അപേക്ഷകൾ പരിഗണനയിലാണ്.

## സഹകരണ സ്ഥാപനങ്ങളിലെ അമിതപലിശ

287 [4139] ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങളും സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളും വിവിധ പേരുകളിൽ പലിശയ്ക്കു പലിശ ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഏതു നിരക്കിലാണ് ഇത്തരം പലിശ വാങ്ങുന്നത് എന്ന് വ്യക്തമാക്കുമോ ;

(സി) ഇത്തരം സ്ഥാപനങ്ങൾക്ക് പലിശക്കു പലിശ വാങ്ങുന്നതിന് നിയമപരമായ അനുവാദമുണ്ടോ ;

(ഡി) നിയമവിരുദ്ധമായി സഹകരണ സ്ഥാപനങ്ങൾ പലിശയ്ക്കു പലിശ വാങ്ങിയിട്ടുണ്ടെങ്കിൽ ആയത് വായ്പക്കാർക്ക് തിരികെ നൽകുന്നതിന് സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുകയോ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയോ ചെയ്യുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ നിലവിൽ കുടിശ്ശിക പലിശയ്ക്ക് മേൽ പിഴപ്പലിശ ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കേരള സംസ്ഥാന സഹകരണ ഹൗസിംഗ് ഫെഡറേഷനും പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങളും പിഴപ്പലിശ ഈടാക്കുന്നുണ്ട്.

(ബി) കുടിശ്ശികയായ തീയതി മുതൽ അടയ്ക്കുന്ന തീയതി വരെ സാധാരണ പലിശയ്ക്ക് പുറമെ കേരള സംസ്ഥാന സഹകരണ ഹൗസിംഗ് ഫെഡറേഷൻ ഒരു ശതമാനവും പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങൾ 2 ശതമാനവും പിഴപ്പലിശ ഈടാക്കുന്നുണ്ട്,

(സി) കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിന് സഹകരണ സംഘം രജിസ്ട്രാർ 20-12-1996-ൽ ഇത് സംബന്ധിച്ച് നൽകിയിരുന്ന അനുവാദം 8-7-2002-ൽ പിൻവലിച്ചിട്ടുണ്ട്. ഹൗസിംഗ് ഫെഡറേഷന്റെ മുഖ്യധനകാര്യ ഏജൻസിയായ എൽ. ഐ. സി.യുടെ നിർദ്ദേശവും ബൈലയ്ക്കും ലോൺ റെഗുലേഷനും വിധേയമായിട്ടാണ് ഹൗസിംഗ് ഫെഡറേഷനും പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങളും ഇത്തരത്തിൽ പിഴപ്പലിശ ഈടാക്കുന്നത്.

(ഡി) സഹകരണ സംഘം രജിസ്ട്രാറുടെ 10-4-2006-ലെ 20/2006 നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഇപ്രകാരം നിയമവിരുദ്ധമായി പലിശ വാങ്ങുന്ന സഹകരണ സംഘങ്ങളുടെ കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ അടിയന്തിര നടപടി എടുക്കുന്നതാണ്.

ജില്ലാ സഹകരണ ബാങ്കുകളുടെ കമ്പ്യൂട്ടർവൽക്കരണം

288 [4140] ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഏതെല്ലാം ജില്ലാ സഹകരണ ബാങ്കുകളാണ് ഹെഡ് ഓഫീസ് ഉൾപ്പെടെയുള്ള എല്ലാ ബ്രാഞ്ചുകളും പൂർണ്ണമായും "കമ്പ്യൂട്ടറൈസ് " ചെയ്തിട്ടുള്ളത് എന്ന് അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്ത് ഏതെല്ലാം ജില്ലാ സഹകരണ ബാങ്കുകൾക്കാണ് എ. ടി. എം. ഡെബിറ്റ് കാർഡ് സംവിധാനം ഉള്ളതെന്ന് അറിയിക്കുമോ ;

(സി) ഓരോ ജില്ലാ ബാങ്കിനും യഥാക്രമം എത്ര എ. ടി. എം. കൗണ്ടറുകൾ വീതം ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) ജില്ലാ ബാങ്കുകളുടെ കമ്പ്യൂട്ടർവൽക്കരണം സംബന്ധിച്ച സർക്കാർ നയം വ്യക്തമാക്കുമോ ?

ഉത്തരം

(എ) എറണാകുളം, ആലപ്പുഴ, വയനാട് ജില്ലാ സഹകരണ ബാങ്കുകൾ, ഹെഡ് ഓഫീസ്സുകൾ ഉൾപ്പെടെയുള്ള എല്ലാ ശാഖകളും പൂർണ്ണമായും "കമ്പ്യൂട്ടറൈസ് "ചെയ്തിട്ടുണ്ട്.

(ബി) എറണാകുളം, തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കുകൾക്ക് എ. ടി. എം. ഡെബിറ്റ് കാർഡ് സംവിധാനം ഉണ്ട്.

(സി) എറണാകുളം ജില്ലാ സഹകരണ ബാങ്കിൽ 17 എ. ടി. എം. കൗണ്ടറും തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിന് ഒരു എ. ടി. എം. കൗണ്ടറും ഉണ്ട്.

(ഡി) ബാങ്കിംഗ് ഇടപാടുകൾ ഫലപ്രദമാക്കുന്നതിനും ഇടപാടുകാർക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനും പ്രാഥമിക സഹകരണ സംഘങ്ങൾക്ക് മാതൃകയാകുന്ന രീതിയിൽ ജില്ലാ സഹകരണ ബാങ്കുകൾ കമ്പ്യൂട്ടർവൽക്കരിക്കണമെന്നാണ് സർക്കാരിന്റെ നയം.

## ജില്ലാ സഹകരണ ബാങ്കുകളിലെ ഒഴിവുകൾ

289 [4141] ശ്രീ. എം. ജെ. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളിൽ വിവിധ തസ്തികകളിലായി ഇപ്പോൾ എത്ര ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ ; ഇതു സംബന്ധിച്ച് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) ഇതിൽ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്യപ്പെടാത്ത ഒഴിവുകൾ എത്ര ;

(സി) ഒഴിവുകൾ കൃത്യസമയത്ത് പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്യാത്ത അധികാരികൾക്കെതിരെ നടപടികൾ സ്വീകരിക്കുമോ ;

(ഡി) പ്രസ്തുത ഒഴിവുകൾ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ജില്ലാ സഹകരണ ബാങ്കുകളിൽ വിവിധ തസ്തികകളിലായി 211 ഒഴിവുകൾ നിലവിലുണ്ട്.

ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക്

| | | |
|---|---|---|
| അഗ്രികൾച്ചറൽ ഓഫീസർ | .. | 1 |
| പി. ആർ. ഒ. | .. | 1 |
| സ്റ്റെനോഗ്രാഫർ | .. | 1 |
| ടൈപ്പിസ്റ്റ്-ക്ലാർക്ക് | .. | 2 |
| ക്ലാർക്ക് | .. | 38 |
| ടെലിഫോൺ ഓപ്പറേറ്റർ | .. | 1 |
| ആകെ | .. | 44 |

കൊല്ലം ജില്ലാ സഹകരണ ബാങ്ക്

| | | |
|---|---|---|
| ക്ലാർക്ക് | .. | 7 |
| പ്യൂൺ/വാച്ച്മാൻ | .. | 1 |
| ആകെ | .. | 8 |

പത്തനംതിട്ട ജില്ലാ സഹകരണ ബാങ്ക്

| | | |
|---|---|---|
| ക്ലാർക്ക് | .. | 1 |

ആലപ്പുഴ ജില്ലാ സഹകരണ ബാങ്ക്

ഇല്ല

കോട്ടയം ജില്ലാ സഹകരണ ബാങ്ക്

| | | |
|---|---|---|
| പ്യൂൺ | .. | 17 |

ഇടുക്കി ജില്ലാ സഹകരണ ബാങ്ക്

| | | |
|---|---|---|
| ക്ലാർക്ക് | .. | 12 |
| ടൈപ്പിസ്റ്റ് | .. | 1 |
| പ്യൂൺ | .. | 2 |
| ആകെ | .. | 15 |

എറണാകുളം ജില്ലാ സഹകരണ ബാങ്ക്

ഇല്ല

2/3777/2010/DTP.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

തൃശ്ശൂർ ജില്ലാ സഹകരണ ബാങ്ക്

| | | |
|---|---|---|
| ക്ലാർക്ക്/കാഷ്യർ | .. | 14 |
| പ്യൂൺ | .. | 10 |
| ആകെ | .. | 24 |

മലപ്പുറം ജില്ലാ സഹകരണ ബാങ്ക്

| | | |
|---|---|---|
| ജനറൽ മാനേജർ | .. | 1 |
| ഡെപ്യൂട്ടി ജനറൽ മാനേജർ | .. | 1 |
| ബ്രാഞ്ച് മാനേജർ | .. | 1 |
| ക്ലാർക്ക്/കാഷ്യർ | .. | 8 |
| ആകെ | .. | 11 |

കോഴിക്കോട് ജില്ലാ സഹകരണ ബാങ്ക്

| | | |
|---|---|---|
| ജനറൽ മാനേജർ | .. | 1 |
| ക്ലാർക്ക്/കാഷ്യർ | .. | 13 |
| പ്യൂൺ/വാച്ച്മാൻ | .. | 17 |
| ഡ്രൈവർ | .. | 2 |
| ആകെ | .. | 33 |

പാലക്കാട് ജില്ലാ സഹകരണ ബാങ്ക്

| | | |
|---|---|---|
| ജനറൽ മാനേജർ | .. | 1 |
| ഡെപ്യൂട്ടി ജനറൽ മാനേജർ | .. | 1 |
| മാനേജർ | .. | 3 |
| ക്ലാർക്ക് | .. | 26 |
| ആകെ | .. | 31 |

കണ്ണൂർ ജില്ലാ സഹകരണ ബാങ്ക്

| | | |
|---|---|---|
| ക്ലാർക്ക് | .. | 9 |

വയനാട് ജില്ലാ സഹകരണ ബാങ്ക്

| | | |
|---|---|---|
| ക്ലാർക്ക് | .. | 3 |

കാസർഗോഡ് ജില്ലാ സഹകരണ ബാങ്ക്

| | | |
|---|---|---|
| ജനറൽ മാനേജർ | .. | 1 |
| ഡെപ്യൂട്ടി ജനറൽ മാനേജർ | .. | 1 |
| മാനേജർ | .. | 4 |
| ക്ലാർക്ക് | .. | 4 |
| ലിഫ്റ്റ് ഓപ്പറേറ്റർ | .. | 1 |
| ആകെ | .. | 11 |

(ബി) 97 ഒഴിവുകൾ.

(സി) ജില്ലാ സഹകരണ ബാങ്കുകളിൽ നിയമനം നടത്തേണ്ട അധികാരം ബന്ധപ്പെട്ട ഭരണ സമിതികൾക്കാണ്. ബാങ്കിന്റെ സാമ്പത്തിക സ്ഥിതി, ജീവനക്കാരുടെ ആവശ്യകത എന്നിവ പരിശോധിച്ച് ഒഴിവുകൾ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ടത് ഭരണ സമിതിയുടെ ചുമതലയാണ്. പി. എസ്. സി.-ക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്തില്ല എന്നത് ഭരണ സമിതിക്കെതിരെ നടപടി സ്വീകരിക്കുന്നതിന് ഇപ്പോൾ നിയമപ്രകാരം മതിയായ കാരണങ്ങളല്ല.

(ഡി) സ്വീകരിക്കുന്നതാണ്.

## സഹകരണ പാരലൽ കോളേജുകൾ

290 [4142] ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി: താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സഹകരണ പാരലൽ കോളേജുകളിലെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന് സർക്കാർ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

### ഉത്തരം

ഇക്കാര്യത്തിൽ പ്രത്യേക നടപടികൾ ഇപ്പോൾ സ്വീകരിച്ചിട്ടില്ല. എന്നാൽ സർക്കാരിന്റെ 24-3-1982-ലെ ജി. ഒ. (എം.എസ്.) നമ്പർ 116/82/എ. ഡി. നമ്പർ ഉത്തരവുപ്രകാരം സഹകരണ പാരലൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സർക്കാർ ഓഹരിമൂലധനമായി 5 ലക്ഷം രൂപയും മാനേജീരിയൽ സബ്സിഡി, പലിശ സബ്സിഡി എന്നീ ഇനങ്ങളിൽ 30,000 രൂപ വീതവും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നൽകി വരുന്നുണ്ട്.

## ആയഞ്ചേരി സർവ്വീസ് സഹകരണ ബാങ്ക്

291 [4143] ശ്രീമതി കെ. കെ. ലതിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മേപ്പയൂർ നിയോജകമണ്ഡലത്തിലെ ആയഞ്ചേരി സർവ്വീസ് സഹകരണ ബാങ്ക് പ്രവർത്തനക്ഷമമല്ലാതായതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ബാങ്കിന്റെ തകർച്ചയ്ക്ക് കാരണമായ സാഹചര്യങ്ങളെക്കുറിച്ച് വകുപ്പുതലത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതിന് തയ്യാറാകുമോ;

(ഡി) 1969-ലെ കേരള സഹകരണ നിയമം വകുപ്പ് 14(8) ചട്ടം 14 പ്രകാരം പ്രസ്തുത ബാങ്കിനെ വടകര സഹകരണ റൂറൽ ബാങ്കുമായി സംയോജിപ്പിക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാർക്ക് നിയമപരമായി സാധിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ആയഞ്ചേരി സർവ്വീസ് സഹകരണ ബാങ്ക് പ്രവർത്തനക്ഷമമല്ലാതായതിന്റെ മുഖ്യമായ കാരണം ജീവനക്കാരുടെ പിടിപ്പുകേടും അഴിമതിയുമാണ്.

(ബി) പ്രസ്തുത ബാങ്കിന്റെ തകർച്ചയ്ക്ക് കാരണമായ സാഹചര്യത്തെക്കുറിച്ച് സഹകരണ നിയമവകുപ്പ് 66 പ്രകാരം അന്വേഷണം നടത്തിയിട്ടുണ്ട്.

(സി) കുറ്റക്കാർക്കെതിരെ സഹകരണ നിയമം വകുപ്പ് 68 (2) പ്രകാരം നടപടി എടുത്തുവരുന്നുണ്ട്. എന്നാൽ 534/2000-2001 നമ്പർ ആർബിട്രേഷൻ കേസ് നിലവിൽ ഉള്ളതിനാൽ 68 (2)-ൽ ഉള്ള നടപടികൾ പൂർത്തിയായിട്ടില്ല.

(ഡി) വടകര സഹകരണ റൂറൽ ബാങ്കുമായി സംയോജിപ്പിക്കുന്നതിന്റെ ആവശ്യകത ബോദ്ധ്യപ്പെടുകയും നിലവിലുള്ള സംഘങ്ങൾ ശക്തിപ്പെടുത്തുന്നതിനും പ്രയോജനം കൂട്ടുന്നതിനും ടി സംയോജനം കൊണ്ട് കഴിയുമെന്ന് രജിസ്ട്രാർക്ക് ബോദ്ധ്യപ്പെടുകയും ബന്ധപ്പെട്ട ജില്ലാ സഹകരണ ബാങ്കിന്റെയും സർക്കിൾ സഹകരണ യൂണിയന്റേയും അഭിപ്രായം ലഭ്യമാക്കിയതിനുശേഷം മാത്രമേ 1969-ലെ കേരള സഹകരണ നിയമം വകുപ്പ് 14(8) ചട്ടം 14 പ്രകാരം ആയഞ്ചേരി സർവ്വീസ് സഹകരണ ബാങ്കിനെ വടകര സഹകരണ റൂറൽ ബാങ്കുമായി സംയോജിപ്പിക്കുന്നതിന് നിയമപരമായി സഹകരണ സംഘം രജിസ്ട്രാർക്ക് അധികാരമുള്ളൂ.

## സഹകരണ സംഘം ഓഡിറ്റർമാർ

292 [4144] ശ്രീ. എം. എം. മോനായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൈമറി സഹകരണ സംഘങ്ങളുടെ ഓഡിറ്റർമാർക്ക് നിശ്ചയിച്ചിരിക്കുന്ന വിദ്യാഭ്യാസ യോഗ്യത എന്താണ്;

(ബി) സംഘങ്ങളുടെ ഓഡിറ്റ് ചാർട്ടേർഡ് അക്കൗണ്ടന്റ്മാരെ ഏൽപ്പിക്കണമെന്ന നിർദ്ദേശം നബാർഡ് നൽകിയിട്ടുണ്ടോ;

(സി) സഹകരണ നിയമത്തിൽ പ്രതിപാദിക്കുന്ന പ്രകാരം "ഡയറക്ടർ ഓഫ് കോ-ഓപ്പറേറ്റീവ് ഓഡിറ്റ്" എന്ന ഉദ്യോഗസ്ഥനെ നിയമിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; പ്രസ്തുത ഉദ്യോഗസ്ഥനെ എന്നു മുതൽ നിയമിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രൈമറി സഹകരണ സംഘങ്ങളുടെ ആഡിറ്റിനു മാത്രമായി ആഡിറ്റർമാരെ നിശ്ചയിച്ചിട്ടില്ല. സഹകരണ വകുപ്പിൽ ഇൻസ്പെക്ടർ/ആഡിറ്റർ തസ്തികയിലേക്ക് നിയമിക്കുന്ന ഉദ്യോഗസ്ഥൻമാർക്ക് വേണ്ട വിദ്യാഭ്യാസ യോഗ്യത സംബന്ധിച്ച് 1962-ലെ കേരള സഹകരണ സബോർഡിനേറ്റ് സർവ്വീസ് റൂൾസിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് ഇൻസ്പെക്ടർ/ആഡിറ്റർ തസ്തികയിലേക്ക് വിദ്യാഭ്യാസ യോഗ്യത സഹകരണം പ്രത്യേക വിഷയമായി അംഗീകൃത സർവ്വകലാ

LIBRARY ARCHIVES Kerala Legislative Assembly

ശാലയുടെ ബി.കോം ബിരുദം അല്ലെങ്കിൽ ഏതെങ്കിലും അംഗീകൃത സർവ്വകലാശാലയുടെ ബി.എ., ബി.എസ്.സി., ബി.കോം ബിരുദവും, ഹയർ ഡിപ്ലോമ ഇൻ കോ-ഓപ്പറേഷനും അല്ലെങ്കിൽ കേരള കാർഷിക യൂണിവേഴ്സിറ്റിയുടെ ബി.എസ്.സി. (സഹകരണവും ബാങ്കിംഗ്) അല്ലെങ്കിൽ ബിരുദവും ജെ.ഡി.സി.-യും അല്ലെങ്കിൽ ദേശീയ ഗ്രാമീണ ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ സഹകരണം പ്രത്യേക വിഷയമായുള്ള റൂറൽ സർവ്വീസ് ഡിപ്ലോമ അല്ലെങ്കിൽ ഗാന്ധിഗ്രാം റൂറൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സഹകരണത്തിലുള്ള ബിരുദം അല്ലെങ്കിൽ അപ്പക്സ്, മേഖലാ സെൻട്രൽ/ പ്രാഥമിക സഹകരണ സ്ഥാപനങ്ങളിലെ 5 വർഷം സർവ്വീസും എസ്.എസ്.എൽ.സി.-യും ജെ.ഡി.സി.യോഗ്യതയും ആണ്.

(ബി) നിർദ്ദേശം ലഭിച്ചിട്ടില്ല. എന്നാൽ ശക്തമായ അഭിപ്രായം അറിയിച്ചിട്ടുണ്ട്.

(സി) ഇക്കാര്യം സജീവ പരിഗണനയിലാണ്.

## സഹകരണ സംഘങ്ങളിലെ ഓഡിറ്റിംഗ്

293 [4145] ശ്രീ. എം. എം. മോനായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങളിലെ 2005-06 വർഷത്തെ ഓഡിറ്റ് പൂർത്തിയായിട്ടുണ്ടോ;

(ബി) ഓഡിറ്റിംഗ് പൂർത്തിയായതും, പൂർത്തിയാകാത്തതുമായ സംഘങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കുമോ;

(സി) ഇവയിലോരോന്നിലും ഓഡിറ്റിംഗിന് എത്ര വർഷത്തെ കാലതാമസം നേരിട്ടുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 2005-2006 വർഷത്തെ സഹകരണ സ്ഥാപനങ്ങളുടെ ആഡിറ്റിംഗ് പൂർത്തിയായിട്ടില്ല.

(ബി) 2005-2006 വർഷത്തെ ആഡിറ്റ് പൂർത്തിയായതും ആകാത്തതുമായ സഹകരണ സ്ഥാപനങ്ങളുടെ വിവരം അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.†

(സി) 31-8-2006-ലെ ആഡിറ്റ് വിവരം വർഷം തിരിച്ച് അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.†

## കയർ രംഗത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നുള്ളവരുടെ വിദേശയാത്ര

294 [4146] ശ്രീ. എ. എം. ആരിഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ രംഗവുമായി ബന്ധപ്പെട്ട പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ വിദേശയാത്രകൾ നടത്തിയവർ ആരൊക്കെ; യാത്രയുടെ വിശദാംശം ലഭ്യമാക്കാമോ; ഓരോ യാത്രയ്ക്കും ചെലവായ തുക എത്ര;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഓരോ യാത്രയുടേയും ഫലമായി എത്ര കോടി രൂപയുടെ ഓർഡർ ലഭിച്ചു ;

(സി) പ്രസ്തുത യാത്രകൾ പ്രയോജനകരമല്ലായിരുന്നുവെങ്കിൽ ചെലവായ തുക യാത്ര നടത്തിയവരിൽ നിന്ന് തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കയർ രംഗവുമായി ബന്ധപ്പെട്ട് പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും കഴിഞ്ഞ 5 വർഷങ്ങളിൽ വിദേശയാത്രകൾ നടത്തിയതിന്റെ വിശദാംശങ്ങൾ അനുബന്ധം 1-ൽ ചേർത്തിട്ടുണ്ട്.†

(ബി) ഓരോ യാത്രയുടെയും ഫലമായി ലഭിച്ച ഓർഡറുകളുടെ വിവരം അനുബന്ധം 2-ൽ ചേർത്തിട്ടുണ്ട്.†

(സി) വിദേശ എക്സിബിഷനുകളിൽ പരിചയപ്പെടുന്ന കസ്റ്റമർക്ക് സാമ്പിളുകളും വിലയും അയച്ച് അവരുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ഓർഡറുകൾ നൽകുകയുള്ളൂ. ആയതുകൊണ്ട് ഓരോ വർഷവും ലഭിച്ച ഓർഡറുകളുടെ തുക മാത്രം കണക്കാക്കി എല്ലാ യാത്രകളും പ്രയോജനകരമാണോ അല്ലയോ എന്ന് വിലയിരുത്താനാവില്ല. നിലവിലുള്ള buyer-മാർ പൊതു മേഖലാ കമ്പനികളെ വിട്ടുപോകാതിരിക്കാനും പുതിയ ഉല്പന്നങ്ങൾ ഓരോ വർഷവും മാർക്കറ്റിൽ പരിചയപ്പെടുത്താനും വിദേശ എക്സിബിഷനുകളിൽ കയറ്റുമതിയുമായി ബന്ധപ്പെട്ടിട്ടുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ സാന്നിദ്ധ്യം ആവശ്യമാണ്. എന്നാൽ യാത്രകളുടെ ഫലപ്രാപ്തിയെ സംബന്ധിച്ച് വിശദമായി പരിശോധിച്ച് അംഗീകരിക്കാനാവാത്ത യാത്രകളുടെ തുക ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഒരു ഓർഡറും ലഭിക്കാതിരുന്നത് സംബന്ധിച്ച് വിശദമായ മറ്റ് പരിശോധനകളും നടത്തുന്നതാണ്.

കയർ രംഗത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ

295 [4147] ശ്രീ. അൽഫോൺസ് കണ്ണന്താനം : താഴെ കാണുന്ന ചോദ്യങ്ങൾക്ക്സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ രംഗവുമായി ബന്ധപ്പെട്ട പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്നും ഇവയിൽ ലാഭത്തിൽ പ്രവർത്തിക്കുന്നവ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാം എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) കയർ രംഗവുമായി ബന്ധപ്പെട്ട പൊതുമേഖലാ സ്ഥാപനങ്ങൾ ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ്, ആലപ്പുഴ, കേരള സംസ്ഥാന കയർ കോർപ്പറേഷൻ, ആലപ്പുഴ എന്നിവയാണ്. ഇവയെ കൂടാതെ കയർ സഹകരണ സംഘങ്ങളുടെ അപ്പെക്സ് ബോഡിയായി സംസ്ഥാന സഹകരണ കയർ ഫെഡറേഷനും പ്രവർത്തിക്കുന്നു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കേരള സംസ്ഥാന കയർ കോർപ്പറേഷന് സഞ്ചിത നഷ്ടമുണ്ട്. കഴിഞ്ഞ വർഷങ്ങളിലും നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡിന് സഞ്ചിത ലാഭമുണ്ട്. കയർ ഫെഡറേഷനും നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. കയർഫെഡിന്റെ സഞ്ചിത നഷ്ടം 5173.86 ലക്ഷം രൂപയും കയർ കോർപ്പറേഷന്റേത് 1064 ലക്ഷം രൂപയുമാണ്. ഫോംമാറ്റിംഗ്സിന് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 35.36 ലക്ഷം രൂപയുടെ നഷ്ടമുണ്ട്.

(ബി) ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നിലവിലുള്ള വിവിധ പ്ലാന്റുകളിൽ ഉല്പാദന ചെലവ് കുറയ്ക്കുന്നതിന്റെ ഭാഗമായി എനർജി ഓഡിറ്റ് നടത്തുകയും ഊർജ്ജ സംരക്ഷണ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു. കൂടാതെ ആഭ്യന്തര വിപണി വിപുലീകരിക്കുന്നതിന് സപ്ലൈകോ, കൺസ്യൂമർഫെഡ്, കെ. എസ്. ഐ. ഇ. സ്ഥാപനങ്ങൾ വഴി വിപണന ശൃംഖലകൾ ആരംഭിച്ചു. വിദേശവിപണി വഴി കൂടുതൽ ഓർഡറുകൾ ലഭ്യമാക്കുന്നതിനായി വിവിധ രാജ്യങ്ങളിലുള്ള എംബസ്സി വഴിയും മറ്റു നെറ്റ്‌വർക്ക് സംവിധാനങ്ങൾ വഴിയും ശ്രമങ്ങൾ നടത്തിവരുന്നു. പുതിയ തരം ഉൽപ്പന്നങ്ങൾ മാർക്കറ്റിൽ ഇറക്കിയും എക്സിബിഷനുകളിൽ പങ്കെടുത്തും വിൽപന വർദ്ധിപ്പിക്കാൻ ശ്രമം നടത്തുന്നുണ്ട്. കൂടാതെ ഫോംമാറ്റിംഗ്സിൽ വിവധ വികസന പ്രവർത്തനങ്ങൾക്ക് 110 ലക്ഷം രൂപയുടെ പ്രോജക്ട് സർക്കാരിന്റെ പരിഗണനയിലാണ്.

കയർ കോർപ്പറേഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുവേണ്ടി കോർപ്പറേഷൻ സമർപ്പിച്ച പ്രപ്പോസലുകൾ അംഗീകരിക്കാൻ 5-7-2006-ൽ സഹകരണ-കയർ-ദേവസ്വം മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം തീരുമാനിച്ചിട്ടുണ്ട്. ടി പദ്ധതി പ്രകാരം റോമെറ്റീരിയൽ റിസർവ് ഓഗ്മെൻന്റേഷൻ, പ്രൊഡക്ഷൻ, ടെക്നോളജി അപ്ഗ്രഡേഷൻ, വേസ്റ്റ് യൂട്ടിലൈസേഷൻ, ജിയോടെക്സ്റ്റൈൽ ഡെവലപ്മെന്റ് മാർക്കറ്റിംഗ് എൻഹാൻസ്മെന്റ്, ക്യാപിറ്റൽ ബേസ് സ്ട്രെഗ്തനിംഗ്, റീസ്ട്രക്ച്ചറിംഗ് എന്നീ സംരംഭങ്ങളിലായി 33.31 കോടി രൂപയുടെ ഹ്രസ്വ/ദീർഘകാല പദ്ധതികൾ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കയർ ഫെഡറേഷനെ കാര്യക്ഷമവും ലാഭകരവുമാക്കുന്നതിനുള്ള വിശദമായ നിർദ്ദേശങ്ങൾ 'വിഷൻ 2006' എന്ന പേരിൽ തയ്യാറാക്കിയിട്ടുണ്ട്.

## കയറുൽപ്പന്നങ്ങൾക്ക് പൊതു ബ്രാന്റ്

296 [4148] ശ്രീ. അൽഫോൺസ് കണ്ണന്താനം : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കയർ രംഗവുമായി ബന്ധപ്പെട്ട പൊതുമേഖലാ സ്ഥാപനങ്ങളുടേയും സഹകരണ സംഘങ്ങളുടെയും ഉല്പന്നങ്ങൾക്ക് പൊതു ബ്രാന്റ് നൽകി വില്പന നടത്താൻ നടപടി സ്വീകരിക്കുമോ ;

### ഉത്തരം

കേരളത്തിലെ കയറിനും കയർ ഉല്പ്പന്നങ്ങൾക്കും ബ്രാന്റ് ഇമേജ് ഉണ്ടാകുന്നതിനുള്ള നടപടികൾ സ്വീകരിക്കും. എൻ. സി. ആർ. എം. ഐ.യ്ക്ക് 40 ലക്ഷം രൂപ 2004-05 വർഷം നൽകിയത് ഇതിനായി ഉപയോഗപ്പെടുത്താൻ

LIBRARY ARCHIVES Kerala Legislative Assembly

ഉദ്ദേശിക്കുന്നു. 'Kerala Coir—The Golden Yarn of God's Own Country' എന്ന ബ്രാന്റ് നെയിം പ്രചരിപ്പിക്കുന്നതിനും അതനുസരിച്ചുള്ള ഒരു ഗുണനിലവാര സർട്ടിഫിക്കേഷനും പദ്ധതിയിടുന്നുണ്ട്.

### കയർ തൊഴിലാളികൾക്ക് സഹായം

297 [4149] ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായവർക്ക് ഇപ്പോൾ നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കുമോ?

(ബി) ഇവർക്കായി പുതിയ പദ്ധതികളെന്തെങ്കിലും നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

### ഉത്തരം

(എ) കയർതൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായവർക്ക് ഇപ്പോൾ നൽകിവരുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. † നിലവിൽ നൽകിവരുന്ന പെൻഷൻ ഒഴികെയുള്ള എല്ലാ ആനുകൂല്യങ്ങളും നവംബർ 1 മുതൽ വർദ്ധിപ്പിക്കുന്നുണ്ട്.

(ബി) ഉണ്ട്. പുതിയ ക്ഷേമ പദ്ധതികൾ ബോർഡിന്റേയും സർക്കാരിന്റെയും സാമ്പത്തികനില മെച്ചപ്പെട്ടതിനുശേഷം പരിഗണിക്കുന്നതാണ്.

### ക്ഷേത്രങ്ങളിലെ സമാന്തര സംഘടനകളുടെ പ്രവർത്തനം

298 [4150] ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എച്ച്. ആർ. & സി. ഇ. ആക്ടിന്റെ കീഴിൽ വരുന്ന ക്ഷേത്രങ്ങളിൽ നിയമങ്ങൾക്ക് വിരുദ്ധമായ രീതിയിൽ ആരാധനാലയങ്ങൾ ബന്ധപ്പെട്ട പ്രദേശത്തെ സമാന്തര സംഘടനകൾ കൈയ്യാളുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇങ്ങനെയുള്ള ആരാധനാലയങ്ങളിൽ അഴിമതി നടക്കുന്ന കാര്യം അറിവുണ്ടോ ;

(സി) എങ്കിൽ ഇത് നിയന്ത്രിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ?

### ഉത്തരം

(എ) ഉണ്ട്. വയനാട് ജില്ലയിലെ ബത്തേരി മഹാഗണപതി ക്ഷേത്രം, കോഴിക്കോട് ജില്ലയിലെ തിരുവച്ചിറ ദേവസ്വം ക്ഷേത്രം, ചെറുവണ്ണൂർ സുബ്രഹ്മണ്യ ക്ഷേത്രം പോലുള്ള ചില ക്ഷേത്രങ്ങൾ ഭരിക്കുന്നത് വകുപ്പിന്റെ അംഗീകാരമില്ലാത്ത ചില അനധികൃത പ്രാദേശിക സംഘടനകളാണ്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ടി ക്ഷേത്രങ്ങളിൽ ക്ഷേത്രപരിശോധനയോ ഓഡിറ്റോ നടത്തുന്നത് അനധികൃത സംഘടനകൾ തടസ്സപ്പെടുത്തുന്നതിനാൽ അഴിമതിയെ സംബന്ധിച്ച വിവരങ്ങൾ സർക്കാരിന് ലഭ്യമല്ല.

(സി)ഇത്തരം കാര്യങ്ങൾ അതാത് സമയത്ത് നടപടി എടുക്കുന്നുണ്ടെങ്കിലും കോടതി നടപടികളുടെ സാങ്കേതികതകൾ കാരണം കാര്യങ്ങൾ നീണ്ടുപോകുന്ന അവസ്ഥയുണ്ട്.

## തിരുവിതാംകൂർ ദേവസ്വം ബോർഡ്

299 [4151] ശ്രീ. വി. ഡി. സതീശൻ:

പ്രൊഫ. കെ. വി. തോമസ്:

ശ്രീ. ജോർജ് മേഴ്സിയർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിലെ അംഗങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുവാൻ ഉദ്ദേശമുണ്ടോ ;

(ബി) എങ്കിൽ എത്രയായാണ് വർദ്ധിപ്പിക്കുന്നത് ;

(സി) അംഗസംഖ്യ വർദ്ധിപ്പിക്കുന്നതിനുള്ള കാരണമെന്തൊണെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ, ബി & സി) സ്ത്രീകൾക്കും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽ പെട്ടവർക്കും പ്രാതിനിധ്യം ലഭിക്കത്തക്കവിധത്തിൽ ദേവസ്വം ബോർഡ് അംഗങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതടക്കമുള്ള കാര്യങ്ങൾ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. സാമൂഹ്യ നീതി, സുതാര്യത, അഴിമതി നിർമ്മാർജ്ജനം, കേരളീയ നവോത്ഥാന മൂല്യങ്ങൾ, ഫ്യൂഡൽ വിരുദ്ധസമീപനം എന്നീ തത്വങ്ങളുടെ പേരിലാണ് പുതിയ നീക്കത്തിന് പരിഗണന നൽകുന്നത്.

## കാസർഗോഡ് താലൂക്കിൽ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങൾ

300 [4152] ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് താലൂക്കിൽ ദേവസ്വം ബോർഡിന്റെ കീഴിൽ എത്ര ക്ഷേത്രങ്ങളുണ്ടെന്നും അവ ഏതെല്ലാമാണെന്നും അറിയിക്കാമോ ;

(ബി) ഈ ക്ഷേത്രങ്ങൾ ഏതെല്ലാംഗ്രേഡുകളിൽപ്പെട്ടതാണെന്നും അവയിൽ എത്ര ജീവനക്കാർ വീതമുണ്ടെന്നും അറിയിക്കുമോ ;

(സി) ഈ ക്ഷേത്രങ്ങളിൽ നിന്നും എത്ര രൂപയുടെ വരുമാനം ലഭിക്കുന്നുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ക്ഷേത്രങ്ങൾ ദേവസ്വം ബോർഡിന് നൽകേണ്ട തുകയിൽ കുടിശ്ശിക ഉണ്ടോ; എങ്കിൽ കുടിശ്ശികയുള്ള ക്ഷേത്രങ്ങൾ ഏതൊക്കെയാണെന്നും കുടിശ്ശിക തുക എത്രയാണെന്നും അറിയിക്കുമോ ;

(ഇ) പ്രസ്തുത കുടിശ്ശിക തുക പിരിച്ചെടുക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ, ബി, സി ആന്റ് ഡി) മലബാർ മേഖലയിലെ ക്ഷേത്രങ്ങൾക്കായി ദേവസ്വം ബോർഡ് നിലവിലില്ല. ടി മേഖലയിലെ ക്ഷേത്രങ്ങളുടെ നിയന്ത്രണം വഹിക്കുന്നത് ഹിന്ദുമതധർമ്മ സ്ഥാപന (ഭരണ) വകുപ്പിന് കീഴിൽ, കാസർഗോഡ് താലൂക്കിൽ 55 ക്ഷേത്രങ്ങൾ ഉള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ക്ഷേത്രങ്ങളുടെ പേരുവിവരം, അവയുടെ ഗ്രേഡ്, ജീവനക്കാരുടെ എണ്ണം, ക്ഷേത്രങ്ങളിൽ നിന്നുള്ള വരുമാനം, കുടിശ്ശിക വരുത്തിയിട്ടുള്ള ക്ഷേത്രങ്ങളുടെ പേരുവിവരം, കുടിശ്ശികയുടെ കണക്ക് എന്നിവ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി വച്ചിട്ടുണ്ട്.†

(ഇ) കുടിശ്ശിക പിരിച്ചെടുക്കുന്നതിന്, ഹിന്ദുമത ധർമ്മ സ്ഥാപന (ഭരണ) വകുപ്പിന് കീഴിൽ അതാത് ഡിവിഷനുകളിലെ അസിസ്റ്റന്റ് കമ്മീഷണർമാരും, ഇൻസ്പെക്ടർമാരും ചേർന്ന് സ്പെഷ്യൽ ഡ്രൈവ് നടത്തുന്നുണ്ടെന്നും അതിന്റെ ഫലമായി കഴിഞ്ഞ നാല് മാസക്കാലങ്ങളിലായി ഏകദേശം ഒന്നരകോടിയോളം രൂപ വിവിധ ദേവസ്വങ്ങളിൽ നിന്നും പിരിച്ചെടുക്കുകയുണ്ടായിട്ടുണ്ടെന്ന് കമ്മീഷണർ അറിയിച്ചിട്ടുണ്ട്. കൂടാതെ നിശ്ചിത ഇടവേളകളിൽ അസിസ്റ്റന്റ് കമ്മീഷണർമാരുടെയും, ഇൻസ്പെക്ടർമാരുടെയും അവലോകനയോഗം നടത്തി കുടിശ്ശിക പിരിവ് സംബന്ധിച്ച പുരോഗതി വിലയിരുത്തിയിട്ടുണ്ടെന്നും കമ്മീഷണർ അറിയിച്ചിട്ടുണ്ട്.

## റേഷൻകാർഡ് ഇല്ലാത്ത ആദിവാസികൾ

301 [4153] ശ്രീ. വർക്കല കഹാർ :

,, ബി. ബാബു പ്രസാദ് :

,, ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര ആദിവാസി കുടുംബങ്ങളുണ്ട് ;

(ബി) ഇവരിൽ റേഷൻകാർഡ് ഇല്ലാത്ത എത്ര കുടുംബങ്ങൾ ഉണ്ട് ;

(സി) റേഷൻകാർഡില്ലാത്തത് കാരണം ഇവർക്ക് സൗജന്യ റേഷൻ കിട്ടാത്ത അവസ്ഥയുണ്ടോ ;

(ഡി) ഇവർക്ക് റേഷൻകാർഡ് നൽകാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ, ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ഇല്ല. റേഷൻകാർഡ് ഇല്ലാത്തവർക്കും ട്രൈബൽ ഡെവലപ്പ്മെന്റ് ആഫീസർ നൽകുന്ന കാർഡിന്റെ അടിസ്ഥാനത്തിൽ സൗജന്യ റേഷൻ നൽകിവരുന്നു.

(ഡി) റേഷൻ കാർഡിനുള്ള അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് റേഷൻകാർഡ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ദേഹോപദ്രവത്തിന് വിധേയരായ പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ടവർ

302 [4154] ശ്രീ. സി. പി. മുഹമ്മദ് :

,, എൻ. ശക്തൻ :

,, ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി-പട്ടികവർഗ്ഗത്തിൽപെട്ട എത്ര പേർക്ക് ദേഹോപദ്രവം ഏറ്റിട്ടുണ്ട്;

(ബി) ഇവരിൽ എത്രപേർക്ക് ഗുരുതരമായ ദേഹപീഡനം ഏറ്റിട്ടുണ്ട് ;

(സി) ഇത്തരം കേസ്സുകളുണ്ടാകുന്നത് പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പുകളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഇത്തരം സംഭവങ്ങളിൽ പ്രസ്തുത വകുപ്പ് സ്വീകരിക്കുന്ന നടപടികളെന്ത് ?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതിയിൽപെട്ട 21 പേർക്കും പട്ടികവർഗ്ഗത്തിൽപെട്ട 11 പേർക്കും ദേഹോപദ്രവം ഏറ്റിട്ടുണ്ട്.

(ബി) ഇവരിൽ പട്ടികജാതി വിഭാഗത്തിൽപെട്ട 3 പേർക്കും പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട 5 പേർക്കും ഗുരുതരമായ ദേഹപീഡനം ഏറ്റിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ പട്ടികവർഗ്ഗത്തൽപെട്ട ശ്രീ. തങ്കപ്പൻ എന്നയാൾ സംഘട്ടനത്തിൽ മരണമടഞ്ഞു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഇത്തരം കേസ്സുകൾ ഉണ്ടായാൽ 1989-ലെ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമം തടയൽ നിയമപ്രകാരം കേസ്സ് രജിസ്റ്റർ ചെയ്ത് നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുകയും പോലീസിന്റെ എഫ്. ഐ. ആർ. പരിശോധിച്ചശേഷം ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയിൽവെച്ച് അർഹമായ കേസ്സുകളിൽ സാമ്പത്തിക ആനുകൂല്യങ്ങൾ അനുവദിച്ചുനൽകുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

## പട്ടികജാതി വികസന വകുപ്പിൽനിന്നും ഭവന നിർമ്മാണത്തിനായി അനുവദിച്ചതുക

303 [4155] ശ്രീ. കെ. സി. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷം പട്ടികജാതി വികസന വകുപ്പിൽ നിന്നും ഭവന നിർമ്മാണത്തിനായി എത്ര വീടുകൾ അനുവദിച്ചു;

(ബി) വീടുകൾ അനുവദിച്ചവർക്ക് പൂർണ്ണമായും തുക നൽകിയിട്ടുണ്ടോ;

(സി) നൽകിയിട്ടില്ലെങ്കിൽ എത്ര പേർക്ക് തുക നൽകാനുണ്ട്?

### ഉത്തരം

(എ) കഴിഞ്ഞവർഷം ഭവന നിർമ്മാണത്തിനായി 4688 വീടുകൾ അനുവദിച്ചു.

(ബി) ഇല്ല.

(സി) 4685 പേർക്ക് തുക നൽകാനുണ്ട്. കുടിശ്ശിക തുക നൽകുന്നതിലേയ്ക്കായുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ ഫണ്ട് ലാപ്സാവാതിരിക്കാൻ നടപടി

304 [4156] ശ്രീ. കെ. സി. കുഞ്ഞിരാമൻ:
,, സി. കെ. പി. പത്മനാഭൻ:
,, കെ. കുഞ്ഞിരാമൻ:
,, പി. ജയരാജൻ:
,, കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമ പദ്ധതി പ്രകാരം കേന്ദ്ര സർക്കാർ നൽകുന്ന ഫണ്ടിനായി യഥാസമയം പദ്ധതികൾ സമർപ്പിക്കാതിരിക്കുകയും ഫണ്ട് ചെലവാക്കാതിരിക്കുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമത്തിനായി ലഭിക്കേണ്ട ഫണ്ട് സംസ്ഥാന സർക്കാരിന്റെ വീഴ്ചമൂലം നഷ്ടപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) ഫണ്ട് ലാപ്സാവാതിരിക്കാനും കൂടുതൽ ആനുകൂല്യം ലഭിക്കുന്നതിനുമായി ഈ സർക്കാർ സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്. യഥാസമയം വിനിയോഗ സർട്ടിഫിക്കറ്റ് നൽകാത്ത കാരണത്താൽ കേന്ദ്രസഹായം ലഭിക്കാതിരുന്നിട്ടുണ്ട്. 8,08,79,633 രൂപയുടെ വിനിയോഗ സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എസ്. സി. എ. ടു എസ്. സി. പി. പദ്ധതിയിൽ തുക നഷ്ടപ്പെട്ടിട്ടുണ്ട്. എസ്. സി. എ. ടു എസ്. സി. പി. പദ്ധതി പ്രകാരം കിട്ടേണ്ട തുക ലഭിക്കാത്തതിനുള്ള കാരണം സംബന്ധിച്ചുള്ള വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. 2002-03 സാമ്പത്തിക വർഷത്തിനുശേഷം യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് യഥാസമയം കേന്ദ്ര സർക്കാരിന് സമർപ്പിക്കാൻ കഴിയാത്തതിനാൽ പ്രത്യേക ഘടക പദ്ധതിക്കുള്ള പ്രത്യേക കേന്ദ്രസഹായം വകുപ്പിന് ലഭിച്ചിട്ടില്ല. വിനിയോഗ സർട്ടിഫിക്കറ്റ് നൽകാൻ കഴിയാത്തതിന്റെ കാരണം താഴെ ചേർക്കുന്നു.

2001-02 സാമ്പത്തിക വർഷം എസ്. സി. എ. ടു എസ്. സി. പി. പ്രകാരം ലഭിച്ച തുക പൂർണ്ണമായും ചെലവഴിക്കാതിരുന്നതിനാലും പിന്നീട് ചെലവഴിച്ച തുകയെപ്പറ്റി ആരോപണങ്ങൾ ഉയർന്നതിനാലുമാണ് മേൽപ്പറഞ്ഞ തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് നൽകാൻ കഴിയാതിരുന്നത്. എസ്. സി. എ. ടു എസ്. സി. പി. പ്രകാരം ലഭിച്ച തുക വിനിയോഗിക്കുന്നതിനായി പട്ടികജാതി കുട്ടികൾക്കായി ആവിഷ്ക്കരിച്ച കമ്പ്യൂട്ടർ പരിശീലന പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച വിജിലൻസ് അന്വേഷണം നടക്കുന്നതിനാൽ ബന്ധപ്പെട്ടരേഖകൾ അവരുടെ കൈവശമാണ്. പട്ടികവർഗ്ഗ വികസനത്തിനുവദിച്ച അധിക കേന്ദ്ര സഹായം വിനിയോഗിക്കാത്തതുമൂലവും സംസ്ഥാനത്തിന് നഷ്ടമുണ്ടായിട്ടുണ്ട്.

(സി) കേന്ദ്രസഹായമായി ലഭിക്കുന്ന തുക ലാപ്സാവാതിരിക്കുവാൻ ബന്ധപ്പെട്ട നിർവ്വഹണഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശങ്ങളും ചെലവ് സംബന്ധിച്ച് പീരിയോഡിക്കൽ റിവ്യൂവും നടത്തുന്നുണ്ട്.

## പട്ടികസമുദായ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ

305 [4157] ശ്രീ. കെ. കെ. ഷാജു :

" കെ. ബി. ഗണേഷ്കുമാർ :

" തോമസ് ചാണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെ എത്ര പട്ടികസമുദായ വിദ്യാർത്ഥികൾക്ക് ഓരോ വർഷവും ഉന്നത വിദ്യാഭ്യാസത്തിന് അവസരം ലഭിക്കുന്നു ;

(ബി) ഇത്തരത്തിൽ സ്വാശ്രയ മേഖലയിൽ അവസരങ്ങൾ കിട്ടുന്ന പട്ടിക സമുദായ വിദ്യാർത്ഥികൾക്ക് ഗവൺമെൻറ് നൽകുന്ന ഫീസ് ആനുകൂല്യങ്ങളും മറ്റും വിശദമാക്കാമോ ;

(സി) സ്വാശ്രയ സ്ഥാപനങ്ങളിൽ ഉൾപ്പെടെയുള്ള പട്ടികസമുദായ വിദ്യാർത്ഥികൾക്ക് കൃത്യമായി ഫീസും മറ്റും ലഭിക്കാത്തത് പലതരത്തിലുള്ള ദുരിതങ്ങൾക്ക് ഇടവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉന്നത വിദ്യാഭ്യാസത്തിന് അവസരം ലഭിക്കുന്ന പട്ടികജാതി വിദ്യാർത്ഥികളുടെ എണ്ണം ലഭ്യമല്ല. പട്ടികജാതി വികസന വകുപ്പിൽ നിന്നും സ്വാശ്രയ സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്ക് കഴിഞ്ഞ 3 വർഷം ആനുകൂല്യം നൽകിയവരുടെ എണ്ണം ചുവടെ ചേർക്കുന്നു.

2003-04—3192

2004-05—3888

2005-06—4845

2005-06 വർഷം സ്വാശ്രയ കോളേജുകളിൽ പഠനം നടത്തിയിരുന്നത് 372 പട്ടികവർഗ്ഗ വിദ്യാർത്ഥികളാണ്. 2006-07 വർഷം ഇതുവരെ (31-8-2006 വരെ) 320 പട്ടികവർഗ്ഗ കുട്ടികൾ പ്രവേശനം നേടിയിട്ടുണ്ട്. വിവിധ കോഴ്സുകളിൽ അഡ്മിഷൻ തുടർന്നു കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ടി കുട്ടികളുടെ എണ്ണം ഈ വർഷാവസാനത്തോടെ ഏകദേശം 410 ആകുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) സ. ഉ. (കൈ) നമ്പർ 48/04/പജാ.പവ.വിവ. തീയതി 17-7-2004 പ്രകാരം കേരള പ്രവേശന പരീക്ഷാ കമ്മീഷണറുടെ പരിധിയിൽ വരാത്ത യൂണിവേഴ്സിറ്റികൾ, യൂണിവേഴ്സിറ്റികളുടെയോ സർക്കാരിന്റെയോ എൻ. ഒ. സി./എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ തുടങ്ങി പ്രവേശനം നൽകുന്ന സ്ഥാപനങ്ങൾ, സി.ഡിറ്റ്. എന്ന സ്ഥാപനം, കോഴിക്കോട് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി എന്നിവയിൽ മൊത്തം സർക്കാർ സീറ്റുകളിൽ 10% സീറ്റുകളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കു സംവരണവും സർക്കാർ സ്ഥാപനങ്ങളിൽ നൽകുന്ന നിരക്കിൽ വിദ്യാഭ്യാസാനുകൂല്യങ്ങളും അനുവദിച്ച് നൽകി വന്നിരുന്നു. സ. ഉ. (കൈ) നമ്പർ 14/05/പജാ.പവ.വിവ. തീയതി 6-4-2005 പ്രകാരം ടി സ്ഥാപനങ്ങളിലെ സർക്കാർ സീറ്റുകളിൽ മെറിറ്റിൽ പ്രവേശനം ലഭിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹവിഭാഗം വിദ്യാർത്ഥികൾക്കുകൂടി ടി ആനുകൂല്യങ്ങൾ അനുവദിച്ച് നൽകാൻ ഉത്തരവായിട്ടുണ്ട്.

സ. ഉ. (എം.എസ്.) നമ്പർ 28/05/പജാ.പവ.വിവ. തീയതി 2-7-2005, സ. ഉ. (എം.എസ്.) നമ്പർ 44/05പജാ.പവ.വിവ. തീയതി 26-11-2005 പ്രകാരം സ്വകാര്യ സ്വാശ്രയസ്ഥാപനങ്ങളിൽ 2004-05 വർഷം മുതൽ പ്രവേശന പരീക്ഷാ കമ്മീഷണറുടെ റാങ്ക് ലിസ്റ്റുപ്രകാരം എഞ്ചിനീയറിംഗ്, എം. ബി. ബി. എസ്., ബി. ഫാം, ബി. ഡി. എസ്., ബി. എസ്. സി. നഴ്സിംഗ്, ബി. എ. എം. എസ്., ബി. എസ്. എം. എസ്. (സിദ്ധ) എന്നീ കോഴ്സുകൾക്ക് സർക്കാർ മെറിറ്റ് സീറ്റിലും 10% സംവരണ സീറ്റിലും പ്രവേശനം ലഭിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ജസ്റ്റീസ് കെ. ടി. തോമസ് കമ്മീഷൻ ശുപാർശ ചെയ്ത നിരക്കിലുള്ള ഫീസും മറ്റാനുകൂല്യങ്ങളും നൽകി വരുന്നു.

(സി) ഉണ്ട്. അർഹരായ എല്ലാ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും യഥാസമയം വിദ്യാഭ്യാസാനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## ഗുരുതരമായ രോഗം ബാധിച്ച പട്ടികജാതിക്കാർക്ക് ധനസഹായം

306 [4158] ശ്രീ. എം. വി. ശ്രേയാംസ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുതരമായ രോഗം ബാധിച്ച ദാരിദ്രരേഖയ്ക്ക് താഴെയുള്ള പട്ടികജാതിക്കാർക്ക് ധനസഹായം എന്ന പദ്ധതിയിനത്തിൽ കൽപ്പറ്റ മണ്ഡലത്തിൽ കഴിഞ്ഞ സാമ്പത്തികവർഷം അനുവദിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) ഒരാൾക്ക് നൽകിയ ഏറ്റവും കൂടിയ തുക എത്രയെന്ന് വ്യക്തമാക്കാമോ;

(സി) കഴിഞ്ഞ സാമ്പത്തികവർഷം സമർപ്പിച്ച അപേക്ഷകളിൽ എത്രയെണ്ണം തീർപ്പാക്കാനുണ്ട്;

(ഡി) അനുവദിച്ച തുകയിൽ അഗതികൾക്കായുള്ള ആശ്രയ പദ്ധതിയിൽ അംഗമായവർ എത്രയെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) 39,000 രൂപ (മുപ്പത്തി ഒൻപതിനായിരം രൂപ) അനുവദിച്ചിട്ടുണ്ട്.

(ബി) 10,000 രൂപ (പതിനായിരം രൂപ).

(സി) കൽപ്പറ്റ മണ്ഡലത്തിലെ 8 അപേക്ഷകൾ തീർപ്പാക്കാനുണ്ട്.

(ഡി) ആകെ 60 പേർ അഗതികൾക്കായുള്ള ആശ്രയ പദ്ധതിയിൽ കൽപ്പറ്റ നഗരസഭയിൽ അംഗങ്ങളായിട്ടുണ്ട്. ഇതിൽ എത്ര പേർക്ക് ചികിൽസാ ധനസഹായം അനുവദിച്ചു എന്ന വിവരം ശേഖരിച്ചു നൽകുന്നതാണ്.

## പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ പ്രവർത്തനം

307 [4159] ശ്രീ. ബി. രാഘവൻ :
,, ടി. പി. കുഞ്ഞുണ്ണി :
,, എസ്. രാജേന്ദ്രൻ :
,, സാജു പോൾ :
,, കെ. സി. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പട്ടികജാതി /പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ പ്രവർത്തനം സർക്കാർ പരിശോധിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ കോർപ്പറേഷന്റെ പ്രവർത്തനംമൂലം കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങൾ വ്യക്തമാക്കുമോ ;

(സി) കോർപ്പറേഷൻ ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ പദ്ധതികൾക്ക് ഓരോന്നിനും കേന്ദ്ര സഹായം എത്ര ശതമാനമാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പുതുതായി എന്തെങ്കിലും പദ്ധതി കോർപ്പറേഷൻ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(എഫ്) വായ്പ കുടിശ്ശിക ഇനത്തിൽ കോർപ്പറേഷന് എന്തു തുക തിരിച്ചുകിട്ടാനുണ്ടെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിവിധ സ്വയം തൊഴിൽ വായ്പാ പദ്ധതികൾ, ഭവന നിർമ്മാണ വായ്പാ പദ്ധതികൾ, തൊഴിലധിഷ്ഠിത പരിശീലന പദ്ധതികൾ, വിദ്യാഭ്യാസ വായ്പപോലുള്ള ഇതര സാമൂഹ്യക്ഷേമ പദ്ധതികൾ എന്നിവ മുഖേന കോർപ്പറേഷന്റെ ആരംഭം മുതൽ 31-8-2006 വരെ 1,32,534 ഗുണഭോക്താക്കൾക്കായി 152.72 കോടി രൂപ വിതരണം ചെയ്ത് അതിന്റെ ഫലം ഗുണഭോക്താക്കൾക്ക് ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട്.

(സി) വിവിധ സ്വയം തൊഴിൽ വായ്പാ പദ്ധതികൾ, ഭവന നിർമ്മാണ വായ്പാ പദ്ധതികൾ, തൊഴിലധിഷ്ഠിത പരിശീലന പദ്ധതികൾ വിദ്യാഭ്യാസ വായ്പപോലുള്ള ഇതര സാമൂഹ്യക്ഷേമ പദ്ധതികൾ എന്നിവയാണ് കോർപ്പറേഷൻ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്.

(ഡി) ഇതിൽ വിവിധ സ്വയം തൊഴിൽ പദ്ധതികൾക്ക് മാത്രമാണ് കേന്ദ്ര സഹായം ലഭ്യമാകുന്നത്. ഇത് പരമാവധി 49 ശതമാനമാണ്.

(ഇ) കേന്ദ്ര ഗ്രാമ വികസന മന്ത്രാലയം ആവിഷ്കരിച്ച് നടപ്പാക്കുന്ന "സ്വരൺ ജയന്തി ഗ്രാമ സ്വരോസ്ഗാർ യോജന", പട്ടികജാതി/പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്കായി കോർപ്പറേഷൻ വഴി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. ഇതുമൂലം ഗുണഭോക്താക്കളുടെ സ്വയം സഹായ സംഘങ്ങൾക്ക് വായ്പ നൽകാൻ സാധിക്കുന്നതാണ്. സംസ്ഥാന ഗ്രാമവികസന വകുപ്പിന്റെ അനുമതി ലഭിച്ചാലുടൻ ഈ പദ്ധതി നടപ്പിലാക്കാൻ സാധിക്കുന്നതാണ്.

(എഫ്) വായ്പാ കുടിശ്ശിക ഇനത്തിൽ ഏകദേശം 30.84 കോടി രൂപ കോർപ്പറേഷന് തിരിച്ചു കിട്ടാനുണ്ട്.

## പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ കൽപ്പറ്റ മണ്ഡലത്തിലെ പ്രവർത്തനം

308 [4160] ശ്രീ. എം. വി. ശ്രേയാംസ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ പരിപാടികൾ പ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷം വയനാട് കൽപ്പറ്റ മണ്ഡലത്തിൽ ചെലവഴിച്ച തുകയുടെ വിശദാംശം വ്യക്തമാക്കാമോ ;

(ബി) ഈ തുക സംസ്ഥാനത്തെ ആകെ ചെലവിന്റെ എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ ;

(സി) നടപ്പു സാമ്പത്തിക വർഷം കോർപ്പറേഷൻ കൽപ്പറ്റ മണ്ഡലത്തിൽ ചെലവഴിച്ച തുകയുടെ വിശദാംശം വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ പരിപാടികൾ പ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷം (2005-06) 5.05 ലക്ഷം രൂപ വയനാട്-കൽപ്പറ്റ മണ്ഡലത്തിൽ ചെലവഴിച്ചിട്ടുണ്ട്.

(ബി) ഈ തുക കോർപ്പറേഷൻ സംസ്ഥാനത്ത് വിവിധ പദ്ധതികളിൻ കീഴിൽ 2005-06 സാമ്പത്തിക വർഷം ആകെ ചെലവഴിച്ച തുകയുടെ 1.04% ആണ്.

(സി) നടപ്പു സാമ്പത്തിക വർഷത്തിൽ (2006-07) കോർപ്പറേഷൻ കൽപ്പറ്റ മണ്ഡലത്തിൽ 1,09,785 രൂപ ചെലവഴിച്ചിട്ടുണ്ട്.

## സ്വർണ്ണജയന്തി ഗ്രാമസ്വറോസ്ഗാർ യോജന

309 [4161] ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വർണ്ണജയന്തി ഗ്രാമസ്വറോസ്ഗാർ യോജന പ്രത്യേക ഘടക പദ്ധതി പ്രകാരം പട്ടികജാതി/വർഗ്ഗ സമുദായക്കാർക്കായി നടപ്പിലാക്കുന്ന പ്രധാന പരിപാടികളുടെ വിശദാംശം വ്യക്തമാക്കാമോ ;

(ബി) ഈ പദ്ധതി പ്രകാരം 2005-06 സാമ്പത്തിക വർഷം വയനാട് ജില്ലയിലെ കൽപ്പറ്റ മണ്ഡലത്തിൽ ചെലവഴിച്ച തുകയുടെ വിശദാംശം വ്യക്തമാക്കാമോ;

(സി) ഇത് സംസ്ഥാനത്തെ ഈ ഇനത്തിലെ ചെലവിന്റെ എത്ര ശതമാനമാണ് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പ്രധാന പരിപാടികൾ

(i) കന്നുകാലി വളർത്തൽ
(ii) ചെറുകിട കച്ചവടം
(iii) കരകൗശല വസ്തുക്കളുടെ നിർമ്മാണം
(iv) കളിമൺ പാത്രനിർമ്മാണം
(v) തഴപ്പ നെയ്ത്ത്, മുള, ഈറ്റ എന്നിവ ഉപയോഗിച്ചുള്ള ഉല്പന്നങ്ങളുടെ നിർമ്മാണം
(vi) ജെല്ലി (മെറ്റൽ) നിർമ്മാണം
(vii) ചെരുപ്പ് നിർമ്മാണം
(viii) ചൂരൽ ഉല്പന്നങ്ങളുടെ നിർമ്മാണം
(ix) നെല്ല് സംസ്കരണം

(ബി) കൽപ്പറ്റ നിയോജകമണ്ഡലത്തിൽ 16.8 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) രണ്ട് ശതമാനമാണ്.



LIBRARY ARCHIVES Kerala Legislative Assembly

## പൗരാവകാശ സംരക്ഷണ നിയമം നടപ്പിലാക്കുന്നതിനുള്ള സംവിധാനം

310 [4162] ശ്രീ. എം. വി. ശ്രേയാംസ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന്റെ പൗരാവകാശ സംരക്ഷണ നിയമം നടപ്പിലാക്കുന്നതിനുള്ള സംവിധാനം എന്ന പരിപാടിയിൽ കഴിഞ്ഞ സാമ്പത്തിക വർഷം വയനാട് ജില്ലയിൽ ചെലവഴിച്ച തുകയുടെ വിശദാംശം വ്യക്തമാക്കാമോ;

(ബി) ചെലവഴിച്ച തുക സംസ്ഥാനത്തിന്റെ ആകെ ചെലവിന്റെ എത്ര ശതമാനമെന്ന് വ്യക്തമാക്കാമോ;

(സി) പദ്ധതി പ്രകാരം സാമൂഹിക പ്രവർത്തകർക്ക് ക്യാഷ് അവാർഡ് എന്ന ഇനത്തിൽ കഴിഞ്ഞ വർഷം ജില്ലയിൽ ചെലവഴിച്ച തുകയുടെ വിശദാംശം വ്യക്തമാക്കാമോ;

(ഡി) പദ്ധതി പ്രകാരം കഴിഞ്ഞ വർഷം ജില്ലയിൽ മിശ്രവിവാഹിതർക്ക് സ്വയം തൊഴിലിനായി നൽകിയ ധനസഹായത്തിന്റെ വിശദാംശം വ്യക്തമാക്കാമോ ?

### ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പിന്റെ പൗരാവകാശ സംരക്ഷണ നിയമം നടപ്പിലാക്കുന്നതിനുള്ള സംവിധാനം എന്ന പരിപാടിയിൽ കഴിഞ്ഞ വർഷം വയനാട് ജില്ലയിൽ 3,33,000 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) 2.18%.

(സി) കഴിഞ്ഞ വർഷം സാമൂഹിക പ്രവർത്തകർക്ക് ക്യാഷ് അവാർഡ് ഇനത്തിൽ 3,001 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി) കഴിഞ്ഞ വർഷം പട്ടികജാതി വികസ വകുപ്പിൽ നിന്നും വയനാട് ജില്ലയിൽ സ്വയം തൊഴിലിനായി 12 മിശ്രവിവാഹ ദമ്പതിമാർക്ക് 20,000 രൂപ വീതം 2,40,000 രൂപയും പട്ടികവർഗ്ഗ വകുപ്പിൽനിന്നും 2 മിശ്രവിവാഹ ദമ്പതിമാർക്ക് 10,000 രൂപ വീതം 20,000 രൂപയും നൽകിയിട്ടുണ്ട്.

## പട്ടികജാതി വികസന വകുപ്പിൻകീഴിലുള്ള ഐ. റ്റി. സി. യിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി

311 [4163] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്തളം ചേരിക്കൽ പ്രവർത്തിക്കുന്ന പട്ടികജാതി വികസന വകുപ്പിൻ കീഴിലുള്ള ഐ. റ്റി. സി. യിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് ഗവൺമെന്റ് നിലപാട് വ്യക്തമാക്കുമോ;

(ബി) ഈ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനത്തെ ഒരു മാതൃകാ സ്ഥാപനമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) ഇവിടെ കൂടുതൽ അടിസ്ഥാന സൗകര്യ വികസനങ്ങൾ നടത്തി ഇതിനെ ഒരു പോളിടെക്നിക്കായി ഉയർത്തുന്ന കാര്യം പരിഗണിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഈ സ്ഥാപനത്തിന്റെ ഇപ്പോഴത്തെ പ്രവർത്തനം എപ്രകാരം എന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പരിശോധിച്ചുവരുന്നു.

(ബി) പന്തളം ഐ. റ്റി. സി., മോഡൽ റസിഡൻഷ്യൽ ഐ.ടി.സി.യായി മാറ്റുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ക്വാർട്ടേഴ്സ്, ഹോസ്റ്റൽ കെട്ടിടം, എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്റർ എന്നിവ ഉൾപ്പെടെയുള്ള പണികൾ നടത്തുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്. ടി വർക്കുകൾ അടിയന്തിരമായി ചെയ്യുന്നതിന് പി.ഡബ്ല്യു.ഡി. ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ഡി) പന്തളം ഐ.ടി.സി.യിൽ പ്ലംബർ ട്രേഡ് മാത്രമാണ് നിലവിലുള്ളത്. ഈ വർഷം 19 കുട്ടികൾക്ക് അഡ്മിഷൻ നൽകിയിട്ടുണ്ട്. (പട്ടികജാതി —16, പട്ടിക വർഗ്ഗം—1, മറ്റു വിഭാഗം—2) ടി കോഴ്സിന് എൻ. സി. വി. റ്റി. അഫിലിയേഷൻ ലഭിച്ചിട്ടുണ്ട്.

## കോളനി റോഡുകൾ ഗതാഗതയോഗ്യമാക്കാൻ നടപടി

312 [4164] ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അട്ടത്തോട്, അടിച്ചിപ്പുഴ, അരയാഞ്ഞിലിമൺ, ഉതിമൂട്, മണക്കയം, ചാലം പട്ടികവർഗ്ഗ കോളനികളിലേക്ക് റോഡ് നിർമ്മിക്കാൻ പത്തനംതിട്ട ടി.ഡി.ഒ. യിൽ നിന്ന് ഡയറക്ടറേറ്റിൽ എത്തിച്ച എസ്റ്റിമേറ്റുകളുടെ ഇപ്പോഴത്തെ സ്ഥിതി വിശദീകരിക്കാമോ ;

(ബി) കോർപ്പസ് ഫണ്ട് ഉപയോഗിച്ച് ഈ വർഷം നടപ്പാക്കാൻ പോകുന്ന പദ്ധതികൾ വിശദീകരിക്കാമോ ;

(സി) പ്രസ്തുത കോളനി റോഡുകൾ ഗതാഗത യോഗ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) റാന്നി ട്രൈബൽ ഡവലപ്മെന്റ് ആഫീസറുടെ പരിധിയിലുള്ള അട്ടത്തോട്, അടിച്ചിപ്പുഴ, അരയാഞ്ഞിലിമൺ, മണക്കയം, ചാലം മുതലായ പട്ടികവർഗ്ഗ കോളനികളിലേക്കുള്ള റോഡ് നിർമ്മാണത്തിന്റെ 47.35 ലക്ഷം രൂപയ്ക്കുള്ള അഞ്ചു പ്രോജക്ടുകൾ പരിഗണനയിലുണ്ട്. 2006-07 വർഷത്തെ കോർപ്പസ് ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പ്രസ്തുത പ്രോജക്ടുകൾ നടപ്പിൽ വരുത്തുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) പട്ടികവർഗ്ഗ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് ഈ വർഷം നടപ്പാക്കാൻ ലക്ഷ്യമിട്ടിട്ടുള്ള പദ്ധതികൾ —സ്വയം തൊഴിൽ, ശുദ്ധജല വിതരണവും ശുചിത്വവും എത്തിപ്പെടാൻ പ്രയാസമേറിയ പട്ടിക വർഗ്ഗ സങ്കേതങ്ങളിലേക്ക് വഴികളും നടപ്പാലങ്ങളും കോളനി വൈദ്യുതീകരണം, വിദ്യാഭ്യാസ പരിപാടികൾ, ആരോഗ്യ പരിപാടികൾ എന്നിവയാണ്.

(സി) കോളനികൾക്കുള്ളിലുള്ള റോഡുകൾ നവീകരിക്കുന്നതിനുള്ള പ്രോജക്ടുകൾ പട്ടിക വർഗ്ഗ ഉപപദ്ധതി കോർപ്പസ് ഫണ്ട് വിനിയോഗിച്ച് ചെയ്തുവരുന്നു. ലഭ്യമായ ഫണ്ടിന്റെ അടിസ്ഥാനത്തിൽ കൂടുതൽ പട്ടിക വർഗ്ഗക്കാർക്ക് പ്രയോജനം ലഭിക്കുന്ന കോളനി റോഡുകളുടെ പണി മുൻഗണനാടിസ്ഥാനത്തിൽ ചെയ്യുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

സ്വയംഭരണ സ്ഥാപനത്തിലെ പട്ടികവിഭാഗ കുട്ടികൾക്ക് ആനുകൂല്യം

313 [4165] ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ അംഗീകൃത സ്വയംഭരണസ്ഥാപനത്തിൽ ടി.ടി.സി. കോഴ്സിനു പഠിക്കുന്ന സർക്കാർ ക്വാട്ടയിൽ നിന്നും അഡ്മിഷൻ ലഭിച്ച പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠന ചെലവും, ഫീസും സർക്കാർ നൽകുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ മലപ്പുറം ജില്ലയിലെ ഒളവട്ടൂർ എച്ച്.ഐ.ഒ.എച്ച്.എസ്.ടി.ടി.സി. സെന്ററിലെ പട്ടികജാതിയിൽപ്പെട്ട കുട്ടികൾക്ക് ഈ ആനുകൂല്യം ഇതുവരെ ലഭിച്ചിട്ടില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ടി.ടി.സി. കോഴ്സിന് പട്ടികജാതി കുട്ടികൾക്ക് ഈ ആനുകൂല്യം നൽകുന്നില്ലെങ്കിൽ അത് നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) മലപ്പുറം ജില്ലയിലെ ഒളവട്ടൂർ എച്ച്.ഐ.ഒ.എച്ച്.എസ്. ടി.ടി.സി. സെന്റർ 2005-06 ലാണ് പ്രവർത്തനം തുടങ്ങിയത്. ടി സ്ഥാപനത്തിലെ കുട്ടികൾക്ക് സ. ഉ. (കൈ) നം.14/05/പജാ.പവ.വിവ. തീയതി 5-4-2005 പ്രകാരം സർക്കാർ സ്ഥാപനങ്ങളിലേതുപോലെ വിദ്യാഭ്യാസാനുകൂല്യങ്ങൾ ഉടൻ തന്നെ നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ആനുകൂല്യം നൽകുന്നുണ്ട്.

മഞ്ചേശ്വരം മണ്ഡലത്തിലെ പട്ടികജാതി/വർഗ്ഗ കോളനി

314 [4166] ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിൽ അംഗീകരിക്കപ്പെട്ട എത്ര പട്ടികജാതി/വർഗ്ഗ കോളനികളുണ്ടെന്നും ഏതൊക്കെയാണെന്നും അറിയിക്കാമോ ;

(ബി) ഈ കോളനികളിൽ മൊത്തം എത്ര കുടുംബങ്ങൾ താമസിക്കുന്നുണ്ട് ;

(സി) കോളനികളല്ലാത്ത പ്രദേശങ്ങളിൽ എത്ര എസ്.സി./എസ്.ടി.കുടുംബങ്ങൾ താമസിക്കുന്നുണ്ട്;

(ഡി) കുടിവെള്ളത്തിന് ക്ഷാമമനുഭവപ്പെടുന്ന കോളനികളുണ്ടോ എങ്കിൽ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ഇ) കുടിവെള്ള ക്ഷാമം നേരിടുന്ന കോളനികളിൽ കുടിവെള്ളമെത്തിക്കാൻ എന്തൊക്കെ സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത് ;

(എഫ്) വൈദ്യുതീകരിക്കാത്ത കോളനികളുണ്ടോ ; എങ്കിൽ ഏതൊക്കെയാണെന്ന് അറിയിക്കാമോ ;

(ജി) വൈദ്യുതീകരണം നടത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മഞ്ചേശ്വരം മണ്ഡലത്തിൽ 76 പട്ടികജാതി കോളനികളും 65 പട്ടിക വർഗ്ഗ കോളനികളും ഉണ്ട്. കോളനികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.†

(ബി) 3379 പട്ടികജാതി കുടുംബങ്ങളും 567 പട്ടികവർഗ്ഗ കുടുംബങ്ങളും താമസിക്കുന്നുണ്ട്.

(സി) 532 പട്ടികജാതി കുടുംബങ്ങളും 42 പട്ടികവർഗ്ഗ കുടുംബങ്ങളും.

(ഡി) ഉണ്ട്. 25 പട്ടികജാതി കോളനികളിൽ ഫെബ്രുവരി മാസം മുതൽ മേയ് മാസം വരെ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നുണ്ട്. ലിസ്റ്റ് അനുബന്ധം III-ൽ ചേർക്കുന്നു. പട്ടികവർഗ്ഗ കോളനികളായ അടുക്കത്തുപുരി, മാനിത്തടുക്ക എന്നീ കോളനികളിൽ കുടിവെള്ള ക്ഷാമം ഭാഗീകമായി അനുഭവപ്പെടുന്നു. †

(ഇ) പട്ടികജാതി കോളനികളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന കാലയളവിൽ വരൾച്ച ദുരിതാശ്വാസ പദ്ധതി പ്രകാരം ടാങ്കർ ലോറികൾ മുഖേന വെള്ളമെത്തിക്കുന്നതിന് റവന്യൂ വകുപ്പ് നടപടി സ്വീകരിച്ചുവരുന്നു. പട്ടികവർഗ്ഗ സങ്കേതങ്ങളിൽ കുടിവെള്ള പദ്ധതികൾ ത്രിതല പഞ്ചായത്തുകൾ മുഖേനയും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട് ഉപയോഗിച്ചു നടപ്പിലാക്കിവരുന്നു.

(എഫ്) ഉണ്ട്. 33 പട്ടികജാതി കോളനികളും 14 പട്ടികവർഗ്ഗ കോളനികളും വൈദ്യുതീകരിച്ചിട്ടില്ല. ലിസ്റ്റ് അനുബന്ധം IIA, IIB-ൽ ചേർത്തിരിക്കുന്നു. †

(ജി) വൈദ്യുതീകരിക്കാത്ത പട്ടികജാതി കോളനികൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ചും, കോർപ്പസ് ഫണ്ട് ഉപയോഗിച്ചും വൈദ്യുതീകരിക്കുന്നുണ്ട്. പട്ടികവർഗ്ഗ കോളനികൾ റ്റി.എസ്.പി. ഫണ്ട് ഉപയോഗിച്ചും ത്രിതല പഞ്ചായത്തുകൾ മുഖേനയും പട്ടികവർഗ്ഗവികസന വകുപ്പിന്റെ കൈവശമുള്ള കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തിയും വൈദ്യുതീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## ശബരിഗിരി പദ്ധതിയുടെ നവീകരണംമൂലം ഉല്പാദിപ്പിക്കാൻ കഴിയുന്ന വൈദ്യുതി

315 [4167] ശ്രീ. പി. കെ. അബ്ദുറബ്ബ് :

,, കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിഗിരി പദ്ധതിയുടെ നവീകരണംമൂലം അധികമായി ഉല്പാദിപ്പിക്കാൻ കഴിയുന്ന വൈദ്യുതി എത്ര എന്നറിയിക്കാമോ ;

(ബി) അധികമായി ഉല്പാദിപ്പിക്കുന്ന വൈദ്യുതിക്ക് ഓരോ മെഗാവാട്ടിനും ചെലവായ സംഖ്യ എത്രയാണ് ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പള്ളിവാസൽ, പന്നിയാർ, ചെങ്കുളം പദ്ധതികളുടെ നവീകരണം വഴി അധികം ഉല്പാദിപ്പിക്കുന്ന വൈദ്യുതിക്ക് മെഗാവാട്ടിന് എന്തു ചെലവാകുമെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ?

ഉത്തരം

(എ) 35 മെഗാവാട്ട്.

(ബി) 2.704 കോടി രൂപ.

(സി) നവീകരണത്തിന്റെ ഭാഗമായി സ്ഥാപിതശേഷിയിൽ വർദ്ധനവ് വരുത്താൻ ഉദ്ദേശിച്ചിരുന്നില്ല.

## പ്രസരണ നഷ്ടം

316 [4168] ശ്രീ. പി. കെ. അബ്ദുറബ്ബ് :

,, അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി ബോർഡ് പ്രസരണനഷ്ടം കുറയ്ക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ;

(സി) ഇതുകൊണ്ട് പ്രസരണനഷ്ടം എത്രകണ്ട് കുറയ്ക്കാൻ സാധിച്ചിട്ടുണ്ട് എന്നറിയിക്കാമോ ?

ഉത്തരം

(എ) സ്വീകരിച്ചിട്ടുണ്ട്.

(ബി) പ്രസരണ-വിതരണ നഷ്ടം കുറയ്ക്കുന്നതിന്റെ ഭാഗമായി താഴെപറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

(1) കൂടുതൽ ലൈനുകളും സബ്സ്റ്റേഷനുകളും സ്ഥാപിക്കുക.

(2) നിലവിലുള്ള സബ് സ്റ്റേഷനുകളുടെ ശക്തി വർദ്ധിപ്പിക്കുക.

(3) കൂടുതൽ ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.

(4) കപ്പാസിറ്റർ ബാങ്ക് സ്ഥാപിക്കുക.

(5) പ്രസരണവിതരണ ലൈനുകളിൽ കപ്പാസിറ്ററുകൾ സ്ഥാപിക്കുക.

(6) പഴയ ലൈനുകളുടെ റീകണ്ടക്ടറിംഗ് നടത്തുക.

(7) എച്ച്.ടി.-എൽ.ടി. അനുപാതം കുറയ്ക്കുക.

(8) കേടുവന്ന മീറ്ററുകൾ മാറ്റി സ്ഥാപിക്കുക.

(സി) പ്രസരണ-വിതരണ നഷ്ടം 31-5-2006-ൽ 22.4% ആയിരുന്നത് ഇപ്പോൾ 21.57% ആയി കുറയ്ക്കാൻ സാധിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## വൈദ്യുതിയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് പുതിയ പദ്ധതികൾ

317 [4169] ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :

,, സി. ടി. അഹമ്മദ് അലി :

,, എം. ഉമ്മർ :

,, അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതിയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി എന്തെല്ലാം പദ്ധതികളാണ് തയ്യാറായിട്ടുള്ളത് ;

(ബി) ഈ പദ്ധതികൾമൂലം എത്ര മെഗാവാട്ട് വൈദ്യുതി കൂടുതലായി ഉല്പാദിപ്പിക്കാൻ സാധിക്കും ;

(സി) പ്രസ്തുത പദ്ധതികൾക്ക് എന്തു തുക ചെലവാകും എന്നറിയിക്കാമോ ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് 2006 -2011 കാലയളവിൽ 1000 മെഗാവാട്ട് സ്ഥാപിതശേഷി വർദ്ധനവ് ലക്ഷ്യമിട്ടുകൊണ്ട് പുതിയ ജലവൈദ്യുത പദ്ധതികൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആയിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) 1087 മെഗാവാട്ട്.

(സി) മേൽപ്പറഞ്ഞ പദ്ധതികളിൽ, ബോർഡ് ടെൻഡർ ചെയ്ത 8 പദ്ധതികളും ബോർഡിന്റെ/സർക്കാരിന്റെ ഭരണാനുമതി ലഭിച്ച 9 പദ്ധതികളും കൂടി ആകെ 17 പദ്ധതികൾക്കായി DPR പ്രകാരം മൊത്തം 1446.76 കോടി രൂപയുടെ മുതൽമുടക്കാണ് പ്രതീക്ഷിക്കുന്നത്.

## വൈദ്യുതി കണക്ഷൻ നൽകാൻ നടപടി

318 [4170] ശ്രീ. സി. എച്ച്. കുഞ്ഞമ്പു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മീറ്റർ ക്ഷാമംമൂലം പുതിയ വൈദ്യുതി കണക്ഷൻ നൽകാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അപേക്ഷിച്ച മുഴുവൻ ആളുകൾക്കും വൈദ്യുതി കണക്ഷൻ ലഭ്യമാക്കാനാവശ്യമായ എന്തൊക്കെ നടപടി സ്വീകരിച്ചു ;

(സി) ഇതുവരെ വൈദ്യുതി എത്താത്ത പ്രദേശങ്ങളിൽ വൈദ്യുതി എത്തിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) കണക്ഷൻ കൊടുക്കാനാവശ്യമായ 7 മീറ്റർ, 8 മീറ്റർ, 9 മീറ്റർ പോസ്റ്റുകൾക്കും സ്കിറൽ, വീസൽ, റാബിറ്റ്, റാക്കൂൺ എന്നീ വിവിധ ഇനം കമ്പനികൾക്ക് ഓർഡർ നൽകിയതനുസരിച്ച് സപ്ലൈ നടന്നുകൊണ്ടിരിക്കുന്നു. മീറ്റർ ക്ഷാമം പരിഹരിക്കുന്നതിനായി 25-11-2005-ൽ M/s യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ്, കൊല്ലം എന്ന കമ്പനിയ്ക്ക് 4.5 ലക്ഷം സിംഗിൾ ഫേസ് ഇലക്ട്രോണിക് മീറ്ററുകൾ സപ്ലൈ ചെയ്യുന്നതിന് ഓർഡർ നൽകിയതിൽ 2,45,000 മീറ്ററുകൾ നാളിതുവരെ സപ്ലൈ ചെയ്തിട്ടുണ്ട്. ബാക്കി 2,05,000 മീറ്ററുകൾ പ്രതിമാസം 75,000 എണ്ണം നിരക്കിൽ 30-11-2006 നു മുമ്പ് തന്നെ തീർക്കാമെന്ന് കമ്പനി സമ്മതിച്ചിട്ടുണ്ട്. കൂടാതെ 5,80,000 മീറ്ററുകൾ വാങ്ങുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു.

(സി) രാജ്യത്തെ മുഴുവൻ ഗ്രാമീണ ഭവനങ്ങളിലും 2009-ഓടെ വൈദ്യുതി എത്തിക്കുന്നതിനായി കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ച പദ്ധതിയാണ് രാജീവ്ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ യോജന (ആർ.ജി.ജി.വി.വൈ.) ഈ പദ്ധതി പ്രകാരം കേരളത്തിലെ 14 ജില്ലകളിലെ 3578 കരകൾ വൈദ്യുതീകരിക്കുന്നതിനുള്ള 438.36 കോടി രൂപ ചെലവു വരുന്ന ഒരു പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## അതിരൂക്ഷമായ വോൾട്ടേജ് ക്ഷാമം

319 [4171] ശ്രീ. സി. കെ. സദാശിവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996-2001 കാലഘട്ടത്തിൽ ഉത്പാദിപ്പിച്ച വൈദ്യുതിയുടെ അളവും 2001-2006 കാലഘട്ടത്തിൽ ഉത്പാദിപ്പിച്ച വൈദ്യുതിയുടെ അളവും എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ബി) കായംകുളം നിയോജകമണ്ഡലത്തിലെ അതിരൂക്ഷമായ വോൾട്ടേജ് ക്ഷാമം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇത് പരിഹരിക്കാൻ ഇതുവരെ സ്വീകരിച്ച നടപടികളും ഇനി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികളും വിശദമാക്കാമോ ?

ഉത്തരം

(എ) വൈദ്യുതി ബോർഡിന്റെ ജല വൈദ്യുത പദ്ധതിയിൽ നിന്നും താപവൈദ്യുത പദ്ധതിയിൽ നിന്നും 1996 മേയ് മുതൽ 2001 ഏപ്രിൽ വരെയുള്ള വൈദ്യുതി ഉത്പാദനം 31609.78 മില്ല്യൺ യൂണിറ്റും 2001 മേയ് മുതൽ 2006 ഏപ്രിൽ വരെയുള്ള ഉത്പാദനം 31148.94 മില്ല്യൺ യൂണിറ്റുമാണ്.

(ബി) അതിരൂക്ഷമായ വോൾട്ടേജ് ക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് എ.പി.ഡി.ആർ.പി. സ്കീമിൽ കായംകുളം സബ്സ്റ്റേഷനിൽ രണ്ട് പുതിയ 11 കെ. വി. ഫീഡറുകൾ നിർമ്മിച്ചുകൊണ്ടിരിക്കുന്നു. കൂടാതെ ഓച്ചിറയിലും, കറ്റാനത്തും നിർമ്മിച്ചുകൊണ്ടിരിക്കുന്ന 33 കെ. വി. സബ്സ്റ്റേഷനുകളുടെ നിർമ്മാണം പൂർത്തിയാകുന്ന

ത്തോടെ കായംകുളത്തെ വോൾട്ടേജ്ക്ഷാമം പരിഹരിക്കാനാവും. വിതരണശൃംഖല ശക്തിപ്പെടുത്തുന്നതിനായി എ.പി.ഡി.ആർ.പി. യുടെ കായംകുളം ടൗൺസ്കീമിൽ ഉൾപ്പെടുത്തി 28.13 കി. മീ. 11 കെ. വി. ലൈനുകളുടെ നിർമ്മാണവും, ഇരുപത്തൊന്ന് 100 കെ.വി.എ. ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകളും സ്ഥാപിച്ചുകഴിഞ്ഞു. ഈ പദ്ധതി പ്രകാരം ഇനി 44.37 കി. മീ. 11 കെ. വി. ലൈൻ വലിക്കുവാനും, 15 കി. മീ. 11 കെ. വി. ലൈൻ റീ കണ്ടക്ടറിംഗ് ചെയ്യുവാനും എഴുപത്തിരണ്ട് 100 കെ.വി.എ. ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുവാനുമുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

## ഒ. വൈ. ഇ. സി. സ്കീമിൽ പണമടച്ച മുഴുവൻ അപേക്ഷകർക്കും കണക്ഷൻ

320 [4172] ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2006 ആഗസ്റ്റ് 31 വരെ ഒ. വൈ. ഇ. സി. സ്കീമിൽ പണമടച്ച മുഴുവൻ അപേക്ഷകർക്കും ഓണത്തിന് മുമ്പ് കണക്ഷൻ നൽകുമെന്ന് പ്രഖ്യാപിച്ചിരുന്നോ ;

(ബി) എങ്കിൽ അത് പൂർണ്ണമായും നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ഏതെല്ലാം ഇലക്ട്രിക്കൽ സർക്കിളിലും ഡിവിഷണിലുമാണ് ഇത് നടപ്പിലാക്കാൻ കഴിയാതിരുന്നത് ?

### ഉത്തരം

(എ) ഇല്ല.

(ബി & സി) ചോദ്യം ഉദിക്കുന്നില്ല.

## കെ.എസ്.ഇ.ബി. യുടെ വാർഷിക വരവ് ചെലവ് കണക്കുകൾ

321 [4173] ശ്രീ. എ. പി. അനിൽകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. യുടെ 1996-97 മുതൽ 2005-06 വരെയുള്ള ഓരോ സാമ്പത്തിക വർഷത്തേയും വാർഷിക വരവ് ചെലവ് കണക്കുകൾ വെളിപ്പെടുത്തുമോ ;

(ബി) ഓരോ വർഷത്തേയും മിച്ചവും കമ്മിയും എത്ര വീതമാണ് ?

### ഉത്തരം

(എ & ബി) കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിന്, ഇലക്ട്രിസിറ്റി നിയമം 1948- അനുസരിച്ച്, ക്യാപ്പിറ്റൽ ബേസിന്റെ 3% ലാഭം കാണിക്കേണ്ടതുണ്ട്. 16-8-95-ലെ ഗവൺമെന്റ് ഉത്തരവ് (എം.എസ്സ്) നം. 13/95 പി.ഡി. പ്രകാരം, ഏതെങ്കിലും വർഷത്തിൽ ഇപ്രകാരം 3% ലാഭം നേടാൻ സാധിക്കാത്ത പക്ഷം അപ്രകാരം കുറവു വരുന്ന തുക സർക്കാർ, സബ്സിഡി ആയി നൽകാമെന്ന് സമ്മതിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിൻപ്രകാരം 1995-96 മുതൽ ബോർഡ് 3% മിച്ചം കാണിക്കുന്നത് ഇപ്രകാരം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്ന സബ്സിഡി കൂടി കണക്കാക്കിക്കൊണ്ടാണ്. ഈ രീതിയിൽ കണക്കാക്കുന്നതിനാൽ കമ്മി ഉണ്ടാകാറില്ല. പ്രസ്തുത സബ്സിഡി കൂടി കണക്കിലെടുത്ത്, 96-97 മുതൽ 2005-06 വരെയുള്ള ബോർഡിന്റെ വരവ് ചെലവ് കണക്കുകളും മിച്ചവും അനുബന്ധമായി ചേർത്തിരിക്കുന്നു.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## വൈദ്യുതി ബോർഡിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ

322 [4174] ശ്രീ. സി. എഫ്. തോമസ്:

പ്രൊഫ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വൈദ്യുതി ബോർഡിൽ നിരവധി തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഒഴിവുള്ള വിവിധതസ്തികകളുടെ വിശദവിവരം അറിയിക്കുമോ;

(സി) പ്രസ്തുത ഒഴിവുകൾ നികത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) ഒഴിവുകളുടെ വിവരം തസ്തിക തിരിച്ച് ചുവടെ ചേർക്കുന്നു.

| | തസ്തിക | ഒഴിവുകൾ |
|---|---|---|
| (1) | അക്കൗണ്ട്സ് ഓഫീസർ | 3 |
| (2) | എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) | 4 |
| (3) | ഫിനാൻസ് ഓഫീസർ | 17 |
| (4) | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) | 71 |
| (5) | അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) | 235 |
| (6) | അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) | 20 |
| (7) | സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) | 490 |
| (8) | അസിസ്റ്റന്റ് അക്കൗണ്ട് ഓഫീസർ | 4 |
| (9) | അസിസ്റ്റന്റ് ഫിനാൻസ് ഓഫീസർ | 13 |
| (10) | റീജിയണൽ പേഴ്സണൽ ഓഫീസർ | 1 |
| (11) | പേഴ്സണൽ അസിസ്റ്റന്റ് | 4 |
| (12) | സീനിയർ ഫെയർകോപ്പി സൂപ്രണ്ട് | 1 |
| (13) | ഫെയർ കോപ്പി സൂപ്രണ്ട് | 10 |
| (14) | സ്റ്റെനോഗ്രാഫർ/കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 5 |
| (15) | സീനിയർ സൂപ്രണ്ട് | 257 |
| (16) | ഡിവിഷണൽ അക്കൗണ്ടന്റ് | 62 |
| (17) | സീനിയർ അസിസ്റ്റന്റ് | 314 |
| (18) | സീനിയർ ഫെയർ കോപ്പി അസിസ്റ്റന്റ് | 5 |
| (19) | ഓവർസിയർ (ഇലക്ട്രിക്കൽ) | 254 |
| (20) | മീറ്റർ റീഡർ | 17 |
| (21) | കാഷ്യർ | 269 |
| (22) | ജൂനിയർ ഫെയർകോപ്പി അസിസ്റ്റന്റ് | 12 |
| (23) | ലൈൻമാൻ | 111 |
| (24) | ഇലക്ട്രിസിറ്റി വർക്കർ | 2497 |

(സി) നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

## സബ് എഞ്ചിനീയർമാരുടെയും അസിസ്റ്റന്റ് എഞ്ചിനീയർമാരുടെയും ഒഴിവുകൾ

323 [4175] ശ്രീ. ബാബു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിൽ സബ് എഞ്ചിനീയർമാരുടെയും അസിസ്റ്റന്റ് എഞ്ചിനീയർമാരുടെയും എത്ര ഒഴിവുകളുണ്ട് ;

(ബി) ഈ ഒഴിവുകൾ നികത്തുന്നതിനു സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ ; ഈ നടപടികൾ എന്നത്തേക്ക് പൂർത്തിയാക്കുമെന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) സബ് എഞ്ചിനീയർ തസ്തികയിൽ 490 ഒഴിവുകളും അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ 235 ഒഴിവുകളും ഇപ്പോൾ നിലവിലുണ്ട്.

(ബി) സബ് എഞ്ചിനീയർ തസ്തികയിലെ 490 ഒഴിവുകളിൽ 83 എണ്ണം പി. എസ്.സി. യ്ക്ക് റിപ്പേർട്ടു ചെയ്തുകഴിഞ്ഞു. 73 ഒഴിവുകൾ കോടതി സ്റ്റേ ഉണ്ടായതിനാൽ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിഞ്ഞിട്ടില്ല. ബാക്കി ഒഴിവുകൾ പ്രമോഷൻ വഴി നികത്തേണ്ടതാണ്. ആയതിലേക്ക് ഉള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ ആകെയുള്ള 235-ൽ 121 ഒഴിവുകൾ പി. എസ്.സി.ക്കു റിപ്പോർട്ടു ചെയ്തുകഴിഞ്ഞു. 49 പേരുടെ അഡ്വൈസ് ലിസ്റ്റ് ലഭിച്ചിട്ടുണ്ട്. നിയമന നടപടി സ്വീകരിച്ചുവരുന്നു. ബാക്കിയുള്ള 114 ഒഴിവുകൾ പ്രമോഷൻ മുഖേന നികത്തേണ്ടതാണ്. ഇതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കെ. എസ്. ഇ. ബി.-എഞ്ചിനീയർ

324 [4176] ശ്രീ. യു. സി. രാമൻ :

,, സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യത്തിന് പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ. എസ്. ഇ. ബി.യിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ ഉള്ള ഒഴിവുകൾ പി. എസ്. സി.ക്ക് റിപ്പോർട്ട് ചെയ്യാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

### ഉത്തരം

അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ നിലവിലുണ്ടായിരുന്ന പി. എസ്. സി. മുഖേന നികത്തേണ്ട 121 ഒഴിവുകൾ റിപ്പോർട്ട് ചെയ്തു കഴിഞ്ഞു. പി. എസ്. സിയിൽ നിന്നും 49 പേരുടെ അഡ്വൈസ് ലിസ്റ്റ് ലഭിച്ചിട്ടുണ്ട്. ടി നിയമന നടപടി സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## കെ. എസ്. ഇ. ബി. യിലെ മൊത്തം ജീവനക്കാരുടെ എണ്ണം

325 [4177] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.യിൽ മൊത്തം എത്ര ജീവനക്കാരുടെ തസ്തികകൾ ഉണ്ട്;

(ബി) ഇതിൽ ഓഫീസർമാരുടെ തസ്തികകൾ എത്രയാണ് ; കാറ്റഗറി തിരിച്ച് എണ്ണം വ്യക്തമാക്കുമോ ;

(സി) കേരള ഇലക്ട്രിസിറ്റി താരിഫ് റഗുലേറ്ററി കമ്മീഷന് നൽകിയ സ്ഥിതി വിവരകണക്കുകൾ അനുസരിച്ച് കെ. എസ്. ഇ. ബി. യിൽ എത്ര ജീവനക്കാരും ഓഫീസർമാരും ഇപ്പോൾ ജോലി ചെയ്യുന്നു ;

(ഡി) റഗുലേറ്ററി. കമ്മീഷന് നൽകിയ കണക്കനുസരിച്ച് ഓരോ കാറ്റഗറി യിലും എത്ര ഒഴിവുകൾ നിലവിലുണ്ട് ?

### ഉത്തരം

(എ) കെ. എസ്. ഇ. ബി. യിൽ മൊത്തം 30439 ജീവനക്കാരുടെ തസ്തിക കൾ ഉണ്ട്. തസ്തിക തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു :

| | *തസ്തിക* | *എണ്ണം* |
|---|---|---|
| | (1) | (2) |
| 1. | ചീഫ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) | 11 |
| 2. | ചീഫ് എഞ്ചിനീയർ (സിവിൽ) | 3 |
| 3. | ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) | 65 |
| 4. | ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (സിവിൽ) | 10 |
| 5. | എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) | 212 |
| 6. | എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ) | 49 |
| 7. | ഫിനാൻഷ്യൽ അഡ്വൈസർ | 1 |
| 8. | ചീഫ് ഇന്റേണൽ ആഡിറ്റർ | 1 |
| 9. | ഡെപ്യൂട്ടി ചീഫ് അക്കൗണ്ട്സ് ഓഫീസർ | 1 |
| 10. | സീനിയർ അക്കൗണ്ട്സ് ഓഫീസർ | 3 |
| 11. | സീനിയർ ഫിനാൻസ് ഓഫീസർ | 1 |
| 12. | ഫിനാൻസ് ഓഫീസർ | 22 |
| 13. | പേഴ്സണൽ ഓഫീസർ | 1 |
| 14. | അക്കൗണ്ട്സ് ഓഫീസർ | 33 |
| 15. | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) | 612 |
| 16. | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ) | 127 |
| 17. | അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) | 263 |
| 18. | അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) | 2112 |
| 19. | സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) | 2605 |
| 20. | സബ് എഞ്ചിനീയർ (സിവിൽ) | 163 |

| | (1) | (2) |
|---|---|---|
| 21. | ഓവർസിയർ (ഇലക്ട്രിക്കൽ) | 3204 |
| 22. | ഓവർസിയർ (സിവിൽ) | 2 |
| 23. | മീറ്റർ റീഡർ | 1721 |
| 24. | ലൈൻമാൻ | 7436 |
| 25. | ഇലക്ട്രിസിറ്റി വർക്കർ/മസ്ദൂർ | 4372 |
| 26. | ഡ്രൈവർ | 526 |
| 27. | റീജിയണൽ പേഴ്സണൽ ഓഫീസർ | 3 |
| 28. | അസിസ്റ്റന്റ് അക്കൗണ്ട്സ് ഓഫീസർ | 58 |
| 29. | അസിസ്റ്റന്റ് ഫിനാൻസ് ഓഫീസർ | 16 |
| 30. | സീനിയർ സൂപ്രണ്ട് | 990 |
| 31. | ഡിവിഷണൽ അക്കൗണ്ടന്റ് | 92 |
| 32. | പേഴ്സണൽ അസിസ്റ്റന്റ് | 4 |
| 33. | സീനിയർ ഫെയർകോപ്പി സൂപ്രണ്ട് | 3 |
| 34. | ഫെയർകോപ്പി സൂപ്രണ്ട് | 10 |
| 35. | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്/സ്റ്റെനോഗ്രാഫർ | 126 |
| 36. | സീനിയർ അസിസ്റ്റന്റ് | 2872 |
| 37. | സീനിയർ ഫെയർകോപ്പി അസിസ്റ്റന്റ് | 142 |
| 38. | ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ | 1387 |
| 39. | ജൂനിയർ ഫെയർകോപ്പി അസിസ്റ്റന്റ് | 142 |
| 40. | ഓഫീസ് അറ്റൻഡന്റ് | 364 |
| 41. | പി.റ്റി.സി.സ്വീപ്പർ | 674 |

(ബി) ഓഫീസർമാരുടെ തസ്തികകളും അവയുടെ എണ്ണവും ഇപ്രകാരമാണ്.

| | *തസ്തിക* | *എണ്ണം* |
|---|---|---|
| 1. | ചീഫ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) | 11 |
| 2. | ചീഫ് എഞ്ചിനീയർ (സിവിൽ) | 3 |
| 3. | ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) | 65 |
| 4. | ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (സിവിൽ) | 10 |
| 5. | എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) | 212 |
| 6. | എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ) | 49 |
| 7. | ഫിനാൻഷ്യൽ അഡ്വൈസർ | 1 |
| 8. | ചീഫ് ഇന്റേണൽ ആഡിറ്റർ | 1 |
| 9. | ഡെപ്യൂട്ടി ചീഫ് അക്കൗണ്ട്സ് ഓഫീസർ | 1 |
| 10. | സീനിയർ അക്കൗണ്ട്സ് ഓഫീസർ | 3 |
| 11. | സീനിയർ ഫിനാൻസ് ഓഫീസർ | 1 |
| 12. | ഫിനാൻസ് ഓഫീസർ | 22 |
| 13. | പേഴ്സണൽ ഓഫീസർ | 1 |
| 14. | അക്കൗണ്ട്സ് ഓഫീസർ | 33 |
| 15. | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) | 612 |

LIBRARY ARCHIVES Kerala Legislative Assembly

| (1) | | (2) |
|---|---|---|
| 16. | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ) | 127 |
| 17. | അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) | 263 |
| 18. | അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) | 2112 |
| 19. | റീജിയണൽ പേഴ്സണൽ ഓഫീസർ | 3 |
| 20. | അസിസ്റ്റന്റ് അക്കൗണ്ട്സ് ഓഫീസർ | 58 |
| 21. | അസിസ്റ്റന്റ് ഫിനാൻസ് ഓഫീസർ | 16 |
| 22. | സീനിയർ സൂപ്രണ്ട് | 990 |
| 23. | ഡിവിഷണൽ അക്കൗണ്ടന്റ് | 92 |
| 24. | പേഴ്സണൽ അസിസ്റ്റന്റ് | 4 |
| 25. | സീനിയർ ഫെയർകോപ്പി സൂപ്രണ്ട് | 3 |
| 26. | ഫെയർകോപ്പി സൂപ്രണ്ട് | 10 |
| | ആകെ | 4703 |

(സി) കെ. എസ്. ഇ. ബി. 2005 നവംബറിൽ കേരള സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന് സമർപ്പിച്ച 2006-07-ലെ എ.ആർ.ആർ. & ഇ.ആർ.സി.-യിൽ കെ. എസ്. ഇ. ബി.-യിൽ 21096 ജീവനക്കാരും 4462 ഓഫീസർമാരും ജോലി ചെയ്യുന്നതായാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്.

(ഡി) ഒഴിവുകളുടെ വിവരം തസ്തിക തിരിച്ച് ചുവടെ ചേർക്കുന്നു :

| | *തസ്തിക* | *എണ്ണം* |
|---|---|---|
| | (1) | (2) |
| 1. | അക്കൗണ്ട്സ് ഓഫീസർ | 3 |
| 2. | എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) | 4 |
| 3. | ഫിനാൻസ് ഓഫീസർ | 17 |
| 4. | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) | 71 |
| 5. | അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) | 235 |
| 6. | അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) | 20 |
| 7. | സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) | 490 |
| 8. | അസിസ്റ്റന്റ് അക്കൗണ്ട്സ് ഓഫീസർ | 4 |
| 9. | അസിസ്റ്റന്റ് ഫിനാൻസ് ഓഫീസർ | 13 |
| 10. | റീജിയണൽ പേഴ്സണൽ ഓഫീസർ | 1 |
| 11. | പേഴ്സണൽ അസിസ്റ്റന്റ് | 4 |
| 12. | സീനിയർ ഫെയർകോപ്പി സൂപ്രണ്ട് | 1 |
| 13. | ഫെയർകോപ്പി സൂപ്രണ്ട് | 10 |
| 14. | സ്റ്റെനോഗ്രാഫർ/കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 5 |
| 15. | സീനിയർ സൂപ്രണ്ട് | 257 |
| 16. | ഡിവിഷണൽ അക്കൗണ്ടന്റ് | 62 |
| 17. | സീനിയർ അസിസ്റ്റന്റ് | 314 |
| 18. | സീനിയർ ഫെയർകോപ്പി അസിസ്റ്റന്റ് | 5 |
| 19. | ഓവർസിയർ (ഇലക്ട്രിക്കൽ) | 254 |
| 20. | മീറ്റർ റീഡർ | 17 |

LIBRARY ARCHIVES Kerala Legislative Assembly

| | (1) | (2) |
|---|---|---|
| 21. | കാഷ്യർ | 269 |
| 22. | ജൂനിയർ ഫെയർകോപ്പി അസിസ്റ്റന്റ് | 12 |
| 23. | ലൈൻമാൻ | 111 |
| 24. | ഇലക്ട്രിസിറ്റി വർക്കർ | 2497 |

## കെ. എസ്. ഇ. ബി. ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണ കരാർ

326 [4178] ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ഇ. ബി. ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണ കരാർ എന്ന് ഒപ്പു വയ്ക്കാനാണ് ഉദ്ദേശിക്കുന്നത് ;

(ബി) ഈ കരാറിൽ ഏതെല്ലാം കാര്യങ്ങൾ തീരുമാനമായി എന്നറിയിക്കാമോ ;

(സി) കരാറിന് എന്നു മുതൽ പ്രാബല്യം നൽകി സാമ്പത്തിക ആനുകൂല്യങ്ങൾ നൽകുമെന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ, ബി ആന്റ് സി) ശമ്പള പരിഷ്കരണ കരാറിന് രൂപം നൽകാനായി ബോർഡ് മാനേജുമെന്റും ട്രേഡ് യൂണിയനുകളും തമ്മിലുള്ള ചർച്ച പുരോഗമിക്കുന്നു.

## കെ. എസ്. ഇ. ബി. അസിസ്റ്റന്റ് എഞ്ചിനീയർക്കെതിരെയുള്ള വിജിലൻസ് അന്വേഷണം

327 [4179] പ്രൊഫ. കെ. വി. തോമസ് :
ശ്രീ. എം. എ. വാഹീദ് :
,, തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ഇലക്ട്രിക്കൽ സർക്കിളിൽ പേരാമ്പ്ര ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റന്റ്, എഞ്ചിനീയറായിരുന്ന എം. ജി. സുരേഷ്കുമാറിനെതിരെ സംസ്ഥാന വിജിലൻസും കെ. എസ്. ഇ. ബോർഡ് വിജിലൻസും അന്വേഷണം നടത്തിയിരുന്നോ ;

(ബി) ഈ അന്വേഷണ പ്രകാരമുള്ള ശുപാർശയെന്തായിരുന്നു ; ഈ അന്വേഷണങ്ങളുടെ റിപ്പോർട്ട് മേശപ്പുറത്ത് വയ്ക്കാമോ ; ഈ അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ ഏതെല്ലാം ക്രമക്കേടുകളും അഴിമതിയുമാണ് ആരോപിക്കപ്പെട്ടിരുന്നത് ;

(സി) കോഴിക്കോട് ഇലക്ട്രിക്കൽ സർക്കിൾ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെയും കെ.എസ്.ഇ.ബി. വിജിലൻസ് വിഭാഗത്തിന്റെയും ബോർഡിന്റെയും നിർദ്ദേശപ്രകാരം നടത്തിയ എൻക്വയറിയുടെ റിപ്പോർട്ടും അതിൻമേൽ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ നൽകിയ ശിക്ഷയും സംബന്ധിച്ച മുഴുവൻ രേഖകളും മേശപ്പുറത്ത് വയ്ക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ ശിക്ഷിച്ചതിന്മേൽ അസിസ്റ്റന്റ് എഞ്ചിനീയർ എം. ജി. സുരേഷ്കുമാർ കോഴിക്കോട് ഡിസ്ട്രിബ്യൂഷൻ (നോർത്ത്) ചീഫ് എഞ്ചിനീയർക്ക് നൽകിയ അപ്പീലിന്മേൽ ഉണ്ടായ തീരുമാനവും ഉത്തരവും സംബന്ധിച്ച രേഖകൾ മേശപ്പുറത്ത് വയ്ക്കുമോ ;

(ഇ) കുറ്റക്കാരനായ അസിസ്റ്റന്റ് എഞ്ചിനീയർ ബോർഡിന് നൽകിയ അപേക്ഷയിൻമേൽ എന്ത് തീരുമാനം ഉണ്ടായി ; ബോർഡിന്റെ ഉത്തരവ് മേശപ്പുറത്ത് വയ്ക്കുമോ ; ഈ അസിസ്റ്റന്റ് എഞ്ചിനീയർ ഇപ്പോൾ ഏത് ലാവണത്തിൽ എവിടെ ജോലി ചെയ്യുന്നു ?

ഉത്തരം

(എ) കെ. എസ്. ഇ. ബി. വിജിലൻസ് അന്വേഷണം നടത്തിയിരുന്നു.

(ബി) ആരോപണത്തിന്റെയും അന്വേഷണ റിപ്പോർട്ടിന്റെയും ബാദ്ധ്യത തിട്ടപ്പെടുത്തിയ കത്തിന്റെയും പകർപ്പുകൾ അനുബന്ധം 1, 2, 8 ആയി ചേർത്തിരിക്കുന്നു.†

(സി) കുറ്റാരോപണ പത്രികയുടെയും കുറ്റാരോപിതനായ ഉദ്യോഗസ്ഥൻ നൽകിയ വിശദീകരണത്തിന്റെയും കാരണം കാണിക്കൽ നോട്ടീസിന്റെയും കാരണം കാണിക്കൽ നോട്ടീസിന് കുറ്റാരോപിതനായ ഉദ്യോഗസ്ഥൻ നൽകിയ വിശദീകരണത്തിന്റെയും കോഴിക്കോട് ഇലക്ട്രിക്കൽ സർക്കിൾ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ പുറപ്പെടുവിച്ച ഉത്തരവിന്റെയും പകർപ്പ് അനുബന്ധം 3, 4, 5, 6, 7, ആയി ചേർത്തിരിക്കുന്നു.†

(ഡി) കോഴിക്കോട് മേഖല ഡിസ്ട്രിബ്യൂഷൻ വിഭാഗം ചീഫ് എഞ്ചിനീയർക്ക് നൽകിയ അപ്പീൽ പെറ്റീഷന്റെയും അതിന്മേൽ പുറപ്പെടുവിച്ച ഉത്തരവിന്റെയും പകർപ്പ് അനുബന്ധം-9-ഉം 10-ഉം ആയി ചേർത്തിരിക്കുന്നു.†

(ഇ) ചീഫ് എഞ്ചിനീയറുടെ ഉത്തരവിന്മേൽ സമർപ്പിച്ച റിവ്യൂ പെറ്റീഷന്റെയും അതിൽ ബോർഡ് പുറപ്പെടുവിച്ച ഉത്തരവിന്റെയും പകർപ്പ് അനുബന്ധം 11-ഉം 12-ഉം ആയി ചേർത്തിരിക്കുന്നു. ആരോപിക്കപ്പെട്ടിരുന്ന കുറ്റങ്ങൾ നടപടിക്രമങ്ങളിൽ വന്ന വീഴ്ച മാത്രമാണ് എന്ന് കണ്ട് ടി ഉദ്യോഗസ്ഥന് താക്കീത് നൽകി തീർപ്പാക്കി. ടി ഉദ്യോഗസ്ഥൻ ഇപ്പോൾ വൈദ്യുതി വകുപ്പ് മന്ത്രിയുടെ പി. എ. ആണ്.

## മാള നിയോജകമണ്ഡലത്തിലെ വൈദ്യുതി കണക്ഷൻ

328 [4180] ശ്രീ. എ. കെ ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാള നിയോജകമണ്ഡലത്തിലെ വിവിധ സെക്ഷനുകളിൽ എന്നുവരെ അപേക്ഷിച്ചവർക്ക് വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്. ഇനി കണക്ഷൻ ലഭിക്കാൻ അപേക്ഷിച്ചവരുടെ ലിസ്റ്റ് സെക്ഷൻ തിരിച്ച് നൽകാമോ ;

(ബി) വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് തർക്കങ്ങൾ നിലവിലുള്ള അപേക്ഷകളിൻമേൽ വേഗത്തിൽ തീർപ്പു കൽപ്പിക്കുന്നതിന് കർശന നിർദ്ദേശം നൽകുമോ ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ജീവനക്കാരുടെ കുറവ് കണക്ഷൻ നൽകുന്നതിനെ ബാധിക്കാറുണ്ടോ ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് സമയബന്ധിതമായി എന്ത് നടപടി സ്വീകരിക്കും എന്നറിയിക്കാമോ?

ഉത്തരം

(എ) മാള നിയോജകമണ്ഡലത്തിലെ വിവിധ സെക്ഷനുകളിൽ 1/2004 വരെയുള്ള നോർമൽ വിഭാഗം കണക്ഷനുകളും 7/2006 വരെയുള്ള ഒ.വൈ.ഇ. സി. കണക്ഷനുകളും നല്കിയിട്ടുണ്ട്.

ഇനി നൽകുവാനുള്ള 1483 കണക്ഷനുകളുടെ സെക്ഷൻ തിരിച്ചുള്ള ലിസ്റ്റ് ചുവടെ ചേർക്കുന്നു.

| സെക്ഷൻ | നോർമൽ വിഭാഗം | ഒ.വൈ.ഇ.സി. വിഭാഗം |
|---|---|---|
| മാള | 134 | 4 |
| കുഴൂർ | 87 | – |
| അന്നമനട | 94 | 6 |
| വെള്ളാങ്കൂർ | 431 | 30 |
| കൊമ്പോടിഞ്ഞാമാക്കൻ | 351 | 33 |
| കൊടകര | 235 | 78 |
| | 1332 | 151 |

(ബി) കണക്ഷൻ കൊടുക്കുന്നതിനുള്ള തർക്കങ്ങൾ സെക്ഷൻ, ഡിവിഷൻ, സർക്കിൾ തലത്തിൽ പരിഹരിക്കാൻ കഴിയാത്തവ തീർപ്പു കല്പിക്കുന്നതിന് അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റിന് ഉടൻ തന്നെ അപേക്ഷ സമർപ്പിക്കാറുണ്ട്. ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് നടപടികൾ എടുക്കാറുണ്ട്.

(സി) ജീവനക്കാരുടെകുറവ് ഉണ്ടെങ്കിലും കണക്ഷൻ നൽകുന്നതിന് താമസം നേരിടാറില്ല.

കൊണ്ടോട്ടി മണ്ഡലത്തിലെ ഗാർഹിക വൈദ്യുതി കണക്ഷൻ

329 [4181] ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി മണ്ഡലത്തിൽപ്പെട്ട കൊണ്ടോട്ടി, പുളിക്കൽ, എടവണ്ണപ്പാറ, വെള്ളുവമ്പ്രം എന്നീ ഇലക്ട്രിക്കൽ സെക്ഷനുകളിൽ വൈദ്യുതി കണക്ഷനുവേണ്ടി അപേക്ഷിച്ച എത്ര പേർക്ക് ഗാർഹിക കണക്ഷൻ നൽകാനുണ്ട് എന്നറിയിക്കുമോ ;

(ബി) ഈ സെക്ഷൻ ഓഫീസുകളിൽ ലഭിച്ച അപേക്ഷകളിൽ ഏത് വർഷം വരെ ലഭിച്ച അപേക്ഷകർക്ക് കണക്ഷൻ നൽകിയെന്ന് സെക്ഷൻ തിരിച്ച് വ്യക്തമാക്കുമോ ;



LIBRARY ARCHIVES Kerala Legislative Assembly

(സി) 2003 ഡിസംബർ വരെ ലഭിച്ച അപേക്ഷകർക്ക് കണക്ഷൻ നൽകാൻ തീരുമാനമെടുത്തിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ മുകളിൽ പറഞ്ഞ സെക്ഷൻ ഒഫീസുകളിലെ അപേക്ഷകളിൽ 2003 ഡിസംബർ വരെയുള്ളവർക്ക് കണക്ഷൻ നൽകാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2564 എണ്ണം

| | | |
|---|---|---|
| (ബി) | എടവണ്ണപ്പാറ | 07-12-2001 |
| | പുളിക്കൽ | 18-11-2000 |
| | വെള്ളുവമ്പ്രം | 2-6-2001 |
| | കൊണ്ടോട്ടി | 3-11-2001 |

(സി) ഉണ്ട്.

(ഡി) സാധനസാമഗ്രികൾ (മീറ്റർ, കമ്പി, പോസ്റ്റ്, ട്രാൻസ്ഫോർമർ, കേബിൾ എന്നിവ ഒഴികെ) ആവശ്യനുസരണം വാങ്ങുവാനുള്ള ചീഫ് എൻജിനീയർമാരുടെയും ഡെപ്യൂട്ടി ചീഫ് എൻജിനീയർമാരുടേയും അധികാര പരിധി ഉയർത്തിയിട്ടുണ്ട്. കണ്ടക്ടറുകൾ ലഭ്യമാക്കിയിട്ടുണ്ട്. മീറ്ററുകളും പോസ്റ്റുകളും യഥാസമയം ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## അനർട്ടിലെ നിയമനം

330 [4182] ശ്രീ. ടി. എൻ. പ്രതാപൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്ഥാപനമായ അനർട്ടിൽ നിലവിൽ എത്ര താൽക്കാലിക/കരാർ ജീവനക്കാർ സേവനമനുഷ്ഠിക്കുന്നുണ്ട്; ഇവർ എന്നുമുതൽ സേവനത്തിൽ തുടരുന്നു ;

(ബി) താൽക്കാലിക/കരാർ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ കേസ് നടക്കവെ കോടതി നടപടികൾ മറികടന്നുകൊണ്ട് കേസിലുൾപ്പെട്ടവരെ ആരെയെങ്കിലും സ്ഥാപനത്തിൽ സ്ഥിരപ്പെടുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത സ്ഥിരപ്പെടുത്തൽ ഉത്തരവുകളുടെ കോപ്പി മേശപ്പുറത്ത് വയ്ക്കുമോ ;

(സി) ഈ നടപടിക്ക് സർക്കാരിന്റെ അനുവാദമുണ്ടായിരുന്നോ ; ഈ നടപടി നിയമവിധേയമാണോ; അല്ലെങ്കിൽ എപ്രകാരമെന്ന് പറയുമോ ;

(ഡി) താൽക്കാലിക/കരാർ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന കാര്യത്തിൽ അനർട്ടിൽ ഒരു പൊതുനയം സ്വീകരിക്കാനും ഇത്തരം എല്ലാ ജീവനക്കാർക്കും തുല്യ അവസരവും പരിഗണനയും ലഭ്യമാക്കാനും സർക്കാർ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേന്ദ്രസർക്കാരിന്റെ പാരമ്പര്യേതര ഊർജ്ജ പരിപാടികളുടെ ഭാഗമായി നടപ്പാക്കുന്ന പദ്ധതികൾക്കുവേണ്ടി 6 പ്രോജക്ട് എഞ്ചിനീയർമാരെയും 5 ക്ളാർക്ക്-ടൈപ്പിസ്റ്റുമാരേയും 10 ഹെൽപ്പർമാരേയും 5 പാർട്ട് ടൈം സ്വീപ്പർമാരെയും ഒരുഡ്രൈവറെയും താൽക്കാലികാടിസ്ഥാനത്തിലും, 8 പ്രോജക്ട് എഞ്ചിനീയർമാരെയും 8 ക്ളാർക്ക്-ടൈപ്പിസ്റ്റുമാരേയും കരാർ അടിസ്ഥാനത്തിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്വഴി നിയമിച്ചിട്ടുണ്ട്. കൂടാതെ 9 പാർട്ട് ടൈം സ്വീപ്പർമാരെ കരാർ അടിസ്ഥാനത്തിൽ ജി. ഒ. (പി) നം. 501/2005/ഫിൻ തീയതി 25-11-2005 പ്രകാരം ഓരോ മാസത്തേക്കുമുള്ള ആവശ്യത്തിനായി നിയമിച്ചിട്ടുണ്ട്. കൂടാതെ ഒരു ക്ളാർക്ക്/ടൈപ്പിസ്റ്റ്, ഒരു ടെക്നീഷ്യൻ, രണ്ട് ഡ്രൈവർ എന്നിവർ ആദ്യം കരാർ അടിസ്ഥാനത്തിലും പിന്നീട് ദിവസക്കൂലി വ്യവസ്ഥയിലും ജോലി ചെയ്തുവരുന്നുണ്ട്. ഓരോ മാസത്തേക്കും കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്ന 9 പാർട്ട് ടൈം സ്വീപ്പർമാർ ഒഴികെ മറ്റുള്ളവരുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ബി) കോടതി നടപടികൾ മറികടന്നുകൊണ്ട് കേസിലുൾപ്പെട്ടവരെ ആരെയും അനെർട്ടിൽ സ്ഥിരപ്പെടുത്തിയിട്ടില്ല.

(സി) ബാധകമല്ല.

(ഡി) കേന്ദ്ര മന്ത്രാലയത്തിന്റെ പാരമ്പര്യേതര ഊർജ്ജ പദ്ധതികളുടെ നടത്തിപ്പിലേക്കുവേണ്ടിയാണ് താല്ക്കാലിക/കരാർ ജീവനക്കാരെ നിയമിച്ചിട്ടുള്ളത്. അനെർട്ടിലെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനപ്രകാരം കരാർ ജീവനക്കാരുടെ കാലാവധി ഓരോ സാമ്പത്തിക വർഷവും നീട്ടിക്കൊടുക്കുകയാണ് പതിവ്. ഐ. ആർ. ഇ. പി. പദ്ധതിയുടെ അവസാനംവരെയോ ഓരു വർഷം തികയുന്നത് എന്നോ അതിലേതാണോ ആദ്യം വരുന്നത് അതുവരെയാണ് നിലവിൽ കരാർ നീട്ടിക്കൊടുത്തിട്ടുള്ളത്. ആയതിനാൽ താൽക്കാലിക/കരാർ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## അനെർട്ടിലെ ഗ്രേഡ് പ്രൊമോഷൻ

331 [4183] ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഊർജ്ജ വകുപ്പിൻകീഴിൽ പ്രവർത്തിക്കുന്ന അനെർട്ടിൽ അസസ്മെന്റ് പ്രൊമോഷൻ ബാധകമായ സാങ്കേതിക വിഭാഗം ജീവനക്കാരുണ്ടോ ; ഇവർക്ക് ഗ്രേഡ് പ്രൊമോഷൻ നൽകിയിട്ടുണ്ടോ ;

(ബി) ഈ വിഭാഗം ജീവനക്കാർക്ക് ഏത് റൂൾസ് ആണ് ബാധകമാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ; അവർക്ക് ഗ്രേഡ് പ്രൊമോഷൻ കൊടുത്തത് ഏത് റൂൾസ് പ്രകാരമാണ് ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) അനെർട്ടിന്റെ ഭരണസമിതിയുടെയോ മറ്റേതെങ്കിലും സമിതിയുടെയോ സർക്കാരിന്റെയോ അനുവാദം പ്രസ്തുത ഗ്രേഡ് പ്രൊമോഷന് ലഭ്യമായിരുന്നോ ;

(ഡി) ഈ ഗ്രേഡ് പ്രൊമോഷൻ ചട്ടങ്ങൾക്ക് അനുസൃതമാണോ; അനെർട്ടിൽ ഗ്രേഡ് പ്രമോഷനർഹതയുള്ള ഏതെങ്കിലും വിഭാഗം ജീവനക്കാർക്ക് ഗ്രേഡ് പ്രൊമോഷൻ നിഷേധിക്കപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണമെന്ത് ;

(ഇ) അനെർട്ടിൽ അനർഹമായി നൽകിയ ഗ്രേഡ് പ്രൊമോഷൻ സംബന്ധിച്ചും അർഹതയുള്ളവർക്ക് നൽകാത്തതിനെപ്പറ്റിയും സർക്കാർ ധനകാര്യ പരിശോധന വിഭാഗത്തെക്കൊണ്ട് അന്വേഷിപ്പിച്ച് അർഹരായവർക്ക് ഗ്രേഡ് പ്രൊമോഷൻ നൽകാനും അനർഹരായവർക്ക് കൊടുത്ത ഗ്രേഡ് പ്രൊമോഷൻ റദ്ദാക്കാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അനെർട്ടിൽ സാങ്കേതിക വിഭാഗം ജീവനക്കാർ ഉണ്ട്. എന്നാൽ അനെർട്ടിൽ അസസ്മെന്റ് പ്രൊമോഷൻ നടപ്പാക്കാത്ത സാഹചര്യത്തിൽ ശമ്പള കമ്മീഷന്റെ ശുപാർശ അനുസരിച്ചുള്ള ഗ്രേഡ് പ്രൊമോഷൻ ഇവർക്ക് നൽകിയിട്ടുണ്ട്.

(ബി) 12-6-1987-ലെ 395/എഫ്. & എ/87/അനെർട്ട് ഓഫീസ് ഓർഡർ പ്രകാരം അനെർട്ടിൽ പ്രത്യേകിച്ച് റൂൾസ് ഇല്ലാത്ത സാഹചര്യത്തിൽ കെ.എസ്.ആർ. തുടർന്നുപോകാൻ അനുവദിച്ചിട്ടുണ്ട്. എന്നാൽ 16-7-1996-ൽ അനെർട്ട് റൂൾസും 1-1-1999-ൽ അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫിന്റെ സ്പെഷ്യൽ റൂൾസും നിലവിൽ വന്നെങ്കിലും ഇതുവരെയും അവ നടപ്പാക്കിയിട്ടില്ല. ഇതിനിടയിൽ അനെർട്ടിനെ ശാസ്ത്ര സാങ്കേതിക സ്റ്റേറ്റ് കൗൺസിലിന്റെ കീഴിലാക്കുകയും പിന്നീട് ഊർജ്ജ വകുപ്പിന്റെ കീഴിലാക്കുകയും ചെയ്തു. അനെർട്ടിന്റെ 8-9-2005-ൽ കൂടിയ എക്സിക്യൂട്ടിവ് കമ്മിറ്റി യോഗത്തിൽ 14-7-2004-ൽ അനെർട്ടിനെ റീ റജിസ്റ്റർ ചെയ്യുന്നതിനുമുമ്പ് ഏതു റൂൾ നടപ്പാക്കിയിരുന്നോ അതു തുടർന്നുപോകാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ 10-8-2006-ൽ കൂടിയ 8-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ യോഗത്തിൽ അനെർട്ട് സർവ്വീസ് റൂൾസും സ്പെഷ്യൽ റൂൾസും വീണ്ടും തയ്യാറാക്കുന്നതിനുവേണ്ടി ഒരു കൺസൾട്ടന്റിനെ നിയമിക്കുവാൻ തീരുമാനിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഉത്തരവിറക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന ജീവനക്കാർക്ക് നടപ്പിലാക്കിയ ശമ്പളക്കമ്മീഷൻ ശുപാർശകൾ അനെർട്ടിൽ നടപ്പാക്കിയതിന്റെ ഭാഗമായി അനെർട്ടിലെ ജീവനക്കാർക്ക് ഗ്രേഡ് പ്രൊമോഷൻ നൽകിയത് 25-11-1998-ലെ ജി. ഒ. (പി) നമ്പർ 3000/98/ഫിൻ എന്ന ശമ്പളക്കമ്മീഷൻ ഉത്തരവ് പ്രകാരമാണ്.

(സി) 22-12-2004-ൽ കൂടിയ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനപ്രകാരം അനെർട്ടിലെ ജീവനക്കാർക്ക് ഇൻക്രിമെന്റ്, ടൈംബൗണ്ട് ഹയർ ഗ്രേഡ്, സർവ്വീസ് ഗ്രാറ്റുവിറ്റി, ടെർമിനൽ ബെനിഫിറ്റ് മുതലായവ അനിവദിക്കുന്നതിന് അനെർട്ടിന്റെ ഡയറക്ടറെ അധികാരപ്പെടുത്തിയിട്ടുണ്ട്. അപ്രകാരമാണ് ഗ്രേഡ് പ്രൊമോഷൻ അനുവദിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഗ്രേഡ് പ്രൊമോഷൻ ചട്ടങ്ങൾക്ക് അനുസൃതമായാണ് കൊടുത്തിട്ടുള്ളത്. എന്നാൽ ഐ.ആർ.ഇ.പി.യിൽ നിയമിക്കപ്പെട്ടിട്ടുള്ളവർക്ക് ഗ്രേഡ് പ്രൊമോഷൻ നൽകിയിട്ടില്ല. ഇക്കാര്യം ഗവൺമെന്റ് പരിശോധിച്ചുവരുന്നു.

(ഇ) ഇതു സംബന്ധിച്ച പരാതി പരിശോധിച്ചുവരുന്നു.

## വൈദ്യുതി ബോർഡിന് പിരിഞ്ഞുകിട്ടാനുള്ള തുക

332 [4184] ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി:

„ എം. ഉമ്മർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2006 സെപ്റ്റംബർ 30 വരെ വൈദ്യുതി ബോർഡിന് പിരിഞ്ഞുകിട്ടാനുള്ള തുക എത്രയാണ്;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം ബോർഡിന്റെ നഷ്ടം കുറയ്ക്കുന്നതിന് എന്തെല്ലാം നടപടികൾ എടുത്തു;

(സി) ഈ നടപടികൾമൂലം നഷ്ടം എത്രകണ്ട് കുറയ്ക്കാൻ സാധിച്ചു എന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) 30-9-2006 വരെയുള്ള കണക്കുകൾ തയ്യാറായി വരുന്നതേയുള്ളു. 2006 ജൂൺ 30 വരെ വൈദ്യുതി ചാർജ്ജിനത്തിൽ 1507.23 കോടി രൂപ ബോർഡിന് പിരിഞ്ഞു കിട്ടാനുണ്ട്. ആയതിന്റെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. †

(ബി) കൂടിയ നിരക്കിലുള്ള വായ്പകളുടെ പുനർക്രമീകരണം വഴി ബോർഡിന്റെ നഷ്ടം കുറയ്ക്കുവാൻ സാധിക്കുന്നുണ്ട്. കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി കണക്ഷൻ വിച്ഛേദിക്കൽ, റവന്യൂ റിക്കവറി എന്നീ നടപടികൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. അദാലത്തുപോലെയുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ സമയപരിധി നീട്ടിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം ഉപഭോക്താക്കൾക്ക് 12% പലിശയോടുകൂടി ഒറ്റത്തവണയായോ, അല്ലെങ്കിൽ 18% പലിശയോടുകൂടി 6 തവണകളായോ കുടിശ്ശിക അടച്ചു തീർക്കാവുന്നതാണ്. അതുപോലെ ഗവൺമെന്റ്/പൊതുമേഖലാ സ്ഥാപനങ്ങളുടെ കുടിശ്ശിക പിരിക്കാൻ ബന്ധപ്പെട്ട വകുപ്പുകൾവഴി സമ്മർദ്ദം ചെലുത്തിവരുന്നു.

(സി) കൂടിയ നിരക്കിലുള്ള വായ്പകളുടെ പുനർക്രമീകരണം വഴി ഈ വർഷം ഒരു കോടി രൂപയുടെ നഷ്ടം കുറയ്ക്കാൻ സാധിച്ചു. അതുപോലെ ഈ സർക്കാർ അധികാരമേറ്റശേഷം 57.59 കോടി രൂപയുടെ കുടിശ്ശികയും പിരിച്ചെടുത്തിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## കണ്ണൂർ ജില്ലയിലെ മാട്ടൂൽ പഞ്ചായത്തിൽ ഇലക്ട്രിസിറ്റി സബ് എഞ്ചിനീയർ ഓഫീസ്

333 [4185] ശ്രീ. എം. പ്രകാശൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ മാട്ടൂൽ പഞ്ചായത്തിൽ ഇലക്ട്രിസിറ്റി സബ് എഞ്ചിനീയർ ഓഫീസ് അനുവദിക്കുന്നതിനുള്ള എന്തെങ്കിലും നിർദ്ദേശം നിലവിലുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതു സംബന്ധിച്ച് അടിയന്തിര നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ഇല്ല.

(ബി) വാടക കൂടാതെ കെട്ടിടം സ്ഥിരമായി ലഭ്യമാക്കുകയാണെങ്കിൽ സബ് എഞ്ചിനീയർ ഓഫീസ് തുടങ്ങുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## കൊണ്ടോട്ടി മണ്ഡലത്തിൽ വോൾട്ടേജ് ക്ഷാമം

334 [4186] ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി മണ്ഡലത്തിൽ വോൾട്ടേജ് കുറവ് കാരണം, ഉപഭോക്താക്കൾ ബുദ്ധിമുട്ടുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സർക്കാർ സ്വീകരിച്ചു ; കഴിഞ്ഞ അഞ്ച് വർഷത്തിനകം എത്ര ട്രാൻസ്ഫോർമർ ഇക്കാര്യത്തിന് വേണ്ടി സ്ഥാപിച്ചു;

(സി) ഇനി എത്ര ട്രാൻസ്ഫോർമർ സ്ഥാപിക്കാനുദ്ദേശിക്കുന്നു ; എന്നത്തേക്ക് സ്ഥാപിക്കുമെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി & സി) വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നതുൾപ്പെടെയുള്ള വോൾട്ടേജ് ഇംപ്രൂവ്മെന്റ് വർക്കുകൾ മുൻഗണനാടിസ്ഥാനത്തിൽ ചെയ്തുവരുന്നു. കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ 12 ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ 18 ട്രാൻസ്ഫോർമറുകൾ കൂടി സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിൽ മുൻഗണനാക്രമത്തിൽ ആദ്യത്തെ 6 വർക്കുകൾ 6/2007 ഓടുകൂടിയും, ബാക്കിയുള്ളവ 12/2007-നുള്ളിലും പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## പന്തളം പ്രദേശത്തെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് നടപടി

335 [4187] ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്തളം പ്രദേശത്തെ വോൾട്ടേജ് ക്ഷാമം ശാശ്വതമായി പരിഹരിക്കുന്നതിന് ഉദ്ദേശിച്ചുള്ള പന്തളം 33 കെ. വി. സബ്സ്റ്റേഷന്റെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണങ്ങൾ വിശദമാക്കാമോ ;

(ബി) ഈ പദ്ധതി എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ;

(സി) ഈ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ ?

### ഉത്തരം

(എ) പന്തളം 33 കെ. വി. സബ്സ്റ്റേഷന്റെ നിർമ്മാണത്തിന് സ്ഥലം ലഭ്യമായിട്ടില്ല. പന്തളം ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള 36 ആർ പുറമ്പോക്ക് ഭൂമി കെ. എസ്. ഇ. ബി. യ്ക്ക് കൈമാറുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് ഫയലുകളെല്ലാം റവന്യൂ ഡിപ്പാർട്ട്മെന്റിന് 29-11-2005-ൽ കൈമാറിയിട്ടുണ്ടെങ്കിലും റവന്യൂ ഡിപ്പാർട്ടുമെന്റിന്റെ അനുമതി ലഭ്യമായിട്ടില്ല.

(ബി) റവന്യൂ ഡിപ്പാർട്ടുമെന്റിന്റെ പക്കൽ നിന്ന് ഈ സബ്സ്റ്റേഷന് വേണ്ടിയുള്ള ഭൂമി കൈമാറി കിട്ടിയാലുടനെ തന്നെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

(സി) ഈ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുവാൻ വേണ്ടിയുള്ള സാധനസാമഗ്രികൾ ഉടനടി ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. പ്രവർത്തനങ്ങളുടെ ഒരു പട്ടിക തയ്യാറാക്കുകയും കരാറുകാർ അതുപ്രകാരം പണി നടത്തുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തുകയും ചെയ്യും.

## പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ

336 [4188] ശ്രീ. കെ. പി. മോഹനൻ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ ;

(ബി) പ്രസ്തുത വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥി, പാരലൽ കോളേജിൽ പഠിക്കുമ്പോൾ ആനുകൂല്യങ്ങൾ ലഭിക്കുമോ ?

### ഉത്തരം

(എ) അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) ലഭിക്കുന്നതാണ്.

† അനുബന്ധം-VII

LIBRARY ARCHIVES Kerala Legislative Assembly

## ധനസഹായം ലഭിക്കുന്നതിനുള്ള അപേക്ഷ

337 [4189] ശ്രീ. എം. പ്രകാശൻ മാസ്റ്റർ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വളപട്ടണം ഇലക്ട്രിക്കൽ മേജർ സെക്ഷൻ ഓഫീസിന്റെ പരിധിയിൽ താമസിച്ചിരുന്ന ശ്രീമതി ചെറിയത്ത് കാർത്ത്യായനി ഷോക്കേറ്റ് മരിച്ചതിനെ തുടർന്ന് ബന്ധുക്കൾക്ക് ലഭിക്കേണ്ടിയിരുന്ന ധനസഹായം ഇതുവരെ ലഭിച്ചിട്ടില്ല എന്ന പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(ബി) ഈ സഹായധനം അനുവദിക്കുന്നതിന് നിലവിലുള്ള തടസ്സം എന്താണ് ;

(സി) സഹായധനം അടിയന്തിരമായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) ഉണ്ട്.

(ബി) മരണപ്പെട്ട കാർത്ത്യായനിയുടെ നിയമപരമായ അവകാശികൾക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള അപേക്ഷ ബന്ധപ്പെട്ട രേഖകൾ സഹിതം 5-5-2004-ൽ തന്നെ നാഷണൽ ഇൻഷ്വറൻസ് കമ്പനിയുടെ തിരുവനന്തപുരത്തെ ബ്രാഞ്ചിന് കെ. എസ്. ഇ. ബോർഡിൽ നിന്നും അയച്ചുകൊടുത്തിരുന്നു. എന്നാൽ ധനസഹായം അനുവദിക്കുന്നതിന് ഇൻഷ്വറൻസ് കമ്പനി തടസ്സവാദങ്ങൾ ഉന്നയിച്ചിട്ടുണ്ട്.

(സി) സ്വീകരിക്കും.

## ഒഴിവുകൾ നികത്താൻ നടപടി

338 [4190] ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ ശ്രീകണ്ഠപുരം സർക്കിൾ ഓഫീസിലും ഇരിട്ടി ഡിവിഷൻ ഓഫീസിലും എത്ര ഒഴിവുകൾ ഉണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ ഒഴിവുകൾ നികത്തുവാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രീകണ്ഠപുരം സർക്കിൾ ഓഫീസിൽ മൊത്തം 16 ഒഴിവുകൾ നിലവിലുണ്ട്. അവ കാറ്റഗറി തിരിച്ച് താഴെ കൊടുക്കുന്നു.

| | |
|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | 2 |
| അസിസ്റ്റന്റ് അക്കൗണ്ട്സ് ഓഫീസർ | 1 |
| സബ് എഞ്ചിനീയർ | 1 |
| സീനിയർ സൂപ്രണ്ട് | 1 |
| സ്റ്റെനോഗ്രാഫർ | 1 |
| സീനിയർ അസിസ്റ്റന്റ് | 6 |
| ഓഫീസ് അറ്റൻഡന്റ് | 1 |
| പി. ടി. സി. | 1 |
| വർക്കർ | 2 |
| | 16 |

കൂടാതെ ഈ സർക്കിളിന്റെ പരിധിയിൽ വരുന്ന റീജിയണൽ ആഡിറ്റ് ഓഫീസിൽ താഴെ പറയുന്ന ഒഴിവുകളുണ്ട്.

| | |
|---|---|
| റീജിയണൽ ആഡിറ്റ് ഓഫീസർ | 1 |
| അസിസ്റ്റന്റ് അക്കൗണ്ട്സ് ഓഫീസർ | 1 |
| സീനിയർ സൂപ്രണ്ട് | 3 |
| സീനിയർ അസിസ്റ്റന്റ് | 3 |
| ടൈപ്പിസ്റ്റ് | 1 |
| ഓഫീസ് അറ്റൻഡന്റ് | 1 |
| | 10 |

ഇരിട്ടി ഡിവിഷൻ ഓഫീസിൽ മൊത്തം 18 ഒഴിവുകളുണ്ട്. ഇവ കാറ്റഗറി തിരിച്ച് താഴെ ചേർക്കുന്നു.

| | |
|---|---|
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 1 |
| അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) | 1 |
| ഡിവിഷണൽ അക്കൗണ്ടന്റ് | 1 |
| സീനിയർ സൂപ്രണ്ട് | 2 |
| സ്റ്റെനോഗ്രാഫർ | 1 |
| സബ് എഞ്ചിനീയർ | 1 |
| സീനിയർ അസിസ്റ്റന്റ് | 8 |
| ടൈപ്പിസ്റ്റ് | 1 |
| ഓഫീസ് അറ്റൻഡന്റ് | 1 |
| പി. ടി. സി. (പാർട്ട് ടൈം സ്വീപ്പർ) | 1 |
| | 18 |

(ബി) നടപടി സ്വീകരിച്ചുവരുന്നു.

## ഹോസ്റ്റലുകൾ തുടങ്ങാൻ നടപടി

339 [4191] ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പന്തളത്ത് പ്രീ-മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ നിർമ്മിക്കുന്നതിന് എന്തെങ്കിലും നിർദ്ദേശം നിലവിലുണ്ടോ ;

(ബി) പട്ടിക വിഭാഗത്തിലുള്ള ആളുകൾ കൂടുതൽ അധിവസിക്കുന്ന പ്രദേശമെന്ന നിലയിലും സ്വാശ്രയ മേഖലയിൽ ഒട്ടനവധി ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ പുതിയതായി ആരംഭിച്ചിട്ടുള്ള സാഹചര്യത്തിലും പന്തളത്ത് പ്രീ-മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ അടിയന്തിരമായി തുടങ്ങുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ ?

### ഉത്തരം

(എ) പന്തളത്ത് പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പ്രീ-മെട്രിക് ഹോസ്ററൽ നിർമ്മിക്കുന്നതിന് നിർദ്ദേശം നിലവിലുണ്ട്. എന്നാൽ പോസ്റ്റ്-മെട്രിക് ഹോസ്റ്റൽ നിർമ്മിക്കുന്നതിന് നിർദ്ദേശം നിലവിലില്ല.

(ബി) പന്തളത്ത് പ്രീ-മെട്രിക് ഹോസ്റ്റൽ തുടങ്ങുന്നതിന് നടപടികൾ എടുത്തു വരുന്നു. പോസ്റ്റ് മെട്രിക് ഹോസ്റ്റൽ ഇപ്പോൾ പരിഗണനയിലില്ല.

## റാന്നി-പെരുനാട് 33 കെ. വി. സബ്സ്റ്റേഷന്റെ നിർമ്മാണം

340 [4192] ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റാന്നി-പെരുനാട് 33 കെ. വി. സബ്സ്റ്റേഷന്റെ നിർമ്മാണം എന്നാണ് ആരംഭിച്ചത് ;

(ബി) ഇതിന്റെ നിർമ്മാണം പൂർത്തിയാക്കാൻ കഴിയാതിരുന്നത് എന്തുകൊണ്ടാണ് ;

(സി) കരാർ ഏറ്റെടുത്ത സ്ഥാപനത്തിന് നിർമ്മാണം പൂർത്തിയാക്കാൻ നൽകിയ കാലാവധി എത്രയായിരുന്നു ;

(ഡി) കാലാവധി പൂർത്തിയായി കഴിഞ്ഞപ്പോൾ എന്തൊക്കെ നിർമ്മാണങ്ങളാണ് പൂർത്തിയായത് ;

(ഇ) കരാർ വ്യവസ്ഥകൾ ലംഘിച്ച സ്ഥാപനത്തിന്റെ കരാർ റദ്ദ് ചെയ്ത് പുതിയ ടെൻഡർ വിളിക്കാതിരുന്നതും എന്തുകൊണ്ടാണ് ;

(എഫ്) നിർമ്മാണം മുടക്കിയ സ്ഥാപനത്തെ ബ്ലാക്ക് ലിസ്റ്റിൽപ്പെടുത്തുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത് ;

(ജി) സബ്സ്റ്റേഷന്റെ നിർമ്മാണം അടിയന്തിരമായി പൂർത്തിയാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാനാണുദ്ദേശിക്കുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പ്രസ്തുത സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുവേണ്ട സ്ഥലം 2-4-2001-ന് ടേൺ കീ അടിസ്ഥാനത്തിൽ കരാർ ഏറ്റെടുത്തിട്ടുള്ള എ. ആർ. എം. (ഇപ്പോൾ ഐകോം ടെലി ലിമിറ്റഡ്)-ന് കൈമാറുകയും അവർ 6-4-2001-ന് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു.

(ബി) നിശ്ചിത പ്രവൃത്തി പട്ടികപ്രകാരം പണി പൂർത്തിയാക്കുന്നതിൽ മേൽപ്പറഞ്ഞ കരാറുകാർ വരുത്തിയ വീഴ്ചമൂലമാണ് സബ്സ്റ്റേഷൻ നിർമ്മാണം പൂർത്തിയാക്കാൻ കഴിയാതിരുന്നത്.

(സി) കരാറു പ്രകാരം 5-10-2001-ന് പണി പൂർത്തിയാക്കേണ്ടതായിരുന്നു. എന്നാൽ പിന്നീട് പ്രസ്തുത കമ്പനിയുടെ അപേക്ഷ പരിഗണിച്ച് ആദ്യം 30-11-2004 വരെ സമയപരിധി അനുവദിക്കുകയും പിന്നീട് 31-3-2005 വരെ നീട്ടി കൊടുക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) വർക്ക് ഓർഡർ പ്രകാരമുള്ള കാലാവധി പൂർത്തിയായിക്കഴിഞ്ഞപ്പോൾ 310 ഘനമീറ്റർ റീട്ടെയിനിംഗ് വാൾ മാത്രമാണ് കരാറുകാർ പൂർത്തിയാക്കിയിരുന്നത്.

(ഇ) കരാർ ഏറ്റെടുത്തിരുന്ന എ. ആർ. എം. എന്ന സ്ഥാപനം ഐക്കോം ടെലി ലിമിറ്റഡ് എന്ന് പുനർനാമകരണം ചെയ്ത ശേഷം പുതുക്കിയ സമയപരിധി തരുകയും അതുപ്രകാരം കരാർ നീട്ടിക്കൊടുക്കുകയുമാണ് ഉണ്ടായത്. കൂടാതെ ലൈൻ വലിക്കുന്നതു സംബന്ധിച്ച കേസുകളും തീരാനുണ്ടായിരുന്നു. എന്നാൽ പുതുക്കിയ സമയപരിധിക്കുള്ളിലും പണി പൂർത്തിയാക്കാൻ സാധിക്കാത്തതുകൊണ്ട് പ്രസ്തുത കരാർ കോൺട്രാക്ടറുടെ നഷ്ടോത്തരവാദിത്വത്തിൽ റദ്ദാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(എഫ് ആന്റ് ജി) സബ്സ്റ്റേഷന്റെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കാതിരുന്ന സ്ഥാപനത്തെ, ബ്ലാക്ക് ലിസ്റ്റ് ചെയ്ത്, ബോർഡിന്റെ ഇടപാടുകളിൽ നിന്ന് ഒഴിച്ചു നിർത്തുകയും, നിർമ്മാണം മുടങ്ങിയത് വഴി ബോർഡിനുണ്ടായിട്ടുള്ള നഷ്ടം കണക്കാക്കി പ്രസ്തുത കമ്പനിക്കാരിൽ നിന്നും നഷ്ടപരിഹാരത്തുക പിടിക്കുകയും ചെയ്യാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. പ്രസ്തുത കരാർ റദ്ദാക്കിയശേഷം അവരുടെ നഷ്ടോത്തരവാദിത്വത്തിൽ സബ് സ്റ്റേഷന്റെ നിർമ്മാണം ബോർഡ് തന്നെ നേരിട്ട് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ത്രിതല പഞ്ചായത്തുകളുടെ ഡിപ്പോസിറ്റ് വച്ച വൈദ്യുത പ്രവർത്തികൾ

341 [4193] ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ത്രിതല പഞ്ചായത്തുകളുടെ ഡിപ്പോസിറ്റുവച്ച വൈദ്യുത പ്രവർത്തികളും എം. എൽ. എ./എം. പി. ഫണ്ടിൽ നിന്നും സഹായം നൽകിയ പ്രവർത്തികളും മുടങ്ങിക്കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ പ്രവർത്തികൾ പൂർത്തീകരിക്കുവാൻ സമയബന്ധിതമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്

(ബി) നടപടി സ്വീകരിച്ചിട്ടുണ്ട്

ഭൂരഹിത ആദിവാസികൾക്ക് മിച്ചഭൂമി

342 [4194] ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ ആലക്കോട് പ്ളാന്റേഷൻ വക മിച്ചഭൂമി ഭൂരഹിത ആദിവാസികൾക്ക് പതിച്ചു നൽകാനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ ;

(ബി) ഇവിടെ ഭൂമി നൽകാൻ തെരഞ്ഞെടുത്തവരിൽ അനർഹരായ പലരും ഉണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) ആന്റ് (ബി) കണ്ണൂർ ജില്ലയിലെ ആലക്കോട് പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരളയിൽ നിന്നും ഏറ്റെടുത്ത ആലക്കോട് എസ്റ്റേറ്റിൽ ഭൂരഹിത ആദിവാസി കുടുംബങ്ങൾക്ക് വിതരണം ചെയ്യുന്നതിന് ലഭ്യമായതും അനുയോജ്യവുമായ ഭൂമി വിതരണം ചെയ്യുന്നതിന് 340 ആദിവാസി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും 57 പേർക്ക് കൈവശരേഖ നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇതിനുശേഷം ഗുണഭോക്താക്കളുടെ അന്തിമ പട്ടികയിൽ അനർഹർ കടന്നുകൂടിയിട്ടുണ്ടെന്നുള്ള പരാതി ലഭിക്കുകയും തുടർന്ന് തഹസീൽദാർ നടത്തിയ പുനരന്വേഷണത്തിൽ പരാതി ശരിയാണെന്ന് ബോദ്ധ്യപ്പെടുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ കുറ്റമറ്റതും വിമർശനത്തിനതീതവുമായ രീതിയിൽ ഭൂമി വിതരണം നടത്തുന്നതിനാവശ്യമായ തിരുത്തൽ നടപടികൾ അടിയന്തിരമായി സ്വീകരിക്കുവാൻ സർക്കാർ കണ്ണൂർ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ജില്ലാ കളക്ടർ അടിയന്തിര നടപടി എടുത്തുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

## വൈദ്യുതി എത്തിക്കാൻ നടപടി

343 [4195] ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിനകത്ത് ഇനിയും വൈദ്യുതി എത്താത്ത ജനവാസ കേന്ദ്രങ്ങൾ ഉണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആ പ്രദേശങ്ങളിൽ വൈദ്യുതി എത്തിക്കാൻ പരിപാടിയുണ്ടോ ; വിശദമാക്കുമോ ;

(ബി) സംസ്ഥാനത്ത് ചില പ്രദേശങ്ങളിൽ രൂക്ഷമായ വോൾട്ടേജ് ക്ഷാമം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതു പരിഹരിക്കുന്നതിന് എന്തെല്ലാം പരിപാടികൾ ആണ് ആവിഷ്ക്കരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) വൈദ്യുതിലൈനുകൾ ശരിയായി പരിപാലിക്കാത്തതിനാൽ ധാരാളം വൈദ്യുതി പാഴായിപ്പോവുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് തടയുന്നതിനുള്ള നടപടി സ്വീകരിക്കാമോ ?

### ഉത്തരം

(എ) ഉണ്ട്. രാജ്യത്തെ മുഴുവൻ ഗ്രാമീണഭവനങ്ങളിലും 2009-ഓടെ വൈദ്യുതി എത്തിക്കുന്നതിനായി കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ച പദ്ധതിയാണ് രാജീവ്ഗാന്ധി ഗ്രാമീണവൈദ്യുതീകരണ യോജന (ആർ. ജി. ജി. വി. വൈ.) ഈ പദ്ധതിപ്രകാരം കേരളത്തിലെ 14 ജില്ലകളിലെ 3578 കരകൾ വൈദ്യുതീകരിക്കുന്നതിനുള്ള 438.36 കോടി രൂപ ചെലവുവരുന്ന ഒരു പദ്ധതി, ഫണ്ടിംഗ് ഏജൻസിയായ ആർ. ഇ. സി. ക്ക് സമർപ്പിച്ചു. ഇതിൽ 7 ജില്ലകളിൽ പദ്ധതി നടപ്പാക്കുന്നതിനുള്ള അനുമതി ആർ. ഇ. സി. യിൽ നിന്നും ലഭിച്ചു. പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ടേൺ കീ അടിസ്ഥാനത്തിൽ നടത്തണമെന്നാണ് കേന്ദ്ര സർക്കാർ നിഷ്കർഷിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് ബോർഡ് തലത്തിൽ തീരുമാനങ്ങൾ എടുത്തുവരികയാണ്. അനുമതി ലഭിച്ച പദ്ധതിതുകയുടെ ആദ്യഗഡു ഇതുവരെയും ലഭിച്ചിട്ടില്ല.

(ബി) ഉണ്ട്. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി താഴെപറയുന്ന പ്രവൃത്തികൾ ചെയ്തുവരുന്നു :

- വോൾട്ടേജ് ഇംപ്രൂവ്മെന്റ് പ്രവൃത്തികൾ മുൻഗണനാക്രമത്തിൽ ചെയ്തു തീർത്തുവരുന്നു.
- എൽ. റ്റി. കപ്പാസിറ്ററുകൾ ഘടിപ്പിക്കുന്ന ജോലികൾ ചെയ്തുവരുന്നു.
- എച്ച്. റ്റി.-എൽ. റ്റി. അനുപാതം കുറയ്ക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.
- കൂടാതെ എ. പി. ഡി. ആർ. പി. പദ്ധതിയിൽ ഉൾപ്പെടുത്തി വിതരണ ശൃംഖല ശക്തിപ്പെടുത്തുന്ന പ്രവൃത്തികളും 39 ടൗണുകളിലായി നടപ്പിലാക്കിവരുന്നു.
- വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി പുതുതായി ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചുവരുന്നു.

(സി) ഉണ്ട്. വൈദ്യുതി പാഴായിപ്പോകുന്നത് തടയുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പട്ടികജാതി/വർഗ്ഗ കോളനികളിൽ പശ്ചാത്തല സൗകര്യങ്ങൾ

344 [4196] ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പട്ടികജാതി/വർഗ്ഗകോളനികളിൽ പശ്ചാത്തല സൗകര്യങ്ങളായ റോഡ്, കുടിവെള്ളം, വൈദ്യുതി എന്നിവ ലഭ്യമല്ലാത്ത കോളനികളുടെ വിവരം പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ ;

(ബി) ഈ കോളനികളിൽ വ്യക്തിഗതാനുകൂല്യങ്ങൾക്ക് (വീട്, കിണർ, കക്കൂസ്) വേണ്ടി അപേക്ഷിച്ചിട്ടും നാളിതുവരെയായി ലഭിക്കാത്ത എത്ര അപേക്ഷകർ ഉണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പഞ്ചായത്ത് തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. (പട്ടികജാതി കോളനികളുടേത് അനുബന്ധം I-ലും † പട്ടികവർഗ്ഗ കോളനികളുടേത് അനുബന്ധം II-ലും ചേർത്തിട്ടുണ്ട്.†

(ബി) പട്ടികജാതി കോളനിക്കാരുടെ ഭവന നിർമ്മാണത്തിനായി 1716 അപേക്ഷകളുണ്ട്. കിണർ, കക്കൂസ് എന്നിവ നൽകുന്നതിന് വകുപ്പിന് പദ്ധതികളില്ല. ജില്ലയിലാകെ 1250 കിണറുകളും 750 കക്കൂസുകളും ആവശ്യമുണ്ട്. ജില്ലയിലെ പട്ടികവർഗ്ഗ കോളനിക്കാർക്ക് വീടും കക്കൂസും ലഭ്യമല്ലാത്ത 1169-ം കിണർ ലഭ്യമല്ലാത്ത 110-ം കുടുംബങ്ങൾ നിലവിലുണ്ട്. ഇവരിൽ നടപ്പുവർഷം പ്രാക്തന ഗോത്ര വർഗ്ഗക്കാർക്കുള്ള പ്രത്യേക ഭവന നിർമ്മാണ പദ്ധതിയിൽ 120 വീടുകളും, പട്ടികവർഗ്ഗ വികസന ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി 10 വീടുകളും നിർമ്മിക്കുന്നതിനുള്ള ധനസഹായം ജില്ലയിൽ അനുവദിച്ചു നൽകിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുള്ള പദ്ധതികളിൽ ഉൾപ്പെടുത്തി ഭവന രഹിതരായ പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് വീട്, കക്കൂസ്, കുടിവെള്ള പദ്ധതിയും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

മുല്ലശ്ശേരിയിലെ 33 കെ. വി. സബ്സ്റ്റേഷൻ

345 [4197] ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണലൂർ നിയോജകമണ്ഡലത്തിലെ മുല്ലശ്ശേരി 33 കെ. വി. സബ്സ്റ്റേഷന്റെ ഒന്നാംഘട്ട പണി പൂർത്തീകരിച്ചത് എന്നാണ് ;

(ബി) പ്രസ്തുത പദ്ധതിയിലെ രണ്ടാം ഘട്ട പണി പൂർത്തീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് അറിയിക്കുമോ ;

(സി) രണ്ടാം ഘട്ടത്തിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ട് ;

(ഡി) മേൽപ്പറഞ്ഞ സബ് സ്റ്റേഷനിലേക്കുള്ള റോഡിന്റെ ടാറിംഗ് പൂർത്തീകരിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മുല്ലശ്ശേരി 33 കെ. വി. സബ്സ്റ്റേഷന്റെ 2.3 കി. മീ. 11 കെ. വി. ലൈനിന്റെ നിർമ്മാണം ഒഴികെയുള്ള പണി 2/2006-ൽ പൂർത്തിയാക്കി 12-3-2006-ന് പ്രസ്തുത സബ്സ്റ്റേഷൻ കമ്മീഷൻ ചെയ്തു.

(ബി) മുല്ലശ്ശേരി 33 കെ. വി. സബ്സ്റ്റേഷനിൽ നിന്നുള്ള 2.3 കി. മീ. 11 കെ. വി. ലൈനിന്റെ നിർമ്മാണം 6/2006-ൽ പൂർത്തിയാക്കി.

(സി) 2.3 കി. മീ. 11 കെ. വി. ലൈനിന്റെ നിർമ്മാണത്തിനായി 10 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി) പഞ്ചായത്ത് റോഡ് മുതൽ പ്രസ്തുത സബ് സ്റ്റേഷൻ വരെയുള്ള റോഡിന്റെ നിർമ്മാണം (ടാറിംഗ് ഉൾപ്പെടെ) പൂർത്തിയായിട്ടുണ്ട്.

മാനന്തവാടി ഇലക്ട്രിക്കൽ സബ് ഡിവിഷൻ ഡിവിഷൻ ഓഫീസായി ഉയർത്താൻ നടപടി

346 [4198] ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാനന്തവാടി ഇലക്ട്രിക്കൽ സബ് ഡിവിഷൻ ഡിവിഷൻ ഓഫീസായി ഉയർത്തുന്നതു സംബന്ധിച്ച് നടപടികൾ സ്വീകരിക്കുമോ ;

(ബി) മാനന്തവാടി സബ് ഡിവിഷന് കീഴിലുള്ള പ്രദേശങ്ങളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) സ്വീകരിക്കും.

(ബി) സ്വീകരിച്ചുവരുന്നു.

പട്ടികജാതിയിൽപ്പെട്ട തൊഴിലാളികൾക്ക് സഹായം

347 [4199] ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതിയിൽപ്പെടുന്ന ഈറ്റത്തൊഴിലാളികളുടെ ആവശ്യങ്ങൾ അടങ്ങുന്ന നിവേദനം സർക്കാരിൽ ലഭിച്ചിട്ടുണ്ടോ ;

(ബി) പട്ടികജാതിയിൽപ്പെട്ട ഈറ്റത്തൊഴിലാളികളുടെ സഹകരണ സംഘങ്ങളെ സഹായിക്കാൻ പ്രത്യേക സഹായം നൽകുന്നത് പരിഗണിക്കുമോ;

(സി) ഇവരുടെ ഉപജീവനത്തിനുള്ള തൊഴിലിന്റെ അസംസ്കൃത വസ്തുവായ ഈറ്റ നേരിട്ട് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) തൃശ്ശൂർ ജില്ലയിലെ പട്ടികജാതി സഹകരണ സംഘങ്ങൾക്ക് മലപ്പുറം ബാംബൂ കോർപ്പറേഷൻ ഡിപ്പോയിൽ നിന്ന് ഈറ്റ ലഭിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പട്ടികജാതി ഈറ്റ തൊഴിലാളികളുടെ പ്രശ്നം ചർച്ച ചെയ്യുന്നതിന് ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുകൂട്ടി തീരുമാനമെടുക്കാൻ തയ്യാറാകുമോ ?

ഉത്തരം

(എ) പരമ്പരാഗത, ഈറ്റ, ചൂരൽ, പനയോല, പാറ തൊഴിലാളികൾക്ക് ഇടക്കാല ആശ്വാസം അനുവദിക്കുന്നത് സംബന്ധിച്ച് ഒരു നിവേദനം ലഭിച്ചിട്ടുണ്ട്.

(ബി) ഈറ്റ തൊഴിലാളി സഹകരണ സംഘങ്ങളെ പ്രത്യേകമായി സഹായിക്കാൻ പട്ടികജാതി വകുപ്പിൽ പദ്ധതിയൊന്നുമില്ല. എന്നാൽ പട്ടികജാതി സഹകരണ സംഘങ്ങളെ സഹായിക്കാൻ പട്ടികജാതി വികസന വകുപ്പിന്റെ നിലവിലുള്ള പദ്ധതിയിൽ ഇതും പരിഗണിക്കുന്നതാണ്.

(സി) കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷനാണ് ഇപ്പോൾ ഈറ്റ ലഭ്യമാക്കിക്കൊണ്ടിരിക്കുന്നത്. പട്ടികജാതി-പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷൻ 1982-1983 കാലഘട്ടത്തിൽ ഈറ്റ തൊഴിൽ ചെയ്യുന്ന സഹകരണ സംഘങ്ങൾക്ക് ഈറ്റ വിതരണം ചെയ്യുന്നതിന് ബാംബൂ കോർപ്പറേഷനോട് ശുപാർശ ചെയ്തതനുസരിച്ച് ബാംബൂ കോർപ്പറേഷൻ ഫെഡറേഷനിൽ അംഗമായ സംഘങ്ങൾക്ക് ഈറ്റ സൗജന്യ നിരക്കിൽ നൽകിയിരുന്നു. എന്നാൽ പിന്നീട് ബാംബൂ കോർപ്പറേഷൻ ടി സൗജന്യ നിരക്ക് പിൻവലിക്കുകയുണ്ടായി. പട്ടികജാതി വികസന വകുപ്പിന് അസംസ്കൃത വസ്തുക്കൾ നേരിട്ട് ലഭ്യമാക്കുന്നതിനുള്ള പദ്ധതികളൊന്നുമില്ല.

(ഡി) പ്രസ്തുത പട്ടികജാതി സഹകരണ സംഘങ്ങൾ വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുന്നപക്ഷം ഇക്കാര്യം പരിശോധിച്ച് യുക്തമായ നടപടി സ്വീകരിക്കുന്നതാണ്.

(ഇ) പട്ടികജാതി ഈറ്റ തൊഴിലാളികളുടെ വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച വിശദമായ നിവേദനം സമർപ്പിക്കുന്നപക്ഷം ഇക്കാര്യം ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്തു തീരുമാനം കൈക്കൊള്ളുന്നകാര്യം പരിഗണിക്കുന്നതാണ്.

## സംസ്ഥാനത്തിനുവേണ്ടി വാങ്ങിയ താപവൈദ്യുതി

348 [4200] ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1996-97 മുതൽ 2005-06 വരെ ഓരോ വർഷവും സംസ്ഥാനത്തിനുവേണ്ടി വാങ്ങിയ താപവൈദ്യുതി എത്ര ദശലക്ഷം യൂണിറ്റാണ് ;

(ബി) ഈ ഓരോ വർഷവും കേന്ദ്രവിഹിതമായി എത്ര യൂണിറ്റ് വൈദ്യുതി വീതം ലഭിച്ചു ;

(സി) ഈ ഓരോ വർഷവും ആഭ്യന്തര ഉൽപ്പാദനം എത്ര യൂണിറ്റ് വീതമായിരുന്നു ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ കാലയളവിൽ ഓരോ വർഷവും ഓരോ സ്ഥാപനത്തിൽനിന്നും എത്ര യൂണിറ്റ് താപവൈദ്യുതി വീതം വാങ്ങി ; അതിന് വേണ്ടിവന്ന വിലയെത്ര ;

(ഇ) ഓരോ സ്ഥാപനത്തിനും നൽകിയ തുകയെത്ര ?

ഉത്തരം

(എ), (ബി) ആന്റ് (സി) ഉത്തരം അനുബന്ധം I ആയി ചേർക്കുന്നു.†

(ഡി) ഉത്തരം അനുബന്ധം II (എ)-യും, (ബി)-യും III-ഉം ആയി ചേർക്കുന്നു.†

(ഇ) ഓരോ സ്ഥാപനത്തിനും നൽകിയ തുക ചുവടെ ചേർക്കുന്നു.

| വർഷം | സ്ഥാപനം | | | ആകെ (കോടിയിൽ) |
|---|---|---|---|---|
| | NTPC | BSES | KPCL | |
| 1996-97 | 167.79 | .. | .. | 167.79 |
| 1997-98 | 277.01 | .. | .. | 277.01 |
| 1998-99 | 343.35 | .. | .. | 343.35 |
| 1999-00 | 546.93 | 0.67 | .. | 547.60 |
| 2000-01 | 581.83 | 25.95 | .. | 607.78 |
| 2001-02 | 514.81 | 90.74 | 19.78 | 625.33 |
| 2002-03 | 1044.73 | 22.76 | 75.25 | 1142.74 |
| 2003-04 | 1064.18 | 108.61 | 50.23 | 1223.02 |
| 2004-05 | 602.07 | 76.78 | 26.17 | 705.02 |
| 2005-06 | 907.03 | 132.04 | 20.90 | 1059.97 |
| | 6049.73 | 457.55 | 192.33 | 6699.61 |

## മിനിമം ഗ്യാരൻറിവെച്ചതും ഒ. വൈ. ഇ. സി. യിൽ പണം അടച്ചതുമായ പ്രവർത്തികൾ

349 [4201] ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ ആലക്കോട് ശ്രീകണ്ഠപുരം, ചെമ്പേരി, ഇരിക്കൂർ, ഇരിട്ടി സെക്ഷനുകളിൽ മിനിമം ഗ്യാരന്റിവെച്ചതും ഒ. വൈ. ഇ. സി.യിൽ പണം അടച്ചതുമായ പ്രവർത്തികൾ സാധനങ്ങളുടെ അപര്യാപ്തതമൂലം മുടങ്ങിക്കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ പ്രവർത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നടപടി സ്വീകരിച്ചിട്ടുണ്ട്.

അംബേദ്ക്കർ ഹോസ്പിറ്റൽ

350 [4202] ശ്രീ. കെ. സി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിലെ പട്ടികവർഗ്ഗ വിഭാഗത്തിന് മതിയായ ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിനുവേണ്ടി സ്ഥാപിച്ച നല്ലൂർനാട് പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന അംബേദ്ക്കർ ഹോസ്പിറ്റൽ മതിയായ ഡോക്ടർമാരോ മറ്റ് ജീവനക്കാരോ ഇല്ലാതെ പ്രവർത്തനം ഉദ്ദേശിച്ച ലക്ഷ്യത്തിൽ എത്തുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് പരിഹരിക്കുന്നതിനുള്ള സത്വര നടപടികൾ കൈക്കൊള്ളുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പരിഹാര മാർഗ്ഗങ്ങൾ സർക്കാർ പരിഗണിച്ചുവരുന്നു.

നഷ്ടപരിഹാരത്തുക നൽകുന്നതിന് നടപടി

351 [4203] ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ഇ. ബി.യുടെ കീഴിൽ വരുന്ന വിരിപ്പാറ വിയറിൽബണ്ട് ഉയർത്തുന്ന പ്രവർത്തിക്കിടയിലുണ്ടായ മലവെള്ളപ്പാച്ചിലിൽ ഭാഗികമായി പൂർത്തിയായ ബണ്ടും യന്ത്രസാമഗ്രികളും ഒലിച്ചുപോയതിനെ തുടർന്നുണ്ടായ 96,211 രൂപയുടെ നഷ്ടം നികത്തി പ്രസ്തുത തുക ലഭിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. ജെ. ജെ. കെ. പ്രസാദ്, കുളത്തുങ്കൽ വീട്, ചങ്ങനാശ്ശേരി എന്നയാൾ ഏതെങ്കിലും അപേക്ഷ നൽകിയിട്ടുണ്ടോ ;

(ബി) ടിയാന് ഉണ്ടായി എന്ന് പറയപ്പെടുന്ന നഷ്ടത്തെക്കുറിച്ച് ബോർഡ് പഠനം നടത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ 96,211 രൂപയുടെ നഷ്ടമുണ്ടായതായി ബോർഡ് അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇത് സംബന്ധമായി കെ. എസ്. ഇ. ബി. ചീഫ് എഞ്ചിനീയറുടെ ആഫീസിൽ സി. ഇ. എസ്. 4/90 നമ്പരായി ഫയൽ നിലവിലുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ പ്രസ്തുത ഫയലിൻമേൽ അടിയന്തിര തീരുമാനം കൈക്കൊള്ളുമോ ;

(എഫ്) ബോർഡിന് വേണ്ടി പരാതിക്കാരൻ ചെയ്ത പ്രവർത്തിയിൽ പ്രകൃതിക്ഷോഭം മൂലം നഷ്ടമുണ്ടായിട്ടുണ്ടെങ്കിൽ നഷ്ടപരിഹാരത്തുക താമസംവിനാ ലഭിക്കുന്നതിനുള്ള നടപടി കൈക്കൊള്ളുമോ; വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ), (ബി), (സി) ആന്റ് (ഡി) ഉണ്ട്.

(ഇ) ആന്റ് (എഫ്) കരാർപ്രകാരം പ്രകൃതിക്ഷോഭം മൂലമുള്ള നാശനഷ്ടങ്ങൾക്ക് ബോർഡ് നഷ്ടപരിഹാരം നൽകേണ്ടതില്ല.

## മാരകമായ രോഗം പിടിപെട്ട പട്ടികവർഗ്ഗ രോഗികൾക്ക് ചികിത്സാ ധനസഹായം

352 [4204] ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മാരകമായ രോഗം പിടിപെട്ട പട്ടികവർഗ്ഗ രോഗികൾക്ക് പ്രോജക്റ്റ് ആഫീസർമാർ 500 രൂപയാണ് ചികിത്സാ ധനസഹായം അനുവദിക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ തുക ഉയർത്തി നൽകുന്നതിന് പ്രോജക്റ്റ് ഓഫീസർമാർക്ക് അധികാരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രോജക്റ്റ് ഓഫീസർമാർക്ക് നിലവിൽ 500 രൂപയാണ് ചികിത്സാധനസഹായമായി അനുവദിക്കുവാൻ അധികാരമുള്ളത്.

(ബി) ആന്റ് (സി) പ്രോജക്റ്റ് ഓഫീസർമാർ/ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസർമാർ അനുവദിക്കുന്ന ധനസഹായ തുക 500 രൂപയിൽ നിന്ന് 2,000 രൂപയാക്കി വർദ്ധിപ്പിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പു ഡയറക്ടർ നൽകിയ ശുപാർശ പരിശോധിച്ച് വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് സൗജന്യ റേഷൻ

353 [4205] ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം കാലവർഷ കെടുതിമൂലം ദുരിതം അനുഭവിച്ച എത്ര പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് സൗജന്യ റേഷൻ നൽകിയിട്ടുണ്ട് ;

(ബി) ഈ ആവശ്യത്തിന് ചെലവായ തുക എത്രയാണ് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആന്റ് (ബി) വിവരം ശേഖരിച്ചുവരുന്നു.

കുമ്പാരൻ-കുശവൻ ജാതിയിൽപ്പെട്ടവരെ പട്ടികജാതിയിൽ ഉൾപ്പെടുത്താൻ നടപടി

354 [4206] ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കുമ്പാരൻ-കുശവൻ ജാതിയിൽപ്പെട്ടവർ തൊഴിൽ പരമായും, സാമൂഹികമായും, സാമ്പത്തികമായും വളരെയധികം പിന്നോക്കം നിൽക്കുന്നവരാണ് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇവരെ പട്ടികജാതിയിൽ ഉൾപ്പെടുത്താൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ആന്റ് (ബി) ഉണ്ട്. എന്നാൽ കിർത്താഡ്സ് നടത്തിയ പഠനത്തിൽ സംസ്ഥാനത്തെ കുമ്പാരൻ, കുശവൻ എന്നീ ജാതിയിൽപ്പെട്ടവർ തൊഴിൽപരമായും സാമൂഹ്യമായും സാമ്പത്തികമായും 'വളരെയധികം പിന്നോക്കം' നിൽക്കുന്നവരാണെന്ന് തെളിഞ്ഞിട്ടില്ല. ജാതി ശ്രേണിയിൽ കീഴ്ജാതിക്കാരായി കണക്കാക്കപ്പെട്ടിരുന്ന ഈഴവർ, പറയർ, ചെറുമർ എന്നീ സമുദായക്കാർക്ക് അയിത്തം കൽപ്പിച്ചിരുന്ന ഇവർ പട്ടിക ജാതിയിൽ ഉൾപ്പെടുത്താൻ മാത്രമുള്ള സാമൂഹ്യ സാമ്പത്തിക പിന്നോക്കാവസ്ഥ അനുഭവിച്ചിരുന്നില്ല. ഇവരുടെ പൊതുവിലുള്ള സാമൂഹിക സാമ്പത്തികാവസ്ഥ കണക്കിലെടുത്ത് ഇവരെ ഇപ്പോൾ തന്നെ OEC ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ചേലോറ പഞ്ചായത്തിലെ വോൾട്ടേജ് ക്ഷാമം

355 [4207] ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എടക്കാട് നിയോജകമണ്ഡലത്തിലെ ചേലോറ പഞ്ചായത്തിലെ വാരം ചാലിൽകുന്നിൻ പ്രദേശത്ത് അനുഭവപ്പെടുന്ന രൂക്ഷമായ വോൾട്ടേജ് ക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വോൾട്ടേജ് കുറവ് പരിഹരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) എടക്കാട് നിയോജകമണ്ഡലത്തിലെ വൈദ്യുതി സെക്ഷൻ ഓഫീസുകളിൽ വൈദ്യുതി കണക്ഷൻ ലഭിക്കാനുള്ള അപേക്ഷകളിൽ എത്രയെണ്ണം തീർപ്പ് കൽപ്പിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ഡി) വൈദ്യുതി കണക്ഷൻ നൽകാൻ ശേഷിക്കുന്നവയിൽ എന്ത് നടപടികൾ കൈക്കൊണ്ടുവെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) വോൾട്ടേജ് കുറവ് പരിഹരിക്കുവാനായി ചാലിൽകുന്നിൽ വോൾട്ടേജ് ഇംപ്രൂവ്മെന്റ് വർക്കിന് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത വർക്ക് 7-ാമത്തെ മുൻഗണനയിലാണ്.

(സി) 2006-07-ൽ ഇതുവരെ 1197 കണക്ഷനുകൾ നൽകിയിട്ടുണ്ട്.

(ഡി) ഈ വർഷത്തെ ടാർജറ്റനുസരിച്ച് 405 കണക്ഷനുകൾ നൽകുവാൻ നടപടി എടുത്തിട്ടുണ്ട്.

<u>വൈദ്യുതി റിവ്യൂ കമ്മിറ്റികൾ</u>

356 [4208] <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി രംഗത്തെ പ്രാദേശിക പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് പഞ്ചായത്ത് പ്രസിഡന്റുമാർ ചെയർമാൻ ആയ കമ്മിറ്റികൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ ;

(ബി) മണ്ഡലം അടിസ്ഥാനത്തിൽ റിവ്യൂ കമ്മിറ്റികൾ രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) നിലവിലുള്ള പ്രാദേശിക ഉപദേശക സമിതിയുടെ പ്രവർത്തനം തൃപ്തികരമല്ലായെന്നുകണ്ടാൽ ഈ കാര്യം പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## വൈദ്യുതി ക്ഷാമം ഉണ്ടാകാതിരിക്കാൻ നടപടി

357 [4209] ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത അഞ്ചു വർഷത്തേക്ക് സംസ്ഥാനത്ത് വൈദ്യുതിയുടെ ഉപയോഗം എത്ര കണ്ടു വർദ്ധിക്കുമെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ബി) ഈ സർക്കാർ അടുത്ത അഞ്ചുവർഷങ്ങളിൽ സംസ്ഥാനത്ത് വൈദ്യുതി ക്ഷാമം ഉണ്ടാകാതിരിക്കുന്നതിന് വേണ്ട നടപടികൾ ഉറപ്പാക്കുമോ ?

### ഉത്തരം

(എ) സംസ്ഥാനത്തെ 2006-07 ലെ പ്രതിദിന ശരാശരി ഉപഭോഗം 38.49 ദശലക്ഷം യൂണിറ്റുവരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. വർഷംതോറും പ്രതിദിന ഉപഭോഗത്തിൽ ഏകദേശം 7% വർദ്ധനവ് ഉണ്ടാകും എന്നാണ് ഇപ്പോൾ കണക്കാക്കിയിരിക്കുന്നത്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അടുത്ത അഞ്ചുവർഷങ്ങളിൽ സംസ്ഥാനത്ത് വൈദ്യുതി ക്ഷാമം ഉണ്ടാകാതിരിക്കുന്നതിനുവേണ്ടി 1000 മെഗാവാട്ട് വൈദ്യുതിയുടെ സ്ഥാപിതശേഷി വർദ്ധനവ് ലക്ഷ്യമിട്ടുകൊണ്ട് പുതിയ ജലവൈദ്യുത പദ്ധതികൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വിശദവിവരം അനുബന്ധമായി ചേർക്കുന്നു. †

## *23-10-2006-ലെ നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### കുരുമുളക് ടെക്നോളജി മിഷൻ

358 [691] ശ്രീ. എ. എ. അസീസ് :

" കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുരുമുളക് സംസ്കരണം, വിപണനം ഇവയുമായി ബന്ധപ്പെട്ട് ടെക്നോളജി മിഷന് രൂപം നല്കിയിട്ടുണ്ടോ ;

(ബി) ഇതിനുവേണ്ടി ഏതെല്ലാം ഏജൻസികളുടെ പ്രവർത്തനങ്ങളെയാണ് ഏകോപിപ്പിച്ചിട്ടുള്ളത്;

(സി) പ്രസ്തുത ടെക്നോളജി മിഷനിൽ ഇതിനുവേണ്ടി എന്തെല്ലാം പരിപാടികളാണ് വിഭാവനം ചെയ്യുന്നതെന്ന് വിശദമാക്കുമോ ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

*23-10-2006-ന് നിയമസഭ സമ്മേളിക്കാത്തതിനാൽ അന്നത്തേയ്ക്ക് നിശ്ചയിച്ചിരുന്ന നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ എന്ന നിലയിൽ കൊടുത്തിരിക്കുന്നു.

ഉത്തരം

(എ) കുരുമുളക് സംസ്കരണം, വിപണനം ഇവയുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ടെക്നോളജി മിഷന് രൂപം നല്കിയിട്ടില്ല.

(ബി) & (സി) ബാധകമല്ല.

കാട്ടുമൃഗശല്യം

359 [692] ശ്രീ. വി. ഡി. സതീശൻ :

,, എൻ. ശക്തൻ :

,, ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടുമൃഗങ്ങൾ ജനവാസ സ്ഥലങ്ങളിൽ ഇറങ്ങി കൃഷി നശിപ്പിക്കുകയും ആളുകൾക്ക് ഉപദ്രവം ചെയ്യുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ വർഷം ഇതുവരെ വന്യജീവികളുടെ ഉപദ്രവംമൂലം എത്രപേർ കൊല്ലപ്പെട്ടു ; എത്രപേർക്ക് പരിക്കേറ്റു ;

(സി) കൊല്ലപ്പെട്ടവരുടെ ആശ്രിതർക്കും പരിക്കേറ്റവർക്കും എന്തെല്ലാം സഹായം നൽകി ;

(ഡി) വന്യമൃഗങ്ങൾ ജനവാസ കേന്ദ്രങ്ങളിൽ വരുന്നതിനുള്ള കാരണമെന്തെന്നറിയിക്കുമോ;

(ഇ) ഇതിന് എന്തു പരിഹാരനടപടി സ്വീകരിക്കാനുദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കൊല്ലപ്പെട്ടവർ—7 പരിക്കേറ്റവർ—24

(സി) കൊല്ലപ്പെട്ടവരിൽ 2 പേരുടെ ആശ്രിതർക്ക് 50,000 രൂപ വീതം നൽകിക്കഴിഞ്ഞു. 5 പേരുടെ ആശ്രിതർക്ക് 50,000 രൂപ വീതം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പരിക്കേറ്റവരിൽ 12 പേർക്ക് 72,853 രൂപ ധനസഹായമായി ഇതിനകം നൽകിയിട്ടുണ്ട്. ശേഷിച്ച 12 പേർക്ക് പരിക്കിന്റെ കാഠിന്യമനുസരിച്ച് പരമാവധി 25,000 രൂപവരെ നൽകുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) താഴെപ്പറയുന്ന കാരണങ്ങളാലാണ് വന്യമൃഗങ്ങൾ ജനവാസ കേന്ദ്രങ്ങളിൽ വരുന്നത്.

(1) വന്യമൃഗങ്ങളെ ആകർഷിക്കുന്ന വിളകൾ സമീപപ്രദേശങ്ങളിൽ ലഭ്യമാകുമ്പോൾ.

(2) വന്യമൃഗങ്ങളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവ്മൂലം പുതിയ മേച്ചിൽതേടി അവ വെളിയിൽ വരുന്നു.

(3) വനത്തിനകത്ത് ജലദൗർലഭ്യം നേരിടുമ്പോൾ.

(4) വനത്തിനകത്ത് കാട്ടുതീ, മറ്റുതരത്തിലുള്ള അനധികൃത കൃത്യങ്ങൾ എന്നിവമൂലം സുരക്ഷിതത്വത്തിന് ഭീഷണിയാകുമ്പോൾ.

(5) വന്യജീവികളുടെ സ്വാഭാവിക ജിവിത രീതി അതിരുകളെ മാനിക്കുന്നില്ലെന്നതുകൊണ്ട് ആയത് വനത്തിനുവെളിയിൽ വരുവാൻ ഇടയാകുന്നു.

(ഇ) താഴെപ്പറയുന്ന പരിഹാര നടപടികൾ സ്വീകരിച്ചുവരുന്നു :

(1) കാട്ടുമൃഗങ്ങളെ അകറ്റി നിർത്താനുപകരിക്കുന്ന കിടങ്ങുകളും, വൈദ്യുത കമ്പിവേലിയും, മതിലും നിർമ്മിക്കുന്നു.

2) സാദ്ധ്യമായ അവസരങ്ങളിൽ കൃഷിയിടങ്ങളിലേക്ക് ഇറങ്ങിവരുന്ന മൃഗങ്ങളെ തിരിച്ചോടിക്കാനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

(3) ജലദൗർലഭ്യം കുറയ്ക്കുന്നതിലേക്കായി ഉൾവനങ്ങളിൽ തടയണകളും കുളങ്ങളും നിർമ്മിക്കുന്നു.

(4) മൃഗങ്ങളെ ആകർഷിക്കുന്ന കൃഷിരീതി അനുവർത്തിക്കാതിരിക്കാൻ കൃഷിക്കാർക്കിടയിൽ അവബോധം വളർത്തുന്നു.

(5) എല്ലാ പ്രതിരോധ പ്രവർത്തനങ്ങളിലും, ജനപങ്കാളിത്തവും, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തവും ഉറപ്പുവരുത്താൻ നടപടികൾ എടുത്തുവരുന്നു.

(6) ഉൾവനങ്ങളിലുള്ള നിയമ വിരുദ്ധ പ്രവർത്തനങ്ങളായ കള്ളവാറ്റും കഞ്ചാവ് കൃഷിയും കാട്ടുതീയും തടയുന്നതിന് ഊർജ്ജിത ശ്രമങ്ങൾ നടത്തി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

## പൊതു കാർഷിക നയം

360 [693] ശ്രീ. കെ. ശിവദാസൻ നായർ :

„ കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യയൊട്ടാകെ പൊതു കാർഷിക നയം രൂപീകരിക്കുന്നത് സംബന്ധിച്ച കമ്മീഷൻ സംസ്ഥാനം സന്ദർശിച്ചപ്പോൾ സംസ്ഥാനത്തെ ഏതെല്ലാം കാർഷിക പ്രശ്നങ്ങൾ കമ്മീഷൻ മുമ്പാകെ അവതരിപ്പിച്ചു ;

(ബി) ഏതെല്ലാം ജില്ലകളിൽ നിന്നുള്ള എത്ര കർഷക പ്രതിനിധികൾ വീതം പ്രസ്തുത കമ്മീഷനുമായി ചർച്ച നടത്തി ;

(സി) കേരളത്തിന്റെ കാർഷിക പ്രശ്നങ്ങൾ സംബന്ധിച്ച വ്യക്തമായ ചിത്രം കമ്മീഷന് നൽകുകയുണ്ടായോ ;

(ഡി) കമ്മീഷന്റെ അഭിപ്രായങ്ങളെ സംസ്ഥാനം പിൻതാങ്ങുകയുണ്ടായോ ?

### ഉത്തരം

(എ) താഴെപ്പറയുന്ന കാര്യങ്ങളാണ് കമ്മീഷന്റെ മുമ്പാകെ അവതരിപ്പിച്ചത്.

(1) വിലത്തകർച്ച, കാർഷിക വിളനാശം, കടക്കെണി എന്നിവമൂലം സംസ്ഥാനത്തെ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ

(2) സർക്കാരിന്റെ ഇപ്പോഴത്തെ ഇറക്കുമതിമൂലമുള്ള പ്രശ്നങ്ങൾ

(3) ഉയർന്ന വായ്പാ പലിശമൂലം കർഷകർ നേരിടുന്ന പ്രതിസന്ധി

(4) ഇൻഡ്യയിലെ മറ്റിതര സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്ഥമായി കേരളത്തിന്റെ പ്രശ്നങ്ങളെ കാണണമെന്ന നിർദ്ദേശം.

സംസ്ഥാനം സമർപ്പിച്ച നിർദ്ദേശങ്ങളുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. †

(ബി) കാർഷിക കമ്മീഷൻ തന്നെയാണ് കർഷക പ്രതിനിധികളേയും മറ്റും ചർച്ചയ്ക്ക് വിളിച്ചത്. 10 കർഷകരേയും 4 കർഷക സംഘടനകളേയും ചർച്ചയ്ക്ക് വിളിച്ചിരുന്നതായി കാണുന്നു.

(സി) നൽകുകയുണ്ടായി.

(ഡി) കാർഷിക മേഖലയ്ക്ക് കൂടുതൽ പ്രാമുഖ്യം നൽകിക്കൊണ്ടുള്ള നയരൂപീകരണം ആവശ്യമാണെന്ന കമ്മീഷന്റെ അഭിപ്രയത്തോട് സംസ്ഥാനം യോജിപ്പ് പ്രകടിപ്പിക്കുകയും സംസ്ഥാനതാല്പര്യങ്ങൾക്ക് വിരുദ്ധമായ നിഗമനങ്ങളോട് വിയോജിപ്പ് പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## കെ.എസ്.എഫ്.ഇ., കെ.എഫ്.സി എന്നിവയിലെ പലിശ നിരക്കുകൾ

361 [694] ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :

„ എം. ഉമ്മർ :

„ വി. കെ. ഇബ്രാഹിം കുഞ്ഞ് :

„ യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. എഫ്. ഇ., കെ. എഫ്. സി. തുടങ്ങിയ സ്ഥാപനങ്ങൾ അനുവദിക്കുന്ന ലോണുകൾക്ക് എത്ര ശതമാനം പലിശയാണ് ഈടാക്കുന്നത് ;

(ബി) പ്രസ്തുത സ്ഥാപനങ്ങൾ മറ്റു ധനകാര്യ സ്ഥാപനങ്ങൾ ഈടാക്കുന്നതിനേക്കാൾ കൂടുതൽ പലിശ ഈടാക്കുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ അധിക പലിശ ഇളവുചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) കെ.എസ്.എഫ്.ഇ. നൽകുന്ന വിവിധതരം ലോണുകൾക്ക് 8.5% മുതൽ 12% വരെയാണ് പലിശ ഈടാക്കിവരുന്നത് (വിശദവിവരം അനുബന്ധമായി ചേർക്കുന്നു). †

കേരളാ ഫിനാൻഷ്യൽ കോർപ്പറേഷന്റെ ഇപ്പോഴുള്ള പലിശ നിരക്കുകൾ താഴെ കൊടുക്കുന്നു.

**പൊതുവിഭാഗം**

| | | |
|---|---|---|
| 50,000 രൂപ വരെ | — | 8.25% |
| 50,000 രൂപ മുതൽ 2 ലക്ഷം രൂപ വരെ | — | 8.75% |
| 2 ലക്ഷം രൂപയ്ക്ക് മുകളിൽ | — | 11.5% |
| (കൃത്യമായ തിരിച്ചടവിന് 1 % ഇളവ്) | | |

**സാങ്കേതിക വിദ്യാ നവീകരണം/ഐ.എസ്.ഒ. 9000 സ്കീം**

| | | |
|---|---|---|
| 50,000 രൂപ വരെ | — | 8.25% |
| 50,000 രൂപ മുതൽ 2 ലക്ഷം രൂപ വരെ | — | 8.50% |
| 2 ലക്ഷം രൂപയ്ക്ക് മുകളിൽ | — | 9.5% |
| എൻ. ഇ. എഫ്. | — | 5.5% |
| എസ്. എം. ഇ. ഫണ്ട് സ്കീം (1 % കിഴിവിനുശേഷം) | — | 9.50% |

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സ്പെഷ്യൽ സ്കീം

ഹ്രസ്വകാല വായ്പ, പ്രവർത്തന മൂലധനം, സിവിൽ കോൺട്രാക്ടർമാർക്കുള്ള വായ്പ, ടി.വി. സീരിയൽ നിർമ്മാണം തുടങ്ങിയവ—12.50%

റിവോൾവിംഗ് ഫണ്ട്, ചെറുകിട വ്യവസായ ഉത്പന്നങ്ങളുടെ വിപണനം, സിനിമാ നിർമ്മാണം തുടങ്ങിയവ—11.50%

(ബി) കെ.എസ്.എഫ്. ഇ.യിൽ മറ്റു ധനകാര്യ സ്ഥാപനങ്ങളെക്കാൾ കൂടുതലായി പലിശ നിരക്ക് ഈടാക്കിയ സാഹചര്യങ്ങൾ ഉണ്ടായിട്ടില്ല. പ്രത്യേകിച്ചും വ്യക്തിഗത വായ്പ കൺസ്യൂമർ/വെഹിക്കിൾ ലോൺ തുടങ്ങിയ വായ്പാ പദ്ധതികൾക്ക് മറ്റു ധനകാര്യ സ്ഥാപനങ്ങൾ ഈടാക്കുന്നതിനേക്കാൾ കുറഞ്ഞതോ താരതമ്യപ്പെടുത്താവുന്നതോ ആയ പലിശ നിരക്കാണ് കെ. എസ്. എഫ്. ഇ.യിൽ ഈടാക്കുന്നത്. എന്നാൽ ഭവനവായ്പാ പദ്ധതിയുടെ പലിശ നിരക്ക് ചെറിയ തോതിൽ കൂടുതലാണ്. സർക്കാർ ഗ്യാരന്റിയിൽ കെ. എസ്. എഫ്. ഇ. സമാഹരിക്കുന്ന നിക്ഷേപങ്ങൾക്കുള്ള പലിശയും മറ്റിതര ചെലവുകളും കൂടുതലായി വരുന്നതാണ് ഇതിനു കാരണം. കെ. എഫ്. സി. ഇടപാടുകാരിൽ നിന്നും ഇപ്പോൾ ഈടാക്കി വരുന്ന പലിശ നിരക്ക് ഇതേ മേഖലയിലുള്ള ഇതര ധനകാര്യ ബാങ്കിംഗ് സ്ഥാപനങ്ങളുടെ പലിശ നിരക്കിനേക്കാൾ താരതമ്യേന കുറവാണ്. ഉദാഹരണത്തിന്, കോർപ്പറേഷൻ ഇപ്പോൾ ചെറുകിട ഇടത്തരം (എസ്.എം.ഇ.) ഇടപാടുകാരിൽ നിന്നും ഈടാക്കുന്ന പലിശ നിരക്ക് 10.5% മാത്രമാണ്. കുടിശ്ശിക കൂടാതെ കൃത്യമായി തവണകൾ അടയ്ക്കുന്ന ഇടപാടുകാർക്ക് 1% ഇളവ് അനുവദിക്കുന്നുണ്ട്. അതായത് കുടിശ്ശികക്കാരല്ലാത്ത ഇടപാടുകാർക്ക് 9.5% മാത്രമാണ് പലിശനിരക്ക്. ഇത് ചെറുകിട/ഇടത്തരം വ്യവസായ സ്ഥാപനങ്ങൾക്ക് വായ്പ നൽകുന്ന രാജ്യത്തെ മുഖ്യ സ്ഥാപനമായ സിഡ്ബിയുടെ നിരക്കിനേക്കാൾ (10.5% ഇളവില്ലാതെ) കുറവാണ്. മറ്റു പ്രമുഖ വാണിജ്യ ബാങ്കുകൾ ഇപ്പോൾ ഈ മേഖലയിൽ ഈടാക്കുന്ന നിരക്ക് 10% മുതൽ 12% വരെയാണ്.

(സി) കെ. എസ്. എഫ്. ഇ.യുടെ എല്ലാ വായ്പാ പദ്ധതികളുടേയും പലിശ നിരക്കുകൾ സമയാസമയം അവലോകനം ചെയ്ത് സാമ്പത്തിക സേവന മേഖലയിൽ നിലവിലുള്ള നിരക്കുകളോട് കഴിയുന്നത്ര മത്സരയോഗ്യമായ രീതിയിൽ പലിശ നിരക്കുകളെ നിലനിർത്തുവാൻ ശ്രമിക്കുന്നതാണ്.

കെ. എഫ്. സി.യെ സംബന്ധിച്ച് പ്രസ്തുത ചോദ്യം ബാധകമല്ല.

## വാണിജ്യ ബാങ്കുകളുടെ നിക്ഷേപം

362 [695] ശ്രീ. വർക്കല കഹാർ :

,, ജോർജ് മേഴ്സിയർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വാണിജ്യ ബാങ്കുകളിൽ 1-8-2006-ലെ കണക്കനുസരിച്ച് എന്ത് തുകയുടെ നിക്ഷേപമുണ്ടെന്ന് അറിയിക്കുമോ.;

(ബി) പ്രസ്തുത നിക്ഷേപം സംസ്ഥാനത്തിന്റെ വികസനത്തിനുവേണ്ടി വിനിയോഗിക്കുവാൻ ഉദ്ദേശമുണ്ടോ ;

(സി) അതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) 30-6-2006-ലെ കണക്കുകൾ പ്രകാരം സംസ്ഥാനത്തെ വാണിജ്യ ബാങ്കുകളിൽ 79676 കോടി രൂപയുടെ നിക്ഷേപമാണുള്ളത്. അതിനുശേഷമുള്ള കണക്കുകൾ ലഭ്യമല്ല.

(ബി) ഉണ്ട്.

(സി) പ്രസ്തുത നിക്ഷേപത്തിന്റെ 70.8% (56418 കോടി രൂപ) സംസ്ഥാനത്തു തന്നെ വായ്പയായും നിക്ഷേപമായും ബാങ്കുകൾ വിനിയോഗിച്ചിട്ടുണ്ട്. നിക്ഷേപങ്ങൾ സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായിതന്നെ ഉപയോഗിക്കണം എന്ന് സർക്കാർ ബാങ്കുകളോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## കമ്മ്യൂണിറ്റി പോലീസിംഗ്

363 [696] ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കമ്മ്യൂണിറ്റി പോലീസിംഗ് നടപ്പിലാക്കിയോ ; എങ്കിൽ എന്നു മുതൽ ആണ് നടപ്പിലാക്കിയത്;

(ബി) കമ്മ്യൂണിറ്റി പോലീസിംഗിന്റെ പരിധിയിൽ എന്തെല്ലാം കാര്യങ്ങളാണ് വരുന്നത് ;

(സി) സർക്കാർ ശമ്പളം നേരിട്ടു കൈപ്പറ്റുന്ന പോലീസിനെ കൂടാതെ മറ്റാരെങ്കിലും ഇതിൽ ഉൾപ്പെടുമോ ;

(ഡി) നിയമസഭ സമ്മേളിക്കുന്ന അവസരത്തിൽ സഭയെ അറിയിക്കാതെ സുപ്രധാനമായ ഈ സംവിധാനം നടപ്പിലാക്കിയതെന്തുകൊണ്ട് എന്ന് വിശദീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) നിയമപരിപാലനത്തിനും നീതി നിർവ്വഹണത്തിനും ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന ഏതുതരം പോലീസ് പ്രവർത്തനങ്ങളും കമ്മ്യൂണിറ്റി പോലീസിംഗിന്റെ പരിധിയിൽ വരുന്നതാണ്.

(സി) ഇതിന്റെ വിശദാംശം തയ്യാറാക്കി വരുന്നതേയുള്ളൂ.

(ഡി) 'എ' പിരിവ് ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിച്ചുകൊണ്ടുള്ള സാമൂഹ്യവനവൽക്കരണം

364 [697] ശ്രീമതി ഇ. എസ്. ബിജി മോൾ :

ശ്രീ. പി. തിലോത്തമൻ:

" ബാബു പോൾ:

" കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അക്കേഷ്യ തുടങ്ങിയ മരങ്ങൾ ഒഴിവാക്കിക്കൊണ്ടും പരിസ്ഥിതിക്ക് അനുയോജ്യമായ തരത്തിലുള്ള ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിച്ചുകൊണ്ടും സാമൂഹ്യവനവൽക്കരണ പദ്ധതികൾക്ക് രൂപം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അക്കേഷ്യാ, യൂക്കാലിപ്റ്റസ് മറ്റ് വിദേശമരങ്ങൾ എന്നിവ ഒഴിവാക്കികൊണ്ട് നാടൻ ഫലവൃക്ഷതൈകൾ ഉൽപ്പാദിപ്പിച്ച് പൊതുസ്ഥലങ്ങളിലും വീട്ടുവളപ്പുകളിലും മറ്റും നടുന്നതിനുവേണ്ടി സൗജന്യനിരക്കിൽ വിതരണം ചെയ്യുന്ന പരിപാടിയാണ് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്. വിവിധ നാടൻ ഇനങ്ങളിൽ ഉള്ളതും ഫലവൃക്ഷങ്ങൾ ഉൾക്കൊള്ളുന്നതുമായ വൃക്ഷതൈകളാണ് ഈ പരിപാടിയിൽ നട്ടുപിടിപ്പിക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ളത്. വിവിധയിനം നാടൻ മാവുകൾ, ഞാവൽ, മുള്ളൻചക്ക, പേര തുടങ്ങിയ ഫലവൃക്ഷങ്ങളും പതിമുഖം, അശോകം, കൂവളം, മാതളം, താന്നി, ജാതിക്ക, ചന്ദനം തുടങ്ങിയ മരുന്നു വൃക്ഷതൈകളും കൂടാതെ തേക്ക്, ഈട്ടി, തേമ്പാവ്, വേങ്ങ മുതലായവ ഘനമരതൈകളും നട്ടുപിടിപ്പിക്കുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്.

## തെങ്ങോലപ്പുഴുവിന്റെ ഉപദ്രവം

365 [698] ശ്രീ. കോവൂർ കുഞ്ഞുമോൻ :

„ എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ തെങ്ങുകളിൽ തെങ്ങോലപ്പുഴുവിന്റെ ഉപദ്രവമുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം സ്ഥലങ്ങളിലാണ് ഉപദ്രവം കൂടുതലായി വ്യാപിച്ചിട്ടുള്ളത്;

(സി) ഇതിന് എന്ത് പ്രതിവിധിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) തെങ്ങോലപ്പുഴുവിനെ നശിപ്പിക്കുന്ന എതിർകീടത്തെ കണ്ടുപിടിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ)എങ്കിൽ ഈ കീടത്തെ ഉപയോഗിച്ച് തെങ്ങോലപ്പുഴുവിനെ നിയന്ത്രിക്കുവാൻ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദീകരിക്കുമോ?

### ഉത്തരം

(എ) ആന്റ് (ബി) ഉണ്ട്. തിരുവനന്തപുരം ജില്ലയിലെ വലിയതുറ, കരമന, ഇടവ, വർക്കല, കഴക്കൂട്ടം, കഠിനംകുളം, ഉള്ളൂർ എന്നീ സ്ഥലങ്ങളിലും കൊല്ലം ജില്ലയിലെ ചവറ, നീണ്ടകര, ശക്തികുളങ്ങര, ഇരവിപുരം, തൃക്കോവിൽവട്ടം, ആലപ്പാട്, പരവൂർ, കൊല്ലം മുനിസിപ്പാലിറ്റിയിലെ കടലോര പ്രദേശങ്ങൾ എന്നീ സ്ഥലങ്ങളിലും ആലപ്പുഴ ജില്ലയിലെ മാരാരിക്കുളം തെക്ക്, ചേർത്തല, ആര്യാട്, ആറാട്ടുപുഴ, പട്ടണക്കാട്, പുന്നപ്ര, അമ്പലപ്പുഴ, പുറക്കാട്, കുത്തിയതോട്, കുട്ടനാടിന്റെ ആർ. ബ്ലോക്ക് കായൽ എന്നീ സ്ഥലങ്ങളിലും എറണാകുളം ജില്ലയിലെ തീരദേശപ്രദേശങ്ങളായ പനങ്ങാട്, കുമ്പളം, പൂത്തോട്ട, ചേപ്പനം, തൃപ്പൂണിത്തുറ, മരട്, കുമ്പളങ്ങി, ചെല്ലാനം, ഞാറയ്ക്കൽ എന്നീ സ്ഥലങ്ങളിലും തൃശ്ശൂർ ജില്ലയിലെ ചാവക്കാട്, മുകുന്ദപുരം താലൂക്കുകൾ, മലപ്പുറം ജില്ലയിലെ പൊന്നാനി, പെരുമ്പടപ്പ്, കുറ്റിപ്പുറം, കോഴിക്കോട് ജില്ലയിൽ കോഴിക്കോട് കോർപ്പറേഷനിലെ എരഞ്ഞിപ്പാലം, കൊയിലാണ്ടി, വടകര മുനിസിപ്പാലിറ്റികൾ, ഫറോക്ക്, രാമനാട്ടുകര, ബേപ്പൂർ, ചേമഞ്ചേരി, ചെങ്കോട്ടുകാവ്, പയ്യോളി എന്നീ പഞ്ചായത്തുകളിലും, കണ്ണൂർ ജില്ലയിലെ ആന്തൂർ, മയ്യിൽ, കൊളച്ചേരി എന്നീ പഞ്ചായത്തുകളിലും, കൂത്തുപറമ്പ് മുനിസിപ്പാലിറ്റിയുടെ ചില ഭാഗങ്ങളിലും കാസർഗോഡ് ജില്ലയിൽ കാഞ്ഞങ്ങാട് ബ്ലോക്കിലെ പള്ളിക്കര, അജാനൂർ, ഉദുമ പഞ്ചായത്തുകളിലും കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റിയിലും കാസർഗോഡ് ബ്ലോക്കിലെ ചെമ്മനാട്, മധൂർ, മൊഗ്രാൽപുത്തൂർ പഞ്ചായത്തുകളിലും കാസർഗോഡ് മുനിസിപ്പാലിറ്റിയിലും മഞ്ചേശ്വരം ബ്ലോക്കിലെ കുമ്പളയിലും തെങ്ങോലപ്പുഴുവിന്റെ ഉപദ്രവം വ്യാപകമായി കാണുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) സാധാരണ രീതിയിൽ കീടബാധ കാണുന്ന തെങ്ങോലകൾ മുറിച്ചുമാറ്റി കത്തിച്ചുകളയുക, എതിർ കീടത്തെ ഉപയോഗിക്കുക എന്നിവ വഴി കീടബാധ നിയന്ത്രിക്കാവുന്നതാണ്. എന്നാൽ രൂക്ഷവും നിയന്ത്രണാത്തവുമായ കീടബാധയുണ്ടാകുന്ന സാഹചര്യത്തിൽ കീടനാശിനികളായ ഡൈക്ലോർവോസ്, മാലത്തയോൺ, ക്വിനാൽഫോസ്, ഫോസലോൺ എന്നിവയിലേതെങ്കിലും ഒന്ന് ഉപയോഗിച്ച് കീടനിയന്ത്രണം നടത്തുന്നു. കൂടാതെ എതിർകീടത്തെയും ഉപയോഗിക്കുന്നുണ്ട്.

(ഡി ആന്റ് ഇ) ഉണ്ട്. കീടബാധ കണ്ടുവരുന്ന പ്രദേശങ്ങളിൽ തെങ്ങോലപ്പുഴുവിന്റെ എതിർ പ്രാണികളായ ഗോണിയോസസ്, നെഫാന്റിഡിസ് ബ്രാക്കൺ ബ്രെവിക്കോർണിസ്, ഇലാസ്മസ് നെഫാന്റിഡിസ്, ബ്രാക്കിമേറിയ നൊസറ്റോയ്, ആൻഡ്രോസെഫാലസ് എന്നിവയെ വിതരണം ചെയ്യുന്നുണ്ട്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കാസർഗോഡ് എന്നീ ജില്ലകളിൽ പ്രവർത്തിക്കുന്ന എതിർ പ്രാണി വളർത്തുകേന്ദ്രങ്ങളിൽ (Parasite Breeding Stations) (മേൽപ്പറഞ്ഞ എതിർ പ്രാണികളുടെ വംശവർദ്ധനവ് നടത്തി തെങ്ങോലപ്പുഴു ബാധയുണ്ടാകുന്ന പ്രദേശങ്ങളിൽ വിതരണം ചെയ്തുവരുന്നു.

## കുഴൽപ്പണ കേസ്സുകൾ

366 [699] ശ്രീ. ചിതറമ്പിൽ രാമകൃഷ്ണൻ :

,, ടി. എൻ. പ്രതാപൻ :

,, എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളം വഴി കോടികളുടെ കുഴൽപ്പണം ഒഴുകുന്നതായുള്ള പത്രറിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇക്കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ എത്ര കുഴൽപ്പണ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(സി) എവിടെ നിന്നാണ് കുഴൽപ്പണം വരുന്നതെന്നും അതെന്ത് ചെയ്യുന്നെന്നുമുള്ള കാര്യത്തെപ്പറ്റി അന്വേഷിച്ചിടട്ടുണ്ടോ ;

(ഡി) എങ്കിൽ അതു സംബന്ധിച്ച വിശദാംശം നൽകുമോ;

(ഇ) അന്വേഷണത്തിലെ കണ്ടെത്തൽ വെളിപ്പെടുത്തുമോ ?

## ഉത്തരം

(എ) പത്രറിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഒരു കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. രണ്ട് കേസുകൾ ഡയറക്ടറേറ്റ് ഓഫ് എൻഫോഴ്സ്മെന്റിനു കൈമാറിയിട്ടുണ്ട്.

(സി, ഡി ആന്റ് ഇ) അന്വേഷണം നടന്നു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കൃഷിയിടങ്ങളിൽ സമ്പൂർണ്ണ യന്ത്രവൽക്കരണം

367 [700] ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :

,, കെ. മുഹമ്മദുണ്ണി ഹാജി :

,, യു. സി. രാമൻ :

,, പി. കെ. അബ്ദുറബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആവശ്യത്തിന് കർഷക തൊഴിലാളികൾ ലഭ്യമല്ലാത്തതിനാലും ഉള്ളവർക്ക് കൂലി കൂടുതലായതിനാലും കൃഷികൾ നഷ്ടത്തിലാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് പരിഹരിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആലോചിക്കുന്നുണ്ടോ ;

(സി) കൃഷിയിടങ്ങളിൽ സമ്പൂർണ്ണ യന്ത്രവൽക്കരണം നടപ്പാക്കുന്നതിന് ആലോചിക്കുന്നുണ്ടോ ;

(ഡി) കൃഷി ലാഭകരമാക്കുന്നതിനായി യന്ത്രവൽക്കരണം വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കൃഷി നഷ്ടത്തിലാകുന്നതിന് പ്രധാനപ്പെട്ട കാരണങ്ങൾ മറ്റ് ചിലതാണ്. ഏറ്റവും പ്രധാനപ്പെട്ട കാരണം വിലതകർച്ചയാണ്.

(ബി) കാർഷിക പ്രധാനമായ നയം രൂപീകരിച്ചും ഇറക്കുമതി തീരുവ (കാർഷികോൽപ്പന്നങ്ങൾക്ക്) പരമാവധി വർദ്ധിപ്പിച്ചും പ്രതിസന്ധി പരിഹരിക്കാവുന്നതാണ്.

(സി) ചെറുകിട കൃഷിയിടങ്ങളിൽ കർഷകതൊഴിലാളി ക്ഷാമം പരിഹരിക്കുന്നതിനായി ഭാഗികമായി യന്ത്രവൽക്കരണം നടപ്പിലാക്കുന്നതിനാലാണ് ധനസഹായം നൽകുന്നത്. സമ്പൂർണ്ണ യന്ത്രവൽക്കരണം നടപ്പാക്കുന്നതിന് ആലോചനയില്ല.

(ഡി) ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

സർക്കാർ ജീവനക്കാർക്ക് ബാങ്കുവഴി ശമ്പള വിതരണം

368 [701] ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സർക്കാർ ജീവനക്കാർക്ക് ബാങ്ക് വഴി ശമ്പളം നൽകുന്നതിനെകുറിച്ച് ആലോചിക്കുന്നുണ്ടോ ;

(ബി) എങ്കിൽ നടപടിക്രമം ഏതുഘട്ടംവരെയായെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സർക്കാർ ജീവനക്കാർക്ക് ബാങ്ക് വഴി ശമ്പളം വിതരണം ചെയ്യുന്നതിനുള്ള നിർദ്ദേശം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) ബാധകമല്ല.

കസ്റ്റഡിമരണം സംബന്ധിച്ച് സ്വീകരിക്കുന്ന നടപടികൾ

369 [702] ശ്രീ. ബി. ബാബു പ്രസാദ് :

,, എ. പി. അനിൽകുമാർ :

,, തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കസ്റ്റഡി മരണം നടക്കുന്ന സന്ദർഭത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കണമെന്നാണ് ദേശീയ മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ളത്;

(ബി) കസ്റ്റഡി മരണം സംബന്ധിച്ച് സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് കേന്ദ്രഗവൺമെന്റിന്റെ എന്തെങ്കിലും നിർദ്ദേശം കിട്ടിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ;

(സി) കസ്റ്റഡി മരണം സംബന്ധിച്ച് ഹൈക്കോടതിയോ സുപ്രിംകോടതിയോ എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കസ്റ്റഡി മരണങ്ങൾ ഉണ്ടാകുന്ന സന്ദർഭങ്ങളിൽ താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കുവാൻ ദേശീയ മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ട്.

1. മരണം നടന്നു കഴിഞ്ഞാൽ 24 മണിക്കൂറിനകം കമ്മീഷനെ അറിയിക്കുക.
2. മൃതദേഹം പോസ്റ്റുമാർട്ടം പരിശോധനയ്ക്ക് വിധേയമാക്കുന്ന നടപടി വീഡിയോ ഫിലിമിൽ പകർത്തി കമ്മീഷന് അയച്ചുകൊടുക്കുക.
3. പോസ്റ്റുമാർട്ടം റിപ്പോർട്ടുകൾ കമ്മീഷൻ ശുപാർശ ചെയ്തിരിക്കുന്ന നിശ്ചിത ഫോമിൽ തയ്യാറാക്കി പകർപ്പ് നൽകുക.
4. പ്രേതവിചാരണ റിപ്പോർട്ടിനോടൊപ്പം കമ്മീഷൻ ശുപാർശ ചെയ്തിട്ടുള്ള നടപടി ക്രമങ്ങൾ കൂടി ഉൾപ്പെടുത്തി തയ്യാറാക്കുക.

(ബി) ഇതു സംബന്ധിച്ച് എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം കേന്ദ്രഗവൺമെന്റിൽ നിന്നും ലഭിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇതു സംബന്ധിച്ച് എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം ഹൈക്കോടതിയിൽ നിന്നോ, സുപ്രീം കോടതിയിൽ നിന്നോ ലഭിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടില്ല.



LIBRARY ARCHIVES Kerala Legislative Assembly

23-10-2006-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

മയക്കുമരുന്നിന്റെ ഉപയോഗം കൂടുന്നതുമൂലമുള്ള മരണം

370 [4210] ശ്രീ. കെ. സി. വേണുഗോപാൽ :

" കെ. സുധാകരൻ :

" എ. പി. അനിൽകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മയക്കുമരുന്നിന്റെ ഉപയോഗം കൂടുന്നതുമൂലമുള്ള മരണം ഉണ്ടായിട്ടുണ്ടോ ;

(ബി) ഇക്കഴിഞ്ഞ അഞ്ച് വർഷങ്ങൾക്കുള്ളിൽ ഇത്തരം എത്ര മരണങ്ങൾ ഉണ്ടായിട്ടുണ്ട് ;

(സി) ഇത്തരം സംഭവങ്ങളിൽ മയക്കുമരുന്ന് നൽകുന്നവർക്കുള്ള ഉത്തരവാദിത്വം കണക്കിലെടുത്ത് അവരുടെമേൽ കേസെടുക്കുന്നുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2001 മുതൽ 2006 സെപ്റ്റംബർ 30 വരെ പതിനാല് മരണങ്ങളുണ്ടായിട്ടുണ്ട്.

(സി) ഉണ്ട്. ഇത്തരം നിയമ വിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരെ കണ്ടെത്തി അവർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

സംസ്ഥാനത്ത് നടന്നുവരുന്ന മാഫിയാ പ്രവർത്തനങ്ങൾ

371 [4211] ശ്രീ. രാജാജി മാത്യു തോമസ് :

" പള്ളിപ്രം ബാലൻ :

" കെ. അജിത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ കുറേ വർഷങ്ങളായി നടന്നുവരുന്ന കൊള്ള-കവർച്ച-മോഷണങ്ങൾ -കൊലപാതകങ്ങൾ-മാഫിയ പ്രവർത്തനങ്ങൾ തുടങ്ങിയവരുടെ സാമൂഹ്യ-സാമ്പത്തിക-സാമുദായിക-രാഷ്ട്രീയ പശ്ചാത്തലങ്ങൾ ഏതെങ്കിലും തരത്തിലുള്ള പഠനത്തിന് വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ ഇവ നിയന്ത്രിക്കുന്നതിന് ഇത്തരത്തിലുള്ള ഒരു സമഗ്രപഠനത്തിന് തയ്യാറാകുമോ ;

(ബി) സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന മാഫിയ ഗുണ്ടാസംഘങ്ങളുടെ സ്ഥിതി വിവരകണക്കുകൾ ആഭ്യന്തര വകുപ്പിന്റെ കൈവശമുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല. ഇത്തരം പഠനം നടത്താനുള്ള നിർദ്ദേശം തൽക്കാലം പരിഗണന യിൽ ഇല്ല.

(ബി) ഗുണ്ടാ-മാഫിയ പദപ്രയോഗം നിയമദൃഷ്ട്യാ നിർവ്വചിക്കപ്പെട്ടിട്ടില്ല. എന്നാൽ സംസ്ഥാനത്ത് സ്ഥിരമായി സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരുടെ പ്രവർത്തനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ബ്ലേഡ് മാഫിയ സംഘങ്ങൾ

372 [4212] ശ്രീ. വി. എൻ. വാസവൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ക്രമാതീതമായി വർദ്ധിച്ചു വരുന്ന ബ്ലേഡ് മാഫിയ സംഘങ്ങളുടെ പ്രവർത്തനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? എങ്കിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

ക്രമാതീതമായുള്ള വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ അധികൃത പണമിടപാട് സ്ഥാപനങ്ങൾ, ബ്ലേഡ് കമ്പനികൾ മുതലായവയുടെ പ്രവർത്തനം ചില ജില്ലകളിൽ വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരക്കാർ നടത്തുന്ന നിയമ വിരുദ്ധ പ്രവർത്തനങ്ങൾക്കെതിരെ നിലവിലുള്ള നിയമപ്രകാരം കർശന നിയമനടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

സ്വകാര്യ ഡിറ്റക്റ്റീവ് ഏജൻസികൾ

373 [4213] ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്വകാര്യ ഡിറ്റക്റ്റീവ് ഏജൻസികൾ പ്രവർത്തിക്കുന്നുണ്ടോ ;

(ബി) പ്രസ്തുത ഏജൻസികൾക്ക് പ്രവർത്തനാനുമതിയോ അംഗീകാരമോ നൽകിയിട്ടുണ്ടോ ;

(സി) സ്വകാര്യ ഡിറ്റക്ടീവ് ഏജൻസികൾക്ക് അംഗീകാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ് ;

(ഡി) നിയമാനുസൃതം പ്രവർത്തിച്ചുവരുന്ന ഏജൻസികളുടെ വിശദവിവരം അറിയിക്കുമോ ;

(ഇ) പുതിയ ഏജൻസികൾക്ക് രജിസ്ട്രേഷൻ നൽകാൻ നടപടി സ്വീകരിക്കുമോ ;

(എഫ്) ശാസ്ത്രീയ അന്വേഷണം അനിവാര്യമായ സൈബർ കുറ്റങ്ങളും മറ്റും തെളിയിക്കുവാൻ സ്വകാര്യ ഏജൻസികളുടെ സഹകരണം തേടാൻ ഉദ്ദേശിക്കുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി, സി, ഡി, ഇ ആന്റ് എഫ്) വിവരം ശേഖരിച്ചുവരുന്നു.

ബാലവേലയും ഭിക്ഷാടനവും നിറുത്തലാക്കാൻ നടപടി

374 [4214] ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ ബാലവേല, ബാലഭിക്ഷാടനം എന്നിവയുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത എത്ര കേസുകൾ നിലവിലുണ്ടെന്ന് സ്റ്റേഷൻ തിരിച്ച് വ്യക്തമാക്കാമോ ;

(ബി) ഇവിടങ്ങളിൽ നിരവധി കുട്ടികൾക്ക് ബാലവേലയും ഭിക്ഷാടനവുമായി ബന്ധപ്പെട്ട പീഡനം ഏറ്റവിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) ബാലവേല, ബാലഭിക്ഷാടനം എന്നിവയുമായി ബന്ധപ്പെട്ട് കാസർഗോഡ് പോലീസ് സ്റ്റേഷനിൽ ഒന്നും ഹോസ്ദുർഗ്ഗ് പോലീസ് സ്റ്റേഷനിൽ മൂന്നും കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ബാലവേലയും, ഭിക്ഷാടനവുമായി ബന്ധപ്പെട്ട് നാല് കുട്ടികൾക്ക് മർദ്ദനമേറ്റിട്ടുണ്ട്. ഇതിന് നാല് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

വാഹന അപകടങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടി

T 375 [4215] ശ്രീ. സി. ടി. അഹമ്മദ് അലി :

ശ്രീ. യു. സി. രാമൻ :

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ അഞ്ച് വർഷത്തിൽ ഓരോ വർഷവും എത്ര വാഹന അപകടങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി). പ്രസ്തുത ഓരോ വർഷവും എത്ര പേർ മരിച്ചിട്ടുണ്ടെന്നും എത്ര പേർക്ക് പരിക്കു പറ്റിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ :

(സി) വർദ്ധിച്ചു വരുന്ന വാഹന അപകടങ്ങൾ കുറയ്ക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

'T' മാറ്റി വയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) & (ബി)

| വർഷം | വാഹന അപകടങ്ങളുടെ എണ്ണം | മരണമടഞ്ഞവർ | പരിക്കു പറ്റിയവർ |
|---|---|---|---|
| 2001 | 38361 | 2674 | 49675 |
| 2002 | 38762 | 2875 | 49460 |
| 2003 | 39496 | 2970 | 48640 |
| 2004 | 41220 | 3159 | 51228 |
| 2005 | 41678 | 3051 | 51320 |

(സി) ട്രാഫിക് സുരക്ഷയെ സംബന്ധിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും പോലീസുദ്യോഗസ്ഥൻമാർക്കുംവേണ്ടി നിരന്തരം നടത്തിവരുന്നുണ്ട്. റോഡ് സുരക്ഷയെ സംബന്ധിച്ച് പബ്ലിസിറ്റി മെറ്റീരിയലുകൾ വിതരണം ചെയ്യുന്നുണ്ട്. ട്രാഫിക് സുരക്ഷയെ സംബന്ധിച്ച ബോധവൽക്കരണത്തിന്റെ ഭാഗമായി NH/MC റോഡിന്റെ ഇരുവശങ്ങളിലുമുള്ള സ്ക്കൂളുകളിൽ റോഡ് സേഫ്റ്റി ക്ലബ്ബുകൾ രൂപീകരിച്ച് വിദ്യാർത്ഥികൾക്ക് ട്രാഫിക് പരിശീലനവും ബോധവൽക്കരണവും നടത്തിവരുന്നുണ്ട്. റോഡിലെ മഞ്ഞവര മുറിച്ച് കടക്കുന്നവർക്കെതിരെയും വാഹനങ്ങളുടെ ഇടതുവശത്തുകൂടി അതിക്രമിച്ച് കടക്കുന്നവർക്കെതിരെയും രാത്രികാലങ്ങളിൽ ഹെഡ് ലൈറ്റ് "ഡിം" ചെയ്യാതെ യാത്ര ചെയ്യുന്നവർക്കെതിരെയും മദ്യപിച്ച് വാഹനമോടിക്കുന്നവർക്കെതിരെയും അമിത വേഗതയിലും അശ്രദ്ധമായും വാഹനം ഓടിക്കുന്നവർക്കെതിരെയും കർശനശിക്ഷാ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ സ്പീഡ് റഡാറുകളും ബ്രീത്ത് അനലൈസറുകളും ഫലപ്രദമായി ഉപയോഗിച്ചു വരുന്നുണ്ട്. വാഹന അപകടം നിയന്ത്രിക്കുന്നതിനും കൂടുതൽ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനുമായി നാഷണൽ ഹൈവേകളിലും എം.സി. റോഡുകളിലും ആയി 32 ഹൈവേ പോലീസ് വാഹനങ്ങൾ വിന്യസിച്ചിട്ടുണ്ട്. ഇവ 24 മണിക്കൂറും ഹൈവേകളിൽ സഞ്ചരിച്ച് സേവനം അനുഷ്ഠിച്ചുവരുന്നു.

## ജെസ്സിയുടെ ദുരൂഹമരണത്തെക്കുറിച്ച് അന്വേഷണം

376 [4216] ശ്രീ. സി. എം. ദിനേശ് മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പള്ളുരുത്തി നിയോജകമണ്ഡലത്തിലെ മുണ്ടംവേലി അരയശ്ശേരി വീട്ടിൽ ജോസഫിന്റെ ഭാര്യ ജെസ്സിയുടെ ദുരൂഹമരണം സംബന്ധിച്ച് അന്വേഷണം ഏതു ഘട്ടത്തിലാണ് ;

(ബി) ഏത് പോലീസ് ഉദ്യോഗസ്ഥനാണ് അന്വേഷണത്തിന് നേതൃത്വം കൊടുക്കുന്നത് ;

(സി) അന്വേഷണം സമയബന്ധിതമായി പൂർത്തിയാക്കാൻ എന്തെല്ലാം നടപടി എടുത്തിട്ടുണ്ട് ?

ഉത്തരം

(എ) ഈ കേസ്സിന്റെ അന്വേഷണം ഊർജ്ജിതമായി നടന്നു വരുന്നു.

(ബി) ശ്രീ. പി. പി. രവീന്ദ്രൻ, ഡി.വൈ.എസ്.പി., സി.ബി.സി.ഐ.ഡി. SIG-II എറണാകുളം.

(സി) ഈ കേസ്സിലേയ്ക്ക് 2 പേരെ തിരുവനന്തപുരം ഫോറൻസിക് സയൻസ് ലാബോറട്ടറിയിൽ പോളിഗ്രാഫ് ടെസ്റ്റിനു വിധേയരാക്കിയിട്ടുള്ളതും ആയതിന്റെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർന്നുള്ള അന്വേഷണം നടത്തുന്നതുമാണ്.

## ഫൈസലിനേയും കബീറിനേയും ആക്രമിച്ചവർക്കെതിരെ നടപടി

377 [4217] ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസറഗോഡ് നിയോജകമണ്ഡലത്തിലെ ചെങ്കള എർമാളം താമസിക്കുന്ന ഫൈസലിനേയും കബീറിനേയും ഒരു കൂട്ടം ആളുകൾ ആക്രമിച്ചത് സംബന്ധിച്ച കേസന്വേഷണം ഏതു ഘട്ടത്തിലാണ്;

(ബി) പ്രസ്തുത സംഭവത്തിലെ പ്രതികൾ ആരെല്ലാമാണ്; ഇവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സംഭവവുമായി ബന്ധപ്പെട്ട് കാസറഗോഡ് പോലീസ് സ്റ്റേഷനിൽ ഐ. പി. സി. 323, 308 വകുപ്പുകൾ പ്രകാരം ക്രൈം നം. 629/06 ആയി ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(ബി) ഈ കേസിൽ ഉനൈസ്, അബ്ദുൾ സലാം, ഖലീൽ എന്നീ മൂന്ന് പ്രതികളാണുള്ളത്. ഇതിൽ ഒന്നാം പ്രതി ഉനൈസിനെ അറസ്റ്റ് ചെയ്തു. മറ്റു പ്രതികളെ അറസ്റ്റ് ചെയ്ത് കോടതിയിൽ കുറ്റപത്രം സമർപ്പിക്കുന്നതിനായി അന്വേഷണം ഊർജ്ജിതമായി നടത്തിവരുന്നു.

## ഷാനിയുടെ മരണത്തെക്കുറിച്ച് പുനരന്വേഷണം

378 [4218] ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാവറട്ടി പോലീസ് സ്റ്റേഷൻ അതിർത്തിയിൽ 20-11-2005-ന് മുല്ലശ്ശേരി കനാലിൽ മരിച്ചനിലയിൽ കണ്ടെത്തിയ ഷാനിയുടെ മരണത്തിലെ ദുരൂഹത നീക്കാൻ പുനരന്വേഷണം നടത്തുമോ;

(ബി) എങ്കിൽ ഇതിനായി ഒരു പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഷാനി മരണപ്പെട്ടത് സംബന്ധിച്ച് പാവറട്ടി പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 491/05 യു/സി 'അസ്വാഭാവിക മരണം' ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുള്ളതും ബണ്ടിൻമേൽ ഇരുന്ന് ടിയാൻ അബദ്ധത്തിൽ കാൽതെറ്റി വെള്ളത്തിൽ വീണ് മരണപ്പെടാൻ ഇടയായ കാര്യത്തിന് 24-11-2005-ന് ആക്സിഡന്റൽ ഡ്രോണിംഗ് (അബദ്ധത്തിൽ വെള്ളത്തിൽ വീണ് മരണം) ആയി പരിഗണിച്ച് ബഹു. കോടതിക്ക് തീർപ്പ് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്.

(ബി) പുനരന്വേഷണം ആവശ്യമുള്ളതായി സർക്കാർ കരുതുന്നില്ല.

## രാജന്റെ മരണം സംബന്ധിച്ച അന്വേഷണം

379 [4219] ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിലെ ബുധനൂർ പഞ്ചായത്തിലെ എണ്ണക്കാട് കുമ്പള്ളൂർ വീട്ടിൽ മാധവന്റെയും ചിന്നമ്മയുടെയും മകനായ രാജൻ 2006 ആഗസ്റ്റ് 15-ാം തീയതി കനാൽ സൈഡിൽ മരിച്ചനിലയിൽ കാണപ്പെട്ട സംഭവം സംബന്ധിച്ച അന്വേഷണം ഏതു ഘട്ടത്തിലാണ് ; ഈ മരണം സ്വാഭാവികമാണോ അതോ കൊലപാതകമാണോ എന്ന് വ്യക്തമാക്കുമോ ; കൊലപാതകമാണെങ്കിൽ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ ;

(ബി) പരേതന്റെ രക്ഷകർത്താക്കൾക്ക് ഏതെങ്കിലും തരത്തിലുള്ള വധഭീഷണി ഉള്ളതായി പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) രാജൻ 15-8-2006-ന് എണയ്ക്കാട് കനാൽ പാലത്തിന്റെ തെക്കുവശം സൈഡിൽ എങ്ങനെയോ മരിച്ചു കിടക്കുന്നതായി ടിയാന്റെ അനുജൻ മന്നാർ പോലീസ് സ്റ്റേഷനിൽ ഹാജരായി വിവരം പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ മന്നാർ പോലീസ് സ്റ്റേഷൻ ക്രൈം 206/06 യു/എസ് 174 സി. ആർ.പി. സി. പ്രകാരം ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുള്ളതും തുടർന്ന് മൃതദേഹം ആലപ്പുഴ മെഡിക്കൽ കോളേജ് ഹോസ്പിറ്റലിൽ പോസ്റ്റ്മാർട്ടം നടത്തിയതിൽ Death was due to head injury എന്ന് രേഖപ്പെടുത്തിയിട്ടുള്ളതും തുടർന്നുള്ള അന്വേഷണത്തിലും സാക്ഷിമൊഴിയിലും ടിയാൻ 14-8-2006-ൽ മദ്യപിച്ച് നടന്നുപോകുന്നതായി കണ്ടുവെന്നും മറിഞ്ഞുവീണ് തലയുടെ പിൻഭാഗത്ത് ആഴത്തിൽ മുറിവുണ്ടായി, 15-8-2006-ന് രാവിലെ 6.30 നും 8 മണിക്കും അകമുള്ള സമയം മരിച്ചുപൊയിട്ടുള്ളതുമാണ് എന്ന് വെളിവായിട്ടുണ്ട്. ഈ കേസ് ആക്സിഡന്റൽ ഡെത്തായി ഫൈനൽ റിപ്പോർട്ട് ബഹു: ചെങ്ങന്നൂർ എസ്. ഡി. എം. കോടതി മുൻപാകെ സമർപ്പിച്ചിട്ടുണ്ട്.

(ബി) പരാതി ലഭിച്ചിട്ടില്ല.

## മിനിലാ കൃഷ്ണൻ ആത്മഹത്യ ചെയ്തത് സംബന്ധിച്ച അന്വേഷണം

380 [4220] ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2006 ആഗസ്റ്റ് 17-ാം തീയതി തിരുവനന്തപുരം ജില്ലയിൽ, വലിയവിള മൈത്രി നഗർ രാജഗിരിയിൽ ശ്രീമതി മിനിലാ കൃഷ്ണൻ ആത്മഹത്യചെയ്ത (ക്രൈം നമ്പർ 204/06) സംഭവത്തിൽ എന്തെങ്കിലും ദുരൂഹത ഉള്ളതായി കണ്ടെത്തിയിട്ടുണ്ടോ ;

(ബി) ആത്മഹത്യാകുറിപ്പിൽ ബ്ലെയിഡ് മാഫിയയുടെ ഇടപെടലും ലൈംഗിക പീഡനവും സംബന്ധിച്ച് പരാമർശങ്ങൾ ഉണ്ടായിരുന്നോയെന്ന് വിശദമാക്കുമോ ;

(സി) എങ്കിൽ ഈ കേസുമായി ബന്ധപ്പെട്ട് ആരെയൊക്കെ ചോദ്യം ചെയ്തു; ഈ കേസ് തേച്ചുമാച്ചു കളയുവാൻ ശ്രമിക്കുന്നു എന്നുള്ള കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

### ഉത്തരം

(എ) ശ്രീമതി മിനിലാ കൃഷ്ണന്റെ മരണത്തിൽ ദുരൂഹതയുള്ളതായി വെളിവായിട്ടില്ല.

(ബി) ശ്രീമതി മിനിലാ കൃഷ്ണന്റെ ആത്മഹത്യാകുറിപ്പിൽ ബ്ലെയിഡ് മാഫിയ ഇടപെടലോ ലൈംഗിക പീഡനം സംബന്ധിച്ച പരാമർശമോ ഇല്ലായിരുന്നു.

(സി) ഈ കേസുമായി ബന്ധപ്പെട്ട് നാളിതുവരെ 14 പേരെ ചോദ്യം ചെയ്തിട്ടുണ്ട്. തേച്ചുമാച്ച് കളയുവാൻ ശ്രമിക്കുന്നു എന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഈ കേസിന്റെ അന്വേഷണം ഊർജ്ജിതമായി നടന്നുവരുന്നു.

## ലക്ഷ്മിയുടെ കൊലപാതകത്തെക്കുറിച്ച് സി. ബി. ഐ. അന്വേഷണം

381 [4221] ശ്രീ. കെ. അച്ചുതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ടൗൺ കാടാങ്കോട് വീട്ടിൽ ലക്ഷ്മി 28-11-2004-ൽ സ്വന്തം വീട്ടിൽവച്ച് കൊലചെയ്യപ്പെട്ട സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ സംഭവത്തെക്കുറിച്ച് ഇപ്പോൾ അന്വേഷണം നടത്തുന്നുണ്ടോ ; എങ്കിൽ ഏതുതരം അന്വേഷണമാണ് നടക്കുന്നത് ;

(സി) ഈ അന്വേഷണം ഊർജ്ജിതപ്പെടുത്താനും പ്രതികളെ അറസ്റ്റ് ചെയ്യാനും നടപടി സ്വീകരിക്കുമോ ;

(ഡി) കൊലചെയ്യപ്പെട്ട ലക്ഷ്മിയുടെ ഭർത്താവിനെയും സഹോദരനെയും അന്നത്തെ പാലക്കാട് ടൗൺ സർക്കിൾ ഇൻസ്പെക്ടർ അകാരണമായി ഉപദ്രവിച്ചതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചു ;

(ഇ) ഈ സംഭവത്തെക്കുറിച്ച് സി. ബി. ഐ.-യെക്കൊണ്ട് അന്വേഷിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) പാലക്കാട് ടൗൺ സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ അന്വേഷണം നടത്തിവരുന്നു.

(സി) പ്രതികളെ കണ്ടുപിടിച്ച് അറസ്റ്റു ചെയ്യുന്നതിനായി ഊർജ്ജിതമായി അന്വേഷണം നടത്തിവരുന്നു.

(ഡി) ഉണ്ട്. മരണപ്പെട്ട ലക്ഷ്മിയുടെ ഭർത്താവ് നൽകിയ പരാതിയിൻമേൽ അന്വേഷണം നടത്തിയതിൽ, ഇക്കാര്യത്തിൽ പിന്നീട് യാതൊരു പരാതിയും ഇല്ലായെന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ തീർപ്പ് കൽപ്പിച്ചിട്ടുള്ളതാണ്.

(ഇ) സി. ബി. ഐ. അന്വേഷണം നടത്തേണ്ട ആവശ്യമുണ്ടെന്ന് സർക്കാർ കരുതുന്നില്ല.

അബ്ദുള്ളയെ വധിക്കാൻ ശ്രമിച്ചവരെ അറസ്റ്റ് ചെയ്യാൻ നടപടി

382 [4222] ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് നിയോജകമണ്ഡലത്തിലെ ഏരിയാൽ അക്കര അബ്ദുള്ളയെ ഏകദേശം ആറുമാസം മുൻപ് ആക്രമിച്ച് വധിക്കാൻ ശ്രമിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത കേസിൽ എത്രപേരാണ് പ്രതികളായിട്ടുള്ളത് ;

(സി) പ്രസ്തുത പ്രതികളിൽ എത്രപേരെ അറസ്റ്റ് ചെയ്തെന്ന് വ്യക്തമാക്കുമോ ;

(ഡി) മുഴുവൻ പ്രതികളേയും അറസ്റ്റ് ചെയ്യാനുള്ള നടപടികൾ കൈക്കൊള്ളുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഒൻപത് പ്രതികൾ

(സി) അഞ്ച് പ്രതികളെ അറസ്റ്റ് ചെയ്തു.

(ഡി) ശേഷിച്ച നാല് പ്രതികളെ കഴിയുന്നതുംവേഗം അറസ്റ്റ് ചെയ്ത് കുറ്റപത്രം സമർപ്പിക്കുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## വള്ളികുന്നം പടയണിവെട്ടം ദേവീക്ഷേത്രത്തിലെ മോഷണം

383 [4223] ശ്രീ. എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ വള്ളികുന്നം പടയണിവെട്ടം ദേവീക്ഷേത്രത്തിൽ 2005 ജൂണിൽ നടന്ന മോഷണം സംബന്ധിച്ച് ക്ഷേത്ര ഭരണസമിതി നൽകിയ പരാതിയിൽ എന്ത് നടപടി സ്വീകരിച്ചു ;

(ബി) ഈ കേസന്വേഷണം പോലീസ് ശരിയായ രീതിയിലല്ല നടത്തുന്നത് എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) മോഷണ മുതൽ കണ്ടെടുക്കാൻ വേണ്ട നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) വള്ളികുന്നം പോലീസ് സ്റ്റേഷൻ ക്രൈം 135/05 u/s 457, 461, 380 IPC പ്രകാരം 28-6-2005-ാം തീയതി ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയതിൽ കേസിലെ പ്രതികളിൽ ഒരാളായ കൊല്ലം ജില്ലയിൽ കരുനാഗപ്പള്ളി താലൂക്കിൽ മരുതൂർക്കുളങ്ങര തെക്കുംമുറി പുത്തൻപുരയിൽ വീട്ടിൽ നിന്നും കൊല്ലം ജില്ലയിൽ തൃക്കോവിൽവട്ടം വില്ലേജിൽ മുഖത്തല എന്ന സ്ഥലത്ത് പനക്കാല മുറിയിൽ ബിന്ദു ഭവനത്തിൽ വാസു മകൻ മോഹനൻ എന്നയാളെ 30-8-2006-ാം തീയതി അറസ്റ്റ് ചെയ്ത് ബഹു. കോടതിയിൽ ഹാജരാക്കിയിട്ടുണ്ട്. പ്രതിയുടെ കുറ്റസമ്മതമൊഴിയിൽ പറയുന്ന മറ്റൊരു പ്രതിയായ തേങ്ങ ബാബു എന്ന പ്രതിയെ അറസ്റ്റ് ചെയ്യേണ്ടതായും തൊണ്ടി മുതലുകൾ റിക്കവറി നടത്തേണ്ടതായുമുണ്ട്. ഇപ്പോൾ മാവേലിക്കര സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ ഊർജ്ജിതമായ അന്വേഷണം നടത്തിവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) മാവേലിക്കര സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ ഊർജ്ജിതമായ അന്വേഷണം നടത്തിവരുന്നുണ്ട്.

## മാവേലിക്കര തഴക്കര റെയിൽവേ ട്രാക്കിന് സമീപം സ്പിരിറ്റ് കണ്ടെത്തിയത് സംബന്ധിച്ചുള്ള അന്വേഷണം

384 [4224] ശ്രീ. എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കരയിൽ തഴക്കര റെയിൽവേ ട്രാക്കിന് സമീപം 2-6-2006-ൽ തമിഴ്നാട് രജിസ്ട്രേഷനുള്ള സ്പിരിറ്റ് ലോറി കണ്ടെത്തിയത് സംബന്ധിച്ച് പോലീസ് നടത്തുന്ന അന്വേഷണത്തിന്റെ പുരോഗതി വിശദീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രതികളെ കണ്ടെത്തുവാൻ ലോക്കൽ പോലീസിന് കഴിയാത്ത സാഹചര്യത്തിൽ കേസ് അന്വേഷണം ക്രൈംബ്രാഞ്ചിനെ ഏൽപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ?

## ഉത്തരം

(എ) പിടിച്ച ലോറിയിൽ കൊണ്ടുവന്ന 35 ലിറ്റർ വീതം കൊള്ളുന്ന 59 കന്നാസ് സ്പിരിറ്റിൽ സാമ്പിൾ ശേഖരിച്ചശേഷം ബാക്കി കന്നാസ് ഉൾപ്പെടെ ബഹു: മാവേലിക്കര JFMC-1 കോടതിയിൽ ഹാജരാക്കിയിട്ടുള്ളതും ആയത് TR 210/06 നമ്പരായി കോടതി സ്വീകരിച്ചിട്ടുള്ളതുമാണ്. ടി കൃത്യ വാഹനം Reg. No. TN 45-D 9484-ാം നമ്പർ ലോറി 7-6-2006-ൽ ആലപ്പുഴ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ മുൻപാകെ U/S 67(B) പ്രകാരമുള്ള നടപടിക്കായി ഹാജരാക്കി കൊടുത്തിട്ടുള്ളതും ആണ്. നാളിതുവരെ ഈ കേസിലേക്ക് നടത്തിയ അന്വേഷണത്തിൽ 35 ലിറ്റർ കൊള്ളുന്ന 59 കന്നാസ് സ്പിരിറ്റ് കയറ്റിയ ലോറി തമിഴ്നാട്ടിൽ നിന്നും കമ്പംമേട് ചെക്ക്പോസ്റ്റ് വഴി 1-6-2006 രാത്രി 11.45-ന് കടന്ന് കേരളത്തിൽ വിൽപ്പന നടത്തുന്നതിനോ കൈമാറ്റം ചെയ്യുന്നതിനോ കൊണ്ടുവന്നിട്ടുള്ളതാണ് എന്ന് വ്യക്തമായിട്ടുള്ളതും എന്നാൽ ടി സ്പിരിറ്റ് തമിഴ്നാട്ടിൽ എവിടെ നിന്നും ശേഖരിച്ചു എന്നോ ആർക്കുവേണ്ടിയാണ് ശേഖരിച്ചതെന്നോ അറിയാൻ കഴിഞ്ഞിട്ടില്ലാത്തതാകുന്നു. TN 45/D 9484-ാം നമ്പർ തമിഴ്നാട് രജിസ്ട്രേഷനിലുള്ള ലോറിയുടെ RC Owner S. നവനീതൻ s/o സിനിയപ്പ തേവർ, പേച്ചിയമ്മൻ കോവിൽ തെരുവ് ഉത്തമപാളയം, തേനി ജില്ല, തമിഴ്നാട് ആണ് എന്ന് വെളിവായിട്ടുണ്ട്. എങ്കിലും തമിഴ്നാട്ടിൽ പേച്ചിയമ്മൻ കോവിൽ തെരുവിലും മറ്റും നടത്തിയ അന്വേഷണത്തിൽ ടിയാനെ കണ്ടുപിടിക്കാനായിട്ടില്ലാത്തതാണ്. കേസിന്റെ അന്വേഷണം ഊർജ്ജിതമായി നടത്തിവരുന്നു.

(ബി) കേസ് ലോക്കൽ പോലീസിന്റെ ഊർജ്ജിതമായ അന്വേഷണത്തിലായതിനാൽ ക്രൈംബ്രാഞ്ച് അന്വേഷണം തൽക്കാലം പരിഗണനയിലില്ല.

## സ്ത്രീകളുടെ സുരക്ഷിതത്വം

385 [4225] ശ്രീ. വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നഗരത്തിൽ രാത്രിയിൽ സ്ത്രീകൾ തനിച്ച് സഞ്ചരിക്കുന്നത് സുരക്ഷിതമല്ല എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സ്ത്രീകൾക്ക് തനിച്ച് തിരുവനന്തപുരം നഗരത്തിൽ രാത്രികാലത്ത് സുരക്ഷിതമായി സഞ്ചരിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുന്ന കാര്യം ആലോചിച്ചിട്ടുണ്ടോ ;

(സി) ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളെടുക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) & (സി) തിരുവനന്തപുരം നഗരത്തിൽ രാത്രികാലങ്ങളിൽ പ്രത്യേകിച്ചും ദീർഘദൂര ട്രെയിനുകളിലും ബസുകളിലും മറ്റും വന്നുപോകുന്ന സ്ത്രീകൾക്ക് സുരക്ഷിതത്വം ഇല്ലായെന്ന വിധത്തിലുള്ള സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. എന്നിരുന്നാലും പ്രധാന ബസ് സ്റ്റാന്റുകളിലും, റെയിൽവേ സ്റ്റേഷനുകൾക്ക് സമീപവും പോലീസ് എയ്ഡ് പോസ്റ്റുകളും പോലീസ് പട്രോളിംഗും ഏർപ്പെടുത്തി രാത്രികാലങ്ങളിൽ സ്ത്രീകൾക്ക് പൂർണ്ണ സുരക്ഷിതത്വം ഉറപ്പാക്കിയിട്ടുണ്ട്. മാത്രമല്ല, രാത്രികാലങ്ങളിൽ സ്ത്രീകൾക്ക് അവരുടെ വാസസ്ഥലത്ത് എത്തുന്നതിന് പോലീസ് സഹായം ആവശ്യപ്പെട്ടാൽ ലഭ്യമാക്കാൻവേണ്ട നിർദ്ദേശങ്ങൾ എല്ലാ S.H.O.-മാർക്കും നൽകിയിട്ടുണ്ട്. സ്ത്രീകളെ ശല്യപ്പെടുത്തുന്നതിനെതിരെ നിയമ നടപടികളും കൈക്കൊണ്ട് വരുന്നുണ്ട്. സ്ത്രീകളെ ശല്യപ്പെടുത്തുന്നവരെ കണ്ടെത്തി പിടികൂടുന്നതിനായി മഫ്റ്റി പോലീസിന്റെ സേവനം വിനിയോഗിച്ചുവരുന്നുണ്ട്.

ബി.എസ്.എഫ്. കേന്ദ്രം

386 [4226] ശ്രീ. കെ. ശിവദാസൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ അനുവദിച്ച ബി.എസ്.എഫ്. കേന്ദ്രത്തിന് ആവശ്യമായ സ്ഥലം ഏറ്റെടുത്ത് നൽകിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ കാരണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) പത്തനംതിട്ട ജില്ലയിൽ അടൂർ/കുന്നത്താനം പ്രദേശത്തെ സ്ഥലമോ എറണാകുളം ജില്ലയിലെ പറവൂർ താലൂക്കിലെ കുന്നുകര വില്ലേജിലെ സ്ഥലമോ ലഭ്യമാക്കുന്ന കാര്യം റവന്യൂ വകുപ്പ് പരിശോധിച്ചുവരികയാണ്.

പോലീസ് സേനയിലേക്ക് പുതിയ റിക്രൂട്ട്മെന്റ്

387 [4227] ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയിലേക്ക് പുതുതായി അംഗങ്ങളെ നിയമിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ എത്രപേരെ ഏതെല്ലാം വിഭാഗത്തിൽ എന്നേയ്ക്ക് നിയമിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പരിഗണനയിലാണ്.

(ബി) തീരുമാനമായിട്ടില്ല.

പോലീസ് നിയമനത്തിന് നിലവിലുള്ള സംവിധാനം തുടരാൻ നടപടി

388 [4228] ശ്രീ. സി. ടി. അഹമ്മദ് അലി:

,, കെ. മുഹമ്മദുണ്ണി ഹാജി:

,, വി. കെ. ഇബ്രാഹിംകുഞ്ഞ്:

,, കെ. കുട്ടി അഹമ്മദ് കുട്ടി: താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന പി.എസ്.സി.-യെക്കുറിച്ച് യാതൊരു പരാതിയുമില്ലാത്ത സാഹചര്യത്തിൽ പോലീസ് നിയമനത്തിന് നിലവിലുള്ള സ്ഥിതിതന്നെ തുടരാൻ ആവശ്യമായ നടപടികൾ എടുക്കുമോ ?

ഉത്തരം

നിലവിലുള്ള സ്ഥിതി മാറിയിട്ടില്ലാത്തതിനാൽ നടപടിയുടെ ആവശ്യമുണ്ടെന്ന് തോന്നുന്നില്ല.

പോലീസിലും ജയിലുകളിലും കമ്പ്യൂട്ടർവൽക്കരണം

389 [4229] ശ്രീ. ജി. കാർത്തികേയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസിലും ജയിലുകളിലും കമ്പ്യൂട്ടർവൽക്കരണത്തിന് നാളിതുവരെ എന്ത് തുക ചെലവാക്കിയിട്ടുണ്ട്; വിശദാംശം നൽകുമോ;

(ബി) ജയിൽ ആസ്ഥാന കാര്യാലയവും ജയിലുകളും തമ്മിൽ ബന്ധിപ്പിക്കുന്ന കമ്പ്യൂട്ടർ ശൃംഖല അനുവദിച്ചിരുന്നോ;

(സി) എങ്കിൽ അവ നടപ്പിൽ വരുത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ഡി) പോലീസ്, ജയിൽ വകുപ്പുകളുടെ സ്ഥിതിവിവരക്കണക്കുകൾ കമ്പ്യൂട്ടർ സംവിധാനത്തിൽ യഥാസമയം ശേഖരിച്ച് സൂക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പോലീസ് വകുപ്പിൽ കമ്പ്യൂട്ടറൈസേഷന്റെ ഭാഗമായി 'മോഡണൈസേഷൻ ഓഫ് പോലീസ് ഫോഴ്സ് സ്കീം' പ്രകാരം 2000-2001 മുതൽ നാളിതുവരെ 459.68 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്. ഇത് കൂടാതെ ഈ വകുപ്പിൽ എം.ജി.പി. പദ്ധതി പ്രകാരം 57 പോലീസ് സ്റ്റേഷനുകൾ, പോലീസ് ഹെഡ് ക്വാർട്ടേഴ്സ്, കൊല്ലം, ആലപ്പുഴ, കോഴിക്കോട് സിറ്റി യൂണിറ്റ് തുടങ്ങിയവ കമ്പ്യൂട്ടറൈസ് ചെയ്യുന്നതിന് 61.38 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്.

ജയിൽ ആസ്ഥാന കാര്യാലയത്തിലും തിരുവനന്തപുരം സെൻട്രൽ ജയിലിലും കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കിവരുന്നു. ടി ഇനത്തിൽ നാഷണൽ ഇൻഫർമാറ്റിക് സെന്റർ, കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾക്ക് നാളിതുവരെ 17,80,126 രൂപ നൽകിയിട്ടുണ്ട്.

(ബി ആന്റ് സി) ഇല്ല. ജയിൽ ആസ്ഥാനകാര്യാലയത്തിന്റെയും തിരുവനന്തപുരം സെൻട്രൽ ജയിലിന്റെയും കമ്പ്യൂട്ടർവൽക്കരണമാണ് അനുവദിക്കപ്പെട്ടത്. എന്നാൽ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയായിട്ടില്ലാത്തതിനാൽ ഇവ തമ്മിൽ കമ്പ്യൂട്ടർ ശൃംഖലാ ബന്ധം സ്ഥാപിക്കപ്പെട്ടിട്ടില്ല. ഈ സ്ഥാപനങ്ങൾ തമ്മിൽ കമ്പ്യൂട്ടർ ശൃംഖലാ ബന്ധം സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പദ്ധതി നടത്തിപ്പുകാരായ നാഷണൽ ഇൻഫർമാറ്റിക് സെന്ററിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്.

(ഡി) കമ്പ്യൂട്ടറൈസേഷൻ പൂർത്തിയാക്കുന്ന മുറയ്ക്ക് വകുപ്പുകളിലെ സ്ഥിതിവിവരക്കണക്കുൾ കമ്പ്യൂട്ടർ സംവിധാനത്തിൽ ശേഖരിച്ച് സൂക്ഷിക്കുന്നതിന് കഴിയുന്നതാണ്.

## പോലീസ് യൂണിഫോം

390 [4230] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനാംഗങ്ങളുടെ യൂണിഫോറം പരിഷ്ക്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇപ്പോഴത്തെ യൂണിഫോറം നിലവിൽ വന്നത് എന്നുമുതലാണ് ;

(സി) ചെറിയ നിറവ്യത്യാസത്തോടെയാണ് പോലീസുകാരിൽ പലരും യൂണിഫോറം ധരിക്കുന്നത് എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ആധുനിക രീതിയിൽ സൗകര്യപ്രദമായ യൂണിഫോറം സ്ത്രീ-പുരുഷ പോലീസുകാർക്ക് ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) വിവരം ശേഖരിച്ച് വരുന്നു.

(സി) ഇല്ല.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

## പോലീസിന്റെ നവീകരണവുമായി ബന്ധപ്പെട്ട് പ്രൊമോഷൻ നൽകുന്ന നടപടി

391 [4231] ശ്രീ. ജോസഫ് എം. പുതുശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസിന്റെ നവീകരണവുമായി ബന്ധപ്പെട്ട് ഹെഡ്കോൺസ്റ്റബിൾമാർക്കും കോൺസ്റ്റബിൾമാർക്കും പ്രൊമോഷൻ നൽകുവാനുള്ള തീരുമാനത്തിൽ അപാകത ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 23 വർഷം സർവ്വീസുള്ള നിലവിലുള്ള എച്ച്.സി.മാരെ എ.എസ്.ഐ. ആയും, 15 വർഷം സർവ്വീസുള്ള കോൺസ്റ്റബിൾമാരെ എച്ച്.സി. ആയും പ്രൊമോഷൻ കൊടുക്കുമ്പോൾ നിലവിൽ ജൂനിയറായവരെ റാങ്കിൽ സീനിയോറിറ്റി കൂടിയവരുടെ മുകളിലേക്ക് ഉയർത്തപ്പെടുമെന്നത് പരിശോധിച്ച് നടപടി സ്വീകരിക്കുമോ;

(സി) നിലവിൽ പ്രഖ്യാപിച്ച പ്രൊമോഷൻ പദ്ധതി പ്രകാരം 10 വർഷം എച്ച്.സി. ആയി സേവനമനുഷ്ടിച്ചവരുടെ മുകളിൽ 5 വർഷം എച്ച്. സി. ആയി സർവ്വീസുള്ളവർ പ്രൊമോട്ടു ചെയ്യപ്പെടുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ 10 വർഷം എച്ച്.സി. മാരായി തുടരുന്നവർക്കുകൂടി ആകെ സർവ്വീസ് പരിഗണിക്കാതെ പ്രൊമോഷൻ നൽകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഈ തീരുമാനത്തെ ചോദ്യം ചെയ്തു കൊണ്ട് ചിലർ ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ സമർപ്പിച്ചിട്ടുണ്ട്.

(ബി) 23 വർഷം സർവ്വീസുള്ള പോലീസുകാർക്ക് എ.എസ്.ഐ.യുടെ പദവിയും 15 വർഷം സർവ്വീസുള്ള പോലീസുകാർക്ക് എച്ച്.സി.യുടെ പദവിയുമാണ് ഇപ്പോൾ നൽകുന്നത്. നിലവിലുള്ള സീനിയോറിറ്റിയെ ഇത് ബാധിക്കില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly

വിജിലാലിന് അർഹതപ്പെട്ട ആനുകൂല്യങ്ങൾ നൽകുന്നതിന് നടപടി

392 [4232] ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001 മാർച്ച് 21-ന് ആലപ്പുഴ-ചേർത്തല തൈയ്ക്കൽ കടപ്പുറത്ത് ഉണ്ടായ സംഘട്ടനത്തിൽ മാരാരിക്കുളം വരിയമം വീട്ടിൽ വിജിലാൽ നിരപരാധിയാണെന്ന് ഹൈക്കോടതി പറഞ്ഞിട്ടും പോലീസ് കോൺസ്റ്റബിളായി ജോലി ചെയ്യുന്ന ഇദ്ദേഹത്തിന് അർഹതപ്പെട്ട ആനുകൂല്യങ്ങൾ നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഇദ്ദേഹത്തിന്റെ ആനുകൂല്യങ്ങൾ എന്നത്തേക്ക് നൽകുമെന്ന് വ്യക്തമാക്കുമോ ;

(സി) ബഹു. ഹൈക്കോടതി കുറ്റവിമുക്തനാക്കിയ ഇദ്ദേഹത്തെ ഡിപ്പാർട്ടുമെന്റ് ഈ കേസിന്റെ പേരിൽ ഉപദ്രവിക്കുന്നത് അവസാനിപ്പിക്കാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) & (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പോലീസ് കോൺസ്റ്റബിൾ തസ്തികയിലേക്കുള്ള ശ്രീ. വിജിലാലിന്റെ ഉദ്യോഗാർത്ഥിത്വം സർക്കാർ സ്ഥിരീകരിച്ചിട്ടുണ്ട്.

(സി) ശ്രീ. വിജിലാലിനെ ഉപദ്രവിക്കുന്ന തരത്തിലുള്ള നടപടികൾ ഒന്നും തന്നെ വകുപ്പുതലത്തിൽ സ്വീകരിച്ചിട്ടില്ല.

റൂറൽ വനിത സെല്ലിന്റെ പ്രവർത്തനം

393 [4233] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം കഴക്കൂട്ടത്ത് പ്രവർത്തിക്കുന്ന റൂറൽ വനിതാസെൽ ഇപ്പോൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ ;

(ബി) വനിതാ സെല്ലുകളുടെ പ്രവർത്തനങ്ങളും മേൽനോട്ടവും ആരുടെ കീഴിലാണെന്ന് വ്യക്തമാക്കാമോ ;

(സി) തിരുവനന്തപുരം റൂറൽ വനിതാ സെല്ലിന്റെ ചാർജ് 11/96-ലെ ഡി.ജി.പി. സർക്കുലറിന് വിരുദ്ധമായി ആറ്റിങ്ങൽ ഡി.വൈ.എസ്.പി.ക്ക് നൽകിയത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(ഡി) റൂറൽ വനിതാ സെല്ലിലെ സി.ഐ.യെ സ്ഥലം മാറ്റുകയും സെല്ലിലെ വനിതാ ഉദ്യോഗസ്ഥരെ സെല്ലിലെ ഡ്യൂട്ടികളിൽ നിന്നും ഒഴിവാക്കി മറ്റ് ഡ്യൂട്ടികൾക്കും കൺട്രോൾ റൂം ഡ്യൂട്ടികൾക്കും നിയോഗിച്ച് സെല്ലിന്റെ പ്രവർത്തനം സ്തംഭിപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ; ഇത് പരിഹരിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഓരോ ജില്ലകളിലും ഉള്ള വനിതാ സെല്ലുകൾ അതാത് ജില്ലയിലെ ക്രൈം ഡിറ്റാച്ച്മെന്റ് ഡി.വൈ.എസ്.പി.യുടെ മേൽനോട്ടത്തിലാണ്.

(സി) തിരുവനന്തപുരം റൂറൽ വനിതാ സെല്ലിന്റെ ചാർജ്ജ് 11/96-ലെ ഡി.ജി.പി. സർക്കുലറിന് വിരുദ്ധമായി ആറ്റിങ്ങൽ ഡിവൈ.എസ്.പി.-ക്ക് നൽകിയിട്ടില്ല. വനിതാ സെല്ലിന്റെ ഭരണപരമായ മേൽനോട്ടം ക്രൈം ഡിറ്റാച്ച്മെന്റ് ഡിവൈ.എസ്.പി.-യുടെ കീഴിലായിരിക്കെതന്നെ പോലീസ് സ്റ്റേഷനുകളിലും മറ്റും ലഭിക്കുന്ന വനിതാ സംബന്ധിയായ പരാതികളിന്മേൽ കാലതാമസംകൂടാതെ നടപടി സ്വീകരിക്കുന്നതിനും വനിതാ പോലീസുകാരുടെ സേവനം ക്രമസമാധാന ജോലികൾക്ക് അത്യന്താപേക്ഷിതമായി വരുന്ന അവസരങ്ങളിൽ അവരെ ആവശ്യാനുസരണം നിയോഗിക്കുന്നതിനുമായി തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് സൂപ്രണ്ടിന്റെ ഓഫീസിൽ നിന്നുള്ള 30-6-2006 തീയതിയിലെ നടപടിക്രമം നമ്പർ 582/എസ്.ബി./ജി.എൻ. പ്രകാരം ആറ്റിങ്ങൽ ഡിവൈ.എസ്.പി.യെ ചുമതലപ്പെടുത്തുക മാത്രമാണ് ചെയ്തിട്ടുള്ളത്.

(ഡി) 14-7-2006-ലെ ഡി.ജി.ഒ. 730/06 പ്രകാരം റൂറൽ വനിതാ സെൽ സി. ഐ.-യെ സംസ്ഥാന വനിതാ സെല്ലിലേയ്ക്ക് വർക്കിംഗ് അറേഞ്ച്മെന്റ് അടിസ്ഥാനത്തിൽ നിയോഗിക്കുകയുണ്ടായി. അത്യാവശ്യ സന്ദർഭങ്ങളിലൊഴികെ വനിതാ സെല്ലിലെ ഉദ്യോഗസ്ഥരെ മറ്റ് ഡ്യൂട്ടികൾക്കായി വിനിയോഗിക്കാറില്ല. ഇതുമൂലം വനിതാ സെല്ലിന്റെ പ്രവർത്തനം സ്തംഭിക്കാനിടയായിട്ടില്ല.

<u>സംസ്ഥാന പോലീസ് ആസ്ഥാനത്ത് കമ്പ്യൂട്ടറൈസേഷന്റെ മറവിൽ അഴിമതി</u>

394 [4234] <u>ശ്രീ. ടി. എൻ. പ്രതാപൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പോലീസ് ആസ്ഥാനത്ത് കമ്പ്യൂട്ടറൈസേഷന്റെ മറവിൽ അഴിമതി നടക്കുന്നതായി എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) ആഭ്യന്തര വകുപ്പിൽ, കമ്പ്യൂട്ടർ വാങ്ങുന്നതിന് ഓപ്പൺ ടെൻഡർ വിളിക്കാറുണ്ടോ ; ഇതിന്റെ നടപടിക്രമങ്ങൾ വിശദമാക്കാമോ ;

(സി) കഴിഞ്ഞ 4 മാസത്തിനുള്ളിൽ സംസ്ഥാന പോലീസ് ആസ്ഥാനത്ത് കമ്പ്യൂട്ടറൈസേഷന്റെ ഭാഗമായി എന്തൊക്കെ ഉപകരണങ്ങൾ വാങ്ങി ; ഇതിനായി എത്ര രൂപ വിനിയോഗിച്ചു ; സംസ്ഥാനത്തെ മുഴുവൻ പോലീസ് സ്റ്റേഷനുകളും കമ്പ്യൂട്ടർവൽക്കരണം നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഇതിന്റെ സാമ്പത്തിക ബാദ്ധ്യത കണക്കാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?



LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇത് സംബന്ധിച്ച് ഒരു ഊമക്കത്ത് പോലീസ് ഹെഡ് ക്വാർട്ടേഴ്സിൽ ലഭിച്ചിട്ടുണ്ട്.

(ബി) പോലീസ് വകുപ്പിനാവശ്യമായ കമ്പ്യൂട്ടറുകൾ ഡി.ജി.എസ്. ആന്റ് ഡി. റേറ്റ് കോൺട്രാക്റ്റ് പ്രകാരമാണ് വാങ്ങുന്നത്.

(സി) കഴിഞ്ഞ 4 മാസങ്ങൾക്കുള്ളിൽ കമ്പ്യൂട്ടറൈസേഷന്റെ ഭാഗമായി പോലീസ് ആസ്ഥാനത്ത് കമ്പ്യൂട്ടറുകളൊന്നുംതന്നെ വാങ്ങിയിട്ടില്ല. കോമൺ ഇന്റഗ്രേറ്റഡ് പോലീസ് ആപ്ളിക്കേഷന്റെ (സിപാ) പദ്ധതിയുടെ ഭാഗമായി കേരളത്തിലെ മൂന്ന് സിറ്റികളിലെ തെരഞ്ഞെടുത്ത 44 പോലീസ് സ്റ്റേഷനുകളിൽ കമ്പ്യൂട്ടറൈസേഷൻ നടന്നു വരുകയാണ്. ഈ പദ്ധതി പ്രകാരമുള്ള മുഴുവൻ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുകയും വിതരണം ചെയ്യുകയും സ്ഥാപിക്കുകയും ചെയ്യുന്നത് കേന്ദ്ര ആഭ്യന്തര മന്ത്രാലയവും നാഷണൽ ഇൻഫർമാറ്റിക് സെന്ററും ചേർന്നാണ്. ക്രമേണ മറ്റ് പോലീസ് സ്റ്റേഷനുകളിലും പദ്ധതി നടപ്പിലാക്കാൻ കേന്ദ്ര ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്.

## പോലീസിൽ സേവനമനുഷ്ഠിക്കുന്ന കോൺസ്റ്റബിൾമാരെ സ്ഥലംമാറ്റുന്നതിന് നടപടി

395 [4235] ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പോലീസിൽ സേവനമനുഷ്ടിക്കുന്ന കോൺസ്റ്റബിൾമാരെ അവരവരുടെ ജില്ലകളിലേക്ക് സ്ഥലംമാറ്റാൻ തീരുമാനം എടുത്തിട്ടുണ്ടോ ; എങ്കിൽ ഇതിന്മേൽ ഇതുവരെ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) പോലീസ് കോൺസ്റ്റബിൾമാർക്ക് അവരവരുടെ ജില്ലകളിലേക്ക് മാറ്റം നൽകുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) & (ബി) മറ്റ് ജില്ലകളിൽ നിയമനം ലഭിച്ചവർക്ക് സ്വന്തം ജില്ലയിൽ മാറ്റം ലഭിക്കുന്നതിന് നിലവിൽ 10% ഒഴിവുകൾ അന്തർ ജില്ലാ സ്ഥലംമാറ്റംവഴി നീക്കിവെച്ചിട്ടുണ്ട്. ഇത് അപേക്ഷകരുടെ സീനിയോറിറ്റി അടിസ്ഥാനത്തിലാണ് നടത്തുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

## ഹെഡ്കോൺസ്റ്റബിൾ കുമാരി നിർമ്മലയുടെ ആനുകൂല്യങ്ങൾ നൽകാൻ നടപടി

396 [4236] ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിൽ കൊറ്റങ്കര പഞ്ചായത്തിൽ നിർമ്മാല്യത്തിൽ കുമാരി നിർമ്മല കൊല്ലം വെസ്റ്റ് പോലീസ് സ്റ്റേഷനിൽ വനിതാ ഹെഡ്കോൺസ്റ്റബിൾ ആയിരിക്കെ (WHCQ 4561) 25-2-2006-ൽ മരണമടഞ്ഞു എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ആവശ്യമായ രേഖകൾ സമർപ്പിച്ചിട്ടും കുമാരി നിർമ്മലയുടെ അവകാശികൾക്ക് അർഹതപ്പെട്ട ഫാമിലി പെൻഷനും മറ്റ് ആനുകൂല്യങ്ങളും അനുവദിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ കുമാരി നിർമ്മലയുടെ അനന്തരാവകാശികൾക്ക് പ്രസ്തുത ആനുകൂല്യം അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

### ഉത്തരം

(എ) 25-2-2005-ൽ മരണമടഞ്ഞു എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി & സി) 25-2-2005-ൽ മരണമടഞ്ഞ കുമാരി നിർമ്മലയുടെ അനന്തരാവകാശികൾക്ക് കുടുംബ പെൻഷനും (ഗ്രൂപ്പ് ഇൻഷ്വറൻസും), ആർജിത അവധി ആനുകൂല്യവും KPW (ലംപ്സംഗ്രാന്റ്)-ം മറ്റ് ആനുകൂല്യങ്ങളും നൽകുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

## എസ്. ഐ. മാരുടെ പ്രൊമോഷൻ

397 [4237] ശ്രീ. ബി. ബാബു പ്രസാദ് :

,, തേറമ്പിൽ രാമകൃഷ്ണൻ :

,, ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എത്ര എസ്.ഐ. മാർ പെൻഷൻ പറ്റുന്നതിന് ആറുമാസത്തിൽക്കുറഞ്ഞ സർവ്വീസുള്ളവരായുണ്ട് ;

(ബി) സർക്കിൾ ഇൻസ്പെക്ടർ പോസ്റ്റിൽ ഇപ്പോൾ എത്ര വേക്കൻസികളുണ്ട് ;

(സി) ഈ വേക്കൻസികൾ നികത്താത്തതെന്തുകൊണ്ടാണ് ;

(ഡി) ഈ വേക്കൻസികൾ നികത്തുന്നതിന് സി. ഐ. പോസ്റ്റിലേക്ക് നിയമനത്തിനുള്ള സെലക്ട് ലിസ്റ്റിൽ 1-10-2006-ലെ നില്യനുസരിച്ച് എത്ര പേരുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly.

ഉത്തരം

(എ) ജനറൽ എക്സിക്യൂട്ടീവ് വിഭാഗത്തിൽ 91 പേർ.

(ബി) 20 വേക്കൻസികളുണ്ട്.

(സി & ഡി) സി. ഐ. പ്രൊമോഷൻ നൽകുന്നതിന് യോഗ്യത നേടിയ എസ്. ഐ. മാരുടെ സെലക്റ്റ് ലിസ്റ്റ് നിലവിലില്ല.

കൊപ്പം പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി

398 [4238] ശ്രീ. സി.പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടാമ്പി പോലീസ് സ്റ്റേഷൻ വിഭജിച്ച് കൊപ്പം പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന്റെ ആവശ്യകത ബോദ്ധ്യപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ കൊപ്പത്ത് പോലീസ് സ്റ്റേഷൻ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

കേരള ഫയർ ആന്റ് റസ്ക്യൂ സർവ്വീസസിലെ ഡ്യൂട്ടി സമയപരിഷ്ക്കരണം

399 [4239] ശ്രീ. എ. എ. അസീസ് :

,, കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫയർ ആന്റ് റസ്ക്യൂ സർവ്വീസിൽ ഡ്യൂട്ടി എട്ടുമണിക്കൂറായി പരിഷ്ക്കരിച്ച് മൂന്ന് ഷിഫ്റ്റ് ആക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ബി) പരീക്ഷണാടിസ്ഥാനത്തിൽ എട്ടു മണിക്കൂർ ഡ്യൂട്ടി ഫയർ ഫോഴ്സിൽ നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) നടപ്പിലാക്കിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## നിയമവിരുദ്ധമായി പരോൾ അനുവദിച്ച നടപടി

400 [4240] ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള മന്ത്രിസഭയിലെ ആഭ്യന്തര വകുപ്പുമന്ത്രിയുടെ ഉത്തരവനുസരിച്ച് ഇതുവരെ ആർക്കെല്ലാം പരോൾ നൽകുകയോ പരോൾ നീട്ടിക്കൊടുക്കുകയോ ചെയ്തു ;

(ബി) ഇതിൽ ആരുടെയെല്ലാം കാര്യത്തിൽ പരോൾ നൽകുന്നതിനാധാരമായി ഹാജരാക്കിയതും 'ബന്ധുക്കൾ' ഗുരുതരാവസ്ഥയിൽ ആശുപത്രിയിലാണെന്നും കാണിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റുകൾ തെറ്റായിരുന്നു എന്ന് വെളിപ്പെടുത്താമോ ;

(സി) ഇക്കാര്യം ജയിൽ ഡി.ജി.പി. യും ഹോം സെക്രട്ടറിയും ചൂണ്ടിക്കാണിച്ചിരുന്നോ ;

(ഡി) എങ്കിൽ പരോൾ അനുവദിച്ചത് എന്തടിസ്ഥാനത്തിലായിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(ഇ) ജയിൽ ഡി.ജി.പി.യുടേയും ഹോം സെക്രട്ടറിയുടേയും അഭിപ്രായം വകവയ്ക്കാതെ നൽകിയ പരോൾ നിയമവിധേയമായിരുന്നോ ;

(എഫ്) ഇക്കാര്യത്തിൽ ഹൈക്കോടതിയുടെ ഉത്തരവെന്തായിരുന്നു ?

### ഉത്തരം

(എ) 26 പേർക്ക് പരോൾ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. പരോൾ ദീർഘിപ്പിച്ചു നൽകിയവരുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. †

(ബി), (സി), (ഡി) & (ഇ) നിലവിലുള്ള വ്യവസ്ഥകളിൽ നിന്നുകൊണ്ട് ലഭ്യമായ രേഖകളും ഓരോ കേസ്സിന്റെ യോഗ്യതയും അർഹതയും പ്രത്യേകം പരിശോധിച്ചാണ് പരോൾ ദീർഘിപ്പിച്ച് അനുവദിച്ചിട്ടുള്ളത്.

(എഫ്) Crl (MC) 400/2001 ഹൈക്കോടതിയുടെ അന്തിമ ഉത്തരവിൽ പരോൾ സംബന്ധിച്ച് പ്രത്യേക നിർദ്ദേശമൊന്നുമുണ്ടായിട്ടില്ല.

## ജയിൽ വകുപ്പിലെ വെൽഫയർ ഓഫീസർ തസ്തിക

401 [4241] ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജയിൽ വകുപ്പിൽ വെൽഫയർ ഓഫീസർ തസ്തികയിൽ നേരിട്ടുള്ള നിയമനം ലഭിക്കുന്നതിന് എന്തെല്ലാം യോഗ്യതകളാണ് ആവശ്യമുള്ളത് ;

(ബി) ഈ യോഗ്യതകൾ ഇല്ലാത്തവർ പ്രസ്തുത തസ്തികയിൽ തുടരുന്നുണ്ടോ ; എങ്കിൽ അവർ ഓരോരുത്തരും ഈ വകുപ്പിൽ ഇതിന് മുമ്പ് ഏതേത് തസ്തികയിൽ ജോലി ചെയ്തിരുന്നു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നേരിട്ടുള്ള നിയമനം ലഭിക്കുന്നതിനുള്ള യോഗ്യതകൾ താഴെപ്പറയുന്നവയാണ് :—

(1) അംഗീകൃത യൂണിവേഴ്സിറ്റിയിൽ നിന്നുള്ള ബിരുദം.

(2) അംഗീകൃത യൂണിവേഴ്സിറ്റിയിൽ നിന്നോ സ്ഥാപനത്തിൽ നിന്നോ ലഭിച്ച സോഷ്യൽ സർവ്വീസിലോ, സോഷ്യൽ വർക്കിലോ ഉള്ള ബിരുദമോ, ഡിപ്ലോമയോ

(3) മലയാളം എഴുതാനും വായിക്കാനും അറിഞ്ഞിരിക്കണം.

(4) അപേക്ഷ ക്ഷണിക്കുന്ന വർഷം ജനുവരി ഒന്നാം തീയതി പ്രായം 35 വയസ്സ് തികയാൻ പാടില്ല. എസ്.സി./എസ്.റ്റി./ഒ.ബി.സി. എന്നീ വിഭാഗങ്ങൾക്ക് പ്രായപരിധിയിൽ പൊതുവിൽ അനുവദിച്ചിട്ടുള്ള ഇളവുകൾ ബാധകമാണ്.

(ബി) നേരിട്ട് നിയമനം ലഭിച്ച കണ്ണൂർ സെൻട്രൽ ജയിലിലെ വെൽഫയർ ആഫീസറായ ശ്രീ. ബൈജു, ജി. എന്ന ജീവനക്കാരന് സോഷ്യോളജിയിലുള്ള ബിരുദമാണ് ഉള്ളത്. ഈ ജീവനക്കാരൻ ജയിൽ വകുപ്പിൽ ഇതിനുമുമ്പ് ജോലി ചെയ്തിട്ടില്ല.

ടൂറിസം സാദ്ധ്യത പ്രയോജനപ്പെടുത്താൻ നടപടി

402 [4242] ശ്രീ. തോമസ് ചാണ്ടി :

„ കെ. ബി. ഗണേഷ്കുമാർ :

„ കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിന്റെ വമ്പിച്ച ടൂറിസം സാദ്ധ്യത പ്രയോജനപ്പെടുത്തി അന്യ സംസ്ഥാന ടൂറിസ്റ്റുകളെ ആകർഷിക്കുവാൻ എന്തൊക്കെ നടപടികളാണ് ഗവൺമെന്റ് സ്വീകരിക്കുന്നത് എന്ന് വിശദമാക്കാമോ ;

(ബി) കഴിഞ്ഞ അഞ്ച് വർഷക്കാലത്തെ അന്യ സംസ്ഥാന ടൂറിസ്റ്റുകളുടെ വർദ്ധനവിന്റെ കണക്കുകൾ ലഭ്യമാക്കുമോ ;

(സി) ടൂറിസത്തിന്റെ വലിയ സാദ്ധ്യത പരിഗണിച്ച് വിപുലമായ ബോധവൽക്കരണ പരിപാടികൾ എൻ.ജി.ഒ. സംഘടനകൾ വഴി നടപ്പാക്കുന്ന കാര്യം പരിഗണിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വിനോദസഞ്ചാര വകുപ്പ് സംസ്ഥാനത്തേയ്ക്ക് വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി മറ്റ് സംസ്ഥാനങ്ങളിൽ വച്ച് നടത്തുന്ന ട്രാവൽ മാർട്ടുകളിൽ പങ്കെടുക്കുകയും അതുവഴി കേരളത്തിലെ വിനോദസഞ്ചാര മേഖലയെ കുറിച്ച് വിശദാംശം നൽകുകയും, ലഘുലേഖകൾ വിതരണം നടത്തുകയും ചെയ്തുവരുന്നു. കൂടാതെ ഇന്ത്യയിലെ പ്രധാന പട്ടണങ്ങളിൽ വിനോദസഞ്ചാര വകുപ്പ് തദ്ദേശത്തെ പ്രമുഖരായ ടൂർ ഓപ്പറേറ്റർമാരേയും ട്രാവൽ ഏജന്റുമാരേയും ക്ഷണിച്ച് അവർക്ക് കേരളത്തെക്കുറിച്ച് ഒരു അവബോധം വളർത്തുന്നതിനുവേണ്ടി 'റോഡ് ഷോ' സംഘടിപ്പിക്കാറുണ്ട്. പ്രമുഖ ദേശീയ പത്ര മാധ്യമങ്ങളിൽ വിനോദസഞ്ചാര വകുപ്പ് കേരളത്തെക്കുറിച്ചുള്ള പരസ്യങ്ങൾ നൽകാറുണ്ട്. പ്രമുഖ ദേശീയ ടെലിവിഷൻ ചാനലുകളിൽ വകുപ്പ് പ്രചരണത്തിന്റെ ഭാഗമായി കേരളത്തിന്റെ മനോഹാരിത വെളിപ്പെടുത്തുന്ന ദൃശ്യങ്ങൾ പ്രദർശിപ്പിക്കാറുണ്ട്. കൂടാതെ ഇന്റർനെറ്റിലും വിനോദസഞ്ചാര വകുപ്പ് കേരളത്തെക്കുറിച്ചുള്ള പരസ്യം നൽകിയിട്ടുണ്ട്. ദേശീയ തലത്തിലുള്ള പ്രമുഖ മാധ്യമപ്രവർത്തകരെ കേരളത്തിലേയ്ക്ക് ക്ഷണിച്ചുവരുത്തി കേരളത്തിന്റെ ടൂറിസം പ്രാധാന്യം മനസ്സിലാക്കിച്ച് അതുവഴിയുള്ള പ്രചരണവും നടത്തി വരുന്നു.

(ബി) കഴിഞ്ഞ അഞ്ചു വർഷക്കാലത്തെ ആഭ്യന്തര ടൂറിസ്റ്റുകളുടെ വർദ്ധനവിന്റെ കണക്കുകളുടെ പട്ടിക ഇതോടൊപ്പം ചേർക്കുന്നു.

| വർഷം | കേരളം സന്ദർശിച്ച ആഭ്യന്തര വിനോദ സഞ്ചാരികൾ | മുൻ വർഷത്തെ അപേക്ഷിച്ചുള്ള വർദ്ധനവ് (%) |
|---|---|---|
| 2000 | 5013221 | |
| 2001 | 5239692 | 4.52 |
| 2002 | 5568256 | 6.27 |
| 2003 | 5871228 | 5.44 |
| 2004 | 5972182 | 1.72 |
| 2005 | 5946423 | -0.43 |

(സി) പരിശോധിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

## കുമരകം പക്ഷിസങ്കേതം

403 [4243] ശ്രീ. വി. എൻ. വാസവൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ടൂറിസ്റ്റ് കേന്ദ്രമായ കുമരകം പക്ഷിസങ്കേതം സർക്കാർ അംഗീകരിച്ച പക്ഷി സങ്കേതങ്ങളുടെ പട്ടികയിൽ ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

### ഉത്തരം

ഉണ്ട് ; 1972-ലെ വൈൽഡ്‌ലൈഫ് പ്രൊട്ടക്ഷൻ ആക്ട്, അനുസരിച്ച് "കുമരകം പക്ഷി സങ്കേതത്തെ" ഒരു സാങ്ച്വറി ആയി പ്രഖ്യാപിച്ചിട്ടില്ല. വനം-വന്യജീവി വകുപ്പാണ് ഇതിനുള്ള നടപടികൾ സ്വീകരിക്കേണ്ടത്. എന്നാൽ ധാരാളം പക്ഷികൾ കാണപ്പെടുന്ന ഈ സ്ഥലം ഇപ്പോൾ കെ.റ്റി.ഡി.സി.യുടെ സംരക്ഷണത്തിലാണ്.

## വിനോദസഞ്ചാര കേന്ദ്രങ്ങളിൽ കൂടുതൽ ബോട്ടുകൾ

404 [4244] ശ്രീ. പി. കെ. അബ്ദുറബ്ബ് :

„ കെ. കുട്ടി അഹമ്മദ്കുട്ടി :

„ എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബോട്ടിംഗ് സൗകര്യമുള്ള വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ആവശ്യമുള്ളത്ര ബോട്ടുകൾ ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കൂടുതൽ ബോട്ടുകൾ വാങ്ങി നൽകി പ്രസ്തുത വിനോദസഞ്ചാര കേന്ദ്രങ്ങളിൽ കൂടുതൽ സന്ദർശകരെ ആകർഷിക്കുന്നതിന് നടപടി എടുക്കുമോ ;

(സി) അധികമായി ബോട്ടുകൾ ആവശ്യമായി വന്നിട്ടുള്ള ടൂറിസ്റ്റുകേന്ദ്രങ്ങൾ ഏതെല്ലാമാണെന്നും അവിടെ എന്നത്തേയ്ക്ക് പുതിയ ബോട്ടുകൾ വാങ്ങി നൽകുമെന്നും വെളിപ്പെടുത്തുമോ ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നടപടികൾ എടുത്തുവരുന്നു.

(സി) വേളി, ആക്കുളം, കാപ്പിൽ, പൂക്കോട്, ബോൾഗാട്ടി, വലിയപറമ്പ്, തേക്കടി എന്നിവയാണ് അധികമായി ബോട്ടുകൾ ആവശ്യമായി വന്നിട്ടുള്ള ടൂറിസ്റ്റുകേന്ദ്രങ്ങൾ. ഇവയിൽ വേളി, ആക്കുളം, കാപ്പിൽ, പൂക്കോട്, ബോൾഗാട്ടി എന്നീ ടൂറിസ്റ്റുകേന്ദ്രങ്ങളിൽ ഇപ്പോൾ ബോട്ടുകൾ വാങ്ങി നൽകിയിട്ടുണ്ട്. വലിയപറമ്പ്, തേക്കടി എന്നിവിടങ്ങളിലേയ്ക്കുള്ള ബോട്ടുകൾ വാങ്ങി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

## ടൂറിസം വകുപ്പിൽ പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്ന് നിയമനം

405. [4245] ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസം വകുപ്പിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലനിൽക്കേ താൽക്കാലിക നിയമനം നടത്തിയിട്ടുണ്ടോ ;

(ബി) ടൂറിസം വകുപ്പിലെ മാനേജർ ഗ്രേഡ്-III തസ്തികയിലേയ്ക്ക് ഒടുവിൽ പി.എസ്.സി. അപേക്ഷ ക്ഷണിക്കുമ്പോൾ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടായിരുന്നു ;

(സി) മാനേജർ ഗ്രേഡ്-III ന്റെ റാങ്ക് ലിസ്റ്റ് എന്നാണ് നിലവിൽ വന്നത് ;

(ഡി) ഇതിൽനിന്നും എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ട് ;

(ഇ) റാങ്ക് ലിസ്റ്റ് നിലനിൽക്കേ മാനേജർ ഗ്രേഡ്-III തസ്തികയിലേയ്ക്ക് പ്രൊമോഷൻ വഴി നിയമനം നൽകിയിട്ടുണ്ടോ ;

(എഫ്) റാങ്ക് ലിസ്റ്റിൽനിന്നും ഉദ്യോഗാർത്ഥികളെ നിയമിക്കാതിരിക്കാനുള്ള കാരണം വ്യക്തമാക്കുമോ ;

(ജി) പുതിയ എറണാകുളം ഗസ്റ്റ്ഹൗസിൽ എത്രപേർക്ക് താൽക്കാലികാടിസ്ഥാനത്തിൽ നിയമനം നൽകിയിട്ടുണ്ട് ; അത് ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് ;

(എച്ച്) ടൂറിസം വകുപ്പിൽ ഒഴിവുള്ള തസ്തികകൾ പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും നികത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ) ടൂറിസം വകുപ്പിൽ നിലവിലുള്ള ഒഴിവുകളെല്ലാം പി.എസ്.സി.യ്ക്ക് റിപ്പോർട്ടുചെയ്തിട്ടുണ്ട്. പി.എസ്.സി.യിൽനിന്നും ഉദ്യോഗാർത്ഥികളെ നാമനിർദ്ദേശം ചെയ്യുന്നതിനുള്ള കാലതാമസത്തിനിടയിൽ അവശ്യസേവനം ആവശ്യമുള്ള തസ്തികകളിൽ ദിവസക്കൂലി അടിസ്ഥാനത്തിൽ താൽക്കാലിക നിയമനം നടത്തിയിട്ടുണ്ട്.

(ബി) ടൂറിസം വകുപ്പിലെ ഒരു ഗ്രേഡ്-III മാനേജർ 5 വർഷത്തെ ലീവിൽ പോയപ്പോഴുണ്ടായ ഒരു ഒഴിവ് പി.എസ്.സി.യ്ക്ക് 2001 ജനുവരി മാസം റിപ്പോർട്ട് ചെയ്യുകയുണ്ടായി. പ്രസ്തുത ഒഴിവിന്റെ വെളിച്ചത്തിലാണ്, പി.എസ്.സി. പരീക്ഷ നടത്തി, 30-8-2005-ൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചത്. എന്നാൽ 5 വർഷത്തെ ലീവിൽ പോയ ഗ്രേഡ്-III മാനേജർ, 6 മാസം കഴിഞ്ഞപ്പോൾ അവധി റദ്ദ് ചെയ്ത് തിരികെ ജോലിയിൽ പ്രവേശിക്കുകയുണ്ടായി.

(സി) 30-8-2005-ലാണ് പ്രസ്തുത റാങ്ക് ലിസ്റ്റ് നിലവിൽവന്നത്.

(ഡി) ടി റാങ്ക് ലിസ്റ്റിൽനിന്നും ആർക്കും നിയമനം നൽകിയിട്ടില്ല.

(ഇ) ഇല്ല.

(എഫ്) ടൂറിസം വകുപ്പിലെ സ്പെഷ്യൽ റൂൾസിൽ മാനേജർ ഗ്രേഡ്-III തസ്തികയിലേയ്ക്ക് നേരിട്ടുള്ള നിയമനത്തിന് നിഷ്ക്കർഷിച്ചിട്ടുള്ള അനുപാതം പാലിക്കേണ്ടതുകൊണ്ടാണ് കൂടുതൽ ഉദ്യോഗാർത്ഥികളെ നേരിട്ട് നിയമിക്കാതിരുന്നത്.

(ജി) പുതിയ എറണാകുളം ഗസ്റ്റ് ഹൗസിൽ താൽക്കാലിക നിയമനം നടത്തിയിട്ടില്ല.

(എച്ച്) ടൂറിസം വകുപ്പിൽ ഇപ്പോൾ ഒഴിവുള്ള എല്ലാ തസ്തികകളിലേയ്ക്കും പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## കോന്നി നിയോജകമണ്ഡലത്തിലെ ടൂറിസം വികസനം

406 [4246] ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലയിൽ, കോന്നി നിയോജകമണ്ഡലത്തിൽ ടൂറിസവുമായി ബന്ധപ്പെട്ട് ഏതെല്ലാം വികസനപ്രവർത്തനങ്ങൾ നടക്കുന്നുവെന്ന് ഇനംതിരിച്ച് വെളിപ്പെടുത്താമോ ;

(ബി) ഇവയിൽ ഓരോന്നും ഏതെല്ലാം ഏജൻസികളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഓരോ ഇനത്തിലും ചെലവായ തുക എത്ര എന്നും ഇനി ചെലവഴിക്കാനുള്ള തുക എത്ര എന്നും വ്യക്തമാക്കുമോ ;

(ഡി) ഇനി പുതുതായി ഏതെല്ലാം പദ്ധതികളാണ് സർക്കാർ പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) കോന്നി ആനക്കൂട് കേന്ദ്രീകരിച്ച് ഇക്കോ-ടൂറിസം പദ്ധതി പുരോഗമിച്ചുവരുന്നു. ഇവിടെ എത്തുന്ന സഞ്ചാരികൾക്ക് ആവശ്യമായ പ്രാഥമിക സൗകര്യങ്ങൾ ഒരുക്കുക, ആനകൾക്കുവേണ്ടിയുള്ള കൂടാരം, ആനസവാരിക്കുവേണ്ടിയുള്ള അവശ്യസൗകര്യങ്ങൾ, ആനകളെ കേന്ദ്രീകരിച്ച് മ്യൂസിയം, പാർക്കിംഗ് സൗകര്യം, സൈൻ ബോർഡുകൾ, ബയോഗ്യാസ് ഉൾപ്പെടെയുള്ള മാലിന്യനിർമ്മാർജ്ജന സൗകര്യങ്ങൾ തുടങ്ങിയ പ്രവർത്തനങ്ങൾക്ക് തുടക്കംകുറിച്ച് കഴിഞ്ഞു. കൂടാതെ, മലയാലപ്പുഴയിൽ തീർത്ഥാടകരുടെ സൗകര്യാർത്ഥം പിൽഗ്രിം അമിനിറ്റി സെന്ററിന്റെ നിർമ്മാണവും ആരംഭിച്ചുകഴിഞ്ഞു.

(ബി) കോന്നി ടൂറിസം പദ്ധതി ഇക്കോ ടൂറിസം ഡയറക്ടറേറ്റും കോന്നി ഫോറസ്റ്റ് ഡിവിഷന്റെ കീഴിലുള്ള കോന്നി ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസിയും ചേർന്നാണ് നടപ്പിലാക്കുന്നത്. മലയാലപ്പുഴ അമിനിറ്റി സെന്റർ കിറ്റ്കോ എന്ന ഏജൻസിവഴിയാണ് നടപ്പിലാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കോന്നി ഇക്കോ-ടൂറിസം പദ്ധതിയ്ക്ക് 50,17,793 രൂപ ചെലവായിട്ടുണ്ട്. ഇനി 16,45,530 രൂപ ചെലവഴിക്കാനുണ്ട്. മലയാലപ്പുഴ പിൽഗ്രിം അമിനിറ്റി സെന്ററിന് 15,00,000 രൂപ ചെലവായിട്ടുണ്ട്. ഇനി 61,63,837 രൂപ ചെലവഴിക്കാനുണ്ട്.

(ഡി) പുതിയ പദ്ധതികൾ ഒന്നും ഇപ്പോൾ പരിഗണനയിലില്ല.

## കോട്ടയം ടൂറിസം ഡെവലപ്മെന്റ് സൊസൈറ്റി ക്രമക്കേടുകളെക്കുറിച്ച് വിജിലൻസ് അന്വേഷണം

407 [4248] ശ്രീ. തോമസ് ചാഴികാടൻ :

,, റോഷി അഗസ്റ്റിൻ :

,, കെ. എം. മാണി : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കോട്ടയം ടൂറിസം ഡെവലപ്മെന്റ് സൊസൈറ്റിയും ഇളംകുളം സർവ്വീസ് സഹകരണ ബാങ്കുമായി ബന്ധപ്പെട്ട് നടന്ന ക്രമക്കേടുകളെ സംബന്ധിച്ച് വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിജിലൻസ് കേസിന്റെ ചാർജ് ഷീറ്റിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന ക്രമക്കേടുകൾ എന്തെല്ലാം എന്ന് അറിയിക്കുമോ ?

### ഉത്തരം

ടൂറിസം വകുപ്പിൽ ഇതു സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. ഇതുമായി ടൂറിസം വകുപ്പിന് ബന്ധവുമില്ല.

## സംസ്ഥാന ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുക

408 [4249] ശ്രീ. ടി. എൻ. പ്രതാപൻ :

,, എൻ. ശക്തൻ :

,, വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോൾ സംസ്ഥാന ബഡ്ജറ്റ് തുക എത്ര കോടിയാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) അടുത്ത അഞ്ചു വർഷങ്ങളിൽ ഇതെത്ര കോടിയായി വർദ്ധിപ്പിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(സി) അടുത്ത അഞ്ചു വർഷത്തിനുള്ളിൽ ബഡ്ജറ്റ് തുക ഇത്രയും കോടിയായി ഉയർത്തുക എന്ന ലക്ഷ്യത്തോടുകൂടി എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ ?

---

നക്ഷത്രചിഹ്നമിടാത്ത [4247]-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) റവന്യൂ ചെലവിലേക്ക് വകയിരുത്തിയിട്ടുള്ള 24554. 82 കോടി രൂപയും മൂലധന ചെലവിലേയ്ക്ക് വകയിരുത്തിയിട്ടുള്ള 8250.31 കോടി രൂപയും ചേർത്ത് മൊത്തം 32805.13 കോടി രൂപയാണ് 2006-07 വർഷത്തേക്കുള്ള പുതുക്കിയ ബഡ്ജറ്റിൽ നീക്കിവയ്ക്കപ്പെട്ടിട്ടുള്ള ആകെ തുക.

(ബി & സി) 2007-2008 ലേക്കുള്ള വാർഷിക പദ്ധതിയുടെയും പതിനൊന്നാം പഞ്ചവത്സര പദ്ധതിയുടേയും അടങ്കൽ തുക ഇതുവരെയും ഫൈനലൈസ് ചെയ്തിട്ടില്ല. അതിനുശേഷം മാത്രമേ അടുത്ത അഞ്ചു വർഷത്തിനുള്ളിൽ ബഡ്ജറ്റ് തുകയിൽ ഉണ്ടാകാവുന്ന വ്യതിയാനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ നിർണ്ണയിക്കാനാവൂ.

## സംസ്ഥാനത്തിന്റെ പൊതുകടം

409 [4250] പ്രൊഫ. കെ. വി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വക്കുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001 മാർച്ച്, 2006 മാർച്ച്, 2006 സെപ്റ്റംബർ എന്നീ മാസങ്ങളിൽ സംസ്ഥാനത്തിന്റെ പൊതുകടം എന്താണെന്ന് വെളിപ്പെടുത്താമോ ;

(ബി) കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് എടുക്കാവുന്ന പൊതുകടത്തിന് പരിധി നിശ്ചയിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത പരിധി ലംഘിച്ച് സംസ്ഥാന സർക്കാർ കടം എടുത്തിട്ടുണ്ടോ ;

(ഡി) കേന്ദ്ര നിർദ്ദേശങ്ങൾ ലംഘിച്ച് പൊതുകടം എടുത്താൽ കേന്ദ്ര ഗവൺമെന്റിന്റെ ഏതെങ്കിലും സഹായം നഷ്ടപ്പെടുമോ ?

ഉത്തരം

(എ) സംസ്ഥാനത്തിന്റെ പൊതുകടം 31-3-2001-ലെ കണക്കുകൾ പ്രകാരം 23918.98 കോടി രൂപയും 31-3-2006-ൽ 45929.62 കോടി (താല്ക്കാലിക കണക്കുകൾ) രൂപയുമാണ്. 2006-സെപ്റ്റംബറിലെ കണക്കുകൾ ലഭ്യമായിട്ടില്ല.

(ബി) ഉണ്ട്.

(സി) ഇല്ല.

(ഡി) പൊതുകടം എടുക്കുന്നതിന് കേന്ദ്രസർക്കാരിന്റെ അനുമതി ആവശ്യമാണ്. കേന്ദ്ര നിർദ്ദേശങ്ങൾ ലംഘിച്ച് കടം എടുക്കുവാൻ അനുമതി ലഭിക്കുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

എ.ഡി.ബി.യും സർക്കാർ പ്രതിനിധികളും തമ്മിലുള്ള ചർച്ച

T 410 [4257] ശ്രീ. ജോർജ് മേഴ്സിയർ :

„ ടി. എൻ. പ്രതാപൻ :

„ കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം എ.ഡി.ബി.യുടെ പ്രതിനിധികൾ എത്ര പ്രാവശ്യം സംസ്ഥാനം സന്ദർശിക്കുകയും സർക്കാരുമായി ചർച്ച നടത്തുകയും ചെയ്തിട്ടുണ്ട് ;

(ബി) എ.ഡി.ബി. സംഘത്തിൽ ആരെല്ലാമാണുണ്ടായിരുന്നത് ; ഇവർ ഏതെല്ലാം സർക്കാർ പ്രതിനിധികളുമായാണ് ചർച്ച നടത്തിയത് ;

(സി) എന്തെല്ലാം വിഷയങ്ങളെപ്പറ്റിയാണ് എ.ഡി.ബി. സംഘവുമായി സർക്കാർ പ്രതിനിധികൾ ചർച്ച ചെയ്തത്; ഈ കാലത്ത് ഗവൺമെന്റ് എ.ഡി.ബി. യുമായി എന്തെല്ലാം കാര്യങ്ങളിൽ കരാറുണ്ടാക്കി ;

(ഡി) എ.ഡി.ബി. സാമ്പത്തിക സഹായം ചെയ്യുന്ന സംഗതികളിൽ അതിന്റെ തുകയും തിരിച്ചടവും സംബന്ധിച്ച വ്യവസ്ഥകൾ എന്തെല്ലാം, ഈ കാലത്തുണ്ടാക്കിയ കരാറുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) എം.ജി.പി.യുമായി ബന്ധപ്പെട്ട് ഒരുപ്രാവശ്യവും സുനാമി അടിയന്തിര പദ്ധതിയുടെ ഭാഗമായി മൂന്നു പ്രാവശ്യവും സുസ്ഥിര നഗര വികസന പദ്ധതിയുടെ ഭാഗമായി ഒരു പ്രാവശ്യവും ഉൾപ്പെടെ ആകെ അഞ്ചു പ്രാവശ്യം ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എ.ഡി.ബി.യുടെ പ്രതിനിധികൾ സംസ്ഥാനം സന്ദർശിക്കുകയും സർക്കാരുമായി ചർച്ച നടത്തുകയും ചെയ്തിട്ടുണ്ട്.

(ബി) അനുബന്ധം 1-ൽ കൊടുത്തിരിക്കുന്നു. †

(സി) അനുബന്ധം-2 ആയി കൊടുത്തിരിക്കുന്നു. ഈ ഗവൺമെന്റിന്റെ കാലത്ത് എ.ഡി.ബി. യുമായി കരാറൊന്നും ഉണ്ടാക്കിയിട്ടില്ല. ‡

(ഡി) ഈ ഗവൺമെന്റ് അധികാരത്തിൽവന്നശേഷം എ.ഡി.ബി..യുമായി കരാറൊന്നും ഉണ്ടാക്കിയിട്ടില്ല.

† അനുബന്ധം—VIII

‡ അനുബന്ധം—VIII A

## പുതുതായി ക്ഷേമ പെൻഷൻ അനുവദിക്കാൻ നടപടി

411 [4252] ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
,, പി. കെ. അബ്ദുറബ്ബ് :
,, അബ്ദുറഹിമാൻ രണ്ടത്താണി :
,, കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെങ്കിലും വിഭാഗത്തിന് പുതുതായി ക്ഷേമ പെൻഷൻ അനുവദിക്കാൻ ആലോചനയുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം വിഭാഗത്തിനാണ് പെൻഷൻ പദ്ധതി ആവിഷ്ക്കരിക്കുന്നത് ;

(സി) ഇതിന് വേണ്ടിവരുന്ന തുക എത്രയാണ് ;

(ഡി) എത്ര പേർക്ക് ഈ പെൻഷൻ പദ്ധതികൊണ്ട് ഗുണം ലഭിക്കുമെന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) കൂടുതൽ വിഭാഗങ്ങൾക്ക് സർക്കാരിൽനിന്നും നേരിട്ട് പെൻഷൻ നൽകുവാൻ ആലോചനയില്ല. എന്നാൽ പുതിയ ക്ഷേമനിധി ബോർഡുകൾ ആരംഭിക്കുന്നത് പരിഗണനയിലുണ്ട്.

(ബി) ബാധകമല്ല.

(സി) ബാധകമല്ല.

(ഡി) ബാധകമല്ല.

## പെൻഷൻ പരിഷ്കരിക്കുന്നതിലെ കാലതാമസം

412 [4253] ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർവ്വീസിൽനിന്നും വിരമിച്ച പെൻഷൻ വാങ്ങുന്നവരുടെ പെൻഷൻ പരിഷ്ക്കരിക്കുന്നതിനുള്ള വിശദമായ നിർദ്ദേശങ്ങൾ 18-4-2006 ലെ ജി. ഒ. (പി) നമ്പർ 180/2006/ഫിൻ. എന്ന ഉത്തരവിൽ പറഞ്ഞിട്ടുണ്ടോ ;

(ബി) പ്രസ്തുത ഉത്തരവനുസരിച്ച് എന്നുമുതലാണ് പെൻഷൻ പരിഷ്ക്കരിച്ചിട്ടുള്ളത്;

(സി) പരിഷ്ക്കരിച്ച പ്രകാരമുള്ള പെൻഷനാനുകൂല്യങ്ങൾ എന്നുമുതലാണ് കിട്ടേണ്ടത്;

(ഡി) അന്നുമുതൽ എല്ലാ മാസവും പരിഷ്ക്കരിച്ച പ്രകാരമുള്ള പെൻഷൻ ആനുകൂല്യം കിട്ടുവാൻ പെൻഷൻകാർക്ക് അർഹതയുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പെൻഷൻ പരിഷ്ക്കരിച്ചത് നോഷണൽ ആയിട്ടാണെന്നും പരിഷ്ക്കരിച്ച പ്രകാരമുള്ള പെൻഷന്റെ കുടിശ്ശിക പൂർണ്ണമായും കിട്ടുകയില്ലെന്നും പറഞ്ഞുകൊണ്ട് ട്രഷറി അധികാരികൾ കുടിശ്ശിക പൂർണ്ണമായും കൊടുക്കാതിരിക്കുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) എങ്കിൽ അതെപ്രകാരമെന്ന് വിശദീകരിക്കുമോ; പെൻഷൻ പരിഷ്ക്കരണസമയത്തും ഇപ്പോഴും പുനർനിയമനത്തിലിരിക്കുന്നതിനാൽ ഡി. ആർ.-ന് അർഹതയില്ലാത്തതും 31-3-2005 വരെ 5,102 രൂപ പെൻഷനും 50 രൂപ മെഡിക്കൽ അലവൻസും ഉള്ളതുമായ ഒരു പെൻഷണർ 8-6-2006 ലെ ജി. ഒ. (പി) നം. 253/2006/ഫിൻ. എന്ന ഉത്തരവു പ്രകാരം പ്രൊവിഷണൽ പെൻഷന് അപേക്ഷിച്ചാൽ അത് എത്രയായാണ് നിർണ്ണയിക്കുന്നതെന്ന് വെളിപ്പെടുത്താമോ ;

(ജി) പ്രസ്തുത പെൻഷണർ 2005 മാർച്ച് 31 വരെയുള്ള 5,102 രൂപ പെൻഷനും 50 രൂപ മെഡിക്കൽ അലവൻസും ഇന്ററിംറിലീഫും പൂർണ്ണമായും വാങ്ങുകയും 2006 ഏപ്രിൽ, മേയ്, ജൂൺ, ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ എന്നീ മാസങ്ങളിൽ പെൻഷൻ ഇനത്തിൽ ഇരുപത്തിരണ്ടായിരം രൂപ മാത്രം വാങ്ങുകയും ചെയ്തിട്ടുള്ളപക്ഷം 2006 സെപ്റ്റംബറിൽ അയാൾക്ക് കുടിശ്ശികയായി എന്തു തുക കിട്ടണമെന്ന് വ്യക്തമാക്കാമോ;

(എച്ച്) പെൻഷൻ നിർണ്ണയിച്ചത് നോഷണലായാണെങ്കിൽ അതിൽനിന്ന് കിട്ടാനർഹതയില്ലാത്ത തുക എത്ര എന്നു വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 18-4-2006-ന് ശേഷം 8-6-06, 1-9-06 തീയതികളിലുമായി ഇറക്കിയിട്ടുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം കൂടുതൽ വിശദമായ നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ട്.

(ബി) 18-6-2006-ലെ സർക്കാർ ഉത്തരവ് (പി) നം. 180/06/ധന പ്രകാരം 1-7-2004-നും 31-3-2005-നും ഇടയിൽ വിരമിച്ചവർക്ക് വിരമിച്ച തീയതിമുതലും 1-7-04 നു മുമ്പ് വിരമിച്ചവർക്ക് 1-4-05 മുതലും ആണ് പെൻഷൻ പരിഷ്ക്കരണം നടപ്പിലാക്കിയിരിക്കുന്നത്.

(സി & ഡി) പെൻഷൻ ആനുകൂല്യമായ മെഡിക്കൽ അലവൻസ് വർദ്ധനവിന് 1-3-06 മുതൽ അർഹതയുണ്ട്. ഡി.സി. ആർ. ജി. പരിധി 3,30,000 രൂപയായി വർദ്ധിപ്പിച്ചത് 1-4-06 നുശേഷം റിട്ടയർ ചെയ്യുന്നവർക്കും ബാധകമാക്കിയിട്ടുണ്ട്. എന്നാൽ 1-7-2004-നും 31-3-2005-നും ഇടയിൽ റിട്ടയർ ചെയ്തവർക്ക് പരിഷ്കരിച്ച സ്കെയിലിന് ആനുപാതികമായി പരമാവധി 2,80,000 രൂപ ഡി.സി.ആർ.ജി. ഇനത്തിൽ വർദ്ധനവ് ലഭിക്കും. 1-7-2004-നും 28-2-2006-നും ഇടയ്ക്ക് വിരമിച്ചവർക്ക് പരിഷ്ക്കരിച്ച അടിസ്ഥാന ശമ്പളത്തിന്റെ ⅓ പെൻഷൻ കമ്മ്യൂട്ടേഷന് അർഹതയുണ്ട്. 1-7-04-നും 31-3-05-നും ഇടയിൽ വിരമിച്ചവർക്ക് പരിഷ്കരിച്ച ശമ്പളത്തിന് ആനുപാതികമായ ടെർമിനൽ സറണ്ടറും അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം പെൻഷൻകാർക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ ലഭ്യമാണ്.

(ഇ) ഇല്ല. പെൻഷൻ പരിഷ്കരിച്ചത് നോഷണലായിട്ടല്ല.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ബാധകമല്ല. 5,102/- രൂപയുടെ (അടിസ്ഥാന പെൻഷന്റെ) 59 % ഡിയർനസ് റിലീഫും 6% ഫിറ്റ്മെന്റ് ബെനിഫിറ്റും കണക്കാക്കി പ്രൊവിഷണൽ പെൻഷൻ നിർണ്ണയിക്കാം. ഇതിൽനിന്ന് ഇടക്കാലാശ്വാസം കുറവ് ചെയ്യേണ്ടതാണ്. കൂടാതെ പുനർനിയമനം ലഭിക്കുന്നവർക്ക് മെഡിക്കൽ അലവൻസിന് അർഹതയില്ല.

(ജി) വിരമിച്ചപ്പോഴുള്ള തസ്തിക (ഗ്രേഡ് സഹിതം) ശമ്പളസ്കെയിൽ, ബേസിക പേ, ക്വാളിഫൈയിംഗ് സർവ്വീസ് എന്നീ വിവരങ്ങൾ ലഭ്യമാണെങ്കിൽ മാത്രമേ ഇത് കണക്കാക്കുവാൻ സാധിക്കുകയുള്ളൂ.

(എച്ച്) ബാധകമല്ല.

## ഉത്തരവ് വ്യാഖ്യാനിക്കുന്നതിലെ വിവേചനം

413 [4254] ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 16-1-2002-ലെ 56/02/ഫിൻ നമ്പർ പ്രകാരം പുതുതായി സർവ്വീസിൽ പ്രവേശിക്കുന്നവർക്ക് ആദ്യത്തെ രണ്ടു കൊല്ലം അടിസ്ഥാന ശമ്പളം മാത്രം നൽകിയാൽ മതിയെന്ന ഉത്തരവ് പ്രൊവിഷണൽ ജീവനക്കാർക്കും ബാധകമാക്കിയിരുന്നോ ; എങ്കിൽ അതിന്റെ പ്രസക്ത ഭാഗം വ്യക്തമാക്കുമോ ;

(ബി) മേൽ ഉത്തരവ് പ്രകാരം നിഷേധിച്ച ആനുകൂല്യം പുനഃസ്ഥാപിച്ചപ്പോൾ അതിൽ പ്രൊവിഷണൽ ജീവനക്കാരെ ഒഴിവാക്കിയിട്ടുണ്ടോ ; എങ്കിൽ എന്തുകൊണ്ട്; ഇവരെ ഒഴിവാക്കിക്കൊണ്ടുള്ള ഉത്തരവിന്റെ പ്രസക്ത ഭാഗം ലഭ്യമാക്കുമോ;

(സി) ഒഴിവാക്കിയിട്ടുണ്ടെങ്കിൽ പ്രസ്തുത ആനുകൂല്യം പ്രൊവിഷണൽ ജീവനക്കാർക്കും ബാധകമാക്കുമോ ;

(ഡി) പ്രൊവിഷണൽ ജീവനക്കാർക്ക് ചില വകുപ്പുകളിൽ മേൽ സൂചിപ്പിച്ച ആനുകൂല്യം പുനസ്ഥാപിച്ചു നൽകുകയും മറ്റു ചില വകുപ്പുകളിൽ അത് നിഷേധിക്കുകയും ചെയ്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആനുകൂല്യം നിഷേധിച്ചവർക്ക് അത് ലഭ്യമാക്കാൻ നിർദ്ദേശം നൽകുമോ ;

(ഇ) ഭാവിയിൽ ഇത്തരം അപാകതകൾ പരിഹരിക്കുന്നതിന് ഉത്തരവിറക്കുമ്പോൾ അത് ആർക്കെല്ലാം ബാധകമാക്കിയിട്ടുണ്ട് എന്ന് വ്യക്തമായി സൂചിപ്പിക്കുന്ന ഭാഗങ്ങൾ നിർബന്ധമായും ഉൾപ്പെടുത്തുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) 15-4-2002-ലെ സർക്കുലർ നമ്പർ 26/2002/ധന പ്രകാരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്വഴി നിയമനം ലഭിക്കുന്നവർക്കും അടിസ്ഥാന ശമ്പളം മാത്രം നൽകിയാൽ മതിയെന്ന് ഉത്തരവായിരുന്നു. പ്രസ്തുത സർക്കുലറിന്റെ കോപ്പി ഇതോടൊപ്പം വയ്ക്കുന്നു.†

(ബി) 16-1-2002-ലെ ഉത്തരവ് പ്രകാരം നിഷേധിച്ച ആനുകൂല്യങ്ങൾ പുനഃസ്ഥാപിച്ചു ഉത്തരവിറക്കിയതിൽ പ്രൊവിഷണൽ ജീവനക്കാരെ ഉൾപ്പെടുത്തിയിട്ടില്ല. പ്രസ്തുത സർക്കാർ ഉത്തരവിന്റെ കോപ്പി ഇതോടൊപ്പം വയ്ക്കുന്നു. †

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പരിശോധിച്ചുവരുന്നു.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) പരിശോധിക്കുന്നതാണ്.

## എംപ്ളോയിമെന്റ് എക്സചേഞ്ചുവഴി നിയമനം ലഭിച്ചവർക്കുള്ള ആനുകൂല്യങ്ങൾ

414 [4255] ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 16-1-2002 മുതൽ 31-5-2003 വരെ എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം ലഭിച്ചവർക്കും ജി. ഒ. (പി) നമ്പർ 86/ 2006/ഫിൻ 23-2-2006 അനുസരിച്ച് മറ്റ് ജീവനക്കാർക്ക് ലഭ്യമായ ശമ്പള ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് നിയമപരമായി എന്തെങ്കിലും തടസ്സമുണ്ടോ?

(ബി) ഇല്ലെങ്കിൽ എംപ്ളോയ്മെന്റ് എക്സചേഞ്ച്വഴി നിയമനം ലഭിച്ചവർക്കും കൂടി മറ്റ് ജീവനക്കാർക്ക് ലഭ്യമായ ആനുകൂല്യങ്ങൾ നൽകാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ) ഇല്ല.

(ബി) പരിശോധിച്ചുവരുന്നു.

## വാണിജ്യ വകുപ്പിലെ നവീകരണം

415 [4256] പ്രൊഫ. കെ. വി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാണിജ്യ വകുപ്പിലെ നവീകരണത്തിന് എന്തൊക്കെ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഇത്തരത്തിലുള്ള നവീകരണത്തിന് കേന്ദ്ര സഹായം ഇതിനുമുമ്പ് ലഭിച്ചിട്ടുണ്ടോ ; ഇനി ലഭ്യമാക്കുമോ ;

(സി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

### ഉത്തരം

(എ) വകുപ്പിന്റെ പ്രവർത്തനം പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിക്കാനും ചെക്ക് പോസ്റ്റുകളിൽ ആധുനിക ഉപകരണങ്ങളായ സ്ക്കാനർ, വെയ് ബ്രിഡ്ജ് എന്നിവ സ്ഥാപിക്കാനും ഉദ്ദേശിക്കുന്നു.

(ബി) ഉണ്ട്. കമ്പ്യൂട്ടറൈസേഷന് കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ട്.

(സി) ശേഖരിച്ചു നൽകുന്നതാണ്.



LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## വാറ്റ് സമ്പ്രദായം

416 [4257] ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാറ്റ് സമ്പ്രദായം നിലവിൽ വന്നശേഷം ഈ സാമ്പത്തിക വർഷത്തിൽ ഇതുവരെ വിൽപ്പന നികുതിയിനത്തിൽ സംസ്ഥാനത്തിന്റെ വരവ് വർദ്ധിക്കുകയാണോ കുറയുകയാണോ ചെയ്തതെന്ന് വെളിപ്പെടുത്തുമോ ;

(ബി) നികുതിവരവ് വർദ്ധിച്ചു എങ്കിൽ എത്രയെന്നും കുറഞ്ഞുവെങ്കിൽ എത്രയെന്നും വ്യക്തമാക്കുമോ ?

### ഉത്തരം

(എ) വാറ്റ് സമ്പ്രദായം നിലവിൽ വന്നശേഷം ഈ സാമ്പത്തിക വർഷത്തിൽ 3-9-2006-വരെ വിൽപ്പന നികുതി വരവ് വർദ്ധിക്കുകയുണ്ടായി.

(ബി) മൊത്തം നികുതിവരവ് 989.50 കോടി രൂപ വർദ്ധിച്ചു.

## ലക്കിവാറ്റുമൂലമുണ്ടായ നികുതി വർദ്ധനവ്

417 [4258] പ്രൊഫ. കെ. വി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലക്കിവാറ്റ് നികുതി ലോട്ടറി ഇൻഡ്യയിലെ മറ്റു സംസ്ഥാനങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

### ഉത്തരം

(എ) ലക്കിവാറ്റ് പദ്ധതി ലോട്ടറി അല്ല. ഇത് മറ്റു സംസ്ഥാനങ്ങളിൽ നടപ്പിലാക്കിയിട്ടില്ല.

(ബി) ബാധകമല്ല.

## വാറ്റ് സമ്പ്രദായം

418 [4259] ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാറ്റ് നിലവിൽ വരുന്നതിനു മുമ്പ് എത്ര വ്യാപാരികൾ വിൽപ്പന നികുതി വകുപ്പിൽ രജിസ്റ്റർ ചെയ്തിരുന്നുവെന്നും അതിൽ എത്രപേർ നികുതി നൽകിയിരുന്നുവെന്നും എത്രപേർ കോമ്പൗണ്ട് ചെയ്തിരുന്നുവെന്നും വ്യക്തമാക്കാമോ ;

(ബി) വാറ്റ് ഏർപ്പെടുത്തിയതിനുശേഷം എത്രപേർ വിൽപ്പന നികുതി വകുപ്പിൽ രജിസ്റ്റർ ചെയ്തിരുന്നുവെന്നും അതിൽ നികുതി തരുന്നവരെത്രയാണെന്നും കോമ്പൗണ്ട് ചെയ്തവരെത്രയാണെന്നും വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വാറ്റ് നിലവിൽ വരുന്നതിനു മുമ്പ് 1,46,909 വ്യാപാരികൾ നികുതി വകുപ്പിൽ രജിസ്റ്റർ ചെയ്തിരുന്നു. നികുതി നൽകിയിരുന്നവരുടേയും കോമ്പൗണ്ട് ചെയ്തവരുടേയും വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ബി) വാറ്റ് ഏർപ്പെടുത്തിയതിനുശേഷം വിൽപ്പന നികുതി വകുപ്പിൽ 1,33,299 വ്യാപാരികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. നികുതി തരുന്നവരുടെ വിവരം ശേഖരിച്ചുവരുന്നു. 5,511 വ്യാപാരികൾ നികുതി കോമ്പൗണ്ട് ചെയ്തിട്ടുണ്ട്.

വാണിജ്യ പ്രോത്സാഹനം

419 [4260] ശ്രീ. പള്ളിപ്രം ബാലൻ :

„ വി. എസ്. സുനിൽ കുമാർ :

„ രാജാജി മാത്യു തോമസ്സ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാണിജ്യ പ്രോത്സാഹനത്തിനായി സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചുവരുന്നുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) സംസ്ഥാനത്ത് വ്യാപാര മേളകൾ സംഘടിപ്പിക്കുവാനുദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ അതിന്റെ വിശദ വിവരങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്. ഈ വർഷം കോഴിക്കോട് വ്യാപാരമേള നടത്തുവാൻ ഉദ്ദേശിക്കുന്നു. വിശദാംശങ്ങൾ രൂപപ്പെടുത്തി വരുന്നു.

(ബി) 'എ' യിലെ ഉത്തരം കാണുക.

വാളയാർ ചെക്ക്പോസ്റ്റിലെ നികുതി വെട്ടിപ്പ് തടയുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടി

420 [4261] ശ്രീ. സി.പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാളയാർ വില്പന നികുതി ചെക്ക്പോസ്റ്റിൽ ഓണക്കാലത്ത് വിജിലൻസ് റെയിഡ് നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ എത്ര രൂപയുടെ ക്രമക്കേട് കണ്ടെത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(സി) പ്രസ്തുത ചെക്ക്പോസ്റ്റിലെ നികുതി വരുമാനം കൂട്ടുന്നതിനും നികുതി വെട്ടിപ്പ് തടയുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ചരക്കുവാഹനങ്ങൾ അഴിച്ച് വിശദമായ പരിശോധന നടത്തുകവഴി പതിമൂന്നു കേസുകൾ കണ്ടെത്തുകയുണ്ടായി. ഇതിന്റെ ഫലമായി സെക്യൂരിറ്റി ഡിപ്പോസിറ്റ് ഇനത്തിൽ 3,10,485 രൂപയും പ്രവേശന നികുതിയിനത്തിൽ 78,832 രൂപയും പിരിച്ചെടുക്കുകയുണ്ടായി.

(സി) വാണിജ്യ നികുതി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഇൻറലിജൻസ് വിഭാഗം നികുതി വരുമാനം കൂട്ടുന്നതിനും നികുതി വെട്ടിപ്പ് തടയുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. ചെക്ക്പോസ്റ്റ് പരിശോധന കഴിഞ്ഞു കടന്നു വരുന്ന ചരക്കുവാഹനങ്ങളിൽ ചിലത് ഇന്റലിജൻസ് വിഭാഗം വീണ്ടും പരിശോധന നടത്തുകയും ക്രമക്കേടുകൾ കണ്ടുപിടിച്ചാൽ പിഴ ഈടാക്കുകയും ചെയ്യുന്നു. ഇന്റലിജൻസ് വിഭാഗം കണ്ടെത്തുന്ന കേസുകളിൽ ചെക്ക്പോസ്റ്റ് ഉദ്യോഗസ്ഥർക്ക് പങ്കുണ്ടെന്ന് കണ്ടാൽ ശിക്ഷണ നടപടികളും സ്വീകരിക്കുന്നുണ്ട്. ഇതിനും പുറമേ ആധുനിക യന്ത്രോപകരണങ്ങളായ സ്കാനർ, വേയ്ബ്രിഡ്ജ് എന്നിവ സ്ഥാപിച്ച് നികുതി വെട്ടിപ്പ് തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## വാണിജ്യ നികുതി വകുപ്പ് ഡെപ്യൂട്ടി കമ്മീഷണർ ഓഫീസ് പുനഃസ്ഥാപിക്കാൻ നടപടി

421 [4262] ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാറ്റ് സമ്പ്രദായം നിലവിൽ വന്നശേഷം കേരള സംസ്ഥാനത്തു നിലവിലുള്ള ഓഫീസുകളുടെ ലിസ്റ്റിൽ 18-ാം നമ്പരായി പത്തനംതിട്ട ഡെപ്യൂട്ടി കമ്മീഷണർ ഓഫീസ് രേഖപ്പെടുത്തി ഗസറ്റു വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതു റദ്ദാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) ഇവിടെ നിലവിലുണ്ടായിരുന്ന വിവിധ തസ്തികകളിൽ ജോലി ചെയ്തിരുന്നവരെ പത്തനംതിട്ട ജില്ലയിൽ തന്നെയുള്ള മറ്റു ഓഫീസുകളിലേയ്ക്കു മാറ്റി പുനഃസ്ഥാപിച്ചതിന്റെ അടിസ്ഥാനം വ്യക്തമാക്കുമോ ;

(സി) റവന്യൂ വരുമാനത്തിന്റെ വളർച്ചാ നിരക്കിന്റെ കാര്യത്തിൽ പത്തനംതിട്ട ജില്ല മുൻപന്തിയിലായിരിക്കെ വാണിജ്യ നികുതി വകുപ്പ് ഡെപ്യൂട്ടി കമ്മീഷണർ ഓഫീസ് പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) റദ്ദാക്കിയിട്ടില്ല.

(ബി) മൂല്യവർദ്ധിത നികുതി നടപ്പിലാക്കിയപ്പോൾ ആഡിറ്റ് അസ്സെസ്മെന്റ് വിഭാഗത്തിനാണ് ജോലിയുടെ ഏറിയ പങ്കും വഹിക്കേണ്ടി വരുന്നത്. ആയതിനാൽ ജോലിഭാരമനുസരിച്ച് നിലവിലുണ്ടായിരുന്ന ജീവനക്കാരെ ജില്ലയിൽ തന്നെ പുനർവിന്യസിക്കുകയാണ് ചെയ്തത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ വാണിജ്യ നികുതി ഇനത്തിൽ ലഭിച്ച മൊത്തം വരുമാനത്തിൽ ഒരു ശതമാനത്തിൽ താഴെ മാത്രമാണ് പത്തനംതിട്ട ജില്ലയിൽ നിന്നും ലഭിച്ചത്. ആയതിനാൽ പത്തനംതിട്ട ജില്ലയിൽ ഡെപ്യൂട്ടി കമ്മീഷണർ ഓഫീസ് പുനഃസ്ഥാപിക്കുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

### കോഴിക്കച്ചവടക്കാരിൽ നിന്നും വാറ്റു പ്രകാരമുള്ള നികുതി പിരിച്ചെടുക്കുന്നതിന് നടപടി

422 [4263] ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കോഴിക്കച്ചവടക്കാരിൽ നിന്ന് വാറ്റ്പ്രകാരം എത്ര രൂപ നികുതിയായി ലഭിച്ചു ;

(ബി) പ്രസ്തുത നികുതിയിനത്തിൽ എത്ര രൂപ പിരിഞ്ഞുകിട്ടുവാനുണ്ട് ;

(സി) കുടിശ്ശികയുണ്ടെങ്കിൽ എന്നത്തേയ്ക്ക് പിരിച്ചെടുക്കുമെന്ന് വ്യക്തമാക്കുമോ ?

#### ഉത്തരം

(എ), (ബി) & (സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

### തേക്കിൻ തടികൾ കർണ്ണാടകത്തിൽ കൊണ്ടുപോയി വിൽപന നടത്തുന്ന നടപടി

423 [4264] ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വനം വകുപ്പിന്റെ കാസർഗോഡ് ഡിപ്പോയിൽ നിന്നും തേക്കുതടികൾ കർണ്ണാടകത്തിൽ കൊണ്ടുപോയി വിൽപ്പന നടത്തിയതിന് ധനകാര്യ വകുപ്പിന്റെ അനുമതി തേടിയിരുന്നോ ;

(ബി) പ്രസ്തുത നടപടിമൂലം സർക്കാരിന് കിട്ടേണ്ട നികുതിയിലുള്ള നഷ്ടം എങ്ങിനെയാണ് കൈകാര്യം ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) തുടർന്നും കർണ്ണാടകത്തിൽ കൊണ്ടുപോയി തടികൾ വിൽപന നടത്തുന്നത് സംബന്ധിച്ച് വകുപ്പിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ?

#### ഉത്തരം

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വനം വകുപ്പിന്റെ കാസർഗോഡ് റെയിഞ്ചിലെ ഫൈനൽ ഫെല്ലിംഗ് തോട്ടത്തിൽനിന്നും ശേഖരിച്ച തടികൾ കർണ്ണാടക സ്റ്റേറ്റിലെ കേരള സർക്കാരിന്റെ വക നമ്പൻകോട് തടി ഡിപ്പോയിൽ ലേലം ചെയ്ത് വിൽപ്പന നടത്തിയിട്ടുണ്ട്. കേരള സർക്കാരിന്റെ അംഗീകൃത ഡിപ്പോ ആയതിനാൽ ധനകാര്യ വകുപ്പിന്റെ അനുമതി ആവശ്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നഞ്ചൻകോട് തടി ഡിപ്പോയിൽ ലേലം ചെയ്ത് വിൽപ്പന നടത്തുന്ന തടികളുടെ നികുതി കർണ്ണാടക സർക്കാരിനാണ് ലഭിക്കുന്നത് കേരള സർക്കാരിന് ഇക്കാര്യത്തിലുള്ള നികുതി ലഭിക്കുന്നില്ല. പ്രസ്തുത ഡിപ്പോ കർണ്ണാടക സർക്കാർ ഏറ്റെടുക്കുന്നതിന് നടപടി നടക്കുന്നതിനാൽ ഈ ഡിപ്പോ നിലനിർത്തിക്കൊണ്ടു പോകുന്നതിനാണ് ഇപ്രകാരം കൊണ്ടു പോയി വിൽപ്പന നടത്തുന്നത്. ഇത് സർക്കാർ അംഗീകരിച്ചിട്ടുള്ള സ്ഥിരമായിട്ടുള്ള തടി ഡിപ്പോ ആകുന്നു.

(സി) നഞ്ചൻകോഡ് ഡിപ്പോ കേരള സർക്കാർ അധീനതയിൽ നിലനിർത്താൻ ടി ഡിപ്പോയിൽ മരം എത്തിച്ച് ലേലം നടത്താൻ ഉദ്ദേശിക്കുന്നുണ്ട്.

## ഗസറ്റഡ് ഓഫീസർമാരുടെ ശമ്പള വിതരണത്തിന് എ.ടി.എം. സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടി

424 [4265] ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഗസറ്റഡ് ഓഫീസർമാരുടെ ശമ്പള വിതരണത്തിനും പെൻഷൻ വിതരണത്തിനും സൗകര്യപ്രദമായ രീതിയിൽ എ.ടി.എം. സെന്ററുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

### ഉത്തരം

എ.റ്റി.എം. സ്ഥാപിക്കുന്നതിന് മുമ്പായി ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾ പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിക്കേണ്ടതുണ്ട്. മാത്രവുമല്ല, എ.റ്റി.എം. മറ്റെല്ലാ ട്രഷറികളുമായും 24 മണിക്കൂറും ബന്ധപ്പെടാവുന്ന ഒരു നെറ്റ്‌വർക്ക് സ്ഥാപിക്കേണ്ടതായും ഉണ്ട്. ട്രഷറി കമ്പ്യൂട്ടർവൽക്കരണം പൂർത്തീകരിച്ചതിനുശേഷം മാത്രമേ എ. റ്റി. എം. സ്ഥാപിക്കുന്നതിനെക്കുറിച്ച് ആലോചിക്കുവാൻ കഴിയൂ.

## സർക്കാർ ജീവനക്കാരുടെ സെപ്റ്റംബർ മാസത്തെ ശമ്പളം

425 [4266] ശ്രീ. എം. എ. വാഹീദ് :
,, എ. പി. അനിൽകുമാർ :
,, വർക്കല കഹാർ :
,, വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2006 സെപ്റ്റംബർ മാസത്തെ ശമ്പളം സെക്രട്ടേറിയറ്റ് ജീവനക്കാരുൾപ്പെടെയുള്ള സർക്കാർ ജീവനക്കാർക്ക് നൽകിയതെന്നായിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(ബി) സർക്കാർ ജീവനക്കാർക്ക് ശമ്പളം നൽകാൻ താമസമുണ്ടായതിനുള്ള കാരണമെന്താണെന്ന് വെളിപ്പെടുത്താമോ :

(സി) ഒക്ടോബർ 1, 2 തീയതികളിൽ അവധിയും 3-ാം തീയതി ബാങ്ക് ജീവനക്കാരുടെ സമരവുമായിരുന്നതിനാൽ ശമ്പളത്തിനുള്ള തുക സെപ്തംബർ 30 ന് വാങ്ങിവയ്ക്കാൻ ട്രഷറികളെ അനുവദിക്കാത്തതെന്തുകൊണ്ടാണെന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സെക്രട്ടേറിയേറ്റ് ജീവനക്കാർക്ക് ശമ്പളം വിതരണം നടത്തുന്നതിനായി 18-9-1987 ലെ ജി.ഒ. (പി.) നം. 747/87 ധന നമ്പർ സർക്കാർ ഉത്തരവുപ്രകാരം മാസത്തിന്റെ അവസാന പ്രവൃത്തി ദിവസത്തിന് രണ്ടുദിവസം മുമ്പ് ശമ്പള ബിൽ പാസാക്കി പണം നൽകാൻ വ്യവസ്ഥയുള്ളതാണ്. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പതിവുപോലെ സെക്രട്ടേറിയറ്റിൽ നിന്നും ഹാജരാക്കിയ 2006 സെപ്റ്റംബർ മാസത്തെ ശമ്പള ബില്ലുകൾ 29-9-2006-ന് പാസാക്കി പണം നൽകുകയുണ്ടായി. എന്നാൽ അവരുടെ ശമ്പളം വിതരണം ചെയ്തത് 23-10-2006-ന് ആണ്. മറ്റു വകുപ്പു ജീവനക്കാർക്ക് 4-10-2006-ന് ശമ്പളം വിതരണം ചെയ്തു.

(ബി) & (സി) 30-9-2006 ബാങ്കുകൾക്ക് അർദ്ധവാർഷിക ക്ളോസിംഗ് ആയതിനാൽ അന്നേദിവസം ബാങ്കുകൾ പണമിടപാട് നടത്തിയിരുന്നില്ല. ആയതിനാൽ 30-9-2006-ൽ ബാങ്കിൽനിന്നും പണം എടുത്തുവയ്ക്കാൻ ട്രഷറികൾക്ക് കഴിയുമായിരുന്നില്ല. 1-10-2006, 2-10-2006 എന്നീ തീയതികൾ പൊതു അവധി ദിവസങ്ങളായിരുന്നു. 3-10-2006-ൽ കേരളത്തിൽ ബാങ്കുകൾ പണിമുടക്കിലായിരുന്നു. ഇതിനാലാണ് ശമ്പളം 4-ാം തീയതി വിതരണം ചെയ്യാൻ ഇടയായത്.

## ട്രഷറികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ

426 [4267] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :

„ ബാബു പോൾ :

„ കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര ഏകാംഗ ട്രഷറികളുണ്ട് ; പ്രസ്തുത ട്രഷറികളിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടക്കുന്നത് ; ഈ ഏകാംഗ ട്രഷറികളെ മിനി ട്രഷറികളായി മാറ്റുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ട്രഷറികളിൽ സ്ഥിര നിക്ഷേപത്തിന്റെ പലിശ കുറച്ചതുമൂലം നിക്ഷേപം കുറഞ്ഞുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ട്രഷറി നിക്ഷേപങ്ങൾക്ക് ആകർഷകമായ പലിശ നൽകുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) ട്രഷറി ഡിപ്പാർട്ടുമെന്റിൽ പണാപഹരണവുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ നിലവിലുണ്ട് ; ട്രഷറി ജീവനക്കാർ പ്രതിയായിട്ടുള്ള എത്ര കേസ്സുകളുണ്ടെന്ന് വ്യക്തമാക്കുമോ ?

(ഡി) ട്രഷറികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 12 ഏകാംഗ ട്രഷറികൾ ഇപ്പോൾ നിലവിലുണ്ട്. ഇവിടെ പെൻഷൻ വിതരണവും സേവിംഗ്സ് ബാങ്ക് നിക്ഷേപം സ്വീകരിക്കലുമാണ് നടക്കുന്നത്. ഇവയിൽ ചില ഏകാംഗ ട്രഷറികൾ സബ് ട്രഷറിയായി ഉയർത്തുന്ന കാര്യം പരിശോധിച്ചുവരുന്നു.

(ബി) കഴിഞ്ഞ ഒന്നര വർഷത്തിലധികമായി ട്രഷറി സ്ഥിരം നിക്ഷേപപലിശ നിരക്ക് കുറച്ചിട്ടില്ല. ട്രഷറി നിക്ഷേപം കുറയുന്നതിന് പല കാരണങ്ങളുമുണ്ട്. ട്രഷറികളിൽ നൽകിവരുന്ന പലിശ ഇപ്പോഴും മറ്റു പൊതുമേഖലാ ബാങ്കുകൾ നൽകുന്ന പലിശ നിരക്കിനേക്കാൾ കൂടുതലാണ്. ഉടനെ അത് വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടില്ല.

(സി) ട്രഷറി വകുപ്പിൽ പണാപഹരണവുമായി ബന്ധപ്പെട്ട 23 കേസ്സുകൾ നിലവിലുണ്ട്. ട്രഷറി ജീവനക്കാർ പ്രതികളായിട്ടുള്ള 19 കേസ്സുകളുണ്ട്.

(ഡി) സംസ്ഥാനത്തെ ട്രഷറികളെല്ലാം കമ്പ്യൂട്ടർവൽക്കരിച്ചു കഴിഞ്ഞു. ഡയലപ്പ് സിസ്റ്റം വഴി ദൈനംദിന വരവും ചെലവും ട്രഷറി ഡയറക്ടറേറ്റിലേയ്ക്ക് ഓരോ ട്രഷറിയിൽനിന്നും ലഭിക്കുകയും അവ ഇന്റർനെറ്റിലൂടെ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. കമ്പ്യൂട്ടർവൽക്കരണവും മറ്റും ട്രഷറികളുടെ പ്രവർത്തനത്തെ കാര്യമായി മെച്ചപ്പെടുത്തിയിട്ടുണ്ട്.

ട്രഷറി വകുപ്പിലെ ഒഴിവുകൾ

427 [4268] ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രഷറി ഡിപ്പാർട്ടുമെന്റിൽ എത്ര ജില്ലാ ട്രഷറി ഓഫീസർമാരുടെയും അസിസ്റ്റന്റ് ഡയറക്ടർമാരുടെയും തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുവെന്ന് വ്യക്തമാക്കുമോ ; എങ്കിൽ നിലവിലുള്ള ഒഴിവുകൾ നികത്തുവാൻ നടപടി സ്വീകരിക്കുമോ;

(ബി) വളരെ പ്രധാനപ്പെട്ട ഇത്തരം തസ്തികകളിലേയ്ക്ക് സമയബന്ധിതമായി പ്രമോഷൻ നടത്താത്തതെന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ട്രഷറി വകുപ്പിൽ ജില്ലാ ട്രഷറി ഓഫീസറുടെ/അസിസ്റ്റന്റ് ഡയറക്ടറുടെ 3 ഒഴിവുകൾ നിലവിലുണ്ട്. ഒഴിവുകൾ നികത്തുന്നതിനു നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ജില്ലാ ട്രഷറി ഓഫീസർമാരുടെയും അസിസ്റ്റന്റ് ഡയറക്ടർമാരുടെയും ഫീഡർ കാറ്റഗറിയായ അസിസ്റ്റന്റ് ജില്ലാട്രഷറി ഓഫീസർമാരുടെ പ്രൊബേഷൻ കാലാവധി പൂർത്തിയാക്കിയവരുടെ അഭാവം കാരണം സെലക്ട് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ ഗവൺമെന്റിന്റെ പ്രത്യേക അനുമതിയോടുകൂടിയാണ് ഈ തസ്തികകളിൽ പ്രമോഷൻ നടത്തുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

## ചെങ്ങന്നൂർ ജില്ലാ ട്രഷറിയിലെ പണമിടപാടുകൾ

428 [4269] ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിലെ റൂറൽ ജില്ലാ ട്രഷറിയായ ചെങ്ങന്നൂർ ജില്ലാ ട്രഷറിയിൽ പണമിടപാടുകൾ നടത്താത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു പരിഹരിക്കുവാൻ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത ട്രഷറിയിൽ എന്നുമുതൽ പണമിടപാടുകൾ നടത്തുവാൻ സാധിക്കും ;

(ഡി) ഇത്തരം എത്ര ട്രഷറികൾ കേരളത്തിലുണ്ടെന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) ഉണ്ട്.

(ബി) ആന്റ് (സി) ജില്ലാ ട്രഷറി ആദ്യമായി ആരംഭിച്ച കെട്ടിടത്തിൽ സ്ട്രോംഗ് റൂം സൗകര്യം ഇല്ലാതിരുന്നതിനാൽ പണമിടപാട് ഇല്ലായിരുന്നു. എന്നാൽ ഇപ്പോൾ സിവിൽ സ്റ്റേഷനിലേയ്ക്ക് മാറ്റിയതോടെ സ്ട്രോംഗ് റൂം സൗകര്യം ലഭ്യമായിട്ടുണ്ട്. ഇനി പണമിടപാടു തുടങ്ങുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ഡി) മൂന്ന് ജില്ലാ ട്രഷറികൾ—പാലാ, മൂവാറ്റുപുഴ, ചെങ്ങന്നൂർ.

## നൂറനാട് സബ് ട്രഷറിയുടെ പ്രവർത്തനം

429 [4270] ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിലെ നൂറനാട് അനുവദിച്ച സബ് ട്രഷറി എന്നത്തേയ്ക്ക് പ്രവർത്തനം ആരംഭിക്കുമെന്ന് വിശദമാക്കാമോ;

(ബി) നൂറനാട് അനുവദിച്ച സബ് ട്രഷറി പ്രവർത്തനം ആരംഭിക്കുന്നതിനുണ്ടായ കാലതാമസത്തിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ ?.

### ഉത്തരം

(എ) നൂറനാട് സബ് ട്രഷറി ആരംഭിക്കുവാൻ ഇതുവരെ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

(ബി) പുതിയ സബ് ട്രഷറികൾ ആരംഭിക്കുന്നതിന് ഒരു പൊതുമാനദണ്ഡം സ്വീകരിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഇക്കാര്യത്തിൽ ഒരു തീരുമാനം എടുത്തശേഷമേ പുതിയ സബ് ട്രഷറികൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുവാൻ കഴിയുകയുള്ളു.

LIBRARY ARCHIVES.Kerala Legislative Assembly

സംസ്ഥാന ലോട്ടറി ടിക്കറ്റ് വില്പന

430 [4271] ശ്രീ. കെ. സുധാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ലോട്ടറി വില്പന ആയിരം കോടിയാക്കി ഉയർത്താൻ ഉദ്ദേശമുണ്ടോ; അതിന് എന്തെല്ലാം നടപടികളെടുക്കാനുദ്ദേശിക്കുന്നു;

(ബി) ലോട്ടറി വില്പന ആയിരം കോടിയാകുമ്പോൾ ഗവൺമെന്റിന് എന്ത് ലാഭം ഉണ്ടാകുമെന്ന് വ്യക്തമാക്കാമോ;

(സി) ലോട്ടറി ടിക്കറ്റ് എടുക്കുന്നവർക്കെല്ലാം അതിന്റെ പ്രയോജനം ലഭിക്കുന്ന എന്തെങ്കിലും പരിപാടി പ്രഖ്യാപിക്കാനുദ്ദേശമുണ്ടോ;

(ഡി) ഈ വർഷം ഇതു വരെയുള്ള ലോട്ടറി ടിക്കറ്റ് വില്പന എത്ര ശതമാനം വർദ്ധിച്ചു എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്. ലോട്ടറി വില്പനയിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ചെറിയ സമ്മാനങ്ങൾ വർദ്ധിപ്പിച്ച് സമ്മാനഘടനയിൽ സമൂലമായ മാറ്റം വരുത്തും. പ്രചരണത്തിലും നടത്തിപ്പിലും വ്യാപാര വ്യവസ്ഥകളിലും മാറ്റം വരുത്തും. പുതിയതായി രണ്ട് ആഴ്ച ലോട്ടറികളും ഒരു മാസ ലോട്ടറിയും പ്രത്യേക ലക്ഷ്യത്തോടെയുള്ള ആറുബംബർ ലോട്ടറികളും ആരംഭിക്കാനും ഉദ്ദേശമുണ്ട്.

(ബി) ഉദ്ദേശം 300 കോടി രൂപ ലാഭം പ്രതീക്ഷിക്കുന്നു.

(സി) ഇത് പ്രായോഗികമല്ലാത്തതിനാൽ പരിഗണനയിലില്ല.

(ഡി) 19.66% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

ഓൺലൈൻ ലോട്ടറി നടത്തിപ്പുകാരിൽനിന്നുള്ള നികുതി കുടിശ്ശിക

431 [4272] ശ്രീ. സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓൺലൈൻ ലോട്ടറി നടത്തുന്നവരിൽനിന്ന് സർക്കാരിന് പിരിഞ്ഞു കിട്ടുവാനുള്ള നികുതി കുടിശ്ശിക എന്നത്തേയ്ക്ക് പിരിച്ചെടുക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പിരിച്ചെടുത്ത തുക എത്രയാണെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

## ഉത്തരം

(എ) ആന്റ് (ബി) പിരിഞ്ഞുകിട്ടുവാനുള്ള കുടിശ്ശിക സംബന്ധിച്ച അസസ്സ്മെന്റുകൾ പൂർത്തിയായി വരുന്നു. അവ പൂർത്തിയാകുന്ന മുറയ്ക്ക് നിലവിലുള്ള കോടതി വിധികൾക്കു വിധേയമായി കുടിശ്ശിക എത്രയും വേഗം പിരിച്ചെടുക്കും. ബഹു: സുപ്രീംകോടതിയുടെ സ്റ്റേ ഉത്തരവ് നിലവിലുള്ളതിനാൽ നികുതി പിരിച്ചെടുത്തിട്ടില്ല.

## അന്യസംസ്ഥാന ഭാഗ്യക്കുറികൾ

432 [4273] ശ്രീ. വി. എൻ. വാസവൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

അന്യസംസ്ഥാനങ്ങളിൽ നിന്ന് വരുന്ന ലോട്ടറികൾ വ്യാജമാണോ അല്ലയോ എന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വിശദമാക്കാമോ ?

## ഉത്തരം

അന്യസംസ്ഥാന ലോട്ടറികളുടെ നിജസ്ഥിതി സംബന്ധിച്ച് വിജിലൻസ് റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. അത് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## അന്യസംസ്ഥാന ലോട്ടറി വില്പന

433 [4274] ശ്രീ. ജോർജ് മേഴ്സിയർ :
,, കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അന്യസംസ്ഥാന പേപ്പർ ലോട്ടറികൾ വില്പന നികുതി നൽകിയതിനുശേഷം ഇവിടെ വിൽക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം സംസ്ഥാന ലോട്ടറികൾ നികുതിയടച്ച് അവയുടെ ടിക്കറ്റുകൾ സംസ്ഥാനത്ത് വിൽക്കുന്നുണ്ട്;

(സി) സിക്കിം സൂപ്പർ വീക്കിലി ലോട്ടറികൾ സംസ്ഥാനത്ത് വിൽക്കുന്നുണ്ടോ ; അതിന്റെ ടിക്കറ്റ് അച്ചടിക്കുന്നതും നറുക്കെടുപ്പ് നടത്തുന്നതും എവിടെയാണെന്ന് വെളിപ്പെടുത്താമോ;

(ഡി) ഇതിന്റെ നറുക്കെടുപ്പ് നിത്യവും നടക്കുന്നതായി പ്രസിദ്ധീകരണം കൊടുക്കുന്നുണ്ടോ ;

(ഇ) അന്യസംസ്ഥാന ലോട്ടറികളിൽനിന്നും പ്രതിമാസം എന്തു തുക നികുതിയായി കിട്ടുന്നുവെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ലോട്ടറി ടിക്കറ്റുകൾക്ക് വില്പന നികുതി ഈടാക്കാൻ വ്യവസ്ഥയില്ല. നറുക്കെടുപ്പിന്റെ അടിസ്ഥാനത്തിൽ നികുതി അടച്ച് അന്യ സംസ്ഥാന ലോട്ടറികൾ വിൽക്കപ്പെടുന്നുണ്ട്.

(ബി) സിക്കിം സംസ്ഥാന ലോട്ടറികൾ നികുതിയടച്ച് വില്പന നടത്തുന്നുണ്ട്. ഇത് കൂടാതെ ഭൂട്ടാൻ ടിക്കറ്റും ഇവിടെ വിൽക്കുന്നുണ്ട്.

(സി) ഉണ്ട് ; അത്തരം വിവരങ്ങൾ ലഭ്യമല്ല.

(ഡി) പ്രസിദ്ധീകരണം സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ഇ) പ്രതിമാസം 3.05 കോടി രൂപ നികുതിയായി ലഭിക്കുന്നുണ്ട്.

അന്യസംസ്ഥാന ലോട്ടറി വില്പന

434 [4275] ശ്രീ. ജോസഫ് എം. പുതുശ്ശേരി :
,, റോഷി അഗസ്റ്റിൻ :
,, തോമസ് ചാഴികാടൻ :
,, കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂട്ടാൻ ഡാറ്റാ, ഭൂട്ടാൻ ശ്രീ ദീപം, സിക്കിം സിങ്കം പേൾ, കുയിൽ ഗോൾഡ്, സിൽവർ ഡിയർ തുടങ്ങിയ അന്യസംസ്ഥാന ലോട്ടറികൾ വ്യാപകമായി കേരളത്തിൽ വിൽക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സംസ്ഥാന സർക്കാരിന്റെ അനുമതിയോടുകൂടിയാണോ ഇതു വിറ്റഴിക്കപ്പെടുന്നത് ; എങ്കിൽ എന്ത് അനുമതിയാണ് നൽകിയിട്ടുള്ളത് ;

(സി) ഓരോ ലോട്ടറിയും സംസ്ഥാന സർക്കാരിലേക്ക് എന്തു നികുതിയാണ് നൽകുന്നത് ; വില്പനയുമായി തട്ടിച്ചു നോക്കുമ്പോൾ ഇതു മതിയായ നികുതിയാണെന്നു കരുതുന്നുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഡി) അനുമതിയില്ലെങ്കിൽ പ്രസ്തുത വില്പന തടയാൻ സർക്കാർ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ; ഇതു കൊണ്ട് എന്തു പുരോഗതി ഉണ്ടായിട്ടുണ്ട് ;

(ഇ) ഇത്തരം ലോട്ടറികൾ ശാശ്വതമായി നിരോധിക്കാൻ നടപടി സ്വീകരിക്കുമോ ;

(എഫ്) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള ലോട്ടറിയുടെ ഓരോ മാസമുള്ള വിറ്റുവരവ് എത്ര എന്നറിയിക്കാമോ;

(ജി) അന്യസംസ്ഥാന ലോട്ടറി കാരണം കേരള ലോട്ടറിയുടെ വില്പനയിൽ കുറവു വന്നിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) 2005-ലെ പേപ്പർ ലോട്ടറികളിന്മേലുള്ള കേരള നികുതി ആക്ട് പ്രകാരമുള്ള നികുതി അടച്ചിട്ടാണ് പ്രസ്തുത ലോട്ടറി ടിക്കറ്റുകൾ വിൽക്കുന്നത്.

(സി) ലോട്ടറിക്ക് വിൽപനയുടെ അടിസ്ഥാനത്തിൽ നികുതി ഈടാക്കാൻ കഴിയില്ല. ഓരോ സാധാരണ നറുക്കെടുപ്പിനും 2.5 ലക്ഷം രൂപയും ബംബറിന് 10 ലക്ഷം രൂപയുമാണ് ഈടാക്കുന്നത്.

(ഡി) 'ബി' യുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല. വിജിലൻസ് അന്വേഷണത്തിൽ അന്യ സംസ്ഥാന ലോട്ടറികൾ കേന്ദ്ര നിയമത്തിന് വിധേയമായിട്ടല്ല പ്രവർത്തിക്കുന്നത് എന്ന് വ്യക്തമായിട്ടുണ്ട്. അതിനാൽ അവയ്ക്ക് നൽകിയ രജിസ്ട്രേഷൻ റദ്ദാക്കുന്നതിനുള്ള നടപടികൾ എടുക്കുന്നതാണ്.

(ഇ) ഉത്തരം "ഡി" ഇവിടെ ബാധകമാണ്.

(എഫ്) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കേരള ലോട്ടറിയുടെ ഓരോ മാസമുള്ള വിറ്റുവരവ് ചുവടെ ചേർക്കുന്നു.

| മാസം | വിറ്റുവരവ് (കോടിയിൽ) |
|---|---|
| 2006 ജൂൺ | 19.49 |
| 2006 ജൂലായ് | 16.39 |
| 2006 ആഗസ്റ്റ് | 19.67 |
| 2006 സെപ്റ്റംബർ | 18.75 |

(ജി) വില്പനയിൽ പ്രതീക്ഷിച്ച വർദ്ധനവ് ഉണ്ടായിട്ടില്ല.

## സംസ്ഥാന ഭാഗ്യക്കുറി വില്പനയും അന്യസംസ്ഥാന ലോട്ടറികളിൽ നിന്നുമുള്ള നികുതി വരുമാനവും

435 [4276] ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ലോട്ടറി ടിക്കറ്റ് കഴിഞ്ഞ വർഷം എന്തു തുകയ്ക്ക് വിറ്റു ;

(ബി) ഈ വർഷം ഇതുവരെ എന്തു തുകയ്ക്കുള്ള ടിക്കറ്റ് വിറ്റു; ഒരു വർഷം അതിൽ നിന്നുള്ള ലാഭമെത്രയാണെന്ന് വിശദമാക്കാമോ ;

(സി) ഒരു വർഷം സംസ്ഥാനത്ത് എന്തു തുകയ്ക്കുള്ള അന്യസംസ്ഥാന ലോട്ടറി ടിക്കറ്റുകൾ വിൽക്കപ്പെടുന്നുണ്ടെന്നും അതിൽനിന്നുള്ള നികുതി വരുമാനമെത്രയാണെന്നും വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2005-06 സാമ്പത്തിക വർഷത്തിൽ ആകെ 237.28 കോടി രൂപയ്ക്കുള്ള സംസ്ഥാന ഭാഗ്യക്കുറി ടിക്കറ്റുകൾ വിൽക്കപ്പെട്ടിട്ടുണ്ട്.

(ബി) ഈ വർഷം 30-9-2006 വരെ 110.30 കോടി രൂപയ്ക്കുള്ള ടിക്കറ്റുകൾ വില്പന നടത്തിയിട്ടുണ്ട്. 2005-06 സാമ്പത്തിക വർഷത്തിൽ 55.65 കോടി രൂപ ലാഭം ലഭിച്ചിട്ടുണ്ട്.

(സി) അന്യസംസ്ഥാന ലോട്ടറി ടിക്കറ്റ് വില്പനയുടെ കണക്ക് ലഭ്യമല്ല. ഭാഗ്യക്കുറി, ഒരു സാധാരണ നറുക്കെടുപ്പിന് 2.5 ലക്ഷം രൂപയും, ബംബർ നറുക്കെടുപ്പിന് 10 ലക്ഷം രൂപയുമാണ് നികുതി ഈടാക്കി വരുന്നത്. ഈ ഇനത്തിൽ ലഭിച്ച നികുതി വരുമാനം സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്.

കെ. എസ്. എഫ്. ഇ. യിലെ ചിട്ടികൾക്കുള്ള കമ്മീഷൻറേറ്റ്

436 [4277] ശ്രീ. യു. സി. രാമൻ:

" കെ. കുട്ടി അഹമ്മദ് കുട്ടി:

" അബ്ദുറഹിമാൻ രണ്ടത്താണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. എഫ്. ഇ. യിൽ മുമ്പന്റെ കമ്മീഷൻ റേറ്റ് ചെറിയ തുകയ്ക്കുള്ള ചിട്ടികൾക്കും വലിയ തുകയ്ക്കുള്ള ചിട്ടികൾക്കും ഒരുപോലെ ഈടാക്കുന്നതിനാൽ വലിയ തുകയ്ക്കുള്ള ചിട്ടികൾ പിടിക്കുന്നവർക്ക് വൻ തുക നഷ്ടമാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ വലിയ തുകയ്ക്കുള്ള ചിട്ടികൾക്കു മുമ്പന്റെ കമ്മീഷൻ റേറ്റ് കുറയ്ക്കുന്നതിന് തീരുമാനിക്കുമോ?

ഉത്തരം

(എ) 1975-ലെ കേരളാ ചിട്ടീസ് ആക്ട് നിഷ്കർഷിക്കുന്നതു പ്രകാരം ചെറിയ തുകയ്ക്കുള്ള ചിട്ടിക്കും വലിയ തുകയ്ക്കുള്ള ചിട്ടിക്കും ഒരേ നിരക്കിൽ തന്നെയാണ് മുമ്പൻ കമ്മീഷൻ പിരിക്കുന്നത്. അതായത് ചിട്ടി സലയുടെ 5 ശതമാനം വലിയ തുക ചിട്ടി പിടിക്കുന്നവർക്ക് വൻതുക നഷ്ടമാകുന്നതിന് ഈ രീതി ഇടയാക്കുന്നില്ല. കാരണം ചിട്ടിയിൽ നിന്നുള്ള ആനുകൂല്യങ്ങൾ വലിയ തുകയ്ക്കുള്ള ചിട്ടിയെന്നോ ചെറിയ തുകയ്ക്കുള്ള ചിട്ടിയെന്നോ വേർതിരിവ് കൂടാതെ തന്നെ എല്ലാ ചിറ്റാളന്മാർക്കും ഒരേ നിരക്കിൽ ലഭ്യമാകുന്നുണ്ട്.

(ബി) ഉത്തരം (എ) യിൽ പരാമർശിച്ച വസ്തുതകളാൽ വലിയ തുകയ്ക്കുള്ള ചിട്ടി കമ്മീഷൻറേറ്റ് കുറയ്ക്കുവാൻ നിർവ്വാഹമില്ല. കൂടാതെ കേരള സർക്കാരിന്റെചിട്ടി ആക്ട് ഭേദഗതിയിലൂടെയല്ലാതെ മുമ്പൻ കമ്മീഷന്റെ നിരക്ക് മാറ്റി നിശ്ചയിക്കുവാൻ കഴിയുന്നതുമല്ല.

## കേരള ഫിനാൻഷ്യൽ കോർപ്പറേഷനിലെ ശമ്പള പരിഷ്ക്കരണം

437 [4278] ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എഫ്. സി. ജീവനക്കാരുടെ ശമ്പളപരിഷ്ക്കരണ കരാറിന്റെ കാലാവധി എന്നാണ് അവസാനിച്ചത് ;

(ബി) കെ.എഫ്.സി. യുടെ ബോർഡ് സർക്കാരിന് സമർപ്പിച്ച ഇടക്കാലാശ്വാസ നിർദ്ദേശം അതുപോലെ നടപ്പിലാക്കാതിരിക്കാനുള്ള കാരണം എന്തെന്ന് വിശദമാക്കുമോ ;

(സി) കെ. എഫ്. സി. യിൽ ശമ്പള പരിഷ്ക്കരണം നടപ്പിലാക്കുന്നതുമൂലം സർക്കാരിന് എന്തെങ്കിലും സാമ്പത്തിക ബാദ്ധ്യതയുണ്ടോ ;

(ഡി) കെ. എഫ്. സി.—യിൽ എത്രയും വേഗം ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) കെ. എഫ്. സി. ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണ കരാറിന്റെ കാലാവധി 30-6-2001-ൽ അവസാനിച്ചു.

(ബി) ശമ്പളപരിഷ്കരണത്തിൻമേൽ തീരുമാനം ആകാത്തതിനാൽ സർക്കാർ നിരക്കിൽ ഇടക്കാലാശ്വാസം നൽകാൻ തീരുമാനമായി.

(സി) കെ. എഫ്. സി.-യിൽ ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതുമൂലം നേരിട്ട് സർക്കാരിന് സാമ്പത്തിക ബാദ്ധ്യതയില്ല.

(ഡി) ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

## കേരള ധനകാര്യ കോർപ്പറേഷൻ നൽകിയ വായ്പകളിലുള്ള കുടിശ്ശിക

438 [4279] ശ്രീ. ബാബു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ധനകാര്യ കോർപ്പറേഷൻ നൽകിയിട്ടുള്ള വായ്പകളിൽ നാളിതു വരെയുള്ള കുടിശ്ശിക എത്രയാണ് ;

(ബി) കുടിശ്ശിക നിവാരണത്തിനായി എന്തെല്ലാം ആനുകൂല്യങ്ങളാണ് കുടിശ്ശികക്കാർക്ക് നൽകാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2006 ഒക്ടോബർ 1 അനുസരിച്ചുള്ള കുടിശ്ശിക 1,577.64 കോടി രൂപ ആണ്.

(ബി) താഴെ വിവരിക്കുന്ന ആനുകൂല്യങ്ങൾ നിലവിലുണ്ട്.

1. പലിശയും മുതലും കുടിശ്ശികയുള്ള വായ്പകൾക്ക് പലിശയുടെ 50 % അടയ്ക്കുകയാണെങ്കിൽ ഉയർന്ന പലിശ നിരക്ക് 12 ½ % + 2 % (പിഴപ്പലിശ) ആയി കുറവ് ചെയ്യുകയും മുതൽ അടവിന് കാലാവധി ദീർഘിപ്പിച്ച് തവണകൾ പുനഃനിർണ്ണയം ചെയ്യാറുമുണ്ട്.

2. മുതൽ മാത്രം കുടിശ്ശികയുള്ള വായ്പകൾക്ക് കാലാവധി ദീർഘിപ്പിച്ച് തവണകൾ പുനഃനിർണ്ണയം ചെയ്യാറുണ്ട്.

3. പീഡിത വ്യവസായ യൂണിറ്റാണെങ്കിൽ, അതിന്റെ പ്രവർത്തന ക്ഷമതയും ഭാവിയിലെ തിരിച്ചടവിനുള്ള കഴിവും പരിഗണിച്ച് നിലവിലുള്ള പലിശ ഫണ്ട് ചെയ്ത് തിരിച്ചടവിന് കാലാവധി അനുവദിക്കാറുണ്ട്. മുതൽ അടയ്ക്കുവാൻ കാലാവധി നീട്ടികൊടുക്കാറുണ്ട്.

4. വായ്പ തിരിച്ചടയ്ക്കാൻ നിർവ്വാഹമില്ലാത്ത യൂണിറ്റുകൾക്ക് ഒ.റ്റി.എസ്സ്. പ്രകാരം അക്കൗണ്ട് അടച്ചു തീർക്കാനും ആനുകൂല്യങ്ങൾ നൽകുന്നുണ്ട്. നിലവിലുള്ള ഒ.റ്റി.എസ്സ്. പോളിസി പ്രകാരം RBI, SIDBI, Yield ആസ്തി എന്നീ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം പരമാവധി ആനുകൂല്യങ്ങൾ അനുവദിക്കാറുണ്ട്. ഈ ആനുകൂല്യം 2006 ഡിസംബർ 15 വരെ അഡ്വാൻസ് അടച്ച് അപേക്ഷ നൽകുന്ന യോഗ്യതയുള്ള യൂണിറ്റുകൾക്ക് ലഭ്യമാണ്. പിഴപ്പലിശ ഈടാക്കുന്നുണ്ടെങ്കിൽ അതിന്റെ ഒരു ഭാഗം അർഹത പരിഗണിച്ച് ഇളവ് ചെയ്തു കൊടുക്കാറുണ്ട്.

## കാർഷിക നയം

439 [4280] ശ്രീ. ടി. എൻ. പ്രതാപൻ :

„ തേറമ്പിൽ രാമകൃഷ്ണൻ :

„ കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉയർന്ന പലിശ ഈടാക്കുന്ന ബ്ലേഡ് കമ്പനികൾ, വട്ടിപ്പലിശക്കാർ, ബാങ്കുകൾ എന്നിവയിൽ നിന്നും സംസ്ഥാനത്തെ കർഷകരെ രക്ഷിക്കുവാൻ എന്തെങ്കിലും പരിപാടിയുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) കാർഷിക രംഗത്ത് അഭിവൃദ്ധിയും കർഷകന് ക്ഷേമവും പ്രദാനം ചെയ്യുന്ന കാർഷിക നയത്തിന് രൂപം നൽകാനുദ്ദേശമുണ്ടോ ; എങ്കിൽ പ്രസ്തുത നയം എപ്പോൾ പ്രഖ്യാപിക്കാനാകുമെന്ന് അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇവയിൽ നിന്നും കർഷകരെ രക്ഷിക്കുക എന്ന ഉദ്ദേശത്തോടെ അർദ്ധ ജുഡീഷ്യൽ അധികാരത്തോടുകൂടിയ കാർഷിക കടാശ്വാസ കമ്മീഷൻ രൂപീകരിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) കർഷക സംഘടനകളും വിദഗ്ധരും സാമൂഹ്യ രാഷ്ട്രീയ സംഘടനകളുമായി ചർച്ച നടത്തി കാർഷികനയം രൂപീകരിക്കുന്ന കാര്യം പരിഗണനയിലാണ്.

കാർഷിക വ്യാപന പരിപാടി

440 [4281] ശ്രീ. എം. വി. ശ്രേയാംസ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കാർഷിക വ്യാപന പരിപാടിയിൽ വ്യാപന പരിഷ്ക്കാരങ്ങൾക്ക് സഹായം എന്ന പുതിയ പദ്ധതിയുടെ നാളിതുവരെയുള്ള നടത്തിപ്പ് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ പദ്ധതി പ്രകാരം നടപ്പുവർഷം വയനാട് ജില്ലയിൽ ചെലവഴിച്ച തുകയുടെ വിശദാംശം നൽകാമോ;

(സി) ഈ പദ്ധതി പ്രകാരം വായ്പ സഹായമുള്ള മാതൃകാ പദ്ധതികൾ തയ്യാറാക്കുന്നത് സംബന്ധിച്ച് നാളിതുവരെയുള്ള പ്രവർത്തനം എന്താണെന്ന് അറിയിക്കാമോ?

ഉത്തരം

(എ), (ബി) & (സി) "സംസ്ഥാന കാർഷികവ്യാപന പരിപാടിയിൽ വ്യാപന പരിഷ്ക്കാരങ്ങൾക്ക് സഹായം" എന്ന പുതിയ പദ്ധതി കേന്ദ്ര സർക്കാർ സഹായത്തോടെ തിരുവനന്തപുരം, ആലപ്പുഴ, ഇടുക്കി, പാലക്കാട്, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിൽ നടപ്പിലാക്കിവരുന്നു. 2005-06-ൽ കേന്ദ്രം അനുവദിച്ച 80 ലക്ഷം രൂപ പദ്ധതി നടത്തിപ്പിനായി വിനിയോഗിച്ചുവരുന്നു. ഈ പദ്ധതി പ്രകാരം വയനാട് ജില്ലയിൽ നടപ്പു വർഷം 49,013 രൂപ ചെലവഴിച്ചിട്ടുണ്ട്. അതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | | |
|---|---|---|
| ഓറിയന്റേഷൻ വർക്ക് ഷോപ്പ് | .. | 10,000 രൂപ |
| പരിസ്ഥിതി ടീം ട്രെയിനിംഗ് | .. | 30,000 രൂപ |
| യാത്രാബത്ത | .. | 9013 രൂപ |
| ആകെ | | 49,013 രൂപ |



LIBRARY ARCHIVES Kerala Legislative Assembly

പ്രധാനമന്ത്രിയുടെ പ്രത്യേക പുനരുദ്ധാരണ പാക്കേജിന്റെ ഭാഗമായിട്ടാണ് കാസർഗോഡ് ജില്ലയെ പുതുതായി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിന്റെ ഭാഗമായി കാസർഗോഡ് ജില്ലയ്ക്ക് പുറമേ പാലക്കാട്, വയനാട് എന്നീ ജില്ലകളെക്കൂടി ഉൾപ്പെടുത്തി നടപ്പുവർഷം 131.53 ലക്ഷം രൂപയുടെ വ്യാപന പ്ലാൻ നടപ്പിലാക്കുന്നതിനുള്ള പദ്ധതി അനുമതിക്കായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

## ജൈവകൃഷി പ്രോത്സാഹനം

441 [4282] ശ്രീ. എം. വി. ശ്രേയാംസ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവകൃഷിക്കുള്ള പ്രോത്സാഹനം എന്ന പദ്ധതിയിനത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം കൽപ്പറ്റ നിയോജക മണ്ഡലത്തിൽ ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇക്കാര്യത്തിൽ സ്പൈസസ് ബോർഡു മുഖാന്തിരം നടപ്പിലാക്കിയ പരിപാടികളുടെ വിശദാംശം എന്താണ്;

(സി) ഈ പദ്ധതിയിനത്തിൽ വയനാട് ജില്ലയിൽ ഇക്കോഷോപ്പ് ആരംഭിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഈ വർഷം ഇക്കോഷോപ്പ് തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

## ഉത്തരം

(എ) ജൈവകൃഷിക്കുള്ള പ്രോത്സാഹനം എന്ന പദ്ധതിയിനത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം കൽപ്പറ്റ നിയോജക മണ്ഡലത്തിൽ ചെലവഴിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1. കുരുമുളക് കൃഷി 1-ാം വർഷം 100 ഹെക്ടർ | .. | 3,90,000 രൂപ |
| 2. കുരുമുളക് കൃഷി 2-ാം വർഷം 250 ഹെക്ടർ | .. | 3,62,500 രൂപ |
| 3. കുരുമുളക് കൃഷി 3-ാം വർഷം 50 ഹെക്ടർ | .. | 50,000 രൂപ |
| 4. പച്ചക്കറി കൃഷി 10 ഹെക്ടർ | .. | 1,00,000 രൂപ |
| 5. വാഴ കൃഷി 100 ഹെക്ടർ | .. | 1,50,000 രൂപ |
| 6. കോമൺഫെസിലിറ്റി സെന്റർ 1 എണ്ണം | .. | 25,000 രൂപ |
| ആകെ | | 10,77,500 രൂപ |

LIBRARY ARCHIVES Kerala Legislative Assembly

(ബി) കൽപ്പറ്റ നിയോജക മണ്ഡലത്തിൽ മാത്രമായി ജൈവകൃഷി പ്രോൽസാഹനത്തിനായി ചിലവാക്കിയ തുകയുടെ വിശദാംശങ്ങൾ ബോർഡിൽ ലഭ്യമല്ല. ബോർഡ് വയനാട് ജില്ലയിൽ 3.25 ലക്ഷം രൂപ 2005-2006 വർഷത്തിൽ ജൈവ കൃഷിയുടെ പുരോഗമന പരിപാടികൾക്കായി ചെലവാക്കിയിട്ടുണ്ട്. താഴെപ്പറയുന്ന കാര്യങ്ങൾ ബോർഡ് 2005-06-ൽ നടപ്പിലാക്കിയിട്ടുണ്ട്.

(1) ഓർഗാനിക് സർട്ടിഫിക്കേഷനു വേണ്ടി ധനസഹായം— രണ്ട് എൻ.ജി.ഒ.-ന് 54,000 രൂപ

(2) മണ്ണിര കമ്പോസ്റ്റ് ഉൽപ്പാദനം :— 261 യൂണിറ്റ്— 2,61,000 രൂപ

(3) പരിശീലന പരിപാടികൾ

(എ) കർഷക പരിശീലനപരിപാടി— 3 എണ്ണം.

(ബി) മാസ്റ്റർ പരിശീലന പരിപാടി സംസ്ഥാന വകുപ്പിലെ ഉദ്യോഗസ്ഥർക്ക്— 1 എണ്ണം

(സി) ഉണ്ട്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

## കൃഷി വകുപ്പിന്റെ പദ്ധതി

442 [4283] ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷിവകുപ്പ് ഈ വർഷം എത്ര പദ്ധതികളാണ് നടപ്പാക്കുവാനുദ്ദേശിച്ചിട്ടുള്ളത് ;

(ബി) ഇതിൽ കേന്ദ്രാവിഷ്കൃതമായവയും അല്ലാത്തവയും എത്രയാണെന്നും ഏതൊക്കെയാണെന്നും അറിയിക്കുമോ ;

(സി) പഞ്ചായത്തുകൾ മുഖേനയല്ലാതെ കൃഷിവകുപ്പ് നേരിട്ടുനടപ്പാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ് ;

(ഡി) ഈ പദ്ധതികളുടെ നിർവ്വഹണം കൃഷിവകുപ്പ് തന്നെയാണോ നടത്തുന്നത് ;

(ഇ) ഈ പദ്ധതികളുടെ ഗുണഭോക്താക്കളെ കണ്ടെത്തുന്നത് കൃഷിവകുപ്പ് നേരിട്ടുതന്നെയാണെന്നുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

## ഉത്തരം

(എ) കൃഷി വകുപ്പ് ഈ വർഷം 46 കാർഷിക വികസന പദ്ധതികളാണ് നടപ്പിലാക്കുവാനുദ്ദേശിച്ചിട്ടുള്ളത്. സോയിൽ സർവ്വേ വിഭാഗം പ്ലാൻ ശീർഷകത്തിൽ 5 പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. മണ്ണുസംരക്ഷണ വിഭാഗം 2006-2007 സാമ്പത്തിക വർഷം 69 പദ്ധതികൾ നടപ്പിലാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കൃഷി വകുപ്പ് 31 സംസ്ഥാനാവിഷ്കൃത പദ്ധതികളും 15 കേന്ദ്രാവിഷ്കൃത പദ്ധതികളും നടപ്പിലാക്കുന്നു. പദ്ധതികളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു. †

സോയിൽ സർവ്വേ വിഭാഗം 4 സംസ്ഥാനാവിഷ്കൃത പദ്ധതികളും 1 കേന്ദ്രാവിഷ്കൃത പദ്ധതിയും നടപ്പിലാക്കുന്നു. കേന്ദ്രാവിഷ്കൃത പദ്ധതി (1) പശ്ചിമഘട്ട വികസന പദ്ധതിയുടെ കീഴിൽ വരുന്ന പ്രദേശങ്ങളുടെ സമഗ്രവിഭവ പര്യവേഷണം സംസ്ഥാനാവിഷ്കൃത പദ്ധതികൾ (4)

(1) ലാബോറട്ടറീസ്

(2) മണ്ണുപര്യവേഷണ ഉദ്യോഗസ്ഥർക്ക് പരിശീലനം

(3) സോയിൽ ഇൻഫർമാറ്റിക്സ് ആന്റ് പബ്ലിക്കേഷൻ സെൽ

(4) കേരളത്തിലെ പ്രധാന നെൽകൃഷി മേഖലകളിലെ മണ്ണുപരിവേഷണം

മണ്ണ് സംരക്ഷണ വിഭാഗം നേരിട്ട് 6 സംസ്ഥാനാവിഷ്കൃത പദ്ധതികളും 2 കേന്ദ്രാവിഷ്കൃത പദ്ധതികളും നടപ്പിലാക്കിവരുന്നു. പഞ്ചായത്ത് മുഖേന 61 പദ്ധതികൾ നടപ്പിലാക്കി വരുന്നു.

<u>സംസ്ഥാനാവിഷ്കൃത് പദ്ധതികൾ (6)</u>

(1) നീർമറി അടിസ്ഥാനത്തിലുള്ള മണ്ണുജലസംരക്ഷണ പദ്ധതി (ആർ. ഐ. ഡി. എഫ്.)

(2) ശുദ്ധ ജലസംഭരണികളുടെ വൃഷ്ടി പ്രദേശത്തെ മണ്ണുസംരക്ഷണ പദ്ധതി

(3) മണ്ണിടിച്ചിലുള്ള പ്രദേശങ്ങളുടെ ബലപ്പെടുത്തൽ

(4) ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥർക്കുള്ള പരിശീലന പരിപാടി

(5) ഡിപ്പാർട്ട്മെന്റിന്റെ കമ്പ്യൂട്ടർവൽക്കരണം

(6) യഥാസമയ നിരീക്ഷണവും വിലയിരുത്തലും

<u>കേന്ദ്രാവിഷ്കൃത പദ്ധതികൾ (2)</u>

(1) കബനീ നദീതട സംരക്ഷണ പദ്ധതി

(2) ദേശീയ നീർമറി വികസന പദ്ധതി

(സി) മുകളിൽ സൂചിപ്പിച്ച പദ്ധതികൾ എല്ലാം തന്നെ കൃഷിവകുപ്പും സോയിൽ സർവ്വേ വിഭാഗവും മണ്ണു സംരക്ഷണ വിഭാഗവും നേരിട്ടാണ് നടപ്പാക്കുന്നത്.

(ഡി) അതെ

(ഇ) കൃഷി വകുപ്പ് നേരിട്ട് നടപ്പിലാക്കുന്ന പദ്ധതികളുടെ ഗുണഭോക്താക്കളെ കണ്ടെത്തുന്നത് കൃഷി വകുപ്പ് തന്നെയാണ്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## ദേശീയ കാർഷിക ഇൻഷ്വറൻസ് പദ്ധതി

443 [4284] ശ്രീ. എം. വി. ശ്രേയാംസ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ കാർഷിക ഇൻഷ്വറൻസ് പദ്ധതിയിൽ വയനാട് ജില്ലയിലെ എത്ര പേർ അംഗങ്ങളാണ്;

(ബി) ഇതിൽ ചെറുകിട നാമമാത്ര കർഷകർ എത്ര;

(സി) ഈ പദ്ധതിയിൽ കഴിഞ്ഞ സാമ്പത്തിക വർഷം ജില്ലയിൽ ചെലവഴിച്ച തുക എത്ര;

(ഡി) ചെലവഴിച്ച തുക സംസ്ഥാനത്തെ ആകെ ചെലവിന്റെ എത്ര ശതമാനമാണ്;

(ഇ) ദേശീയ കാർഷിക ഇൻഷ്വറൻസ് പദ്ധതിയിൽ തോട്ടവിളകളേയും നാണ്യ വിളകളേയും ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ദേശീയ കാർഷിക ഇൻഷ്വറൻസ് പദ്ധതിയിൽ 2005-06 സാമ്പത്തിക വർഷത്തിൽ വയനാട് ജില്ലയിലെ 430 പേർ വിളകൾ ഇൻഷ്വർ ചെയ്ത് അംഗങ്ങളായി ചേർന്നിട്ടുണ്ട്.

(ബി) മേൽപ്പറഞ്ഞ 430 പേരും ചെറുകിട നാമമാത്ര കർഷകരാണ്.

(സി & ഡി) വയനാട് ജില്ലയിലെ 430 കർഷകരും വാർഷിക ഹോർട്ടികൾച്ചറൽ വിളകൾക്കാണ് ഇൻഷ്വർ ചെയ്തിരുന്നത്. ആയതിന്റെ ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ഇൻഷ്വറൻസ് കമ്പനി പൂർത്തീകരിക്കുന്ന മുറയ്ക്കേ കണക്കുകൾ ലഭ്യമാകുകയുള്ളൂ.

(ഇ) നടപടി സ്വീകരിച്ചുവരുന്നു.

## ജില്ലാ കൃഷിഫാമുകൾ

444 [4285] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജില്ലാ കൃഷി ഫാമുകൾ ഉൾപ്പെടെ ഗവൺമെന്റ് ഉടമസ്ഥതയിലുള്ള മുഴുവൻ കൃഷി ഫാമുകളും ലാഭകരമായി പ്രവർത്തിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) ആലപ്പുഴ ജില്ലയിലെ തഴക്കര കൃഷി ഫാം പുനരുദ്ധരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) ഇത്തരം ഫാമുകളിൽ കാർഷിക ഉത്സവങ്ങൾ, കാർഷിക ബോധവൽക്കരണ പരിപാടികൾ, മുന്തിയ ഇനം വിത്തുകളുടെ വിതരണ കേന്ദ്രം എന്നിങ്ങനെയുള്ള പരിപാടികൾ സംഘടിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ മുഴുവൻ കൃഷി ഫാമുകളുടേയും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നിരവധി പദ്ധതികൾ ആവിഷ്ക്കരിച്ചുവരുന്നു. ജില്ലാ പഞ്ചായത്തിന്റെ മേൽനോട്ടത്തിലുള്ള ഫാമുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് 2002-03 മുതൽ 5 വർഷത്തേക്ക് നടപ്പിലാക്കേണ്ട വികസന പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഓരോ ഫാമിനും പെർസ്പെക്ടീവ് മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും ഫണ്ടിന്റെ ലഭ്യതയും മുൻഗണനാക്രമവും അനുസരിച്ച് പദ്ധതി നടപ്പിലാക്കിവരികയും ചെയ്യുന്നു. കൂടാതെ ബനാന നഴ്സറി, പെരിങ്ങമ്മല, ജില്ലാ കൃഷിത്തോട്ടം, അഞ്ചൽ, മാവേലിക്കര, വിത്തുകൃഷിത്തോട്ടം, മുണ്ടേരി എന്നീ ഫാമുകൾ തെരഞ്ഞെടുത്ത് അവ ലാഭകരമാക്കുന്നതിനുള്ള പ്രത്യേക പദ്ധതികളും തയ്യാറാക്കിവരുന്നു. ഫാമുകളുടെ പ്രവർത്തനം പരിശോധിച്ച് കാർഷികമേഖലയ്ക്കും കേരളത്തിന്റെ പ്രത്യേക ആവശ്യങ്ങൾക്കും ഉതകുന്നതരത്തിൽ പുനഃസംവിധാനം ചെയ്യുന്നതിനും ഗവൺമെന്റ് ആലോചിക്കുന്നതാണ്.

(ബി) ആലപ്പുഴ ജില്ലയിലെ തഴക്കര കൃഷി ഫാം പുനരുദ്ധരിക്കുന്നതിന് ജില്ലാ പഞ്ചായത്ത് പദ്ധതിയിൽ ഉൾപ്പെടുത്തി 7,91,101 രൂപയുടെ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ RIDF-ൽ ഉൾപ്പെടുത്തി 37 ലക്ഷം രൂപയുടെ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

(സി) ഫാമുകളിൽ കാർഷിക ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നു. ഫാമുകളിൽ ഉല്പാദിപ്പിക്കുന്ന മുന്തിയ ഇനം വിത്തുകളുടെ വിതരണ കേന്ദ്രമായും ഫാമുകൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ ജില്ലയിലെ എല്ലാ കാർഷിക മേളകളിലും ഫാമിന്റെ സാന്നിദ്ധ്യം ഉണ്ടാകാറുണ്ട്. ഫാമിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്ന കാര്യം സജീവ പരിഗണനയിലാണ്.

ഫാം കാർഡ്

445 [4286] ശ്രീ. എൻ. രാജൻ :

,, എ. കെ. ചന്ദ്രൻ :

,, എൻ. അനിരുദ്ധൻ :

ശ്രീമതി ഇ. എസ്. ബിജി മോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കർഷകർക്ക് ഫാം കാർഡ് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഫാം കാർഡ് നൽകുന്നതിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഫാം കാർഡിൽ എന്തെല്ലാം വിവരങ്ങളാണ് രേഖപ്പെടുത്താൻ ഉദ്ദേശിച്ചിട്ടുള്ളതെന്നും ഈ കാർഡ് എപ്പോൾ മുതൽ നൽകിത്തുടങ്ങുമെന്നും വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) ഇതിനുള്ള നിർദ്ദേശങ്ങൾ ക്രോഡീകരിച്ചു വരുന്നു. നടപടിക്രമങ്ങൾ പൂർത്തിയായാലുടൻ തന്നെ ഫാം കാർഡുകൾ വിതരണം ചെയ്തു തുടങ്ങുന്നതാണ്.

## ഒരു ലക്ഷം യുവകർഷക പദ്ധതി

446 [4287] ശ്രീ. എൻ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരു ലക്ഷം യുവകർഷക പദ്ധതിയിൽ എത്ര യുവാക്കൾ അംഗങ്ങളായി ചേർന്നിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) ഈ പദ്ധതിയ്ക്കുവേണ്ടി എത്ര കോടി രൂപയാണ് പിരിച്ചെടുത്തത്; ഇപ്പോൾ ഈ പദ്ധതിയ്ക്കായി നിലവിലുള്ള ഫണ്ട് എത്രയാണെന്ന് വ്യക്തമാക്കാമോ ;

(സി) ഇതിനകം എത്രപേർക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ ;

(ഡി) ഈ പദ്ധതി വിപുലപ്പെടുത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ എന്തെല്ലാം പദ്ധതികളാണ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(എഫ്) ഈ പദ്ധതിയുടെ നടത്തിപ്പിനായി എത്ര ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ട്; അവരുടെ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഒരു ലക്ഷം യുവകർഷക പദ്ധതിയിൽ 98861 യുവതീയുവാക്കൾ അംഗങ്ങളായി ചേർന്നിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1. തിരുവനന്തപുരം | — | 9759 |
| 2. കൊല്ലം | — | 7243 |
| 3. പത്തനംതിട്ട | — | 5535 |
| 4. ആലപ്പുഴ | — | 7509 |
| 5. കോട്ടയം | — | 7245 |
| 6. ഇടുക്കി | — | 5123 |

LIBRARY ARCHIVES Kerala Legislative Assembly

| | | |
|---|---|---|
| 7. എറണാകുളം | — | 8825 |
| 8. തൃശ്ശൂർ | — | 10077 |
| 9. പാലക്കാട് | — | 7530 |
| 10. കോഴിക്കോട് | — | 7072 |
| 11. മലപ്പുറം | — | 8640 |
| 12. വയനാട് | — | 2646 |
| 13. കണ്ണൂർ | — | 8312 |
| 14. കാസർഗോഡ് | — | 3345 |
| ആകെ | — | 98861 |

(ബി) സംസ്ഥാന സർക്കാരിന്റെ വിഹിതമായ 14 കോടി രൂപയും യുവജനങ്ങളുടെ പദ്ധതി വിഹിതമായ 10,41,98,508 രൂപയും പദ്ധതിയുടെ ആരംഭത്തിൽ പിരിച്ചെടുത്ത് ഇപ്പോൾ പലിശയടക്കം ഏകദേശം 59 കോടി രൂപ പദ്ധതിക്കായി നിലവിലുണ്ട്.

(സി) പദ്ധതിയുടെ ആനുകൂല്യം ലഭിച്ചവരുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1. തിരുവനന്തപുരം | — | 73 |
| 2. കൊല്ലം | — | 55 |
| 3. പത്തനംതിട്ട | — | 23 |
| 4. ആലപ്പുഴ | — | 47 |
| 5. കോട്ടയം | — | 46 |
| 6. ഇടുക്കി | — | 54 |
| 7. എറണാകുളം | — | 67 |
| 8. തൃശ്ശൂർ | — | 66 |
| 9. പാലക്കാട് | — | 53 |
| 10. കോഴിക്കോട് | — | 47 |
| 11. മലപ്പുറം | — | 68 |
| 12. വയനാട് | — | 27 |
| 13. കണ്ണൂർ | — | 70 |
| 14. കാസർഗോഡ് | — | 23 |
| ആകെ | — | 719 |

(ഡി) ഉണ്ട്.

(ഇ) പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളവർക്കുവേണ്ടി കൃഷി, അനുബന്ധ മേഖലകൾ എന്നിവയുമായി ബന്ധപ്പെടുത്തി പുതിയ പദ്ധതിയ്ക്ക് രൂപം നൽകി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) 91 ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ട്. അവരുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| കൃഷി ജോയിന്റ് ഡയറക്ടർ | — | 1 |
| കൃഷി ഡെപ്യൂട്ടി ഡയറക്ടർ | — | 14 |
| ജൂനിയർ സൂപ്രണ്ട് | — | 15 |
| ക്ലാർക്ക് | — | 30 |
| ടൈപ്പിസ്റ്റ് | — | 15 |
| പ്യൂൺ | — | 15 |
| കമ്പ്യൂട്ടർ ഓപ്പറേറ്റർ | — | 1 |
| ആകെ | — | 91 |

## വാട്ടർ ഷെഡ് പദ്ധതി

447 [4288] ശ്രീ. പള്ളിപ്രം ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജകമണ്ഡലത്തിൽ വാട്ടർ ഷെഡ് പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നറിയിക്കാമോ;

(ബി) ഏതൊക്കെ അപേക്ഷകളിന്മേലാണ് അനുകൂല തീരുമാനമുണ്ടായിട്ടുള്ളതെന്നും പദ്ധതി നടപ്പിലാക്കാനായി ഏതൊക്കെ മേഖലകളാണ് തെരഞ്ഞെടുത്തതെന്നും അറിയിക്കാമോ;

(സി) പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

### ഉത്തരം

(എ) നാദാപുരം നിയോജകമണ്ഡലത്തിന്റെ കീഴിൽ തൊട്ടിൽപ്പാലം കൃഷിഭവന്റെ പരിധിയിൽ വരുന്ന കരങ്ങാട് വാട്ടർ ഷെഡ് പദ്ധതിപ്രകാരം 2005-06-ൽ 119 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. കൂടാതെ വാളാംതോട് വാട്ടർഷെഡ് പദ്ധതിപ്രകാരം വാണിയമൽ കൃഷിഭവൻവഴി സെപ്റ്റംബർ 2006 മുതൽ അപേക്ഷകൾ സ്വീകരിച്ചു തുടങ്ങി.

(ബി) കരിങ്ങാട് വാട്ടർ ഷെഡ് പദ്ധതിപ്രകാരം 11 ഗുണഭോക്താക്കൾക്ക് 41,136 രൂപ തൊട്ടിൽപ്പാലം കൃഷിഭവൻ മുഖേന വിതരണം നടത്തിക്കഴിഞ്ഞു. ബാക്കി അപേക്ഷകർക്ക് പണിചെയ്തു കഴിയുന്ന മുറയ്ക്ക് ധനസഹായം നൽകുന്നതാണ്. കരിങ്ങാട് തോടിന്റെ ഇരുവശവും ചേർന്ന കരിങ്ങാട്ട് മല ഉൾപ്പെടുന്ന 1025 ഹെക്ടർ സ്ഥലമാണ് കരിങ്ങാട്ട് വാട്ടർഷെഡ് മേഖല. കൂടാതെ വാളാംതോട് വാട്ടർഷെഡ്

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതിയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ കർഷകർക്ക് നൽകി കഴിഞ്ഞു. ഈ വാട്ടർ ഷെഡിന്റെ കീഴിൽ തൂണേരി ബ്ലോക്കിൽ വാണിമേൽ പഞ്ചായത്തിലെ വാളാംതോട്, ചിറ്റാരിമല, മലയങ്ങാട്ട് മല എന്നിവ ഉൾപ്പെടുന്ന 300 ഹെക്ടർ ഉണ്ട്.

(സി) കരിങ്ങാട്ട് വാട്ടർഷെഡ് പദ്ധതിപ്രകാരം കല്ല് കയ്യാല, പാർശ്വഭിത്തി നിർമ്മാണം, കുളങ്ങൾ, നീരുറവ സംഭരണി, മഴക്കുഴികൾ മുതലായ പ്രവർത്തനങ്ങൾക്കുവേണ്ടി 14,11,352 രൂപ വകയിരുത്തിയിട്ടുണ്ട്. വാളാംതോട് വാട്ടർഷെഡ് പദ്ധതി പ്രകാരം കല്ല് കയ്യാല, മണ്ണ് കയ്യാല, സസ്യജാലപ്രവർത്തനങ്ങൾ എന്നിവയ്ക്കായി 11,24,750 രൂപ വകകൊള്ളിച്ചിട്ടുണ്ട്.

## വാണിജ്യാടിസ്ഥാനത്തിൽ പച്ചക്കറി

448 [4289] ശ്രീ. എ. എ. അസീസ് :

" കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വാണിജ്യാടിസ്ഥാനത്തിൽ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തൊക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) ഇതിനായി എത്ര പഞ്ചായത്തുകളിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്;

(സി) എന്തൊക്കെ പദ്ധതികളാണ് ഇതിനായി ആവിഷ്കരിച്ചിട്ടുള്ളത്;

(ഡി) വാണിജ്യാടിസ്ഥാനത്തിൽ പച്ചക്കറി കൃഷി പ്രോൽസാഹിപ്പിക്കുന്ന പദ്ധതിപ്രകാരം കഴിഞ്ഞ ഓണക്കാലത്ത് പച്ചക്കറി ഉല്പാദനത്തിൽ എന്തു വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്ന് വിശദീകരിക്കുമോ?

## ഉത്തരം

(എ) പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് 2001-ൽ നിലിവിൽ വന്ന വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന്റെ പ്രവർത്തനം 14 ജില്ലകളിലേക്കും വ്യാപിപ്പിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട കേരള ഹോർട്ടികൾച്ചറൽ പ്രോഡക്ട്സ് ഡവലപ്മെന്റ് കോർപ്പറേഷനും പദ്ധതികൾ തയ്യാറാക്കിവരുന്നു.

(ബി) 471 പഞ്ചായത്തുകളിൽ പദ്ധതി നടപ്പിലാക്കിവരുന്നു.

(സി) 14 ജില്ലകളിലായി പഴം, പച്ചക്കറി കർഷകരുടെ സ്വാശ്രയ സംഘങ്ങൾ രൂപീകരിച്ച് ഇവയെ കേന്ദ്രീകരിച്ച് വികസന പദ്ധതികൾ നടപ്പാക്കുന്നു. വിവിധ പരിശീലന പരിപാടികൾ വഴിയും വി. എഫ്. പി. സി. കെ. ഉദ്യോഗസ്ഥർ സ്ഥിരമായി കൃഷിയിടങ്ങൾ സന്ദർശിച്ചും പഴം, പച്ചക്കറി കൃഷിക്കാർക്ക് വേണ്ട സാങ്കേതിക ഉപദേശങ്ങൾ നൽകുന്നു. ഗുണമേന്മയുള്ള പച്ചക്കറിവിത്തുകളും ടിഷ്യൂകൾച്ചർ വാഴകളും

LIBRARY ARCHIVES Kerala Legislative Assembly

ഉല്പാദിപ്പിച്ച് യഥാസമയം കർഷകർക്ക് എത്തിക്കുന്നു. കർഷകർക്ക് ന്യായവില ലഭിക്കുന്നതിനുവേണ്ടി സ്വാശ്രയ കർഷകവിപണികൾ രൂപീകരിച്ച് അവയ്ക്ക് സ്ഥലവും കെട്ടിടവും ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ നൽകുന്നു. സംസ്ഥാനത്ത് മൊത്തം 197 വിപണികൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വി. എഫ്. പി. സി. കെ. വിവിധ ബാങ്കുകളുമായി സഹകരിച്ച് കർഷകർക്ക് വർഷംതോറും 54 കോടി രൂപയുടെ വായ്പാ സൗകര്യം ലഭ്യമാക്കുന്നു. ഇൻഷ്വറൻസ് കമ്പനിയുമായി സഹകരിച്ച് കർഷകർക്കും വിളകൾക്കും ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നു. കൃത്യമായി ബാങ്ക് വായ്പ തിരിച്ചടയ്ക്കുന്ന കർഷകർക്ക് പലിശയിൽ 2% ഇളവ് വി.' എഫ്. പി. സി. കെ. അനുവദിക്കുന്നുണ്ട്. ഹോർട്ടികോർപ്പിന്റെ പദ്ധതിപ്രകാരം കർഷക കൂട്ടായ്മകൾ രൂപവൽക്കരിച്ച് അവർക്ക് കൃഷി സംബന്ധമായ സാങ്കേതിക വിജ്ഞാനം നൽകുവാനും കോർപ്പറേഷന്റെ ആവശ്യം അനുസരിച്ച് പ്രസ്തുത കൂട്ടായ്മകളിൽ നിന്ന് പഴം-പച്ചക്കറി ഉൽപ്പന്നങ്ങൾ നിശ്ചിത വിലയ്ക്ക് വാങ്ങാനും ഉള്ള പദ്ധതി ഹോർട്ടികോർപ്പ് ആവിഷ്കരിച്ചിട്ടുണ്ട്.

(ഡി) വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിലിന്റെ പ്രവർത്തനങ്ങൾമൂലം കഴിഞ്ഞ ഓണക്കാലത്ത് പച്ചക്കറി ഉൽപ്പാദനത്തിൽ ഏകദേശം 25% ത്തോളം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

## പച്ചക്കറി കൃഷി

449 [4290] ശ്രീ. എൻ രാജൻ :

" എൻ അനിരുദ്ധൻ :

" വി. എസ്. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആവശ്യമായി വരുന്ന പച്ചക്കറികളിൽ ഏറിയ പങ്കും മറ്റു സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്നതാണെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നമുക്കാവശ്യമായ പച്ചക്കറി സംസ്ഥാനത്തുതന്നെ ഉല്പാദിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) വാഴ, പൈനാപ്പിൾ എന്നീ വിളകളെ ഉൾപ്പെടുത്തി കൃഷി വകുപ്പ് നടപ്പാക്കി വരുന്ന പദ്ധതികൾ ഏതെല്ലാം; ഇവ തുടരുന്നതിനുദ്ദേശിക്കുന്നുണ്ടോ; ഈ പദ്ധതികൾമൂലം കൃഷിക്കാർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിവരുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് വിറ്റഴിക്കുന്ന ജൈവരാസവളങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) കൃഷി വകുപ്പിനെ അഴിമതി വിമുക്തമാക്കുന്നതിന് നിലവിലുണ്ടായിരുന്ന സംവിധാനങ്ങൾ എന്തെല്ലാം; ഈ സംവിധാനങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

<u>ഉത്തരം</u>

(എ) ഉണ്ട്. വി.എഫ്.പി.സി.കെ. മുഖേനയും അഗ്രി എക്സ്പോർട്ട് സോൺ മുഖേനയും പച്ചക്കറി കൃഷിക്ക് പദ്ധതികൾ നടപ്പാക്കിവരുന്നു. പച്ചക്കറി ഉൽപ്പാദന രംഗത്ത് സ്വയം പര്യാപ്തത എന്ന ലക്ഷ്യം മുൻനിർത്തിയാണ് വി.എഫ്.പി.സി.കെ. സ്വാശ്രയ സംഘങ്ങൾ രൂപീകരിച്ച് സാങ്കേതികവിദ്യ, വായ്പ, വിപണനം എന്നീ മേഖലകളിൽ കർഷകർക്ക് സേവനം ഉറപ്പാക്കി പ്രവർത്തിച്ചുവരുന്നത്. പച്ചക്കറികൃഷി വ്യാപകമാക്കുന്നതിനായി ഗുണമേന്മയുള്ള പച്ചക്കറി വിത്തുക്കൾ സൗജന്യ നിരക്കിൽ വി.എഫ്.പി.സി.കെ. കർഷകർക്ക് ലഭ്യമാക്കുന്നു. പച്ചക്കറി ഉൽപാദനരംഗത്ത് പ്രവർത്തന മേഖല വ്യാപിപ്പിക്കുവാൻ വേണ്ടി ചില പദ്ധതികൾ ഹോർട്ടികോർപ്പ് തയ്യാറാക്കി വരുന്നു.

(ബി) വാഴ, പൈനാപ്പിൾ എന്നീ വിളകളെ ഉൾപ്പെടുത്തി കയറ്റുമതിക്ക് പ്രാധാന്യം നൽകി അഗ്രി എക്സ്പോർട്ട് സോൺ മുഖേന പദ്ധതി നടപ്പിലാക്കിവരുന്നു. അഗ്രി എക്സ്പോർട്ട് സോൺ മുഖേന വാഴ കൃഷിക്ക് ഹെക്ടർ ഒന്നിന് 15,000 രൂപ എന്ന നിരക്കിലും പൈനാപ്പിൾ കൃഷിക്ക് 5,000 രൂപ എന്ന നിരക്കിലും നൽകി വരുന്നു. വി.എഫ്.പി.സി.കെ. മുഖേന ഗുണമേന്മയുള്ള ടിഷ്യൂകൾച്ചർ വാഴ തൈകൾ ഉല്പാദിപ്പിച്ച് കർഷകർക്കെത്തിക്കുന്നു. വിപണനത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ സൗജന്യമായി നൽകുന്നു. കൂടാതെ വായ്പാ സൗകര്യവും ഇൻഷുറൻസ് പരിരക്ഷയും നൽകുന്നു. മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിച്ച് വിപണനം നടത്തുന്നതിനുള്ള പ്രോത്സാഹനവും നൽകിവരുന്നു.

(സി) ജൈവവളങ്ങളുടെയും രാസവളങ്ങളുടെയും ഗുണനിലവാരം പരിശോധിക്കുന്നതിനായി തിരുവനന്തപുരം ജില്ലയിലെ പാറോട്ടുകോണത്തും, പാലക്കാട് ജില്ലയിലെ പട്ടാമ്പിയിലും രാസവള ഗുണനിയന്ത്രണ പരിശോധനശാലകൾ പ്രവർത്തിച്ചുവരുന്നു. രണ്ടു പരിശോധനശാലകളിലുമായി 2500 രാസവളങ്ങളും 500 ജൈവവളങ്ങളും വീതം പരിശോധിക്കുന്നതിനുള്ള സൗകര്യം ഇപ്പോൾ നിലവിലുണ്ട്. പരിശോധനാഫലത്തിൽ ഗുണനിലവാരം കുറഞ്ഞ ജൈവരാസവളങ്ങളുടെ ഉല്പാദകർ, വിതരണക്കാർ എന്നിവർക്കെതിരെ രാസവള ഗുണനിയന്ത്രണ ഉത്തരവ് പ്രകാരം കർശന നിയമ നടപടികളും സ്വീകരിച്ചുവരുന്നു.

(ഡി) കൃഷി വകുപ്പിനെ അഴിമതി വിമുക്തമാക്കുന്നതിന് കൃഷി ഡയറക്ടറേറ്റിൽ ധനകാര്യ വകുപ്പ് ജോയിന്റ് സെക്രട്ടറി (സീനിയർ ഫിനാൻസ് ഓഫീസർ) സെക്രട്ടറിയായും കൃഷി അഡീഷണൽ ഡയറക്ടർ, വിജിലൻസ് ഓഫീസർ (കൃഷി) എന്നിവരുടെ നേതൃത്വത്തിൽ സ്പെഷ്യൽ വിജിലൻസ് സെൽ നിലവിലുണ്ട്. കൃഷി വകുപ്പിലെ അഴിമതിയും ക്രമക്കേടുകളും കെടുകാര്യസ്ഥതയും അന്വേഷിച്ച് കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതിന് സ്പെഷ്യൽ വിജിലൻസ് സെല്ലിന്റെ പ്രവർത്തനങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഇന്റഗ്രേറ്റഡ് പായ്ക്ക് ഹൗസ്

450 [4291] ശ്രീ. ബാബു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗ്രിക്കൾച്ചറൽ പ്രൊഡ്യൂസ് എക്സ്പോർട്ട് ഡെവലപ്മെന്റ് അതോറിട്ടി യുടെ സാമ്പത്തിക സഹായത്തോടെ ഇന്റഗ്രേറ്റഡ് പാക്ക് ഹൗസ് സ്ഥാപിക്കുന്നതിനുള്ള പദ്ധതി അഗ്രിക്കൾച്ചറൽ എക്സ്പോർട്ട് സോൺ ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച എന്തു തീരുമാനമാണ് കൈക്കൊണ്ടിട്ടുള്ള തെന്ന് വിശദമാക്കാമോ;

(സി) എവിടെയെല്ലാമാണ് പാക്ക് ഹൗസ് സ്ഥാപിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത്?

ഉത്തരം

(എ) ഉണ്ട്.

(ബി) & (സി) പച്ചക്കറികൾക്കായി തിരുവനന്തപുരം ജില്ലയിലെ ആനയറ കാർഷികമൊത്തവ്യാപാര വിപണിയിലും വാഴ, കൈതച്ചക്ക എന്നിവയ്ക്കായി എറണാ കുളം ജില്ലയിൽ യഥാക്രമം മരട്, മൂവാറ്റുപുഴ തുടങ്ങിയ മൊത്തവ്യാപാര വിപണിക ളിലും സമഗ്ര പായ്ക്ക് ഹൗസുകൾ സ്ഥാപിക്കുന്നതിനുള്ള ഒരു നിർദ്ദേശം കൃഷി ഡയറക്ടർ സമർപ്പിച്ചിട്ടുണ്ട്. ഇത് സർക്കാർ പരിശോധിച്ചുവരുന്നു.

മിച്ചഭൂമിയിൽ കൃഷിയിറക്കാൻ പദ്ധതി

451 [4292] ശ്രീ. കെ. ശിവദാസൻ നായർ:
" കെ. സി. വേണുഗോപാൽ:
" കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിച്ചഭൂമിയായി പ്രഖ്യാപിക്കപ്പെട്ട വയലുകളിൽ ഇപ്പോൾ നെൽകൃഷി നടത്താറുണ്ടോ;

(ബി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) നെൽകൃഷി ഉൾപ്പെടെയുള്ള കൃഷിക്കുപയുക്തമാക്കാവുന്ന എത്ര ഹെക്ടർ സർക്കാർ ഭൂമി തരിശായി കിടപ്പുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത ഭൂമിയിൽ കൃഷിയിറക്കാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

ഉത്തരം

(എ) & (ബി) മിച്ചഭൂമിയായി പ്രഖ്യാപിക്കപ്പെട്ട വയലുകളിൽ നെൽകൃഷിക്കുള്ള പദ്ധതികളൊന്നും നിലവിലില്ല.

(സി) വിവരം ലഭ്യമല്ല.

(ഡി) നിലവിലില്ല.

നെൽപ്പാടങ്ങളുടെ വിസ്തീർണ്ണം

452 [4293] ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നെൽകൃഷിയിടങ്ങളുടെ നിലവിലുള്ള വിസ്തീർണ്ണം എത്രയാണെന്നും ഇതിൽ എത്ര ഹെക്ടർ സ്ഥലത്ത് കൃഷി നടത്തുന്നുണ്ടെന്നും അറിയിക്കുമോ;

(ബി) എത്ര ഹെക്ടർ സ്ഥലത്ത് മറ്റു കൃഷികൾ നടത്തുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) കൃഷി ഒന്നും ചെയ്യാതെ പാഴായിക്കിടക്കുന്ന നെൽവയലുകളുടെ വിസ്തീർണ്ണം എത്രയാണ്:

(ഡി) 1985-ൽ നെൽകൃഷി ചെയ്തിരുന്ന വയലുകളുടെ വിസ്തീർണ്ണം എത്രയായിരുന്നു;

(ഇ) നെൽകൃഷി ചെയ്യുന്ന വയലുകളുടെ വിസ്തീർണ്ണം കുറയുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2004-05-ലെ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് നെൽകൃഷി നടത്തുന്ന നെൽപ്പാടങ്ങളുടെ വിസ്തീർണ്ണം 2.89974 ലക്ഷം ഹെക്ടറാണ്.

(ബി) കണക്കുകൾ ലഭ്യമല്ല.

(സി) 2004-05 കണക്കുകൾ പ്രകാരം 40917 ഹെക്ടർ നെൽപ്പാടങ്ങൾ ഉൾപ്പെടെയുള്ള കൃഷിഭൂമി തരിശിട്ടിരിക്കുന്നതായി കണക്കാക്കപ്പെട്ടിരിക്കുന്നു.

(ഡി) 1985-86-ൽ നെൽകൃഷിയുടെ വിസ്തീർണ്ണം 6.7828 ലക്ഷം ഹെക്ടറാണ്.

(ഇ) നെൽകൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം കുറയുന്നതിനുള്ള പ്രധാന കാരണങ്ങൾ താഴെ പറയുന്നവയാണ്:

(1) നെൽകൃഷിയിൽ മറ്റു വിളകളെ അപേക്ഷിച്ചുള്ള കുറഞ്ഞ വരുമാനം.

(2) നെൽകൃഷി ചെയ്യുന്നതിനും വിളവെടുക്കുന്നതിനും തൊഴിലാളികളുടെ ദൗർലഭ്യം.

LIBRARY ARCHIVES Kerala Legislative Assembly

(3) ആളോഹരി ഭൂമിയിലുള്ള കുറവ്.

(4) നെൽപ്പാടങ്ങൾ കരഭൂമിയാക്കി മാറ്റുമ്പോൾ കൂടുതൽ വില ലഭിക്കുന്നു.

(5) ജലസേചന ജലനിർഗ്ഗമന സൗകര്യങ്ങളുടെ അപര്യാപ്തത.

## സംസ്ഥാനത്തെ നെല്ലുൽപാദനം

453 [4294] ശ്രീ. വി. എൻ. വാസവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നെല്ലുൽപാദനം എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) അയൽ സംസ്ഥാനത്ത് നിന്നും എത്ര ടൺ അരി പ്രതിമാസം ഇറക്കുമതി ചെയ്യുന്നുവെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) 2004-05-ലെ കണക്കുപ്രകാരം സംസ്ഥാനത്ത് നെല്ലുൽപാദനം 10.005 ലക്ഷം ടണ്ണാണ്.

(ബി) ഇത് സംബന്ധിച്ച കൃത്യമായ കണക്ക് ലഭ്യമല്ല.

## ഗുണനിലവാരമുള്ള തെങ്ങിൻ തൈകൾ

454 [4295] ശ്രീ. ബി. ബാബു പ്രസാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷി വകുപ്പ് മുഖേന കേര കർഷകർക്ക് വിതരണം ചെയ്യുന്ന തെങ്ങിൻ തൈകൾ നിലവാരം കുറഞ്ഞതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത തൈകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് എന്തു നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു?

### ഉത്തരം

(എ) ഉണ്ട്. ഈ വർഷം വിതരണം ചെയ്ത കുറച്ച് തെങ്ങിൻ തൈകളുടെ ഗുണനിലവാരത്തെപ്പറ്റി പരാതി ഉണ്ടായിട്ടുണ്ട്.

(ബി) തെങ്ങിൻ തൈകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് കേരള കാർഷിക സർവ്വകലാശാല നിഷ്ക്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്ന മാതൃവൃക്ഷങ്ങൾ തെരഞ്ഞെടുത്ത് അവയിൽനിന്നും വിത്തു തേങ്ങ ശേഖരിക്കുന്നു. ഈ വിത്തു തേങ്ങ അതാതു ജില്ലകളിലെ ഫാമുകളിൽ മുളപ്പിച്ച് തൈകളാക്കി ഗുണമേന്മ ഉറപ്പുവരുത്തിയാണ് കർഷകർക്ക് വിതരണം ചെയ്യുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

## രോഗബാധിതമായ തെങ്ങുകൾക്ക് നഷ്ടപരിഹാരം

455 [4296] ശ്രീ. പി. കെ. അബ്ദുറബ്ബ്:

" കെ. മുഹമ്മദുണ്ണി ഹാജി:

" വി. കെ. ഇബ്രാഹിം കുഞ്ഞ്:

" എം. ഉമ്മർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രോഗം ബാധിച്ച കേരവൃക്ഷങ്ങൾ വെട്ടിനശിപ്പിക്കുന്നതിന് സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിൽ നഷ്ടപരിഹാരം നൽകിവരുന്നു;

(ബി) രോഗം ബാധിച്ച തെങ്ങുകൾ വെട്ടിനശിപ്പിക്കുന്നതിന് നഷ്ടപരിഹാരം ലഭ്യമാക്കാത്ത ജില്ലകൾ ഏതെല്ലാം;

(സി) നഷ്ടപരിഹാരം നൽകുന്നത് കൂടുതൽ ജില്ലകളിലേക്ക് വ്യാപിപ്പിക്കുമോ;

(ഡി) രോഗം ബാധിച്ച തെങ്ങുകൾക്ക് പകരം തെങ്ങ് വച്ചുപിടിപ്പിക്കുന്നതിന് സഹായം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഇ) എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) രോഗം ബാധിച്ച കേരവൃക്ഷങ്ങൾ വെട്ടിമാറ്റുന്നതിന് തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് ജില്ലകളിൽ ഇപ്പോൾ നഷ്ടപരിഹാരം നൽകിവരുന്നു.

(ബി) & (സി) കൊല്ലം, കോട്ടയം, ആലപ്പുഴ, എറണാകുളം, പത്തനംതിട്ട, പാലക്കാട്, മലപ്പുറം, ഇടുക്കി, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റുന്നതിന് ധനസഹായം നൽകുന്ന പദ്ധതികൾ നിലവിലില്ല. എന്നാൽ കാറ്റുവീഴ്ച രോഗം നിയന്ത്രിച്ച് തെങ്ങിന്റെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നത് ലക്ഷ്യമിട്ടുകൊണ്ടുള്ള 1924.67 കോടി രൂപയുടെ കേന്ദ്രാനുമതി ലഭിച്ച പദ്ധതി നടപ്പിലാക്കുന്ന മുറയ്ക്ക് കൊല്ലം, കോട്ടയം, ആലപ്പുഴ, എറണാകുളം, പത്തനംതിട്ട ജില്ലകളിലെ രോഗബാധിതമായ തെങ്ങുകൾ മുറിച്ച് മാറ്റുന്നതിന് ധനസഹായം നൽകുവാൻ കഴിയുന്നതാണ്.

(ഡി) & (ഇ) ഉണ്ട്. 2002-03 മുതൽ 2005-06 വരെയുള്ള കാലയളവിൽ നടപ്പിലാക്കിയ 37.697 കോടി രൂപയുടെ പദ്ധതി പ്രകാരം രോഗബാധിതമായ 694261 തെങ്ങുകൾ വെട്ടിമാറ്റി പകരം 347130 നല്ലയിനം തെങ്ങിൻ തൈകൾ വിതരണം ചെയ്തു. കൂടാതെ 1924.67 കോടി രൂപയുടെ കേന്ദ്രാനുമതി ലഭിച്ച പദ്ധതിയിൽ 59.16 ലക്ഷം രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റി പകരം 29.59 ലക്ഷം തെങ്ങിൻ തൈകൾ വച്ചുപിടിപ്പിക്കുന്നതിന് വിഭാവന ചെയ്തിട്ടുണ്ട്. ഈ സാമ്പത്തിക വർഷം ഇതുവരെ ധനസഹായം നൽകിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

## രോഗഗ്രസ്തമായ തെങ്ങുകൾ

456 [4297] ശ്രീ. വി. ഡി. സതീശൻ:

,, എ. പി. അനിൽകുമാർ:

,, വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രോഗഗ്രസ്തമായ എത്ര തെങ്ങുകളുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) തേങ്ങയുടെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി എന്തെല്ലാം പദ്ധതികളാണുള്ളത്;

(സി) രോഗഗ്രസ്തമായ തെങ്ങുകളും കായ്ഫലം കുറഞ്ഞ തെങ്ങുകളും വെട്ടി നീക്കുന്നുണ്ടോ;

(ഡി) അതിനെന്ത് നഷ്ടപരിഹാരം നൽകും എന്നറിയിക്കുമോ?

## ഉത്തരം

(എ) ഏറ്റവും ഒടുവിൽ നടത്തിയ കാറ്റുവീഴ്ച സർവ്വേ പ്രകാരം സംസ്ഥാനത്ത് രോഗം പ്രാരംഭദിശയിലുള്ള 165.50 ലക്ഷം തെങ്ങുകളും രൂക്ഷമായി രോഗം ബാധിച്ച 79.88 ലക്ഷം തെങ്ങുകളും ഉണ്ട്.

(ബി) തേങ്ങയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി സർക്കാർ താഴെ പറയുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.

(1) നാളികേര വികസന ബോർഡിന്റെ ധനസഹായത്തോടെ നടപ്പിലാക്കുന്ന ചെറുകിട തെങ്ങുകൃഷിയിടങ്ങളിലെ സംയോജിത കൃഷി രീതികൾ

(2) 50% കേന്ദ്ര സഹായത്തോടെ നടപ്പിലാക്കുന്ന സങ്കരയിനം തെങ്ങിൻ തൈകളുടെ ഉൽപാദനവും വിതരണവും.

(3) റീജിയണൽ കോക്കനട്ട് നഴ്സറികളിലൂടെ നല്ലയിനം തെങ്ങിൻതൈ ഉൽപാദിപ്പിച്ച് വിതരണം ചെയ്യുക.

(4) കാറ്റുവീഴ്ച രോഗം നിയന്ത്രിച്ച് തെങ്ങിന്റെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി കൊല്ലം, കോട്ടയം, ആലപ്പുഴ, എറണാകുളം, പത്തനംതിട്ട ജില്ലകളിൽ നടപ്പിലാക്കുന്നതിനുള്ള 1924.67 കോടി രൂപയുടെ കേന്ദ്രാനുമതി ലഭിച്ച പദ്ധതി.

(5) കേരാധിഷ്ഠിത കൃഷി രീതികൾ എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി.

(സി) ഉണ്ട്.

(ഡി). രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റുന്നതിന് തെങ്ങൊന്നിന് 250 രൂപ നാളികേര വികസന ബോർഡ് പദ്ധതിപ്രകാരം ധനസഹായം നൽകുന്നു. കേന്ദ്രാനുമതി



LIBRARY ARCHIVES Kerala Legislative Assembly

ലഭിച്ചിട്ടുള്ള 1924.67 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കുമ്പോൾ 285 രൂപ വീതം തെങ്ങൊന്നിന് ധനസഹായം നൽകുവാൻ വ്യവസ്ഥയുണ്ട്.

## തെങ്ങിൻ ചക്കര നിർമ്മാണം

457 [4298] ശ്രീ. പി. എം. എ. സലാം:
„ ജോസ് തെറ്റയിൽ :
„ കെ. പി. മോഹനൻ :
„ എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തെങ്ങിൽ നിന്നും 'നീര' (മധുരക്കള്ള്), തേൻ, വൈൻ, ജെല്ലി, മിഠായികൾ എന്നിവ ഉൽപാദിപ്പിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) മധുരക്കള്ളിൽ നിന്നുള്ള ചക്കരനിർമ്മാണം, ശാസ്ത്രീയമായി പരിഷ്ക്കരിച്ച് വ്യാവസായികാടിസ്ഥാനത്തിൽ ഗുണമേൻമയുള്ള ചക്കര ഉണ്ടാക്കുവാനുള്ള നടപടി സ്വീകരിക്കുമോ?

## ഉത്തരം

(എ) തെങ്ങിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിച്ചു വിപണിയിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സ്വീകരിച്ചുവരികയാണ്. ലഹരി വിമുക്തമായ ഒരു പാനീയം ഉല്പാദിപ്പിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ ഉടൻ പൂർത്തീകരിച്ച് പ്രവർത്തി പഥത്തിൽ എത്തിക്കുന്നതാണ്.

(ബി) ഇക്കാര്യം ഗൗരവമായി പരിശോധിക്കുന്നതാണ്.

## വിള ഇൻഷ്വറൻസ് പദ്ധതി

458 [4299] ശ്രീ. എം. വി. ശ്രേയാംസ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിലെ എത്ര കർഷകരാണ് വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളത്;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം ഈയിനത്തിൽ ജില്ലയിൽ ചെലവഴിച്ച തുക എത്ര;

(സി) ഇത് ഈ പദ്ധതിയിൻകീഴിൽ സംസ്ഥാനത്ത് ആകെ ചെലവഴിച്ച തുകയുടെ എത്ര ശതമാനമാണ്;

(ഡി) ഈ പദ്ധതിയിൽ വയനാട് ജില്ലയിലുള്ള അംഗസംഖ്യ സംസ്ഥാനത്തിലെ ആകെ അംഗസംഖ്യയുടെ എത്ര ശതമാനമാണ്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ കഴിഞ്ഞ സാമ്പത്തിക വർഷം വയനാട് ജില്ലയിൽ ആരും അംഗങ്ങളായി ചേർന്നിട്ടില്ല. എന്നാൽ ദേശീയ കാർഷിക ഇൻഷ്വറൻസ് പദ്ധതിയിൽ 430 പേർ അംഗങ്ങളായിട്ടുണ്ട്.

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം ഈയിനത്തിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

(സി) ബാധകമല്ല.

(ഡി) ബാധകമല്ല.

ദേശീയ നീർത്തടാധിഷ്ഠിത വികസന പരിപാടി

459 [4300] ശ്രീ. എം. വി. ശ്രേയാംസ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ദേശീയ നീർത്തടാധിഷ്ഠിത വികസന പരിപാടിയിൽ കൽപ്പറ്റ മണ്ഡലത്തിൽ ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) കൽപ്പറ്റ നിയോജക മണ്ഡലത്തിൽനിന്നും കഴിഞ്ഞ വർഷം തയ്യാറാക്കി സമർപ്പിക്കപ്പെട്ട നീർത്തടാധിഷ്ഠിത വികസന പരിപാടിയുടെ വിശദാംശം നൽകാമോ;

(സി) നടപ്പുവർഷം ഈ പദ്ധതിയിൽ കൽപ്പറ്റ മണ്ഡലത്തിൽ ചെലവഴിക്കാൻ ഉദ്ദേശിക്കുന്ന തുക എത്രയാണ്;

(ഡി) കഴിഞ്ഞ വർഷം മണ്ഡലത്തിൽ ചെലവഴിച്ച തുകയിൽ നൂതന സാങ്കേതിക വിദ്യകളുടെ പ്രദർശന പരിപാടി എന്ന ഇനത്തിൽ മാത്രമായി ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ദേശീയ നീർത്തടാധിഷ്ഠിത വികസന പരിപാടിയിൽ നാളിതുവരെ കൽപ്പറ്റ മണ്ഡലത്തിൽ മൊത്തം 30,66,710 രൂപ ചെലവഴിച്ചു. വിശദാംശം അനുബന്ധം I ആയി ചേർക്കുന്നു. †

(ബി) കഴിഞ്ഞ വർഷം ദേശീയ നിരീർമറി വികസന പദ്ധതിയിൻകീഴിൽ കൽപ്പറ്റ നിയോജകമണ്ഡലത്തിൽ നിന്നും തയ്യാറാക്കി സമർപ്പിക്കപ്പെട്ടത് 25,92,142 രൂപയുടെ (നെല്ലിയാംമ്പം വാട്ടർ ഷെഡ്) വികസന പദ്ധതിയാണ്. വിശദാംശം അനുബന്ധം-II ആയി ചേർക്കുന്നു. †

(സി) നടപ്പുവർഷം (2006-07) ഈ പദ്ധതിയിൽ കൽപ്പറ്റ മണ്ഡലത്തിൽ 29,42,770 രൂപയാണ് ചെലവഴിക്കാൻ ഉദ്ദേശിക്കുന്നത്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കഴിഞ്ഞ വർഷം നൂതന സാങ്കേതിക വിദ്യകളുടെ പ്രദർശന പരിപാടി എന്ന ഇനത്തിൽ മാത്രമായി 1,19,400 രൂപ ചെലവഴിച്ചു.

## നീർത്തട വികസന പദ്ധതി

460 [4301] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ കൃഷി വകുപ്പിന്റെ നീർത്തട വികസന പദ്ധതി പ്രകാരം ഏതൊക്കെ പദ്ധതികളാണ് ഇപ്പോൾ നടപ്പിലാക്കിവരുന്നത്;

(ബി) 2005-06 സാമ്പത്തിക വർഷത്തിൽ ഓരോ പദ്ധതി പ്രദേശങ്ങളിലും എത്ര രൂപയുടെ പ്രവർത്തനങ്ങളാണ് നടത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) 2006-07 വർഷത്തിൽ നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള പദ്ധതികൾ ഏതൊക്കെയെന്നും ഓരോ പദ്ധതിക്കും വകയിരുത്തിയിരിക്കുന്ന തുക എത്രയെന്നും വ്യക്തമാക്കാമോ;

(ഡി) ഓരോ പദ്ധതി പ്രദേശങ്ങളിലേയും മോണിറ്ററിംഗ് കമ്മിറ്റിയുടെ ഘടനയും കമ്മിറ്റി അംഗങ്ങളുടെ പേരുവിവരവും വ്യക്തമാക്കാമോ?

## ഉത്തരം

(എ) നെടുമങ്ങാട് ബ്ലോക്കിലെ പനവൂർ, ആനാട് പഞ്ചായത്തുകളിലും നെടുമങ്ങാട് മുനിസിപ്പാലിറ്റിയിലുംപ്പെട്ട തീർത്ഥങ്കര സബ്വാട്ടർഷെഡ് പദ്ധതിയാണ് ദേശീയനീർത്തട വികസന പദ്ധതിയിൻകീഴിൽ നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ നടപ്പിലാക്കി വരുന്നത്. ഇടവട്ടം, ഇരിയനാട്, പഴകുറ്റി, വെട്ടംപള്ളി എന്നീ 4 മൈക്രോ വാട്ടർ ഷെഡുകൾ ഉൾപ്പെട്ട തീർത്ഥങ്കര സബ് വാട്ടർഷെഡിന്റെ ആകെ വിസ്തീർണ്ണം 2450 ഹെക്ടറും പദ്ധതി അടങ്കൽ തുക 132 ലക്ഷം രൂപയുമാണ്.

(ബി) തീർത്ഥങ്കര സബ്വാട്ടർ ഷെഡിൽ 2005-2006 സാമ്പത്തിക വർഷത്തിൽ മൊത്തം 21,26,724 രൂപ ചെലവഴിച്ചു. വിശദവിവരം അനുബന്ധം I ആയി ചേർക്കുന്നു.

(സി) ആക്ഷൻ പ്ലാൻ പ്രകാരം തീർത്ഥങ്കര സബ്വാട്ടർ ഷെഡിൽ 2006-07 വർഷത്തിൽ 92,12,875 രൂപയുടെ പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. വിശദവിവരം അനുബന്ധം II ആയി ചേർക്കുന്നു. †

(ഡി) വിശദവിവരം അനുബന്ധം III ആയി ചേർക്കുന്നു. †

## വാനില ഉൽപ്പാദനം

461 [4302] ശ്രീ. വി. എൻ. വാസവൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ വാനില ഉൽപ്പാദനത്തിന്റെ അളവ് എത്ര എന്ന് വ്യക്തമാക്കുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

സംസ്ഥാനത്ത് വാനിലയുടെ ഉൽപാദനം 82 മെട്രിക് ടൺ ഡ്രൈ ബീൻസ് ആണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ

462 [4303] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ബി) ഇതിന്റെ ആഭിമുഖ്യത്തിൽ എത്ര പ്രസിദ്ധീകരണങ്ങളുണ്ട്; അവ ഏതെല്ലാം;

(സി) ഈ ബ്യൂറോയിൽ എത്ര ഉദ്യോഗസ്ഥരുണ്ട്; അവരുടെ ചുമതലകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; ഉദ്യോഗസ്ഥൻമാരുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ?

ഉത്തരം

(എ) കാർഷിക രംഗത്തെ പുത്തൻ അറിവുകൾ, ഗവേഷണ ഫലങ്ങൾ, കൃഷി, മൃഗസംരക്ഷണം, ക്ഷീര വികസനം എന്നീ വകുപ്പുകളിലെ പദ്ധതികൾ, വികസന പ്രവർത്തനങ്ങൾ എന്നിവ കർഷകരിലെത്തിക്കുവാൻ വേണ്ട പ്രചരണം നടത്തുക, ഇതിനായി കേരള കർഷകൻ മാസിക, ഫാം ഗൈഡ്, ഹാന്റ് ബുക്കുകൾ, ലഘുലേഖകൾ ബ്രോഷറുകൾ, പോസ്റ്ററുകൾ എന്നിവയുടെ അച്ചടിയും വിതരണവും, ആകാശവാണി ദൂരദർശൻ എന്നിവ മുഖേനയുള്ള കാർഷിക വാർത്താ സംപ്രേഷണം, അച്ചടി, ദൃശ്യശ്രാവ്യ മാദ്ധ്യമങ്ങൾ വഴിയുള്ള പ്രചരണം, പ്രദർശനങ്ങൾ സംഘടിപ്പിക്കൽ, വീഡിയോ ചിത്ര നിർമ്മാണം, കാർഷികരംഗം, ശില്പശാല സംഘടിപ്പിക്കൽ തുടങ്ങിയവ ഫാം ഇൻഫർമേഷൻ ബ്യൂറോ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു.

(ബി) ആനുകാലിക പ്രസിദ്ധീകരണങ്ങൾ രണ്ട്-കേരള കർഷകൻ മാസിക, വാർഷിക ഫാം ഗൈഡ്, ഇവകൂടാതെ ആവശ്യകതയനുസരിച്ച് ലഘുലേഖകളും ഹാന്റ് ബുക്കുകളും പ്രസിദ്ധീകരിക്കുന്നുണ്ട്.

(സി) മൊത്തം 70 ജീവനക്കാർ, ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ പ്രവർത്തനങ്ങൾക്കും, പരിപാടികൾക്കും നേതൃത്വം നൽകുകയും നടപ്പിലാക്കുകയും, ഏകോപിപ്പിക്കുകയും ചെയ്യുന്ന ചുമതലയാണ് പ്രസ്തുത ഉദ്യോഗസ്ഥർക്കുള്ളത്. ഉദ്യോഗസ്ഥരുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

ജില്ലാ കൃഷി ഫാമുകളിൽ തൊഴിലാളികളെ നിയമിക്കാൻ നടപടി

463 [4304] ശ്രീ. കെ. കെ. ഷാജു:

„ തോമസ് ചാണ്ടി :

„ കെ. ബി. ഗണേഷ്കുമാർ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്തെ ജില്ലാ കൃഷി ഫാമുകളിൽ ആവശ്യത്തിന് തൊഴിലാളികൾ ഇല്ലാത്തതുമൂലം അവർ നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ മററ് സംവിധാനങ്ങൾ മുഖേനയോ ഓരോ ജില്ലാ ഫാമിനും ആവശ്യത്തിന് തൊഴിലാളികളെ നിയമിക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ;

(സി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) തൊഴിലാളികളുടെ ദൗർലഭ്യമുള്ള ഫാമുകളിൽ ദിവസക്കൂലിയടിസ്ഥാനത്തിൽ കാഷ്വൽ തൊഴിലാളികളെ നിയമിച്ചുവരുന്നു.

## ഫാം അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിലേക്കുള്ള നിയമനം

464 [4305] ശ്രീ. വി. എസ്. സുനിൽകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഗ്രിഫാം ഡിപ്പാർട്ടുമെന്റിന്റെ 16353/എ.എഫ്. 2/2004/എ. ഡി. ഉത്തരവിന്റെ അടിസ്ഥാനത്തിൽ കാർഷിക യൂണിവേഴ്സിറ്റിയിലെ ഫാം അസിസ്റ്റന്റ് ഗ്രേഡ്-II തസ്തികയിലേക്ക് വി. എച്ച്. എസ്. ഇ. (ലൈവ് സ്റ്റോക്ക് മാനേജ്മെന്റ്) കോഴ്സ് പാസായവരെ ജോലിക്കായി പരിഗണിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) യൂണിവേഴ്സിറ്റിയിലെ ഫാം അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ താൽക്കാലിക നിയമനം നടക്കുന്നുണ്ടോ ;

(സി) വി. എച്ച്. എസ്. ഇ. (ലൈവ് സ്റ്റോക്ക് മാനേജ്മെന്റ്) കോഴ്സ് പാസായവരുടെ യോഗ്യത എൽ. എസ്. എ. ട്രെയിനിംഗിന് തുല്യമാണോ ?

ഉത്തരം

(എ) നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സർവ്വകലാശാലയിൽ ഫാം അസിസ്റ്റന്റ് (വെറ്ററിനറി) ഗ്രേഡ്-II തസ്തികയിലേക്ക് താൽക്കാലിക നിയമനം നടക്കുന്നില്ല.

(സി) വി. എച്ച്. എസ്. ഇ. (ലൈവ് സ്റ്റോക്ക് മാനേജ്മെന്റ്) കോഴ്സ് എൽ. എസ്. എ. ട്രെയിനിംഗ് കോഴ്സിന് തുല്യമായി തീരുമാനമെടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## അഗ്രോ-ഫ്രൂട്സ് പ്രോഡക്ട്സ് ലിമിറ്റഡ്

465 [4306] ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൂട്ടിക്കിടക്കുന്ന പുനലൂർ ചെമ്മന്തൂരിലുള്ള അഗ്രോ-ഫ്രൂട്സ് പ്രോഡക്ട്സ് ലിമിറ്റഡ് എന്ന സ്ഥാപനം തുറന്ന് പ്രവർത്തിപ്പിക്കുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഈ സ്ഥാപനത്തിലെ തൊഴിലാളികൾക്ക് ശമ്പള കുടിശ്ശിക ഇനത്തിൽ കൊടുക്കുവാനുള്ള തുക എന്നത്തേക്ക് നൽകുവാൻ കഴിയുമെന്ന് അറിയിക്കുമോ ?

### ഉത്തരം

(എ) ഉണ്ട്. പൂട്ടികിടക്കുന്ന പുനലൂർ ചെമ്മന്തൂരിലുള്ള അഗ്രോ-ഫ്രൂട്സ് പ്രോഡക്ട്സ് ലിമിറ്റഡ് എന്ന സ്ഥാപനം തുറന്ന് പ്രവർത്തിപ്പിക്കുന്നതിനായിട്ടുള്ള എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റിയുടെ ശുപാർശ സർക്കാർ പരിശോധിച്ച് വരികയാണ്.

(ബി) ഈ സ്ഥാപനം പുനരുദ്ധരിപ്പിക്കുന്നത് സംബന്ധിച്ച് ഇ. ആർ. സി. ശുപാർശയിൽ ഒരു അന്തിമ തീരുമാനമാകുന്ന മുറയ്ക്ക് ശമ്പള കുടിശ്ശിക കൊടുക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

## കാർഷിക സർവ്വകലാശാലയിലെ ശമ്പള പരിഷ്കരണം

466 [4309] ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള കാർഷിക സർവ്വകലാശാല അനദ്ധ്യാപക വിഭാഗം ജീവനക്കാരുടെ ശമ്പള പരിഷ്കരണം സർക്കാർ ഇടപെട്ട് തടഞ്ഞുവച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ നിലവിലുള്ള ആനുകൂല്യങ്ങൾ സംരക്ഷിച്ചുകൊണ്ട് ശമ്പള പരിഷ്ക്കരണം നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) കാർഷിക സർവ്വകലാശാലയുടെ ഭരണ സമിതി നടപ്പിലാക്കിയ ശമ്പള പരിഷ്ക്കരണം സർക്കാർ തടഞ്ഞതിന്റെ കാരണം വെളിപ്പെടുത്തുമോ ?

### ഉത്തരം

(എ & ബി) സർക്കാർ നിർദ്ദേശപ്രകാരം പഴയ ഉത്തരവ് റദ്ദാക്കി, അപാകതകൾ പരിഹരിച്ചുകൊണ്ട് സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി പുതിയ ഉത്തരവ് 7-10-2006-ൽ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) 17-3-2006-ലെ ജി. ഒ. (പി.) 125/06, 25-3-2006-ലെ ജി. ഒ. (പി.) 145/06 എന്നീ സർക്കാർ ഉത്തരവു പ്രകാരമുള്ള ശമ്പളപരിഷ്കരണം സർവ്വകലാശാലകളിൽ നടപ്പിലാക്കുന്നതിന് സർക്കാരിന്റെ ഔപചാരികമായ അനുമതി വാങ്ങിയിരിക്കണമെന്ന്

---

നക്ഷത്രചിഹ്നമിടാത്ത [4307] [4308] എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ ലഭ്യമായിട്ടില്ല.

പ്രസ്തുത ഉത്തരവിൽ നിഷ്ക്കർച്ചിരുന്നു. അനുമതിക്കായി സർക്കാരിൽ എഴുതിയിരുന്നുവെങ്കിലും അനുമതി ലഭിക്കുന്നതിനുമുമ്പ് ശമ്പളപരിഷ്ക്കരണം നടപ്പാക്കാനുള്ള തീരുമാനം 10-4-2006-ൽ കൂടിയ ഭരണസമിതി എടുക്കുകയും അതുപ്രകാരം 19-5-2006-ന് സർവ്വകലാശാല ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തതിനെ തുടർന്നാണ് ശമ്പളപരിഷ്കരണം നിറുത്തിവയ്ക്കാൻ സർക്കാർ നിർദ്ദേശിച്ചത്.

## സാമൂഹ്യ വനവൽക്കരണം

467 [4310] ശ്രീ. എ. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യ വനവൽക്കരണത്തിന്റെ ഭാഗമായി സൗജന്യമായി വൃക്ഷ തൈകൾ ലഭ്യമാക്കുന്നതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) സ്കൂൾ വിദ്യാർത്ഥികൾക്കിടയിൽ വൃക്ഷ സ്നേഹം വളർത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

## ഉത്തരം

(എ) സൗജന്യ വൃക്ഷതൈകൾ പൊതുജനങ്ങൾക്ക് വിതരണം ചെയ്യുന്നില്ല. കൂടതൈകൾ 4 രൂപയും തേക്ക് സ്റ്റമ്പിന് 2 രൂപയും സൗജന്യനിരക്കിലാണ് ഇപ്പോൾ വിതരണം ചെയ്യുന്നത്. എന്നാൽ സ്കൂൾ വിദ്യാർത്ഥികൾക്ക് സ്കൂൾ വളപ്പുകളിൽ നടുന്നതിനായി സൗജന്യമായി തൈകൾ വിതരണം ചെയ്യുന്നുണ്ട്.

(ബി) സ്കൂൾ വിദ്യാർത്ഥികൾക്കിടയിൽ വൃക്ഷസ്നേഹം വളർത്തുന്നതിനായി ഫോറസ്ട്രി ക്ലബ്ബുകൾ, നേച്ചർ ക്ലബ്ബുകൾ എന്നിവ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ഈ ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ലഭ്യമാകുന്ന സ്ഥലത്ത് വൃക്ഷതൈകൾ വച്ചുപിടിപ്പിക്കുന്ന പരിപാടിയും നടപ്പിലാക്കുന്നുണ്ട്. സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രത്യേകമായും ഒരു വർഷം ഒരു വിദ്യാർത്ഥി ഒരു മരമെങ്കിലും നട്ടുപിടിപ്പിക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ട് തയ്യാറാക്കിയ പ്രോജക്ട് പരിഗണനയിലുണ്ട്.

## കർണ്ണാടകത്തിന്റെയും കേരളത്തിന്റെയും അതിർത്തിയിലെ വനഭൂമി

468 [4311] ശ്രീ. കെ. സുധാകരൻ :

" വർക്കല കഹാർ :

" എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള-കർണ്ണാടക അതിർത്തിയിൽ കർണ്ണാടകത്തിന്റെ ഭാഗത്തുള്ള വനഭൂമിയിൽ 800 ഏക്കറോളം ഭൂമി കേരളത്തിന്റെ വകയാണെന്ന് 1999-ൽ നടത്തിയ കർണ്ണാടക-കേരള ജോയിന്റ് സർവ്വേയിൽ തെളിഞ്ഞിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഈ ഭൂമി ഏറ്റുവാങ്ങുവാൻ ആവശ്യമായ രേഖകൾ ഗവൺമെന്റിന്റെ പക്കലുണ്ടോ ;

(സി) ഈ രേഖ കണ്ടെത്തുവാൻ എന്തെല്ലാം നടപടികളെടുത്തു എന്നറിയിക്കാമോ ?

ഉത്തരം

(എ) കേരള-കർണ്ണാടക സംസ്ഥാനാ തിർത്തിയിലുള്ള 800 ഹെക്ടറോളം ഭൂമി സർവ്വേ സ്കെച്ചിന്റെ അഭാവത്താൽ പൂർണ്ണമായി ജോയിന്റ് വെരിഫിക്കേഷൻ നടത്താൻ കഴിഞ്ഞില്ല. എന്നാൽ 800 ഹെക്ടറിൽ ഉദ്ദേശം 500 ഹെക്ടറോളം സ്ഥലം കേരള വനം വകുപ്പിന്റെ അധീനതയിൽപ്പെടുന്നതാണ്.

(ബി) അന്തർ സംസ്ഥാനാതിർത്തി പൂർത്തീകരിക്കുന്നതിലേക്ക് ടി പ്രദേശത്തിന്റെ സർവ്വേ സ്കെച്ച് അത്യാവശ്യമാണ്. ടി സ്കെച്ച് കേരള/കർണ്ണാടക സംസ്ഥാനങ്ങളിലെ സർവ്വേ/വനം/റവന്യൂ വകുപ്പധികൃതരുടെ കൈവശം ലഭ്യമല്ല.

(സി) ടി പ്രദേശം മുൻപ് മദ്രാസ് സംസ്ഥാനത്തിന്റെ ഭാഗമായി വന്നതിനാൽ ടി ഭൂമിയുടെ സർവ്വേ സംബന്ധമായ വിവരങ്ങൾ ചെന്നൈയിലുള്ള ആർക്കൈവ്സിൽ നിന്നും ലഭ്യമാക്കാനുള്ള നടപടി കാസർഗോഡ് ജില്ലാ സർവ്വേ ഡെപ്യൂട്ടി ഡയറക്ടർ സ്വീകരിച്ചു വരുന്നുണ്ട്.

## നീലക്കുറിഞ്ഞി കാണാനെത്തുന്നവരെ രാജമലയിലെത്തിക്കാനുള്ള സംവിധാനം

469 [4312] ശ്രീ. ബി. ബാബു പ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂന്നാറിലെ രാജമലയിൽ പൂത്തുനിൽക്കുന്ന നീലക്കുറിഞ്ഞി കാണാനെത്തുന്നവരെ അവിടെ എത്തിക്കുന്നതിനുള്ള നടപടിക്രമമെന്താണ് ;

(ബി) പ്രസ്തുത സ്ഥലത്തേയ്ക്കുള്ള റോഡ് എവിടെവച്ചാണ് ബ്ലോക്ക് ചെയ്തിട്ടുള്ളത് ; അതിന്റെ ഉദ്ദേശമെന്താണ് ;

(സി) ഇരവികുളത്തെ ദേശീയപാർക്ക് ഓഫീസിൽ വച്ച് സന്ദർശകർക്ക് ടിക്കറ്റ് നൽകി അവരെ മിനി ബസ്സിൽ രാജമലയിലെത്തിക്കാറുണ്ടോ ;

(ഡി) രാജമലയിലെ ഔട്ട്പോസ്റ്റിൽ വച്ചാണോ കുറിഞ്ഞി കാണാനുള്ള കൂപ്പൺ/പാസ്സ് നൽകുന്നത് ; ഇതിന്റെ വിലയെത്രയാണ് ;

(ഇ) ഇത് എത്ര രൂപ ഈടാക്കിക്കൊണ്ടാണ് അവിടെ നിന്ന് നൽകുന്നത് ;

(എഫ്) ഇവിടെ കൂടുതൽ ചാർജ്ജ് ഈടാക്കുന്നതായി വാർത്തയുണ്ടോ ;

(ജി) ഇതൊഴിവാക്കാനായി ഇരവികുളത്ത് ദേശീയപാർക്ക് ഓഫീസിൽവച്ചു തന്നെ ടിക്കററും കൂപ്പണും കൊടുക്കുന്ന ഏർപ്പാടുണ്ടാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മൂന്നാർ മറയൂർ റോഡിലെ 5-ാം മൈലിൽനിന്നും ആനമുടി വനവികസന ഏജൻസി വകയായുള്ള മിനി ബസ്സുകളിൽ ആളൊന്നിന് 20 രൂപ ഈടാക്കി രാജമല സന്ദർശിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിവരുന്നു.

(ബി) 5-ാം മൈലിൽ വച്ചാണ് സ്വകാര്യ വാഹനങ്ങൾക്ക് പ്രവേശനം നിരോധിച്ചിട്ടുള്ളത്. സന്ദർശകരുമായെത്തുന്ന നൂറുകണക്കിനു വാഹനങ്ങൾ 5-ാം മൈൽ മുതൽ രാജമല വരെയുള്ള നാലു കിലോമീററർ ദൂരത്തിൽ ഗുരുതരമായ ഗതാഗത തടസ്സങ്ങൾ സൃഷ്ടിക്കുകയും നാഷണൽ പാർക്കിന്റെ ആവാസ വ്യവസ്ഥയ്ക്ക് ഭീഷണി ആകുന്ന രീതിയിൽ പരിസര മാലിന്യം സൃഷ്ടിക്കുകയും ചെയ്യുന്നത് ഒഴിവാക്കാനാണ് ഈ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളത്.

(സി) ഇല്ല

(ഡി) യും (ഇ) യും 5-ാം മൈലിലെ ടിക്കററ് കൗണ്ടറിൽ വച്ചാണ് ടിക്കററ് നൽകുന്നത്. മിനി ബസ് യാത്രയ്ക്ക് ആൾ ഒന്നിന് 20 രൂപ നിരക്കും നാഷണൽ പാർക്കിലേക്കുള്ള പ്രവേശന ഫീസ് സ്വദേശികൾക്ക് 15 രൂപയും വിദേശികൾക്ക് 200 രൂപയും 5 വയസ്സിനും 12 വയസ്സിനും ഇടയ്ക്കുള്ള കുട്ടികൾക്കും വിദ്യാർത്ഥികൾക്കും 5 രൂപയുമാണ് ഈടാക്കുന്നത്.

(എഫ്) ആന്റ് (ജി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല എന്നിരുന്നാലും ടിക്കററ് കൊടുക്കുന്നത് കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്യുന്നുണ്ട്.

## പ്ലാവ്, ഈററ, ഉലട്ടി മുതലായവ നട്ടുപിടിപ്പിക്കുന്നതിനുള്ള പദ്ധതി

470 [4313] ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആനയ്ക്ക് ഇഷ്ടഭക്ഷണം നൽകുന്നതിന് പ്ലാവ്, ഈററ, ഉലട്ടി മുതലായവ നട്ടുപിടിപ്പിക്കുന്നതിനുള്ള പദ്ധതിയനുസരിച്ച് എത്ര പ്ലാവുകളും ഉലട്ടികളും നട്ടുപിടിപ്പിച്ചു ;

(ബി) എത്ര ഈറ്റക്കാടുകൾ നിർമ്മിച്ചു.

(സി) ഇവ ഇപ്പോൾ നിലവിലുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 500 പ്ലാവ്, 63900 ഉലട്ടി എന്നിവ വച്ചുപിടിപ്പിച്ചിട്ടുണ്ട്.

(ബി) ഈററക്കാടുകൾ നിർമ്മിച്ചിട്ടില്ല.

(സി) മേൽപ്പറഞ്ഞ പ്ലാവ്, ഉലട്ടി എന്നിവയിൽ 65 ശതമാനം അതിജീവിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## കുളത്തൂപ്പുഴ സെൻട്രൽ നഴ്സറിയുടെ പ്രവർത്തനം

471 [4314] ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന്റെ കീഴിലുള്ള കുളത്തൂപ്പുഴ സെൻട്രൽ നഴ്സറിയുടെ പ്രവർത്തനം എന്തെന്ന് വ്യക്തമാക്കുമോ ;

(ബി) ഇപ്പോൾ ഇവിടെ ഏതെല്ലാം ഇനം തൈകളാണ് ഉൽപ്പാദിപ്പിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(സി) ഈ സാമ്പത്തിക വർഷം എത്ര രൂപ ഈ നഴ്സറിക്കുവേണ്ടി ചെലവഴിച്ചു എന്ന് വിശദീകരിക്കുമോ ;

(ഡി) ഇവിടെ എത്ര സ്ഥിരം ജീവനക്കാരും താൽക്കാലിക ജീവനക്കാരും ഉണ്ട് ;

(ഇ) താൽക്കാലിക ജീവനക്കാരുണ്ടെങ്കിൽ അവരെ എന്ത് മാനദണ്ഡത്തിലാണ് നിയമിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) കൊല്ലം സർക്കിളിലെ വിവിധ ഫോറസ്റ്റ് ഡിവിഷനുകളിൽ പ്ലാന്റേഷൻ നിർമ്മിക്കുന്നതിന് ആവശ്യമായ അത്യുൽപ്പാദനശേഷിയുള്ള യൂക്കാലിപ്റ്റസ് ക്ളോണൽ തൈകളും ഉന്നത സാങ്കേതിക വിദ്യയുപയോഗിച്ച് ഗുണമേന്മയുള്ള തേക്ക്, അക്കേഷ്യ, മാഞ്ചിയം, ഔഷധ സസ്യങ്ങൾ തുടങ്ങിയവയുടെ റൂട്ട് ട്രെയിനർ തൈകളും ഉല്പാദിപ്പിച്ച് നൽകലാണ് കുളത്തൂപ്പുഴ സെൻട്രൽ നഴ്സറിയുടെ പ്രവർത്തനങ്ങൾ.

(ബി) ഇപ്പോൾ ടി നഴ്സറിയിൽ യൂക്കാലിപ്റ്റസ് ക്ലോണൽ തൈകളും, തേക്ക്, അക്കേഷ്യ, മാഞ്ചിയം, ഔഷധ സസ്യങ്ങൾ, മററ് വിവിധ ഇനം തൈകൾ എന്നിവയുടെ റൂട്ട് ട്രെയിനർ സീഡ്ലിങ്സും ഉല്പാദിപ്പിച്ചു വരുന്നു.

(സി) ഈ സാമ്പത്തിക വർഷം കുളത്തൂപ്പുഴ സെൻട്രൽ നഴ്സറിക്ക് വേണ്ടി 8.46 ലക്ഷം രൂപയോളം ചെലവഴിച്ചിട്ടുണ്ട്.

(ഡി) ടി നേഴ്സറിയിൽ നാല് സ്ഥിരം ജീവനക്കാരും ദിവസക്കൂലി അടിസ്ഥാനത്തിൽ നാല് ജീവനക്കാരും ഉണ്ട്.

| സ്ഥിരം ജീവനക്കാർ | ദിവസക്കൂലി അടിസ്ഥാനത്തിലുള്ള ജീവനക്കാർ |
|---|---|
| റെയിഞ്ചാഫീസർ-1 | ജീപ്പ് ഡ്രൈവർ-1 |
| ഫോറസ്റ്റർ-1 | മിനിലോറി ഡ്രൈവർ-1 |
| ഫോറസ്റ്റ് ഗാർഡ്-2 | മിനിലോറി ക്ലീനർ-1 |
| | വാച്ചർ-1 |

ഇതുകൂടാതെ ആവശ്യാനുസരണം തൊഴിലാളികളേയും നിയമിക്കുന്നുണ്ട്.

(ഇ) ടി ദിവസക്കൂലി ആൾക്കാരെ തദ്ദേശവാസികളിൽ നിന്നും അംഗീകൃത എസ്റ്റിമേറ്റിന് വിധേയമായി ദിവസക്കൂലി അടിസ്ഥാനത്തിലാണ് നിയോഗിച്ചിട്ടുള്ളത്.

## കാസർഗോഡ് വനം വകുപ്പ് സെയിൽസ് ഡിപ്പോകളിൽ നിന്നും ലേലം ചെയ്ത മരങ്ങൾ

472 [4315] ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കാസർഗോഡ് വനം വകുപ്പ് സെയിൽസ് ഡിപ്പോകളിൽനിന്നും എത്ര കോടി രൂപയുടെ മരം ലേലം ചെയ്തു ;

(ബി) എത്ര കോടി രൂപയുടെ മരങ്ങളാണ് കർണ്ണാടകത്തിലെ നഞ്ചൻകോട് ഡിപ്പോയിൽ കൊണ്ടുപോയി വിൽപ്പന നടത്തിയത് എന്ന് വ്യക്തമാക്കുമോ ;

(സി) നഞ്ചൻകോട് ഡിപ്പോയിൽ കൊണ്ടുപോകുന്ന മരങ്ങൾ തരംതിരിക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ ഇനത്തിൽ എത്ര രൂപ കർണ്ണാടകത്തിന് നികുതിയായി ലഭിച്ചു.

(ഇ) ഇത് സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) 19,34,54,041 രൂപയുടെ വിവിധയിനം മരത്തടികൾ ലേലം ചെയ്ത് വിൽപ്പന നടത്തിയിട്ടുണ്ട്.

(ബി) കർണ്ണാടകത്തിലെ നഞ്ചൻകോട് ഡിപ്പോയിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 6,98,44,280 രൂപയുടെ തടി വിൽപ്പന നടത്തിയിട്ടുണ്ട്;

(സി) നഞ്ചൻകോട് ഡിപ്പോയിൽ കൊണ്ടുപോകുന്ന മരങ്ങൾ തരംതിരിക്കുന്നതിൽ വീഴ്ച സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) 43,78,140 രൂപ നികുതിയായി ലഭിച്ചു.

(ഇ) ഈ വിഷയം സംബന്ധിച്ച് (Misclassification) ശ്രീ. സജേഷ്, പള്ളിക്കര, നീലേശ്വരം എന്നയാൾ 9-6-2006-ൽ ഒരു നിവേദനം സമർപ്പിച്ചിരുന്നു. ഇതേ കാര്യം തന്നെ 9-6-2008-ലെ ദേശാഭിമാനി ദിനപത്രത്തിലും വന്നിരുന്നു. അന്വേഷണത്തിൽ പരാതി അടിസ്ഥാന രഹിതമാണെന്നാണ് കണ്ടെത്തിയത്.

LIBRARY ARCHIVES Kerala Legislative Assembly

## പ്രോജക്ട് പ്രൊപ്പോസലുകൾ നടപ്പാക്കുവാൻ നടപടി

473 [4316] ശ്രീ. സി. എഫ്. തോമസ് :

പ്രൊഫ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യത്തിന് വനവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള റിസർച്ച് കൗൺസിലിന്റെ നേതൃത്വത്തിൽ ബയോ-ഡൈവേഴ്സിറ്റി കൺസർവേഷനുമായി ബന്ധപ്പെട്ട് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കേന്ദ്ര ഗവൺമെന്റിലേക്ക് നൽകിയിരുന്ന പതിനഞ്ച് പ്രൊജക്ട് പ്രൊപ്പോസലുകൾ നടപ്പാക്കാൻ ശ്രമം നടത്തുമോ?

### ഉത്തരം

കേരള റിസർച്ച് കൗൺസിൽ വനം വകുപ്പുമായി ബന്ധപ്പെട്ട് ഈ വിഷയത്തിൽ പ്രൊപ്പോസലുകളൊന്നും തന്നെ നൽകിയിട്ടില്ല.

## വന്യമൃഗങ്ങൾ കൃഷി നശിപ്പിക്കുന്നത് തടയാൻ നടപടി

474 [4317] ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിലെ കിഴക്കൻ പ്രദേശങ്ങളിൽ വനഭൂമിയോട് ചേർന്നുള്ള കൃഷിയിടങ്ങളിൽ വനത്തിൽ നിന്നും കാട്ടുപന്നി ഉൾപ്പെടെയുള്ള വന്യമൃഗങ്ങൾ ഇറങ്ങി വൻതോതിൽ കൃഷി നശിപ്പിക്കുന്നത് തടയുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ മലയോര കർഷകരുടെ വിളകൾ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) കൊല്ലം ജില്ലയിലെ കിഴക്കൻ മേഖലകളായ വനത്തോടു ചേർന്നു കിടക്കുന്ന കടമാൻപാറ, രാജാത്തോട്ടം എന്നിവിടങ്ങളിൽ വനസംരക്ഷണ സമിതിയുടെ നേതൃത്വത്തിൽ ദേശീയ വനവത്ക്കരണ പദ്ധതിയുടെ ഭാഗമായി വൈദ്യുതി കമ്പിവേലി നിർമ്മിക്കുന്ന പദ്ധതി പുരോഗമിച്ചുവരുന്നു.

## ആനകൾക്ക് വെള്ളം കുടിക്കാൻ കുളം

475 [4318] ശ്രീ. ജോർജ് മേഴ്സിയർ :

" കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആനകൾക്ക് വെള്ളം കുടിക്കാൻ കുളം നിർമ്മിക്കുന്നതിനുള്ള പദ്ധതി അനുസരിച്ച് അഗസ്ത്യവനത്തിൽ എത്ര കുളങ്ങൾ കുഴിച്ചു എന്നറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അവയിൽ എത്ര എണ്ണം ഇടിഞ്ഞും ചെളി നിറഞ്ഞും ആനയ്ക്ക് ഗുണം ചെയ്യാത്തവയായി പരിണമിച്ചു എന്നറിയിക്കുമോ ;

(സി) ഇത്തരം കുളങ്ങൾ നന്നാക്കി ഉപയോഗപ്രദമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ഡി) പുതിയ കുളങ്ങൾ നിർമ്മിക്കാൻ ഉദ്ദേശ്യമുണ്ടോ ?

ഉത്തരം

(എ) 20 കുളങ്ങൾ കുഴിച്ചിട്ടുണ്ട്.

(ബി) 6 കുളങ്ങൾ ഉപയോഗ യോഗ്യമല്ല.

(സി) ഉദ്ദേശിക്കുന്നു.

(ഡി) ഇല്ല.

## ഷോപ്പിംഗ് കോംപ്ലക്സുകൾ

476 [4319] ശ്രീ. ബാബു പോൾ : താഴെ കാണുന്ന ചോദ്യത്തിന് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഭവന നിർമ്മാണ ബോർഡ് ഷോപ്പിംഗ് കോംപ്ലക്സുകളുടെ നിർമ്മാണം ഏറ്റെടുക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

കൈവശമുള്ളതും വാണിജ്യപരമായ പ്രാധാന്യമുള്ളതുമായ സ്ഥലങ്ങളിൽ ഭവന നിർമ്മാണ ബോർഡ് ഷോപ്പിംഗ് കോംപ്ളക്സുകൾ/കമേഴ്സ്യൽ-കം-റസിഡൻഷ്യൽ കോംപ്ലക്സുകൾ ഇവയുടെ നിർമ്മാണം ബോർഡിന്റെ ധന സ്ഥിതി അനുസരിച്ച് ഏറ്റെടുത്ത് നടപ്പിലാക്കുന്നതാണ്. തിരുവനന്തപുരത്ത് ജഗതിയിലും മെഡിക്കൽ കോളേജിന് സമീപം പി. ടി. ചാക്കോ നഗറിലും കമേഴ്സ്യൽ-കം-റസിഡൻഷ്യൽ കോംപ്ലക്സുകളും പട്ടത്ത് ഷോപ്പിംഗ് കോംപ്ലക്സും എറണാകുളത്ത് കലൂരിലും തൃശ്ശൂരിൽ കിഴക്കേ ചാലക്കുടിയിലും കമേഴ്സ്യൽ കോംപ്ലക്സുകളും ബോർഡിന്റെ ധനസ്ഥിതി അനുസരിച്ച് നിർമ്മിക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

## ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ ലക്ഷംവീടുകളുടെ പുനരുദ്ധാരണം

477 [4320] ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ എഴിപ്പുറം, പുലിയില, പെരുമ്പുഴ, ഏറം ലക്ഷംവീട്, കുമ്മല്ലൂർ, വിളപ്പുറം, പാണാട്ടുചിറ, കൊച്ചാലുംമൂട്, തെങ്ങുവിള, കൂനംകുളം എന്നീ ലക്ഷംവീട് കോളനികളിലെ വീടുകൾ പുനരുദ്ധരിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ പദ്ധതി വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ലക്ഷംവീട് പദ്ധതി പ്രകാരം നിർമ്മിച്ചിട്ടുള്ള വീടുകളുടെ നവീകരണത്തിനുള്ള പദ്ധതി ഹൗസിംഗ് ബോർഡു വഴി ഘട്ടംഘട്ടമായി നടപ്പിലാക്കിവരുന്നു. ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ ഏറം, വരിഞ്ഞം, വിളപ്പുറം, കുമ്മല്ലൂർ, തെങ്ങുവിള, പാണാട്ടുചിറ, കൂനംകുളം എന്നീ ലക്ഷം വീട് കോളനികളിൽ 138 വീടുകളുടെ നവീകരണം നടത്തണമെന്ന് കൊല്ലം ജില്ലാ പഞ്ചായത്ത് സെക്രട്ടറി ആവശ്യപ്പെട്ടിട്ടുണ്ട്. എഴിപ്പുറം, പുലിയില, പെരുമ്പുഴ, കൊച്ചാലുംമൂട് എന്നീ ലക്ഷം വീട് കോളനികളിലെ വീടുകൾ നവീകരിക്കുന്നതിന് ജില്ലാ പഞ്ചായത്ത് സെക്രട്ടറി ആവശ്യപ്പെട്ടിട്ടില്ല. പദ്ധതിച്ചെലവിന്റെ 50% പഞ്ചായത്ത് ലഭ്യമാക്കി സർക്കാരിൽ നിന്നും ബോർഡിന് ലഭ്യമാക്കുന്ന തുക അനുസരിച്ച് അപേക്ഷകളുടെ മുൻഗണനാക്രമത്തിൽ നവീകരണ പദ്ധതി ഏറ്റെടുത്തു നടപ്പിലാക്കുന്നതാണ്.

## പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്കുള്ള ഹയർപർച്ചേസ് സ്കീം

478 [4321] ശ്രീ. എ. പി. അനിൽകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭവന നിർമ്മണ ബോർഡിൽനിന്ന് പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് ഹയർപർച്ചേസ് സ്കീം പ്രകാരം വീടനുവദിക്കുമ്പോൾ പ്രാരംഭ നിക്ഷേപമായി വീടിന്റെയും അതു നിൽക്കുന്ന ഭൂമിയുടെയും വിലയുടെ 5% മാത്രം അടച്ചാൽ മതിയെന്ന് 20-6-1989-ൽ കൂടിയ ഭവന നിർമ്മാണ ബോർഡ് യോഗം തീരുമാനിച്ചിരുന്നോ ;

(ബി) അന്നത്തെ യോഗത്തിൽ പ്രസ്തുത വിഭാഗക്കാർക്ക് ബാക്കി തുക തിരിച്ചടയ്ക്കുന്നതിനുള്ള കാലാവധിയിൽ ഇളവനുവദിച്ചിരുന്നോ ;

(സി) പ്രസ്തുത വിഭാഗങ്ങൾക്ക് ഹയർപർച്ചേസ് സ്കീമിൽ വീടനുവദിക്കുമ്പോൾ ഈ തീരുമാന പ്രകാരമുള്ള ആനുകൂല്യം ഇപ്പോൾ നൽകുന്നുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പട്ടികജാതി/പട്ടികവർഗ്ഗവിഭാഗത്തിലെ ഇടത്തരം വരുമാനക്കാരായ (എം.ഐ.ജി.) ഗുണഭോക്താക്കൾക്ക് പ്രാരംഭ നിക്ഷേപം (ഐ.ഡി.) 5% ആയി പരിമിതപ്പെടുത്താൻ 20-6-1989-ലെ ബോർഡ് യോഗം തീരുമാനിച്ചിരുന്നു.

(ബി) അനുവദിച്ചിരുന്നു.

(സി) ഗുണഭോക്താക്കളുടെ അപേക്ഷയിൻമേൽ ബോർഡ് തീരുമാന പ്രകാരമുള്ള ആനുകൂല്യം നൽകുന്നുണ്ട്. ആർക്കെങ്കിലും പ്രസ്തുത ആനുകൂല്യങ്ങൾ നിഷേധിക്കപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടാൽ അന്വേഷിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

# II ചരമോപചാരം

## മുൻമന്ത്രി കെ. ചന്ദ്രശേഖരൻ, മുൻ നിയമസഭാംഗങ്ങളായിരുന്ന പി. രാമലിംഗം, കെ. എം. എബ്രഹാം, തിരു-കൊച്ചി നിയമസഭാംഗങ്ങളായിരുന്ന എം. വർക്കി, പുറത്തേക്കാട് ചന്ദ്രശേഖരൻ നായർ, മുൻലോക സഭാംഗമായിരുന്ന കെ. എ. രാജൻ, മുൻ കേന്ദ്രമന്ത്രി ജി. രവീന്ദ്രവർമ്മ എന്നിവരുടെ നിര്യാണം.

മി. സ്പീക്കർ: മുൻ മന്ത്രി കെ. ചന്ദ്രശേഖരൻ, മുൻ നിയമസഭാംഗങ്ങളായിരുന്ന പി. രാമലിംഗം, കെ.എം. എബ്രഹാം, തിരു-കൊച്ചി നിയമസഭാംഗങ്ങളായിരുന്ന

9.30 A. M.

എം. വർക്കി, പുറത്തേക്കാട് ചന്ദ്രശേഖരൻ നായർ, മുൻ ലോകസഭാംഗമായിരുന്ന കെ.എ. രാജൻ, മുൻ കേന്ദ്രമന്ത്രി ജി. രവീന്ദ്രവർമ്മ എന്നിവർ ഈയിടെ നിര്യാതരായി.

### കെ. ചന്ദ്രശേഖരൻ

പൊതുജീവിതത്തിൽ വിശുദ്ധിയും മൂല്യങ്ങളും കാത്തുസൂക്ഷിച്ച് ജനമനസ്സിൽ സ്വന്തം വ്യക്തിമുദ്ര പതിപ്പിച്ച കെ. ചന്ദ്രശേഖരനെന്ന കരുത്തനായ സോഷ്യലിസ്റ്റിന്റെ നിര്യാണം ഇന്ത്യയിലെ സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിന് തീരാനഷ്ടമാണ് ഉണ്ടാക്കിയിരിക്കുന്നത്.

കൊടുങ്ങല്ലൂർ കോവിലകത്തെ രാമവർമ്മയുടെയും തൃശ്ശൂർ കൊട്ടിലിൽ മാരാത്ത് കുഞ്ഞിക്കാവമ്മയുടെയും മകനായി 22-9-1921-ൽ ജനിച്ച ചന്ദ്രശേഖരന്റെ പ്രാഥമിക വിദ്യാഭ്യാസം അമ്മയുടെ ശിക്ഷണത്തിൻ കീഴിലായിരുന്നു. തൃശ്ശൂരിലെ സർക്കാർ സ്കൂളിലായിരുന്നു ഹൈസ്കൂൾ പഠനം. തുടർന്ന് തൃശ്ശൂർ സെന്റ് തോമസ് കോളേജിൽ നിന്നും ഇന്റർമീഡിയറ്റും എറണാകുളം മഹാരാജാസ് കോളേജിൽ നിന്നും ബി.എ.യും മദ്രാസ് ലോ കോളേജിൽ നിന്നും നിയമബിരുദവും നേടിയ അദ്ദേഹം ഹൈക്കോടതിയിലെ പ്രഗത്ഭനായ അഭിഭാഷകനായിരുന്നു.

വിദ്യാർത്ഥി രാഷ്ട്രീയത്തിലൂടെ പൊതുപ്രവർത്തനരംഗത്തെത്തിയ ചന്ദ്രശേഖരൻ ക്വിറ്റ് ഇൻഡ്യാ സമരത്തിലും പങ്കെടുത്തിരുന്നു. നിരവധി തവണ പോലീസ് മർദ്ദനത്തിന് ഇരയായിട്ടുള്ള അദ്ദേഹത്തെ 1975-ൽ അടിയന്തിരാവസ്ഥയ്ക്കെതിരെ കോഴിക്കോട് പ്രകടനം നയിച്ചതിന് പോലീസ് അറസ്റ്റ് ചെയ്ത് 19 മാസക്കാലം ജയിലിൽ അടച്ചിരുന്നു.

ജനതാ പാർട്ടിയുടെ ആദ്യ സംസ്ഥാന പ്രസിഡന്റായിരുന്ന ചന്ദ്രശേഖരൻ 1957-ൽ ഹോസ്ദുർഗ് നിയമസഭാ മണ്ഡലത്തിൽ നിന്ന് വിജയിച്ച് ഒന്നാം കേരള നിയമസഭയിൽ അംഗമായി. രണ്ടാം കേരള നിയമസഭയിൽ വീണ്ടും ഹോസ്ദുർഗ്ഗിൽ നിന്നും വിജയിച്ച് പട്ടം താണുപിള്ള മന്ത്രിസഭയിൽ 22-2-1960 മുതൽ 26-9-1962 വരെ റവന്യൂവും നിയമവും വകുപ്പുമന്ത്രിയായും 26-9-1962 മുതൽ 9-10-1962 വരെ വിദ്യാഭ്യാസവും നിയമവും വകുപ്പുമന്ത്രിയായും തുടർന്ന് 1967 മുതൽ 1976 വരെ രാജ്യസഭാംഗമായും പ്രവർത്തിച്ചു. 5,6,7,8,9 എന്നീ നിയമസഭകളിൽ വടകര നിയോജകമണ്ഡലത്തിൽ നിന്നും

LIBRARY ARCHIVES Kerala Legislative Assembly

തെരഞ്ഞെടുക്കപ്പെട്ടു. 26-3-1987 മുതൽ 17-6-1991 വരെ ഇ. കെ. നായനാരുടെ മന്ത്രിസഭയിൽ വിദ്യാഭ്യാസവും നിയമവും വകുപ്പുമന്ത്രിയായിരുന്നു. 1958-'59 കാലഘട്ടത്തിൽ സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി ചെയർമാൻ, റബ്ബർ ബോർഡ്, കേരള സ്പോർട്ട്സ് കൗൺസിൽ, ബാർ അസ്സോസിയേഷൻ ഓഫ് ഇൻഡ്യ, സുപ്രീം കോർട്ട് അഡ്വക്കേറ്റ്സ് അസ്സോസിയേഷൻ എന്നിവയുടെ ചെയർമാൻ എന്നീ നിലകളിലും പ്രവർത്തിച്ചിരുന്നു. അവിവാഹിതനായ ചന്ദ്രശേഖരന്റെ ആത്മകഥാംശം അടങ്ങിയ സൃഷ്ടിയായിരുന്നു ദി ഫേസ് ഓഫ് ഫ്രീഡം, റിഫ്ളക്ഷൻ ഓൺ ദി ഇൻഡ്യൻ റെവല്യൂഷൻ, ലെറ്റ് അസ് യുണൈറ്റഡ് എന്നിവയായിരുന്നു മറ്റു കൃതികൾ.

കേരളത്തിൽ പ്ലസ് ടു, ഗ്രന്ഥശാലാ നിയമം, മെട്രിക് തൂക്കവും അളവുകളും എന്നിങ്ങനെ കാലഘട്ടത്തിന്റെ ആവശ്യം മനസ്സിലാക്കി പരിഷ്കാരങ്ങൾ നടപ്പാക്കിയതിലൂടെ തന്റെ ഭരണപാടവം തെളിയിച്ചു. ഒരു നിയമസഭാ സാമാജികൻ എന്ന നിലയിൽ നിയമസഭാ നടപടിക്രമങ്ങളും ചട്ടങ്ങളും വളരെ നന്നായി മനസ്സിലാക്കുകയും അത് സഭയിൽ പ്രതിഫലിപ്പിക്കുകയും ചെയ്യുന്നതിലും അദ്ദേഹം വിജയിച്ചിരുന്നു.

സോഷ്യലിസ്റ്റ് ആശയം ജീവിതാവസാനം വരെ മുറുകെ പിടിച്ച് സുദീർഘമായ പൊതു ജീവിതത്തിൽ സംശുദ്ധ രാഷ്ട്രീയത്തിനുടമയായ ചന്ദ്രശേഖരന്റെ വിയോഗംമൂലം ഒരു മികച്ച പാർലമെന്റേറിയനേയും ഒരു സോഷ്യലിസ്റ്റിനേയുമാണ് നമുക്ക് നഷ്ടമായിരിക്കുന്നത്.

## പി. രാമലിംഗം

സ്വാതന്ത്ര്യ സമര സേനാനിയും മുൻ എം.എൽ.എ.-യുമായിരുന്ന ഏഴംകുളം തൊടുവക്കാട് കാവാടി കിഴക്കേമഠത്തിൽ പി. രാമലിംഗം 27-7-2006-ൽ നിര്യാതനായി. 1916-ലായിരുന്നു അദ്ദേഹത്തിന്റെ ജനനം. 1939-ൽ തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ്സിൽ ചേർന്ന പി. രാമലിംഗം 1941-ൽ സി.പി.ഐ.-ൽ അംഗമായി.

1952-ൽ പട്ടാഴി നിയമസഭാ മണ്ഡലത്തിൽ നിന്നും 1965-ൽ അടൂർ നിയമസഭാ മണ്ഡലത്തിൽ നിന്നും മത്സരിച്ചു. 1967-ൽ അടൂർ നിയമസഭാ മണ്ഡലത്തിൽ നിന്നും വിജയിച്ച് മൂന്നാം കേരള നിയമസഭയിൽ അംഗമായി.

സി.പി.ഐ. സംസ്ഥാന കൗൺസിൽ അംഗം, എ.ഐ.ടി.യു.സി. സംസ്ഥാന കൗൺസിൽ അംഗം, പ്ലാന്റേഷൻ കോർപ്പറേഷൻ ഡയറക്ടർ ബോർഡ് അംഗം, ഏഴംകുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, കെൻകോസ് ചെയർമാൻ, കുന്നത്തൂർ തോട്ടം തൊഴിലാളി യൂണിയൻ സ്ഥാപക പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. ആർജ്ജവവും അർപ്പണബോധവും ഉള്ള ഒരു കമ്മ്യൂണിസ്റ്റ് നേതാവിനെയാണ് പി. രാമലിംഗത്തിന്റെ നിര്യാണംമൂലം നമുക്ക് നഷ്ടമായിരിക്കുന്നത്.



LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## കെ. എം. എബ്രഹാം

ക്രിസ്ത്യൻ കുടുംബത്തിൽ 1919 മാർച്ച് 27-ന് ജനിച്ച എബ്രഹാം 1941-ൽ കമ്മ്യൂണിസ്റ്റ് സ്വാതന്ത്ര്യ സമരസേനാനിയും ട്രേഡ് യൂണിയൻ രംഗത്തെ അതികായകനും ആദ്യകാല കമ്മ്യൂണിസ്റ്റും പാർലമെന്റേറിയനുമായ കെ. എം. എബ്രഹാം 5-9-2006-ൽ നമ്മെ വിട്ടുപിരിയുമ്പോൾ, സ്വാതന്ത്ര്യസമരകാലത്തെ ത്യാഗോജ്ജ്വല പ്രവർത്തനപാരമ്പര്യമുള്ള പഴയ തലമുറയെ ആധുനിക കാലഘട്ടവുമായി യോജിപ്പിക്കുന്ന കണ്ണികളിലൊന്നുകൂടി നഷ്ടമായിരിക്കുന്നു. പരേതരായ കൊല്ലേട്ട് ഈപ്പൻമാണി-ഏലിയാമ്മ മാണി ദമ്പതികളുടെ മകനായി ഒരു ഇടത്തരം ക്രിസ്ത്യൻ കുടുംബത്തിൽ 1919 മാർച്ച് 27-ന് ജനിച്ച എബ്രഹാം 1941-ൽ കമ്മ്യൂണിസ്റ്റ് പാർട്ടി അംഗമായി. സ്വാതന്ത്ര്യസമരഘട്ടത്തിലും അടിയന്തിരാവസ്ഥയിലുമായി ആറുവർഷത്തോളം ജയിൽ വാസം അനുഭവിച്ചു.

1967-ൽ കോട്ടയം പാർലമെന്റ് മണ്ഡലത്തിൽ നിന്നും ലോക്സഭയിലേക്കും 1980-ൽ കോട്ടയം നിയോജകമണ്ഡലത്തിൽ നിന്നും നിയമസഭയിലേക്കും തെരഞ്ഞെടുക്കപ്പെട്ട എബ്രഹാം ട്രാവൻകൂർ സിമന്റ്സിന്റെ ചെയർമാൻ എന്ന നിലയിലും പ്രവർത്തിച്ചിരുന്നു. സി.പി.എം. കോട്ടയം ജില്ലാ സെക്രട്ടറി, സംസ്ഥാന കമ്മിറ്റിയംഗം, സി.ഐ.ടി.യു അഖിലേന്ത്യാ വർക്കിംഗ് കമ്മിറ്റിയംഗം എന്നീ നിലകളിലും സ്തുത്യർഹമായ സേവനം കാഴ്ചവച്ചിരുന്നു.

കെ.എം. എബ്രഹാമിന്റെ നിര്യാണംമൂലം രാഷ്ട്രീയരംഗത്തും സമൂഹത്തിന്റെ വിവിധ തലങ്ങളിലുള്ളവരുടെയെല്ലാം സ്നേഹാദരങ്ങൾ നേടിയെടുക്കാൻ കഴിഞ്ഞ ഒരു ആദ്യകാല കമ്മ്യൂണിസ്റ്റ് നേതാവിനെയാണ് നമുക്ക് നഷ്ടമായിരിക്കുന്നത്.

## എം. വർക്കി

തിരുവിതാംകൂർ നിയമസഭയിൽ കുന്നത്തുനാട് നിയോജക മണ്ഡലത്തിൽ നിന്നും എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ട മുൻ എം.എൽ.എ. ഓടയ്ക്കാലി താണേലിമാലിൽ എം. വർക്കി 2-7-2006-ൽ നിര്യാതനായി. 1948 മുതൽ 1952 വരെ അദ്ദേഹം എം.എൽ.എ.-യായിരുന്നു. കുറുപ്പംപടി എം.ജി.എം. ഹയർസെക്കണ്ടറി സ്ക്കൂളിൽ അദ്ധ്യാപകൻ, ഹെഡ്മാസ്റ്റർ എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. ആദർശങ്ങളും മൂല്യങ്ങളും കൈവിടാതെ സാമൂഹ്യസേവനത്തിനായി ജീവിതം സമർപ്പിച്ച ഒരു വ്യക്തിയെയാണ് എം. വർക്കിയുടെ നിര്യാണംമൂലം നമുക്ക് നഷ്ടമായിരിക്കുന്നത്.

## പുറത്തേക്കാട് ചന്ദ്രശേഖരൻ നായർ

തിരു-കൊച്ചി നിയമസഭയിൽ അംഗമായിരുന്ന അഡ്വക്കേറ്റ് പുറത്തേക്കാട് ചന്ദ്രശേഖരൻ നായർ 10-10-2006-ൽ നിര്യാതനായി. തിരു-കൊച്ചി നിയമസഭയിൽ

പാലോട് മണ്ഡലത്തിൽ നിന്നും പ്രജാ സോഷ്യലിസ്റ്റ് പാർട്ടി അംഗമായി തെരഞ്ഞെടുക്കപ്പെട്ടിരുന്നു. നെടുമങ്ങാട് എൻ.എസ്.എസ്. താലൂക്ക് യൂണിയൻ പ്രസിഡന്റ്, എൻ.എസ്.എസ്. ഡയറക്ടർ ബോർഡ് അംഗം, നെടുമങ്ങാട് അർബൻ ഡെവലപ്പമെന്റ് ബാങ്കിന്റെ സ്ഥാപക പ്രസിഡന്റ്, സംസ്ഥാന റൂറൽ ഡെവലപ്പ്മെന്റ് ബോർഡ് ചെയർമാൻ എന്നീ നിലകളിൽ ദീർഘകാലം സേവനമനുഷ്ഠിച്ചിരുന്നു. അഡ്വ. പുറത്തേക്കാട് ചന്ദ്രശേഖരൻ നായരുടെ നിര്യാണംമൂലം സാമൂഹ്യ-രാഷ്ട്രീയ രംഗത്തെ ഒരു പ്രഗത്ഭമതിയെയാണ് നമുക്ക് നഷ്ടമായിരിക്കുന്നത്.

## കെ. എ. രാജൻ

സുദീർഘവും പ്രവർത്തനനിരതവുമായ പൊതുജീവിതത്തിനിടയിൽ ത്യാഗോജ്ജ്വലമായ പ്രവർത്തനംകൊണ്ട് ശ്രദ്ധേയനായ മുൻ ലോക്സഭാംഗം കെ.എ.രാജൻ 17-8-2006-ൽ നമ്മെ വിട്ടുപിരിഞ്ഞു. കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിനു വേണ്ടി പ്രവർത്തിക്കുക എന്നത് വളരെ ക്ലേശപൂർണ്ണമായിരുന്നിട്ടും തന്റെ പ്രവർത്തന പന്ഥാവ് തിരിച്ചറിഞ്ഞ് ആ പ്രസ്ഥാനത്തിനുവേണ്ടി തന്റെ ജീവിതം ഉഴിഞ്ഞു വയ്ക്കുകയായിരുന്നു കെ. എ. രാജൻ.

വടശ്ശേരി തൈപ്പറമ്പിൽ വി.ടി. മാധവമേനോന്റേയും കൊടുങ്ങല്ലൂർ ആനാട്ട് സീതക്കുട്ടിയമ്മയുടേയും മകനായി ജനിച്ച കെ.എ. രാജൻ 1971 മുതൽ 1981 വരെ തൃശ്ശൂരിൽ നിന്നുള്ള ലോക്സഭാംഗമായിരുന്നു. ചുരുങ്ങിയ കാലം കൊണ്ടുതന്നെ ഒരു മികച്ച പാർലമെന്റേറിയനാകുവാൻ കെ. എ. രാജന് കഴിഞ്ഞു. ഒളിവിൽ കഴിയേണ്ടിവന്ന നാളുകളിലും അദ്ദേഹം പാർട്ടി പ്രവർത്തനം തുടരുകയും പോലീസ് മർദ്ദനം ഏൽക്കേണ്ടിവരികയും ചെയ്തിരുന്നു.

തൊഴിലാളി പ്രസ്ഥാനത്തിനുവേണ്ടി തന്റെ ജീവിതം സമർപ്പിച്ച കെ.എ. രാജൻ ദീർഘകാലം എ.ഐ.ടി.യു.സി-യുടെ സംസ്ഥാന സെക്രട്ടറി, അഖിലേന്ത്യാ സെക്രട്ടറി, സി.പി.ഐ.-യുടെ ദേശീയ കൗൺസിൽ അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചിരുന്നു. തൊഴിലാളികളുടെ പ്രശ്നങ്ങളിൽ നിറഞ്ഞ സാന്നിദ്ധ്യമായിരുന്ന കെ.എ. രാജന്റെ നിര്യാണംമൂലം ഒരു ജനകീയ നേതാവിനെയാണ് നമുക്ക് നഷ്ടമായിരിക്കുന്നത്.

## ജി. രവീന്ദ്രവർമ്മ

മുൻ കേന്ദ്ര തൊഴിൽ മന്ത്രി ജി. രവീന്ദ്രവർമ്മ 10-10-2006-ന് നിര്യാതനായി.

അടിയന്തിരാവസ്ഥയ്ക്കുശേഷം കേന്ദ്രത്തിൽ അധികാരത്തിൽ വന്ന ജനതാ മന്ത്രിസഭയിലെ ഏക മലയാളിയായിരുന്നു രവീന്ദ്രവർമ്മ. 1962-ൽ തിരുവല്ലയിൽ നിന്നും 1977-ൽ ബീഹാറിലെ റാഞ്ചിയിൽ നിന്നും 1980-ൽ മുംബൈ നോർത്തിൽ നിന്നും ലോക്സഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സ്വാതന്ത്ര്യസമര സേനാനി, വിദ്യാർത്ഥി യുവജന പ്രസ്ഥാനങ്ങളുടെ നേതാവ്, ഗാന്ധിയൻ, ചിന്തകൻ എന്നിങ്ങനെയെല്ലാം ശ്രദ്ധേയനായ വ്യക്തിയായിരുന്നു രവീന്ദ്രവർമ്മ.

രാഷ്ട്രീയരംഗത്ത് സ്വന്തം വ്യക്തിമുദ്ര പതിപ്പിക്കാൻ കഴിഞ്ഞിട്ടുളള ജി. രവീന്ദ്രവർമ്മയുടെ വിയോഗം നമ്മുടെ പൊതുരംഗത്തിന് ഒരു നഷ്ടമാണ്.

(പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു.)

## III. അടിയന്തിര പ്രമേയം

### കുട്ടനാടൻ പ്രദേശത്ത് നെല്ല് സംഭരിക്കാത്തതും പുഞ്ചക്കൃഷിക്ക് ലഭിച്ചിരുന്ന ആനുകൂല്യങ്ങൾ നിർത്തലാക്കിയതുമൂലമുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ

മി. സ്പീക്കർ: കുട്ടനാടൻ പാടശേഖരങ്ങളിൽ പൊതുവെയും അപ്പർ കുട്ടനാട്ടിൽ പ്രത്യേകിച്ചും വിരിപ്പുകൃഷി നടത്തിയ കർഷകരിൽനിന്നും കൊയ്ത്ത് കഴിഞ്ഞ് മൂന്ന് ആഴ്ചയിലേറെയായിട്ടും സർക്കാർ പ്രഖ്യാപിച്ച ക്വിന്റലിന് 850 രൂപ നിരക്കിൽ നെല്ല് സംഭരിക്കുന്നതിന് വീഴ്ച വന്നിരിക്കുന്നതുമൂലം നിരവധി പാടശേഖരങ്ങളിൽ നൂറുകണക്കിന് കർഷകരുടെ നെല്ല് കെട്ടിക്കിടക്കുകയും അടുത്ത പുഞ്ചക്കൃഷിക്ക് കഴിഞ്ഞ വർഷങ്ങളിൽ ലഭിച്ചിരുന്ന ആനുകൂല്യങ്ങൾ നിറുത്തലാക്കുകയും ചെയ്തിരിക്കുന്ന അത്യന്തം ഗുരുതരമായ സ്ഥിതിവിശേഷത്തെക്കുറിച്ച് സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർവ്വ ശ്രീ. തോമസ് ചാഴികാടൻ, ശ്രീ. കെ. സി. ജോസഫ്, ശ്രീ. പി. കെ. അബ്ദുറബ്ബ്, ശ്രീ. കെ. കെ. ഷാജു, ശ്രീ. തോമസ് ചാണ്ടി എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): സർ, കോട്ടയത്ത് ഏതാനും പഞ്ചായത്തുകളിൽ നെല്ല് സംഭരണത്തിന് കാലതാമസം വന്നു എന്നുള്ള പരാതിയാണ് ശ്രീ. തോമസ് ചാഴികാടനും മറ്റ് അംഗങ്ങളും ഇവിടെ അടിയന്തിര പ്രമേയത്തിൽ ഉന്നയിച്ചിട്ടുള്ളത്. കോട്ടയത്തെയും അപ്പർ കുട്ടനാട്ടിലെയും ഈ വിഷയം ഇതിനു മുൻപ് ബഹുമാനപ്പെട്ട അംഗം ശ്രീ. തോമസ് ചാണ്ടി ഉന്നയിച്ചിട്ടുള്ളതാണ്. കോട്ടയത്തെ ചില പഞ്ചായത്തുകളിൽ പ്രത്യേകിച്ച് കുമരകം, ആർപ്പൂക്കര പഞ്ചായത്തുകളിലെ നെല്ല് സംഭരണം നടക്കുന്നില്ലെന്ന പരാതി കഴിഞ്ഞ ദിവസം കോട്ടയം എം.എൽ.എ. ശ്രീ. വാസവൻ എന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. സത്വര നടപടികൾ കോട്ടയത്ത് ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. നെൽ കൃഷിക്കാരെ സഹായിക്കുവാനും കർഷകർ ഉൽപാദിപ്പിക്കുന്ന നെല്ലിന് മെച്ചപ്പെട്ട വില ലഭ്യമാക്കാനും കർഷകരിൽനിന്നും നേരിട്ട് നെല്ല് സംഭരിക്കുന്നതിനും സർക്കാർ 2-9-2006-ൽ പ്രത്യേകം ഉത്തരവ് പ്രകാരം തീരുമാനിച്ചു. കേരളത്തിൽ 16-9-2006-ന് നെല്ലെടുപ്പ് ആരംഭിച്ചു. കഴിഞ്ഞ വർഷം

LIBRARY ARCHIVES Kerala Legislative Assembly

നെല്ലിന്റെ സംഭരണ വില ക്വിന്റലിന് 700 രൂപയായിരുന്നെങ്കിലും ഇക്കൊല്ലം 850 രൂപ നിരക്കിലാണ് ഗവൺമെന്റ് നെല്ല് സംഭരിക്കാൻ തീരുമാനിച്ചത്. അയൽ സംസ്ഥാനങ്ങളിൽ നെല്ല് ക്വിന്റലിന് 620 രൂപ ആയതുകൊണ്ട് കേരളത്തിലെ നെല്ല് സംഭരണ പ്രക്രിയയിൽ താമസം വരാതിരിക്കാൻ കർഷകരുടെ രജിസ്ട്രേഷൻ നേരത്തെ പൂർത്തിയാക്കി. കഴിഞ്ഞ വർഷം ചില സ്വകാര്യ മില്ലുകൾ നടത്തിയ തിരിമറിയുടെ അടിസ്ഥാനത്തിൽ കുറ്റമറ്റ രീതിയിൽ നെല്ല് സംഭരണവും സംസ്ക്കരണവും വിപണനവും നടപ്പിലാക്കാൻവേണ്ടി നെല്ലിന്റെ സംഭരണം മുതൽ വിതരണം വരെയുള്ള എല്ലാ നടപടികളും കൂടുതൽ സുതാര്യമായ സോഫ്റ്റ്വെയർ തയ്യാറാക്കിയാണ് ഈ വർഷം സംഭരണം ആരംഭിച്ചത്. നെല്ല് സംഭരണം കുറ്റമറ്റതാക്കാൻ സപ്ലൈകോ ഫുഡ് ആന്റ് സിവിൽസപ്ലൈസ്, കൃഷി വകുപ്പ് എന്നിവിടങ്ങളിൽ. സ്പെഷ്യൽ സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. ഒരു പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ ശക്തമായ വിജിലൻസ് പ്രവർത്തനവും നടത്തുന്നുണ്ട്. വിളവെടുപ്പ് സമയത്ത് 22 മുതൽ 24 ശതമാനം വരെയുള്ള ജലാംശം വിളവെടുപ്പിന് ശേഷം ഏകദേശം പത്ത് പതിനഞ്ച് ദിവസമെങ്കിലും ഉണക്ക് ലഭിച്ചാൽ മാത്രമേ കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുള്ള 17 ശതമാനം ജലാംശത്തിലേക്ക് നെല്ല് എത്തുകയുള്ളൂ. ജലാംശം കൂടിയ അരിയുടെ അളവും നിലവാരവും കുറയാൻ സാധ്യതയുണ്ട്. അത്തരം അരി റേഷൻ കടകളിൽകൂടി വിതരണം നടത്താൻ ഫുഡ് കോർപ്പറേഷൻ അനുവദിക്കുന്നതല്ല. ആയതിനാൽ എല്ലാ സംഭരണ കേന്ദ്രങ്ങളിലും ഡെപ്യൂട്ടേഷനിൽ ഒരു കൃഷി ഓഫീസറെ നിയമിച്ച് ഗുണനിലവാരത്തിന്റെ ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ് നൽകിയതിനുശേഷം മാത്രമേ സപ്ലൈകോ സംഭരണം തുടങ്ങിയിട്ടുള്ളൂ. സംഭരിച്ച നെല്ലിന്റെ വില കൃഷിക്കാരന് പത്ത് ദിവസത്തിനകം നൽകുന്നതിനായി പാലക്കാട്ടും മങ്കൊമ്പിലും താൽക്കാലിക ഓഫീസുകൾ ആരംഭിച്ചിട്ടുണ്ട്. സ്വന്തമായി അരി മില്ലുകൾ ഇല്ലാത്തതുകൊണ്ട് നെല്ല് കുത്തി അരിയാക്കുന്നതിന് മോഡേൺ റൈസ് മില്ലുകളിൽനിന്നും ഓപ്പൺ ടെന്റർ ക്ഷണിച്ചിട്ടുണ്ട്. അതനുസരിച്ച് സഹകരണ മേഖലയിൽ ഉൾപ്പെടെയുള്ള അരി മില്ലുകളിലുമായി നെല്ല് കുത്തുന്നതിന് കരാറിൽ ഏർപ്പെട്ട് കഴിഞ്ഞിട്ടുണ്ട്. സംഭരിക്കുന്ന നെല്ല് കുത്തുന്നതുവരെ സൂക്ഷിക്കുന്നതിന് സെൻട്രൽ ഗവൺമെന്റ് വെയർഹൗസിംഗ് കോർപ്പറേഷൻ, സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ എന്നിവയുമായി ധാരണയുണ്ടാക്കി ശാസ്ത്രീയമായി സൂക്ഷിക്കാൻ നടപടിയെടുത്തിട്ടുണ്ട്. കൃഷിക്കാർക്ക് നേരിട്ടും ഫോൺ മുഖേനയും അറിയിക്കുവാനും പരിഹാരം കാണുവാനും സപ്ലൈകോ കേന്ദ്ര ഓഫീസിൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് കൃഷിക്കാർക്ക് പ്രാദേശികമായി പരിഹരിക്കാൻ കഴിയാത്ത തർക്കങ്ങൾ ഉണ്ടായാൽ ഇത് പരിഹരിക്കുന്നതിനായി ജില്ലാതലത്തിൽ തർക്ക പരിഹാര ഫോറവും രൂപീകരിച്ചിട്ടുണ്ട്. ഇന്ന് 12 മണിക്ക് ഈ വിവിധ പഞ്ചായത്തുകളിൽ നെല്ല് സംഭരണത്തെക്കുറിച്ചുള്ള കാര്യങ്ങൾ ചർച്ച ചെയ്യുവാൻ യോഗം വിളിച്ചു കൂട്ടിയിട്ടുണ്ട്. നെല്ല് സംഭരണം 16-9-2006 മുതൽ തന്നെ പാലക്കാട്, ആലപ്പുഴ ജില്ലകളിൽ ആരംഭിച്ചു കഴിഞ്ഞു. 23-9-2006 മുതൽ കോട്ടയം ജില്ലയിലെ ആർപ്പൂക്കര, തിരുവാർപ്പ്, അയ്മനം പഞ്ചായത്തുകളിൽ പുരോഗമിച്ചുവരുന്നു. ഇതിനകം അപ്പർ കുട്ടനാട്ടിൽ മാത്രം മുപ്പത്താറായിരത്തിൽപ്പരം ക്വിന്റൽ നെല്ല് സംഭരിച്ചുകഴിഞ്ഞു. 25% പാടശേഖരങ്ങളിലേ കൊയ്ത്ത് പൂർത്തിയായിട്ടുള്ളൂ. 50% പാടശേഖരങ്ങളിൽ കൊയ്ത്ത് നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

25% പാടശേഖരങ്ങളിൽ ഇനിയും കൊയ്ത്ത് ആരംഭിച്ചിട്ടില്ല. തുടർച്ചയായ മഴയും സർക്കാർ പ്രഖ്യാപിച്ച ഒഴിവു ദിവസങ്ങളും നെല്ല് സംഭരണത്തിന് താൽക്കാലികമായ ബുദ്ധിമുട്ടുകൾ സൃഷ്ടിച്ചിട്ടുണ്ട്. കേരളത്തിൽ ഇതിനകം മൊത്തം രണ്ട് ലക്ഷത്തി എഴുപത്തിനാലായിരത്തി തൊള്ളായിരത്തി മുപ്പത്തിയൊൻപത് ക്വിന്റൽ നെല്ല് സംഭരിച്ചു കഴിഞ്ഞു. നെല്ല് സംഭരണം പൂർണ്ണമായും സ്വകാര്യ മില്ലുകളുടെ സഹായത്തോടെയാണ് നടത്തിക്കൊണ്ടിരിക്കുന്നത്. 2700 കൃഷിക്കാർക്കായി നെല്ല് സംഭരിച്ച വകയിൽ ഇതിനകം ഒൻപത് കോടി ഇരുപതു ലക്ഷം രൂപ വിതരണം ചെയ്തുകഴിഞ്ഞു. നെല്ല് സംഭരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് കോട്ടയം ജില്ലാ കളക്ടറേറ്റിൽ ഇപ്പോൾ യോഗം നടന്നുകൊണ്ടിരിക്കുകയാണ്. തീർച്ചയായിട്ടും ബഹുമാനപ്പെട്ട അംഗങ്ങൾ ഉന്നയിച്ച കർഷകരുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ സത്വര നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്ന് സ്വീകരിച്ചു വരികയാണ്.

ശ്രീ. തോമസ് ചാഴികാടൻ: സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ഉദ്യോഗസ്ഥർ എഴുതിക്കൊടുത്ത വിവരങ്ങൾ അതേപടി പറയുകയാണ് ചെയ്തത്. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പാടശേഖരങ്ങളിൽ മുഴുവൻ പോയി അവിടത്തെ യഥാർത്ഥ സ്ഥിതി മനസ്സിലാക്കുകയുണ്ടായി. കോട്ടയത്തുനിന്ന് പ്രസിദ്ധീകരിക്കുന്ന മുഴുവൻ പത്രങ്ങളും ദേശാഭിമാനി ഉൾപ്പെടെ ഇക്കാര്യത്തിൽ അനാസ്ഥ ഉണ്ടായിട്ടുണ്ടെന്ന് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് 22 മുതൽ 24 % വരെ ഈർപ്പമുള്ള നെല്ല് എടുക്കുന്നില്ലെന്നാണ്. ഇവിടെ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതുപോലും 17 ശതമാനത്തിൽ കൂടുതൽ ഈർപ്പം നിൽക്കാൻ പാടില്ലെന്നുള്ള നിബന്ധനയിലാണ്. കൃഷി ഓഫീസറെ സ്പെഷ്യൽ ഓഫീസറായി നിശ്ചയിച്ച് പാടശേഖരങ്ങളിൽ ചെന്ന് നെല്ലിന്റെ ഗുണമേൻമ പരിശോധിച്ച് സിവിൽസപ്ലൈസ് ഉദ്യോഗസ്ഥരെ സഹായിക്കാൻ വച്ചിട്ടുണ്ടെന്നാണ് പറഞ്ഞത്. ഈ ഉദ്യോഗസ്ഥൻ അവിടെ ചെന്നിട്ടേയില്ല. സകല പത്രങ്ങളിലും കഴിഞ്ഞ ദിവസങ്ങളിൽ വന്നിട്ടുള്ള വാർത്തകൾ-'ഒരു മാസമായി പാടശേഖരങ്ങളിൽ നെല്ല് സംഭരണം അവതാളത്തിൽ'-മംഗളം. 'നെല്ല് സംഭരണത്തിന്റെ സ്ഥിതിഗതികൾ വിലയിരുത്താൻ ബഹുമാനപ്പെട്ട ഉമ്മൻചാണ്ടി പാടശേഖരങ്ങളിൽ എത്തി. സപ്ലൈകോ സംഭരിച്ച നെല്ലിന്റെ വില കിട്ടാൻ കർഷകർ നെട്ടോട്ടം'-ദീപിക. 'മൂന്നാഴ്ചയ്ക്കു ശേഷവും നെല്ല് കളത്തിൽ തന്നെ'-മനോരമ. ദീപിക വീണ്ടും പറയുന്നു 'നെല്ല് സംഭരണം'- ആശങ്ക വിട്ടൊഴിയാതെ 'കർഷകർ'. വീണ്ടും മംഗളത്തിൽ വന്നിരിക്കുന്നു 'നെല്ല് സംഭരണം ഇല്ല, കർഷകർക്ക് കണ്ണീർ കാലം'. ഏറ്റവും അവസാനം ഹിന്ദു പത്രത്തിൽ വന്നിരിക്കുന്നു 'Paddy farmers in dire strait as procurement operations runs in to rough weather'. ഞാൻ പത്രം വായിച്ചാൽ അര മണിക്കൂർ വായിക്കാനുണ്ട്. കേരള കൗമുദി ഇന്നലെ റിപ്പോർട്ട് ചെയ്തിരിക്കുന്നു നെല്ല് സംഭരണം നടക്കാതിരിക്കുന്നതുമൂലവും ഈ വർഷം പുഞ്ച കൃഷി ചെയ്യേണ്ട കർഷകർക്ക് നൽകേണ്ട ആനുകൂല്യങ്ങൾ നിർത്തിവച്ചതുമൂലവും കുട്ടനാടൻ പ്രദേശത്തെ പാടശേഖരങ്ങളിൽ ഒരു ലക്ഷത്തി അയ്യായിരം ഏക്കർ വരുന്ന പാടശേഖരങ്ങളിൽ അടുത്ത് കൃഷിയിറക്കാൻ കൃഷിക്കാർ തയ്യാറാകാതെ തരിശിടുന്ന സാഹചര്യം ഉണ്ടായിരിക്കുന്നു എന്ന്. അങ്ങനെ തരിശ് ഇട്ടാൽ ഉൽപാദനം ഗണ്യമായി കുറയുന്ന സാഹചര്യം ഉണ്ടാകും. നെല്ല്

LIBRARY ARCHIVES Kerala Legislative Assembly

സംഭരണത്തെക്കുറിച്ച് ഇപ്പോൾ കൃഷിക്കാരോട് പറഞ്ഞിരിക്കുന്നത് കഴിഞ്ഞ വർഷം 707 കോടി രൂപയാണ്. നെല്ല് സംഭരണത്തിന് ഉണ്ടായിരുന്നത് എന്നാണ്. 850 രൂപ വർദ്ധിപ്പിച്ചുകൊടുത്തപ്പോൾ എല്ലാവർക്കും സന്തോഷമായിരുന്നു. കഴിഞ്ഞ വർഷത്തെ ഹാന്റ്ലിംഗ് ചാർജ്ജ് ഗവൺമെന്റ് തന്നെയാണ് വഹിച്ചിരുന്നത്. ഇപ്പോൾ 850 രൂപ കൊടുക്കുമ്പോൾ വച്ചിരിക്കുന്ന നിബന്ധനകൾ നെല്ല് പാടത്ത് നിന്ന് എവിടെ വാഹനം വരുന്നോ അവിടെ എത്തിച്ച് കൊടുക്കണം. അവിടുത്തെ ലോഡിംഗ് ചാർജ്ജിന് പതിനഞ്ച് രൂപ വേറെ കൊടുക്കണം. പാടത്ത് നിന്ന് അവിടെ എത്തിക്കാനുള്ള ചെലവും അവർ വഹിക്കണം.

ഒരു മാസത്തോളമായി കൊയ്ത് കിടക്കുന്ന നെല്ല് മൂടിയിട്ടിരിക്കുന്നത് ദിവസവും അവർ മറിച്ചിട്ടുകൊണ്ടിരിക്കണം. ഈർപ്പം 17 ശതമാനത്തിൽ താഴെ നിലനിർത്താൻവേണ്ടി നെല്ല് ദിവസവും മറിച്ചിട്ടില്ലെങ്കിൽ നെല്ല് കിളിർത്തുപോകുന്ന സാഹചര്യം ഉണ്ടാകുകയാണ്. കഴിഞ്ഞ വർഷം പാടശേഖരങ്ങളിൽ നെല്ല് സംഭരിക്കുന്ന അവസരത്തിൽ പാഡി റെസീപ്റ്റ് ഷീറ്റ് (പി.ആർ.എസ്.) സിവിൽ സപ്ളൈസ് കോർപ്പറേഷൻ ഉദ്യോഗസ്ഥർ തന്നെ പാടത്തുവച്ച് കൊടുക്കുമായിരുന്നു. പാടത്തുനിന്ന് അത് വാങ്ങി കർഷകർ കോട്ടയത്ത് സിവിൽ സപ്ളൈസ് ഓഫീസിൽ കൊണ്ടുചെന്നാൽ അവിടെനിന്നും ഫെഡറൽ ബാങ്കിന്റെ അക്കൗണ്ടിലേയ്ക്ക് മുഴുവൻ കർഷകരുടേയും നെല്ലിന്റെ വില റെമിറ്റ് ചെയ്തുകൊടുത്ത് ഫെഡറൽ ബാങ്ക് അക്കൗണ്ടിൽനിന്നും ഓരോ കർഷകന്റേയും നാട്ടിലുള്ള ബാങ്ക് അക്കൗണ്ടിലേയ്ക്ക് പണം ചെല്ലുന്ന സാഹചര്യമായിരുന്നു. ഇപ്പോൾ വന്നിരിക്കുന്നത് പാഡി റെസീപ്റ്റ് ഷീറ്റ് കൊടുക്കണമെങ്കിൽ പാടത്തുനിന്ന് നെല്ല് സംഭരിക്കുന്ന മില്ലുകാരന്റെ ഏജന്റ് അവിടെനിന്ന് ഒരു ചിറ്റ് എഴുതിക്കൊടുക്കും. 100 ക്വിന്റൽ അല്ലെങ്കിൽ 50 ക്വിന്റൽ ഇന്ന ആളിൽനിന്നും സംഭരിച്ചിരിക്കുന്നു. ഈ ചിറ്റുമായി സിവിൽ സപ്ളൈസ് ഉദ്യോഗസ്ഥൻ എവിടെയാണ് ഇരിക്കുന്നതെന്ന് അറിയാത്തതുകൊണ്ട് അയാളെ തപ്പിനടന്ന് ചിറ്റ് കൊടുത്തുകഴിഞ്ഞാൽ അയാൾ അപ്പോൾ പി.ആർ.എസ്. കൊടുക്കും. ആ പി.ആർ.എസ്.-മായി കോട്ടയത്തുനിന്ന് ആലപ്പുഴ ജില്ലയിലെ മങ്കൊമ്പിൽ ചെല്ലണം. മങ്കൊമ്പിൽ ചെന്നാൽ 25 പേരുടെ പി.ആർ.എസ്. മാത്രമേ അവിടുത്തെ സിവിൽ സപ്ളൈസ് ഉദ്യോഗസ്ഥൻ സ്വീകരിക്കുകയുള്ളു. 25-ൽ കൂടുതൽ ആരെങ്കിലും വന്നാൽ അവർക്ക് ടോക്കൺ കൊടുത്തു വിടുകയാണ്. അവർ പിറ്റെ ദിവസവും അതിന്റെ അടുത്ത ദിവസവും വീണ്ടും വരേണ്ടിവരികയാണ്. ഇങ്ങനെ കയറിയിറങ്ങുന്നതുകൊണ്ട് 850 രൂപ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും ഈ പാവപ്പെട്ട കൃഷിക്കാരന്, പ്രത്യേകിച്ച് ഒരു ഏക്കറും അതിൽ താഴെയും നെൽ കൃഷി ചെയ്യുന്ന കൃഷിക്കാരന് 850 രൂപയ്ക്ക് പകരം 700 രൂപപോലും കിട്ടാത്ത സാഹചര്യം ഉണ്ടായിരിക്കുകയാണ്. ഇത് ഗുരുതരമായ ഒരു സാഹചര്യമാണ്. ബഹുമാനപ്പെട്ട മന്ത്രി കോട്ടയത്ത് പ്രശ്നമുണ്ടെന്ന് ഇവിടെ സൂചിപ്പിച്ചു. കോട്ടയത്ത് മാത്രമല്ല, ഞാൻ മനസ്സിലാക്കുന്നതനുസരിച്ച് കുട്ടനാട്ടിലും പ്രശ്നങ്ങളുണ്ട്. കുട്ടനാട്ടിൽ ആദ്യം അഞ്ച് ഏക്കറിൽ കൂടുതലുള്ളവരുടെ നെല്ല് സംഭരിക്കാൻ പറ്റില്ല എന്നു പറഞ്ഞ് കൃഷിക്കാരെ സിവിൽ സപ്ളൈസ് ഉദ്യോഗസ്ഥർ മാറ്റി നിർത്തി. അതുകഴിഞ്ഞ് പാലക്കാട്ടും തൃശൂരും ഇതേ പ്രശ്നമുണ്ടായി. അതിനുശേഷം കൃഷിക്കാർ ബഹളം വച്ചപ്പോൾ അഞ്ച് ഏക്കറിൽ കൂടുതലുള്ളവരുടെ

LIBRARY ARCHIVES Kerala Legislative Assembly

നെല്ലും സംഭരിക്കാമെന്ന് പറഞ്ഞ് സംഭരിക്കുന്നുണ്ട്. അവർക്ക് പക്ഷേ ഈ വില കൊടുക്കുന്നില്ല. ഇപ്പോൾ കോട്ടയത്ത് സംഭരിക്കുന്ന നെല്ലിന്റെ പി.ആർ.എസ്. വാങ്ങിയിട്ട് അതിന്റെ പേമെന്റ് കഴിഞ്ഞ ഒരു മാസമായി കിട്ടാതെ കൃഷിക്കാർ ബുദ്ധിമുട്ടുകയാണ്. പി.ആർ.എസ്. കൊടുത്തവർക്കു പോലും നെല്ലിന്റെ വില കിട്ടുന്നില്ല. ഏതാണ്ട് 50 ശതമാനം കൃഷിക്കാർക്ക് കൊടുക്കാനുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചത് 25 ശതമാനമേ കൊയ്ത്ത് പൂർത്തിയായിട്ടുള്ളു എന്നാണ്. അതല്ല, ഏതാണ്ട് 75-80 ശതമാനവും കൊയ്ത്ത് പൂർത്തിയായി. അടുത്ത കൃഷിയിറക്കാൻ കർഷകർ തയ്യാറായിരിക്കുകയാണ്. ഈ 75 ശതമാനം പൂർത്തിയായിട്ടും ആകെ സംഭരിച്ചിരിക്കുന്ന നെല്ല് ഇന്നലെവരെ ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചത് 36000 ക്വിന്റൽ എന്നാണ്. ഏതാണ്ട് 36 ടൺ വരും. ഞാൻ മനസ്സിലാക്കുന്നതനുസരിച്ച് 35 ടൺ സംഭരിച്ചിട്ടുണ്ട്. പക്ഷേ ഇത് മൊത്തം ഉൽപ്പാദനത്തിന്റെ പകുതിപോലും ആകുന്നില്ല. കോട്ടയത്താണെങ്കിൽ തിരുവാർപ്പ് മുതൽ കുമരകം, ആർപ്പൂക്കര, അയ്മനം, നീണ്ടൂർ, കല്ലറ, വെച്ചൂർ എന്നീ ഏഴ് പഞ്ചായത്തുകളിലെ നെല്ല് സംഭരിക്കുന്നത് ഒറ്റ മില്ലുകാരനാണ്. മൂന്ന് പേരുടെ പേരിൽ റെസീപ്റ്റ് കൊടുക്കും. പക്ഷേ ഒരാൾതന്നെയാണ് ഇത് സംഭരിക്കുന്നത്. അങ്ങനെ വന്നിരിക്കുന്നതുകൊണ്ട് നെല്ല് സംഭരിക്കാൻ കഴിയുന്നില്ല. അടിയന്തിരമായി ഇടപെട്ട് കൃഷിക്കാരെ വളരെ ഗുരുതരമായി ബാധിക്കുന്ന ഈ പ്രശ്നം, നേരത്തെ വളരെ വ്യാപകമായി പറയാറുണ്ട് നെൽകൃഷിക്കാർ നെൽകൃഷിയിൽനിന്ന് പിൻവാങ്ങുകയാണെന്ന്. ഇത്തരത്തിൽ പോയാൽ ഒരു ലക്ഷത്തി അയ്യായിരം ഏക്കറുള്ള കുട്ടനാടൻ പാടശേഖരങ്ങളിൽ വിരിപ്പുകൃഷി നടത്തുന്നത് ഏതാണ്ട് 20000 ഏക്കറിലാണ്. പുഞ്ചകൃഷി നടത്തുന്നത് ഏതാണ്ട് 85000 ഏക്കറിൽ വരും. പുഞ്ചകൃഷിക്ക് കൊടുത്തിരുന്ന ആനുകൂല്യങ്ങൾ-സൗജന്യമായി വിത്ത് കൊടുത്തിരുന്നു. ഒരു ഹെക്ടറിന് 80 കിലോ വിത്ത് വച്ച് കഴിഞ്ഞ വർഷം കോട്ടയം ജില്ലയിൽ മാത്രം 60 ലക്ഷം രൂപയുടെ വിത്ത് വിതരണം ചെയ്തതാണ്. ഇപ്പോൾ എന്റെ മണ്ഡലത്തിൽ നീണ്ടൂർ പഞ്ചായത്തിൽ മൂന്നാഴ്ച മുമ്പ് കൊയ്ത്തുകഴിഞ്ഞ് കൃഷിക്കാർ പുഞ്ചകൃഷിയുടെ നിലം ഒരുക്കി. നിലം ഒരുക്കി കൃഷി ഭവനിൽ ചെന്ന് വിത്ത് ചോദിച്ചപ്പോൾ പറഞ്ഞത് വില തരാമെങ്കിൽ വിത്ത് തരാം. അല്ലാതെ സൗജന്യമായി കഴിഞ്ഞ വർഷത്തേപ്പോലെ വിത്ത് തരാനില്ല എന്നാണ്. 2500 രൂപയുടെ നെൽ വിത്തും വളവും കക്കയും ഈ കൃഷിക്കാർക്ക് നൽകിയിരുന്നതാണ്. അതിപ്പോൾ പിൻവലിച്ചിരിക്കുകയാണ്. കഴിഞ്ഞ വർഷം തരിശു ഭൂമി കൃഷി ചെയ്യുന്ന കൃഷിക്കാർക്ക് ഹെക്ടറിന് 5,000 രൂപ സബ്സിഡിയായി നൽകിയിരുന്നത് ഈ വർഷം ഉണ്ടോ ഇല്ലയോ എന്ന് ഇതുവരെ അറിഞ്ഞിട്ടില്ല. അതുപോലെ ഗ്രൂപ്പ് ഫാമിംഗ് നടത്തുന്ന കൃഷിക്കാർക്ക് 1,000 രൂപ സബ്സിഡിയായി നൽകിയിരുന്നതും ഉണ്ടോ ഇല്ലയോ എന്ന് അറിയില്ല. ഒരു ഹെക്ടറിന് 8,500 രൂപവരെ സൗജന്യമായി ലഭിച്ചിരുന്ന നെൽ കർഷകർക്ക് അത് ലഭിക്കില്ലെന്ന ഒരു സാഹചര്യം വന്നിരിക്കുന്നതുകൊണ്ട് കൃഷിക്കാർ കൃഷി ഭൂമി തരിശിടാൻ തീരുമാനിച്ചിരിക്കുകയാണ്. ഇത് കേരളത്തിന് വലിയ പ്രതിസന്ധിയുണ്ടാക്കും. അതീവ ഗുരുതരമായ ഒരു പ്രതിസന്ധിയാണ് ഉണ്ടാകാൻ പോകുന്നത്. നെൽകൃഷി നടന്നുകൊണ്ടിരുന്നത് നടക്കാത്ത സാഹചര്യം വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്, നെല്ല് സംഭരണം ഏറ്റവും കാര്യക്ഷമമാക്കണം. ബഹുമാനപ്പെട്ട മന്ത്രി ഇന്ന് കോട്ടയത്ത് .യോഗം വിളിച്ചിട്ടുണ്ടെന്ന് പറഞ്ഞു. 30 ദിവസമായി സമരം തുടങ്ങിയിട്ട്. ബഹളമെല്ലാം ഉണ്ടായശേഷം ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സ്ഥലത്തുവന്നു, ഞങ്ങളൊക്കെ അവിടെ പോയി. കഴിഞ്ഞ ദിവസം എല്ലാ പത്രങ്ങളും, (ഒരു പത്രവും അതിൽ മാറി നിന്നിട്ടില്ല.) മനോരമ, മാതൃഭൂമി, ദീപിക, കൗമുദി, ദേശാഭിമാനിപോലും അവർ മുഴുവൻ അംഗീകരിച്ചില്ലെങ്കിലും പ്രശ്നങ്ങൾ ഉണ്ടെന്ന് സമ്മതിച്ചിട്ടുണ്ട്. കേരളത്തിലെ മുഴുവൻ പത്രങ്ങളും ദൃശ്യ മാധ്യമങ്ങളും അടിയന്തിരമായി ഈ കാര്യത്തിൽ ഇടപെടണം. ഇത്ര ഗുരുതരമായ ഒരു പ്രശ്നം ഇപ്പോൾ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നുതന്നെയാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. നെൽകർഷകർക്ക് നൽകിക്കൊണ്ടിരുന്ന ആനുകൂല്യങ്ങളെ സംബന്ധിച്ച് എന്താണ് സർക്കാരിന്റെ നിലപാടെന്ന് കൃഷി വകുപ്പുമന്ത്രികൂടി വ്യക്തമാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) : സർ, ബഹുമാനപ്പെട്ട അംഗത്തിന് യാതൊരു ഉത്ക്കണ്ഠയും വേണ്ട. കേരളത്തിലെ നെൽക്കൃഷിക്കാരുടെ നെല്ല് 850 രൂപ കൊടുത്ത് പരിപൂർണ്ണമായി ഈ സർക്കാർ സംഭരിച്ചിരിക്കും. ഏതാനും ദിവസങ്ങൾക്കകം സംഭരിച്ചിരിക്കും. അതിൽ ഗവൺമെന്റിന് യാതൊരു മാറ്റവുമില്ല. തുടർച്ചയായി പെയ്ത മഴയുടെ ഫലമായി പാടശേഖരങ്ങളിൽ നെല്ല് വീണുപോകുകയും തൻമൂലം കൊയ്തെടുക്കാൻ കർഷകർക്ക് വിഷമം ഉണ്ടാകുകയും ചെയ്തു. അങ്ങനെയാണ് നെല്ല് കുരുത്തത്. കോട്ടയത്തെ ആറ് പഞ്ചായത്തുകളിൽ ഏതാനും ദിവസങ്ങൾക്കകം നെല്ല് സംഭരണം പൂർത്തിയാക്കും. അതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട അംഗം പറയുന്നത് വേഗത കുറവാണെന്നാണ്. ഈ തവണ വേഗത കുറയാൻ ചില കാരണങ്ങളുണ്ട്. കഴിഞ്ഞ കാലത്ത് നെല്ല് സംഭരണത്തിൽ നടന്ന ക്രമക്കേടുകൾ പൂർണ്ണമായും ഒഴിവാക്കാനും പുതിയ സംവിധാനങ്ങളും നിബന്ധനകളും ഏർപ്പെടുത്തി 850 രൂപ യഥാർത്ഥ നെൽകൃഷിക്കാരന്റെ കൈകളിൽ എത്തണം. ഇടത്തട്ടുകാർ പാടില്ല. കഴിഞ്ഞ തവണ എട്ട് മില്ലുകാർ ലക്ഷക്കണക്കിന് രൂപയ്ക്ക് സംഭരിച്ച നെല്ല് തിരിച്ചു കൊടുക്കുകയോ അരി കൊടുക്കുകയോ ചെയ്തിട്ടില്ല. അവരെ ബ്ളാക്ക് ലിസ്റ്റിലാക്കി. അവരുടെ നിസ്സഹകരണം ഈ തവണ ഉണ്ട്. തന്നെയുമല്ല, കഴിഞ്ഞ വർഷം ആലുവയിലെ പൂണോലി റൈസ് മിൽ സംഭരിച്ച നെല്ലിന്റെ അരി തിരികെ ലഭിക്കാത്തതിനെ തുടർന്ന് സപ്ലൈകോ കേസ്സ് കൊടുക്കുകയും ആ കേസ്സിന് മുൻകൂർ ജാമ്യം തേടി ഹൈക്കോടതിയിലെത്തിയ മില്ലിനെതിരെ സി.ബി.ഐ.-യെക്കൊണ്ട് അന്വേഷണം നടത്താൻ ഹൈക്കോടതി ആവശ്യപ്പെടുകയും ചെയ്തു. രണ്ട് കോടി അറുപത് ലക്ഷം രൂപയുടെ തിരിമറി നടത്തിയ പൂണോലി റൈസ് മിൽ, ആലുവയുടെ പേരിലുള്ള കേസ്സ് ഇപ്പോൾ സി.ബി.ഐ. അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ നെല്ല്

LIBRARY ARCHIVES Kerala Legislative Assembly

സംഭരണത്തിൽ സ്വകാര്യ മില്ലുകൾ തിരിമറി നടത്തിയതുകാരണം ഈ തവണ കർക്കശമായ നിബന്ധനകൾ ഏർപ്പെടുത്തിയതിന്റെ ഫലമായി പല മില്ലുടമകൾക്കും ബുദ്ധിമുട്ട് ഉണ്ടായിട്ടുണ്ട്. അവർ നെല്ല് സംഭരണത്തെ അട്ടിമറിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. അതെല്ലാം അതിജീവിച്ച് സർക്കാർ ഈ നെല്ല് സംഭരണം കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകാനാണ് തീരുമാനിച്ചിട്ടുള്ളത്. അംഗങ്ങളെല്ലാം ഇവിടെ ഉന്നയിച്ച ഈ പ്രശ്നത്തിന് അടിയന്തിര പരിഹാരം രണ്ട് ദിവസത്തിനകം ഉണ്ടാകും. അതുകൊണ്ട് സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ലെന്നാണ് എന്റെ അഭിപ്രായം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമുണ്ടെന്ന് തോന്നുന്നില്ല.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു).

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): സർ, നെല്ല് സംഭരണം സംബന്ധിച്ച് ഒരു ഉൽക്കണ്ഠയും വേണ്ടായെന്ന് ബഹുമാനപ്പെട്ട ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി ഇവിടെ പറഞ്ഞു. അങ്ങേയ്ക്കതിൽ വളരെ ഉൽക്കണ്ഠയില്ലായിരിക്കാം. പക്ഷേ അവിടത്തെ കർഷകർ വളരെ ഉൽക്കണ്ഠാകുലരാണ്. ഇത് രാഷ്ട്രീയപരമായ കാര്യമല്ല. ഇതുസംബന്ധിച്ച് കോട്ടയം എം.എൽ.എ. ശ്രീ. വി. എൻ. വാസവനോട് ചോദിച്ചാലറിയാം. അവിടത്തെ സ്ഥിതി ഞാനും നേരിട്ട് പോയി കണ്ടതാണ്. നിലം ഒരുക്കി വിത്തുവിതച്ച് കൊയ്യുന്നതുവരെ എത്തുന്നതിനേക്കാൾ ബുദ്ധിമുട്ടാണ് അതൊന്നു കൊയ്തുകിട്ടാൻ. കാരണം തൊഴിലാളികളെ കിട്ടില്ല, കൊയ്ത്ത് മെഷീനും കിട്ടുന്നില്ല. അതുകൊണ്ട് അവർക്ക് വളരേയേറെ ദിവസങ്ങളെടുക്കേണ്ടിവരും ഇതൊന്ന് കൊയ്തെടുക്കാൻ. കൊയ്തെടുത്തശേഷം ഇത് വിറ്റുകിട്ടുന്നതിന് വേണ്ടി അവർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ യഥാർത്ഥത്തിൽ യാതനകളാണ്. ഒരു ഗതാഗത സൗകര്യവുമില്ലാത്തിടത്തുനിന്ന് വള്ളമോ, ലോറിയോ എത്തുന്ന സ്ഥലത്തേയ്ക്ക് ഇതു കൊണ്ടെത്തിക്കണം. അതും വളരെ ചെലവ് വഹിച്ച് അത് എത്തിക്കുന്നു. എത്തിച്ചശേഷവും നെല്ല് എടുക്കുന്നില്ല. ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ പറയുന്നു, നിലം കൊയ്തിട്ട് 30 ദിവസമായെങ്കിലും ഇതുവരെ നെല്ല് സംഭരിക്കാത്ത സ്ഥലങ്ങളുണ്ട്. ഞാനും ശ്രീ. തോമസ് ചാഴികാടനും മറ്റു പൊതുപ്രവർത്തകരും നേരിട്ട് പോയി കണ്ടതാണ്. ഇന്നത്തേയ്ക്ക് 30 ദിവസമാകുന്നു. ഞാൻ അന്ന് അവിടെ ചെല്ലുമ്പോൾ 25 ദിവസമായിട്ടും നെല്ല് എടുക്കാത്ത സ്ഥലമാണ് കാണാൻ സാധിച്ചത്. കഴിഞ്ഞ പ്രാവശ്യം ഒരു പഞ്ചായത്തിന് ഒന്നിൽ കൂടുതൽ മില്ലുകാർക്ക് നെല്ല് എടുക്കാൻ അനുവാദം കൊടുത്തിരുന്നു. ഈ പ്രാവശ്യം 7 പഞ്ചായത്തുകൾക്ക് 3 മില്ല് എന്ന് റിക്കാർഡിക്ക ലായിട്ട് എഴുതിയിട്ടുണ്ട്. എങ്ങനെയാണ് ഒരാൾക്ക് ഈ 7 പഞ്ചായത്തിലെ നെല്ല് മുഴുവനും എടുക്കാൻ സാധിക്കുന്നത്? ഈ നടപടിയാണ് ഇതിൽ ബുദ്ധിമുട്ട് ഉണ്ടാക്കിയത്. കർഷകരെ സംബന്ധിച്ചിടത്തോളം നെല്ലിന് 850 രൂപ നല്ല വിലയാണെ ങ്കിലും ഈ 850 രൂപ അവർക്ക് കിട്ടുകയില്ല. ഹാൻഡ്‌ലിംഗ് ചാർജ് കഴിഞ്ഞ പ്രാവശ്യം ഗവൺമെന്റ് തന്നെയാണ് കൊടുത്തത്. ഇപ്രാവശ്യം കർഷകർ ഹാൻഡ്‌ലിംഗ് ചാർജ്

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കുകയും വേണം. കഴിഞ്ഞ പ്രാവശ്യം കളത്തിൽ വന്ന് നെല്ല് സംഭരിക്കുകയും ചെയ്യുമായിരുന്നു. ഇപ്രാവശ്യം നെല്ല് ലോറിയിലോ വള്ളത്തിലോ കയറ്റാൻ പറ്റുന്ന സ്ഥലത്ത് കൊണ്ടെത്തിച്ചു കൊടുക്കണം. ഇതിനുപുറമെ ഓരോ ദിവസവും മഴ പെയ്യുമ്പോഴും നെല്ല് വീണ്ടും ഉണക്കിക്കൊടുക്കേണ്ടിവരുന്നതിനായി അവ തിരിച്ചയയ്ക്കുകയും ചെയ്യുന്നു. ശ്രീ. തോമസ് ചാഴികാടൻ കാണിച്ചില്ലേ, അതിലുള്ള കിളിർത്ത നെല്ലുകൾ. അതൊരു യാഥാർത്ഥ്യമാണ്. അടിയിൽ നിന്നാണ് കിളിർക്കുന്നത്. അത് ഓരോ ദിവസവും മാറ്റുകയാണ്. ഓരോ സ്ഥലത്തും കിളിർത്ത നെല്ല് വേറേ മാറ്റിയിട്ടിരിക്കുന്നു. ഇതൊക്കെ ഇല്ലാത്ത കാഴ്ച്ചകളല്ല. ഞങ്ങളവിടെ പോയി കണ്ടതാണ്. ഈ കാര്യങ്ങളെപ്പറ്റി ബഹുമാനപ്പെട്ട അങ്ങും പോയി നോക്കി കണ്ടാൽ മനസ്സിലാക്കാൻ സാധിക്കും. കഴിഞ്ഞ പ്രാവശ്യം കോട്ടയത്തുള്ള കർഷകർക്ക് കോട്ടയത്തു തന്നെ അതിന്റെ ബിൽ കിട്ടുമായിരുന്നു. പക്ഷേ ഇന്ന് മങ്കൊമ്പിൽ പോയിട്ടാണ് ബിൽ വാങ്ങുന്നത്. വൻകിടക്കാർക്ക് പോകാൻ പറ്റും. അവർ സ്വന്തമായി വാഹനമുള്ള വരായിരിക്കാം. അല്ലെങ്കിൽ വേറെ ആളുകളെ വിട്ട് വാങ്ങിക്കാൻ സാധിക്കും. പക്ഷേ ഇരുപത്തഞ്ചോ, അൻപതോ സെന്റുമാത്രമുള്ള പാവപ്പെട്ടവർക്ക് മങ്കൊമ്പിൽ പോകുക വളരെ ബുദ്ധിമുട്ടുണ്ട്. അതുകൊണ്ട്......

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞത്..... കോട്ടയം ജില്ലയിൽ കർഷകർക്ക് ആർ. എം. ഒ. ഓഫീസിൽ പി.ആർ.എസ്. കൊടുക്കാനുള്ള സംവിധാനമുണ്ടാക്കിയിട്ടുണ്ട്.

ശ്രീ. ഉമ്മൻ ചാണ്ടി: പി.ആർ.എസ്. കിട്ടിയാലും രൂപയ്ക്ക് മങ്കൊമ്പിൽ പോകേണ്ടിവരും. ...............(ബഹളം).........

മി. സ്പീക്കർ: യെസ്............യെസ്...........

ശ്രീ. ഉമ്മൻ ചാണ്ടി: ഇപ്പോഴും പി.ആർ.എസ്. കിട്ടുന്നുണ്ട്. ഉദ്യോഗസ്ഥരെ കണ്ടുപിടിക്കാനായി കറങ്ങണമെന്ന് മാത്രമേയുള്ളൂ. അത് കിട്ടിയാലും രൂപ കിട്ടണമെങ്കിൽ മങ്കൊമ്പിൽ പോകണം. കഴിഞ്ഞ പ്രാവശ്യം കോട്ടയത്തുതന്നെ അതിന്റെ വില കൊടുക്കുമായിരുന്നു. ഇപ്പോൾ കർഷകരെ ഇത്രയും ദ്രോഹിക്കുന്ന സാഹചര്യമുണ്ടാകരുത്. അതിന് അഡ്ജസ്റ്റ്മെന്റ് ഉണ്ടാക്കണം. അതിലൂടെ കോട്ടയം ജില്ലയിലെ കർഷകർക്ക് അവിടെത്തന്നെ കൊടുക്കാനുള്ള സംവിധാനം ഉണ്ടാക്കണം. ഞങ്ങൾ പറഞ്ഞത് മുഴുവനും യാഥാർത്ഥ്യമാണ്. അവിടത്തെ കർഷകർ വളരെ നരക യാതന അനുഭവിക്കുകയാണ്. അവർക്ക് കഴിഞ്ഞ പ്രാവശ്യം അവരുടെ കളത്തിൽനിന്നും തന്നെ നെല്ലിന് 707 രൂപ വച്ച് കിട്ടി. ഇന്ന് അവർ അത് ഒഴിയുന്ന സാഹചര്യമാണ് ആഗ്രഹിക്കുന്നത്. ഇപ്പോൾ 850 രൂപയെന്നു പറഞ്ഞത് വളരെ നല്ല വിലയാണ്. പക്ഷേ അവർക്കത് കിട്ടുന്നില്ല. ഇതിനെ വളരെ ഗൗരവമായി കാണണം. കൊയ്ത നെല്ല് 30 ദിവസമായിട്ടും എടുത്തിട്ടില്ല. ഇന്ന് അവിടെ ഒരു കോൺഫറൻസ് കൂടുന്നുണ്ട്. ഞാൻ ഈ നെൽ കളത്തിൽ നിന്നും ജില്ലാ കളക്ടറെ ഫോണിൽ വിളിച്ചിരുന്നു. ഞാൻ കളത്തിൽ നിൽക്കുകയാണ്. അവിടെ കർഷകരുമുണ്ട്. നെല്ല് എടുക്കാതിരിക്കുന്നതിന് എതിരെ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് പറഞ്ഞു. അദ്ദേഹം അന്നു തന്നെ

LIBRARY ARCHIVES Kerala Legislative Assembly

അതിനു നടപടി സ്വീകരിക്കുമെന്നു പറഞ്ഞു. ഈ 5 ദിവസമായിട്ടും ഒന്നും നടന്നില്ല. അതുകൊണ്ട് ഇനിയും ആ കർഷകരെ പരീക്ഷിക്കരുതെന്നാണ് എനിക്ക് പറയാനുള്ളത്. അടിയന്തിരമായും കർഷകരുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുമെന്ന് സഭയ്ക്ക് ഉറപ്പ് നൽകേണ്ടതാണ്. 3 ദിവസത്തിനകം നെല്ല് സംഭരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണ മെന്ന് അഭ്യർത്ഥിക്കുകയാണ്.

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റേയും പ്രതിപക്ഷത്തിന്റേയും സഹകരണത്തോടുകൂടി നാളെയും മറ്റെന്നാളും കൊണ്ട് നേരിട്ട് ഇടപെട്ട് ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കുമെന്ന് വീണ്ടും ഞാൻ ഉറപ്പുനല്കുന്നു. അതിന് എല്ലാപേരും സഹകരിക്കണം.

ശ്രീ. ഉമ്മൻ ചാണ്ടി: ഇക്കാര്യത്തിൽ ഞങ്ങളുടെ ഭാഗത്തുനിന്നും പൂർണ്ണ സഹകരണമുണ്ടാകുന്നതാണ്. അവിടത്തെ കർഷകരുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കപ്പെടേണ്ടതുണ്ട്. രണ്ട് ദിവസത്തിനുള്ളിൽ സംഭരണം പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതിൽ ഞാൻ വിശ്വാസമർപ്പി ക്കുന്നു. അവിടെ ചർച്ച നടത്തിയതുകൊണ്ട് ആ പ്രശ്നത്തിന് പരിഹാരമാകില്ല. 7 പഞ്ചായത്തുകളിലെ നെല്ല് ഒരാളിനോടാണ് എടുക്കാൻ പറഞ്ഞിരിക്കുന്നത്. റിക്കോർഡിൽ 3 എന്നാണ് കാണിച്ചിരിക്കുന്നത്. പക്ഷേ അത് ഒരാൾക്ക് എടുത്ത് തീർക്കാൻ സാധിക്കില്ല. ഇവരുടെ ഈ ബുദ്ധിമുട്ടുകൾ തുടരാതിരിക്കാൻ വ്യക്തമായ നട പടി സ്വീകരിക്കണം.

# IV. ശ്രദ്ധക്ഷണിക്കൽ

## (1) വർക്കലയിലൂടെയുള്ള ജലപാത പുനരുദ്ധരിക്കേണ്ടതിന്റേയും പാപനാശം കടൽത്തീരം സംരക്ഷിക്കേണ്ടതിന്റേയും ആവശ്യകത

ശ്രീ. വർക്കല കഹാർ: സർ, തിരുവനന്തപുരം ഷൊർണ്ണൂർ ടി.എസ്. കനാലിന്റെ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള ഭാഗത്തിന്റെ നിർമ്മാണം കഴിഞ്ഞു. അത് കഴിഞ്ഞ് ഇങ്ങോട്ടുള്ള ഭാഗം ഇന്നും അനിശ്ചിതത്വത്തിലാണ്. യഥാർത്ഥത്തിൽ തിരുവനന്തപുരം, കൊല്ലം ജില്ലകളുടെ വികസനത്തിന് ജലപാതകൾ ഏറ്റവും പ്രധാനപ്പെട്ട താണ്. പ്രകൃതി സൗന്ദര്യം നിറഞ്ഞ ഒരു പ്രദേശമാണ് കനാലിന്റെ ഇടവ-നടയറ കായൽ മുതൽ കോവിൽതോട്ടം വരെയുള്ള പ്രദേശം. ഇവിടം സ്വദേശികളും വിദേശികളുമായ വിനോദസഞ്ചാരികളെ ഏറ്റവും കൂടുതൽ ആകർഷിക്കത്തക്കതരത്തിൽ പ്രകൃതിരമണീയമായിരുന്നു. അതുപോലെതന്നെ വിസ്മയാവഹമായ ജലപാതയും സഞ്ചാരത്തിന്റെ പ്രതീകങ്ങളായ 2 തുരങ്കങ്ങളും ആ ഭാഗത്തുണ്ട്. ഇത് രണ്ടും ബ്രിട്ടീഷ് ഭരണകാലത്ത് നിർമ്മിച്ചതാണ്. 722 മീറ്റർ നീളമുള്ള വർക്കല ശിവഗിരിയിലുള്ള തുരങ്കവും 250 മീറ്റർ നീളമുള്ള മണ്ണിനടിയിലൂടെ പോകുന്ന സമുദ്രത്തോടുചേർന്നുള്ള ചിലക്കൂർ തുരങ്കവും ഇന്ന് നാശോന്മുഖമായിക്കൊണ്ടിരിക്കുകയാണ്. വളരെ ചരിത്ര

LIBRARY ARCHIVES Kerala Legislative Assembly

പ്രസിദ്ധമായ ഈ കനാലിനെക്കുറിച്ചും ഈ തുരങ്കങ്ങളെക്കുറിച്ചും വിദേശത്തും സ്വദേശത്തുമുള്ള ആളുകളുടെ കണ്ണും കരളും കവരുന്ന ഇത്തരം കാഴ്ചകളെക്കുറിച്ചും ഒക്കെ കേരളവർമ്മ വലിയ കോയിത്തമ്പുരാൻ തന്റെ മയൂരസന്ദേശത്തിൽ വിവരിച്ചിട്ടുണ്ട്. അവ ഇന്ന് നാശോന്മുഖമായിക്കൊണ്ടിരിക്കുകയാണ്. ഈ രണ്ട് തുരങ്കങ്ങളും പുനർ നിർമ്മിക്കേണ്ടത് വളരെ അത്യാവശ്യമാണ്. കനാൽ സഞ്ചാരയോഗ്യമാക്കിക്കഴിഞ്ഞാൽ തീർച്ചയായും ഒരുപാട് പ്രയോജനങ്ങളുള്ള ഒരു സമാന്തര ജലപാതയാകും. അതുപോലെ കയർ ഇൻഡസ്ട്രീസിന് വികസനപരമായ ഒരുപാട് സാധ്യതകൾ ഇവിടെയുണ്ട്. ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ ഇതിനാവശ്യമായ പ്രോജക്ട് തയ്യാറാക്കി കേന്ദ്ര പ്ലാനിംഗ് കമ്മീഷന്റെ സ്പെഷ്യൽ അസിസ്റ്റൻസിനുവേണ്ടി സമർപ്പിച്ചിരിക്കുകയാണ്. നാറ്റ്പാക്-ന്റെ സാമ്പത്തിക സഹായത്തോടുകൂടി ജലസേചന വകുപ്പിന്റെ മേൽനോട്ടത്തിൽ കനാൽ പുനഃരുദ്ധാരണത്തിന് വിശദമായ എൻജിനീയറിംഗ് റിപ്പോർട്ട് കൊടുക്കണം. അതുപോലെ തന്നെ കടൽത്തീര സംരക്ഷണ പദ്ധതിയും ലക്ഷക്കണക്കിനാളുകളെ ആകർഷിക്കുന്ന ശിവഗിരി കുന്നുകളേയും വർക്കല പാപനാശം കുന്നുകളെയും സംരക്ഷിക്കാൻ നടപടികൾ സ്വീകരിക്കണം. അവ ഇടിഞ്ഞുവീണ് നശിച്ചുകൊണ്ടിരിക്കുകയാണ്. ഇവിടത്തെ ശുദ്ധജലം സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കണം. മഹാനായ എ.കെ.ജി.യുടെ അവസാനകാലത്ത് ചികിത്സ നടത്തിയിരുന്നത് ഇവിടെ ആയിരുന്നു. തേവാടി വൈദ്യൻമാർ ശിവഗിരി കുന്നുകളിൽ നിന്നുവരുന്ന ഔഷധ വീര്യമുള്ള ജലം ചികിത്സയ്ക്ക് ഉപയോഗിച്ചിരുന്നു. ഇതെല്ലാം നാശോൻമുഖമായിക്കൊണ്ടിരിക്കുകയാണ്. ഇതിനുവേണ്ടി കേന്ദ്രഗവൺമെന്റ് സ്പെഷ്യൽ അസിസ്റ്റൻസായി 4 കോടി രൂപ നൽകുകയുണ്ടായി. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്, അന്നത്തെ മുഖ്യമന്ത്രി ഇത് സാധിതപ്രായമാക്കുന്നതിനുവേണ്ടി ഏറ്റവും കൂടുതൽ പരിശ്രമിച്ചിട്ടുണ്ട്. അതിന്റെ ഫലമായാണ് കേന്ദ്ര ഗവൺമെന്റിൽ നിന്ന് സ്പെഷ്യൽ അസിസ്റ്റൻസ് വഴി 4 കോടി രൂപ ലഭ്യമായത്. ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് ഭരണാനുമതി നൽകി അത് പൂർത്തീകരിച്ചാൽ വിനോദസഞ്ചാര രംഗത്ത് ഏറ്റവും വലിയ വികസനം ആയിരിക്കുമിത്. ഇതിനുവേണ്ട നടപടി സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ) : ബഹുമാനപ്പെട്ട വർക്കല കഹാർ ശ്രദ്ധക്ഷണിക്കലിലൂടെ അവതരിപ്പിച്ച വർക്കല കനാലിന്റേയും വർക്കല പാപനാശം തീരത്തിന്റേയും സംരക്ഷണത്തിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന ആവശ്യം ഗവണ്മെന്റിന്റെ ശ്രദ്ധയിലുള്ളതാണ്. ഇതുമായി ബന്ധപ്പെട്ട പ്രശ്നം, കോവളം മുതൽ കൊല്ലം വരെയുള്ള ടി.എസ്. കനാലിൽ 42.47 മുതൽ 55.17 വരെയുള്ള ചെയ്നേജിൽ ബ്രിട്ടീഷുകാരുടെ കാലത്ത് നിർമ്മിച്ച നീണ്ട രണ്ട് തുരങ്കങ്ങൾ ഉൾക്കൊള്ളുന്ന 11.71 കിലോമീറ്റർ കനാൽ ഏറെ വർഷങ്ങളായി തികച്ചും അവഗണനയിലാണ്. ഈ അവസ്ഥയിൽ അതിലൂടെയുള്ള ഗതാഗതം പൂർണ്ണമായും സ്തംഭിച്ചിട്ട് ദശാബ്ദങ്ങളായി. ശ്രീ. കഹാർ തന്നെ കവിഭാവനയിലൂടെ സൂചിപ്പിച്ചതുപോലെ വിസ്മയാവഹമായ ജലപാതയിലൂടെയുള്ള സഞ്ചാരത്തിന്റെ പ്രതീകങ്ങളായിരുന്ന ശിവഗിരിയിലുള്ള തുരങ്കവും സമുദ്രതീരത്തെ മണ്ണിനടിയിലൂടെ പോകുന്ന മറ്റൊരു

LIBRARY ARCHIVES Kerala Legislative Assembly

തുരങ്കവും ഇപ്പോൾ ഗതാഗതയോഗ്യമല്ല. ഇതുരണ്ടും ഉപയോഗശൂന്യമാണെങ്കിലും അവയുടെ തുരങ്കഭിത്തികൾക്ക് ഇപ്പോഴും വലിയ നാശനഷ്ടമുണ്ടായിട്ടില്ല. ആ പ്രദേശത്തിന്റെ സൗന്ദര്യവും പ്രാധാന്യവും ശിവഗിരിമഠം, ജനാർദ്ദനസ്വാമി ക്ഷേത്രം, പാപനാശം കടപ്പുറം, കായൽനിരപ്പിൽനിന്നും ഉയർന്നുനിൽക്കുന്ന സൗന്ദര്യം വഴിഞ്ഞൊഴുകുന്ന മനോഹരമായ കുന്നുകൾ തുടങ്ങിയവ ഒട്ടനവധി പ്രത്യേകതകളുള്ളവയാണ്. വർക്കലയുടെ സൗന്ദര്യവൽക്കരണം എന്ന ഉദ്ദേശത്തിന്റെയടിസ്ഥാനത്തിൽ ടി.എസ്. കനാലിന്റെ പുനരുദ്ധാരണവും പാപനാശം കടപ്പുറത്തിന്റെ തീരസംരക്ഷണവും എന്ന രണ്ട് പ്രധാനപ്പെട്ട സ്കീമുകൾ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കേന്ദ്ര പ്ലാനിങ് കമ്മീഷന് സമർപ്പിച്ചിരുന്നു. വർക്കല ഡെവലപ്മെന്റ് അതോറിറ്റിയെയാണ് ഈ പ്ലാൻ തയ്യാറാക്കി സമർപ്പിക്കുന്നതിനുവേണ്ടി നിയോഗിച്ചത്. വർക്കല ഡെവലപ്മെന്റ് അതോറിറ്റി ഈ കാര്യം നാട്പാക്കിനെ ചുമതലപ്പെടുത്തുകയും ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന്റെ സഹായത്തോടുകൂടി ഒരു പ്രോജക്ടിനും സെസ്സിന്റെ സഹായത്തോടുകൂടി മറ്റൊരു പ്രോജക്ടിനും അന്തിമ രൂപം നൽകുകയും ചെയ്തു. ഇത് സെൻട്രൽ പ്ലാനിങ് കമ്മീഷന് അയച്ചതിന്റെ അടിസ്ഥാനത്തിൽ ഏതാണ്ട് 52 കോടി രൂപ സംസ്ഥാനത്തിന് അനുവദിക്കുകയും അഡീഷണൽ സെൻട്രൽ അസിസ്റ്റൻസിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അതിൽ 10 കോടി രൂപ ഈ രണ്ട് പ്രോജക്ടുകൾക്കും വേണ്ടിയാണ്. ഇതിൽ ഒന്നാമത്തെ പ്രോജക്ട് തുരങ്കങ്ങളുടെ പുനരുദ്ധാരണമാണ്. കനാലിന്റെ പുനരുദ്ധാരണത്തിനായി 6 കോടി രൂപയും 4 കോടി രൂപ തീരദേശത്തുനിന്നും ഏതാണ്ട് 500 മീറ്റർ നീളത്തിൽ കടൽതീരത്തുനിന്നും 200 മീറ്റർ കടലിനുള്ളിൽ 3 മീറ്റർ മുതൽ 7 മീറ്റർ വരെ വെള്ളത്തിനടിയിൽ ഒരു റീഫ് നിർമ്മിക്കുന്നതിനുള്ള ഒരു പുതിയ പ്രോജക്ട് ആണ്. ഇത് ഇന്നവേറ്റീവായ ഒരു സ്കീമാണ്. ഇതുമായി ബന്ധപ്പെട്ട് പ്ലാനിംഗ് ബോർഡുമായി കത്തിടപാടുകൾ നടത്തിയിട്ടുണ്ട്. ഡെവലപ്മെന്റ് അതോറിറ്റികൾ നിർത്തലാക്കാൻ തീരുമാനിച്ചിട്ടുള്ള പുതിയ സാഹചര്യത്തിൽ ഭരണപരമായ ചില തടസ്സങ്ങൾ നിലവിലുണ്ട്. ഈ പ്രോജക്ടും പ്രോജക്ടുമായി ബന്ധപ്പെട്ട പണവും നഷ്ടപ്പെടാതിരിക്കാൻ ആവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്. 28-10-2005-ലെ പ്ലാനിംഗ് കമ്മീഷൻ ഉത്തരവുപ്രകാരമാണ് അഡീഷണൽ സെൻട്രൽ അസിസ്റ്റൻസായി 10 കോടി രൂപ ഈ രണ്ട് പ്രോജക്ടുകൾക്കായി സ്റ്റേറ്റ് ഗവൺമെന്റിന് അനുവദിച്ചിട്ടുള്ളത്. ഭരണപരമായ സാങ്കേതികത്വം ഒഴിവാക്കി ഈ രണ്ട് പ്രോജക്ടുകളും നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

ശ്രീ. വർക്കല കഹാർ: ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം അടിയന്തിരമായി വിളിച്ചുചേർത്ത് യുദ്ധകാലാടിസ്ഥാനത്തിൽ ഇതിന്റെ പണി പുരോഗമിപ്പിക്കുന്നതിനും ഭരണാനുമതിക്കുള്ള നടപടികൾ സ്വീകരിക്കുന്നതിനും അങ്ങ് ശ്രദ്ധിക്കണം.

ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ: ഇതിന് ഭരണപരമായ അനുവാദം നൽകണമെങ്കിൽപ്പോലും ഇതുമായി ബന്ധപ്പെട്ട ഫയലുകൾ പ്ലാനിംഗ് ബോർഡിലാണ്. അതുപോലെ വർക്കല ഡെവലപ്മെന്റ് അതോറിറ്റിയുടെ പ്രവർത്തനം സംബന്ധിച്ച് ബന്ധപ്പെട്ട വിവിധ വകുപ്പുകളുമായി ആലോചിക്കാൻ ഒരു ഉന്നതതലയോഗം വിളിച്ച് എത്രയും പെട്ടെന്ന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

## (2) ജൈവമാലിന്യങ്ങൾ ഉപയോഗിച്ച് കമ്പോസ്റ്റ് വളവും വൈദ്യുതിയും ഉൽപാദിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. പി. ജെ. ജോസഫ് : സർ, ഇവിടെ കേരളത്തിന്റെ അടിസ്ഥാനപരമായ പ്രശ്നം ചർച്ച ചെയ്യാൻ എഴുന്നേറ്റാൽ നമ്മുടെ രാഷ്ട്രപിതാവിന്റെ മുഖം കൂടുതൽ വ്യക്തമാവുകയാണ്. Cleanliness is next to Godliness. ശുചീകരണത്തിന് അത്ര പ്രാധാന്യം ഗാന്ധിജി കൊടുത്തിരുന്നു. എന്നാൽ ആ ശുചീകരണ മേഖലയൊഴിച്ച് ബാക്കി എല്ലാ മേഖലകളിലും കേരളം വലിയ നേട്ടം കൈവരിച്ചിരിക്കുന്നു. ബഹിരാകാശം കീഴടക്കി, ഐ. ടി. രംഗത്ത് മുന്നേറിക്കൊണ്ടിരിക്കുകയാണ്. മാലിന്യ സംസ്കരണത്തിന്റെ കാര്യത്തിൽ നാം എവിടെയാണ് നിൽക്കുന്നത്? മാലിന്യങ്ങൾകൊണ്ട് നാടും നഗരവും ചീഞ്ഞുനാറുകയാണ്. മാലിന്യകൂമ്പാരങ്ങളും അവിടെ പെറ്റുപെരുകുന്ന തെരുവുനായ്ക്കൾ, രോഗവാഹകരായ കൊതുകുകൾ, ഈച്ച, എലി തുടങ്ങിയവ നമ്മുടെ ജീവിതത്തിന് കടുത്ത ഭീഷണി ഉയർത്തുകയാണ്. സംസ്കരിക്കാത്ത മാലിന്യങ്ങൾ ഒഴുകിയെത്തി കുടിവെള്ള സ്രോതസ്സുകളെ വിഷമയമാക്കുക മാത്രമല്ല, മാരകമായ രോഗാണുക്കൾ വിളയാടുകയും ചെയ്യുന്നു. കുടിവെള്ളത്തിലൂടെ പകരുന്ന മഞ്ഞപ്പിത്തം വിലപ്പെട്ട എത്ര ജീവനുകളെയാണ് അപഹരിച്ചത്? ഒരുപാട് വസ്തുക്കളുടെ സങ്കരത്തെയാണ് മാലിന്യം എന്ന വാക്കുകൊണ്ട് ഉദ്ദേശിക്കുന്നത്. ജൈവവിഘടനം സംഭവിക്കുന്ന ഭക്ഷ്യ അവശിഷ്ടങ്ങൾ, പ്ലാസ്റ്റിക്ക്, കുപ്പി ഇവയൊക്കെ മാലിന്യ കൂമ്പാരത്തിന്റെ ഭാഗമാണ്. ഇവയിൽ വീണ്ടും ഉപയോഗിക്കാവുന്നവയുമുണ്ട്. പക്ഷേ ഇവ വേണ്ടപോലെ തരംതിരിച്ചുവെങ്കിൽമാത്രമേ ഗുണപ്രദമായരീതിയിൽ മാലിന്യങ്ങൾ സംസ്കരിക്കാനാകൂ. വീടുകൾ, ഹോട്ടലുകൾ, ആശുപത്രികൾ, മാർക്കറ്റുകൾ, ഫാക്ടറികൾ, ഇതരസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽനിന്നും പുറന്തള്ളപ്പെടുന്ന പാഴ്വസ്തുക്കൾ ശേഖരിക്കുന്നതിനും സംസ്കരിക്കുന്നതിനുമുള്ള കുറ്റമറ്റ സംവിധാനം ഉണ്ടാകണം. അതിന് ബഹുജനങ്ങളുടെയും തദ്ദേശഭരണസ്ഥാപനങ്ങളുടേയും സർക്കാർ-സർക്കാരിതര ഏജൻസികളുടേയും സഹകരണം ആവശ്യമാണ്. നമ്മുടെ സംസ്ഥാനം ഇന്ന് ആരോഗ്യ തകർച്ചയുടെ വക്കിലാണ് എന്ന സത്യം നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. അതുകൊണ്ട് സമഗ്രമായ ഒരു മാലിന്യ നിർമ്മാർജ്ജന പദ്ധതിക്ക് രൂപം കൊടുക്കണം. തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് ഭരണഘടനാ ഭേദഗതിയിലൂടെ മാലിന്യസംസ്ക്കരണം ഏറ്റവും വലിയ ഉത്തരവാദിത്വം ആക്കണം. മുനിസിപ്പാലിറ്റി ആക്റ്റിൽ 12-ാം ഷെഡ്യൂളിലും---Public health, Sanitation conservancy and solid waste management; പഞ്ചായത്തിന്റെ 11-ാം ഷെഡ്യൂളിലും—Health and sanitation including Hospitals, Primary Health Centres and Dispensaries അതുപോലെതന്നെ പ്രാധാന്യം കൊടുത്തിട്ടുണ്ട്. ഈ ദൗത്യം തദ്ദേശഭരണ സ്ഥാപനങ്ങൾ ശരിയായി നിർവ്വഹിക്കുന്നുണ്ടോ എന്ന് പരിശോധിക്കണം. ആരോഗ്യ രംഗത്ത് ചിക്കുൻഗുനിയപോലുള്ള രോഗങ്ങൾ പരത്തുന്ന കൊതുകുകൾ ഉയർത്തുന്ന ഈ ഭീഷണിയുടെ പശ്ചാത്തലത്തിൽ മറ്റൊരു ജോലിയും ചെയ്തില്ലെങ്കിലും കോർപ്പറേഷനുകളും മുനിസിപ്പാലിറ്റികളും ഏറ്റവും പ്രധാനമായി

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യേണ്ട ജോലി മാലിന്യ സംസ്കരണമാണ് എന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. വേസ്റ്റ് മാനേജുമെന്റിന്റെ കാര്യത്തിൽ ബോംബെ നഗരം ആകെ ഉത്പാദിപ്പിക്കുന്ന വേസ്റ്റിൽ 95 ശതമാനവും കൈകാര്യം ചെയ്യുന്നു. ചെന്നൈ 90 ശതമാനം. കൊച്ചി നഗരം 52 ശതമാനം മാത്രമാണ്. അൽമിത്ര പട്ടേൽ സുപ്രീം കോടതി നിയമിച്ച കമ്മീഷനാണ്. ഈ കമ്മീഷന്റെ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റിപ്പോർട്ട് അനുസരിച്ച് സുപ്രീം കോടതിയുടെ റക്കമെന്റേഷൻ Report of the Committee constituted by the Hon'ble Supreme Court 1999 – Mandatory Recommendations:

(1) No waste shall be thrown to the streets, foot paths, open spaces, drainages or water bodies.

(2) Wastes shall be stored at the source of waste generation in two bins; one for food wastes-bio-degradable wastes and the another for recyclable wastes such as papers, plastics, metals, glass etc...

(3) Wastes such as used batteries.......

വളരെ പ്രധാനപ്പെട്ട കാര്യമാണ്. നാളെ മരിക്കാൻ പോകുകയാണ് കേരളം. ഇങ്ങനെ പോയാൽ പകർച്ചവ്യാധികൾമൂലം സംസ്ഥാനം നശിച്ചുപോകും. പകർച്ചവ്യാധികൾ കൊണ്ട് ഈ സംസ്ഥാനം നശിക്കാൻ പോകുകയാണ്. അതുകൊണ്ട് ഈ പശ്ചാത്തലത്തിൽ ഇത് വളരെ ഗൗരവമായി എടുക്കണം. ലോകത്തിൽ ഏറ്റവും കൂടുതൽ ആളുകളെ കൊന്നിട്ടുള്ളത് ലോകമഹായുദ്ധങ്ങളല്ല, ചെങ്കിസ്കാനല്ല, അലക്സാണ്ടർ അല്ല. കൊതുകാണ് ഏറ്റവും കൂടുതൽ ആളുകളെ കൊന്നിട്ടുള്ളത്. കൊതുകിന്റെ മാരകമായ പിടിയിൽ കേരളം അമർന്നിരിക്കുന്നു. ആ പശ്ചാത്തലത്തിൽ Wastes such as used batteries, containers of chemicals and pesticides, discarded medicines, toxic and hazardous household wastes....... ഒരു ബിന്നിലാക്കണം. ഇത് എവിടെയാണ് നടക്കുന്നത്, അൽമിത്രാ പട്ടേലിനെ ഞങ്ങൾ ഒരു പരിപാടിക്ക് വിളിച്ചിരുന്നു. 'മാലിന്യമില്ലാത്ത മലയാളനാട് ' അതിനുവേണ്ടി വിളിച്ചപ്പോൾ അവർ വന്ന് പങ്കെടുത്തു, അന്നവിടെ പേപ്പർ അവതരിപ്പിക്കാൻ വന്നവർ പറഞ്ഞു ഇൻഡ്യയിൽ 300-ൽപ്പരം നഗരങ്ങൾ വിസിറ്റ് ചെയ്തു, സൂററ്റ് ഇൻഡ്യയിലെ വൃത്തിഹീനമായ പട്ടണമായിരുന്നു, പ്ലേഗ് വന്നതിനെത്തുടർന്ന് അവിടെ നടപ്പാക്കിയ നടപടികളുടെ ഫലമായി സൂററ്റ് ഏറ്റവും വൃത്തിയുള്ള പട്ടണമായിരിക്കുന്നു. 300 പട്ടണങ്ങളിൽ ഏറ്റവും വൃത്തിഹീനമായ പട്ടണം കൊച്ചിയാണെന്ന് പറഞ്ഞു. ഞാൻ ഇത് പത്രക്കാരോട് പറയുന്നതല്ല, പക്ഷെ നിങ്ങളോട് പറയുന്നു. അവിടെ 52 ശതമാനം വേസ്റ്റേ ഡിസ്പോസ് ചെയ്യുന്നുള്ളു, ബാക്കി മുഴുവൻ സ്ട്രീറ്റുകളിൽ, ഓടകളിൽ, തോടുകളിൽ ഒക്കെ ഇടുകയാണ്. അവിടത്തെ തോടുകൾ വേലിയേറ്റത്തിനും വേലിയിറക്കത്തിനും വെള്ളം കയറിയിറങ്ങുന്ന തോടുകളാണ്. ഇപ്പോൾ വീടുകളുടേയും കക്കൂസുകളുടെയൊക്കെ പൈപ്പുകൾ നേരെ തോടുകളിലേക്ക് വിട്ടിരിക്കുകയാണ്. ഞാൻ നേരിട്ട് പോയി കണ്ടതാണ്, അവിടെ നിയന്ത്രിക്കാൻ ആരുമില്ല. അവിടത്തെ കോർപ്പറേഷനുകൾ ഭരിക്കുന്നത് ആരോ ആയിക്കോട്ടെ, ആ കോർപ്പറേഷന് മാലിന്യ

LIBRARY ARCHIVES Kerala Legislative Assembly

നിവാരണത്തിൽ യാതൊരു പങ്കുമില്ല എന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇവിടെ കൊച്ചി പട്ടണം ഉൾപ്പെടെ, ചേർത്തലയിൽ ചിക്കുൻഗുനിയ വന്നുവെങ്കിൽ അതുപോലെ മറ്റ് പ്രദേശങ്ങളിലേക്കും വ്യാപിപ്പിക്കുകയാണ്. കൊതുകുകളുടെ നഗ്നതാണ്ഡവം കേരളത്തിൽ നടക്കുകയാണ്. ഇതിനെ അമർച്ച ചെയ്യാൻ ഇക്കാര്യം വളരെ ഗൗരവമായി എടുക്കണം. അതിനുവേണ്ടി അങ്ങ് നിർദ്ദേശിച്ച കാര്യം കേരളത്തിലെ മുഴുവൻ പഞ്ചായത്തുകളിലും സ്കൂളുകളിലും വൻ വിജയകരമായി നടന്നു. ഒരു അവബോധം ഉണ്ടാക്കാൻ സഹായിച്ചു. ഞങ്ങളെല്ലാം രംഗത്തിറങ്ങി. അത് തുടരണം. ഒക്ടോബർ രണ്ടാം തീയതി ഒരു ദിവസത്തെ ആചരണം ഇവിടെ ഉണ്ടായിരുന്നു. തുടർ പരിപാടികൾ ആവശ്യമായിരിക്കുന്നു. കേരളത്തിൽ ഇന്ന് It is the responsibility of the waste generator to treat and dispose of bio-medical wastes........ ഇന്ന് കേരളത്തിലെ ആശുപത്രികളിൽ നിന്ന് ഒഴുകിവരുന്ന ബയോമെഡിക്കൽ വേസ്റ്റ്, അത് ഗവൺമെന്റ് ആശുപത്രികളിലാവട്ടെ, പ്രൈവറ്റ് ആശുപത്രികളിലാവട്ടെ...... കോട്ടയം മെഡിക്കൽ കോളേജിൽ ഒരു ഡോക്ടർ ഹെപ്പറ്റൈറ്റിസ് വന്ന് മരിച്ചു. അവിടെ പതിനായിരം രോഗികളും ബൈസ്റ്റാന്റേഴ്സും വന്ന് ഉപയോഗിക്കുന്ന ലാട്രിനിൽ നിന്നുള്ള വേസ്റ്റ് ചാഴികാടൻ റോഡിന്റെ താഴെ കിടക്കുകയാണ്. അത് ഡിസ്പോസ് ചെയ്യാൻ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നിർദ്ദേശം വന്നു, 4 കോടി രൂപ വേണം, തീരുമാനമെടുക്കാൻ കഴിഞ്ഞില്ല. ബഹുമാനപ്പെട്ട ഉമ്മൻചാണ്ടിക്കും തീരുമാനം എടുക്കാൻ കഴിഞ്ഞില്ല. ഖേദകരമാണ്, ആശുപത്രി സ്ഥാപിക്കുമ്പോൾ ആ ആശുപത്രിയിലെ മാലിന്യങ്ങൾ പുറത്തേക്ക് തള്ളാനും ആ പ്രദേശമാകെ മലിനീകരിക്കാനും ഉള്ള സ്ഥാപനമാകാൻ പാടില്ല.

മി. സ്പീക്കർ : പ്ലീസ്, പ്ലീസ് കൺക്ലൂഡ്

ശ്രീ. പി. ജെ. ജോസഫ്: ആർപ്പൂക്കര പഞ്ചായത്തിലേക്ക് പെൺകുട്ടികളെ കെട്ടിച്ചയയ്ക്കില്ല.

മി. സ്പീക്കർ : പ്ലീസ്, പ്ലീസ് കൺക്ലൂഡ്

ശ്രീ. പി. ജെ. ജോസഫ് : അങ്ങനെ വേസ്റ്റ് പുറത്തേയ്ക്ക് തള്ളുന്ന ഒരു സ്ഥാപനമായി കോട്ടയം മെഡിക്കൽ കോളേജ് മാറുകയാണ്, അതുകൊണ്ട് ഒന്നുകിൽ കോട്ടയം മെഡിക്കൽ കോളേജ് അടച്ചുപൂട്ടണം, അല്ലെങ്കിൽ വേസ്റ്റ് മാനേജ് ചെയ്യണം. അതുമാത്രമാണ് പറയാനുള്ളത്. വേസ്റ്റ് പുറത്തേക്ക് തള്ളാൻ പ്രൈവറ്റ് ആശുപത്രികൾക്ക് അവകാശമുണ്ടോ ? അങ്ങനെ പ്രവർത്തിക്കുന്ന ഒരൊറ്റ ആശുപത്രികളേയും ഇവിടെ പ്രവർത്തിക്കാൻ അനുവദിച്ചുകൂടാ. അത്തരം ആശുപത്രികൾ അടച്ചുപൂട്ടണം. ബയോമെഡിക്കൽ വേസ്റ്റ് എയ്ഡ്സ് രോഗികളുടെ, മറ്റ് രോഗങ്ങൾ ഉള്ളവരുടെ, കാൻസർ രോഗികളുടെയെല്ലാം amputated limbs അതിന്റെ പാർട്സ് എല്ലാം പട്ടിയും പൂച്ചയും വലിച്ചുകൊണ്ടുനടക്കുന്ന സ്ഥിതി ഈ സംസ്ഥാനത്തുണ്ട്. അത് പരിസരം മലിനമാക്കുന്നു. കർശനമായ നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു.



LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: പ്ലീസ്, പ്ലീസ് കൺക്ലൂഡ്

ശ്രീ. പി. ജെ. ജോസഫ് : ബഹുജന പങ്കാളിത്തം കൂടിയേ തീരൂ. സ്കൂളുകളിലേക്ക് എത്തണം, കേരളത്തിലെ 14000 സ്കൂളുകളിലേക്കും ഈ സന്ദേശം എത്തിക്കണം. അങ്ങ് കഴിഞ്ഞ 13-ാം തീയതി ചെയ്തതുപോലെ തുടർച്ചയായി കേരളത്തിൽ സാക്ഷരതപോലെ ഈ പ്രശ്നം ഏറ്റെടുക്കാനും മാലിന്യങ്ങൾ വലിച്ചെറിയുന്ന സംസ്ക്കാരം വിട്ട് ഓരോരുത്തരും അവരുടെ വീടുകളിലുള്ള മാലിന്യങ്ങൾ കമ്പോസ്റ്റാക്കി മാറ്റുക.

മി. സ്പീക്കർ: പ്ലീസ്, പ്ലീസ് കൺക്ലൂഡ്.

ശ്രീ. പി. ജെ. ജോസഫ്: (മൈക്ക് ഓഫ്)........... 1995 ആഗസ്റ്റ് 14-ാം തീയതി അദ്ദേഹം ഇൻഡ്യയോട് സംസാരിച്ചു. In the power generation sector of the energy economy, we need to fully use the technologies now available for generating power from Municipal waste. Today two plants are operated in India, each plant generating 6.5 MV of electric power. Studies indicate that 5800 MV of power can be generated by setting up 900 electric power plants spread over different......

.......... (മൈക്ക് ഓഫ്) കേരളത്തിലെ മുഴുവൻ മുനിസിപ്പാലിറ്റിയും പവർ ജനറേറ്റ് ചെയ്യാൻ തയ്യാറാകണം.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): സർ, ബഹുമാനപ്പെട്ട പി.ജെ. ജോസഫ് വളരെ ഗൗരവത്തോടുകൂടിയാണ് ഈ പ്രശ്നം അവതരിപ്പിച്ചത്. കേരളത്തിന്റെ ഇന്നത്തെ സ്ഥിതി വച്ചുനോക്കിയാൽ ഇത് വളരെ ഗുരുതരമായ ഒരു പ്രശ്നമായിട്ട് നമ്മുടെ മുമ്പിൽ ഉയർന്നുനിൽക്കുന്നു എന്നുള്ളത് വസ്തുതയാണ്. അതുകൊണ്ടുതന്നെയാണ് ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ കേരളത്തിലെ ജനങ്ങളെയാകെ ഇതിനെതിരെ അണിനിരത്തുന്നതിന് നമ്മൾ ശ്രമിച്ചത്. അത് നല്ല ഉത്തരവാദിത്തബോധത്തോടുകൂടി ജനങ്ങൾ ഏറ്റെടുത്തു എന്നുള്ളത് ആ സന്ദർഭത്തിൽ നമ്മൾ കണ്ടതാണ്. ഇവിടെ സൂചിപ്പിച്ചപോലെ ഏതെങ്കിലും ഒരു ദിനം വച്ച് അന്നുമാത്രം ഒരു പരിപാടി നടത്തി ഒഴിവാകുന്ന രീതിയല്ല നമ്മൾ ഇപ്പോൾ കാണിക്കുന്നത്. സ്ഥിരമായി ഇതിൽ ഏതെങ്കിലും ഭാഗത്ത് വീഴ്ചയുണ്ടോ എന്നുള്ളത് ഗൗരവത്തോടുകൂടി തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ പരിശോധിക്കുന്നുണ്ട്. അതിന് ആവശ്യമായിട്ടുള്ള നിർദ്ദേശം കൊടുക്കുന്നുണ്ട്. ആ ഗൗരവത്തിൽ തന്നെ ഈ പ്രശ്നം ഏറ്റെടുക്കുമെന്നുള്ള കാര്യത്തിൽ യാതൊരു തർക്കവും വേണ്ട.

ശ്രീ. പി. ജെ. ജോസഫ് : ബഹുമാനപ്പെട്ട അൽഫോൺസ് കണ്ണന്താനം ഇപ്പോൾ ഇവിടെ ഇല്ല, അദ്ദേഹം ഒരു സെമിനാറിൽ പറഞ്ഞു, എന്നെ ഏൽപ്പിക്കാമെങ്കിൽ കൊച്ചി നഗരം ആറ് മാസംകൊണ്ട് ശുദ്ധമാക്കാം എന്ന്. അദ്ദേഹത്തിന് അഡീഷണൽ ഡ്യൂട്ടി നൽകുമോ ? കൊച്ചിയിൽ ഇതുപോലെ മാലിന്യങ്ങൾ വിസർജ്ജിച്ചിട്ട് അവിടെ ഒന്നും ചെയ്യാൻ കഴിയാത്ത ഒരു സ്ഥിതിയുണ്ടായിരിക്കുന്നു, കൊച്ചി നഗരത്തിൽ അങ്ങ് പ്രത്യേകമായി ഒരു കോൺഫറൻസ് വിളിച്ച് നടപടി സ്വീകരിക്കുമോ ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : ഈ നിർദ്ദേശം സ്വീകരിക്കാം.

മി. സ്പീക്കർ : ആരൊക്കെ മുന്നോട്ടുവന്നാലും അവരെയൊക്കെ പ്രോൽസാഹിപ്പിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

# V. സബ്മിഷൻ

## (1). കിണറ്റിൽവീണ് മരണമടഞ്ഞ അജീഷിന് ധനസഹായം

മി. സ്പീക്കർ: ഈ വിഷയം സംബന്ധിച്ച് ശ്രീ. ആനത്തലവട്ടം ആനന്ദനും സബ്മിഷന് നോട്ടീസ് നൽകിയിട്ടുണ്ട്, അദ്ദേഹത്തിന്റെ മണ്ഡലത്തിലാണ് ഈ പ്രശ്നം നടന്നിട്ടുള്ളത്.

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഞാൻ നോട്ടീസ് നൽകിയത് പൊതുവായ ഒരു ഇഷ്യൂവിനാണ്, അക്കൂട്ടത്തിൽ ഇതുകൂടി സൂചിപ്പിച്ചു. കഴിഞ്ഞമാസം 18-ാം തീയതി ഇവിടെ അവതരിപ്പിച്ച ധനവിനിയോഗ ബില്ലിന്റെ ചർച്ചാവേളയിൽ ഞാൻ ഇക്കാര്യങ്ങൾ ഉന്നയിച്ചു. പക്ഷെ ആഭ്യന്തര വകുപ്പുമന്ത്രിയോ മുഖ്യമന്ത്രിയോ മറുപടി പറഞ്ഞില്ല. ഇവിടെ പോലീസ് കസ്റ്റഡിയിലും പോലീസ് വിരട്ടിയോടിച്ച് വെള്ളത്തിൽ വീണും മരിച്ചവരെക്കുറിച്ച് അന്വേഷിക്കാൻ ജുഡീഷ്യൽ കമ്മീഷനെ വയ്ക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. ഞങ്ങൾ അതിനെ സ്വാഗതം ചെയ്തു. പക്ഷെ അന്ന് ജുഡീഷ്യൽ കമ്മീഷനെ നിയമിക്കുമ്പോൾ അതിന്റെ ടേംസ് ഓഫ് റഫറൻസിൽ പ്രതിപക്ഷത്തിന്റെ നിർദ്ദേശങ്ങൾ കൂടി സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെട്ടു. അത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സമ്മതിച്ചു. പക്ഷെ അദ്ദേഹം സമ്മതിച്ചുവെങ്കിലും ഞങ്ങളോട് ചോദിച്ചതുപോലുമില്ല, ഞങ്ങളോട് ഒരു നിർദ്ദേശവും വാങ്ങിയിട്ടില്ല. അന്നു പറഞ്ഞതിനും വ്യക്തമായി നമ്മൾ ധാരണ ഉണ്ടാക്കിയതിനും വ്യത്യസ്തമായിട്ടുള്ള സമീപനമാണ് എടുത്തത്. അതുകൊണ്ട് അതിന് എന്തുചെയ്യാൻ പറ്റുമെന്നുള്ളത് പറയണം. ഇവരുടെ ആശ്രിതർക്ക് കൊടുക്കുന്ന നഷ്ടപരിഹാരം കൊടുക്കണം. എല്ലാവരും വളരെ പാവപ്പെട്ട വീടുകളിലെ അംഗങ്ങളാണ്. അങ്ങ് ഇവിടെ പറഞ്ഞു ജുഡീഷ്യൽ കമ്മീഷന്റെ റിപ്പോർട്ട് വരട്ടെ എന്ന്. പക്ഷെ മുഖ്യമന്ത്രി അന്നേരം പറഞ്ഞു, അതുവരെ ഞങ്ങൾ കാത്തിരിക്കില്ല അർഹിക്കുന്ന സഹായം കൊടുക്കും എന്ന്. ഇതുവരെ കൊടുത്തിട്ടില്ല ഇത് നൽകണം. ഈ രണ്ട് കാര്യങ്ങളും ഞാൻ അന്ന് ധന വിനിയോഗ ബില്ലിന്റെ ചർച്ചയിൽ ഉന്നയിച്ചപ്പോൾ നിങ്ങൾ രണ്ടുപേരും മറുപടി പറയാത്തതുകൊണ്ടാണ് ഞാൻ ഇത് വീണ്ടും ഉന്നയിക്കുന്നത്. ഇതുസംബന്ധിച്ച് ഗവൺമെന്റ് ഗൗരവമായി ചിന്തിക്കുന്നു, ഇതിനെതിരെ നടപടി എടുക്കുന്നു എന്നു വന്നില്ലെങ്കിൽ ഇത് വീണ്ടും ആവർത്തിക്കും. ഈ സന്ദർഭത്തിലാണ് ചിറയിൻകീഴിൽ കഴിഞ്ഞ ദിവസം അജീഷ് എന്ന യുവാവ് മരിക്കാൻ ഇടയായ സാഹചര്യം ഉണ്ടായത്. പോലീസ് വിരട്ടിയപ്പോൾ ഇവർ ഓടുകയായിരുന്നു, പോലീസ് മർദ്ദിച്ചെന്നോ പോലീസ് ഇവരുടെ പിറകേ ഓടിയെന്നോ ഒന്നും ഒരു കേസും ഞാൻ പറയുന്നില്ല. ഞാൻ അവിടെ പോയി നേരിട്ട് കണ്ട് മനസ്സിലാക്കിയതുകൊണ്ട് പറയുകയാണ്.

ഞാൻ ആ കൂട്ടത്തിൽ ഓടിയവരോട് ചോദിച്ചു. നിങ്ങൾ എന്തിനാണ് പോലീസിനെ കണ്ടപ്പോൾ ഓടിയത്, അത് ശരിയാണോ. അത് എങ്ങനെയാണ് എന്ന് മതിൽ ഇല്ലാത്ത കിണറ്റിലല്ല വീണത്. മതിലുള്ള കിണറ്റിലാണ് വീണത്. അപ്പോൾ എത്രമാത്രം

LIBRARY ARCHIVES Kerala Legislative Assembly

സ്പീഡിൽ ചെന്നാണ് ഈ മതിലിൽ ഇടിച്ചിട്ട് തലകീഴായിട്ട് കിണറ്റിലേയ്ക്ക് വീണത്. പോലീസ് പുറകേ ഓടിയിട്ടില്ല. പോലീസ് മർദ്ദിച്ചിട്ടില്ല. പിന്നെ എന്തിന് ഓടിയതെന്ന് ചോദിച്ചപ്പോൾ ഇതിനുമുമ്പ് ഇതുപോലെ പോലീസ് അവിടെ വന്ന് ഒന്നു വിരട്ടി. ഒരു യുവാവ് മാത്രം ഓടിയില്ല. അവനെ പിടിച്ചുകൊണ്ടുപോയി മർദ്ദിച്ചു. ആ അനുഭവം ആയതുകൊണ്ട് ഞങ്ങൾ ഓടിയതാണ്. കാരണം ഓടിയില്ലെങ്കിൽ ഞങ്ങൾക്ക് തല്ലുകിട്ടും. അതുകൊണ്ട് ഓടിയതാണ്. ഇതിനെതിരെ അങ്ങ് പറഞ്ഞിട്ടുള്ള കാര്യങ്ങൾ ആത്മാർത്ഥതയോടുകൂടിയാണെങ്കിൽ ഈ ജുഡീഷ്യൽ കമ്മിഷൻ ഫലപ്രദമായി പരിശോധിക്കുമെന്നുണ്ടെങ്കിൽ അതിന്റെ ടേംസ് ഓഫ് റഫറൻസിനെ സംബന്ധിച്ചിടത്തോളം ഞങ്ങളുടെ നിർദ്ദേശങ്ങൾ കൂടി സ്വീകരിക്കണം. ഇവർക്ക് നഷ്ടപരിഹാരം കൊടുക്കണമെന്ന് പറയാൻ ആഗ്രഹിക്കുന്നു.

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സർ, എന്റെ നിയോജകമണ്ഡലത്തിലാണ് ഈ പറഞ്ഞ മണ്ണാത്തിമൂല. അവിടെ 70 വയസ്സോളം പ്രായമുള്ള ഒരു സ്ത്രീ രാത്രിയിൽ സ്റ്റേഷനിൽ ചെന്ന് വീട്ടിൽ ചില ആൾക്കാർ വന്ന് ശല്യപ്പെടുത്തി, വീടിന് നേരെ ആക്രമണം ഉണ്ടായി എന്ന് പറഞ്ഞപ്പോൾ പോലീസ് അവരെ പറഞ്ഞയച്ചിട്ട് ആ വീട്ടിൽ അന്വേഷിക്കാൻ പോയി. വീട്ടിൽ നിന്ന് കാര്യങ്ങൾ അന്വേഷിച്ചുകൊണ്ട് നിൽക്കുമ്പോഴാണ് ഒരാൾ കിണറ്റിൽ വീണിട്ടുണ്ട് എന്നറിയുന്നത്. അപ്പോൾ കിണറ്റിൽ വീണ അജീഷിന്റെ ബ്രദർ ഈ പോലീസുകാരന്റെകൂടെ നിൽക്കുകയാണ്. ഇവരെല്ലാപേരും (പോലീസും കിണറ്റിൽ വീണവന്റെ ബ്രദറും ഈ പ്രതിയായി കണ്ട മറ്റൊരാളും) കൂടി പോയി കസേരയൊക്കെ ഇറക്കി ഈ ആളെയെടുക്കുമ്പോൾ ജീവനുണ്ടായിരുന്നതുകൊണ്ട് ആശുപത്രിയിൽ എത്തിച്ചു. ഇതാണ് നടന്നത്. പോലീസിന് ഈ സംഭവുമായി ഒരു ബന്ധവുമില്ല. എന്നാൽ ഒരു അപകടമരണമെന്നുള്ള നിലയിൽ അജീഷിന്റെ കുടുംബത്തിന് എന്തെങ്കിലും സഹായം നൽകാൻ ഗവൺമെന്റ് ശ്രദ്ധിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : ഈ പ്രശ്നത്തെപ്പറ്റി ഞാൻ പറയാം. തിരുവനന്തപുരം, കടയ്ക്കാവൂർ മണ്ണാത്തിമൂലയിൽ താമസിക്കുന്ന 70 വയസ്സുള്ള മാലതിയെന്നുപറയുന്ന ഒരു സ്ത്രീയുടെ വീട്ടിൽ അർജ്ജുനൻ ആശാരിയുടെ മകൻ സുരേഷും ജ്യേഷ്ഠൻ വാമനനും കൂടി അതിക്രമിച്ചുകയറി ബഹളം കാണിച്ചു എന്ന് 22-ാം തീയതി വൈകുന്നേരം 6.30-ന് പോലീസിൽ പരാതികിട്ടിയപ്പോൾ 8.30-ന് തന്നെ അവിടെ അന്വേഷണത്തിനുവേണ്ടി പോയി. കടയ്ക്കാവൂർ സബ് ഇൻസ്പെക്ടറും പാർട്ടിയും സ്ഥലത്തെത്തി സുരേഷിനെ കണ്ട് കാര്യങ്ങൾ തിരക്കി. അയാളേയും കൂട്ടി റോഡിലേയ്ക്കുവന്ന സമയം ആരോ കിണറ്റിൽ വീണതായി ഒരാൾ വന്ന് പോലീസിനെ അറിയിച്ചു. പോലീസ് പാർട്ടി ഉടനെ അതറിഞ്ഞ് അവിടേയ്ക്കുപോയി. തുടർന്ന് അവിടെ പോലീസ് പാർട്ടിയും മറ്റുള്ളവരും കൂടെ ചേർന്ന് കിണറ്റിൽ കസേരകെട്ടിയിറക്കി കിണറ്റിനുള്ളിൽ വീണയാളെ പുറത്തേയ്ക്കെടുത്തു. ചിറയിൻകീഴ് താലൂക്കാശുപത്രിയിൽ കൊണ്ടുപോയി. 8.30 മണിയോടുകൂടി ആശുപത്രിയിൽ വച്ച് പരിശോധിച്ചപ്പോൾ അദ്ദേഹം മരിച്ചതായി ഡോക്ടർ അറിയിച്ചു. മണ്ണാത്തിമൂല ചാരുവിള വീട്ടിൽ സുകുമാരൻ

LIBRARY ARCHIVES Kerala Legislative Assembly

മകൻ 24 വയസ്സുള്ള അജീഷാണ് മരിച്ചതെന്ന് തിരിച്ചറിഞ്ഞു. ഇക്കാര്യത്തിൽ സി.ആർ.പി.സി. 174-ാം വകുപ്പു പ്രകാരം ക്രൈം 296/2006 നമ്പരായി കടയ്ക്കാവൂർ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. തിരുവനന്തപുരം ആർ.ഡി.ഒ. പ്രേതപരിശോധനാ റിപ്പോർട്ട് തയ്യാറാക്കിയശേഷം മൃതശരീരം തിരുവനന്തപുരം മെഡിക്കൽ കോളേജാശുപത്രിയിൽ വച്ച് പോസ്റ്റ്മോർട്ടം നടത്തുകയും ചെയ്തു. പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ മരണകാരണം രേഖപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിലുള്ള കാര്യങ്ങളൊന്നും അതിനകത്ത് രേഖപ്പെടുത്തിയതായി കാണുന്നില്ല. അജീഷ് കൂട്ടുകാരോടൊപ്പം മണ്ണാത്തിമൂല കവലയിലുള്ള ഗണപതി ക്ഷേത്രത്തിനടുത്തിരിക്കുന്ന സമയം അതുവഴി പോലീസ് ജീപ്പ് പോകുന്നതുകണ്ട് അജീഷും കൂട്ടുകാരും അവിടെനിന്ന് ഓടിപ്പോയി എന്നാണ് റിപ്പോർട്ട്. ഓടുന്നവഴി കിണറ്റിൽ വീണ് തലയ്ക്ക് പരിക്കേൽക്കുകയും അതോടൊപ്പം ശ്വാസം മുട്ടിയുമാണ് അജീഷ് മരിച്ചതെന്നാണ് ഇതുവരെയുള്ള അന്വേഷണത്തിൽ കിട്ടിയ റിപ്പോർട്ട്. ഇക്കാര്യത്തിൽ പോലീസിന്റെ ഭാഗത്തുനിന്ന് എന്തെങ്കിലും ഒരു അതിക്രമം കാണിച്ചതായി റിപ്പോർട്ട് കിട്ടിയിട്ടില്ല. ഇവിടെ അക്കാര്യങ്ങൾ സംബന്ധിച്ച് പറഞ്ഞു. പോലീസിനെ സംബന്ധിച്ച് ഒരു പരാതി ഉയർന്നുവന്നിട്ടില്ല. പോലീസ് ആക്രമിച്ചു എന്നോ അടിച്ചു എന്നോ പോലീസ് അവരെ ചോദ്യം ചെയ്തു എന്നോ ഒന്നും ഉണ്ടായിട്ടില്ല. പോലീസ് അതുവഴി പോകുന്ന സമയത്ത് അവർ ഓടി. ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടിയും അതുതന്നെയാണ് പറഞ്ഞിട്ടുള്ളത്. ഇത്തരത്തിലുള്ള സംഭവങ്ങൾ നല്ല കാര്യമായി ഞങ്ങൾ കാണുന്നില്ല. അതുകൊണ്ടുതന്നെ ഇത്തരം കാര്യങ്ങൾ ഒഴിവാക്കാൻ വേണ്ടി എല്ലാ നടപടിയും സ്വീകരിക്കണമെന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. നഷ്ടപരിഹാരം സംബന്ധിച്ച്, ഈ കേസിൽ പ്രത്യേകിച്ച് നമുക്ക് എന്തുചെയ്യാൻ പറ്റുമെന്നുള്ളത് ഗവൺമെന്റ് പരിശോധിച്ചു ചെയ്യേണ്ട കാര്യമാണ്. അത് ഗവൺമെന്റ് പരിശോധിക്കാം. മറ്റൊന്ന് ഇവിടെ ഇതിന് മുമ്പുള്ള കാര്യങ്ങളെ സംബന്ധിച്ച് ടേംസ് ഓഫ് റഫറൻസ് നിശ്ചയിച്ചത് സംബന്ധിച്ചു പറഞ്ഞു. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും മുഖ്യമന്ത്രിയും മറ്റുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ ഇക്കാര്യം പരിശോധിക്കാമെന്ന് പറഞ്ഞിരുന്നു. പക്ഷെ ഇതിനിടയിൽ ഹൈക്കോടതിയിൽ ഒരു കേസ് വന്നു. ഹൈക്കോടതിയിൽ നിന്നാണ് പിന്നീട് എല്ലാ നടപടികളും ഡയറക്ഷനും ഉണ്ടായത്. ജസ്റ്റിസ് രാജേന്ദ്രബാബുവിനെ അന്വേഷണ കമ്മിഷനായി ഹൈക്കോടതി തന്നെയാണ് തീരുമാനിച്ചത്. നമ്മൾ ആവശ്യപ്പെട്ടത് സിറ്റിംഗ് ജഡ്ജിയെ തരണമെന്നുള്ളതാണ്. അത് തരാൻ സാധിക്കില്ലായെന്ന് അറിയിച്ചുകൊണ്ടാണ് കോടതിതന്നെ ജസ്റ്റിസിന്റെ പേര് നിർദ്ദേശിച്ച് തീരുമാനം അറിയിച്ചത്. അതിന്റെ അടിസ്ഥാനത്തിൽ കോടതി തന്നെ പറഞ്ഞു 14 ദിവസത്തിനുള്ളിൽ നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കണമെന്ന്. 14 ദിവസത്തിനുള്ളിൽ നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കണമെന്ന് വന്നപ്പോൾ അടുത്ത കുറേദിവസം ഒഴിവു ദിവസമായതുകൊണ്ട് കോടതിയിൽ നിന്ന് ഈ 14 ദിവസം ആകുന്നതിന്റെ തലേദിവസമാണ് നമുക്കു കിട്ടിയത്. ആ ദിവസമായപ്പോഴേയ്ക്ക് പ്രതിപക്ഷവുമായി ചേർന്ന് ഒരു ചർച്ചയ്ക്ക് സമയം ഉണ്ടായിരുന്നില്ല. അതുകൊണ്ടാണ് ഗവൺമെന്റ് ഇതുസംബന്ധിച്ച് നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കാൻ നിർബന്ധിക്കപ്പെട്ടത്. ഇതുസംബന്ധിച്ച് എല്ലാ കാര്യങ്ങളും

LIBRARY ARCHIVES Kerala Legislative Assembly

ഉൾപ്പെടുത്തിക്കൊണ്ട് നിയമസഭയിൽ രേഖപ്പെടുത്തിയ കാര്യത്തിൽ എന്തെങ്കിലും കൂടുതൽ കാര്യങ്ങൾ കൂടി ചേർക്കണമെന്ന് പ്രതിപക്ഷ നേതാവിനോ പ്രതിപക്ഷാംഗങ്ങൾക്കോ ആർക്കെങ്കിലും അഭിപ്രായമുണ്ടെങ്കിൽ ഗവൺമെന്റിനെ അറിയിക്കാമായിരുന്നു. സെപ്റ്റംബർ 18-ാം തീയതിയാണ് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചത്. ഇതു സംബന്ധിച്ച് ഇതുവരെ പ്രത്യേക പരാതി കിട്ടിയിട്ടില്ല. പ്രതിപക്ഷ നേതാവിന് എന്തെങ്കിലും കൂട്ടിച്ചേർക്കണമെന്നുണ്ടെങ്കിൽ ആ കാര്യം ഗവൺമെന്റ് പരിശോധിക്കാം. ഞങ്ങൾക്ക് അതിൽ യാതൊരു വിരോധവുമില്ല. ഇപ്പോൾ പ്രതിപക്ഷ നേതാവിന് ഈ കാര്യം കൂടി പരിശോധിക്കണമെന്നുണ്ടെങ്കിൽ എഴുതിത്തന്നാൽ ഞങ്ങൾ പരിശോധിക്കാൻ തയ്യാറാണ്. ഞങ്ങൾക്ക് അങ്ങനെ കിട്ടിയിട്ടില്ല. അതുകൊണ്ടാണ് പിന്നീട് ഞങ്ങൾ നടപടിക്രമങ്ങളൊന്നും തീരുമാനിക്കാതിരുന്നത്. നഷ്ടപരിഹാരം സംബന്ധിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അന്ന് പറഞ്ഞിരുന്നു. പ്രതിപക്ഷം ഉന്നയിച്ച ഒരു ഡിമാന്റാണ് അത്. അതുസംബന്ധിച്ച് ഞങ്ങൾ പരിശോധിച്ചപ്പോൾ അന്ന് എന്റെ മറുപടി തൃപ്തികരമായിരുന്നില്ല. തൃപ്തികരമാകാതെ വന്നപ്പോൾ മുഖ്യമന്ത്രി അതു സംബന്ധിച്ച് മറുപടി പറഞ്ഞു. മുഖ്യമന്ത്രി പറഞ്ഞത് ഇതുസംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണ കമ്മീഷൻ റിപ്പോർട്ട് വരുന്നതിനുമുമ്പുതന്നെ ഓരോ കേസും പരിശോധിച്ച് ഞങ്ങൾ തീരുമാനിക്കുമെന്നാണ്. അതുചെയ്യാൻ ഞങ്ങൾ തയ്യാറാണ്. അത് നിങ്ങൾ പൂർണ്ണമായി കേട്ടിരിക്കാതെ നിങ്ങൾക്ക് ഇറങ്ങിപ്പോകണമെന്നുള്ള വാശിയിൽ ഇറങ്ങിപ്പോയതുകൊണ്ടാണ് ആ പ്രശ്നമുണ്ടായത്. എല്ലാ കാര്യങ്ങളും ചർച്ച ചെയ്ത് തീരുമാനിക്കുന്നതിൽ ഞങ്ങൾക്ക് യാതൊരു വിരോധവുമില്ല. നമുക്ക് അന്നുതന്നെ അതുസംബന്ധിച്ച് ഒരു തീരുമാനമുണ്ടാക്കാൻ കഴിയുമായിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് ഈ അന്വേഷണ കമ്മീഷൻ റിപ്പോർട്ട് വരുന്നതിനുമുമ്പുതന്നെ ഓരോ കേസും പരിശോധിച്ച് തീരുമാനമെടുക്കാം എന്നാണ്. അതിൽത്തന്നെയാണ് ഗവൺമെന്റ് നിൽക്കുന്നത്. നമുക്ക് അത്തരത്തിൽ എന്തെങ്കിലും പ്രത്യേക പ്രശ്നങ്ങൾ ഉണ്ടെങ്കിൽ പരിശോധിച്ച് കാര്യങ്ങൾ ചെയ്യാൻ ഗവൺമെന്റിന് യാതൊരുവിധ വൈമനസ്യവുമില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി) : അങ്ങ് പറഞ്ഞതിനെ ഞാൻ സ്വാഗതം ചെയ്യുന്നു. ഓരോ കേസ്സിന്റേയും മെറിറ്റ് നോക്കി അർഹിക്കുന്നതാണെങ്കിൽ അതിന് നഷ്ടപരിഹാരം കൊടുക്കുന്നതിൽ, അതിനുവേണ്ട വിശദമായിട്ടുള്ള വിവരങ്ങൾ തരാൻ ഞങ്ങൾ തയ്യാറാണ്. ചിറയിൻകീഴ് സംഭവത്തെ സംബന്ധിച്ചിടത്തോളം ഞാൻ വ്യക്തമാക്കി ശ്രീ. ആനത്തലവട്ടം ആനന്ദന് അതുസംബന്ധിച്ച് തർക്കമൊന്നും വേണ്ട. പോലീസ് മർദ്ദിച്ചെന്നോ പോലീസ് ഇവരെ പുറകെയിട്ട് ഓടിച്ചെന്നോ ഒന്നുമല്ല. പോലീസൊന്ന് വിരട്ടിയപ്പോൾ ഇത്ര സ്പീഡിൽ ഓടിപ്പോകേണ്ട ഒരു സാഹചര്യം നമ്മുടെ സംസ്ഥാനത്ത് വന്നിരിക്കുന്നത് ഒഴിവാക്കണമെന്നേ പറഞ്ഞുള്ളൂ. ...........(ബഹളം).............അത് മാത്രമാണ്. മരണാനന്തര ചടങ്ങുകൾ കഴിഞ്ഞ് അമ്പലത്തിന്റെ മുമ്പിൽ വന്നിരുന്ന ചെറുപ്പക്കാർ പോലീസ് വണ്ടി നിർത്തിയതുകണ്ട് ഓടി.

LIBRARY ARCHIVES Kerala Legislative Assembly

എങ്ങനെയാണ്? മതിലില്ലാത്ത കിണറ്റിലല്ല വീണത്. ചുറ്റുമതിൽ കെട്ടിയ കിണറ്റിൽ എങ്ങനെയാണ് വീണത്? നമ്മുടെ സംസ്ഥാനത്ത് സംരക്ഷണം ഉണ്ടാകണം ....... (ബഹളം)........ ഇതുവരെ ഉണ്ടായ സംഭവങ്ങളെ ഗവണ്മെന്റ് ലാഘവബുദ്ധിയോടെയാണ് കാണുന്നത്. അങ്ങനെ കാണരുത്. ജുഡീഷ്യൽ അന്വേഷണം ഗൗരവമായി നടക്കണം. അത് taken for granted ആക്കരുത്. അവർക്ക് നഷ്ടപരിഹാരം കൊടുക്കുന്ന കാര്യത്തിൽ ഗൗരവമായ നടപടി ഗവണ്മെന്റ് എടുക്കണം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഇത്തരത്തിലുള്ള കാര്യങ്ങളെ ലാഘവത്തിലെടുക്കുന്ന ഗവണ്മെന്റല്ല ഇത്. ഏതായാലും ശ്രീ. ഉമ്മൻ ചാണ്ടിക്ക് മാത്രമല്ല, മറ്റു പ്രതിപക്ഷാംഗങ്ങൾക്കും ഇത്തരത്തിലുള്ള കാര്യങ്ങളിൽ വളരെയധികം താൽപ്പര്യമുണ്ടെന്നത് 5 മാസംകൊണ്ട് കേരളത്തിൽ വന്ന വലിയ മാറ്റമാണ്. ഇതുപോലെയുള്ള കാര്യങ്ങൾക്ക് നഷ്ടപരിഹാരം പോയിട്ട് ഒരു നയാപൈസപോലും കൊടുക്കാത്ത.................. ആദിവാസി ജോഗിയെ വെടിവച്ച് കൊന്നിട്ട് എന്ത് കൊടുത്തു? കൂത്തുപറമ്പിൽ 5 പേരെ വെടിവച്ച് കൊന്നിട്ട് എന്ത് കൊടുത്തു? ഏതെങ്കിലും ലാത്തിച്ചാർജ്ജോ ആക്രമണങ്ങളോ നടന്ന സ്ഥലത്ത് ഒരു നയാപൈസ കൊടുത്തോ? അതുകൊണ്ട് നിങ്ങളുടെ മനോഭാവത്തിൽ ഇപ്പോൾ വന്ന മാറ്റത്തെ ഞാൻ സ്വാഗതം ചെയ്യുന്നു. ...............(ബഹളം)............ ആദിവാസി ജോഗി മരിച്ചത് പോലീസ് വെടിയേറ്റല്ലേ? നിങ്ങൾ ഒരു നയാപൈസ കൊടുത്തോ?

ശ്രീ. കെ.സി. ജോസഫ്: കടാശ്വാസ ബിൽ നാളെ ചർച്ചയ്ക്ക് വരികയാണ്. ആ ബില്ലിന്റെ പൊതുചർച്ചയ്ക്കുള്ള അമെന്റ്മെന്റിന്റെ സമയം ഇന്ന് രാവിലെ 11 മണിവരെയാണ്. മെമ്പർമാർക്ക് രാവിലെയാണ് കവർ കിട്ടിയത്.

മി. സ്പീക്കർ: ഭേദഗതി കൊടുക്കാനുള്ള സമയം ഒരു മണിവരെയുണ്ട്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

## (2) വടക്കാഞ്ചേരി സബ് ഡിപ്പോയിൽ ഡീസൽ ഫില്ലിംഗ് സ്റ്റേഷൻ ആരംഭിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. എം. ചന്ദ്രൻ: സർ, ആലത്തൂർ നിയോജകമണ്ഡലത്തിലെ വടക്കാഞ്ചേരി കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്റർ 6-8-2006-ലാണ് ഒരു സബ് ഡിപ്പോയായി പ്രവർത്തനം ആരംഭിച്ചത്. വടക്കാഞ്ചേരി പഞ്ചായത്ത് സൗജന്യമായി 5 ഏക്കർ സ്ഥലം നൽകിയാണ് ഈ സബ് ഡിപ്പോ പ്രവർത്തനം ആരംഭിച്ചത്. ലാഭകരമായ, ജനോപകാരപ്രദമായ 23 സർവ്വീസുകൾ ഇവിടെനിന്നും ഓപ്പറേറ്റ് ചെയ്തിരുന്നു. എന്നാൽ കഴിഞ്ഞ യു.ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്ത് ലാഭകരമായി പ്രവർത്തിച്ചിരുന്ന, ഇന്റർസ്റ്റേറ്റ് സർവ്വീസുകളും ഫാസ്റ്റ് പാസ്സഞ്ചറുകളും ഇവിടെനിന്നും മറ്റു ഡിപ്പോകളിലേക്ക്

LIBRARY ARCHIVES Kerala Legislative Assembly

മാറ്റിക്കൊണ്ടുപോയി. ഇപ്പോൾ പ്രാദേശികമായി സർവ്വീസ് നടത്തുന്ന 13 ബസ്സ് സർവ്വീസുകൾ മാത്രമാണ് ഈ ഡിപ്പോയിലുള്ളത്. ബസ്സ് സർവ്വീസുകൾ മറ്റു ഡിപ്പോകളിലേക്ക് കൊണ്ടുപോകുന്നതിന് പ്രധാന കാരണമായി പറയുന്നത്, ഇവിടെ ഡീസൽ ഫില്ലിംഗ് സ്റ്റേഷൻ ഇല്ലെന്നാണ്. ഡീസൽ ഫില്ലിംഗ് സ്റ്റേഷൻ ഇല്ലാത്തതുകൊണ്ട് ഡീസൽ നിറയ്ക്കുന്നതിനുവേണ്ടി തൃശൂരിലേക്കും, പാലക്കാട്ടേക്കും അനാവശ്യമായി ഈ ബസ്സുകൾ ഓടിക്കൊണ്ടിരിക്കുകയാണ്. അതിന്റെ ഭാഗമായി ഇത് നഷ്ടത്തിൽ വന്നുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ എം.എൽ.എ.-യുടെ പ്രാദേശിക വികസന ഫണ്ടിൽനിന്നും 8 ലക്ഷം രൂപ നൽകി ഗ്രൗണ്ടും ജീവനക്കാർക്ക് താമസിക്കാനുള്ള സൗകര്യങ്ങളും ഉണ്ടാക്കാൻ തീവ്രപരിപാടികൾ നടന്നുകൊണ്ടിരിക്കുകയാണ്. ഇക്കാര്യങ്ങൾ കണക്കിലെടുത്ത് വടക്കാഞ്ചേരി സബ് ഡിപ്പോയിൽ ഒരു ഡീസൽ ഫില്ലിംഗ് സ്റ്റേഷൻ ആരംഭിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട് വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, വടക്കാഞ്ചേരി ഓപ്പറേറ്റിംഗ് സെന്ററിൽ നിലവിൽ രണ്ട് ഫാസ്റ്റ് പാസ്സഞ്ചർ ബസ്സുകളും 13 ഓർഡിനറി ബസ്സുകളുമടക്കം 15 ഷെഡ്യൂളുകളാണുള്ളത്. ഈ ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് 16 ബസ്സുകൾ അനുവദിച്ചിട്ടുണ്ട്. ശരാശരി 13 ഷെഡ്യൂളുകൾ ഇവിടെനിന്നും ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. ഇവിടത്തെ ശരാശരി ഇ.പി.കെ.എം. 16.75 രൂപയാണ്. പുതിയ ബസ്സുകൾ നിരത്തിലിറക്കുമ്പോൾ കൂടുതൽ ബസ്സുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കാം. വടക്കാഞ്ചേരി ഓപ്പറേറ്റിംഗ് സെന്ററിൽ ഡീസൽ ഫില്ലിംഗ് സെന്റർ ആരംഭിക്കുന്ന കാര്യം കൂടുതൽ ഷെഡ്യൂളുകൾ ആരംഭിക്കുന്ന അവസരത്തിൽ ബന്ധപ്പെട്ട ഓയിൽ കമ്പനികളുമായി ചർച്ച ചെയ്ത് പരിഗണിക്കുന്നതാണ്.

## (3) വൈദ്യുതി ബോർഡ് ഉപഭോക്താക്കളിൽനിന്നും അധിക ക്യാഷ് ഡെപ്പോസിറ്റ് ഈടാക്കുന്നത് സംബന്ധിച്ച്

ശ്രീ. കെ. എം. മാണി: സർ, 2005-ലെ കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ഉപഭോക്താക്കളിൽനിന്നും അധിക ഡെപ്പോസിറ്റ് പിരിക്കുന്ന നടപടി ഇപ്പോൾ എടുത്തുവരുന്നു. അതുനിമിത്തം ഉപഭോക്താക്കൾക്ക് അപരിഹാര്യമായ നഷ്ടം സംഭവിച്ചുകൊണ്ടിരിക്കുകയാണ്. സപ്ലൈ കോഡ് റൂൾ 13 (5) അനുസരിച്ച് ഓരോ വർഷവും ആദ്യ ക്വാർട്ടറിൽ, ഏപ്രിൽ, മേയ്, ജൂൺ മാസത്തിനകം ലൈസൻസിയായ ഇലക്ട്രിസിറ്റി ബോർഡ് ഉപഭോക്താക്കൾ അടച്ച ഡെപ്പോസിറ്റിന്റെ ആഡിക്വസി പരിശോധിച്ച് കൂടുതൽ ഡെപ്പോസിറ്റ് വേണമെങ്കിൽ നോട്ടീസ് കൊടുക്കണമെന്നാണ് വ്യവസ്ഥ. അതുപോലെതന്നെ മന്ത്‌ലി ബില്ലിംഗാണെങ്കിൽ ബിൽ കൊടുക്കുന്നതിന്റെ ഇരട്ടിയും ബൈ മന്ത്‌ലിയാണെങ്കിൽ ബിൽ കൊടുക്കുന്നതിന്റെ മൂന്നിരട്ടിയുമാണെന്നാണ് വ്യവസ്ഥ. ഈ വ്യവസ്ഥയ്ക്ക് വിപരീതമായാണ് ഇപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

നോട്ടീസ് പോയിക്കൊണ്ടിരിക്കുന്നത്. എന്റെ കയ്യിൽ ഇരിക്കുന്നത് പാവറട്ടി ഇലക്ട്രിസിറ്റി ഓഫീസ് അയച്ച നോട്ടീസാണ്. ഈ നോട്ടീസ് അയച്ചത് ആഗസ്റ്റ് മാസത്തിലാണ്. ഏപ്രിൽ, മേയ്, ജൂൺ മാസത്തിനിടയിൽ ആഡിക്വസി പരിശോധിച്ച് നടപടി എടുക്കണ മെന്നുള്ള റൂൾ ലംഘിച്ച് ഇപ്പോൾ നോട്ടീസ് അയച്ചുകൊണ്ടിരിക്കുന്നു എന്നു മാത്രമല്ല, ഇതിൽ പറഞ്ഞിരിക്കുന്നത് മേൽ ഉദ്ധരിച്ച വകുപ്പുപ്രകാരം സെക്യൂരിറ്റി ഡെപ്പോസിറ്റ് പ്രതിമാസ വൈദ്യുതി ചാർജ്ജിനത്തിന്റെ മൂന്നിരട്ടിയായിരിക്കണം എന്നാണ്. ക്ലാസ് (13)-ൽ അങ്ങനെയല്ല പറയുന്നത്, ബൈ മന്ത്‌ലി ബില്ലിംഗുകാരാണെങ്കിൽ അവർ ഇരട്ടി കൊടുത്താൽ മതിയെന്നാണ്. ഇപ്പോൾ നോട്ടീസിൽ പറയുന്നത്, 3 ഇരട്ടി എല്ലാ പേരും indiscriminate ആയി അധിക ഡെപ്പോസിറ്റ് നൽകണമെന്നാണ്. ആ നോട്ടീസിന്റെ ഒരു കോപ്പി എന്റെ കയ്യിലുണ്ട്. ഇത് 13-ാം വകുപ്പിലെ വ്യവസ്ഥയ്ക്ക് വിപരീതമാണ്. ഇലക്ട്രിസിറ്റി സപ്ലൈ കോഡ് റൂൾ 16 അനുസരിച്ച് കൺസ്യൂമർ അടച്ചിട്ടുള്ള ഡെപ്പാസിറ്റിന് ബാങ്ക് റേറ്റിൽ ഇന്ററസ്റ്റ് കൊടുക്കണമെന്നാണ്. ആ ക്ലാസ് വളരെ പ്രധാനപ്പെട്ടതാണ്. ഇവിടെ Interest on Security Deposits- (1) Licensee shall pay interest on security deposit to the consumer at bank rate prevailing as on 1st April of the Financial Year for which interest is due. Payment of interest charges shall be effective from April 1, 2005 onwards. (2) The accrued interest on security deposit for each financial year shall be credited to the consumers account during the first quarter of the subsequent financial year and be adjusted against electricity bill. (3) The licensee shall pay interest at twice the rate specified under sub-clause (1) above for the delay in making the adjustments for interest on security deposit. ഈ റൂൾ അനുസരിച്ച് ഡെപ്പോസിറ്റിന് ബാങ്ക് റേറ്റിൽ പലിശ കൊടു ക്കണമെന്നാണ്. അത് ഡ്യൂ ആയി പലിശ കൊടുക്കുന്നില്ല, അഡ്ജസ്റ്റ് ചെയ്യുന്നില്ലെങ്കിൽ പീനൽ ഇന്ററസ്റ്റ് കൊടുക്കണമെന്നും നിയമത്തിൽ വ്യവസ്ഥ ഉണ്ടായിരിക്കെ 16-ാം റൂൾ ലംഘിച്ച് ഒരു പൈസ പോലും ഇന്ററസ്റ്റ് റേറ്റിൽ അഡ്ജസ്റ്റ് ചെയ്യുന്നില്ല. ഈ സംസ്ഥാ നത്തെ കൺസ്യൂമേഴ്സിന് കോടിക്കണക്കിന് രൂപ ഇതുമൂലം നഷ്ടം വന്നുകൊണ്ടിരിക്കു ന്നതുപോലും അഡ്ജസ്റ്റ് ചെയ്യാതെ പതിമൂന്നാം വകുപ്പിൽ പറയുന്നതിന് വിപരീതമായി മൂന്നിരട്ടി എല്ലാപേരിൽനിന്നും ഈടാക്കിക്കൊണ്ട് അധിക ഡെപ്പോസിറ്റ് ഇപ്പോൾ ഗവൺമെന്റ് എടുക്കുന്ന നടപടി തെറ്റാണ്. റെഗുലേറ്ററി അതോറിറ്റി നിയമവിരുദ്ധമായി പ്രവർത്തിച്ചാലും ഗവൺമെന്റ് പ്രവർത്തിച്ചാലും നിയമം ഒരിക്കലും ലംഘിക്കാൻ പാടില്ല. നിയമമനുസരിച്ച് കാര്യങ്ങൾ നീങ്ങണം. അധിക ഡെപ്പോസിറ്റ് അന്യായമായ നിലയിൽ പിടിച്ചുവച്ചിരിക്കുന്ന രീതി അവസാനിപ്പിക്കണം. ജനങ്ങൾ നൽകിയിരിക്കുന്ന ഡെപ്പോസി റ്റിന് പലിശ കൊടുക്കണം. അതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കണം.

(ശ്രീ. എ. പ്രദീപ്കുമാറും ഇതേ വിഷയം സംബന്ധിച്ച് സബ്മിഷൻ ഉന്നയിക്കുന്ന തിന് നോട്ടീസ് നൽകിയിട്ടുണ്ട്.)

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, വൈദ്യുതി ഉപഭോക്താക്കളിൽനിന്നും വൈദ്യുതി ചാർജ്ജ് ഈടാക്കുന്നത് ഒരുമാസത്തെയോ രണ്ടുമാസത്തെയോ വൈദ്യുതി മുൻകൂറായി ലഭ്യമാക്കിയതിനു

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശേഷമാണ്. ഏകദേശം 70 ദിവസം കഴിഞ്ഞതിനുശേഷം രണ്ട് മാസത്തിലൊരിക്കൽ ബിൽ ചെയ്ത് ഉപഭോക്താക്കളിൽനിന്നും കറണ്ട് ചാർജ്ജ് ലഭിക്കുന്നതിന് ഇങ്ങനെ മുൻകൂർ ആയി നൽകുന്ന വൈദ്യുതി അഡ്വാൻസെന്ന നിലയിൽ ഉപയോഗിക്കുന്ന സ്ഥലത്ത് സ്ഥാപിക്കുന്ന ബോർഡിന്റെ സാധനസാമഗ്രികൾക്ക് സെക്യൂരിറ്റി എന്ന നിലയിലാണ് ഇലക്ട്രിസിറ്റി ആക്ട് 2003 വകുപ്പ് 47 (2) പ്രകാരം ഉപഭോക്താക്കളിൽനിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ് വാങ്ങുന്നത്. കാലാകാലങ്ങളിലുണ്ടാകുന്ന വൈദ്യുതി ചാർജ്ജ് വർദ്ധനവുമൂലമോ ഉപഭോക്താവിന്റെ പ്രതിമാസം ഉപഭോഗം വർദ്ധിക്കുന്നതുമൂലമോ സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക അപര്യാപ്തമാണെന്ന് കണ്ടാൽ 30 ദിവസത്തെ നോട്ടീസ് നൽകി അഡീഷണൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കാൻ 2006 ഫെബ്രുവരി ഒന്നിന് നിലവിൽവന്ന റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച 2005-ലെ കേരള സപ്ലൈ കോഡിലെ വകുപ്പ് 13(5) പ്രകാരം വ്യവസ്ഥ ചെയ്തിരിക്കുന്നു. ഇങ്ങനെ തുക അടയ്ക്കാത്തവരുടെ വൈദ്യുതിബന്ധം വിച്ഛേദിക്കാൻ വകുപ്പ് 13 (9)-ൽ വ്യവസ്ഥയുണ്ട്. ഈ വകുപ്പുകളനുസരിച്ചാണ് കെ.എസ്.ഇ.ബി. ഉപഭോക്താക്കൾക്ക് അഡീഷണൽ ക്യാഷ് ഡെപ്പോസിറ്റിന് നോട്ടീസ് നൽകിയിരുന്നത്. ഉപഭോക്താക്കളിൽനിന്നും ഈടാക്കുന്ന ഡെപ്പോസിറ്റിന് ബഹുമാനപ്പെട്ട കെ. എം. മാണി സൂചിപ്പിച്ചതുപോലെ ബാങ്ക് പലിശ നൽകിവരുന്നു. അത് അവർക്ക് നിയമപരമായും ലഭ്യമാക്കേണ്ടതുണ്ട്. ഇവിടെ ക്ലാസ് 13, അതിന് വിരുദ്ധമായിട്ടല്ല ചെയ്തിട്ടുള്ളത് എന്നു പറഞ്ഞു. അതുപോലെ തന്നെ ക്ലാസ് 13(5)-ൽ പറയുന്നത് The Board shall review the adequacy of security of all consumers in the first quarter of every financial year or when tariff revision is effected based on the average consumption of the preceeding financial year and charges and tariffs in force. Based on the review, the Board may demand for shortfall or adjust the excess security in the 1st quarter, it shall as the case may be, by giving 30 days notice to the consumer. അതുപോലെ ക്ലാസ് 13(9)-ൽ പറയുന്നത്, Failure to pay the additional security deposit demanded by the Board shall lead to disconnection of power supply to the installation...... എന്നാണ്. ഇവിടെ ബഹുമാനപ്പെട്ട മുൻമന്ത്രി സൂചിപ്പിച്ചത് വളരെ കറക്റ്റാണ്. ഇതിൽ ഏതെങ്കിലും രൂപത്തിലുള്ള ഇറെഗുലാരിറ്റീസുണ്ടെങ്കിൽ അത് പരിശോധിക്കുന്നതായിരിക്കും. സപ്ളൈ കോഡ് പ്രകാരം ഈ വകുപ്പുകൾ comply ചെയ്യുന്നില്ലെങ്കിൽ കെ.എസ്.ഇ.ബി. പെനാൽറ്റി അടയ്ക്കേണ്ടിവരും. അങ്ങനെ റെഗുലേറ്ററി കമ്മിഷനിൽ നിന്നും ഞങ്ങൾക്ക് നോട്ടീസ് വന്നിരിക്കുകയാണ്. അപ്പോൾ സ്വാഭാവികമായും റെഗുലേറ്ററി കമ്മീഷന്റെ റൂൾസ് comply ചെയ്യാൻ കെ.എസ്.ഇ.ബി. നിർബന്ധിക്കപ്പെട്ടിരിക്കുകയാണ്. അതിന്റെ ഭാഗമായിട്ടാണ് ഇപ്പോൾ നോട്ടീസ് കൊടുത്തതും അഡീഷണൽ ക്യാഷ് ഡെപ്പോസിറ്റ് വാങ്ങുന്നതും. അവർ കൊടുക്കുന്ന സി.ഡി.ക്ക് കെ.എസ്.ഇ.ബി. ഇന്ററസ്റ്റ് കൊടുക്കേണ്ടതാണ്. അത് കൊടുത്തിരിക്കും. ഏതെങ്കിലും രൂപത്തിലുള്ള ആക്ഷേപമുണ്ടെങ്കിൽ അത് പരിഹരിക്കുന്നതായിരിക്കും. ഒന്നായി പൈസ കൊടുക്കാൻ പറ്റില്ലെന്ന് നേരത്തെ ബഹുമാനപ്പെട്ട മെമ്പർ എന്നോട് സൂചിപ്പിച്ചതാണ്. അത് ഇൻസ്റ്റാൾമെന്റായി കൊടുക്കാം. ആറ് ഇൻസ്റ്റാൾമെന്റായിട്ട് കൊടുക്കാം. അപ്പോൾ ഈ burden സ്വാഭാവികമായിട്ടും കൺസ്യൂമേഴ്സിന് ഉണ്ടാകില്ല.

## (4) വികലാംഗരുടെ പ്രശ്നങ്ങൾ

ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : സർ, കേരളത്തിലെ വികലാംഗരുടെ പ്രശ്നങ്ങൾ നിരവധിയാണ്. വിസ്താരഭയം കൊണ്ട് ഞാൻ അതിലേക്കൊന്നും വിസ്തരിച്ചു പോകുന്നില്ല. ചുരുക്കി പറഞ്ഞാൽ, കേരളത്തിൽ മൊത്തം 25 ലക്ഷം വികലാംഗരുണ്ടെന്നാണ് അറിയുന്നത്. 2001-ലെ കാനേഷുമാരി കണക്ക് പ്രകാരം 40 ശതമാനത്തിലേറെ വികലാംഗത്വമുള്ളവർ 9 ലക്ഷം വരും. തലസ്ഥാന ജില്ലയിൽ തന്നെ ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികളുടെ എണ്ണം പതിനാറായിരമാണ്. നട്ടെല്ലിന് ക്ഷതം സംഭവിച്ച് ശയ്യാവലംബരായവർ പതിനായിരം വരുമെന്നാണ് എന്റെ അറിവ്. വാഹനാപകടങ്ങൾ വർദ്ധിച്ചതോടെ വികലാംഗരുടെ എണ്ണവും അപ്രതീക്ഷിതമായി കൂടുന്നു. കോമ കേസുകൾ ഇന്ന് നിരവധിയാണ്. ശാരീരികമായ വൈകല്യങ്ങളോടൊപ്പം ഏതെങ്കിലുമൊരു രോഗം ആക്രമിച്ചാൽ പിന്നെ പല രോഗങ്ങളും ആക്രമിക്കുക പതിവാണ്. ഇതിൽ നിന്ന് ഇവർ അനുഭവിക്കുന്നത് ജീവിക്കാനും ചികിത്സാച്ചെലവിനും വേണ്ടിയുള്ള സാമ്പത്തിക പ്രയാസമാണ്. ആഗോളവൽക്കരണം കടന്നുവന്നതോടെ ചികിൽസാച്ചെലവുകൾ വർദ്ധിച്ചുവരികയാണ്. സാമൂഹ്യമായ ഒറ്റപ്പെടലിന്റെയും ശാരീരികമായ വൈകല്യങ്ങൾക്കുമിടയിൽ സാമ്പത്തിക ക്ലേശം കടന്നുവരുമ്പോൾ ഇവരിൽ പലരും ജീവിതത്തെപ്പോലും നിരസിക്കുന്ന അവസ്ഥയിൽ എത്തുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 12,000 രൂപ വരെ വാർഷിക വരുമാനമുള്ളവർക്ക് 5,000 രൂപ ചികിത്സയ്ക്കായി സാമുഹ്യക്ഷേമ വകുപ്പ് മുഖാന്തിരം അനുവദിച്ചത് പ്രശംസനീയമാണ്. ഇതോടൊപ്പം തന്നെ ഗവൺമെന്റ് കൊടുക്കുന്ന ആനുകൂല്യങ്ങൾ കൃത്യമായി വികലാംഗർക്ക് കിട്ടുന്നില്ല എന്നുള്ളതാണ് സത്യം. ഇതു സംബന്ധിച്ച ആക്ട് നിലവിലുണ്ടെങ്കിലും കൃത്യമായി നടപ്പിലാക്കുന്നില്ല. ഞാനൊരു വികലാംഗനാണ്. നമ്മുടെ ഗവൺമെന്റ് ക്വാളിറ്റിയുള്ള പല ഉപകരണങ്ങളും വിതരണം ചെയ്യുന്നുണ്ടെങ്കിലും അതിന്റെ ക്വാളിറ്റി പരിശോധന കൃത്യമായി നടക്കുന്നില്ല. അതിനൊരു ഉദാഹരണം ഞാനിരിക്കുന്ന ഈ വീൽചെയർ സൗജന്യമായി കിട്ടിയതാണ്. ആദ്യമായി ഓടിയപ്പോൾ അതിൽ നിന്ന് വീഴുന്ന അവസ്ഥയുണ്ടായി. കാരണം വളരെ സ്ട്രോംഗ് ബിൽറ്റാണെങ്കിൽ തന്നെയും അത് ഉണ്ടാക്കിയതിനുശേഷം പരിശോധിക്കാതെ ചക്രം ഇടയ്ക്ക് വച്ച് നിന്നുപോകുന്നത് കൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. ഇത്തരം കാര്യങ്ങൾക്ക് ഫണ്ട് അനുവദിക്കുമ്പോൾ ശ്രദ്ധിക്കണം. പരാതികളുണ്ടാകുമ്പോൾ അത് പരിശോധിക്കണം. പരാതിപ്പെടാനുള്ള അവസരങ്ങൾ ഇല്ലാത്ത ഒരു അവസ്ഥ വന്നിരിക്കുന്നു. അതോടൊപ്പം തന്നെ ചികിത്സാ ചെലവുകളുടെ തോത് വർദ്ധിച്ചുകൊണ്ടിരിക്കുമ്പോൾ നിരാലംബരായ ഇവരെ സംബന്ധിച്ചിടത്തോളം ഇന്ന് കിട്ടുന്ന ചികിത്സാ സഹായം അപര്യാപ്തമാണ്. മാത്രമല്ല സാമൂഹ്യ പരിരക്ഷയും പുനരധിവാസും സംരക്ഷണവും വളരെ ചെലവേറിയതാണ്. ആയതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഇതിലേക്ക് കൂടുതൽ തുക അനുവദിച്ച് തരണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) : സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് പറഞ്ഞിട്ടുള്ള കാര്യങ്ങളെല്ലാം വളരെ ശരിയാണ്. വികലാംഗരുടെയും ശാരീരികവും മാനസികവുമായി വൈകല്യം ബാധിച്ചവരുടെയും എണ്ണം കൂടിക്കൊണ്ടിരിക്കുകയാണ്. സംസ്ഥാനത്ത്

LIBRARY ARCHIVES Kerala Legislative Assembly

2001-ൽ 8,60,794 വികലാംഗരുണ്ടെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. ശാരീരികമായും മാനസികമായും വൈകല്യം ബാധിച്ചിട്ടുള്ള, പ്രത്യേകിച്ച് പാവപ്പെട്ട കുടുംബങ്ങളിൽപ്പെട്ടവർക്ക് വിവിധ രീതിയിലുള്ള സഹായം ഗവൺമെന്റിലൂടെ ലഭിക്കേണ്ടതുണ്ട്. ചികിൽസാ സഹായമെന്നുള്ള നിലയിൽ 1995 മുതൽ കേരളത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഒരു സ്കീമുണ്ട്. വികലാംഗ ദുരിതാശ്വാസനിധി എന്ന പേരിൽ ഒരു കോർപ്പസ് ഫണ്ട് ട്രഷറിയിൽ നിക്ഷേപിച്ച് അതിന്റെ പലിശയിനത്തിൽ കിട്ടുന്ന തുകകൊണ്ടാണ്. വികലാംഗരായിട്ടുള്ളവരുടെ ചികിത്സയ്ക്ക് ധനസഹായം അനുവദിച്ചു നൽകുന്നത്. 8.5 ശതമാനം ഇന്ററസ്റ്റാണ് ലഭിക്കുന്നത്. 1995-ലാണ് ഈ ഫണ്ട് സ്വരൂപിച്ചിട്ടുള്ളത്. അതിനുശേഷം ഇങ്ങോട്ട് അതിന്റെ പലിശ നിരക്കിൽ കിട്ടുന്ന സഹായം കൊടുത്തുകൊണ്ടിരിക്കുന്നുണ്ട്. 12,000 രൂപ വരെ കുടുംബ വരുമാനമുള്ളവർക്കാണ് ഈ ആനുകൂല്യം ലഭിക്കുന്നത്. പരമാവധി തുക 5,000 രൂപയാണ്. ഒന്നരമാസം മുൻപ് ഇതുസംബന്ധിച്ച് പ്രത്യേക റിവ്യൂ നടത്തുകയുണ്ടായി. ഓരോ ജില്ലയിൽനിന്നും സാമൂഹ്യക്ഷേമ ഓഫീസർവഴി വരുന്നതും അല്ലാത്തതുമായ അപേക്ഷകളിൽ അർഹതപ്പെട്ടവരാണോയെന്ന് പരിശോധിച്ച് സഹായം കൊടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്. ഈ സഹായം 10,000 രൂപയായി വർദ്ധിപ്പിക്കണമെന്ന ആവശ്യം ഉയർന്നു വന്നിട്ടുണ്ട്. ആ ആവശ്യം വളരെ ന്യായമാണ്. അപകടത്തിൽപ്പെട്ട് അംഗവൈകല്യം ബാധിക്കുന്നവരും നട്ടെല്ല് വരെ തകർന്നുപോയ സംഭവവും ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചു. അവർക്കെല്ലാം 10,000 രൂപ കൊടുക്കുക എന്നത് വളരെ ചെറിയ തുകയാണ്. ഏതെങ്കിലും വിധത്തിൽ ഈ നിർദ്ദേശം നടപ്പാക്കാൻ കഴിയുമോയെന്ന് ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് പരിശോധിച്ചുവരുന്നുണ്ട്. മാത്രമല്ല ഉപകരണങ്ങളുടെ ക്വാളിറ്റി കീപ് അപ് ചെയ്യുന്നതിനാവശ്യമായ നിർദ്ദേശവും ശ്രദ്ധയും ഉണ്ടാകുന്നതാണ്.

ധനകാര്യ വകുപ്പുമന്ത്രി (ഡോ: തോമസ് ഐസക്) : ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് വികലാംഗർക്കുള്ള ചികിത്സാ ധനസഹായത്തെക്കുറിച്ചാണ്. അതോടൊപ്പം തന്നെ പ്രധാനമാണ് അവരുടെ പുനരധിവാസവും, അതിനുവേണ്ടിയുള്ള തയ്യാറെടുപ്പിന്റെ ഭാഗമായിട്ടുള്ള വിദ്യാഭ്യാസവും. ഇതിന് ഇന്ന് സംസ്ഥാനത്ത് ചെലവാക്കിക്കൊണ്ടിരിക്കുന്ന പണം തികച്ചും അപര്യാപ്തമാണ്. കേരളം പോലുള്ള ഒരു ക്ഷേമ സങ്കൽപ്പമുള്ള സംസ്ഥാനത്തിന് ഇതൊട്ടും അനുയോജ്യമല്ല. അതിന്റെ അടിസ്ഥാനത്തിൽ ഇന്നുള്ള സ്കീമുകൾ അവലോകനം ചെയ്ത് പ്രത്യേകിച്ച് വികലാംഗ വിദ്യാഭ്യാസത്തിന് വേണ്ടിയുള്ള പണം എങ്ങനെ ലഭ്യമാക്കാമെന്നതിനെക്കുറിച്ച് വകുപ്പുമായി ചർച്ച ചെയ്ത് തീരുമാനമെടുക്കുന്നതാണ്. ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സിന്റെ ഈ സബ്മിഷൻ അതിനൊരു പ്രചോദനമാകും.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: ഒരു കാര്യം കൂടി ചേർത്തോട്ടെ, കേരളപ്പിറവി ആഘോഷിക്കുന്ന വേളയിൽ മൂന്ന് ജില്ലകളിലെ വികലാംഗരായിട്ടുള്ളവർക്ക് പ്രത്യേക സ്കീം നടപ്പാക്കാൻ ആലോചിക്കുന്നു. കാസർഗോഡ് എൻഡോസൾഫാൻ ബാധിത പ്രദേശത്തുള്ള പാവപ്പെട്ടവർക്ക്, വൈകല്യം ബാധിച്ചവർക്ക് 80 ലക്ഷം രൂപയുടെ ഒരു

LIBRARY ARCHIVES Kerala Legislative Assembly

പുനരധിവാസ പദ്ധതി ആരംഭിക്കുകയാണ്. കൊല്ലം ജില്ലയിലും പാലക്കാട് ജില്ലയിലും 50 ലക്ഷം രൂപയുടെ ഓരോ പ്രോജക്റ്റും ആരംഭിക്കുകയാണ്.

## (5) ഏനാത്ത് പോലീസ് സ്റ്റേഷൻ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, പ്രീതിയോ ഭീതിയോ കൂടാതെ എല്ലാ ആളുകൾക്കും സമമായി നിയമം കൊടുക്കുന്നതാണ് നമ്മുടെ സത്യപ്രതിജ്ഞ. ഇപ്പോൾ ക്ലാസ്മേറ്റിനുവേണ്ടി ധനകാര്യവകുപ്പുമന്ത്രി ചെയ്തതുപോലെ തന്നെ പ്രീതിയോ ഭീതിയോ കൂടാതെ ഞങ്ങളോടും ന്യായം കാണിക്കണമെന്നാണ് എന്റെ അഭ്യർത്ഥന. ഏനാത്ത് പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുവേണ്ടി നേരത്തെ ഗവൺമെന്റ് തീരുമാനിച്ചതാണ്. ആ തീരുമാനം ഏറെക്കുറെ നടപ്പിലാക്കുന്നതിനുവേണ്ടി ആഭ്യന്തരവകുപ്പിൽ നിന്നും നല്ല രൂപത്തിലുള്ള പ്രവർത്തനം നടന്നിട്ടുണ്ട്. അതിന് ശ്രീ. കോടിയേരി ബാലകൃഷ്ണൻ എടുത്ത നടപടിയെ ഞാൻ സ്വാഗതം ചെയ്യുകയാണ്. അവിടെ പോസ്റ്റ് ക്രിയേറ്റുചെയ്യാത്തതുകൊണ്ട് പോലീസുകാരെ നിയോഗിക്കാൻ കഴിയില്ല. നോട്ടിഫിക്കേഷന് താമസമുണ്ടായതാണ് ഡിലേ വന്നത്. ആ പ്രശ്നങ്ങളും അവസാനിച്ചു. ഇപ്പോൾ പോലീസ് സ്റ്റേഷൻ ആരംഭിക്കാനുള്ള പ്രധാനപ്പെട്ട പ്രശ്നം നേരത്തെ പറഞ്ഞതാണ്. അതുകൊണ്ട് അങ്ങ് ക്ലാസ്മേറ്റിനോട് കാണിച്ചതുപോലെതന്നെ എന്നോടും കാരുണ്യം കാണിച്ച് പുതിയ പോസ്റ്റ് ക്രിയേറ്റുചെയ്ത് പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : സർ, ഏനാത്ത് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ മണ്ഡലമായതുകൊണ്ടാണ് അദ്ദേഹത്തിന് കൂടുതൽ താൽപ്പര്യം. പുതിയൊരു പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് 13-10-2005-ൽ ആഭ്യന്തര വകുപ്പ് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. അടൂർ പോലീസ് സ്റ്റേഷന്റെ പരിധിയിൽപ്പെട്ട ചില സ്ഥലങ്ങൾ വിഭജിച്ചതുകൊണ്ട് നിർദ്ദിഷ്ട ഏനാത്ത് പോലീസ് സ്റ്റേഷന്റെ അധികാരപരിധി നിർണ്ണയിക്കാൻ കരട് വിജ്ഞാപനം തയ്യാറാക്കി നിയമവകുപ്പിന്റെ പരിശോധനയ്ക്ക് വിധേയമാക്കി. ആ സമയത്ത് ഒരു പ്രശ്നം വന്നു. ഏനാത്ത് വില്ലേജിലെ ചില സ്ഥലങ്ങൾ അടൂർ പോലീസ് സ്റ്റേഷന്റെ അധികാര പരിധിയിൽപ്പെടാത്തതാണെന്ന് വ്യക്തമാക്കിക്കൊണ്ടുള്ള ഗസറ്റ് വിജ്ഞാപനത്തിന്റെ അഭാവത്തിൽ ആദ്യം ഈ സ്ഥലങ്ങൾ അടൂർ പോലീസ് സ്റ്റേഷന്റെ അധികാരപരിധിയിൽപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിക്കണമെന്നും തുടർന്ന് അതിൽനിന്ന് വേർപ്പെടുത്തി ഏനാത്ത് പോലീസ് സ്റ്റേഷന്റെ അധികാരപരിധി നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിക്കണമെന്നുമുള്ള ഒരു സാങ്കേതിക പ്രശ്നം ഉയർന്നുവന്നു. അതുപ്രകാരം അടൂർ പോലീസ് സ്റ്റേഷന്റെ അധികാരപരിധിയിൽ 9 കരകൾ ഉൾപ്പെടുത്തിക്കൊണ്ട് 22-7-2006-ന് ആഭ്യന്തര വകുപ്പ്

LIBRARY ARCHIVES Kerala Legislative Assembly

വിജ്ഞാപനം പുറപ്പെടുവിച്ചു. അതിൽ ഏനാത്ത് പോലീസ് സ്റ്റേഷന്റെ പരിധിയിൽപ്പെടുന്ന ചില സ്ഥലങ്ങൾ വേർപ്പെടുത്തി ഏനാത്ത് പോലീസ് സ്റ്റേഷന്റെ അധികാരപരിധി വിഭജിച്ചുകൊണ്ടുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിച്ചുവരികയാണ്. ഈ വിജ്ഞാപനം പുറത്തുവരുന്നമുറയ്ക്ക് ഏനാത്ത് പോലീസ് സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കും. നമുക്ക് അതിന്റെ ഉത്ഘാടനം നടത്താനുള്ള തീയതി നേരത്തെ തന്നെ നിശ്ചയിക്കാം. നമുക്ക് വേഗം തീരുമാനിക്കാം.

## (6) കൈപ്പള്ളി-ഏന്തയാർ റോഡ് നിർമ്മാണം

ശ്രീ. പി. സി. ജോർജ്: സർ, ഞാൻ ഈ സബ്മിഷൻ സഭയിൽ ഉന്നയിക്കണമോ എന്ന് സംശയിച്ചതാണ്. കാരണം സ്വാഭാവികമായി ബഹുമാനപ്പെട്ട പി.ഡബ്ല്യു.ഡി. മന്ത്രിയുടെ പാർട്ടിയും എന്റെ പാർട്ടിയുമായിട്ടുള്ള ബന്ധങ്ങളെക്കുറിച്ചൊക്കെ 11 A. M.] പലർക്കും സംശയങ്ങളുണ്ട് എന്ന് എനിക്കറിയാം. പക്ഷേ ഇത് പറയാതിരിക്കുവാൻ നിവൃത്തിയില്ലാത്തതുകൊണ്ടാണ് ഞാനിത് പറയുന്നത്. ഇല്ലെങ്കിൽ ഞാൻ പറയുകയില്ലായിരുന്നു. ബഹുമാനപ്പെട്ട മന്ത്രി ഷെവലിയർ, കമാന്റർ, ബാരിത്തോ ഷാരിറോ എന്നീ സ്ഥാനങ്ങളുള്ള ആളാണ്. അങ്ങാണ് ഞാൻ പറയാൻ പോകുന്ന കാര്യത്തിൽ മര്യാദകേട് കാണിച്ചത് എന്ന് ഞാൻ വിശ്വസിക്കുന്നില്ല. കാരണം ഞാനും ദൈവവിശ്വാസിയാണ്. എനിക്ക് പറയാനുള്ള കാര്യം, ഇവിടെ പുതിയ എം.എൽ.എ.മാരുണ്ട്. പഴയ എം.എൽ.എ.മാരുമുണ്ട്, ഒരു റോഡ് എസ്റ്റിമേറ്റ് എടുത്ത് നബാർഡ് ഏറ്റെടുത്ത് ടെണ്ടർ ചെയ്യണമെങ്കിലുള്ള ബുദ്ധിമുട്ട് പുതിയ എം.എൽ.എ. മാരൊക്കെ അനുഭവിക്കുവാൻ പോകുന്നതേയുള്ളു. പഴയ എം.എൽ.എ.മാർക്ക് അറിയാം. എത്രമാത്രം വേദന, ബുദ്ധിമുട്ട് അനുഭവിച്ചിട്ടാണ് ഒരു റോഡ് നാട്ടിൽ ഉണ്ടാക്കിയെടുക്കുന്നത്? കടമ്പകൾ എത്രമാത്രമാണ്. എന്റെ നിയോജകമണ്ഡലത്തിലെ കൈപ്പള്ളി-ഏന്തയാർ റോഡ് നായനാർ സർക്കാരിന്റെ കാലത്ത് പണി ആരംഭിച്ചതാണ്. റോഡ് പണി പകുതിയായപ്പോൾ കോൺട്രാക്ടർ ഇട്ടിട്ടുപോയി. യു.ഡി.എഫ്. ഭരണകാലത്ത് ബഹുമാനപ്പെട്ട മുനീർ സാഹിബ് മന്ത്രി ആയിരുന്നപ്പോൾ എത്രമാത്രം ബുദ്ധിമുട്ടിയാണ് ഈ റോഡ് ഷെഡ്യൂൾ ചെയ്യിപ്പിച്ച് നബാർഡിനെക്കൊണ്ട് എടുപ്പിച്ച് ടെണ്ടർ ചെയ്തത്. 147 ലക്ഷം രൂപയുടെ വർക്ക് നബാർഡിന്റെ അംഗീകാരത്തോടെ ടെണ്ടർ ചെയ്തു. ടെണ്ടർ ചെയ്ത്, പി. ക്യു. ടെണ്ടർ ലിസ്റ്റ് ഡേറ്റഡ് 29-4-2006 ആണ്. തെരഞ്ഞെടുപ്പ് സമയം. ഇപ്പോൾ ഒക്ടോബർ ആകുന്നു. നാല് കോൺട്രാക്ടർമാർ ടെണ്ടർ പി. ക്യു. ഇട്ടുകൊണ്ട് കൊടുത്തു. എന്റെ കയ്യിൽ അവരുടെ പേരൊക്കെ ഉണ്ട്. ഞാൻ അന്വേഷിച്ചപ്പോൾ മനസ്സിലായത് നബാർഡിന്റെ വർക്ക് ആകുമ്പോൾ 35 ശതമാനത്തിന് മുകളിൽ കൊടുക്കുകയില്ല. കൊടുക്കരുതെന്നാണ്. അതിന് ആവശ്യമായി 137 ലക്ഷം രൂപയ്ക്ക് ടി.എസ്. എമൗണ്ട്. ആ ടെണ്ടർ ഡോക്യുമെന്റ്സ് മുഴുവൻ ചീഫ് എഞ്ചിനീയറുടെ ഓഫീസിലേക്ക് മേയ് മാസം മൂന്നാം തീയതി അയച്ചതായി റിക്കാർഡുണ്ട്. 16-9-2006-ൽ ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ നിന്ന് കടലാസ് എസ്. ഇ. ഓഫീസിൽ വന്നതായി പരിശോധിച്ചപ്പോൾ മനസ്സിലാക്കുവാൻ

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞു. 3-10-2006-ന് ഈ ടെണ്ടർ കൊടുത്ത നാല് കോൺട്രാക്ടർമാർക്ക് അത് തിരിച്ചു കൊടുത്തിരിക്കുകയാണ്. Such a Nabard improvement to Kaipally Yenthayar road at 0/025/540 Kilometre RIDF II. Peak tenders submitted for the above work. ആ ഓർഡറാണ് പ്രധാനപ്പെട്ടത്. Due to some technical reason in the peak tenders for the above works are cancelled. അങ്ങ് മനസ്സിലാക്കണം. The tenders for the above works are cancelled. So the final bid submitted by you for the above work is return. EMD already furnished along with the technical bids may be collected in person, receipt of the same may please be acknowledged. ഈ നാല് ടെണ്ടറും കോൺട്രാക്ടർമാർക്ക് തിരിച്ച് അയച്ചുകൊടുത്തിരിക്കുകയാണ്. അതിന്റെ അർത്ഥം വർക്ക് ക്യാൻസൽ ചെയ്തുവെന്നാണ്. അതാണല്ലോ ഈ ഓർഡറിൽ പറയുന്നത്. ഇത് എങ്ങനെ അയച്ചു എന്നറിയാൻ ഞാൻ കുറച്ച് ഓടി. ഈ ടെണ്ടർ നോക്കിയപ്പോൾ 10 ശതമാനം എബൗ കൊടുത്ത കോൺട്രാക്ടാണ്. അത് ഉൾപ്പെടെയാണ് തിരിച്ചയച്ചിരിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ പറയും, ഉടൻ ടെണ്ടർ ചെയ്യാം. ഒരു പ്രശ്നവുമില്ല എന്ന്. ഞാൻ ചോദിക്കുന്നു, എത്ര ലക്ഷം രൂപ ടെണ്ടർ ചെയ്താൽ കൂടുതൽ കൊടുക്കേണ്ടിവരും? ഈ ഏപ്രിൽ മാസത്തിൽ ടെണ്ടർ ചെയ്തതല്ലേ? ഏപ്രിൽ മാസത്തിനുശേഷം ഒക്ടോബർ വരെയായി. രണ്ട് പ്രാവശ്യം പി.ഡബ്ല്യു.ഡി. ഷെഡ്യൂൾ പുതുക്കിയതിന്റെ അടിസ്ഥാനത്തിൽ ഷെഡ്യൂൾ പുതുക്കിക്കൊണ്ട് റീ-ടെണ്ടർ ചെയ്താൽ ഇരുന്നൂറോ ഇരുന്നൂറ്റിപതിനഞ്ചോ ലക്ഷം രൂപ ആകുകയില്ലേ? ആരു കൊടുക്കും? മന്ത്രിക്ക് കൊടുക്കുവാൻ പറ്റുമോ ? ഈ കൊള്ളത്തരം, ഈ വൃത്തികേട് കാണിച്ചതാര്? രാഷ്ട്രീയക്കാരനോ; മന്ത്രിയോ; അല്ലെങ്കിൽ ഉദ്യോഗസ്ഥരോ? ആരോ ആകട്ടെ. സംസ്ഥാനത്തിന് പണം നഷ്ടപ്പെടുന്ന ഒരു ബുദ്ധിമുട്ടല്ലേ? ഒരു ടെണ്ടർ വന്നാൽ എത്ര എബൗ വരും? 50 ശതമാനം എങ്കിലും എബൗവ് ഇല്ലാതെ വേറെയേതെങ്കിലും കോൺട്രാക്ടർ വരുമോ? അറുപതോ എഴുപതോ ശതമാനം കൂടുതലായി വന്നാൽ പത്തു ശതമാനം കൂടുതലെടുക്കണ്ടേ? തീർച്ചയായും ആ വർക്ക് നടപ്പിലാക്കുവാൻ കഴിയുമെന്ന് അങ്ങേയ്ക്ക് പറയാൻ കഴിയുമോ? അതിനു ഉത്തരവാദികളായവർ ആരാണെന്ന് അടുത്തകാലത്ത് മന്ത്രിയായ അങ്ങ് അറിയണം. അങ്ങ് ബാരിത്തോ ഷാരൂറോ ആണ്, കമാണ്ടറാണ്. ഇതൊക്കെ എങ്ങനെയാണെങ്കിലും അങ്ങയുടെ കയ്യിലുണ്ട്. എങ്ങനെയാണ് അങ്ങ് ഈ സ്ഥാനങ്ങൾ അലങ്കരിക്കുന്നത് എന്ന് എനിക്ക് അറിയില്ല. തീർച്ചയായും ഈ കാര്യത്തിൽ തീരുമാനം ഉണ്ടാക്കണമെന്ന് ഈ സഭയിൽ ഞാൻ ആവശ്യപ്പെടുകയാണ്.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. റ്റി. യു. കുരുവിള) : സർ, കൈപ്പള്ളി-ഏന്തയാർ റോഡിന്റെ പണിക്ക് 20-12-1997-ൽ 100 ലക്ഷം രൂപയുടെ ഭരണാനുമതിയും 90 ലക്ഷം രൂപയുടെ സാങ്കേതികാനുമതിയും നൽകി ടെണ്ടർ വിളിച്ചു. ശ്രീ. ടി. പി. ആന്റണി എന്ന കരാറുകാരന്റെ ടെണ്ടർ 19-12-1991-ൽ ഗവൺമെന്റ് ടെണ്ടർ കമ്മിറ്റി 80 ശതമാനം അധിക നിരക്കിൽ അംഗീകരിച്ചു. 29-1-1999-ൽ എഗ്രിമെന്റുവച്ച് പണി ആരംഭിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

എഗ്രിമെന്റിലുള്ള ആറ് കലുങ്കുകൾക്ക് പുറമേ ആറ് കലുങ്കുകൾകൂടി ചെയ്യേണ്ടി വരുകയും ക്വാണ്ടിറ്റിയിൽ മാറ്റം വന്നതിന്റെ ഫലമായി 149.1 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് ഗവൺമെന്റ് അംഗീകരിക്കുകയും ചെയ്തു. അതുപ്രകാരം ഏകദേശം 150 ലക്ഷം രൂപയുടെ വർക്കിന്റെ ബിൽ കോൺട്രാക്ടർക്ക് കൊടുത്തു. ഇനി 62.84 ലക്ഷം രൂപ കരാറുകാരന് കൊടുക്കാനുണ്ട്. എന്നിട്ടും പണി പൂർത്തീകരിക്കുവാൻ സാധിക്കാതെ വന്നു. മുൻ മരാമത്ത് വകുപ്പുമന്ത്രിയും ശ്രീ. പി. സി. ജോർജ് എം. എൽ. എ.-യും പങ്കെടുത്ത യോഗത്തിൽവച്ച് പണികളുടെ കരാർ റദ്ദാക്കാനും ബാക്കി പണി പ്രത്യേകം ചെയ്യണമെന്നും തീരുമാനിച്ചു. അത് പ്രകാരം നബാർഡിന്റെ സ്കീമിൽപ്പെടുത്തി 12-1-2006-ൽ 146.33 ലക്ഷം രൂപയുടെ ഭരണാനുമതിയും 137 ലക്ഷം രൂപയുടെ സാങ്കേതികാനുമതിയും നൽകി. 21-4-2006-ൽ അവസാന തീയതി വച്ച് മുൻ യോഗ്യത ടെണ്ടർ വിളിച്ചു. എന്നാൽ സെയിം പീരിയഡ് തീരുന്നതിനുമുമ്പ് ഈ കാര്യത്തിൽ തീരുമാനമെടുക്കാൻ കഴിയാത്തതുകൊണ്ടാണ് റീ-ടെണ്ടറിന് നടപടി സ്വീകരിച്ചുവരികയാണ്. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പർ ശ്രീ. പി. സി. ജോർജും കേരള കോൺഗ്രസ് നിയോജകമണ്ഡലം കമ്മിറ്റിയും സി.പി.ഐ.(എം) പൂഞ്ഞാർ ഏരിയ കമ്മിറ്റിയും തന്നിട്ടുള്ള നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ ചീഫ് എഞ്ചിനീയറോട് വിശദീകരണം ആവശ്യപ്പെട്ടിരിക്കുകയാണ്. ഈ റോഡിന്റെ അടിയന്തിര പ്രാധാന്യം കണക്കിലെടുത്ത് റീ-ടെണ്ടർ വിളിക്കാൻ സൂപ്രണ്ടിംഗ് എഞ്ചിനീയറോട് നിർദ്ദേശിച്ചിട്ടുണ്ട്. നിർദ്ദിഷ്ട കാലാവധിക്കുള്ളിൽ പണി പൂർത്തീകരിക്കുന്നതാണ്. ഷെഡ്യൂളിൽ മാറ്റംവരുത്തിയിട്ടില്ല. 01/04 തൊട്ടേ പുതിയ ഷെഡ്യൂൾ വരികയുള്ളൂ. ഇപ്പോഴത്തെ ഷെഡ്യൂൾവച്ചു തന്നെയാണ് ടെണ്ടർ വിളിക്കുന്നത്. അതുകൊണ്ട് വേറെ വ്യത്യാസം വരികയില്ല. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതായ എല്ലാ കാര്യങ്ങളും കണക്കിലെടുത്ത് സീരിയസ്സായി ഇക്കാര്യം കൈകാര്യം ചെയ്യുന്നതാണ്.

## (7) കെ.എസ്.ഇ.ബി.യിൽ പി.എസ്.സി. അഡ്വൈസ് മെമ്മോ നൽകിയ എഞ്ചിനീയറിംഗ് ഉദ്യോഗാർത്ഥികളെ നിയമിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. പി. ജയരാജൻ : സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നിയമന നിരോധനം നടപ്പിലാക്കിയതിന്റെ വൃത്തികെട്ട രീതിയാണ് ഞാൻ ഇവിടെ അനാവരണം ചെയ്യുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഇലക്ട്രിസിറ്റി ബോർഡിൽ സിവിൽ എഞ്ചിനീയർമാരെ ആവശ്യമുണ്ടെന്ന് ബോർഡിലെ ഹ്യൂമൻ റിസോഴ്സസ് മാനേജ്മെന്റ് വിഭാഗം കണക്കാക്കിയതിനെ അടിസ്ഥാനപ്പെടുത്തിയാണ് പി.എസ്.സി. അപേക്ഷ ക്ഷണിച്ചത്. അങ്ങനെ പി.എസ്.സി. അപേക്ഷ ക്ഷണിച്ച് പരീക്ഷ നടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചവരിൽനിന്ന് 114 സിവിൽ എഞ്ചിനീയർമാർക്ക് അഡ്വൈസ് മെമ്മോ കൊടുത്തു. അഡ്വൈസ് മെമ്മോ കൊടുത്തിട്ടുള്ളവർക്ക് നിയമനം നല്കിയിട്ടില്ല. നിയമനം ലഭിക്കാത്ത 114 സിവിൽ എഞ്ചിനീയർമാർ ഹൈക്കോടതിയെ സമീപിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

അഡ്വൈസ് മെമ്മോ നൽകിയിട്ടുള്ള മുഴുവൻ ആളുകൾക്കും നിയമനം കൊടുക്കണമെന്ന് ഹൈക്കോടതി ഡയറക്ട് ചെയ്തു. പക്ഷേ നിയമന നിരോധനമായിരുന്നു ഗവൺമെന്റിന്റെ നയം. അതിന്റെ ഭാഗമായി ഇലക്ട്രിസിറ്റി ബോർഡ് ചെയ്തിട്ടുള്ളത് ഇന്നുവരെ കേട്ടുകേൾവിയില്ലാത്ത കാര്യമാണ്. സാങ്കല്പികമായ നിയമനവും പിരിച്ചുവിടലുമെന്ന പുതിയ രീതി കാണിച്ചു കൊടുക്കുകയായിരുന്നു കഴിഞ്ഞ ഗവൺമെന്റും ഇലക്ട്രിസിറ്റി ബോർഡും ചെയ്തത്. അഡ്വൈസ് മെമ്മോ നൽകിയിട്ടുള്ള മുഴുവൻ ആളുകൾക്കും അപ്പോയിന്റ്മെന്റ് ഓർഡർ കൊടുത്തു. അപ്പോയിന്റ്മെന്റ് ഓർഡറിന്റെ രണ്ട് കോപ്പി വീതമാണ് കൊടുത്തത്. ഒരു കോപ്പി ഒപ്പിട്ട് തിരിച്ചയയ്ക്കണമെന്നാണ് ആവശ്യപ്പെട്ടത്. ഒപ്പിട്ട കോപ്പി തിരിച്ചയച്ചതോടുകൂടി പിരിച്ചുവിടലും കഴിഞ്ഞു. സാങ്കല്പികമായ നിയമനവും പിരിച്ചുവിടലുമാണ് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നടപ്പാക്കിയതെന്ന് അതുകൊണ്ടാണ് പറഞ്ഞത്. തൊഴിലന്വേഷകരോട് കഴിഞ്ഞകാല ഗവൺമെന്റും ബോർഡും കാണിച്ചിട്ടുള്ള ക്രൂരതയ്ക്കെതിരെ ബഹുമാനപ്പെട്ട മന്ത്രിയും ഞാനുമടക്കം പ്രതിപക്ഷത്തിരുന്നത് പൊരുതിയതാണ്. ഇപ്പോൾ ബഹുമാനപ്പെട്ട എ. കെ. ബാലൻ ഇലക്ട്രിസിറ്റി വകുപ്പ് മന്ത്രിയായി അധികാരത്തിലിരിക്കുന്ന സാഹചര്യത്തിൽ സാങ്കൽപ്പികമായ നിയമനവും പിരിച്ചുവിടലും നടത്തി നീതി നിഷേധിച്ചിട്ടുള്ള ആ സിവിൽ എൻജിനീയർമാർക്ക് വരുന്ന ഒഴിവുകളിൽ നിയമനം നടത്തണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. അന്ന് നിയമന നിരോധനം നടപ്പാക്കിയ അതേ ഉദ്യോഗസ്ഥരാണ് ഈ ബോർഡിന്റെ തലപ്പത്തുള്ളത്. പക്ഷേ ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ കൂടുതൽ ജലവൈദ്യുത പദ്ധതികൾ ഏറ്റെടുത്തുകൊണ്ട് വൈദ്യുതോല്പാദന രംഗത്ത് കുതിച്ചുചാട്ടം നടത്താനുള്ള നടപടികളാണ് എടുത്തുകൊണ്ടിരിക്കുന്നത്. ഈ സാഹചര്യത്തിൽ കൂടുതൽ തൊഴിലവസരങ്ങളുണ്ടാകും. കൂടുതൽ ഹൈഡൽ പ്രോജക്ടുകൾ നടപ്പാക്കുന്ന സാഹചര്യത്തിൽ, സാങ്കൽപ്പികമായ നിയമനവും പിരിച്ചുവിടലും നടത്തിയിട്ടുള്ള 114 സിവിൽ എൻജിനീയർമാർക്കും നിയമനം നൽകുന്നതിനാവശ്യമായ നടപടിയെടുക്കണം. സമയബന്ധിതമായി നിയമനം നൽകണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്.

പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, 1998-ലാണ് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ അസിസ്റ്റന്റ് എൻജിനീയർമാരെ (സിവിൽ) നിയമിക്കാനുള്ള നടപടി ആരംഭിച്ചത്. 2000-ൽ പി. എസ്. സി. പരീക്ഷ നടത്തുകയും 19-9-2001-ൽ റാങ്ക് ലിസ്റ്റ് നിലവിൽ വരികയും ചെയ്തു. 29-10-2001-ൽ 114 പേർക്ക് അഡ്വൈസ് മെമ്മോ നൽകി. എന്നാൽ 20-12-2001-ൽ അന്നത്തെ ഗവൺമെന്റ് ഇറക്കിയ ഉത്തരവിന്റെ ഭാഗമായി കെ.എസ്.ഇ.ബി.-യിൽ നിയമന നിരോധനവും സിവിൽ നിർമ്മാണപ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതില്ലെന്ന നിർദ്ദേശവും വന്നു. ഇതിനെത്തുടർന്ന് അഡ്വൈസ് ചെയ്ത തസ്തികയിൽ നിയമനം നടത്താൻ കെ.എസ്.ഇ. ബി. തയ്യാറായില്ല. ഉദ്യോഗാർത്ഥികൾ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിക്കുകയും സി.എം.പി./6248/1 ആയി കൊടുത്ത ഉത്തരവുപ്രകാരം അഡ്വൈസ് ചെയ്ത 114 പേരേയും അസിസ്റ്റന്റ് എൻജിനീയർ (സിവിൽ) ആയി



LIBRARY ARCHIVES Kerala Legislative Assembly

നിയമിക്കുകയും അന്നുതന്നെ തസ്തിക ഒഴിവില്ലെന്ന കാരണം കാണിച്ച് പിരിച്ചുവിടുകയും ചെയ്തു. ഇക്കാര്യങ്ങളാണ് ബഹുമാനപ്പെട്ട പി. ജയരാജൻ ഇവിടെ സൂചിപ്പിച്ചത്. ഉൽപ്പാദനമേഖലയിൽ പുതിയ സംരംഭങ്ങൾ കണ്ടുപിടിക്കുക എന്നുള്ള ഈ ഗവൺമെന്റിന്റെ നയത്തിന്റെ ഭാഗമായി ഉൽപ്പാദനമേഖലയിൽ ഒട്ടേറെ പുതിയ പദ്ധതികൾ ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങളാണ് ആരംഭിച്ചിട്ടുള്ളത്. ആ പദ്ധതികൾ പൂർത്തീകരിക്കുന്നതിനുള്ള കർമ്മപദ്ധതികൾക്ക് രൂപം കൊടുത്തിട്ടുമുണ്ട്. പദ്ധതികൾ ഏറ്റെടുക്കുന്ന മുറയ്ക്ക് പിരിച്ചുവിട്ട മുഴുവൻ പേരെയും തിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

## (8) കൊച്ചി നഗരത്തിൽ ആധുനിക പോലീസ് സംവിധാനം

പ്രൊഫ. കെ. വി. തോമസ്: സർ, ഫോർട്ട് കൊച്ചി, മട്ടാഞ്ചേരി, എറണാകുളം മുനിസിപ്പാലിറ്റികളും പള്ളുരുത്തി, വെണ്ണല പഞ്ചായത്തുകളും ചേർന്ന് 1967-ലാണ് കൊച്ചി കോർപ്പറേഷൻ രൂപീകരിച്ചത്. ഒരു പോലീസ് കമ്മീഷണറുടെ നേതൃത്തിലുള്ള അതേ പോലീസ് സ്ട്രക്ച്ചർ തന്നെയാണ് ഇന്നും അവിടെയുള്ളത്. കഴിഞ്ഞ നാൽപ്പത് വർഷക്കാലം കൊണ്ട് കൊച്ചി കോർപ്പറേഷൻ വളരെ വേഗത്തിൽ വളർന്നു. കൊച്ചിൻപോർട്ട്, ഷിപ്പ്യാർഡ്, ഇപ്പോൾ വരാൻപോകുന്ന വല്ലാർപാടം ഇന്റർനാഷണൽ കണ്ടെയ്നർ ടെർമിനൽ, ഫാക്ട് ഉൾപ്പെടെയുള്ള ഇൻഡസ്ട്രിയൽ ബെൽറ്റ് എന്നിവ ഉണ്ട്. മാത്രമല്ല സൗത്ത് ഇൻഡ്യയിൽ തന്നെ ഏറ്റവും വലിയ ഫിഷിംഗ് ഹാർബർ ഇവിടെയാണ്. അതുകൊണ്ട് ശക്തമായ ഒരു മറൈൻ പോലീസ് സേന കൂടി അവിടെ ഉണ്ടാകേണ്ടതുണ്ട്. ട്രാഫിക് പ്രശ്നങ്ങൾ ഗുരുതരമാണ്. ഇതെല്ലാം കണക്കിലെടുത്ത് അവിടെ ഇപ്പോഴുള്ള പോലീസ് സ്ട്രക്ച്ചർ ആധുനികവൽക്കരിച്ച് ഐ.ജി.-യുടെ നേതൃത്വത്തിൽ പോലീസ് കമ്മീഷണറേറ്റ് രൂപീകരിക്കണമെന്നുള്ളതാണ് എന്റെ അഭ്യർത്ഥന.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, തൃപ്പൂണിത്തുറ, കളമശ്ശേരി മുനിസിപ്പാലിറ്റികളും മുളവുകാട്, കലൂർ, തൃക്കാക്കര, തിരുവാങ്കുളം, ഉദയംപേരൂർ, മരട് പഞ്ചായത്തുകളുമുൾപ്പെടെയുള്ള കൊച്ചി സിറ്റിയിൽ ക്രമസമാധാനത്തിനായി പോലീസ് സൂപ്രണ്ടിന്റെ പദവിയിലുള്ള പോലീസ് കമ്മീഷണറുടെ നിയന്ത്രണത്തിൽ മൂന്ന് പോലീസ് അസിസ്റ്റന്റ് കമ്മീഷണർമാരെ സബ് ഡിവിഷണൽ ഓഫീസർമാരായും രണ്ട് അസിസ്റ്റന്റ് കമ്മീഷണർമാരെ ട്രാഫിക് നിയന്ത്രണത്തിനും അവരുടെ കീഴിൽ 10 പോലീസ് സർക്കിൾ ഇൻസ്പെക്ടർമാരും കൂടാതെ 20 പോലീസ് സ്റ്റേഷനുകളും പ്രവർത്തിച്ചുവരുന്നു. കൊച്ചി സിറ്റി പോലീസിന്റെ അതിർത്തിയിൽ കൊച്ചിൻ പോർട്ട്, ഷിപ്പ്യാർഡ്, ഫാക്ട്-ഉദ്യോഗ്മണ്ഡൽ, എച്ച്.എം.ടി.-കളമശ്ശേരി, ഫാക്ട് കൊച്ചി ഡിവിഷൻ, ഓയിൽ റിഫൈനറി എന്നീ പ്രമുഖ പൊതുമേഖലാ സ്ഥാപനങ്ങൾ ഇപ്പോൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഇതുകൂടാതെ മറ്റ് ചെറിയ പൊതുമേഖലാ സ്ഥാപനങ്ങളും സ്വകാര്യ സ്ഥാപനങ്ങളും അവിടെ പ്രവർത്തിക്കുന്നുണ്ട്. വളരെ പ്രധാനപ്പെട്ട ഒരു

LIBRARY ARCHIVES Kerala Legislative Assembly

കേന്ദ്രമായി ഇത് മാറിയിട്ടുണ്ട്. അതോടൊപ്പംതന്നെ ഇൻഡ്യൻ നേവി, കോസ്റ്റ് ഗാർഡ് തുടങ്ങിയ സൈനിക വിഭാഗങ്ങളും അവിടെ പ്രവർത്തിക്കുന്നുണ്ട്. സ്മാർട്ട് സിറ്റി, വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ എന്നിവ യാഥാർത്ഥ്യമാകാൻ പോകുന്നതോടുകൂടി കൊച്ചിയുടെ പ്രാധാന്യം ഇനിയും വർദ്ധിക്കാൻ പോവുകയാണ്. കേരളത്തിലെ പ്രധാനപ്പെട്ട നഗരങ്ങളായ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ ഫുളളി എംപവേർഡ് കമ്മീഷണറേറ്റ് സിസ്റ്റം നടപ്പിലാക്കണമെന്ന് ജസ്റ്റിസ് കെ. ടി. തോമസ് കമ്മിഷൻ ശുപാർശ ചെയ്തിട്ടുണ്ട്. ഇപ്പോൾ ദക്ഷിണേൻഡ്യയിലെ മിക്കവാറും എല്ലാ സംസ്ഥാനങ്ങളും പ്രധാന നഗരങ്ങളിലും കമ്മീഷണറേറ്റ് സിസ്റ്റം നടപ്പിലാക്കുകയും ഉയർന്ന തസ്തികയിലെ ഉദ്യോഗസ്ഥരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. അഞ്ചു ലക്ഷമോ അതിൽക്കൂടുതലോ ജനസംഖ്യയുള്ള നഗരങ്ങളിൽ ഇത്തരം കമ്മീഷണറേറ്റ് ഫലപ്രദമാണെന്ന് നാഷണൽ പോലീസ് കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്. ഇതിന്റെയെല്ലാം അടിസ്ഥാനത്തിൽ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങളിൽ പൂർണ്ണാധികാരമുള്ള കമ്മീഷണറേറ്റ് നടപ്പിലാക്കുന്ന കാര്യം ഗവണ്മെന്റ് സജീവമായി പരിഗണിച്ചുവരികയാണ്. ഇതു സംബന്ധിച്ച് എത്രയും പെട്ടെന്ന് ഗവണ്മെന്റ് തീരുമാനം കൈക്കൊള്ളുന്നതാണ്.

## (9) ഭരണിക്കാവ് ബ്ലോക്കിൽ ആർ.ഐ.ഡി.എഫ്.-ൽ ഉൾപ്പെടുത്തി നിർമ്മാണം ആരംഭിച്ച റോഡിന്റെ പണി തടസ്സപ്പെട്ടത് സംബന്ധിച്ച്

ശ്രീ. എം. മുരളി: സർ, എന്റെ നിയോജകമണ്ഡലത്തിലെ വള്ളികുന്നം പഞ്ചായത്തിനേയും ശ്രീ. കെ.കെ. ഷാജുവിന്റെ പന്തളം നിയോജകമണ്ഡലത്തിലെ താമരക്കുളം പഞ്ചായത്തിനേയും ബന്ധിപ്പിക്കുന്ന വള്ളികുന്നം പള്ളത്ത് ജംഗ്ഷൻ മുതൽ പത്തിയറ ഹൈസ്ക്കൂൾ ജംഗ്ഷൻ വരെ നാലു കിലോമീറ്ററിലധികം നീളമുള്ള ഒരു സുപ്രധാന റോഡ് 2002-ൽ ആർ.ഐ.ഡി.എഫ്.-ൽപ്പെടുത്തി നബാർഡിന്റെ ധനസഹായത്തോടെ നിർമ്മാണം ആരംഭിച്ചു. ഭരണിക്കാവ് വികസന ബ്ലോക്കാണ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തിരുന്നത്. മൂന്നു വർഷം പണി ഇഴഞ്ഞു നീങ്ങി. രണ്ട് പഞ്ചായത്തിലേയും ജനങ്ങൾ അതിൽ സഹകരിച്ചു. രണ്ട് പഞ്ചായത്തുകളേയും ബന്ധിപ്പിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട റോഡായതുകൊണ്ട് കൈയും മെയ്യും മറന്ന് അവർ റോഡ് നിർമ്മാണത്തിനിറങ്ങി. ഇപ്പോൾ ഈ റോഡിന്റെ നിർമ്മാണം പൂർണ്ണമായി സ്തംഭിച്ചിരിക്കുകയാണ്. മാത്രമല്ല, കാൽനടക്കാർക്കുപോലും അതുവഴി നടക്കാൻ കഴിയാത്ത സ്ഥിതിയിലായിരിക്കുകയാണ്. അങ്ങ് അടിയന്തിരമായി ഇടപെട്ട് റൂറൽ ഡെവലപ്മെന്റ് ഡിപ്പാർട്ട്മെന്റിനെ തന്നെ ഇതിന്റെ ചുമതല ഏൽപ്പിച്ച് പണി പുനരാരംഭിക്കണം. ആർ.ഐ.ഡി.എഫ്. ഇല്ലാത്തതുകൊണ്ട് ഇതിനാവശ്യമായ പണം കണ്ടെത്തി ഇത് പൂർത്തീകരിക്കാനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കണം. അതോടൊപ്പം പണിയുടെ സ്തംഭനാവസ്ഥയ്ക്ക് കാരണക്കാരായവരെ കണ്ടെത്തി മാതൃകാപരമായി ശിക്ഷിക്കാനും തയ്യാറാകണം.

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): സർ, ആലപ്പുഴ ജില്ലയിലെ ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്തിൽപ്പെട്ട പത്തിയറ ഹൈസ്കൂൾ ജംഗ്ഷൻ—പള്ളത്ത് ചിറമുക്ക് ക്ഷേത്രം റോഡിന്റെ പണി, 2001 ജൂലൈ മാസത്തിൽ ആർ.ഐ.ഡി.എഫ്. സ്കീമിൽപ്പെടുത്തി നബാർഡ് അംഗീകാരം നൽകിയതാണ്. ഇതിന് നബാർഡ് അംഗീകരിച്ച എസ്റ്റിമേറ്റ് തുക 70 ലക്ഷത്തിൽപ്പരം രൂപയാണ്. ഈ പ്രവൃത്തിയുടെ 10 ശതമാനം ബ്ലോക്ക് പഞ്ചായത്ത് വിഹിതം കഴിഞ്ഞ് ആർ.ഐ.ഡി.എഫ്. ഷെയർ 63 ലക്ഷത്തിൽപ്പരം രൂപയാണ്. എസ്റ്റിമേറ്റിൽനിന്നും 24.99 ശതമാനം കുറഞ്ഞ നിരക്കിൽ ടെണ്ടർ ഉറപ്പിച്ച പ്രസ്തുത പ്രവൃത്തിയുടെ അടങ്കൽ തുക 52 ലക്ഷം രൂപയാക്കി 31-3-2003-നോ അതിനുമുമ്പോ പണി പൂർത്തീകരിച്ചുകൊള്ളാമെന്ന വ്യവസ്ഥയിൽ 24-10-2002-ൽ എഗ്രിമെന്റ് വച്ചു. ഈ പ്രവൃത്തിയുടെ നടത്തിപ്പിനായി 6.31 ലക്ഷം രൂപ അഡ്വാൻസായി 21-1-2002-ൽ ബ്ലോക്ക് പഞ്ചായത്ത് നൽകി. 2004 ഡിസംബർവരെ ചെയ്ത പ്രവർത്തിയുടെ അടിസ്ഥാനത്തിൽ ഇരുപത്തഞ്ച് ലക്ഷം രൂപയുടെ ക്ലെയിം 20-02-2006-ൽ ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നൽകി, തുക 23-8-2006-ൽ വിതരണം ചെയ്തിട്ടുണ്ട്. 2005 ഫെബ്രുവരിക്ക് ശേഷം കോൺട്രാക്ടർ യാതൊരുവിധ പണികളും നടത്തിയിട്ടില്ല. ആ പണികൾ പൂർത്തീകരിക്കണമെന്ന് ആവശ്യപ്പെട്ട് ബ്ലോക്ക് പഞ്ചായത്ത് പത്ത് തവണ രജിസ്റ്റേർഡ് കത്തുകൾ കോൺട്രാക്ടർക്ക് അയച്ചിട്ടുണ്ട്. ഈ പ്രവർത്തി അന്തിമമായി പൂർത്തിയാക്കി ക്ലെയിം അയയ്ക്കേണ്ട അവസാന തീയതി 31-3-2007 ആണ്. അതുകൊണ്ട് 24-4-2006-ലെ 5-ാം നമ്പർ തീരുമാനപ്രകാരം ടി കോൺട്രാക്ടറെ തൽസ്ഥാനത്തുനിന്ന് നീക്കം ചെയ്യുന്നതിന് ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. കരാറുകാരന്റെ നിസ്സഹകരണംമൂലം നിർത്തിവച്ചിരുന്ന പണി പുനരാരംഭിക്കുന്നതിന് നിയമാനുസൃതമായി റീ ടെന്ററിംഗ് ഉൾപ്പടെയുള്ള നടപടികൾ എടുത്തു വരികയാണെന്ന് ബ്ലോക്ക് പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. മറ്റ് കാര്യങ്ങൾ പരിശോധിക്കാം.

## (10) റെയിൽവേ കാറ്ററിംഗ് തൊഴിലാളികൾ അനുഭവിക്കുന്ന പ്രയാസങ്ങൾ

ശ്രീ. എം. ഹംസ: സർ, കേരളത്തിലേയും ഇൻഡ്യയിലേയും കാറ്ററിംഗ് തൊഴിലാളികൾ അനുഭവിക്കുന്ന ഗുരുതരമായ പ്രശ്നങ്ങളിലേക്കാണ് ഈ സഭയുടെ ശ്രദ്ധ ഞാൻ കൊണ്ടുവരുന്നത്. കേരളത്തിൽ പതിനായിരത്തോളം വരുന്ന റെയിൽവേ തൊഴിലാളികൾ തൊഴിൽ സ്ഥിരത നിലനിർത്താൻ ആകാത്ത പരിതഃസ്ഥിതിയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. 1953 ഏപ്രിൽ മാസം 16-ാം തീയതി റെയിൽവേ ഗതാഗതം ആരംഭിച്ചതു മുതൽതന്നെ റെയിൽവേ രംഗത്ത് പ്രവർത്തിക്കുന്നവരാണ് റെയിൽവേ കാറ്ററിംഗ് തൊഴിലാളികൾ. രുചികരമായ ഭക്ഷണങ്ങൾ പാകം ചെയ്ത് വിതരണം ചെയ്യുന്ന കാറ്ററിംഗ് തൊഴിലാളികൾ ഇന്ന് തൊഴിൽ നഷ്ടപ്പെടുന്ന അവസ്ഥയിലാണ്. ഇൻഡ്യയിൽ 7116 റെയിൽവേസ്റ്റേഷനുകളും 169 ഓളം വരുന്ന പാൻട്രികളും ഉണ്ട്. എൺപത്തിരണ്ടായിരത്തി നാന്നൂറ്റി ഏഴ് യൂണിറ്റുകളിലായി എഴുപതിനായിരം ലൈസൻസികളുടെ കീഴിൽ എട്ടു ലക്ഷത്തോളം വരുന്ന തൊഴിലാളികൾ പ്രവർത്തിച്ചു

LIBRARY ARCHIVES Kerala Legislative Assembly

വരുന്നു. ആഗോളവൽക്കരണ നയത്തെ തുടർന്ന് യാത്രക്കാർക്ക് സൗകര്യങ്ങൾ ഉണ്ടാക്കാതെ ലാഭം മാത്രം കണക്കാക്കി ഒരു പുതിയ കാറ്ററിംഗ് നയം രൂപീകരിച്ചതുമൂലം യാത്രക്കാരും ഈ രംഗത്തെ തൊഴിലാളികളും ബുദ്ധിമുട്ടുക്യാണ്. ന്യായമായ വിലയ്ക്ക് ഭക്ഷണം വിതരണം ചെയ്യുന്നതിന് വേണ്ടിയുള്ള ഒരു റെയിൽവേ ആക്ട് ആയിരുന്നു നിലനിന്നിരുന്നത്. എന്നാൽ 1997-ൽ പുതിയ നയം നിലവിൽ വന്നു. ഐ. ആർ. ടി. സി. (ഇൻഡ്യൻ റെയിൽവേ കാറ്ററിംഗ് ആന്റ് ടൂറിസം കമ്പനി) നിലവിൽ വന്നതോടുകൂടി നിലവിലുള്ള ലൈസൻസികളെ മാറ്റുകയും റെയിൽവേ തൊഴിലാളികൾക്ക് തൊഴിലില്ലാതാകുകയും ചെയ്യുന്ന അവസ്ഥയുണ്ടായിരിക്കുകയാണ്. ഈ മേഖലയിലേക്ക് കോടിക്കണക്കിന് രൂപ വിറ്റുവരവുള്ള വൻകിടക്കാർ കടന്നുവരുന്നതോടുകൂടി തൊഴിലാളികളുടെ തൊഴിൽ സംരക്ഷിക്കപ്പെടാൻ കഴിയാത്ത സ്ഥിതിയാണ് വന്നുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് ലാഭത്തേയും ഗുണത്തേയും അടിസ്ഥാനപ്പെടുത്തി ഒരു കാറ്ററിംഗ് നയം രൂപീകരിച്ച് കേരളത്തിലെ കാറ്ററിംഗ് തൊഴിലാളികളുടെ താൽപ്പര്യം സംരക്ഷിക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രി ഇടപെടണമെന്ന് അഭ്യർത്ഥിക്കുകയാണ്. കൂടാതെ റെയിൽവേ ഇപ്പോൾ നടപ്പാക്കുന്ന ടെണ്ടർ സംവിധാനം നിർത്തിവയ്ക്കാനും നിലവിലുള്ള സംവിധാനം തുടരുന്നതിനും കേന്ദ്ര റെയിൽവേ വകുപ്പുമന്ത്രിയുമായി ഇടപെട്ട് നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : സർ, രാജ്യത്തൊട്ടാകെ റെയിൽവേ സ്റ്റേഷനുകളിലും വിവിധ ട്രെയിനുകളിലും കാറ്ററിംഗ് സംബന്ധിച്ച് ഏകീകൃതമായ ഒരു നയമാണുണ്ടായിരുന്നത്. ആ നയത്തിന് ഇപ്പോൾ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. പുത്തൻ സാമ്പത്തിക നയത്തിന്റെ ഭാഗമായി റെയിൽവേ കാറ്ററിംഗ് നയം കേന്ദ്ര റെയിൽ മന്ത്രാലയത്തിന്റെ നയപരമായ തീരുമാനങ്ങളിൽ ഒന്നാണ്. ട്രെയിനുകളിലും റെയിൽവേ സ്റ്റേഷനുകളിലും മൽസര ടെണ്ടറിന്റെ അടിസ്ഥാനത്തിൽ കോൺട്രാക്ട് നൽകുന്ന ഇപ്പോഴത്തെ കാറ്ററിംഗ് നയമാണ് റെയിൽവേ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. പുത്തൻ സാമ്പത്തിക നയത്തിന്റെ ഔട്ട്സോഴ്സിന്റെ ഭാഗമായിട്ടാണ് ഇത് നടപ്പാക്കുന്നത്. അങ്ങനെ വരുമ്പോൾ ഈ തൊഴിലാളികളെല്ലാം കോൺട്രാക്ടറുടെ കീഴിലുള്ള തൊഴിലാളികളായി മാറും. ഇതുമൂലം റെയിൽവേ കാറ്ററിംഗ് തൊഴിലാളികളുടെ പ്രശ്നങ്ങൾ സങ്കീർണ്ണമാകാൻ പോകുകയാണ്. അതുകൊണ്ട് കാറ്ററിംഗ് നയം തിരുത്തേണ്ടതുണ്ട്. ഇത് കണക്കിലെടുത്ത് കാറ്ററിംഗ് നയം പുനഃപരിശോധിക്കണമെന്ന് പാർലമെന്റ് റെയിൽവേ സ്റ്റാൻഡിംഗ് കമ്മിറ്റി റെയിൽവേ മന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ റെയിൽവേ വകുപ്പുമന്ത്രിയോട് പാർലമെന്റ് അംഗങ്ങളും ആവശ്യപ്പെട്ടിട്ടുണ്ട്. കേരളത്തിൽ ഇപ്പോൾ നടപ്പിലാക്കാനുള്ള ശ്രമം നിർത്തിവച്ച് പുനഃപരിശോധന നടത്തേണ്ടതുണ്ട്. തൊഴിലാളികളെ പൂർണ്ണമായി സംരക്ഷിച്ചുകൊണ്ടുള്ള നയമാണ് റെയിൽവേ സ്വീകരിക്കേണ്ടതെന്നാണ് സംസ്ഥാന ഗവണ്മെന്റിന്റെ അഭിപ്രായം. ആ രൂപത്തിൽ എല്ലാ തരത്തിലുമുള്ള സമ്മർദ്ദവും സംസ്ഥാന സർക്കാർ കേന്ദ്രത്തിൽ ചെലുത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

## (11) തയ്യൽത്തൊഴിലാളികൾക്ക് ക്ഷേമനിധി ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. കെ. ബാബു : സർ, കേരളത്തിലെ തയ്യൽത്തൊഴിലാളികളുടെ റിട്ടയർമെന്റ് ആനുകൂല്യങ്ങൾ, മരണാനന്തര ആനുകൂല്യങ്ങൾ, വിവാഹ ധനസഹായം, പ്രസവാനുകൂല്യം, വിദ്യാഭ്യാസ സഹായ തുക, ഭവനനിർമ്മാണ വായ്പ തുടങ്ങിയവ വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ട് തയ്യൽ തൊഴിലാളികൾ ബഹുമാനപ്പെട്ട മന്ത്രിക്ക് നിവേദനം നൽകിയിട്ടുണ്ട്. തയ്യൽ തൊഴിലാളികളുടെ തൊഴിൽ സാദ്ധ്യതകൾ ഇന്ന് വളരെ കുറഞ്ഞുവരികയാണ്. കാരണം മറ്റു സംസ്ഥാനങ്ങളിൽനിന്ന് ധാരാളം റെഡിമെയ്ഡ് വസ്ത്രങ്ങൾ കേരളത്തിൽ വന്നുകൊണ്ടിരിക്കുന്നതിനാൽ തയ്യൽത്തൊഴിലാളികളുടെ തൊഴിൽ സാദ്ധ്യതകൾ കുറയുന്ന സാഹചര്യത്തിൽ അവരുടെ ക്ഷേമനിധി കൂടുതൽ കാര്യക്ഷമമാക്കാനും പ്രവർത്തനം വിപുലീകരിക്കാനും നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ): സർ, കേരള തയ്യൽത്തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങൾക്ക് അവർ പ്രവർത്തിയെടുത്ത വർഷങ്ങളുടെ ആനുപാതിക ക്രമമനുസരിച്ച് 100 രൂപ മുതൽ 430 രൂപവരെ പ്രതിമാസ റിട്ടയർമെന്റ് പെൻഷനും, റിയട്ടയർമെന്റിനുമുമ്പ് അവശതമൂലം അംഗത്വം തുടരാൻ കഴിവില്ലാത്തവർക്ക് പ്രതിമാസം 100 രൂപ അവശതാ പെൻഷനും മരണപ്പെടുന്ന അംഗങ്ങളുടെ ആശ്രിതർക്ക് 100 രൂപവീതം കുടുംബ പെൻഷനും ആയിരം രൂപ വിവാഹ ധനസഹായവും ആയിരം രൂപ പ്രസവാനുകൂല്യവും കൊടുത്തു കൊണ്ടിരിക്കുകയാണ്. ഭവന നിർമ്മാണ വായ്പ പദ്ധതി ഇതുവരെ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. ബോർഡിന്റെ ഇപ്പോഴത്തെ സാമ്പത്തികസ്ഥിതി നിലവിലുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാൻ പര്യാപ്തമല്ലാത്തതിനാൽ അംശദായം പത്ത് രൂപയിൽ നിന്ന് 20 രൂപയാക്കി വർദ്ധിപ്പിക്കാനുള്ള ഒരു നിർദ്ദേശം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതാണ്. അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായിട്ടുള്ള നിയമ ഭേദഗതി കൊണ്ടണ്ടുവരാൻ തീരുമാനിച്ചിരിക്കുകയാണ്. അടുത്ത നിയമസഭാ സമ്മേളനത്തിൽ ഇത് കൊണ്ടുവരാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. അംശദായം വർദ്ധിപ്പിച്ചുകഴിഞ്ഞാൽ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

## (12) എം. സി. റോഡിന്റെ വികസനം

ശ്രീ. കെ. കെ. ഷാജു: സർ, കേരളത്തിൽ വളരെ പ്രതീക്ഷയോടുകൂടി ആരംഭിച്ച പദ്ധതിയാണ് ലോകബാങ്ക് സഹായത്തോടെയുള്ള കെ.എസ്.ടി.പി. ഇതിൽ പ്രധാനമായും പദ്ധതി പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നത് സംസ്ഥാനത്തെ ഒന്നാം നമ്പർ പാതയായ എം.സി. റോഡിലാണ്. നിർമ്മാണ പ്രവർത്തനങ്ങൾ പൊതുവെ സ്തംഭനാവസ്ഥയിലാണ്. നിർമ്മാണ പ്രവർത്തനങ്ങൾ സ്തംഭിച്ചിരിക്കുന്നതിന്റെ ഫലമായി യാത്രാ ക്ലേശമടക്കമുള്ള പ്രശ്നങ്ങൾ ഉണ്ട്. ഏതാണ്ട് ഏഴ് കിലോമീറ്റർ ദീർഘമുള്ളതാണ് ഈ റോഡ്. പ്രധാനപ്പെട്ട രണ്ട് പ്രശ്നങ്ങൾ ഈ നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഉയർന്നുവന്നിരിക്കുകയാണ്. അടൂർ ഭാഗം കഴിഞ്ഞ് പറന്തൽ മുതൽ പന്തളം വലിയ പാലംവരെയുള്ള സ്ഥലത്ത് ഭൂമി അക്വയർ ചെയ്ത് വില നിശ്ചയിച്ചുവെങ്കിലും ഭൂമി വെറുതെ കിടക്കുകയും വീതി കുറച്ച് പകുതിഭാഗം വരെ റോഡ് നിർമ്മിച്ചിരിക്കുകയുമാണ്. ആ ഭാഗത്ത് ഇതാണ് പ്രശ്നമെങ്കിലും പന്തളം ജംങ്ഷനിൽ അടക്കം, അവിടത്തെ വികസനത്തെ സംബന്ധിച്ചിടത്തോളമുള്ള വലിയ

LIBRARY ARCHIVES Kerala Legislative Assembly

ആശങ്ക ജനങ്ങളുടെ ഭാഗത്ത് നിന്ന് ഉയർന്നുവന്നിട്ടുണ്ട്. ഈ രണ്ട് പ്രശ്നങ്ങളും ഇവിടെ ഇപ്പോൾ നിരന്തര സമരങ്ങൾക്കും റോഡ് തടയലിനും ഒക്കെ കാരണമായി വന്നിരിക്കുകയാണ്. ഒരു ഭാഗത്ത് റോഡിന്റെ വീതി കുറവാണെന്ന് പറഞ്ഞ് ഉപരോധമടക്കമുള്ള സമരം നടക്കുന്നു. വേറൊരു ഭാഗത്ത് ജംങ്ഷൻ വികസനം എന്ന പേരിലുള്ള സമരം നടക്കുന്നു. മന്ത്രിതലത്തിലുള്ള ചർച്ച ഇവിടെ വച്ചുതന്നെ നടത്തിയതാണ്. പക്ഷെ ഇപ്പോഴും തീരുമാനം ഒന്നും ആയിട്ടില്ല. വീതി കുറഞ്ഞ ഭാഗങ്ങളിൽ വീതി വർദ്ധിപ്പിക്കാനും പന്തളം ജംഗ്ഷനുമായി ബന്ധപ്പെട്ടുള്ള വികസനത്തെ സംബന്ധിച്ച് ജനങ്ങൾക്കുള്ള ഉൽക്കണ്ഠയും ആശങ്കയും ദൂരീകരിക്കാനുമുള്ള അടിയന്തിര നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. റ്റി. യു. കുരുവിള) : സർ, പന്തളം മുതൽ വലിയകോവിൽ പാലംവരെയുള്ള പ്രദേശത്തെ എം.സി. റോഡിന്റെ പരിഷ്കരണത്തിനായി അക്വയർ ചെയ്ത് വിലകൊടുത്ത് ഉടമ കൈമാറിയ ഭൂമി വീതികുറച്ച് പണി ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അംഗീകരിച്ച ഡിസൈൻ പ്രകാരം റോഡുപണി നടക്കുന്നു. എന്നാൽ അലൈൻമെന്റ് അനുസരിച്ച് റോഡുപണി ചെയ്തുകഴിയുമ്പോൾ ചില ഭാഗങ്ങളിൽ സ്ഥലം അധികമായി വരുന്നുണ്ട്. ഇങ്ങനെയുള്ള ഭാഗങ്ങൾ കേബിൾ, പൈപ്പ് ലൈൻ എന്നിവ ഇടുന്നതിനായി ഉപയോഗിക്കുന്നതാണ്. മുടങ്ങിക്കിടക്കുന്ന പണികൾ ആവശ്യമായ സ്ഥലം റവന്യൂ ഡിപ്പാർട്ടുമെന്റിൽനിന്ന് ലഭിക്കുന്ന മുറയ്ക്ക് ആരംഭിക്കുന്നതാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞപ്രകാരം മെമ്പറുടെ സാന്നിധ്യത്തിൽ ഉദ്യോഗസ്ഥരുമായി മീറ്റിംഗ് നടത്തി. അതോടൊപ്പം ഞാൻ ആ പ്രദേശം സന്ദർശിച്ച് ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതുമാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട മെമ്പർമാരുടെ ശ്രദ്ധയ്ക്ക്, ഇനിയും ഒട്ടേറെ സബ്മിഷനുകൾ ഉണ്ട്. പരമാവധി ചുരുക്കി പറഞ്ഞുകഴിഞ്ഞാൽ പെട്ടെന്ന് അവസാനിപ്പിക്കാം. ഇതുകഴിഞ്ഞ് കുറേ വിഷയങ്ങൾ ഉള്ളതാണ്. അതുകൊണ്ട് അത്തരത്തിൽ സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## (13) മൃതശരീരം പോസ്റ്റ്മാർട്ടം ചെയ്യുന്നതിലെ കാലതാമസം

ശ്രീ. എം. ഉമ്മർ : സർ, സംസ്ഥാനത്ത് റോഡ് അപകടങ്ങളിലും മറ്റ് ദുരന്തങ്ങളിലുമായി ധാരാളം മരണങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുകയാണ്. നിലവിലുള്ള ഉത്തരവ് പ്രകാരം പകൽ വെളിച്ചത്തിൽ മാത്രമേ പോസ്റ്റ്മോർട്ടം നടത്താൻ കഴിയുകയുള്ളു. മൂന്ന് മണിക്ക് മോർച്ചറിയിൽ എത്തുന്ന മൃതദേഹംപോലും ഇൻക്വസ്റ്റും മറ്റ് നടപടിക്രമങ്ങളും പൂർത്തിയായാൽ അന്നേ ദിവസം പോസ്റ്റ്മോർട്ടം നടത്താൻ കഴിയാത്ത ഒരു സാഹചര്യമാണ് നിലവിലുള്ളത്. ഈ കാരണത്താൽ മരിച്ചയാളുടെ ബന്ധുക്കളും മറ്റും രാത്രി മുഴുവൻ മാനസികമായ ബുദ്ധിമുട്ടും വളരെയധികം പ്രയാസങ്ങളും അനുഭവിച്ചുകൊണ്ട് ആശുപത്രിയുടെ പരിസരത്ത് നിൽക്കേണ്ടിവരികയാണ്. അത് പലപ്പോഴും ഡോക്ടർമാരോടും മറ്റ് ഹോസ്പിറ്റൽ ജീവനക്കാരോടും വാക്കേറ്റത്തിനും സംഘർഷത്തിനും ഇടയാകുന്നുണ്ട്. അത് മാത്രമല്ല, Medical Jurisprudence അനുസരിച്ച് രാത്രികാലങ്ങളിൽ പോസ്റ്റ്മോർട്ടം നടത്തുന്നതിന് നിയമതടസ്സം ഇല്ലെന്ന് വ്യക്തമായി പറയുന്നുണ്ട്. അതിന് ഇന്ന് കോടതികൾ ഏറ്റവും വലിയ അതോറിറ്റിയായി കണക്കാക്കുന്നത് മോഡീസ് മെഡിക്കൽ ജൂറിസ്പ്രൂഡൻസാണ്. അതിലെ ഒരു വരിമാത്രം ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരാനായി വായിക്കുകയാണ്. The examination should be conducted in daylight and not in artificial light as far as possible.

LIBRARY ARCHIVES Kerala Legislative Assembly

But Maharashtra Government has issued instruction to effect that postmortem may be done during night in artificial light in case adequate quantity and quality of artificial light resembling daylight is provided. മഹാരാഷ്ട്രാ ഗവൺമെന്റും അതുപോലെ വിദേശ രാജ്യങ്ങളിലുമൊക്കെത്തന്നെ മതിയായ സൂര്യപ്രകാശത്തിന് സമാനമായ വെളിച്ചമുണ്ടെങ്കിൽ രാത്രി കാലങ്ങളിലും പോസ്റ്റ്മോർട്ടം നടത്തുന്നുണ്ട്. അതുകൊണ്ട് വളരെ വർഷങ്ങൾക്ക് മുമ്പുണ്ടായിരുന്ന ഈ നിയമം പുനഃപരിശോധിച്ച് ആശ്വാസം നൽകുന്ന നടപടികളുണ്ടാക്കാൻ ശ്രമിക്കുമോ ?

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ): സർ, ബഹുമാനപ്പെട്ട എം. ഉമ്മർ പറഞ്ഞിട്ടുള്ള കാര്യം, പ്രത്യേകിച്ച് അപകട മരണങ്ങളുണ്ടാകുന്ന സന്ദർഭങ്ങളിൽ പോസ്റ്റ്മോർട്ടം പെട്ടെന്ന് ചെയ്യാൻ കഴിയാതെ വരുമ്പോൾ വലിയ പ്രയാസങ്ങൾ നേരിടുന്നു എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. പക്ഷേ രാത്രികാലങ്ങളിൽ പോസ്റ്റ്മോർട്ടം നടത്തുന്നതിന് സാങ്കേതികമായ ബുദ്ധിമുട്ടുണ്ട്, നിയമപരമായി ചില തടസ്സങ്ങളുണ്ട്. ഫോറൻസിക് മെഡിസിൻ വിഭാഗത്തിന്റെ ആധികാരികമായ പുസ്തകത്തിൽ പോസ്റ്റ്മോർട്ടം നടത്തുന്നത് പകൽ വെളിച്ചത്തിലും അഞ്ചുമണിക്ക് മുമ്പും ആയിരിക്കണമെന്ന് പറയുന്നുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഒരു ഗവൺമെന്റ് ഓർഡറും ഉണ്ട്. അങ്ങ് പറഞ്ഞത് ശരിയാണ്. പക്ഷേ പോസ്റ്റ്മോർട്ടം നടത്തുന്നത് മുഖ്യമായി മരണ കാരണം, മരണ സമയം, മരണ സാഹചര്യം എന്നിവ അറിയുന്നതിനാണ്. സൂര്യപ്രകാശവും വൈദ്യുതി വെളിച്ചവും തമ്മിൽ വളരെ വ്യത്യാസമുണ്ടെന്നുള്ളതാണ് ശാസ്ത്രീയമായി എടുത്തുപറയുന്നത്. സൂര്യപ്രകാശത്തിൽ കാണുന്ന കളർ രാത്രി സമയത്ത് വൈദ്യുതി വെളിച്ചത്തിൽ വ്യത്യാസമുണ്ടാകാൻ സാധ്യതയുണ്ട്. ചുവപ്പ് മെറൂൺ ആയും ഇളംപച്ച നീലയായും കാണാറുണ്ട്. അതുകൊണ്ടാണ് രാത്രി കാലങ്ങളിൽ പോലീസ് ഇൻക്വസ്റ്റ് തയ്യാറാക്കാത്തത്. നിയമപരമായ തടസ്സമുണ്ട്. എങ്കിലും ആവശ്യം ധാരാളം ഉയർന്നുവരുന്നുണ്ട്. പ്രത്യേകിച്ച് ആക്സിഡന്റ് വരുന്ന സന്ദർഭങ്ങളിൽ പെട്ടെന്ന് ഇൻക്വസ്റ്റ് ചെയ്ത് പോസ്റ്റ്മോർട്ടം നടത്തിക്കിട്ടിയാൽ ആ കുടുംബത്തിനെ സംബന്ധിച്ചും നാട്ടുകാരെ സംബന്ധിച്ചും വളരെ നല്ല കാര്യമായിരിക്കും. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ വിദേശ രാഷ്ട്രങ്ങളിലും മഹാരാഷ്ട്രയിൽ തന്നേയും അങ്ങനെ നടക്കുന്നുണ്ടെങ്കിൽ അത് സംബന്ധിച്ച് പരിശോധിക്കാം നിയമ വിദഗ്ദ്ധരുമായി ബന്ധപ്പെട്ട് അതുസംബന്ധിച്ച് ആലോചിച്ച് ചെയ്യാൻ കഴിയുമോ എന്ന് നോക്കാം.

## (14) 'റീപ്' എന്ന പാഠപുസ്തകം വിദ്യാലയങ്ങളിൽ പഠിപ്പിക്കാനുള്ള തീരുമാനം

ശ്രീ. സി.പി. മുഹമ്മദ് : സർ, നമ്മുടെ രാജ്യത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിപ്പിക്കുന്ന പാഠപുസ്തകങ്ങളെ സംബന്ധിച്ച് ഒരു കീഴ്വഴക്കം നിലനിൽക്കുന്നുണ്ട്. പാലക്കാട് ജില്ലാ പഞ്ചായത്ത് ഇപ്പോൾ റാപ്പിഡ് ഇംഗ്ലീഷ് അക്വിസിഷൻ പ്രോഗ്രാം എന്നു പറഞ്ഞ് ഒരു പാഠപുസ്തകം പുതുതായി ഇറക്കിയിരിക്കുകയാണ്. വിദ്യാഭ്യാസ പരിശീലന സ്ഥാപനമായ, ഗവേഷണ സ്ഥാപനമായ എസ്. സി. ഇ. ആർ. ടി. തയ്യാറാക്കുന്ന പുസ്തകങ്ങൾ കരിക്കുലം കമ്മിറ്റിയുടെ അംഗീകാരത്തോടുകൂടി മാത്രമേ സ്കൂളുകളിൽ പഠിപ്പിക്കാൻ പാടുള്ളൂ. എസ്.എസ്.എ. ആണ് ഈ പാഠപുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിരിക്കുന്നത്. എന്റെ അറിവ് പ്രകാരം എസ്.എസ്.എ. അങ്ങനെ അനുവാദം നൽകിയിട്ടില്ല. നമ്മുടെ വിദ്യാഭ്യാസ രംഗത്ത്

LIBRARY ARCHIVES Kerala Legislative Assembly

ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്ന ഒരു തീരുമാനമാണ് ഇതെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. കുട്ടികൾ ഇംഗ്ളീഷ് പഠിക്കുന്നതിന് എതിരല്ല. , ഇത് പാലക്കാട് ജില്ലയിൽ നടപ്പാക്കുന്നതിന് ആവശ്യമായ ഒരു പുസ്തകമാണെങ്കിൽ പാഠപുസ്തകം അച്ചടിക്കുന്നതിനുള്ള കീഴ്വഴക്കം പരിപൂർണ്ണമായും പാലിച്ചുകൊണ്ടായിരിക്കണമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. വേറെ ജില്ലകളിൽ സമാന്തരമായി കലണ്ടറുകൾ ഇറക്കുകയാണ്. രാഷ്ട്രപിതാവായ മഹാത്മജിയെപ്പോലും തരംതാഴ്ത്തുന്ന തരത്തിലുള്ള കലണ്ടറുകൾ ഇറക്കുകയാണ്. അങ്ങനെ വാളെടുക്കുന്നവനെല്ലാം വെളിച്ചപ്പാടായി നമ്മുടെ വിദ്യാഭ്യാസ രംഗത്ത് ഇതുപോലെയുള്ള അസ്വസ്ഥതകൾ ഉണ്ടാക്കാനുള്ള ശ്രമത്തിന്റെ ഭാഗമാണ് ഇത്. എസ്. സി. ഇ. ആർ. ടി. അടക്കമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിർദ്ദേശപ്രകാരം മാത്രമേ എസ്.എസ്.എ.യ്ക്ക് ഇത്തരത്തിലുള്ള അധികാരമുള്ളു. എൻ.സി.ഇ.ആർ.ടി., എസ്.സി.ഇ.ആർ.ടി., ഡയറ്റ് പോലെയുള്ളവയുടെ നിർദ്ദേശങ്ങൾ അനുസരിച്ചുള്ള പരിശീലനത്തിന് മാത്രമേ എസ്.എസ്.എ.യ്ക്ക് അധികാരമുള്ളു. തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ഈ രാജ്യത്ത് പാഠപുസ്തകം അച്ചടിച്ച് ഇറക്കാൻ അനുവാദമുണ്ടോ; അധികാരമുണ്ടോ, ഗവൺമെന്റിന്റെ നയം അതാണോ എന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കണം. ഇക്കാര്യത്തിൽ അങ്ങയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) : സർ, ബഹുമാനപ്പെട്ട സി.പി. മുഹമ്മദ് ഉന്നയിച്ച കാര്യം പരിശോധിക്കുകയുണ്ടായി. 2005-06 അദ്ധ്യയന വർഷംതന്നെ പാലക്കാട് ജില്ലയിലെ ചില സ്കൂളുകളിൽ റാപ്പിഡ് ഇംഗ്ളീഷ് അക്വിസിഷൻ പ്രോഗ്രാം (റീപ്) എന്ന പദ്ധതി പരിശോധിച്ചു നോക്കുകയുണ്ടായി. ആദ്യമായി വ്യക്തമാക്കാനുള്ളത് ബഹുമാനപ്പെട്ട അംഗത്തിന് അറിയാവുന്നതുപോലെ അത് എസ്.സി.ഇ.ആർ.ടി. അംഗീകരിച്ച, കരിക്കുലം കമ്മിറ്റിയെല്ലാം അംഗീകരിച്ച പഠിപ്പിക്കാനുള്ള പാഠ്യ പദ്ധതിയുടെ ഭാഗമായുള്ള ഒരു പരിപാടിയല്ല. അധ്യയന സമയം മുഴുവൻ കഴിഞ്ഞ്, നാലുമണിക്ക് ശേഷം കുട്ടികളുടെ ഇംഗ്ളീഷ് പഠനശേഷി വർദ്ധിപ്പിക്കാൻ സഹായകരമായ ഒരു പരിപാടിയാണ് ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ഇത് കഴിഞ്ഞ അധ്യയന വർഷംതന്നെ, ഈ ഗവൺമെന്റ് വരുന്നതിന് മുമ്പുതന്നെ തെരഞ്ഞെടുത്ത ചില സ്കൂളുകളിൽ പരിശോധിച്ച് വളരെ വിജയകരമാണെന്നു കണ്ട ഒരു പദ്ധതിയാണ്. ഡോ. കെ.എൻ. ആനന്ദ്, അദ്ദേഹം വിശ്വവിശ്രുതനായ ഭാഷാപണ്ഡിതൻ, നോം ചോംസ്കി, അദ്ദേഹവുമായി നേരിട്ട് ബന്ധമുള്ള, ആശയ വിനിമയം നടത്തിയിട്ടുള്ള കേരളത്തിന്റെ അഭിമാനമായ പ്രഗത്ഭനായ വ്യക്തിയാണ്. അദ്ദേഹം വികസിപ്പി ച്ചെടുത്തിട്ടുള്ള വളരെ വേഗം ഇംഗ്ലീഷ് പഠിക്കാൻ സഹായകരമായ ഈ പ്രത്യേക പദ്ധതി സ്കൂളുകളിൽ വിദ്യാർത്ഥികൾക്ക് പ്രയോജനകരമായ ഒരു പദ്ധതിയാണ്. ഇന്നത്തെ പഠന പദ്ധതിയെ ഒന്നും ബാധിക്കാതെ, പഠന സമയത്തെ ബാധിക്കാതെ നാല് മണിക്ക് ശേഷം നടക്കുന്ന ഒരു പ്രത്യേക പരിപാടിയാണ്. അത് വിജയകരമായാണ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത് എന്നാണ് അറിയുന്നത്. അതുകൊണ്ട് ഇന്നത്തെ പാഠ്യപദ്ധതിയെ സംബന്ധിച്ചുള്ള നിയമത്തേയോ പദ്ധതികളേയോ ഒന്നും പ്രതികൂലമായി ബാധിക്കുന്ന ഒരു കാര്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

## (15) വടക്കൻമല, മഞ്ഞള്ളൂർ ശുദ്ധജല വിതരണ പദ്ധതികൾ പൂർത്തീകരിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. ബാബു പോൾ : സർ, എന്റെ നിയോജക മണ്ഡലത്തിലെ ആവോലി, മഞ്ഞള്ളൂർ പഞ്ചായത്തുകളിൽ രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുകയാണ്, ആവോലി പഞ്ചായത്തിൽ വർഷത്തിൽ അഞ്ച് മാസവും റവന്യൂ വകുപ്പ് ലോറിയിൽ വെള്ളം സപ്ലൈ ചെയ്യേണ്ട സ്ഥിതിയാണുള്ളത്. കുടിവെള്ള പദ്ധതികൾ ഒന്നുംതന്നെ ഈ പഞ്ചായത്തിൽ നിലവിലില്ല. മഞ്ഞള്ളൂർ പഞ്ചായത്തിൽ ഒരു കുടിവെള്ള പദ്ധതി നിലവിലുണ്ടെങ്കിലും വളരെ പരിമിതമായ പ്രദേശങ്ങളിൽ മാത്രമേ ആ പദ്ധതികൊണ്ട് പ്രയോജനം ലഭിക്കുന്നുള്ളൂ. ഉയർന്ന പ്രദേശങ്ങളിലൊന്നുംതന്നെ കുടിവെള്ളം എത്തിക്കുന്നതിന് ഈ പദ്ധതികൊണ്ട് കഴിയുന്നില്ല. എൽ.ഐ.സി.യുടെ സാമ്പത്തിക സഹായത്തോടുകൂടി സമഗ്രമായ കുടിവെള്ള പദ്ധതിക്കുള്ള നടപടികൾ ആരംഭിച്ചതാണ്. മഞ്ഞള്ളൂർ പഞ്ചായത്തിൽ ഏതാണ്ട് 60.68 ലക്ഷം രൂപയും ആവോലി പഞ്ചായത്തിലെ വടക്കൻമല സ്കീമിന് 187.23 ലക്ഷം രൂപയും ഇതിനോടകം ചെലവഴിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ ഭാഗീകമായി പൂർത്തീകരിച്ചു. എന്നാൽ ഇന്ന് ഇത് സ്തംഭനാവസ്ഥയിലാണ്. ഇനിയും അനവധി പ്രവർത്തനങ്ങൾ ഇതുമായി ബന്ധപ്പെട്ട് ചെയ്യേണ്ടതായിട്ടുണ്ട്. ഏതാണ്ട് 375 ലക്ഷം രൂപ മഞ്ഞള്ളൂർ പദ്ധതിക്കും 365 ലക്ഷം രൂപ വടക്കൻമല ശുദ്ധജല പദ്ധതിക്കും ഇനിയും ആവശ്യമായിട്ടുണ്ട്. സ്തംഭനാവസ്ഥയിലായ ഈ രണ്ട് പദ്ധതികളുടേയും നിർമ്മാണ പ്രവർത്തനങ്ങൾ എത്രയും വേഗം പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): വടക്കൻമല, മഞ്ഞള്ളൂർ എന്നീ രണ്ട് ശുദ്ധജല വിതരണ പദ്ധതികളും എൽ.ഐ.സി.യുടെ. സാമ്പത്തിക സഹായത്തോടെ നടപ്പാക്കുന്നവയാണ്. അതിൽ വടക്കൻമല ആവോലി ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി 504 ലക്ഷം രൂപ അടങ്കൽ തുക പ്രതീക്ഷിച്ച് ആരംഭിച്ച പദ്ധതിയാണ്. അതിൽ ശുദ്ധീകരണശാല, കിണർ എന്നിവയുടെ പണികൾ മാത്രമാണ് പൂർത്തിയാക്കിയിട്ടുള്ളത്. പമ്പിംഗ് മെയിൻ, ഗ്രാവിറ്റി മെയിൻ, ജലവിതരണകുഴലുകൾ, പമ്പ്ഹൗസ്, പവർ കണക്ഷൻ തുടങ്ങിയ ജോലികൾ ഇനി പൂർത്തിയാക്കാനുണ്ട്. 745 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന മഞ്ഞള്ളൂർ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി എൽ.ഐ.സി.യുടെ സാമ്പത്തിക സഹായത്തോടു കൂടിയുള്ളതാണ്. ഇതിൽ കിണർ, പമ്പ് ഹൗസ്, ജലശുദ്ധീകരണശാലകൾ എന്നിവയുടെ പണികൾ പൂർത്തിയായിട്ടുണ്ട്. Raw water pumping main-ന്റെ പ്രവർത്തനങ്ങൾ 50 ശതമാനം പൂർത്തിയായിട്ടുണ്ട്. ശുദ്ധജലവിതരണക്കുഴലുകൾ സ്ഥാപിക്കൽ, പമ്പ്, മോട്ടോർ സ്ഥാപിക്കൽ തുടങ്ങിയവയാണ് ബാക്കിയുള്ളത്. ഈ രണ്ടു കുടിവെള്ള വിതരണ പദ്ധതികൾക്കും എൽ.ഐ.സി. സാമ്പത്തിക സഹായം നിർത്തിവച്ചിട്ടുള്ള സാഹചര്യത്തിൽ നബാർഡ് പോലുള്ള മറ്റ് സാമ്പത്തിക ഏജൻസികളുടെ സഹായത്തോടുകൂടി രണ്ട് പദ്ധതികളുടേയും പണികൾ പൂർത്തിയാക്കുന്നതു സംബന്ധിച്ച കാര്യം ഗവൺമെന്റ് ഗൗരവമായി പരിശോധിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

## (16) കേരളത്തിലെ ന്യൂ സ്ക്കൂൾ അദ്ധ്യാപകരുടെ നിയമനം

ശ്രീ. കെ. കെ. ജയചന്ദ്രൻ : സർ, കേരളത്തിൽ 1990-നുശേഷം ആരംഭിച്ച എയ്ഡഡ് സ്ക്കൂളുകളിലെ അദ്ധ്യാപകർക്കുള്ള വളരെ ഗുരുതരമായ ചില പ്രശ്നങ്ങളാണ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. അങ്ങനെ അംഗീകാരം കിട്ടിയ സ്കൂളുകളിലെ അദ്ധ്യാപകർക്ക് ഇതുവരെ നിയമനാംഗീകാരം ലഭിച്ചിട്ടില്ല. അതിന്റെ ഫലമായി ഏതാണ്ട് പതിനായിരത്തോളം വരുന്ന അദ്ധ്യാപകർ പത്തുപന്ത്രണ്ട് വർഷത്തിലധികമായി ശമ്പളമില്ലാതെ ജോലി ചെയ്യുന്ന അവസ്ഥയാണുള്ളത്. വളരെ അടിയന്തിരമായി ഈ പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കിയില്ലെങ്കിൽ അവർക്ക് ജീവിതം മുന്നോട്ടുകൊണ്ടുപോകാൻ കഴിയാത്ത അവസ്ഥയാണുള്ളത്. ഡി.പി.ഇ.പി. എന്നുള്ള നിലയിൽ കേന്ദ്ര ഗവൺമെന്റ് സഹായത്തോടെ പ്രവർത്തിച്ചിരുന്ന സർക്കാർ സ്ക്കൂളുകൾക്ക് 2004-ൽ 4-ാം ക്ലാസ്സുവരെ പഠിപ്പിക്കുന്നതിനുള്ള അംഗീകാരം കൊടുക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇത്തരം സ്ക്കൂളുകളിൽ ഹെഡ്മാസ്റ്ററെ നിയമിച്ചിട്ടില്ല. അത് വളരെ ഗൗരവമായ വിഷയമായി കാണണം. അതുകൊണ്ട് ഈ സ്കൂളുകളിൽ ഹെഡ്മാസ്റ്റർമാരെ നിയമിക്കണം. എന്റെ നിയോജകമണ്ഡലത്തിൽ ഏഴാം ക്ലാസ് വരെയുള്ള പാറത്തോട് സ്ക്കൂളിൽ ഹെഡ്മാസ്റ്ററും അദ്ധ്യാപകരും ഇല്ല. അവരെ നിയമിക്കണം. അതുമാത്രമല്ല, ഇടുക്കി ജില്ലയിൽ ഇങ്ങനെയുള്ള 15 സ്കൂളുകളിൽ 12 സ്കൂളുകളും തമിഴ് മീഡിയം സ്കൂളുകളാണ്. അപ്പോൾ തമിഴ് ന്യൂനപക്ഷത്തിന് ലഭിക്കുന്ന ഏക ആശ്രയമാണ് ഈ സ്കൂളുകൾ. അതുകൊണ്ട് ഗവൺമെന്റ് അടിയന്തിരമായി ഇടപെട്ട് ഇക്കാര്യത്തിൽ പരിഹാരം കാണണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ.ബേബി) : സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ച കാര്യങ്ങൾ വളരെ ഗൗരവമായി പരിശോധിച്ച് പരിഹാരം കണ്ടെത്താൻ ശ്രമിക്കുന്നതാണ്.

## (17) കുറ്റ്യാടി കേന്ദ്രമായി ഒരു കാർഷിക ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കണമെന്ന ആവശ്യം

ശ്രീമതി. കെ. കെ. ലതിക : സർ, കേരളത്തിൽ നാളികേര കൃഷിയുടെ ഈറ്റില്ലമാണ് കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി. എന്റെ നിയോജകമണ്ഡലത്തിൽപ്പെടുന്ന ഇവിടെ ഉൽപ്പാദിപ്പിക്കുന്ന നാളികേരമാണ് ഗുണമേന്മയിൽ ഒന്നാമതായി നിൽക്കുന്നത്. കുറ്റ്യാടി തേങ്ങയെന്ന് പ്രസിദ്ധമായ ഉൽപ്പന്നമാണ് സംസ്ഥാനത്ത് വിത്തുതേങ്ങ സംഭരണത്തിന് ഉപയോഗിക്കുന്നത്. ഇവിടത്തെ ഉണ്ടക്കൊപ്ര വിദേശ മാർക്കറ്റിൽ പ്രസിദ്ധമാണ്. എന്നാൽ തെങ്ങുകൾക്ക് കൂമ്പുചീയൽ രോഗവും മണ്ഡരി രോഗബാധയുംമൂലം ഈ പ്രദേശത്തെ കർഷകർ ഇപ്പോൾ അങ്ങേയറ്റം പ്രതിസന്ധിയിലാണ്. ഇത്തരം രോഗബാധ തടയുന്നതിനുള്ള പ്രതിരോധ പ്രവർത്തനങ്ങളൊന്നും തന്നെ ഫലവത്തായിട്ടില്ല. ആയതിനാൽ ഇവിടത്തെ നാളികേര കർഷകരുടെ പ്രതിസന്ധി കണക്കിലെടുത്ത് കോഴിക്കോട് ജില്ലയിൽ ഒരു കാർഷിക പാക്കേജ് പ്രഖ്യാപിക്കണം. അതുപോലെ കൂമ്പുചീയൽ രോഗംമൂലം മുറിച്ചുമാറ്റുന്ന തെങ്ങൊന്നിന് നഷ്ടപരിഹാരത്തുക 500 രൂപയെന്നുള്ളത് 5,000 രൂപയായി വർദ്ധിപ്പിക്കണം. കുറ്റ്യാടിയുടെ നാളികേര ഉല്പാദനത്തിന്റെ പ്രാധാന്യം മനസ്സിലാക്കി തെങ്ങിനേയും തേങ്ങയേയും ബാധിക്കുന്ന രോഗങ്ങൾ തടയുന്നതിനും രോഗപ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനും കുറ്റ്യാടി കേന്ദ്രമാക്കി ഒരു കാർഷിക ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): സർ, കുറ്റ്യാടിമേഖലയിലെ നാളികേര രോഗബാധ പ്രധാന വിഷയമാണ്. 2002-03 വർഷം മുതൽ 2004-05 വർഷം വരെ മണ്ഡരി രോഗം ബാധിച്ച 153.04 ലക്ഷം തെങ്ങുകൾക്ക് മരുന്ന് തളി നടത്തിയിട്ടുണ്ട്. മണ്ഡരി രോഗബാധയുടെ കാഠിന്യം കുറഞ്ഞു വരുന്നതായിട്ടാണ് കാണുന്നത്. നല്ലയിനം തെങ്ങിൻ തൈകളുടെ ഉല്പാദനത്തിനായി കുറ്റ്യാടിയിൽ നിന്ന് ഈ വർഷം 6 ലക്ഷം വിത്ത് തേങ്ങ സംഭരിക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. അത് ഡിസംബർ-ജനുവരി മാസത്തോടുകൂടി ആരംഭിക്കുന്നതാണ്. കുറ്റ്യാടി മേഖലയിൽ കൂമ്പുചീയൽ രോഗം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് തടയുന്നതിനായി നാളികേര വികസന ബോർഡിന്റെ പ്രദർശനത്തോട്ടങ്ങൾ സ്ഥാപിക്കുന്ന പദ്ധതി അനുസരിച്ച് രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റുന്നതിനും സംയോജിത രോഗനിയന്ത്രണം, വളപ്രയോഗം, നല്ലയിനം തെങ്ങിൻതൈകൾ നൽകുക എന്നിവക്കായി ഹെക്ടർ ഒന്നിന് 17,500 രൂപ പ്രകാരം 925 ഹെക്ടർ പ്രദേശത്തേയ്ക്ക് 2005-06-ൽ സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷവും 900 ഹെക്ടർ സ്ഥലത്ത് പ്രദർശന തോട്ടങ്ങൾ സ്ഥാപിക്കുന്നതാണ്. സംസ്ഥാനത്ത് നാളികേര കൃഷിയുടെ ഗവേഷണം കേരള കാർഷിക സർവ്വകലാശാലയും കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രവുമാണ് നടത്തുന്നത്. കുറ്റ്യാടിയിൽ ഒരു ഗവേഷണ കേന്ദ്രം സ്ഥാപിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. പ്രധാനപ്പെട്ട ഈ വിഷയം ചർച്ച ചെയ്യുന്നതിനായി കോഴിക്കോട് മേഖലയിൽ ഒരു യോഗം വിളിക്കുന്നതാണ്.

## (18) ലക്ഷംവീട് കോളനികളിൽ ഉപയോഗിക്കുന്ന മിനിവാട്ടർ ടാങ്കുകൾക്ക് കറന്റ് ചാർജ് ഈടാക്കുന്നത് സംബന്ധിച്ച്

ശ്രീ. എ. എം. ആരിഫ്: സർ, ഹരിജൻ-ഗിരിജൻ ലക്ഷംവീട് സെറ്റിൽമെന്റ് കോളനികളിൽ ഇപ്പോൾ സ്ഥാപിച്ചിട്ടുള്ള മിനിവാട്ടർ ടാങ്കുകൾക്ക് കറന്റ് ചാർജ് അടയ്ക്കുന്നത് ഗുണഭോക്തൃ സമിതികളാണ്. പലപ്പോഴും ഇത് നിശ്ചിത സമയത്ത് അടയ്ക്കാൻ കഴിയാതെ അതിന്റെ ഫ്യൂസ് ഊരുകയും വെള്ളം ലഭ്യമല്ലാതാകുന്ന സ്ഥിതിവിശേഷവുമാണുള്ളത്. ഇതിന് പ്രധാനപ്പെട്ട കാരണം വ്യാവസായിക സംരംഭങ്ങൾക്കുള്ള താരിഫാണ് അതിന് ഈടാക്കുന്നത്. ഗാർഹിക ഉപഭോക്താക്കൾക്കുള്ള താരിഫ് ഈടാക്കി പഞ്ചായത്തുകൾ അടയ്ക്കുന്നതിനും താരിഫ് പുതുക്കി നിശ്ചയിച്ച് ഗുണഭോക്താക്കൾക്ക് വെള്ളം കിട്ടുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, കുടിവെള്ള പദ്ധതികൾക്ക് പൊതുവെ എൽ.ടി.-4 നിരക്കിലും ജലനിധി, ജലധാര, സ്വജലധാര സ്കീമുകളിൽപ്പെടുന്ന കുടിവെള്ള പദ്ധതികൾക്ക് ഗാർഹിക നിരക്കിലുമുള്ള താരിഫിൽ വൈദ്യുതി ചാർജ്ജ് ഈടാക്കുന്നതിന് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ അനുവാദത്തോടെ കെ.എസ്.ഇ.ബി. തീരുമാനിച്ചിട്ടുണ്ട്. ഇതേ മാതൃകയിൽ പട്ടികജാതി, പട്ടികവർഗ്ഗ സെറ്റിൽമെന്റ് കോളനികളിൽ സ്ഥാപിച്ചിട്ടുള്ള മിനിവാട്ടർ ടാങ്കുകളുടെ കറന്റ് ചാർജും ഗാർഹിക നിരക്കിൽപെടുത്തുന്നതിനാണ് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ തീരുമാനം എടുത്തിട്ടുള്ളത്. ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യം കെ.എസ്.ഇ.ബി വളരെ ഗൗരവമായി എടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

## (19) പൊൻമുടി പോലീസ് സ്റ്റേഷന്റെ വിപുലീകരണം

ശ്രീമതി ജെ. അരുന്ധതി: സർ, തലസ്ഥാന ജില്ലയിലെ ഒരു പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രമാണ് പൊന്മുടി. ഇവിടെയുള്ള പോലീസ് സ്റ്റേഷന്റെ സൗകര്യങ്ങൾ വളരെ കുറവാണ്. രണ്ട് മുറികളിലാണ് ഇത് പ്രവർത്തിക്കുന്നത്. 21 പി.സി.മാരും എസ്.ഐ., എ.എസ്.ഐ., മറ്റ് ജീവനക്കാർ അടക്കമുള്ള ഇരുപത്തഞ്ചോളം പേർ ഇവിടെ ജോലി ചെയ്യുന്നുണ്ട്. അവർക്ക് വളരെ ബുദ്ധിമുട്ടാണുള്ളത്. ഈ പോലീസ് സ്റ്റേഷന്റെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും കെട്ടിടം വിപുലീകരിക്കുന്നതിനും ആവശ്യമായ ഭൂമി റവന്യൂ വകുപ്പിൽ തന്നെയുണ്ട്. ആ ഭൂമി റവന്യൂ വകുപ്പിന്റെ കയ്യിൽ നിന്ന് വിട്ടുകിട്ടുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): സർ, വാമനപുരം നിയോജകമണ്ഡലത്തിലെ പൊൻമുടി പോലീസ് സ്റ്റേഷന് സ്ഥലം വിട്ടുകൊടുക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലുണ്ട്. അനുയോജ്യമായ സ്ഥലം ലഭ്യമാക്കുന്നതിനു റവന്യൂ വകുപ്പും വനം വകുപ്പും തമ്മിൽ ആലോചന നടന്നുവരികയാണ്. ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ട വിഷയമായതിനാൽ നടപടികൾ ത്വരിതപ്പെടുത്തി യുക്തമായ തീരുമാനം താമസംവിനാ കൈക്കൊള്ളാൻ ശ്രമിക്കുന്നതാണ്. ഇന്ന് വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പല പോലീസ് സ്റ്റേഷനുകളുമുണ്ടെന്ന് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി തന്നെ സഭയിൽ പറഞ്ഞതാണ്. റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് കൊടുക്കേണ്ട സ്ഥലം ഇതുവരെ വന്ന എല്ലാ അപേക്ഷകളും അനുസരിച്ച് വിട്ടുകൊടുത്തിട്ടുണ്ട്. ഇനി പൊൻമുടി സ്റ്റേഷന് വേണ്ട സ്ഥലം അനുവദിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

## (20) കേരള പോലീസിലെ ക്യാമ്പ് ഫോളോവേഴ്സ് വിഭാഗത്തെ സർവീസ് ചട്ടത്തിന്റെ പരിധിയിൽ കൊണ്ടുവരേണ്ടതിന്റെ ആവശ്യകത

ശ്രീ. പി. തിലോത്തമൻ : ഇൻഡ്യയിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് തൊഴിൽ അവകാശങ്ങൾക്കും സംഘടനാ സ്വാതന്ത്ര്യത്തിനും പേരുകേട്ട നമ്മുടെ സംസ്ഥാനത്തിന് അപവാദമായി നിൽക്കുകയാണ് പോലീസ് സേനയിലെ ക്യാമ്പ് ഫോളോവേഴ്സ് എന്ന വിഭാഗത്തിന്റെ അവസ്ഥ. രണ്ടായിരത്തോളം വരുന്ന വാട്ടർ ക്യാരിയേഴ്സ്, കുക്ക്, ബാർബർ തുടങ്ങിയ തസ്തികകളിൽ നിയോഗിക്കപ്പെടുന്ന ഈ വിഭാഗം തൊഴിലാളികൾ അനുഭവിക്കുന്ന പ്രയാസങ്ങൾ വിവരണാതീതമാണ്. ഇവർ സിവിൽ സർവീസിന്റെയൊ ഫോഴ്സിന്റെയോ ഭാഗമാണോയെന്ന് ചോദിച്ചാൽ ഇതൊന്നുമല്ലാതെയുള്ള ഒരു വിഭാഗമാണ്. രാപ്പകൽ അടിമകളെപ്പോലെ ജോലിചെയ്യേണ്ടി വരുന്ന അവസ്ഥയാണ് നിലനിൽക്കുന്നത്. ജോലി ചെയ്യുന്നതിന് അവരെ നിയോഗിക്കപ്പെടുന്ന മേഖലകളിൽ മാത്രമല്ല, സംസ്ഥാനത്തെ ഉയർന്ന പോലീസ് ഉദ്യോഗസ്ഥന്മാരുടെ വീട്ടുജോലികൾക്കുവരെ അവരെ നിയോഗിക്കുന്നു എന്ന ആക്ഷേപം നിലനിൽക്കുന്നുണ്ട്. അവർക്ക് ആനുകൂല്യങ്ങൾ ഒന്നുമില്ല. ശമ്പള പരിഷ്ക്കരണം വന്നാലും അതിലും ഇല്ല. മറ്റേതെങ്കിലും ആനുകൂല്യങ്ങളുണ്ടോ, അതുമില്ല. പോലീസ് സേനയെ വ്യത്യസ്ത

LIBRARY ARCHIVES Kerala Legislative Assembly

സാഹചര്യങ്ങളിൽ നിയോഗിക്കപ്പെടുമ്പോൾ, അവിടേയ്ക്ക് പലായനം ചെയ്യേണ്ടിവരുമ്പോൾ അവരെ പിൻതുടരേണ്ടിവരുന്ന ഈ വിഭാഗത്തിന് ടി. എ. പോലും ലഭ്യമാകുന്നില്ല എന്ന സ്ഥിതിവിശേഷമുണ്ട്. കാലാകാലങ്ങളിൽ മാറിമാറിവരുന്ന ഭരണനേതൃത്വങ്ങളുടെ അവഗണന അനുഭവിക്കുന്ന ഈ വിഭാഗത്തിലെ ആളുകൾക്ക് ഒരു സർവീസ് റൂൾ ഉണ്ടാക്കുന്നതിനോ അവർക്ക് ക്ഷേമം നടപ്പാക്കേണ്ടതിനോ യാതൊരു നടപടിയും സ്വീകരിച്ചുകാണുന്നില്ല. എന്നു മാത്രമല്ല, അവർ എത്ര മണിക്കൂർ ജോലിചെയ്യണമെന്ന് ഒരു നിയന്ത്രണവുമില്ല. ഒരു വ്യവസ്ഥയുമില്ല. രാപ്പകൽ അടിമകളെപ്പോലെ ജോലി ചെയ്യേണ്ടിവരുന്ന ഒരു വിഭാഗമാണ്.

ആഭ്യന്തരവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): പോലീസ് വകുപ്പിൽ ക്യാമ്പ് ഫോളോവേഴ്സ് തസ്തികയിൽ ജോലിചെയ്യുന്നവർ സ്വീപ്പർ, കുക്ക്, വാട്ടർ ക്യാരിയേഴ്സ്, ധോബി തുടങ്ങിയവരുടെ ഡ്യൂട്ടിയാണ് ചെയ്യുന്നത്. ഇപ്പോൾ പോലീസ് ക്യാമ്പ് ഫോളോവേഴ്സിന് മാത്രമായി സ്പെഷ്യൽ റൂൾസ് നിലവിലില്ല. ഇക്കാരണത്താൽ എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് വഴിയാണ് നിയമനം നടത്തിവരുന്നത്. ഇപ്രകാരം നിയമിക്കപ്പെടുന്നവരെ സ്ഥിരപ്പെടുത്തുന്ന രീതിയാണ് നിലവിലുള്ളത്. എന്നാൽ മറ്റു ഡിപ്പാർട്ടുമെന്റുകളിൽ സ്വീപ്പർ, ധോബി തുടങ്ങിയ തസ്തികകളിൽ ലാസ്റ്റ് ഗ്രേഡ് തസ്തികകൾക്കുവേണ്ടി ഉണ്ടാക്കപ്പെട്ട സ്പെഷ്യൽ റൂൾസ് പ്രകാരം പി.എസ്.സി. മുഖേനയാണ് നിയമനം നടത്തിവരുന്നത്. ഇക്കാരണത്താൽ പോലീസ് വകുപ്പിലെ ക്യാമ്പ് ഫോളോവേഴ്സിന് മാത്രമായി ഒരു സ്പെഷ്യൽ റൂൾ ഉണ്ടാക്കുന്നത് സംബന്ധിച്ച ചർച്ചകൾ വകുപ്പുതലത്തിൽ ഇപ്പോൾ നടന്നുവരികയാണ്. നിലവിലുള്ള സ്ഥിതി പ്രകാരം ക്യാമ്പ് ഫോളോവേഴ്സിനെ എക്സിക്യൂട്ടീവ് വിഭാഗത്തിലോ സിവിൽ വിഭാഗത്തിലോ ഉൾപ്പെടുത്താൻ സാധിക്കാത്ത അവസ്ഥ ഉള്ളതായി കാണുന്നു. കാരണം മറ്റു ഡിപ്പാർട്ടുമെന്റുകളിലെ ജീവനക്കാരെപ്പോലെ ഇവരും പി.എസ്.സി. നടത്തുന്ന അറ്റൻഡർ ടെസ്റ്റിൽ പങ്കെടുക്കുകയും അവിടെനിന്ന് ജയിച്ചുവരുന്ന മുറയ്ക്ക് പ്യൂൺ തുടങ്ങിയ ക്ലാസ് ഫോർ ജീവനക്കാരോടൊപ്പം അറ്റൻഡർ പ്രൊമോഷൻ വാങ്ങുകയും ചെയ്യുന്നു. ഈ കാരണത്താൽ സിവിൽ ആയിട്ടാണ് പിന്നീട് വരുന്നത്. എന്നാൽ പോലീസ് വകുപ്പിലെ ക്യാമ്പ് ഫോളോവേഴ്സിന് ചില പ്രത്യേകതകൾ ഉണ്ട്. ഓരോ പോലീസ് ക്യാമ്പിലും പോലീസിനോടൊപ്പം കമ്പനികളിൽ അവർക്ക് ഡ്യൂട്ടിചെയ്യാം. പോലീസിൽ എക്സിക്യൂട്ടീവ് വിഭാഗത്തിന് നൽകുന്ന അലവൻസുകൾ ഇവർക്കും നൽകുന്നുണ്ട്. അവധി ദിവസങ്ങളിൽ ജോലിചെയ്യുന്നവർക്ക് ഓഫ് ഡ്യൂട്ടി അലവൻസ്, പോലീസുകാർക്ക് ലഭിക്കുന്ന യൂണിഫോം അലവൻസ് ഇവയെല്ലാം ലഭ്യമാണ്. പോലീസിന് ലഭിക്കുന്ന മിക്ക ആനുകൂല്യങ്ങളും നൽകിക്കൊണ്ടിരിക്കുന്നുണ്ട്. സിവിൽ വിഭാഗത്തിലോ എക്സിക്യൂട്ടീവ് വിഭാഗത്തിലോ ഇവരെ ഉൾപ്പെടുത്തുന്ന കാര്യം സ്പെഷ്യൽ റൂൾസ് നിലവിൽ വന്ന് കഴിയുമ്പോൾ പരിശോധിക്കുന്നതാണ്. ഇത് മാറ്റുന്നതിനുവേണ്ടി ക്യാമ്പ് ഫോളോവേഴ്സിന് സ്പെഷ്യൽ റൂൾസ് കൊണ്ടുവരുന്ന കാര്യം സർക്കാർ സജീവമായി പരിഗണിക്കും.

LIBRARY ARCHIVES Kerala Legislative Assembly

## (21) വയനാട് ജില്ലയ്ക്ക് പ്രകൃതിക്ഷോഭ ദുരിതാശ്വാസ സഹായം

ശ്രീ. എം. വി. ശ്രേയാംസ്കുമാർ : വയനാട് ജില്ലയിലെ കാർഷിക പ്രതിസന്ധിയും കർഷക ആത്മഹത്യയും ഈ ഗവൺമെന്റിന് അറിയാവുന്നതാണ്. വില ഇടിവും കൃഷി നാശവും അതുപോലെതന്നെ രോഗ ബാധയും പ്രകൃതി ക്ഷോഭങ്ങളും മൂലം കർഷക ജീവിതം പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്. പ്രകൃതിക്ഷോഭ ദുരിതാശ്വാസമായി ഏഴു കോടി തൊണ്ണൂറു ലക്ഷം രൂപ വയനാട് ജില്ലയ്ക്കുവേണ്ടി ആവശ്യപ്പെട്ടിട്ടുണ്ട്. 2004 മുതൽ 31-6-2006 വരെയുള്ള കാലത്ത് വരൾച്ച, കാലവർഷക്കെടുതി എന്നീ ഇനങ്ങളിലാണ് ദുരിതാശ്വാസം നൽകാനുള്ളത്. 2005-ലെ തെക്കു പടിഞ്ഞാറൻ കാലവർഷത്തിൽ മാത്രം 1433 കർഷകർക്ക് 421 ലക്ഷത്തിലധികം രൂപയുടെ നാശനഷ്ടങ്ങളുണ്ടായി. ദുരിതാശ്വാസത്തിന് അനുവദിക്കുന്ന തുക പലപ്പോഴും അർഹരായവർക്കും ലഭിക്കുന്ന സ്ഥിതിയില്ല. മുൻകാലങ്ങളിലെ അനുഭവം ഇതാണ് വ്യക്തമാക്കുന്നത്. ഈ ഗവൺമെന്റ് ഈ സ്ഥിതി തുടരാതിരിക്കാൻ നടപടി സ്വീകരിക്കണം. തുക അർഹരായവരുടെ കൈയിൽത്തന്നെ എത്തണം. വയനാട് ജില്ലയിലെ പ്രത്യേക സാഹചര്യം പരിഗണിച്ച് പ്രകൃതി ക്ഷോഭദുരിതാശ്വാസത്തിനായി തുക അടിയന്തിരമായി അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) : ഏറ്റവും മുന്തിയ പരിഗണന കൊടുത്ത് അടിയന്തിര സഹായം എത്തിക്കേണ്ട സ്ഥലമാണ് വയനാട് ജില്ല. ഇവിടെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. ഈ ഗവൺമെന്റ് വന്നശേഷം ഏറ്റവും മുന്തിയ പരിഗണന കൊടുത്ത് ഇത് നിർവ്വഹിച്ചു എന്ന് അറിയിക്കുകയാണ്. ഇനിയും കൊടുത്തുതീർത്തിട്ടില്ല എന്ന് പറഞ്ഞതും ശരിയാണ്. പ്രകൃതി ദുരിത നിവാരണത്തിന് വയനാട് ജില്ലയിൽ 11-7-2006-ലെ ജി. ഒ. അനുസരിച്ച് ഒരുകോടി ഇരുപത്തെട്ട് ലക്ഷം രൂപ ആദ്യം അനുവദിച്ചു. 12-9-2006-ലെ ജി.ഒ. അനുസരിച്ച് 55 ലക്ഷം രൂപ അനുവദിച്ചു. 25-8-2006-ൽ ജില്ലാ കളക്ടറുടെ പ്രത്യേക ആവശ്യപ്രകാരം കാലവർഷക്കെടുതികൾക്ക് 4,21,92,829 രൂപ അനുവദിച്ചു. വടക്കുകിഴക്കൻ കാലവർഷക്കെടുതികൾക്ക് 1,42,953 രൂപയും 2006-ലെ വേനൽക്കാല തീപിടിത്തം എന്ന ഹെഡിൽ പതിനൊന്നായിരത്തി ചില്വാനം രൂപയും പിന്നീട് 69 ലക്ഷം രൂപയും പിന്നെ കാലവർഷക്കെടുതിയുമായി ബന്ധപ്പെട്ട് 7,20,000 രൂപയും നൽകി. ഇതെല്ലാം കൂടി നോക്കിയാൽ വയനാട് ജില്ലയ്ക്ക് അനുവദിച്ച സംഖ്യ ആവശ്യത്തിന് പോരായെങ്കിലും ഏറ്റവും കൂടുതൽ സംഖ്യ ഇപ്പോൾ അനുവദിച്ചിട്ടുള്ളത് വയനാട് ജില്ലയ്ക്കാണ്. ഈ തുക ഏത് ആവശ്യത്തിനാണ് ചെലവാക്കേണ്ടത് എന്ന സി.ആർ.എഫ്. നോംസ് അനുസരിച്ച് പറയാൻ കഴിയും. ഭക്ഷണം, വസ്ത്രം, പുനരധിവാസം, മരുന്ന്, കൃഷി നാശം, കൃഷി നാശവുമായി ബന്ധപ്പെട്ട് വരുന്ന മറ്റു നഷ്ടങ്ങൾ പരിഹരിക്കുക തുടങ്ങിയ വിവിധ ആവശ്യങ്ങൾക്കാണ് ഉപയുക്തമാക്കുന്നത്. ഇത് ഓരോ ഇനം തിരിച്ച് ഏതു വിഭാഗത്തിന് കൊടുത്തുവെന്ന കണക്ക് ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. അത് കിട്ടുന്ന മുറയ്ക്ക് ബഹുമാനപ്പെട്ട മെമ്പറെ അറിയിക്കുന്നതായിരിക്കും. ഇതിന് പുറമേ വയനാട് ജില്ലയിൽ കഴിഞ്ഞ കാലത്ത് കിട്ടിയതിനേക്കാൾ തുക ഇക്കഴിഞ്ഞ നാലുമാസംകൊണ്ട് കൊടുത്തുതീർക്കാൻ കഴിഞ്ഞു. കഴിഞ്ഞ കാലങ്ങളിൽ വയനാട് ജില്ലയ്ക്ക് കാര്യമായി ഒന്നും കൊടുത്തില്ല. വയനാട് ജില്ലയിലാണ് ഏറ്റവും കൂടുതൽ

LIBRARY ARCHIVES Kerala Legislative Assembly

നാശനഷ്ടങ്ങളുണ്ടായത് എന്നതാണ് വാസ്തവം. അതുകൊണ്ട് അർഹമായതും ന്യായമായതുമായ സംഖ്യ കൊടുത്തുതീർക്കും. വലിയ കുടിശ്ശിക ആയി കിടക്കുകയാണ്. കുടിശ്ശിക പരമാവധി കൊടുത്തുതീർക്കാൻ നടപടി സ്വീകരിക്കും.

## (22) കണ്ണൂർ ജില്ലാ സെൻട്രൽ ലൈബ്രറിക്ക് കെട്ടിടം പണിയാൻ ഭൂമി

ശ്രീ. കെ.പി. മോഹനൻ : സർ, കണ്ണൂർ ജില്ലയിലെ സെൻട്രൽ ലൈബ്രറിക്ക് കെട്ടിടം പണിയുന്നതിന് ഭൂമി അനുവദിച്ചുകിട്ടുന്നതിനുവേണ്ടി ലൈബ്രറി കൗൺസിൽ സെക്രട്ടറിയും ഭാരവാഹികളും അപേക്ഷിച്ചിരുന്നു. ഇപ്പോൾ വാടക കെട്ടിടത്തിലാണ്, പ്രവർത്തിക്കുന്നത്. പാട്ടക്കുടിശ്ശിക മുഴുവൻ അടച്ചുതീർത്താൽ ലൈബ്രറി കൗൺസിലിന് ഭൂമി വിട്ടുകൊടുക്കാമെന്ന് കഴിഞ്ഞ സഭയിൽ വാക്കുതന്നിരുന്നതാണ്. പക്ഷേ നടപടി ആയിട്ടില്ല. സെൻട്രൽ ലൈബ്രറിക്ക് ഭൂമി വിട്ടുകൊടുക്കുന്നതിനും കെട്ടിടം പണിയുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) : സർ, കണ്ണൂർ ജില്ലാ സെൻട്രൽ ലൈബ്രറിയുടെ പാട്ടക്കുടിശ്ശിക തീർത്താൽ ഭൂമി പതിച്ചുനൽകാമെന്ന് മുൻപ് വാഗ്ദാനം ചെയ്തിട്ട് അത് നൽകിയില്ല എന്ന് പറഞ്ഞത് പരിശോധിച്ചു. പാട്ടക്കുടിശ്ശിക ഒരുവർഷം മുൻപുവരെയുളളത് അടച്ചിട്ടുണ്ട്. 15 സെന്റ് ഭൂമിയിൽ അഞ്ച് സെന്റ് വില്ലേജ് ഓഫീസിന്റെ ആവശ്യത്തിന് മാറ്റിവച്ചാൽ ബാക്കി 10 സെന്റ് ഭൂമി അവർക്ക് നൽകണമെന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്. പക്ഷേ ചർച്ചകളുടെ അടിസ്ഥാനത്തിൽ സെന്റ് ഒന്നിന് 2.2 ലക്ഷം രൂപ പ്രകാരം 22 ലക്ഷം രൂപ അടയ്ക്കണം എന്നാണ് ഒരു പ്രൊപ്പോസൽ വന്നത്. ഇത്രയും സംഖ്യ അടച്ച് ലൈബ്രറിക്ക് സ്ഥലം പതിച്ച് എടുക്കാൻ കഴിയുന്നതല്ല എന്നത് വളരെ വ്യക്തമാണ്. ബാധ്യത ഗവൺമെന്റ് ഏറ്റെടുത്ത് ലൈബ്രറിക്ക് സ്വന്തമായി സ്ഥലം കൊടുത്ത് കെട്ടിടം പണിയണമെന്നത് ന്യായമായ ആവശ്യമാണ്. അതിന് ആവശ്യമായ ഒരു മാനദണ്ഡം സ്വീകരിച്ചുകൊണ്ട് ഈ ഗവൺമെന്റ് വന്നശേഷം വളരെ നാമമാത്രമായ സംഖ്യ ഈടാക്കി സൗജന്യ നിരക്കിൽ, മൂന്ന് വായനശാലകൾക്ക് സ്ഥലം അനുവദിച്ചു. ഇതും അങ്ങനെതന്നെ പരിഗണിക്കാനാണ് ഉദ്ദേശിക്കുന്നത്. കണ്ണൂർ ജില്ലയിലെ സെൻട്രൽ ലൈബ്രറിക്ക് ഭൂമി പതിച്ചു നൽകുന്നതിന് പുതിയ നിർദ്ദേശം നൽകാൻ ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## (23) കണ്ണൂർ എസ്.എൻ.കോളേജിൽ വർദ്ധിച്ചുവരുന്ന അക്രമസംഭവങ്ങൾ

ശ്രീ. പി.സി.വിഷ്ണുനാഥ് : സർ, കണ്ണൂർ എസ്.എൻ. കോളേജ് നിരന്തരം സംഘർഷ ഭൂമിയായി മാറിക്കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ ഒൻപതാം തീയതി പുറത്തുനിന്ന് ഒരു സംഘം ഡി.വൈ.എഫ്.ഐ. പ്രവർത്തകർ കോളേജ് കാമ്പസിൽ അതിക്രമിച്ചുകടന്ന് അവിടെയുണ്ടായിരുന്ന കെ.എസ്.യു. പ്രവർത്തകരെ ക്രൂരമായി

LIBRARY ARCHIVES Kerala Legislative Assembly

മർദ്ദിക്കുകയുണ്ടായി. അവരുടെ ആക്രമണത്തിൽ ജിനോഷ്, ജസ്റ്റിസൺ, വിജിത് തുടങ്ങിയ കെ.എസ്.യു. നേതാക്കൾക്ക് പരിക്ക് പറ്റി. ഇതെല്ലാം പോലീസുകാരുടെ സാന്നിദ്ധ്യത്തിലാണ് നടന്നിട്ടുള്ളത് പോലീസുകാർ അവിടെയുള്ളപ്പോൾത്തന്നെയാണ് പുറത്തുനിന്നുള്ള സംഘം കയറി ആക്രമിച്ചത്. അവരെ ആശുപത്രിയിൽ കൊണ്ടുപോകാൻ ആവശ്യപ്പെട്ടപ്പോൾ അവർ തയ്യാറായില്ല. അതിനുശേഷം കെ.എസ്.യു. സംസ്ഥാന സെക്രട്ടറി ബിനോജ് അടക്കമുള്ളവർ ഒരു വാഹനത്തിൽ അവിടെ വന്നു. അവരെ തോട്ടടയിൽ വച്ച് ഇതേ സംഘം തടഞ്ഞു വാഹനം അടിച്ചുതകർക്കുകയും കെ.എസ്.യു. സംസ്ഥാന സെക്രട്ടറി അടക്കമുള്ളവരെ ക്രൂരമായി മർദ്ദിക്കുകയും ചെയ്തു. ഏറ്റവും വേദന തോന്നിയ കാര്യം, കമൽജിത്തിനെപ്പോലെയുള്ള നേതാക്കൾക്കെതിരെ സെക്ഷൻ 308 പ്രകാരം കേസ് എടുത്തിരിക്കുകയാണ്. അടിച്ചതിനുശേഷം അവർക്കെതിരെ ഏറ്റവും വലിയ വകുപ്പിൽ കേസെടുത്ത സാഹചര്യമുണ്ടായിരിക്കുകയാണ്. കോളേജിൽ പഠിക്കുന്ന കുട്ടികളുടെ വീടുകളിൽ കയറി ഭീഷണിപ്പെടുത്തൽ, കോളേജിൽ മർദ്ദനം, കോളേജിന് പുറത്ത് ഭീഷണിപ്പെടുത്തൽ ഇത്തരം ഭീകരാന്തരീക്ഷം അവിടെ നിലനിൽക്കുന്നു. അതിനുശേഷം വനിതാ കോളേജ് ക്യാമ്പസിൽ കയറി കെ.എസ്.യു. പ്രവർത്തകരായ പെൺകുട്ടികളെ ഭീഷണിപ്പെടുത്തുന്ന സാഹചര്യവുമുണ്ട്. ഈ സാഹചര്യത്തിൽ അടിയന്തിരമായി ആഭ്യന്തരവകുപ്പ് മന്ത്രി ഇടപെട്ട് തീരുമാനമുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, കണ്ണൂർ എസ്.എൻ. കോളേജിൽ കെ.എസ്.യു.- എസ്.എഫ്.ഐ. പ്രവർത്തകർ തമ്മിൽ 2006 ആഗസ്റ്റ് ഒന്നാം തീയതി ചില സംഘടനാ പ്രശ്നങ്ങളെക്കുറിച്ച് സംസാരിച്ച് വഴക്കുണ്ടാക്കുകയും കോളേജിലെ എസ്. എഫ്. ഐ.

12 NOON]

പ്രവർത്തകനായ ബിരുദ വിദ്യാർത്ഥി റിജിലിനെ കെ. എസ്. യു. (കോൺഗ്രസ്) പ്രവർത്തകരായ 12 പേർ ചേർന്ന് ബാത്ത്റൂമിൽ പിടിച്ചുകൊണ്ടുപോയി ദേഹോപദ്രവം ഏൽപ്പിക്കുകയും ചെയ്തു. അക്കാര്യത്തിൽ ഇൻഡ്യൻ ശിക്ഷാനിയമം 143, 147, 148, 149, 341, 323, 324 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം 354/2006 നമ്പരായി കണ്ണൂർ ടൗൺ പോലീസ് ഒരു ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. അതിന്റെ തുടർച്ചയെന്നോണം മറ്റൊരു സംഭവം നടന്നു. കെ.എസ്.യു. സംസ്ഥാന ജനറൽ സെക്രട്ടറി കെ.ബി. ബിനോജിനേയും കെ.എസ്.യു. പ്രവർത്തകരേയും 10-ാം തീയതി 3 മണിയോടെ എസ്.എൻ. കോളേജ് ബസ് സ്റ്റേഷനടുത്ത് വച്ച് പന്ത്രണ്ടോളം എസ്.എഫ്.ഐ. പ്രവർത്തകർ ചേർന്ന് ദേഹോപദ്രവം ഏൽപ്പിച്ചതായും പരാതി കിട്ടി. അതിന്റെ അടിസ്ഥാനത്തിൽ ഇൻഡ്യൻ ശിക്ഷാ നിയമം 143, 147, 148, 149, 323, 324, 326 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം 374 നമ്പരായി ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നുണ്ട്. രണ്ട് കേസുകളുടേയും കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടുമുണ്ട്. അന്നുതന്നെ 10-ാം തീയതി വൈകിട്ട് 4 മണിക്ക് കോളേജ് എസ്.എഫ്.ഐ. യൂണിറ്റ് സെക്രട്ടറി സലീമിനേയും സുഹൃത്തിനേയും കെ.എസ്.യു. യൂത്ത് കോൺഗ്രസ് പ്രവർത്തകരായ 8 പേർ എസ്.എൻ. കോളേജ് വനിതാ ഹോസ്റ്റലിനു സമീപം വച്ച് തടഞ്ഞുനിർത്തി ദേഹോപദ്രവം ഏൽപ്പിച്ചു എന്ന് മറ്റൊരു പരാതിയും വന്നു. ഈ കാര്യത്തിലും ഒരു



LIBRARY ARCHIVES Kerala Legislative Assembly

കേസ് പോലീസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നുണ്ട്. വീണ്ടും കെ.എസ്.യു. യൂത്ത് കോൺഗ്രസ്സ് പ്രവർത്തകരായ പത്തുപേർ ചേർന്ന് എസ്.എഫ്.ഐ. പ്രവർത്തകനായ ശ്യാംജിത്ത് സുരേഷിനെ ദേഹോപദ്രവം ഏൽപ്പിച്ചു. അതിന്റെ പേരിലും ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. എസ്.എഫ്.ഐ. പ്രവർത്തകരായ 13 പേർ കെ.എസ്.യു. പ്രവർത്തകനായ കമൽ ജിത്തിനേയും മറ്റും അവർ സഞ്ചരിച്ചിരുന്ന വാഹനം തടഞ്ഞുനിർത്തി ദേഹോപദ്രവം ഏൽപ്പിച്ച് കാറിനു കല്ലെറിഞ്ഞ് നാശം വരുത്തിയതായി പരാതിപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അതിനും ഒരു കേസ്സ് ക്രൈം 477/06 നമ്പരായി ടൗൺ പോലീസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നുണ്ട്. കോളേജിലും പരിസര പ്രദേശത്തും ശക്തമായ പോലീസ് പട്രോളിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്. അനിഷ്ട സംഭവങ്ങൾ ഉണ്ടകാതിരിക്കാനുള്ള എല്ലാ ജാഗ്രതാ നടപടിയും സ്വീകരിച്ചുവരുന്നുണ്ട്. പരസ്പരം ചർച്ചകൾ ചെയ്ത് അവിടെയുള്ള സംഘർഷാവസ്ഥ ഇല്ലാതാക്കാനുള്ള ശ്രമം നടത്തണം. അക്കാര്യത്തിൽ കെ.എസ്.യു. പ്രസിഡന്റായി ശ്രീ. വിഷ്ണുനാഥും തന്റെ അനുയായികൾക്ക് ഒരു നിർദ്ദേശം കൊടുക്കുന്നത് നന്നായിരിക്കും. ആ തരത്തിൽ ഈ പ്രശ്നം പരിഹരിക്കാൻ ശ്രമിക്കണം എന്നാണ് എനിക്ക് നിർദ്ദേശിക്കാനുള്ളത്.

## (24) വൈലത്തൂരിൽ റസീന എന്ന പെൺകുട്ടിയെ പീഡിപ്പിച്ചതു സംബന്ധിച്ച്

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : സർ, എന്റെ നിയോജക മണ്ഡലത്തിൽപ്പെട്ട വൈലത്തൂരിൽ ഒരു പെൺകുട്ടിയെ ജോലി നൽകാമെന്ന് വാഗ്ദാനം ചെയ്ത് 2006 ആഗസ്റ്റ് 10-ന് കോഴിക്കോട് കൊണ്ടുപോകുകയും ഒരാഴ്ചക്കാലം സംഘം ചേർന്ന് പീഡിപ്പിച്ചതിനുശേഷം മലപ്പുറത്ത് കൊണ്ടുവന്ന് ഇറക്കിവിടുകയും ചെയ്തിരിക്കുകയാണ്. ബസ് കൂലിപോലും കയ്യിലില്ലാതെ കരയുന്ന ആ പെൺകുട്ടിയെ നാട്ടുകാർ പോലീസ് സ്റ്റേഷനിൽ എത്തിക്കുകയുണ്ടായി, കൊല്ലുമെന്ന് ഭീഷണിപ്പെടുത്തിയിരിക്കുന്നതുമൂലം പെൺകുട്ടി പ്രതിയുടെ പേരുപറയാൻ മടിക്കുകയാണ്. പിതാവ് ഭയപ്പാടുകൊണ്ട് തന്റെ തൊട്ടടുത്ത സുഹൃത്തായ ഡ്രൈവർ കുഞ്ഞിക്കാരു മകൻ വിജയന്റെ വീട്ടിൽ ഈ പെൺകുട്ടിയെ താമസിപ്പിക്കുകയുമാണുണ്ടായത്. എന്നാൽ അതേ ദിവസം 21-9-2006-ന് രാത്രി 2 മണിക്ക് വിജയന്റെ വീട്ടിൽ ഒരു സംഘം ആളുകൾ ഒരു ക്വാളിസ് കാറിൽ വരികയും സി.ഐ. വിളിക്കുന്നു എന്നുപറഞ്ഞ് വിജയനേയും അദ്ദേഹത്തിന്റെ സഹോദരൻ ദാമോദരനേയും പുറത്തേയ്ക്ക് വിളിച്ചുകൊണ്ടുപോയി കയ്യും കാലും വാള് കൊണ്ട് വെട്ടി പരിക്കേൽപ്പിച്ച് വഴിയിൽ ഉപേക്ഷിച്ച് പോകുകയും ചെയ്തു. നാട്ടുകാർ അവരെ ആശുപത്രിയിൽ എത്തിച്ചു. ഈ സംഭവം സംബന്ധിച്ച് ഒരു ആക്ഷൻ കമ്മിറ്റി ഉണ്ടാക്കി പ്രവർത്തനം നടന്നുകൊണ്ടിരിക്കുമ്പോൾ ആണ് ഏറ്റവും ഒടുവിൽ അവിടെയുള്ള തുമ്പിൽ ഹബീബ് റഹ്മാൻ എന്നുപറയുന്ന ഗാർമെന്റ്സ് യൂണിറ്റ് നടത്തുന്ന ഒരാളോട് രണ്ടു ലക്ഷം രൂപ കേസ് നടത്താൻ വേണ്ടി ഈ പ്രതികളും സംഘവും ആവശ്യപ്പെടുന്നത്. അത് നൽകാൻ തയ്യാറല്ല എന്നുപറഞ്ഞതിന് അദ്ദേഹത്തിന്റെ കട 3-10-2006-ന് പുലരാൻ സമയത്ത് തീകൊളുത്തി നശിപ്പിച്ചിരിക്കുകയാണ്. അങ്ങനെ ഒരു ഗുണ്ടാ സംഘം തന്നെയുണ്ട്, ഇതുവരെ

LIBRARY ARCHIVES Kerala Legislative Assembly

പ്രതികളെ പിടികൂടാൻ സാധിച്ചിട്ടില്ല. മാധ്യമം ദിനപത്രത്തിന്റെ തലക്കെട്ടു തന്നെ വെലത്തൂർ മുംബെയ് തെരുവോ എന്നുചോദിച്ചുകൊണ്ടാണ്. ഈ രീതിയിൽ വളരെ അപമാനകരമായ, ഒരു നാട്ടിലെ ജനങ്ങൾ മുഴുവൻ ഭീതിയോടുകൂടി കഴിയുന്ന ഈ കേസിൽ പ്രധാന പ്രതി വിദേശത്തേക്ക് കടന്നിരിക്കുന്നു എന്നാണ് ഇപ്പോൾ പറയുന്നത്. ഒരു വലിയ അപകടകരമായ, ഭീതിയുണ്ടാക്കുന്ന അവസ്ഥ വൈലത്തൂരിൽ സൃഷ്ടിച്ചിരിക്കുകയാണ്. തീർച്ചയായും ഈ കാര്യത്തിൽ അടിയന്തിരമായ തീരുമാനങ്ങൾ എടുത്ത് പ്രതികളെ പിടികൂടണമെന്ന് അപേക്ഷിക്കുകയാണ്. ഈ കാര്യം ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയോട് ഒരു എം.എൽ.എ. എന്ന നിലയിൽ പലതവണ വിനീതനായി ഞാൻ ആവശ്യപ്പെട്ടിരുന്നതാണ്. ഒരിക്കൽക്കൂടി ഈ സഭയിൽ ആവശ്യപ്പെടുന്നു.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, മലപ്പുറം കൽപ്പകഞ്ചേരി വൈലത്തൂരിൽ താമസിക്കുന്ന കോവുക്കുട്ടിയുടെ മകൾ റസീന എന്ന പെൺകുട്ടിയെ ജോലി വാഗ്ദാനം ചെയ്ത് ഷംസു, യാസർ, ബായി എന്നിവർ 2006 ആഗസ്റ്റ് 10-ാം തീയതി കൂട്ടിക്കൊണ്ടുപോയി. തുടർന്ന് വിവിധ സ്ഥലങ്ങളിൽ താമസിപ്പിച്ച് മേൽപ്പറഞ്ഞവർ തന്നെ പീഡിപ്പിച്ചതായി തിരൂർ പോലീസ് സർക്കിൾ ഇൻസ്പെക്ടർ മുമ്പാകെ 23-8-2006-ന് റസീന പരാതിപ്പെട്ടു. അതിന്റെ അടിസ്ഥാനത്തിൽ തിരൂർ പോലീസ് സ്റ്റേഷൻ ക്രൈം 615/2006 നമ്പരായി ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയുണ്ടായി. സംഭവസ്ഥലം കൽപ്പകഞ്ചേരി പോലീസ് സ്റ്റേഷൻ പരിധിയിൽ ആയതിനാൽ കേസ് പ്രസ്തുത സ്റ്റേഷനിലേക്ക് അന്വേഷണത്തിനായി അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. ഇൻഡ്യൻ ശിക്ഷാ നിയമം 366, 376 (ജി) എന്നീ വകുപ്പുകൾ പ്രകാരം ക്രൈം 306/2006 നമ്പരായി കൽപ്പകഞ്ചേരി പോലീസ് സ്റ്റേഷനിൽ കേസ് എടുക്കുകയും ചെയ്തിട്ടുണ്ട്. തുടർന്നുള്ള അന്വേഷണത്തിൽ ഈ പെൺകുട്ടിയെ ലൈംഗീകമായി പീഡിപ്പിച്ചത് സുധീർ എന്നയാളും മറ്റ് 8 പേരുമാണെന്ന് വെളിപ്പെട്ടു. അവരിൽ മുഹമ്മദ് ഷെറി, ഫൈസൽ ബാബു എന്നീ രണ്ടുപേരെ തിരിച്ചറിയുകയും അവരെ അറസ്റ്റ് ചെയ്യുകയും ചെയ്തു. ഇതുമായി ബന്ധപ്പെട്ട് 22-9-2006-ന് രാത്രി ഒരു കാറിൽ വന്ന മൂന്നുപേർ കോവുക്കുട്ടി ഈ കേസിൽ സഹായിച്ചു എന്ന് ആരോപിച്ചുകൊണ്ട് അയാളുടെ സുഹൃത്ത് വിജയനേയും സഹോദരൻ ദാമോദരനേയും വെട്ടി പരിക്കേൽപ്പിച്ചു. ഇക്കാര്യത്തിൽ ഇൻഡ്യൻ ശിക്ഷാ നിയമം 307, 326, 34 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം 347/2006 നമ്പരായി മറ്റൊരു കേസ്സും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതുകൂടാതെ ഈ കേസ്സിന്റെ നടത്തിപ്പിനായി രണ്ടു ലക്ഷം രൂപ, നൽകണമെന്ന് സുധീർ, തുമ്പിൽ ഹബീബ് റഹ്മാനോട് ആവശ്യപ്പെട്ടു. അത് നൽകാത്തതിലുള്ള വിരോധം വച്ച് അത്താണിക്കൽ തുമ്പിൽ ഹബീബ് റഹ്മാന്റെ വക ഹബീബ് കളക്ഷൻ എന്ന ഗാർമെന്റ് സ്ഥാപനം ഒക്ടോബർ മൂന്നാം തീയതി രാത്രി തീവച്ച് നശിപ്പിച്ചതായി കാണപ്പെട്ടു. ഇതിന് നൽകിയ പരാതിയുടെ അടിസ്ഥാനത്തിലും ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നുണ്ട്. തിരൂർ ഡിവൈ.എസ്.പി.-യുടെ നേതൃത്വത്തിൽ തിരൂർ സർക്കിൾ ഇൻസ്പെക്ടറും, വളാഞ്ചേരി സർക്കിൾ ഇൻസ്പെക്ടറും ഉൾപ്പെടെ ഒരു പ്രത്യേക സ്ക്വാഡ് രൂപീകരിച്ച് ഇതിന്റെ അന്വേഷണം ഊർജ്ജിതമാക്കാൻ നിർദ്ദേശം

LIBRARY ARCHIVES Kerala Legislative Assembly

നൽകിയിട്ടുണ്ട്. ഇത്തരത്തിലുള്ള സംഘം നാട്ടിൽ നടത്തുന്ന ഇതുപോലുള്ള പ്രവർത്തനങ്ങൾക്കെതിരെ ഗവൺമെന്റ് ശക്തമായ നടപടി സ്വീകരിക്കുന്നതാണ്. ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെ നിർദ്ദേശിച്ചതുപോലെയുള്ള മറ്റു നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് നിർദ്ദേശം കൊടുക്കാം.

### (25) പരശുവയ്ക്കലിലെ റോഡപകടം

**ശ്രീ. ശിവൻകുട്ടി:** സർ, 23-10-2006-ന് വൈകുന്നേരം 6 മണിക്ക് ദേശീയപാതയിൽ പാറശ്ശാലക്കടുത്ത് പരശുവയ്ക്കലിൽ വച്ച് മണൽകയറ്റിവന്ന ഒരു ലോറി കാറിൽ ഇടിച്ചതിന്റെ ഫലമായി കാറിലുണ്ടായിരുന്ന ഒരു കുടുംബത്തിൽപ്പെട്ട നാലുപേരും കാർ ഓടിച്ചിരുന്ന ഡ്രൈവറും ഉൾപ്പെടെ അഞ്ചുപേർ അതിദാരുണമായി മരണപ്പെട്ടു. ഈ സംഭവം അറിഞ്ഞ ഉടൻതന്നെ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ഈ സ്ഥലം സന്ദർശിച്ചു, ബഹുമാനപ്പെട്ട മന്ത്രി ശ്രീ.എം. വിജയകുമാറും മരണപ്പെട്ടവരുടെ കരമനയിലുള്ള വീടുകൾ സന്ദർശിക്കുന്നതിന് തയ്യാറായി. മണൽലോറികൾ, ടിപ്പർ ലോറികൾ, മൽസ്യം കയറ്റിക്കൊണ്ടുപോകുന്ന മിനി ലോറികൾ, ചില ദീർഘദൂര സ്വകാര്യ ബസ്സുകൾ ഒക്കെത്തന്നെ എല്ലാവിധ നിയമങ്ങളും ലംഘിച്ചുകൊണ്ടാണ് ഓടിക്കൊണ്ടിരിക്കുന്നത്. നമുക്ക് ഇവരെ നിയന്ത്രിക്കുന്നതിന് കർശനമായ നിയമം നടപ്പാക്കേണ്ടതായിട്ടുണ്ട്. കർശനമായ നടപടികൾ സ്വീകരിക്കുന്നതോടൊപ്പം റോഡ് സേഫ്റ്റി അതോറിറ്റി രൂപീകരിക്കണം. അതുപോലെത്തന്നെ റോഡ് സേഫ്റ്റിക്കു വേണ്ടിയുള്ള നിയമം നടപ്പാക്കുകയും വേണം. ഇതിന്റെ കൂട്ടത്തിൽ പറയാനുള്ള മറ്റൊരു കാര്യം മരണപ്പെട്ട മണികണ്ഠന്റെ കുടുംബത്തിന്റെ സ്ഥിതി വളരെ ദയനീയമാണ്. ബഹുമാനപ്പെട്ട അങ്ങും ശ്രീ. എം. വിജയകുമാറും ആ കുടുംബങ്ങൾ സന്ദർശിക്കുകയും അവരുടെ ദയനീയാവസ്ഥ നേരിൽ ബോദ്ധ്യപ്പെട്ടിട്ടുള്ളതുമാണ്. ഞാൻ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിക്ക് ഒരു നിവേദനം നൽകിയിട്ടുണ്ട്. ഈ രണ്ട് ആവശ്യങ്ങളും പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (**ശ്രീ. കോടിയേരി ബാലകൃഷ്ണൻ**): സർ, കരമന തളിയൽ ശ്രീകൃഷ്ണനഗറിൽ സുഷമയിൽ താമസിക്കുന്ന ശങ്കർ, ഭാര്യ ഗീത, മകൾ ഉമ, ഉമയുടെ ഭർത്താവ് വൈദ്യനാഥൻ എന്നിവർ സഞ്ചരിച്ചിരുന്ന മാരുതിക്കാർ അപകടത്തിൽപ്പെട്ട് കാറിൽ സഞ്ചരിച്ചിരുന്ന നാലുപേരും കാർ ഓടിച്ചിരുന്ന കരമന, തളിയൽ സ്വദേശി മണികണ്ഠനും മരണപ്പെടുകയുണ്ടായി. തിരുനെൽവേലിയിൽ ക്ഷേത്രദർശനം കഴിഞ്ഞ് മടങ്ങിവരികയായിരുന്ന കുടുംബം സഞ്ചരിച്ചിരുന്ന കാർ ദേശീയപാതയിൽ പരശുവയ്ക്കൽ എന്ന സ്ഥലത്തുവച്ച് ഒരു ലോറിയുമായി ഇടിച്ചാണ് അപകടമുണ്ടായത്. വൈദ്യനാഥൻ സംഭവസ്ഥലത്തുവച്ചു തന്നെ മരണപ്പെട്ടു. മറ്റുള്ളവരെ അടിയന്തിര ചികിൽസയ്ക്കായി ആശുപത്രിയിൽ കൊണ്ടുപോയി എങ്കിലും അവരും മരണപ്പെട്ടു. ഇക്കാര്യത്തിൽ ഇൻഡ്യൻ ശിക്ഷാനിയമം 279, 304 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം 533/2006 നമ്പരായി പാറശ്ശാല പോലീസ് സ്റ്റേഷനിൽ കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നുണ്ട്. നാഷണൽ ഹൈവേകളിലെ വാഹനങ്ങളുടെ അമിതമായ വേഗത നിയന്ത്രിക്കുന്നതിനും അപകടങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ഒഴിവാക്കുന്നതിനും ഹൈവേ പോലീസും ലോക്കൽ പോലീസും കൂടുതൽ ജാഗ്രത പുലർത്തുന്നതിനും കുറ്റകാർക്കെതിരായി കർശന നിയമനടപടി സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഡ്രൈവർ മണികണ്ഠന്റെ കാര്യം പ്രത്യേകിച്ച് ശ്രീ ശിവൻകുട്ടി പറയുകയുണ്ടായി. ഇത് പ്രത്യേക പരിഗണന കൊടുക്കേണ്ട കാര്യമാണെന്നാണ് ഗവൺമെന്റിന് തോന്നുന്നത്. അതുകൊണ്ട് ഇക്കാര്യത്തിൽ സാധാരണ ചെയ്യാൻ കഴിയുന്ന പരമാവധി സഹായമെന്നുള്ള നിലയിൽ മുപ്പതിനായിരം രൂപ മണികണ്ഠന്റെ കുടുംബത്തിന് നൽകുന്നതാണ്.

## (26) വേലൂർ കോടശ്ശേരി കരിങ്കൽക്വാറി തൊഴിലാളികൾ മിന്നലേറ്റു മരണപ്പെട്ടത് സംബന്ധിച്ച്

ശ്രീ. എ. സി. മൊയ്തീൻ: സർ, എന്റെ നിയോജകമണ്ഡലത്തിലെ വേലൂർ പഞ്ചായത്തിലെ കോടശ്ശേരിയെന്ന സ്ഥലത്ത് കരിങ്കൽ ക്വാറിയിൽ പണിയെടുത്തിരുന്ന മൂന്നു തൊഴിലാളികൾ 20-ാം തീയതി വൈകുന്നേരമുണ്ടായ ഇടിമിന്നലിൽ അതിദാരുണമായ രീതിയിൽ മരണപ്പെടുകയുണ്ടായി. ഇവർ പണിയെടുത്തിരുന്ന സ്ഥലത്ത് പാറപൊളിക്കാൻ ഉപയോഗിച്ചിരുന്ന സ്ഫോടക വസ്തുക്കൾ ഇടിമിന്നലിൽ തീപിടിച്ച് പൊട്ടിത്തെറിച്ചപ്പോൾ മരണം വളരെ ദാരുണമാകുകയാണുണ്ടായത്. വളരെ നിർദ്ധനരായ മൂന്ന് കുടുംബങ്ങളിലെ ആളുകളാണ് മരിച്ചത്. രണ്ടുപേർ അതിൽ പട്ടികജാതിക്കാരാണ്. വേലൂർ കോടശ്ശേരി കോളനിയിലെ ശശി തൈയ്യൂർ, കോരംകുന്നത്ത് കുഞ്ഞയ്യപ്പന്റെ മകൻ, സുബ്രമണ്യൻ എന്നീ രണ്ട് പട്ടികജാതിക്കാരാണ്. വളരെ പ്രായം കുറഞ്ഞ രണ്ട് ചെറിയ കുട്ടികളും വയസ്സായ മാതാപിതാക്കളുമാണ് അവർക്കുള്ളത്. അതുപോലെതന്നെ മരാമത്ത് വകുപ്പുമന്ത്രിയുടെ മണ്ഡലത്തിൽ കോതമംഗലം ഉരുളൻകണ്ണി സ്വദേശി പുത്തൻപുരയ്ക്കൽ ചാക്കോയുടെ മകൻ സിബി, അയാൾ ഇവിടെനിന്ന് കല്യാണം കഴിച്ചു താമസിച്ചിരുന്ന ഒരാളാണ്. അദ്ദേഹവും ഈ അപകടത്തിൽ മരിക്കുകയുണ്ടായി. ബഹുമാന്യനായ റവന്യൂവകുപ്പുമന്ത്രി വളരെപ്പെട്ടെന്നുതന്നെ ഈ സംഭവമറിഞ്ഞ് സ്ഥലത്തെത്തുകയും കുടുംബങ്ങൾക്ക് ആവശ്യമായ സഹായമെത്തിക്കാൻ പരിശ്രമിക്കുകയും ചെയ്തതു നന്ദിയോടെ ഓർക്കുകയാണ്. പതിനായിരം രൂപ അടിയന്തിര സഹായം പ്രഖ്യാപിച്ച് പിറ്റേദിവസം തന്നെ ആ സംഖ്യ റവന്യൂ അധികൃതർ ബഹുമാനപ്പെട്ട സ്പീക്കറുടെ സാന്നിദ്ധ്യത്തിൽ നൽകുകയുണ്ടായി. മരിച്ചവരുടെ കുടുംബങ്ങൾ വളരെ നിർദ്ധനരാണ്. വളരെ ചെറിയ കുട്ടികളാണ് ഇവർക്കുള്ളത്. ബഹുമാന്യനായ സ്പീക്കറുൾപ്പെടെ ഈ കുടുംബത്തിൽ വന്ന് അവരുടെ ദാരുണാവസ്ഥ കണ്ടിട്ടുള്ളതാണ്. പട്ടികജാതിക്കാരായ ഇവർക്ക്, താമസിക്കാൻ കഴിയുന്ന വീടുകൾ ഇല്ലാത്ത അവസ്ഥയാണുള്ളത്. അതുകൊണ്ട് നിർദ്ധനരായ ഈ കുടുംബങ്ങളെ കഴിവിന്റെ പരമാവധി സഹായിക്കാൻ ആവശ്യമായ നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്ന് സംഭവ സ്ഥലത്ത് വന്ന റവന്യൂ വകുപ്പുമന്ത്രിയോട് വിനയപൂർവ്വം ഞാൻ അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): സർ, ഈ സംഭവം ഉണ്ടായ ഉടനെതന്നെ എം.എൽ.എ. വിവരം അറിയിച്ചിരുന്നു. ഉദ്യോഗസ്ഥർ ആദ്യമെത്തി. ഉടനെതന്നെ ഞാനും അവിടെയെത്തിച്ചേർന്നു. വളരെ ദാരുണമായ ഒരു മരണമാണ് അവിടെ നടന്നത്. തലയൊക്കെ പൊട്ടിത്തെറിച്ച് വല്ലാത്ത അവസ്ഥയായിരുന്നു ഞങ്ങൾക്ക് അവടെ ചെല്ലുമ്പോൾ കാണാൻ കഴിഞ്ഞത്. ഈ മൂന്നുപേരും പാവപ്പെട്ട കുടുംബത്തിൽപ്പെട്ടവരാണ്. അവരെ ആശ്രയിച്ചാണ് പിതാവും മാതാവും അതുപോലെ ഭാര്യയും കുട്ടികളുമൊക്കെ കഴിയുന്നത്. ഈ മൂന്നു തൊഴിലാളികളിൽ രണ്ട് പേർ ഇവിടെ സൂചിപ്പിച്ചതുപോലെ, പട്ടികജാതിയിൽപ്പെട്ടവരാണ്. സിബിയാണ് എറണാകുളം ജില്ലയിൽനിന്നും അവിടെവന്ന് വിവാഹം കഴിച്ച്, ഈ അടുത്ത കാലത്ത് അവിടെ താമസമാക്കിയത്. നമുക്ക് എന്തൊക്കെ ചെയ്യാൻ കഴിയും അതൊക്കെ ചെയ്തു കൊടുക്കേണ്ടതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയേയും മറ്റുമൊക്കെ അവിടെവച്ചു തന്നെ ഞങ്ങൾ ടെലിഫോണിലൂടെ ബന്ധപ്പെട്ട്, പതിനായിരം രൂപവച്ച് ആ മൂന്നു കുടുംബങ്ങൾക്കും ബഹുമാനപ്പെട്ട സ്പീക്കറുടെ സാന്നിദ്ധ്യത്തിൽ തന്നെ പിറ്റേദിവസം കാലത്തു കൊടുത്തു. അവർക്ക് പരമാവധി കൊടുക്കാൻ കഴിയുന്ന രീതിയിൽ, നമ്മുടെ നോംസ് ഒക്കെ നോക്കി 50,000 രൂപ വീതം ഈ കുടുംബങ്ങൾക്ക് ഈ ആഴ്ച തന്നെ കൊടുക്കുന്നതിനുള്ള ഏർപ്പാട് ചെയ്യുന്നതാണ്. പതിനായിരം രൂപ അങ്ങയുടെ സാന്നിദ്ധ്യത്തിലാണ് കൊടുത്തത്. ഇതിനുപുറമേ ആ കുടുംബങ്ങൾക്ക്, കൂടുതൽ എന്തെങ്കിലും നമുക്ക് സഹായിക്കാൻ കഴിയുമെങ്കിൽ, ബഹുമാനപ്പെട്ട ശർമ്മയുമായിട്ടും, ശ്രീ. കുരുവിള, മിനിസ്റ്ററെ വിളിച്ചിട്ട് കിട്ടിയില്ല ,ഞങ്ങൾ തമ്മിലൊന്ന് ആലോചിച്ച് ഏറ്റവും കൂടുതൽ സഹായം നൽകാം. ഇതിനായി ബന്ധപ്പെട്ടവരുമായി ആലോചിച്ച് ഗവൺമെന്റ് കൊടുക്കുന്ന അൻപതിനായിരം രൂപയ്ക്ക് പുറമേ കുറച്ചുകൂടി സഹായം ആ കുടുംബത്തിന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ ഞങ്ങൾ സ്വീകരിക്കാം. ഇത് തൃശ്ശൂർ ജില്ലയിലെ വേലൂരിൽ ഉണ്ടായ ഒരു സംഭവം. അതിന്റെ പിറ്റേദിവസം ഈ രണ്ടുമൂന്നു ദിവസങ്ങളിലായിട്ട് തുടർച്ചയായിട്ട് ഇടിമിന്നലേറ്റ് പല സ്ഥലങ്ങളിലും അപകടമുണ്ടായി, മരണവും സംഭവിച്ചിട്ടുണ്ട്. ഒരുപാട് ആളുകൾക്ക് ഗുരുതരമായി പരിക്കുകൾ പറ്റിയിട്ടുണ്ട്. ഇടിമിന്നൽമൂലം അപകടത്തിൽപ്പെട്ട് മരിക്കുന്നവരുടെ എണ്ണം നമ്മുടെ സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന കാര്യം കൂടി ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇതിനെ ഏതുവിധത്തിലാണ് നമുക്ക് പ്രതിരോധിക്കാൻ, ഈ അപകടത്തിൽ നിന്ന് ജനങ്ങളെ എങ്ങനെ സംരക്ഷിക്കാൻ കഴിയുകയെന്നുള്ളത് ഗൗരവത്തോടുകൂടി നമുക്ക് ആലോചിക്കേണ്ടതാണ്.

## (27) റാന്നി ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിലെ റാഗിംഗ്

ശ്രീ. രാജു എബ്രഹാം: സർ, റാന്നി ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിലെ ഒന്നാം വർഷ വിദ്യാർത്ഥികളെ രണ്ടാം വർഷ വിദ്യാർത്ഥികൾ റാഗ് ചെയ്ത ദാരുണമായ സംഭവമുണ്ടായി. പ്രകൃതി വിരുദ്ധമായ കാര്യങ്ങളാണ് അവിടെ നടന്നത്. ഇതിൽ ഒരു വിദ്യാർത്ഥി ഇപ്പോൾ പോലീസിൽ പരാതി നൽകിയിട്ടുണ്ട്. മറ്റ് വിദ്യാർത്ഥികൾ ഇതുവരെ പരാതി നൽകിയിട്ടില്ല. ഇക്കാര്യത്തിൽ കർശന നടപടി സ്വീകരിക്കണം. അതോടൊപ്പംതന്നെ ഈ കുട്ടികൾക്ക് ഇനി അവിടെ പഠിക്കാൻ കഴിയുകയില്ല. മറ്റ് ടി.ടി.ഐ. സ്ഥാപനങ്ങളിൽ പഠിക്കാനുള്ള സംവിധാനവും ഗവൺമെന്റ് ഏർപ്പാട് ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, പത്തനംതിട്ട ജില്ലയിലെ റാന്നിയിൽ പ്രവർത്തിക്കുന്ന ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ പഠിക്കുന്ന ഒന്നാംവർഷ വിദ്യാർത്ഥിയായ കൊയിലാണ്ടി സ്വദേശി വിപിൻ ലാലിനെ ഒക്ടോബർ 15-ന് രണ്ടാം വർഷ വിദ്യാർത്ഥികളായ ഷിജോ, ബിനു, വിപിൻ, റിജിൻ എന്നിവരും പുറത്തുള്ള രാജീവും പ്രസാദും ചേർന്ന് അവർ താമസിക്കുന്ന വാടകവീട്ടിൽ കൊണ്ടു പോയി മദ്യം കഴിപ്പിക്കുകയും ദേശീയഗാനം പാടിപ്പിക്കുകയും ദേഹോപദ്രവം ഏൽപ്പിക്കുകയും പാന്റും ഷർട്ടും നിർബന്ധിച്ച് അഴിപ്പിക്കുകയും മദ്യം വാങ്ങാൻ 300 രൂപ നിർബന്ധിച്ച് വാങ്ങുകയും പീഡിപ്പിക്കുകയും ചെയ്തുവെന്ന് വിപിൻലാൽ 19-ാം തീയതി കൊയിലാണ്ടി പോലീസ് സ്റ്റേഷനിൽ പരാതി കൊടുത്തു. അയാളുടെ പരാതിയിൽ പറഞ്ഞ കാര്യമാണ് ഞാൻ വായിച്ചത്. ഇക്കാര്യത്തിൽ കൊയിലാണ്ടി പോലീസ് സ്റ്റേഷനിൽ 719/2006 ആയി ഒരു കേസ്സ് രജിസ്റ്റർ ചെയ്തു. സംഭവം റാന്നിയിൽ ആയതിനാൽ കേസ്സ് റാന്നിയിലേക്ക് അയയ്ക്കുകയും 20-ാം തീയതി റാന്നി പോലീസ് സ്റ്റേഷനിൽ ഇൻഡ്യൻ ശിക്ഷാനിയമം 341, 323 വകുപ്പുകളും റാഗിംങ് ആക്ട് 3, 4 എന്നീ വകുപ്പുകളും പ്രകാരം ക്രൈം 363/2006 നമ്പരായി കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നുണ്ട്. സംഭവത്തിനുശേഷം പ്രതികൾ ഒളിവിൽ പോയിരിക്കുകയാണ്. പ്രതികളെ എത്രയും വേഗം കണ്ടുപിടിക്കുന്നതിന് റാന്നി പോലീസ് സർക്കിൾ ഇൻസ്പെക്ടർ കേസ്സിന്റെ അന്വേഷണം ഊർജ്ജിതമായി നടത്തിവരുന്നുണ്ട്. ആ ഇൻസ്റ്റിറ്റ്യൂട്ടിന് അവധികൊടുത്തിരുന്നു. അവധിക്കുശേഷം ഇന്ന് ക്ലാസുകൾ ആരംഭിച്ചിട്ടുണ്ട്. പോലീസ് സ്ഥലത്ത് അന്വേഷണം നടത്തിക്കൊണ്ടിരിക്കുന്നു. വിദ്യാർത്ഥികൾക്ക് തുടർ പഠനം നടത്തുന്നതിന് യാതൊരു തടസ്സവും ഇപ്പോഴില്ല. അതുകൊണ്ട് മറ്റ് പ്രശ്നങ്ങളൊന്നുമില്ല. ഈ കേസ് അന്വേഷണം ശക്തമായി നടത്തുന്നതാണ്.

[അദ്ധ്യക്ഷവേദിയിൽ ബഹുമാനപ്പെട്ട സ്പീക്കർ]

## VI. ക്രമപ്രശ്നം

### ഗുണ്ടാ ആക്ടിന് പകരമുള്ള ഓർഡിനൻസ്

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, രണ്ടു ദിവസത്തിനുമുമ്പ് ആഭ്യന്തരവകുപ്പ് മന്ത്രി ശ്രീ. കോടിയേരി ബാലകൃഷ്ണന്റേതായിട്ട് പത്രത്തിൽ ഒരു പ്രസ്താവന കണ്ടു, ഗുണ്ടാ ആക്ടിനു പകരം ഒരു ഓർഡിനൻസ് പുറപ്പെടുവിക്കാൻ പോകുന്നുവെന്ന്. Sine Die ആയിട്ട് നമ്മുടെ സഭ പിരിഞ്ഞതിനുശേഷം മാത്രമേ ഓർഡിനൻസിനെക്കുറിച്ച് ആലോചിക്കാൻപോലും കഴിയൂ. സഭ സമ്മേളിച്ചു കൊണ്ടിരിക്കുമ്പോൾ ഇങ്ങനെ ഒരു തീരുമാനം വരുന്നത് മൂന്നു കാര്യങ്ങളിൽ തെറ്റാണ്. ഒന്ന് പ്രൊപ്രൈറ്റിയുടെ ക്വസ്റ്റ്യനുണ്ട്. സഭ സമ്മേളിച്ചുകൊണ്ടിരിക്കുമ്പോൾ സഭയ്ക്ക് പുറത്ത് ഇതുപോലുള്ള ഒരു കാര്യം പറയുന്നത് പ്രൊപ്രൈറ്റിയുടെ പ്രശ്നമാണ്. സഭയ്ക്ക് അകത്തു തന്നെ പറയണമെങ്കിൽ ബഡ്ജറ്റിനുള്ള മറുപടി പറയുമ്പോൾ പറയാം, അപ്രോപ്രിയേഷനിൽ പറയാം, സപ്ലിമെന്ററിയിൽപ്പറയാം, സപ്ലിമെന്ററിയുടെ

LIBRARY ARCHIVES Kerala Legislative Assembly

അപ്രോപ്രിയേഷനിൽ പറയാം, 300 അനുസരിച്ചുള്ള സ്റ്റേറ്റ്മെന്റിൽ പറയാം. അപ്പോൾ സഭയ്ക്കകത്തുപറയാൻ സാദ്ധ്യതയുണ്ടായിരുന്നിട്ടും ഇവിടെ പറയാതെ സഭയ്ക്കുപുറത്ത് പറഞ്ഞു. രണ്ട്, ഈ സഭയെ മറികടക്കുമെന്നുള്ള ഒരു വെല്ലുവിളിയുണ്ട്. സഭയ്ക്കകത്ത് ചർച്ച ചെയ്യാനുള്ള അവകാശം തരാതെ സഭയെ മറികടക്കുമെന്ന് പറയുകയാണ്. സഭ സമ്മേളിച്ചുകൊണ്ടിരിക്കുമ്പോൾ സഭയെ മറികടക്കുമെന്ന് ധ്വനി വരുന്ന രൂപത്തിലുള്ള സമീപനം എടുക്കാൻ പറ്റുമോ? ഇവിടെ റൂൾ 75 എ സബ്സെക്ഷൻ(2) നേരിട്ട് അത് ബാധിക്കുകയില്ല എന്നുവേണമെങ്കിൽ ഒരു ആർഗുമെന്റ് കൊണ്ടുവരാം. പക്ഷേ എന്നാൽപോലും ഒരു ഓർഡിനൻസ് കൊണ്ടുവരുമ്പോൾ ആ ഓർഡിനൻസ് കൊണ്ടുവരുന്നതിനുള്ള അവശ്യ ഘടകങ്ങൾ എന്താണെന്ന് സൂചിപ്പിക്കുന്ന വിധത്തിലുള്ള സ്റ്റേറ്റ്മെന്റ് കൂടി മേശപ്പുറത്തുവയ്ക്കണമെന്നാണ് പറയുന്നത്. അങ്ങനെ ഒരു അവശ്യ സാഹചര്യമുണ്ടായിരുന്നുവെങ്കിൽ അദ്ദേഹം സഭയെ കോൺഫിഡൻസിൽ എടുക്കണമായിരുന്നു.

സഭയിൽ ഇരുപക്ഷത്തുമുള്ള ആളുകൾക്ക് പറയാനുള്ള അവകാശമുണ്ട്. അത് പറയണമായിരുന്നു. സഭയെ കോൺഫിഡൻസിൽ എടുക്കാതെ പോയത് തെറ്റാണ്. പാർലമെന്ററി പ്രാക്ടീസ് ധാരാളമുള്ള ഒരു മന്ത്രി അത് ചെയ്യരുതായിരുന്നു. അത് ചെയ്തത് പ്രൊപ്രൈറ്റിയല്ലെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്.

ശ്രീ. കെ. ബാബു: സർ, കൊച്ചിയിൽ ഇരുപത്തിരണ്ടാം തീയതി പ്രൈഡിന്റെ വാർഷികത്തിൽ പങ്കെടുത്തുകൊണ്ട് നടത്തിയ പ്രസ്താവന "ഗുണ്ടാ -മാഫിയ നിയമം സംബന്ധിച്ച് ഓർഡിനൻസ് നടപ്പു സഭാ സമ്മേളനത്തിനു ശേഷം" സഭ സമ്മേളിച്ചുകൊണ്ടിരിക്കുമ്പോൾ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ സൂചിപ്പിച്ചതുപോലെ പല അവസരങ്ങളുമുണ്ട്. ധനാഭ്യർത്ഥനകളുടെ സമയമുണ്ടായിരുന്നു, ഇന്ന് വേണമെങ്കിൽ ആകാമായിരുന്നു, ഉപധനാഭ്യർത്ഥനയുണ്ട് , നാളെ അപ്രോപ്രിയേഷനുണ്ട്. ഈ അവസരങ്ങളൊന്നും ഉപയോഗിക്കാതെ ഇത്രയും പ്രധാനപ്പെട്ട ഒരു കാര്യത്തിൽ ഓർഡിനൻസ് കൊണ്ടുവരും സഭാ സമ്മേളനം കഴിഞ്ഞാൽ എന്നുപറയുന്നതെങ്ങനെയാണ്. സഭയെ നോക്കുകുത്തിയാക്കണമെന്ന നിർബന്ധബുദ്ധി ബഹുമാനപ്പെട്ട മന്ത്രിക്കുള്ളതായി പ്രസ്താവന വായിച്ചാൽ തോന്നും. ഇവിടെ ഒരു ഓർഡിനൻസുണ്ടായിരുന്നു. അതിൽ എന്തെങ്കിലും ഭേദഗതി വേണമെങ്കിൽ കൊണ്ടുവരാമായിരുന്നു. അതിനൊന്നും ശ്രമിക്കാതെ ബഹുമാനപ്പെട്ട മന്ത്രി അവകാശ ലംഘനം നടത്തുകയായിരുന്നു. ഇത് സംബന്ധിച്ച് റൂളിംഗ് വേണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, ഇവിടെ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ എഴുതിത്തന്ന നോട്ടീസ് കണ്ടു. നിലവിലുള്ള ഗുണ്ടാ നിയമത്തിനുപകരം, അങ്ങനെയൊരു ഗുണ്ടാനിയമം ഇവിടെയില്ല. ഇവിടെ ഒരു ഓർഡിനൻസുണ്ടായിരുന്നു, ആ ഓർഡിനൻസ് 8 മാസം നിലനിന്നിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഒരു നടപടിയും എടുത്തിരുന്നില്ല. ആ ഓർഡിനൻസ് പുതുക്കിയില്ല, അതുകൊണ്ട് ലാപ്സായിപ്പോയി. ഇവിടെ ഉണ്ടായിട്ടുള്ള പ്രശ്നം പ്രൈഡിന്റെ സമ്മേളനം കൊച്ചിയിൽ ചേർന്നു. അവിടെ നടന്ന പ്രസംഗത്തിൽ ഞാൻ പറഞ്ഞു, ഇവിടെ മാഫിയ സംഘങ്ങളെ അമർച്ച ചെയ്യുന്നതിനുവേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

ഒരു നിയമം കൊണ്ടുവരാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. ആ നിയമം ഈ നിയമസഭാ സമ്മേളനത്തിൽ കൊണ്ടുവരാനായിരുന്നു ഉദ്ദേശം. ഈ നിയമസഭാ സമ്മേളനത്തിൽ അവതരിപ്പിക്കാൻ സാദ്ധ്യതയില്ല. ഇരുപത്തിയാറാം തീയതി സഭ പിരിയും. സഭ പിരിഞ്ഞുകഴിഞ്ഞാൽ നിയമം കൊണ്ടുവരാൻ ഭരണഘടനാനുസൃതമായ നടപടി സ്വീകരിക്കണം. ഓർഡിനൻസ് എന്ന വാക്കേ പറഞ്ഞിട്ടില്ല. സഭ നടന്നുകൊണ്ടിരിക്കുമ്പോൾ ഓർഡിനൻസ് പുറപ്പെടുവിക്കുമെന്ന് പറയാൻ പാടില്ലെന്നുള്ള സാമാന്യ വിവരം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെപ്പോലെ എനിക്കുമുണ്ട്. അതുകൊണ്ട് സഭാസമ്മേളനം നടന്നുകൊണ്ടിരിക്കുമ്പോൾ എന്തു പറയാം, എന്തു പറയാൻ പാടില്ല എന്നുള്ള വിജ്ഞാനം കുറച്ചുകാലംകൊണ്ട് നേടാൻ എനിക്ക് സാധിച്ചിട്ടുണ്ടെന്നെങ്കിലും ബഹുമാനപ്പെട്ട അംഗങ്ങൾ മനസ്സിലാക്കണം. ഒരു പത്രത്തിൽ മാത്രമാണ് തലക്കെട്ട് വന്നത്. ആ പത്രത്തിൽ ഇതിന് വലിയ പ്രാധാന്യം കൊടുത്താണ് വന്നത്. ഞാൻ അവരെ കുറ്റം പറയുന്നില്ല. ഹെഡ്ഡിംഗിൽ മാത്രമേയുള്ളൂ. അതിന്റെ അടിയിൽ അവർ പറഞ്ഞിട്ടുണ്ട്. "നടപ്പു സഭാസമ്മേളനത്തിൽത്തന്നെ പ്രത്യേക നിയമം അവതരിപ്പിക്കണമെന്നാണ് കരുതുന്നതെങ്കിലും സമയപരിധിക്ക് മുമ്പ് നടക്കില്ല. സമ്മേളനം പൂർത്തിയായാലുടൻ പ്രത്യേക നിയമത്തിന്റെ ഭരണഘടനാ നടപടികൾ പൂർത്തിയാക്കുമെന്ന് മന്ത്രി പറഞ്ഞു." ഇതിന്റെ അടിസ്ഥാനത്തിൽ ഹെഡ്ഡിംഗ് കൊടുത്തു. മറ്റു ചില പത്രങ്ങളിൽ ഇതു സംബന്ധിച്ച് ശരിയായിത്തന്നെ വന്നിട്ടുണ്ട്. ടെലിവിഷനിൽ പ്രസംഗിച്ചത് വന്നിട്ടുണ്ട്. ഓർഡിനൻസ് എന്ന വാക്ക് ഒരു സ്ഥലത്തും പ്രയോഗിച്ചിട്ടില്ല. സഭ നടന്നുകൊണ്ടിരിക്കുമ്പോൾ പാടില്ലെന്നുള്ള കാര്യം എനിക്ക് പൂർണ്ണ ബോധ്യമുണ്ട്. സഭയുടെ അവകാശലംഘനം നടത്തുന്ന ഒരു കാര്യവും പറയാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. ഇത്തരത്തിലുള്ള പരാമർശം നടത്തിയിട്ടില്ല. അന്നേരംതന്നെ വിളിച്ച് പ്രസ്താവന കൊടുക്കാതിരുന്നത് ഒരു പത്രത്തിലേ കണ്ടിട്ടുള്ളൂ എന്നുള്ളതുകൊണ്ടാണ്. പത്രത്തിൽ കൃത്യമായിത്തന്നെ വന്നിട്ടുണ്ട്. അവകാശലംഘനം എന്ന് പറയുന്ന പ്രശ്നം ഉന്നയിക്കുന്നില്ല. ഇത്തരത്തിലുള്ള പ്രസ്താവന സഭ നടക്കുമ്പോൾ കൊടുക്കാൻ പാടില്ലെന്ന കാര്യം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെപ്പോലെയും ശ്രീ. ബാബുവിനെപ്പോലെയും എനിക്കും നിർബന്ധമുണ്ട്. നിങ്ങളുടെ വികാരങ്ങളോട് ഞാനും പങ്കുചേരുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ക്രമപ്രശ്നം നിലനിൽക്കുന്നില്ല.

## VII. മേശപ്പുറത്തു വച്ച കടലാസുകൾ

I. വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി (ശ്രീ. എം. എ. ബേബി): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

(1) കൊച്ചിൻ ശാസ്ത്ര സാങ്കേതിക ശാസ്ത്ര സർവ്വകലാശാലയുടെ 2002-03-ലെ വാർഷിക റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

(2) കോഴിക്കോട് സർവ്വകലാശാലയുടെ 2005-ലെ വാർഷിക റിപ്പോർട്ട്.

LIBRARY ARCHIVES Kerala Legislative Assembly

II. ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

(1) ജി. ഒ. (ആർ. ടി.) നമ്പർ 1993/06/ഹോം. തീയതി 29-8-2006 (എസ്.ആർ.ഒ. നമ്പർ 656/06)

(2) ജി. ഒ. (ആർ. ടി.) നമ്പർ 2123/06/ഹോം. തീയതി 18-9-2006 (എസ്.ആർ.ഒ. നമ്പർ 686/06, 687/06)

(3) ജി. ഒ. (എം. എസ്.) നമ്പർ 161/06/ഹോം. തീയതി 18-9-2006 (എസ്.ആർ.ഒ നമ്പർ 688/06, 689/06)

(4) ജി. ഒ. (ആർ. ടി.) നമ്പർ 2257/06/ഹോം. തീയതി 4-10-2006 (എസ്.ആർ.ഒ. നമ്പർ 714/06)

(5) ജി. ഒ. (പി.) നമ്പർ 48/06/വിജ്. തീയതി 5-10-2006 (എസ്.ആർ.ഒ. നമ്പർ 715/06)

III. പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പു മന്ത്രിയ്ക്ക് വേണ്ടി ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ): സർ, താഴെ പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

(1) നോട്ടിഫിക്കേഷൻ നമ്പർ 1/1/കെ.എസ്.ഇ.ആർ.സി.2006/XIII തീയതി 31-3-2006 ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

(2) നോട്ടിഫിക്കേഷൻ നമ്പർ 1/1/കെ.ഇ.ആർ.സി.2003/I തീയതി 3-1-2004 ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

IV ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി (ശ്രീ. സി. ദിവാകരൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

(1) തിരുത്തൽ വിജ്ഞാപനം നമ്പർ 12727/ലെജ്.യൂണി-1/06/നിയമം തീയതി 7-10-2006 (2006-ലെ കേരള ക്ഷീര കർഷക ക്ഷേമനിധി ഓർഡിനൻസിന്റെ തിരുത്ത്) (2006-ലെ 36-ാം നമ്പർ ഓർഡിനൻസ്).

(2) കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ 2004-05-ലെ വാർഷിക റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

(3) മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡിന്റെ 2001-02-ലെ വാർഷിക റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

LIBRARY ARCHIVES Kerala Legislative Assembly

V. തൊഴിലും എക്സൈസും വകുപ്പ് മന്ത്രിയ്ക്ക് വേണ്ടി വിദ്യാഭ്യാസവും സാംസ്ക്കാരിക കാര്യവും വകുപ്പ് മന്ത്രി (ശ്രീ. എം. എ. ബേബി): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

(1) ജി. ഒ. (പി.) നമ്പർ 14/05/റ്റി.ഡി. തീയതി 28-1-2005 (എസ്.ആർ.ഒ. നമ്പർ 78/05) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

(2) ജി. ഒ. (പി.) നമ്പർ 34/05/റ്റി.ഡി. തീയതി 23-3-2005 (എസ്.ആർ.ഒ. നമ്പർ 294/05) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

(3) ജി. ഒ. (പി.) നമ്പർ 41/05/റ്റി.ഡി. തീയതി 31-3-2005 (എസ്.ആർ.ഒ. നമ്പർ 314/05) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

(4) ജി. ഒ. (ആർടി.) നമ്പർ 1125/06/തൊഴിൽ. തീയതി 16-5-2006 (എസ്.ആർ.ഒ. നമ്പർ 398/06, 399/06) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

(5) ജി. ഒ. (ആർ.ടി.) നമ്പർ 1126/06/തൊഴിൽ. തീയതി 16-5-2006 (എസ്.ആർ.ഒ. നമ്പർ 400/06, 401/06) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

(6) ജി. ഒ. (പി.) നമ്പർ 109/06/റ്റി.ഡി. തീയതി 9-10-2006 (എസ്.ആർ.ഒ. നമ്പർ 723/06).

(7) ജി. ഒ. (പി.) നമ്പർ 110/06/റ്റി.ഡി. തീയതി 9-10-2006 (എസ്.ആർ.ഒ. നമ്പർ 724/06).

(8) കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ ലിമിറ്റഡിന്റെ 2002-03-ലെ വാർഷിക റിപ്പോർട്ടും കണക്കുകളും ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

(9) കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ 2004-05-ലെ ഭരണ റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

(10) കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ 2003-04, 2004-05 എന്നീ വർഷങ്ങളിലെ റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

VI. വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

(1) ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡിന്റെ 2003-04-ലെ വർഷിക റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

(2) കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ 2004-05-ലെ വാർഷിക റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

(3) കേരള ക്ലേയ്സ് ആന്റ് സിറാമിക് പ്രോഡക്ട്സ് ലിമിറ്റഡിന്റെ 2005-06-ലെ വാർഷിക റിപ്പോർട്ട്

(4) കേരള കൺസ്ട്രക്ഷൻ കമ്പോണന്റ്സ് ലിമിറ്റഡിന്റെ 2005-06-ലെ വാർഷിക റിപ്പോർട്ടും കണക്കുകളും.

LIBRARY ARCHIVES Kerala Legislative Assembly

VII. ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡിന്റെ 2003-04-ലെ വാർഷിക റിപ്പോർട്ടും കണക്കുകളും ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

VIII. തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

(1) ജി. ഒ. (പി) നമ്പർ 215/05/തസ്വഭവ. തീയതി 23-7-2005 (എസ്.ആർ.ഒ. നമ്പർ 708/2005) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

(2) ജി. ഒ. (പി) നമ്പർ 229/06/തസ്വഭവ. തീയതി 4-10-2006 (എസ്.ആർ.ഒ. നമ്പർ 261/2006).

(3) ജി. ഒ. (പി) നമ്പർ 217/06/തസ്വഭവ. തീയതി 25-9-2006 (എസ്.ആർ.ഒ. നമ്പർ 697/2006)

(4) ജി. ഒ. (എംഎസ്.) നമ്പർ 221/06/തസ്വഭവ. തീയതി 30-9-2006 (എസ്.ആർ.ഒ. നമ്പർ 722/2006)

(5) കേരള അർബൻ ആന്റ് റൂറൽ ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ 2004-05-ലെ വാർഷിക റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

IX. ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

കാഡയുടെ 2004-05-ലെ വാർഷിക കണക്കുകളും ഓഡിറ്റ് റിപ്പോർട്ടും ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

X. കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

കേരള സ്റ്റേറ്റ് ഹോർട്ടികൾച്ചറൽ പ്രോഡക്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ 1998-99-ലെ വാർഷിക റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

XI. സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, താഴെപറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

(1) ജി. ഒ. (പി) നമ്പർ 150/06/കോ.ഓപ്. തീയതി 13-9-2006 (എസ്.ആർ.ഒ. നമ്പർ 671/2006)

(2) ജി. ഒ. (പി) നമ്പർ 159/06/കോ-ഓപ്. തീയതി 29-9-2006 (എസ്.ആർ.ഒ. നമ്പർ 700/2006)

(3) ഗുരുവായൂർ ദേവസ്വത്തിന്റെ 2005-ലെ ഭരണ റിപ്പോർട്ട്.

LIBRARY ARCHIVES Kerala Legislative Assembly

XII. ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

(1) കേരള ഗവൺമെന്റിനെ സംബന്ധിച്ച കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2005-06-ലെ ഫിനാൻസ് അക്കൗണ്ട്സും അപ്രോപ്രിയേഷൻ അക്കൗണ്ട്സും.

(2) ജി. ഒ. (പി) നമ്പർ 92/06/റ്റി.ഡി. തീയതി 31-8-2006 (എസ്.ആർ.ഒ. നമ്പർ 659/2006)

(3) ജി. ഒ. (പി) നമ്പർ 86/06/റ്റി.ഡി. തീയതി 11-8-2006 (എസ്.ആർ.ഒ. നമ്പർ 677/2006)

(4) ജി. ഒ. (പി) നമ്പർ 105/06/റ്റി.ഡി. തീയതി 7-10-2006 (എസ്.ആർ.ഒ. നമ്പർ 720/2006)

(5) ജി. ഒ. (പി) നമ്പർ 106/06/റ്റി.ഡി. തീയതി 7-10-2006 (എസ്.ആർ.ഒ. നമ്പർ 721/2006)

(6) ജി. ഒ. (പി) നമ്പർ 111/06/റ്റി.ഡി. തീയതി 9-10-2006 (എസ്.ആർ.ഒ. നമ്പർ 726/2006)

(7) ജി. ഒ. (പി) നമ്പർ 107/06/റ്റി.ഡി. തീയതി 7-10-2006 (എസ്.ആർ.ഒ. നമ്പർ 729/2006)

(8) ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ 2004-05-ലെ സമാഹൃത റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

## VIII. റിപ്പോർട്ട് സമർപ്പണം

### VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ 2004-05 വർഷത്തെ ആനുകാലിക റിപ്പോർട്ട്.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): സർ, VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ 2005 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

# IX. ധനകാര്യം

## 2006-07 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളെ സംബന്ധിക്കുന്ന ചർച്ചയും വോട്ടെടുപ്പും

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ ഒരു കോടി മുപ്പത്തിയഞ്ചുലക്ഷം രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം മുഖ്യമന്ത്രിക്കുവേണ്ടി ഞാൻ അവതരിപ്പിക്കുന്നു.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. റ്റി.യു. കുരുവിള): സർ, പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): കാർഷികാദായനികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ പതിനഞ്ചു കോടി ഇരുപത്തിയെട്ടു ലക്ഷത്തിനാൽപ്പത്തിരണ്ടായിരം രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ മൂന്നുകോടി അഞ്ചുലക്ഷത്തി തൊണ്ണൂറായിരം രൂപയുടേയും ജില്ലാ ഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ ഒൻപതു ലക്ഷത്തി പതിനായിരം രൂപയുടേയും പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസം എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ നാൽപ്പത്തി രണ്ട് കോടി മുപ്പത്തിയാറുലക്ഷത്തി തൊണ്ണൂറ്റിയൊന്നായിരം രൂപയുടേയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): സർ, പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ പതിമൂന്ന് ലക്ഷത്തി അമ്പത്തിയൊന്നായിരത്തി തൊള്ളായിരം രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): സർ, പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. റ്റി.യു. കുരുവിള): പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ പതിനാറ് കോടി ഇരുപത്തിയഞ്ച് ലക്ഷത്തി മൂവായിരം രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം): സർ, പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): വിദ്യാഭ്യാസം, കായികവിനോദം, കലാ സംസ്ക്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ ഇരുപത്തി നാല് കോടി പത്ത് ലക്ഷത്തി മുപ്പത്തൊൻപതിനായിരം രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന് പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): സർ, പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ): വൈദ്യസഹായവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ നാല്പത് കോടി മുപ്പത്തിയെട്ട്ലക്ഷത്തി എൺപത്തിനാലായിരം രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): സർ, പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ അറുപത് ലക്ഷത്തി നാലായിരം രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം തൊഴിലും എക്സൈസും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ അവതരിപ്പിക്കുന്നു.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ രണ്ടു കോടി രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): സർ, പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ നൂറ്റിപത്തൊമ്പത് കോടി എഴുപത്തിനാല് ലക്ഷം രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): സർ, പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ ഒമ്പത് കോടി എഴുപത് ലക്ഷം രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. റ്റി. യു. കുരുവിള): സർ, പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം): വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ ആയിരം രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): സർ, പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ മൂന്നു കോടി രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): സർ, പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ അമ്പത്തിഒമ്പത് കോടി എഴുപത്തി ആറ് ലക്ഷത്തി ഇരുപത്തിയൊന്നായിരം രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ ഇരുപത് ലക്ഷം രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): സർ, പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ നാല്പത്തിരണ്ട് കോടി പതിനാറ് ലക്ഷത്തി അൻപത്തയ്യായിരം രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): സർ, പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ എട്ട് കോടി അമ്പത്തിയഞ്ച് ലക്ഷം രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): സർ, പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

മി. സ്പീക്കർ: ഇന്ന് മാറാട് കമ്മീഷൻ റിപ്പോർട്ട് സംബന്ധിച്ചുള്ള ചർച്ചയുള്ളതാണ്. അതുകൊണ്ട് ഈ ചർച്ചയിൽ പങ്കെടുക്കുന്ന ആളുകൾ സമയക്ലിപ്തത പാലിക്കാൻ ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. കെ. ബാബു: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഈ ഗവൺമെന്റിന് പണം പാസ്സാക്കിക്കൊടുത്താലും അത് ചെലവാക്കാൻ സാധിക്കാത്ത ഒരു സ്ഥിതിയാണുള്ളത്. ഇപ്പോൾ തന്നെ 6,680 കോടി രൂപയാണ് പ്ലാൻ. അതിനകത്ത് പത്തോ പതിനഞ്ചോ ശതമാനത്തിൽ കൂടുതൽ ചെലവാക്കിയപ്പോൾ പരമാവധി ആയിരം കോടി രൂപയാണ് ഇതിനകം തന്നെ ചെലവാക്കിയിട്ടുള്ളത്. ഇനി അഞ്ച് മാസം മാത്രമാണ് ഈ സാമ്പത്തിക വർഷം ബാക്കിയുള്ളത്. 5,680 കോടി രൂപ ഇനി ചെലവാക്കണം. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഇതുപോലെ ടി.പി. അക്കൗണ്ടിലും പി.ഡി. അക്കൗണ്ടിലും പണം നിക്ഷേപിക്കാൻ ശ്രമിച്ചു. അങ്ങനെ ശ്രമിച്ചിട്ടും 17 ശതമാനം പ്ലാൻ ഫണ്ട് കട്ട് ചെയ്യേണ്ടി വന്നു. ഞങ്ങളുടെ കാലത്ത് പ്ലാൻ ഫണ്ട് കട്ട് ചെയ്തു എന്നുള്ള ആക്ഷേപം നിലനിൽക്കുമ്പോൾത്തന്നെ കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ടി.പി. അക്കൗണ്ടിലും പി.ഡി. അക്കൗണ്ടിലും നിക്ഷേപിച്ച പണത്തിന് പുറമെ 17 ശതമാനം പ്ലാൻ കട്ട് വന്നിരുന്നു. ഇനി അഞ്ച് മാസമേ ആകെയുള്ളു. 5680 കോടി രൂപ ചെലവാക്കണം. അതിനുള്ള സാദ്ധ്യതകൾ തീരെ കുറവാണ്. അതുകൊണ്ട് ഈ ഉപധനാഭ്യർത്ഥനകളെ ശക്തമായി എതിർക്കുകയാണ്. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി അദ്ദേഹത്തിന്റെ ബഡ്ജറ്റ് പ്രസംഗത്തിൽ സഖാവ് അച്ചുതമേനോൻ 1957-ൽ നടത്തിയ ബഡ്ജറ്റ് പ്രസംഗം ക്വാട്ട് ചെയ്തിട്ടുണ്ട്, കൂടുതൽ വരുമാനമുണ്ടാക്കുന്നതിനെക്കുറിച്ച് സൂചിപ്പിച്ചിട്ടുണ്ട്. ഇവിടെ വരുമാനം കൂടുതൽ വരുന്നില്ലെന്ന് മാത്രമല്ല, ചെലവ് കൂടുതൽ വർദ്ധിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ അവസാനഘട്ടത്തിൽ റവന്യൂ കമ്മി 4493.75 കോടി രൂപയായിരുന്നു. എന്നാൽ ഇപ്പോൾ തന്നെ 5414.78 കോടി രൂപ റവന്യൂ കമ്മിയായി ഉയർന്നുകഴിഞ്ഞിരിക്കുകയാണ്. ഏകദേശം ആയിരം കോടി രൂപ ഇപ്പോൾത്തന്നെ റവന്യൂ കമ്മി വർദ്ധിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി റവന്യൂ കമ്മി കുറയ്ക്കില്ല എന്നുള്ള നിലപാടാണ് സ്വീകരിച്ചിട്ടുള്ളതെന്ന് മാത്രമല്ല റവന്യൂ കമ്മി വർദ്ധിക്കുന്നതിൽ അഭിമാനം കൊള്ളുന്നതുപോലെയാണ് അദ്ദേഹത്തിന്റെ പല പ്രസംഗങ്ങളും സൂചിപ്പിക്കുന്നത്. അങ്ങയുടെ ബഡ്ജറ്റ് പ്രസംഗത്തിൽ 31-ാമത്തെ പാരഗ്രാഫിൽ 2003-ലെ കേരള ഫിസ്ക്കൽ റെസ്പോൺസിബിലിറ്റി ആന്റ് ബഡ്ജറ്റ് മാനേജ്മെന്റ് ആക്റ്റുമായി ബന്ധപ്പെട്ട് ചൂണ്ടിക്കാണിക്കുന്നു. സമയക്കുറവുമൂലം ഞാൻ അതിനെക്കുറിച്ച്



LIBRARY ARCHIVES Kerala Legislative Assembly

പരാമർശിക്കുന്നില്ല. ഈ നിയമം ഇവിടെ കൊണ്ടുവരാൻ കാരണം സാമ്പത്തിക അച്ചടക്കം പാലിച്ചാൽ കേന്ദ്ര ഗവൺമെന്റ് നൽകുന്ന ചില ആനുകൂല്യങ്ങളുണ്ട് എന്നതാണ്. അല്ലാതെ ഇവിടെ ഒരു നിയമം പാസ്സാക്കുക മാത്രമല്ല. സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിന് വേണ്ടി കേന്ദ്ര ഗവൺമെന്റ് കുറേ ഇൻസെന്റീവ് പ്രഖ്യാപിച്ചിരുന്നു. ഇപ്പോൾ ആ ഇൻസെന്റീവ് നമുക്ക് നഷ്ടപ്പെടുകയാണ്. ഞാൻ മനസ്സിലാക്കുന്നത് ശരിയാണോ എന്നെനിക്ക് അറിഞ്ഞുകൂടാ. വാറ്റ്-ന്റെ പരിധിയിൽ നിന്ന് പുറത്തുപോകുന്ന വിധത്തിലുള്ള ഒരു സമീപനം ധനകാര്യവകുപ്പുമന്ത്രി സ്വീകരിച്ചതിന്റെ ഫലമായി കേന്ദ്ര ഗവൺമെന്റിൽ നിന്ന് വാറ്റ്-ന്റെ പേരിൽ നഷ്ടം വരുന്ന 350 കോടി രൂപ കിട്ടേണ്ടതും നഷ്ടപ്പെടുമെന്നുള്ള പത്രവാർത്ത വന്നിട്ടുണ്ട്. ശരിയാണോ എന്നെനിക്ക് അറിഞ്ഞുകൂടാ. അങ്ങ് അത് വ്യക്തമാക്കേണ്ടതാണ്. 12-ാം ധനകാര്യ കമ്മീഷനിൽ റവന്യൂ കമ്മി കുറയ്ക്കുന്നതിന് വേണ്ടി പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ പ്രയോജനപ്പെടുത്താൻ വേണ്ടിയാണ് കഴിഞ്ഞ ഗവൺമെന്റ് അത്തരമൊരു നടപടി സ്വീകരിച്ചത്. എന്നാൽ അങ്ങ് റവന്യൂ കമ്മി കുറയ്ക്കില്ലെന്ന് മാത്രമല്ല അത് വർദ്ധിക്കുന്നതിന് അനുകൂലമായ നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. ഇതാണ് നമ്മുടെ സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി ഉണ്ടാകുന്നതിന് ഒരു കാരണമായി എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. കാരണം റവന്യൂ വകുപ്പുമന്ത്രി തന്നെ റവന്യൂ കമ്മി വർദ്ധിക്കുന്നതിനെ ന്യായീകരിക്കുകയാണ്. റവന്യൂ കമ്മി കുറയ്ക്കേണ്ട കാര്യമില്ലെന്ന ഒരു സമീപനമാണ് അങ്ങ് സ്വീകരിച്ചിട്ടുള്ളത്. പക്ഷേ നമ്മുടെ സംസ്ഥാനത്ത് അങ്ങനെയൊരു നിലപാട് ഇതിനു മുൻപ് ആരും സ്വീകരിച്ചിട്ടില്ലെന്ന് എനിക്ക് തോന്നുന്നു. ഏതായാലും അങ്ങ് ചുമതല ഏറ്റെടുത്തതിനുശേഷം റവന്യൂ കമ്മി ഏകദേശം ആയിരം കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. മറ്റൊരു കാര്യം, കടബാദ്ധ്യതയെ സംബന്ധിച്ചാണ്. ഇവിടെ അപ്പുറത്തിരിക്കുന്ന ആളുകളെല്ലാം പ്രസംഗിക്കുമ്പോൾ പറയുന്ന കാര്യം ഞങ്ങൾ ഈ സംസ്ഥാനത്തെ കടക്കെണിയിലേയ്ക്ക് തള്ളിവിട്ടു എന്നാണ്. അക്കാര്യത്തിൽ നിങ്ങൾക്കൊരു ബാദ്ധ്യതയുമില്ലെന്നുള്ള നിലയിലാണ് പലരും സംസാരിക്കുന്നത്. ഞങ്ങൾ 2001-ൽ അധികാരത്തിൽ വരുമ്പോൾ റവന്യൂ കമ്മി 25,000 കോടി രൂപയാണ്. നിങ്ങൾ 1996-ൽ അധികാരത്തിൽ വരുമ്പോൾ 10,000 കോടി രൂപയേ ഉണ്ടായിരുന്നുള്ളു. ഈ സംസ്ഥാനത്ത് 1957 മുതൽ മാറിമാറി ഭരിച്ച എല്ലാ ഗവൺമെന്റുകളുംകൂടി വരുത്തിവച്ച കടബാദ്ധ്യത 10,000 കോടി രൂപയായിരുന്നു. ഒറ്റയടിക്ക് അഞ്ച് കൊല്ലം കൊണ്ട് നിങ്ങൾ 25,000 കോടി രൂപയാക്കി വർദ്ധിപ്പിച്ചു. 15,000 കോടി രൂപ അഡീഷണലായി കടബാദ്ധ്യതയുണ്ടാക്കി. ഇപ്പോൾ നിങ്ങൾ വരുമ്പോൾ 47,791 കോടി രൂപയാണ് കടബാദ്ധ്യത. 2005-06-ൽ, ഇപ്പോൾത്തന്നെ 54,620 കോടി രൂപയായി നമ്മുടെ കടം വർദ്ധിച്ചിരിക്കുകയാണ്. 7,000 കോടി രൂപ അഞ്ച് മാസം എന്നു പറയുന്ന ചുരുങ്ങിയ കാലം കൊണ്ട് കടം വർദ്ധിച്ചിട്ടുണ്ട്. ആ നിലയ്ക്ക് പോയാൽ നമ്മുടെ സംസ്ഥാനത്തെ കടബാദ്ധ്യത അടുത്ത അഞ്ച് വർഷം പൂർത്തിയാകുമ്പോൾ ഒരു ലക്ഷം കോടി രൂപയാകും. കടബാദ്ധ്യത വർദ്ധിച്ചതിനെക്കുറിച്ച് ഞങ്ങളെക്കുറിച്ച് ആക്ഷേപം പറയുന്ന നിങ്ങൾ, നിങ്ങൾ ഭരിച്ച കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അഞ്ചു കൊല്ലം കൊണ്ടുതന്നെ 15,000 കോടി രൂപ കടം വർദ്ധിച്ചു. 10,000 കോടി രൂപയിൽ നിന്ന് 25,000 കോടി രൂപയായി വർദ്ധിച്ചു. അങ്ങ് ഒരു സാമ്പത്തിക വിദഗ്ദ്ധനാണ്. അങ്ങ് കാര്യങ്ങൾ നന്നായി അപഗ്രഥിക്കുന്നുണ്ട് എന്നുള്ളതിനെക്കുറിച്ച് എനിക്ക് സംശയമില്ല. പക്ഷേ

LIBRARY ARCHIVES Kerala Legislative Assembly

പ്ലാനിംഗ് ബോർഡിന്റെ വൈസ് ചെയർമാൻ പട്നായിക്കും മറ്റുള്ളവരും സമ്മതിക്കുമോ എന്നുള്ള കാര്യത്തിൽ മാത്രമാണ് തർക്കമുള്ളത്. ഏതായാലും ഇവിടെ അതിന്റെ പ്രകടനം ഞങ്ങൾ കണ്ടതാണ്. അതുകൊണ്ടാണ് അതുപറയാൻ കാരണം. അങ്ങ് വളരെ വിദഗ്ദ്ധമായി ഇത് കൈകാര്യം ചെയ്തപ്പോൾ 7,000 കോടി രൂപയുടെ കടബാദ്ധ്യത വർദ്ധിച്ചിരിക്കുകയാണ്. കടം വാങ്ങേണ്ടിവരുമെന്നുള്ളതിനെക്കുറിച്ച് ഒരു സംശയവുമില്ല. പക്ഷേ കഴിഞ്ഞ ഗവൺമെന്റിന്റെ പിടിപ്പുകേടുകൊണ്ടാണ് കടം വർദ്ധിച്ചതെന്ന് അപ്പുറത്തുനിന്ന് പ്രസംഗിക്കുകയും അതേസമയം തന്നെ നിങ്ങളുടെ കാലഘട്ടത്തിൽ ഈ ചുരുങ്ങിയ അഞ്ച് മാസം കൊണ്ട് 7,000 കോടി രൂപ കടം വർദ്ധിക്കുകയും ചെയ്തിരിക്കുകയാണ്. ഇവിടെ പലപ്പോഴും പ്ലാൻ കട്ട് ചെയ്യുന്ന സാഹചര്യമുണ്ടായിട്ടുണ്ട്. അത് നേരത്തെ സൂചിപ്പിച്ചു. ഞങ്ങളുടെ കാലത്തും നിങ്ങളുടെ കാലത്തും ഉണ്ടായിട്ടുണ്ട്. പക്ഷേ നിങ്ങളുടെ കാലത്തുണ്ടായതിനെക്കുറിച്ച് നിങ്ങൾ സമ്മതിക്കില്ല. അതാണ് പ്രശ്നം. എന്റെ ഓർമ്മ ശരിയാണെങ്കിൽ കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 17 ശതമാനം പ്ലാൻ കട്ട് വന്നു. ഇന്നിപ്പോൾ ഉപധനാഭ്യർത്ഥന പാസ്സാക്കുകയാണ്. ഇത് പാസ്സാക്കിയാൽ ഈ വർഷം പ്ലാൻ ഫണ്ട് കട്ട് ചെയ്യില്ല എന്നൊരു ഉറപ്പ് അങ്ങേയ്ക്ക് പറയാൻ സാധിക്കുമോ? ഈ സാമ്പത്തിക വർഷത്തിൽ പ്ലാൻ കട്ട് ഉണ്ടാകില്ലെന്ന് അങ്ങേയ്ക്ക് ഈ സഭയിൽ ഉറപ്പുനൽകാൻ സാധിക്കുമോ? മുഴുവൻ സംഖ്യയും ചെലവാക്കുമെന്ന് ഉറപ്പുതരാൻ സാധിക്കുമോ? കൃഷി വകുപ്പിൽ ഒരുപാട് പണം ചെലവാക്കിയിട്ടില്ല എന്നൊരു ആക്ഷേപം പത്രത്തിൽ വന്നിട്ടുണ്ട്. ഞാൻ ആ ആക്ഷേപത്തിലേയ്ക്ക് കൂടുതൽ കടന്നുപോകുന്നില്ല. അഞ്ച് മാസം എന്നു പറയുന്നത് ഒരു വർഷത്തിന്റെ ഏകദേശം പകുതിയാണ്. ഏതായാലും സാമ്പത്തിക രംഗം വലിയ കുഴപ്പത്തിലേയ്ക്ക് പോകുന്നു എന്നുള്ള ഒരു സൂചന നൽകുന്ന അങ്ങയുടെ പ്രസ്താവന തന്നെയുണ്ട്. മാധ്യമത്തിൽ വന്നിട്ടുള്ള വാർത്തയാണ്. നവംബറോടെ സാമ്പത്തിക പ്രതിസന്ധി ഗുരുതരമാകും. ഇത് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി നടത്തിയിട്ടുള്ള പ്രസ്താവനയാണ്. മറ്റ് ചില വാർത്തകളും വന്നിട്ടുണ്ട്. 'പണമില്ല, കേരളം ഞെരുങ്ങുന്നു'. ഇത് മംഗളം പത്രത്തിൽ വന്ന വാർത്തയാണ്. കേരള കൗമുദിയിലെ വാർത്ത, 'ട്രഷറി പൂട്ടേണ്ട സ്ഥിതിയിലാണ് കേരളത്തിന്റെ സ്ഥിതി.' മാതൃഭൂമിയിലും മാധ്യമത്തിലും വന്ന എഡിറ്റോറിയലുകളുമുണ്ട്. ഭയാനകമായ ധനസ്ഥിതിയാണ് ഇതിനകത്തുള്ളത്. എന്നുപറയുമ്പോൾ ഇത് കഴിഞ്ഞ ഗവൺമെന്റിന്റെ പിടിപ്പുകേടാണെന്ന് പറയും. പക്ഷേ പ്രശ്നം അഞ്ച് മാസമായി ഈ ഗവൺമെന്റ് അധികാരത്തിലിരിക്കുകയാണ്. എന്നാൽ ഈ അഞ്ച് മാസം കൊണ്ട് പിടിപ്പുകേടില്ലാത്ത ഒരു സമീപനം സ്വീകരിക്കണ്ടേ? അങ്ങനെയൊരു സമീപനം സ്വീകരിച്ചിട്ടില്ല എന്നാണ് എനിക്ക് പറയാനുള്ളത്. പ്രത്യേകമായ സാഹചര്യം ഇവിടെ ഉണ്ടായിട്ടില്ല. ഇവിടെ തുടർന്നുവന്ന സാഹചര്യം വിട്ട് ഗൗരവതരമായ സാഹചര്യം ഉണ്ടായിട്ടില്ല. പഞ്ചായത്തുകളുടെ മെയിന്റനൻസ് ഫണ്ടിൽ നിന്ന് മരുന്നുവാങ്ങുന്നതിനായി 10 കോടി രൂപ നീക്കിവച്ചിരിക്കുകയാണ്. സംസ്ഥാനം ചിക്കുൻ ഗുനിയ പോലെയുള്ള രോഗങ്ങൾകൊണ്ട് വളരെയേറെ പ്രയാസപ്പെടുകയാണ്. അപ്പോൾ പഞ്ചായത്തുകളെ ശക്തിപ്പെടുത്തുന്നതിനുള്ള നടപടി നിങ്ങൾ സ്വീകരിക്കുമെന്നാണ് എല്ലാവരും ധരിച്ചത്. പ്രത്യേകിച്ച് ഡോ. തോമസ് ഐസക് പ്ലാനിംഗ് ബോർഡിന്റെ

LIBRARY ARCHIVES Kerala Legislative Assembly

മെമ്പറായിരുന്നു, മാരാരിക്കുളം ബോർഡിലെ ആളാണ്, ജനകീയ ആസൂത്രണ പ്രവർത്തനങ്ങളിൽ വളരെ പ്രധാനപ്പെട്ട പങ്കു വഹിച്ച ആളാണ്. അങ്ങയുടെ കാലത്ത് സെൻ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കുവാനുള്ള നടപടി സ്വീകരിക്കുമെന്നല്ലേ വിശ്വസിക്കേണ്ടത്? അത് സ്വീകരിച്ചുകൊണ്ട് കഴിഞ്ഞ യു.ഡി.എഫ്. ഗവണ്മെന്റാണ് ചരിത്രത്തിലാദ്യമായി ഏറ്റവും കൂടുതൽ മെയിന്റനൻസ് ഗ്രാന്റ് കൊടുത്തത്. കണക്കുകൾ വേണമെങ്കിൽ പരിശോധിച്ചോ? സെൻ കമ്മിറ്റി റിപ്പോർട്ട് നിങ്ങൾ ഷെൽഫിൽ വച്ച് പൂട്ടിയിരിക്കുകയാണ്. ഞങ്ങൾ അതെടുത്ത് ആ ശുപാർശപ്രകാരം മെയിന്റനൻസ് ഗ്രാന്റ് പരമാവധി കൊടുത്തു. നിങ്ങൾ ഇപ്പോൾത്തന്നെ 10 കോടി രൂപ പെർമിസ്സിബിൾ സാംഗ്ഷനിലൂടെ നീക്കിവച്ചിരിക്കുകയാണ്. നിങ്ങൾ ഒരു പൈസ കൊടുത്തിട്ടില്ല. കൊതുകു നശീകരണത്തിന് ഫോഗിംഗ് മെഷീൻ വാങ്ങണമെന്നു നിങ്ങൾ പറഞ്ഞു, വാങ്ങിച്ചോ? അതിന് പെർമിസ്സിബിൾ സാംഗ്ഷൻ. മരുന്ന് വാങ്ങാൻ പെർമിസ്സിബിൾ സാംഗ്ഷൻ. ആരോഗ്യ വകുപ്പ് കൈകാര്യം ചെയ്യേണ്ട മേഖലയല്ലേ? ആരോഗ്യ വകുപ്പ് പണം കണ്ടെത്തേണ്ടതല്ലേ? അതിൻപ്രകാരം പഞ്ചായത്ത് റോഡിൽ ഓട്ടയടയ്ക്കുവാൻ പണമില്ലാതെ പ്രയാസപ്പെടുന്ന, ശമ്പളം കൊടുക്കുവാൻ പോലും പണമില്ലാതെ മൈനസ് ഫണ്ടിൽ പ്രവർത്തിക്കുന്ന പഞ്ചായത്തുകൾക്ക് പെർമിസ്സിബിൾ സാംഗ്ഷൻ കൊടുത്തിട്ട് എന്താണ് കാര്യം? ഇപ്പോൾ സെൻ കമ്മിറ്റി റിപ്പോർട്ടിന് കടകവിരുദ്ധമായ സമീപനമാണ് നിങ്ങൾ സ്വീകരിച്ചിട്ടുള്ളത്. ഇത് തിരുത്തണം. പഞ്ചായത്തുകളെ കൂടുതൽ ശക്തിപ്പെടുത്തുന്നതാണ് നിങ്ങളുടെ നയമെന്നു പറയുകയും അതേ സമയത്ത് പഞ്ചായത്തുകൾക്ക് പെർമിസ്സിബിൾ സാംഗ്ഷൻ കൊടുക്കുകയും ചെയ്യുകയാണ് നിങ്ങളുടെ നയം. ഇന്ന് കേരളത്തെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട ഒരു ദിവസമാണ്. മുൻ മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി കേന്ദ്ര പ്രതിരോധ മന്ത്രിയായിരിക്കുകയാണ്. ഞാൻ അദ്ദേഹത്തെ അനുമോദിക്കുകയാണ്. നിങ്ങൾ ആരെങ്കിലും പറയുമെന്ന് വിചാരിച്ചു. ഏതായാലും ഞാൻ അദ്ദേഹത്തെ അനുമോദിക്കുകയാണ്.

<u>മി. സ്പീക്കർ:</u> നമുക്കെല്ലാവർക്കും സന്തോഷമാണ്.

<u>ശ്രീ. കെ. ബാബു:</u> അത്രയും സ്വാഗതം. അങ്ങ് ഒരു നിലപാട് സ്വീകരിച്ചല്ലോ? ഞാൻ പറഞ്ഞുവന്ന വിഷയം ഇപ്രാവശ്യം ശ്രീ. എ. കെ. ആന്റണി കേന്ദ്രത്തിൽ പ്രധാനപ്പെട്ട ഒരു വകുപ്പിന്റെ ചുമതല ഏറ്റെടുത്തിരിക്കുന്നു. ശ്രീ. വയലാർ രവിയും ശ്രീ. ഇ. അഹമ്മദും ഉണ്ട്. നിങ്ങൾ കേരളത്തിന്റെ ന്യായമായ പ്രശ്നങ്ങളിൽ കേന്ദ്രവുമായി ഏറ്റുമുട്ടുന്നതിന് യാതൊരു തടസ്സവുമില്ല. പക്ഷേ കേന്ദ്രവുമായി ഏറ്റുമുട്ടലാണ് നയം എന്നുള്ള നിലപാട് ഉപേക്ഷിക്കണം. ശ്രീ. എ. കെ. ആന്റണി കേന്ദ്ര പ്രതിരോധ മന്ത്രിയായതുൾപ്പെടെയുള്ള അനുകൂല സാഹചര്യം പ്രയോജനപ്പെടുത്തിക്കൊണ്ട് കേരളത്തിന്റെ നേട്ടങ്ങൾക്കുവേണ്ടി പരമാവധി ശ്രമിക്കണം. കേന്ദ്ര ഗവണ്മെന്റുമായി ഏറ്റുമുട്ടുന്ന നയം ഉപേക്ഷിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഉപധനാഭ്യർത്ഥനകളെ ശക്തമായി എതിർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കുഞ്ഞിരാമൻ: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ഉപധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു. എനിക്ക് അതിന് സന്തോഷമുണ്ട്. കാരണം ബഡ്ജറ്റ് പ്രസംഗത്തിൽ അദ്ദേഹം പ്രഖ്യാപിച്ചിട്ടുള്ള കാര്യങ്ങളെല്ലാം നടപ്പിലാക്കുന്നതിന് ഈ ബഡ്ജറ്റിൽ തുക വക കൊള്ളിച്ചിട്ടുണ്ടെന്നാണ് ഞാൻ കരുതുന്നത്. മൊത്തം 481.46 കോടി രൂപയ്ക്കുള്ള ഡിമാന്റുകളാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ഇതിൽ 294.51 കോടി രൂപ പ്ലാൻ എക്സ്പെന്റിച്ചറിൽനിന്നും 186.95 കോടി രൂപ നോൺ പ്ലാൻ എക്സ്പെന്റിച്ചറിൽ നിന്നുമാണ് കണ്ടെത്തിയിരിക്കുന്നത്. പദ്ധതിക്ക് പണം കണ്ടെത്താനുള്ള ശ്രമകരമായ പ്രവർത്തനമാണ് അദ്ദേഹം നടത്തിക്കൊണ്ടിരിക്കുന്നത്. അദ്ദേഹം നടത്തുന്ന പ്രവർത്തനം വിജയകരമാകുമെന്നുള്ള പ്രതീക്ഷയാണ് ഉണർത്തുന്നത്. ലക്കി വാറ്റിലൂടെ 4600 കോടി രൂപ ശേഖരിക്കാനുള്ള ഉറച്ച നടപടികളുമായി അദ്ദേഹം മുന്നോട്ടുപോകുകയാണ്. ചെക്ക്പോസ്റ്റുകൾ നവീകരിക്കാനും അഴിമതി തടയാനും ജനപങ്കാളിത്തത്തോടെയും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെയും നടത്തിയ പ്രവർത്തനം ഈ രംഗത്ത് പുതിയ കാൽവയ്പാണ്. എൻഡോസൾഫാൻ ദുരിതബാധിതരെ സഹായിക്കുവാൻ യു. ഡി. എഫ്. സർക്കാർ ഒന്നും ചെയ്യാത്ത സാഹചര്യമായിരുന്നു. ഈ സർക്കാർ എൻഡോസൾഫാൻ ദുരിതത്തിൽ മരണമടഞ്ഞ 135 പേരുടെ കുടുംബങ്ങൾക്ക് 50,000 രൂപ തോതിൽ സാമ്പത്തിക സഹായം നൽകുകയും ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി 50 ലക്ഷം രൂപ ജില്ലാ പഞ്ചായത്തിനെ ഏൽപ്പിക്കുകയും ചെയ്തു. നല്ല കാര്യമാണ്. ദുരിതബാധിതരോടുള്ള സർക്കാരിന്റെ സമീപനം എന്താണെന്ന് ഇത് കാണിക്കുന്നു. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ കർഷക ആത്മഹത്യ നടന്ന വയനാട്, കാസർഗോഡ്, പാലക്കാട് ജില്ലകളിലെ കർഷക കുടുംബങ്ങൾക്ക് സഹായം നൽകുന്നതിനായി 100-ൽപരം കോടിരൂപയാണ് നീക്കി വച്ചിരിക്കുന്നത്. അംഗൻവാടികളിൽ പ്രവർത്തിക്കുന്നവർക്ക് 150-175 രൂപാ തോതിൽ മാസംതോറും ശമ്പളം വർദ്ധിപ്പിച്ചു കൊടുക്കുമെന്ന് ഡിമാന്റിൽ പറയുന്നു, ഏഴരക്കോടി രൂപയാണ് അതിനുവേണ്ടി വകയിരുത്തിയിരിക്കുന്നത്. മുൻ സർക്കാരിന്റെ കാലത്ത് ദുരിതാശ്വാസഫണ്ട് ദുരുപയോഗം ചെയ്തതുമൂലം അർഹതപ്പെട്ട നൂറു കണക്കിന് പേർക്ക് ഫണ്ട് ലഭിച്ചില്ല. അങ്ങനെയുള്ളവർക്ക് ധനസഹായം കൊടുക്കുന്നതിനുവേണ്ടി 20 കോടി രൂപയാണ് ഈ ബഡ്ജറ്റിൽ മാറ്റിവച്ചിരിക്കുന്നത്. എം.എൽ.എ. മാരുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും 105.75 കോടി രൂപ ചെലവഴിക്കുന്നതിനുവേണ്ടി മാറ്റിവച്ചിരിക്കുന്നു. ബേക്കൽ ടൂറിസത്തിന് 5 കോടി രൂപയാണ് ഈ ബില്ലിൽ ഉള്ളത്. കൊയിലാണ്ടി, കാസർഗോഡ് തുറമുഖങ്ങളുടെ പണി ഇക്കൊല്ലംതന്നെ ആരംഭിക്കത്തക്കവിധം ഫണ്ട് വകകൊള്ളിച്ചിരിക്കുകയാണ്. കൃഷി, വിദ്യാഭ്യാസം, പൊതുജനാരോഗ്യവും സ്പോർട്ട്സും, ഫിഷറീസ്, മൃഗ സംരക്ഷണം, തദ്ദേശ സ്വയംഭരണം എന്നുവേണ്ട സമസ്ത മേഖലകൾക്കും ഈ ഡിമാന്റിലൂടെ തുക അനുവദിച്ചിരിക്കുന്നു. എനിക്ക് മന്ത്രിയോട് ഒരു പ്രത്യേക പരാതിയുണ്ട്. എന്റെ നിയോജക മണ്ഡലത്തിലെ പടന്ന പഞ്ചായത്തിൽ ഇ. എം. എസ്സിന്റെ പേരിലുള്ള ആശുപത്രി ഉദ്ഘാടനം ചെയ്തത് മുൻ ധനകാര്യവകുപ്പ് മന്ത്രി ശ്രീ. ടി. ശിവദാസമേനോൻ ആയിരുന്നു. അന്ന് അദ്ദേഹം ഉദ്ഘാടനം ചെയ്തുകൊണ്ട് 10 ലക്ഷം രൂപ അതിന്റെ നിർമ്മാണത്തിനുവേണ്ടി വാഗ്ദാനം ചെയ്തിരുന്നു. അന്ന് അദ്ദേഹം ബഡ്ജറ്റ് പ്രസംഗത്തിലും പ്രസ്താവിച്ചിരുന്നു. പക്ഷേ

ഇന്നും അത് ജലരേഖയായി കിടക്കുകയാണ്. ദയവായി ഇത്രയും കോടി രൂപ മാറ്റിവച്ചിട്ടുള്ള ധനകാര്യ വകുപ്പുമന്ത്രി പത്തു ലക്ഷം രൂപ കൂടി ഇതിൽ ഉൾപ്പെടുത്തണം. അത് അടിയന്തിരമായി നല്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്. മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ സബ്സിഡിക്കായി 2 കോടി രൂപ അനുവദിച്ചിരിക്കുന്നു; നല്ല കാര്യമാണ്. വ്യാപാരി സമൂഹത്തോട് യു.ഡി.എഫ്. സർക്കാർ. ശത്രുതാപരമായ സമീപനമാണ് സ്വീകരിച്ചിരുന്നത്. ഈ സർക്കാർ വ്യാപാര സൗഹൃദ സമീപനം സ്വീകരിച്ചതും സ്വാഗതാർഹമാണ്. കോഴിക്കോട് നടത്താൻ പോകുന്ന വ്യാപാരമേള അടുത്ത വർഷം മുതൽ എല്ലാ പട്ടണങ്ങളിലേയ്ക്കും വ്യാപിപ്പിക്കണം. വ്യാപാരമേഖലയുടെ അഭിവൃദ്ധിക്ക് പ്രത്യേക പാക്കേജ് കൊണ്ടുവരണം. ട്രേഡേഴ്സ് വെൽഫയർ ബോർഡിന്റെ പ്രവർത്തനം വളരെ ശോചനീയമാണ്. യു.ഡി.എഫുകാർക്ക് കച്ചവടക്കാരോട് എന്ത് സ്നേഹമാണെന്ന് അറിയാമോ? ഡി ക്ലാസ് രജിസ്ട്രേഷൻ ഉള്ള വ്യാപാരികൾ മരിച്ചാൽ 10,000 രൂപയുടെ ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചിരുന്നത് 2001-ന് ശേഷം ഒറ്റ ആൾക്കുപോലും നൽകിയിട്ടില്ല. ഈ സർക്കാർ ഇതിനകം 50 ലക്ഷം രൂപ നൽകി എന്നുള്ളത് കച്ചവടക്കാരോടുള്ള ഈ ഗവൺമെന്റിന്റെ സമീപനമെന്താണെന്ന് കാണിക്കുന്നു. ആവശ്യമായ മുഴുവൻ തുകയും അനുവദിക്കുവാൻ വേണ്ടി സന്മനസ്സുണ്ടാകണം. എന്നാൽ ഈ നല്ലകാര്യങ്ങൾ ഉൾക്കൊള്ളാൻ നമ്മുടെ പ്രതിപക്ഷത്തിനു സാധിക്കുന്നില്ല. അതിന്റെ പ്രതിഫലനങ്ങളാണ് ഈ ബഡ്ജറ്റ് ചർച്ചാ വേളയിൽ ഈ സഭയിൽ ദർശിക്കുവാൻ വേണ്ടി കഴിഞ്ഞത്. ബഹുമാനപ്പെട്ട പ്രതാപന് വലിയ ഉത്ക്കണ്ഠയാണ്. അമരത്തും അണിയത്തും ഇരുന്ന് പരസ്പരം തുഴയുന്നു എന്നാണ് അദ്ദേഹത്തിന്റെ പരിഹാസം. കോൺഗ്രസ് ഒരുമിച്ച് തുഴഞ്ഞപ്പോൾ മഹാനായ എ.കെ.ആന്റണിക്ക് ഡൽഹിയിലേയ്ക്ക് താവളം മാറ്റേണ്ടിവന്നു. ഇന്ന് എനിക്ക് വളരെ സന്തോഷമുണ്ട്. എന്റെ ബഹുമാനപ്പെട്ട മെമ്പർ ശ്രീ. ബാബു ഇവിടെ സൂചിപ്പിച്ചു, നൂറ് വർഷത്തേയ്ക്ക് സി.പി.ഐ(എം)-നെ കേരളാ അസംബ്ലിയുടെ പടിവാതിൽ കയറ്റുകയില്ല, കാണിക്കില്ല എന്ന് ഉഗ്ര പ്രതിജ്ഞ ചെയ്ത ശ്രീമാൻ എ. കെ. ആന്റണി സി.പി.ഐ(എം)കാരുടെ പിന്തുണയോടെ കേന്ദ്രം ഭരിക്കുകയാണ്. വളരെ വളരെ സന്തോഷമുണ്ട്. ശ്രീ.എ.കെ.ആന്റണിയും ശ്രീ. ഉമ്മൻചാണ്ടിയും ഒരുമിച്ചു തുഴഞ്ഞപ്പോഴാണ് കോൺഗ്രസ് മന്ത്രിമാരെയെല്ലാം ഉമ്മൻചാണ്ടി കറിവേപ്പിലപോലെ പുറത്തു കളഞ്ഞത്. എന്തൊരു യോജിപ്പായിരുന്നു. കഴിഞ്ഞ ദിവസം ഇവിടെ മറ്റൊരു കോൺഗ്രസ് മെമ്പർ പ്രസംഗിക്കുന്നതു കേട്ടു. റോഡുകളിലെ കുഴികൾ സംബന്ധിച്ച്. വീണാൽ കരകയറുന്നതിനു വേണ്ടി ലീഗിന്റെ ഏണി വേണ്ടി വരുമെന്ന് അദ്ദേഹം ഇവിടെ പറഞ്ഞു. പി.ഡബ്ല്യു.ഡി. മന്ത്രി ശ്രീ. കുരുവിള സാറിനെ അദ്ദേഹം പരിഹസിച്ചു. മന്ത്രിയുടെ പേരുതന്നെ കുഴിവിള എന്നാക്കേണ്ടി വരുമെന്നാണ് അദ്ദേഹം പറഞ്ഞത്. കഴിഞ്ഞ അഞ്ചു വർഷക്കാലം ഇവിടെ ഭരിച്ച് സകല മേഖലയും കുളംതോണ്ടിയ ഇക്കൂട്ടർക്ക് ഇതെങ്ങനെ പറയാൻ കഴിയുന്നു? കാണ്ടാമൃഗം പോലും ലജ്ജിച്ചു തലതാഴ്ത്തും. അത്രയ്ക്കുണ്ട് അവരുടെ തൊലിക്കട്ടി. കഴിഞ്ഞ സെപ്തംബർ മാസം പതിനെട്ടാം തീയതി തുടങ്ങിയ പല്ലവിയാണ്, എൽ.ഡി.എഫ്. ഭരണം സകല മേഖലയേയും തകർത്തു, ജനങ്ങൾ വെറുത്തു, ഒറ്റപ്പെട്ടു കഴിഞ്ഞു എന്നൊക്കെ. വരുന്ന അഞ്ച് വർഷം തികയുന്നതുവരെ യു.ഡി.എഫിന് ഇത് ആവർത്തിക്കേണ്ടിവരും. നിഷേധാത്മകമായ സമീപനമാണ് യു.ഡി.എഫിന്റെ കൈമുതൽ.

LIBRARY ARCHIVES Kerala Legislative Assembly

ഈ സർക്കാർ മേയ് 18-നാണ് അധികാരത്തിൽ വന്നത്. അപ്പോൾ വരൾച്ചയായിരുന്നു. മേയ് അവസാനം മുതൽ കാലവർഷം ആരംഭിച്ചു. യു.ഡി.എഫ്. കാരുടെ വാ തോരാത്ത ഗീർവ്വാണ പ്രസംഗം പോലെയാണ് മഴപെയ്യുന്നത്. മേയിൽ തുടങ്ങിയ മഴ ഇന്നും അതിശക്തമായി തുടരുന്നു. എങ്ങനെയാണ് സാർ, റോഡ് പണി നടക്കുക? ഇവർ പറയുന്നത് കോൺട്രാക്ടർമാർക്ക് കൊള്ളയടിക്കാൻ സൗകര്യം ചെയ്തു കൊടുക്കുന്നുവെന്നാണ്. 5 കൊല്ലക്കാലം റോഡ് പണി മര്യാദയ്ക്ക് നടത്തിയിരുന്നുവെങ്കിൽ റോഡുകൾക്ക് ഈ ഗതി വരുമായിരുന്നോ? മേക്കാടം റോഡിന്റെ സ്ഥിതിയെന്താണ്? കഴിഞ്ഞ ഫെബ്രുവരിയിൽ എന്റെ നാടിന്റെ റോഡ് പണി നടന്നതാണ്. ഇന്നവിടെ കുളമാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, പോയിന്റ് ഓഫ് ഓർഡർ. റൂൾ 303, സഭയുടെ കീഴ്വഴക്കമനുസരിച്ച് രാഷ്ട്രീയമായി നമുക്കു വിമർശിക്കാം. നാണമോ മാനമോ എന്നൊക്കെ പറയാനുള്ള അവകാശമുണ്ട്. പക്ഷേ, ഒരു പുസ്തകം വായിക്കുന്നതുപോലെ ആദ്യാവസാനം വായിച്ചുകൊണ്ടേയിരിക്കുന്നത് ശരിയല്ല. ഗ്രന്ഥപാരായണമല്ല നിയമസഭയ്ക്കകത്ത്. അതുകൊണ്ട് അദ്ദേഹത്തിന്റെ അഭിപ്രായം ഗ്രന്ഥം മടക്കിവച്ച് പറയുന്നതിനുവേണ്ടി അങ്ങ് റൂൾ ചെയ്യണമെന്ന് അപേക്ഷിക്കുന്നു.

ശ്രീ. കെ. കുഞ്ഞിരാമൻ : സർ, അദ്ദേഹത്തിന് അസഹിഷ്ണുത കൂടുതലാണ്. ഞാൻ നോട്ട് തയ്യാറാക്കി കൊണ്ടുവന്നതാണ്. ഇവിടെ എല്ലാ ആളുകളും ചെയ്യുന്നത് മാത്രമാണ് ഞാനിവിടെ ചെയ്യുന്നത്.

മി. ചെയർമാൻ : അത് ശരിയാണ്. നമ്മുടെ ചട്ടമനുസരിച്ച് അങ്ങനെ ചെയ്യാൻ പാടില്ലെന്നാണ്. പലരും ഇവിടെ ചെയ്യുന്നുണ്ട്.

ശ്രീ. കെ. കുഞ്ഞിരാമൻ : ഞാൻ വായിക്കുകയല്ല. പ്രസംഗിക്കുകയാണ് ചെയ്യുന്നത്. ഞാൻ പുതിയ മെമ്പറാണ്. എല്ലാ ആളുകളും ചെയ്യുന്നതുപോലെയാണ് ഞാൻ ചെയ്യുന്നത്. ഞാൻ പറയുന്നത് സഹിക്കുന്നില്ല.

ശ്രീ. പി. സി. ജോർജ്: സഭയിലെ ഒരു പുതിയ അംഗമാണ് അദ്ദേഹം. സാധാരണ ആര് സംസാരിക്കുമ്പോഴും നോട്ട് പ്രിപ്പെയർ ചെയ്യും. അതൊരു തെറ്റായി ഈ സഭ കണ്ടിട്ടില്ല. ആ നിലയ്ക്ക് അദ്ദേഹം അങ്ങനെ നോട്ട് പ്രിപ്പയർ ചെയ്ത് കാര്യമാത്രപ്രസക്തമായ കാര്യങ്ങൾ സഭയിൽ പറഞ്ഞുകൊണ്ടിരിക്കുമ്പോൾ അതിന് ഇടംകോലിടുന്ന രീതിയിൽ ഇത്രയും സീനിയറായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെപ്പോലുള്ള ആളുകൾ ഇങ്ങനെ സംസാരിക്കുന്നതു ശരിയല്ല എന്ന അഭിപ്രായം രേഖപ്പെടുത്തു കയാണ്.

ശ്രീ. കെ. കുഞ്ഞിരാമൻ : സർ, ഈ ഗവൺമെന്റ് മേയ് 18 നാണ് അധികാരത്തിൽ വന്നത്. അപ്പോൾ വരൾച്ച അനുഭവപ്പെടുന്ന ഒരു കാലഘട്ടമായിരുന്നു. മേയ് അവസാനം മുതൽ ശക്തമായ് കാലവർഷം ആരംഭിച്ചു. യു.ഡി.എഫ്. കാരുടെ വാതോരാത്ത ഗീർവ്വാണം പോലെ.......... സാർ വായിച്ചു. സോറി. തെരഞ്ഞെടുപ്പിൽ തോറ്റു തുന്നം പാടി എന്നത് ഉൾക്കൊള്ളാൻ യു.ഡി.എഫിന് കഴിയുന്നില്ല. റിസൾട്ട് വന്നുകൊണ്ടിരുന്നപ്പോൾ പോലും ജയിക്കും എന്നുള്ള ഹുങ്കിലായിരുന്നു അവർ.

LIBRARY ARCHIVES Kerala Legislative Assembly

ദൃശ്യശ്രാവ്യ അച്ചടി മാധ്യമങ്ങളും കേന്ദ്ര സംസ്ഥാന രഹസ്യാന്വേഷണ വിഭാഗങ്ങളും ഒരേപോലെ പറഞ്ഞിട്ടും അതൊന്നും ഉൾക്കൊള്ളാൻ അവർ തയ്യാറായില്ല. മലയാളം എന്ന വാരിക 90+ എന്നായിരുന്നു അതിന്റെ മുഖചിത്രത്തിൽ അച്ചടിച്ചുവന്നത്.. എന്നു പറഞ്ഞാൽ ഇടതുപക്ഷ ജനാധിപത്യമുന്നണി തൊണ്ണൂറിലധികം സീറ്റ് നേടും എന്നാണ് അർത്ഥം. പക്ഷേ, അതൊന്നും ഉൾക്കൊള്ളാൻ യു.ഡി.എഫ്. തയ്യാറായിരുന്നില്ല. മഞ്ചേശ്വരം മണ്ഡലത്തിൽ കഴിഞ്ഞ ഒക്ടോബർ മാസത്തിൽ തന്നെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ജയിക്കും, അവിടെ യു. ഡി. എഫി.നെ ഞങ്ങൾ തോല്പിക്കും എന്ന് പറഞ്ഞതാണ്. പക്ഷേ, അതും അംഗീകരിക്കാൻ അവർ തയ്യാറായില്ല. തെരഞ്ഞെടുപ്പ് വന്നപ്പോൾ എന്തായി സ്ഥിതി? ശ്രീ. ചെർക്കളം അബ്ദുള്ള പറഞ്ഞു, എന്ത് സി. എച്ച്. കുഞ്ഞമ്പു? എന്തു എൽ.ഡി.എഫ്.? എനിക്ക് ശ്രീ. സി.എച്ച്. കുഞ്ഞമ്പുവും ഇടതുപക്ഷ ജനാധിപത്യ മുന്നണിയും ഒരു പ്രശ്നമേയല്ല. ഞാനും ബി. ജെ. പി. യുമായിട്ടാണ് അവിടെ മൽസരിക്കുന്നത്. തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ എന്തായി സ്ഥിതി? തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ

"വീണിതല്ലോ കിടക്കുന്നു ധരണിയിൽ
ശോണിതവുമണിഞ്ഞയ്യോ ശിവ: ശിവ:
നല്ല മരതക കല്ലിനോടൊത്തൊരു
കല്യാണരൂപൻ കുമാരൻ- മനോഹരൻ"

എന്ന് കവി പാടിയതുപോലെയാണ്. ശ്രീ. ചെർക്കളം അബ്ദുള്ള മൂന്നാം സ്ഥാനത്താണ്. ഞങ്ങൾ വിചാരിച്ചത് 1000-2000-ത്തിലധികം വോട്ടിന് ജയിക്കുമെന്നായിരുന്നു. പക്ഷേ, ജയിച്ചത് 5000-ൽ പരം വോട്ടിനാണ്. ശ്രീ. ചെർക്കളം അബ്ദുള്ള മാത്രമല്ല സാർ തോറ്റത്. കുഞ്ഞാലിക്കുട്ടി സാഹേബ് അതുപോലെ തന്നെ മുനീർ സാഹേബ്, ബഷീർ സാഹേബ്, ശ്രീ.പി. പി. തങ്കച്ചൻ, ശ്രീമതി കെ. ആർ. ഗൗരി അമ്മ, ശ്രീ. എം. വി. രാഘവൻ, ശ്രീ. ബാലകൃഷ്ണപിള്ള, ശ്രീ. ടി. എം. ജേക്കബ്, ശ്രീ. മുരളീധരൻ എത്രയെത്ര കൊമ്പൻമാരാണ്, വീരശൂര പരാക്രമികളാണ് തോറ്റു തുന്നം പാടിയത്. അപ്പോൾ അതുകൊണ്ട് ഞങ്ങൾ പറയുന്നത്, അല്ലെങ്കിൽ ജനങ്ങൾ പറയുന്നത്, അല്ലെങ്കിൽ ഈ രാജ്യത്തെ പത്രമാധ്യമങ്ങൾ, ദൃശ്യമാധ്യമങ്ങൾ ഇതൊന്നും പറയുന്നത് അംഗീകരിക്കാനോ കേൾക്കാനോ അവർ തയ്യാറായില്ല. ജനങ്ങൾ ഇപ്പോൾ വലിയതോതിൽ അവരെ പരാജയപ്പെടുത്തിയിട്ടും ജനങ്ങൾ സംതൃപ്തരായില്ല. ഈ അടുത്തകാലത്ത് നടന്ന തെരഞ്ഞെടുപ്പിൽ അങ്ങേയറ്റം അസന്തുഷ്ടരായിട്ടുള്ള ജനത വീണ്ടും അവരെ തോൽപ്പിച്ചു. കോട്ടയം ജില്ലാ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി വിജയിച്ചു. അന്ന് നടന്ന 21 സീറ്റുകളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിൽ 14 സീറ്റും ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് നല്കി. എന്നിട്ടും 'അരിശം തീരാത്തവൻ പുരയുടെ ചുറ്റും മണ്ടി നടന്നു' എന്നതുപോലെയാണ് ജനങ്ങൾ ഇപ്പോഴും ചിന്തിച്ചുകൊണ്ടിരിക്കുന്നത്. ഇനിയും തെരഞ്ഞെടുപ്പ് വന്നാൽ യു.ഡി.എഫ്.-ന് എതിരായിട്ട് അതിശക്തമായിട്ടുള്ള തിരിച്ചടി ജനങ്ങൾ നല്കും എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. തെരഞ്ഞെടുപ്പിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയും സി.പി.ഐ. യും കള്ളവോട്ട് ചെയ്തു എന്നു പറഞ്ഞുകൊണ്ട് ബഹുമാനപ്പെട്ട സി.എഫ്. തോമസ് ഇവിടെ ഇതിന് മുൻപ് പ്രസംഗിച്ചു. ആരാണ് കള്ളവോട്ട് ചെയ്തത്?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഈ കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് വമ്പിച്ച ഭൂരിപക്ഷം കിട്ടിയാണ് ജയിച്ചത്. ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക്, സ്വാധീനമുള്ള എല്ലാ പ്രദേശങ്ങളിലും പോളിംഗ് ശതമാനം കൂടുകയാണ് ചെയ്തത്. ഇടതുപക്ഷ ജനാധിപത്യമുന്നണിയും സി.പി.ഐ.(എം.)ഉം കള്ളവോട്ട് ചെയ്യുന്നത് തടയുന്നതിനുവേണ്ടി ഇവിടെ രാജ്യത്തെമ്പാടുമുള്ള പോലീസിനെ, പതിനായിരക്കണക്കിന് പോലീസിനെ വിന്യസിച്ചു. അതിനുപുറമെ ഡിജിറ്റൽ ക്യാമറയും കൊണ്ടു വന്നു. എന്നിട്ട് എന്തുണ്ടായി? ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ കേന്ദ്രങ്ങളിലെല്ലാം തന്നെ 70-75, 80-85, 90 ശതമാനം പോളിംഗ്. യു.ഡി.എഫ് ന്റെ കേന്ദ്രങ്ങളിൽ, മുസ്ലീം ലീഗിന്റെ കേന്ദ്രങ്ങളിൽ 90 ശതമാനം പോളിംഗ് നടക്കുന്ന സ്ഥലങ്ങളിൽ 48 മുതൽ 55 ശതമാനം വരെയാണ് പോളിംഗ്. എന്തുകൊണ്ടാണിതു സംഭവിച്ചത്? യഥാർത്ഥത്തിൽ കള്ളവോട്ട് ചെയ്യുന്നത് യു.ഡി.എഫ്.കാരാണ്. മുസ്ലീം ലീഗിന്റെ കേന്ദ്രങ്ങളിൽ, യു.ഡി.എഫ്-ന്റെ കേന്ദ്രങ്ങളിൽ ഇത്തവണ കള്ളവോട്ട് ചെയ്യുന്ന ആളുകൾ പോലീസിനെ പേടിച്ച്, അതുപോലെതന്നെ ക്യാമറയെ പേടിച്ച് വോട്ടു ചെയ്യാൻ വന്നില്ല. അതുകൊണ്ട് അവിടെ പോളിംഗ് കുറഞ്ഞു. അപ്പോൾ ഈ രീതിയിൽ ആടിനെ പട്ടിയാക്കുന്ന സമീപനമാണ് യു.ഡി.എഫ്. ചെയ്തുകൊണ്ടിരിക്കുന്നത്. ഇങ്ങനെ കള്ളം പറയാമോ? നിങ്ങളെല്ലാം ദൈവവിശ്വാസികളല്ലേ? യു.ഡി.എഫുകാർ വലിയ ദൈവവിശ്വാസികളാണ്. കള്ളത്തരം പറഞ്ഞാൽ എന്താണതിന്റെ ശിക്ഷ എന്നു നിങ്ങൾക്കറിയാമോ?

തലനാരേഴായ് ചീന്തീട്ട്,
നേരിയ പാലം കെട്ടീട്ട്
അതിലെ നടക്കണമെന്നു പറയണ
ഇബിലീസല്ലോ റബ്ബേ.

അതുകൊണ്ട് നിങ്ങളൊക്കെ ഒരു കാര്യം മനസ്സിലാക്കണം ഇങ്ങനെ കള്ളത്തരം പറഞ്ഞാൽ, ഇങ്ങനെ വസ്തുതാ വിരുദ്ധമായിട്ടുള്ള കാര്യങ്ങൾ പറഞ്ഞാൽ എന്തായിരിക്കും ഇവരുടെ സ്ഥിതി? ഈ രീതിയിൽ കള്ളത്തരങ്ങളും പൊള്ളത്തരങ്ങളും പറഞ്ഞ് ഇടതുപക്ഷ ജനാധിപത്യ മുന്നണിയേയും അതുപോലതന്നെ ഈ ഗവൺമെന്റിനേയും ജനങ്ങളുടെ മുമ്പിൽ ഇടിച്ചുതാഴ്ത്താം അല്ലെങ്കിൽ താറടിച്ചു കാണിക്കാം എന്നുള്ള യാതൊരു ധാരണയും നിങ്ങൾക്കുവേണ്ട. ഈ രാജ്യത്തെ ജനങ്ങൾ ഈ ഗവൺമെന്റിനെ കണ്ണിലെ കൃഷ്ണമണിപോലെ കാത്തുസൂക്ഷിക്കും എന്നുള്ളതിന് യാതൊരു സംശയവും വേണ്ട. ഇവിടെ എൻഡോ സൾഫാൻമൂലം മരിച്ച 135 കുടുംബങ്ങൾക്ക് ഫണ്ട് വിതരണം ചെയ്യുന്നതിന് നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കാസർകോട് വന്നപ്പോൾ ഞങ്ങൾ കണ്ടതാണ്. ബഹുമാനപ്പെട്ട സി. ടി. യായിരുന്നു അദ്ധ്യക്ഷൻ. നിങ്ങൾ ഭരിച്ചിരുന്ന കാലത്ത് ഒരു നയാപൈസ പോലും കൊടുത്തില്ല. ആ സി.ടി.യുടെ മണ്ഡലത്തിലാണ് മഹാഭൂരിപക്ഷം ആളുകളും മരിച്ചത്. 5 കൊല്ലം നിങ്ങൾ ഭരിച്ചില്ലേ, 10 പൈസകൊടുത്തോ? സഖാവ് വി.എസ്. എത്ര പ്രാവശ്യം അവിടെ വന്നു? സകല വീടുകളിലും പോയില്ലേ? അവർക്കാവശ്യമായ സഹായം ചെയ്യണമെന്ന് പറഞ്ഞില്ലേ? അന്ന് സഖാവ് വി.എസ്. പറഞ്ഞു ഇവർ കണ്ണിൽ ചോരയില്ലാത്തവരാണ്. നിങ്ങൾ പാവപ്പെട്ടവർക്ക്, കഷ്ടപ്പെടുന്നവർക്ക്

ഒരാനുകൂല്യവും ചെയ്യില്ല. ഒന്നും പ്രതീക്ഷിക്കേണ്ട. നമ്മുടെ ഗവൺമെന്റ് വന്നാൽ ഞങ്ങൾ പരിഗണിക്കും. കഴിയാവുന്ന സഹായങ്ങൾ ചെയ്യും എന്ന്പറയുക മാത്രമല്ല ഈ ഗവൺമെന്റ് വന്ന ഉടനെതന്നെ ശ്രീ. വി. എസ്. രണ്ട് പ്രാവശ്യം അവിടെ പോയി. സകല വീടുകളിലും പോയി, 50,000 രൂപ തോതിലാണ് കൊടുത്തത്. ഈ രാജ്യത്തെ ജനങ്ങളോട് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് എങ്ങനെയാണ് പെരുമാറുന്നത്, പ്രവർത്തിക്കുന്നത് എന്ന് കണ്ട് പഠിക്കണം നിങ്ങൾ. എന്നിട്ട് ഇവിടെ വന്ന് വലിയ പുരാണം പറയുകയാണ്. എന്തൊരു ഉപദേശമാണ്. എല്ലാ ദിവസവും ഇടതുപക്ഷ ജനാധിപത്യമുന്നണിയെ ഉപദേശിക്കുകയാണ്. അതുകൊണ്ട് എനിക്ക് പറയാനുള്ളത് നിങ്ങളുടെ ഈ സമീപനം മാറ്റണം. നിങ്ങളുടെ സ്വഭാവത്തിലും പ്രസംഗത്തിലും മാറ്റംവരണം. അത് നിങ്ങൾക്കും ഗുണകരമായിരിക്കും. നിങ്ങളുടെ പ്രസ്ഥാനത്തിനും ഗുണകരമായിരിക്കും നമ്മുടെ നാട്ടിനും ഗുണകരമായിരിക്കും. ഞാൻ ഈ സപ്ലിമെന്ററി ഡിമാന്റുകളെ പിന്താങ്ങുന്നു.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഈ ചർച്ച തുടങ്ങിവച്ചുകൊണ്ട് ശ്രീ. കെ. ബാബു ഇവിടെ സൂചിപ്പിച്ചതുപോലെ റവന്യൂ വരുമാനംവർദ്ധിപ്പിക്കുന്നതിനുള്ള ഇഫക്ടീവ് സ്റ്റെപ്പ്സ് ഒന്നും നമ്മുടെ സർക്കാർ എടുക്കുന്നില്ല എന്നാണ് എനിക്ക് ആദ്യമായി പറയാനുള്ളത്. റവന്യൂ കമ്മി കുറച്ചുകൊണ്ടുവരുന്നില്ല എന്നാണ് യു.ഡി.എഫ്. അധികാരത്തിൽ ഇരുന്ന അവസരത്തിലെല്ലാം ധനകാര്യ വിദഗ്ദ്ധൻ കൂടിയായ നമ്മുടെ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി പ്രതിപക്ഷത്തിരുന്ന് ഞങ്ങളെ ആക്ഷേപിച്ചിരുന്നത്. യു.ഡി.എഫ്. ധനക്കമ്മി കുറയ്ക്കുന്നില്ല, റവന്യൂ കമ്മി കുറയ്ക്കുന്നില്ല, അതിനുള്ള സ്റ്റെപ്പ്സ് എടുക്കുന്നില്ല എന്നാണ് ആക്ഷേപിച്ചിരുന്നത്. പക്ഷെ ഇപ്പോൾ അദ്ദേഹം എടുത്തിട്ടുള്ള നിലപാട് എന്താണ്, റവന്യൂ കമ്മി 2008-09 സാമ്പത്തിക വർഷം സീറോ (NIL) ആയി മാറിയില്ല എങ്കിൽ നമുക്ക് ഗുരുതരമായ ഭവിഷ്യത്ത് നേരിടും എന്നുള്ള കാര്യത്തിൽ ആർക്കും തർക്കമില്ല. 12-ാം ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ളത് അങ്ങനെ 2008-09-ൽ റവന്യൂ കമ്മി NIL ആകാത്ത ഒരു സംസ്ഥാനത്തിനും കേന്ദ്രത്തിന്റെ ഒരു സാമ്പത്തിക സഹായവും പ്രതീക്ഷിക്കണ്ട എന്നാണ്. ആ കാര്യത്തിൽ അദ്ദേഹത്തിന് എന്നേക്കാൾ കൂടുതൽ അറിവുള്ളതുകൊണ്ട് വരാൻ പോകുന്ന വിപത്തിനെപ്പറ്റി അങ്ങ് പ്രത്യേകം ശ്രദ്ധിക്കണമെന്നാണ് ഈ സംസ്ഥാനത്തിന്റെ ഭാവിയെകരുതി എനിക്ക് അങ്ങയോട് നിർദ്ദേശിക്കാനുള്ളത്. ധനകാര്യ വകുപ്പുമന്ത്രിയെ സംബന്ധിച്ചിടത്തോളം അദ്ദേഹം ഇപ്പോൾ പുതിയ ഒരു സ്റ്റൈലിലാണ്, മുമ്പ് ഇപ്പുറത്തിരുന്ന് സംസാരിച്ച കാര്യങ്ങളൊന്നും ഇപ്പോൾ പറയുന്നില്ല. മാത്രമല്ല, കേന്ദ്ര ഗവൺമെന്റുമായി നിരന്തരം ഒരു കൺഫ്രണ്ടേഷൻ ലൈനാണ് അദ്ദേഹം സ്വീകരിച്ചിരിക്കുന്നത്. അത് ഒരിക്കലും ശരിയല്ല. കാരണം ഇവിടെ നേരത്തെ ശ്രീ. കെ. ബാബു സൂചിപ്പിച്ചതുപോലെ ഈ സംസ്ഥാനത്തിന് ഗുണകരമായ ഒരവസ്ഥ ഇന്ന് നമ്മുടെ കേന്ദ്രത്തിൽ ഉണ്ട്. സി.പി.എം.-ന്റെ മുഴുവൻ ആളുകളും പിൻതുണയ്ക്കുന്ന ഒരു ഗവൺമെന്റ്, ബഹുമാന്യനായ എ. കെ. ആന്റണി ഉൾപ്പെടെ വളരെ പ്രധാനപ്പെട്ട മൂന്ന് ആളുകൾ ആ മന്ത്രിസഭയിൽ അംഗമായിരിക്കുന്ന ഒരവസ്ഥ, ഒരുപക്ഷേ ഇനിയൊരിക്കലും

[1 P.M.]

LIBRARY ARCHIVES Kerala Legislative Assembly

ഇങ്ങനെ ഒരു നല്ല കാലഘട്ടം ഈ സംസ്ഥാനത്തിന് ഉണ്ടാകുമെന്ന് നമുക്ക് പ്രതീക്ഷിക്കാൻ സാധിക്കില്ല. അത് മാക്സിമം എക്സ്പ്ലോയിറ്റ് ചെയ്യാൻ അങ്ങേക്ക് സാധിക്കും, പക്ഷെ എന്തുകൊണ്ടോ അങ്ങ് അതിന് ശ്രമിക്കുന്നില്ല എന്നുമാത്രമല്ല, എപ്പോഴും ഒരു കൺഫ്രണ്ടേഷൻ ലൈനാണ് അങ്ങ് സ്വീകരിച്ചിരിക്കുന്നത്. അത് ഒഴിവാക്കണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. മാത്രമല്ല സെപ്റ്റംബർ 2006 വരെ 10 ശതമാനത്തിന് താഴെയാണ് നമ്മൾ പദ്ധതിച്ചെലവ് നടത്തിയിരുന്നത്. അതായത് വെറും 700 കോടി രൂപയാണ് ബഡ്ജറ്റ് പാസ്സായതിനുശേഷം നമ്മുടെ സംസ്ഥാന ഗവൺമെന്റ് ചെലവഴിച്ചിട്ടുള്ളത്. ഇനിയുള്ള അഞ്ചുമാസംകൊണ്ട് ആറായിരം കോടി രൂപ ചെലവഴിക്കാൻ ഗവൺമെന്റിന് സാധിക്കുമോ? അങ്ങനെ സാധിക്കുമെന്നുള്ള വിശ്വാസം അങ്ങേയ്ക്കുണ്ടെങ്കിൽ ഈ സഭയിൽ അങ്ങ് മറുപടി പറയുമ്പോൾ പറയണം. ആറായിരം കോടി രൂപയെടുത്ത് അഞ്ചു മാസത്തിനുള്ളിൽ ചെലവഴിക്കും എന്ന് അങ്ങ് പറയേണ്ടിയിരിക്കുന്നു. ഈ സാഹചര്യത്തിലാണ് ഈ ഉപധനാഭ്യർത്ഥനയെ ഞങ്ങൾ എതിർക്കുന്നത്. ഇങ്ങനെ പാസ്സാക്കി തന്നിട്ട് എന്താണ് കാര്യം? അത് ചെലവഴിക്കാൻ സാധിക്കണ്ടേ? അത് ചെലവഴിച്ചില്ലെങ്കിൽ നമുക്ക് വരുന്ന സാമ്പത്തിക ബുദ്ധിമുട്ടുകളും പദ്ധതിപ്രവർത്തനങ്ങൾക്ക് തടസ്സങ്ങൾ നേരിടുമ്പോൾ ഈ സംസ്ഥാനത്തിന് വരുന്ന പ്രശ്നങ്ങളുമൊക്കെ ഞങ്ങൾക്ക് അപ്പുറത്തിരിക്കുന്നവരെപ്പോലെ തന്നെ ഇപ്പുറത്തിരിക്കുന്നവർക്കും നല്ല ബോദ്ധ്യമുണ്ട്. കൊച്ചിൻ യൂണിവേഴ്സിറ്റിയുടെ കാര്യമെടുക്കാം. കൊച്ചിൻ യൂണിവേഴ്സിറ്റിയെ അപ്-ഗ്രേഡ് ചെയ്ത് ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയറിംഗ് സയൻസ് ആന്റ് ടെക്നോളജിയാക്കി മാറ്റുന്നതിന് വലിയ ഒരു ശ്രമം കഴിഞ്ഞ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുണ്ട്. ശ്രീ. ഉമ്മൻചാണ്ടി വളരെ വ്യക്തിപരമായി താൽപ്പര്യമെടുത്ത കേസാണ്. അങ്ങനെ ഒരു കടുത്ത മൽസരത്തിലൂടെ ഇൻഡ്യയിലെ ഇരുന്നൂറ്റി ചില്വാനം യൂണിവേഴ്സിറ്റികളെ മറികടന്നുകൊണ്ട് 5 യൂണിവേഴ്സിറ്റികൾ സെലക്ട് ചെയ്യപ്പെട്ടതിൽ ഒരു യൂണിവേഴ്സിറ്റിയാണ് കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജി. ഇന്ന് അങ്ങ് ഒരു കോടി രൂപ ഉപധനാഭ്യർത്ഥനയിൽ സ്ഥലം ഏറ്റെടുക്കാൻവേണ്ടി ഐ.ഐ.ടി. ക്ക് വേണ്ടി മാറ്റിവച്ചിട്ടുണ്ട്. അത് വളരെ സന്തോഷകരമായ സംഗതിയാണ്. പക്ഷെ കൊച്ചിയിൽ, ഒരു കോടി രൂപയ്ക്ക് എത്ര ഏക്കർ സ്ഥലം അവിടെ ഏറ്റെടുക്കാൻ സാധിക്കും എന്നുള്ളത് വേറെ ഒരു വിഷയം. അത് അങ്ങ് സപ്ലിമെന്ററി ബഡ്ജറ്റായി കൊണ്ടുവന്ന് തരും എന്ന് ഞങ്ങൾ പ്രതീക്ഷിക്കുകയാണ്. പക്ഷെ ഇന്നത്തെ സ്ഥിതി അതല്ല, നമ്മുടെ വിദ്യാഭ്യാസ വകുപ്പ് ഒരു കുരിശുയുദ്ധം പ്രഖ്യാപിച്ചിരിക്കുകയാണ്. കൊച്ചിൻ യൂണിവേഴ്സിറ്റി അപ്-ഗ്രേഡ് ചെയ്ത് കേന്ദ്ര യൂണിവേഴ്സിറ്റി ആക്കുന്നതിനെതിരെ ശക്തമായ ഒരു ലോബിയിംഗ് തന്നെ ആരംഭിച്ചിരിക്കുകയാണ്. വാസ്തവത്തിൽ അഖിലേൻഡ്യാതലത്തിൽ കടുത്ത മൽസരം നേരിട്ടാണ് അംഗീകാരം കിട്ടിയത്. ഈ അവസരം പാഴാക്കുന്നതിനുള്ള പല ശ്രമങ്ങളും വിദ്യാഭ്യാസ വകുപ്പിൽ നിന്ന് ഉണ്ടായിക്കൊണ്ടിരിക്കുന്നു. അതിൽ ഒരു പ്രധാനപ്പെട്ട സംഗതി, കടുത്ത ചില ഉപാധികൾ കേന്ദ്ര ഗവൺമെന്റിനു മുമ്പാകെ സംസ്ഥാന ഗവൺമെന്റ് വച്ചിരിക്കുന്നു എന്നുള്ളതാണ്. സെപ്റ്റംബർ 30-നകം നമ്മുടെ വില്ലിംഗ്നെസ്സ് അറിയിക്കണം എന്ന് കേന്ദ്രം ആവശ്യപ്പെട്ടിട്ട് ഇതേവരെ അറിയിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

കഠിനമായ ചില ഉപാധികൾ, അതായത് ഞങ്ങൾ ഈ യൂണിവേഴ്സിറ്റി നിങ്ങൾക്കു വിട്ടുതന്നാൽ 70 ശതമാനം വിദ്യാർത്ഥികളെ നമ്മുടെ സംസ്ഥാനത്തുനിന്ന് എടുക്കണം, ഭരണസമിതിയിൽ 50 ശതമാനം ആളുകളെ എടുക്കണം, ചെയർപേഴ്സനെ എടുക്കാനുള്ള അധികാരം സംസ്ഥാനത്തിന് തരികയും വേണം എന്നുള്ളതിനു പുറമേ ഇപ്പോൾ ഏതാണ്ട് 500 കോടിയോളം രൂപ ഇൻഡ്യാ ഗവൺമെന്റ് ഇതിനുവേണ്ടി മാറ്റിവച്ചിട്ടുണ്ട്. അതുപോരാ, അതുപോലെ കൂടുതൽ സംഖ്യ തരുമെന്ന് ഉറപ്പുനൽകണം എന്നുതുടങ്ങിയ ചില നിബന്ധനകളാണ് വച്ചിട്ടുള്ളത്. വാസ്തവത്തിൽ പൊറുക്കാത്ത രോഗത്തിന് ഇല്ലാത്ത മരുന്ന് നിർദ്ദേശിക്കുന്ന ചില വൈദ്യൻമാരുടെ രീതിയാണ് വിദ്യാഭ്യാസ വകുപ്പ് ഈ കാര്യത്തിൽ സ്വീകരിച്ചിരിക്കുന്നത്. അതുകൊണ്ട് അതിൽനിന്ന് വിദ്യാഭ്യാസ വകുപ്പിനെ പിൻതിരിപ്പിച്ച് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിതന്നെ താൽപ്പര്യമെടുത്ത്, നമുക്ക് വലിയ നേട്ടങ്ങൾ ഉണ്ടാക്കുന്ന ഒരു പ്രോജക്ടാണ്, അങ്ങ് സാമ്പത്തിക വിദഗ്ദ്ധൻ മാത്രമല്ല, ഒരു വിദ്യാഭ്യാസ വിദഗ്ദ്ധൻ കൂടിയാണ്, കൊച്ചിയിൽനിന്ന് ഉയർന്നുവന്ന ഒരാളാണ്. കൊച്ചിൻ യൂണിവേഴ്സിറ്റിയെ ഇങ്ങനെ ഒരു വിശ്വോത്തര ലെവലിലേക്ക് മാറ്റുന്ന കാര്യത്തിൽ അങ്ങേക്ക് താൽപ്പര്യം ഉണ്ടാകുമെന്ന് എനിക്ക് നന്നായിട്ടറിയാം. അങ്ങ് ഈ തടസ്സങ്ങൾ നീക്കാൻ മുൻകൈയെടുക്കണം. ഇപ്പോൾ ഒരു കോടി രൂപ അങ്ങ് വകകൊള്ളിച്ചിട്ടുണ്ട്. അത് നല്ല കാര്യം, കൂടുതൽ തുക കൊടുക്കണം. അതുമാത്രമല്ല മന്ത്രിസഭയിൽ ഒരു അനുകൂല തീരുമാനം ഉണ്ടാക്കാൻ അങ്ങ് മുൻകൈയെടുക്കണം. ഇത് സാമ്പത്തികമായും വിദ്യാഭ്യാസപരമായും നമുക്കുണ്ടാകുന്ന ഒരു വലിയ നേട്ടമാണ്. ആ നേട്ടത്തിനെതിരെ നിൽക്കാൻ ആരെയും അനുവദിക്കരുത് എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതുപോലെ തന്നെ നമ്മുടെ വിദ്യാഭ്യാസ വകുപ്പുമന്ത്രി പല കാര്യങ്ങളിലും എടുക്കുന്ന നിലപാട് ശരിയല്ല, അദ്ദേഹം പലപ്പോഴും എടുക്കുന്ന നിലപാട് എനിക്ക് വളരെ വിഷമമുണ്ടെങ്കിൽ പോലും പറയാതെ നിർവ്വാഹമില്ല. സംഘ് പരിവാറിന്റെ അജണ്ട നടപ്പാക്കുന്ന രീതിയാണ് അദ്ദേഹം എടുക്കുന്ന പല നിലപാടുകളും. കഴിഞ്ഞ ഏതാനും ദിവസങ്ങൾക്കുമുമ്പ് ഡൽഹിയിൽ ഒരു മീറ്റിംഗ് കേന്ദ്രമന്ത്രി ശ്രീ. അർജ്ജുൻ സിംഗ് വിളിച്ചിരുന്നു, ആ മീറ്റിംഗിൽ പ്രധാന അജണ്ട അൺ-എയിഡഡ് സ്ഥാപനങ്ങളിൽ റിസർവേഷൻ കൊടുക്കുന്നതിനെ സംബന്ധിച്ച് കേന്ദ്രം നിയമനിർമ്മാണം കൊണ്ടുവരാൻ പോകുന്നു എന്നതാണ്. ആ നിയമനിർമ്മാണത്തിൽ ന്യൂനപക്ഷ സ്ഥാപനങ്ങളേയുംകൂടി ഉൾപ്പെടുത്തണമെന്ന് പറഞ്ഞത് ബി.ജെ.പി. ഭരിക്കുന്ന സംസ്ഥാനത്തെ വിദ്യാഭ്യാസ വകുപ്പു മന്ത്രിമാരാണ്. ബംഗാളിലെ വിദ്യാഭ്യാസ വകുപ്പുമന്ത്രി അങ്ങനെ പറഞ്ഞിട്ടില്ല. കേരളത്തിനെ വളരെയധികം മോശമായ രീതിയിൽ, കേരളത്തിന്റെ ആ ഖ്യാതിക്കുതന്നെ മോശമായ രീതിയിലാണ് നമ്മുടെ വിദ്യാഭ്യാസ വകുപ്പുമന്ത്രി അതിനെ സപ്പോർട്ട് ചെയ്തത്. പിറ്റേ ദിവസം ഇന്ത്യൻ എക്സ്പ്രസ്സിന്റെ ഫ്രണ്ട് പേജിൽത്തന്നെ അർജുൻ സിംഗിന്റെ കളർ ഫോട്ടോ കൊടുത്തിട്ടുണ്ട്. കേരളത്തിന്റെ ഡിമാന്റ് റിജക്ട് ചെയ്തിരിക്കുന്നു എന്ന് വളരെ പ്രാധാന്യത്തോടുകൂടി പ്രസിദ്ധീകരിച്ചിരിക്കുന്നു. വളരെ മോശമായി. അതിലെ റണ്ണിംഗ് ന്യൂസ് വായിക്കുന്ന ആളുകൾക്ക് അറിയാം. ബി.ജെ.പി. യുടേയും സംഘ്പരിവാറിന്റേയും ഡിമാന്റുകൾ ആകെ അംഗീകരിച്ച ഒരു വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. എം. എ. ബേബിയാണ്. അദ്ദേഹത്തിന്റെ നിർദ്ദേശം റിജക്ട് ചെയ്തിരിക്കുന്നു എന്നാണ് ആ പത്രത്തിൽ കണ്ടത്. ആ നിലപാട് എടുക്കരുത്.

LIBRARY ARCHIVES Kerala Legislative Assembly

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം): സംഘ്പരിവാറിന്റെ നീക്കങ്ങളെ ചെറുത്തേ മതിയാവൂ. എന്നാൽ സംവരണം വേണോ വേണ്ടയോ, എന്താണ് അദ്ദേഹത്തിന്റെ അഭിപ്രായം?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംവരണം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് കേന്ദ്രം ഒരു നിയമം കൊണ്ടുവന്നു. 93-ാം ഭരണഘടനാ ഭേദഗതിയെ സപ്പോർട്ട് ചെയ്തിരുന്നവരാണ് സി.പി.ഐ.-യും സി.പി.ഐ. (എം)-ഉം. ആ രണ്ട് പാർട്ടികളുടേയും പ്രഖ്യാപിത ലക്ഷ്യങ്ങളേയും അതുപോലെ പ്രഖ്യാപിതമായിട്ടുള്ള നിലയിലുള്ള എല്ലാ കാര്യങ്ങളേയും മറികടന്നുകൊണ്ടാണ് വിദ്യാഭ്യാസ വകുപ്പുമന്ത്രി ഈ നിലപാട് എടുത്തത്. വാസ്തവത്തിൽ ഞങ്ങളല്ല ഇത് ചോദിക്കേണ്ടത്. സി.പി.ഐ.-യും ഇടതുപക്ഷ ജനാധിപത്യ മുന്നണിയുമാണ് ഇത് ചോദിക്കേണ്ടത്. എന്തുകൊണ്ട് വിദ്യാഭ്യാസ വകുപ്പുമന്ത്രി അങ്ങനെയൊരു നിലപാട് എടുത്തു? സി.പി.ഐ. മാത്രമല്ല സി.പി.ഐ.(എം)-ഉം 93-ാം ഭരണഘടനാ ഭേദഗതി പാർലമെന്റിൽ കൊണ്ടുവന്നപ്പോൾ അതിനെ സപ്പോർട്ട് ചെയ്തിരുന്നവരാണ്. അതിന് വിരുദ്ധമായിട്ടാണ് ശ്രീ. എം. എ. ബേബി ഇത്തരത്തിലുള്ള ഒരു നിലപാട് എടുത്തിരിക്കുന്നത്. അതുകൊണ്ട് ഇത്തരത്തിലുള്ള നിലപാട് എടുത്തതിൽനിന്നും നമുക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് ഒരു വിലക്ക് കൊടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കൊച്ചിൻ യൂണിവേഴ്സിറ്റിയുടെ കാര്യം പറഞ്ഞു. അദ്ദേഹം തുഗ്ലക് നിലപാടാണ് എടുത്തിരിക്കുന്നത്.

ശ്രീ. പി. ടി. എ. റഹീം: മുസ്ലീമാണ് നടത്തുന്നത് എന്നുള്ളതുകൊണ്ട് മൈനോറിറ്റിക്ക് അവകാശം കൊടുക്കണമെന്ന് മുസ്ലീം ലീഗിന് അഭിപ്രായമുണ്ടോ ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: അത് നിയമത്തിന്റെ തലനാരിഴ കീറി പരിശോധിക്കേണ്ട വിഷയമാണ്. അതല്ല പ്രശ്നം. നമുക്ക് കിട്ടിക്കൊണ്ടിരിക്കുന്ന, ഈ രാജ്യത്തെ മൈനോറിറ്റിക്ക് കിട്ടിക്കൊണ്ടിരിക്കുന്ന അവകാശം ലംഘിക്കാൻ ആരേയും അനുവദിക്കില്ല. അങ്ങയുടെ അഭിപ്രായം അതാണോ? കിട്ടിക്കൊണ്ടിരിക്കുന്ന ഭരണഘടനാപരമായ ഒരു അവകാശം ലംഘിക്കുന്നതിന് പ്രേരകമായി ഒരു മന്ത്രിയെ അനുവദിക്കാൻ പറ്റുമോ? ഇക്കാര്യത്തിൽ അങ്ങയുടെ അഭിപ്രായം എന്താണ്? ഇക്കാര്യത്തിൽ ഉണർന്നു ചിന്തിക്കേണ്ട സമയം കഴിഞ്ഞിരിക്കുന്നു. എൽ.ഡി.എഫ്.-ന്റെ ഈ ഉപധനാഭ്യർത്ഥനകളെ, ഇവിടെ സൂചിപ്പിച്ചതുപോലെ കൃഷിയുടെ കാര്യത്തിലാണ് ഖേദകരമായ അവസ്ഥയുള്ളത്. കൊടുക്കുന്ന പൈസ ഒന്നും ചെലവഴിക്കാൻ സാധിക്കുന്നില്ല. കൃഷിക്ക് 119 കോടി 74 ലക്ഷം രൂപ ഇപ്പോൾ ഇതിൽനിന്നും ഡിമാന്റ് ചെയ്യുന്നുണ്ട്. ഒരു നയാ പൈസ അവർക്ക് നല്ല കാര്യങ്ങൾക്ക് ചെലവഴിക്കാൻ സാധിക്കുന്നില്ല. നിരവധി കർഷകർ ആത്മഹത്യ ചെയ്യുമ്പോഴും നിരവധി പൈസ അവർക്കുവേണ്ടി ബഡ്ജറ്റിലും അതുപോലെ ഡിമാന്റ് ചെയ്യുന്നതിലുമൊക്കെയുണ്ട്. ഒരു നയാ പൈസ ചെലവഴിക്കാൻ പറ്റുന്നില്ല. ചെലവഴിക്കാൻ പറ്റാത്ത ചില വകുപ്പുകൾക്കുവേണ്ടി മാറ്റിവയ്ക്കുക, ന്യായമായ പ്രവർത്തനങ്ങളൊന്നും നടത്താതിരിക്കുക, ഇത് വളരെ മോശമായ അവസ്ഥയാണ്. 1996-ലെ ഗവണ്മെന്റിനുണ്ടായ സ്ഥിതിവിശേഷവും ഇതു തന്നെയാണ്. ശ്രീ. ശിവദാസമേനോൻ ധനകാര്യ വകുപ്പുമന്ത്രി ആയിരുന്നപ്പോൾ അന്ന് ഗവണ്മെന്റിന് ഫെയ്സ് ചെയ്യേണ്ടിവന്ന അവസ്ഥ അങ്ങേയ്ക്കുണ്ടാകരുതെന്ന് മാത്രമാണ് ഞാൻ ആഗ്രഹിക്കുന്നത്, ആശിക്കുന്നത്. ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. രാജു: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. 31 ടൈറ്റിലുകളിലായി 481 കോടി രൂപയുടെ ഉപധനാഭ്യർത്ഥനകളാണ് ഇവിടെ അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്. ഇടതുപക്ഷജനാധിപത്യ മുന്നണി ഗവണ്മെന്റിന്റെ പ്രഖ്യാപിത നയമനുസരിച്ച് നമ്മുടെ നാട്ടിലെ സാധാരണ ജനവിഭാഗങ്ങൾക്കുതകുന്ന തരത്തിലുള്ള വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിനുവേണ്ടി ഇവിടെ ഉപധനാഭ്യർത്ഥന എന്ന നിലയിൽ കൊണ്ടുവന്നിട്ടുള്ള ഈ പദ്ധതികളെ ഞാൻ അംഗീകരിക്കുകയാണ്. 481.46 കോടി രൂപയുടെ സപ്ലിമെന്ററി ഡിമാന്റ്സ് അംഗീകരിച്ചുകൊടുക്കുന്നതിൽ എനിക്ക് സന്തോഷമുണ്ട്. 481 കോടി രൂപയിൽ 119 കോടി രൂപയും കാർഷികമേഖലയ്ക്കു വേണ്ടിയാണ് ഇവിടെ അനുവദിച്ചിട്ടുള്ളത്. ആ 119 കോടി രൂപയും ചെലവാക്കാൻ കഴിയുമോ എന്നുള്ളത് സംബന്ധിച്ച് ഇവിടെ യു.ഡി.എഫ്.-ലെ ബഹുമാന്യരായ അംഗങ്ങൾ ചോദിക്കുകയുണ്ടായി. നിയമസഭയിൽ 2006-ലെ കാർഷിക കടാശ്വാസ ബിൽ അവതരിപ്പിക്കുകയാണ്. 2006-ലെ കാർഷിക കടാശ്വാസ ബിൽ അവതരിപ്പിക്കുന്ന പശ്ചാത്തലത്തിൽ വേണം ഈ ഉപധനാഭ്യർത്ഥനകളെയടക്കം നമ്മൾ കാണേണ്ടത്. കാർഷിക മേഖലയിൽ വളരെ പ്രതീക്ഷകൾ പുലർത്തുന്ന ഈ ബിൽ നിയമമായി വരുമ്പോൾ അത് നടപ്പിലാക്കുന്നതിന് ആവശ്യമായിട്ടുള്ള സാമ്പത്തികം വേണ്ടിവരും. അതുപോലെതന്നെ വിലനിർണ്ണയ കമ്മീഷൻ രൂപീകരിക്കുമെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽത്തന്നെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ആ വില നിർണ്ണയ കമ്മീഷന്റെ പ്രവർത്തനം ആവശ്യമായിവരും. വളരെ പ്രധാനപ്പെട്ട രണ്ട് കമ്മീഷനുകൾ ഇവിടെ രൂപീകരിക്കപ്പെടുമ്പോൾ, അതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ടി, 100 കോടിയോളം രൂപ വേണ്ടിവരുമെന്നുള്ളത് സംബന്ധിച്ചാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അദ്ദേഹത്തിന്റെ ബഡ്ജറ്റ് പ്രസംഗത്തിൽ സൂചന നൽകിയിട്ടുള്ളത്. അത് കണക്കാക്കിക്കൊണ്ട് ഗവണ്മെന്റിന്റെ പ്രവർത്തനം കാര്യക്ഷമമായി മുന്നോട്ടു കൊണ്ടുപോകുന്നതിന്റെ ഭാഗമായിത്തന്നെയാണ് വളരെ പെട്ടെന്ന് നിയമസഭയിൽ ഈ ബിൽ അവതരിപ്പിക്കുന്നത്. ഈ തുക ചെലവാക്കാൻ കഴിയുമോ എന്നുള്ളത് സംബന്ധിച്ചാണ് പ്രതിപക്ഷത്തെ സുഹൃത്തുക്കൾ ചോദിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി എൻഡോസൾഫാൻമൂലം ദുരിതം അനുഭവിച്ചവരുടേയും മരിച്ചവരുടേയും കുടുംബങ്ങൾ സന്ദർശിച്ചത് കഴിഞ്ഞ ഓഗസ്റ്റ് പതിനൊന്നാം തീയതിയാണ്. അതിന് തൊട്ടടുത്ത് കൂടിയ മന്ത്രിസഭായോഗത്തിൽ വച്ചുതന്നെ എൻഡോസൾഫാൻ ബാധിതരായവരെ സംരക്ഷിക്കുന്നതിനുള്ള നടപടികൾക്ക് തീരുമാനം എടുത്തു. മന്ത്രിസഭ എടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഓണത്തിന് തൊട്ടുമുമ്പായിത്തന്നെ അര ലക്ഷം രൂപവീതം എൻഡോസൾഫാൻ ബാധിച്ച് മരിച്ചവരുടെ കുടുംബങ്ങൾക്ക് നൽകാൻ ഈ ഗവണ്മെന്റിന് കഴിഞ്ഞു. അതുപോലെതന്നെ ഒരു ലക്ഷം രൂപവരെയുള്ള കാർഷിക കടങ്ങൾ എഴുതിത്തള്ളുന്നതിനുള്ള വളരെ സുതാര്യമായ നടപടികളാണ് ഈ ഗവണ്മെന്റ് സ്വീകരിച്ചത് എന്നുള്ളത് ഈ നാട്ടിലെ ജനങ്ങൾക്കറിയാവുന്ന വസ്തുതയല്ലേ? കാർഷിക കടംമൂലം ആത്മഹത്യ ചെയ്ത ഏതാണ്ട് 546-ലധികം വരുന്ന ആളുകളെ ഐഡന്റിഫൈ ചെയ്യുകയും ആ കുടുംബങ്ങൾക്ക് അര ലക്ഷം രൂപ വീതം ധനസഹായം വിതരണം ചെയ്യുകയും ചെയ്തുകഴിഞ്ഞു. അതുപോലെതന്നെ കാർഷിക കടങ്ങൾ എഴുതിത്തള്ളുന്നതുമായി ബന്ധപ്പെട്ട നടപടികൾ നടന്നുവരികയാണ്. ബാങ്കിന്റെ ഉത്തരവാദപ്പെട്ട ആളുകളെ എല്ലാംവിളിച്ചു ചേർത്ത് അവർക്കാവശ്യമായ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

നിർദ്ദേശങ്ങൾ നൽകിക്കഴിഞ്ഞു. കാർഷിക മേഖലയിലെ വായ്പയുടെ പലിശ ഇളവു ചെയ്യുന്നതുമായി ബന്ധപ്പെട്ട ഒട്ടേറെ നടപടികൾ ഈ ഗവണ്മെന്റ് ഇതിനകം സ്വീകരിക്കുകയുണ്ടായിട്ടുണ്ട്. വിവിധ മേഖലകളിൽനിന്നും എടുത്തിട്ടുള്ള കാർഷിക കടങ്ങൾക്കെല്ലാംതന്നെ 3 ശതമാനത്തോളം പലിശ കുറയ്ക്കാൻ ഈ ഗവണ്മെന്റിന് കഴിഞ്ഞു എന്നുള്ളതുതന്നെ ഒരു വലിയ നേട്ടമല്ലേ? അതിനെയൊരു വലിയ നേട്ടമായിട്ടാണ് വിലയിരുത്താൻ കഴിയുന്നത്. നമ്മുടെ കാർഷിക മേഖലയിലൊട്ടാകെ തന്നെ ഒരു സമഗ്രമായ പരിവർത്തനത്തിന് വേണ്ടിയുള്ള പരിശ്രമം ഈ ഗവണ്മെന്റ് നടത്തുന്നു. ബഹുമാനപ്പെട്ട കേന്ദ്ര കൃഷി വകുപ്പുമന്ത്രി അടക്കം കേരളത്തിൽ വന്ന് കാർഷിക മേഖലയിലെ കടംകൊണ്ട് ബുദ്ധിമുട്ടുന്ന ജനങ്ങളെ രക്ഷിക്കാൻ ആവശ്യമായ പദ്ധതികൾ ആവിഷ്ക്കരിക്കാൻ പ്രത്യേക പാക്കേജ് കൊണ്ടുവരാൻ ശ്രമം നടത്തിയതിനെ നമുക്ക് വിസ്മരിക്കാൻ കഴിയുമോ? പ്രതിപക്ഷത്തെയും ഭരണപക്ഷത്തെയും സംയോജിപ്പിച്ച് കേന്ദ്രത്തിൽ നിവേദനം നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര കൃഷി വകുപ്പുമന്ത്രി കേരളത്തിൽ വരികയും കാർഷിക മേഖലയിൽ ധനസഹായം പ്രഖ്യാപിക്കുകയും ചെയ്തു. മുമ്പൊരിക്കലും ഇത്രയും ധനസഹായം കേരളത്തിന് ഒരു പാക്കേജിന്റേയും ഭാഗമായി ലഭിച്ചിട്ടില്ല. നമ്മുടെ ആവശ്യത്തിനുള്ളത് ആയിട്ടില്ല എങ്കിലും ഇത്രയും തുക മുമ്പൊരിക്കലും കേന്ദ്രഗവൺമെന്റിന്റെ ഭാഗത്തുനിന്ന് പ്രത്യേകിച്ച് പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ലഭിച്ചിട്ടില്ല എന്നുള്ളത് വസ്തുതയല്ലേ? ബഹുമാനപ്പെട്ട പ്രതിപക്ഷ സുഹൃത്തുക്കൾ പറയുന്നത് ഈ ഉപധനാഭ്യർത്ഥനകൾ അനുവദിച്ചു കൊടുത്താലും ഗവൺമെന്റിന് ഈ തുക ചെലവഴിക്കാൻ കഴിയില്ല എന്നാണ്. വരുന്ന അഞ്ച് വർഷക്കാലം ഗവൺമെന്റ് ഇതേ രീതിയിൽ ആത്മാർത്ഥതയോടെ സത്വര നടപടികളുമായി മുന്നോട്ടുപോവുകയാണെങ്കിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് പ്രകടന പത്രികയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ അക്കമിട്ട് ചെയ്തുതീർക്കാൻ കഴിയുമെന്നുള്ളതിൽ തർക്കമില്ല. റവന്യൂ വരുമാനം കൂട്ടുന്നതിന് ഗവൺമെന്റ് ഒന്നും ചെയ്യുന്നില്ലെന്നാണ് യു.ഡി.എഫ്.-ന്റെ ബഹുമാനപ്പെട്ട സുഹൃത്തുക്കൾ ഇവിടെ ചൂണ്ടിക്കാണിച്ചത്. അത് ശരിയല്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം നികുതി വരുമാനത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്. നിയമസഭയിൽത്തന്നെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നൽകിയിട്ടുള്ള ഉത്തരത്തിൽ അത് വ്യക്തമാകുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പിരിച്ചെടുത്ത നികുതിത്തുകയുടെ ശതമാനം നോക്കിയാൽ എക്സൈസ് വകുപ്പിൽ നിന്ന് മാത്രമായി 21-9-2006 വരെ പിരിച്ചെടുത്തത് 220.25 കോടി രൂപയാണ്. ഈ വർഷം മൊത്തമായി പിരിച്ചെടുക്കാൻ ഉദ്ദേശിക്കുന്നത് 944.73 കോടി രൂപയാണെങ്കിൽ അതിൽ 220.25 കോടി രൂപ ഇതിനോടകംതന്നെ പിരിച്ചെടുത്തു. നികുതി പിരിക്കുന്ന കാര്യത്തിൽ ഗവൺമെന്റ് കാണിക്കുന്ന ഊർജ്ജിതമായ പരിശ്രമത്തിന്റെ ഭാഗമാണ് ഞാൻ ഇതിലൂടെ ചൂണ്ടിക്കാണിക്കുന്നത്. മോട്ടോർ ട്രാൻസ്പോർട്ട് വകുപ്പിൽ 8-6-2006 വരെ പിരിച്ചെടുത്തത് 176.78 കോടി രൂപയാണ്. മൊത്തം ലക്ഷ്യമിട്ടിട്ടുള്ളത് 760 കോടി രൂപ പിരിക്കാനാണ്. വാണിജ്യ നികുതി വകുപ്പിൽ നിന്ന് ഇതുവരെ പിരിച്ചെടുത്തത് 3092.58 കോടി രൂപയാണ്. 8,129 കോടി രൂപ പിരിക്കാനുദ്ദേശിക്കുന്നതിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഇതുവരെ 3,092.56 കോടി രൂപ പിരിച്ചെടുത്തു കഴിഞ്ഞു. പുതിയ നികുതി ഏർപ്പെടുത്തുന്ന കാര്യത്തിലല്ല. മറിച്ച് നേരത്തേ

ഏർപ്പെടുത്തിയിട്ടുള്ള നികുതികൾ കാര്യക്ഷമമായി പിരിച്ചെടുക്കുന്ന കാര്യത്തിൽ ഈ ഗവൺമെന്റ് വളരെ സമഗ്രമായ പരിപാടികളുമായി മുന്നോട്ടുപോവുകയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നികുതി വെട്ടിപ്പ് തടയുന്നതിന് നേരിട്ട് പോയ വാർത്ത പത്രങ്ങളിലെല്ലാം വായിച്ചതാണ്. അങ്ങനെ നികുതി പിരിവിന്റെ കാര്യത്തിൽ ഊർജ്ജിതമായ നടപടികളാണ് സ്വീകരിക്കുന്നത്. വിവിധ വകുപ്പുമന്ത്രിമാർ ഇവിടെ പ്രഖ്യാപിച്ചിട്ടുള്ള ജനക്ഷേമകരമായ ഒട്ടേറെ പദ്ധതികളും പരിപാടികളുമുണ്ട്. അവയെല്ലാം നടപ്പിലാക്കണമെങ്കിൽ ഈ ഉപധനാഭ്യർത്ഥനയിലൂടെ അധിക പണം അനുവദിച്ചു നൽകേണ്ടത് ആവശ്യമാണെന്ന് കാണാൻ കഴിയും. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് എനിക്ക് സൂചിപ്പിക്കാനുള്ളത് നിയമസഭയിൽ ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് പ്രസംഗിച്ചപ്പോൾ ബഹുമാനപ്പെട്ട അംഗങ്ങളിൽ നിന്നുയർന്നു വന്ന അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അംഗൻവാടി ടീച്ചർമാർക്ക് അവരുടെ monthly allowance-ൽ 150 രൂപയുടെ വർദ്ധനവ് പ്രഖ്യാപിച്ചതാണ്. ഈ ഉപധനാഭ്യർത്ഥനയുടെ ബുക്കിൽ പേജ് 22-ൽ അത് അംഗീകരിച്ചിട്ടുണ്ട്. അതുൾപ്പെടെയുള്ള ഉപധനാഭ്യർത്ഥനയാണ് അദ്ദേഹം ഇവിടെ കൊണ്ടുവന്നിട്ടുള്ളത്. എന്നാൽ ഹെൽപ്പർമാർക്ക് 75 രൂപ മാത്രമാണ് പറയുന്നത്. അങ്ങനെ ആയിരുന്നില്ല. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ബഡ്ജറ്റ് ചർച്ചയുടെ അടിസ്ഥാനത്തിൽ പറഞ്ഞത് ഹെൽപ്പർമാർക്കും വർക്കർമാർക്കും 150 രൂപ വീതം വർദ്ധിപ്പിക്കുന്നു എന്നാണ്. എന്നാൽ 75 രൂപ ഹെൽപ്പർമാർക്കും 150 രൂപ ടീച്ചർമാർക്കും വർദ്ധിപ്പിക്കുന്നതിനുള്ള തുകയാണ് ഇതിൽ കാണിച്ചിരിക്കുന്നത്. അതിൽ ഒരു ഭേദഗതി വരുത്തിക്കൊണ്ട് അങ്ങ് നേരത്തെ നിയമസഭയിൽ പറഞ്ഞതുപോലെ തന്നെ രണ്ടു കൂട്ടർക്കും 150 രൂപ വീതം വർദ്ധിപ്പിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. സാംസ്ക്കാരിക രംഗത്തെപ്പറ്റി പറയട്ടെ. കേരളത്തിലെ ഏറ്റവും വലിയ സാംസ്ക്കാരിക പ്രസ്ഥാനമാണ് കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ. അതിന് കൊടുക്കുന്ന ഗ്രാന്റ് കുറച്ചു കൂടി വർദ്ധിപ്പിക്കണം. കേരളാ സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ കീഴിൽ ഇപ്പോൾ ഏതാണ്ട് 6700-ലധികം അംഗീകരിച്ച ഗ്രാമീണ ലൈബ്രറികളുമുണ്ട്. ആ ലൈബ്രറികൾക്ക് നാമമാത്രമായ ഗ്രാന്റാണ് നമ്മൾ അനുവദിച്ച് കൊടുക്കുന്ന തുകകൊണ്ട് ലൈബ്രറി കൗൺസിലിന് കൊടുക്കാൻ കഴിയുന്നത്. അതുകൊണ്ട് ഈ തുക അൽപ്പം കൂടി വർദ്ധിപ്പിച്ചാൽ 'എ' മുതൽ 'എഫ്' വരെയുള്ള വിവിധ ഗ്രേഡുകളിലുള്ള ലൈബ്രറികൾക്ക് കുറച്ചുകൂടി മെച്ചപ്പെട്ട വാർഷിക ഗ്രാന്റ് കൊടുക്കാൻ കഴിയും. ഇന്നുള്ള പുസ്തകങ്ങളുടെ വില എത്രയാണെന്ന് ഞാൻ പറയാതെ തന്നെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് അറിയാവുന്നതാണ്. അതുകൊണ്ട് അത് പരിഗണിക്കണം. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ഇപ്പോൾ സഭയിലില്ല. എങ്കിലും ഗവൺമെന്റിന്റെ ശ്രദ്ധയ്ക്കുവേണ്ടി പറയുകയാണ്. സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ ആസ്ഥാനമന്ദിരം പണിയാൻവേണ്ടി ഇപ്പോഴത്തെ കെട്ടിടത്തോട് ചേർന്നുതന്നെ പുറകുവശത്തായി 20 സെന്റ് സ്ഥലം എൽ.ഡി.എഫ്.ഗവൺമെന്റിന്റെ കാലത്ത് അനുവദിച്ചിരുന്നു. എന്നാൽ യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്ന ആദ്യമാസം തന്നെ അന്നത്തെ റവന്യൂ വകുപ്പുമന്ത്രി, എന്റെ ഓർമ്മ ശരിയാണെങ്കിൽ ശ്രീ. കെ. എം. മാണി ആണെന്ന് തോന്നുന്നു, ആ ഓർഡർ ക്യാൻസൽ ചെയ്തു. മുമ്പിലുള്ള കെട്ടിടത്തിന്റെ ശോഭയ്ക്ക് ഒരു കുറവും വരാതെ കെട്ടിടത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

പുറകുവശത്തായി സ്ഥലം അനുവദിച്ച നടപടി പുന:സ്ഥാപിക്കാൻ ഗവൺമെന്റ് നടപടിയെടുക്കണ മെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഈ ഉപധനാഭ്യർത്ഥനകളെ ശക്തമായി പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ ശ്രീ. കെ. പ്രകാശൻ മാസ്റ്റർ]

ശ്രീ. കെ. എം. മാണി: സർ, 481 കോടി രൂപയുടെ ഉപധനാഭ്യർത്ഥനകളാണ് നിയമസഭയുടെ മുമ്പാകെ വച്ചിരിക്കുന്നത്. പോലീസ്, ഇറിഗേഷൻ വകുപ്പുകൾക്കെല്ലാം അധിക തുക ചോദിച്ചിരിക്കുകയാണ്. ഞാൻ ഇതിനെ എതിർക്കുകയാണ്. 481 കോടി രൂപ പ്രത്യേകിച്ച് ഇറിഗേഷൻ വകുപ്പിനും പോലീസ് വകുപ്പിനുമൊക്കെ ചോദിക്കാൻ എന്ത് അവകാശമാണെന്ന് ഞാൻ ചോദിക്കട്ടെ. സ്റ്റേറ്റുകളുടെ ഉത്ഭവം തന്നെ മനുഷ്യന്റെ സുരക്ഷാ ബോധത്തിൽ നിന്നാണ്. ആ മനുഷ്യന്റെ ജീവനും സ്വത്തിനും പരിരക്ഷ നൽകാത്ത ഒരു ഗവൺമെന്റിന് പണം ചോദിക്കാൻ അവകാശമില്ല. അവർക്ക് ഗ്രാന്റ് കൊടുക്കേണ്ട കാര്യമില്ല എന്നാണ് എന്റെ അഭിപ്രായം. വളരെ സംഭ്രമജനകമായ റിപ്പോർട്ടുകളല്ലേ ഈ അടുത്തകാലത്ത് വന്നുകൊണ്ടിരിക്കുന്നത്? ശ്രീകോവിൽ കുത്തിത്തുറന്ന് വിഗ്രഹം മോഷ്ടിച്ചു. എൻ.എസ്.എസ്. നിയന്ത്രണത്തിൽ വരുന്ന ഈരാകൂട്ടുമ്മേൽ ദേവി ക്ഷേത്രത്തിന്റെ ശ്രീകോവിൽ കുത്തിത്തുറന്ന് മൂലവിഗ്രഹവും ശീവേലി വിഗ്രഹവും വെള്ളിയിൽ തീർത്ത തിരുമുഖവും ഓടിൽ തീർത്ത പ്രഭാവലയവും മോഷണം പോയി. 75 ലക്ഷം രൂപ വില മതിക്കുന്നതാണ്. അതിലെ മോഷ്ടാക്കൾ ഇപ്പോഴും വിഹരിക്കുകയാണ്. അത് മാത്രമാണോ? ഐ. ജി. ജേക്കബ് പുന്നൂസിന്റെ വെളിപ്പെടുത്തൽ ഇവിടെ 50,000 കോടി രൂപയുടെ മാഫിയ വിഹരിക്കുന്നു എന്നുളളതാണ്. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. ഇന്നത്തെ പത്രത്തിൽ വന്നിരിക്കുന്നു, രണ്ട് കണ്ടെയ്നറുകളിൽ കളളനോട്ട് എത്തിയെന്ന് സൂചന. ഇത് നമ്മുടെ ഗവൺമെന്റിന് ഭൂഷണമാണോ? നമ്മുടെ കറൻസിയുടെ ക്രഡിബിലിറ്റി മാത്രമല്ല, ഗവൺമെന്റിന്റെ ക്രഡിബിലിറ്റി എവിടെ നിൽക്കുന്നുവെന്ന് ഞാൻ ചോദിക്കുകയാണ്. മാഫിയകളും കളളനോട്ടും ഗുണ്ടകളും ക്രിമിനലുകളും കൊണ്ട് കേരളത്തിന്റെ സ്ഥിതി വളരെ ശോചനീയമായിരിക്കുന്നു. ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ ഇപ്പോൾ ഇവിടെയില്ല. അദ്ദേഹം ഗുണ്ടാനിയമത്തെപ്പറ്റി പറഞ്ഞു. ഓർഡിനൻസിനുമേൽ നടപടിയുണ്ടായില്ലെന്ന് പറയുകയുണ്ടായി. യു.ഡി.എഫ്. ഗവൺമെന്റ് ഗുണ്ടായിസം തടയുന്നതിനുവേണ്ടി ഓർഡിനൻസിലൂടെ ഒരു നിയമം കൊണ്ടുവന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഓർഡിനൻസ് റിപ്ലേസ് ചെയ്യുന്നതിനുളള ബിൽ കൊണ്ടുവരാതെ മനഃപൂർവ്വം ഓർഡിനൻസ് ലാപ്സാക്കിക്കളഞ്ഞു. ഹോം മിനിസ്റ്ററും ലാ മിനിസ്റ്ററും ഈ നിയമസഭാ സമ്മേളനത്തിൽ പുതിയ നിയമം കൊണ്ടുവരുമെന്നാണ് പറഞ്ഞത്. ഇതിനുശേഷം ഓർഡിനൻസ് കൊണ്ടുവരുമെന്ന് ഈ അടുത്ത ദിവസം പറഞ്ഞു. ഈ നിയമസഭാ സമ്മേളനത്തിൽ ഓർഡിനൻസ് കൊണ്ടുവരാൻ കഴിഞ്ഞി ല്ലെന്നുള്ളത് വാസ്തവത്തിൽ പറഞ്ഞാൽ വളരെ ആശങ്കാകരമാണ്. പ്രഖ്യാപനം ഒന്ന് പ്രവൃത്തി വേറൊന്ന്. ഒരു കാര്യം ഞാൻ പറയട്ടെ ഗുരുതരമായ ആരോപണം ഞാൻ ഉന്നയിക്കുകയാണ്. ഗവൺമെന്റ് പ്രതിയായകേസിൽ അഡ്വക്കേറ്റ് ജനറലും ഗവൺമെന്റ് പ്ളീഡറും ഹാജരാകാതെ മനഃപ്പൂർവ്വം കേസ്സുകൾ തോറ്റുകൊടുക്കുന്നു.

എ.ജി.-യോ സീനിയർ എ.ജി.-യോ നമ്മുടെ ഗവൺമെന്റിനെ പ്രതിയാക്കിയുള്ള കേസുകളിൽ കോടതിയിൽ ഹാജരാകുന്നില്ല, ജി. പി. ഹാജരാകുന്നില്ല. എതിർകക്ഷിക്ക് അനുകൂലമായ അഫിഡവിറ്റുകൾ എഴുതിക്കൊടുക്കുകയും ചെയ്യുന്നു. ഇക്കാര്യം ഭരണ കക്ഷിയിലെ അംഗങ്ങൾ തന്നെ പറയുന്നതാണ്. തമിഴ്നാട് വെള്ളം ചോർത്തുന്നതുമായി ബന്ധപ്പെട്ട് അടുത്ത ദിവസം ശ്രീ. എൻ. കെ. പ്രേമചന്ദ്രന്റെ ഒരു സ്റ്റേറ്റ്മെന്റ് മാതൃഭൂമിയിൽ വന്നിരുന്നു. മുല്ലപ്പെരിയാർ പ്രശ്നം തമിഴ്നാട് വെള്ളം ചോർത്തുന്നതുമായി ബന്ധപ്പെട്ട വിഷയമല്ല. കേരളത്തിലെ ജീവനും സ്വത്തിനും ഭീഷണി ഉയർത്തുന്ന ഗൗരവമായ സുരക്ഷയുടെ പ്രശ്നമാണ്. അദ്ദേഹം പറഞ്ഞത് ശരിയാണ്. നമ്മുടെ സെക്യൂരിറ്റി ഗുരുതരമായ പ്രശ്നമല്ലെന്ന് പറഞ്ഞുകൊണ്ട് അതിനെ ലഘുവായി കാണുന്നത് ശരിയല്ല. തമിഴ്നാട് വെള്ളം ചോർത്തിക്കൊണ്ടുപോകുന്നു. ചെമ്പകവല്ലി റിസർവോയറിൽനിന്നും അധികജലം കടത്തിക്കൊണ്ടുപോകുന്നതിന് തമിഴ്നാട് നടത്തിയിട്ടുള്ള ശ്രമങ്ങളെ പ്രതിരോധിക്കാൻ ഈ ഗവൺമെന്റിനു കഴിഞ്ഞിട്ടുണ്ടോ? ചെമ്പകവല്ലി റിസർവോയർ രണ്ടാമത് നിർമ്മിച്ച് മുല്ലപ്പെരിയാറിലെ ജലം കടത്തുന്നതിനുള്ള ശ്രമം തമിഴ്നാട് നടത്തിക്കൊണ്ടിരിക്കുകയാണ്. അതിനുവേണ്ടി തമിഴ്നാട് ഗവൺമെന്റ് ഒരു സൊസൈറ്റിയെക്കൊണ്ട് മദ്രാസ് ഹൈക്കോടതിയിൽ കേസ് കൊടുപ്പിച്ചു. മദ്രാസ് ഹൈക്കോടതിയിലെ കേസ്സിന്റെ നമ്പർ റിട്ട് പെറ്റീഷൻ നമ്പർ 1274/2006. ഈ കേസ് 2006 ഫെബ്രുവരിയിലാണ്. യു.ഡി.എഫ്. ഗവണ്മെന്റ് അന്ന് അഡ്വക്കേറ്റ് ജനറൽ കേസ്സിന് ഹാജരാകണമെന്ന് നിർദ്ദേശിക്കുകയും സീനിയർ ഗവൺമെന്റ് പ്ളീഡറായി ശ്രീ. സി.കെ. അബ്ദുറഹീമിനെ നിയമിക്കുകയും ചെയ്തു. പൊതുതെരഞ്ഞെടുപ്പു കഴിഞ്ഞ് 11-5-2006 ൽ ശ്രീ.സി.കെ. അബ്ദുറഹീം രാജിവച്ചു. 11-5-2006 ൽ ഈ ഗവൺമെന്റ് വന്നതിനുശേഷം 13-6-2006-ൽ ജി.പി. ശ്രീ. സി. കെ. അബ്ദുറഹീമിന്റെ രാജി ഗവൺമെന്റ് അക്സപ്റ്റ് ചെയ്തു. പകരം ജി. പി.-യെ വച്ചില്ലെന്നു മാത്രമല്ല ശ്രീ. അബ്ദുറഹീം നടത്തിവരുന്ന കേസ്സ് നടത്തുന്നതിന് മറ്റൊരു സീനിയർ ഗവൺമെന്റ് പ്ളീഡറെ നിയോഗിക്കുകയോ അഡ്വക്കേറ്റ് ജനറൽ ഹാജരാകാൻ നിർദ്ദേശം കൊടുക്കുകയോ ചെയ്തില്ല. എന്താണെന്ന് അറിയാമോ? മദ്രാസ് ഹൈക്കോടതി റിട്ട് കേസിൽ എ.ജി. ഹാജരായില്ല. സീനിയർ ജി.പി. ഹാജരായില്ല. കേസ്സ് 20-7-2006-ൽ എക്സ്പാർട്ടി വിധിയായി. മുഖ്യമന്ത്രി സമാധാനം പറയണം. ധനകാര്യവകുപ്പുമന്ത്രി കേൾക്കണം. ഇതിന് റിട്ട് പെറ്റീഷൻ 1274/2006 ചെന്നൈ ഹൈക്കോടതി ഡിവിഷൻ ബെഞ്ച് എ.പി. ഷാ ചീഫ് ജസ്റ്റിസ്, മുരുകേശൻ ജസ്റ്റിസ് എന്നിവരുടെ ജഡ്ജ്മെന്റാണ്. 20-7-2006 ൽ 9-ാമത്തെ പാരഗ്രാഫിൽ In spite of several notices Kerala Government is not represented before us. നിരവധി നോട്ടീസുകൾ നൽകിയിട്ടും കേരള ഗവൺമെന്റിനുവേണ്ടി ഒരു അഡ്വക്കേറ്റും ഇവിടെ ഹാജരായിട്ടില്ല. In the circumstances, we are constrained to pass this exparte order. അതിന്റെ ഫലമായി ഞങ്ങൾ ഒരു എക്സ്പാർട്ടി ഓർഡർ പുറപ്പെടുവിക്കുകയാണ്. State of Tamilnadu etc. etc. അവസാനം 9-ാമത്തെ പാരഗ്രാഫിൽ വന്നിരിക്കുന്നത് The writ petition stands disposed of with liberty to the petitioner അതായത് തമിഴ്നാട്, ....... to the petitioner to adopt appropriate proceedings in this case. എന്നു പറഞ്ഞാൽ അവർക്ക് ഡാം വേണമെങ്കിൽ കെട്ടിക്കൊള്ളട്ടെ, ഡാം കെട്ടി വെള്ളം കൊണ്ടുപോകട്ടെ എന്ന് മദ്രാസ് ഹൈക്കോടതി

LIBRARY ARCHIVES Kerala Legislative Assembly

വിധിച്ച ഒരു കേസിൽ കേരളത്തിന്റെ അഡ്വക്കേറ്റ് ജനറൽ പോയില്ലെങ്കിൽ ജഡ്ജ്മെന്റിൽ അത് കുറ്റകരമായി എടുത്ത് പറഞ്ഞിട്ടുണ്ടെങ്കിൽ, അതിന്റെ ഫലമായി എക്സ്പാർട്ടിയായി കേസ്സ് പോയിട്ടുണ്ടെങ്കിൽ നിങ്ങൾ എന്തു നടപടി അഡ്വക്കേറ്റ് ജനറലിന് എതിരെ എടുക്കും? നിങ്ങൾ അതിന് എക്സ്പ്ലനേഷൻ ചോദിച്ചോ? പകരം ഗവൺമെന്റ് പ്ളീഡറെ എന്തുകൊണ്ട് നിയോഗിച്ചില്ല എന്നും ഹാജരാകാത്ത അഡ്വക്കേറ്റ് ജനറലിനെതിരെ എന്തു നടപടിയെടുത്തുവെന്നും വ്യക്തമാക്കണം. ഇത് ചെറിയ കാര്യമല്ല. നിങ്ങൾ ഇത്ര ലാഘവബുദ്ധിയോടുകൂടി കാര്യങ്ങൾ കൈകാര്യം ചെയ്താൽ എങ്ങനെയാണ്? നിയമസഭ പാസാക്കിയ നിയമത്തെ ലംഘിച്ചുകൊണ്ടാണ് ഒരു പ്രമേയം കൊണ്ടുവരുന്നത്. നിയമസഭ പാസ്സാക്കിയ ഒരു നിയമത്തെ മറികടക്കുന്നതിനാണ് ഈ പ്രമേയം കൊണ്ടുവന്നിരിക്കുന്നത്. അതായത് ഈ നിയമസഭയുടെ നിബന്ധനയോടുകൂടിയ പ്രമേയം ഇല്ലാതെ വെള്ളം കൊടുക്കാൻ മുഖ്യമന്ത്രിയെ ഓതറൈസ് ചെയ്തിരിക്കുകയാണ്. ഇങ്ങനെ ഒരു നിയമം നിങ്ങൾ പാസാക്കിയതു വഴി നിയമസഭയുടെ അന്തസ്സിനെതന്നെ ലംഘിച്ചിരിക്കുകയാണ്. അങ്ങനെ നെയ്യാർ ഡാമിൽനിന്നും വെള്ളം കൊടുക്കാൻ വേണ്ടി മുഖ്യമന്ത്രിയെ ഓതറൈസ് ചെയ്ത ഗവൺമെന്റ് ചെമ്പകവല്ലി ഡാം പുതുക്കി പണിത് കേരളത്തിന്റെ വെള്ളം തമിഴ്നാട്ടിലേക്ക് കൊണ്ടുപോകാൻ വേണ്ടി കൊടുത്ത കേസ്സ് നിങ്ങൾ എക്സ്പാർട്ടി വിധിയാക്കിയെങ്കിൽ അതിന്റെ പിന്നിൽ എന്താണെന്ന് നിങ്ങൾ തന്നെ പറയണം. ഇവിടെ ഭരണകക്ഷി അംഗങ്ങൾ പറഞ്ഞല്ലോ 200 കോടി രൂപ മദ്രാസ് സ്റ്റേറ്റ് ബഡ്ജറ്റിൽ വച്ചിരുന്നു എന്ന്. പേ റോളിൽ അനേകം പേർ കേരളത്തിൽ ഉണ്ടെന്ന് പറഞ്ഞു. ഇത് രണ്ടും കൂട്ടി വായിച്ചാൽ വളരെ ദുരൂഹതയാണ്. ഇത് വാസ്തവത്തിൽ പറഞ്ഞാൽ ഗുരുതരമായ പ്രശ്നമാണ്. അതിനെ സംബന്ധിച്ചിടത്തോളം ഗവൺമെന്റ് എന്താണ് നടപടി സ്വീകരിച്ചിട്ടുള്ളത് എന്ന് നിയമസഭയെ അറിയിക്കണം. ഇവിടെ നിയമ വകുപ്പുമന്ത്രി ഇതൊന്നും മോണിറ്റർ ചെയ്യുന്നില്ലേയെന്ന് ഞാൻ വളരെ വിനയത്തോടുകൂടി ചോദിക്കുകയാണ്. ഇവിടെ മുല്ലപ്പെരിയാർ ഇഷ്യൂ എന്നു പറയുന്നത് മുല്ലപ്പെരിയാറിലെ ജലവിതാനം 136 അടിയാക്കിയാലും 120 ആക്കിയാലും 100 ആക്കിയാലും തമിഴ്നാടിനു വെള്ളം കിട്ടും. കാരണം ഷട്ടറിന്റെ മുകളിൽക്കൂടി ഒഴുകി പോകുന്ന വെള്ളമല്ല അടിയിൽക്കൂടിയുള്ള ടണൽ വഴിയാണ് തമിഴ്നാട്ടിലേയ്ക്ക് വെള്ളം പോകുന്നത്. പക്ഷെ ജലവിതാനം കൂട്ടിയാൽ ഇടുക്കിക്ക് റെയിൽ റെയ്സ് വാട്ടർ കിട്ടാതെ വരികയും ഇടുക്കിയിലെ വൈദ്യുതി ഉൽപാദനം തടസ്സപ്പെടുകയും അതുവഴി കോടിക്കണക്കിനു രൂപ നഷ്ടപ്പെടുകയും ചെയ്യും. അതുകൊണ്ട് തമിഴ്നാടിന് വെള്ളം കിട്ടാൻ ജലനിരപ്പ് ഉയർത്തണമെന്നു പറയുന്നത് തെറ്റാണ്. അതുകൊണ്ട് സെക്യൂരിറ്റി പ്രോബ്ലം നമ്പർ വൺ. ഈ കാര്യം ഈ ഗവണ്മെന്റ് അഫിഡവിറ്റിൽ പറഞ്ഞിട്ടില്ല. കഴിഞ്ഞയാഴ്ച സുപ്രീംകോടതിയിൽ കേസ് വന്നിട്ട് കേരളാ ഗവൺമെന്റ് വക്കീലന്മാർക്ക് ഇൻസ്ട്രക്ഷൻ കൊടുക്കുകയോ ഉദ്യോഗസ്ഥർ ചെല്ലുകയോ ചെയ്തില്ല. കേരളത്തിന്റെ പൊതുതാൽപര്യങ്ങൾ ഉൾക്കൊള്ളുന്ന അഫിഡവിറ്റുകൾ വായിക്കുകയും അഡ്വക്കേറ്റ് ജനറലിനേയും ഗവൺമെന്റ് പ്ളീഡറേയും വരുത്തി മോണിറ്റർ ചെയ്യുകയും ചെയ്യേണ്ടതിനുപകരം വളരെ ലാഘവബുദ്ധിയോടുകൂടിയാണ് ഇത് കൈകാര്യം ചെയ്തിട്ടുള്ളത്. ഈയിടെയായി ഭൂചലന ഭീഷണി ഉണ്ടായിരിക്കുകയാണ്. അതിനെതിരെ ഗവൺമെന്റ് എന്ത് നടപടി സ്വീകരിച്ചു? ഭൂചലന ഭീഷണി രണ്ട് പ്രാവശ്യം ഉണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

ഡാം സേഫ്റ്റി അതോറിറ്റിയല്ല ഇതിനെ നേരിടേണ്ടത്. ഡാം സേഫ്റ്റി അതോറിറ്റി എന്ന് പറയുന്നത് ജലവിതാനം എത്ര വേണമെന്ന് നിശ്ചയിക്കുന്നതാണ്. ഡാം സേഫ്റ്റി അതോറിറ്റിയിൽ ഭൂചലന ഡിസാസ്റ്ററുമായിട്ട് ബന്ധപ്പെട്ടതല്ല. ഞാൻ ചോദിക്കട്ടെ മദ്രാസ് ഹൈക്കോടതിയിൽ റിട്ട് പെറ്റീഷനിൽ എക്സ്പാർട്ടി വിധി ഉണ്ടായി, അഡ്വക്കേറ്റ് ജനറൽ ഹാജരായില്ല. സീനിയർ ഗവൺമെന്റ് പ്ലീഡർ ഹാജരായില്ല, നിയമവകുപ്പുമന്ത്രി പറഞ്ഞു ജി.പി. വരാത്തതുകൊണ്ടാണെന്ന്. ജി.പി. രാജി വച്ചാൽ വേറെ ജി. പി.യെ നിയമിക്കണം. നിങ്ങൾ അത് എന്തുകൊണ്ട് ചെയ്തില്ല? ഇതിനെ സംബന്ധിച്ച് ഞാൻ ഇറിഗേഷൻ മന്ത്രിയിൽ നിന്നും മറുപടി പ്രതീക്ഷിക്കുകയാണ്. 2005-ലെ ഡിസാസ്റ്റർ മാനേജ്മെന്റ് നിയമമനുസരിച്ചുള്ള നടപടികളാണ് സ്വീകരിക്കേണ്ടത്. അതനുസരിച്ചുള്ള ഒരു നടപടിയും ഗവൺമെന്റ് സ്വീകരിച്ചിട്ടില്ല. തമിഴ്നാട് ഇപ്പോൾ ചർച്ചയ്ക്ക് തയ്യാറായി. നിങ്ങൾ വിചാരിക്കേണ്ട, നെയ്യാർ ഡാമിൽനിന്ന് വെള്ളം കൊടുക്കാനെടുത്ത തീരുമാനംകൊണ്ടല്ല തമിഴ്നാട് ചർച്ചയ്ക്ക് വന്നിരിക്കുന്നത്. തമിഴ്നാട് ചർച്ചയ്ക്ക് വന്നിരിക്കുന്നത് സുപ്രീം കോടതി ഡയറക്ഷൻ കൊണ്ടാണ്. പൊളിറ്റിക്കൽ ലെവലിൽ ഇരു സംസ്ഥാനങ്ങളും തമ്മിൽ ചർച്ച ചെയ്ത് അവസാനിപ്പിക്കണമെന്ന് സുപ്രീംകോടതി പറഞ്ഞത് നമുക്ക് ആശ്വാസമായി. അല്ലാതെ നിങ്ങൾ നെയ്യാർ ഡാമിൽനിന്നും വെള്ളം കൊടുക്കാൻ എടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിലല്ല തമിഴ്നാട് ചർച്ച ചെയ്യുന്നത്. അവർ ഓൾ പാർട്ടി യോഗം വിളിച്ച് എന്താണ് നിലപാട് എടുക്കേണ്ടത് എന്ന് ആലോചിച്ചു. നമുക്ക് ഒരു കാര്യംചെയ്യാം 142 അടിയിൽ മുറുകെ പിടിക്കാമെന്ന ഒരു തീരുമാനം എടുത്തിരി ക്കുകയാണ്. ഈ ഗവൺമെന്റിനോട് ഞാൻ ചോദിക്കട്ടെ, ഇപ്പോൾ ചർച്ചയ്ക്കുവേണ്ടി നിങ്ങൾ ക്യാബിനറ്റ് സബ്കമ്മിറ്റിയെ നിയോഗിച്ചു. ഒരു ഓൾപാർട്ടി യോഗം വിളിക്കാൻ നിങ്ങൾ തയ്യാറായോ? ഇവിടത്തെ പൊളിറ്റിക്കൽ പാർട്ടികളുമായി ആലോചിക്കാൻ നിങ്ങൾ തയ്യാറായോ? എന്ത് സ്റ്റാൻഡ് എടുക്കണമെന്ന് നിങ്ങൾ തീരുമാനിക്കാൻ തയ്യാറായോ? ഈ ഗവൺമെന്റ് വളരെ ലാഘവത്തോടുകൂടി കാര്യങ്ങളെ കാണുന്നു. കേരളത്തിൽ പൊതുമുതൽ സംരക്ഷിക്കാൻ ഈ ഗവൺമെന്റ് തയ്യാറാകുന്നില്ല. അതുകൊണ്ട് 481 കോടി രൂപ അധിക ഗ്രാന്റ് വേണമെന്ന് ചോദിച്ചുവന്നിരിക്കുന്നത് വാസ്തവത്തിൽ പറഞ്ഞാൽ, ചോദിക്കാനുള്ള അവകാശം ഈ ഗവൺമെന്റിനില്ല. ഇത് പാസ്സാക്കി തരാൻ ഞങ്ങളുടെ മനസ്സ് അനുവദിക്കുന്നില്ല. ആ നിലയിലേയ്ക്ക് കാര്യങ്ങൾ മാറിയിരിക്കുന്നു.

ശ്രീ. എ. കെ. ശശീന്ദ്രൻ : ഇവിടെ പറഞ്ഞല്ലോ സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിലാണ് തമിഴ്നാട് ഇപ്പോൾ ചർച്ചയ്ക്ക് വന്നിട്ടുള്ളത് എന്ന്. അത് ശരിയാണ്. പക്ഷേ താങ്കൾ ആദ്യം പറഞ്ഞതിന് വിരുദ്ധമായിട്ടാണ്. ഇവിടെ കേസ്സുകൾ നടത്തുന്ന കാര്യത്തിൽ കക്ഷികളും ഗവൺമെന്റ് വക്കീലും ഗവൺമെന്റും ഒത്തുകളിച്ചതിന്റെ ഫലമായി കേസ് തോൽക്കുന്നു എന്നാണ്. ഇവിടെ കേസ് ജയിച്ചതുകൊണ്ടല്ലേ സുപ്രീം കോടതിയുടെ വിധിയുണ്ടായത്? മുല്ലപ്പെരിയാറിന്റെ കാര്യത്തിൽ ഏറ്റവും സമർത്ഥമായി ഇടപെട്ടതിന്റെ ഫലമായി കേസ് ജയിച്ച അനുഭവം നമ്മുടെ മുമ്പിലുള്ളപ്പോൾ നമ്മൾ തോറ്റുകൊണ്ടിരിക്കുന്നു എന്ന് പറഞ്ഞാൽ എങ്ങനെയാണ്?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി : അരി എത്ര എന്നു ചോദിച്ചാൽ പയർ അഞ്ഞാഴി എന്നു പറഞ്ഞിട്ട് കാര്യമുണ്ടോ? മദ്രാസ് ഹൈക്കോടതിയുടെ എക്സ്പാർട്ടി വിധി എങ്ങനെയുണ്ടായി? മദ്രാസ് ഹൈക്കോടതി വളരെ ഗൗരവമായി സ്ട്രിക്ചർ നടത്തി. കേരള ഗവൺമെന്റിനുവേണ്ടി ആരും വന്നില്ല. എ.ജി. വന്നില്ല, സീനിയർ ഗവൺമെന്റ് പ്ലീഡർ വന്നില്ല, അതുകൊണ്ട് ഞങ്ങൾ എക്സ്പാർട്ടിയായി വിധിക്കുന്നു എന്നു പറഞ്ഞു. നാണമില്ലേ എന്ന് ഞാൻ ഭരണകക്ഷിയോട് ചോദിക്കുകയാണ്. നിങ്ങൾ ഒരു ഗവൺമെന്റാണെന്ന് പറഞ്ഞ് ഇരിക്കുകയാണ്. ഇതിന് സമാധാനം ഈ സഭയോട് പറയണം. അല്ലെങ്കിൽ ഇതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ പേരിൽ നടപടിയുണ്ടാകണം. അത് രണ്ടുമില്ലാതെ രൂപ ചോദിച്ച് ഗ്രാന്റുമായി വന്നാൽ ഞങ്ങൾ അത് പാസ്സാക്കി തരണമെന്നാണോ ശ്രീ. എ. കെ. ശശീന്ദ്രൻ വിചാരിച്ചിരിക്കുന്നത്? അതുകൊണ്ട് ഇങ്ങനെയുള്ള ചോദ്യങ്ങളൊന്നും ചോദിക്കരുത്. ഞാൻ ഈ സപ്ലിമെന്ററി ഡിമാന്റിനെ എതിർക്കുകയാണ്.

ശ്രീ. കെ. പി. മോഹനൻ: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. ബഹുമാനപ്പെട്ട മാണിസാർ അവസാനം പറഞ്ഞത് ഈ ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കാൻ മാണിസാറിന്റെ മനസ്സ് അനുവദിക്കുന്നില്ല എന്നാണ്. മാണിസാറിന്റെ മനസ്സ് ഇത്രമാത്രം കഠിനമാണെന്ന് ഇപ്പോഴാണ് മനസ്സിലായത്. ഒരുപാട് നല്ല കാര്യങ്ങൾ ചെയ്തുവരുന്ന ഈ സർക്കാരിന്റെ ഉപധനാഭ്യർത്ഥനകളെ എങ്ങനെയാണ് അനുകൂലിക്കാതിരിക്കാൻ കഴിഞ്ഞത്? പ്രകടന പത്രികയിൽ പറഞ്ഞ ഓരോ കാര്യങ്ങളും നടപ്പിലാക്കിക്കൊണ്ടാണ് ഈ സർക്കാർ മുന്നോട്ട് പോയ്ക്കൊണ്ടിരിക്കുന്നത്. അതിൽ ഏറ്റവും കാര്യമായ ഊന്നൽ നൽകുന്നത് കാർഷിക മേഖലയിൽ കർഷകരെ സഹായിക്കുന്നതിനാണ്. കാർഷിക കടാശ്വാസ ബിൽ, കർഷക രക്ഷാ ബിൽ എന്നിവ തയ്യാറായിരിക്കുകയാണ്. നാളെ ഇവിടെ അവതരിപ്പിക്കും. ഇത് ഇവിടത്തെ കർഷകർക്ക് എത്രമാത്രം ഗുണകരമാണെന്നുള്ളത് ഞാൻ പറയാതെതന്നെ എല്ലാവർക്കും അറിയാം. കമ്മീഷന് ജുഡീഷ്യൽ അധികാരമാണുള്ളത്. കമ്മീഷന്റെ ഉത്തരവ് ലംഘിച്ചാൽ ഒരുപാട് തടവും പിഴയും കൊടുക്കുന്ന അവസ്ഥയിലേക്ക് എത്തുന്നത് കർഷകർക്ക് എത്ര ഗുണകരമായി വരുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഈ സർക്കാർ വന്നശേഷം കൃഷിക്കാരുടെ കടങ്ങളാകെ എഴുതിത്തള്ളി. ആത്മഹത്യ ചെയ്ത കർഷകരുടെ കടങ്ങൾ എഴുതിത്തള്ളുകയും ആ കുടുംബങ്ങൾക്ക് ആനുകൂല്യമായി ഒരുപാട് നടപടികൾ സ്വീകരിക്കുകയും ചെയ്തു. കാർഷിക കടങ്ങൾക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചു; ജപ്തി നടപടികൾ നിർത്തിവച്ചു; കാർഷിക കടങ്ങളുടെ പലിശ മൂന്ന് ശതമാനത്തോളം കുറച്ചു. അങ്ങനെ ഒന്നൊന്നായി കൃഷിക്കാരെ സഹായിച്ചുകൊണ്ടിരിക്കുകയാണ്. അതോടൊപ്പം നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ എൻഡോസൾഫാൻ ബാധിച്ച പാവപ്പെട്ട ആളുകളെ സഹായിച്ച് അവർക്ക് ഒരുപാട് ആശ്വാസ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇന്ന് ആരോഗ്യ വകുപ്പുമന്ത്രി പറഞ്ഞു, എൻഡോസൾഫാൻ ബാധിച്ച് വികലാംഗരായവർക്ക് ഉപകരണങ്ങൾ കൊടുക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു എന്ന്. കഴിഞ്ഞ ഗവൺമെന്റ് അഞ്ചു വർഷക്കാലം കോൾഡ് സ്റ്റോറേജിൽ വച്ചിരുന്ന പാവപ്പെട്ട ആളുകൾക്ക് ഗുണകരമായി വരുന്ന

LIBRARY ARCHIVES Kerala Legislative Assembly

ഒരുപാട് കാര്യങ്ങൾ ഇപ്പോൾ പാസ്സാക്കി വരികയാണ്. കച്ചവട സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് ഗുണകരമായ സേവന വേതന വ്യവസ്ഥകൾ നിജപ്പെടുത്തി തൊഴിലാളികളെ സംരക്ഷിക്കാൻ ഈ ഗവൺമെന്റ് മുന്നോട്ടുവന്നു. അതുപോലെ മലബാർ ദേവസ്വം ബോർഡ് ബിൽ എത്ര കാലമായി ഈ സഭയിൽ— രണ്ടുമൂന്ന് മന്ത്രിമാർ മാറിമാറി വന്നിട്ടും അത് പാസ്സാക്കാൻ സാധിച്ചില്ല. ഈ പ്രാവശ്യം നമ്മുടെ ദേവസ്വം വകുപ്പുമന്ത്രി പറഞ്ഞത് എന്തായാലും ആറ് മാസംകൊണ്ട് ഇത് പാസ്സാക്കുമെന്നാണ്. അങ്ങനെ ഒട്ടേറെ നല്ല കാര്യങ്ങൾ ചെയ്തുകൊണ്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോയ്ക്കൊണ്ടിരിക്കുന്നത്. ഇനിയും ഒരുപാട് കാര്യങ്ങൾ ചെയ്യാനുണ്ട്, പ്രത്യേകിച്ചും ശുദ്ധജല വിതരണ രംഗത്തും അതുപോലെ ജലവിതരണ രംഗത്തും ഒരുപാട് കാര്യങ്ങൾ ചെയ്യാനുണ്ട്. കേരളം ജലസമൃദ്ധമായിരുന്നു. പക്ഷേ ഇന്ന് ജലം കിട്ടാത്ത സ്ഥിതിയിലേക്ക് എത്തിച്ചേരുകയാണ്. കൂടുതൽ ജല വിതരണ പദ്ധതികൾ നമ്മുടെ സംസ്ഥാനത്ത് ആവശ്യമായി വന്നിരിക്കുകയാണ്. തോടുകൾ സംരക്ഷിക്കപ്പെടുന്നില്ല എന്ന് ഇവിടെ പറഞ്ഞിട്ടുണ്ട്. അതിന് വ്യക്തമായ ഒരു നിയമം കൊണ്ടുവന്ന് തോടുകൾ സംരക്ഷിച്ച് ഏറ്റവും നല്ല മേഖലയാക്കി മാറ്റാൻ സാധിക്കണം. അതുപോലെ പുഴയോരങ്ങളും സംരക്ഷിക്കപ്പെടണം. മൽസ്യത്തൊഴിലാളികൾ ഒരുപാട് താമസിക്കുന്ന കായലോരങ്ങളിൽ ഭൗതിക സാഹചര്യം വളരെ കുറവാണ്. അതൊക്കെ ഉണ്ടാക്കിക്കൊടുക്കാൻ കൂടുതൽ ധനം വിനിയോഗിക്കാൻ കഴിയണം. കഴിഞ്ഞ 13-ാം തീയതി നമ്മളെല്ലാവരും നമ്മുടെ ഗ്രാമങ്ങളിലായിരുന്നു. ശുചിത്വയജ്ഞം എന്ന പേരിൽ നടപടികളുമായി മുന്നോട്ടുപോയി. ശുചിത്വത്തെ സംബന്ധിച്ച് ജനങ്ങൾ ഇപ്പോഴും ബോധവാൻമാരല്ല. കേരളീയർ രണ്ടുപ്രാവശ്യം കുളിക്കുകയും ശുചിത്വനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നവരാണ്. പക്ഷേ പൊതുജന ശുചിത്വത്തിലേക്ക് ഇറങ്ങിച്ചെല്ലുന്നില്ല. അതിന് ബോധവൽക്കരണം നടത്തേണ്ടതുണ്ട്. പെപ്സികോള നിരോധിച്ചതിനെ ഏറ്റവും വലിയ ഒരു നടപടിയായി കാണേണ്ടതാണ്. അതേസമയം ബഹുമാനപ്പെട്ട ഹൈക്കോടതി പെപ്സി കോള നിരോധിക്കാൻ സാധ്യമല്ല എന്ന് പറഞ്ഞിരിക്കുകയാണ്. എന്തു വന്നാലും കൂടുതൽ അധികാരത്തോടുകൂടി പെപ്സികോള നിരോധിക്കുന്നതിനുള്ള നടപടികൾ നിർബന്ധമായി കൊണ്ടുവരണം. അല്ലെങ്കിൽ എൻഡോസൾഫാൻ ബാധിച്ചതു പോലെയുള്ള സ്ഥിതി പാലക്കാട്ട് ഉണ്ടാകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. വിദഗ്ദ്ധർ പറയുന്നത് അതാണ്. ഡോ. ഒ. ജി. ബി. നമ്പ്യാർ ഇതിന്റെ പഠനം നടത്തിയിട്ടുണ്ട്. അദ്ദേഹം പറയുന്നത് ഭോപ്പാൽ പോലെയുള്ള സ്ഥലമായി പാലക്കാട് മാറും എന്നാണ്. അതുകൊണ്ട് നിർബന്ധമായും ഇത് നിരോധിച്ച്, വിറ്റഴിക്കാൻ കഴിയാത്ത രീതിയിൽ നടപടി സ്വീകരിക്കാൻ സർക്കാർ മുന്നോട്ടുവരണം.

<u>ശ്രീ. കെ. സി. ജോസഫ്</u> : നെയ്യാറിലെ വെള്ളത്തിന്റെ കാര്യത്തിൽ അങ്ങയുടെ പാർട്ടി ജനറൽ സെക്രട്ടറിയായ ശ്രീ. കെ. കൃഷ്ണൻകുട്ടി "കേരള വൈക്കോ" ആകാൻ ശ്രമിച്ചെന്ന് എൽ.ഡി.എഫ്.-ന്റെ കമ്മിറ്റിയിൽ പറഞ്ഞതായി വാർത്ത കേട്ടു. അത് ശരിയാണോ?

<u>ശ്രീ. കെ. പി. മോഹനൻ</u> : അതിന്റെ ചില നടപടികൾ പത്രത്തിൽ വന്നു. പക്ഷേ എനിക്ക് അതേപ്പറ്റി അറിയില്ല. ശ്രീ. കെ. സി. ജോസഫ് എല്ലാ പത്രങ്ങളും വായിക്കുന്ന ആളായതുകൊണ്ട് അതൊക്കെ അറിഞ്ഞുകാണും. പക്ഷേ എൽ.ഡി.എഫ്.

ചെയ്യുന്ന നല്ല കാര്യങ്ങൾ ഇതുവരെ അറിഞ്ഞിട്ടില്ല. അദ്ദേഹത്തിന്റെ മണ്ഡലത്തിൽ കാലവർഷക്കെടുതിയിൽ എത്രയോ കൃഷിക്കാർക്ക് സാമ്പത്തിക സഹായം കൊടുത്തു. അത് പറയാൻ ശ്രീ. കെ. സി. ജോസഫിന് പറ്റിയില്ല. ഈ ഉപധനാഭ്യർത്ഥനകളെ ഒന്നുകൂടി അനുകൂലിക്കുന്നതോടൊപ്പം മറ്റൊരു കാര്യംകൂടി പറയട്ടെ, ഗ്രാമപഞ്ചായത്തുകൾ പിരിച്ചെടുക്കുന്ന ലൈബ്രറി സെസ്സ് കേരള ഗ്രന്ഥശാലകൾക്ക് ലഭിക്കുന്നില്ല. അതുകൊണ്ട് ഗ്രന്ഥശാലാ സംഘങ്ങൾക്ക് കൊടുക്കുന്ന ഗ്രാന്റ് യഥാർത്ഥത്തിൽ ഗ്രന്ഥശാലയ്ക്ക് ലഭിക്കുന്നില്ല. ഇതിനുള്ള നടപടികൾ സർക്കാർ എടുക്കണം. അതുപോലെ കൂടുതൽ ധനം ഈ ആവശ്യത്തിലേക്ക് നീക്കിവയ്ക്കാനുള്ള നടപടി ഉണ്ടാകണമെന്ന് പറഞ്ഞുകൊണ്ട് ഈ ഉപധനാഭ്യർത്ഥനകളെ ഒന്നുകൂടി അനുകൂലിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. പി. ജെ. ജോസഫ് : സർ, പ്രസിഡന്റിന്റെ 10 ഇന വികസന പരിപാടിയിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് വിനോദസഞ്ചാരം. ഏത് നാട്ടിലെത്തുന്ന വിനോദസഞ്ചാരികളും അവർ താമസിക്കുന്ന അത്രയും കാലം പരമാവധി ഉപയോഗപ്പെടുത്താനാഗ്രഹിക്കുന്നു, അത് സ്വാഭാവികമാണ്. വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്ക് വേഗത്തിൽ എത്തുന്നതിനും വിശ്വസിച്ച് യാത്ര ചെയ്യാനുമുള്ള സൗകര്യങ്ങളാണ് ടൂറിസത്തിന്റെ അടിസ്ഥാനം. വിമാനത്താവളങ്ങൾ, റോഡുകൾ, വിശാല റോഡ് സൗകര്യങ്ങൾ, റെയിൽവേ, ഉൾനാടൻ ജലഗതാഗതം എന്നിവ ഇവിടെ ഏറ്റവും പ്രധാനപ്പെട്ട ഘടകമാണ്. ശുചിത്വവും ഗുണനിലവാരവുമുള്ള താമസസൗകര്യങ്ങൾ ടൂറിസത്തിന്റെ പ്രധാനഘടകങ്ങളാണ്. സംസ്ഥാനത്ത് ഗുണനിലവാരമുള്ള റോഡുകൾ ഉണ്ടാകണമെന്നത് എല്ലാവരും ആഗ്രഹിക്കുന്നു. പ്രത്യേകിച്ച് വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്നവർ ഇവിടെ വരുമ്പോൾ ഇവിടത്തെ റോഡുകളുടെ സ്ഥിതിയെപ്പറ്റി ദുഃഖിതരാണ്. 6 മാസക്കാലം മഴയുള്ളതുകൊണ്ട് റോഡ് മെയിന്റനൻസ് ആ സമയത്ത് നന്നായി നടക്കില്ല. പിന്നെയുള്ളത് ഡിസംബർ, ജനുവരി, ഫെബ്രുവരി, മാർച്ച്, ഏപ്രിൽ, മേയ് മാസത്തിന്റെ പകുതി വരെ റോഡ് നന്നാക്കാൻ കഴിയും. അല്ലാത്ത സമയത്ത് റോഡ് നന്നാക്കിയാൽ കുഴിയുള്ള ഭാഗങ്ങളിൽ വീണ്ടും കുഴികൾ വീണുകൊണ്ടേയിരിക്കും. അങ്ങനെ വീഴാതിരിക്കാനായി ഗുണമേന്മയുള്ള റോഡുകൾ ഉണ്ടാകണം. ഇപ്പോൾ എ.ഡി.ബി. സഹായത്തോടുകൂടി ചേർത്തല മുതൽ അങ്കമാലി വരെ നാലുവരിപ്പാത നിർമ്മിക്കുകയുണ്ടായി. ആ നാലുവരിപ്പാത കേരളത്തിൽ ആകെ 52 കിലോമീറ്ററെയുള്ളൂ. ഇന്ത്യയിൽ ഇപ്പോൾ golden quadrilateral, നോർത്ത് സൗത്ത് എക്സ്പ്രസ്സ് ഹൈവേ എന്നീ രണ്ട് ഹെഡ്ഡിലായി 15000 കിലോമീറ്റർ റോഡ് നാലുവരി പാതയാക്കിയിരിക്കുകയാണ്. 25000 കോടി രൂപ ഇതിനകം മുടക്കിക്കഴിഞ്ഞു. ചേർത്തല മുതൽ അങ്കമാലി വരെയുള്ള റോഡിന് ഒരു കിലോമീറ്ററിന് ചെലവായത് ഏതാണ്ട് 4 കോടി രൂപയാണ്. എന്താണ് ഇത്രയും ചെലവ് വരുന്നതെന്നു ചോദിച്ചാൽ നിലവിലുള്ള ഏകദേശം 4 അടിയോളം മണ്ണ് മാറ്റി അവിടെ നല്ല ഗുണനിലവാരമുള്ള മണ്ണിട്ട് നല്ലപോലെ ഉറപ്പിച്ച് അതിന്റെ മുകളിലാണ് ടാർ ചെയ്യുന്നത്. കാരണം ആ മേഖലയിൽ ഇപ്പോൾ വരുന്ന വാഹനങ്ങളെല്ലാം കണ്ടെയിനേഴ്സ് പോലുള്ള വലിയ വാഹനങ്ങളാണ്. മൾട്ടി ആക്സിൽ വെഹിക്കിൾസ് എന്നു പറയുന്ന ഇതിന്റെ ഭാരം 40 ടൺ മുതൽ 50 ടൺ വരെ ആണ്. മുമ്പൊക്കെ 10 ടണ്ണിനകത്തെ വരികയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

അപ്പോൾ അതിന് ഇത്രയും ബലവത്തായ റോഡുകൾ ഉണ്ടാക്കിയില്ലെങ്കിൽ എല്ലാം പൊട്ടിപ്പൊളിഞ്ഞുപോകും. ആതുകൊണ്ടാണ് അത്തരം റോഡുകൾ നിർമ്മിക്കുന്നത്. കെ.എസ്.ടി.പി. റോഡുകളുടെ കാര്യത്തിൽ, വേൾഡ് ബാങ്ക് സ്കീമിൽ 9 സംസ്ഥാനങ്ങൾ മൽസരിച്ചതിൽ അനുമതി കിട്ടിയത് രണ്ട് സംസ്ഥാനങ്ങൾക്കാണ്. അതിൽ ഒന്ന് കേരളമാണ്. 1612 കോടി രൂപ കേരളത്തിന് അനുവദിച്ചുകിട്ടി. നിർഭാഗ്യകരമെന്നു പറയട്ടെ, ശ്രീ. കെ. എം. മാണിയോട് ഞാൻ ആദരവോടുകൂടി പറയുകയാണ് 2001-ൽ തുക അനുവദിച്ചുകിട്ടിയ റോഡിന് ആയിരം കിലോമീറ്ററിൽ മാത്രമേ ഹെവി മെയിന്റനൻസിന് കഴിഞ്ഞുള്ളൂ. അതിന് വീതിയൊന്നും കൂട്ടണ്ട. നിലവിലുള്ള കിടപ്പിൽത്തന്നെ റോഡു പണികൾ തീർത്താൽ മതിയായതുകൊണ്ട് അത്രയും പണികൾ തീർന്നു. 600 കിലോമീറ്റർ റോഡ് strategically important ആയ റോഡുകളാണ്. ഇവിടെയുള്ളത് എം. സി. റോഡുകളാണ്. ഇത് കേരളത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട റോഡുകളിൽ ഒന്നാണ്. ആ റോഡുൾപ്പെടെ പല ഭാഗത്തുമുള്ള റോഡുകൾ, ഇപ്പോൾ ശബരിമലയ്ക്കുള്ള പുനലൂർ- മൂവാറ്റുപുഴ എന്നീ പ്രധാനപ്പെട്ട റോഡുകൾക്ക് തുക അനുവദിച്ചു. എന്നാണ് നോട്ടിഫിക്കേഷൻ ഇറക്കിയത്? 2001-ൽ തുക അനുവദിച്ച റോഡിന് ഫോർ വൺ നോട്ടിഫിക്കേഷൻ ഇറക്കണ്ടേ? ലാന്റ് അക്വിസിഷന് പരമാവധി 3 കൊല്ലമല്ലേ എടുക്കുകയുള്ളൂ. ഫാസ്റ്റ് ട്രാക്കിലൂടെ എടുത്താലും 2003-ൽ പല ഭാഗത്തും ഫോർ വൺ നോട്ടിഫിക്കേഷൻ ഇറക്കിയതാണ്. അപ്പോൾ 2004-ലാണ് ആദ്യത്തെ പണി തീരേണ്ടത്. ഇപ്പോൾ 2006 ആകുന്നു. അപ്പോൾ ഒന്നാംഘട്ടം 1600 കിലോമീറ്റർ റോഡ്, 2004-2005-ൽ തീരേണ്ടതായിരുന്ന രണ്ടാംഘട്ടം 1200 കിലോമീറ്റർ റോഡ് എന്നിവയുണ്ട്. ഏകദേശം 1 കോടി രൂപ വേണം ഒരു കിലോമീറ്ററിന്. മറ്റുള്ള റോഡുകൾക്കൊക്കെ ഇപ്പോൾ 7 കോടി രൂപയായി. ഇവിടെ തുക അധികമായിപ്പോയി എന്നുപറഞ്ഞു പലരും പരാതിപ്പെട്ടു. പക്ഷേ ഇപ്പോൾ അങ്കമാലിയിൽ നിന്നും വരുന്ന റോഡ് മൂവാറ്റുപുഴ-തൊടുപുഴ വരെ തീരുന്നതായി നമുക്ക് കാണാൻ കഴിയും. ആ റോഡ് ഏകദേശം 18-20 ഇഞ്ചിലാണ് വർക്ക് ചെയ്തിരിക്കുന്നത്. നല്ല ഗുണനിലവാരമുള്ള റോഡ് തീർത്തിരിക്കുകയാണ്. അതൊന്നും 4-5 വർഷക്കാലം വരെ കേടാകില്ല. അതിന് യാതൊരു സംശയവുമില്ല. അങ്ങനെയുള്ള റോഡുകൾ തീർക്കാനുള്ള സ്ട്രാറ്റജിക് ഓപ്ഷണൽ സ്റ്റഡി 1996-ൽ നടത്തി. 2800 കിലോമീറ്റർ റോഡ് strategically important ആണ് എന്ന് റൈറ്റ്സ് കണ്ടെത്തി. എന്നു പറഞ്ഞാൽ, കേരളത്തിൽ വരുന്ന വാഹനങ്ങളിൽ എൺപത് ശതമാനവും ഹെവി വെഹിക്കിൾസാണ്. 2800 കിലോമീറ്റർ റോഡിലൂടെയാണ് ഓടുന്നത്. അപ്പോൾ ആ 2800 കിലോമീറ്ററിന് ഒരു പ്രോജക്ട് സബ്മിറ്റ് ചെയ്തതാണ്. ആദ്യം 1600ഉം പിന്നെ 1200 കിലോമീറ്റർ റോഡിനും വരെ അംഗീകാരം തന്നു. അതിൽ ആദ്യത്തെ പണി 2005-ൽ തീരേണ്ടതാണ്. അങ്ങനെ തീരാത്തതുകൊണ്ട് 532 കോടി രൂപ അധികച്ചെലവ് വന്നു. എന്താണ് കാരണം? കൺട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ റിപ്പോർട്ട് വന്നത്, ലാൻഡ് അക്വിസിഷൻ താമസിപ്പിച്ചുയെന്നുള്ള ഒറ്റകാരണത്താലാണ് cost escalation, ഈ അധികഭാരം ഈ ഗവണ്മെന്റിന് താങ്ങേണ്ടിവന്നത്. ഈ കാര്യം വേൾഡ് ബാങ്കുമായി ചർച്ച ചെയ്തതിന്റെ ഫലമായി അവർ അഡീഷണൽ ലോൺ തരാമെന്ന് പറഞ്ഞിരിക്കുകയാണ്. കാരണം എം.സി.റോഡ്, പുനലൂർ, മൂവാററുപുഴ, കണ്ണൂർ, മലബാർ ഭാഗങ്ങളിലെ പല റോഡുകളും പൊട്ടിപ്പൊളിഞ്ഞു കിടക്കുകയല്ലേ? 532 കോടി രൂപ അധികമായി

LIBRARY ARCHIVES Kerala Legislative Assembly

ചെലവഴിച്ചത്, എത്രയും വേഗം ആ പണികൾ തീർത്തല്ലേ പറ്റൂ? അതിന്റെ ചില എക്സ്റ്റൻഷൻസ് ചില കോൺട്രാക്ടർമാർ പൂർത്തിയാക്കിയിട്ടില്ല. കോൺട്രാക്ടർമാരുടെ ഭാഗത്തും കുഴപ്പമുണ്ട്. ഇപ്പോൾ അവരുടെ ഷെഡ്യൂൾ റിവൈസ് ചെയ്തു. റിവൈസ് ചെയ്തപ്പോൾത്തന്നെ ഏതാണ്ട് 22-30 ശതമാനമായി വന്നിട്ടുണ്ട്. അതനുസരിച്ച് ടെന്റർ ചെയ്താൽ ഇപ്പോഴുള്ളവർ തീർക്കുന്നതിനേക്കാളും കോസ്റ്റ് കൂടും. അതുകൊണ്ട് അവരെവച്ച് തന്നെ ചെയ്യുന്നതാണ് നല്ലത്. അതാണ് എക്സ്റ്റെൻഷന്റെ വിഷയം. ഒരു മാസം നഷ്ടപ്പെട്ടാൽ വീണ്ടും നമുക്ക് കോസ്റ്റ് കൂടുകയാണ്. അതുകൊണ്ട് ഈ പണികൾ എളുപ്പം തീർക്കേണ്ടതായിട്ടുണ്ട്. കെ.എസ്.ടി.പി.യുടെ സെക്കന്റ് ഫേസ് 1200 കിലോമീറ്ററിന്റേയും എടുക്കണം. അതുകൊണ്ട് 5 കൊല്ലത്തിലൊരിക്കൽ റോഡ് മെയിന്റനൻസ് ചെയ്തില്ലെങ്കിൽ വർഷംതോറും മുഴുവൻ റോഡുകളിലും കുഴിയുണ്ടായിക്കൊണ്ടിരിക്കും. അത് ഇങ്ങനെ ആവർത്തിക്കേണ്ടതായിവരും. അപ്പോൾ അതിൽ അടിയന്തിരമായും തീരുമാനമെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. 12-ാം ധനകാര്യ കമ്മീഷന്റെ ഒരു പ്രധാനപ്പെട്ട റെക്കമെൻഡേഷനുണ്ട്. The development of infrastructure is an important pre-condition for industrial growth in the State of Kerala. Naturally development and maintenance of roads and bridges of the State is to be given prime importance in the overall development of the infrastructure facilities. The inadequacy of resources to carry out development and maintenance of roads and bridges of the State was aggressively presented before the 12th Finance Commission by the State and the Commission awarded Rs. 642.32 crores to the State as grants-in-aid for maintenance of roads and bridges. This allocations are for a period of four years from 2006 to 2009. ie. 160.58 crores for a year. ഇതിൽ 642 കോടി രൂപയിൽ ബിൽഡിംഗിന് 103 കോടി രൂപയാണ്. ഫോറസ്റ്റിന് 25 കോടി രൂപ. അങ്ങനെയെല്ലാം കൂടി 795 കോടി രൂപയാണ്. അതിന് മെയിന്റനൻസ് ഗ്രാന്റെന്നാണ് പേര്. അതിൽ 160 കോടി രൂപ റിന്യൂവൽ പ്രോഗ്രാമാണ്. അത് റോഡ് മെയിന്റനൻസാണ്. അതിനാൽ എല്ലാ 5 വർഷംകൂടുമ്പോഴും റോഡ് റീ-ടാർ ചെയ്തില്ലെങ്കിൽ റോഡ് മുഴുവനും നശിച്ചുപോകും. ജ്യോമട്രിക് പ്രോഗ്രഷനിലാണ് കുഴികൾ വലുതാകുന്നത്. നമ്മളെത്ര വിചാരിച്ചാലും റോഡ് നന്നാക്കാൻ കഴിയില്ല. റിന്യൂവൽ പ്രോഗ്രാം അഞ്ച് കൊല്ലത്തിലൊരിക്കൽ നടത്തിയാൽ പിന്നെ മെയിന്റനൻസ് വരില്ല. ഞാൻ ധനകാര്യവകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്, ഈ 160 കോടി രൂപയും റിന്യൂവൽ പ്രോഗ്രാമിലേക്ക് (റീ-ടാറിംഗിന്) വേണ്ടി മാറ്റണം. സാധാരണ മെയിന്റനൻസിൽ ഈ തുക ഉൾപ്പെടുത്താൻ പാടില്ല. ഇങ്ങനെയുള്ള ഒരു സിസ്റ്റം ഉണ്ടായാൽ നമുക്ക് ധനകാര്യകമ്മീഷൻ 642 കോടി രൂപ കേരളത്തിന്...... ഇതിൽ പ്രസിഡന്റ് ഓഫ് ഇന്ത്യ പറഞ്ഞതെല്ലാംകൂടെ നോക്കുമ്പോൾ പിന്നീട് റോഡ് മെയിന്റനൻസിനുള്ള recurring expense വളരെ കുറയും. അങ്ങനെ നല്ല ക്വാളിറ്റിയിൽ പണി ചെയ്ത് പോകാം. അഴിമതിയെല്ലാം അവസാനിപ്പിക്കപ്പെടും. ടാറിനും മെറ്റലിനും എല്ലാം കുറവ് ചെയ്തുകൊണ്ടുള്ള ഏർപ്പാട് പറ്റില്ല. ശബരിമല റോഡ് മെയിന്റനൻസിന് കോടിക്കണക്കിന് രൂപ ചെലവ് ചെയ്യും. എന്നാൽ അടുത്ത സീസണിൽ വീണ്ടും മുഴുവനും കുഴിയാകും. അത് എവിടെപോകുന്നുവെന്ന് അന്വേഷിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

അവിടെ മെയിന്റനൻസ് നടത്താൻ മഴക്കാലം കഴിയുന്നതുവരെ കാത്തിരിക്കേണ്ട കാര്യമില്ല. ടാർ വാങ്ങിയ ഇനത്തിൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 100 കോടി

2 P. M.] രൂപയാണ് കുടിശ്ശികയുള്ളത്. ആ ടാർ ശരിക്ക് ഉപയോഗിച്ചിരുന്നുവെങ്കിൽ ശബരിമലയിൽ ഇത്ര കുഴപ്പങ്ങൾ ഉണ്ടാകുമായിരുന്നില്ല. ശബരിമല ഏരിയായിൽ, മുടക്കിയ തുക അനുസരിച്ചുള്ള റോഡ് കാണുന്നില്ല. അതുകൊണ്ട് ഇത്തവണ പണി ശരിക്ക് നടത്തുന്നുണ്ടോ എന്ന് നോക്കാൻ കണ്ണിലെണ്ണയൊഴിച്ച് കാത്തിരിക്കണം. മെയിന്റനൻസ് അല്ല ഇപ്പോൾ നടപ്പാക്കേണ്ടത്, ശബരിമല റോഡ് റിന്യൂവൽ ആണ് നടത്തേണ്ടത്.ഡിസംബർ മുതൽ റിന്യൂവൽ നടത്തിയാൽ അടുത്ത മഴക്കാലത്ത് പൈസ കൊടുക്കേണ്ടിവരില്ല. സ്പെഷ്യൽ അലോട്ട്മെന്റിൽ 15-20 കോടി രൂപയാണ് കൊടുക്കുന്നത്. വേനൽക്കാലത്ത് റിന്യുവൽ പ്രോഗ്രാമിൽപ്പെടുത്തി പ്രയോറിറ്റി കൊടുക്കണം. ആറുമാസംകൊണ്ട് ഇത്രയും വാഹനങ്ങൾ വരുന്ന ശബരിമല റോഡിനും എം. സി. റോഡിനും ആവശ്യമായ തുക ചെലവഴിക്കണം. അമേരിക്കയിലും ജർമ്മനിയിലും റോഡുകൾ ഹിറ്റ്ലറുടെ മാതൃക പിൻതുടർന്നുകൊണ്ടാണ് നിർമ്മിച്ചിരിക്കുന്നത്. ഈ വികസനത്തിന്റെ അടിത്തറ പാകിയത് ഹിറ്റ്ലറുടെ കാലത്തെ ഹൈവേകളാണ്. അതുകൊണ്ട് നമ്മുടെ സംസ്ഥാനത്ത് റോഡുകളുടെ ഒരു നെറ്റ്വർക്ക് ആവശ്യമാണ്. കണ്ടെയ്നർ ടെർമിനൽ വരുന്നതോടുകൂടി മംഗലാപുരത്തുനിന്നും സേലത്തുനിന്നുമൊക്കെ വരുന്ന വണ്ടികൾ, പിന്നെ വിഴിഞ്ഞം ഹാർബർ ഉണ്ടാകുമ്പോൾ വലിയ ഫിഷിംഗ് ഹാർബർ വരുമ്പോൾ, നമുക്ക് റോഡുകളുടെ കുറ്റമറ്റ നെറ്റ്വർക്കിംഗ് ഉണ്ടാകണം. അതിനുള്ള രീതിയിൽ ദീർഘ വീക്ഷണത്തോടെ, പ്രസിഡണ്ട് ഓഫ് ഇൻഡ്യ പറഞ്ഞതു കൂടി കണക്കിലെടുത്തുകൊണ്ട്, നമ്മുടെ ധനകാര്യവകുപ്പുമന്ത്രി വളരെ വലിയ ഒരു പ്രോഗാം തയ്യാറാക്കി നടപ്പാക്കുമെന്ന് ഉത്തമ വിശ്വാസത്തോടുകൂടി പറയുന്നു. മുല്ലപ്പെരിയാറിന്റെ കാര്യത്തിൽ സംസ്ഥാനം കേസ് നടത്തി വിജയിച്ചു എന്നത് വസ്തുതയാണ്. 142 അടി മാറിപ്പോയി അത് നല്ല കാര്യമാണ്. ധനകാര്യ വകുപ്പുമന്ത്രി പല കാര്യങ്ങളിലും ഡെവലപ്മെന്റ് ഓറിയന്റഡായിട്ടുള്ള സമീപനമാണ് സ്വീകരിക്കുന്നത്. അതുകൊണ്ട് ഞാൻ ഉപധനാഭ്യർത്ഥനകളെ പിൻതുണയ്ക്കുന്നു.

<u>ശ്രീ. തോമസ് ചാണ്ടി</u> : ഞാൻ ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. നമ്മുടെ സംസ്ഥാനത്തെ സാമ്പത്തിക ഘടന ഓട്ടവീണതാണ്. എൽ.ഡി.എഫ്.-ന്റെ കാലത്തുമാത്രമല്ല, മാറിമാറി വരുന്ന ഗവൺമെന്റുകൾ ഈ ഓട്ട അടയ്ക്കുന്ന കാര്യത്തെക്കുറിച്ച് ഗൗരവമായി ചിന്തിച്ചിട്ടില്ല എന്ന് ഞാൻ സംശയിക്കുകയാണ്. ഇപ്പോൾ ഭരിക്കുന്ന ആളുകളുടെ കുഴപ്പം പ്രത്യയ ശാസ്ത്രത്തിന്റെ ഒരു ഫോൾസ് പ്രസ്റ്റീജ് ആണ്. അപ്പുറത്തും ഇപ്പുറത്തും ഇരിക്കുന്ന ആളുകൾ, 1700 കോടി രൂപ നഷ്ടത്തിലാണ് ഇലക്ട്രിസിറ്റി ബോർഡ് നടത്തുന്നതെന്ന് പറയുന്നു. എനിക്ക് തോന്നുന്നത്, ലോകത്തിലേറ്റവും കുറഞ്ഞ ചെലവിൽ ഇലക്ട്രിസിറ്റി ഉത്പാദിപ്പിക്കുന്നത് നമ്മുടെ ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടുകളാണ്. ഏതാണ്ട് ഒരു യൂണിറ്റ് വൈദ്യുതിക്ക് 25 പൈസയാണെന്ന് ഞാൻ എവിടെയോ വായിച്ചു. ഇത്രയും വില കുറച്ച് വൈദ്യുതി ഉണ്ടാക്കുന്ന നമുക്ക് സംസ്ഥാനത്തിന്റെ വികസനത്തിനുള്ള പണം കിട്ടാതെ നഷ്ടത്തിൽപോകുകയാണ്. ജനറേഷനും ട്രാൻസ്മിഷനും ഗവൺമെന്റ് ഭാഗത്തുനിർത്തിക്കൊണ്ട് ഡിസ്ട്രിബ്യൂഷന് സമാന്തരമായ ഏതെങ്കിലും വഴികാണണമെന്നാണ് എനിക്ക് പറയാനുള്ളത്. സ്വകാര്യവത്ക്കരണമല്ല ഒരു പരിഹാരവത്ക്കരണമാണ് ഞാൻ ഉദ്ദേശിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

ഇത് ഗൗരവമായി ആലോചിക്കേണ്ടി വരും അല്ലെങ്കിൽ വരും തലമുറയോട് മാപ്പുപറയേണ്ടിവരും. ട്രാൻപോർട്ട് കോർപ്പറേഷൻ-യൂട്ടിലിറ്റി സർവീസ് ആണ്, ഞാൻ സമ്മതിക്കുന്നു. കർണ്ണാടകത്തിലും തമിഴ്നാട്ടിലുമൊക്കെ ഇത് ലാഭകരമായി നടത്തിക്കൊണ്ടു പോകുന്നുണ്ട്. ഇവിടെ യൂണിയനുകളുടെ അതിപ്രസരമാണ്. ഇലക്ട്രിസിറ്റി ബോർഡിലുമുണ്ട്. ഇത് ഉണ്ടാക്കിവച്ചത് നിങ്ങളുതന്നെയാണ്. നിങ്ങൾക്ക് അവരെ പേടിയാണ്, വേല ചെയ്യാതെ കാശ് കിട്ടണം. അതിന് ഒരു പരിധിവരെ മാർഗ്ഗം സ്വകാര്യവത്ക്കരണമാണ്. എന്ന് ഞാൻ പറയുന്നു ഇതിന് നൂറു വഴികൾ ഉണ്ട്. ചൈന എന്താണ് ചെയ്യുന്നത്? അവിടെ പ്രത്യയ ശാസ്ത്രം ഫ്രീസറിൽവച്ചിരിക്കുകയാണ്. അവരുടെ പോളിസി ധനം ഉണ്ടെങ്കിലേ സോഷ്യലിസം നടപ്പാക്കാൻ സാധിക്കുകയുള്ളുവെന്നതാണ്. ഞാൻ മനസ്സിലാക്കുന്നത്, ധനം ഉണ്ടാക്കുന്ന രാജ്യത്തു മാത്രമേ സോഷ്യലിസം നടപ്പാക്കാൻ സാധിക്കുകയുള്ളു. പ്രത്യയശാസ്ത്രം ഫ്രീസറിൽ വച്ച് അവർ എന്താണ് വീഴ്ചയെന്ന് പഠിച്ചു, സ്വകാര്യവത്ക്കരണം വന്നു. ഇവിടെ വിഴിഞ്ഞത്ത് വന്ന കമ്പനി സ്വകാര്യകമ്പനിയാണ്.

ശ്രീ. പി. വിശ്വൻ : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞു സമൂഹ വികാസത്തിന്റെ അടിസ്ഥാനം ഭൗതികോത്പ്പാദനമാണെന്ന് . അതുകൊണ്ടുതന്നെ ഭൗതികോത്പ്പാദനത്തിന്റെ ഭാഗമായി പണത്തെ കാണണമെന്നാണോ?

ശ്രീ. തോമസ് ചാണ്ടി : ഞാൻ പറഞ്ഞതിന് മറുപടിയല്ല. ഞാൻ ആ വിഷയത്തിലേയ്ക്ക് കടക്കുന്നില്ല.

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : പല പ്രസംഗങ്ങളിലും അങ്ങ് പുതിയ സിദ്ധാന്തങ്ങൾ ഇവിടെ പറയുന്നുണ്ട്. ധനം ആരെങ്കിലും ഉണ്ടാക്കി വയ്ക്കണം എന്നിട്ട് സോഷ്യലിസം നടപ്പാക്കുക. എന്നാൽ ധനം സോഷ്യലിസത്തിനുമുൻപ് മുതലാളിമാരുടേയും സമ്പന്ന വർഗ്ഗത്തിന്റെയും കൈകളിലാണ് അത് അവർ അപ്രോപ്രിയേറ്റ് ചെയ്ത് വയ്ക്കുകയാണ്. അതിനെ ലേബേഴ്സ് എന്നും പാവപ്പെട്ടവർ എന്നും എക്സ് അപ്രോപ്രിയേറ്റ് ചെയ്യുക. അധ്വാനിക്കുന്നതിൽക്കൂടി, ഉത്പ്പാദനത്തിൽക്കൂടി സമ്പത്തും ഐശ്വര്യവും വിതരണം ചെയ്യുക എന്നതാണ്. അല്ലാതെ പണം കെട്ടിവയ്ക്കലല്ല. അങ്ങ് തെറ്റിദ്ധരിച്ചിരിക്കുകയാണ്.

ശ്രീ. തോമസ് ചാണ്ടി : അങ്ങ് പറയുന്നതും ഞാൻ പറയുന്നതും രണ്ടും രണ്ടാണ്. ധനം ഇല്ലാതെ എവിടെ സോഷ്യലിസം നടത്തും, ഉള്ളവനും ഇല്ലാത്തവനും. ഞാൻ നോക്കിയിട്ട് കുട്ടനാട്ടിൽ എന്റെ കൈയിൽ പണമുണ്ട്. വേറെ ആരെയും ഞാൻ കാണുന്നില്ല. അത്തപ്പാടികളുടെ നാടായി ഇത് മാറിക്കൊണ്ടിരിക്കുകയാണ്. ഞാൻ പണം ഉണ്ടാക്കിയത് കൃഷിയിൽ നിന്നല്ല. മരുഭൂമിയിൽ നല്ലപോലെ വേല എടുത്തുണ്ടാക്കിയതാണ്. ഒരുപാട് സമ്പന്നൻമാരുണ്ടായിരുന്ന അവിടെ ഇപ്പോൾ സമ്പന്നൻമാരില്ല. കേരളത്തിന്റെ അവസ്ഥയും വലിയ താമസമില്ലാതെ ഇങ്ങനെ മാറും പ്രത്യയ ശാസ്ത്രമല്ല വേണ്ടത്, ഇപ്പോൾ ഇവിടെ വേണ്ടത് സ്വകാര്യവത്ക്കരണമാണ്. എന്തുകൊണ്ടാണ് നിങ്ങൾ അറയ്ക്കുന്നത് ? ഇലക്ട്രിസിറ്റി ബോർഡും ട്രാൻസ്പോർട്ട് കോർപ്പറേഷനും നഷ്ടമില്ലാതെ ഓടിക്കാൻ മാർഗ്ഗം കണ്ടുപിടിക്കണം. ഇവിടെ ടൂറിസം മേഖലയിൽ നമുക്ക് മത്സരം വേണ്ടത് മറ്റു സംസ്ഥാനങ്ങളോടല്ല, മറ്റു രാജ്യങ്ങളോടാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ ആരും പറയാൻ തയ്യാറാകാത്ത ഒരു കാര്യം ഞാൻ പറയുകയാണ്. ഇവിടെ ഒന്നാം തീയതി ഫൈവ് സ്റ്റാർ ഹോട്ടലിൽ പോലും ഒരു ഗ്ലാസ് വൈനോ ഒരു ഗ്ലാസ് ബിയറോ കൊടുക്കാത്തത് ടൂറിസ്റ്റുകളുടെ ഇടയിൽ വലിയ അമർഷം ഉണ്ടാക്കിയിരിക്കുകയാണ്. നമുക്ക് എന്തെല്ലാം പ്രശ്നങ്ങളുണ്ട്, ചിക്കുൻ ഗുനിയ, റോഡുകളുടെ ശോച്യാവസ്ഥ എല്ലാം പ്രശ്നങ്ങളാണ്. ഫൈവ് സ്റ്റാർ ഹോട്ടലിൽ താമസിക്കുന്ന ഒരു ടൂറിസ്റ്റിന് ഇന്ന് ബിയർ കിട്ടണമെന്ന് പറഞ്ഞാൽ ഇന്ന് ഒന്നാം തീയതിയായതുകൊണ്ട് കിട്ടില്ല എന്നു പറഞ്ഞാൽ അവർക്ക് വരുമാനം കിട്ടാൻ ബുദ്ധിമുട്ടാകും. ടൂറിസത്തിന്റെ വരുമാനം വർദ്ധിപ്പിക്കാൻ വ്യക്തമായ പരിപാടികൾ ആവിഷ്ക്കരിക്കണം. ബഹുമാനപ്പെട്ട പി.ജെ. ജോസഫ് ഇവിടെ പറഞ്ഞത് അടിവരയിട്ട് പറയുകയാണ്, സംസ്ഥാനത്തിന്റെ വികസനത്തിന് അടിയന്തിര പ്രാധാന്യം കൊടുത്തുകൊണ്ട്, ധനകാര്യമന്ത്രി പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യമാണ്. റോഡുകൾ വളരെ വീതി കൂട്ടി ക്രോസ് കൺട്രി ഹൈവേകൾ വരണം. അല്ലെങ്കിൽ വരുന്ന തലമുറയോട് നമ്മൾ സമാധാനം പറയേണ്ടിവരും. ഇപ്പോൾ നല്ല സമയം ആണ്. വർഷങ്ങൾ വേണ്ടിവരുന്ന പരിപാടിയാണ്. അത് ഒരു ദിവസംകൊണ്ടു തീർക്കാൻ കഴിയില്ല. കാസർകോഡ് മുതൽ കന്യാകുമാരി വരെ വളരെ വീതിയിൽ നല്ല റോഡുകൾ അടിയന്തിരമായി ഉണ്ടാക്കുവാൻ ഗവൺമെന്റ് ശ്രമിക്കണം. അപൂർണ്ണമായ ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു.

ശ്രീ. എ.എ. അസീസ് : സർ, ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു. ധനപ്രതിസന്ധി പരിഹരിക്കാൻ ജനങ്ങളെ എങ്ങനെ ഞെരുക്കാമെന്നതാണ് യു.ഡി.എഫ്.-ന്റെ നയം. മറിച്ച് ഏത് പ്രതിസന്ധിയിലും ജനങ്ങൾക്ക് പരമാവധി സമാശ്വാസം നൽകണമെന്നാണ് എൽ.ഡി.എഫ്.-ന്റെ നയം. ഏതായാലും ഇടതുപക്ഷ പാർട്ടികളുടെ പിൻതുണയോടെ ഭരിക്കുന്ന യു.പി.എ. ഗവൺമെന്റിൽ മന്ത്രിയായതിൽ ബഹുമാനപ്പെട്ട എ.കെ. ആന്റണിയെ പ്രത്യേകമായി അഭിനന്ദിക്കുന്നതിന് ഈ അവസരം ഞാൻ വിനിയോഗിക്കുകയാണ്. കാരണം വൈകിയാണെങ്കിലും ഇടതുപക്ഷ പാർട്ടിയുടെ പിൻതുണയോടുകൂടിയുള്ള മന്ത്രിസഭയിൽ അദ്ദേഹം അംഗമാകാൻ തീരുമാനിച്ചത് സ്വാഗതാർഹമാണ്.

2002-2006-ൽ 45,637 കോടി രൂപ കടം വരുത്തിയിട്ടാണ് യു.ഡി.എഫ്. ഗവൺമെന്റ് ഇറങ്ങിപ്പോയത്. വലിയ കടമുള്ള ഒരു ഖജനാവാണ് യഥാർത്ഥത്തിൽ ഇപ്പോഴത്തെ ധനകാര്യവകുപ്പുമന്ത്രിയെ ഏൽപ്പിച്ചത്. കടബാദ്ധ്യതയും സംസ്ഥാനത്തെ ആഭ്യന്തര ഉൽപ്പാദനവും തമ്മിലുള്ള അനുപാതം 2000-2001-ൽ 34 ശതമാനമായിരുന്നത് 2005-2006-ൽ യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണഘട്ടത്തിൽ 41 ശതമാനമായി വർദ്ധിച്ചു. 2001-2002 മുതൽ ഓരോ വർഷവും ട്രഷറിയിലെ നിത്യനിദാന ചെലവുകൾ കമ്മിയായ ദിവസങ്ങൾ സംസാരിക്കുന്ന കണക്കുകളാണ്. ഈ കാലയളവിനുള്ളിൽ 2002-2005 ഒഴിച്ച് എല്ലാ വർഷവും പദ്ധതി വിഹിതം ഇവർ വെട്ടിക്കുറച്ചു. നിയമസഭയിൽ അംഗീകരിച്ച പദ്ധതി അടങ്കലിന്റെ തന്നെ 75 ശതമാനം മാത്രമേ ഇവർ ചെലവാക്കിയിട്ടുള്ളൂ. അവസാനവർഷം ട്രഷറിയിൽ 147 കോടി രൂപ മാർച്ച് 31-ന് മിച്ചമുണ്ടാക്കിയെന്നുള്ള അവകാശവാദം ഉന്നയിച്ച് വീമ്പിളക്കുകയായിരുന്നു എന്നുള്ളതായിരുന്നു സത്യം. 2005-2006-ൽ 1,400 കോടി രൂപ, പദ്ധതി പണം

LIBRARY ARCHIVES Kerala Legislative Assembly

ചെലവാക്കാതിരുന്നതാണ് ഈ മിച്ചമുണ്ടാക്കിയെന്ന അവകാശവാദം ഉന്നയിക്കാൻ ഇവർക്ക് കഴിഞ്ഞത്. കരാറുകാർക്ക് 1,200 കോടി രൂപ കുടിശ്ശിക വരുത്തി, 200 കോടിയിലേറെ രൂപ ക്ഷേമപദ്ധതിയുടെ കുടിശ്ശികയും വരുത്തി. പൊതുമേഖലയേയും പരമ്പരാഗത വ്യവസായ മേഖലയേയും സഹകരണ മേഖലയേയും അവഗണിച്ചുകൊണ്ട് യു.ഡി.എഫ്. ഇറക്കിയ ധവളപത്രം എ.ഡി.ബി. വ്യവസ്ഥകൾ അംഗീകരിച്ചുകൊടുക്കുന്ന വ്യവസ്ഥകൾ മാത്രമായിരുന്നു. ഇതിന്റെയൊക്കെ തിരിച്ചടിയായിട്ടാണ് വിവിധ ഉപതെരഞ്ഞെടുപ്പുകളിൽ, അതുപോലെതന്നെ തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്ക് നടന്ന തെരഞ്ഞെടുപ്പിൽ ഏറ്റവും അവസാനം നിയമസഭാ തെരഞ്ഞെടുപ്പിൽ ഇവരെ ഈ പരുവത്തിലെത്തിച്ച് മൂലയിലിരുത്തിയത്. ഏതായാലും ഈ ഗവൺമെന്റ് 5 മാസം കൊണ്ട് പരമ്പരാഗത വ്യവസായ മേഖലയ്ക്ക് ഉണർവ് നൽകി. കയർ വ്യവസായ മേഖലയിലെ പുനഃസംഘടനാ പദ്ധതിക്ക് 26 കോടി രൂപ അനുവദിച്ചു. കശുവണ്ടി വ്യവസായത്തിന് ഇതുവരെ ബഡ്ജറ്റിൽ രണ്ടു കോടി രൂപ മാത്രമാണ് വകയിരുത്തിയിരുന്നത്. ഈ ബഡ്ജറ്റിൽ 15 കോടി രൂപ വകയിരുത്തി. കൂടാതെ പഴയ വായ്പ തുക, ബാങ്കുകൾക്ക് അടയ്ക്കാനുള്ള 20 കോടി രൂപ കൂടി അധികമായി ഏർപ്പെടുത്തി. അതുപോര ഇനിയും കുറേ കാശുകൂടി കശുവണ്ടി വ്യവസായത്തിലെ തൊഴിലാളികൾക്ക് ഗ്രാറ്റിവിറ്റി കൊടുക്കാൻവേണ്ടി ധനകാര്യവകുപ്പുമന്ത്രി അനുവദിക്കണമെന്ന് ഈ ഘട്ടത്തിൽ ഞാൻ അഭ്യർത്ഥിക്കുകയാണ്. തൊഴിലാളികളെ പിരിച്ചുവിടാൻ വേണ്ടി മാത്രമായിരുന്നു യു.ഡി.എഫ്.സർക്കാർ പണം ഉപയോഗിച്ചിരുന്നത്. എന്നാൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണത്തിനുവേണ്ടി 40 കോടി രൂപയാണ് ഈ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. തെരഞ്ഞെടുപ്പിന് തൊട്ടുമുമ്പ് വോട്ടിനെ മാത്രം ലക്ഷ്യമാക്കി 2006-2007-ലെ ബഡ്ജറ്റിൽ ഇല്ലാത്തതും അന്നത്തെ ധനകാര്യ വകുപ്പിന്റേയോ മന്ത്രിസഭയുടേയോ അംഗീകാരമില്ലാത്തതുമായ വൈദ്യുതി ചാർജ്ജിന് ഇളവ് പ്രഖ്യാപിച്ചു. കിലോയ്ക്ക് മൂന്നു രൂപ നിരക്കിൽ റേഷൻ നൽകുന്നതിനും എല്ലാ മാസവും പെൻഷൻ നൽകുന്നതിനും ഇവർ പ്രഖ്യാപനം നടത്തിയത് വോട്ടിനെമാത്രം ലക്ഷ്യമാക്കിക്കൊണ്ടായിരുന്നു. പക്ഷെ ബഡ്ജറ്റിൽ അതിനുവേണ്ടി ഒരു പൈസ പോലും വകയിരുത്താതെയായിരുന്നു മുൻ ധനകാര്യവകുപ്പുമന്ത്രി ആ പ്രഖ്യാപനങ്ങളെല്ലാം തന്നെ നടത്തിയിരുന്നത്. യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ ഏറിയ നാൾ മുതൽ സാമ്പത്തിക പ്രതിസന്ധി പറഞ്ഞ് ജീവനക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ തൊഴിലാളികൾ, സഹകരണ മേഖലയിലെ ജീവനക്കാർ, ക്ഷേമ ആനുകൂല്യങ്ങൾ പറ്റുന്ന പാവങ്ങൾ എന്നുവേണ്ട സമസ്ത ജനവിഭാഗങ്ങളോടും യുദ്ധം പ്രഖ്യാപിക്കുകയായിരുന്നു. ഈ ഗവൺമെന്റ് സ്വകാര്യ ആശുപത്രി ജീവനക്കാർ, ബീഡിക്കത്തൊഴിലാളികൾ, ചെറുകിട പ്ലാന്റേഷൻ തൊഴിലാളികൾ, പാർസൽ ജീവനക്കാർ, സ്വർണ്ണത്തൊഴിലാളികൾ, കക്കാവാരൽ തൊഴിലാളികൾ എന്നീ വിഭാഗങ്ങൾക്ക് ക്ഷേമപദ്ധതികൾ നടപ്പിലാക്കാൻ തുടക്കമിട്ടു. അംഗൻവാടി ടീച്ചർമാർക്കും ഹെൽപ്പർമാർക്കും ശമ്പളം വർദ്ധിപ്പിക്കുകയും സംസ്ഥാനത്തെ 3185 അംഗനവാടികൾ പുതുതായി അനുവദിക്കുകയും ചെയ്തു. ഐ.ആർ.ഡി.പി.യെ ജില്ലാ പഞ്ചായത്തിൽ ലയിപ്പിച്ചു. അടച്ചിട്ട ഇരുപതിൽപരം ഫാക്ടറികൾ തുറന്നു പതിനായിരം തൊഴിലാളികൾക്ക പുതിയ തൊഴിലവസരം നൽകി. സഹകരണ മേഖലയിലെ അഴിമതി

LIBRARY ARCHIVES Kerala Legislative Assembly

അവസാനിപ്പിക്കാൻ നടപടി സ്വീകരിച്ചു. വിദ്യാഭ്യാസ കച്ചവടക്കാർക്ക് മൂക്കുചരടിടാൻ തുടക്കം കുറിച്ചു. ആദിവാസികൾക്കും തൊഴിലാളികൾക്കും തലചായ്ക്കാൻ ഇടം നൽകുന്ന പദ്ധതികൾക്ക് തുടക്കം കുറിച്ചു. പഞ്ചായത്തുകൾക്കും അതുപോലെ മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും മാർച്ച് 31-നകം ചെലവഴിച്ചു തീരാത്ത മുഴുവൻ തുകയും ഗ്രാന്റുകളും ലാപ്സ് ആകുമെന്ന നിബന്ധന പിൻവലിച്ചു. രാജ്യത്തിന് മാതൃകയായി ഇ.എം.എസ്. സമ്പൂർണ്ണ ഭവനനിർമ്മാണ പദ്ധതിക്ക് തുടക്കം കുറിച്ചു. 5 കൊല്ലം കൊണ്ട് രണ്ടു മുഖ്യമന്ത്രിമാർ. മന്ത്രിമാരുടെ എണ്ണം കേൾക്കേണ്ടേ? 37 മന്ത്രിമാർ മാറിമാറി ഭരിച്ചു. മൂന്നു മന്ത്രിമാർ അഴിമതിയാരോപണ വിധേയരായി രാജിവച്ചു. ലോക്സഭാ സീറ്റിൽ മൽസരിച്ച കോൺഗ്രസിന് വട്ടപൂജ്യം കിട്ടി. പാലാ ഉണ്ടായിരുന്നിട്ടും ജോസ് കെ. മാണി ദയനീയമായി തോറ്റു. രക്ഷപ്പെട്ടില്ല. മുസ്ലീം ലീഗിന്റെ കോട്ടകൊത്തളങ്ങൾ തകർന്നടിഞ്ഞു, ആകെ രക്ഷപ്പെട്ടത് ശ്രീ. ഇ. അഹമ്മദ് മാത്രമാണ്. കൊണ്ടാലും പഠിക്കാത്തവരാണ് നിങ്ങൾ. ഭരണത്തിൽ വരുമ്പോൾ അവർ ജനങ്ങളെ മറക്കും. പ്രതിപക്ഷത്ത് ആകുമ്പോൾ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കും. ഇതാണ് നിങ്ങളുടെ പണി. കേന്ദ്രത്തിൽ ഞങ്ങളുടെ പിൻതുണയോടുകൂടിയാണ് യു.പി.എ. ഭരിക്കുന്നത്. ആകെ 140 കോൺഗ്രസുകാരാണ് അവിടെയുള്ളത്. ഇനി നിങ്ങൾക്ക് ഭാവി വേണമെങ്കിൽ ഞങ്ങളുടെ നയങ്ങളുമായി നിങ്ങൾ യോജിക്കണം. ഭാവിയിൽ കേന്ദ്രത്തിലും ഞങ്ങളുടെ നയങ്ങൾക്ക് നിങ്ങൾ പിൻതുണ നൽകേണ്ടിവരുമെന്ന കാര്യത്തിൽ സംശയിക്കേണ്ട. നിങ്ങൾക്ക് ഇങ്ങനെ ഭരിക്കാൻ ഒക്കില്ല. 146 പേരും ഞങ്ങളുടെ പിൻതുണയുമായിട്ടാണ് ഇന്ന് ഭരിക്കുന്നത്. ഇവിടെ നിങ്ങൾ ഞങ്ങളുടെ നയങ്ങളോട് പിൻതുണയ്ക്കുകയും ..................

ശ്രീ. കെ. ബാബു : നിങ്ങളുടെ നയങ്ങളോട് ഞങ്ങൾ ചേരണമെന്ന് പറഞ്ഞല്ലോ. പശ്ചിമ ബംഗാളിൽ സി.പി.ഐ., ആർ.എസ്.പി. ഉൾപ്പെടെയുള്ള കക്ഷികൾ സി.പി.ഐ.എം-ന്റെ ഭൂമിയെടുക്കൽ നയത്തിനെതിരായി രംഗത്തുവന്നിരിക്കുകയാണ്. അതുസംബന്ധിച്ച് എന്താണ് അഭിപ്രായം?

ശ്രീ. എ. എ. അസീസ് : പശ്ചിമബംഗാളിലെ നയങ്ങളെന്താണെന്ന് ശ്രീ. ബാബു മനസ്സിലാക്കിക്കാണും, ഞാൻ മനസ്സിലാക്കിയിട്ടില്ല. ഇനിയൊന്ന് പരിശോധിച്ചിട്ട് പറയാം. ഏതായാലും എനിക്ക് പറയാനുള്ളത്, കേരളത്തിലെ കാര്യങ്ങളാണ്. കേരളത്തിൽ നിങ്ങൾ നന്നാകണമെങ്കിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ നയങ്ങളുമായി നിങ്ങൾ യോജിക്കണം. ഭരണത്തിൽ വരുമ്പോൾ നിങ്ങൾ യഥാർത്ഥത്തിൽ ജനങ്ങളെ വഞ്ചിക്കും. നിങ്ങൾ പ്രതിപക്ഷത്താകുമ്പോൾ നിങ്ങൾ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കും. ആ പണിയാണ് നിങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത്. അതുപോലെ ഞങ്ങളുടെ നയങ്ങളുമായി നിങ്ങൾ യോജിക്കണം. അങ്ങനെ യോജിച്ചാൽ യഥാർത്ഥത്തിൽ കേന്ദ്രത്തിലും നാളെ ഇടതുപക്ഷ ജനാധിപത്യ മുന്നണി അധികാരത്തിൽ വരും, അപ്പോൾ കോൺഗ്രസിന് ഞങ്ങളെ പിൻതുണയ്ക്കേണ്ടിവരും.

ശ്രീ. കെ. കെ. ഷാജു : നിങ്ങളുടെ നയങ്ങളുമായി യോജിക്കുകയാണെങ്കിൽ ഞങ്ങൾ ശരിയാകുമെന്ന് പറഞ്ഞു. ആ ഡി.ഐ.സി.ക്കാർ എത്രയോ കാലമായി നിങ്ങളുമായി യോജിക്കാൻ തയ്യാറായിട്ടു നിൽക്കുകയാണ്. എന്താണ് അവരെ കൂട്ടാത്തത്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. എ. അസീസ്: ശ്രീ. ഷാജുവിന്റെ പാർട്ടിയും ഡി.ഐ.സി. യുമായിട്ടുള്ള തർക്കവുമൊന്നും ഇവിടെ പറയേണ്ട. ശ്രീമതി ഗൗരിയമ്മയെ മുഖ്യമന്ത്രിയാക്കണമോ ശ്രീ. കരുണാകരനെയാക്കണമോ അത് നിങ്ങൾ തമ്മിലുള്ള തർക്കമാണ്. അത് നിങ്ങൾ പറഞ്ഞുതീർക്കണം. ഞാൻ ഇവിടെ സൂചിപ്പിച്ചത് ഏതായാലും എൽ.ഡി.എഫ്.-ം യു.ഡി.എഫ്.-മായിട്ടുള്ള വ്യത്യാസമാണ്. ഞാൻ ചുരുക്കുകയാണ്. ഭക്ഷ്യ സിവിൽസപ്ളൈസ് കോർപ്പറേഷനിലെ 10 കൊല്ലത്തെ അഴിമതികളെ സംബന്ധിച്ച് ജസ്റ്റിസ് മുരളീധരൻ കമ്മിഷനെ വച്ച് അന്വേഷിച്ചു. അഞ്ചുകൊല്ലക്കാലം എൽ.ഡി.എഫ്-ന്റെ കാലത്ത് ക്ലീൻ സർട്ടിഫിക്കറ്റാണ്, യാതൊരു അഴമതിയും നടത്തിയില്ലായെന്ന്. 5 കൊല്ലക്കാലം കൊണ്ട് സിവിൽ സപ്ളൈസ് വകുപ്പ് അഴിമതിയുടെ കൂത്തരങ്ങാക്കി മാറ്റിയതിന്റെ ഫലമായിട്ടല്ലേ ഇപ്പോൾ സി.ബി.ഐ. അന്വേഷണത്തിന് ഉത്തരവിട്ടിരിക്കുന്നത്? അതാണ് എൽ.ഡി.എഫ്.-ം, യു.ഡി.എഫ്.-ം തമ്മിലുള്ള വ്യത്യാസം. അതുകൊണ്ട് ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ പിൻതുണയ്ക്കുന്നു.

ശ്രീ. എ.കെ. ശശീന്ദ്രൻ: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഭരണം ആരംഭിച്ചിട്ട് ചുരുങ്ങിയ നാളുകളേയായിട്ടുള്ളൂ ആ കാലഘട്ടത്തിനിടയിൽ ബദൽ നയവുമായി മുന്നോട്ടുപോയി. ഒരു മുന്നണിക്ക് ജനങ്ങൾ നൽകിയ അംഗീകാരത്തിന്റെ അർത്ഥം മനസ്സിലാക്കി സൂക്ഷ്മതയോടുകൂടി ഭരണം നടത്താൻ..............

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ നന്മയെക്കുറിച്ചും മഹത്വത്തെക്കുറിച്ചും പറയുകയാണ്. ഈ നിയമസഭയുടെ കാലാവധി തീരുന്നതുവരെ അങ്ങ് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഈ ബഞ്ചിൽ ഉണ്ടാകുമെന്ന് ഉറപ്പു പറയാമോ?

ശ്രീ. എ.കെ. ശശീന്ദ്രൻ : ഞാൻ പറഞ്ഞിട്ട് രാഷ്ട്രീയത്തിലേയ്ക്ക് വരാം. പറയാൻ ധാരാളമുണ്ട്. സമയമില്ല.

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): ഈ വരുന്ന അഞ്ചു വർഷത്തിനുള്ളിൽ കോൺഗ്രസ് (ഐ)യ്ക്ക് മറ്റൊന്നും സംഭവിക്കുകയില്ല എന്ന് അങ്ങേക്ക് ഉറപ്പുണ്ടോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: രാഷ്ട്രീയം പറയാൻ ഞാൻ തുടങ്ങിയില്ല. നമ്മളത്ര മോശമല്ലല്ലോ. സമയമില്ലാത്തതുകൊണ്ടാണ്, പറയാൻ അറിയാത്തതുകൊണ്ടല്ല. വളരെ ചാരിതാർത്ഥ്യത്തോടുകൂടിയാണ് അല്ലെങ്കിൽ വലിയ പ്രതീക്ഷയോടുകൂടിയാണ് ജനങ്ങൾ ഇപ്പോഴും ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിനെ കണ്ടുകൊണ്ടിരിക്കുന്നത്. അതുകൊണ്ടുതന്നെയാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നടത്തിയ ജനഹിത പരിശോധനയിലെല്ലാം ജനങ്ങൾ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് അനുകൂലമായി വിധിയെഴുത്ത് നടത്തിക്കൊണ്ടിരിക്കുന്നത്. ഇതാണ് ചുവരെഴുത്ത്. ഈ ചുവരെഴുത്ത് മനസ്സിലാക്കി യാഥാർത്ഥ്യബോധത്തോടുകൂടി ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ ക്രിയാത്മകമായി വിമർശിക്കുന്ന, വിമർശിക്കരുത് എന്ന് ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നില്ല, ഒരു ശൈലി ഇവിടത്തെ പ്രതിപക്ഷം സ്വീകരിക്കുകയില്ല എന്നുള്ളതിന്റെ തെളിവാണ് ബഹുമാനപ്പെട്ട കെ.എം. മാണി നടത്തിയ പ്രസംഗം അദ്ദേഹത്തെപ്പോലെ പരിണതപ്രജ്ഞനായ ഒരു പാർലമെന്റേറിയൻ അത്തരത്തിൽ സംസാരിക്കാൻ പാടില്ലായിരുന്നു.

ഇവിടെ 481 കോടി രൂപയുടെ ഉപധനാഭ്യർത്ഥനകളാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കൊണ്ടുവന്നത്. അദ്ദേഹത്തിന്റെ ധനകാര്യ മാനേജുമെന്റിനെക്കുറിച്ചും അതിൽ അദ്ദേഹത്തിനുള്ള പ്രാവീണ്യത്തെക്കുറിച്ചും ഞാൻ പറയാതെ പ്രതിപക്ഷം ധാരാളം അഭിനന്ദനങ്ങൾ നടത്തിയിട്ടുള്ളതുകൊണ്ട് ഞാൻ അതൊന്നും പറയുന്നില്ല. നമ്മുടെ ധനസ്ഥിതിയുടെ യഥാർത്ഥ രൂപം കണക്കിലെടുത്തുകൊണ്ട് അത്യാവശ്യം ചെലവുകൾ ബുദ്ധിമുട്ടില്ലാതെ നടത്തിക്കൊണ്ടുപോകുന്നതിന് അദ്ദേഹം ആത്മാർത്ഥമായി പരിശ്രമിക്കുന്നുണ്ട്. അതാണ് ധനകാര്യ മാനേജ്മെന്റ്. നമ്മുടെ സംസ്ഥാനത്ത് പുതിയ ഭരണം നിലവിൽ വരുന്നതിന് മുൻപ് ഏതാണ്ട് 45,000 കോടി രൂപയുടെ കട ബാദ്ധ്യതയാണുണ്ടായിരുന്നത്. അങ്ങനെ കടബാദ്ധ്യതയിൽ നിൽക്കുന്ന ഒരു സംസ്ഥാനത്ത് ആവശ്യമായ എത് ചെലവിനമാണ് വെട്ടിക്കുറച്ചത്? ഒരു ചെലവിനത്തിലും വെട്ടിക്കുറവുണ്ടായിട്ടില്ല. നമ്മുടെ സംസ്ഥാനത്തെ മാരകമായി ഗ്രസിച്ച ചിക്കുൻഗുനിയ ഉൾപ്പെടെയുള്ള കാര്യങ്ങൾ പരിഹരിക്കുന്ന കാര്യത്തിൽ പണം ഒരു തടസ്സമായി നിന്നില്ല. അപ്പോൾ ധനകാര്യ മാനേജുമെന്റ് നല്ല രീതിയിൽ പോകുന്നു എന്നുള്ളതുകൊണ്ടുതന്നെ ഈ 481 കോടി രൂപയുടെ അധിക ധനാഭ്യർത്ഥന പാഴായി ചെലവാക്കാനുള്ള ഒരു അഭ്യർത്ഥനയാണ് എന്ന് ഞാൻ കരുതുന്നില്ല. പക്ഷേ മറ്റൊന്നുണ്ട്, അങ്ങ് ഇവിടെ അവതരിപ്പിച്ച പുതുക്കിയ ബഡ്ജറ്റിൽ 716.56. കോടി രൂപയുടെ കമ്മിയാണ്. ആ കമ്മി നികത്താൻ പ്രത്യേകമായ നികുതി നിർദ്ദേശങ്ങളൊന്നും ബഡ്ജറ്റിലില്ല. അപ്പോൾ കാര്യക്ഷമമായ നികുതി പിരിവിലൂടെ ഈ കമ്മി നികത്താൻ കഴിയുമെന്ന ശുഭപ്രതീക്ഷയാണ് അദ്ദേഹം വച്ചുപുലർത്തിയിട്ടുള്ളത്. ആ ദിശയിലേയ്ക്ക് കേരളം മുന്നേറുന്നുണ്ട്. അധിക നികുതി അല്ലെങ്കിൽ നികുതി കുടിശ്ശിക പിരിച്ചെടുക്കുന്ന കാര്യത്തിൽ മുൻപൊരു സർക്കാരിനും കഴിയാത്ത വിധത്തിലുള്ള പുരോഗതിയുണ്ടായിട്ടുണ്ട്. ഏതാണ്ട് ഒൻപത് ശതമാനത്തിലധികം അക്കാര്യത്തിൽ നേട്ടമുണ്ടാക്കാൻ ഈ ചുരുങ്ങിയ കാലഘട്ടത്തിനിടയിൽ കഴിഞ്ഞിട്ടുണ്ട്. അത് നല്ല നിലപാട് തന്നെയാണ്. പ്രതീക്ഷയ്ക്ക് വക നൽകുന്ന ഒരു പ്രവർത്തനമാണ്. ഇവിടെ വിവിധ വകുപ്പിലെ മന്ത്രിമാരാണല്ലോ സബ്ജക്റ്റ് കമ്മിറ്റിയിൽ കൂടുതൽ പണത്തിന് വേണ്ടി അഭ്യർത്ഥിച്ചിട്ടുള്ളത്. അതുകൂടി കണക്കിലെടുത്തുകൊണ്ടാണല്ലോ ഇവിടെ ഈ പുതുക്കിയ അധിക സപ്ലിമെന്ററി ഡിമാന്റ്സ് വന്നിട്ടുള്ളത്. അതിലൊരു സംശയമുണ്ട്. അറിയാത്തതുകൊണ്ടാണെങ്കിൽ ക്ഷമിക്കണം. എല്ലാ വകുപ്പിലും അധികം തുക ആവശ്യപ്പെടുന്നുണ്ട്. പ്രത്യക്ഷത്തിൽ ആ പണം ആവശ്യപ്പെടുന്നത് ശരിയാണ്. ഇവിടെ റോഡിന്റെ കാര്യം പറഞ്ഞു, പണം ആവശ്യപ്പെടുന്നത് കൊടുക്കേണ്ടത് നമ്മുടെ എം.എൽ.എ.മാരുടെ മുഴുവൻ ആവശ്യമാണ്. കാരണം നാട്ടിൽ നടക്കണമെങ്കിൽ റോഡും പാലവും അതുപോലുള്ള കാര്യങ്ങളും ഉണ്ടായാലേ പറ്റൂ. ആ കാര്യം ധനകാര്യവകുപ്പുമന്ത്രി വളരെ അനുഭാവപൂർവ്വം പരിഗണിക്കുമെന്ന് തന്നെയാണ് എനിക്ക് മനസ്സിലായിട്ടുള്ളത്. പക്ഷേ മൊത്തം വകുപ്പെടുത്ത് നോക്കിയാൽ

LIBRARY ARCHIVES,Kerala Legislative Assembly

ശ്രീ. ഇബ്രാഹിം കുഞ്ഞ് ചൂണ്ടിക്കാണിക്കുകയുണ്ടായി, അനുവദിച്ച പണം ചെലവഴിക്കുന്ന കാര്യത്തിൽ ഇപ്പോഴും വേണ്ടത്ര ജാഗ്രത കാണിക്കുന്നില്ലെന്ന്. അതൊരു പുതിയ അനുഭവമല്ല. കഴിഞ്ഞ എല്ലാ വർഷങ്ങളിലെ കണക്കുകളെടുത്ത് പരിശോധിച്ച് നോക്കിയാലും, പത്ത്, പതിനഞ്ച് വർഷത്തെ കണക്കെടുത്ത് പരിശോധിച്ച് നോക്കിയാലും 25 ശതമാനം വരുന്ന സംഖ്യ എങ്കിലും ചെലവാക്കപ്പെടാതെ പോവുകയാണ്. ഇത് എന്തുകൊണ്ടാണ് സംഭവിക്കുന്നത്? ഇതൊരു ശരിയായ ധനകാര്യ മാനേജുമെന്റാണോ? ഇത് ശരിയായ രൂപത്തിലുള്ള വികസന പ്രവർത്തനത്തിന്റെ ഒരു ലക്ഷണമായി കണക്കാക്കാൻ എനിക്ക് കഴിയുന്നില്ല. അത് എന്റെയൊരു ധാരണ പിശകാണെങ്കിൽ അത് തിരുത്തിത്തരണം. എനിക്ക് അങ്ങനെ തോന്നിയതാണ്. എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്? ഇതിൽ ശരിയായ പഠനവും പരിശോധനയും നടത്തേണ്ടത് അനിവാര്യമാണെന്നാണ് എനിക്ക് തോന്നുന്നത്. ഈ രൂപത്തിൽ ചെലവാക്കാൻ മിടുക്ക് കാണിക്കുന്ന വകുപ്പുകൾക്ക് പണം കൂടുതൽ കൊടുക്കുകയും അല്ലാത്തവർക്ക് അത്യാവശ്യത്തിന് മാത്രം പണം കൊടുക്കുകയും ചെയ്യുന്ന ഒരു റീഅറേഞ്ച്മെന്റ് അല്ലെങ്കിൽ റീഅലോക്കേഷൻ ഇക്കാര്യത്തിൽ നടത്താൻ കഴിയുമോ എന്ന് ധനകാര്യവകുപ്പുമന്ത്രി ദയവായി പരിശോധിക്കണമെന്നാണ് എനിക്ക് തോന്നുന്നത്. ഇവിടെ നിരവധി പദ്ധതികൾ സർക്കാർ പ്രഖ്യാപിച്ചു. ഖാദി മേഖലയെക്കുറിച്ച് സംസാരിച്ചപ്പോൾ അവിടെയും ചില ആനുകൂല്യങ്ങൾ പ്രഖ്യാപിക്കാനുള്ള സൻമനസ്സ് നമ്മുടെ ധനകാര്യവകുപ്പുമന്ത്രി കാണിച്ചു. അവിടെ തന്നെ വേറൊരു വിഭാഗമുണ്ട്. അത് ചെയറിനും അറിയാവുന്നതാണ്. ഖാദി കമ്മീഷന്റെയും ഖാദി ബോർഡിന്റെയും കീഴിൽ പ്രവർത്തിക്കുന്ന ജീവനക്കാർക്ക് ഇപ്പോൾ പെൻഷൻ ആനുകൂല്യങ്ങളുണ്ട്. എന്നാൽ അതല്ലാതെ നൂറ് കണക്കിന് ഖാദി സംഘങ്ങൾ നമ്മുടെ നാട്ടിലുണ്ട്. അവർ വളരെ നല്ല നിലയിൽ സേവനം അനുഷ്ഠിക്കുന്നവരാണ്. നമ്മുടെ ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായ നൂൽനൂൽപ്പ്, ചർക്കയിലൂടെ നൂൽനൂൽപ്പ് തുടങ്ങി വലിയൊരു സേവനം നടത്തുന്ന നല്ലൊരു വിഭാഗം ആളുകൾ നമ്മുടെ സംസ്ഥാനത്തുണ്ട്. അവർക്ക് പിരിഞ്ഞുപോകുമ്പോൾ ഒരു ആനുകൂല്യവും ഇപ്പോഴില്ല. വളരെ പ്രായമേറിയ ആളുകളാണ്. അവർക്ക് എന്ത് സഹായമാണ് ചെയ്തുകൊടുക്കാൻ കഴിയുക എന്നത് അവരുമായോ അവരുടെ സംഘടനകളുമായോ ചർച്ച നടത്തി തീരുമാനമെടുക്കുന്നത് വലിയ ജീവകാരുണ്യ പ്രവർത്തനമായിരിക്കും. അതിനുവേണ്ടി അങ്ങ് കൂടുതൽ ശ്രദ്ധ കാണിക്കണം. മറ്റൊന്ന്, കഴിഞ്ഞയാഴ്ച നാം ഇവിടെ നടത്തിയ ഒരു സേവനം, കഴിഞ്ഞ ഒക്ടോബർ 2-ന് തന്നെ അത് ആരംഭിച്ചു. പക്ഷേ ഒക്ടോബർ 14-ാം തീയതി കേരളം ഒരു മനസ്സോടുകൂടി ക്ലീൻ കേരള പരിപാടി ഇവിടെ നടപ്പിലാക്കുകയുണ്ടായി. ഇത് തുടരേണ്ടതല്ലേ? ഇത് തുടരാൻ താൽക്കാലികമായ ഒരു ആവേശം കൊണ്ടുമാത്രം സാദ്ധ്യമാകുമോ? താൽക്കാലികമായ ആവേശം കൊണ്ടുമാത്രം ഇത് സാദ്ധ്യമാവുകയില്ല. അതുപോലെതന്നെ ഇവിടെ എല്ലാവരും ചൂണ്ടിക്കാണിച്ചതുപോലെ ഖരമാലിന്യപ്രശ്നം. ഇത് രണ്ടും പഞ്ചായത്തുകളുടെ അല്ലെങ്കിൽ ഗ്രാമപഞ്ചായത്തുകളുടെ മാത്രം ചുമതലയാണ് എന്ന കാഴ്ചപ്പാടിൽ മാറ്റം വരുത്തണം. കാരണം അവർക്ക് മാത്രം ഇത് നിർവ്വഹിക്കാൻ സാധിക്കില്ല. നമ്മുടെ സ്കൂളുകളിൽത്തന്നെ മാലിന്യസംസ്ക്കരണത്തിന് വേണ്ടിയുള്ള കൊച്ചുകൊച്ചു പ്രോജക്ടുകൾ ആരംഭിക്കാൻ കഴിയുമോ എന്ന് പരിശോധിക്കണം. ഗ്രാമപഞ്ചായത്തുകളുടെ ചുമതല നിർവ്വഹിക്കാനുള്ള പ്രത്യേക



LIBRARY ARCHIVES Kerala Legislative Assembly

സാമ്പത്തിക സഹായം വേണം. ഇക്കാര്യത്തിൽ ഒരു സപ്ലിമെന്ററി ഗ്രാന്റ് അവതരിപ്പിച്ചാലും വിരോധമില്ല, കൂടുതൽ പണം കണ്ടെത്താൻ അങ്ങ് അനുവദിച്ചാൽ ഈ സഭ ഐകകണ്ഠ്യേന അത് അംഗീകരിക്കുമെന്നാണ് എനിക്ക് തോന്നുന്നത്. അതിനുവേണ്ടി പ്രത്യേകമായ ഒരു ഫണ്ട് കണ്ടെത്തി കേരളത്തെ ശുചിത്വമുള്ള കേരളമാക്കി മാറ്റാൻ കഴിയണം. അതിന്റെ ഭാഗമായി വിദ്യാർത്ഥികളെ സംഘടിപ്പിച്ചുകൊണ്ട് അവിടെ അത്യാവശ്യ സൗകര്യങ്ങളൊക്കെ ചെയ്തുകൊടുത്ത്, അതാത് ദിവസം ശുചിത്വ നിർവ്വഹണത്തിന് വേണ്ടിയുള്ള ഒരു പ്രത്യേക സമയം കണ്ടെത്തി അതിനുള്ള ഒരു സ്കീം ഗവൺമെന്റ് തയ്യാറാക്കുകയും വരുന്ന തലമുറയെ, അല്ലെങ്കിൽപുതിയ തലമുറയെ ശുചിത്വമുള്ള കേരളത്തിന്റെ സന്ദേശവാഹകരായി മാറ്റുന്നതിന് വേണ്ടിയുള്ള ചില പ്രത്യേക പദ്ധതികളെക്കുറിച്ച് ഗവൺമെന്റ് സഗൗരവം ആലോചിക്കണം. അതിനുവേണ്ടിയുള്ള പണം കൂടി പ്രത്യേക ഗ്രാന്റായി ഈ സഭയുടെ മുൻപാകെ കൊണ്ടുവന്നാൽ ഏകമനസ്സോടെ ഈ സഭ അംഗീകരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതുപോലെയുള്ള ചില കാര്യങ്ങൾ കൂടി സർക്കാരിന്റെ പ്രഥമ പരിഗണനയിൽ വരേണ്ടതാണ്. അതുകൂടി പരിഗണിക്കാനുള്ള സൻമനസ്സ് സർക്കാർ കാണിക്കുമെന്ന് ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു. ആ വിശ്വാസത്തിന്റെ ഫലത്തിൽ നിന്നുകൊണ്ട് ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്.

ശ്രീ. എം. എം. മോനായി: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. അപ്പുറത്തുള്ള ആളുകൾ കഥയറിയാതെ ആട്ടം കാണുന്ന ആളുകളെപ്പോലെയാണ് നടിക്കുന്നത്. നമ്മുടെ ചില സിനിമാ തിരക്കഥകൾ പോലെ വിഷയദാരിദ്ര്യം അനുഭവിക്കുന്ന വിഷമവൃത്തത്തിലാണ് വാസ്തവത്തിൽ പ്രതിപക്ഷത്തെ സുഹൃത്തുക്കൾ അകപ്പെട്ടിരിക്കുന്നത്. ഇവിടെ കേന്ദ്രത്തിന്റെ നയങ്ങളെ സംബന്ധിച്ച് ഒരു ഉപദേശം ലഭിക്കുകയുണ്ടായി. ബഹുമാനപ്പെട്ട മുൻ മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി കേന്ദ്ര പ്രതിരോധ വകുപ്പുമന്ത്രിയായത് നമുക്കെല്ലാവർക്കും അഭിമാനമുള്ള കാര്യമാണ്. അതിൽ വ്യക്തിപരമായ അഭിനന്ദനം ഞാൻ രേഖപ്പെടുത്തുകയാണ്. പക്ഷേ ഇവിടെയുള്ള പ്രശ്നം, കേന്ദ്രത്തിന്റെ തെറ്റായ നയങ്ങളുടെ ഇരകളായിട്ട് മാറുകയാണ് വാസ്തവത്തിൽ ഇവിടത്തെ സംസ്ഥാനങ്ങൾ. ആ വിഷയത്തിന് ശാശ്വതപരിഹാരമുണ്ടാകാതെ ഇവിടെ വ്യക്തിപരമായ ചില പിന്തുണകളുടെ അല്ലെങ്കിൽ വ്യക്തിപരമായ ചില ശുപാർശകളുടെ അടിസ്ഥാനത്തിൽ ഇന്ന് കേരളം നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കുമെന്ന് വിചാരിക്കുന്നത് തികച്ചും മൗഢ്യമാണ്. കഴിഞ്ഞ ദിവസം എന്റെ ഒരു സുഹൃത്ത് സംസാരിച്ചപ്പോൾ നൂറ് വർഷം പഴക്കമുള്ള അവരുടെ കപ്പലിനെ സംബന്ധിച്ചും ബോട്ടിനെ സംബന്ധിച്ചും പറഞ്ഞു. 1947-ൽ ജവഹർലാൽ നെഹ്റു അന്ന് ആദ്യമായി പ്രധാനമന്ത്രിയാകുന്ന സമയത്ത് അഭിനന്ദിച്ചുകൊണ്ട് അദ്ദേഹത്തിന്റെ യാത്ര സുഖകരമായിരിക്കട്ടെ എന്ന് ആശംസിച്ച സുഹൃത്തിനോട് ജവഹർലാൽ നെഹ്റു ചെയ്ത ഒരു പ്രസംഗമുണ്ട്. ആ പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു, Our ship is old, battered, slow moving and unsuited to this age of ship sails. It will have to be scrapped and give place to another. ഇതിനെ പുതുക്കി പണിയണമെന്ന് ആഗ്രഹിച്ച ഒരാളായിരുന്നു ജവഹർലാൽ നെഹ്റു. മരിക്കുന്നതിനുമുമ്പ് തങ്ങളുടെ കടമകൾ നിർവ്വഹിക്കപ്പെട്ട ഇന്ത്യൻ നാഷണൽ കോൺഗ്രസ്

LIBRARY ARCHIVES Kerala Legislative Assembly

പിരിച്ചുവിട്ട് ലോക് സേവക് സംഘടനയായി മാറ്റണമെന്ന് ഇന്ത്യൻ രാഷ്ട്രപിതാവ് എഴുതുകയുണ്ടായി. ഇന്ന് കേന്ദ്രഭരണം നടത്തുന്ന ആളുകൾ ജവഹർലാൽ നെഹ്റുവിന്റെ സാമ്പത്തികനയങ്ങളേയും ഗാന്ധിജി സ്വപ്നം കണ്ട നയങ്ങളേയും മറന്നുകൊണ്ടാണ് പ്രവർത്തിക്കുന്നത്. ഇവർക്കെതിരായിട്ടുള്ള ഒരു നയം ഇന്ത്യയിൽ നടപ്പിലാക്കുന്നതിന്റെ പരിണത ഫലങ്ങളാണ് കേരളവും ഇവിടത്തെ കൃഷിക്കാരും ഇവിടത്തെ നിരവധി ആളുകളും അനുഭവിക്കുന്നത്. ഗാന്ധിജിയെ വിസ്മരിച്ച്, ജവഹർലാൽ നെഹ്റുവിന്റെ socialist pattern of society എന്നു പറയുന്ന സമൂഹത്തിലെ സമ്പ്രദായത്തെ തന്നെ വിസ്മരിച്ചു. അതിൽനിന്നും വ്യത്യസ്തമായി പിടിവാശി പിടിക്കുന്ന നയ സമീപനങ്ങൾ സ്വീകരിക്കുന്ന കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയും അവരുടെ നയങ്ങളും ഇവിടെ അതിവേഗതയിൽ ഉദാരവത്ക്കരണവും സ്വകാര്യവത്ക്കരണവും നടത്തുന്നതിന്റെ ഇരകളായി കേരളമടക്കമുള്ള സംസ്ഥാനങ്ങൾ മാറുകയാണ്. അതിനെതിരായിട്ടാണ് ഇടതുപക്ഷജനാധിപത്യ മുന്നണിയുടെ ഈ ബഡ്ജറ്റ് അടക്കമുള്ള നയസമീപനങ്ങൾ കാണിക്കുന്നത്. എന്റെ ബഹുമാനപ്പെട്ട സുഹൃത്ത് കമ്മിയെ സംബന്ധിച്ച് സൂചിപ്പിച്ചു. യു.ഡി.എഫിന്റെ സമയത്തുള്ള കമ്മിയും എൽ.ഡി.എഫിന്റെ സമയത്തുള്ള കമ്മിയും തമ്മിൽ വലിയ വ്യത്യാസമുണ്ട്. നിങ്ങളുടെ സമയത്ത് നിങ്ങൾ കമ്മുന്നതുകൊണ്ടാണ് കമ്മിയുണ്ടാകുന്നത്. ഇവിടെ അവതരിപ്പിക്കപ്പെട്ട പ്രമേയത്തിൽ 33,65,00,000 രൂപ പറഞ്ഞിട്ടുണ്ടല്ലോ? 2002-03, 2004-05, രണ്ടര വർഷക്കാലംകൊണ്ട് ഇവിടെ സിവിൽ സപ്ളൈസ് കോർപ്പറേഷന് നഷ്ടമുണ്ടാക്കിയതിനെത്തുടർന്ന് ഒരു മന്ത്രിയുടെ പ്രസ്താവന പത്രങ്ങളിൽ വായിച്ചു. അയ്യപ്പപണിക്കരുടെ കവിതപോലെ, "വെറുമൊരു മോഷ്ടാവായോരെന്നെ കള്ളനെന്നു വിളിച്ചില്ലേ" എന്നാണ് ചോദിക്കുന്നത്. യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്തെല്ലാം ജനങ്ങളോട് ഉത്തരവാദിത്വമില്ലാതെ അഴിമതി നടത്തുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്ന ഒരു സമീപനമായിരുന്നു സ്വീകരിച്ചിരുന്നത്. കേരളത്തിൽ ഇന്ന് എൽ.ഡി.എഫ് നേരിടുന്ന പ്രധാനപ്പെട്ട പ്രശ്നം എന്താണ്? ഇവിടെ റോഡുകളാകെ തകർന്നടിഞ്ഞുകിടക്കുന്നു. കഴിഞ്ഞ അഞ്ചുവർഷക്കാലമായി ഇവിടെ ഭരിച്ചത് ആരാണ്? നിരവധി ആശുപത്രികളിൽ ഡോക്ടർമാരില്ലാത്ത അവസ്ഥയുണ്ടായിരുന്നു. എന്തുകൊണ്ടാണ് ഡോക്ടർമാരുടെ ഒഴിവുകൾ നികത്താൻ മടിച്ചുനിന്നത്? ചിക്കുൻഗുനിയ പോലുള്ള അതിഭയങ്കര മാരകരോഗങ്ങളുടെ അടിസ്ഥാന കാരണം എന്താണ്? കഴിഞ്ഞ അഞ്ചുവർഷക്കാലമായി യു.ഡി.എഫ്. പിൻതുടർന്നുവന്ന നയങ്ങളുടെ കെടുതികളാണ് വാസ്തവത്തിൽ ഇന്ന് കേരളം അനുഭവിക്കുന്നത്. അതിനെ തിരുത്താൻ വേണ്ടിയുള്ള ഉപധനാഭ്യർത്ഥനകളാണ് ഇവിടെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചിട്ടുള്ളത്. ആ ഉപധനാഭ്യർത്ഥനകളാകെ വായിച്ചു നോക്കിക്കഴിഞ്ഞാൽ അതിനെക്കുറിച്ചൊന്നും വാസ്തവത്തിൽ ചർച്ചകൾ ഇവിടെ ഉന്നയിക്കപ്പെടുന്നില്ല. അതെല്ലാം വിസ്മരിക്കുവാൻ അല്ലെങ്കിൽ മനഃപൂർവ്വം മറക്കുവാനോ ബഹുമാനപ്പെട്ട പ്രതിപക്ഷ അംഗങ്ങൾ ശ്രമിക്കുകയാണ്. ഇവിടെ ലക്കി വാറ്റ് പദ്ധതി നടപ്പിലാക്കി. ഉപധനാഭ്യർത്ഥനകൾ മുഴുവൻ വായിച്ചു നോക്കിയാൽ കേരളത്തെ എങ്ങോട്ട് കൊണ്ടുപോകണമെന്നുള്ളതിന്റെ ഒരു ദിശാബോധമാണ് അതിൽ തെളിഞ്ഞു കാണുന്നത്. ഒരു തെളിഞ്ഞചിത്രമാണ് ഇതിൽ കാണുന്നത്. അല്ലാതെ ഇരുണ്ട ചിത്രമല്ല. കേരളത്തെ എങ്ങോട്ട് നയിക്കണമെന്നുള്ള തെളിമയാർന്ന ചിത്രമാണ്. അതുപോലെ

LIBRARY ARCHIVES Kerala Legislative Assembly

നികുതി പിരിവിന്റെ കാര്യത്തിൽ യാതൊരു വിട്ടുവീഴ്ചകളും കൂടാതെ, ഒരു ക്യാപ്ടൻ കപ്പൽ ശരിയായ വിധത്തിൽ കരയ്ക്ക് അടുപ്പിക്കുന്നതിനു വേണ്ടി അല്ലെങ്കിൽ കാറും കോളും നിറഞ്ഞ തിരമാലകളുള്ള ഒരു സമുദ്രത്തിൽ ഒരു യാനപാത്രം ഇറക്കുന്ന അത്രമാത്രം ധൈര്യത്തോടുകൂടി കേരളത്തിന്റെ കുഴഞ്ഞുമറിഞ്ഞ, യു.ഡി.എഫ് കുഴച്ചു മറിച്ച, ചവിട്ടി മെതിച്ചിട്ട സാമ്പത്തിക വ്യവസ്ഥയെ നേരെയാക്കാൻ വേണ്ടിയുള്ള ധീരമായ പരിശ്രമമാണ് ഇവിടുത്തെ ധനകാര്യവകുപ്പ് നടത്തിക്കൊണ്ടിരിക്കുന്നത്. അതിന്റെ ഭാഗമായിട്ടാണ് ലക്കിവാറ്റ്, ലാന്റ് റെക്കോർഡ്സിന്റെ കമ്പ്യൂട്ടറൈസേഷൻ, പുതിയ ട്രഷറികൾ, ചന്ദ്രശേഖരൻനായർ സ്റ്റേഡിയം അടക്കമുള്ള പുതിയ സ്റ്റേഡിയങ്ങളുടെ നിർമ്മാണങ്ങൾ, മിനി സിവിൽ സ്റ്റേഷനുകൾ, ബൈപ്പാസ് റോഡുകൾ, റെയിൽവേ ഓവർബ്രിഡ്ജുകൾ, ശബരിമല പോലെയുള്ള പിൽഗ്രിം സെന്ററുകൾ, ഹരിപ്പൂരിൽ ഹജ്ജ് ഹൗസുകൾ, യൂണിവേഴ്സിറ്റി സെന്റർ, ലൈബ്രറിയിലെ സ്റ്റുഡന്റ്സ് സെന്റർ നവീകരിക്കൽ, മെഗാ നാഷണൽ സ്പോർട്ട്സ് ഇവന്റുകൾ, നാഷണൽ ലീഗുകൾ, ഓരോ തദ്ദേശസ്വയംഭരണ പ്രസ്ഥാനങ്ങളുടെ കീഴിലുള്ള പ്ലേ ഗ്രൗണ്ടുകൾ, മോയിൻകുട്ടി വൈദ്യരുടെ പേരിലടക്കമുള്ള മെമ്മോറിയലുകൾ, നഗരവികസനം, വർക്കിംഗ് ജേർണലിസ്റ്റിന്റെ ആരോഗ്യ പദ്ധതി, കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റിലെ ജീവനക്കാർക്കുള്ള വെൽഫെയർ ഫണ്ടുകൾ, കടാശ്വാസ കമ്മീഷൻ, പ്രസിഡന്റ് ഇവിടെ പ്രഖ്യാപിച്ച മിഷനിലെ നിരവധി പദ്ധതികൾ എന്നിവ നടപ്പിലാക്കുന്നതിനു വേണ്ടിയുള്ള ഉപധനാഭ്യർത്ഥനകൾ ഇതിൽ കൊണ്ടുവന്നിട്ടുണ്ട്. അതുപോലെ കണ്ണൂരിൽ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി, കോവളം, നീലേശ്വരം കേന്ദ്ര നെറ്റ്വർക്കിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ഇങ്ങനെ ഒട്ടനവധി കാര്യങ്ങൾ കേരളത്തിന്റെ അടുത്ത അഞ്ച് വർഷക്കാലത്തിനിടയിൽ ചുരുങ്ങിയ സമയംകൊണ്ട് കേരളത്തിന്റെ വികസനത്തെ ശരിയായ വിധത്തിൽ കണ്ടറിഞ്ഞുകൊണ്ട് വികസനം നടപ്പിലാക്കുന്നതിന് ആവശ്യമായ പരിപാടികൾ ആവിഷ്ക്കരിച്ച് അതിനുള്ള ഉപധനാഭ്യർത്ഥനകളാണ് ഇവിടെ അവതരിപ്പിക്കപ്പെട്ടിരിക്കുന്നത്. ആ ഉപധനാഭ്യർത്ഥനകൾ കേരളത്തിന്റെ വികസനത്തിനും കേരളത്തെ മുന്നോട്ടുനയിക്കുന്നതിനും പര്യാപ്തമാകുമെന്നുള്ള കാര്യത്തിൽ ആർക്കും യാതൊരു സംശയവുമില്ല. അതുപോലെ തന്നെ കഴിഞ്ഞ അഞ്ചു വർഷങ്ങളായുള്ള യു.ഡി.എഫിന്റെ സാമ്പത്തികനയത്തിന്റെ ഫലമായി നിരവധി മേഖലകളിൽ, വിദ്യാഭ്യാസരംഗത്ത്, ആതുര ശുശ്രൂഷാ രംഗത്ത്, അതുപോലെ പൊതുമരാമത്ത് രംഗത്ത് നടന്നിട്ടുള്ള കെടുകാര്യസ്ഥതകൾ അവസാനിപ്പിക്കാൻവേണ്ടിയുള്ള ധീരമായ പരിശ്രമവും ഇന്ന് ഇടതുപക്ഷജനാധിപത്യമുന്നണി നടത്തുകയാണ്. ആശാന്റെ ഒരു കവിതയുണ്ട്.

"വൈരാഗ്യമേറിയ വൈദികനാകട്ടെ,
ഏറ്റ വൈരിക്കു മുമ്പിൽ ഉഴറി ഓടിയ ഭീരുവാകട്ടെ,
നേരെ നിവർന്നു വിടർന്നു വിലസീടിന നിന്നെ നോക്കി
ആരാകിലെന്ത് മിഴിയുള്ളവർ നിന്നിരിക്കാം."

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെ എൽ.ഡി.എഫിനോട് വൈരാഗ്യം കാട്ടുന്ന ആളുകളാണെങ്കിൽപ്പോലും ഇവിടെ പ്രശാന്ത സുന്ദരമായ കേരളത്തിന്റെ ഭാവിയെ ശോഭനമാക്കാൻവേണ്ടി അവതരിപ്പിക്കപ്പെടുന്ന ഈ ബഡ്ജറ്റിലെ നയവൈകല്യങ്ങളെ നിങ്ങൾ എത്രമാത്രം പർവ്വതീകരിച്ച്, പെരുപ്പിച്ച് കാട്ടിയാലും അതിൽ നിന്നെല്ലാം വ്യത്യസ്തമായി സത്യം കാണാൻ ശ്രമിക്കുന്ന ആളുകൾക്ക് നേരെ നിവർന്നു വിടർന്നു വിലസുന്ന ഒന്നായി ഇതിനെ കാണാൻ സാധിക്കും. ഇങ്ങനെ കേരളത്തിന്റെ സമഗ്രമായ പുരോഗതിക്കു വേണ്ടിയുള്ള ഉപധനാഭ്യർത്ഥനകളാണ് ഇവിടെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ടൂറിസത്തെ സംബന്ധിച്ച് കേരളത്തിന്റെ സാംസ്ക്കാരിക തനിമ ഇല്ലാതാക്കുകയാണ് കഴിഞ്ഞ സർക്കാർ ചെയ്തത്. കഴിഞ്ഞ ദിവസം ഒരു പത്രത്തിൽ കേരളം എങ്ങോട്ടു പോകുന്നു എന്നുള്ളതിനെ സംബന്ധിച്ച് ചില ലേഖനങ്ങളും കണ്ടെത്തലുകളും ഉണ്ടായിട്ടുണ്ട്. ആ കണ്ടെത്തലുകൾ വായിക്കുന്ന സമയത്ത് കഴിഞ്ഞ അഞ്ചു വർഷക്കാലം യു.ഡി.എഫ് സൃഷ്ടിച്ച നയസമീപനത്തിന്റെ ഫലമായി, ടൂറിസം അടക്കമുള്ള രംഗത്ത് അവർ കൊണ്ടുവന്ന നയസമീപനത്തിന്റെ ഫലമായി, നമ്മുടെ സമൂഹത്തിൽ നമ്മുടെ അമ്മ-പെങ്ങൻമാർക്ക് ജീവിക്കാൻ കഴിയാത്ത പരിതസ്ഥിതിയിലേയ്ക്ക് കേരളത്തെ തള്ളിവിട്ടുവെങ്കിൽ അതിൽനിന്നും വ്യത്യസ്തമായ കേരളത്തിന്റെ സാംസ്ക്കാരിക തനിമ നിലനിർത്തിക്കൊണ്ടുള്ള ഒരു ടൂറിസം നയത്തിനാണ് ഇവിടെ ഉപധനാഭ്യർത്ഥനകൾ അവതരിപ്പിക്കപ്പെട്ടിരിക്കുന്നത്. അതിനനുസരിച്ച് ഫാമിംഗ് ടൂറിസം അടക്കമുള്ള കേരളം ദൈവത്തിന്റെ സ്വന്തം നാടാണെന്ന് തെളിയിക്കുന്ന വിധത്തിലുള്ള പുതിയ പദ്ധതികൾക്കാണ് ഇവിടെ നടപടികൾ സ്വീകരിക്കുന്നത്. മാണി സാർ ഇവിടെ മുല്ലപ്പെരിയാർ പ്രശ്നത്തെ സംബന്ധിച്ച് സംസാരിച്ചു. പല പത്രങ്ങളും ഉദ്ധരിച്ച സമയത്ത് ഒരു കാര്യം അദ്ദേഹം മറന്നുപോയി. കഴിഞ്ഞ ദിവസം തമിഴ്നാട്ടിലെ മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ അവിടെയുള്ള എല്ലാ കക്ഷിക്കാരും തമിഴ്നാട് ഭരിക്കുന്ന ഡി.എം.കെ.യെ നഖശിഖാന്തം എതിർക്കുന്ന എ.ഐ.ഡി.എം.കെ. പോലെയുള്ള രാഷ്ട്രീയ പാർട്ടികൾ അടക്കം ആ സമ്മേളനത്തിൽ പങ്കെടുത്തുകൊണ്ട് കേരളത്തിലെ മുഖ്യമന്ത്രിയുടെ അഭ്യർത്ഥനയെ മാനിച്ച് ഒരു ചർച്ചയ്ക്ക് തമിഴ്നാട് ഗവൺമെന്റ് ഒരുക്കമാണെന്ന് അറിയിച്ചിരിക്കുകയാണ്. അങ്ങനെ കേരളം നേരിടുന്ന ഏതു പ്രശ്നങ്ങളും പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്ന ഒരു ഗവൺമെന്റാണ് ഇവിടെ ഭരിക്കുന്നത്. അതിന്റെ തുടക്കത്തിൽ നാലുമാസം, അഞ്ചു മാസം ആകുന്നതിനു മുമ്പ് അരി വെന്തോ എന്ന് ചോറെടുത്തു നോക്കി പറയുന്നതുപോലുള്ള ഉപമ പ്രായോഗികമല്ല. വളരെ വ്യക്തമായ ദിശാബോധത്തോടുകൂടി, ശരിയായ കാഴ്ചപ്പാടോടുകൂടി, സാധാരണ ആളുകളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്ന നയസമീപനം സ്വീകരിക്കുന്ന ഗവൺമെന്റാണ് ഇവിടെ ഭരിക്കുന്നത്. ആ ഗവൺമെന്റിന്റെ കാഴ്ചപ്പാട് അനുസരിച്ചുള്ള ഉപധനാഭ്യർത്ഥനകളാണ് ഇവിടെ വയ്ക്കുന്നത്. അതിനെ എതിർക്കുന്നവർ ഉണ്ടായിരിക്കും. ഈ സഭയിൽ പുതിയ അംഗം എന്നുള്ള നിലയിൽ ഞങ്ങൾ നോക്കിക്കാണുന്നത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഏതു പരിപാടികളേയും തടസ്സപ്പെടുത്തുന്നതിനും അതിനെ തെറ്റായി വ്യാഖ്യാനിക്കുന്നതിനുള്ള പല പരിശ്രമങ്ങൾ നടക്കുന്നുണ്ട്. സൂര്യപ്രകാശത്തെ എത്രമാത്രം ചെളി വാരി എറിഞ്ഞാലും സൂര്യപ്രകാശത്തിന് ഒന്നും സംഭവിക്കുവാൻ

പോകുന്നില്ല. നിങ്ങളുടെ ചെളി വാരി എറിയൽ നിങ്ങളുടെ നേരെ തന്നെയാണ് പതിക്കുന്നത്. കേരളം ഇന്ന് നേരിടുന്ന പ്രശ്നങ്ങൾ, അത് എൽ.ഡി.എഫോ യു.ഡി.എഫോ മാത്രമായി നേരിടുന്ന പ്രശ്നങ്ങളാണോ? ഇവിടെ അതിഭയങ്കരമായ ദുരന്തം വരുന്നു, അഴിമതിക്കാർ ഓരോ മേഖലയിലും വ്യാപകമായിക്കൊണ്ടിരിക്കുന്നു, മറ്റ് ഉദ്യോഗസ്ഥരുടെ കെടുകാര്യസ്ഥതകൾ, ആർക്കും ആരോടും ഉത്തരവാദിത്വം ഇല്ലെന്നുള്ളതുപോലെയുള്ള പെരുമാറ്റങ്ങൾ, അതിനെല്ലാം ഏറ്റവും പ്രബുദ്ധമായെന്നു വിചാരിക്കുന്ന കേരളത്തിൽ ഒരു മാറ്റം വരുത്തേണ്ടത് ആവശ്യമല്ലേ? അതിനു വേണ്ടിയുള്ള പരിശ്രമത്തിൽ, കേരളത്തെ ഒരു പുതിയ ദിശയിലേയ്ക്ക് നയിക്കുവാൻ പോകുന്ന, കേരളത്തിന്റെ ഒരു മാർഗ്ഗദിശയാണ് ഈ ഉപധനാഭ്യർത്ഥനകൾ. അതുകൊണ്ട് ഇതിനെ ശക്തമായി പിന്തുണയ്ക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

<u>ശ്രീ. പി. ടി. എ. റഹീം</u> : സർ, ഈ ഉപധനാഭ്യർത്ഥനകളെ വളരെ സന്തോഷത്തോടുകൂടി ഞാൻ പിന്താങ്ങുകയാണ്. ഈദുൽ ഫിത്തർ കഴിഞ്ഞാണ് വരുന്നത്. വളരെ ആവേശപൂർവ്വവും അത്യാഹ്ലാദത്തോടു കൂടിയുമാണ് എല്ലാ ആളുകളും ഇപ്രാവശ്യം ഈദുൽ ഫിത്തർ ആഘോഷിച്ചത്. കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായി ട്ടാണ് പെരുന്നാളിന് സർക്കാർ ജീവനക്കാർക്കും പൊതുമേഖലാസ്ഥാപനങ്ങളിലുള്ള വർക്കും മുൻകൂർ ശമ്പളം നൽകിയത്. ഇത് ചരിത്രത്തിലാദ്യമായി നല്ലൊരു ഫൈനാൻഷ്യൽ മാനേജുമെന്റ് നടത്തുന്നതുകൊണ്ട് ധനകാര്യവകുപ്പുമന്ത്രിക്ക് സാധിച്ചിട്ടുള്ള കാര്യമാണ്. ഈ ഗവൺമെന്റ് വന്നശേഷം രണ്ട് ആഘോഷങ്ങളാണ് ഉണ്ടായത്. ഒന്ന് ഓണമാണ്. ഓണവും ഇതുപോലെ നന്നായി ആഘോഷിക്കാൻ ജനങ്ങൾക്ക് സാധിച്ചു. ഇത് ഈ ഗവൺമെന്റ് വന്നതുകൊണ്ട് ഇവിടെയുണ്ടായിട്ടുള്ള ഒരു മാറ്റമാണ്. ഇതെല്ലാം മുസ്ലീം ലീഗിന് മാത്രമേ സാധിക്കൂ എന്നാണ് നേരത്തെ നമ്മളൊക്കെ കരുതിയിരുന്നത്. ഞാൻ അപ്പുറത്തിരിക്കുമ്പോഴും പെരുന്നാളിന് രണ്ടു ദിവസത്തെ അവധി കിട്ടാൻവേണ്ടി ഏറിയകാലം സമരം ചെയ്തിട്ടുണ്ട്. പക്ഷേ ഈ ഗവൺമെന്റ് പെരുന്നാളിന് രണ്ട് ദിവസത്തെ അവധി നൽകി. ഇത് മുസ്ലീം ലീഗുകാർ കണ്ടു പഠിക്കേണ്ട കാര്യമാണ്. മുൻകൂർ ശമ്പളം കൊടുക്കുക എന്നുള്ളത് അപ്പുറത്തിരിക്കുന്ന മുസ്ലീം ലീഗുകാരെ സംബന്ധിച്ചിടത്തോളം മനസ്സിലാക്കാൻ സാധിക്കാത്ത വളരെ പരിതാപകരമായ അവസ്ഥയാണ്. ബഹുമാനപ്പെട്ട സി. ടി. അഹമ്മദ് അലി കഴിഞ്ഞ ദിവസം പ്രതിപക്ഷ നേതാവിനോടൊപ്പം ലെറ്റർ ബോംബ് കേസിൽ ഉൾപ്പെട്ട പയ്യന്റെ അടുത്ത് പോയ ചിത്രം ഞാൻ പത്രത്തിൽ കാണുകയുണ്ടായി. പാലക്കാട് പതിനാല് വയസ്സുകാരിയായ സിറാജ് നിസയെ വെടിവച്ചുകൊന്ന അവസരത്തിൽ ആ കേസ്സിലെ ഒന്നാം പ്രതിയുമായി ഗൂഢാലോചന നടത്തിയിട്ടുള്ള ആളായാണ് സിറാജ് നിസയെ മുസ്ലീം ലീഗിന്റെ ഭരണകൂടം കണ്ടത്. എന്നാൽ ഈ സർക്കാരിന്റെ നയങ്ങളുടെ മാറ്റമാണ് യഥാർത്ഥത്തിൽ ലെറ്റർ ബോംബുമായി ബന്ധപ്പെട്ട സംഭവത്തിൽ കാണാൻ കഴിയുന്നത്. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി തന്നെ ഇവിടെ സൂചിപ്പിച്ചതുപോലെ ഇതൊരു ഗവൺമെന്റിന്റെ

LIBRARY ARCHIVES Kerala Legislative Assembly

നയംമാറ്റത്തിന്റെ കാര്യമാണ്. കാരണം പോലീസ് ആഗ്രഹിക്കുന്ന ആളുകളെ പ്രതിയാക്കിക്കൊണ്ടുവരുന്ന ഒരു ചുറ്റുപാടായിരുന്നു ഇതുവരെ ഉണ്ടായിരുന്നത്. എന്നാൽ ഈ കേസ്സിൽ മറുവശമാണ് നമുക്ക് കാണാൻ സാധിച്ചത്. യഥാർത്ഥ പ്രതിയെ പിടിക്കുകയും നേരത്തെ പിടിച്ച ആളെ ഒഴിവാക്കുകയും ചെയ്തുവെന്ന് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി തന്നെ ഇവിടെ സൂചിപ്പിക്കുകയുണ്ടായി.

ശ്രീ. സി. ടി. അഹമ്മദ് അലി : ഒരു നിരപരാധിയായ ആളെ പോലീസ് പിടികൂടി പതിനൊന്ന് ദിവസം പീഡിപ്പിച്ച് ചോദ്യം ചെയ്തു. അവസാനം നിരപരാധിയാണെന്ന് ബോദ്ധ്യപ്പെട്ടിട്ട് ഒരു ക്ഷമാപണം പോലും നടത്താൻ തോന്നാത്തത് ഖേദകരമാണെന്ന് ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ ?

ശ്രീ. പി. ടി. എ. റഹീം : ആഭ്യന്തര വകുപ്പുമന്ത്രി തന്നെ വളരെ വ്യക്തമായി ഇവിടെ പറഞ്ഞതാണ്. ഇത് ഗവൺമെന്റിന്റെ നയമാറ്റത്തിന്റെ പ്രശ്നമാണ്. കിളളി സംഭവത്തിന്റെ മൂന്നാം വാർഷികമാണ് ഇവിടെ നടക്കുന്നത്. കിളളി സംഭവത്തിൽ മുസ്ലീം ലീഗുകാർ എന്താണ് ചെയ്തത് ? ഒരു പൈസപോലും നഷ്ടപരിഹാരം കൊടുത്തിട്ടില്ല എന്നുമാത്രമല്ല, അത് ചെയ്ത ഉദ്യോഗസ്ഥരെ മുഴുവൻ സംരക്ഷിക്കുന്ന ഒരു സമീപനമാണ് നിങ്ങളുടെ സർക്കാർ സ്വീകരിച്ചിരുന്നത്. അതുകൊണ്ട് ശ്രീ. സി. ടി. അഹമ്മദ് അലി പ്രതിപക്ഷനേതാവിനോടൊപ്പം അവിടെ പോയത് ശരിയായില്ല എന്നാണ് എനിക്ക് പറയാനുള്ളത്. കാരണം ശ്രീ. സി. ടി. അഹമ്മദ് അലിയെ ക്കുറിച്ച് എനിക്ക് വളരെ വ്യക്തമായി അറിയാം. ശ്രീ. സി. ടി. അഹമ്മദ് അലി ആ ഫോട്ടോയിൽ പോസ് ചെയ്തത് ശരിയായില്ല. പാലക്കാട്ടെ സിറാജ് നിസയെക്കുറിച്ച് പറഞ്ഞു, കിളളിയെ സംബന്ധിച്ച് പറഞ്ഞു, മാറാട് സംബന്ധിച്ച് ചർച്ച വരാൻ പോകുന്നു. മാറാട് നിങ്ങളുടെ മന്ത്രിമാർക്ക് പോകാൻ സാധിച്ചോ? ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിക്കും ശ്രീ. എം. കെ. മുനീറിനും പോകാൻ സാധിച്ചില്ല. ശ്രീ. നാലകത്ത് സൂപ്പിയെ ശ്രീ. എ. കെ. ആന്റണി കൊല്ലത്ത് ഇറക്കിവിട്ടില്ലേ? മുസ്ലീം സമുദായത്തെ രക്ഷിക്കണമെന്ന് മുസ്ലീം ലീഗിനോടാണ് പറയുന്നത്. ഇപ്പോൾ മുസ്ലീം ലീഗുകാർ മുസ്ലീം സമുദായത്തോട് പറയുന്നത് മുസ്ലീംലീഗിനെ ഒന്നു രക്ഷിച്ചു തരണമെന്നാണ്. ആ രൂപത്തിലേയ്ക്ക് മുസ്ലീംലീഗുകാർ ആകാനുളള കാരണം അവരുടെ സമീപനത്തിലെ നയവൈകല്യമാണെന്നുളള കാര്യത്തിൽ ഒരു സംശയവുമില്ല. മാറാട് സംബന്ധിച്ച് ഇവിടെ ചർച്ച വരാൻ പോകുന്നുണ്ട്. അതുകൊണ്ട് അക്കാര്യങ്ങളിലേയ്ക്ക് കടക്കാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. തെറ്റിദ്ധരിപ്പിക്കുന്ന രൂപത്തിലാണ് പ്രതിപക്ഷം പലപ്പോഴും പല കാര്യങ്ങളും കൊണ്ടുവരുന്നത്. ചിക്കുൻഗുനിയയുടെ കാര്യത്തിലും ഇതുതന്നെയാണ് സംഭവിച്ചത്. കാരണം 2006-ൽ, വളരെ നേരത്തെ തന്നെ ചിക്കുൻ ഗുനിയയെ സംബന്ധിച്ച് മുന്നറിയിപ്പ് ലഭിച്ചിട്ടും ഒരു നടപടിയും സ്വീകരിക്കാൻ അന്നത്തെ ഗവൺമെന്റ് തയ്യാറാകാതിരുന്നതുകൊണ്ടാണ് ഈ രോഗം ഇത്രയും ആളുകൾക്ക് പടർന്നുപിടിച്ചത്. അതുപോലെ ഇവിടെ പ്രതിപക്ഷ നേതാവ് വളരെയധികം കൊട്ടിഘോഷിക്കുന്ന ഒരു ഇൻഷ്വറൻസ് പദ്ധതിയുണ്ട്. വളരെ താത്പര്യപൂർവ്വം അദ്ദേഹം പോയി ശ്രീമതി സോണിയാ ഗാന്ധിയെ കണ്ട് അതിന് അനുവാദം വാങ്ങിക്കൊണ്ട് വന്നിരിക്കുകയാണ്. പശു ചത്താലും മോരിന്റെ പുളി പോകില്ല എന്നുപറയുന്നതു പോലെയാണ് ഇവരുടെ സ്ഥിതി. കാരണം അവരുടെ

ഗവൺമെന്റ് പോയി, ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ വന്നിട്ടും ഇവർ പോയി ശ്രീമതി സോണിയാഗാന്ധിയേയും മറ്റും കണ്ടിട്ട് അംഗീകാരം വാങ്ങിക്കൊണ്ടു വരികയാണ്. ഒരു സ്വകാര്യ ഇൻഷ്വറൻസ് കമ്പനിയെ സഹായിക്കാൻവേണ്ടി വളരെ ബുദ്ധിമുട്ടിയാണ് ഡൽഹിയിൽപ്പോയി ഈ ഉത്തരവൊക്കെ വാങ്ങിക്കൊണ്ടു വന്നിരിക്കുന്നത്. അതുപോലുള്ള കാര്യങ്ങളിൽ ഈ ഗവൺമെന്റിനെ തെറ്റിദ്ധരിപ്പിക്കാനുള്ള ശ്രമമാണ് അപ്പുറത്ത് നിന്ന് നടത്തുന്നത്. അതുപോലെ മുസ്ലീംലീഗിനെ സംബന്ധിച്ച് പറയുകയാണെങ്കിൽ, തിരുവംപറമ്പിൽ ഇല്ലാത്ത ഒരു കാര്യത്തെ സംബന്ധിച്ച് ബോധപൂർവ്വം നാട്ടിൽ മുഴുവൻ നടത്തിയ പ്രചരണത്തിന്റെ ഫലമായാണ് ബിനു എന്നൊരു ചെറുപ്പക്കാരൻ കൊലചെയ്യപ്പെടാൻ ഇടയായത്. അതിന് ഉത്തരവാദി മുസ്ലീം ലീഗാണ്. യഥാർത്ഥത്തിൽ മുസ്ലീംലീഗ് നേതാക്കന്മാരെ ഒന്നാം പ്രതിയാക്കി കേസ് എടുക്കേണ്ടതായിരുന്നു. ഒരു സ്ത്രീയെ മാനഭംഗപ്പെടുത്തി എന്നുള്ളത് നാട്ടിൽ മുഴുവൻ പ്രചരിപ്പിക്കുകയായിരുന്നു. പക്ഷേ അങ്ങനെയൊരു സംഭവം ഉണ്ടായിട്ടില്ല എന്ന് പിന്നീട് തെളിയുകയും ആ സ്ത്രീയും കുടുംബവും മുസ്ലീംലീഗിൽ നിന്ന് വിട്ടുപോവുകയു മുണ്ടായി. അതുകൊണ്ട് എനിക്ക് പറയാനുള്ളത് മുസ്ലീംലീഗുകാരെ സംബന്ധിച്ചിടത്തോളം അവർ സമുദായത്തിന്റെ ഉത്തമ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിലേയ്ക്ക് തിരിച്ചുവരിക എന്നതാണ് അവർക്ക് സമുദായത്തോട് ചെയ്യാൻ സാധിക്കുന്ന ഒരു കാര്യം. അതുകൊണ്ട് ഇത്തരം തെറ്റിദ്ധാരണയുണ്ടാക്കാതെ യഥാർത്ഥ വസ്തുതകൾ മനസ്സിലാക്കി ഈ സർക്കാരിന്റെ നയങ്ങളോടൊപ്പം നിൽക്കാനും നയസമീപനങ്ങളെ അനുകൂലിക്കാനും നിങ്ങൾ തയ്യാറാകണമെന്നു മാത്രം സൂചിപ്പിച്ചുകൊണ്ട് ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുകയാണ്.

<u>ശ്രീ. എ. സി. മൊയ്തീൻ:</u> സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞ കാര്യങ്ങൾ നടപ്പാക്കാൻ ആവശ്യമായ 481.46 കോടി രൂപയുടെ ഉപധനാഭ്യർത്ഥനകൾ കേരളത്തിന്റെ സമഗ്ര വികസനത്തിന് വഴിതുറക്കാൻ ഉപകരിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. വലിയ സാമ്പത്തിക പ്രതിസന്ധിക്കും പ്രശ്നങ്ങൾക്കു മിടയിലാണ് പുതിയ നികുതികളൊന്നും അടിച്ചേൽപ്പിക്കാതെ, നികുതി പിരിവ് ഊർജ്ജിതപ്പെടുത്തി വിഭവം കണ്ടെത്തി, പണം കണ്ടെത്താൻ ധനകാര്യ വകുപ്പുമന്ത്രി ശ്രമിച്ചിട്ടുള്ളതെന്ന് അപ്പുറത്തിരിക്കുന്ന ആളുകൾക്കും അറിയാം. വലിയ സാമ്പത്തിക പ്രയാസത്തെ സംബന്ധിച്ച് പറയുമ്പോൾ അപ്പുറത്തു നിന്ന് അദ്ധ്വാൻസായി പറയുന്ന കാര്യം ഞങ്ങൾ കടം വരുത്തി, കടം വരുത്തി എന്നാണ് ശ്രീമാൻ കെ. ബാബു ഉൾപ്പെടെ സൂചിപ്പിച്ചതാണ്. ഞങ്ങളാരും കടം വാങ്ങുന്നതിനെ എതിർത്തിട്ടില്ല. സംസ്ഥാനത്തിന്റെ പൊതുസ്ഥിതിയിൽ കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ച നയങ്ങളുമായി ബന്ധപ്പെട്ട് സംസ്ഥാനങ്ങളാകെ കടക്കെണിയിലാണ്. വികസന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കടം വാങ്ങേണ്ടിവരും. ആ അർത്ഥത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ സംസ്ഥാനത്തിന്റെ വികസനത്തിനുവേണ്ടി മാത്രമേ കടം വാങ്ങിയിരുന്നുള്ളൂ. സമഗ്ര വികസനത്തിന് കടം വാങ്ങിയ തുക വിനിയോഗിച്ചിട്ടുണ്ട്. ഇരുട്ടിലായിരുന്ന കേരളം ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ മിച്ച വൈദ്യുതിയുള്ള സംസ്ഥാനമായി മാറിയത് കടമെടുത്ത തുക ഉൽപ്പാദന രംഗത്ത് ചെലവഴിക്കാൻ നടത്തിയ പരിശ്രമത്തിന്റെ ഭാഗമായാണ്. ഇതിൽനിന്നും വ്യത്യസ്തമായ സമീപനം നിങ്ങൾ സ്വീകരിച്ചതുകൊണ്ടാണ് നിങ്ങളുടെ കടമെടുപ്പിനെ ഞങ്ങൾ എതിർത്തത്. കടമെടുപ്പിനെയല്ല കടം ചെലവഴിച്ചതു സംബന്ധിച്ചാണ് ഞങ്ങൾക്ക് എതിർപ്പുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

കേരളം ഉണ്ടായതിനുശേഷം വന്നിട്ടുള്ള കടത്തിന്റെ നേരെ ഇരട്ടി സംഖ്യ കടമെടുത്ത്, ഉൽപാദന മേഖലയിൽ ചെലവഴിക്കാതെ രാജ്യത്തിന്റെ വികസനത്തിന് ഉപയോഗിക്കാതെ, ധൂർത്തടിക്കുകയായിരുന്നു നിങ്ങൾ. ആ സമീപനങ്ങൾക്കെതിരായിട്ടാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് കടമെടുത്ത കാര്യങ്ങൾക്കെതിരായി നിങ്ങളെ പരാമർശിക്കുന്നത് എന്നുള്ള വസ്തുത നിങ്ങൾക്കറിയാം. അറിഞ്ഞാലും ആ അർത്ഥത്തിലല്ല നിങ്ങൾ ഉൾക്കൊള്ളുന്നത്. ശ്രീ. വക്കം പുരുഷോത്തമൻ അവതരിപ്പിച്ച ബഡ്ജറ്റിന്റെ സമയത്ത് യു.ഡി.എഫ്. ന് വേണ്ടി സംസാരിച്ച ധനകാര്യ വകുപ്പുമന്ത്രി ശ്രീ. ശങ്കരനാരായണൻ സാന്ദർഭികമായി ഇവിടെ പറയുകയുണ്ടായി. അദ്ദേഹം പറഞ്ഞത് "കളവിൽ ചതിവില്ല കൂട്ടരേ" എന്നാണ്. ബഡ്ജറ്റിനെ അനുകൂലിച്ച് സംസാരിച്ച ആളാണ്. വസ്തുത ശരിയായിരുന്നു. ആലങ്കാരികമായ അദ്ദേഹത്തിന്റെ ശൈലിയിലാണെന്ന് കണക്കിലെടുത്തു എങ്കിലും പിന്നീട് ബഡ്ജറ്റിന്റെ ഉള്ളറകളിൽ കടന്ന് നോക്കിയപ്പോൾ ശ്രീ. ശങ്കരനാരായണൻ പറഞ്ഞത് ശരിയാണെന്ന് ബോധ്യപ്പെടുകയുണ്ടായി. തെരഞ്ഞെടുപ്പിന് വേണ്ടി,. ജനങ്ങളെ പറ്റിക്കാൻ വേണ്ടി കളവ് പറയുകായാണ്, അതിൽ ചതിവൊന്നും ഞങ്ങൾ കാണിച്ചിട്ടില്ലെന്ന് പറഞ്ഞതാണെന്ന് പിന്നീടാണ് ഞങ്ങൾക്ക് മനസ്സിലായത്. പദ്ധതികൾക്കൊന്നും ആവശ്യമായ തുക നീക്കി വയ്ക്കാതെ കേരളത്തിലെ ബഡ്ജറ്റ് കൊണ്ടുതന്നെ ധനകാര്യ മാനേജ്മെന്റ് വളരെ ശക്തമാണ്, അതിന്റെ ഭാഗമായി കേരളം രക്ഷപ്പെട്ടിരിക്കുന്നു എന്ന പ്രതീതി ഉണ്ടാക്കി അങ്ങനെ പോകാനാണ് ശ്രീ. വക്കം പരിശ്രമിച്ചത്. പക്ഷെ കേരളത്തിന്റെ സ്ഥിതി എന്താണ് ?

<u>ശ്രീ. എം. പ്രകാശൻ മാസ്റ്റർ</u> : മുൻകൂട്ടി മനസ്സിലാക്കിയതുകൊണ്ടാണ് അഡ്വാൻസായി ഇനി മൽസര രംഗത്ത് ഇല്ല എന്ന് സഭയിൽ തന്നെ അന്ന് ശ്രീ. വക്കം പ്രഖ്യാപിച്ചത് എന്ന കാര്യം ബഹുമാനപ്പെട്ട മെമ്പർ ഓർക്കുന്നുണ്ടോ ?

<u>ശ്രീ. എ. സി. മൊയ്തീൻ</u> : തീർച്ചയായും. ശ്രീ. വക്കം പുരുഷോത്തമൻ അതിന്റെ സാധ്യതകൾ മനസ്സിലാക്കിക്കൊണ്ടുതന്നെയാണ് തെരഞ്ഞെടുപ്പ് രംഗത്തേയ്ക്കില്ല എന്ന് പറഞ്ഞത്. വേറെ വല്ല മോഹങ്ങളും ഉണ്ടോ എന്ന് അറിയില്ല. ഈ സ്ഥിതിവിശേഷത്തിൽ നമുക്ക് വന്നുപെട്ടിട്ടുള്ള സ്ഥിതി എന്താണ് ? കടം തരാൻ പോലും ആരും ഇല്ല. കടമെടുക്കാൻ ശേഷിയില്ലാത്ത സംസ്ഥാനമാക്കി കേരളത്തെ മാറ്റി. ഇത്തരം അവസ്ഥയിലേയ്ക്ക് കൊണ്ടെത്തിച്ചതിന്റെ ഉത്തരവാദിത്വത്തിൽനിന്ന് ഒഴിഞ്ഞുമാറി നിങ്ങൾക്ക് സംസാരിക്കാൻ ആകുമോ ? വസ്തുതാപരമായി പ്രശ്നങ്ങളെ പരിശോധിച്ച് സത്യസന്ധമായി സംസാരിക്കുമ്പോൾ ഇങ്ങനെ ഒരു അവസ്ഥയിലേയ്ക്ക് കേരളത്തെ കൊണ്ടുചെന്ന് എത്തിച്ചതിനു ശേഷമാണ് നിങ്ങൾ അപ്പുറത്ത് ഇരിക്കേണ്ടി വന്നത് എന്നുള്ള വസ്തുത അംഗീകരിക്കണ്ടേ ? പണം ചെലവഴിക്കാൻ കഴിയുമോ എന്നാണ് ചിലരുടെ ഉത്ക്കണ്ഠ. അഞ്ച് മാസം മാത്രമാണുള്ളത്. അഞ്ച് മാസക്കാലത്തിനിടയ്ക്ക് പണം ചെലവഴിക്കാൻ കഴിയുമോ എന്ന് ഉത്ക്കണ്ഠപ്പെടുകയാണ്. ചിലർ പഴയ ഓർമ്മകൾ അയവിറക്കുന്നതുകൊണ്ടായിരിക്കും യു.ഡി.എഫ് ന്റെ സുഹൃത്തുക്കൾക്ക് അങ്ങനെ ഓർമ്മ വന്നത്. നാല് വർഷക്കാലവും പദ്ധതി പ്രഖ്യാപിക്കുകയും പുതിയ പ്രഖ്യാപനങ്ങൾ നടത്തുകയും നാല് വർഷക്കാലം ഉൽപാദനം വെട്ടിച്ചുരുക്കുകയും ചെയ്യുക എന്നുള്ള കൊല്ലംതോറും നടത്തിവരാറുള്ള

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങളുടെ പാർട്ടിയാണ് ഈ അഞ്ച് വർഷവും കേരളത്തിൽ ഉണ്ടായത്. ആ ഓർമ്മകളിൽ നിന്നാണ് സ്വാഭാവികമായും ഇങ്ങനെ ഒരു സംശയം ഉണ്ടായത് എന്നാണ് എനിക്ക് തോന്നുന്നത്. പദ്ധതി വെട്ടിച്ചുരുക്കലിന്റെ ഭാഗമായി കേരളത്തിൽ ഏറ്റവും കൂടുതൽ ദുരിതം അനുഭവിക്കുന്നത് തദ്ദേശഭരണ സ്ഥാപനങ്ങളാണ്. അന്ന് മന്ത്രിയായിരുന്ന ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി ഉൾപ്പെടെയുള്ള ആളുകൾ അതിൽ വേദനയുള്ള ആളുകളായിരുന്നു എന്ന് എനിക്കറിയാം. പഞ്ചായത്തിന്റെ ഓൺ ഫണ്ട് പോലും പി.ഡി.അക്കൗണ്ട് മരവിപ്പിച്ച് ഇടുന്നതിന്റെ ഭാഗമായിട്ടെന്ന് പറഞ്ഞവരാണ് അപ്പുറത്തിരിക്കുന്നവർ. അതിൽ കുറച്ചു സംഖ്യ നമ്മൾ മിച്ചം നീക്കിയിരിക്കുന്നു എന്നു പറഞ്ഞാണ് നിങ്ങൾ പോയത്. ഇപ്പോഴും പി.ഡബ്ല്യു.ഡി. കോൺട്രാക്ടർമാർക്കും ക്ഷേമ പെൻഷൻ ഉൾപ്പെടെയുള്ളവയ്ക്കുമുള്ള കുടിശ്ശിക കൊടുത്തു തീർക്കാതിരിക്കുകയാണ് നിങ്ങൾ ചെയ്തത് എന്നുള്ള വസ്തുത നിങ്ങൾ മറച്ചുവച്ചിട്ട് കാര്യമുണ്ടോ ? നികുതി പിരിക്കുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ചിരിക്കുന്നതിനു പകരം നികുതി വെട്ടിപ്പുകാർക്കും കരിഞ്ചന്തക്കാർക്കും ഒക്കെ സൗകര്യം ഉണ്ടാക്കിക്കൊടുത്തു; പഴുതുകൾ ഉണ്ടാക്കിക്കൊടുത്തു. നികുതി വെട്ടിപ്പ് നടത്തുന്നതിന് സൗകര്യപൂർവ്വമായ നിലപാടാണ് ഈ കാലഘട്ടത്തിൽ സ്വീകരിച്ചിട്ടുള്ളത്. നികുതിയേതര വരുമാനങ്ങൾ സംഭരിക്കുന്നതിന് ഗവൺമെന്റ് ആവശ്യമായ സമീപനങ്ങൾ സ്വീകരിച്ചില്ല. നമുക്കറിയാം നികുതിയേതര വരുമാനത്തിന് ഏറ്റവും കൂടുതൽ സംഭാവന ചെയ്യുന്നത് കേരളത്തിലെ വനമേഖലയിൽ നിന്നാണ്. ശ്രീ. കെ. എം. മാണി രണ്ട് കാര്യങ്ങളാണ് ഇവിടെ പറഞ്ഞത്, ക്രമസമാധാനം തകരുന്നതിനെക്കുറിച്ചും മാഫിയാ സംഘങ്ങളുടെ പ്രവർത്തനത്തെക്കുറിച്ചും ആരുടെ കാലത്താണ് ചന്ദന മാഫിയ, മററ് നിരവധി മാഫിയകൾ ഉണ്ടായത് ? കേരളത്തിൽ പുരോഹിതൻമാരുടെ ജീവന് പോലും രക്ഷയില്ലാത്ത അവസ്ഥയുണ്ടായി. കൊലപാതക സംഘങ്ങൾ കേരളത്തിൽ തഴച്ച് വളർന്നത് ആരുടെ കാലത്താണ് ? ചന്ദന മാഫിയ 1500-ൽപരം കോടി രൂപയുടെ മുതൽ അല്ലേ, നമ്മുടെ നാട്ടിന്റെ സമ്പത്തല്ലേ മുറിച്ചുകൊണ്ടുപോയത് ? ഇങ്ങനെ വന സമ്പത്തിലൂടെ സംസ്ഥാന ഖജനാവിൽ വരേണ്ട സംഖ്യ പോലും വനം മാഫിയ സംഘങ്ങൾക്ക് കൊള്ളയടിക്കാൻ വേണ്ടി കൊടുത്തു. എന്റെ നിയോജകമണ്ഡലത്തിൽ ഒരു പ്രദേശത്തെ തടി വെട്ടി ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ ഡിപ്പോയിൽ എത്തിക്കാൻ കരാർ എടുത്തയാൾ ഡിപ്പോയിൽ തടി എത്തിക്കാതെ മറിച്ചു വിറ്റു. അതിനെക്കുറിച്ച് അന്വേഷിക്കണമെന്ന് സഭയിൽ ഞാൻ മുൻപ് ആവശ്യപ്പെട്ടതാണ്. ഇപ്പോൾ അന്വേഷിച്ചപ്പോഴാണ് അറിയുന്നത് അത് ആരുടെയൊക്കെയോ ബന്ധുവാണെന്ന്. നിരപരാധികളായ രണ്ട് ഗാർഡുകളുടെ പേരിൽ കേസ്സെടുത്തു. ഈ മാഫിയാ സംഘത്തെ സഹായിച്ചത് ആരാണ്? കേരളത്തിൽ ഇങ്ങനെ നിരവധി മേഖലകളിൽ നികുതി പണം പിരിച്ചെടുക്കാൻ കഴിയാതെ, സംസ്ഥാനത്തിന്റെ സമ്പത്ത് ചില മാഫിയാ സംഘങ്ങൾക്ക് കൊള്ളയടിക്കാൻ വേണ്ടി അവസരം ഉണ്ടാക്കിക്കൊടുത്ത ആളുകളാണ് അപ്പുറത്തിരുന്ന് മാഫിയയെക്കുറിച്ച് വിലപിക്കാൻ നിൽക്കുന്നത്. ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഉപധനാഭ്യർത്ഥനകളിൽ നിരവധി മേഖലകളിൽ പുതിയ മാറ്റം ദൃശ്യമാകുന്ന രീതിയിൽ സംഖ്യ ഉൾക്കൊള്ളിച്ചതായി കാണാൻ കഴിയും. പൊതുജനാരോഗ്യ രംഗത്ത് എത്ര മന്ത്രിമാരായിരുന്നു, ശ്രീ. ശങ്കരൻ വക്കീൽ, ശ്രീ. കടവൂർ ശിവദാസൻ, ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ അതിനുശേഷം ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണൻ. ആ അഞ്ചു മന്ത്രിമാരുടെ കാലത്ത് കേരളത്തിലെ പൊതുജനാരോഗ്യത്തിന്റെ സ്ഥിതിയെന്തായിരുന്നു ? ഞാൻ അതിന്റെ കഥയിലേയ്ക്ക്

LIBRARY ARCHIVES Kerala Legislative Assembly

പോകുന്നില്ല. ഒരുകാലത്ത് കേരളത്തിലെ ഒരു മെഡിക്കൽ കോളേജിൽ ഒരു ഗവർണ്ണർക്ക് ജീവൻവെടിയേണ്ടി വന്നില്ലേ ? എന്നിട്ട് പോലും ചിക്കുൻഗുനിയ വന്നപ്പോൾ, അതിൽ നമുക്കൊക്കെ വിഷമം ഉണ്ട്. നമ്മൾ യോജിച്ച് നിന്ന് അതിനെ നേരിടണം. പക്ഷെ കേരളത്തിന്റെ പൊതുജനാരോഗ്യ മേഖലയുടെ അടിത്തറ തോണ്ടി, മെഡിക്കൽ കോളേജുകളിൽപോലും ആവശ്യത്തിന് സൗകര്യം ഇല്ലാതെ ആക്കിയത്, ജീവനക്കാരെ വെട്ടിക്കുറച്ചത് ആരാണ്? ആ സ്ഥിതി ഉണ്ടായത് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തല്ലേ ? ഇവിടെ ഒരു പുതിയ മാറ്റം വരുന്നു. ബഡ്ജറ്റിൽ മാത്രമല്ല, ഉപധനാഭ്യർത്ഥനകളിൽക്കൂടിയും പുതിയ മാറ്റം ഉണ്ടാകുകയാണ്. പുതിയ വികസന പ്രവർത്തനങ്ങൾ വരികയാണ്. സമർത്ഥയായ ആരോഗ്യ വകുപ്പുമന്ത്രിയുടെ ഇടപെടലിന്റെ ഭാഗമായി സംസ്ഥാന ബഡ്ജറ്റ് വിഹിതങ്ങൾക്ക് പുറമെ നബാർഡിന്റേയും മറ്റും സഹായങ്ങൾ ഉപയോഗപ്പെടുത്തി തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ പുതിയ വികസന പദ്ധതികൾ വരുന്നു. തൃശ്ശൂർ മെഡിക്കൽ കോളേജിന് അംഗീകാരം പോകുമെന്നുള്ള അവസ്ഥയാണ് ; തൃശ്ശൂർ മെഡിക്കൽ കോളേജിൽ സി. ടി. സ്കാനർ ഇല്ല, അതിന് സംഖ്യ നീക്കി വച്ചിട്ടുണ്ട്, പുതിയ 50 എം.ബി.ബി.എസ്. സീറ്റ് അനുവദിച്ചു കിട്ടി. അതിനുവേണ്ടി പുതിയ പഠന സൗകര്യങ്ങൾ ഏർപ്പെടുത്താൻ 50 ലക്ഷം രൂപ നീക്കിവച്ചിരിക്കുകയാണ്. ഈ സൗകര്യങ്ങൾ മതി എന്നല്ല പറയുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ഞങ്ങളുടെ കാലത്ത് ഇട്ട ഈഡിസ് കൊതുകിന്റെ മുട്ട ആറ് മാസം കഴിഞ്ഞാണ് വിരിഞ്ഞത് എന്ന മട്ടിലാണ് പറയുന്നത്. അങ്ങ് പറഞ്ഞല്ലോ. പൊതുജനാരോഗ്യ രംഗത്ത് ഗവൺമെന്റ് മേഖലയിൽ സീറ്റ് വർദ്ധിപ്പിച്ചത് ഈ ഗവൺമെന്റിന്റെ കാലത്താണെന്ന്. സീറ്റ് വർദ്ധിപ്പിച്ചാലും പ്രോസ്സസ് പൂർത്തിയാക്കണം. തീരുമാനം എടുത്താലും പ്രോസ്സസ് പൂർത്തിയാക്കാതെ ഇത് കൃത്യമായി വരില്ല. ഐ.എം.സി. തീരുമാനം എടുത്തത് വേറെയാണ്. അത് നിങ്ങൾ തുടരുന്നു. അത് കേരളത്തിന്റെ ആവശ്യമാണ്. അത് പക്ഷെ കഴിഞ്ഞ ഗവൺമെന്റിനെ കുറ്റപ്പെടുത്തിക്കൊണ്ട് നിങ്ങൾ പറയുന്നത് ശരിയല്ല. നിങ്ങൾ ഇപ്പോഴും വടക്കുനോക്കി യന്ത്രമായി നിൽക്കരുത്.

ശ്രീ. എ. സി. മൊയ്തീൻ: ഞാൻ നേരെ നോക്കി യന്ത്രമാണ്. ശ്രീ. തിരുവഞ്ചൂർ പറഞ്ഞതുപോലെ കൊതുകിന്റെ വംശ വർദ്ധനവിനെക്കുറിച്ചല്ല പറഞ്ഞത്. പൊതുജനാരോഗ്യ മേഖലയിൽ നിങ്ങൾ സ്വീകരിച്ച സമീപനം, മുൻകരുതലുകൾ, പരിഗണനകൾ ഇവയൊക്കെ ദുരിതമുണ്ടാക്കുന്ന നടപടിയായിരുന്നു എന്ന് സൂചിപ്പിക്കാൻ വേണ്ടിയാണ് പറഞ്ഞത്. കേരളത്തിന്റെ കാർഷിക മേഖലയിൽ വലിയ പ്രതിസന്ധിയായിരുന്നു. അതിന് കാരണം യു.ഡി.എഫ്. ഗവൺമെന്റ് മാത്രമാണെന്ന് ഞങ്ങൾ പറയില്ല, കേന്ദ്ര നയങ്ങളുമുണ്ട്. കർഷകർക്ക് ആശ്വാസം എത്തിക്കാൻ കഴിയുന്ന എന്തെങ്കിലും നടപടികൾ ഉണ്ടായോ ? സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പളം പിടിച്ചുവച്ചപ്പോൾ നിങ്ങൾ പറഞ്ഞത് പുതിയ പാക്കേജ് കേന്ദ്രത്തിൽ വരുന്നു എന്നാണ്. ഏത് പാക്കേജാണ് വന്നത് ? കാർഷിക കടാശ്വാസവുമായി ബന്ധപ്പെട്ട് ധനകാര്യവകുപ്പുമന്ത്രി കേരളത്തിന്റെ വളർച്ചയ്ക്ക് അനിവാര്യമായ കാർഷിക മേഖലയ്ക്ക് സംഖ്യ നീക്കിവയ്ക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വിഷൻ 2010-നെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. അന്ന് പറഞ്ഞല്ലോ നമ്മൾ, നിങ്ങളുൾപ്പെടെ സമ്മതിച്ചു. കേരളത്തിന്റെ പരമ്പരാഗത വ്യവസായ മേഖലയെ
3 P. M. തെരഞ്ഞെടുക്കുന്നതുവരെ, ഈ ബഡ്ജറ്റ് വരെ നിങ്ങൾ ഓർത്തില്ലല്ലോ ? പരമ്പരാഗത വ്യവസായ മേഖലയ്ക്ക് കൂടുതൽ സംഖ്യ നീക്കിവയ്ക്കുന്നു. കയർ തൊഴിലാളികൾക്കും മത്സ്യത്തൊഴിലാളികൾക്കുമൊക്കെതന്നെ അവരുടെ ഉൽപ്പന്നങ്ങൾ വാങ്ങാൻ സംഖ്യ നീക്കിവച്ചു. അങ്ങനെ വിവിധ മേഖലകളിൽ ഈ സംസ്ഥാനത്തിന്റെ പുതിയ മാറ്റത്തിന്- ഒരു സുപ്രഭാതം കൊണ്ട് ഈ രാജ്യത്തെയാകെ നേരേയാക്കാം എന്ന വിശ്വാസമില്ലെങ്കിലും ഉണ്ടാക്കിവച്ച ദുരിതത്തിൽനിന്നും കേരളത്തെ കരകയറ്റാൻവേണ്ടിയുള്ള പ്രത്യാശാ നിർഭരമായ നിലപാടുകൾ ഈ ഉപധനാഭ്യർത്ഥനകളിലും ബഡ്ജറ്റിലുമുണ്ട്. കേരളത്തിലെ റെയിൽവേ ഓവർബ്രിഡ്ജുമായി ബന്ധപ്പെട്ട വിഷയത്തിൽ റെയിൽവേ മന്ത്രി രണ്ട് കോടി രൂപ മാറ്റിവച്ചു എന്നു പറയുന്നത് എന്നെ സംബന്ധിച്ചിടത്തോളം പ്രത്യാശാഭരിതമായാണ് ഞാൻ ആ തീരുമാനത്തെ കാണുന്നത്. സ്റ്റേറ്റ് ഹൈവേയിലുള്ള വടക്കാഞ്ചേരിയിലെ ഓവർ ബ്രിഡ്ജിന്റെ പണി നടത്താൻ 50 വർഷമായി അവിടത്തെ ജനങ്ങൾ ശ്രമിക്കുകയാണ്. ഡെപ്പോസിറ്റ് വർക്കിൽ ഉൾപ്പെട്ടിട്ടുള്ള ഈ പദ്ധതിക്കുവേണ്ടി ഇപ്പോൾ പൊതുമരാമത്ത് വകുപ്പുമന്ത്രി യോഗം വിളിച്ചുകൂട്ടി ഈ മാസംതന്നെ റെയിൽവേയ്ക്ക് സംഖ്യ അടപ്പിക്കാനും അതിന്റെ ടെൻഡർ ഉറപ്പിക്കാനും തീരുമാനമായി. അതിനാവശ്യമായ സംഖ്യകൂടി ധനകാര്യ വകുപ്പുമന്ത്രിയുടെ ഉപധനാഭ്യർത്ഥനാ നിർദ്ദേശങ്ങളിൽ ഉണ്ടെന്ന് പറയുന്നത് ആശാവഹവും എനിക്ക് ഏറെ സന്തോഷം നൽകുന്ന കാര്യവുമാണ്. അതുകൂടി സൂചിപ്പിച്ചുകൊണ്ട് കേരളത്തിന്റെ പുരോഗതിക്ക് സഹായകരമാകുന്ന നിർദ്ദേശങ്ങൾ അവതരിപ്പിച്ച ഈ ഉപധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>പ്രൊഫ. കെ.വി. തോമസ്</u> : സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. പ്രസിദ്ധ ബംഗാളി സാഹിത്യകാരി സാവിത്രി റോയിയുടെ ഒരു നോവലുണ്ട് 'നെല്ലിന്റെ ഗീതം'. ഇന്ന് നെല്ലിന്റെ ഗീതം ഉയരുന്നത് പശ്ചിമ ബംഗാളിലെ വയലേലകളിലാണ്. പശ്ചിമ ബംഗാളിൽ ഒരു വർഷം 158 ലക്ഷം ടൺ നെല്ലാണ് ഉൽപ്പാദിപ്പിക്കുന്നത്. എന്നാൽ 42 ലക്ഷം ടൺ അരി ഉപയോഗിക്കുന്ന കേരളത്തിൽ ഓരോ വർഷവും നെല്ലുൽപ്പാദനം കുറയുകയാണ്. 2001-2003-ൽ 8.8 ലക്ഷം ടൺ ഉൽപ്പാദിപ്പിച്ചെങ്കിൽ 2003-04-ൽ 5.7 ലക്ഷം ടൺ ആയി അത് കുറഞ്ഞു. അപ്പോൾ കേരളത്തിൽ നെല്ലിന്റെ ചരമഗീതമാണ് നാം കേൾക്കുന്നത്. എന്തുകൊണ്ടാണ് ഈ ചരമഗീതം പാടേണ്ടിവന്നത്? അതിന്റെ മറുപടി ഇന്നലെ ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ 'കൊയ്ത്ത്, മെതി, കറവ പ്രശ്നങ്ങൾ' എന്ന അദ്ദേഹത്തിന്റെ ലേഖനത്തിൽ കൊടുത്തിട്ടുണ്ട്. അദ്ദേഹം എന്താണ് പറയുന്നത്? വയൽ നികത്തുന്നതിന് ഇവിടെ നിയമം വരുന്നു, നികത്തുന്നവർക്കെതിരെ നടപടി വരുന്നു എന്നൊക്കെ ഈയിടെയായി കേൾക്കുന്നുണ്ട്. നല്ലതുതന്നെ. പക്ഷേ ഞാനൊന്ന്

LIBRARY ARCHIVES Kerala Legislative Assembly

ചോദിക്കട്ടെ, പാടത്ത് പൂട്ടാനും കൊയ്യാനും ആളുണ്ടോ? പശുക്കളെ കറക്കാൻ കറവക്കാരെ കിട്ടാനുണ്ടോ? ഇല്ല. ചെറുകിട കർഷകരെ മുന്നിൽ കണ്ടുകൊണ്ടുള്ള യന്ത്രവൽക്കരണമാണ് ഞാൻ ഇതിന് പരിഹാരമായി മുന്നോട്ടുവയ്ക്കുന്ന നിർദ്ദേശം. ട്രാക്ടറും ഡ്രില്ലറും തല്ലിത്തകർത്ത നാടാണ് ഇതെന്ന് ഓർമ്മിച്ചുകൊണ്ടുതന്നെയാണ് ഞാൻ ഇത് പറയുന്നത്. 1967-ലെ കമ്മ്യൂണിസ്റ്റ് മന്ത്രിസഭയുടെ കാലത്ത് ട്രാക്ടറും ഡ്രില്ലറും പ്രചരിപ്പിക്കാൻ കൃഷിവകുപ്പ് തീരുമാനിച്ചപ്പോൾ എന്തായിരുന്നു എതിർപ്പ്? അന്ന് ട്രാക്ടറുകൾ തകർത്ത സംഭവം നമ്മുടെ കാർഷിക മേഖലയുടെ ചരിത്രത്തിലെ കറുത്ത സംഭവമാണ്. പ്രഗത്ഭനായ ശ്രീ ഇ. ചന്ദ്രശേഖരൻ നായർക്കുപോലും 1967-ൽ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി, ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്കുണ്ടായ പാളിച്ച ഏതാണ്ട് 40 വർഷം കഴിഞ്ഞപ്പോഴാണ് തിരുത്താൻ തോന്നിയത്. പക്ഷേ 40 വർഷം കഴിഞ്ഞുപോയി. പലപ്പോഴും ഈ രാജ്യത്ത് നടക്കുന്ന മാറ്റങ്ങൾ ഉൾക്കൊള്ളാൻ മാർക്സിസ്റ്റ് പാർട്ടിക്ക് കഴിയുന്നില്ല. അതുപോലെതന്നെ കാർഷിക മേഖലയെ സംബന്ധിച്ചിടത്തോളം നമുക്ക് ഒരുപാട് മാറ്റങ്ങൾ ഉണ്ടാകേണ്ടതുണ്ട്. ശ്രീ. എം. എസ്. ജോസഫ്, മുൻ കാർഷിക കമ്മീഷണർ അടുത്തകാലത്ത് ഒരു ലേഖനം എഴുതിയിട്ടുണ്ട്. നിയന്ത്രണങ്ങളുടെ ചങ്ങലകൾ പൊട്ടിച്ചെറിയൂ എന്നാണ് അദ്ദേഹം പറയുന്നത്. കേരളത്തിലെ കർഷകന് സർക്കാർ നികുതിയും നിയമങ്ങളുംകൊണ്ട് കൂച്ചുവിലങ്ങ് ഇട്ടിരിക്കുന്നു. പർച്ചേസ് ടാക്സ്, ലെവി, സെസ്സ്, കാർഷികാദായ നികുതി, ഭൂനികുതി, കൃഷി ഭൂമി വിൽക്കുകയോ വാങ്ങുകയോ ചെയ്യുമ്പോൾ ഉള്ള സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നുവേണ്ട അനവധി പിരിവുകളാണ് സർക്കാർ കർഷകന്റെ തലയിൽ കെട്ടിവച്ചിരിക്കുന്നത്. അത് ശ്രീ. എം.എസ്. ജോസഫാണ് പറയുന്നത്. ഇടതുപക്ഷ പ്രസ്ഥാനങ്ങളോട് വളരെ അടുത്ത് പ്രവർത്തിക്കുന്ന ഒരാൾ. എന്തെങ്കിലും അദ്ദേഹം പറഞ്ഞതിൽ ഒരു ചെറിയ കാര്യം ചെയ്യാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി തയ്യാറായോ? കാർഷിക മേഖലയിൽ കർഷകരെ സഹായിക്കാൻ ഒരുപാട് സംഘങ്ങളുണ്ട്. മാർക്കറ്റിംഗ് ഫെഡറേഷൻ, റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ, കേരഫെഡ്, ഹോർട്ടികൾച്ചർ കോർപ്പറേഷൻ ഇതിലൊക്കെ യഥാർത്ഥ കർഷക പ്രതിനിധികളുണ്ടോ? അതെല്ലാം ഇന്ന് അഴിമതിയുടെ കേന്ദ്രങ്ങളായി മാറിയിരിക്കുന്നു. അതെല്ലാം കർഷകർക്ക് അനുകൂലമായി മാറ്റിയെങ്കിൽ മാത്രമേ കാർഷിക മേഖലയിൽ മാറ്റങ്ങളുണ്ടാക്കാൻ കഴിയൂ. ഇങ്ങനെ കാർഷിക മേഖലയിൽ മാറ്റങ്ങളുണ്ടാകണമെങ്കിൽ കേരളത്തിലെ കാര്യങ്ങൾ നമ്മൾ ചെയ്യണ്ടേ? അതിന് കേന്ദ്ര വിരുദ്ധം പറഞ്ഞാൽ മതിയോ? കാർഷിക മേഖലയിലെ പ്രശ്നങ്ങൾ പഠിക്കാൻ കേന്ദ്ര കൃഷി വകുപ്പുമന്ത്രി ശ്രീ. ശരത് പവാറിന്റെ നേതൃത്വത്തിലുള്ള ഒരു സംഘം വന്നു. അതിനെക്കുറിച്ച് മാതൃഭൂമിയിൽ പറഞ്ഞിട്ടുണ്ട്. എന്താണ് അവർ പറഞ്ഞിരിക്കുന്നത്? കേന്ദ്ര സംഘത്തിന്റെ മുമ്പിൽ കേരള സർക്കാരിന്റെ പ്രകടനം അപഹാസ്യമായിരുന്നു എന്ന് പറയാതെ വയ്യ. കാർഷിക പ്രതിസന്ധി തീർക്കാൻ 5,865 കോടി രൂപയുടെ സഹായം ആവശ്യപ്പെട്ട കാര്യംതന്നെ എടുക്കുക. വിദർഭയോട് കാണിച്ച താൽപ്പര്യം ശ്രീ. ശരത് പവാർ കേരളത്തോടും കാണിക്കുമെന്നായിരിക്കും സർക്കാർ പ്രതീക്ഷിച്ചത്. പക്ഷേ വിദർഭയിലെ ഉദ്യോഗസ്ഥർ അവരുടെ ജോലി ഭംഗിയായി നിർവഹിച്ചു എന്ന കാര്യം

LIBRARY ARCHIVES Kerala Legislative Assembly

നിഷേധിക്കാനാവില്ല. ഉറച്ച വാദങ്ങളാണ് അവർ പഴുതില്ലാത്ത വിധത്തിൽ അവതരിപ്പിച്ചത്. കേരളത്തിലെ ചർച്ചയിലോ? ചിലർ വിഷയം അവതരിപ്പിക്കുമ്പോൾ കേട്ടിരുന്നവർക്ക് സഹാനുഭൂതിയല്ല, ഉറക്കമാണ് വന്നത്. പ്രധാനപ്പെട്ട കേന്ദ്ര സംഘമാണ്. കേരളത്തിലെ പ്രശ്നങ്ങൾ പഠിക്കാൻ കേന്ദ്രത്തിലെ മന്ത്രിമാരിൽ വളരെ സീനിയറായ ശ്രീ. ശരത് പവാറിന്റെ നേതൃത്വത്തിൽ വന്നപ്പോൾ നമുക്ക് നമ്മുടെ കാര്യങ്ങൾ പറയാൻ കഴിഞ്ഞോ? ഇതിന് ആരാണ് ഉത്തരവാദി? കേന്ദ്രമാണോ ഉത്തരവാദി? അതുപോലെതന്നെ കേന്ദ്ര വിരോധംകൊണ്ട് നമ്മൾ എവിടെയാണ് എത്തുക? കഴിഞ്ഞ ദിവസം മലയാള മനോരമയിൽ ഒരു ചെറിയ കുറിപ്പ് കൊടുത്തിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ജി. സുധാകരൻ കൂടി ശ്രദ്ധിക്കണം. അദ്ദേഹം ഉറക്കത്തിലാണ്. അധികം ഉറക്കത്തിലായാൽ കയർ മേഖല തകർന്നുപോകും. ഞാൻ പറഞ്ഞിട്ടും അദ്ദേഹം എഴുന്നേൽക്കുന്നില്ല. എന്താണ് മലയാള മനോരമയിൽ പറഞ്ഞിരിക്കുന്നത്? പിരിക്കുന്തോറും കുരുങ്ങുന്ന കയർ. കേന്ദ്ര വാണിജ്യ മന്ത്രി ശ്രീ. ജയറാം രമേഷ് കഴിഞ്ഞ ദിവസം ആലപ്പുഴയിൽ ഒരു കയർ സഹകരണ സംഘം സന്ദർശിച്ചപ്പോൾ കയർ ബോർഡ് ചെയർമാൻ ശ്രീ. എ.സി. ജോസിനോട് ചോദിച്ചു, നിങ്ങൾ ഇപ്പോഴും പതിനാറാം നൂറ്റാണ്ടിലാണോ ജീവിക്കുന്നത്? കയർ ഉൽപ്പാദനത്തിന്റെ പഴഞ്ചൻ രീതികൾ കണ്ട് അത്ഭുതപ്പെട്ട ഒരു സാമ്പത്തിക വിദഗ്ദ്ധന്റെ ആശങ്ക കൂടിയായിരുന്നു അത്. അന്നുതന്നെ, ശ്രീ. ജി. സുധാകരൻ നിയമസഭയിൽ പറഞ്ഞു, Kerala Coir, The golden yarn of gods own Country എന്ന വിപണന നാമത്തിൽ കേരളത്തിലെ കയർ ഉൽപ്പന്നങ്ങൾ രാജ്യാന്തര വിപണിയിൽ വിൽക്കുന്നു. നല്ല കാര്യമാണ്. അദ്ദേഹത്തിന്റെ ഉദ്ദേശശുദ്ധിയെ ഞാൻ ചോദ്യം ചെയ്യുന്നില്ല. പക്ഷേ മാറ്റങ്ങൾ വേണ്ടേ? നമുക്ക് സെമി മെക്കനൈസേഷൻ വേണ്ടേ? കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക സഹായം കൃത്യ സമയത്ത് വാങ്ങി ഉപയോഗിക്കണ്ടേ? കയർ ക്ളസ്റ്റർ പദ്ധതിക്കുവേണ്ടി 46 കോടി രൂപ കേന്ദ്ര ഗവൺമെന്റ് അനുവദിച്ചിട്ടുണ്ട്. രണ്ടു വർഷംകൊണ്ട് അത് പൂർത്തീകരിക്കട്ടെ.

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : അങ്ങ് ഉന്നയിച്ചു വന്ന പ്രശ്നം, സംസ്ഥാന ഗവൺമെന്റിന് അത് നടപ്പാക്കാൻ യാതൊരു തരത്തിലുള്ള മുൻകയ്യില്ലെന്നും പൂർണ്ണമായും കയർ ബോർഡിന്റെ കീഴിലാണെന്നും കയർ ബോർഡ് കേന്ദ്രത്തിന്റെ കീഴിലാണെന്നും ഉള്ള കാര്യം മറച്ചുവച്ചുകൊണ്ട് അദ്ദേഹം തെറ്റിദ്ധരിച്ച് പറഞ്ഞിട്ടുണ്ടെങ്കിൽ ഇതെല്ലാം അറിയാവുന്ന അങ്ങ് തെറ്റിദ്ധാരണ കൂടുതൽ പരത്തുന്നത് ശരിയാണോ?

പ്രൊഫ. കെ.വി. തോമസ് : കയർ ക്ളസ്റ്റർ പരിപാടിയുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ധനകാര്യവകുപ്പു മന്ത്രിയുടെ കോൺസ്റ്റിറ്റ്യുവൻസിയിലാണ് പോയിട്ടുള്ളത്. അത് കയർ ബോർഡിന്റെ മാത്രമല്ല, കയർ ബോർഡിനെക്കൂടി ഉപയോഗിച്ചുകൊണ്ട് സംസ്ഥാന ഗവൺമെന്റാണ് ഈ പദ്ധതി നടപ്പിലാക്കേണ്ടത്. അതുമാത്രമല്ല, മോഡണൈസേഷനുവേണ്ടി ആവശ്യമായ പ്രോജക്ട് രൂപീകരിച്ചാൽ 200 കോടി രൂപ വരെ നൽകാമെന്ന് കേന്ദ്ര ഗവൺമെന്റ് പറയുകയുണ്ടായി. തർക്കത്തിനുവേണ്ടി പറയുകയല്ല. നമുക്ക് ഇത്തരം പ്രോജക്ടുകൾ സമയബന്ധിതമായി

LIBRARY ARCHIVES Kerala Legislative Assembly

നടപ്പിലാക്കാൻ സംവിധാനം വേണം. കേന്ദ്ര ഗവൺമെന്റിനെ മാത്രം കുറ്റം പറഞ്ഞിട്ട് കാര്യമില്ല. അതുകൊണ്ട് തീർച്ചയായും ഇത്തരം പ്രോജക്ടുകൾ കേന്ദ്രത്തിൽ നിന്ന് നേടിയെടുക്കാനും അങ്ങനെ നേടിയെടുത്ത പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പാക്കാനുമുള്ള ഒരു സംവിധാനത്തെക്കുറിച്ച് ഗൗരവമായി ആലോചിക്കണം. കൂടാതെ എനിക്ക് പറയാനുള്ളത് ടൂറിസത്തെക്കുറിച്ചാണ്. ടൂറിസം നമ്മുടെ സമ്പത്താണ്. കേരളത്തിന്റെ ടൂറിസം, നമ്മുടെ സമ്പത്തിന്റെ ഭാഗമായിത്തന്നെയാണ് പോകുന്നത്. അതിൽ ഒരുപാട് ആളുകളുടെ കോൺട്രിബ്യൂഷൻസ് ഉണ്ട്. ശ്രീ. ചന്ദ്രശേഖരൻ നായർ മുതൽ ശ്രീ. ആര്യാടൻ മുഹമ്മദുമൊക്കെ ഇവിടെ വലിയ അടിത്തറ നൽകിയിട്ടുള്ളവരാണ്. അതിൽ അടുത്ത കാലത്ത് ഉണ്ടായ ഏറ്റവും വലിയ മാറ്റം നമ്മുടെ ഹെൽത്ത് ടൂറിസമാണ്. ഇന്ന് ലോകത്ത് മുഴുവൻ മാർഗ്ഗദർശിയാകുന്ന വിധത്തിലാണ് കേരളത്തിലെ ടൂറിസം മുന്നോട്ടുപോകുന്നത്. ഡെന്റൽ ടൂറിസം, ഹാർട്ട് സർജറി ഇങ്ങനെ വിവിധ മേഖലകളിൽ ഇന്ന് വിദേശത്തുനിന്ന് ധാരാളം ആളുകൾ കേരളത്തിലേയ്ക്ക് എത്തിക്കൊണ്ടിരിക്കുകയാണ്. അതിന് തുടക്കം കുറിച്ചത് ഐക്യജനാധിപത്യമുന്നണിയാണ്. കഴിഞ്ഞവർഷം 200 കോടി രൂപയുടെ വരുമാനം ഹെൽത്ത് ടൂറിസം വഴി നമുക്ക് ഉണ്ടാക്കാൻ കഴിഞ്ഞുവെങ്കിൽ വരുന്ന 10 വർഷം കൊണ്ട് അത് 2000 കോടി രൂപയായി വർദ്ധിക്കുമെന്നാണ് കണക്ക്. മാത്രമല്ല വേൾഡ് ടൂറിസം കൗൺസിൽ പറഞ്ഞത് കേരളത്തിൽ 23 ശതമാനം വളർച്ച ടൂറിസത്തിൽ ഉണ്ടായി എന്നാണ്. ഇത് ചെറിയ വളർച്ചയല്ല. ഗ്രീസിനും ടർക്കിക്കുമൊപ്പം നാമും തല ഉയർത്തി നിൽക്കുകയാണ്. ഇവിടെ ശ്രീ. മോനായി സൂചിപ്പിച്ചതുപോലെ കഴിഞ്ഞ അഞ്ചുവർഷക്കാലം ടൂറിസം രംഗത്ത് തകർച്ചയല്ല വളർച്ചയാണ് ഉണ്ടായിട്ടുള്ളത്. 2001, 2002, 2003, 2004 എന്നീ വർഷങ്ങളിൽ ഏറ്റവും കൂടുതൽ അവാർഡുകൾ വാങ്ങിയ ഒരു സംസ്ഥാനം കേരളം ആണ്. അതുകൊണ്ട് തെറ്റിദ്ധാരണ പരത്തരുത്. ടൂറിസം എന്നു പറയുന്നത് ചെറിയ കാര്യമല്ല, കേരളത്തിന്റെ മുൻപോട്ടുള്ള പ്രയാണത്തിൽ ഏറ്റവും വലിയ സംഭാവന ചെയ്യാൻ കഴിയുന്ന മേഖലയാണ്. എനിക്ക് ഒന്നുമാത്രമേ പറയാനുള്ളൂ, അന്ധമായ കേന്ദ്ര വിരോധം നിങ്ങളെ ഒരു സ്ഥലത്തും എത്തിക്കില്ല. നിങ്ങളെ സംബന്ധിച്ച് നിങ്ങൾ അൽപ്പം താഴോട്ടുപൊയ്ക്കൊണ്ടിരിക്കുകയാണ്. ഇന്നത്തെ പത്രത്തിൽ കേരളത്തിൽ സി.പി.ഐ(എം)- ൽ കൊഴിഞ്ഞുപോക്ക് ശക്തം. ഇടുക്കി പത്തനംതിട്ട, ആലപ്പുഴ, എറണാകുളം ജില്ലകളിൽ നിന്ന് ആളുകൾ കൊഴിഞ്ഞുപൊയ്ക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് നിങ്ങൾ സന്തോഷിച്ചിരിക്കേണ്ട. ഇവിടെ കാര്യങ്ങൾ ഭദ്രമല്ല. നിങ്ങൾ രക്ഷപ്പെട്ടെന്ന് വിചാരിക്കേണ്ട. കേരളത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിൽ എക്കാലവും ഞങ്ങളുമുണ്ടാവും എന്ന് പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. മുരളി പെരുനെല്ലി : സർ, ഉപധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. കഴിഞ്ഞ അഞ്ചുവർഷം യു.ഡി.എഫ്. ഭരണം നമ്മുടെ സാമ്പത്തിക സ്ഥിതിയെ തുരങ്കം വയ്ക്കുകയാണ് ചെയ്തത്. യു.ഡി.എഫ്-ന്റെ അവസാന ബഡ്ജറ്റിന്റെ അവതരണവേളയിൽ നടത്തിയ ചർച്ചയുടെ കാലഘട്ടത്തിലും ഇന്നത്തെ ഭരണകക്ഷി അംഗമായ അങ്ങ്, അന്ന് പ്രതിപക്ഷത്തിരുന്ന് ചൂണ്ടിക്കാണിച്ച പല വസ്തുതകളെയും വകവച്ചില്ല, ഇപ്പോൾ ശരിയാണെന്ന് ബോധ്യം വന്നിരിക്കുകയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ധനകാര്യസമരത്തിൽ നിന്ന് സംസ്ഥാനത്തെ രക്ഷിക്കാൻ തീരുമാനിച്ച്

LIBRARY ARCHIVES Kerala Legislative Assembly

ബഡ്ജറ്റിൽ നിർദ്ദേശം വച്ചത് യഥാർത്ഥത്തിൽ കേരള ജനതയ്ക്ക് വലിയ ആശ്വാസമായി. ബഡ്ജറ്റ് സമഗ്രമായി പൊളിച്ചെഴുതണമെന്ന കേരള ജനതയുടെ ആഗ്രഹം നടപ്പാക്കാൻ പ്രതിബന്ധങ്ങളുണ്ടെന്ന് അങ്ങ് ബഡ്ജറ്റ് അവതരിപ്പിച്ച വേളയിൽ സൂചിപ്പിച്ചിരുന്നു. കേന്ദ്ര ആസൂത്രണ കമ്മീഷൻ അംഗീകരിച്ചത് 6210 കോടി രൂപയുടെ പദ്ധതിയാണെങ്കിലും നമ്മൾ 6450 കോടി രൂപയുടെ വാർഷിക പദ്ധതിയാണ് അംഗീകരിച്ചിരിക്കുന്നത്. സമഗ്രമായ വികസനത്തിന് സഹായകമായ ചില പ്രോജക്ടുകൾ പ്രഖ്യാപിച്ചുവെങ്കിലും പ്രതിസന്ധികൾ ഉണ്ട് എന്ന കാര്യവും ധനകാര്യ വകുപ്പുമന്ത്രി സൂചിപ്പിച്ചിരുന്നു. "വല്ലഭനും പുല്ലും ആയുധം" എന്നാണ് ചൊല്ല്. ധനകാര്യ മാനേജുമെന്റിൽ വിദഗ്ദ്ധനായ ധനകാര്യ വകുപ്പുമന്ത്രി എല്ലാം മുൻകൂട്ടികണ്ടുകൊണ്ട് സ്വീകാര്യമായ നടപടി എടുത്തതുകൊണ്ടാണ് ട്രഷറി അടച്ചുപൂട്ടുന്നതിൽ നിന്ന് രക്ഷിക്കാൻ കഴിഞ്ഞത്. ഓണക്കാലത്ത് കേരളത്തിലെ ജനതയ്ക്ക് ഐശ്വര്യ സമൃദ്ധി പ്രദാനം ചെയ്യുകയും ചെയ്തു. ഓണത്തിനു മുൻപുള്ള അഞ്ചുദിവസംകൊണ്ട് കൊടുത്തത് 1300 കോടി രൂപയാണ്. ശമ്പളം, പെൻഷൻ തുടങ്ങിയ ഇനങ്ങളിൽ 900 കോടി രൂപ കൊടുത്തു. ക്ഷേമ പെൻഷനുകൾ, തൊഴിലില്ലായ്മാവേതനം, പൊതുമേഖലാസ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് പെൻഷൻ തുടങ്ങി 250 കോടി രൂപ കൊടുത്തു. നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്ന കരാറുകാർക്ക് കഴിഞ്ഞ ഗവൺമെന്റ് പോകുമ്പോൾ 1300 കോടി രൂപയുടെ കുടിശ്ശിക ഉണ്ടായിരുന്നു അവർക്ക് 150 കോടിരൂപ കൊടുത്തു. 2004 മാർച്ച് 31-നുശേഷം ഒരു പത്തുപൈസപോലും കൊടുക്കാത്ത സ്ഥിതിയായിരുന്നു കഴിഞ്ഞ യു.ഡിഎഫ്. ഭരണ കാലത്ത്. ഓണത്തിന് 4-5 ദിവസം ട്രഷറി പ്രവർത്തിക്കുന്നത് കേരളത്തിൽ നടാടെയാണ്. ഇതിൽ ധനകാര്യ വകുപ്പുമന്ത്രിയ്ക്ക് അഭിമാനിക്കാം. ഒന്നും കൊടുക്കാത്ത നടപടികളാണ് യു.ഡി.എഫ്. ഭരണകാലത്ത് ഉണ്ടായിരുന്നത്. സാമ്പത്തിക സ്ഥിരത കൈവരിച്ചുവെന്നാണ് പ്രതിപക്ഷ നേതാവടക്കം അപ്പുറത്തുനിന്ന് നേതാക്കൻമാരെല്ലാം പറഞ്ഞിട്ടുള്ളത്. പാവപ്പെട്ടവരുടെ പോക്കറ്റിൽ എത്തേണ്ട ക്ഷേമപദ്ധതികൾ മരവിപ്പിച്ച് നിർത്തിയിട്ട് സാമ്പത്തിക സ്ഥിരത കൈവരിച്ചുവെന്ന് മേനി നടിക്കുന്നത് ഭൂഷണമല്ല. യഥാർത്ഥത്തിൽ മേനി പറയുന്നതിന്റെ അർത്ഥം കഴിഞ്ഞ അഞ്ചുവർഷം യു.ഡി.എഫ്. നിഷ്ക്രിയമാണെന്ന് സ്വയം സമ്മതിക്കുന്നതിന് തുല്യമാണ്. യു.ഡി.എഫ്.സർക്കാരിന്റെ കാലത്ത് സംസ്ഥാനം സാമ്പത്തിക സ്ഥിരത കൈവരിച്ചു എന്നുപറയുന്ന വാദം പൊള്ളയാണ്. അതിന് വിവിധ ഉദാഹരണങ്ങൾ സഹിതം പറയാൻ കഴിയും. ധനക്കമ്മി, റവന്യൂക്കമ്മി കുത്തനെകൂടുന്നു. അതുപോലെ പലിശ ബാധ്യത ഇരട്ടി ആയ സ്ഥിതിവിശേഷമുണ്ട്. കേന്ദ്രം വായ്പ പോലും നിഷേധിച്ചിരിക്കുകയാണ്, കഴിഞ്ഞ അഞ്ചുവർഷക്കാലത്തിനിടയിൽ പൊതുകടം ഭയാനകമാം വിധത്തിൽ വർദ്ധിച്ചു. ഇങ്ങനെ നോക്കുമ്പോൾ അഞ്ചുവർഷത്തെ നേട്ടം എന്നു പറയുന്നത് ഇക്കാര്യങ്ങളാണ്. കഴിഞ്ഞ ഭരണകാലഘട്ടത്തിൽ 500 കോടി രൂപയിലേറെ കടം വാങ്ങി, കേന്ദ്ര സഹായം മുൻകൂർ വാങ്ങിക്കൊണ്ടാണ് ട്രഷറി പൂട്ടാതെ നിർത്തിക്കൊണ്ടുപോയത്. ഇതാണ് യു.ഡിഎഫ്.-ന്റെ സ്ഥിരതാവാദം എന്ന് നമുക്ക് കാണാൻ കഴിയും. കഴിഞ്ഞ അഞ്ചുവർഷം കരിഞ്ചന്തക്കാർക്കും പൂഴ്ത്തിവയ്പ്കാർക്കും മാഫിയകൾക്കും വേണ്ടിയുള്ള ഭരണമായിരുന്നു എന്ന് കഴിഞ്ഞ ഭരണത്തിൽ പങ്കാളികളായിരുന്ന കക്ഷികൾ സ്വയം വെളിപ്പെടുത്തിയ കാര്യമാണ്. അവരുടെ

LIBRARY ARCHIVES Kerala Legislative Assembly

കൂടെ ഉണ്ടായിരുന്ന ചില ഘടകകക്ഷി നേതാക്കൾ പറഞ്ഞിട്ടുള്ള കാര്യമാണ്. "ഇപ്പോൾ ശ്രീ. ഉമ്മൻചാണ്ടിയുടെ ഭരണം നിയന്ത്രിക്കുന്നത് ചില കോക്കസുകൾ ആണ്. ഭരണത്തിന്റെ പേരിൽ നടക്കുന്നത് പിഴവുമാത്രമാണ്" യഥാർത്ഥത്തിൽ കടുംവെട്ടാണ് ആ കാലഘട്ടത്തിൽ നടന്നിരുന്നത്. റബർ ടാപ്പിംഗിന് ഉപയോഗിക്കുന്ന ഒരു പ്രത്യേക പദമാണ്. 2005-ൽ ശ്രീ. ടി. എം. ജേക്കബ് പറഞ്ഞ ഒരു കാര്യം ആയിരം നാവുള്ള അനന്തനുപോലും ജീവിതത്തിൽ പറയാൻ കഴിയാത്ത അഴിമതിയുടെ നാറ്റക്കഥകളാണ് പുറത്തുവന്നുകൊണ്ടിരിക്കുന്നത് എന്നാണ് വീണ്ടും ശ്രീ. ജേക്കബിന്റെ പ്രസ്താവന, ശ്രീ. മാണി സ്വന്തക്കാർക്കു മുഴുവൻ ഭൂമി പതിച്ചുകൊടുത്തു. ചാണ്ടി സ്വന്തക്കാരെ വളർത്തിക്കൊണ്ടിരിക്കുന്നു എന്നൊക്കെയാണ്. ഇതൊന്നും എന്റെ വാക്കുകളല്ല, ശ്രീ. ടി. എം. ജേക്കബ് സഭയ്ക്കകത്തും അതുപോലെ പുറത്തും പറഞ്ഞ കാര്യങ്ങളാണ്. അതുപോലെ രാജൻ ചാക്കോയുമായി ബന്ധപ്പെട്ടവരെ പരിശോധിച്ചാൽ ചോദ്യപേപ്പറിന്റെ ഉറവിടം കണ്ടെത്താമെന്ന കാര്യവും പറഞ്ഞു. യു.ഡി.എഫ്.-ന്റെ പൊതു അവസ്ഥയാണ് കാണാൻ കഴിയുന്നത്. അതുകഴിഞ്ഞ് ശ്രീ. പിള്ളയുടെ വാക്കുകളും നമുക്ക് രസകരമായി കാണാൻ കഴിയുന്നതാണ്. ഏപ്രിൽ ഒന്നുമുതൽ മദ്യവില കൂടും. കഴിഞ്ഞ ഗവൺമെന്റ് 2005-ൽ പറഞ്ഞ കാര്യം, യു.ഡി.എഫ്. സർക്കാരിന്റെ തീരുമാനം ആണ്. ആ കാലഘട്ടത്തിൽ ബാറുടമകൾക്ക് നൽകിയിട്ടുള്ള പഴയ മദ്യം കൂടിയ വിലയ്ക്ക് വിറ്റ് കൊള്ളലാഭം അടിക്കാനുള്ള നടപടികളാണ് ശ്രീ. ഉമ്മൻചാണ്ടി എടുത്തതെന്ന് ശ്രീ. പിള്ള പറഞ്ഞു. ഇത് ഒരു ബാർ ഉടമ തന്നെ പറഞ്ഞു എന്ന കാര്യവും അദ്ദേഹം പറഞ്ഞു. പത്രക്കാരോട് പറഞ്ഞതാണ്. 90 ലക്ഷം രൂപ ഒരു ബാർ ഉടമയ്ക്കുമാത്രം ഇതിന്റെ ഫലമായി കൊള്ളലാഭമുണ്ടാക്കാൻ കഴിഞ്ഞു എന്ന കാര്യം സഭയുടെ പുറത്ത് പറയുകയുണ്ടായി. 2001-06 വരെയുള്ള സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പ്രവർത്തനങ്ങളെക്കുറിച്ച് പരിശോധിച്ച ജസ്റ്റീസ് ഇ.കെ. മുരളീധരൻ കമ്മീഷൻ റിപ്പോർട്ട് സഭയ്ക്കു മുൻപാകെയുണ്ട്. ആ റിപ്പോർട്ടിൽ പറയുന്നത് ഞെട്ടിപ്പിക്കുന്ന കഥകളാണ്. 10 വർഷത്തെ നടപടികൾ പരിശോധിച്ചുവെങ്കിലും 2001 വരെയുള്ള അഞ്ചുവർഷം സിവിൽ സപ്ലൈസ് കോർപ്പറേഷന് യാതൊരു നഷ്ടവും വന്നിട്ടില്ല. എന്നാൽ 2001 മുതൽ 2006 വരെയുള്ള കാലഘട്ടത്തിൽ കോടികളുടെ നഷ്ടമാണ്. അത് തെളിയിക്കുന്ന രൂപത്തിലുള്ള റിപ്പോർട്ടുകൾ കമ്മീഷൻ റിപ്പോർട്ടിൽ കാണാൻ കഴിയും. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് കെ.പി.സി.സി ഭാരവാഹിയോട് റേഷൻകട അനുവദിക്കുന്നതിന് 30 ലക്ഷം രൂപ കൈക്കൂലി ചോദിച്ചത് അങ്ങാടിപ്പാട്ടാണ്. അതുപോലെ ജനപ്രതിനിധികൾപോലും കുറ്റപ്പെടുത്തിയ കാര്യം. 2005-ൽ ജെ.എസ്.എസ്. നേതാവ് ശ്രീ. രാജൻ ബാബു ഡൽഹിയിൽ വച്ച് പത്രക്കാരോട് പറഞ്ഞ കഥ, കാർഷിക മേഖലയിൽ വലിയ തകർച്ചയും കടക്കെണിയുംമൂലം കർഷകർ ആത്മഹത്യചെയ്യുന്ന സാഹചര്യത്തിൽ അവരെ സഹായിക്കുന്നതിന് ബഡ്ജറ്റ് വിഹിതം വർദ്ധിപ്പിക്കുന്നതിനുപകരം ബഡ്ജറ്റ് വിഹിതം വെട്ടിക്കുറച്ചത് കർഷകരോടുള്ള യു.ഡി.എഫിന്റെ മനോഭാവമാണ് വെളിവാക്കുന്നത് എന്നാണ്. ഇതറിയാൻ പാഴൂർ പടിപ്പുര വരെ പോകേണ്ട കാര്യമില്ല. കർശനമായ സാമ്പത്തിക അച്ചടക്കം പാലിച്ചുകൊണ്ടുള്ള നിലപാടുകൾ ചില മേഖലകളെ നിലനിർത്തുന്നതിന് ആവശ്യമാണ്. ഇത് വരുമാനം വർദ്ധിപ്പിക്കാനുള്ള മാർഗ്ഗമാണ്.



LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ടാണ് ഈ ഉപധനാഭ്യർത്ഥനകളെ കേരളത്തിലെ പൊതു സമൂഹം സ്വാഗതം ചെയ്യുന്നത്. വിൽപ്പന നികുതി ഓഫീസുകളുടെ നെറ്റ് വർക്ക് സ്ഥാപിക്കുന്നതിനുവേണ്ടി 5.8 കോടി രൂപ നീക്കിവച്ചു. അതുവഴി വിൽപ്പന നികുതിയിൽ വലിയ വർദ്ധനവ് ഉണ്ടാവുമെന്ന് പ്രതീക്ഷിക്കുന്നു. അതുപോലെ നികുതി വർദ്ധനയ്ക്ക് സഹായകമായ ഓപ്പറേഷൻ പാലക്കാട് ഗ്യാപ്പ് പദ്ധതി മൂന്നു വർഷത്തിനകം പ്രാവർത്തികമാക്കുന്ന തോടുകൂടി വലിയ മാറ്റങ്ങൾ ഉണ്ടാകും. ലക്കിവാറ്റ് സമ്പ്രദായം ഉപഭോക്താക്കൾക്കും അതുപോലെ വ്യാപാരികൾക്കും ഗുണകരമാണ്. അതുപോലെ ഗുണകരമായ പ്രഖ്യാപ നങ്ങൾ ഉണ്ട്. പക്ഷേ പ്രഖ്യാപനങ്ങൾ കേവലം പ്രഖ്യാപനങ്ങൾ മാത്രമായി മാറുകയാ യിരുന്നു കഴിഞ്ഞ കാലങ്ങളിൽ. എന്നാൽ എൽ.ഡി.എഫ്. ഭരണത്തിന്റെ കാലഘട്ടത്തിൽ ആ പ്രഖ്യാപനങ്ങൾ പ്രാവർത്തികമാക്കാനുള്ള നിരവധി നടപടികൾ ചെയ്യുന്നുണ്ട്. കൊച്ചുകുട്ടികളെ കൈകാര്യം ചെയ്യുന്ന അംഗനവാടികളിലെ ടീച്ചർമാർക്ക് ശമ്പള വർദ്ധനവിനുവേണ്ടി 7.5 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. കഴിഞ്ഞ അഞ്ചുവർഷക്കാലം പൊതുമേഖലാ വ്യവസായസ്ഥാപനങ്ങൾ സ്വകാര്യവത്ക്കരിക്കാനുള്ള നിലപാടുകളാണ് എടുത്തിട്ടുള്ളത്. ഇപ്പോൾ വ്യവസായങ്ങളെ ശക്തമാക്കി ആ മേഖലയിൽ പണിയെടുക്കു ന്നവർക്ക് അതിനെ ഗുണകരമായി, മാറ്റുന്നതിനുള്ള പ്രവർത്തനങ്ങളാണ് കാണുന്നത്. കെൽടെക്കിന്റെ ലോൺ, ഷെയർ ആക്കി മാറ്റുന്നതിന് 7.56 കോടി രൂപ വകയിരുത്തിയി ട്ടുണ്ട്. കെ.എസ്.ടി.പി പുനരുദ്ധരിക്കുന്നതിന് 3 കോടി രൂപയും. കെൽട്രോൺ പുനരുദ്ധാരണത്തിന് 10 കോടി രൂപയും മാറ്റിവച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് കാഷ്യു ഡെവലപ്മെന്റ് കോർപ്പറേഷനും കെ.എസ്.ആർ.ടി.സി-ക്കും വേണ്ടി കോടികൾ മാറ്റിവച്ചിരിക്കുന്നു. അതുപോലെ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പല പെൻഷനുകളും കുടിശ്ശിക ആയിരുന്നു. പരമ്പരാഗത വ്യവസായങ്ങളിലും കൈത്തൊഴി ലുകളിലും ഏർപ്പെട്ടിരുന്നവർക്ക് പെൻഷൻ കൊടുക്കുന്നതിന് പണം മാറ്റിവച്ചിട്ടുണ്ട്. കയർ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിച്ച് അതിനെ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കും. ബാംബൂ കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. നിർമ്മാണമേഖലയ്ക്ക് ഏറെ പരിഗണന കൊടുത്തിട്ടുണ്ട്. കേരളത്തിലെ പാവപ്പെട്ടവർ താമസിക്കുന്ന ലക്ഷംവീട് കോളനികൾ പുനരുദ്ധരിക്കുന്നതിനു വേണ്ടി ഉപധനാഭ്യർത്ഥനയിൽ 76 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളത് സ്വാഗതാർഹമാണ്. അത് ന്യായമായി വർദ്ധിപ്പിച്ചാൽപ്പോലും ഭീമമായ സംഖ്യ വരുന്നതാണ്. കാർഷിക കടാശ്വാസ ബിൽ ഇന്നത്തെ സഭയിൽ വരുന്നതാണ്, അതിന്റെ പ്രവർത്തനങ്ങൾക്കു വേണ്ടി 100 കോടി രൂപ മാറ്റിവച്ചിട്ടുണ്ട്. കടക്കെണിയിൽ നിന്ന് കർഷകരെ സഹായിക്കാൻ വില സ്ഥിരത ഉറപ്പുവരുത്തുകയും ഉത്പ്പാദനവും ഉത്പ്പാദനക്ഷമതയും വർദ്ധിപ്പിക്കുകയും വേണം. ഈ പ്രതിബന്ധങ്ങളെ എൽ.ഡിഎഫ്. സർക്കാരിന് ഉപധനാഭ്യർത്ഥനയിൽ കാണാൻ കഴിഞ്ഞു. ധനവിനിയോഗ കാര്യത്തിൽ നിരവധി പരാജയങ്ങൾ യു.ഡി.എഫ്. ഗവൺമെന്റിനുണ്ട്. എസ്.സി./എസ്.ടി. ഫണ്ട് വിനിയോഗി ക്കുന്ന കാര്യത്തിൽ വീഴ്ച വരുത്തി. നാഷണൽ കലാമിറ്റി ഫണ്ട് 2003-05-ൽ 13.78 കോടി രൂപ ചെലവഴിച്ചില്ല. പ്രകൃതിക്ഷോഭ ദുരിതാശ്വാസ ഫണ്ട് 2005-06-ൽ 14 കോടി രൂപ ചെലവഴിച്ചില്ല. പല നിലയിലും ജനങ്ങൾക്ക് നൽകേണ്ട പണം ചെലവാക്കിയതിൽ ഗുരുതരമായ വീഴ്ച വരുത്തിയ സർക്കാരാണ് കഴിഞ്ഞ അഞ്ചുവർഷക്കാലത്തെ യു.ഡി.എഫ്. സർക്കാർ. കെട്ടിവയളെ മൊഴിചൊല്ലുന്ന ചില കുട്ടപ്പൻമാരെപ്പറ്റി

LIBRARY ARCHIVES Kerala Legislative Assembly

കേട്ടിട്ടുണ്ട്, കെട്ടിയവനെ മൊഴിചൊല്ലുന്ന പെണ്ണുങ്ങൾ അത്യപൂർവ്വമാണ്. യു.ഡി.എഫി ന്റെ കാര്യത്തിൽ 'അനിയൻ ബാവ ചേട്ടൻ ബാവ കഥ ഓർമ്മ വരികയാണ്. ചേട്ടൻ ബാവ കെട്ടുന്നത് 2001-ലാണ്. 2001-04 വരെ. മുഖ്യമന്ത്രി പദവി എന്ന മാദകമോഹി നിയെ കെട്ടാൻ അനിയൻ ബാവയ്ക്ക് മോഹം വന്നപ്പോൾ അവൾ ചേട്ടൻ ബാവയെ ഒന്നിനും കൊള്ളാത്തവൻ എന്ന് പറഞ്ഞ് ചേട്ടൻ ബാവയെ മൊഴിചൊല്ലി. അനിയൻ ബാവയെ കെട്ടി. ചേട്ടൻ ബാവയെ ഡൽഹിയ്ക്ക് വിട്ടു. ഇപ്പോൾ ഒന്നിനുംകൊള്ളാത്തത് ചേട്ടനോ അനിയനോ എന്ന് സംശയം. ചേട്ടൻ ബാവ 100 മക്കളെ കൊണ്ടുവന്നു അനിയൻ ബാവ ആയപ്പോൾ അത് 42 ആയി പേരിനൊരു പെൺമണി പോലുമില്ലാതെ ദയനീയമായ സ്ഥിതിയിലാണ് കേരളത്തിലെ യു.ഡി.എഫിന്റെ അവസ്ഥ. ആഗോളവത്ക്കരണ കാലഘട്ടത്തിൽ കേരളത്തെ മുൻപോട്ടു നയിക്കുന്നതിനും സംസ്ഥാനത്തിന്റെ വികസന പ്രക്രിയ ത്വരിതപ്പെടുത്തുന്നതിനും കെൽപ്പുള്ള കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ കൊണ്ടുവന്ന ഉപധനാഭ്യർത്ഥനകൾ ജനങ്ങൾക്ക് പ്രയോജനകരമാണെന്ന് ഉത്തമബോധ്യമുള്ളതുകൊണ്ട് ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു.

ശ്രീമതി. കെ.എസ്.സലീഖ : സർ, 481.46 കോടി രൂപയുടെ അധിക ചെലവ് പ്രതീ ക്ഷിക്കുന്ന ഉപധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു. അതിൽ കാർഷികമേഖ ലയ്ക്ക് 25 ശതമാനം, അധിക ചെലവിനായി 119.7 കോടി രൂപ വകകൊള്ളിച്ചിരിക്കു ന്നത് നല്ല ലക്ഷണമാണ്. അതിനുകാരണം കർഷകരോടുള്ള ഈ സർക്കാരിന്റെ പ്രതിബദ്ധതയാണ്. പ്രൊഫ. കെ.വി. തോമസ് ഇവിടെ സൂചിപ്പിച്ച കാര്യം ബംഗാളിൽ നെല്ലുൽപ്പാദനം വളരെ വർദ്ധിക്കുന്നു, കേരളത്തിൽ ഇന്നതിന്റെ മരണ മണി മുഴങ്ങുന്നുവെന്ന്. അത് വ്യത്യാസമുണ്ടാവും കാരണം, മൂന്നു പതിറ്റാണ്ടായി തുടർച്ചയായി ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ കൈകളിലുള്ള ഭരണമാണ് ബംഗാളിലുള്ളത്. അവിടെ അതിനനുസരിച്ച് പരിപാടികൾ രൂപം കൊടുത്ത് മുന്നോട്ടുപോകാൻ കഴിയും. ഇവിടെ മാറിമാറി നിങ്ങൾ വരുന്നു, എന്നതുകൊണ്ടുതന്നെ അതിനു പ്രയാസം വരുന്നു എന്നതേ എനിക്ക് അതേ സംബന്ധിച്ച് പറയാനുള്ളൂ. ഭൂരിപക്ഷം വരുന്ന സാധാരണ ജനങ്ങളിൽ അധികഭാരം അടിച്ചേൽപ്പിക്കാതെ റവന്യു വരുമാനം വർദ്ധിപ്പി ക്കുന്നതിനാണ് സർക്കാർ ഊന്നം വയ്ക്കുന്നത്. സംസ്ഥാനത്തിന്റെ സാമ്പത്തിക നില മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമ്പോൾത്തന്നെ സാധാരണ ജനവിഭാഗങ്ങൾക്ക് പൂർണ്ണ ആശ്വാസം എത്തിക്കുന്നതിനും ആവശ്യമുള്ള കാര്യങ്ങളാണ്. ഉപധനാഭ്യർത്ഥനയിലൂടെ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ചൂണ്ടിക്കാണിച്ചിട്ടുള്ളത്. പാവപ്പെട്ടവർക്ക് നികുതി ഇളവുകൾ അനുവദിക്കുന്നതോടൊപ്പം സമ്പന്ന വിഭാഗത്തിൽ നിന്നും നികുതി ഈടാക്കാനുള്ള നടപടികളും സ്വീകരിക്കേണ്ടതായിട്ടുണ്ട്. ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹ്യക്ഷേമം എന്നിവയ്ക്ക് കൂടുതൽ പണം ചെലവാക്കി യാൽ മാത്രമേ സാമൂഹ്യനീതി ഉറപ്പുവരുത്തിക്കൊണ്ടുള്ള ഒരു സാമ്പത്തിക വിനിയോഗം സാധ്യമാക്കുക എന്നത് യാഥാർത്ഥ്യമാക്കാൻ കഴിയുകയുള്ളൂ. ആരോഗ്യമേഖലയ്ക്ക് 40.3 കോടി രൂപയും വിദ്യാഭ്യാസ മേഖലയ്ക്ക് 24 കോടി രൂപയും സാമൂഹ്യക്ഷേമപ്രവർത്ത നങ്ങൾക്ക് പ്രത്യേകിച്ച് പട്ടികജാതി-പട്ടികവർഗ്ഗ, ഗിരിവർഗ്ഗ ക്ഷേമ പ്രവർത്തനങ്ങൾക്ക് 14.5 കോടി രൂപയും നീക്കിവച്ചിരിക്കുന്നത് സ്വാഗതാർഹമാണ്. ഗ്രാമീണ കർഷകർക്ക് കൂടുതൽ ആശ്വാസകരമായ നടപടികൾ സ്വീകരിക്കുന്നതിനും ഗ്രൂപ്പ് ഫാമിംഗ്

LIBRARY ARCHIVES Kerala Legislative Assembly

സംവിധാനത്തിലൂടെ നെല്ലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും വേണ്ടി നിയമവും ആയതിന് പ്രത്യേകമായി തുകയും ഉപധനാഭ്യർത്ഥനയിൽ വകകൊള്ളിച്ചിരിക്കുന്നത് അഭിനന്ദനാർഹമാണ്. കാർഷിക മേഖലയുടെ വികസനം മാത്രമല്ല സാധ്യമാകുന്നത് ഇതിലൂടെ പ്രതിശീർഷ വരുമാനം വർദ്ധിക്കുകയും അതിലൂടെ അവരുടെ ക്രയശേഷിയിലുണ്ടാകുന്ന വർദ്ധനവും കൂടുതൽ വിൽപ്പന നികുതി ലഭിക്കുന്നതിന് വഴിയൊരുക്കും എന്ന കാഴ്ചപ്പാടുമുണ്ട്. സംസ്ഥാനത്ത് നെറ്റ്വർക്ക് പോലെ പ്രവർത്തിക്കുന്ന പ്രാഥമിക സഹകരണ സംഘങ്ങൾ വഴി ഗ്രാമീണ ബാങ്കിങ് സംവിധാനം പ്രാവർത്തികമാക്കുന്നതിനും പരമ്പരാഗത തൊഴിൽമേഖലയിൽ വികസനം സാധ്യമാക്കുന്നതിനുമുള്ള കർമ്മ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കേണ്ടതുമുണ്ട്. അതിനു ലക്ഷ്യം വച്ചുകൊണ്ട് പരമ്പരാഗത മേഖലയ്ക്ക് 11.7 കോടി രൂപ നീക്കി വച്ച് ഈ കർമ്മ പരിപാടിയ്ക്ക് തുടക്കം കുറിച്ചിരിക്കുന്നത് നാം കാണേണ്ടതാണ്. സംസ്ഥാന വരുമാനം വർദ്ധിപ്പിക്കുന്നതിന് പുതിയ സ്രോതസ്സുകൾ കണ്ടെത്തുന്നതിനോടൊപ്പം പാഴ്ചെലവുകൾ നിയന്ത്രിക്കുന്നതിനും നടപടി സ്വീകരിക്കണം. നികുതി പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതോടൊപ്പം നികുതി വെട്ടിപ്പ് തടയുന്നതിനും കർശനനടപടി സ്വീകരിക്കണം. ഭരണപരമായ കാര്യങ്ങളിൽ കാലതാമസവും ഉദ്യോഗസ്ഥരുടെ അനാസ്ഥ, കാര്യശേഷി ഇല്ലായ്മ തുടങ്ങിയ കാരണങ്ങളാലും പദ്ധതികൾ നടപ്പിലാക്കാൻ കാലതാമസം നേരിടുന്നുണ്ട്. പദ്ധതികൾ ആസൂത്രണം ചെയ്യുകയും അത് സമയ ബന്ധിതമായി പൂർത്തിയാക്കുകയും ചെയ്യുക എന്നതാണ് ഗവൺമെന്റിന്റെ ലക്ഷ്യം. അത് പൂർത്തിയാക്കാത്തത് പാഴ്ചെലവുകൾ വർദ്ധിപ്പിക്കുമെന്ന കാര്യത്തിൽ സംശയമില്ല. പ്രത്യേകിച്ച് എസ്റ്റിമേറ്റ് തുകയുടെ ഇരട്ടിത്തുക പദ്ധതി അവസാനിക്കുമ്പോഴേയ്ക്കും വിനിയോഗിക്കേണ്ടിവരികയാണ്. ഇങ്ങനെയുള്ള സാമ്പത്തിക ചോർച്ച ഫലപ്രദമായി തടയുന്നതിന് നടപടികൾ സ്വീകരിക്കണം. സാമ്പത്തിക ചോർച്ച പരിഹരിക്കുന്നതിനുവേണ്ടി ഒരു നിർദ്ദേശം എനിക്ക് സൂചിപ്പിക്കാനുള്ളത്, ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി മുൻകയ്യെടുത്തുകൊണ്ട്, ഈ സാമ്പത്തിക വർഷം പ്രവർത്തന കാലാവധി എന്ന കണക്കിൽ സാമ്പത്തിക കമ്മിഷൻ രൂപീകരിക്കണം. അതിന്റെ പ്രവർത്തനം പരിശോധിച്ച് കുറവുകൾ പരിഹരിക്കുന്നതിന് നിർദ്ദേശങ്ങൾ നൽകുകയും വേണമെന്ന് അഭിപ്രായമുണ്ട്. ഭരണപരമായ കാലതാമസം നീതിനിഷേധത്തിനും അഴിമതിക്കും വഴിയൊരുക്കും. ഇതുമൂലംകോടതികളിൽ കേസുകൾ വർദ്ധിപ്പിക്കുന്നതിന് ഇടയാക്കുന്നുണ്ട്. ഇപ്പോൾത്തന്നെ 800 കോടിയിലധികം രൂപയാണ് നികുതി കുടിശ്ശികയുടെ കാര്യത്തിൽ കോടതി സ്റ്റേ ചെയ്തിട്ടുള്ളത്. ആറായിരത്തിലധികം കേസ്സുകളാണ് ഹൈക്കോടതിയിൽ മാത്രം നിലവിലുള്ളത്. ഇത്തരം കേസുകൾനടത്തുന്നതിലേയ്ക്കായി കോടികളാണ് ഖജനാവിൽ നിന്ന് ചെലവഴിക്കേണ്ടിവരുന്നത്. ഇത് തടയുന്നതിന് ഉദ്യോഗതലത്തിൽത്തന്നെ ഇടപെടലുകൾ ഉണ്ടാകണം. അനാവശ്യമായി കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിക്കുന്നതിനും ഇതുമൂലം സർക്കാരിനുണ്ടാകുന്ന സാമ്പത്തികനഷ്ടം ഈടാക്കുന്നതിനും ശക്തമായ നടപടികൾ സ്വീകരിക്കണം. കേരളത്തിൽ ടൂറിസം മേഖലയിൽ വൻപിച്ച വികസന സാധ്യതകളാണുള്ളത്. ഇക്കാര്യത്തിൽ ഒട്ടു വളരെ കർമ്മ പദ്ധതികൾ ഈ സർക്കാർ

LIBRARY ARCHIVES Kerala Legislative Assembly

ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇതിലേയ്ക്ക് 6.7 കോടി രൂപ വകകൊള്ളിച്ചിട്ടുള്ളത് സ്വാഗതാർഹമാണ്. പ്രകൃതിഭംഗികൊണ്ട് അനുഗ്രഹീതമായ നമ്മുടെ സംസ്ഥാനത്ത് പ്രാദേശികതലത്തിൽ വിനോദസഞ്ചാര യോഗ്യമായ പല പ്രദേശങ്ങളും കണ്ടെത്തി വികസിപ്പിക്കേണ്ടതുണ്ട്. സംസ്ഥാനത്ത് രൂപംകൊള്ളുന്ന മിനി ഹൈഡ്രൽ പ്രോജക്ടുകളോടനുബന്ധിച്ച് വിനോദസഞ്ചാരത്തിനാവശ്യമായ സൗകര്യങ്ങൾകൂടി ഉണ്ടാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കാനുള്ള ശ്രമവും സ്വാഗതാർഹമാണ്. പ്രാദേശികമായ വിനോദ സഞ്ചാര വികസനം തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കാവുന്നതാണ്. ഇതു വഴി ഗ്രാമീണതൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കാനാകും. ടൂറിസത്തിൽ പ്രധാനമായും നാം വിട്ടുപോകുന്ന ഒന്നാണ് ശുചിത്വമെന്നുള്ളത്. ദൈവത്തിന്റെ സ്വന്തം നാടായി നാം വിശേഷിപ്പിക്കുന്ന കേരളം കേരളമായി മാറണമെങ്കിൽ ശുചിത്വം നാം പാലിക്കേണ്ടതുണ്ട്. നമ്മുടെ നാട് കൂടുതൽ മനോഹരമാക്കാൻ നയപരിപാടികൾ ആവിഷ്കരിക്കണം. പുതിയതായി ഒരു ശുചിത്വ വകുപ്പു തന്നെ രൂപീകരിക്കേണ്ടതുണ്ട് എന്നൊരഭിപ്രായവും എനിക്കുണ്ട്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി തിരുനാവായിൽ സ്മൃതി ടൂറിസം പദ്ധതി നടപ്പാക്കുമെന്ന് പ്രസ്താവിച്ചിട്ടുണ്ട്. അതു വളരെ നല്ല സംഭവമാണ്. അതിനെ ചുവട് പിടിച്ച് സാംസ്ക്കാരിക ചരിത്രപരമായ തനിമകളെ പരിപോഷിപ്പിച്ചു ഈ പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കണം. ഗ്രാമീണ മേഖലയിൽ പ്രവർത്തിക്കുന്ന കുടുംബശ്രീ യൂണിറ്റുകളിലൂടെ ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സർക്കാർ ഉപധനാഭ്യർത്ഥനയിൽ 59.75 കോടി രൂപ മാറ്റിവച്ചിട്ടുണ്ട്. ഈ യൂണിറ്റുകളുടെയെല്ലാം ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനുവേണ്ടിയുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. സമ്പന്ന വിഭാഗങ്ങളിൽ നിന്നും വിദ്യാഭ്യാസ ഫണ്ട് പിരിച്ചെടുത്ത് പാവപ്പെട്ട വിദ്യാർത്ഥികളെ സഹായിക്കുന്നതിനുവേണ്ടിയുള്ള കർമ്മ പരിപാടികളെക്കുറിച്ച് പറഞ്ഞു തുടങ്ങിയെങ്കിലും ഇക്കാര്യത്തിൽ ഫലപ്രദമായ നടപടികൾ ഇതുവരെയും മുന്നോട്ടുകൊണ്ടുപോകാൻ കഴിഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പു മന്ത്രിയുടെ സ്പെഷ്യൽ സ്കൂൾ പദ്ധതിക്ക് ആവശ്യമായ തുക ഈ ഇനത്തിൽ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. അതേസമയം തന്നെ കേരളത്തിലെ അരക്കോടിയിലേറെ വരുന്ന വിദ്യാർത്ഥികളുടെ കലാകായിക സാംസ്ക്കാരിക പ്രവർത്തനങ്ങൾക്കായി 24 കോടി രൂപ ഈ ഉപധനാഭ്യർത്ഥനയിൽ നീക്കിവച്ചിട്ടുള്ളത് തികച്ചും അഭിനന്ദനാർഹമാണ്. മുൻ സർക്കാരിന്റെ കെടുകാര്യസ്ഥതയും അഴിമതിയും സ്വജനപക്ഷപാതവുംകൊണ്ട് ആകെ തകർന്നടിഞ്ഞ നമ്മുടെ സമ്പത്ത്വ്യവസ്ഥക്ക് പുത്തൻ ഉണർവ് നൽകുന്നതിനുളള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുന്നതിന് നമ്മുടെ ധനകാര്യവകുപ്പുമന്ത്രി എടുക്കുന്ന ധീരമായ തീരുമാനങ്ങൾ തികച്ചും പ്രശംസനീയമാണ്. റവന്യൂ കമ്മി എങ്ങനെയാണ് കുറയ്ക്കാനാവുക എന്ന് അറിയാത്തവരല്ല അപ്പുറത്തിരിക്കുന്നത്. പക്ഷെ അവർ വാർത്തകളെല്ലാം ഉയർത്തിപ്പിടിച്ച് പറയുന്നതുകേട്ടാൽ കഴിഞ്ഞ അഞ്ച് വർഷക്കാലം അവരായിരുന്നില്ല ഭരിച്ചിരുന്നത് എന്ന തോന്നലാണ് നമ്മളിൽ ഉണ്ടാക്കുന്നത്. എങ്ങനെ വരുമാനം ഉണ്ടാക്കി നാടിന്റെ ഭരണം മുന്നോട്ടുകൊണ്ടു പോകാൻ ആകുമെന്നതാണ് സാമ്പത്തിക വിദഗ്ദ്ധനായ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി എടുക്കുന്ന നിലപാടുകളെന്ന് നമുക്കറിയാം. ഇതിനെ പ്രശംസിക്കുന്നതിനു പകരം അതിനെ എങ്ങനെയാണ്

LIBRARY ARCHIVES Kerala Legislative Assembly

നിഷേധിക്കുകയെന്ന സമീപനമാണ് അവർ സ്വീകരിക്കുന്നത്. മുൻ സർക്കാരിന്റെ കാലത്ത് മൂവായിരം കോടിയിലധികം രൂപ നികുതി കുടിശ്ശിക ഈ രാജ്യത്ത് പിരിച്ചെടുക്കാനുണ്ടായിരുന്നു. അതിൽ അറുപത് കോടി രൂപ മാത്രമാണ് അവർക്ക് പിരിച്ചെടുക്കാൻ കഴിഞ്ഞത്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ഇത്തരം കാര്യങ്ങളിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കേണ്ടതുണ്ട്. അങ്ങനെ സ്വീകരിക്കുമ്പോൾ തീർച്ചയായും എഴുപത്തഞ്ച് ശതമാനം അതായത് കുറഞ്ഞത് രണ്ടായിരം കോടി രൂപയെങ്കിലും നമുക്ക് നികുതിയിനത്തിൽ പിരിച്ചെടുക്കാനാവും എന്നതാണ് അതിനെ സംബന്ധിച്ച് സൂചിപ്പിക്കുവാനുള്ളത്. പ്രാദേശിക വികസനം സാധ്യമാകത്തക്ക രീതിയിൽ ജനകീയാസൂത്രണം നടപ്പിൽ വരുത്തേണ്ടതുണ്ട്. ഇതിലേക്കായി അധികാര വികേന്ദ്രീകരണം ത്വരിതപ്പെടുത്തേണ്ടതാണ്. പരിസ്ഥിതി പ്രശ്നം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയാണ് ഇന്ന് രാജ്യത്തിനുള്ളത്. പ്രാദേശിക വികസനം പരിസ്ഥിതിക്ക് അനുയോജ്യമായ തരത്തിൽ നടപ്പിൽ വരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. വിഷപാനീയങ്ങളായ കോളയുടെ സ്ഥാനത്ത് നാളികേരത്തിലധിഷ്ഠിതമായ പാനീയങ്ങൾ നിർമ്മിക്കുന്നതിനും അവ പ്രചരിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതോടൊപ്പം തന്നെ പ്രാദേശികമായിട്ടുള്ള റിസോഴ്സ് മാപ്പിംഗ് നടത്തി ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ നമുക്ക് കഴിയണം. അങ്ങനെ പുതിയ വിദ്യാഭ്യാസ രീതിയനുസരിച്ച് സ്കൂൾ സിലബസിൽ ഈ റിസോഴ്സ് മാപ്പിംഗ് കൂടി ഉൾപ്പെടുത്തി പ്രാദേശികമായ വിഭവവിവരം ശേഖരിക്കുന്നതിനുള്ള പ്രോജക്ടുകൾ വിദ്യാർത്ഥികൾക്ക് നൽകാവുന്നതാണ്. അങ്ങനെയുള്ള പ്രോജക്ട് റിപ്പോർട്ടുകൾ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ പഠനവിധേയമാക്കിപ്രാദേശിക വികസനം സാധ്യമാക്കാവുന്നതാണ്. അതു സംബന്ധിച്ച പ്രവർത്തനങ്ങൾ സന്നദ്ധ സംഘടനകൾ വഴിയും നമുക്ക് നടപ്പാക്കാവുന്നതാണ്. തൊഴിൽ മേഖലയിൽ സംഘടിതരും അസംഘടിതരുമായ തൊഴിലാളികളുടെ ക്ഷേമപ്രവർത്തനത്തിന് സർക്കാർ പ്രാധാന്യം നൽകി വരുന്നു. സ്വകാര്യ ആശുപത്രികളിലെ തൊഴിലാളികൾക്കും അതോടൊപ്പം തന്നെ ഷോപ്പ് വർക്കേഴ്സിനും ക്ഷേമനിധി ഏർപ്പെടുത്താൻ സ്വീകരിച്ച നടപടി ഇതിനുദാഹരണമാണ്. കക്ക വാരൽ തൊഴിലാളികൾക്ക് ക്ഷേമനിധി ആരംഭിക്കാൻ തീരുമാനിച്ചിട്ടുള്ളതും ആയതിലേയ്ക്ക് ആവശ്യമായ തുക നീക്കിവച്ചിട്ടുള്ളതും തികച്ചും സ്വാഗതാർഹമാണ്. പീഡിത വിഭാഗക്കാരെ സംരക്ഷിക്കുന്നതിനും പൂട്ടിക്കിടക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനുമുള്ള നടപടികളും ഈ സർക്കാർ സ്വീകരിച്ചു വരുന്നുയെന്നുള്ളത് അഭിനന്ദിക്കാൻ വകയുള്ളതാണ്. ഒരു സേവന മേഖല എന്ന നിലയിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന ട്രാൻസ്പോർട്ടിനുവേണ്ടി 42.16 കോടി രൂപ ഉപധനാഭ്യർത്ഥനയിൽ മാറ്റിവച്ചത് ഇതിനെ രക്ഷിക്കാനുള്ള ദൃഢവിശ്വാസം ഈ സർക്കാരിനെ സംബന്ധിച്ചിടത്തോളമുണ്ടെന്ന് തെളിയിക്കുന്നതാണ്. സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമ പ്രവർത്തനങ്ങളുടെ മേഖലയിൽ വിവിധ സെൻട്രലി സ്പോൺസേർഡ് സ്കീമുകൾ നിലവിലുണ്ട്. കാര്യക്ഷമമായ പ്രവർത്തനങ്ങളുടെ അഭാവത്തിൽ ഇതിലേക്കുള്ള ധനസഹായം നഷ്ടപ്പെട്ടുപോകുന്നുവെന്ന സ്ഥിതിവിശേഷവും നിലനിൽക്കുകയാണ്. പല സ്കീമുകളെക്കുറിച്ചും ബന്ധപ്പെട്ടവർക്കുപോലും അറിയാൻ കഴിയാത്ത ഒരു സ്ഥിതിയാണ് നിലവിലുള്ളത്. ഫലപ്രദമായ

LIBRARY ARCHIVES Kerala Legislative Assembly

ഇടപെടലുകളിലൂടെ ഈ സ്കീമുകൾ ഐഡന്റിഫൈ ചെയ്യാനും വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താനും നമുക്ക് കഴിയേണ്ടതുണ്ട്. കേരളത്തെ സംബന്ധിച്ചിടത്തോളം കേരളത്തിലെ ആദ്യത്തെ കമ്മ്യൂണിസ്റ്റ് മന്ത്രിസഭയാണ് ഭൂപരിഷ്ക്കരണ നിയമം നടപ്പാക്കിയത് എന്ന ചരിത്രം നമുക്കറിയാം. കാർഷിക കേരളത്തിൽ കടാശ്വാസ കമ്മിഷൻ രൂപീകരിച്ച് വീണ്ടും ചരിത്രത്തിന്റെ ഭാഗമായി മാറുകയാണ് ഈ നിയമസഭയും സർക്കാരും. അധികച്ചെലവിന്റെ ഇരുപത്തഞ്ച് ശതമാനവും കാർഷികമേഖലയിൽ നീക്കിവച്ചു എന്നത് അതിന്റെ ഉദാഹരണമായി തന്നെ ഞാൻ കാണുകയാണ്. അതുകൊണ്ടുതന്നെ ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ സർവ്വാത്മനാ പിൻതാങ്ങിക്കൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. പി. തിലോത്തമൻ : സർ, ഇവിടെ അവതരിപ്പിച്ച ഉപധനാഭ്യർത്ഥനകളെ ഞാൻ തികഞ്ഞ അഭിമാനബോധത്തോടെ പിൻതാങ്ങുകയാണ്. നമ്മുടെ സംസ്ഥാനത്തിന്റെ വളരെ പ്രയാസം നിറഞ്ഞ സാമ്പത്തിക ചുറ്റുപാടിൽനിന്നുകൊണ്ട് പരിമിതമായ നാളുകൾക്കുള്ളിൽത്തന്നെ നല്ലൊരു ധനകാര്യ മാനേജ്മെന്റ് നിർവ്വഹിക്കാൻ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിക്ക് കഴിഞ്ഞു എന്നുള്ളത് പ്രശംസാർഹമാണ്. നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് കേരളത്തിലെ മഹാഭൂരിപക്ഷം വരുന്ന ജനതയുടെയും താല്പര്യങ്ങൾ സംരക്ഷിക്കാൻ ഈ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ് എന്ന് വിളിച്ചറിയിക്കുന്ന രൂപത്തിലുള്ള നടപടികളാണ് ഈ ഗവൺമെന്റ് ഈ പരിമിതമായ കാലയളവിൽ സ്വീകരിച്ചത്. അതിന്റെ എല്ലാ കാര്യങ്ങളും പറയേണ്ട കാര്യമില്ല. ഇവിടെ പല മെമ്പർമാരും അതുസംബന്ധമായി ഒരുപാടു കാര്യങ്ങൾ പറഞ്ഞുകഴിഞ്ഞു. ഇവിടെ എൽ.ഡി.എഫ്. എന്നോ യു.ഡി.എഫ്. എന്നോ വാദമുഖങ്ങൾ ഉന്നയിക്കേണ്ട ഒരു സന്ദർഭമല്ല എന്നാണ് എന്റെ അഭിപ്രായം. നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധി മുറിച്ചുകടക്കാൻ പുതിയ വരുമാന സ്രോതസ്സ് ഉണ്ടാക്കിയെടുക്കുക എന്നുള്ളത് നമ്മുടെ സമൂഹത്തിന്റെ ആകെയുള്ള ഒരു പ്രശ്നമാണ്. നമ്മുടെ സംസ്ഥാനത്ത് റവന്യൂ വരുമാനത്തേക്കാൾ കൂടുതൽ തുക ശമ്പളത്തിനും പലിശയ്ക്കും പെൻഷനുമൊക്കെയായി നാം കൊടുക്കേണ്ടിവരുന്നു വെന്നാണ് കഴിഞ്ഞ എത്രയോ നാളുകളായുള്ള നമ്മുടെ കണക്കുകളെല്ലാം ബോധ്യപ്പെടുത്തുന്നത്. ജനക്ഷേമകരമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ പണമില്ല, വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ പണമില്ല, പുതുതായി ഒരു സംരംഭം ആരംഭിക്കാൻ പണമില്ല. അത്തരം സന്ദർഭങ്ങളിലല്ലാതെ തന്നെ കടംവാങ്ങി വാരിക്കൂട്ടി നിത്യനിദാനച്ചെലവുകൾക്കായി ചെലവഴിച്ചതിന്റെ ഊരാക്കുടുക്കിൽ നമ്മുടെ സംസ്ഥാനം നട്ടംതിരിയുന്ന കാഴ്ചയാണ് നമുക്ക് കാണാൻ കഴിയുന്നത്. ആ ഒരു അവസ്ഥയിലാണെങ്കിലും, ആ ഒരു സന്ദർഭത്തിലാണെങ്കിലും, ആ ഒരു ചുറ്റുപാടിൽ നിന്നാണെങ്കിലും നല്ല ഒരു മെയ്വഴക്കത്തോടെ നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി ഭരണച്ചെലവ് കുറച്ച് എല്ലാവിഭാഗം കണ്ണീർവാർക്കുന്ന ജനങ്ങളുടെയും കണ്ണീരൊപ്പാൻ നടപടി സ്വീകരിച്ചു. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് പോകുകയല്ല. നമ്മുടെ സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും മോചനം നേടാൻ പുതിയ വിഭവങ്ങൾ സമാഹരിച്ചേ മതിയാകൂ, പുതിയ വിഭവങ്ങൾ കണ്ടെത്തിയേ മതിയാകൂ. അതിന് കേരളത്തിൽ കഴിയുമെന്നാണ് അദ്ദേഹം തന്നെ ചൂണ്ടിക്കാണിച്ച ചില നിലപാടുകളിൽ നിന്നും

LIBRARY ARCHIVES Kerala Legislative Assembly

ബോധ്യമാകുന്നത്. ഇവിടെ കേരളം അത്രകണ്ട് പാപ്പരായ ഒരു സംസ്ഥാനമല്ല, വിഭവശുഷ്കമായ ഒരു സംസ്ഥാനമല്ല. ഇവിടെയൊരു ചെറിയ വിഭാഗം ഒരു മധ്യവർത്തി വിഭാഗം ഉണ്ട്. അവരുടെ നമ്പർ ചെറുതൊന്നുമല്ല. ലക്ഷക്കണക്കിനാളുകൾ നന്നായി വളർന്ന് നല്ല പണമുണ്ടാക്കി, തടിച്ചു കൊഴുത്ത് ഇവിടെ നിൽക്കുകയാണ്. അവരും അവരുടെ മാർഗ്ഗങ്ങളുമെല്ലാം വ്യത്യസ്തങ്ങളായിരിക്കും. ആ പണമുള്ളവരിൽ നിന്ന് അല്പം പണം നമ്മുടെ സംസ്ഥാനത്തിന്റെ വികസനത്തിന്, നമ്മുടെ മറ്റ് അത്യാവശ്യം വേണ്ട പ്രവർത്തനങ്ങൾക്കും തീർച്ചയായും ഉണ്ടായേ മതിയാകൂ. ആ രംഗത്ത് കണ്ണു വെച്ചുകൊണ്ടുള്ള ഒരു സമീപനം തീർച്ചയായും ഇവിടെ സ്വീകരിക്കും. അദ്ദേഹത്തിന്റെ നിലപാടുകൾ അതാണ് സൂചിപ്പിക്കുന്നത്. അങ്ങനെ മാത്രം സംഭരിച്ചാൽ പോരാ. കേന്ദ്രം നിയോഗിച്ച വോറാ കമ്മിഷൻ റിപ്പോർട്ടിൽ നമ്മുടെ രാജ്യത്ത് ഒന്നര ലക്ഷം കോടി രൂപയുടെ ഒരു സമാന്തര സമ്പദ്ഘടന പ്രവർത്തിക്കുന്നു. അതിലെല്ലാ മാഫിയക്കാരനുമുണ്ട്, എല്ലാ നികുതി തട്ടിപ്പുകാരനുമുണ്ട്, എല്ലാ കരിഞ്ചന്തക്കാരനുമുണ്ട്. അങ്ങനെയുള്ള സമാന്തരമായി പ്രവർത്തിക്കുന്ന ഒരു ധനശേഷിയുടെ ഒരു സാമ്പത്തികഘടന നമ്മുടെരാജ്യമൊട്ടാകെ പ്രവർത്തിക്കുന്നു എന്ന് 'വോറ കമ്മിഷൻ റിപ്പോർട്ടി'ലൂടെ ഇവിടെ അനാവരണം ചെയ്യപ്പെട്ടതാണ്. അവരാരും ചെറിയ ആളുകളല്ല. പകൽ മാന്യന്മാരാണെങ്കിലും വമ്പൻ സ്രാവുകളാണ്. അതിന്റെയെല്ലാം വിസ്തരിച്ച കഥകളിവിടെ ഞാൻ പറയുകയല്ല. അത്തരം സമാന്തര സമ്പദ്ഘടനയുടെ ഭാഗമായി പ്രവർത്തിക്കുന്ന അതിന്റെയൊക്കെ ഏജൻസികൾ നമ്മുടെ സംസ്ഥാനത്തും ഉണ്ടെന്ന് നമുക്ക് നല്ലവണ്ണമറിയാം. ചാരായ നിരോധനം ഏർപ്പെടുത്തിയതാണ് ശ്രീ. എ. കെ. ആന്റണി. അതിനുശേഷം ഇവിടെ തടിച്ചു കൊഴുത്ത ഒട്ടേറെ മദ്യമാഫിയ സംഘം നമ്മുടെ സംസ്ഥാനത്ത് ഉണ്ട്. സമാന്തരമായി പ്രവർത്തിച്ച ഇവരെ മൂക്കു കയറിടാൻ ഈ സംസ്ഥാന ഗവൺമെന്റ് ചില നടപടികൾ സ്വീകരിച്ചു. തീർച്ച യായും അവർക്ക് എതിർപ്പുണ്ടാകും. അതുപോലെ തന്നെ നമ്മുടെ വനമാകെ വിറ്റ്, കട്ടുമുടിച്ച്, വനസമ്പത്ത് കൊള്ളയടിച്ച് അങ്ങനെ തടിച്ചുകൊഴുത്ത ഒരു വനംമാഫിയാ സംഘം ഇവിടെ പ്രവർത്തിക്കുകയാണ്. അവരെ നിയന്ത്രിക്കാൻ നടപടി സ്വീകരിക്കുകയാണ്. തീർച്ചയായും അവർക്ക് എതിർപ്പുണ്ടാകും. മദ്യമാഫിയാ സംഘ ങ്ങളേയും വനം മാഫിയാ സംഘങ്ങളേയും അഴിമതിക്കാരേയും നികുതി വെട്ടിപ്പു കാരേയും നിയന്ത്രിക്കാൻ ആവശ്യമായ നടപടികൾ ഈ ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടി രിക്കുകയാണ്. തീർച്ചയായും അത് നല്ലൊരു കാര്യം തന്നെയാണ്. അങ്ങനെ നമുക്ക് വരുമാനം ഉണ്ടാക്കുവാൻ കഴിയുന്ന മേഖലകൾ ഇവിടെത്തന്നെയുണ്ട്. അത് രൂപപ്പെടു ത്തണമെന്നാണ് എന്റെ നിർദ്ദേശം. എന്നു മാത്രമല്ല, ഈ പാപ്പരായ സാമ്പത്തിക സംവിധാനമുള്ള ഈ സംസ്ഥാനത്തെ സഹായിക്കേണ്ടത് കേന്ദ്രത്തിന്റെ ഒരു ബാധ്യതയാണ്. അതുപറയുമ്പോൾ കേന്ദ്ര വിരുദ്ധമെന്ന് പറഞ്ഞ് ആക്ഷേപിക്കുന്നതെന്തി നാണ്? ഈ സംസ്ഥാനത്തിന് അർഹതപ്പെട്ടതല്ലേ ചോദിക്കുന്നത്? അത് പദ്ധതി വിഹിതത്തിന്റെ കാര്യമാണെങ്കിലും മൂലധന നിക്ഷേപത്തിന്റെ കാര്യമാണെങ്കിലും ഇവിടെ പുതിയ വ്യവസായസംരംഭങ്ങൾ ആരംഭിക്കേണ്ടുന്ന സന്ദർഭങ്ങളാണെങ്കിലും അതുപോലെതന്നെ നമ്മുടെ കണ്ടെയ്നർ ടെർമിനലിന്റേതാണെങ്കിലും, വിഴിഞ്ഞം തുറമുഖത്തിന്റേതാണെങ്കിലും, ഈ പ്രശ്നങ്ങളൊക്കെ വരുമ്പോൾ നമ്മളോട് എടുക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

സമീപനം ചിറ്റമ്മ നയമാണ്. അതിനെതിരെ പ്രതികരിക്കുമ്പോൾ കേന്ദ്രവിരുദ്ധമെന്ന് എന്തിനാണ് പറയുന്നത്. നമുക്ക് സന്തോഷത്തിനുള്ള വകയുണ്ട്. ഇന്ന് നമ്മുടെ പ്രിയപ്പെട്ട ശ്രീമാൻ ആന്റണിക്ക് കേന്ദ്രത്തിൽ ഒരു പ്രധാനപ്പെട്ട വകുപ്പിന്റെ ചുമതല വഹിക്കാൻ അവസരം ലഭ്യമായത് നമുക്ക് സന്തോഷമുള്ള കാര്യമാണ്. അദ്ദേഹം കൂടി നിർണ്ണായകമായ പങ്ക് വഹിച്ച് കേരളത്തിന് അർഹതപ്പെട്ടത് വാങ്ങിത്തരുമെന്നു തന്നെയാണ് നമ്മുടെ വിചാരം. അദ്ദേഹം അതു ചെയ്യണം. നമ്മളെല്ലാം പ്രതീക്ഷയോടെ കാണുന്നത് അതാണ്. എന്നാൽ അദ്ദേഹത്തിന്റെ മുൻകാല ചെയ്തികൾ നമുക്ക് ആശങ്ക ഉളവാക്കുന്നതാണ്. ഉത്തരനെപ്പോലെ പടക്കളത്തിൽ നിന്ന് പിൻതിരിയുകയല്ല വേണ്ടത്. അഭിമന്യുവിനെപ്പോലെ പോരാടി അവിടെ നിൽക്കണം. അതിനുള്ള ചങ്കൂറ്റം അദ്ദേഹം കാണിക്കുമോ? തീർച്ചയായും ഇവിടത്തെ കോൺഗ്രസ്സുകാർ അദ്ദേഹത്തിന് കരുത്ത് പകരണം. നമ്മുടെ കരുത്തും സഹകരണവും തീർച്ചയായും ഉണ്ടാകും. കേരളത്തിന്റെ താല്പര്യത്തിനുവേണ്ടി അദ്ദേഹം പ്രവർത്തിക്കുമോ? തീർച്ചയായും കേരളത്തിലെ ജനങ്ങൾ ഒറ്റക്കെട്ടായി നില്ക്കേണ്ട സന്ദർഭമാണ്. ചില സന്ദർഭങ്ങളിൽ അങ്ങനെ നിന്നിട്ടുണ്ട്. നിൽക്കുമെന്നുതന്നെയാണ് നമ്മുടെ പ്രതീക്ഷ. അങ്ങനെ കേന്ദ്രം നമ്മളെ സഹായിക്കണം. എന്നാൽ അനുഭവങ്ങൾ അതൊന്നുമല്ല. ഇപ്പോൾ കാർഷികമേഖലയുടെ ദുരവസ്ഥ കേരളത്തിന്റെ കുറ്റമാണോ? നമ്മുടെ കാർഷിക മേഖലയുടെ തകർച്ചയ്ക്ക് പ്രധാനപ്പെട്ട കാരണം കേന്ദ്രം സ്വീകരിച്ച തെറ്റായ നയങ്ങളാണ്. കേരളത്തിലെ സമ്പദ്ഘടനയെ താറുമാറാക്കിയത് കേന്ദ്രത്തിന്റെ ആ നയമാണ്. കാർഷിക വിദഗ്ദ്ധർ പറയുന്നതെന്താണ്? കാർഷികോല്പന്നങ്ങളുടെ വിലയിടിവ് മൂലം കേരളത്തിന് പ്രതിവർഷം 7,000 കോടിരൂപയുടെ നഷ്ടം ഉണ്ടാകുന്നുവെന്നാണ്. നാം കേന്ദ്രത്തിന് മുന്നിൽ പാക്കേജ് അവതരിപ്പിച്ചു, സഹായത്തിനുവേണ്ടി കൈനീട്ടി. ചോദിച്ചത് 5,500 കോടി രൂപ. തന്നത് 765 കോടി രൂപ. ആന്ധ്രക്ക് അയ്യായിരത്തിലധികം കോടിരൂപയും, കർണ്ണാടകത്തിന് മൂവായിരത്തിലധികം കോടി രൂപയും, മഹാരാഷ്ട്രയ്ക്ക് നാലായിരത്തിലധികം കോടി രൂപയും കൊടുത്തു. സഹായം കൈനീട്ടി നാം ചെല്ലുമ്പോൾ നമുക്ക് നൽകേണ്ടത് നൽകുന്നില്ല. ഒരു ചിറ്റമ്മ നയം സ്വീകരിക്കുന്നില്ലേ എന്നുള്ള ഒരു സംശയം തീർച്ചയായും തോന്നിപ്പോകുന്നു. അപ്പോൾ നമ്മൾ പ്രതികരിക്കുന്നു. അപ്പോൾ കേന്ദ്രവിരുദ്ധമെന്ന് പറഞ്ഞ് ആക്ഷേപിക്കുന്നതെന്തിനാണ് ? തീർച്ചയായും കേന്ദ്രം കേരളത്തെ സഹായിക്കേണ്ടതുപോലെയല്ല സഹായിക്കുന്നത്. അർഹതപ്പെട്ടതാണ് നാം ചോദിക്കുന്നത്. അത് നല്കിയേ മതിയാകൂ, കേരളത്തിന്റെ സാമ്പത്തിക ഘടന മെച്ചമാക്കാൻ അത് കൂടിയേ കഴിയൂ. അതിന് സഹായിക്കണമെന്നതാണ് നമ്മുടെ അഭിപ്രായം. ഇവിടെ എനിക്ക് മുമ്പ് സംസാരിച്ച നമ്മുടെ ആദരണീയനായ തോമസ് സാർ, അദ്ദേഹം കയർ വ്യവസായത്തിന്റെ കാര്യം പറഞ്ഞു. കേന്ദ്രമന്ത്രി ശ്രീ. ജയറാം രമേഷ് ഇവിടെ വന്നപ്പോൾ കയർ വ്യവസായത്തിൽ പണിയെടുക്കുന്ന ആളുകളുടെ ജീവിതം കണ്ട് അദ്ദേഹം മൂക്കത്തു വിരൽ വച്ചുപോയി. നിങ്ങൾ ഏതു നൂറ്റാണ്ടിലാണ് ജീവിക്കുന്നതെന്ന് അദ്ദേഹം ചോദിച്ചു. ഞാൻ ചോദിക്കുന്നത് അദ്ദേഹം എവിടെ നിന്നാണ് വരുന്നത്? ഇന്ത്യയെക്കുറിച്ച് അദ്ദേഹത്തിന് എന്തറിയാം? കേരളത്തിലെയല്ല രാജ്യത്തിലെ പരമ്പരാഗത വ്യവസായങ്ങളിൽ പണിയെടുക്കുന്ന കോടിക്കണക്കിനാളുകളുടെ ജീവിതത്തെ കാണാൻ ഇവർ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

തയ്യാറാകുന്നുണ്ടോ? തയ്യാറാകണം. കേരളത്തിലെ കയർ വ്യവസായത്തെ മുച്ചൂടും തകർത്തത് കേന്ദ്രത്തിന്റെ നയമാണ്. അല്ലെന്ന് പറയാൻ കഴിയുമോ? ചേർത്തല, അമ്പലപ്പുഴ താലൂക്കുകളിൽ മാത്രമല്ല, കേരളത്തിന്റെ തീരപ്രദേശങ്ങളിൽ നാല് നാലര ലക്ഷം ആളുകൾ പണിയെടുക്കുന്ന കയർ മേഖലയിലെ ആളുകളെ കണ്ണീരിന്റെ കയങ്ങളിലേക്ക് വലിച്ചെറിഞ്ഞത് കേന്ദ്രത്തിന്റെ നയമാണ്. കയറിന്റെ തറവിലയും കയറുല്പന്നങ്ങളുടെ തറവിലയും, ക്വാളിറ്റി കൺട്രോൾ സംവിധാനവും എടുത്തു കളഞ്ഞു. കേരളത്തിലെ കയറ്റുമതിക്കാരായ മുതലാളിമാർ വിദേശ മാർക്കറ്റിൽ പോയി മത്സരിക്കുകയാണ്. അവർ വില കുറച്ച് കയർ വിൽക്കുന്നു. അവർ വില കുറച്ച് കയറുല്പന്നങ്ങൾ വിൽക്കുന്നു. കേരളത്തിൽ ആ ബാദ്ധ്യത മുഴുവൻ ഇവിടെ ചെറുകിട ഉല്പാദകരുടേയും തൊഴിലാളികളുടേയും പിടലിക്കു വച്ചുകൊടുക്കുകയാണ്. അതാണ് കയർ വ്യവസായത്തിന്റെ ഇന്നത്തെ പ്രതിസന്ധിക്കുള്ള മുഖ്യ കാരണം. മുതലാളിക്ക് നഷ്ടമൊന്നുമുണ്ടാകുന്നില്ല. വില കുറച്ച് വിദേശ കമ്പോളത്തിൽ കയറും കയറുല്പന്നങ്ങളും വിൽക്കുമ്പോൾ ഇവിടെ അതിന്റെ ഭാരം മുഴുവൻ ഏൽപ്പിച്ചുകൊടുക്കുന്നത് തൊഴിലാഴികളുടെ പുറത്താണ്. മുഴുവൻ ഭാരവും ഇറക്കിവച്ചുകൊടുക്കുന്നത് ചെറുകിടക്കാരുടെ മുതുകത്താണ്. അല്ലെങ്കിൽ തലയിലാണ്. മുതലാളി അവിടെ വില കുറച്ച് കൊടുക്കുമ്പോൾ ലാഭവിഹിതം കുറയുന്നില്ല. കയർ വ്യവസായം നേരിടുന്ന ആ പ്രതിസന്ധിക്ക് പരിഹാരമുണ്ടാക്കാൻ കയർ തൊഴിലാളികൾ മാത്രമല്ല, കയർ ഫാക്ടറി തൊഴിലാളികൾ മാത്രമല്ല കേരളത്തിന്റെ മഹാഭൂരിപക്ഷം ആളുകൾ ആവശ്യപ്പെട്ടിട്ട് എന്തു നടപടിയാണ് സ്വീകരിക്കുന്നത്? ആ നയമല്ലേ തിരുത്തേണ്ടത് ? ആ നയം തിരുത്തുകയാണ് വേണ്ടത്. അതിനു പകരം മൂക്കത്ത് വിരൽ വച്ച് പറയുകയാണ് കയർ വ്യവസായത്തിൽ മോഡണൈസേഷന്റെ ആവശ്യകതയുണ്ടെന്ന്. നമ്മളാരും അതിനെ എതിർക്കുന്നവരല്ല. എതിർക്കുന്നില്ല ശ്രീ. ഷാജു: കയർ വ്യവസായത്തെക്കുറിച്ച് ശ്രീ. ഷാജുവിന് ഒന്നും അറിയില്ല. ആ വ്യവസായത്തെ പുതിയ ഒരടിത്തറയിൽ പുനഃസംഘടിപ്പിച്ച് മുന്നോട്ടുകൊണ്ടുപോകാനാവശ്യമായ നടപടി സ്വീകരിക്കുവാൻ ഈ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ പ്രതിജ്ഞാബദ്ധമാണ്. അത് ചെയ്തു കൊണ്ടിരിക്കുന്നു. അതിന്റെ അനുരണനങ്ങൾ കാണാൻ കഴിയുന്നുണ്ട്. ഇവിടെ ചിക്കുൻഗുനിയയെക്കുറിച്ച്, ശ്രീ. ഷാജുവൊക്കെ ഒരുപാടു പ്രസംഗിച്ചതല്ലേ? ചിക്കുൻ ഗുനിയ ബാധിതരായ പത്ത് നാല്പതിനായിരത്തോളം ആളുകൾ അനുഭവിക്കുന്ന പ്രയാസങ്ങൾ നിങ്ങൾ ഘോരഘോരം പ്രസംഗിച്ചല്ലോ. അതിൽ മഹാഭൂരിപക്ഷവും കയർത്തൊഴിലാളികളാണ്, കയർ ഫക്ടറിത്തൊഴിലാളികളാണ്. അവർക്ക് ഈ പരിമിതമായ ദിവസങ്ങൾക്കുള്ളിൽ തന്നെ അപേക്ഷ കിട്ടിയ മുറയ്ക്ക് 150 രൂപയും 300 രൂപയും കൊടുക്കാൻ കേരളത്തിന്റെ കയർ വ്യവസായ വകുപ്പു മന്ത്രി ബഹുമാനപ്പെട്ട ജി. സുധാകരൻ അവിടെ വന്ന് നടപടി സ്വീകരിച്ചു, ആ പണം കൊടുത്തുകൊണ്ടിരിക്കുകയാണ്. അങ്ങനെ പാവങ്ങളുടെ കണ്ണീരൊപ്പുന്ന ഒരു ഗവൺമെന്റാണിത്. ചിക്കുൻഗുനിയയെക്കുറിച്ച് രണ്ട്വാക്കു കൂടി പറയണം, ആ പ്രയാസം ഞങ്ങളുടെ താലൂക്കിൽ ഇപ്പോഴും അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ഒരു ഗവൺമെന്റും ചെയ്യാത്ത തരത്തിൽ ഇവിടെ പറഞ്ഞു, എൻഡോസൾഫാൻ മുഖേന മരണപ്പെട്ട ആളുകളുടെ കുടുംബങ്ങൾക്ക് ധനസഹായം എത്തിച്ചു. കടം വന്ന്

ആത്മഹത്യചെയ്ത കൃഷിക്കാരുടെ കുടുംബങ്ങളെ സഹായിക്കാൻ ഈ ഗവൺമെന്റ് ആകുന്നതെല്ലാം പരിശ്രമിച്ച് സഹായധനം എത്തിച്ചുകൊടുത്തു. അതുപോലെ ചിക്കുൻഗുനിയ ബാധിച്ച് മരണപ്പെട്ടവരുടെ 70-ൽ പരം ആളുകളുടെ വീട്ടിലും ധനസഹായമെത്തിക്കാൻ ഈ സർക്കാർ നടപടി സ്വീകരിച്ചു. ഇത്രവേഗം സ്പീഡി യായ ഒരു നടപടി. മുൻ സർക്കാരിന്റെ കാലത്ത് നൽകിയ സൗജന്യറേഷന്റെ പണവും കൊടുത്തത് ഈ സർക്കാരാണ്. സുനാമി ദുരന്തമുണ്ടായപ്പോൾ നൽകിയ സൗജന്യ റേഷന്റെ പണവും നല്കിയത് ഈ സർക്കാരിന്റെ കാലത്താണ്. ചിക്കുൻഗുനിയ ബാധിതരായ ആയിരക്കണക്കിനാളുകൾക്ക് ഒരു മാസമല്ല ഒന്നര മാസമല്ല രണ്ടു മാസമായിട്ടും ആ അസുഖം മാറുന്നില്ല. അവർക്ക് ജോലിക്ക് പോകാൻ കഴിയുന്നില്ല. ഇപ്പോഴും കൈവിരലുകൾ നിവരുന്നില്ല, മുട്ടു നിവരുന്നില്ല, നടക്കാൻ നിവൃത്തിയില്ല. വളരെ പ്രയാസമനുഭവിക്കുകയാണ് ചേർത്തല താലൂക്കിലെ ആയിരക്കണക്കിന് ജനങ്ങൾക്ക് ഒരു സർക്കാർ എന്ന നിലയിൽ അവർക്ക് എല്ലാ കാര്യങ്ങളും ചെയ്യാൻ പരിശ്രമിച്ചിട്ടുണ്ടെന്ന് നമുക്ക് ബോധ്യമുണ്ട്. എന്നാലും നൽകിക്കൊണ്ടിരിക്കുന്ന സൗജന്യറേഷൻ രണ്ടാഴ്ചത്തേക്കുകൂടി നൽകി അവരെ സഹായിക്കണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഉപധനാഭ്യർത്ഥനകളെ പിൻതുണയ്ക്കുന്നു. എന്റെ വാക്കുകൾ ചുരുക്കുന്നു.

ശ്രീ. വി. ശിവൻകുട്ടി: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ പിൻതാങ്ങുകയാണ്. 481.86 കോടി രൂപയുടെ ഉപധനാഭ്യർത്ഥനകളാണ് സഭയുടെ അംഗീകാരത്തിനുവേണ്ടി സമർപ്പിച്ചിട്ടുള്ളത്. ഇവയിൽ മിക്കതും ബഡ്ജറ്റിലൂടെ സർക്കാർ തന്നെ പ്രഖ്യാപിച്ചിട്ടുള്ള പുതിയ പദ്ധതിക്കുള്ള അധികതുക വകയിരുത്തിക്കൊണ്ടുള്ളതാണ്. അതുകൊണ്ടുതന്നെ ഇതിനെ സപ്ലിമെന്ററി ഡിമാന്റ് എന്നതിനുപകരം അഡീഷണൽ സപ്ലിമെന്ററി ഡിമാന്റ് എന്നു വിളിക്കുന്നതായിരിക്കും ഉചിതം. ഈ സപ്ലിമെന്ററി ഡിമാന്റിൽ 299.51 കോടി രൂപ, അതായത് 70 ശതമാനം തുക പദ്ധതി ചെലവിനു വേണ്ടിയുള്ളതാണ്. യു.ഡി.എഫിന്റെ ഭരണകാലത്ത് ബഡ്ജറ്റ് പ്രസംഗത്തിൽ വാരിക്കോരി ഒരുപാടു പ്രഖ്യാപനങ്ങളും വാഗ്ദാനങ്ങളും നൽകിയെങ്കിലും അതൊന്നും നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല എന്നുള്ളത് നമുക്കെല്ലാപേർക്കും അറിയാവുന്നതാണ്. എന്നുമാത്രമല്ല, പ്രഖ്യാപിച്ച കാര്യങ്ങൾ നടപ്പിലാക്കുന്നതിനുവേണ്ടി ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്നില്ല. കേരളത്തിലെ ജനങ്ങളെ കബളിപ്പി ക്കുകയായിരുന്നു. അത്തരത്തിൽ ഒരു സമീപനം സ്വീകരിച്ചതിന്റെ ഫലമായി കേരളത്തിലെ ജനങ്ങൾ അതിന് ചുട്ടമറുപടി കൊടുത്തു എന്നുള്ളത് നമ്മൾ കണ്ടതാണ്. പ്രഖ്യാപിച്ച പദ്ധതികൾ നടപ്പിലാക്കാൻ ഈ സാമ്പത്തിക പ്രതിസന്ധിക്ക് ഇടയിലും തുക വകയിരുത്താൻ തയ്യാറായ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണ്. തിരുവനന്തപുരത്ത് കോടതി സമുച്ചയം നിർമ്മിക്കുന്നതിന് പുതിയ ബഡ്ജറ്റിൽ പ്രഖ്യാപനമുണ്ട്. അതിനുവേണ്ടി ഒരു കോടി രൂപ സപ്ലിമെന്ററി ഡിമാന്റിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. തെക്കൻ കേരളത്തിലെ ജനങ്ങളുടെ ചിരകാലാഭിലാഷമാണ് തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുക എന്നുള്ളത്. തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് കൂടി പ്രവർത്തിപ്പിക്കാൻ കഴിയുന്ന നിലയ്ക്കായിരിക്കണം വഞ്ചിയൂരിൽ പുതിയതായി നിർമ്മിക്കാൻ പോകുന്ന കോടതി സമുച്ചയം രൂപകൽപ്പന ചെയ്യേണ്ടത്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ

LIBRARY ARCHIVES Kerala Legislative Assembly

ട്രോമാകെയർ യൂണിറ്റ് സ്ഥാപിക്കാനും യന്ത്രങ്ങൾ വാങ്ങിക്കാനും രണ്ടരക്കോടി രൂപ വകകൊള്ളിച്ചിരിക്കുകയാണ്. കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് രണ്ടരക്കോടി രൂപയും മെഡിക്കൽ കോളേജിൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഒരു കോടി രൂപയും സപ്ലിമെന്ററി ഡിമാന്റിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. യു.ഡി.എഫി-ന് അഞ്ചു വർഷംകൊണ്ട് ചെയ്യാൻ കഴിയാത്ത ഈ കാര്യങ്ങളെ അവർ എതിർക്കുമെന്ന് എനിക്കു തോന്നുന്നില്ല. കേരളത്തിലെ ആരോഗ്യരംഗം സംബന്ധിച്ച് യു.ഡി.എഫിന്റെ ഭരണകാലത്തുണ്ടായ ഗുരുതരമായ വീഴ്ച 2005-ലെ സാമ്പത്തിക അവലോകന റിപ്പോർട്ടിലെ പേജ് നമ്പർ 5-ൽ സൂചിപ്പിച്ചിരിക്കുകയാണ്. ഉയർന്ന മരണനിരക്ക്, ആരോഗ്യമേഖലയിലെ അടിസ്ഥാന സൗകര്യങ്ങളുടെ പോരായ്മ, എച്ച്.ഐ.വി. എയിഡ്സിന്റെ പ്രശ്നങ്ങൾ, മലമ്പനി, വയറിളക്കം, ഡങ്കിപ്പനി, മാനസിക രോഗങ്ങൾ എന്നിവയുടെ തിരിച്ചുവരവ് എന്നീ പ്രശ്നങ്ങൾ ഈ സംസ്ഥാനം നേരിടുന്നു എന്ന് യു.ഡി.എഫിന്റെ ഭരണകാലഘട്ടത്തെ ആരോഗ്യരംഗത്തെ സംബന്ധിച്ചുള്ള 2005-ലെ അവലോകന റിപ്പോർട്ടിൽ സൂചിപ്പിച്ചിരിക്കുകയാണ്. തീർച്ചയായും എനിക്കുശേഷം സംസാരിക്കാൻപോകുന്ന എന്റെ ബഹുമാന്യനായ സുഹൃത്ത് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഈ കാര്യങ്ങളൊക്കെതന്നെ വായിക്കുകയും മനസ്സിലാക്കുകയും അഭിപ്രായം പ്രകടിപ്പിക്കുകയും പ്രതികരിക്കുകയും ചെയ്യുന്ന ആളാണ്. അദ്ദേഹം ഈ അവലോകന റിപ്പോർട്ടിനെ സംബന്ധിച്ചിടത്തോളം സൂചിപ്പിക്കുമെന്നാണ് മനസ്സിലാക്കുന്നത്. യു.ഡി.എഫിന്റെ അഞ്ചു വർഷ ഭരണകാലത്തെ ആരോഗ്യരംഗത്തെ നേട്ടങ്ങളുടെ ഒരു സർട്ടിഫിക്കറ്റാണ് ഈ സാമ്പത്തിക അവലോകന റിപ്പോർട്ട് എന്ന് പറയുന്നത്. ഈ അഞ്ചുവർഷക്കാലം ആരോഗ്യരംഗത്ത് നടന്ന കാര്യങ്ങളെ സംബന്ധിച്ചിടത്തോളം പല മെമ്പർമാരും സൂചിപ്പിച്ചു. സ്വന്തം കീശ വീർപ്പിക്കുന്നതിനുവേണ്ടി സ്ഥലം മാറ്റംപോലും നടത്തിയ വിലകുറഞ്ഞ അഴിമതിക്കഥകൾ കേരളം കാണുകയും കേൾക്കുകയും ചെയ്തിട്ടുള്ളതാണ്. പൊതുജനാരോഗ്യരംഗത്ത് കേരളം കൈവരിച്ച എല്ലാ നൻമകളും നേട്ടങ്ങളും കഴിഞ്ഞ അഞ്ചുവർഷക്കാലം കൊണ്ട് തകർക്കുന്നതിനുവേണ്ടി തയ്യാറായി. അതിന്റെ ഫലമായിട്ടാണ് ഇന്ന് കേരളത്തിൽ നാം അനുഭവിച്ചു കൊണ്ടിരിക്കുന്ന ആരോഗ്യരംഗത്തെ വെല്ലുവിളികൾ എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. എനിക്കു മുമ്പു സംസാരിച്ച ശ്രീ. തിലോത്തമൻ സൂചിപ്പിച്ചതുപോലെ ഡങ്കിപ്പനിയും, ചിക്കുൻഗുനിയയും എന്തുകൊണ്ട് ഇപ്പോൾ വരാൻ ഇടയായി എന്നതിനെ സംബന്ധിച്ച് ഞാൻ നേരത്തെ സൂചിപ്പിച്ച ഈ റിപ്പോർട്ടിൽത്തന്നെ സൂചിപ്പിച്ചിരുന്നു. ഈ വിഷയത്തിന്റെ പേരിൽ, ഇതൊരു രാഷ്ട്രീയ വിഷയമാക്കി ഉയർത്തിക്കൊണ്ടുവരുന്നതിനുവേണ്ടി യു.ഡി.എഫ്. സർക്കാർ നടത്തിയ സമീപനത്തെയും പരിശ്രമങ്ങളേയും കേരളത്തിലെ ജനങ്ങൾ തള്ളിക്കളഞ്ഞിരിക്കുകയാണ്. ഈ സാഹചര്യത്തിലാണ് പാവപ്പെട്ടവരുടെ ഒരു ആശ്രയ കേന്ദ്രമായ തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ പ്രവർത്തനം ശക്തിപ്പെടുത്താൻ 6 കോടി രൂപ പ്രത്യേകമായി വകയിരുത്താൻ എൽ.ഡി.എഫ്. സർക്കാർ തീരുമാനിച്ചിട്ടുള്ളത്. യു.ഡി.എഫിന്റെ ഭരണകാലത്തെ വ്യവസായ നയത്തിന്റെ ഫലമായി അടച്ചുപൂട്ടലിന്റേയും വിൽപ്പനയുടേയും വക്കോളമെത്തി നിന്ന തിരുവനന്തപുരം കെൽട്രോണിന്റെ പുനരുദ്ധാരണത്തിനുവേണ്ടി 10 കോടി രൂപയാണ് ഉൾപ്പെടുത്തിയിരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

പിയർലെസ് കമ്പനിയുടെ ബാദ്ധ്യത തീർക്കുന്നതിന് 4 കോടി രൂപ വകയിരുത്തിയതിനെ യു.ഡി.എഫിന് ഒരുപക്ഷെ അവരുടെ വ്യവസായ സമീപനത്തിന്റെ അടിസ്ഥാനത്തിൽ എതിർക്കാൻ കഴിയുമായിരിക്കും. കേരളത്തിന്റെ അഭിമാനവും ഇൻഡ്യൻ ഇലക്ട്രോണിക്സ് രംഗത്തുള്ള ഒരു സന്ദേശവുമായിരുന്നു കെൽട്രോൺ. അങ്ങനെയുള്ള കെൽട്രോണിനെ അന്തിച്ചന്തയിൽ സാധനങ്ങൾ ലേലം വിളിക്കുന്ന ലാഘവത്തോടുകൂടിയല്ലേ സ്വകാര്യവ്യക്തികൾക്ക് കൈമാറുന്നതിനുവേണ്ടി യു.ഡി.എഫ്. തീരുമാനിച്ചത്? കേരളാ സ്റ്റേറ്റ് കാഷ്യു ഡവലപ്മെന്റ് കോർപ്പറേഷൻ യു.ഡി.എഫിന്റെ സ്വകാര്യതാൽപ്പര്യം കാരണം നാശത്തിന്റെ വക്കിലെത്തി നിൽക്കുകയായിരുന്നു. ഈ സ്ഥാപനത്തിന്റെ ബാങ്കുകളുമായിട്ടുള്ള ബാദ്ധ്യത തീർക്കാൻ 22.32 കോടി രൂപയാണ് സപ്ലിമെന്ററി ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 2005-2006-ൽ സംസ്ഥാനത്തെ ഭൂരേഖകളുടെ കംപ്യൂട്ടറൈസേഷനുവേണ്ടി കേന്ദ്രം 305. 90 ലക്ഷം രൂപ ഗ്രാന്റ് നൽകിയെങ്കിലും ആ തുക ആവശ്യത്തിനായി ഉപയോഗിക്കാൻ യു.ഡി.എഫ്. സർക്കാർ തയ്യാറായില്ല. എൽ.ഡി.എഫ്. സർക്കാരിന്റെ ശ്രമഫലമായി 2006-2007-ൽ ഈ തുക വിനിയോഗിക്കുന്നതിന് കേന്ദ്രസർക്കാർ അനുമതി നൽകിയിരിക്കുകയാണ്. സപ്ലിമെന്ററി ബഡ്ജറ്റിൽ 305.90 ലക്ഷം രൂപ ഉൾപ്പെടുത്തിയിരിക്കുന്നതിനെ സ്വാഗതം ചെയ്യുകയാണ്. യു.ഡി.എഫ്. സർക്കാരിന്റെ ഭരണരംഗത്തുള്ള വീഴ്ചയുടെ ഫലമായി കേന്ദ്ര സഹായംപോലും വിനിയോഗിക്കാൻ കഴിഞ്ഞിരുന്നില്ല എന്നതിന്റെ സാക്ഷ്യപത്രമാണ് സപ്ലിമെന്ററി ഡിമാന്റിലെ ഈ ഇനമെന്ന് പറയുന്നത്. സംസ്ഥാനത്തെ 505 ഹോമിയോ ആശുപത്രികൾക്ക് അവശ്യമരുന്ന് വാങ്ങിയതിന് കേന്ദ്രം നൽകിയ 8.3 ലക്ഷം രൂപ 2005-ൽ ചെലവഴിച്ചിട്ടില്ല. ഈ വർഷം ഇതേയിനത്തിൽ കേന്ദ്രസഹായമായി 1.3 കോടി രൂപ ലഭിച്ചിട്ടുണ്ട്. ഇവ രണ്ടുംകൂടി 1.39 കോടി രൂപയാണ് സപ്ലിമെന്ററി ഡിമാന്റിൽ ഉൾപ്പെടുത്തിയിരുന്നത്. കേരളത്തിലെ പ്രകൃതിക്ഷോഭ ദുരിതാശ്വാസ ഫണ്ടിൽ 31-3-2006-വരെ ചെലവഴിക്കാതെ അവശേഷിച്ചത് 14.80 കോടി രൂപയാണ്. ഇതുരണ്ടും ഈ വർഷത്തെ സപ്ലിമെന്ററി ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2000-ൽ എൽ.ഡിഎഫിന്റെ അവസാന നാളുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾവഴി ഒരു വർഷക്കാലംകൊണ്ട് നിയമനം നടത്തിയത് 23012 പേരെയാണ്. ഐക്യജനാധിപത്യ മുന്നണി കഴിഞ്ഞ അഞ്ചു വർഷക്കാലം കൊണ്ട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ നോക്കുകുത്തികളാക്കിയിരുന്നു. അതിന്റെ കണക്കുകൾ സമയക്കുറവുകൊണ്ട് ഞാൻ വിശദീകരിക്കുന്നില്ല. 2001-ൽ 15750 പേരെയാണ് അവർ നിയമിച്ചത്. 2005-ലേക്കു വന്നാൽ അത് 7290 ആയി കുറഞ്ഞു. കേരളത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഏതാണ്ട് രണ്ടരക്കോടിയോളം വരുന്ന ജനങ്ങളുണ്ട്. പിൻവാതിൽ നിയമനമെന്ന് പറയുന്നത് യു.ഡി.എഫ്.-ന്റെ മുഖ്യ അജണ്ടയായിരുന്നു. അതുകൊണ്ടുതന്നെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രസക്തിയും അതിന്റെ പ്രവർത്തനശൈലിയും നഷ്ടപ്പെടുന്ന ഒരു സമീപനമായിരുന്നു അവർ സ്വീകരിച്ചിരുന്നത്. സംസ്ഥാനത്തെ 85 എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലായി ശമ്പളത്തിനും ഭരണച്ചെലവിനുമായി 13 കോടി രൂപയാണ്ചെലവിടേണ്ടി വന്നത്. യു.ഡി.എഫ്.-ന്റെ അവസാന കാലഘട്ടത്തിൽ 7290 പേരെയാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി നിയമിച്ചത്. അങ്ങനെ കണക്കാക്കിനോക്കിയാൽ യു.ഡി.എഫ്.-ന്റെ അവസാന

LIBRARY ARCHIVES Kerala Legislative Assembly

ഭരണ കാലഘട്ടത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും ഒരാളെ നിയമിക്കുന്നതിന് 17,400 രൂപയാണ് ചെലവിടേണ്ടിവന്നത്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ ഈ നിലയിൽ നോക്കുകുത്തികളാക്കുന്ന ഒരു സമീപനമാണ് അവർ സ്വീകരിക്കാൻ തയ്യാറായത്. കേരളത്തിലെ യുവജനങ്ങളെ വഞ്ചിക്കുന്ന സമീപനമല്ലേ അവർ സ്വീകരിക്കാൻ തയ്യാറായത്? ഐക്യജനാധിപത്യ മുന്നണി ഗവണ്മെന്റ് അധികാരത്തിൽ വന്നപ്പോൾ കൊട്ടിഘോഷിച്ച് തൊഴിലില്ലായ്മ പരിഹരിക്കുമെന്ന് പ്രഖ്യാപിച്ചു. പത്തും പതിനഞ്ചും ലക്ഷം പേർക്ക് തൊഴിൽ കൊടുക്കുമെന്ന് പറഞ്ഞു. കേരളത്തിലെ ജനങ്ങൾ ഉറ്റുനോക്കുന്ന ക്രമസമാധാനനില, ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം, നിഷ്പക്ഷമായി ചിന്തിക്കുന്ന ഏതൊരു വ്യക്തിക്കും പറയാൻ കഴിയും. ക്രമസമാധാനനില ഭദ്രമാണ്. ലോക്കപ്പ് കൊലപാതകങ്ങൾ നടക്കുന്നില്ല. പോലീസ് ജനോപകാരപ്രദമായി മര്യാദയ്ക്കു പെരുമാറുന്നു. ജനങ്ങളുടെ രക്ഷയ്ക്ക് ഓടിയെത്തുന്ന സേനയായി പോലീസിനെ മാറ്റിയെടുക്കുന്നതിനു സാധിച്ചു. പോലീസിന് ഒരു പുതിയ മുഖം കൊടുക്കാൻ ഇടതുപക്ഷജനാധിപത്യ മുന്നണിയുടെ നേതൃത്വത്തിലുള്ള ഗവണ്മെന്റ് തയ്യാറായി. അത് ഇടതുപക്ഷജനാധിപത്യ മുന്നണിയുടെ നയത്തിന്റെ ഭാഗമായിട്ടാണ്. ഇന്നുരാവിലെതന്നെ സബ്മിഷനിൽ ചർച്ച ചെയ്ത, കിണറ്റിൽ വീണ ആളെ സംബന്ധിച്ച് കൊട്ടിഘോഷിച്ചാണ് കൊണ്ടുവന്നത്. അവിടെ സംഭവിച്ചത് സംബന്ധിച്ച് ചിറയിൻകീഴ് മണ്ഡലത്തിലെ എം.എൽ.എ. പറഞ്ഞു. പോലീസിനെ നിർവ്വീര്യമാക്കുന്നതിന് വേണ്ടിയുള്ള കാര്യങ്ങളാണ് ചെയ്തുകൊണ്ടിരിക്കുന്നത്. ശരിയായ വിധത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പോലീസിനെ ഒരു കാര്യത്തിലും ഇടപെടാതിരിക്കാനും പ്രശ്നത്തിൽനിന്നും മാറ്റുന്നതിനും വേണ്ടിയുള്ള സമീപനാണ് ഐക്യജനാധിപത്യമുന്നണിയും അതിന്റെ നേതാക്കളും ചെയ്തുകൊണ്ടിരിക്കുന്നത്. തീർച്ചയായും കേരളത്തിലെ ജനങ്ങൾ ഇക്കാര്യങ്ങളൊക്കെ തിരിച്ചറിയുമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. ഐക്യജനാധിപത്യ മുന്നണി ഗവണ്മെന്റിന്റെ കാലത്ത് തലസ്ഥാന നഗരിയിൽ വികസനമൊന്നും നടന്നിട്ടില്ലെന്ന് ഞാൻ പറയുന്നില്ല. അശാസ്ത്രീയമായ വികസന പ്രവർത്തനങ്ങളാണ് തലസ്ഥാന നഗരിയിൽ പല സ്ഥലത്തും നടന്നുകൊണ്ടിരിക്കുന്നത്. നിശ്ചയമായും തലസ്ഥാന നഗരിയിലെ വികസന പ്രവർത്തനങ്ങൾക്ക് പ്രത്യേക ഉപസമിതിയെ നിയോഗിക്കുന്നതിന് സംസ്ഥാന ഗവണ്മെന്റ് തയ്യാറാകണം. തലസ്ഥാന നഗരിയുടെ വികസനത്തിന് കൂടുതൽ ഫണ്ട് വേണമെങ്കിൽ ഉൾപ്പെടുത്താൻ തയ്യാറാകണം. കഴിഞ്ഞ 5 വർഷക്കാലം തലസ്ഥാന നഗരിയിലെ വികസന പ്രവർത്തനവുമായി ബന്ധപ്പെട്ട് നടന്നിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ച് അടിയന്തിരമായി ജനപ്രതിനിധികളുടെ ഒരു യോഗം വിളിച്ചുകൂട്ടി ചർച്ച ചെയ്യുന്നതിന് തയ്യാറാകണം. വികസന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് നമ്മുടെ സംസ്ഥാനത്ത് ഗവണ്മെന്റുണ്ട്, വിവിധ ഡിപ്പാർട്ടുമെന്റുകളുണ്ട്, ഡെവലപ്മെന്റ് അതോറിറ്റിയുണ്ട്, കോർപ്പറേഷനുകളുണ്ട്. പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളുമുണ്ട്. തലസ്ഥാന നഗരിയിലെ വികസന പ്രവർത്തനങ്ങൾ കഴിഞ്ഞ ഗവണ്മെന്റിന്റെ കാലഘട്ടത്തിൽ നടത്തിയിട്ടുള്ളത് മേൽപറഞ്ഞ സ്ഥാപനങ്ങളെയൊന്നും ബന്ധപ്പെടുത്തിക്കൊണ്ടായിരുന്നില്ല. ക്യാബിനറ്റിന്റെ പ്രത്യേക തീരുമാനപ്രകാരം ഒരു പ്രത്യേക സമിതിയെ നിയോഗിച്ച്, റിട്ടയർ ചെയ്ത ഒരുദ്യോഗസ്ഥനെ അതിന്റെ ചുമതലക്കാരനായി

LIBRARY ARCHIVES Kerala Legislative Assembly

നിയോഗിച്ച് പതിനായിരക്കണക്കിന് രൂപ ഖജനാവിൽനിന്നും ശമ്പളമായി കൊടുത്തു കൊണ്ടുള്ള വികസനപ്രവർത്തനമാണ് തലസ്ഥാന നഗരിയിൽ നടത്തിയിട്ടുള്ളത്. എം.എൽ.എ.-മാർ ഒറ്റക്കെട്ടായി അംഗീകരിക്കുമെന്ന് തോന്നുന്നു. റോഡുകളിലൂടെ നടക്കുന്നതിന് കഴിയുന്നില്ല. തലസ്ഥാന നഗരിയിലെ വികസന പ്രവർത്തനങ്ങളുടെ ഫലമായി റോഡുകളെല്ലാം കുളമായി കിടക്കുകയാണ്. അശാസ്ത്രീയമായി, ഉത്തരവാദപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളെയാകെത്തന്നെ മറികടന്നുകൊണ്ട് നടത്തിയിട്ടുള്ള വികസന പ്രവർത്തനത്തിന്റെ ഫലമായി തലസ്ഥാന നഗരം ഈ രൂപത്തിലുള്ള ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. തീർച്ചയായും തലസ്ഥാന നഗരത്തിന് പ്രത്യേകം പണംകൊടുത്ത് ഒരു ഉപസമിതിയെ നിയോഗിച്ച് ഇവിടത്തെ വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കണമെന്നാണ് സൂചിപ്പിക്കാനുള്ളത്. ഈ ഉപധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. അതിനുള്ള കാരണം ഇതിന്റെ ഉപയോഗത്തെ സംബന്ധിച്ചുള്ള ഞങ്ങളുടെ അഭിപ്രായവ്യത്യാസമാണ്. എന്റെ കയ്യിലിരിക്കുന്നത് തലശ്ശേരി നഗരസഭയിലെ വിദ്യാഭ്യാസ കലണ്ടറാണ്. നമ്മുടെ രാഷ്ട്രപിതാവാണ് മഹാത്മാഗാന്ധി. ഗാന്ധിജിയെ ആദരിക്കരുതെന്ന് ആരും കരുതുന്നില്ല. രാഷ്ട്രശിൽപിയായ ജവഹർലാൽ നെഹ്രുവിനെ താഴെയിറക്കി, രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയെ സൈഡിലേയ്ക്ക് മാറ്റി ഇ.എം.എസ്.-നെ പ്രതിഷ്ഠിച്ച നിങ്ങൾക്ക് എന്ത് ഗുണമാണ് ഉണ്ടാകുന്നത്? ഇതൊരു സമീപനമാണ്. ഈ സമീപനം ശരിയോ തെറ്റോയെന്ന് നിങ്ങൾ ശാന്തമായി ആലോചിക്കണ്ടേ? നിയമസഭയിൽ പ്രതിപക്ഷത്തിരിക്കുന്നതുകൊണ്ട്, ഞാൻ പറയുന്നതായതുകൊണ്ട്, കുറ്റം പറഞ്ഞേ മതിയാകൂ എന്ന നിർബ്ബന്ധബുദ്ധിയോടുകൂടി എതിർക്കാതെ ശാന്തമായിരുന്നു ആലോചിക്കൂ, ശരിയാണോ? ഇത് നീതിയാണോ? ............(ബഹളം)......... അങ്ങ് ഇത് നേരത്തെ കണ്ടിട്ടുണ്ട്. അങ്ങേയ്ക്ക് ഇതിനോട് യോജിക്കാൻ കഴിയുമോ? ഇതാണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. ചർച്ച തുടങ്ങിയപ്പോഴേ പറഞ്ഞു, ഓണത്തിന് രണ്ടു ശമ്പളം കൊടുത്തു. അത് എല്ലാ വർഷവും കൊടുക്കുന്നതാണ്. റംസാന് നേരത്തെ ശമ്പളം കൊടുത്തു. ആനുകൂല്യം വളരെ കൂടുതൽ കൊടുത്തു. കരാറുകാർക്ക് കുടിശ്ശിക ഏറെ കൊടുത്തു. നിങ്ങൾ പറയും, ഞങ്ങൾ ഭരണത്തിലേറിയിട്ട് 5 മാസമല്ലേ ആയിട്ടുള്ളൂ, എന്നിട്ട് ഇത്രയും കൊടുത്തില്ലേയെന്ന്. 5 മാസക്കാലംകൊണ്ട് നിങ്ങൾ ഈ പണം എവിടെനിന്നും കൊണ്ടുവന്നു? റഷ്യയിൽനിന്നും, ചൈനയിൽനിന്നും കൊണ്ടുവന്നതാണോ? അതോ ഖജനാവിലുള്ളതാണോ. ഖജനാവിലുള്ളതെന്ന് പറയുന്നതിന്റെ അർത്ഥം എന്താ? കഴിഞ്ഞ ഗവൺമെന്റ് ഈ ഖജനാവ് ഭദ്രമായി സൂക്ഷിച്ചതുകൊണ്ട് ഗവൺമെന്റ് മാറിയെങ്കിലും നിങ്ങൾക്ക് നിങ്ങളുടെ പ്രതിജ്ഞ പാലിക്കത്ത വിധത്തിൽ ഈ ഗവൺമെന്റിന് നന്നായി ട്രാൻസ്ഫർ ചെയ്തു തന്നു എന്നുള്ളതാണ്. നിങ്ങൾ ഏതു ചർച്ചയുടെയും അവസാനം വന്ന് പിരിയാണി കയറ്റുന്നതുപോലെ പറയും, ഇവിടത്തെ സാമ്പത്തിക സ്ഥിതി മോശമാണെന്ന്. അപ്പോഴാണ് ബഹുമാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

പ്രതിപക്ഷനേതാവ് ചോദിച്ചത്, ഒരു ധവളപത്രം ഇറക്കി ജനങ്ങളെ ആ നന്മ അറിയിച്ചാൽ പോരേ എന്ന്. ഞങ്ങൾ മോശക്കാരാണ്. സത്യസ്ഥിതി പുറത്തുവന്നോട്ടെ. ഞങ്ങൾ മോശമാണ് ചെയ്തതെങ്കിൽ എന്തുകൊണ്ട് ധവളപത്രം ഇറക്കിയില്ല? അതേസമയം ചെയ്യുകയും ചെയ്യും. അതിന്റെ മിച്ചംവെച്ച് എല്ലാ ആനുകൂല്യങ്ങളും കൊടുക്കുകയും ചെയ്യും. മൂന്നും കൂടി വായിക്കുമ്പോൾ പ്രശ്നമാണ്. സത്യം പറഞ്ഞാൽ ലക്കി വാറ്റിൽ ഡോ. തോമസ് ഐസക്കിന്റെ ഫോട്ടോയും നെടുമുടി വേണുവിന്റെ ലക്കി വാറ്റിനെക്കുറിച്ചുള്ള പരസ്യവുമാണ്. നെടുമുടി വേണു ചുരണ്ടിയാൽ ഒരു ലക്ഷം രൂപ വരും. നാട്ടുകാർ ചുരണ്ടിയിട്ട് വരുന്നില്ല. ലക്കി വാറ്റ് ലക്കി ബീറ്റായി നാട്ടുകാരുടെ മുമ്പിൽ നിൽക്കുകയാണ്. അതിനെക്കുറിച്ച് പുനഃപരിശോധന നടത്താൻ പോകുന്നു എന്നാണ് ഉപശാല ചർച്ച, എനിക്കതറിയില്ല. നിങ്ങൾ എന്ത് ചെയ്താലും കുറ്റം കാണാനായിട്ട് വേറെ ആളുകളുടെ തലയിലോട്ട് വയ്ക്കും. മാദ്ധ്യമ സിൻഡിക്കേറ്റാണ് ഈ കുഴപ്പമൊക്കെ ഉണ്ടാക്കുന്നതെന്നാണ് ശ്രീ. പിണറായി വിജയൻ പറയുന്നത്. ഏതാ ഈ മാദ്ധ്യമ സിൻഡിക്കേറ്റ്? എനിക്ക് ആ സിൻഡിക്കേറ്റ് അംഗങ്ങളെ പിടികിട്ടുന്നില്ല. മാദ്ധ്യമ സിൻഡിക്കേറ്റ് കുഴപ്പമുണ്ടാക്കിയെന്നാണ് പറയുന്നത്. നിങ്ങൾ ചെയ്യുന്ന പ്രവൃത്തികളുടെ ഉത്തരവാദിത്വം ഉദ്യോഗസ്ഥരുടെ തലയിൽ വച്ചുകൊടുക്കും. അവരുടെ തലയിലിരിക്കട്ടെ എന്ന നിലയിൽ പോകും. എന്തെങ്കിലും കാര്യം പറഞ്ഞാൽ നിങ്ങൾ പറയും, പ്രതിപക്ഷം നേരെ അല്ലാത്തതുകൊണ്ടെന്ന്. പണ്ടൊരു കള്ളൻ പറഞ്ഞതിങ്ങനെയാണ്, ഞാൻ കക്കാൻ പോകുന്നത് നാട്ടുകാർ തല്ലാത്തതുകൊണ്ടാണെന്ന്. ആ സമീപനം എടുക്കുന്നത് ശരിയാണോ? നിങ്ങൾ നേരെ ചൊവ്വേ ചെയ്തിട്ട് കാര്യങ്ങൾ ഭംഗിയായി കൊണ്ടുപോകൂ. അത് കൊണ്ടുപോകുന്നതിനുള്ള നടപടിയിലേയ്ക്ക് പോകൂ. അങ്ങ് ഇവിടെ നിയമസഭയിലെങ്കിലും സത്യസന്ധമായി പറയണ്ടേ? നിയമസഭ പബ്ലിക് പ്ലാറ്റ്ഫോമാണ്. നമ്മുടെ മുഖമല്ലേ? ശ്രീമതി പി. കെ. ശ്രീമതി ടീച്ചറിനെ കണ്ടാൽ എത്ര അനുഗ്രഹമുള്ള ആളാണ്, ഐശ്വര്യവുമുണ്ട്. പറഞ്ഞ വാക്കുമാത്രം മോശമായിപ്പോയി. എന്നെ അടിച്ചിരുത്താൻ വേണ്ടി ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ വലിയ വടികൊണ്ട് അടിച്ചു. ആരോഗ്യ സുരക്ഷാ പദ്ധതിയെ സംബന്ധിച്ചിടത്തോളം 50 വയസ്സിന് മുകളിലുള്ള ഒറ്റ ആളിനേയും തട്ടിയിട്ടില്ല എന്ന് പറഞ്ഞു. ബഹുമാനപ്പെട്ട സ്പീക്കർ ചോദിച്ചു, മറുപടി പറഞ്ഞു. ഞങ്ങൾ അത് പറഞ്ഞിട്ടില്ല, 50 വയസ്സിന് മേലുള്ളവരെ നിരോധിക്കാൻ പറഞ്ഞിട്ടില്ല എന്ന്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചോദിച്ചു, ഞങ്ങൾ എടുത്തു ചോദിച്ചു. എന്നിട്ടും പറഞ്ഞു, 50 വയസ്സിന് മുകളിലുള്ളവരെ നിരോധിക്കാൻ പറഞ്ഞിട്ടില്ല എന്ന്. ഞാൻ മിനിട്ട്സിലെ ഒരു വാക്കുമാത്രം വായിക്കാം. രോഗികളിൽത്തന്നെ 50 വയസ്സിന് താഴെ പ്രായമുള്ളവർക്കുമാത്രം തുക അനുവദിച്ചാൽ മതിയെന്നും, തത്ക്കാലം ഹൃദയശസ്ത്രക്രിയ, മസ്തിഷ്ക ശസ്ത്രക്രിയ, ക്യാൻസർ ശസ്ത്രക്രിയ തുടങ്ങിയവ നടത്തിയാൽ മതിയെന്നും. ഈ മിനിട്ട്സ് ശരിയോ തെറ്റോയെന്ന് പറഞ്ഞാൽ മതി. ഞാൻ ടേബിൾ ചെയ്യണമെന്ന് പറഞ്ഞു. ബഹുമാനപ്പെട്ട സ്പീക്കർ ചോദിച്ചു, ഞാൻ ആദ്യം വിചാരിച്ചു ശ്രീമതി പി.കെ. ശ്രീമതി ടീച്ചറല്ല പറഞ്ഞത്. കള്ളമെന്ന് ഞാൻ കരുതി. കള്ളമെന്ന് പറയുന്നില്ല സത്യവിരുദ്ധമാണെന്ന് ഞാൻ പറഞ്ഞു.

<u>ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി</u> (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ): കള്ളം ഞാൻ പറഞ്ഞിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സത്യവിരുദ്ധമാണ്.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : ഒരു കാര്യം ഞാൻ പറയട്ടെ, ആ മീറ്റിംഗിൽ വച്ചുണ്ടായ ധാരണ മൂവായിരത്തിൽപ്പരം വരുന്ന അപേക്ഷകളിൽ നിന്ന് തൽക്കാലം 50 വയസ്സിന് താഴെയുള്ളവരുടെ മാത്രം എടുത്താൽ മതിയെന്നാണ്. പക്ഷേ മിനിട്ട്സ് എഴുതിയപ്പോൾ ആ 'തൽക്കാലം' എന്നത് വായിച്ചത് 50 വയസ്സിന് താഴെയുള്ളവർക്ക് തൽക്കാലം എന്നായിപ്പോയി. 'തൽക്കാലം' എന്നുള്ളത് ഇപ്പുറത്തായിരുന്നു വേണ്ടിയിരുന്നത്. അന്നത്തെ ലിസ്റ്റിൽ തന്നെ, അന്നത്തെ തീരുമാനത്തിൽ തന്നെ ലക്ഷ്മി നാരായണൻ എന്ന 57 വയസ്സുകാരന് ഈ ആനുകൂല്യം കൊടുത്തിട്ടുണ്ട്. അതുകൊണ്ടാണ് ഞാൻ അത് പറഞ്ഞത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: അപ്പോൾ അങ്ങയുടെ തിരുത്തലോടുകൂടി ഞാൻ പറയുന്നു, ഈ തൽക്കാലം ഞാൻ കൂടി ചുമക്കണം എന്നിട്ട് അത് മുൻപിൽ കൊണ്ടു വന്ന് വയ്ക്കണം. എന്നിട്ട് തൽക്കാലം എന്ന് മാറ്റി വായിക്കണം. ഇത് ശരിയാണോ? ഇത് നിയമസഭയല്ലേ? ഈ രോഗികളിൽ തന്നെ 50 വയസ്സിന് താഴെ പ്രായമുള്ളവർക്ക് മാത്രം തുക അനുവദിച്ചാൽ മതിയെന്നും, ഇനി 'തൽക്കാലം' എങ്ങോട്ടാണ് കൊണ്ടുപോകേണ്ടത്? തൽക്കാലം അങ്ങ് ഇതുപോലെയുള്ള കാര്യം പറയരുത്. തൽക്കാലം അങ്ങ് ഇരുന്നോളൂ.

ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ : മിനിട്ട്സ് എഴുതിയപ്പോൾ തൽക്കാലം എന്ന വാക്ക് ഇപ്പുറത്തായിപോയി. പിന്നെ വേറൊരു കാര്യം, ജൂലൈ മാസം മുതലും ഈ മീറ്റിംഗിന് ശേഷവും നമ്മുടെ ബഹുമാനപ്പെട്ട എം.എൽ.എ.മാരും മറ്റുള്ളവരും തന്നിട്ടുള്ള ഫയലിന്റെ മേലെ അടുത്ത ഗവേണിംഗ് ബോഡിയിൽ വച്ച് പരിഗണിക്കുക, അതിൽ 50 വയസ്സിന് മുകളിലുള്ള ധാരാളം പേരുണ്ട്. ഇത് വച്ചുകൊണ്ടാണ് അന്ന് ബഹുമാനപ്പെട്ട സ്പീക്കർ ചോദിച്ചപ്പോൾ 50 വയസ്സിന് മുകളിലുള്ളവർക്ക് കൊടുക്കണ്ട എന്ന് തീരുമാനിച്ചതെന്ന് പറഞ്ഞത്. കൊടുത്തിട്ടുണ്ട്. കൊടുക്കാൻ തീരുമാനിച്ചിട്ടുമുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : 13 അംഗങ്ങളുള്ള, അങ്ങ് ചെയർപേഴ്സണായിട്ടുള്ള ഗവേണിംഗ് കൗൺസിൽ.......

ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ : പക്ഷേ മിനിട്ട്സ് എഴുതിയതിൽ 'തൽക്കാലം' എന്നുള്ള വാക്ക് ഇപ്പുറത്തായിപോയി.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : അങ്ങ് ആയതുകൊണ്ട് ഞാൻ തർക്കിക്കാനില്ല. ഇനി ഗവേണിംഗ് കൗൺസിൽ കൂടാതെ, ഈ മിനിട്ട്സ് മാറ്റാതെ അങ്ങ് പറഞ്ഞതിൽ തൽക്കാലം എത്തുകയില്ലല്ലോ? അതാണ് ഇപ്പോഴത്തെ എന്റെ സംശയം. ഇപ്പോൾ നിങ്ങൾ ഞങ്ങളെ കുറ്റപ്പെടുത്തുകയാണ് ചെയ്യുന്നത്. അടിയന്തിരപ്രമേയത്തിൽ പോലും തിരുത്തലാണ്. ഞാൻ പ്രിവിലേജ് കൊടുത്തിട്ടുണ്ട്. പ്രിവിലേജിൽ നമുക്ക് പറയാം.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : ഗവേണിംഗ് ബോഡിക്ക് ബൈലാ അനുസരിച്ച് തീരുമാനിക്കാം, മന്ത്രിക്ക് വേണമെന്നുണ്ടെങ്കിൽ തീരുമാനം പ്രത്യേകം എടുക്കാനും ബൈലായിൽ പ്രൊവിഷനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: എ.ഡി.ബി. ലോൺ, സ്മാർട്ട് സിറ്റി, വിദേശ സാമ്പത്തിക സഹായം, ലോകബാങ്ക് സഹായം ഇതിനെയെല്ലാം നിങ്ങൾ ഓരോ കാലത്തും എതിർത്തു. എന്നിട്ട് ഇപ്പോൾ പുതിയ ഓരോ രൂപത്തിൽ അനുകൂലിക്കുകയാണ്. തർക്കിച്ചുകൊണ്ട് അനുകൂലിക്കുകയാണ് നിങ്ങളുടെ നയം. മുല്ലപ്പെരിയാറിനെക്കുറിച്ച് പറയാതിരിക്കാൻ നിവൃത്തിയില്ല. മുല്ലപ്പെരിയാറിനെ സംബന്ധിച്ച് ശ്രീ. കെ.എം. മാണി ഇവിടെ പറഞ്ഞല്ലോ. കേസ് നടത്തുമ്പോൾ വക്കീലിനെ വയ്ക്കണ്ടേ? അങ്ങ് പണ്ട് വക്കീലൻമാരെക്കുറിച്ച് വളരെ മോശമായി, മോശമെന്ന് ഞാൻ പറഞ്ഞില്ല, അങ്ങേയ്ക്ക് തോന്നിയ വാക്കുകൾ പറഞ്ഞിട്ടുണ്ട്. കേസ് നടത്തുമ്പോൾ അഫിഡവിറ്റ് കൊടുക്കുന്ന കാര്യത്തിൽ നമ്മൾ ഇതെല്ലാം ശ്രദ്ധിക്കണ്ടേ? അവിടെ 155 അടി വരെ ജലനിരപ്പ് ഉയർത്തുമ്പോൾ അതിൽ 152 അടി എഫ്.ആർ.എൽ. നിർത്തുമ്പോൾ 800 ഏക്കറിനകത്ത് മാത്രമേ ആ റിസർവോയർ നിൽക്കുകയുള്ളു. നമ്മൾ കൊടുത്തിരിക്കുന്ന അഫിഡവിറ്റിനകത്ത് 136-ൽ നിന്ന് 142 അടിയാക്കി മാറ്റിയാൽ 3219 അടി കൂടുതൽ മുങ്ങുമെന്നാണ് പറയുന്നത്. 152 അടി മുങ്ങാത്തത് എങ്ങനെയാണ് 142 അടി മുങ്ങുന്നത്? എനിക്ക് ആ കണക്ക് അറിയാത്തതുകൊണ്ടാണ്. 152 അടി 800 ഏക്കറിനകത്ത് നിൽക്കും. 142 അടിയായി ചുരുങ്ങിയാൽ അഡീഷണലായിട്ട് 3,219 അടി കൂടി വെള്ളം പൊങ്ങുമെന്നാണ് പറയുന്നത്. അങ്ങനെ മൊത്തം 11,219 ഏക്കർ സ്ഥലം നമുക്ക് നഷ്ടപ്പെടുമെന്നാണ് പറഞ്ഞത്. ഈ കേസ് എങ്ങനെ നിൽക്കും? ഈ കേസ് എങ്ങനെ സുപ്രീംകോടതിയിൽ ബോധ്യപ്പെടുത്താൻ കഴിയും? അവിടെയിരിക്കുന്നവർക്ക് ഇതൊക്കെ അറിയില്ലേ? സുപ്രീംകോടതിയിൽ കൊടുത്ത അഫിഡവിറ്റിന്റെ കോപ്പി എന്റെ കയ്യിലുണ്ട്. ഞാനത് പാർട്ട് ബൈ പാർട്ടായി വായിക്കുന്നില്ല. ഇതൊരു അബദ്ധപഞ്ചാംഗമാണ്. ഇത് കേരളത്തിന്റെ കേസ് കളയുന്നതാണ്. ഞങ്ങളെ അടിച്ചിരുത്താൻ വേണ്ടി നേരത്തെ നിങ്ങൾ കുറേ കാര്യങ്ങൾ പറഞ്ഞല്ലോ? തമിഴ്നാട് മുഖ്യമന്ത്രി ശ്രീ. എം. കരുണാനിധിക്ക് കത്തയച്ച ദിവസം അന്ന് എന്തായിരുന്നുനമുക്കൊരു urgency? ഡാമിന്റെ പൊസിഷനൊക്കെ നോക്കി അവിടെ എത്ര വെള്ളമാണ് അഡീഷണലായി കിട്ടുന്നത് എന്നൊക്കെ കൃഷിക്കാരുമായി കൺസൽട്ട് ചെയ്ത് അധികജലം തിട്ടപ്പെടുത്തി നമുക്ക് സന്ദേശം അറിയിച്ചാൽ പോരായിരുന്നോ? അങ്ങ് അത് അയയ്ക്കാതിരുന്നതിന്റെ കാരണം ഒക്ടോബർ 13-ാം തീയതി അവിടെ പഞ്ചായത്ത് ഇലക്ഷൻ നടക്കുന്നു എന്നുള്ളതുകൊണ്ടാണ്. 13-ാം തീയതി പഞ്ചായത്ത് ഇലക്ഷൻ നടക്കുന്നതുകൊണ്ട് അവിടത്തെ ഇലക്ഷന് മുൻപ് ഇതൊക്കെ ഒരു മാദ്ധ്യമമാക്കി മാറ്റണം എന്നുള്ള നിർബന്ധബുദ്ധിയുള്ളതുകൊണ്ടാണ് ആ ദിവസംതന്നെ തെരഞ്ഞെടുത്തത്. വെള്ളം കൊടുത്തിട്ട് എന്തെങ്കിലും പ്രയോജനമുണ്ടായോ? കമ്മിറ്റി കൂടിയല്ലോ, അവരുടെ ആൾ പാർട്ടി മീറ്റിംഗിൽ കേരളത്തോട് എന്തെങ്കിലും വിട്ടുവീഴ്ച ചെയ്യാൻ പറഞ്ഞോ? എന്നെ കുറ്റപ്പെടുത്തിക്കോളു, കാരണം ഞാൻ പ്രതിപക്ഷത്തുള്ള അംഗമാണ്. കൂടെയിരിക്കുന്ന ശ്രീ. കൃഷ്ണൻകുട്ടി കേരള വൈക്കോയാണെന്ന് പറഞ്ഞിട്ട് അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ടവർപോലും പ്രതിഷേധിച്ചില്ല. എന്നാലും അത് പറയാമോ? കാരണം വെള്ളത്തിന്റെ കാര്യത്തിൽ ഏറ്റവും കൂടുതൽ അങ്ങേയ്ക്കൊപ്പം ധർമ്മസമരത്തിന് ഏത് പരിധി വരെ വരാനും ഒരു മടിയും കാണിക്കാത്ത ശ്രീ. കൃഷ്ണൻകുട്ടി ഈ കാര്യം ചൂണ്ടികാണിച്ചപ്പോൾ കേരള വൈക്കോയാണ് ശ്രീ. കൃഷ്ണൻകുട്ടി എന്നുപറയുന്നത്,

അതും ഇടതുപക്ഷ മുന്നണിയിലെ ഒരു ഘടകകക്ഷിയുടെ പ്രമുഖനേതാവ്, ജനറൽ സെക്രട്ടറിയല്ല, സെക്രട്ടറി ജനറലാണ്. ആ സെക്രട്ടറി ജനറൽ കേരള വൈക്കോയാണെന്ന് പറയുന്ന ഒരു സ്ഥിതി വന്നാൽ കഷ്ടമായിപ്പോയി. നമ്മുടെ വക്കീലൻമാരെ മാറ്റണം. അവിടെ ശ്രീ. ഹരീഷ് സാൽവെയുടെ ഇടപെടലാണ് തൽക്കാലം രക്ഷപ്പെട്ടത്. പക്ഷേ അഫിഡവിറ്റുണ്ടാക്കിയത് ശ്രീ. ഹരീഷ് സാൽവെയല്ല. ഇതിനെക്കുറിച്ച് പരിശോധിക്കണം. അങ്ങ് ഇതിനെക്കുറിച്ച് ശ്രദ്ധിക്കണം. അങ്ങ് ശ്രദ്ധിക്കുന്ന ആളാണെന്ന് എനിക്കറിയാം. അങ്ങ് ഇക്കാര്യത്തിൽ വളരെ sincere ആണ്. ഞാൻ അങ്ങയുടെ sincerity-യെ ചോദ്യം ചെയ്യുന്നില്ല. ഇവിടെ ഭൂചലനമുണ്ടായതിനെക്കുറിച്ച് നമ്മളും തമിഴ്നാടും തമ്മിൽ തർക്കമുണ്ടായി. തമിഴ്നാട് പറയുന്നു, ഇങ്ങനെ ഭൂചലനമൊന്നും ഉണ്ടായില്ല, കൃത്രിമ ഭൂചലനമാണ് എന്ന്......... നമ്മൾ പറഞ്ഞു, അതല്ല 18-ാം തീയതി ഭൂചലനമുണ്ടായി, ആ ഭൂചലനത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ ജനങ്ങൾ ഭയവിഹ്വലരാണ്. 18-ാം തീയതി ഭൂചലനമുണ്ടായി എന്ന് കേരള ഗവൺമെന്റും മറ്റ് വിദഗ്ദ്ധരും പറഞ്ഞപ്പോൾ അഫിഡവിറ്റിലെ ഭൂചലനം 48 മണിക്കൂർ കൂടി കഴിഞ്ഞ് 20-ാം തീയതിയാണ്. ഈ കേസ് നമുക്ക് എങ്ങനെ കൊടുക്കാൻ പറ്റും? ഒരു കോടതിയുടെ മുൻപിലല്ലേ കൊടുക്കേണ്ടത്? കോടതിയുടെ മുൻപിൽ പോകുമ്പോൾ നമ്മൾ 18-ാം തീയതി എന്ന നിലപാടെടുക്കുന്നു. കക്ഷിയായി നിൽക്കുന്ന തമിഴ്നാട് പറയുന്നു 48 മണിക്കൂർ കഴിഞ്ഞ് 20-ാം തീയതിയാണ് ഈ ഭൂചലനമുണ്ടായതെന്ന്. ഞാൻ ആ ഭാഗം മാത്രം വായിക്കാം. The tremor which occurred in the vicinity of the dam on 20th August 2006 generated fear.... എങ്ങനെ ഈ അഫിഡവിറ്റ് വച്ച് ജയിക്കാൻ പറ്റും? ഈ അബദ്ധപഞ്ചാംഗം വച്ച് നമുക്ക് കേരളത്തിന്റെ കേസ് എങ്ങനെ ജയിപ്പിക്കാൻ കഴിയും? ഇത് കൊടുത്തിരിക്കുന്ന വക്കീലൻമാരുടെ പേരുകൾ ഇതിനകത്തുണ്ട്. ഒപ്പിട്ടിരിക്കുന്നത്, ഇന്ദ്രജിത്ത് സിംഗാണ്. പാവം ഒപ്പിടാൻ പറഞ്ഞപ്പോൾ അദ്ദേഹം ഒപ്പിട്ട് പോയതാണ്. അതല്ലാതെയുള്ള രണ്ട് വക്കീലൻമാർ, ശ്രീ. മോഹൻ വി. കട്ടർക്കി, ശ്രീ. ടി. പ്രകാശ്. ഇവർ രണ്ട് പേരാണ് ഇത് drawn ചെയ്തത്, സെറ്റിൽ ചെയ്തത് ശ്രീ. ഹരീഷ് സാൽവെയാണ്. ഞാൻ ശ്രീ. ഹരീഷ് സാൽവെയെ കുറ്റപ്പെടുത്തുന്നില്ല. കാരണം ഏറ്റവും അവസാനം കേരളത്തിന്റെ കേസ് രക്ഷപ്പെടുത്തിയത് ശ്രീ. ഹരീഷ് സാൽവെയാണ്. തർക്കങ്ങളൊക്കെ വന്നപ്പോൾ അദ്ദേഹം സുപ്രീം കോടതിയിൽ പറഞ്ഞു, Learned judge, ഇത് തമ്മിൽ സംസാരിച്ച് തീർക്കാൻ അനുവദിച്ചുകൂടേ എന്ന് ചോദിച്ചു. കോടതി അത് അനുവദിച്ചു. പക്ഷേ കോടതിയിൽ ഇത് മെറിറ്റിൽ പോയില്ല. കോടതിയിൽ ഇത് മെറിറ്റിൽ പോയാൽ വളരെ സീരിയസ് consequence ഉണ്ടാകും. ഞാനിത് പറഞ്ഞാൽ തമിഴ്നാടിനെ സഹായിക്കാനാണെന്ന് പറഞ്ഞ് ക്രൂരമായി എന്നെ വെട്ടിക്കൊല്ലാൻ ശ്രമിക്കരുത്. ഇത് തമിഴ്നാടിനെ രക്ഷിക്കാനല്ല. കേരളം രക്ഷപ്പെടാനാണ്. നമുക്ക് ഇത് തിരുത്തണം. സാധാരണഗതിയിൽ അഫിഡവിറ്റ് കൊടുത്തത് തിരുത്തണമെങ്കിൽ കോടതിയുടെ പെർമിഷനോടുകൂടി മാത്രമേ സാദ്ധ്യമാകൂ. സുപ്രീംകോടതിയുടെ പെർമിഷനോടുകൂടി മാത്രമേ നമുക്ക് ഇത് ചെയ്യാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തെ രക്ഷിക്കണമെങ്കിൽ എന്തെങ്കിലും ചെയ്തേ മതിയാകൂ. നെയ്യാറിലെ വെള്ളം കൊടുക്കാമെന്നു പറഞ്ഞിട്ട് അതിന്റെ റിയാക്ഷൻ ഇവിടെ കാണുന്നില്ല. അവർ എടുക്കുന്ന സമീപനം എന്താണെന്നുവച്ചാൽ ചിലത് ഞെക്കിക്കൊല്ലും, ചിലത് നക്കിക്കൊല്ലും. നമ്മുടെ എഗ്രിമെന്റ് പാലിക്കാത്തത് എന്താണെന്നു ചോദിക്കുമ്പോൾ അവർ നമ്മെ നക്കിക്കൊല്ലാൻ ശ്രമിക്കും. മറ്റു ചില കേസ്സുകൾ വരുമ്പോൾ നമ്മെ ഞെക്കി കൊല്ലും. അതുകൊണ്ടാണ് ഞാൻ ഈ മരണക്കുടുക്കുകൾ എന്നു പറഞ്ഞത്. അതല്ലാതെ ദ്രോഹിക്കുവാനല്ല. ഈ നിലപാട് മാറ്റണം, കേരളത്തെ രക്ഷപ്പെടുത്തണം. നമ്മുടെ ഏറ്റവും വലിയ ജീവൻമരണ പോരാട്ടത്തിന്റെ ഭാഗമാണ്. ഈ കാര്യത്തിൽ ഗവൺമെന്റിന് എല്ലാ വിധത്തിലുമുള്ള പിന്തുണ പ്രതിപക്ഷത്തു നിന്നും ഉണ്ടാകും. പ്രതിപക്ഷം അത് പറഞ്ഞു കഴിഞ്ഞു. പക്ഷേ ഇത് മാറ്റുന്നതിനു വേണ്ടിയുള്ള നടപടി എടുക്കണം. ആ നടപടിയെടുക്കുന്നില്ല എങ്കിൽ കേരളം എങ്ങോട്ടു പോകുമെന്ന് ഞാൻ പറയുന്നില്ല. മുപ്പത് ലക്ഷം ആളുകളെ ബാധിക്കുന്ന പ്രശ്നമാണ്. അതുകൊണ്ട് ഇതിന് നടപടി എടുക്കണം. ഞാൻ ഇതിനെ എതിർക്കുന്നു.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ): സർ, ഒരു കാര്യത്തെ കുറിച്ച് എനിക്ക് സംസാരിക്കുവാനുണ്ട് എന്ന് ഞാൻ അന്ന് അങ്ങേയ്ക്ക് എഴുതിത്തന്നതാണ്. അങ്ങ് പിന്നീട് സംസാരിക്കാമെന്നു പറഞ്ഞു. ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ ഈ വിഷയം വീണ്ടും എടുത്തതുകൊണ്ട് ഒരു ക്ലാരിറ്റിക്കുവേണ്ടി ഞാൻ പറയുകയാണ്. ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ നിഷ്കളങ്കനാണ്. അദ്ദേഹത്തിന് ഈ കാര്യങ്ങളെ സംബന്ധിച്ച് വേണ്ടത്ര അറിയില്ല. ..................(ബഹളം)..................... ഞാൻ ഈ കാര്യം പറയുമ്പോൾ ബോദ്ധ്യപ്പെടുമായിരിക്കും. .......(ബഹളം)...... ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ, ഞാൻ പറയാൻ പോകുന്ന കാര്യം കേട്ടാൽ ഇവർക്ക് ഇതെല്ലാം ബോദ്ധ്യമാകും. Medical assistance to the poor-നുള്ള സ്ക്കീമിനെ സംബന്ധിച്ച് പറയുമ്പോൾ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് രണ്ട് കോടി രൂപയായിരുന്നു ഇതിനു വേണ്ടി നീക്കിവച്ചത്. ആദ്യത്തെ വർഷവും പോകുന്നതിന്റെ ഏറ്റവും അവസാനത്തെ വർഷവും രണ്ടു കോടി രൂപ. പക്ഷേ നിർഭാഗ്യവശാൽ യു.ഡി.എഫ്. ഗവൺമെന്റ് വന്നപ്പോൾ കേവലം 25 ലക്ഷം രൂപയാണ് ഏറ്റവും അവസാനത്തെ വർഷം വച്ചത്. അഞ്ച് കൊല്ലത്തിനിടയിൽ medical assistance to the poor എന്നു പറയുന്ന പാവപ്പെട്ട രോഗികൾക്ക് കൊടുക്കേണ്ട സഹായധനത്തിനുവേണ്ടി നീക്കിയത് കേവലം 25 ലക്ഷം രൂപ. നമ്മുടെ മുൻമന്ത്രി ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ അതിന് തുക വിതരണം ചെയ്യുന്നതിന് തീരുമാനമെടുത്ത് നടപ്പിലാക്കി. മൂന്ന് പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ വച്ചാണ് അത് വിതരണം ചെയ്തത്. ആ പരിപാടിക്കു വേണ്ടി ചെലവഴിച്ച തുക എത്രയാണെന്ന് അറിയാമോ? 26,000 രൂപ. കാൽ ലക്ഷം രൂപ പരിപാടിക്കുവേണ്ടി മാറ്റിവച്ചു. ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ വന്നതിനു ശേഷം അദ്ദേഹത്തിന് മൂന്നോ നാലോ വകുപ്പ് ഉണ്ടായിരുന്നു. ഏതായാലും ഇക്കാര്യം ശ്രദ്ധിക്കുവാൻ അദ്ദേഹത്തിന് സമയം ഉണ്ടായിരുന്നില്ല. ഒരു യോഗം പോലും അദ്ദേഹം വിളിച്ചു ചേർത്തതായി കണ്ടില്ല. .........(ബഹളം)....... ഞാൻ പറയാം,....(ബഹളം)............... ഞാൻ പറയട്ടെ.......(ബഹളം)........ ഞാൻ പറയാനാണ് പോകുന്നത് ............ (ബഹളം)...........

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: യോഗം വിളിച്ചു ചേർത്താൽ ഈ പ്രശ്നത്തിന് പരിഹാരം ഉണ്ടാകുമോ? ആ മിനിട്സ് ഫയലിൽ ഇരിക്കേ സഭയെ തെറ്റിദ്ധരിപ്പിച്ചത് എന്തിനാണ്? സർ, ........പോയിന്റ് ഓഫ് ഓർഡർ. .....(ബഹളം)...... ഇവിടെ നിയമസഭയിൽ വന്നിരിക്കുന്ന റെക്കോർഡാണ്. അത് ടേബിൾ ചെയ്യണമെന്ന് ഞാൻ ബഹുമാനപ്പെട്ട സ്പീക്കറോട് പറഞ്ഞ്, സ്പീക്കറുടെ നിർദ്ദേശ പ്രകാരം ടേബിൾ ചെയ്ത ഡോക്യുമെന്റാണ്. ആ ഡോക്യുമെന്റിനകത്ത് വന്നിട്ടുള്ള വളരെ കാര്യമാത്ര പ്രസക്തമായിട്ടുള്ള വേരിയേഷനാണ് ഞാൻ പറഞ്ഞത്. നിയമസഭാ രേഖയും ഈ റെക്കോർഡും തമ്മിൽ ടാലി ചെയ്യുന്നില്ല. നിയമസഭാ രേഖയിൽ ശ്രീമതി ടീച്ചർ പറഞ്ഞിട്ടുള്ളത്, ഇവിടെ 50 വയസ്സിനു താഴെയുള്ളവർക്ക് കൊടുക്കണമെന്ന് നിർബന്ധിച്ചിട്ടില്ല എന്നാണ്. അങ്ങ് എടുത്ത് ചോദിച്ചു. പ്രതിപക്ഷ നേതാവ് ചോദിച്ചു. ഇവിടെ ടേബിൾ ചെയ്ത രേഖയിൽ ഉണ്ടെന്നു തെളിഞ്ഞു. നിയമസഭയെ തെറ്റിദ്ധരിപ്പിച്ചതിന് മറുപടി പറയുന്നതിനു പകരം പഴയ ചരിത്രം എന്തിനാണ് പറയുന്നത്?

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: ...............(ബഹളം).......... ഞാൻ പറയാം...........(ബഹളം)............ ഞങ്ങൾ 20-ാം തീയതി സത്യപ്രതിജ്ഞ ചെയ്ത് അധികാരത്തിൽ വന്നു. ഈ സ്ക്കീമിനെ സംബന്ധിച്ച് പരിശോധിച്ച് മേയ് 29-ാം തീയതി ആദ്യത്തെ ഗവേണിംഗ് ബോഡി യോഗം ചേരുന്നു. എത്ര ആയിരം അപേക്ഷകൾ ഉള്ളതിൽ എങ്ങനെയാണ്, ഏതാണ്ട് 706 പേർക്ക് മാത്രം കൊടുക്കേണ്ട തുക എങ്ങനെ സോർട്ട് ചെയ്യും? അതിനെ സംബന്ധിച്ച് ബൈലാ അനുസരിച്ചുള്ള പ്രൊവിഷനാണ്. ഗവേണിംഗ് ബോഡിക്ക് തീരുമാനിക്കാം. ഞങ്ങൾ രണ്ടു മൂന്ന് പ്രയോറിട്ടി തീരുമാനിച്ചു. എന്റെ പ്രസംഗം അങ്ങേയ്ക്ക് എടുത്തു പരിശോധിക്കാം. ഞങ്ങൾ മുൻഗണനാക്രമം നിശ്ചയിച്ചു. ചെറിയ കുഞ്ഞുങ്ങളുള്ള bread winners ആയിട്ടുള്ള ആളുകൾക്ക് മുൻഗണന കൊടുക്കണം. മുൻഗണന കൊടുക്കണമെന്ന് തീരുമാനിച്ചെന്ന് പറഞ്ഞല്ലോ? അങ്ങ് അന്ന് ഒരു ചോദ്യം ചോദിച്ചു. അങ്ങ്, ബഹുമാനപ്പെട്ട സ്പീക്കർ ചോദിച്ച ചോദ്യം, 50-ൽ കൂടുതൽ വയസ്സുള്ളവർക്ക് കൊടുക്കേണ്ട എന്നു തീരുമാനിച്ചിട്ടുണ്ടോ? ഞാൻ പറഞ്ഞു, ഇല്ല. കാരണം അന്നത്തെ തീരുമാനത്തിൽത്തന്നെ മിനിട്സിൽ 'തല്ക്കാലം' എന്നുള്ള വാക്ക് ഇപ്പുറത്തായിപ്പോയി എന്നുള്ളതു ശരിതന്നെ. അത് ഞാൻ അംഗീകരിച്ചു. ഞാൻ അങ്ങയുടെ മുമ്പിൽ അന്നത്തെ 706 പേരുടെ ലിസ്റ്റ് സമർപ്പിക്കാം. ലക്ഷ്മി നാരായണൻ എന്നു പറയുന്ന ആൾ ഉൾപ്പെടെ, 57 വയസ്സ്......(ബഹളം)...... കൊടുത്തിട്ടുണ്ട്....(ബഹളം)..... ഞാൻ ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണന്റെ അപേക്ഷ അങ്ങേയ്ക്ക് സമർപ്പിക്കാം. അദ്ദേഹം അപേക്ഷയിൽ പറഞ്ഞിട്ടുള്ള ആളിന് 57 വയസ്സുണ്ട്. അടുത്ത ഗവേണിംഗ് ബോഡിയിൽ, 31-ാം തീയതി നടക്കുന്ന ഗവേണിംഗ് ബോഡിയിൽ വച്ച് പരിഗണിക്കുകയാണ്. കൊടുക്കുകയില്ല എന്നല്ല, ഒരു മുൻഗണനാക്രമം വച്ചു. ഒരു മുൻഗണനാക്രമം നിശ്ചയിച്ചപ്പോൾ വരില്ല, ശരിയാണ്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞത് ശരിയാണ്. സർജറിയുടെ ഭാഗത്തു നിന്നുമാണ് തല്ക്കാലം വന്നത്. ഞാൻ 'തല്ക്കാലം' എന്നു ചേർത്ത വാക്ക് ഇപ്പുറത്താണ് വരേണ്ടിയിരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ അങ്ങയുടെ പെർമിഷനോടുകൂടി ഒരു സെന്റൻസ് വായിക്കാം. ഈ രോഗികളിൽത്തന്നെ 50 വയസ്സിനു താഴെ പ്രായമുള്ളവർക്ക് മാത്രം ഈ തുക അനുവദിച്ചാൽ മതിയെന്നും തല്ക്കാലം ഹൃദയ ശസ്ത്രക്രിയ, മസ്തിഷ്ക ശസ്ത്രക്രിയ, ക്യാൻസർ ചികിത്സ എന്നിവയ്ക്കു മാത്രം തുക അനുവദിച്ചാൽ മതിയെന്നും യോഗം തീരുമാനിച്ചു. ഇതാണ് പ്രശ്നം.

മി. സ്പീക്കർ: മന്ത്രി ക്ലാരിഫൈ ചെയ്തല്ലോ?

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: ഞാൻ പറഞ്ഞു, അങ്ങനെ ഒരു തീരുമാനം കോൺക്രീറ്റ് ആയിട്ട് എടുത്താൽ അന്നത്തെ തീരുമാനത്തിൽ 50 വയസ്സിൽ കൂടുതലുള്ളവർക്ക് കൊടുക്കുവാൻ പറ്റുമോ? പറ്റുകയില്ല. അങ്ങനെ ഒരു തീരുമാനമായിരുന്നു ഉണ്ടായിരുന്നതെങ്കിൽ അന്നത്തെ തീരുമാനത്തിൽ ലക്ഷ്മി നാരായൺ അന്നത്തെ തീയതിക്ക് റിസീവ് ചെയ്ത രേഖ എന്റെ കൈവശമുണ്ട്. അതുകൊണ്ട് യഥാർത്ഥത്തിൽ സംഭവിച്ചത്, ചർച്ച ചെയ്ത് ഒരു മുൻഗണനാക്രമം വച്ചുവെന്നേയുള്ളൂ. ഒരു കാര്യംകൂടി, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ശ്രീ. ഉമ്മൻചാണ്ടി പറഞ്ഞ കാര്യംകൂടി എനിക്ക് വ്യക്തമാക്കേണ്ടതുണ്ട്. തൃശ്ശൂർ മെഡിക്കൽ കോളേജിനോട് അനുബന്ധിച്ച് അവിടെ അലൂമിനി അസോസിയേഷൻ എന്നു പറയുന്ന ഒരു സംഘടനയ്ക്ക് സ്ഥലം വിട്ടുകൊടുത്തതുമായി ബന്ധപ്പെട്ട് ഒരു പരാമർശം നടത്തുകയുണ്ടായി. കഴിഞ്ഞ പ്രാവശ്യം അവർ അങ്ങയുടെ മുമ്പിൽ സമർപ്പിച്ച അപേക്ഷയിൽ ഒരു ഏക്കർ ഭൂമി വിട്ടുതരണമെന്നും അവിടെ എടുക്കുന്ന കെട്ടിടത്തിൽ ഒരു ഹാൾ അവർക്കുകൂടി സൗകര്യപ്രദമായ വിധത്തിൽ കൊടുക്കണമെന്നുമായിരുന്നു നിർദ്ദേശിച്ചിരുന്നത്. പക്ഷേ അത് മാറ്റി പിന്നീട് അവർ ഒരു പുതിയ പ്രൊപ്പോസൽ തന്നു. ആ പ്രൊപ്പോസലിൽ ഞങ്ങൾക്ക് യാതൊരു തരത്തിലുള്ള അവകാശവും വേണ്ട എന്ന് എഴുതിതന്നതിന്റെ അടിസ്ഥാനത്തിൽ ഉത്തരവ് പുറപ്പെടുവിച്ചു. ഒരു സെന്റ് സ്ഥലത്തിനോ അല്ലെങ്കിൽ ഒരു കെട്ടിടത്തിനോ അലൂമിനി അസോസിയേഷന് അധികാരമില്ലെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ ഒരു പ്രത്യേക ഉത്തരവ്, ബഹുമാനപ്പെട്ട പ്രതിപക്ഷത്തുള്ള ചില മെമ്പർമാരുടെ റിക്വസ്റ്റ് അനുസരിച്ച് അവരുടെ മണ്ഡലത്തിലെ ചില സംഘടനകൾ, എൻ.ആർ.ഐ.ക്കാർ ആയിട്ടുള്ള ആളുകൾ അപേക്ഷ കൊടുത്തിട്ടുണ്ട്. അവർക്ക് ഇതിൽ ഒരു അവകാശവുമില്ല, ഒരു അധികാരവുമില്ല. കെട്ടിടം നിർമ്മിക്കുക, അവർക്ക് വിട്ടുകൊടുക്കുക. ഈ രീതിയിലാണ് തൃശ്ശൂർ മെഡിക്കൽ കോളേജിൽ അലൂമിനി അസോസിയേഷൻ വിട്ടുകൊടുത്തിട്ടുള്ളത്. അങ്ങയുടെ മുമ്പിൽത്തന്നെ ആ ഉത്തരവുണ്ട്.

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഞങ്ങളുടെ കാലത്ത് കൊടുക്കുവാൻ വേണ്ടി ശ്രമിച്ചപ്പോൾ അതിനെ അന്നത്തെ പ്രതിപക്ഷ നേതാവ് എതിർക്കുകയും അവിടെ സി.പി.ഐ. (എം.) സമരം നടത്തുകയും ചെയ്തു. അന്നത്തെ പ്രിൻസിപ്പാളിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ മാത്രമാണ്. അതേ ശുപാർശ വച്ചിട്ടാണ് നിങ്ങൾ ഓർഡർ കൊടുത്തത്. ഞങ്ങളും ഇതുപോലെ കൊടുക്കുവാൻ വേണ്ടിയാണ് പ്രിൻസിപ്പാളിന്റെ കയ്യിൽനിന്ന് റിപ്പോർട്ടു വാങ്ങി ഓർഡർ കൊടുക്കുവാൻ പോയത്. ഞാൻ കൊടുത്തതിനെ എതിർക്കുന്നില്ല. അങ്ങനെയുള്ള നല്ല കാര്യങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യണമെന്നുള്ള അഭിപ്രായമുണ്ട്. പക്ഷേ ഞങ്ങൾ പോയപ്പോൾ അതിനെ എതിർക്കുകയും അവിടെ സമരം നടത്തുകയും ചെയ്തിട്ട് അതേ സാഹചര്യത്തിൽ ഇപ്പോൾ കൊടുത്തത് എന്തെന്നുള്ള ചോദ്യമേ ഞാൻ ചോദിച്ചുള്ളൂ.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: അല്ല, സർ, പ്രൊപ്പോസൽ മാറ്റി. ആ പ്രൊപ്പോസലിൽ പറയുന്നത് ഞങ്ങൾക്ക് യാതൊരു വിധത്തിലുള്ള അവകാശവും വേണ്ട. ഉവരെ ഒരു പ്രൊപ്പോസൽ എന്റെയടുത്തുണ്ട്.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: ഞാൻ സ്പീക്കർ എന്നുള്ള നിലയ്ക്ക് യോഗം വിളിച്ചുകൂട്ടി പ്രതിപക്ഷ നേതാവിനോടുകൂടി സംസാരിക്കുവാൻ തയ്യാറായ കാര്യമാണ്. പ്രൊപ്പോസൽ ഒന്നും മാറ്റിയിട്ടില്ല. പക്ഷേ ചെയ്യണമെന്നുള്ള അഭിപ്രായം ഞങ്ങൾക്കുംകൂടി ഉള്ളതുകൊണ്ട് ഞങ്ങൾ എതിർക്കുന്നില്ല. അപ്പോൾ നിങ്ങൾ അട്ടിമറിക്കുകയാണ്. വല്ല കാര്യവും മറ്റുള്ളവർ ചെയ്യുമ്പോൾ തെറ്റുമെന്ന ഇരട്ടത്താപ്പ് നയം ഈ കാര്യത്തിലും അവലംബിച്ചു എന്നുള്ളത് സത്യമാണ്.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: അങ്ങനെ പറയുന്നത് ശരിയല്ല. എന്റെ മുമ്പിൽ വന്ന അപേക്ഷ നിങ്ങൾക്കറിയില്ലല്ലോ? നിങ്ങൾ ഈ രീതിയിൽ പ്രൊപ്പോസൽ തന്നാൽ അനുവദിക്കുവാൻ സാദ്ധ്യമല്ല ആ ഉത്തരവും അങ്ങയുടെ കയ്യിലുണ്ട്.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: പ്രതിപക്ഷ നേതാവിനോടു പറഞ്ഞ് ഈ കാര്യം ശരിയാക്കണമെന്ന് ബഹുമാനപ്പെട്ട ചെയറിനോടു വരെ കഴിഞ്ഞ വർഷം പറഞ്ഞതാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): സർ, ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ട ചർച്ചയിൽ രണ്ട് പ്രധാനപ്പെട്ട പരാമർശങ്ങളാണ് ഉണ്ടായത്. അതിൽ ഏറ്റവുമൊടുവിൽ ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ, കഴിഞ്ഞ ചർച്ചയിൽ ഉയർത്തിയ അതേ പ്രശ്നങ്ങളുടെ ആവർത്തനം തന്നെ ഈ ചർച്ചയിലും നടത്തുകയുണ്ടായി. നെയ്യാറിൽ നിന്ന് വെള്ളം വിട്ടുകൊടുക്കുന്നതുമായി ബന്ധപ്പെട്ട പ്രമേയത്തെ സംബന്ധിച്ച് ഈ സഭയിൽ ചർച്ച നടന്നപ്പോൾ ഒരു ദിനപത്രം എഴുതിയത് വളരെ പ്രസക്തമാണെന്ന് ഈ അവസരത്തിൽ സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. മുല്ലപ്പെരിയാർ പ്രശ്നം വരുമ്പോഴും ഇതിന്റെ ചർച്ചകൾ നടക്കുമ്പോഴും 'നമ്മൾ', 'നിങ്ങൾ' എന്ന നിലയിൽ ഈ ഡിബേറ്റ് കൊണ്ടുപോകുന്നു എന്നാണ് വിമർശനാത്മകമായി ആ മാദ്ധ്യമം വിലയിരുത്തിയത്. ഈ ചർച്ച വരുമ്പോഴും അത് വിവിധ തലങ്ങളിൽ സംസാരിക്കുമ്പോഴുമൊക്കെ തികച്ചും സൗഹൃദ മനോഭാവത്തോടുകൂടി ഒരു കൺസെൻസസ്സോടുകൂടി പ്രശ്നം മുന്നോട്ടുകൊണ്ടുപോകണമെന്നുള്ളതാണ് ഗവൺമെന്റ് സ്വീകരിച്ച നിലപാട്. പക്ഷേ ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ തുടക്കം മുതൽ ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള സമീപനം സദുദ്ദേശപരമാണെന്ന് എനിക്ക് ഇപ്പോൾ തോന്നുന്നില്ല. ............(ബഹളം)..............ഇക്കാര്യത്തെ സംബന്ധിച്ച് കഴിഞ്ഞ ഗവൺമെന്റിന്റെ കാലയളവിൽ സ്വീകരിച്ചിട്ടുള്ള സമീപനങ്ങൾ അദ്ദേഹം തന്നെ കൈക്കൊണ്ടിട്ടുള്ള തീരുമാനങ്ങൾ, ഒരു പ്രത്യേക രൂപത്തിൽ അല്ലെങ്കിൽ ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായി നിയമസഭയിൽ പ്രമേയം പാസ്സാക്കുന്ന വിഷയത്തെ സംബന്ധിച്ച് അന്ന് പരാമർശം നടത്തിയശേഷം നെയ്യാറിൽ നിന്ന് വെള്ളം വിട്ടുകൊടുക്കുന്നതുമായി

LIBRARY ARCHIVES Kerala Legislative Assembly

ബന്ധപ്പെട്ട് അങ്ങനെ ഒരു തീരുമാനമെടുക്കുന്നതുകൊണ്ട് മുല്ലപ്പെരിയാർ പ്രശ്നത്തിൽ ഗുണമുണ്ടാകുമെന്ന് അദ്ദേഹം പ്രതീക്ഷിച്ചു. ആ നിലയിലാണ് അദ്ദേഹം ഇപ്പോൾ സംസാരിച്ചത്. അതുകൊണ്ടാണ് ഞാൻ ചോദിക്കുന്നത് നെയ്യാറിൽ നിന്ന് ജലം വിട്ടുകൊടുക്കുന്നതുകൊണ്ട് മുല്ലപ്പെരിയാർ പ്രശ്നത്തിൽ അനുകൂലമായ നിലപാടുണ്ടാകുമെന്ന് അദ്ദേഹത്തിന് വിശ്വാസമുണ്ടായിരുന്നെങ്കിൽ എന്തുകൊണ്ട് ഇത് ഒരു മരണക്കുടുക്കായിരിക്കുമെന്ന് അദ്ദേഹം പ്രഖ്യാപിച്ചു? ഈ അഫിഡവിറ്റിനെ സംബന്ധിച്ച് അദ്ദേഹം പല പ്രാവശ്യം സൂചിപ്പിച്ചു. കഴിഞ്ഞ ചർച്ചയിലും ഞാൻ സൂചിപ്പിച്ചതാണ്. എഗ്രിമെന്റുണ്ടാക്കിയ വർഷം 1886 എന്ന് 12 സ്ഥലങ്ങളിൽ രേഖപ്പെടുത്തിയതിൽ ഒരു സ്ഥലത്ത് 8 മാറി 9 ആയി എന്ന ഒരു പിശകുണ്ട്. .........(ബഹളം).................വളരെ നിസ്സാരമായി പ്രശ്നങ്ങൾ...... കഴിഞ്ഞ ചർച്ചയിൽ ഗവൺമെന്റ് സമ്മതിച്ചതാണ്. ഓഗസ്റ്റ് 18-ാം തീയതി ഉണ്ടായ ഭൂചലനം എന്നുള്ളത് ഓഗസ്റ്റ് 20-ാം തീയതി എന്നുവന്നു. അത് കേവലം ഓറൽ കറക്ഷനിലൂടെ മാറ്റാവുന്നതാണ്. റെക്കോർഡെല്ലാം സ്പെസിഫിക്കാണ്. ഇത്തരം പ്രശ്നങ്ങൾ സംബന്ധിച്ച് വീണ്ടും ഒരു അഫിഡവിറ്റ്! കേരളം എങ്ങോട്ട് പോകുന്നുവെന്ന് ചോദിക്കുന്നു. ഞാൻ ചോദിക്കട്ടെ, കേരളം എങ്ങോട്ട് പോയി? ഇത്രയും ദിവസം ഞങ്ങൾ, നിങ്ങൾ എന്ന് ഞാൻ പറഞ്ഞില്ലല്ലോ. കഴിഞ്ഞ ഒരു വർഷക്കാലം എത്ര അഭിഭാഷകരായിരുന്നു മുല്ലപ്പെരിയാർ പ്രശ്നത്തിൽ കേസ് നടത്തിയത്? എന്തായിരുന്നു അന്ന് രൂപീകരിച്ച ഡാം സേഫ്റ്റി അതോറിറ്റി? ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ മന്ത്രിയായിരുന്ന സമയത്ത് രൂപീകരിച്ച ഡാം സേഫ്റ്റി അതോറിറ്റിയിലെ വാട്ടർ റിസോഴ്സസിന്റെ എക്സ്പേർട്ട് ആരായിരുന്നു? ഞാൻ അത് പറയണമോ? എങ്ങോട്ടാണ് കേരളം പോയത്? അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന രണ്ട് വ്യക്തികൾ വാട്ടർ റിസോഴ്സസിന്റെ എക്സ്പേർട്ടായിരുന്നു. .........(ബഹളം).................അന്ന് അദ്ദേഹം കോൺസ്റ്റിറ്റ്യൂട്ട് ചെയ്ത ഡാം സേഫ്റ്റി അതോറിറ്റിയെ വച്ച് കേസ്സിനു പോയിരുന്നെങ്കിലുള്ള സ്ഥിതി എന്താകുമായിരുന്നു? ......(ബഹളം).................ഞാൻ ഒരു തർക്കത്തിനില്ല. ഈ അഫിഡവിറ്റ് സർക്കാർ ഇപ്പോഴും own ചെയ്യുന്നു. അക്കാര്യത്തിൽ ഒരു സംശയവും വേണ്ട. രണ്ട് പ്രശ്നങ്ങൾ സർക്കാർ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ആ പ്രശ്നങ്ങൾ ഓറൽ കറക്ഷനിലൂടെ കറക്ട് ചെയ്യാമെന്ന് കഴിഞ്ഞ സഭയിൽത്തന്നെ ഞാൻ സൂചിപ്പിച്ചതാണ്. മറ്റൊരു പ്രശ്നം കൂടിയുണ്ട്. അതിനും കഴിഞ്ഞ തവണ മറുപടി പറഞ്ഞതാണ്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉൾപ്പെടെയുള്ളവരുടെ അഭിപ്രായത്തിൽ 152 അടിയായി ജലനിരപ്പ് ഉയർത്തിയാൽ, വാട്ടർ സ്പ്രെഡ് ഏരിയ പരമാവധി പോയാൽ 8000 ഏക്കറിൽ താഴയേ വരൂ. അതുതന്നെയാണ് തമിഴ്നാടിന്റേയും വാദം. ഗവൺമെന്റിന്റെ വാദം അതല്ല. 152 അടിയായി ഉയർത്തിയാൽ തീർച്ചയായും അത് 8000-ന് മുകളിൽ പോകുമെന്നാണ് ഗവൺമെന്റിന്റെ വാദം. അദ്ദേഹം ഒരു സംശയം ചോദിച്ചു. അത് ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയിട്ടുള്ള ഒരു പഠനത്തിന്റെ അടിസ്ഥാനത്തിൽ കിട്ടിയിട്ടുള്ള ഒരു രേഖയാണ്. ആ രേഖ പൂർണ്ണമായും ശരിയാകണമെന്നില്ല. 8000 ഏക്കറെന്ന് ഒറിജിനൽ കരാറിൽ പറയുന്നു, 5000 ഏക്കറിന് താഴെയേ ഉണ്ടാകൂ എന്ന് തമിഴ്നാട് പറയുന്നു, 11000-ൽ ചിലപ്പോൾ വരുമെന്ന് നമ്മൾ

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നു. ആ അഫിഡവിറ്റ് കേരളത്തിന്റെ ഏറ്റവും വലിയ അബദ്ധ പഞ്ചാംഗമാണെന്നുള്ള വിലയിരുത്തൽ നിർഭാഗ്യകരമാണ്. വീണ്ടും ഇത്തരം പരാമർശങ്ങളുമായി വിവാദം നടത്തുന്നത് നിർഭാഗ്യകരമാണെന്ന് ആവർത്തിച്ചു പറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുന്നു. ഇക്കാര്യത്തിൽ തമിഴ്നാട് ചർച്ച ചെയ്യുന്നു എന്ന കാര്യത്തെയാണ് സർക്കാർ സ്വാഗതം ചെയ്തത്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും അത് സ്വാഗതം ചെയ്തു. കഴിഞ്ഞ ദിവസം മുഖ്യമന്ത്രി ഈ പ്രശ്നത്തെ സംബന്ധിച്ച് കേരള ഗവൺമെന്റിന്റെ നിലപാട് അസന്ദിഗ്ദ്ധമായി പ്രഖ്യാപിച്ചു. 136 അടിയിൽ നിന്ന് 142 അടിയായി ഉയർത്തുന്നതു സംബന്ധിച്ചല്ല ആ ചർച്ച. അതിന് സർക്കാർ സന്നദ്ധമല്ലെന്ന് പറഞ്ഞു. സർവ്വകക്ഷി യോഗത്തിൽ ഉയർന്നുവന്ന വികാരം വളരെ പ്രകടമായിരുന്നു. ഈ ഗവൺമെന്റ് അതിൽ വിജയിച്ചു, അല്ലെങ്കിൽ വിജയിക്കുമെന്നുള്ള അമിതമായ വിശ്വാസമൊന്നും ഇക്കാര്യത്തിലില്ല. ചർച്ചയ്ക്ക് നമ്മൾ പോവുകയാണ്. അതിനുമുമ്പ് ഏത് തരത്തിലുള്ള നിർദ്ദേശങ്ങളും ഉപദേശങ്ങളും സ്വീകരിക്കാൻ ഗവൺമെന്റ് സന്നദ്ധമാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ 1886-ന്റെ സ്ഥാനത്ത് 1986 എന്നുള്ളതും ഓഗസ്റ്റ് 18-ന്റെ സ്ഥാനത്ത് ഓഗസ്റ്റ് 20 എന്നുള്ളതുമായ ഡിഫക്ടുകൾ ഗവൺമെന്റ് തീർച്ചയായും കെയർ ചെയ്യുന്നതാണ്, അത് പരിഹരിക്കപ്പെടുന്നതാണ്. ഒരു റിസൾട്ട് ഉണ്ടാക്കുക എന്നുള്ളതാണ് ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം പ്രധാനപ്പെട്ട പ്രശ്നം. പഞ്ചായത്ത് ഇലക്ഷനുമായി ബന്ധപ്പെട്ടാണ് ഇതു ചെയ്തതെന്ന് അദ്ദേഹം സൂചിപ്പിച്ചു. തമിഴ്നാട്ടിൽ പഞ്ചായത്ത് തെരഞ്ഞെടുപ്പ് 13, 15 തീയതികളിൽ കഴിഞ്ഞു. അതിനുശേഷമാണ് അഗ്രസ്സീവ് സ്റ്റെപ്പ്സുമായി ഗവൺമെന്റ് മുന്നോട്ടുവന്നത്. കഴിഞ്ഞ ചർച്ചയിൽ ഞാൻ പറഞ്ഞത് ആവർത്തിക്കാൻ ആഗ്രഹിക്കുന്നില്ല. അങ്ങനെയായിരുന്നെങ്കിൽ യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിലിരുന്നപ്പോൾ തമിഴ്നാടിന് നെയ്യാറിൽ നിന്ന് വെള്ളം വിട്ടുകൊടുക്കാൻ എടുത്തിട്ടുള്ള തീരുമാനം മറ്റെന്തെങ്കിലും രാഷ്ട്രീയ സമ്മർദ്ദത്തിന്റെ അടിസ്ഥാനത്തിലായിരുന്നോ? തെരഞ്ഞെടുപ്പിന്റേയോ മറ്റെന്തെങ്കിലും പ്രശ്നത്തിന്റേയോ ഭാഗമായാണോ തീരുമാനിച്ചത്? ഇത് യു.ഡി.എഫ്. ചെയ്തതല്ലേ? നിഷേധിക്കാൻ കഴിയുമോ? ഞാൻ ഇക്കാര്യത്തിൽ എവിടെ വേണമെങ്കിലും ഒരു സംവാദത്തിന് തയ്യാറാണ്. അങ്ങയോട് അദ്ദേഹം ഫയൽ ചോദിച്ചുവെന്ന് ഞാൻ അറിഞ്ഞു. അങ്ങനെയാണെങ്കിൽ തീർച്ചയായും അങ്ങയുടെ സാന്നിദ്ധ്യത്തിൽ ഈ ഫയൽ വച്ചുകൊണ്ട് ചർച്ച ചെയ്യാം. എന്തിനാണ് അങ്ങ് ഇത്തരത്തിലുള്ള ഇടപാടുകളിലേയ്ക്ക് പോകുന്നത്. യു. ഡി. എഫ് ഗവൺമെന്റ് വെള്ളം കൊടുക്കാൻ തീരുമാനിച്ചു എന്നുള്ളത് വളരെ വ്യക്തമായ യാഥാർത്ഥ്യമല്ലേ? എൽ.ഡി.എഫ് ഗവൺമെന്റ് വേറെ എന്തെങ്കിലും ചെയ്തോ? അത് മരണക്കുരുക്കാണെന്ന് വിലയിരുത്തുന്നു. വസ്തുത ഇതാണെന്നിരിക്കേ ഈ നടപടിയെ സംബന്ധിച്ച് സഭയിലുള്ള കൺസെൻസസ്സ് പോലും ഇല്ലാതാക്കുന്ന തരത്തിലുള്ള വിമർശനങ്ങൾ ഒഴിവാക്കണമെന്നാണ് എനിക്ക് ഈ അവസരത്തിൽ സൂചിപ്പിക്കാനുള്ളത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, പോയിന്റ് ഓഫ് ഓർഡർ. ഇവിടെ കേരള ഗവൺമെന്റിനുവേണ്ടി ശ്രീ. ഇന്ദ്രജിത്ത് സിംഗ് ഒപ്പിട്ട് രണ്ട് അഡ്വക്കേറ്റ്സ് മുഖാന്തിരം ഹൈക്കോടതിയിൽ ഫയൽ ചെയ്ത അഫിഡവിറ്റ് എന്റെ കയ്യിലുണ്ട്. ഈ അഫിഡവിറ്റിൽ തമിഴ്നാട് എടുത്തിരിക്കുന്ന രണ്ട് സമീപനമുണ്ട്. ഒന്ന്, കേരളവുമായി ചർച്ച ചെയ്യുക, രണ്ട്, കോടതിയിൽ കേസ്സിന് പോവുക. ഈ അഫിഡവിറ്റിനകത്ത്

LIBRARY ARCHIVES Kerala Legislative Assembly

അബദ്ധങ്ങളുണ്ടെങ്കിൽ അത് തിരുത്താനുള്ള നടപടികളുമായി നമ്മൾ പോകുന്നില്ലെങ്കിൽ, കോടതിയിൽ കേസ്സിന് പോകുക എന്ന തമിഴ്നാടിന്റെ തീരുമാനം അനുസരിച്ച് കേരളം എവിടെപ്പോയി നിൽക്കും? .................(ബഹളം)........

മി. സ്പീക്കർ: പോയിന്റ് ഓഫ് ഓർഡർ പറയൂ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: കോടതിയിൽ ചർച്ച നടക്കുന്നത് അവിടെ നിൽക്കട്ടെ. പക്ഷേ കോടതിയിൽ കേസ്സിന് പോകുമ്പോൾ കേസ്സിന് ആധാരമായി വരുന്നത് ഇതാണ്. ഈ ആധാര രേഖ അവിടെ പോയാൽ തകരും. അതിന് നടപടിയെടുക്കുന്നതിനു പകരം ഇവിടെ ബഹളമുണ്ടാക്കിയിട്ട് കാര്യമുണ്ടോ? ..............(ബഹളം).................

മി. സ്പീക്കർ: പോയിന്റ് ഓഫ് ഓർഡർ ഇല്ല.

ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ: കേരളം സുപ്രീംകോടതിയിൽ തോൽക്കും എന്ന നിലയിലുള്ള പരാമർശമാണ് വീണ്ടും പുറത്തു വന്നുകൊണ്ടിരിക്കുന്നത്. അത് വളരെ നിർഭാഗ്യകരമാണ്. രണ്ട് ക്ലറിക്കൽ മിസ്റ്റേക്കുകളുടെ പേരിൽ ഈ അഫിഡവിറ്റുമായി സുപ്രീംകോടതിയിൽ പോയാൽ കേരളം തോൽക്കും, ഇതല്ലേ ദൃശ്യമാദ്ധ്യമങ്ങളിലൂടേയും മറ്റും സ്ഥിരമായി പറയുന്നത്. ബഹുമാനപ്പെട്ട കെ.എം. മാണി ഉന്നയിച്ച ഒരു പ്രധാനപ്പെട്ട പ്രശ്നം കൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം. അദ്ദേഹം പറഞ്ഞത് നൂറു ശതമാനം ശരിയാണ്. കാരണം കന്യാമടക് ഡാമിനെ സംബന്ധിച്ച് ഒരു വിധി വന്നു. അത് exparte വിധിയാണ്. 20-7-2006-ൽ ആണ് ഇതു സംബന്ധിച്ച് വിധി വന്നത്. മുല്ലപ്പെരിയാറിന് ഏതാനും കിലോമീറ്റർ അകലെ ഡെൻസ് ഫോറസ്റ്റിൽ ടൈഗർ റിസോഴ്സ് ഫോറസ്റ്റിന്റെ ആസ്ഥാനമായ പ്രദേശത്ത് രണ്ട് നൂറ്റാണ്ടുകളോളം പഴക്കമുള്ള അണക്കെട്ട് അഥവാ ഡാം ഉണ്ടായിരുന്നു. 1968-ലാണ് ഡയറക്ടർ, സർവ്വേ ആന്റ് ലാന്റ് റിക്കോർഡ്സ്, കേരള ഗവൺമെന്റിനെ ധരിപ്പിച്ചത്. ഇതേസമയം ആ ഡാമിന്റെ അറ്റകുറ്റപ്പണികൾ കേരളം നടത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് തമിഴ്നാട് ഗവൺമെന്റ് കത്തയച്ചു. നിർഭാഗ്യകരമായ, ഭാവിയിൽ ഒരുപാട് ദോഷം ചെയ്യുന്ന ഒരുപാട് കാര്യങ്ങൾ ഉണ്ടായി. അതിൽ പ്രധാനമായും, അറ്റകുറ്റപ്പണി ചെയ്തു കൊടുക്കാമെന്ന് കേരളം തമിഴ്നാട് ഗവൺമെന്റുമായി സമ്മതിച്ചു. അങ്ങനെ സമ്മതിച്ചതിന്റെ അടിസ്ഥാനത്തിൽ ജോയിന്റ് ഇൻസ്പെക്ഷൻ നടത്തി. കോസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി പത്ത് ലക്ഷത്തിൽ ചില്വാനം രൂപ എന്ന് തീരുമാനിച്ചു. അതിന്റെ പകുതി തുക ആയിട്ടുള്ള അഞ്ച് ലക്ഷത്തിപതിനയ്യായിരം രൂപ തമിഴ്നാട് സംസ്ഥാന ഗവൺമെന്റ് കോട്ടയം മൈനർ ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ മുൻപാകെ ഡ്രാഫ്റ്റ് മുഖാന്തിരം കെട്ടിവച്ചു. കേരളം ഡാമിന് അറ്റകുറ്റ പണി നടത്താമെന്ന് സമ്മതിച്ചു. അതിനുശേഷം നടന്ന പഠനത്തിന്റെ അടിസ്ഥാനത്തിൽ 1982-ലെ വൈൽഡ് ലൈഫ് പ്രൊട്ടക്ഷൻ ഉൾപ്പടെയുള്ള പുതിയ ഉത്തരവുകളും വിജ്ഞാപനങ്ങളും ഉണ്ടായതിന്റെ പശ്ചാത്തലത്തിൽ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് ശക്തമായി എതിർക്കുകയും അവരുടെ രേഖകളും റിപ്പോർട്ടും അനുസരിച്ച് കന്യാമടക് ഡാം അവർ dismantle ചെയ്തു. Dismantle ചെയ്ത ശേഷം ഒരു തരത്തിലുമുള്ള നിർമ്മാണ പ്രവർത്തനം നടത്താൻ അനുവദിക്കില്ലെന്ന നിലപാട് അവർ സ്വീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ആ നിലപാട് സ്വീകരിച്ചതിനുശേഷം. നമ്മുടെ ഗവൺമെന്റ് ഏറ്റവും ഒടുവിൽ 5.15 ലക്ഷം രൂപ തിരികെ കൊടുക്കാൻ തീരുമാനിച്ചു. അതനുസരിച്ച് തിരികെ കൊടുത്തു, അതിന്റെ റെസീപ്റ്റും നമ്മൾ വാങ്ങിച്ചു. അതിനുശേഷം ഉണ്ടായ ഡെവലപ്മെന്റ്സ്, തമിഴ്നാട്ടിലുള്ള ഒരു കർഷക സംഘം മദ്രാസ് ഹൈക്കോടതിയിൽ ഒരു ഒ. പി. റിട്ട് ഹർജി സമർപ്പിച്ചു. ആ ഒ. പി. റിട്ട് ഹർജിയെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട കെ.എം. മാണി സൂചിപ്പിച്ചത്. ആ റിട്ട് ഹർജിക്ക് തമിഴ്നാട്ടിൽ നമുക്ക് വേണ്ടി വാദം പറയുന്നതിനും ഹാജരാകുന്നതിനും കേരളത്തിൽനിന്നുള്ള അബ്ദുൾ റഹീം എന്നു പറയുന്ന വക്കീലിനെ നിയോഗിച്ചു. 2006 ഫെബ്രുവരി മാസം 15-ാം തീയതിയാണ് അദ്ദേഹം വക്കാലത്ത് ഒപ്പിടുന്നത്. അതിനു ശേഷം നാലോ അഞ്ചോ പോസ്റ്റിംഗ്സ് ഈ കേസിൽ നടന്നു. ഇതുവരെ ലഭ്യമായിട്ടുള്ള രേഖകൾ അനുസരിച്ച് ഒരു അവധിയിൽ പോലും നമ്മുടെ വക്കീൽ ഹാജരായിട്ടില്ല. യു.ഡി.എഫ്. ഗവൺമെന്റിന്റെ സമയത്തും, എൽ.ഡി.എഫ്. ഗവൺമെന്റിന്റെ സമയത്തും 20-7-2006-ൽ ഒരു exparte ഉത്തരവ് ഉണ്ടായി. ശ്രീ. ടി. എൻ. പ്രതാപൻ കത്ത് തന്നതിന്റെ അടിസ്ഥാനത്തിൽ വിശദമായി അന്വേഷണം നടത്തണമെന്ന് ആവശ്യപ്പെട്ട് പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി. ഈ പ്രശ്നം അന്വേഷണത്തിന്റെ പരിധിയിലാണ്. ആ exparte ഉത്തരവ് നമുക്ക് ദോഷകരമല്ല. ആ exparte ഉത്തരവിൽ പറഞ്ഞിട്ടുള്ളത്, കേരള ഗവൺമെന്റ് അണക്കെട്ട് റിപ്പെയർ ചെയ്തുകൊടുക്കുന്നതിനുള്ള തമിഴ്നാടിന്റെ റിക്വസ്റ്റ് re-consider ചെയ്യണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളതാണ്. മൂന്ന് മാസത്തിനുള്ളിൽ re-consider ചെയ്യണമെന്ന് ആവശ്യപ്പെട്ടു. അതിന്റെ അടിസ്ഥാനത്തിൽ നമ്മൾ അപ്പീലിനു പോയില്ല. അപ്പീലിന് പോകേണ്ട ആവശ്യമില്ല. ഗവൺമെന്റിനാണ് അതിന്റെ ഡിസ്ക്രീഷൻ. അതുകൊണ്ടു തന്നെ re-consider ചെയ്തു. Re-consider ചെയ്തതിനുശേഷം പറഞ്ഞു ഒരു കാരണവശാലും ഇതിന്റെ അറ്റകുറ്റപ്പണി നടത്താൻ കഴിയുന്നതല്ല, കേരളത്തിന്റെ താൽപര്യങ്ങൾക്ക് ഹാനീകരമാകും എന്ന്. വൈൽഡ് ലൈഫ് പ്രൊട്ടക്ഷൻ ആക്ട്, അതുപോലെ മുല്ലപ്പെരിയാറിലേക്കുള്ള നീരൊഴുക്കിനെ തടയുന്നത് ഉൾപ്പടെയുള്ള പ്രശ്നങ്ങൾ സംബന്ധിച്ച ഒരു കരാറും ഇതുമായി ബന്ധപ്പെട്ടില്ല. ആ മാപ്പിലും ഇത് പെടുത്തിയിട്ടില്ല. തമിഴ്നാടുമായി 200 വർഷത്തെ പഴക്കമുണ്ടെന്ന് പറയുന്ന ഡാമിനെ സംബന്ധിച്ച് ഒരു തരത്തിലുള്ള രേഖയും ഇല്ലാത്തതിന്റെ പശ്ചാത്തലത്തിൽ ഒരു തരത്തിലും ഇത് അംഗീകരിക്കാൻ കഴിയില്ല എന്ന് ഗവൺമെന്റ് തീരുമാനിച്ചു. ഗവൺമെന്റ് ഉത്തരവ് ഇറക്കി. ഇക്കാര്യത്തിൽ ഗുരുതരമായിട്ടുള്ള വീഴ്ചകൾ വന്നിട്ടുണ്ടെന്നുള്ള കാര്യം നിഷേധിക്കുന്നില്ല. അതു സംബന്ധിച്ച് അന്വേഷണം നടത്താൻ ഉത്തരവ് ഇട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ പ്രിൻസിപ്പൽ സെക്രട്ടറി, ലോ ഡിപ്പാർട്ടുമെന്റും എ.ജീസ് ഓഫീസുമായി അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. തീർച്ചയായും ഇതിൽ കുറ്റക്കാരുണ്ടെങ്കിൽ കർശന നടപടി സ്വീകരിക്കും. കേരളത്തെ സംബന്ധിച്ചിടത്തോളം ദോഷകരമായ അവസ്ഥ ആ കേസിൽ ഉണ്ടായിട്ടില്ല എന്നുള്ളത് സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി : കേരളത്തെ സംബന്ധിച്ച് ദോഷകരമായ അവസ്ഥ ഉണ്ടായിട്ടില്ല എന്ന് അങ്ങ് പറഞ്ഞു. ഇപ്പോൾ അങ്ങ് പറഞ്ഞത് ഇത് detrimental ആണ്. ഇത് നമ്മൾ ഒരിക്കലും സമ്മതിക്കുകയില്ലെന്ന് പറഞ്ഞത്. വിധി പറയുന്നത്, The Writ Petition stands disposed of with liberty to the petitioner to adopt appropriate proceedings in case the State of Kerala fails to carryout the work. നമ്മൾ ക്യാരി ഔട്ട് ചെയ്യുന്നില്ലെങ്കിൽ അവരോട് നന്നാക്കിക്കോ, നന്നാക്കി വെള്ളം കൊണ്ടുപോയ്ക്കൊള്ളാനാണ് ഇതിന്റെ അർത്ഥം. ഇത് നമുക്ക് ദോഷകരമാണ്.

ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ : ആ ജഡ്ജ്മെന്റിന്റെ ഓപ്പറേറ്റീവ് പോർഷൻ ഞാൻ വായിക്കാം. Inspite of several notices, Kerala Government is not represented before us. In the circumstances, we are constrained to pass this exparte order. .... This is an exparte order. State of Tamilnadu has no objection for carrying out the repair works. State of Kerala is oppossing the repairs only on the ground that this would be in violation of Forest Conservation Act 1980 and Wild Life Protection Act 1972. The very same objection was considered by the Supreme Court and it was held that the strengthening work of the existing dam in the forest cannot be described as a non-forestry activity, so that to attract Section 2 of the Forest Conservation Act 1980 requiring prior approval of the Union of India. We therefore, direct the State of Kerala to reconsider the decision in the light of the observations made by the Supreme Court in Mullaperiyar case cited supra, in the light of our judgment and make a decision in respect of State of Tamilnadu's request for carrying out repairs to the channel within a period of eight weeks from today. ........ So the request has to be reconsidered. അതിൽ ഡിസിഷൻ എടുക്കാനുള്ള discretionary authority കേരള ഗവൺമെന്റാണ്. ജഡ്ജ്മെന്റിന്റെ അവസാന പാരഗ്രാഫിൽ പറയുന്നത്, "The Writ Petition stands disposed of with liberty to the petitioner to adopt appropriate proceedings in case the State of Kerala fails to carryout the work" എന്നാണ്. Yes, absolutely correct. ഏതെങ്കിലും കാരണവശാൽ കേരളം അതിന് അനുവദിച്ചില്ലെങ്കിൽ അനന്തര നടപടികൾ സ്വീകരിക്കാനുള്ള അവകാശമുണ്ട്. അതിൽ പറയുന്നത്...... to reconsider the request of the State of Tamilnadu to make the maintenance എന്നാണ്. ഇത് കേരളം ചെയ്തില്ലെങ്കിൽ അവർ അപ്രോപ്രിയേറ്റ് പ്രൊസീജ്യർ അനുസരിച്ച് നിയമപരമായ നടപടി സ്വീകരിക്കാം. നമ്മുടെ ടെറിറ്ററി എൻക്രോച്ച് ചെയ്ത് അവിടെ കെട്ടിക്കളയാം എന്നുള്ളതല്ല കോടതി ഉദ്ദേശിച്ചത്. അതിന്റെ അർത്ഥം, അവർക്ക് വീണ്ടും കോടതിയിൽ പോകാനുള്ള അധികാരം, right to redress their grievances before a Court of Law is not barred എന്നാണ്. That is all.

ശ്രീ. കെ. എം. മാണി: നമ്മൾ ചെയ്തില്ലെങ്കിലും അവർക്ക് അണക്കെട്ട് നന്നാക്കാം, റീ-കൺസ്ട്രക്ട് ചെയ്യാം എന്നാണ്, ചെയ്യാമെന്നുണ്ടെങ്കിൽ അത്...It will be detrimental to us.

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): സർ, 481 കോടി രൂപയുടെ ഉപധനാഭ്യർത്ഥനകളാണ് സഭയുടെ പരിഗണനയിൽ ഉള്ളത്. ഇവിടെ ചർച്ചയിൽ പല മെമ്പർമാരും ചൂണ്ടിക്കാണിച്ചതുപോലെ ഈ സപ്ലിമെന്ററി ഗ്രാന്റ്സിൽ 61 ശതമാനവും പ്ലാൻ ഗ്രാന്റ്സ് ആണ്. അതിന്റെ 25 ശതമാനം ക്യാപ്പിറ്റൽ എക്സപെൻഡിച്ചറാണ്. ഈ സപ്ലിമെന്ററി ഡിമാന്റ്സിന്റെ ഡെവലപ്മെന്റ് ഓറിയന്റേഷൻ വ്യക്തമാക്കുന്നു എന്നാണ് എന്റെ അഭിപ്രായം. പോലീസ്, ഭരണ നിർവ്വഹണം ഇതിനൊക്കെ കൂടുതൽ പണം വകയിരുത്തേണ്ടണ്ടിവരും. ഇവിടെ മുൻഗണന നൽകിയിട്ടുള്ളത് വികസനത്തിനാണ്. കൃഷി, വ്യവസായം, ആരോഗ്യം, വിദ്യാഭ്യാസം, മത്സ്യബന്ധനം, ദുരിതാശ്വാസ ഫണ്ട്, എം. എൽ. എ. ഫണ്ട് എന്നിവയ്ക്ക് വകയിരുത്തുമെന്നു പറഞ്ഞ തുക ഇതെല്ലാം ഉൾപ്പെടും. അതിൽ പബ്ലിക് വർക്ക്സിന് 16 കോടി രൂപയേ ഉള്ളു. അതിനെക്കുറിച്ച് ചില പരാമർശങ്ങൾ ഈ സഭയിൽ ഉണ്ടായി. ബഡ്ജറ്റിൽ പറഞ്ഞതിനേക്കാൾ 150 കോടി രൂപ കോൺട്രാക്ടർമാരുടെ അരിയേഴ്സിന് ചെലവാക്കിക്കഴിഞ്ഞു. ഇനിയും ഒരു ഗഡു ഡിസംബറിനു മുമ്പ് നൽകാനുണ്ട്. അതിന് ഒരു സപ്ലിമെന്ററി ഡിമാന്റ്സ് ഫോർ ഗ്രാന്റ്സ് കൂടെ സഭയിൽ അവതരിപ്പിക്കും. ചെലവാക്കാത്ത ചില ഹെഡുകളിൽനിന്ന് റീ-അപ്രോപ്രിയേറ്റ് ചെയ്ത് ബാലൻസ് ഉള്ളത് മാത്രമേ അതിൽ ഉൾപ്പെടുത്താറുള്ളൂ. അതുംകൂടി കണക്കിലെടുക്കുമ്പോൾ ഈ സംസ്ഥാനത്തിനുവേണ്ടി ബഡ്ജറ്റിൽ വകയിരുത്തിയതിനേക്കാൾ വളരെ ഉയർന്നതായിരിക്കും പബ്ലിക്ക് വർക്സിന് ഉള്ളത്. അതിന് ചില കാര്യങ്ങൾ ഞാൻ വ്യക്തമാക്കുകയാണ്. ടാറിന്റെ കാര്യം ഇവിടെ പലരും പറഞ്ഞു. 75 കോടി രൂപയാണ് ഇതുവരെ കൊടുത്തിട്ടുള്ളത്. ആറ് മാസമല്ലേ ആയിട്ടുള്ളു. കഴിഞ്ഞ വർഷം 75 കോടി രൂപ, ഇതിനു മുൻപത്തെ വർഷം 70 കോടി രൂപ അതിനു മുൻപ് 55 കോടി രൂപ. ഈ സർക്കാർ ആറ് മാസത്തിനുള്ളിൽ 75 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കെ. ആർ. എൽ-ന്റെ ഉടമസ്ഥതയിൽ വന്ന മാറ്റത്തിന്റെ പശ്ചാത്തലത്തിൽ ഈ പ്രശ്നങ്ങൾ പരിഹരിച്ചിട്ടുണ്ട്. കെ. എസ്. ടി. പി.-യെ സംബന്ധിച്ച് വിസ്തരിച്ച് പറയുന്നില്ല. ഇങ്ങനെ വിദേശ സഹായ പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കരുത് എന്നുള്ളതിന് ഒരു ഉദാഹരണമായിട്ടാണ് ഞാൻ ഇതിനെ കാണുന്നത്. ഞാൻ ഇവിടെ ബഡ്ജറ്റ് പ്രസംഗ വേളയിലും പറഞ്ഞതാണ്. Fate accomply ആണ് എന്ന്. കെ. എസ്. ടി. പി.-യുടെ കാര്യത്തിൽ വളരെ കർശനമായി ബാർഗെയിനിംഗ് നടത്തി സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിച്ച് ഈ പദ്ധതി പൂർത്തീകരിക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. എക്സ്റ്റൻഷൻ ആവശ്യമാണ്, കാരണം പണി തീർന്നിട്ടില്ല. പക്ഷെ എക്സ്റ്റെൻഷൻ നൽകുമ്പോൾ ഒരു കാര്യം മനസ്സിലാക്കാം.

Automatic Cost Escalation Clause ഉണ്ട്, എല്ലാ വർഷവും ഹോൾസെയിൽ പ്രൈസ് ഇന്റക്സുമായിട്ട് ബന്ധപ്പെട്ട് Escalation നടക്കുന്നുണ്ട്. രണ്ടാമത്, ഇതിന് കാരണക്കാർ ആരാണ്? ഭൂമി എടുത്ത് കൊടുക്കാത്തതുകൊണ്ടാണെന്ന് അംഗീകരിക്കുന്നില്ല. എക്സ്റ്റെൻഷൻ കൊടുക്കേണ്ടിവരുന്നത് നമ്മുടെ കുറ്റംകൊണ്ടാണെന്ന് സമ്മതിച്ചു കഴിഞ്ഞാൽ നാളെ ആർബിട്രേഷന് പോകാം. എത്രയാണ് ലയബിലിറ്റി വരാൻ പോകുന്നത്? അതുകൊണ്ട് വളരെ കർശനമായി ബാർഗെയിനിംഗ് നടത്തി സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിച്ച് കെ. എസ്. ടി. പി. പദ്ധതി പൂർത്തീകരിക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ മറ്റ് മേഖലകളും എടുത്തു. ഒരു കാര്യം സ്പെസിഫിക് ആയി വന്നത് ശ്രീ. കെ. ബാബു പറഞ്ഞത് പഞ്ചായത്തുകൾക്ക് പത്ത് കോടി രൂപ ചെലവഴിക്കുന്നതിന് അനുവാദം നൽകി, പെർമിസീവ് സാങ്ഷൻ അവർക്ക് കൊടുത്തില്ല എന്നാണ്. നമ്മുടെ സപ്ളിമെന്ററി ഗ്രാന്റിൽ 15 കോടി രൂപ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് മാച്ചിംഗ് ഗ്രാന്റായി ഉൾപ്പെടുത്തിയിട്ടുണ്ട്. അതിന്റെ Write up-ൽ കൊടുത്തിട്ടുള്ളതാണ്. അവർ ചെലവഴിക്കുന്ന ഓരോ രൂപയ്ക്കും സർക്കാരിൽനിന്ന് ഒരു രൂപ കൂടി നൽകുകയാണ്. 15 കോടി രൂപ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് സപ്ളിമെന്ററി ഗ്രാന്റിൽ വച്ചിട്ടുണ്ട്. മറ്റ് വകുപ്പുകളിലേയ്ക്ക് സമയ പരിമിതിമൂലം കടക്കുന്നില്ല. ഏതായാലും പലരും ആവശ്യപ്പെട്ട പലതും ഉൾക്കൊള്ളിക്കാൻ കഴിഞ്ഞിട്ടില്ല. പല എം.എൽ.എ.-മാരും പല വർക്കിനെക്കുറിച്ചും പറഞ്ഞു. ഡിപ്പാർട്ടുമെന്റുവഴിയും തരികയുണ്ടായി. അതുകൊണ്ട് സപ്ളിമെന്ററി ഡിമാന്റ്സ് ഫോർ ഗ്രാന്റിൽ എങ്ങനെയാണ് കാര്യങ്ങൾ ഉൾക്കൊള്ളിക്കുന്നതെന്ന് സഭ മനസ്സിലാക്കുന്നത് നല്ലതാണ്. ഒന്ന്, ഇതുവരേയും ചെലവാക്കിക്കഴിഞ്ഞത്, കണ്ടിൻജൻസി ഫണ്ടിൽനിന്നെടുത്ത് ചെലവാക്കി കഴിഞ്ഞത് റാറ്റിഫൈ ചെയ്യുക. അതിന് തുക വകയിരുത്തിയിട്ടുണ്ട്. ആട്ടോമാറ്റിക്കാണ്. അങ്ങനെ 40 കോടി രൂപ കണ്ടിൻജൻസി ഫണ്ടിൽനിന്ന് ചെലവാക്കിയിട്ടുണ്ട്. 90 കോടി രൂപ മൊത്തം അഡീഷണൽ അലോക്കേഷൻ കൊടുത്ത് ചെലവാക്കിയിട്ടുണ്ട്. അത് ഉൾക്കൊള്ളിക്കുകയാണ്. അതിന് വേറെ ശുപാർശയുടെ ആവശ്യമില്ല. രണ്ട്, കേന്ദ്ര സർക്കാരിന്റെ അഡീഷണൽ സെൻട്രൽ അസിസ്റ്റൻസ് 'അത് ആര്' എപ്പോൾ തന്നാലും നമ്മൾ സർവ്വീസ് പ്രൊസീഡ്യുർ ഉണ്ടാക്കി ചെലവഴിക്കണം. പണം നഷ്ടപ്പെടുത്തിക്കൂടാ. കിട്ടിയിട്ടുള്ള എ. സി. എ.-യ്ക്ക് എല്ലാത്തിനും ബഡ്ജറ്റ് ഹെഡ് ഉണ്ടാക്കി അതിന് പണം വകയിരുത്തിയിട്ടുണ്ട്. മൂന്ന്, ബഡ്ജറ്റ് പ്രസംഗത്തിൽ ഉണ്ടായിട്ടുള്ള പുതിയ അനൗൺസ്മെന്റ്സ്-അത് ധനകാര്യവകുപ്പുമന്ത്രിയുടെ പ്രൊറോഗേറ്റീവാണ്. സാധാരണ നിലയിൽ പ്രസംഗത്തോടെ നല്ല പങ്ക് അവസാനിക്കുന്ന സ്ഥിതി വിട്ടിട്ട്.....അങ്ങനെ വിമർശനം ഞങ്ങൾ അപ്പുറത്തുനിന്നും ഉണ്ടാക്കുമായിരുന്നു. അതിൽനിന്ന് വ്യത്യസ്തമായി എന്തൊക്കെ ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ടോ അതെല്ലാം ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. ആര്യാടൻ മുഹമ്മദ്: ഇതുപോലെയല്ലേ ശ്രീ. വക്കം പുരുഷോത്തമൻ മൂന്ന് രൂപയ്ക്ക് ഒരു കിലോ അരി കൊടുക്കുമെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞത്? Budget speech is part of the Budget. അതല്ലേ അങ്ങ് പറയുന്നത്? അതല്ലേ ശ്രീ. വക്കം പുരുഷോത്തമൻ ചെയ്തത്? അതിന് അങ്ങും ആ ഭാഗത്തുള്ള ആളുകളും എന്താണ് പറഞ്ഞത്? ബഡ്ജറ്റിൽ ഒരു പൈസയും വച്ചിട്ടില്ല എന്നല്ലേ? വയ്ക്കേണ്ട കാര്യമില്ല. അങ്ങ് ഇപ്പോൾ പറഞ്ഞതാണ് ശരി.

ഡോ. തോമസ് ഐസക്: അങ്ങനെ വച്ചിട്ട് അതിനുശേഷം ഒന്നു ചെയ്യും. നമ്മുടെ ബഡ്ജറ്റ് പ്രസംഗത്തിൽ അവസാനം ബഡ്ജറ്റ് ടൈ-മാണിസാർ ഉപയോഗിച്ച പദമാണ്-അങ്ങനെ ഒരു കാര്യമുണ്ട്. അതിൽ അഡീഷണൽ എക്സ്പെന്റീച്ചറായി വയ്ക്കും. അതിൽ ഉണ്ടായില്ല. 120 കോടി രൂപയാണ് വയ്ക്കേണ്ടത്. വച്ചിട്ടുണ്ടോ? ബഡ്ജറ്റ് ഹെഡ്ഡ് ഉണ്ടോ ഇല്ലയോ എന്നുള്ളതല്ല, ബഡ്ജറ്റ് ടൈ പോലും ഉൾപ്പെടുത്തിയിട്ടില്ല. അതാണ് വിമർശനം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ബാബു : സപ്ളിമെന്ററി ബഡ്ജറ്റ് കൊണ്ടുവരാൻ ഗവൺമെന്റിന് സാധിച്ചില്ലല്ലോ?

ഡോ. തോമസ് ഐസക് : തീർച്ചയായും സപ്ളിമെന്ററി ബഡ്ജറ്റിൽ കൊണ്ടുവരാം. പക്ഷേ അന്ന് അവതരിപ്പിച്ച ഒറിജിനൽ ബഡ്ജറ്റിൽ ഈ പറഞ്ഞ ചിലത് ഉൾപ്പെടുത്തിക്കഴിഞ്ഞാൽ റവന്യൂ ഡെഫിസിറ്റും ഫിസ്ക്കൽ ഡെഫിസിറ്റും ഒന്നും ഈ പറഞ്ഞ കണക്കിൽ നിൽക്കില്ല, ഞാൻ പറഞ്ഞ കണക്കിൽ നിൽക്കും. അതാണ് പ്രശ്നം.

അവസാന പടിയായി നിലവിലുള്ള ഹെഡ്സിൽ പണം ഉപയോഗിച്ചുതീർത്താൽ അഡീഷണൽ അലോക്കേഷൻ ആവശ്യമാണെങ്കിൽ നൽകും. അങ്ങനെ പറയാൻ കാരണം സപ്ളിമെന്ററി ഡിമാന്റ്സ് ഫോർ ഗ്രാന്റിൽ പുതിയ ഹെഡ് ഉണ്ടാക്കുന്ന പ്രശ്നമില്ല. അതുകൊണ്ടാണ് ഇ. എം. എസ്.-ന്റെ സ്മാരകത്തിന് 10 ലക്ഷം രൂപ ഫണ്ട് നൽകുമെന്ന് പറഞ്ഞത് ഉണ്ടായില്ല എന്ന് ശ്രീ. കുഞ്ഞിരാമൻ പറഞ്ഞത്. പത്ത് ലക്ഷത്തിന്റെ പ്രശ്നമല്ല. പുതിയ ഹെഡ്സ് നമ്മൾ ക്രിയേറ്റ് ചെയ്യുന്നില്ല. അത് തുടങ്ങിക്കഴിഞ്ഞാൽ അതിന് അവസാനം ഉണ്ടാകില്ല. അതുകൊണ്ട് ഭാവിയിൽ ഈ പ്രശ്നം പരിഹരിക്കാം. ശ്രീ. രാജു എബ്രഹാം ഒരു പ്രധാനപ്പെട്ട വീഴ്ച ചൂണ്ടിക്കാണിച്ചു. അത് ശരിയാണ്. അംഗൻവാടി ടീച്ചർമാർക്കും ഹെൽപ്പർമാർക്കും 150/75 എന്നാണ് ഉള്ളത്. ഞാൻ മറുപടി പ്രസംഗത്തിൽ ഇവിടെ നടന്ന പൊതു സമ്മർദ്ദത്തിന് വഴങ്ങി 150 രൂപ വീതം പ്രഖ്യാപിച്ചു. അത് രേഖയിലുണ്ടായില്ല. നമുക്ക് അത് തിരുത്താം. അഡീഷണൽ അലോക്കേഷൻ ..................

ശ്രീ. സി. ടി. അഹമ്മദ് അലി : പുതിയ അംഗൻവാടികൾ തുടങ്ങാൻ ഗവൺമെന്റ് തീരുമാനം എടുത്തിട്ടുണ്ട്. അതിനാവശ്യമായ തുക ഈ സപ്ളിമെന്ററി ഡിമാന്റിൽ ഉൾപ്പെടുത്തുമോ എന്ന് വ്യക്തമാക്കുമോ?

ഡോ. തോമസ് ഐസക് : ഒന്നാമതായി പണം ഉണ്ട്. രണ്ടാമത് അഡീഷണൽ അസിസ്റ്റൻസായിട്ടല്ലേ വരുന്നത്. അതിന്റെ ഫലമായി ഇവിടെ ചോദ്യം ഉയർന്നു. കമ്മിക്ക് എന്താണ് സംഭവിക്കുക ? കമ്മി കൂടും. 761 കോടി രൂപയായിരുന്നു ബഡ്ജറ്റ് അവസാനിക്കുമ്പോൾ ഓവർ ഓൾ കമ്മി. അതിൽ ശ്രീ. എ. കെ. ശശീന്ദ്രൻ ചോദ്യം ഉന്നയിച്ചു. വളരെ മൃദുവായ രീതിയിലാണെങ്കിലും വളരെ ഗൗരവപ്പെട്ട പ്രശ്നം അദ്ദേഹം ചർച്ചയിൽ ഉയർത്തുകയുണ്ടായി. പക്ഷേ 481 കോടി രൂപ കമ്മി കൂടില്ല. കാരണം 228 കോടി രൂപ ബഡ്ജറ്റിലെ പ്രഖ്യാപനങ്ങളെല്ലാം ബഡ്ജറ്റ് ടൈയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതുകൂടി കണക്കിലെടുത്താണ് 761 കോടി രൂപ കമ്മി വരുന്നത്. അങ്ങനെ കമ്മി 881 കോടി രൂപയായി. ശ്രീ. എ. കെ. ശശീന്ദ്രൻ ചോദിച്ചു ഇതിന് പണം എവിടെയാണുള്ളതെന്ന്. അതിനാണ് അഡീഷണൽ റിസോഴ്സ് മൊബിലൈസേഷൻ. ശ്രീ. ആര്യാടൻ മുഹമ്മദിന്റെ ഈ ചോദ്യം ഫിനാൻസ് ബില്ലിന്റെ സമയത്ത് ഉയർന്നുവന്നപ്പോൾ ഞാൻ കണക്ക് നോക്കി പറയാമെന്ന് പറയുകയും ചെയ്തു. ശ്രീ. വക്കം പുരുഷോത്തമന്റെ ഒറിജിനൽ ബഡ്ജറ്റിൽ Net Additional Resource Mobilization 17 കോടി രൂപ. ജൂണിൽ അവതരിപ്പിച്ച ബഡ്ജറ്റിൽ 105 കോടി രൂപ. വളരെ ഉദാരമായി പെരുമാറിയിട്ടും 137 കോടി രൂപയാണ്

റിസോഴ്സ് മൊബിലൈസേഷൻ. ഉദാരമായി പെരുമാറിയില്ല എന്നുള്ളതല്ല അതിന്റെ അർത്ഥം. ലക്ഷ്വറി ടാക്സിൽ പത്ത് കോടിയിലേറെ ഇളവ് നൽകിയിട്ടുണ്ട്. ബെനിഫിഷ്യറീസ് കമ്മിറ്റിയിൽ രണ്ട് കോടി രൂപയുണ്ട്. സിൽക്കിനേയും എംബ്രോയിഡറിയേയും ഒഴിവാക്കിയതിന്റെ 20 കോടി രൂപയുണ്ട്. കാരണം അതിനേക്കാൾ ഏറെ നഷ്ടം ഇത് വച്ചുകഴിഞ്ഞാൽ കേന്ദ്രത്തിൽനിന്ന് തരുന്ന വിഹിതത്തിൽ വരും. അതാണ് കാരണം. പക്ഷേ നിരക്ക് കൂട്ടാതെ, ആരും ചർച്ചയിൽ പരാമർശിച്ചില്ല. Works contract-ന്റെ discernibility clause-ൽ മാറ്റം വരുത്തുന്നതുകൊണ്ട് മാത്രം എട്ട് കോടി രൂപ പ്രതീക്ഷിക്കുകയാണ്. റബ്ബർ മാനുഫാക്ചറേഴ്സ് stock transfer നടത്തുകയാണെങ്കിൽ പർച്ചേസ് ടാക്സിൽനിന്ന് എക്സംപ്ഷൻ നൽകില്ല. അതിൽനിന്ന് 10 കോടി രൂപ പ്രതീക്ഷിക്കുകയാണ്. റീഫണ്ട് കൊടുക്കുന്നതിനും ചിക്കനും മറ്റും disallow ചെയ്യുന്നതിന്റേയും അടിസ്ഥാനത്തിൽ 11 കോടി രൂപയും മെഡിക്കൽ സ്റ്റോർ quantity discount disallow ചെയ്യുന്നതിന്റെ ഫലമായി എട്ട് കോടി രൂപ പ്രതീക്ഷിക്കുന്നുണ്ട്. ഈ രീതിയിൽ വരുമാനം ഉള്ളതുകൊണ്ടാണ് 137 കോടി രൂപ അഡീഷണൽ മൊബിലൈസേഷൻ പ്രതീക്ഷിക്കുന്നത്. എന്നാൽ ഇത് കിട്ടാൻ പോകുന്നില്ല. കാരണം എൽ.പി.ജി.യുടെ ടാക്സ് പന്ത്രണ്ടരയിൽനിന്ന് നാല് ആക്കിയിട്ടുണ്ട്. 94 കോടി രൂപ അതിന്റെ ഫലമായി നഷ്ടമാണ്. അതുകൊണ്ട് കമ്മിയോടൊപ്പം 40 കോടി രൂപ കൂടി ചേർക്കണം. അങ്ങനെ 900 കോടി രൂപ. അതാണ് പ്രതിസന്ധി. ശ്രീ. കെ. ബാബു ചോദിച്ചു എന്താണ് പ്രതിസന്ധി എന്ന്. ഇതുതന്നെ പ്രതിസന്ധി. ഈ ബഡ്ജറ്റിന്റെ അവസാന ലൈൻ വരുന്നത് 900 കോടി രൂപാ മൈനസ്സിലാണ്. റവന്യൂ കമ്മി കൂട്ടണമെന്ന വാശി ഇവിടെ ആർക്കുമില്ല. യഥാർത്ഥത്തിൽ റവന്യൂ കമ്മി കുറയ്ക്കണമെന്നാണ് ആഗ്രഹിക്കുന്നത്. പക്ഷെ പാവപ്പെട്ടവരുടെ ആനുകൂല്യം വെട്ടിക്കുറച്ചും അല്ലെങ്കിൽ വികസന പ്രവർത്തനങ്ങൾ മരവിപ്പിച്ചും റവന്യൂ കമ്മി കുറയ്ക്കണമെന്നുള്ള ശാഠ്യമില്ല. കുറച്ചുകൂടി സമയമെടുക്കും. പറഞ്ഞ target-നേക്കാൾ നാലഞ്ച് വർഷം എടുത്തേയ്ക്കാം. അങ്ങനെ ഫ്ളെക്സിബിലിറ്റി ഇക്കാര്യത്തിൽ വേണം. അത് അസർട്ട് ചെയ്യുമെന്ന് മാത്രമേ പറയുന്നുള്ളു. അപ്പോഴും പ്രശ്നം തീരുന്നില്ല. ഈ കമ്മി
5 P. M.] നിലനിൽക്കണമെന്ന് മാത്രമല്ല എല്ലാ റവന്യൂ വരുമാനങ്ങളും മുൻവർഷത്തേക്കാൾ കൂട്ടിയാണ്വച്ചിരിക്കുന്നത്. വലിയ പരിശ്രമത്തിലൂടെ അതൊക്കെ നേടാൻ പറ്റുമെന്ന് കരുതുകയാണ്. പക്ഷേ എത്ര ശ്രമിച്ചാലും അടയ്ക്കാൻ പറ്റാത്ത പുതിയ വിടവുകളുണ്ടായിരിക്കും. അതിലേറ്റവും പ്രധാനം സ്മാൾ സേവിംഗ്സിൽ നിന്നുള്ള വായ്പയാണ്. 3,000 കോടി രൂപ വായ്പ പ്രതീക്ഷിച്ച സ്ഥാനത്ത് ഇന്ന് നോക്കിയാൽ 1,500 കോടി രൂപയേ കിട്ടുകയുള്ളൂ. ഇന്നത്തെ കണക്ക് വച്ച് കേന്ദ്ര സർക്കാർ സ്മാൾ സ്കെയിൽ വായ്പയുടെ നിബന്ധനയിൽ മാറ്റം വരുത്തിയതിന്റെ ഫലമായായിട്ടാണ്. എന്നാൽ 1,500 കോടി രൂപ വീതം വേണ്ടത് ഓരോ മാസവും കുറവാണ് വരുന്നത്. ഇപ്പോഴത് പ്രശ്നമല്ല. കാരണം ഇവിടെ പലരും ചൂണ്ടിക്കാണിച്ചതുപോലെ നമ്മുടെ പദ്ധതി ചെലവ് വളരെ പതുക്കെയാണ് ഉയർന്നുകൊണ്ടിരിക്കുന്നത്. ആ പദ്ധതിച്ചെലവ് ഇപ്പോൾ ശ്രീ. കെ. ബാബു പറഞ്ഞതുപോലെ 70 കോടി രൂപയല്ല ആഗസ്റ്റിൽ...............

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ബാബു : അങ്ങ് മറുപടി പറയുന്നതിന്റെ കൂട്ടത്തിൽപ്പറയാൻ വേണ്ടിയാണ്. യു.ഡി.എഫ്.-ന്റെ കാലത്ത് കടബാദ്ധ്യത ഒരുപാട് വർദ്ധിച്ചുവെന്നാണ് ഒരാരോപണം. അപ്പോൾ അങ്ങ് ചുമതലയേറ്റെടുത്തശേഷം സംസ്ഥാനത്ത് അന്നത്തേക്കാൾ എത്ര കോടി രൂപയുടെ കടബാദ്ധ്യതയുണ്ടായി ?

ഡോ.തോമസ് ഐസക്: ശരി. അങ്ങ് ചോദിച്ച സ്ഥിതിക്ക് ഞാൻ പറഞ്ഞതിലേയ്ക്ക് പിന്നീട് തിരിച്ചുവരാം. മാർച്ച് 31-ലെ കടബാദ്ധ്യത 45,929 കോടി രൂപയാണ്. അതിപ്പോൾ 47,440 കോടി രൂപയായി വർദ്ധിച്ചു. 1,511 കോടി രൂപ കൂടുതൽ. ശ്രീ. കെ. ബാബു മനസ്സിലാക്കേണ്ടത് ഞാൻ എത്ര കിണഞ്ഞ് ശ്രമിച്ചാലും നിങ്ങൾ അംഗീകരിച്ച 7,200 കോടി രൂപയുടെ വായ്പയ്ക്കപ്പുറം ഇനിയെടുക്കാൻ കഴിയില്ല. ഞാൻ നിശ്ചയിച്ച വായ്പയല്ല ഇത്. കഴിഞ്ഞ പ്രാവശ്യം പ്ലാൻ അംഗീകരിച്ചപ്പോൾ 7,200 കോടി രൂപ വായ്പയെടുക്കാൻ അനുവാദം നൽകിയിട്ടുണ്ട്. അത് വെട്ടിക്കുറയ്ക്കും.

ശ്രീ. ആര്യാടൻ മുഹമ്മദ്: ഞങ്ങളുടെ കാലത്ത് ഒരിക്കലും 7,200 കോടി രൂപ കടമെടുത്തിട്ടില്ല. ഞങ്ങൾ വലിയ തുക ചോദിക്കും. എന്നിട്ടത് കുറയ്ക്കും. അതാണ് ഞങ്ങളുടെ സ്ട്രാറ്റജി.

ഡോ. തോമസ് ഐസക്: ശ്രീ. ആര്യാടൻ മുഹമ്മദ് ഇത് മൈതാനത്ത് പ്രസംഗിക്കാൻ കൊള്ളാം. ഇതിന് കരാറുണ്ടാക്കിയ ശ്രീ. ഉമ്മൻചാണ്ടി പറയട്ടെ. അങ്ങ് കത്തെഴുതിയില്ലേ 7,200 കോടി രൂപയെന്നത് വെട്ടി 4,500 ആക്കരുതെന്ന് ? അതിന് നിഷേധാത്മകമായ മറുപടിയല്ലേ അയച്ചത് ? ഇപ്പോൾ അത് ഞങ്ങൾ തിരുത്തിയേ പറ്റൂ. അപ്പോഴും പ്രശ്നമെന്തെന്നുവച്ചാൽ 7,200 കോടി രൂപയിൽ 3,000 കോടി രൂപ സ്മാൾ സേവിംഗ്സിൽനിന്നും വരുന്നതാണ്. അപ്പോൾ ശ്രീ. ആര്യാടൻ മുഹമ്മദിന്റെ വലിയ ചോദ്യമുണ്ടല്ലോ. പ്ലാൻ കട്ട് വരുത്തുമോ ഇല്ലയോയെന്ന്.

ശ്രീ. ആര്യാടൻ മുഹമ്മദ് : ഇപ്രാവശ്യം ഫിനാൻസ് ബില്ലിൽ സംസാരിക്കാമെന്ന് ഉറപ്പ് പറഞ്ഞതാണ് പ്ലാൻ കട്ടിൽ മാത്രമല്ല ഇവിടെ പാസ്സാക്കിത്തരുന്ന ആ ഡിമാന്റ് അനുസരിച്ചാണ് അപ്രോപ്രിയേഷൻ. അതാത് ഡിപ്പാർട്ടുമെന്റ് ചോദിച്ചാൽ കട്ട് ചെയ്യാതെ മുഴുവനും നൽകുമോ? Not only the plan, plan and non plan.

ഡോ. തോമസ് ഐസക്: ഇത്തരം ഫണ്ട് 1,500 കോടി രൂപ സ്മാൾ സേവിംഗ്സിൽ വരുന്ന കുറവ് borrowing list-ൽ പെടുന്നതാണ്. കേന്ദ്രത്തിൽ ആന്റണിസാർ ഉൾപ്പെടെ ഇപ്പോൾ 3 മന്ത്രിമാരുണ്ടല്ലോ? നമുക്ക് ഒത്തൊരുമിച്ച് പാസ്സാക്കി, 1,600 കോടി രൂപ കുറവ് വരുന്നത് മറ്റ് സംസ്ഥാനങ്ങൾ ഇത് ആവശ്യമില്ലാത്ത, കേന്ദ്രത്തിന്റെ സെക്യൂരിറ്റിയിലൂടേതാണ് 60,000 കോടി രൂപ.

ശ്രീ. ആര്യാടൻ മുഹമ്മദ്: ഈ 1,600 കോടി രൂപയിൽ വക മാറ്റി മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് കൊടുക്കേണ്ട വിഹിതത്തിൽ നിന്നും തരാൻ ഏർപ്പാട് ഉണ്ടാക്കിക്കഴിഞ്ഞാൽ ഒരു സംശയവുമില്ല, ചെയ്യാം.



LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആര്യാടൻ മുഹമ്മദ്: ഇനി കിട്ടാൻ സാദ്ധ്യതയില്ലാത്തത് ബഡ്ജറ്റ് എസ്റ്റിമേറ്റിൽപ്പെടുത്തിയാണല്ലോ ഇവിടെ ബഡ്ജറ്റ് അവതരിപ്പിച്ചത്. അങ്ങനെ ആരെങ്കിലും ബഡ്ജറ്റ് അവതരിപ്പിക്കുമോ ?

ഡോ. തോമസ് ഐസക്: കിട്ടാൻ സാദ്ധ്യതയുളളതുമാത്രം ഉൾപ്പെടുത്തിയിരുന്നെങ്കിൽ മാത്രമേ വായ്പ കിട്ടുയെന്ന് പറഞ്ഞ് ബഡ്ജറ്റ് ഉണ്ടാക്കണമായിരുന്നു. ഇപ്പോൾ 7,200 കോടി രൂപ തന്നെ പുനഃസ്ഥാപിച്ചുവെങ്കിലും കേന്ദ്രമന്ത്രി ശ്രീ. പി. ചിദംബരം ചില കണ്ടീഷൻസ്വച്ചിട്ടുണ്ട്. അതിലൊന്ന് സ്മാൾ സേവിംഗ്സിൽ വരുന്ന drop മറ്റേതെങ്കിലും സ്രോതസ്സിൽ നിന്നും വായ്പ എടുക്കാൻ അനുവദിച്ചാൽ എന്തിനാണ് ഈ ദുർവാശി ? ഞാൻ സ്മാൾ സേവിംഗ്സ് തന്നെയുണ്ടാക്കിയത് 1,600 കോടി രൂപ പ്രകാരം ഇവിടെ 3,000 കോടി രൂപ പിടിച്ചിട്ടുണ്ടെങ്കിൽ, അതെടുക്കാൻ അനുവദിക്കാമെങ്കിൽ എന്തിനാണ് കേന്ദ്രം വാശി പിടിക്കുന്നത്? എന്നാൽ വേറെ വല്ലയിടത്തും നിന്നും വായ്പയെടുക്കാൻ അനുവദിച്ചാൽ എന്താണ് തെറ്റ്? അപ്പോൾ ഇതൊരു ദുർവാശിയാണ്. പലരും പറഞ്ഞു കേന്ദ്രത്തോട് ഒരു സമവായത്തിൽ പോയാൽ കാര്യങ്ങൾ നേടാമെന്ന്. ഈ വർഷം നമുക്ക് ഒത്തൊരുമിച്ച് കേരളത്തൽ അനുവദിക്കുന്ന borrowings-ൽ 1,600 കോടി രൂപയുണ്ടല്ലോ. കേന്ദ്രം വേറെ തരണ്ട. ഈ 1,600 കോടി രൂപ മറ്റേതെങ്കിലും സ്രോതസ്സിൽനിന്നും കേരളത്തിന് അനുവദിക്കുക. എങ്കിൽ യാതൊരു സംശയവും വേണ്ട, കട്ട് ഉണ്ടാകില്ല. സഭ പാസ്സാക്കുന്ന എക്സപെൻഡിച്ചറിൽ യാതൊരു നിയന്ത്രണങ്ങളും ഏർപ്പെടുത്തുകയില്ല. ഇവിടെ പ്ലാൻ ഫണ്ട് ചെലവഴിക്കുന്നതിന് വേയ്സ് ആന്റ് മീൻസ് റെസ്ട്രിക്ഷൻ ഇല്ല. Salary പോലും വിത്ത്ഡ്രാ ചെയ്യുന്നത് പ്ലാൻ ഫണ്ടിൽനിന്നാണ്. ആ നിലപാട് തിരുത്തുന്നതിന് കഴിയും. ഈ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കാൻ ശ്രമിക്കുന്നതെങ്ങനെയെന്നുവച്ചാൽ ഇതിന് പ്രതിസന്ധിയുണ്ട്, കമ്മിയുണ്ട്, വായ്പ കൂടുന്നുയെന്നു പറഞ്ഞിട്ട് മാറി നിൽക്കാനല്ല, മറിച്ച് ഇങ്ങനെയുളള ഗ്യാപ്പ് പരിഹരിക്കുന്നതിന് വേണ്ടി ഇടപെടൽ വേണം. കഴിഞ്ഞ 3 മാസക്കാലം ബഡ്ജറ്റ് അവതരിപ്പിച്ചശേഷം ഇവിടെ സപ്ലിമെന്ററി പാസാക്കുന്നതിനിടയ്ക്ക് എന്തെല്ലാം ചെയ്തതെന്ന് ചുരുക്കി പറയാം. ബഡ്ജറ്റ് പ്രസംഗത്തിലുണ്ടായ കാര്യങ്ങളിലൊന്ന് ലക്കി വാറ്റ് സമ്പ്രദായം നടപ്പിലാക്കുകയും ഷെയേർഡ് ഫ്രെണ്ട്ലി അപ്രോച്ചിനുവേണ്ടി വെൽഫയർ ഫണ്ടിലേയ്ക്ക് 50 ലക്ഷം രൂപ നല്കി. District Grievance Cell-കൾ ഗ്രീൻ കാർഡ് സമ്പ്രദായം കൊണ്ടുവരികയും എൻട്രി ടാക്സ് അഡ്വാൻസായി അടയ്ക്കാൻ അനുവാദം കൊടുക്കുകയും ചെയ്തു. ചെക്കുപോസ്റ്റുകളുടെ മോഡണൈസേഷൻ വെയ് ബ്രിഡ്ജസിന്റെ ടെണ്ടർ വിളിക്കുകയുണ്ടായി. വാളയാർ ഫാസ്റ്റ് ട്രാക്കിൽപ്പെടുത്തി 25 ഏക്കർ സ്ഥലം അക്വയർ ചെയ്യാനുള്ള തീരുമാനത്തിലേക്ക് നീങ്ങി. അതിന് പഞ്ചായത്തുകളെ ഇൻവോൾവ് ചെയ്യാൻ നടപടികളെടുത്തു. ഓഫീസേഴ്സ് എഫിഷ്യൻസി വർദ്ധിപ്പിക്കാൻ ഓരോ ഓഫീസർക്കും സ്ക്കോർ കാർഡും ഓരോ ഓഫീസിനും വ്യത്യസ്ത ഓഫീസ് ടാർജറ്റും അതിൽ തുക മാത്രമല്ല മറ്റ് പലതുമടങ്ങിയ സ്കോർ കാർഡ് നിശ്ചയിക്കുകയും ചെയ്തു. കെ.ജി.എസ്.ടി. കേസുകൾ തീർപ്പുകല്പിക്കുന്നതിന് ശ്രീ. രാമചന്ദ്രൻ, ശ്രീ. എം. ജെ. ജോസഫ് എന്നീ 2 ജസ്റ്റീസുമാരടങ്ങിയ സ്പെഷ്യൽ ബഞ്ച് സ്ഥാപിച്ചു. അപ്പോൾ എങ്ങനെയാണ് വരുമാനം കൂടിയത്? പല അംഗങ്ങളും നേരത്തെ സൂചിപ്പിച്ചതുപോലെ നിരക്കു കൂടിയതുകൊണ്ടല്ല, ക്വാണ്ടിറ്റി സപ്രഷനാണ്. ചിക്കൻ ഗേജിന് 24 കിലോയല്ല 35 കിലോയാണ്, മാർബിൾ 9 ടൺ അല്ല 15 ടൺ

LIBRARY ARCHIVES Kerala Legislative Assembly

ആണ്. ഈ രീതിയിൽ പുതിയ നോംസ് നിശ്ചയിച്ചു. വാല്യൂ സപ്രഷൻ അടയ്ക്ക 30 രൂപയല്ല 50 രൂപയായി. പ്ലൈവുഡ് ഈ സഭയിൽ തന്നെ 8 പറഞ്ഞു. അവിടെ ഒരു മാസം സ്തംഭനത്തിലായി. അവിടെ എം.എൽ.എ.മാർ ഇടപെട്ടു. അവസാനം നാലേമുക്കാലായി. ഒരു രൂപയിൽ നിന്ന് നാലേമുക്കാലായി അപ്പോൾ അതിൽ 3 ഇരട്ടിയോളം value suppression വർദ്ധിക്കുകയുണ്ടായി. ഫെയർ കോംപൗണ്ടിംഗ് ഹോട്ടലിൽ, വർക്സിൽ, സ്വർണ്ണത്തിൽ, ഇൻപുട്ട് ടാക്സ് കുറച്ച് ദുർവിനിയോഗം നീക്കാൻ വേണ്ടിയുള്ള പാർസൽ rein. നമ്മുടെ ചെക്ക് പോസ്റ്റ് പാലക്കാട് gap കുറച്ചുള്ളതാണ്. And then എന്തെങ്കിലും പുതിയ ഹെഡ് വന്നെന്നു പറയാൻ പറ്റുന്നത് ഈ സപ്ലിമെന്ററിയിൽ ഉണ്ടെങ്കിൽ അത് കോഴിക്കോട് ട്രേഡ് ഫെയറിന് വേണ്ടിയുള്ളതാണ്. മലബാർ മഹോത്സവവുമായി ബന്ധപ്പെട്ട് ആണ് കോഴിക്കോട്ട് ട്രേഡ് ഫെയർ ആരംഭിച്ചിട്ടുള്ളത്. കേരളം മുഴുവൻ 3 മാസം നീണ്ടുനില്ക്കുന്ന ട്രേഡ് ഫെയർ അടുത്ത വർഷം സംഘടിപ്പിക്കുന്നതാണ്. വാണിജ്യ പ്രോൽസാഹനത്തിന് സർക്കാർ മുതൽമുടക്കാൻ തയ്യാറാണെന്ന് പ്രായോഗികമായ സാക്ഷ്യപത്രം ട്രേഡിംഗ് കമ്മ്യൂണിറ്റിക്ക് കൊടുക്കുകയാണ്. ഈ നടപടികളുടെ ഫലമെന്തെന്ന് പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. കഴിഞ്ഞ മാസം 453 കോടി രൂപയാണ് വാറ്റ് ടാക്സ് പിടിച്ചത്. - കഴിഞ്ഞ വർഷം സെപ്റ്റംബർ മാസത്തിൽ 274 കോടി രൂപയാണ്. 65 ശതമാനമാണ് കൂടുതൽ. മൊത്തം നികുതി കഴിഞ്ഞ വർഷം സെപ്റ്റംബർ വരെ 597 കോടി. ഇപ്പോൾ സെപ്റ്റംബർ വരെ 807 കോടി രൂപ. കഴിഞ്ഞ വർഷം ഒക്ടോബർ മാസത്തിൽ 31-ാം തീയതി വരെ 636 കോടി രൂപയാണ് പിരിച്ചത്. ഈ മാറ്റം നികുതി പിരിവിൽ വരുന്നുണ്ട്. പക്ഷേ പിരിച്ചാൽ മാത്രം പോര ചെലവാക്കുന്നതിന്റെ കാര്യക്ഷമതയെക്കുറിച്ച് ഇവിടെ പലരും സൂചിപ്പിച്ചു. നമുക്ക് ഇപ്പോഴുള്ളത്, performance budget ആണ്. ഫിസിക്കൽ ഔട്ട്പുട്ട് തരുന്നുണ്ട്. അതാരെങ്കിലും നോക്കുന്നുണ്ടോയെന്ന് എനിക്കറിയില്ല. പക്ഷേ അതു പോരാ, outcome budget വേണം. ഇത്ര സ്കൂളിൽ ഇത്ര അദ്ധ്യാപകർ, ഇത്ര ബെഞ്ച്, ഇത്ര ബ്ലാക്ക് ബോർഡ് എന്നിവയുണ്ടായിക്കഴിഞ്ഞാൽ വിജയശതമാനം കൂടണം. ഇത് ഉണ്ടായോ ഇല്ലയോ എന്നു നോക്കുന്നു എന്നതാണ് outcome budget ഒരു പടി കൂടി കടന്ന് അടുത്ത വർഷം കഴിയുമെങ്കിൽ impact budget ഉണ്ടാക്കണമെന്നാണ് തീരുമാനം. ഈ ബഡ്ജറ്റിൽ ഒന്ന് മാക്രോ ഇക്കണോമിക് ഇംപ്ലിക്കേഷൻ വ്യക്തമാക്കണം. സെക്ടറൽ ആയിട്ട് ഇത്ര രൂപയുണ്ട്. ഈ രീതിയിൽ മുടക്കുമ്പോൾ എന്തുണ്ട് എന്ന് വ്യക്തമാക്കാൻ പറ്റണം. ഇന്നത്തെ രീതിയിൽ പണം ഇങ്ങനെ കെട്ടിക്കിടക്കുന്നതിന്റെ ഫലമായി പൂർത്തിയാകാത്ത പദ്ധതികളുടെ പ്രത്യാഘാതങ്ങൾ മനസ്സിലാക്കാൻ ലെജിസ്ലേച്ചറിന് തീരുമാനം എടുക്കാം. വേണമെങ്കിൽ എല്ലാ ബസ് റൂട്ടുകളും എടുക്കണം. എത്ര ചെലവ് വന്നാലും നടത്തണമെന്ന് വയ്ക്കാം. പക്ഷേ നമ്മുടെ ലെജിസ്ലേച്ചർ 157 കോടി രൂപ ചെലവ് വന്നാൽ കൊടുക്കണമെന്ന് കൂടി തീരുമാനിക്കണം. ഇപ്പോൾ ലെജിസ്ലേച്ചർ കാര്യങ്ങൾ പാസാക്കുന്നത് ഇങ്ങനെ ഹാർഡ് ചോയ്സിന്റെ അടിസ്ഥാനത്തിൽ അല്ല. അതുവേണോ, ഇതുവേണോ, എന്തിനൊക്കെ ചെലവാക്കാം എന്നിങ്ങനെയുള്ള ഹാർഡ് ചോയ്സിന്റെ അടിസ്ഥാനത്തിൽ ഇംപാക്ട് ബഡ്ജറ്റ് തയ്യാറാക്കിക്കൊണ്ടുവരാൻ നമ്മൾ പരിശ്രമിക്കേണ്ടതാണ്. ഞാൻ ഈ ഉപധനാഭ്യർത്ഥനകൾ പാസ്സാക്കി തരണമെന്ന് അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,35,00,000 രൂപയുടെ ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ........

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ-87

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി
3. ശ്രീ. വി. എസ്. അച്ചുതാനന്ദൻ
4. ശ്രീമതി പി. അയിഷാ പോറ്റി
5. ശ്രീ. കെ. അജിത്
6. ശ്രീ. മഞ്ഞളാംകുഴി അലി
7. ശ്രീ. അൽഫോൺസ് കണ്ണന്താനം
8. ശ്രീ. ആനത്തലവട്ടം ആനന്ദൻ
9. ശ്രീ. എൻ. അനിരുദ്ധൻ
10. ശ്രീ. എ. എം. ആരിഫ്
11. ശ്രീമതി ജെ. അരുന്ധതി
12. ശ്രീ. എ. എ. അസീസ്
13. ശ്രീ. ബാബു എം. പാലിശ്ശേരി
14. ശ്രീ. ബാബു പോൾ
15. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
16. ശ്രീ. എ. കെ. ബാലൻ
17. ശ്രീ. പള്ളിപ്രം ബാലൻ
18. ശ്രീമതി ഇ. എസ്. ബിജിമോൾ
19. ശ്രീ. ബിനോയ് വിശ്വം
20. ശ്രീ. എ. കെ. ചന്ദ്രൻ
21. ശ്രീ. എം. ചന്ദ്രൻ
22. ശ്രീ. വി. ചെന്താമരാക്ഷൻ

LIBRARY ARCHIVES Kerala Legislative Assembly

23. ശ്രീ. ബി. ഡി. ദേവസ്സി
24. ശ്രീ. സി. എം. ദിനേശ് മണി
25. ശ്രീ. സി. ദിവാകരൻ
26. ശ്രീ. കെ. കെ. ദിവാകരൻ
27. ശ്രീ. പി. സി. ജോർജ്
28. ശ്രീ. പി. കെ. ഗുരുദാസൻ
29. ശ്രീ. എം. ഹംസ
30. ശ്രീ. കെ. ടി. ജലീൽ
31. ശ്രീ. കെ. കെ. ജയചന്ദ്രൻ
32. ശ്രീ. പി. ജയരാജൻ
33. ശ്രീ. ജോസ് ബേബി
34. ശ്രീ. ജോസ് തെറ്റയിൽ
35. ശ്രീ. പി. ജെ. ജോസഫ്
36. ശ്രീ. എളമരം കരീം
37. ശ്രീ. പി. കൃഷ്ണപ്രസാദ്
38. ശ്രീ. സി. എച്ച്. കുഞ്ഞമ്പു
39. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
40. ശ്രീ. കെ. കുഞ്ഞിരാമൻ
41. ശ്രീ. കെ. വി. കുഞ്ഞിരാമൻ
42. ശ്രീ. ടി. പി. കുഞ്ഞുണ്ണി
43. ശ്രീ. ടി. യു. കുരുവിള
44. ശ്രീമതി കെ. കെ. ലതിക
45. ശ്രീ. മാത്യു ടി. തോമസ്
46. ശ്രീ. പാലോളി മുഹമ്മദ് കുട്ടി
47. ശ്രീ. കെ. പി. മോഹനൻ
48. ശ്രീ. എ. സി. മൊയ്തീൻ
49. ശ്രീ. എം. എം. മോനായി
50. ശ്രീ. മോൻസ് ജോസഫ്
51. ശ്രീ. മുരളി പെരുനെല്ലി
52. ശ്രീ. സി. കെ. പി. പത്മനാഭൻ

LIBRARY ARCHIVES Kerala Legislative Assembly

53. ശ്രീ. എ. പ്രദീപ് കുമാർ
54. ശ്രീ. എം. പ്രകാശൻ മാസ്റ്റർ
55. ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ
56. ശ്രീ. എം. കെ. പ്രേംനാഥ്
57. ശ്രീ. എം. കെ. പുരുഷോത്തമൻ
58. ശ്രീ. മാങ്കോട് രാധാകൃഷ്ണൻ
59. ശ്രീ. പി. ടി. എ. റഹീം
60. ശ്രീ. കെ. സി. രാജഗോപാലൻ
61. ശ്രീ. എൻ. രാജൻ
62. ശ്രീ. രാജു എബ്രഹാം
63. ശ്രീ. കെ. രാജു
64. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
65. ശ്രീ. മുല്ലക്കര രത്നാകരൻ
66. പ്രൊഫ. സി. രവീന്ദ്രനാഥ്
67. ശ്രീ. സി. കെ. സദാശിവൻ
68. ശ്രീ. സാജുപോൾ
69. ശ്രീ. പി. എം. എ. സലാം
70. ശ്രീമതി കെ. എസ്. സലീഖ
71. ശ്രീ. എ. കെ. ശശീന്ദ്രൻ
72. ശ്രീ. വി. ശശികുമാർ
73. ശ്രീ. ആർ. സെൽവരാജ്
74. ശ്രീ. എസ്. ശർമ്മ
75. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
76. ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്
77. ശ്രീ. വി. ശിവൻകുട്ടി
78. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ
79. ശ്രീ. എം. വി. ശ്രേയാംസ്കുമാർ
80. ശ്രീ. ജി. സുധാകരൻ
81. ശ്രീ. വി. എസ്. സുനിൽ കുമാർ
82. ശ്രീ. വി. സുരേന്ദ്രൻപിള്ള
83. ഡോ. തോമസ് ഐസക്
84. ശ്രീ. വി. എൻ. വാസവൻ

LIBRARY ARCHIVES Kerala Legislative Assembly

85. ശ്രീ. എം. വിജയകുമാർ

86. ശ്രീ. പി. വിശ്വൻ

87. ശ്രീ. എ. എം. യൂസഫ്

<u>പ്രതികൂലിക്കുന്നവർ—36</u>

1. ശ്രീ. പി. കെ. അബ്ദുറബ്ബ്
2. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
3. ശ്രീ. കെ. അച്ചുതൻ
4. ശ്രീ. സി. ടി. അഹമ്മദ് അലി
5. ശ്രീ. എ. പി. അനിൽ കുമാർ
6. ശ്രീ. കെ. ബാബു
7. ശ്രീ. ബി. ബാബു പ്രസാദ്
8. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
9. ശ്രീ. കെ. ബി. ഗണേഷ് കുമാർ
10. ശ്രീ. ജോർജ്ജ് മേഴ്സിയർ
11. പ്രൊഫ. എൻ. ജയരാജ്
12. ശ്രീ. കെ. സി. ജോസഫ്
13. ശ്രീ. ജോസഫ് എം. പുതുശ്ശേരി
14. ശ്രീ. വർക്കല കഹാർ
15. ശ്രീ. ജി. കാർത്തികേയൻ
16. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി
17. ശ്രീ. കെ. എം. മാണി
18. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
19. ശ്രീ. ആര്യാടൻ മുഹമ്മദ്
20. ശ്രീ. സി. പി. മുഹമ്മദ്
21. ശ്രീ. എം. മുരളി
22. ശ്രീ. ഉമ്മൻ ചാണ്ടി
23. ശ്രീ. ടി. എൻ. പ്രതാപൻ
24. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
25. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
26. ശ്രീ. യു. സി. രാമൻ
27. ശ്രീ. റോഷി അഗസ്റ്റിൻ

LIBRARY ARCHIVES Kerala Legislative Assembly

28. ശ്രീ. എൻ. ശക്തൻ
29. ശ്രീ. വി. ഡി. സതീശൻ
30. ശ്രീ. കെ. കെ. ഷാജു
31. ശ്രീ. കെ. സുധാകരൻ
32. പ്രൊഫ. കെ. വി. തോമസ്
33. ശ്രീ. തോമസ് ചാണ്ടി
34. ശ്രീ. എം. ഉമ്മർ
35. ശ്രീ. എം. എ. വാഹീദ്
36. ശ്രീ. കെ. സി. വേണുഗോപാൽ

നിഷ്പക്ഷത പാലിക്കുന്നവർ ആരുമില്ല.

മി. സ്പീക്കർ:

അനുകൂലിക്കുന്നവർ—87

പ്രതികൂലിക്കുന്നവർ—36

നിഷ്പക്ഷത പാലിക്കുന്നവർ ആരുമില്ല.

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 15,28,42,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ..........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3,05,90,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ..........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 9,10,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ..........

LIBRARY ARCHIVES Kerala Legislative Assembly

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 42,36,91,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ...........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 13,51,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ..........

ശ്രീ. കെ. ബാബു: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ-87

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി
3. ശ്രീ. വി. എസ്. അച്ചുതാനന്ദൻ
4. ശ്രീമതി പി. അയിഷാ പോറ്റി
5. ശ്രീ. കെ. അജിത്
6. ശ്രീ. മഞ്ഞളാംകുഴി അലി
7. ശ്രീ. അൽഫോൺസ് കണ്ണന്താനം
8. ശ്രീ. ആനത്തലവട്ടം ആനന്ദൻ
9. ശ്രീ. എൻ. അനിരുദ്ധൻ
10. ശ്രീ. എ. എം. ആരിഫ്
11. ശ്രീമതി ജെ. അരുന്ധതി

LIBRARY ARCHIVES Kerala Legislative Assembly

12. ശ്രീ. എ. എ. അസീസ്
13. ശ്രീ. ബാബു എം. പാലിശ്ശേരി
14. ശ്രീ. ബാബു പോൾ
15. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
16. ശ്രീ. എ. കെ. ബാലൻ
17. ശ്രീ. പള്ളിപ്രം ബാലൻ
18. ശ്രീമതി ഇ. എസ്. ബിജിമോൾ
19. ശ്രീ. ബിനോയ് വിശ്വം
20. ശ്രീ. എ. കെ. ചന്ദ്രൻ
21. ശ്രീ. എം. ചന്ദ്രൻ
22. ശ്രീ. വി. ചെന്താമരാക്ഷൻ
23. ശ്രീ. ബി. ഡി. ദേവസ്സി
24. ശ്രീ. സി. എം. ദിനേശ് മണി
25. ശ്രീ. സി. ദിവാകരൻ
26. ശ്രീ. കെ. കെ. ദിവാകരൻ
27. ശ്രീ. പി. സി. ജോർജ്
28. ശ്രീ. പി. കെ. ഗുരുദാസൻ
29. ശ്രീ. എം. ഹംസ
30. ശ്രീ. കെ. ടി. ജലീൽ
31. ശ്രീ. കെ. കെ. ജയചന്ദ്രൻ
32. ശ്രീ. പി. ജയരാജൻ
33. ശ്രീ. ജോസ് ബേബി
34. ശ്രീ. ജോസ് തെറ്റയിൽ
35. ശ്രീ. പി. ജെ. ജോസഫ്
36. ശ്രീ. എളമരം കരീം
37. ശ്രീ. പി. കൃഷ്ണപ്രസാദ്
38. ശ്രീ. സി. എച്ച്. കുഞ്ഞമ്പു
39. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
40. ശ്രീ. കെ. കുഞ്ഞിരാമൻ
41. ശ്രീ. കെ. വി. കുഞ്ഞിരാമൻ

LIBRARY ARCHIVES Kerala Legislative Assembly

42. ശ്രീ. ടി. പി. കുഞ്ഞുണ്ണി
43. ശ്രീ. ടി. യു. കുരുവിള
44. ശ്രീമതി കെ. കെ. ലതിക
45. ശ്രീ. മാത്യു ടി. തോമസ്
46. ശ്രീ. പാലോളി മുഹമ്മദ് കുട്ടി
47. ശ്രീ. കെ. പി. മോഹനൻ
48. ശ്രീ. എ. സി. മൊയ്തീൻ
49. ശ്രീ. എം. എം. മോനായി
50. ശ്രീ. മോൻസ് ജോസഫ്
51. ശ്രീ. മുരളി പെരുനെല്ലി
52. ശ്രീ. സി. കെ. പി. പത്മനാഭൻ
53. ശ്രീ. എ. പ്രദീപ് കുമാർ
54. ശ്രീ. എം. പ്രകാശൻ മാസ്റ്റർ
55. ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ
56. ശ്രീ. എം. കെ. പ്രേംനാഥ്
57. ശ്രീ. എം. കെ. പുരുഷോത്തമൻ
58. ശ്രീ. മാങ്കോട് രാധാകൃഷ്ണൻ
59. ശ്രീ. പി. ടി. എ. റഹീം
60. ശ്രീ. കെ. സി. രാജഗോപാലൻ
61. ശ്രീ. എൻ. രാജൻ
62. ശ്രീ. രാജു എബ്രഹാം
63. ശ്രീ. കെ. രാജു
64. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
65. ശ്രീ. മുല്ലക്കര രത്നാകരൻ
66. പ്രൊഫ. സി. രവീന്ദ്രനാഥ്
67. ശ്രീ. സി. കെ. സദാശിവൻ
68. ശ്രീ. സാജു പോൾ
69. ശ്രീ. പി. എം. എ. സലാം
70. ശ്രീമതി കെ. എസ്. സലീഖ
71. ശ്രീ. എ. കെ. ശശീന്ദ്രൻ
72. ശ്രീ. വി. ശശികുമാർ

LIBRARY ARCHIVES Kerala Legislative Assembly

73. ശ്രീ. ആർ. സെൽവരാജ്
74. ശ്രീ. എസ്. ശർമ്മ
75. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
76. ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്
77. ശ്രീ. വി. ശിവൻകുട്ടി
78. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ
79. ശ്രീ. എം. വി. ശ്രേയാംസ്കുമാർ
80. ശ്രീ. ജി. സുധാകരൻ
81. ശ്രീ. വി. എസ്. സുനിൽ കുമാർ
82. ശ്രീ. വി. സുരേന്ദ്രൻ പിള്ള
83. ഡോ. തോമസ് ഐസക്
84. ശ്രീ. വി. എൻ. വാസവൻ
85. ശ്രീ. എം. വിജയകുമാർ
86. ശ്രീ. പി. വിശ്വൻ
87. ശ്രീ. എ. എം. യൂസഫ്

പ്രതികൂലിക്കുന്നവർ—36

1. ശ്രീ. പി. കെ. അബ്ദുറബ്ബ്
2. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
3. ശ്രീ. കെ. അച്ചുതൻ
4. ശ്രീ. സി. ടി. അഹമ്മദ് അലി
5. ശ്രീ. എ. പി. അനിൽ കുമാർ
6. ശ്രീ. കെ. ബാബു
7. ശ്രീ. ബി. ബാബു പ്രസാദ്
8. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
9. ശ്രീ. കെ. ബി. ഗണേഷ് കുമാർ
10. ശ്രീ. ജോർജ്ജ് മേഴ്സിയർ
11. പ്രൊഫ. എൻ. ജയരാജ്
12. ശ്രീ. കെ. സി. ജോസഫ്
13. ശ്രീ. ജോസഫ് എം. പുതുശ്ശേരി
14. ശ്രീ. വർക്കല കഹാർ
15. ശ്രീ. ജി. കാർത്തികേയൻ
16. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി
17. ശ്രീ. കെ. എം. മാണി

LIBRARY ARCHIVES Kerala Legislative Assembly

18. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
19. ശ്രീ. ആര്യാടൻ മുഹമ്മദ്
20. ശ്രീ. സി. പി. മുഹമ്മദ്
21. ശ്രീ. എം. മുരളി
22. ശ്രീ. ഉമ്മൻ ചാണ്ടി
23. ശ്രീ. ടി. എൻ. പ്രതാപൻ
24. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
25. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
26. ശ്രീ. യു. സി. രാമൻ
27. ശ്രീ. റോഷി അഗസ്റ്റിൻ
28. ശ്രീ. എൻ. ശക്തൻ
29. ശ്രീ. വി. ഡി. സതീശൻ
30. ശ്രീ. കെ. കെ. ഷാജു
31. ശ്രീ. കെ. സുധാകരൻ
32. പ്രൊഫ. കെ. വി. തോമസ്
33. ശ്രീ. തോമസ് ചാണ്ടി
34. ശ്രീ. എം. ഉമ്മർ
35. ശ്രീ. എം. എ. വാഹീദ്
36. ശ്രീ. കെ. സി. വേണുഗോപാൽ

നിഷ്പക്ഷത പാലിക്കുന്നവർ ആരുമില്ല.

മി. സ്പീക്കർ:

അനുകൂലിക്കുന്നവർ—87

പ്രതികൂലിക്കുന്നവർ—36

നിഷ്പക്ഷത പാലിക്കുന്നവർ ആരുമില്ല .

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 6,70,01,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.,..........

പ്രതികൂലിക്കുന്നവർ..........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 16,25,03,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ..........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്ക്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 24,10,39,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ..........

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ—87

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി
3. ശ്രീ. വി. എസ്. അച്ചുതാനന്ദൻ
4. ശ്രീമതി പി. അയിഷാ പോറ്റി
5. ശ്രീ. കെ. അജിത്
6. ശ്രീ. മഞ്ഞളാംകുഴി അലി
7. ശ്രീ. അൽഫോൺസ് കണ്ണന്താനം
8. ശ്രീ. ആനത്തലവട്ടം ആനന്ദൻ
9. ശ്രീ. എൻ. അനിരുദ്ധൻ
10. ശ്രീ. എ. എം. ആരിഫ്
11. ശ്രീമതി ജെ. അരുന്ധതി
12. ശ്രീ. എ. എ. അസീസ്
13. ശ്രീ. ബാബു എം. പാലിശ്ശേരി
14. ശ്രീ. ബാബു പോൾ
15. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
16. ശ്രീ. എ. കെ. ബാലൻ
17. ശ്രീ. പള്ളിപ്രം ബാലൻ

LIBRARY ARCHIVES Kerala Legislative Assembly

18. ശ്രീമതി ഇ. എസ്. ബിജിമോൾ
19. ശ്രീ. ബിനോയ് വിശ്വം
20. ശ്രീ. എ. കെ. ചന്ദ്രൻ
21. ശ്രീ. എം. ചന്ദ്രൻ
22. ശ്രീ. വി. ചെന്താമരാക്ഷൻ
23. ശ്രീ. ബി. ഡി. ദേവസ്സി
24. ശ്രീ. സി. എം. ദിനേശ് മണി
25. ശ്രീ. സി. ദിവാകരൻ
26. ശ്രീ. കെ. കെ. ദിവാകരൻ
27. ശ്രീ. പി. സി. ജോർജ്
28. ശ്രീ. പി. കെ. ഗുരുദാസൻ
29. ശ്രീ. എം. ഹംസ
30. ശ്രീ. കെ. ടി. ജലീൽ
31. ശ്രീ. കെ. കെ. ജയചന്ദ്രൻ
32. ശ്രീ. പി. ജയരാജൻ
33. ശ്രീ. ജോസ് ബേബി
34. ശ്രീ. ജോസ് തെറ്റയിൽ
35. ശ്രീ. പി. ജെ. ജോസഫ്
36. ശ്രീ. എളമരം കരീം
37. ശ്രീ. പി. കൃഷ്ണപ്രസാദ്
38. ശ്രീ. സി. എച്ച്. കുഞ്ഞമ്പു
39. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
40. ശ്രീ. കെ. കുഞ്ഞിരാമൻ
41. ശ്രീ. കെ. വി. കുഞ്ഞിരാമൻ
42. ശ്രീ. ടി. പി. കുഞ്ഞുണ്ണി
43. ശ്രീ. ടി. യു. കുരുവിള
44. ശ്രീമതി കെ. കെ. ലതിക
45. ശ്രീ. മാത്യു ടി. തോമസ്
46. ശ്രീ. പാലോളി മുഹമ്മദ് കുട്ടി
47. ശ്രീ. കെ. പി. മോഹനൻ

LIBRARY ARCHIVES Kerala Legislative Assembly

48. ശ്രീ. എ. സി. മൊയ്തീൻ
49. ശ്രീ. എം. എം. മോനായി
50. ശ്രീ. മോൻസ് ജോസഫ്
51. ശ്രീ. മുരളി പെരുനെല്ലി
52. ശ്രീ. സി. കെ. പി. പത്മനാഭൻ
53. ശ്രീ. എ. പ്രദീപ് കുമാർ
54. ശ്രീ. എം. പ്രകാശൻ മാസ്റ്റർ
55. ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ
56. ശ്രീ. എം. കെ. പ്രേംനാഥ്
57. ശ്രീ. എം. കെ. പുരുഷോത്തമൻ
58. ശ്രീ. മാങ്കോട് രാധാകൃഷ്ണൻ
59. ശ്രീ. പി. ടി. എ. റഹീം
60. ശ്രീ. കെ. സി. രാജഗോപാലൻ
61. ശ്രീ. എൻ. രാജൻ
62. ശ്രീ. രാജു എബ്രഹാം
63. ശ്രീ. കെ. രാജു
64. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
65. ശ്രീ. മുല്ലക്കര രത്നാകരൻ
66. പ്രൊഫ. സി. രവീന്ദ്രനാഥ്
67. ശ്രീ. സി. കെ. സദാശിവൻ
68. ശ്രീ. സാജു പോൾ
69. ശ്രീ. പി. എം. എ. സലാം
70. ശ്രീമതി കെ. എസ്. സലീഖ
71. ശ്രീ. എ. കെ. ശശീന്ദ്രൻ
72. ശ്രീ. വി. ശശികുമാർ
73. ശ്രീ. ആർ. സെൽവരാജ്
74. ശ്രീ. എസ്. ശർമ്മ
75. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
76. ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്
77. ശ്രീ. വി. ശിവൻകുട്ടി
78. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ

LIBRARY ARCHIVES Kerala Legislative Assembly

79. ശ്രീ. എം. വി. ശ്രേയാംസ് കുമാർ
80. ശ്രീ. ജി. സുധാകരൻ
81. ശ്രീ. വി. എസ്. സുനിൽ കുമാർ
82. ശ്രീ. വി. സുരേന്ദ്രൻപിള്ള
83. ഡോ. തോമസ് ഐസക്
84. ശ്രീ. വി. എൻ. വാസവൻ
85. ശ്രീ. എം. വിജയകുമാർ
86. ശ്രീ. പി. വിശ്വൻ
87. ശ്രീ. എ. എം. യൂസഫ്

പ്രതികൂലിക്കുന്നവർ—36

1. ശ്രീ. പി. കെ. അബ്ദുറബ്ബ്
2. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
3. ശ്രീ. കെ. അച്ചുതൻ
4. ശ്രീ. സി. ടി. അഹമ്മദ് അലി
5. ശ്രീ. എ. പി. അനിൽകുമാർ
6. ശ്രീ. കെ. ബാബു
7. ശ്രീ. ബി. ബാബു പ്രസാദ്
8. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
9. ശ്രീ. കെ. ബി. ഗണേഷ് കുമാർ
10. ശ്രീ. ജോർജ് മേഴ്സിയർ
11. പ്രൊഫ. എൻ. ജയരാജ്
12. ശ്രീ. കെ. സി. ജോസഫ്
13. ശ്രീ. ജോസഫ് എം. പുതുശ്ശേരി
14. ശ്രീ. വർക്കല കഹാർ
15. ശ്രീ. ജി. കാർത്തികേയൻ
16. ശ്രീ. കെ.. കുട്ടി അഹമ്മദ് കുട്ടി
17. ശ്രീ. കെ. എം. മാണി
18. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
19. ശ്രീ. ആര്യാടൻ മുഹമ്മദ്
20. ശ്രീ. സി. പി. മുഹമ്മദ്
21. ശ്രീ. എം. മുരളി



LIBRARY ARCHIVES Kerala Legislative Assembly

22. ശ്രീ. ഉമ്മൻ ചാണ്ടി
23. ശ്രീ. ടി. എൻ. പ്രതാപൻ
24. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
25. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
26. ശ്രീ. യു. സി. രാമൻ
27. ശ്രീ. റോഷി അഗസ്റ്റിൻ
28. ശ്രീ. എൻ. ശക്തൻ
29. ശ്രീ. വി. ഡി. സതീശൻ
30. ശ്രീ. കെ. കെ. ഷാജു
31. ശ്രീ. കെ. സുധാകരൻ
32. പ്രൊഫ. കെ. വി. തോമസ്
33. ശ്രീ. തോമസ് ചാണ്ടി
34. ശ്രീ. എം. ഉമ്മർ
35. ശ്രീ. എം. എ. വാഹീദ്
36. ശ്രീ. കെ. സി. വേണുഗോപാൽ

നിഷ്പക്ഷത പാലിക്കുന്നവർ —ആരുമില്ല.

മി. സ്പീക്കർ:

അനുകൂലിക്കുന്നവർ—87

പ്രതികൂലിക്കുന്നവർ—36

നിഷ്പക്ഷത പാലിക്കുന്നവർ ആരുമില്ല.

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 40,38,84,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ...........

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി)

LIBRARY ARCHIVES Kerala Legislative Assembly

അനുകൂലിക്കുന്നവർ—87

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി
3. ശ്രീ. വി. എസ്. അച്ചുതാനന്ദൻ
4. ശ്രീമതി പി. അയിഷാ പോറ്റി
5. ശ്രീ. കെ. അജിത്
6. ശ്രീ. മഞ്ഞളാംകുഴി അലി
7. ശ്രീ. അൽഫോൺസ് കണ്ണന്താനം
8. ശ്രീ. ആനത്തലവട്ടം ആനന്ദൻ
9. ശ്രീ. എൻ. അനിരുദ്ധൻ
10. ശ്രീ. എ. എം. ആരിഫ്
11. ശ്രീമതി ജെ. അരുന്ധതി
12. ശ്രീ. എ. എ. അസീസ്
13. ശ്രീ. ബാബു എം. പാലിശ്ശേരി
14. ശ്രീ. ബാബു പോൾ
15. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
16. ശ്രീ. എ. കെ. ബാലൻ
17. ശ്രീ. പള്ളിപ്രം ബാലൻ
18. ശ്രീമതി ഇ. എസ്. ബിജിമോൾ
19. ശ്രീ. ബിനോയ് വിശ്വം
20. ശ്രീ. എ. കെ. ചന്ദ്രൻ
21. ശ്രീ. എം. ചന്ദ്രൻ
22. ശ്രീ. വി. ചെന്താമരാക്ഷൻ
23. ശ്രീ. ബി. ഡി. ദേവസ്സി
24. ശ്രീ. സി. എം. ദിനേശ് മണി
25. ശ്രീ. സി. ദിവാകരൻ
26. ശ്രീ. കെ. കെ. ദിവാകരൻ
27. ശ്രീ. പി. സി. ജോർജ്
28. ശ്രീ. പി. കെ. ഗുരുദാസൻ
29. ശ്രീ. എം. ഹംസ
30. ശ്രീ. കെ. ടി. ജലീൽ

LIBRARY ARCHIVES Kerala Legislative Assembly

31. ശ്രീ. കെ. കെ. ജയചന്ദ്രൻ
32. ശ്രീ. പി. ജയരാജൻ
33. ശ്രീ. ജോസ് ബേബി
34. ശ്രീ. ജോസ് തെറ്റയിൽ
35. ശ്രീ. പി. ജെ. ജോസഫ്
36. ശ്രീ. എളമരം കരീം
37. ശ്രീ. പി. കൃഷ്ണപ്രസാദ്
38. ശ്രീ. സി. എച്ച്. കുഞ്ഞമ്പു
39. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
40. ശ്രീ. കെ. കുഞ്ഞിരാമൻ
41. ശ്രീ. കെ. വി. കുഞ്ഞിരാമൻ
42. ശ്രീ. ടി. പി. കുഞ്ഞുണ്ണി
43. ശ്രീ. ടി. യു. കുരുവിള
44. ശ്രീമതി കെ. കെ. ലതിക
45. ശ്രീ. മാത്യു ടി. തോമസ്
46. ശ്രീ. പാലോളി മുഹമ്മദ് കുട്ടി
47. ശ്രീ. കെ. പി. മോഹനൻ
48. ശ്രീ. എ. സി. മൊയ്തീൻ
49. ശ്രീ. എം. എം. മോനായി
50. ശ്രീ. മോൻസ് ജോസഫ്
51. ശ്രീ. മുരളി പെരുനെല്ലി
52. ശ്രീ. സി. കെ. പി. പത്മനാഭൻ
53. ശ്രീ. എ. പ്രദീപ് കുമാർ
54. ശ്രീ. എം. പ്രകാശൻ മാസ്റ്റർ
55. ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ
56. ശ്രീ. എം. കെ. പ്രേംനാഥ്
57. ശ്രീ. എം. കെ. പുരുഷോത്തമൻ
58. ശ്രീ. മാങ്കോട് രാധാകൃഷ്ണൻ
59. ശ്രീ. പി. ടി. എ. റഹീം

LIBRARY ARCHIVES Kerala Legislative Assembly

60. ശ്രീ. കെ. സി. രാജഗോപാലൻ
61. ശ്രീ. എൻ. രാജൻ
62. ശ്രീ. രാജു എബ്രഹാം
63. ശ്രീ. കെ. രാജു
64. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
65. ശ്രീ. മുല്ലക്കര രത്നാകരൻ
66. പ്രൊഫ. സി. രവീന്ദ്രനാഥ്
67. ശ്രീ. സി. കെ. സദാശിവൻ
68. ശ്രീ. സാജു പോൾ
69. ശ്രീ. പി. എം. എ. സലാം
70. ശ്രീമതി കെ. എസ്. സലീഖ
71. ശ്രീ. എ. കെ. ശശീന്ദ്രൻ
72. ശ്രീ. വി. ശശികുമാർ
73. ശ്രീ. ആർ. സെൽവരാജ്
74. ശ്രീ. എസ്. ശർമ്മ
75. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
76. ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്
77. ശ്രീ. വി. ശിവൻകുട്ടി
78. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ
79. ശ്രീ. എം. വി. ശ്രേയാംസ് കുമാർ
80. ശ്രീ. ജി. സുധാകരൻ
81. ശ്രീ. വി. എസ്. സുനിൽ കുമാർ
82. ശ്രീ. വി. സുരേന്ദ്രൻപിള്ള
83. ഡോ. തോമസ് ഐസക്
84. ശ്രീ. വി. എൻ. വാസവൻ
85. ശ്രീ. എം. വിജയകുമാർ
86. ശ്രീ. പി. വിശ്വൻ
87. ശ്രീ. എ. എം. യൂസഫ്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## പ്രതികൂലിക്കുന്നവർ—36

1. ശ്രീ. പി. കെ. അബ്ദുറബ്ബ്
2. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
3. ശ്രീ. കെ. അച്ചുതൻ
4. ശ്രീ. സി. ടി. അഹമ്മദ് അലി
5. ശ്രീ. എ. പി. അനിൽകുമാർ
6. ശ്രീ. കെ. ബാബു
7. ശ്രീ. ബി. ബാബു പ്രസാദ്
8. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
9. ശ്രീ. കെ. ബി. ഗണേഷ് കുമാർ
10. ശ്രീ. ജോർജ് മേഴ്സിയർ
11. പ്രൊഫ. എൻ. ജയരാജ്
12. ശ്രീ. കെ. സി. ജോസഫ്
13. ശ്രീ. ജോസഫ് എം. പുതുശ്ശേരി
14. ശ്രീ. വർക്കല കഹാർ
15. ശ്രീ. ജി. കാർത്തികേയൻ
16. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി
17. ശ്രീ. കെ. എം. മാണി
18. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
19. ശ്രീ. ആര്യാടൻ മുഹമ്മദ്
20. ശ്രീ. സി. പി. മുഹമ്മദ്
21. ശ്രീ. എം. മുരളി
22. ശ്രീ. ഉമ്മൻ ചാണ്ടി
23. ശ്രീ. ടി. എൻ. പ്രതാപൻ
24. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
25. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
26. ശ്രീ. യു. സി. രാമൻ
27. ശ്രീ. റോഷി അഗസ്റ്റിൻ
28. ശ്രീ. എൻ. ശക്തൻ
29. ശ്രീ. വി. ഡി. സതീശൻ

30. ശ്രീ. കെ. കെ. ഷാജു
31. ശ്രീ. കെ. സുധാകരൻ
32. പ്രൊഫ. കെ. വി. തോമസ്
33. ശ്രീ. തോമസ് ചാണ്ടി
34. ശ്രീ. എം. ഉമ്മർ
35. ശ്രീ. എം. എ. വാഹീദ്
36. ശ്രീ. കെ. സി. വേണുഗോപാൽ

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

മി. സ്പീക്കർ:

അനുകൂലിക്കുന്നവർ—87

പ്രതികൂലിക്കുന്നവർ—36

നിഷ്പക്ഷത പാലിക്കുന്നവർ —ആരുമില്ല

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 60,04,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ...........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2 കോടി രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ...........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,19,74,02,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ...........

LIBRARY ARCHIVES Kerala Legislative Assembly

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 9,70,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ..........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ..........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3 കോടി രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന് പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ..........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 59,76,21,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ..........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 8,55,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ..........

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെ പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അനുകൂലിക്കുന്നവർ—87

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി
3. ശ്രീ. വി. എസ്. അച്ചുതാനന്ദൻ
4. ശ്രീമതി പി. അയിഷാ പോറ്റി
5. ശ്രീ. കെ. അജിത്
6. ശ്രീ. മഞ്ഞളാംകുഴി അലി
7. ശ്രീ. അൽഫോൺസ് കണ്ണന്താനം
8. ശ്രീ. ആനത്തലവട്ടം ആനന്ദൻ
9. ശ്രീ. എൻ. അനിരുദ്ധൻ
10. ശ്രീ. എ. എം. ആരിഫ്
11. ശ്രീമതി ജെ. അരുന്ധതി
12. ശ്രീ. എ. എ. അസീസ്
13. ശ്രീ. ബാബു എം. പാലിശ്ശേരി
14. ശ്രീ. ബാബു പോൾ
15. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
16. ശ്രീ. എ. കെ. ബാലൻ
17. ശ്രീ. പള്ളിപ്രം ബാലൻ
18. ശ്രീമതി ഇ. എസ്. ബിജിമോൾ
19. ശ്രീ. ബിനോയ് വിശ്വം
20. ശ്രീ. എ. കെ. ചന്ദ്രൻ
21. ശ്രീ. എം. ചന്ദ്രൻ
22. ശ്രീ. വി. ചെന്താമരാക്ഷൻ
23. ശ്രീ. ബി. ഡി. ദേവസ്സി
24. ശ്രീ. സി. എം. ദിനേശ് മണി
25. ശ്രീ. സി. ദിവാകരൻ
26. ശ്രീ. കെ. കെ. ദിവാകരൻ
27. ശ്രീ. പി. സി. ജോർജ്
28. ശ്രീ. പി. കെ. ഗുരുദാസൻ
29. ശ്രീ. എം. ഹംസ
30. ശ്രീ. കെ. ടി. ജലീൽ

31. ശ്രീ. കെ. കെ. ജയചന്ദ്രൻ
32. ശ്രീ. പി. ജയരാജൻ
33. ശ്രീ. ജോസ് ബേബി
34. ശ്രീ. ജോസ് തെറ്റയിൽ
35. ശ്രീ. പി. ജെ. ജോസഫ്
36. ശ്രീ. എളമരം കരീം
37. ശ്രീ. പി. കൃഷ്ണപ്രസാദ്
38. ശ്രീ. സി. എച്ച്. കുഞ്ഞമ്പു
39. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
40. ശ്രീ. കെ. കുഞ്ഞിരാമൻ
41. ശ്രീ. കെ. വി. കുഞ്ഞിരാമൻ
42. ശ്രീ. ടി. പി. കുഞ്ഞുണ്ണി
43. ശ്രീ. ടി. യു. കുരുവിള
44. ശ്രീമതി കെ. കെ. ലതിക
45. ശ്രീ. മാത്യു ടി. തോമസ്
46. ശ്രീ. പാലോളി മുഹമ്മദ് കുട്ടി
47. ശ്രീ. കെ. പി. മോഹനൻ
48. ശ്രീ. എ. സി. മൊയ്തീൻ
49. ശ്രീ. എം. എം. മോനായി
50. ശ്രീ. മോൻസ് ജോസഫ്
51. ശ്രീ. മുരളി പെരുനെല്ലി
52. ശ്രീ. സി. കെ. പി. പത്മനാഭൻ
53. ശ്രീ. എ. പ്രദീപ് കുമാർ
54. ശ്രീ. എം. പ്രകാശൻ മാസ്റ്റർ
55. ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ
56. ശ്രീ. എം. കെ. പ്രേംനാഥ്
57. ശ്രീ. എം. കെ. പുരുഷോത്തമൻ
58. ശ്രീ. മാങ്കോട് രാധാകൃഷ്ണൻ
59. ശ്രീ. പി. ടി. എ. റഹീം

LIBRARY ARCHIVES Kerala Legislative Assembly

60. ശ്രീ. കെ. സി. രാജഗോപാലൻ
61. ശ്രീ. എൻ. രാജൻ
62. ശ്രീ. രാജു എബ്രഹാം
63. ശ്രീ. കെ. രാജു
64. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
65. ശ്രീ. മുല്ലക്കര രത്നാകരൻ
66. പ്രൊഫ. സി. രവീന്ദ്രനാഥ്
67. ശ്രീ. സി. കെ. സദാശിവൻ
68. ശ്രീ. സാജു പോൾ
69. ശ്രീ. പി. എം. എ. സലാം
70. ശ്രീമതി കെ. എസ്. സലീഖ
71. ശ്രീ. എ. കെ. ശശീന്ദ്രൻ
72. ശ്രീ. വി. ശശികുമാർ
73. ശ്രീ. ആർ. സെൽവരാജ്
74. ശ്രീ. എസ്. ശർമ്മ
75. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
76. ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്
77. ശ്രീ. വി. ശിവൻകുട്ടി
78. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ
79. ശ്രീ. എം. വി. ശ്രേയാംസ് കുമാർ
80. ശ്രീ. ജി. സുധാകരൻ
81. ശ്രീ. വി. എസ്. സുനിൽ കുമാർ
82. ശ്രീ. വി. സുരേന്ദ്രൻപിള്ള
83. ഡോ. തോമസ് ഐസക്
84. ശ്രീ. വി. എൻ. വാസവൻ
85. ശ്രീ. എം. വിജയകുമാർ
86. ശ്രീ. പി. വിശ്വൻ
87. ശ്രീ. എ. എം. യൂസഫ്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പ്രതികൂലിക്കുന്നവർ—36

1. ശ്രീ. പി. കെ. അബ്ദുറബ്ബ്
2. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
3. ശ്രീ. കെ. അച്ചുതൻ
4. ശ്രീ. സി. ടി. അഹമ്മദ് അലി
5. ശ്രീ. എ. പി. അനിൽകുമാർ
6. ശ്രീ. കെ. ബാബു
7. ശ്രീ. ബി. ബാബു പ്രസാദ്
8. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
9. ശ്രീ. കെ. ബി. ഗണേഷ് കുമാർ
10. ശ്രീ. ജോർജ് മേഴ്സിയർ
11. പ്രൊഫ. എൻ. ജയരാജ്
12. ശ്രീ. കെ. സി. ജോസഫ്
13. ശ്രീ. ജോസഫ് എം. പുതുശ്ശേരി
14. ശ്രീ. വർക്കല കഹാർ
15. ശ്രീ. ജി. കാർത്തികേയൻ
16. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി
17. ശ്രീ. കെ. എം. മാണി
18. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
19. ശ്രീ. ആര്യാടൻ മുഹമ്മദ്
20. ശ്രീ. സി. പി. മുഹമ്മദ്
21. ശ്രീ. എം. മുരളി
22. ശ്രീ. ഉമ്മൻ ചാണ്ടി
23. ശ്രീ. ടി. എൻ. പ്രതാപൻ
24. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
25. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
26. ശ്രീ. യു. സി. രാമൻ
27. ശ്രീ. റോഷി അഗസ്റ്റിൻ
28. ശ്രീ. എൻ. ശക്തൻ
29. ശ്രീ. വി. ഡി. സതീശൻ

30. ശ്രീ. കെ. കെ. ഷാജു
31. ശ്രീ. കെ. സുധാകരൻ
32. പ്രൊഫ. കെ. വി. തോമസ്
33. ശ്രീ. തോമസ് ചാണ്ടി
34. ശ്രീ. എം. ഉമ്മർ
35. ശ്രീ. എം. എ. വാഹീദ്
36. ശ്രീ. കെ. സി. വേണുഗോപാൽ

നിഷ്പക്ഷത പാലിക്കുന്നവർ ആരുമില്ല.

മി. സ്പീക്കർ:

അനുകൂലിക്കുന്നവർ—87

പ്രതികൂലിക്കുന്നവർ—36

നിഷ്പക്ഷത പാലിക്കുന്നവർ ആരുമില്ല

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു

തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 20 ലക്ഷം രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ..........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 42,16,55,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ..........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ചർച്ച കൂടാതെ പാസ്സാക്കുന്ന ധനാഭ്യർത്ഥനകൾ

ട്രഷറികളും അക്കൗണ്ടുകളും എന്ന X-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 84,31,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ..........

LIBRARY ARCHIVES Kerala Legislative Assembly

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3,01,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ..........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 47,13,45,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ..........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 76,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ..........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,48,35,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ..........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പട്ടികജാതി/പട്ടികവർഗ്ഗ, മറ്റു പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമമുൾപ്പെടെയുള്ള സാമൂഹ്യക്ഷേമമെന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 14,50,96,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ..........

LIBRARY ARCHIVES Kerala Legislative Assembly

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,93,06,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ..........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 12,30,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ..........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ക്ഷീര വികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 6,33,66,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ..........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 11,68,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ..........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സാമൂഹ്യവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 15,02,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ..........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

## X 58-ാം ചട്ടപ്രകാരമുള്ള ചർച്ച

### മാറാട് കലാപം അന്വേഷിച്ച കമ്മീഷന്റെ റിപ്പോർട്ടിൻമേലുള്ള ചർച്ച

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, "മാറാട് കൂട്ടക്കൊലപാതകത്തെപ്പറ്റിയുള്ള അന്വേഷണ കമ്മീഷന്റെ റിപ്പോർട്ട് സഭ ചർച്ച ചെയ്യണം" കേരളത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും നിർഭാഗ്യകരമായ ഒരു സംഭവമാണ് മാറാട് നടന്നത്. ഇക്കാര്യത്തിൽ കേരളത്തിലെ ജനങ്ങൾ ഒരുപോലെ ദു:ഖിതരാണ്. എല്ലാവരേയും ദു:ഖത്തിലാഴ്ത്തിയ ഒരു സംഭവമായിരുന്നു അത്. ഈ സംഭവത്തെ സംബന്ധിച്ച് പല വിധത്തിലുള്ള പ്രചരണങ്ങളും നമ്മുടെ സംസ്ഥാനത്ത് നടന്നു. സംസ്ഥാനത്ത് ഇക്കാര്യങ്ങൾ നടക്കുമ്പോൾത്തന്നെ, അന്നത്തെ മുഖ്യമന്ത്രി അവിടെ ഓടിയെത്തുകയും ആ ഡെഡ് ബോഡികൾ നേരിട്ട് കാണുകയും ആ സംഭവസ്ഥലത്തും ആശുപത്രിയിലും എത്തുകയും ചെയ്തു. അതുതന്നെ കാണിക്കുന്നത്, അവിടെ അദ്ദേഹത്തിനെതിരെ യാതൊരു പ്രതിഷേധവും ഇല്ലാതെയാണ് അദ്ദേഹത്തെ ആളുകൾ സ്വീകരിച്ചത് എന്നാണ്. ഇവിടെ ഞാൻ ചർച്ചയ്ക്ക് നോട്ടീസ് കൊടുത്ത സന്ദർഭത്തിൽ അന്ന് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞു ചർച്ച ചെയ്യുന്നതിന് വിരോധമില്ല, പക്ഷെ ഇക്കാര്യങ്ങൾ എല്ലാവരും ശ്രദ്ധിക്കണം. ഇത് മറ്റൊരു രൂപത്തിൽ കാണാൻ പാടില്ല എന്നുള്ള ഒരു അഭിപ്രായ പ്രകടനം അദ്ദേഹം നടത്തുകയുണ്ടായി. അതിനെ അന്ന് പൂർണ്ണമായി അംഗീകരിച്ചതാണ്. ഞാൻ മാത്രമല്ല, ഈ ഭാഗത്തിരിക്കുന്ന ഞങ്ങളെല്ലാവരും അത് അംഗീകരിക്കപ്പെട്ടതാണ്. പക്ഷെ അന്ന് അദ്ദേഹം ഇത് പറഞ്ഞു എങ്കിലും അന്നുതന്നെ ഇവിടെനിന്ന് പോയപ്പോൾ ടി.വി. തുറന്നപ്പോൾ കേട്ടത് സി.പി.ഐ. (എം).-ന്റെ ജനറൽ സെക്രട്ടറിയായ ശ്രീ. പിണറായി വിജയന്റെ കണ്ണൂരിലുള്ള പ്രസംഗമാണ്. അദ്ദേഹം ഉടൻതന്നെ ഇതുവച്ച് പറയുന്നത് ഇതിന്റെ പൂർണ്ണമായ ഉത്തരവാദി ശ്രീമാൻ എ. കെ. ആന്റണിയാണ്, ശ്രീമാൻ എ. കെ. ആന്റണി കേരളത്തിലെ ജനങ്ങളോട് മാപ്പ് പറയണം എന്ന്. ഇതായിരുന്നു ആഭ്യന്തര വകുപ്പുമന്ത്രിയുടെ പ്രസ്താവനയ്ക്ക് പാർട്ടിയുടെ സെക്രട്ടറിയായ ശ്രീ. പിണറായി വിജയന്റെ പ്രതികരണം എന്നുള്ളത് ഞാൻ പറയുന്നു. ഇതുപോലുള്ള കാര്യങ്ങളൊക്കെ വന്നാൽ, അതൊക്കെ ഏതെങ്കിലും രൂപത്തിൽ സംസാരിച്ചും പറഞ്ഞും അത് സ്പ്രെഡ് ചെയ്യാത്ത രൂപത്തിൽ തീർക്കുന്നതാണ് ഏറ്റവും ഉത്തമം. അതാണ് ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞത്. അത് ഞങ്ങൾ അംഗീകരിക്കുകയും ചെയ്തു. പക്ഷെ അവിടെ നിന്നുതന്നെയാണ് ഈ സംഭവങ്ങളൊക്കെ വന്നത്. അദ്ദേഹം പറഞ്ഞത് ശ്രീമാൻ ആന്റണി മാപ്പ് പറയണം എന്നാണ്. ഞാൻ ഒരു കാര്യം ചോദിക്കട്ടെ, ശ്രീമാൻ ആന്റണി എന്തിനാണ് മാപ്പ് പറയേണ്ടത്, ഈ കമ്മീഷൻ തന്നെ വളരെ വ്യക്തമായി അതിന്റെ റിപ്പോർട്ടിൽ പറയുന്ന കാര്യം കേൾക്കണം. ഈ സംഭവം 2003-ൽ ഉണ്ടായതിനുശേഷം ഇന്ന് നാം സംസാരിക്കുന്ന നിമിഷംവരെ ഈ പറയുന്ന മാറാട് ഒരു പൂച്ചക്കുഞ്ഞിനുപോലും ഉപദ്രവം ഉണ്ടായിട്ടില്ല. ഇതുപോലെ ഒരു സംഭവം ഇൻഡ്യാ രാജ്യത്ത് ചരിത്രത്തിൽ ഉണ്ടായിട്ടുണ്ടെങ്കിൽ അത് ഈ മാറാട് സംഭവം മാത്രമാണ്. ഒരാളെ കൊന്നാൽ മൂന്നാളെ കൊല്ലുക, മൂന്നാളെ കൊന്നാൽ ആറാളെ കൊല്ലുക, ഒരു വീട് അറ്റാക്ക് ചെയ്താൽ 5 വീട് അറ്റാക്ക് ചെയ്യുക, അതല്ലേ ഇൻഡ്യാ രാജ്യത്ത് പല സ്ഥലത്തും

LIBRARY ARCHIVES Kerala Legislative Assembly

communal clash-ൽ ഉണ്ടായിട്ടുള്ളത്? എന്നുമാത്രമല്ല, നമ്മുടെ സംസ്ഥാനത്തിന്റെ സ്ഥിതി തന്നെ എടുത്തുനോക്കൂ, എന്തായിരുന്നു ഈ സംസ്ഥാനത്തെ സ്ഥിതി? 1996-2001 കാലഘട്ടങ്ങളിൽ ബി.ജെ.പി.-മാർക്സിസ്റ്റ് സംഘർഷങ്ങളിൽ എത്ര കൊലപാതകങ്ങളാണ് ഈ സംസ്ഥാനത്ത് നടന്നത്? മട്ടന്നൂരിലെ സംഭവം: രണ്ടുമൂന്ന് ദിവസങ്ങളായി മട്ടന്നൂരിലെ ചെറിയ സംഭവം വീണ്ടും വീണ്ടും വലുതാകുന്നു. പക്ഷെ ഇന്നത്തെ പത്രം കണ്ടപ്പോൾ മട്ടന്നൂരിൽ സമാധാനം സ്ഥാപിക്കാൻ കഴിയുന്ന അന്തരീക്ഷം വന്നു എന്ന് മനസ്സിലാക്കിയതിൽ ഞങ്ങൾ സന്തോഷിക്കുന്നു. നിങ്ങളുടെ നിലപാടല്ല ഞങ്ങളുടെ നിലപാട്. ഞാൻ പറയുന്നു എട്ട്, ഒൻപത് ആളുകളെ കൊന്ന സ്ഥലത്ത് ഈ സംസാരിക്കുന്ന നിമിഷംവരെ ഒരു സംഭവവും പിന്നീട് ഉണ്ടായില്ല എന്നുപറഞ്ഞാൽ അത്തരത്തിൽ ഒരു നിലപാട് ഇൻഡ്യാ രാജ്യത്ത് ഉണ്ടാക്കാൻ കഴിഞ്ഞ ഏക മുഖ്യമന്ത്രി ശ്രീമാൻ എ. കെ. ആന്റണിയാണെന്ന കാര്യം മനസ്സിലാക്കണം. കമ്മീഷൻ റിപ്പോർട്ടിലെ ഒരു ഭാഗം ഞാൻ ഉദ്ധരിക്കുകയാണ്. As regards the performance of police after the massacre on 2-5-2003 in the matter of prevention of spreading violence, there is no serious case for any of the parties before the Commission that there was any failure. Almost all the Political parties who are represented before the Commission were unanimous in their opinion that the police acted swiftly and efficiently to prevent the spreading of violence after the massacre on 2-5-2003. All the Political parties including C.P.I.(M) ജനറൽ സെക്രട്ടറിയായ ശ്രീ. പിണറായി വിജയൻ കമ്മീഷന്റെ മുമ്പിൽ പോയില്ലേ? അദ്ദേഹം തെളിവ് കൊടുത്തില്ലേ? അദ്ദേഹം അടക്കമുള്ള ആളുകൾ സമ്മതിക്കുന്നു. കമ്മീഷൻ പറയുന്നു ഇതൊരു വലിയ സംഭവമായി ഗവൺമെന്റിനെ congradulate ചെയ്യുന്നു. കമ്മീഷൻ അഭിനന്ദിക്കുന്നത് ശ്രീമാൻ ആന്റണിയുടെ ഭരണകൂടത്തെയാണ്. ഞാൻ ചോദിക്കുന്നു ശ്രീമാൻ ആന്റണി എന്തിന് മാപ്പ് പറയണം. രണ്ടാമത്തെ കാര്യം എനിക്ക് പറയാനുള്ളത് ഇവിടെ വലിയ ഒരു പ്രശ്നം വന്നത് നമുക്കെല്ലാവർക്കും അറിയാം. ഈ സംഭവം കഴിഞ്ഞ ഉടനെ അവിടെ ആളുകളെ കുടിയിരുത്തുവാൻ സാധിച്ചില്ല, അവർ അവിടെനിന്ന് ഓടിപ്പോന്നു. അവരുടെ ജീവനിലുള്ള ഭയം കാരണം അവർ അവിടെനിന്ന് ഓടിപ്പോയി. (.....................ബഹളം.....................) ഓടിച്ചതാണെങ്കിലും ഓടിപ്പോയി. (.........................ബഹളം..............)ഇപ്പോൾത്തന്നെ അസഹിഷ്ണുത തുടങ്ങിയല്ലോ, ഈ റിപ്പോർട്ടിൽ നിങ്ങളെക്കുറിച്ച് പറഞ്ഞ വാചകം വായിച്ചാൽ എന്താകും നിങ്ങളുടെ സ്ഥിതി? (...........ബഹളം...........)ഇപ്പോൾത്തന്നെ തുടങ്ങിയല്ലോ അസഹിഷ്ണുത, ഞാൻ ഒരു കാര്യമേ പറയുന്നുള്ളൂ, പറയാനുള്ളത് ആർക്കും പറയാം. എവിടേയും പറയാം, ഞങ്ങളും പറയും അത് കേൾക്കാനുള്ള ഒരു മനോഭാവം വേണ്ടേ? ഈ കാര്യത്തിൽ ഒരു കാര്യം ബഹുമാനപ്പെട്ട ഇന്നത്തെ മുഖ്യമന്ത്രി അന്ന് പ്രതിപക്ഷ നേതാവാണ്. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ വാക്കൗട്ട്, ആളെ കുടിയിരുത്താത്തതിനെക്കുറിച്ച് വാക്കൗട്ട് ഇവിടെ നടത്തിയില്ലേ? ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഉണ്ടായിരുന്നു. ഞാൻ ആ കാര്യത്തെക്കുറിച്ച് പറയട്ടെ, അന്ന് അതുപോലെ അഞ്ചെട്ട് ആളുകൾ മരിച്ച ഒരു സ്ഥലത്ത് സമാധാനം സ്ഥാപിക്കുന്നതിനു മുമ്പ് കുടിയിരുത്തിക്കഴിഞ്ഞാൽ എന്താകുമായിരുന്നു സ്ഥിതി?



LIBRARY ARCHIVES Kerala Legislative Assembly

bloodshed, കൊലപാതകം, യാതൊരു സംശയവുമില്ല. അതിന് പ്രതിഷേധിച്ചു, അതിന് സമരം നടത്തി, അതിനുവേണ്ടി ഇവിടെ സഭയിൽ അടിയന്തിര പ്രമേയം കൊണ്ടുവന്നു, വാക്കൗട്ട് നടത്തി. ആ കാര്യത്തെക്കുറിച്ച് ശ്രീമാൻ ആന്റണി എടുത്ത നിലപാട്, അല്ലെങ്കിൽ അന്നത്തെ ഗവൺമെന്റ് എടുത്ത നിലപാട് വളരെ വ്യക്തമാണ്. കമ്മീഷൻ വളരെ വ്യക്തമായി ആ കാര്യം ചൂണ്ടിക്കാണിക്കുന്നുണ്ട്. ശ്രീമാൻ ആന്റണി കമ്മീഷന്റെ മുമ്പിൽ പറഞ്ഞത് 'അതൊരു bloodshed ആക്കാൻ അവിടെ സമാധാനം സ്ഥാപിച്ചതിനുശേഷം കുടിയിരുത്തുന്നതാണ് ബുദ്ധി എന്ന് എനിക്ക് തോന്നി, ഞാൻ അങ്ങനെ ഒരു amicable settlement ഉണ്ടാക്കാൻ ശ്രമിച്ചു' എന്നാണ്. അദ്ദേഹം കമ്മീഷന്റെ മുൻപിൽ പറഞ്ഞു, കമ്മീഷൻ ആ കാര്യത്തെക്കുറിച്ച് പറഞ്ഞത് എന്താണ്? There was delay in the rehabilitation. DW1, the then Chief Minister was of the view that rehabilitation could not be imposed on a section of the people of Marad by force and that the attempt of the Government was to find out amicable settlement, rather than again paving the way for bloodshed. After consideration of the matter, the Commission is inclined to agree with that view of DW1. കമ്മീഷൻ അംഗീകരിച്ചു. നിങ്ങളെ ഞാൻ അഭിനന്ദിക്കുന്നു. ഈ റിപ്പോർട്ട് നിങ്ങൾ അംഗീകരിച്ചതിൽ ഞാൻ അഭിനന്ദിക്കുന്നു. കാരണം നിങ്ങൾ അന്നുപറഞ്ഞതൊക്കെ തെറ്റായി. ഈ റിപ്പോർട്ടാണല്ലോ കാബിനറ്റ് അംഗീകരിച്ചത്. കാബിനറ്റ് അംഗീകരിച്ചല്ലോ ഈ റിപ്പോർട്ട്! അപ്പോൾ ഈ വാദഗതികൾ അംഗീകരിക്കുന്നില്ലേ? ഈ വാദം അടക്കം എല്ലാ വാദങ്ങളേയും നിങ്ങൾ കാബിനറ്റിൽ അംഗീകിരിച്ചില്ലേ? അതേയവസരത്തിൽ ഒരു കാര്യം കൂടി ഞാൻ പറയട്ടെ, ഇവിടെ വന്ന പ്രധാനപ്പെട്ട ഒരു കാര്യം ഇന്റലിജൻസ് റിപ്പോർട്ട് ശ്രീ. ആന്റണി കണ്ടില്ല എന്നുള്ളതാണ്. അത് കമ്മീഷൻ പറഞ്ഞു 'ശ്രീമാൻ ആന്റണിയോട് ചോദിച്ചു' 'ഇന്റലിജൻസ് റിപ്പോർട്ട് കണ്ടോ', ശ്രീമാൻ ആന്റണി പറഞ്ഞു 'എനിക്ക് ഓർമ്മയില്ല,' 'ഞാൻ കണ്ടതായി ഓർക്കുന്നില്ല' ശ്രീ. ആന്റണി കണ്ടു, ഡി.വൈ.എസ്.പി. യുടെ റിപ്പോർട്ട് ഉണ്ട്, ഇവിടെ രണ്ട് മന്ത്രിമാർക്ക്, എഫ്.എം. എന്നുപറയുന്ന ആളുമായി ഫിനാൻസ് മിനിസ്റ്റർക്ക് ബന്ധമുണ്ട്, എന്നുമാത്രമല്ല അവരുടെ സ്വാധീനം ഉണ്ടായിട്ടുണ്ട്. ഈ പറയുന്ന കാര്യത്തിൽ സി.ബി.ഐ. എൻക്വയറിയിലും ബാക്കിയുള്ള കാര്യങ്ങളിലും എന്നാണല്ലോ പറഞ്ഞത്. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയുടെ കയ്യിൽ അന്നത്തെ ഫയലുകൾ എല്ലാം ഉണ്ട്. ഇല്ലെങ്കിൽ സെക്രട്ടറിയോട് ചോദിച്ചാൽ അങ്ങേക്ക് കിട്ടുന്നതാണ്. ആ ഫയലിൽ ഒരു ഡി.വൈ.എസ്.പി. ഇതുപോലെ എഴുതി. ആ ഡി.വൈ.എസ്.പി. ഇതുപോലെ പലതും എഴുതിയിട്ടുണ്ട്. അതവിടുത്തെ ജില്ലാ പോലീസ് സൂപ്രണ്ടിന് കൊടുത്തു. പോലീസ് സൂപ്രണ്ടും ഡി.ഐ.ജി. യുമൊക്കെക്കൂടി ഇതിനെക്കുറിച്ച് അന്വേഷിച്ചു, ഈ പറയുന്നത് ശരിയല്ല, ഈ ഇന്റലിജൻസ് റിപ്പോർട്ട് ശരിയല്ല എന്ന് അവർ അംഗീകരിച്ച് ആ റിപ്പോർട്ട് അവർ മേൽപ്പോട്ട് അയച്ചില്ല. ആ റിപ്പോർട്ട് മേൽപ്പോട്ട് അയയ്ക്കാതെ വന്നപ്പോൾ ഈ ഡി.വൈ.എസ്.പി., എസ്.പി. കാണാതെ, ഡി.ഐ.ജി. കാണാതെ ഐ.ജി. ക്ക് അയച്ചു. ഐ.ജി. ഈ കാര്യങ്ങൾ അറിയുന്നതുകൊണ്ട് നടപടി എടുത്തില്ല, കാരണം ഇത് പ്രോപ്പർ ചാനലിലാണ് വരേണ്ടത്. ആ ഡി.വൈ.എസ്.പി. നേരെ അയച്ചു, നടപടി എടുത്തില്ല. അത് ഈ

LIBRARY ARCHIVES Kerala Legislative Assembly

ഫയലിൽ ഉണ്ടായിരുന്നു. ആ ഫയലിൽ നിന്ന് ഈ ലെറ്റർ എടുത്തുകൊണ്ടാണ് കമ്മീഷൻ പറഞ്ഞത്, ഈ പറയുന്ന ഇന്റലിജൻസ് റിപ്പോർട്ട് എങ്ങനെ ഐ.ജി., ഡി.ജി.പി. ക്ക് കൊടുക്കും, അല്ലെങ്കിൽ ഗവൺമെന്റിലേക്ക് വരും? അങ്ങനെ ഒരു ഇന്റലിജൻസ് റിപ്പോർട്ട് അന്നത്തെ മുഖ്യമന്ത്രി ശ്രീമാൻ ആന്റണി കണ്ടിട്ടുണ്ടെങ്കിൽ അതിന്റെ രേഖ സെക്രട്ടേറിയറ്റിൽ ഉണ്ട്, അങ്ങേക്ക് അത് ഇവിടെ വയ്ക്കാവുന്നതാണ്. അങ്ങനെ ശ്രീ. ആന്റണി കണ്ടു എന്ന് രേഖയുണ്ടെങ്കിൽ അങ്ങ് പറയൂ, അങ്ങ് അത് ഇവിടെ ഹാജരാക്കൂ, അങ്ങേയ്ക്ക് ഹാജരാക്കാൻ സാധിക്കില്ലേ? ആ കേസിൽ കമ്മീഷന്റെ നിഗമനത്തിൽ തെറ്റുണ്ട് എന്ന് എനിക്ക് അഭിപ്രായം ഉണ്ട്. ആ ഇന്റലിജൻസ് ഡി.ജി.പി.ക്ക് നോട്ടീസ് അയച്ചു വരുത്തി അദ്ദേഹത്തിനോട് ചോദിക്കേണ്ടിയിരുന്നു, ചോദിച്ചില്ല. ഞാൻ അതും വിടുന്നു. പിന്നെ പറയുന്നത് മുഖ്യമന്ത്രി സി.ബി.ഐ. അന്വേഷണത്തെ..... ശ്രീ. കുഞ്ഞാലിക്കുട്ടിയുടെ സ്വാധീനം ആവാം എന്നാണ്. ഒരു കാര്യം ഞാൻ പറയട്ടെ, ദേവേന്ദ്രന് സ്വാധീനിക്കാൻ കഴിയാത്ത ഒരാളാണ് ശ്രീമാൻ എ.കെ. ആന്റണി, നിങ്ങൾ മനസ്സിലാക്കണം. ശ്രീ. ആന്റണി ഇത് ചെയ്തു എന്നാണ് നിങ്ങൾ പറയുന്നത്. ഞാൻ നിങ്ങളോട് ഒരു കാര്യം പറയട്ടെ, സി.ബി.ഐ. അന്വേഷണം വേണം എന്ന് ആർക്കാണ് അഭിപ്രായം ഉണ്ടായിരുന്നത്? സർവ്വകക്ഷി യോഗം വിളിച്ചുകൂട്ടിയില്ലേ? എല്ലാ കക്ഷികളും എതിർത്തില്ലേ? അത് വേണമെന്ന് പറഞ്ഞത് ബി.ജെ.പി. മാത്രമാണ്. കമ്മീഷന്റെ മുമ്പാകെ സി.പി.ഐ(എം). ന്റെ സെക്രട്ടറി ശ്രീ. പിണറായി വിജയൻ കൊടുത്ത മൊഴി ഞാൻ ഇവിടെ വായിക്കാം. Volume – II (Page No. 25). "The police had registered certain cases in connection with that when the L.D.F. was ruling the State under (late) Shri. E.K. Nayanar. The C.P.I.(M) does not hold the view that CBI investigation is required into the incident on 2-5-2003. That is because, maintenance of law and order is a State subject and not the responsibility of a central organization like the CBI." വളരെ വ്യക്തമായി സി.ബി.ഐ. അന്വേഷണം വേണ്ട എന്ന് കമ്മീഷന്റെ മുമ്പിൽ പറഞ്ഞത് ആരാണ്? ശ്രീമാൻ ആന്റണിയല്ല, ശ്രീ. പിണറായി വിജയനാണ്. നിങ്ങൾ മനസ്സിലാക്കണം. ശ്രീ. പിണറായി വിജയൻ മാത്രമാണോ, നമ്മുടെ അന്നത്തെ പ്രതിപക്ഷ നേതാവ്, അദ്ദേഹം കോഴിക്കോട് വച്ച് പറഞ്ഞു, അദ്ദേഹം ഡെലിഗേഷൻ കൂട്ടിയാണ് മാറാട് പോയത്. Mr. Achuthanandan tried to explain why the LDF had not demanded a CBI probe; not all CBI enquiry successful. An example he added was that the Abhaya case. അദ്ദേഹം വളരെ ക്ലിയറായി പറഞ്ഞു സമാധാനപ്രിയനായിട്ടുള്ള അല്ലെങ്കിൽ അങ്ങനെ തോന്നിക്കുന്ന നമ്മുടെ ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി എനിക്ക് അദ്ദേഹത്തോട് എതിരഭിപ്രായമില്ല, അദ്ദേഹം പറഞ്ഞത് എന്താണെന്നറിയാമോ. 4-10-2003-ലെ ദേശാഭിമാനി പത്രത്തിൽ മാറാട് പ്രശ്നത്തിന്റെ പേരിൽ ഇപ്പോൾ നടക്കുന്ന നാടകത്തിലെ വില്ലൻ മുഖ്യമന്ത്രി തന്നെയാണ്. സി.ബി.ഐ. അന്വേഷണം എന്ന നിർദ്ദേശം മുഖ്യമന്ത്രി തന്നെ മുന്നോട്ടുവച്ചതായാണ് അറിയുന്നത്. സി.ബി.ഐ. അന്വേഷണത്തെ എൽ.ഡി.എഫ്. എതിർക്കുന്നു. ബഹുമാനപ്പെട്ട പാലൊളി, അടുത്തദിവസം നിങ്ങളുടെ മന്ത്രിസഭ കൂടിയിട്ട് ഇതിന് വിരുദ്ധമായി തീരുമാനിച്ചു,

LIBRARY ARCHIVES Kerala Legislative Assembly

ആരാണ് ഇവിടെ സി.ബി.ഐ. അന്വേഷണം വേണമെന്ന് പറഞ്ഞത്? ബി.ജെ.പി. മാത്രമാണ്. ഞാൻ ഒരു കാര്യം കൂടി പറഞ്ഞ് അവസാനിപ്പിക്കുന്നു. Volume-1ൽ പേജ് നമ്പർ 108-ൽ പറഞ്ഞ കാര്യം മാറാട് സംഭവത്തെക്കുറിച്ച് കമ്മീഷൻ പറയുന്നത് എന്താണെന്ന് അറിയാമോ? ..................in Beypore panchayat. That report dt. 9-10-2002 stated that the C.P.I. (M) local leaders were trying to make the people believe that they were the protectors of the Muslims of the area. If any public function or demonstration of the C.P.I. (M) took place at Vellayil area (that place is near Marad), the demonstrators shouted provocative slogans against the Hindus to mentally harass the R.S.S/B.J.P. workers and appease the Muslims. Due to that, the R.S.S. workers had strong enmity against the C.P.I.(M) activists. Regarding their activities in Vellayil Beach, it was reported that Arayasamajam and the Mosque committee of that area were in good terms and were settling issues amicably among themselves, but that was disliked by the C.P.I.(M) activists. The C.P.I. (M) was quite unhappy about that development and wanted to take political mileage out of every minor incident reported from the beach, to establish their influence particularly, among the Muslim community. പാവപ്പെട്ട മുസൽമാന് വർഗ്ഗീയ വികാരം ഉണ്ടാക്കിക്കൊണ്ട് അവന്റെ സംരക്ഷകൻമാരായി മാറിയ നിങ്ങളാണ് അവിടെ സംഭവത്തിന്റെ പ്രധാനപ്പെട്ട ഉത്തരവാദികൾ എന്ന് കമ്മീഷൻ കണ്ടെത്തിയിരിക്കുന്നു.

മി.സ്പീക്കർ: പ്ലീസ്, പ്ലീസ് കൺക്ലൂഡ്.

ശ്രീ. ആര്യാടൻ മുഹമ്മദ്: അതുപോലെ ഉത്തരവാദികളാണ് എൽ.ഡി.എഫ്. എനിക്ക് യാതൊരു സംശയവുമില്ല. so far as the I U M L is concerned there is no direct............

മി. സ്പീക്കർ: പ്ലീസ്, പ്ലീസ് കൺക്ലൂഡ്. അവതാരകൻ ആയതുകൊണ്ടാണ് സമയം അനുവദിച്ചത്.

ശ്രീ. ആര്യാടൻ മുഹമ്മദ്: കമ്മ്യൂണിസ്റ്റുകാർ അതിൽ പ്രതികളാണ്, മുസ്ലീം ലീഗിന്റെ പ്രതിനിധികളും ഉണ്ട്, അവരെ സസ്പെൻഡ് ചെയ്തു. ഒരാളെ സസ്പെൻഡ് ചെയ്യാൻ നിങ്ങൾക്ക് സാധിച്ചോ? നിങ്ങൾ ഉത്തരവാദികളാണ് എന്ന് ഒരു സംശയവുമില്ല.

മി.സ്പീക്കർ: പ്ലീസ്, പ്ലീസ് കൺക്ലൂഡ്.

ശ്രീ. ആര്യാടൻ മുഹമ്മദ്: ഒരു മുഖ്യമന്ത്രി എന്നുള്ള നിലയിൽ അദ്ദേഹം ചെയ്തതുപോലെ ഒരു കാര്യം ചെയ്യണമെങ്കിൽ നിങ്ങൾ ഇനിയും 50 കൊല്ലം കാത്തിരിക്കേണ്ടിവരും.

മി. സ്പീക്കർ: പ്ലീസ്, പ്ലീസ് കൺക്ലൂഡ്. പ്ലീസ് ശ്രീ.പി. ജയരാജൻ, ഇതുസംബന്ധിച്ച് ചെയർ ഒരു കാര്യം പറഞ്ഞോട്ടെ. മാറാട് നടന്നതുപോലെ ഒരു സംഭവം നമ്മുടെ രാജ്യത്ത്, അല്ലെങ്കിൽ നമ്മുടെ സംസ്ഥാനത്ത് ഇനി നടക്കാൻ പാടില്ല എന്ന് വിശ്വാസമുള്ള ആളുകളാണ് നമ്മൾ എല്ലാവരും. മാറാട് സംഭവവുമായി

LIBRARY ARCHIVES Kerala Legislative Assembly

ബന്ധപ്പെട്ടിട്ടുള്ള കമ്മീഷൻ റിപ്പോർട്ടാണ് നമ്മൾ സഭയിൽ ചർച്ച ചെയ്യുന്നത്. നമ്മുടെ ചർച്ചകൊണ്ട് നമ്മുടെ നാട്ടിൽ നിലനിൽക്കുന്ന മതസൗഹാർദ്ദത്തിനും സാഹോദര്യത്തിനും യാതൊരു പോറലും ഏൽക്കാൻ പാടില്ല എന്ന് ഈ ചർച്ചയിൽ പങ്കെടുക്കുന്ന എല്ലാ ബഹുമാനപ്പെട്ട അംഗങ്ങൾക്കും നിർബന്ധം ഉണ്ടാകണം. ഒരു കാരണവശാലും നമ്മുടെ നിലവിലുള്ള സൗഹാർദ്ദാന്തരീക്ഷം തകർക്കുന്ന രീതിയിലുള്ള ചർച്ചകൾ ഈ സഭയിൽ ഉണ്ടാകരുത് എന്ന് ചെയർ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. പി. ജയരാജൻ: സർ, കേരളത്തിന്റെ ചരിത്രത്തിൽ ഇത്രയും ഭീകരമായിട്ടുള്ള സംഭവം ഇതിനുമുമ്പ് ഉണ്ടായിട്ടില്ല. ഒന്നരകിലോമീറ്റർ നീളവും 500 മീറ്റർ വീതിയുമുള്ള ഒരു കടൽപ്പുറത്ത് 14 ആളുകൾ കൊലചെയ്യപ്പെട്ട അതി ഭീതിദമായിട്ടുള്ള സംഭവമാണ് മാറാട് കമ്മീഷന്റെ പരിശോധനയിൽ വന്നിട്ടുള്ളത്. ബഹുമാനപ്പെട്ട ആര്യാടൻ ഇവിടെ പ്രസംഗിച്ചത് നമ്മളെല്ലാം കേട്ടു. ഈ കമ്മിഷൻ 121 സാക്ഷികളെ വിസ്തരിച്ചും എഴുനൂറോളം രേഖകൾ പരിശോധിച്ചും കണ്ടെത്തിയിട്ടുള്ള നിഗമനങ്ങളോടുള്ള കോൺഗ്രസിന്റെ നിലപാടെന്താണ്, യു.ഡി.എഫിന്റെ നിലപാടെന്താണ്,എന്നെങ്കിലും അദ്ദേഹം വിശദീകരിക്കേണ്ടിയിരുന്നു. കമ്മിഷൻ റിപ്പോർട്ടിനെപ്പറ്റി ഒറ്റഅക്ഷരവും പറഞ്ഞിട്ടില്ല. അദ്ദേഹം ശ്രീ. ആന്റണിയെ ന്യായീകരിക്കാനാണ് പുറപ്പെട്ടത്. വളരെ ഗൗരവമായിട്ടുള്ള പ്രശ്നങ്ങൾ ഈ കമ്മീഷൻ ചർച്ച ചെയ്തിട്ടുണ്ട്. ഒട്ടേറെ നിർദ്ദേശങ്ങൾ ഉന്നയിച്ചിട്ടുണ്ട്. 14 ആളുകൾ കൊലചെയ്യപ്പെട്ടു. രണ്ട് ഘട്ടങ്ങളിലായിട്ടാണ് ഈ സംഭവങ്ങൾ നടന്നിട്ടുള്ളത്. ഒന്നാം ഘട്ടത്തിൽ 5 ആളുകൾ കൊലചെയ്യപ്പെട്ടു. ഒരു ക്ലബിന്റെ വാർഷികാഘോഷത്തോടനുബന്ധിച്ച് നടന്ന ഒരു ഗാനമേളയ്ക്ക് ഇടയിൽ നടന്ന ഒരു നിസ്സാരസംഭവമാണ് ഇതിലേയ്ക്ക് എത്തിച്ചത്. 2002 ജനുവരി മാസം ഒന്നാം തീയതി നിസ്സാരമായി ഒരു പ്രശ്നത്തെത്തുടർന്ന്, മൂന്നാം തീയതി ആകുമ്പോഴേക്ക് നാം കേൾക്കുന്നത് 4 ആളുകൾ മാറാട് കടൽപ്പുറത്ത് കൊലചെയ്യപ്പെട്ടു എന്നാണ്. രണ്ടു ഹിന്ദുക്കളും രണ്ടു മുസൽമാൻമാരും, സ്വാഭാവികമായിട്ടും ഒരു പ്രദേശത്ത് 4 ആളുകൾ കൊലചെയ്യപ്പെട്ടാൽ, എത്ര പോലീസുകാരുണ്ടാകും. അവിടെ? ഉയർന്ന പോലീസ് ഉദ്യോഗസ്ഥരടക്കം അവിടെ ക്യാമ്പ് ചെയ്തു. പിറ്റേദിവസം കാലത്താണ് ഒരു കൊലപാതകംകൂടി നടക്കുന്നത്. മാറാട് സംഭവങ്ങളെക്കുറിച്ച് പരിശോധിക്കുമ്പോൾ, ഏറ്റവും പ്രധാനപ്പെട്ട ഒരു സന്ദർഭമായിരുന്നു അത്. ഉയർന്ന പോലീസ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ സായുധരായിട്ടുള്ള പോലീസ് വ്യൂഹത്തിന്റെ കൺമുന്നിലിട്ട് ഒരാളെ വെട്ടിക്കൊന്നില്ലേ? അതിന് ആരാണ് ഉത്തരവാദി? അബൂബേക്കർ എന്നുപറയുന്ന-അവിടത്തെ മുസ്ലീം ജനങ്ങൾക്കിടയിൽ അറിയപ്പെടുന്ന, അബൂബേക്കർ-തലേദിവസം മരിച്ച ആളുകളുടെ കബറിടം കുഴിക്കാൻ പോയ അവസരത്തിലാണ് പോലീസിന്റെ കൺമുന്നിലിട്ട് കൊലചെയ്യപ്പെട്ടത്. അതിന് ഈ സംസ്ഥാനത്തെ ഭരണാധികാരികൾക്ക് ഉത്തരവാദിത്വമില്ലേ? ഇവിടെ പറഞ്ഞു, മുഖ്യമന്ത്രിയായിരുന്ന ശ്രീ. ആന്റണി ഉടനെതന്നെ ഓടിയെത്തി എന്ന്, എപ്പോഴാണ് ഓടിയെത്തിയത്? ബേപ്പൂർ എം.എൽ.എ.ആയ സഖാവ് വി. കെ. സി. മമ്മത്കോയ ഒന്നാം മാറാട് കൊലപാതകത്തിനുശേഷം, 70 ദിവസത്തിനുശേഷം നിയമസഭയിൽ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിച്ചതിനുശേഷം മാത്രമാണ് സമാധാന കമ്മിറ്റി യോഗത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

പങ്കെടുക്കാൻവേണ്ടി മുഖ്യമന്ത്രിയായിരുന്ന ശ്രീ. ആന്റണി അവിടെ മുഖം കാണിച്ചത്. അതല്ലേ യാഥാർത്ഥ്യം?. നാണക്കേടല്ലേ ഉണ്ടായിട്ടുള്ളത്? ആ സംഭവത്തിന് പ്രതികാരം ഉണ്ടാകും, കൊലചെയ്യപ്പെട്ട അബൂബേക്കറിന്റെ മകൻ ബിജലി പ്രതികാരത്തിന് തയ്യാറെടുക്കുന്നു എന്നുള്ള വിവരം പരസ്യമായിരുന്നു. ആ പരസ്യപ്പെട്ട വിവരം, ബഹുമാനപ്പെട്ട അന്നത്തെ മുഖ്യമന്ത്രി ശ്രീ. ആന്റണിയുടെ മുമ്പാകെ എം.എൽ.എ. ആയ ശ്രീ. വി.കെ.സി. മമ്മത്കോയ രണ്ട് തവണയാണ് എഴുതിക്കൊടുത്തത്. അദ്ദേഹം കൊടുത്ത കത്തിന്റെ കോപ്പി എന്റെ കയ്യിലുണ്ട്, സമയമില്ലാത്തതുകൊണ്ട് ഞാനതു വായിക്കുന്നില്ല. രണ്ടു തവണ എഴുതിക്കൊടുത്തു. അതുമാത്രമല്ല, പോലീസിന്റെ രഹസ്യാന്വേഷണ വിഭാഗം, അവിടെ സംഘർഷമുണ്ടാകും, പ്രതികാരബുദ്ധ്യാ ആക്രമണം നടക്കുമെന്നുള്ള കൃത്യമായ വിവരം മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണിക്ക് കൊടുത്തു. എന്ത് നിലപാടെടുത്തു? രണ്ടാമത്തെ സംഭവം എപ്പോഴാണ് നടക്കുന്നത്, ഒന്നരക്കൊല്ലത്തിനുശേഷമാണ്. 2003 മേയ് മാസം രണ്ടാം തീയതി അവിടെ ആസൂത്രിതമായ കൊലപാതകം നടക്കുകയാണുണ്ടായത്. മുസ്ലീം തീവ്രവാദികൾ, എൻ.ഡി.എഫുകാർ പരിശീലനം നടത്തി, ആയുധങ്ങളുമായിട്ട് അങ്ങോട്ടു പറഞ്ഞയക്കുന്നു. കടൽപ്പുറത്ത് കാറ്റുകൊള്ളാനിരുന്ന അരയ സമുദായത്തിൽപ്പെട്ട 8 ഹിന്ദുക്കൾ അവിടെ കൊലചെയ്യപ്പെടുന്നു. ആക്രമണത്തിനിടയിൽ ഒരു മുസ്ലീം ചെറുപ്പക്കാരനും കൊലചെയ്യപ്പെട്ടു. അങ്ങനെ 9 ആളുകൾ കൊലചെയ്യപ്പെട്ടു. 9 ആളുകൾ കൊലചെയ്യപ്പെടുക മാത്രമല്ല നിരവധി ആളുകൾക്ക് മാരകമായ പരിക്കേറ്റു. തുടർന്ന് ആ പ്രദേശത്തെ താമസക്കാരായ മുസ്ലീങ്ങളെ ആട്ടിയോടിച്ചു. ശ്രീ. ആര്യാടൻ മുഹമ്മദ് ഇവിടെ പറഞ്ഞല്ലോ ഓടിപ്പോയി, ഓടിപ്പോയി എന്ന്. ഓടിപ്പോയതല്ല, ഓടിച്ചതായിരുന്നു. അവിടെ എന്താണ് അവസ്ഥ? വലിയ സംഘർഷം നടക്കുന്ന സാഹചര്യത്തിൽ പിന്നീട് പോലീസ് പോകുന്നു. ആ പോലീസ് മാറാട്ടെ പള്ളിക്കകത്തുവച്ച് രക്തവും മാംസവും പുരണ്ട ആയുധങ്ങളോടുകൂടി, രക്തം പുരണ്ട വസ്ത്രങ്ങളോടുകൂടി പ്രതികളെ കസ്റ്റഡിയിൽ എടുക്കുന്നു. ഇവിടെ നാം ചർച്ച ചെയ്യേണ്ട വിഷയം അന്നത്തെ ഭരണകൂടം—അന്നത്തെ ഗവൺമെന്റ് സ്വീകരിച്ച നടപടികൾ എന്തായിരുന്നു എന്നുള്ളതാണ്. അപ്പോൾ മാറാട് കമ്മീഷനെ സംബന്ധിച്ചിടത്തോളം അതിന്റെ നിഗമനങ്ങൾ രേഖപ്പെടുത്തുന്ന അവസരത്തിൽ തീർച്ചയായിട്ടും ഈ ദൗർഭാഗ്യകരമായ സംഭവത്തിന് പ്രതിക്കൂട്ടിൽ നിൽക്കേണ്ട ഒന്നാം പ്രതി അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. എ. കെ. ആന്റണിയാണ്. മാറാട് പോലുള്ള ഒരു കൊച്ചു കടപ്പുറം ഞാൻ ഇവിടെപറഞ്ഞു, ഒന്നര കിലോമീറ്റർ നീളവും 500 മീറ്റർ വീതിയുമുള്ള ആ മാറാട് ഗ്രാമത്തിലെ ജീവൻ രക്ഷിക്കാൻ കഴിയാത്ത ഒരു മുഖ്യ മന്ത്രിക്ക് എങ്ങനെയാണ് ഈ രാജ്യത്തിന്റെ പ്രതിരോധവകുപ്പിൽ മന്ത്രിയായിരുന്നു കൊണ്ട് ഈ രാജ്യത്തെ രക്ഷിക്കാൻ കഴിയുക? ബഹുമാനപ്പെട്ട ചെയറിനോട് പറയുന്നത്, ഈ മാറാട് കമ്മീഷൻ റിപ്പോർട്ട് ഇൻഡ്യയുടെ രാഷ്ട്രപതിയ്ക്കും പ്രധാനമന്ത്രിയ്ക്കും അയച്ചുകൊടുക്കണമായിരുന്നു. അയച്ചുകൊടുത്തിരുന്നുവെങ്കിൽ അദ്ദേഹത്തെ പ്രതിരോധമന്ത്രി സ്ഥാനത്ത് ഇരുത്തുമായിരുന്നില്ല എന്നുള്ളതാണ്. എത്ര മാത്രം കുറ്റമാണ് ചെയ്തിട്ടുള്ളത്. ശ്രീ. എ.കെ. ആന്റണിയെപ്പറ്റി ഇവിടെ ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് പറഞ്ഞു, അദ്ദേഹം ശരിയായിട്ട് ആക്ട് ചെയ്തിരിക്കുകയാണ് എന്ന്.

LIBRARY ARCHIVES Kerala Legislative Assembly

ആക്ട് ചെയ്തതിന്റെ ഫലമായിട്ട്, പൂച്ചകുഞ്ഞിനുപോലും ഉപദ്രവമുണ്ടായിട്ടില്ല എന്നുള്ളതാണ്. ഒരു ഭരണാധികാരി ഒരിക്കലും ദൈവത്തെപ്പോലെ ആകരുത്. ദൈവത്തിന് നമ്മൾ പര്യായം പറയാറുണ്ട്, നിരുപമൻ, നിരാകാരൻ, എന്നൊക്കെ.**************

മി. സ്പീക്കർ: ദൈവത്തിന്റെ പര്യായമാണ് പറഞ്ഞത്.

ശ്രീ. പി. ജയരാജൻ: ഇവിടെ, ഇവിടെ................

മി. സ്പീക്കർ: ദൈവത്തിന്റെ പര്യായമാണ് പറഞ്ഞത്.

ശ്രീ. പി. ജയരാജൻ: സർ, ഇവിടെ..............

മി. സ്പീക്കർ: പ്ലീസ്..............പ്ലീസ്.............പ്ലീസ്.............

ശ്രീ. കെ. ബാബു: സർ, ബഹുമാനപ്പെട്ട ജയരാജൻ പ്രസംഗിച്ചുവന്നപ്പോൾ****** ................എന്നുപറയുകയുണ്ടായി. ഈ സഭയിലും സഭയ്ക്ക് പുറത്തും ഈശ്വരവിശ്വാസമുള്ള ആളുകൾ ധാരാളമുണ്ട്. അദ്ദേഹത്തിന് വിശ്വസിക്കുകയോ വിശ്വസിക്കാതിരിക്കുകയോ ചെയ്യാം. എന്നാലും ദൈവനാമത്തിലാണ് ഞങ്ങളെല്ലാം സത്യപ്രതിജ്ഞ ചെയ്തിട്ടുള്ളത്.*******

ശ്രീ. പി. ജയരാജൻ: ഞാൻ ഇവിടെ പറയുന്നത് നിർഗുണപരബ്രഹ്മം അതാണ് ഞാൻ പറഞ്ഞത്. ഇവിടെ.........

മി. സ്പീക്കർ: പ്ലീസ്..........പ്ലീസ്..............(.............ബഹളം.............)അദ്ദേഹം അതുപറഞ്ഞു, പ്ലീസ്........... പ്ലീസ്........... (.......ബഹളം.......) ശ്രീ. ജയരാജൻ വിഷയത്തിൽ ഒതുങ്ങിനിന്ന് സംസാരിക്കുക.

ശ്രീ. പി. ജയരാജൻ: അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. എ. കെ. ആന്റണി മാറാട് പ്രശ്നമുണ്ടായപ്പോൾ......................

മി. സ്പീക്കർ: വിഷയത്തിൽ ഒതുങ്ങിനിന്ന് സംസാരിക്കുക.

ശ്രീ. പി. ജയരാജൻ: ശ്രീ. എ. കെ. ആന്റണി മാറാട് പ്രശ്നമുണ്ടായപ്പോൾ ശരിയായി പ്രശ്നങ്ങൾ കൈകാര്യം ചെയ്തു എന്നാണല്ലോ ശ്രീ. ആര്യാടൻ അവകാശപ്പെട്ടത്. കമ്മീഷന്റെ മുമ്പാകെ ഡി.സി.സി.യുടെ പ്രസിഡന്റ് ശ്രീ. വീരാൻകുട്ടി നൽകിയിട്ടുള്ള മൊഴിയുടെ സർട്ടിഫൈഡ് കോപ്പിയാണ് ഞാൻ വായിക്കുന്നത്. അത് ശ്രീ. ആര്യാടനുള്ള മറുപടിയാണ്. അദ്ദേഹം പറഞ്ഞല്ലോ ആഭ്യന്തരവകുപ്പ് ശരിയായി കൈകാര്യം ചെയ്തുവെന്ന്........ശ്രീ. വീരാൻകുട്ടി കമ്മീഷന്റെ മുമ്പാകെ നൽകിയിട്ടുള്ള സർട്ടിഫൈഡ് കോപ്പിയാണ്. ഇത്. (...........ബഹളം..........) അതിനകത്ത് പറയുകയാണ്

മി. സ്പീക്കർ: പ്ലീസ്..............പ്ലീസ്...........

ശ്രീ. പി. ജയരാജൻ: ഇത് എന്താ സർ,

മി. സ്പീക്കർ: അത് സംബന്ധിച്ച് ചെയർ പറഞ്ഞു കഴിഞ്ഞു (..............ബഹളം................ പ്ലീസ്.............. പ്ലീസ്..............

---

** 2544/ഇ.ബി./06/ലെ.ജി.നമ്പർ ഫയലിലെ ഉത്തരവുപ്രകാരം നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജയരാജൻ: സംസ്ഥാന ആഭ്യന്തരവകുപ്പിന്റെ നിഷ്ക്രിയത്വവും...........

മി. സ്പീക്കർ: ചെയർ പറഞ്ഞു കഴിഞ്ഞു, ചെയർ പറഞ്ഞു കഴിഞ്ഞു.

ശ്രീ. പി. ജയരാജൻ: വർഗ്ഗീയ പ്രീണനനയവും...................

മി. സ്പീക്കർ: ചെയർ പറഞ്ഞു കഴിഞ്ഞു, ചെയർ പറഞ്ഞുകഴിഞ്ഞു, രേഖകൾ പരിശോധിക്കാം. ചെയർ പരിശോധിക്കാം.

ശ്രീ. പി. ജയരാജൻ: വർഗ്ഗീയ പ്രീണനനയവും..........

മി. സ്പീക്കർ: ചെയർ പറഞ്ഞുകഴിഞ്ഞു.

ശ്രീ. പി. ജയരാജൻ: വർഗ്ഗീയ ശക്തികൾക്കും ക്രിമിനലുകൾക്കും അഴിഞ്ഞാടാൻ അവസരമുണ്ടാക്കി.

മി. സ്പീക്കർ: ഞാൻ പറഞ്ഞുകഴിഞ്ഞു, ചെയർ പറഞ്ഞുകഴിഞ്ഞു, പ്ലീസ്.............പ്ലീസ്..............ചെയർ പറഞ്ഞുകഴിഞ്ഞു...........ചെയർ പറഞ്ഞുകഴിഞ്ഞു, ചെയർ അത് പരിശോധിക്കുന്നതാണ് ചെയർ പരിശോധിക്കാം. പരിശോധിക്കാം. (ബഹളം).............

ശ്രീ. പി. ജയരാജൻ: ഡി.സി.സി. പ്രസിഡന്റായ ശ്രീ. വീരാൻകുട്ടി കമ്മീഷന് നൽകിയിട്ടുള്ള മൊഴിയാണ് ഞാൻ ഇവിടെ വായിക്കുന്നത്. സംസ്ഥാന ആഭ്യന്തര വകുപ്പിന്റെ നിഷ്ക്രിയത്വവും വർഗ്ഗീയ പ്രീണനനയവും വർഗ്ഗീയ ശക്തികൾക്കും ക്രിമിനലുകൾക്കും അഴിഞ്ഞാടാൻ അവസരം ഉണ്ടാക്കി...........(ബഹളം)...........

മി. സ്പീക്കർ: ചെയർ പറഞ്ഞു കഴിഞ്ഞു. പരിശോധിക്കുമെന്ന്. ചെയർ പരിശോധിക്കുമെന്ന്. ...........(ബഹളം)...........

ശ്രീ. പി. ജയരാജൻ: ഡി.സി.സി. പ്രസിഡന്റായ ശ്രീ. വീരാൻ കുട്ടി കമ്മീഷന് നൽകിയ മൊഴിയാണ് ഞാൻ ഇവിടെ വായിക്കുന്നത്. 'സംസ്ഥാന ആഭ്യന്തര വകുപ്പിന്റെ നിഷ്ക്രിയത്വവും വർഗ്ഗീയ പ്രീണനനയവും വർഗ്ഗീയ ശക്തികൾക്കും ക്രിമിനലുകൾക്കും അഴിഞ്ഞാടാൻ അവസരമുണ്ടാക്കി. കലാപങ്ങളിൽ മരണമടഞ്ഞവർ രണ്ട് സമുദായങ്ങളിൽപ്പെട്ടവരാണ്. അതുകൊണ്ടുതന്നെ, രണ്ട് സമുദായങ്ങളിലുംപെട്ട തീവ്രവാദ മൗലികവാദ ശക്തികൾ ശക്തിയായ വികാരങ്ങൾ ജ്വലിപ്പിക്കാൻ കലാപകാരികളെ കരുവാക്കി.' എന്നിട്ട് പറയുകയാണ്. 'പോലീസിന്റെ ജാഗ്രതയും അവസരോചിതമായ നടപടിയും ഉണ്ടായിരുന്നെങ്കിൽ അബൂബേക്കറിന്റെ ജീവൻ വർഗ്ഗീയ കോമരങ്ങൾക്ക് അപഹരിക്കാൻ കഴിയുമായിരുന്നില്ല. അബൂബേക്കർ കൊല ചെയ്യപ്പെട്ടില്ലായിരുന്നു എങ്കിൽ 2003-ലെ 9 പേരുടെ മരണത്തിനിടയാക്കിയ കലാപം ഉണ്ടാകുമായിരുന്നില്ല എന്ന് ഊഹിക്കുന്നതിൽ തെറ്റില്ല.' എന്നിട്ട് പറയുകയാണ്, '2002-ലെ സംഘട്ടനത്തിൽ കുറ്റവാളികളെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരാനും അവർക്ക് നിയമം അനുവദിക്കുന്ന പരമാവധി ശിക്ഷ നേടിക്കൊടുക്കാനും സർക്കാർ ശുഷ്ക്കാന്തി കാണിച്ചില്ലെന്ന് മാത്രമല്ല, കുറ്റകരമായ അനാസ്ഥയും നിഷ്ക്രിയത്വവും

LIBRARY ARCHIVES Kerala Legislative Assembly

കാണിക്കുകയും ചെയ്തു. ആരാണ് ഇതിന് ഉത്തരവാദി? പോലീസ് മന്ത്രിയായിട്ടുള്ള ശ്രീ. ആന്റണിയല്ലേ? ഞാൻ ചോദിക്കട്ടെ, ഒന്നാം മാറാട് കലാപത്തിൽ പ്രതികളായവരുടെ പേരിൽ ഐ.പി.സി. 153 (എ) പ്രകാരം വർഗ്ഗീയ സംഘർഷങ്ങളിൽ കുറ്റം ചെയ്യുന്നവരുടെമേൽ ചുമത്തുന്ന ആ വകുപ്പ് കേസ്സിൽ ചേർക്കണമെങ്കിൽ സർക്കാരിന്റെ അനുമതി വേണം. ആ അനുമതി കൊടുത്തില്ല. 102 കേസ്സുകൾ ഒന്നാം കലാപവുമായി ബന്ധപ്പെട്ട് ചാർജ് ചെയ്തെങ്കിലും സംസ്ഥാന ഗവണ്മെന്റ് അനുമതി കൊടുക്കാത്തതിന്റെ ഫലമായി ആ കേസിലെ മുഴുവൻ പ്രതികൾക്കും ജാമ്യം കിട്ടി പുറത്തുപോയി. അതാണ് ഒരു പ്രകോപനമുണ്ടായത്. അപ്പോൾ, ശ്രീ. എ. കെ. ആന്റണിയുടെ നേതൃത്വത്തിലുള്ള ഗവണ്മെന്റ്, അവിടെ കലാപത്തിന് ജനങ്ങളെ പ്രേരിപ്പിക്കും വിധം കുറ്റകരമായ അനാസ്ഥയാണ് കാണിച്ചിട്ടുള്ളതെന്നാണ് ഡി.സി.സി. പ്രസിഡന്റുതന്നെ ആ കമ്മീഷൻ മുമ്പാകെ മൊഴി കൊടുത്തിട്ടുള്ളത്. ഇത് മാത്രമല്ല, കമ്മീഷൻ റിപ്പോർട്ടിൽ ചില കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. ഒരു ഭാഗത്ത് ആർ.എസ്.എസ്.-ഉം ബി.ജെ.പി.-യുമുണ്ട്. ഇപ്പുറത്ത് ലീഗുണ്ട്. അവിടെ ആയുധങ്ങൾ പിടിച്ച പള്ളിയുണ്ട്. അത് ആരുടെ നിയന്ത്രണത്തിലുള്ള പള്ളിയായിരുന്നു? അവിടെ രണ്ട് മുസ്ലീം പള്ളികളുണ്ട്. ഒരു മുസ്ലീം പള്ളിയെന്ന് പറയുന്നത്-മുസ്ലീം ലീഗിന്റെ നേതൃത്വത്തിലുള്ള മഹല്ല് കമ്മിറ്റിയാണ്. ആ മഹല്ല് കമ്മിറ്റിയുടെ ഭാഗമായിരുന്നു കഴിഞ്ഞ തെരഞ്ഞെടുപ്പിൽ തിരുവമ്പാടിയിൽ മൽസരിച്ച മായിൻ ഹാജി. ആ മായിൻ ഹാജിക്ക് ഇതിന്റെ ഗൂഢാലോചനയിൽ പങ്കുണ്ടെന്നാണ് കമ്മീഷന്റെ കണ്ടെത്തൽ. എന്താണ് മുസ്ലീം ലീഗുകാർക്ക് പറയാനുള്ളത്? മുസ്ലീം ലീഗുകാർക്ക് എന്താണ് പറയാനുള്ളത്? ...........(ബഹളം)..........മായിൻ ഹാജിക്ക് ഈ മാറാട് കലാപത്തിൽ, പങ്കുണ്ടെന്നുള്ള റിപ്പോർട്ട് ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടിക്ക് കിട്ടിയതിനുശേഷം, കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ അദ്ദേഹത്തെ തിരുവമ്പാടിയിൽ സ്ഥാനാർത്ഥിയാക്കി നിർത്തി മായിൻ ഹാജിയെ സ്ഥാനാർത്ഥിയാക്കി നിർത്തി. ഞാൻ ലീഗ് സുഹൃത്തുക്കളോട് ചോദിക്കുന്നത്, തിരുവമ്പാടിയിൽ ഇനിയിപ്പോൾ ഉപതെരഞ്ഞെടുപ്പ് നടക്കാൻ പോകുകയാണ്. ആ തെരഞ്ഞെടുപ്പിൽ നിങ്ങൾ മായിൻ ഹാജിയെത്തന്നെ സ്ഥാനാർത്ഥിയാക്കുമോ? .......... (ബഹളം)..........

മി. സ്പീക്കർ: പ്ലീസ്..........പ്ലീസ്..........

ശ്രീ. പി. ജയരാജൻ: മായിൻ ഹാജി തെറ്റ് ചെയ്തിട്ടില്ലെങ്കിൽ എന്തുകൊണ്ട് അവിടെ സ്ഥാനാർത്ഥിയാക്കുന്നില്ല? ഞാൻ ഇവിടെ ആവശ്യപ്പെടുന്നത്.......... (ബഹളം)..........

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്...........ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി,

ശ്രീ. പി. ജയരാജൻ: ബഹുമാനപ്പെട്ട മന്ത്രി ആക്ഷൻ ടേക്കൺ റിപ്പോർട്ട് .......... (ബഹളം)..........

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: പോയിന്റ് ഓഫ് ഓർഡർ. ഇവിടെ പറഞ്ഞത്, മായിൻ ഹാജിയെക്കുറിച്ച്, ഗൂഢാലോചനയിൽ പങ്കുണ്ടെന്ന് കമ്മീഷൻ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളതായിട്ടാണ്. അങ്ങനെ കമ്മീഷൻ പറഞ്ഞിട്ടില്ല, ഒരു വരിയുമില്ല. There is no evidence, the Mayeen Haji has a role in conspiracy. 172-ാം പേജിലുണ്ട്. അത് പരിശോധിച്ചിട്ട് പറയണം ഇത് സഭയെ തെറ്റിദ്ധരിപ്പിക്കുകയാണ്..........(ബഹളം)..........

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജയരാജൻ: ഞാൻ വായിക്കാം. There is every reason to think Shri Mayeen Haji S/o Kunhali, X-Party No3............(ബഹളം)..........

മി. സ്പീക്കർ: ശ്രീ. കുട്ടി അഹമ്മദ് കുട്ടി, എന്താണിത്?

ശ്രീ. പി. ജയരാജൻ: There is every reason to think that Shri. Mayeen Haji S/o Kunhali, Chairman of Calicut Development Authority and the Leader of IUML had prior information about the conspiracy which resulted in the massacre at Marad Beach on 2-5-2003. മാറാട് കമ്മീഷൻ റിപ്പോർട്ടിൽ വ്യക്തമായി പറയുന്നുണ്ട്. അതിനുശേഷമാണ്, ..........(ബഹളം)..........

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്..........(ബഹളം)..........

ശ്രീ. പി. ജയരാജൻ: ലീഗിന്റെ സുഹൃത്തുക്കൾ പ്രകോപിതരായിട്ട് യാതൊരു കാര്യവുമില്ല. ഞാൻ sum-up ചെയ്യുകയാണ്.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. പി. ജയരാജൻ: ഇവിടെ ലീഗിന്റെ സുഹൃത്തുക്കൾ പ്രകോപിതരാകേണ്ട യാതൊരു കാര്യവുമില്ല. മായിൻ ഹാജിക്ക് ഇവിടെ നടന്ന കൂട്ടക്കൊലയുമായി യാതൊരു ബന്ധവുമില്ലായെന്നാണ് നിങ്ങൾ വാദിക്കുന്നതെങ്കിൽ ആ വാദത്തോട് ഞാൻ യോജിക്കുകയാണ്. ഞാൻ ഒരു ചോദ്യം മാത്രമേ ചോദിക്കുന്നുള്ളൂ. തിരുവമ്പാടിയിൽ ഉപതെരഞ്ഞെടുപ്പ് നടക്കാൻ പോകുകയാണ്. ഈ നിരപരാധിയെ അവിടെ സ്ഥാനാർത്ഥി......................(ബഹളം).............

മി. സ്പീക്കർ: ശ്രീ. കുട്ടി അഹമ്മദ് കുട്ടി, പ്ലീസ്, പ്ലീസ്..........(ബഹളം)..........

ശ്രീ. പി. ജയരാജൻ: രണ്ടു വാചകംകൂടി പറഞ്ഞിട്ട് അവസാനിപ്പിക്കാം. മാറാട് ഒത്തുതീർപ്പുണ്ടാക്കി. ആ ഒത്തുതീർപ്പ് പ്രകാരം ഈ സംസ്ഥാനത്തൊമ്പാടും ആർ.എസ്.എസ്.-കാർ നടത്തിയ ആക്രമണത്തിന്റെ പേരിൽ ചാർജ് ചെയ്യപ്പെട്ട 83 കേസുകൾ ശ്രീ. ഉമ്മൻ ചാണ്ടിയുടെ അറിവോടുകൂടി പിൻവലിച്ചിട്ടുണ്ട്. ഒന്നാം മാറാട് കലാപം സംബന്ധിച്ച് അന്വേഷിക്കാതിരുന്നത് ആർ.എസ്.എസ്.-കാരുടെ താൽപ്പര്യാർത്ഥമാണ്. 400-ൽ അധികം കുടുംബങ്ങൾ അനാഥരായിട്ടുണ്ട്. അവർ ഇപ്പോഴും അനാഥരായി നിൽക്കുകയാണ്. അവർക്ക് നഷ്ടപരിഹാരം കൊടുത്തിട്ടില്ല. ഗവണ്മെന്റ് ആവശ്യപ്പെടുന്നത് ഈ നാനൂറിലധികം വരുന്ന അനാഥരായിട്ടുള്ള..................... (മൈക്ക് ഓഫ്) ഞാൻ ആവശ്യപ്പെടുകയാണ്. ഈ കമ്മീഷൻ റിപ്പോർട്ടിനെ പൊതുവിൽ സ്വാഗതം ചെയ്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുകയാണ്. .......... (ബഹളം)..........

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: ബഹുമാനപ്പെട്ട മെമ്പർ സംസാരിച്ചപ്പോൾ ദൈവത്തെക്കുറിച്ച് കുറേ അഡ്ജക്ടീവ്സ് പറയുകയും ഈശ്വരനെക്കുറിച്ച് കുറേ അഡ്ജക്ടീവ്സ് പറയുകയും ഭരണാധികാരി അങ്ങനെയായിരിക്കരുതെന്ന് പറയുകയും ഈ റിപ്പോർട്ട് കണ്ടിരുന്നെങ്കിൽ ശ്രീ. എ. കെ. ആന്റണിയെ പ്രതിരോധമന്ത്രി

ആക്കില്ലായിരുന്നു എന്നുമുള്ള പരാമർശങ്ങൾ ..........(ബഹളം)..........സഭയിൽ ഇല്ലാത്ത കേന്ദ്രമന്ത്രിയെപ്പറ്റിയുള്ള സമുന്നതനായ ഒരു നേതാവിനെക്കുറിച്ചുള്ള മോശമായ പരാമർശങ്ങൾ നീക്കം ചെയ്യണം...........(ബഹളം)..........

മി. സ്പീക്കർ: ചെയർ അത് പരിശോധിക്കും...........(ബഹളം)..........

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: കേന്ദ്ര മന്ത്രിയെ സംബന്ധിച്ച മോശമായ പരാമർശം നീക്കം ചെയ്യണം.

മി. സ്പീക്കർ: ചെയർ പരിശോധിച്ച് ..........(ബഹളം)..........

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: കേന്ദ്ര മന്ത്രിയെ സംബന്ധിച്ച് നടത്തിയ പരാമർശം രേഖയിൽനിന്നും നീക്കാം ചെയ്യണം...........(ബഹളം)..........

പ്രതിപക്ഷനേതാവ് ( ശ്രീ. ഉമ്മൻചാണ്ടി): സർ, അങ്ങ്..........

മി. സ്പീക്കർ: പ്രതിപക്ഷനേതാവ് സംസാരിക്കുന്നില്ലേ?.......... Please.........Please..........പ്രതിപക്ഷനേതാവ് ...................Please ......Shri Saju Paul, Please..........ബഹുമാനപ്പെട്ട അംഗങ്ങൾ സംയമനം പാലിക്കണം.............ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്...............

ശ്രീ. ഉമ്മൻചാണ്ടി: സർ, ചർച്ച തുടങ്ങുന്നതിന് മുൻപ് ഈ ചർച്ചയിൽ പാലിക്കേണ്ട ആത്മസംയമനത്തെക്കുറിച്ച് അങ്ങ് ഇവിടെ പറയുകയുണ്ടായി. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് ഈ സഭയിൽ നമ്മൾ ചർച്ച ചെയ്തു. എല്ലാ ഭാഗത്തു
6 P. M.] നിന്നും ആത്മസംയമനം പാലിക്കണമെന്ന് പറഞ്ഞു. അന്ന് പങ്കെടുത്ത എല്ലാവരും ഉന്നത നിലവാരം പുലർത്തിക്കൊണ്ടാണ് ആ ചർച്ച നടത്തിയത്. അങ്ങ് ഇവിടെ പ്രകടിപ്പിച്ച വികാരത്തോട് പൂർണ്ണമായും ഞങ്ങൾ യോജിക്കുന്നു. മാറാട് സംഭവം നമ്മുടെ ചരിത്രത്തിലെ ഒരു കറുത്തപാടാണ്. അതുപോലൊരു സംഭവം ഈ നാട്ടിൽ ഉണ്ടാകരുതെന്ന് നമ്മളെല്ലാവരും ആഗ്രഹിക്കുന്നു. ഏറ്റവും ദു:ഖകരമായ ആ സംഭവത്തിൽ, ആകെ നമുക്ക് ആശ്വാസം നൽകുന്ന ഒരു ഘടകം രണ്ടാം മാറാട് സംഭവം കഴിഞ്ഞതിനുശേഷം ഒരു തുള്ളി രക്തം ചൊരിയുകയോ ഒരു സംഘട്ടനം പോലും അവിടെ നടക്കുകയോ ചെയ്തില്ലെന്നുള്ളത് മാത്രമാണ്. ഈ കമ്മീഷൻ റിപ്പോർട്ടിനെക്കുറിച്ചുള്ള സഭയിലെ ചർച്ചയ്ക്കുമുമ്പ് അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ സാമുദായിക സൗഹാർദ്ദം നിലനിർത്താനും ഏറ്റവും നല്ല അന്തരീക്ഷം നിലനിർത്താനും സഹായകരമായിരിക്കണം എന്നതിനോട് പൂർണ്ണമായും യോജിക്കുന്നു. ഈ റിപ്പോർട്ടിലെ പരാമർശങ്ങൾ ഓരോരുത്തരും ആത്മസംയമനത്തോടുകൂടി ഒരു ആത്മപരിശോധനയ്ക്ക് വിധേയമാക്കണമെന്നുള്ള അഭിപ്രായക്കാരനാണ് ഞാൻ. ഇത് ചർച്ച ചെയ്ത് മറ്റൊരു മാനത്തിലേക്ക് പോകുന്ന സ്ഥിതി നിർഭാഗ്യകരമാണ്. അതേ അവസരത്തിൽ ഈ റിപ്പോർട്ടിലൂടെ ചൂണ്ടിക്കാണിക്കുന്ന കാര്യങ്ങൾ ആത്മസംയമനത്തോടെ ഒരു ആത്മപരിശോധന നടത്തി, തിരുത്തലുകൾ വരുത്തി മുന്നോട്ട് പോകുന്നതിന് സഹായിക്കേണ്ടതാണ്. പക്ഷേ നിർഭാഗ്യവശാൽ അതിൽനിന്ന് വ്യത്യസ്തമായിട്ടുള്ള ചില പരാമർശങ്ങൾ, ശ്രീ. എ. കെ. ആന്റണിയെക്കുറിച്ച് നടത്തിയ പരാമർശങ്ങൾ, വളരെ നിർഭാഗ്യകരമായിട്ടുള്ള സംഗതികൾ................(ബഹളം)........അത് നിർഭാഗ്യകരമാണ്. ദൈവത്തെപ്പോലും അവഹേളിക്കത്തക്കവിധത്തിലുള്ള പരാമർശം സഭയുടെ രേഖയിലുണ്ടാകാൻ പാടില്ല.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ചെയർ പരിശോധിച്ചശേഷം അതിന്റെ നടപടികൾ പിന്നീട് അറിയിക്കുന്നതാണ്.............................(ബഹളം)..........................................

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: സർ, ഇനിയും ഈ മണ്ണിൽ മാറാട് സംഭവങ്ങൾ ആവർത്തിക്കരുതേ എന്ന് ഉള്ളുരുകി പ്രാർത്ഥിക്കുന്നവരാണ് നമ്മളെല്ലാവരും. മാറാട് സംഭവങ്ങൾ ആവർത്തിക്കണമെന്നാണോ നിങ്ങളുടെ ആഗ്രഹം? ആവർത്തിക്കരുതെന്ന് ഞങ്ങൾ പ്രാർത്ഥിക്കുകയാണ്. പ്രാർത്ഥനയോടെ കേരളത്തിന്റെ നൻമയെ കാംക്ഷിച്ച് ഞാൻ പറയുകയാണ്. ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞതുപോലെ, ഇവിടെ നടക്കുന്ന ചർച്ചകൾ അവിടെയുള്ള സമാധാനത്തിന് ഒരു പോറൽ പോലും ഏൽപ്പിക്കാതിരിക്കണമെന്നകാര്യത്തിൽ ഞങ്ങൾക്ക് നിർബന്ധമുണ്ട്. നിങ്ങൾക്കും അത്തരമൊരുസമീപനം ഉണ്ടാകണമെന്ന് കേരളത്തിന്റെ നൻമയെ കാംക്ഷിച്ച് കേരളത്തിൽ സമാധാനമുണ്ടാകണമെന്ന് ആഗ്രഹിക്കുന്ന ഒരു പൗരനെന്ന നിലയ്ക്ക് ഞാൻ നിങ്ങളോട് വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്. അത് കേൾക്കാൻ നിങ്ങൾ തയ്യാറായില്ലെങ്കിൽ എന്ത് ചെയ്യാനാണ്? സി.പി.ഐ. (എം) ഈ റിപ്പോർട്ടിലെ ചില പരാമർശങ്ങൾ രാഷ്ട്രീയ മുതലെടുപ്പിനുവേണ്ടി ഉപയോഗിക്കുകയാണെന്നത് വളരെ ഖേദകരമാണ്. ഈ റിപ്പോർട്ട് മുസ്ലീം ലീഗിനും യു.ഡി.എഫ്-നും എതിരെയുള്ള ഒരു ആയുധമാക്കിയാണ് നിങ്ങൾ ഉപയോഗിക്കുന്നതെങ്കിൽ, ബൂമറാങ് പോലെ ആ ആയുധം നിങ്ങൾക്ക് നേരെ തന്നെ തിരിച്ചുവരുമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ റിപ്പോർട്ട് സഭയിൽ വയ്ക്കുന്നതിന് മുൻപ് ചില പരാമർശങ്ങൾ ഭാഗികമായി പത്രങ്ങൾക്ക് ചോർന്നുകിട്ടി. വാർത്തകളും ഫോൺ സന്ദേശങ്ങളും ചോർത്തുന്നതിൽ വൈദഗ്ദ്ധ്യമുള്ളവർ ആരാണെന്ന് ഇപ്പോൾ നമുക്കറിയാമല്ലോ? വാർത്തകൾ ചോർത്തിയതിന് ഇവിടെ നടപടി എടുത്തുകൊണ്ടിരിക്കുകയല്ലേ? ആ വൈദഗ്ദ്ധ്യം നിങ്ങൾ ഈ റിപ്പോർട്ട് ചോർത്തുന്നതിലും കാണിച്ചുവെന്ന് ന്യായമായും അനുമാനിക്കാൻ വകയുണ്ട്. റിപ്പോർട്ടിലെ ചില പൊട്ടും പൊടിയും തന്ത്രപൂർവ്വം പത്രങ്ങൾക്ക് ചോർത്തി കൊടുത്ത് മുസ്ലീം ലീഗിനെയും യു.ഡി.എഫ്-നെയും തേജോവധം ചെയ്യാൻ നിങ്ങൾ നടത്തുന്ന ശ്രമം തരംതാഴ്ന്നതാണ്. രാഷ്ട്രീയ സദാചാരത്തിന് നിരക്കാത്തതാണ്. പുകമറ സൃഷ്ടിച്ച് മാധ്യമങ്ങളും സി.പി.ഐ(എം)-ഉം കൊട്ടിഘോഷിച്ചതുപോലെ ലീഗിനെയും യു.ഡി.എഫ്-നെയും കുറ്റപ്പെടുത്തുന്ന എന്തെങ്കിലുമൊരു വ്യക്തമായ കണ്ടെത്തൽ കമ്മീഷൻ റിപ്പോർട്ട് മുഴുവൻ വായിച്ചുനോക്കിയാൽ നിങ്ങൾക്ക് കാണാൻ കഴിയുകയില്ല. ഞാൻ വെല്ലുവിളിക്കുന്നു. വ്യക്തമായ ഒരു കണ്ടെത്തൽ മുസ്ലീം ലീഗിനെക്കുറിച്ചോ, യു.ഡി.എഫ്-നെക്കുറിച്ചോ ഇതിൽ പറഞ്ഞിട്ടില്ല. മുഴുവൻ വായിച്ചുനോക്കണം. എവിടെ നിന്നെങ്കിലും കിട്ടിയ പൊട്ടുംപൊടിയും എടുത്ത് നോക്കിയാൽ പോരാ. ഈ റിപ്പോർട്ട് ചോർന്നുകിട്ടിയപ്പോൾ പ്രതിപക്ഷത്തുനിന്ന് ചില അംഗങ്ങൾ അത് പറഞ്ഞപ്പോൾ, ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രി പറയുകയുണ്ടായി, അത് കുരുടൻ ആനയെ കണ്ടതു പോലെയാണെന്ന്. സി.പി.ഐ.(എം)-ഉം ശ്രീ. കോടിയേരിയും ആ കുരുടൻമാരിൽപ്പെട്ടവരാണെന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. ഒരുപക്ഷേ നിങ്ങൾക്കുള്ള ആ അന്ധത രാഷ്ട്രീയമായ തിമിരമാണ്. അതുകൊണ്ടാണ് നിങ്ങൾക്ക് വ്യക്തമായി ഈ റിപ്പോർട്ട് മനസ്സിലാക്കാൻ കഴിയാത്തത്. അതെല്ലാം ഞാൻ വ്യക്തമാക്കി തരാം. മുസ്ലീം ലീഗിനെപ്പറ്റി 111, 118, 174, 175 എന്നീ പേജുകളിൽ

LIBRARY ARCHIVES Kerala Legislative Assembly

ചില പരാമർശങ്ങളുണ്ട്. ഞാൻ അതൊന്നും വായിക്കുന്നില്ല. ഒന്നാം കലാപത്തെക്കുറിച്ച് പറയുന്നിടത്ത് സി.പി.ഐ.(എം), മുസ്ലീം ലീഗ്, ബി.ജെ.പി. ആർ.എസ്.എസ്. എന്നീ സംഘടനകളുടെ പ്രാദേശിക നേതൃത്വത്തിന്റെയെങ്കിലും ആശീർവാദമില്ലാതെ ഇത്തരം സംഭവങ്ങൾ ഉണ്ടാകാനിടയില്ല. രണ്ടാം കലാപത്തെക്കുറിച്ച് പറയുമ്പോൾ, മുസ്ലീം ലീഗിന്റെ പ്രാദേശിക നേതൃത്വത്തിന്റെയെങ്കിലും ആശീർവാദമില്ലാതെ ഇത്തരം സംഭവങ്ങളിൽ മുസ്ലീം ലീഗിന്റെ ആളുകൾ പ്രതികളാവുകയില്ല. പേജ് 175-ലും ഇത് ആവർത്തിക്കുന്നുണ്ട്. ചില സംശയങ്ങളും അനുമാനങ്ങളും അല്ലാതെ വസ്തുതാപരമായ കണ്ടെത്തലുകളല്ല ഇത്. ഒന്നാം മാറാട് കലാപത്തിൽ കൊല്ലപ്പെട്ട രൊളുടെ ബന്ധുക്കൾക്ക് പ്രതികാരമടങ്ങിയിട്ടില്ലായെന്നും പകരംവീട്ടാൻ അവർ ആഗ്രഹിക്കുന്നുവെന്നും കമ്മീഷൻ അവരെ ഉപദേശിക്കുകയും ശാസിക്കുകയും ചെയ്ത കാര്യം കമ്മീഷൻ തുറന്നു പറഞ്ഞു. അതിന്റെ പേരിൽ ഈ കലാപത്തെക്കുറിച്ച് മുൻകൂട്ടി അറിയാമെന്നുള്ള ദു:സ്സൂചന പറഞ്ഞതാണ്. കമ്മീഷൻ തന്നെ 172-ാമത്തെ പേജിൽ പറഞ്ഞിട്ടുണ്ട്. കോഴിക്കോട് ജില്ലാ മുസ്ലീം ലീഗ് നേതാവ് മോയിൻഹാജിക്ക് കൂടിയാലോചനയിൽ എന്തെങ്കിലും പങ്കുള്ളതായി മതിയായ ഒരു തെളിവും ഇല്ല. മറ്റൊരു വാക്യമുണ്ട്. സി.ബി.ഐ. അന്വേഷണത്തെക്കുറിച്ച്. ശ്രീ. കുഞ്ഞാലിക്കുട്ടി എതിരായതുകൊണ്ടാണ് എന്നുള്ളത് ഇവിടെ പറയുകയുണ്ടായി. കോടതിയിൽ ഇതിനെതിരെ കേസ്സ് പോയി. മുസ്ലീം ലീഗിന്റെ അര നൂറ്റാണ്ടു കാലത്തെ പാരമ്പര്യം തുറന്ന ഒരു പുസ്തകമാണ്. മുസ്ലീം ലീഗിന്റെ ചരിത്രം ഒരിക്കലും തീവ്രവാദവുമായി ബന്ധപ്പെട്ടിട്ടില്ല. ഞങ്ങൾ എൻ.ഡി.എഫിന് എതിരാണ്. കൂത്തുപറമ്പിലും അഴീക്കോട്ടും ഇലക്ഷൻ നടന്നപ്പോൾ ആ സ്ഥാനാർത്ഥിയുടെ പേര് ഞാൻ പറയുന്നില്ല. ആ സ്ഥാനാർത്ഥിയോട് ഇന്ത്യാ വിഷൻ ചോദിച്ചു, എൻ.ഡി.എഫിന്റെ വോട്ട് വേണ്ടാ എന്നു പറയുമോ? അപ്പോൾ പറഞ്ഞത് എന്താണെന്ന് അറിയാമോ? വേണ്ടാ എന്നു പറയുകയില്ല. മാത്രമല്ല, ഒരു വാക്കു കൂടി അദ്ദേഹം കൂട്ടി ചേർത്തു. ന്യൂനപക്ഷങ്ങളുടെ ഇടയിൽ തീവ്രവാദം വളർന്നു വരും. ഇവിടെ സമുദായ മൈത്രി, സമുദായ സൗഹാർദം............ (ബഹളം)......... ഞങ്ങളുടെ സാന്നിദ്ധ്യം കൊണ്ടാണ് നിലനില്ക്കുന്നത്. മുസ്ലീം ലീഗ് ഒരിക്കലും എന്തെങ്കിലും ആവശ്യത്തിനു വേണ്ടി തീവ്രവാദത്തെ പ്രോത്സാഹിപ്പിച്ചിട്ടില്ല.

ശ്രീ. എൻ. അനിരുദ്ധൻ : സർ, കേരള സാംസ്കാരിക മനസ്സാക്ഷിയുടെ മുമ്പിൽ ഉയർത്തിപ്പിടിച്ച ചിഹ്നംപോലെ മാറാട് സംഭവം നമ്മുടെ മുമ്പിൽ നിൽക്കുന്നു. മാറാട് സംഭവത്തിന് കാരണമായ വിഷയങ്ങളെക്കുറിച്ച് ഇവിടെ അതിന്റെ പോസ്റ്റ്മോർട്ടത്തിന് ഞാൻ തയ്യാറാകുന്നില്ല. മാറാട് സംഭവത്തെക്കുറിച്ചുള്ള റിപ്പോർട്ടിലെ നിഗമനങ്ങൾ മാത്രമാണ് ഞാനിവിടെ പറയുന്നത്. റിപ്പോർട്ടിലെ നിഗമനങ്ങളിൽ പറഞ്ഞത്, ഒന്ന്, വർഗ്ഗീയ ശക്തികൾക്ക് രാഷ്ട്രീയത്തിൽ ഇടപെടാൻ അവസരം കൊടുക്കരുതെന്നാണ്. അത് അപ്പുറത്തിരിക്കുന്നവർ അംഗീകരിക്കും എന്നു ഞാൻ വിശ്വസിക്കുന്നു. തീർച്ചയായും എന്ന് ഇന്ത്യയിൽ മതം രാഷ്ട്രീയത്തിൽ വന്നുവോ അന്ന് അന്തഃഛിദ്രങ്ങളുണ്ടാവുകയും അശാന്തിയുടെ നാളുകളിൽ മനുഷ്യൻ പരസ്പരം കഴുത്ത് അരിയുകയും ചെയ്തിട്ടുണ്ട്. മതം രാഷ്ട്രീയത്തിൽ ഇടപെട്ടതിന്റെ ഫലമായി മഹാത്മാഗാന്ധി വധിക്കപ്പെട്ടു. മതം രാഷ്ട്രീയത്തിൽ ഇടപെട്ടതിന്റെ ഫലമായി

LIBRARY ARCHIVES Kerala Legislative Assembly

ഇന്ദിരാഗാന്ധി വധിക്കപ്പെട്ടു. ഇനി ഒരിക്കലും ഇങ്ങനെ ഒരു വധം ഉണ്ടാകുവാൻ പാടില്ല. അതുകൊണ്ട് രാഷ്ട്രീയത്തിൽ മതത്തെ ഉൾപ്പെടുത്താൻ പാടില്ല. അതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഈ കമ്മീഷൻ റിപ്പോർട്ടിൽ ശുപാർശ ചെയ്തിരിക്കുന്നു. അത് അംഗീകരിക്കുവാൻ തയ്യാറാകണം. തീർച്ചയായും ഇന്ന് ഹിന്ദു വർഗ്ഗീയ വാദികളും മുസ്ലീം വർഗ്ഗീയ വാദികളും നടത്തുന്ന ജല്പനങ്ങളുടെ അടിമകളായി പോകുന്ന ഒരു വിഭാഗമെങ്കിലും ഉണ്ട്. അതിൽ പറഞ്ഞത് ഞാൻ ഇവിടെ സഭയുടെ മുമ്പാകെ അവതരിപ്പിക്കുകയാണ്. രണ്ട് കാര്യങ്ങളുണ്ട്. താക്കറെ ബോംബേയിൽ ശിവസേനാ പ്രവർത്തകർക്ക് നല്കിയ ഒരു നിർദ്ദേശമുണ്ട്. Thackeray directed the Siva Sainiks and other activists to attack the Muslims, to ensure that they give tit for tat and ensure that not a single landya...... Landya means circumcised person. അവരെ നിലനിർത്തുവാൻ പാടില്ല എന്ന് പ്രസംഗിച്ച ശ്രീ. ബാൽതാക്കറെ, അതിന്റെ counter-part ആയി മാറാട് സംഭവത്തോടനുബന്ധിച്ച് ഇവിടെ വന്നു പ്രസംഗിച്ച ശ്രീ. തൊഗാഡിയ, അദ്ദേഹം മാറാട് കടൽപ്പുറത്ത് പറഞ്ഞത് എന്താണ്? ഒന്നുകിൽ കാശ്മീരിലെ ഹിന്ദുവിനെ പോലെ നീ അടിമയായി മരിക്കുക അല്ലെങ്കിൽ ഗുജറാത്തിലെ ഹിന്ദുവിനെപ്പോലെ നീ യുദ്ധം ചെയ്ത് എതിർ കക്ഷിയെ annihilate ചെയ്യൂ എന്നാണ് തൊഗാഡിയ പറഞ്ഞത്. ഇതു രണ്ടും ഭരണ കക്ഷിയുടെ ഒത്താശയോടുകൂടി നടന്നിട്ടുള്ള സംഭവമാണ്. വർഗ്ഗീയ ശക്തികൾക്ക് പ്രീണനം നല്കിയ സംഭവമാണ്. ഇവിടെ ശ്രീ. ആര്യാടൻ വളരെ ഭംഗിയായി പറഞ്ഞു,. ശ്രീ. ആന്റണിക്ക് ഇതിൽ പങ്കില്ല എന്ന്. Almost all witnesses, except of course DW1, the then Chief Minister claimed that there was unjustified delay in the Government granting sanction to prosecute the accused in those 115 cases which enabled the accused involved in those cases to come out on bail, indulge in conspiracy and other anti social activities and gave occasion for the close relatives of some of those killed in the incidents of 2002 to wreck vengeance for such killings. അത് ആരുടെയാണ്? ശ്രീ.എ.കെ.ആന്റണി ഒഴിച്ച് ബാക്കിയെല്ലാവരും കമ്മീഷൻ മുമ്പാകെ മൊഴികൊടുത്തവർ സമ്മതിക്കുന്നു. അത് മാത്രമല്ല, ശ്രീ.എ.കെ.ആന്റണിയെ ഒഴിച്ച് ബാക്കി എല്ലാവരും സമ്മതിക്കുന്ന ഒരു കാര്യമുണ്ട്. ഒന്നാം മാറാട് സംഭവത്തിലെ പ്രതികൾക്ക് ശിക്ഷ നല്കത്തക്ക വിധത്തിൽ പ്രോസിക്യൂഷൻ അനുവാദം ഗവണ്മെന്റ് നല്കിയിരുന്നില്ല. ഐ.പി.സി. 153(എ) വകുപ്പ് ഇടണമെങ്കിൽ ഗവൺമെന്റ് സാംഗ്ഷൻ വേണം. സാംഗ്ഷൻ കൊടുത്തിരുന്നുവെങ്കിൽ, ആ കേസ് ചർച്ച ചെയ്തിരുന്നുവെങ്കിൽ തീർച്ചയായും രണ്ടാം മാറാട് സംഭവം ഉണ്ടാകുകയില്ലായിരുന്നു, 9 നിരുപദ്രവകാരികളുടെ ജീവൻ അപഹരിക്കപ്പെടുകയില്ലായിരുന്നു. താക്കറെ പറയുന്നതുപോലെയും തൊഗാഡിയ പറയുന്നതുപോലെയുമുള്ള ഹിന്ദു വർഗ്ഗീയവാദികളെ രാഷ്ട്രീയത്തിനപ്പുറം മാറ്റി നിർത്തുവാൻ നമ്മൾ ശ്രമിക്കണം. അത് ഈ റിപ്പോർട്ടിലെ നിഗമനമാണ്. എന്റെ പ്രിയ സുഹൃത്ത്, നമ്മുടെ ശ്രീ. കുട്ടി ഇവിടെ പറയുകയുണ്ടായി, ലീഗിന് ഇതിൽ ഒരു പങ്കും ഇല്ലെന്ന്. .............. (ബഹളം).................. അല്ല, അല്ല,.....പ്ളീസ്........കമ്മീഷന്റെ നിഗമനം അല്ല നിങ്ങൾ പറയുന്നത്, നിങ്ങൾ പറയുന്നത്. കമ്മീഷന്റെ ഒബ്സർവേഷനാണ്. കമ്മീഷന്റെ നിഗമനമാണ് ഞാൻ പറയുന്നത്. .......(ബഹളം)......

LIBRARY ARCHIVES Kerala Legislative Assembly

The I.U.M.L. activists are actively involved in the planning and execution of the massacre at Marad Beach on 2-5-2003. It is quite unlikely that the I.U.M.L. activists were thus involved, without the blessings of their leadership at least at the local level. ഇത് പറയുന്നത് എന്താണെന്നു വച്ചാൽ ..........(ബഹളം).......... ഞാൻ അവരെ പ്രകോപിപ്പിക്കുവാൻ പറയുന്നതല്ല. ഇത് മാറാട് കമ്മീഷൻ റിപ്പോർട്ടിലെ അഞ്ചാമത്തെ നിഗമനമാണ്. അഞ്ചാമത്തെ നിഗമനം കാണിക്കുന്നത് മുസ്ലീം വർഗ്ഗീയവാദികൾക്ക്, അതുപോലെ എൻ.ഡി.എഫ്. പോലെയുള്ള സംഘടനകൾക്ക് വളരാനും ആയുധം ശേഖരിച്ചുവയ്ക്കാനും പള്ളിക്കകത്ത് അവസരം നൽകിയെന്നു മാത്രമല്ല പോലീസ് പിക്കറ്റിംഗ് നടത്തിയതിനു തൊട്ടു മുമ്പിലാണ് ഈ പള്ളി. ഇതിൽ ഡീറ്റെയിൽഡ് ആയി ഡിസ്ക്കസ് ചെയ്തിട്ടുണ്ട്, മൊഴി കൊടുത്തിട്ടുണ്ട്. പോലീസുകാർ കാൺകെ അവിടെ ചെന്ന് ആയുധങ്ങൾ സ്ഥാപിക്കുകയും തിരിച്ചെടുക്കുകയും ഉപദ്രവിക്കുകയും ചെയ്തുവെന്നതാണ് കമ്മീഷന്റെ നിഗമനം. മാത്രമല്ല, ഈ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നു പോലീസ് പിക്കറ്റിൽ പോലീസുകാരുടെ സംഖ്യ കുറച്ചുകുറച്ചു കൊണ്ടുവന്ന് 21/05-ൽ അതു പതിമൂന്നാക്കി വെട്ടിക്കുറച്ചു എന്നു മാത്രമല്ല ഒരു കോൺസ്റ്റബിൾ മാത്രം ലോക്കൽ പോലീസിൽ ഉണ്ടായിരുന്ന അന്നാണ് ഈ കലാപമുണ്ടായത്. അബ്ദുൾ റഹിമാൻ എന്നു പറയുന്ന അസിസ്റ്റന്റ് കമ്മീഷണർ, അദ്ദേഹത്തിന് ഈ കോൺസ്പിറസിയെക്കുറിച്ച് നേരത്തേ അറിയാമായിരുന്നൂയെന്നും അദ്ദേഹം പോലീസിനെ പിൻവലിച്ച് വഴിയൊരുക്കി എന്നും കമ്മീഷന്റെ നിഗമനത്തിലുണ്ട്. സൂരജ് എന്നു പറയുന്ന ഡിസ്ട്രിക്ട് കളക്ടർ, ഇതിന് വഴിയൊരുക്കിയെന്നും കമ്മീഷന്റെ നിഗമനത്തിൽ പറയുന്നുണ്ട്. ശ്രീ. ആന്റണിയെ കുറച്ച് വെള്ള പൂശുന്നതിന് എനിക്ക് ഒരു കുഴപ്പവുമില്ല. അദ്ദേഹം പ്രതിരോധ വകുപ്പുമന്ത്രിയാണ്, വലിയ ആളാണ്, മഹാനാണ്. ഞാൻ അംഗീകരിക്കുന്നു. എന്നാൽ മലയാള മനോരമ പത്രത്തിൽ ഒരു വാർത്ത വന്നു. ആ പത്രത്തിൽ വന്ന വാർത്ത ഇതാണ്. "മാറാട് സംഭവത്തിൽ പോലീസിന്റെ കെടുകാര്യസ്ഥതയും ഭരണത്തിന്റെ പിടിപ്പുകേടും കമ്മിഷൻ പുറത്തുകൊണ്ടുവരുന്നു. ആക്രമണ സാദ്ധ്യതയുണ്ടെന്നുള്ള മുന്നറിയിപ്പ് ബന്ധപ്പെട്ടവർ അവഗണിച്ചു. ആദ്യ കലാപം നടന്നപ്പോൾത്തന്നെ ശക്തമായ നടപടികൾ സ്വീകരിച്ചിരുന്നൂയെങ്കിൽ രണ്ടാമത്തെ ആളിക്കത്തൽ നടക്കുമായിരുന്നില്ല. അതിന്റെ പാപഭാരം അന്നത്തെ ഐക്യ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ തലയിലാണ് വന്നിരിക്കുന്നത്" എന്ന് മലയാള മനോരമ അന്നത്തെ എഡിറ്റോറിയലിൽ പറയുന്നു. കോഴിക്കോട് പ്രസ്സ് ക്ലബ്ബിലെ ജീവനക്കാരനാണ് അതിന് മധ്യസ്ഥ ശ്രമം നടത്തിയത്. എം.ഡി. രാജേന്ദ്രൻ, ഈ സംഭവത്തിൽ മന്ത്രിക്ക് പങ്കുണ്ടെന്നു കാണിക്കുന്ന ഒരു പ്രസ്താവനയുണ്ട്. "മന്ത്രി ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി ചർച്ചയ്ക്കിടയിൽ പ്രസ്സ് ക്ലബ് പ്രതിനിധികളെ മാത്രം തൊട്ടടുത്ത മുറിയിലേക്ക് വിളിച്ച് നടത്തിയ സംഭാഷണത്തിൽ വ്യക്തത നൽകി. മന്ത്രിയുടെ തുറന്നുപറയൽ എം.ഡി. രാജേന്ദ്രനെ ഞെട്ടിപ്പിക്കുക തന്നെ ചെയ്തു. സി.ബി.ഐ. അന്വേഷണത്തിനു സമ്മതിക്കുന്ന പ്രശ്നമേ ഇല്ലെന്നും ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി തുറന്നു പറഞ്ഞു. പ്രസ്സ് ക്ലബ് പ്രതിനിധികൾക്ക് ആ നിലപാട് ബോദ്ധ്യപ്പെട്ടിരിക്കുമല്ലോ എന്ന ചോദ്യവും പുറകേ ഉണ്ടായി. സത്യമായും എനിക്ക് ഒട്ടും ബോദ്ധ്യമുണ്ടായിരുന്നില്ല. ഞാൻ അത് പറഞ്ഞപ്പോൾ മന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

രോഷാകുലനാവുകയും ചെയ്തു. സി.ബി.ഐ. എന്നേയും ശ്രീ. പാണക്കാട് തങ്ങളേയും പിടിച്ച് ജയിലിലിടുകയില്ല എന്നുള്ളതിന് എന്താണ് ഉറപ്പ്?" പത്രപ്രതിനിധികളോട് അദ്ദേഹം ചോദിച്ചത്. ...................(ബഹളം)..............

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്..........

ശ്രീ. എൻ. അനിരുദ്ധൻ: സർവ്വകക്ഷി യോഗത്തിൽ തീരുമാനമെടുത്തതാണ്. ഞാൻ അവസാനിപ്പിക്കാം. എനിക്ക് സഭയോട് ഒരു അഭ്യർത്ഥനയുള്ളത് കുറഞ്ഞപക്ഷം, മാറാട് റിപ്പോർട്ട് മുഴുവൻ വായിച്ച ആളാണ് ഞാൻ. അത് എല്ലാവരും ഒന്നു വായിക്കണം. ..............(ബഹളം).........വായിക്കുക മാത്രമല്ല, ഇതിന്റെ നിഗമനങ്ങളിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ നടപ്പാക്കുന്നതിന്, ഗവൺമെന്റ് ശ്രദ്ധിക്കണം. ഇനി ഇത് ആവർത്തിക്കാതിരിക്കാൻ ഗവൺമെന്റ് ശ്രദ്ധിക്കണം.

ശ്രീ. കെ. എം. മാണി: സർ, അങ്ങ് നൽകിയ ഉപദേശം മാനിച്ച് ഇത് രാഷ്ട്രീയ ചർച്ചയാക്കി മാറ്റാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഇതിൽ ഇൻവോൾവ് ചെയ്തിരിക്കുന്ന ലീഗൽ പ്രോബ്ലംസ്, ചില ലീഗൽ ഇഷ്യൂസ് മാത്രമേ ഹൈലൈറ്റ് ചെയ്യാൻ ഞാൻ ആഗ്രഹിക്കുന്നുള്ളൂ. ഇവിടെ ശ്രീ. എൻ. അനിരുദ്ധൻ ഒരു കാര്യം പറയുകയുണ്ടായി. ഫസ്റ്റ് മാറാട് കേസ് ചാർജ്ജ് ചെയ്യുന്നതിൽ വന്ന താമസം, പ്രോസിക്യൂഷൻ സാംഗ്ഷൻ കൊടുക്കുന്നതിൽ താമസമുണ്ടായി, അതാണ് സെക്കൻഡ് മാറാട് കലാപത്തിന് വഴിതെളിച്ചത് എന്നുള്ള സൂചന അദ്ദേഹം നൽകുകയുണ്ടായി. അത് തെറ്റാണ്. 115 കേസ്സുകളാണ് ഫസ്റ്റ് മാറാട് കലാപത്തെ തുടർന്ന് രജിസ്റ്റർ ചെയ്യപ്പെട്ടത്. 31-3-2002-ൽ തന്നെ ഇൻവെസ്റ്റിഗേഷൻ കംപ്ലീറ്റ് ചെയ്തിരുന്നു. 15-11-2002-ൽ പ്രോസിക്യൂഷൻ സാംഗ്ഷൻ കൊടുത്തു. 135 കേസുകൾക്കും ഒന്നിച്ചാണ് സാംഗ്ഷൻ കൊടുത്തത്. ഈ കേസിൽ ഒന്നിച്ചുള്ള റിപ്പോർട്ടാണ് ഹാജരാക്കിയത്. അതിന്റെ കോപ്പിയെടുത്ത് മറ്റ് കേസുകളിൽ കൊടുക്കാൻ തുടങ്ങിയപ്പോൾ കോടതി പകർപ്പ് തരില്ലെന്നു പറഞ്ഞ് റിജക്ട് ചെയ്തു. ..........(ബഹളം)............

മി. സ്പീക്കർ: പ്ലീസ്.........

ശ്രീ. കെ.എം. മാണി: റിജക്ട് ചെയ്തതിന്റെ ഫലമായി ഇൻഡിവിഡ്യുവൽ സാംഗ്ഷൻ കൊടുക്കേണ്ടിവന്നു. രണ്ടാം മാറാട് സംഭവത്തിനുമുമ്പ് അത് കൊടുത്തു. ചാർജ്ജ്ഷീറ്റ് ചെയ്യുന്നത് 13-5-2003-ലാണ്. ഗവൺമെന്റിന്റെ കൺട്രോളിന് ബിയോൻഡായിട്ടുള്ള ഒരു സാഹചര്യം അപ്പോൾ ഉണ്ടായതുകൊണ്ട് ചാർജ്ജ് ഷീറ്റ് കൊടുത്തത് രണ്ടാം മാറാട് കലാപം കഴിഞ്ഞാണെന്നു മാത്രമേയുള്ളൂ. പ്രോസിക്യൂഷൻ സാംഗ്ഷൻ രണ്ടാം മാറാട് സംഭവത്തിനുമുമ്പ് ഗവൺമെന്റ് കൊടുക്കുകയുണ്ടായി എന്നുള്ളത് ബഹുമാനപ്പെട്ട എൻ. അനിരുദ്ധനോട് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇതിലെ ടേംസ് ഓഫ് റഫറൻസ് നമ്പർ-2-ൽ പറയുന്നത്, Whether, there was involvement of any external/ internal organization or organizations in the planning and execution of the incident. കമ്മീഷൻ റിപ്പോർട്ടിൽ പേജ് 255-ൽ പറയുന്നത്, There is no sufficient evidence before the Commission to show that any international agency is

directly involved in the massacre at Marad Beach on 2-5-2003. അങ്ങനെയിരിക്കേ കമ്മീഷനെ സംബന്ധിച്ചിടത്തോളം ഇതിനെപ്പറ്റി അന്വേഷിച്ച് വസ്തുതകൾ നമ്മുടെ മുമ്പാകെ കൊണ്ടുവരുന്നതിന് ഒരു ബുദ്ധിമുട്ടുമില്ലായിരുന്നു. കമ്മീഷൻ വീണ്ടും 256-ാമത്തെ പേജിൽ പറയുകയാണ് The C.B.C.I.D, Kozhikode had not investigated into the larger conspiracy................ A Multi Agency consisting of the officers of the Central Intelligence Burcau, the Central Bureau of Investigation and the Directorate of Revenue Intelligence has to investigate into that larger conspiracy and fix liability. അപ്പോൾ കമ്മീഷൻ പറയുന്നത് ഇനി സി.ബി.ഐ. ഇതിനെപ്പറ്റി അന്വേഷിക്കണമെന്നാണ്. കാള പെറ്റു എന്നുകേട്ടു, കയറെടുത്തു എന്നുപറയുന്നതുപോലെ ഉടൻതന്നെ വി.എസ്. ഗവൺമെന്റ് സി.ബി.ഐ. എൻക്വയറി വേണമെന്നു പറഞ്ഞ് കേന്ദ്രഗവണ്മെന്റിലേക്ക് എഴുതുകയുണ്ടായി. ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണനോടും മുഖ്യമന്ത്രിയോടും പറയട്ടെ, കമ്മീഷൻ സ്വയം ചെയ്തതും നിങ്ങൾ ചെയ്തതും നിയമത്തിന്റെ മുമ്പിൽ തെറ്റാണ്. കമ്മീഷൻ പറഞ്ഞത് തെറ്റെന്നു പറയാൻ കാരണം ക്രിമിനൽ പ്രൊസീഡ്യുവർ കോഡ് 173-ാം വകുപ്പ് അനുസരിച്ച് പോലീസ് ഒരു കേസ് ഇൻവെസ്റ്റിഗേറ്റ് ചെയ്ത് ഫൈനൽ റിപ്പോർട്ട് കോടതിയിൽ കൊടുത്താൽ ഫർദാറായി ഏതെങ്കിലും എവിഡൻസ് കണ്ടെത്തിയെങ്കിൽ മാത്രം, ഇതിന് ഫർദർ എവിഡൻസുണ്ട് അതുകൊണ്ട് ഒന്നുകൂടി അന്വേഷിക്കണമെന്ന് കോടതിയിൽ പറയാം, ഒന്നുകൂടി അന്വേഷിപ്പിക്കാം. അങ്ങനെ അന്വേഷിക്കണമെങ്കിൽ അതേ ഇൻവെസ്റ്റിഗേറ്റിംഗ് ഏജൻസി തന്നെ അന്വേഷിക്കണം. അതാണ് 173(3) അനുസരിച്ചുള്ള നിയമം. ആ നിയമത്തിന്റെ അടിസ്ഥാനത്തിൽ വേറൊരു ഏജൻസിയായ സി.ബി.ഐ.യ്ക്ക് വിടുന്നത് തെറ്റാണെന്ന് അഡ്വക്കേറ്റ് ജനറൽ ഗവൺമെന്റിനെ ഉപദേശിച്ചിരുന്നു. കമ്മീഷൻ അതിനു വിരുദ്ധമായി തെറ്റായ റൂളിംഗാണ് ചെയ്തിരിക്കുന്നത്. AIR 1979 SC 1791 റിലൈ ചെയ്തുകൊണ്ടാണ് കമ്മിഷൻ റിപ്പോർട്ട് നൽകിയിരിക്കുന്നത്. എന്നാൽ AIR 1979 SC 1791 എന്ന കേസ് ഓവർ റൂൾ ചെയ്തുപോയി. കമ്മീഷനെ ഞാൻ വെല്ലുവിളിക്കുകയാണ്. കമ്മീഷൻ, ഓവ്വർ റൂൾ ചെയ്ത ഒരു കേസ്സാണ് എടുത്തത്. AIR 1979 SC 1791. ഏതാണ് ഓവർ റൂൾ ചെയ്തതെന്ന് ചോദിച്ചാൽ, AIR 1998 SC 2001. ഐ.എസ്.ആർ.ഒ. കേസ്സാണ്. ഐ.എസ്.ആർ.ഒ. കേസ്സിൽ എന്താണ് സംഭവിച്ചതെന്നറിയാമോ? ഐ.എസ്.ആർ.ഒ. കേസ്സ് യു.ഡി.എഫ്. ഗവൺമെന്റ് സി.ബി.ഐ-യ്ക്ക് വിട്ടു. സി.ബി.ഐ. അന്വേഷിച്ച് ഫൈനൽ റിപ്പോർട്ട് കോടതിയിൽ ഹാജരാക്കി. സി.ബി.ഐ. ഇതൊരു മിസ്റ്റേക്ക് ഓഫ് ഫാക്ട് കൊണ്ട് എഫ്.ഐ.ആർ. എടുത്തതാണെന്ന് ആ കേസ് റഫർ ചെയ്തുകൊണ്ട് കോടതിയിൽ പറഞ്ഞു. അതിന്മേൽ ക്രിട്ടിസിസം വന്നു. എൽ.ഡി.എഫ്. ഗവൺമെന്റ് ഉടൻ അധികാരത്തിൽ വന്നു. രണ്ടാമതൊരു ഇൻവെസ്റ്റിഗേഷന് ശ്രീ. സിബി മാത്യുവിനെ ഏൽപ്പിച്ചു. അതിനെതിരെ ഹൈക്കോടതിയിൽ പോയി. അതുകഴിഞ്ഞ് സുപ്രീംകോടതിയിൽ പോയി. സുപ്രീംകോടതി അതിൽ ജഡ്ജ്മെന്റ് നൽകിയിട്ടുണ്ട്. ആ ജഡ്ജ്മെന്റ് ഞാൻ വായിക്കാം. 1. Dictum- Investigation- Entrusted to C.B.I with consent of State Govt. concerned- C.B.I completed investigation and submitted final report- Subsequent withdrawal of consent by State Govt. for further investigation of



LIBRARY ARCHIVES Kerala Legislative Assembly

case by State Police- Impermissible. അത് അനുവദിക്കപ്പെടുന്നതല്ല. Held the dictionary meaning of 'further' is 'additional'more; supplemental. 'Further' investigation therefore is the continuation of the earlier investigation and not a fresh investigation or reinvestigation to be started ab-initio wiping out the earlier investigation altogether............... if any further investigation is to be made it is the C.B.I. alone which can do so, for it was entrusted to investigate into the case by the State Govt. അതിൽ കമ്മീഷൻ റിലൈ ചെയ്ത 1979-ലെ കേസ്സ് കൂടി കൺസിഡർ ചെയ്തശേഷമാണ് ലേറ്റസ്റ്റായി 1998-ലെ റൂളിംഗ് വന്നിരിക്കുന്നത്. 1979-ലെ സുപ്രീംകോർട്ട് റൂളിംഗ് റിലൈ ചെയ്തുകൊണ്ടാണ് 1998-ലെ കേസ്സ് ഉണ്ടായിരിക്കുന്നത്. ആ വിധി പ്രകാരം ഫർദർ എവിഡൻസുണ്ടെങ്കിൽ സി.ബി.ഐ-യ്ക്ക് കൊടുക്കാം. അല്ലാതെ വേറൊരു ഏജൻസിക്കും പറ്റില്ല എന്നാണ്. കമ്മീഷനെ സംബന്ധിച്ചിടത്തോളം പോലീസ് ഇൻവെസ്റ്റിഗേറ്റ് ചെയ്ത് ഫൈനൽ റിപ്പോർട്ട് കൊടുത്ത ഈ കേസ്സിന്റെ തുടർന്നുള്ള അന്വേഷണം സി.ബി.ഐ. യ്ക്ക് വിടാൻ പറ്റുകയില്ല. കമ്മീഷൻ ഒരു അബദ്ധം കാണിച്ചു. I am referring to the Commission of Enquiry Act 1952. അതിലെ 5A. Power of Commission to utilise the services of certain Officers and investigation agencies for conducting investigation pertaining to inquiry.— (b) in the case of a Commission appointed by the State Government, of any Officer or investigation agency of the State Government or Central Government with the concurrence of the State Government or the Central Government, as the case may be. കമ്മീഷനെ സംബന്ധിച്ചിടത്തോളം Commission of Enquiry Act 1952, 5A വകുപ്പ് അനുസരിച്ച് കമ്മീഷന് സി.ബി.ഐ.യെക്കൊണ്ട് എൻക്വയറി നടത്തിക്കാം, സ്റ്റേറ്റിന്റെ അതേ ഏജൻസിയെക്കൊണ്ട് എൻക്വയറി നടത്തിക്കാം,. എൻക്വയറി നടത്തി ഫാക്ട് ഫൈൻഡ് ചെയ്ത് ഗവൺമെന്റിൽ റിപ്പോർട്ട് തരണം. അവർക്ക് ഏത് ഏജൻസിയെക്കൊണ്ട് വേണമെങ്കിലും അന്വേഷിച്ച് ഗവൺമെന്റിന് റിപ്പോർട്ട് തരാം. വസ്തുതകൾ കണ്ടെത്തി തരാനാണ് നിയമിച്ചിരിക്കുന്നത്. Fact Finding Commission ആണ്. വസ്തുതകൾ കണ്ടെത്തുന്നതിനുവേണ്ടി ഏജൻസിയെക്കൊണ്ട് അന്വേഷിപ്പിച്ച് അവർക്ക് റിപ്പോർട്ട് തരാൻ 5(എ) ഓതറൈസ് ചെയ്തിരിക്കേ കമ്മീഷൻ ഇപ്പോൾ പറഞ്ഞിരിക്കുന്നത് നമുക്ക് ഒരു കാര്യം ചെയ്യണം ഇനി സി.ബി.ഐ. യെക്കൊണ്ട് അന്വേഷിക്കാം എന്നാണ്. ആ പറഞ്ഞിരിക്കുന്നത് തെറ്റാണ്. It is dereliction of duty. കമ്മീഷൻ നിർവ്വഹിക്കേണ്ടിയിരുന്ന കർത്തവ്യം, അവരിൽ നിക്ഷിപ്തമായിരുന്ന അധികാരം അവർ വിനിയോഗിക്കാതെ ആ കടമ നിർവ്വഹിക്കാതെ, dereliction of duty ആണ്, അവർ ഇപ്പോൾ സി.ബി.ഐ. യെക്കൊണ്ട് അന്വേഷിപ്പിക്കണമെന്ന് പറഞ്ഞിരിക്കുന്നതിൽ ഒരു കഴമ്പും ഇല്ല. അതുകൊണ്ട് കമ്മീഷൻ സി.ബി.ഐ. യെക്കൊണ്ട് അന്വേഷിപ്പിക്കണമെന്ന് പറഞ്ഞ ഉടൻ സി.ബി.ഐ.യെക്കൊണ്ട് അന്വേഷിപ്പിക്കാൻ നിങ്ങൾ കൊടുത്തിരിക്കുന്നത് മണ്ടൻ ഉത്തരവാണ്. അത് നിയമത്തിനു മുന്നിൽ നിലനിൽക്കുകയില്ല. ക്രിമിനൽ പ്രൊസീഡുവർ കോഡ് 173 (8) അനുസരിച്ച് ഫർദർ എവിഡൻസില്ലാത്ത ഒരു കാര്യത്തെപ്പറ്റി രണ്ടാമതൊരു ഇൻവെസ്റ്റിഗേഷൻ ഇല്ല. ഇൻവെസ്റ്റിഗേഷൻ വേണമെങ്കിൽ ആദ്യം ഇൻവെസ്റ്റിഗേഷൻ നടത്തിയ സെയിം ഏജൻസിക്കു മാത്രമേ അത് നടത്താനാവൂ. ഡിഫറന്റ് ഏജൻസിക്ക്

LIBRARY ARCHIVES Kerala Legislative Assembly

ഇൻവെസ്റ്റിഗേഷൻ നടത്താനാവില്ല എന്നാണ് ലേറ്റസ്റ്റായിട്ടുള്ള സുപ്രീംകോടതി pronounce ചെയ്ത ജഡ്ജ്മെന്റിൽ പറഞ്ഞിരിക്കുന്നത്. ഈ ആക്ഷൻ ടേക്കൺ തെറ്റാണ്. നിങ്ങളുടെ കമ്മീഷൻ പറഞ്ഞ തെറ്റ് നിങ്ങളും ആവർത്തിച്ചു. അതുകൊണ്ട് ശ്രീ. എ.കെ. ആന്റണിയുടെ ഗവൺമെന്റ് സി.ബി.ഐ.ക്ക് വിടാതിരുന്നത് അഡ്വക്കേറ്റ് ജനറലിന്റെ നിയമപരമായ ഉപദേശം കൊണ്ടാണ്. ശ്രീ. പിണറായി വിജയൻ ഉൾപ്പെടെ മാർക്സിസ്റ്റ് പാർട്ടി ഉൾപ്പെടെ ബി.ജെ.പി. ഒഴിച്ചുള്ള മുഴുവൻ രാഷ്ട്രീയ കക്ഷികളും സി.ബി.ഐ. അന്വേഷണം വേണ്ടെന്ന് പറഞ്ഞതുകൊണ്ടും അഡ്വക്കേറ്റ് ജനറലിന്റെ ഒപ്പീനിയന്റെ അടിസ്ഥാനത്തിലും ലേറ്റസ്റ്റ് സുപ്രീംകോടതി ജഡ്ജ്മെന്റിന്റെ അടിസ്ഥാനത്തിലും സി.ബി.ഐ. എൻക്വയറി (......................മൈക്ക് ഓഫ്................) അതുകൊണ്ട് നിങ്ങൾ ചെയ്തതിന് ഒരു നീതീകരണവും ഇല്ല. നിങ്ങൾ അനവധാനതയോടുകൂടിയാണ് ഈ റിപ്പോർട്ട് പരിശോധിച്ചതും അതിന്മേൽ നടപടി സ്വീകരിച്ചതും എന്നു പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്.

ശ്രീ. എം.കെ. പ്രേംനാഥ് : സർ, ഞാൻ കോഴിക്കോട് നിന്നാണ് വരുന്നത്. സംഭവ ദിവസം ഞാൻ മാറാട് ഉണ്ടായിരുന്നു. കമ്മീഷന്റെ അഭിഭാഷകനെന്ന നിലയിൽ ഞാൻ അവിടെ ഹാജരായിരുന്നു. വളരെയേറെ നിർഭാഗ്യകരമായ സംഭവമാണ് മാറാട് ഉണ്ടായിട്ടുള്ളത്. പേജ് 116 ഇവിടെ സൂചിപ്പിക്കുകയാണ്. But, from the facts and circumstances, the Commission can definitely reach the conclusion that there was unjustified delay on the part of the State Government in granting proper sanction for prosecution of the accused in the cases relating to the first communal riot. ഹിന്ദു-മുസ്ളീം വർഗ്ഗീയവാദികളെ നിയന്ത്രിക്കാൻ അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. എ.കെ. ആന്റണിക്കും യു.ഡി.എഫ്.-നും കഴിഞ്ഞിട്ടില്ല. കോഴിക്കോടിനെ സംബന്ധിച്ചിടത്തോളം കള്ളക്കച്ചവടവും ബിനാമി ഇടപാടുമാണ് നടന്നിരുന്നത്. ശ്രീ. കുഞ്ഞാലിക്കുട്ടിയും മായീൻഹാജിയുമാണ് ഇതിന് നേതൃത്വം കൊടുത്തത് എന്നുള്ളത് കോഴിക്കോട്ടെ ആളുകൾക്ക് അറിയാവുന്നതാണ്. അത് മാത്രമല്ല എൻ.ഡി.എഫ്.-നും മുസ്ലീം ലീഗിനും ഇക്കാര്യത്തിൽ പങ്കുണ്ട്. മായീൻഹാജിയെ സംബന്ധിച്ച് ഞാനിവിടെ ചൂണ്ടിക്കാണിക്കുകയാണ്. പേജ് 172. Deshabhimani Report dated 9-05-2003, that the massacre was with the knowledge of Mayin Haji. Mayin Haji conceded that he has some landed property in Marad Beach. മാറാട് ബീച്ചിൽ അദ്ദേഹത്തിന്റെ പ്രോപ്പർട്ടിയുണ്ട്. അതിന് സാമ്പത്തികമായ ഉത്തരവാദിത്വം കൂടിയുണ്ടെന്ന് പറയുകയാണ്. ഇത് മാത്രമല്ല ഈ സംഭവവുമായി അബൂബക്കർ എന്നു പറയുന്ന അദ്ദേഹത്തിന്റെ സഹോദരൻ ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. മായീൻ ഹാജി ദിവസങ്ങൾക്കു മുൻപേ ഈ സംഭവത്തെ സംബന്ധിച്ച് അറിയിച്ചതായിരുന്നു. മാത്രമല്ല അവിടെ നടന്ന സംഭവത്തിൽ ആർക്ക് എന്തൊക്കെ കുഴപ്പം ഉണ്ടായിരുന്നോ അവരെ ആശുപത്രിയിൽ എടുക്കുന്നതിന് വേണ്ടിയുള്ള ഏർപ്പാടുകൾ മായീൻഹാജി കോഴിക്കോട്ടെ പ്രധാനപ്പെട്ട ആശുപത്രികളിൽ ആദ്യം ഏർപ്പെടുത്തിയിരുന്നു. അത് കോഴിക്കോട്ടെ മുഴുവൻ ആളുകൾക്കും അറിയാവുന്നതാണ്. വളരെ പ്രധാനപ്പെട്ട ഒരു കാര്യം, ഇന്റലിജൻസ് റിപ്പോർട്ട്

LIBRARY ARCHIVES Kerala Legislative Assembly

പൂർണ്ണമായും പരാജയപ്പെട്ടുപോയി. അവിടുത്തെ എം.എൽ.എ. ആയിരുന്ന ശ്രീ. വി. കെ. സി. മമ്മത്കോയ ഇവിടെ കാര്യങ്ങൾ സൂചിപ്പിച്ചിരുന്നു. യു.ഡി.എഫ്. ഒരു കാര്യവും ചെയ്തില്ല എന്ന് നമുക്ക് കാണാൻ കഴിയും. അത് മാത്രമല്ല വർഗ്ഗീയ സംഘടനങ്ങൾ നിയന്ത്രിക്കുന്നതിന് യു.ഡി.എഫ്. സർക്കാർ പരാജയപ്പെട്ടു പോയി എന്ന് നമുക്ക് കാണാൻ കഴിയും.

മി. സ്പീക്കർ: അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. എം.കെ. പ്രേംനാഥ്: ..................മൈക്ക് ഓഫ്........... റുക്കാബി......... പോലീസ് അസിസ്റ്റന്റ് കമ്മീഷണറെ സംബന്ധിച്ചിടത്തോളം, അവിടെ ഉണ്ടായ സംഭവം ഞാൻ ചൂണ്ടിക്കാണിക്കുന്നു. (.....................മൈക്ക് ഓഫ്........) പേജ് 89. It is strange to note that the wireless set allotted to the police at Marad Beach was kept in the house of one Rukubi. ആ റുക്കുബിയിൽ നിന്നാണ് എല്ലാ കാര്യങ്ങളും പോലീസ് അറിയുന്നത്. വളരെ പ്രധാനപ്പെട്ട സംഭവവികാസങ്ങളാണ് 89-ാമത്തെ പേജിൽ പറഞ്ഞിട്ടുള്ളത്. ഇത് വളരെ ഗൗരവതരമായ പ്രശ്നമാണ്. രാഷ്ട്രീയവും വർഗ്ഗീയതയും യോജിപ്പിച്ചുകൊണ്ട് കോഴിക്കോടിനേയും കേരളത്തേയും തകർക്കുന്ന സംഭവവികാസങ്ങളാണ് ഉണ്ടായിട്ടുള്ളത്. അതുകൊണ്ട് നമുക്ക് (...................മൈക്ക് ഓഫ്.............) ഞാൻ ചോദിക്കുകയാണ്. (.......................................മൈക്ക് ഓഫ്.....................).........

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി : സർ, അനേകം അന്വേഷണ കമ്മീഷനുകളും റിപ്പോർട്ടുകളും അനാഥമായി കിടക്കുന്ന സന്ദർഭത്തിൽ മാറാട് കമ്മീഷൻ റിപ്പോർട്ട് സഭയിൽ സമർപ്പിക്കാനും തുടർനടപടികൾ കൈക്കൊള്ളാനും സർക്കാർ തയ്യാറായത് അഭിനന്ദനാർഹമാണ്. ഈ ചർച്ചയിലൂടെ മാറാടിൽ ഉണ്ടായ മുറിപ്പാടുകൾ കൂടുതൽ വേദനാജനകമാകുന്നത് ഒഴിവാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇത്തരം ചർച്ചക്ക് അവസരം ഉണ്ടാക്കിയതുതന്നെ പ്രതിപക്ഷത്തുനിന്ന് വന്നിട്ടുള്ള നിർദ്ദേശത്തിന്റെ കൂടി അടിസ്ഥാനത്തിലാണെന്ന് നമുക്ക് അറിയാം. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ് റിപ്പോർട്ട് സമർപ്പിച്ചതെങ്കിലും അത് പ്രസിദ്ധീകരിക്കാൻ അവർ തയ്യാറായില്ല. കുറ്റബോധം കൊണ്ടോ, ഭയം കൊണ്ടോ എന്തായാലും അവർക്ക് കഴിയാതെ പോയി എന്നുള്ളത് ആർക്കും വിസ്മരിക്കാൻ കഴിയില്ല. അന്നത്തെ മുഖ്യമന്ത്രിയോടൊപ്പം കലാപം നടന്ന ഭൂമി സന്ദർശിക്കുന്നതിന് മൂന്ന് മന്ത്രിമാർ കോഴിക്കോട് ഗസ്റ്റ് ഹൗസിൽ എത്തിയെങ്കിലും അവർ സന്ദർശിക്കാൻ പാടില്ലെന്ന് സംഘ് പരിവാർ നിർദ്ദേശിച്ചതനുസരിച്ച് അന്നത്തെ മുഖ്യമന്ത്രി മാത്രമാണ് അവിടം സന്ദർശിച്ചത്. അത് ഒരു കീഴടങ്ങലാണ്. ആ ശക്തികളുടെ സ്വാധീനങ്ങളും സമ്മർദ്ദങ്ങളും പിന്നീടുണ്ടാക്കിയ പ്രത്യാഘാതങ്ങളും ഞാൻ അതിലേക്ക് കടക്കുന്നില്ല. കലാപത്തിന്റെ പിന്നിലെ ഗൂഢാലോചന, സ്ഫോടക വസ്തു ശേഖരണം, പണത്തിന്റെ സ്രോതസ്സ്, തീവ്രവാദം എന്നിവയൊക്കെ ഇനിയും അന്വേഷിച്ചാൽ മാത്രമേ ഇതിന്റെ ബന്ധങ്ങളിലേക്ക് നമുക്ക് കടന്നുപോകാൻ കഴിയൂ. 2002-ൽ ആദ്യമായി മാറാട് സംഭവമുണ്ടായപ്പോൾ ഫലപ്രദമായ നടപടി കൈക്കൊണ്ടില്ല. അന്നത്തെ ഗവൺമെന്റ് ഇന്റലിജൻസ് റിപ്പോർട്ട് ബോധപൂർവ്വം വിസ്മരിച്ചു. പ്രതികളെ

LIBRARY ARCHIVES Kerala Legislative Assembly

അറസ്റ്റുചെയ്യുന്നതിൽ കാലതാമസം നേരിട്ടതും കോടതിയിൽ കുറ്റപത്രം നൽകാൻ തയ്യാറാകാത്തതും കുറ്റകരമായ അനാസ്ഥയാണ്. മാറാട് കൂട്ടക്കൊലയ്ക്ക് മുമ്പായി പോലീസ് പിക്കറ്റിംഗ് പിൻവലിച്ചതും മുന്നറിയിപ്പ് അവഗണിച്ചതും അന്നത്തെ സർക്കാർ അറിഞ്ഞോ അറിയാതെയോ മുസ്ലീം ആർ.എസ്.എസ്. മതതീവ്രവാദികൾക്ക് ഒത്താശ നൽകിയതുകൊണ്ടുമാണ് ഈ ഭീകരമായ സംഭവം ഉണ്ടായത്. അതുകൊണ്ട് ഇവിടെ പരസ്പരം ഏറ്റുമുട്ടലുകളും പഴിചാരലുകളും ഭരണ രംഗത്ത് ഉണ്ടായതുപോലെ തന്നെ ഉദ്യോഗസ്ഥ തലങ്ങളിലും ഉണ്ടായിരുന്ന വസ്തുതകളാണ്. അങ്ങനെ കൃത്യവിലോപം കാണിച്ച ഭരണകൂടത്തിന്റെ അനാസ്ഥയുടെ ഭാഗമായിട്ടാണ് നമ്മെയെല്ലാം വേദനിപ്പിച്ച ഇത്തരം സംഭവം ഉണ്ടായത്. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുവാനും മനുഷ്യമനസ്സിൽ മുറിപ്പാടുകൾ ഉണ്ടാകാതിരിക്കുവാനുമുള്ള ശ്രദ്ധ എല്ലാവരുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കുകയാണ്.

<u>ശ്രീ.കെ.കെ.ഷാജു</u>: സർ, ഈ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എടുത്തിട്ടുള്ള നടപടികളെ സംബന്ധിച്ചാണ് ഇവിടെ പ്രധാനമായും ചർച്ച ചെയ്യുന്നത്. ഗവൺമെന്റിന്റെ ഒരു വലിയ നേട്ടം എന്നുള്ള നിലയിൽ ഗവൺമെന്റ് പറയുന്നത് സി.ബി.ഐ. എൻക്വയറിക്ക് ഉത്തരവായി എന്നുള്ളതാണ്. മാറാട് സംഭവത്തെക്കുറിച്ച് അന്വേഷിച്ച ജസ്റ്റിസ് തോമസ് പി. ജോസഫ് കമ്മീഷന്റെ കണ്ടെത്തലുകൾ പലതും നീതിപൂർവ്വകമല്ലെന്നാണ് എന്റെ അഭിപ്രായം. ഇതു സംബന്ധിച്ച് വിളിച്ച സർവ്വ കക്ഷി യോഗത്തിൽ സി.പി.ഐ.(എം) അടക്കം സി.ബി.ഐ. അന്വേഷണത്തെ എതിർത്തു. ബി.ജെ.പി. മാത്രമാണ് അതിനെ അനുകൂലിച്ചത്. മറ്റുള്ള എല്ലാ ആളുകളും ക്രൈംബ്രാഞ്ച് അന്വേഷണത്തെ അനുകൂലിക്കുകയായിരുന്നു. ഇതുസംബന്ധിച്ച് ഒരു കേസ്സ് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ വന്നു. അന്നത്തെ ചീഫ് ജസ്റ്റിസ് ജവഹർലാൽ ഗുപ്ത അടങ്ങുന്ന ഒരു ഡിവിഷൻ ബഞ്ചിന്റെ മുമ്പാകെയാണ് ഈ കേസ് വന്നത്. അന്നാണ് ക്രൈംബ്രാഞ്ച് അന്വേഷണ ഡയറി ആവശ്യപ്പെട്ടത്. ഇതുസംബന്ധിച്ച് അവർ വിശദമായി പഠിച്ചു. അത് മാത്രമല്ല, ഹൈക്കോടതി കൊല്ലപ്പെട്ട ആളുകളുടെ ബന്ധുക്കളെ വിളിച്ചു വരുത്തി തെളിവെടുപ്പ് നടത്തിയശേഷം ക്രൈംബ്രാഞ്ച് അന്വേഷണം തുടരട്ടെ എന്ന് പറയുകയും ഈ കേസ്സിൽ ബി.ജെ.പി. ആവശ്യപ്പെട്ടിട്ടുള്ള സി.ബി.ഐ. എൻക്വയറി വേണ്ടെന്നു പറഞ്ഞ് ഈ കേസ്സ് പിൻവലിക്കുകയുമാണ് ചെയ്തത്. ഇതാണ് അവിടെയുണ്ടായ സംഭവം. ഈ സംഭവത്തെക്കുറിച്ചുള്ള കേസ് ഡയറി കോടതിയിലാണ്. കേസ്സ് ഡയറി ഇല്ലാതെ, മറ്റ് മെറ്റീരിയൽസ് ഇല്ലാതെ, മറ്റ് ആവശ്യമായ തെളിവില്ലാതെ എന്ത് അന്വേഷണമാണ് ജസ്റ്റിസ് തോമസ് പി. ജോസഫ് കമ്മീഷൻ നടത്തിയിട്ടുള്ളതെന്ന് പരിശോധിക്കപ്പെടേണ്ട കാര്യമാണ്. അതുകൊണ്ടുതന്നെ ഇതുമായി ബന്ധപ്പെട്ട് അവർ നടത്തിയ കണ്ടെത്തലുകൾ പലതും നീതിപൂർവ്വകമല്ല. ഈ ജുഡീഷ്യൽ എൻക്വയറി ജുഡീഷ്യസ് അല്ല എന്നുള്ളതാണ് എന്റെ ശക്തമായ അഭിപ്രായം. കേസ് ഡയറി കിട്ടിയില്ലെങ്കിലും കമ്മീഷന് വേണമെങ്കിൽ ഹൈക്കോടതിയിൽ നടന്ന കേസ്സുമായി ബന്ധപ്പെട്ട കാര്യങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ ആരായാമായിരുന്നു. അവർ നടത്തിയിട്ടുള്ള നിരീക്ഷണങ്ങളെക്കുറിച്ച് പരിശോധിക്കാമായിരുന്നു, പഠിക്കാമായിരുന്നു, നിഗമനത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

എത്താമായിരുന്നു. പക്ഷേ കമ്മീഷൻ ഇത് രണ്ടും ചെയ്തില്ല. കമ്മീഷൻ തനിക്ക് കിട്ടിയിട്ടുള്ള അർദ്ധ അറിവുകളും ഊഹാപോഹങ്ങളും വച്ചുകൊണ്ടുള്ള നിരീക്ഷണമാണ് നടത്തിയിട്ടുള്ളത്. അതിന്റെ എല്ലാ കുറവും ഈ റിപ്പോർട്ടിലുണ്ടെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ആളുകൾ കൊല്ലപ്പെട്ട ദൗർഭാഗ്യകരമായ സംഭവമുണ്ടായി. ആ സാഹചര്യത്തിൽ ദുഃഖിതരായ ആളുകൾ അവരുടെ ബന്ധുക്കളേയും സ്വന്തക്കാരേയും സുഹൃത്തുക്കളെയും സംഘടിപ്പിച്ചാണ് രണ്ടാമത്തെ കലാപത്തിന് നേതൃത്വം കൊടുത്തത്. അങ്ങനെയുള്ള ആളുകളുടെ പാർട്ടി ബന്ധം പറഞ്ഞിട്ട് ഈ പാർട്ടികളുടെയെല്ലാം സംസ്ഥാന കമ്മിറ്റി കൂടിയാണ് ഗൂഢാലോചന നടത്തിയതെന്ന് പറഞ്ഞാൽ ഇത്രയും വലിയ അസംബന്ധം വേറെയുണ്ടോ? അതുകൊണ്ട് അതിലെ കണ്ടെത്തലുകൾ പലതും നീതിപൂർവ്വമല്ല എന്നുള്ളതുകൊണ്ടും ഈ റിപ്പോർട്ട് ജുഡീഷ്യസ് അല്ല എന്നുള്ളതുകൊണ്ടും കമ്മീഷൻ എടുത്തിട്ടുള്ള തീരുമാനങ്ങൾ അപൂർണ്ണമാണെന്നും പറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്.

<u>ശ്രീ. വി. സുരേന്ദ്രൻപിള്ള</u> : സർ, ഇവിടെ ബഹുമാനപ്പെട്ട പല അംഗങ്ങളും സംസാരിച്ചു കേട്ടപ്പോൾ ഒരു നിഗമനത്തിൽ ഈ ചർച്ച എത്തുമെന്നുള്ള പ്രതീക്ഷ അസ്ഥാനത്തായി. ജോസഫ് കമ്മീഷന്റെ പരാമർശങ്ങളും നിഗമനങ്ങളും അർദ്ധ സത്യങ്ങളാണ്, അത് ശരിയല്ല, അതിൽ പാർഷ്യാലിറ്റി ഉണ്ടെന്നെല്ലാം പറഞ്ഞു. ആരാണ് ഈ കമ്മീഷനെ നിയമിച്ചത്? ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റാണോ? ജോസഫ് കമ്മീഷനെ നിയമിച്ച് കമ്മീഷന്റെ മുമ്പിൽ തെളിവ് ഹാജരാക്കി അതിന് വേണ്ടുന്ന എല്ലാ ഒത്താശയും ചെയ്തു കൊടുത്തത് യു.ഡി.എഫ്. ആണ്. എൽ.ഡി.എഫ്. യാഥാർത്ഥ്യങ്ങൾ തുറന്നു കാണിച്ചു. ജനങ്ങളുടെ മുമ്പിൽ ഈ കാര്യങ്ങൾ ബോധ്യപ്പെടുത്തണമെന്ന് ആഗ്രഹിച്ചു. ഈ കമ്മീഷൻ റിപ്പോർട്ട് പുറത്തു വന്നപ്പോൾ നിയമസഭയിൽ ഇങ്ങനെയൊരു ചർച്ചയുടെ ഏറ്റവും വലിയ പ്രയോജനം എന്നുപറയുന്നത് ഈ കൂട്ടക്കുരുതിക്ക് ഉത്തരവാദികൾ യഥാർത്ഥത്തിൽ ആരാണെന്ന് കേരളത്തിലെ പ്രബുദ്ധരായ ജനങ്ങൾക്ക് ബോധ്യപ്പെടണം എന്നുള്ളതാണ്. ജനങ്ങൾ തീരുമാനിക്കണം. പിന്നെ കുറ്റക്കാരുടെമേൽ കർശന നടപടി എടുക്കണം. യു.ഡി.എഫ്. ആ നടപടി എടുത്തില്ല. അതിന് ഒരുപാട് തെളിവുകൾ നമ്മുടെ മുമ്പിലുണ്ട്. യു.ഡി.എഫ്. ഗവൺമെന്റിന്റെ പരാജയം, അന്നത്തെ പോലീസ് അഡ്മിനിസ്ട്രേഷന്റെ പരാജയം, അന്നത്തെ ജില്ലാ ഭരണകൂടത്തിന്റെ പരാജയം, പോലീസ് ഉദ്യോഗസ്ഥരും ജില്ലാ കളക്ടറും നീതിപൂർവ്വകമായി പെരുമാറിയില്ല, ഇങ്ങനെ നിരവധി കുറ്റപ്പെടുത്തലുകളും കണ്ടെത്തലുകളുമാണ് മാറാട് കമ്മീഷൻ റിപ്പോർട്ടിന്റെ ആദ്യം മുതൽ അവസാനംവരെയുള്ളത്. അന്ന് ഭരണത്തിലിരുന്ന ഭരണാധികാരികളുടെ മാത്രമല്ല പാർട്ടികളുടേയും പങ്ക് കേരളത്തിലെ ജനങ്ങൾക്ക് ബോധ്യപ്പെടണം. ഈ ചർച്ചയുടെ പരിണാമത്തിൽ മാറാട് 14 നിരപരാധികൾ ക്രൂശിക്കപ്പെട്ട, കൊടും ക്രൂരതയാൽ മരിക്കാനിടയായ സാഹചര്യം എങ്ങനെയുണ്ടായി? അത് ആര് ഉണ്ടാക്കിയെടുത്തു? അത് പച്ച മലയാളത്തിൽ പറഞ്ഞാൽ യു.ഡി.എഫ്. ഗവൺമെന്റിന്റേയും അന്നത്തെ പോലീസിന്റേയും അന്നത്തെ ജില്ലാ ഭരണകൂടത്തിന്റേയും പിടിപ്പുകേടുകൊണ്ടാണ്.

LIBRARY ARCHIVES Kerala Legislative Assembly

അന്ന് എത്ര നിരപരാധികളാണ് ക്രൂശിക്കപ്പെട്ടത്?. മരണപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്ക് ഒരു പൈസപോലും നഷ്ടപരിഹാരം കൊടുത്തില്ല. 28-9-2006-ലെ മലയാള മനോരമ പത്രം, ആ പത്രം യു.ഡി.എഫ്.നെ പിന്താങ്ങുന്ന പത്രമാണ്. എല്ലാ തലത്തിലും ഭരണ രംഗത്ത് പിടിപ്പുകേട് പ്രകടമായി കണ്ടതുകൊണ്ടാണ് മാറാട് സംഭവമുണ്ടായതെന്ന് ആ പത്രം മുഖപ്രസംഗം എഴുതി.

ശ്രീ. എ. എ. അസീസ് :സർ, സി.ബി.ഐ. അന്വേഷണം നടത്തണമെന്ന ശക്തമായ ആവശ്യം ഉയർന്നുവന്നിട്ടും അന്നത്തെ മുഖ്യമന്ത്രി തയ്യാറാകാത്തതിൽ ദുരൂഹതയുണ്ടെണ്ടന്നാണ് കമ്മീഷന്റെ നിഗമനം., അന്നത്തെ പ്രതിപക്ഷ നേതാവും ഇപ്പോഴത്തെ മുഖ്യമന്ത്രിയുമായ ശ്രീ. വി. എസ്. അച്ചുതാനന്ദനോടൊപ്പം കക്ഷി നേതാക്കൾ ഉൾപ്പെടെ ആ പ്രദേശം സന്ദർശിക്കുന്നതിന് എനിക്ക് അവസരം ലഭിച്ചു. അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. എ. കെ. ആന്റണി മാറാട് സന്ദർശിച്ചപ്പോൾ അന്നത്തെ വ്യവസായ വകുപ്പുമന്ത്രിയായ ലീഗ് നേതാവ് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി കോഴിക്കോട് ഗസ്റ്റ് ഹൗസിൽ ഉണ്ടായിരുന്നിട്ടും അദ്ദേഹത്തെ കൂട്ടിക്കൊണ്ടുപോകാൻ മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി വിമുഖത കാണിച്ചു എന്നുള്ളതാണ് അന്നുണ്ടായ ഒരു വലിയ അപവാദം. അതിൽ ദുരൂഹത ഉണ്ടായിരുന്നു. പക്ഷേ സമുദായത്തിന്റെ പേരിലാണ് മുസ്ലീം സമുദായത്തിൽപ്പെട്ട ആളിനെ മാറാട് കൊണ്ടുപോകാൻ മടിച്ചത് എന്നാണ് അറിയപ്പെട്ടത്. എന്നാൽ ആ സമുദായത്തിൽപ്പെട്ട എന്നെ ശ്രീ. വി.എസ്. അച്ചുതാനന്ദൻ അവിടെ കൊണ്ടുപോയിട്ട് യാതൊരു അനിഷ്ട സംഭവവും ഉണ്ടായില്ല. അവിടെ രണ്ട് സമുദായങ്ങളുടേയും ക്യാമ്പുകൾ ഞങ്ങൾ സന്ദർശിച്ചു. അവിടെ കണ്ട അനാരോഗ്യകരമായ പ്രവണത ലീഗും അരയ സമുദായത്തിൽപ്പെട്ടവരും പ്രത്യേകം പ്രത്യേകം ക്യാമ്പുകൾ സംഘടിപ്പിച്ചു എന്നുള്ളതാണ്. എന്നാൽ ഈ രണ്ട് വിഭാഗത്തിൽപ്പെട്ട ആളുകളേയും പങ്കെടുപ്പിച്ചുകൊണ്ട് ഒരു ക്യാമ്പ് സംഘടിപ്പിച്ചത് സി.പി.ഐ.(എം.) ആണ്. അവിടെ രണ്ട് കൂട്ടരും കലാപത്തിന് സൗകര്യം ഒരുക്കുന്ന നിലയിലാണ് ക്യാമ്പുകൾ സംഘടിപ്പിച്ചത്. ലീഗിന് പ്രത്യേക ക്യാമ്പ്, അപ്പുറത്ത് അരയ സമുദായത്തിന് പ്രത്യേക ക്യാമ്പ്. ഞങ്ങൾ നേരിട്ട് കണ്ടതാണ്. യഥാർത്ഥത്തിൽ 2002-ൽ നടന്ന സംഭവത്തിന് ഉത്തരവാദികളായവരെ മാതൃകാപരമായി ശിക്ഷിച്ചിരുന്നുവെങ്കിൽ ഒൻപത് ആളുകളുടെ ജീവൻ 2003-ൽ അപഹരിക്കപ്പെടുമായിരുന്നില്ല. എന്നാൽ ആദ്യത്തെ സംഭവത്തിന്റെ റിപ്പോർട്ട് കിട്ടിയശേഷം മാതൃകാപരമായി ഇംപ്ളിമെന്റേഷൻ നടപ്പാക്കിയത് ഈ ഗവൺമെന്റാണ്. മുൻഗവൺമെന്റുകൾക്ക് കിട്ടിയിട്ടുള്ള കമ്മീഷൻ റിപ്പോർട്ടുകളൊന്നും വെളിച്ചം കണ്ടിട്ടില്ല. ഈ കമ്മീഷൻ റിപ്പോർട്ടിനെ സംബന്ധിച്ച് പരാമർശിച്ചിട്ടുള്ള കാര്യങ്ങൾ ഓരോന്നായി എടുത്ത് നടപടി സ്വീകരിച്ചതിന്റെ ഫലമായാണ് ഏതാനും ഉദ്യോഗസ്ഥർ ഇന്ന് നടപടിക്ക് വിധേയരായിട്ടുള്ളത്. അതിന് ഈ ഗവൺമെന്റിനെ ഞാൻ പ്രത്യേകമായി അഭിനന്ദിക്കുകയാണ്.

ശ്രീ. കെ.ബി. ഗണേഷ് കുമാർ : സർ, കേരളത്തിന്റെ ചരിത്രത്തിൽ ഏറ്റവും ദു:ഖകരമായിട്ടുള്ള സംഭവത്തെക്കുറിച്ചാണ് ഇവിടെ ചർച്ച ചെയ്യുന്നത്. ഈ കമ്മീഷനെ ആര് നിയമിച്ചു എന്നുള്ളതല്ല, കമ്മീഷൻ റിപ്പോർട്ട് വരുന്നതിനെപ്പറ്റി

LIBRARY ARCHIVES Kerala Legislative Assembly

മുൻവിധിയോടെയല്ല കമ്മീഷൻ അന്വേഷിക്കണമെന്ന് തീരുമാനിക്കുന്നത്. ഇങ്ങനെ ഈ കമ്മീഷൻ റിപ്പോർട്ട് വരുമ്പോഴാണ് ഒരു ജനപ്രതിനിധി എന്നുള്ള നിലയിൽ ഞാൻ അതിലൂടെ കടന്നുപോകുന്നത്. പക്ഷേ അർദ്ധസത്യങ്ങളും ഊഹാപോഹങ്ങളും നിറഞ്ഞതായിട്ടാണ് ഇതേപ്പറ്റി എനിക്ക് തോന്നുന്നത്. പരിപൂർണ്ണമായി ഇത് എല്ലാം തികഞ്ഞ റിപ്പോർട്ടാണെന്ന് ഭരണപക്ഷത്തും പ്രതിപക്ഷത്തും ഇരിക്കുന്ന ആരും അംഗീകരിക്കില്ല. ഇതിനെ ആർക്ക് വേണമെങ്കിലും എങ്ങനെ വേണമെങ്കിലും വ്യാഖ്യാനിക്കാം. അവിടെ നിന്ന് ഇങ്ങോട്ടും ഇവിടെനിന്ന് അങ്ങോട്ടും ചീത്ത പറയാം. എങ്ങനെ വേണമെങ്കിലും വളയ്ക്കാവുന്ന, - അങ്ങനെയുമാകാം ഇങ്ങനെയുമാകാം കാറ്റത്ത് നനച്ചു വിരിച്ച തുണിപോലെ - അങ്ങോട്ടുമിങ്ങോട്ടും പോകുന്ന ഒരു റിപ്പോർട്ടാണ് ഇത്. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ മതസൗഹാർദ്ദം തകരാൻ പാടില്ല. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പ് മന്ത്രിയുടെ ഒരു പ്രസ്താവനയിൽ അദ്ദേഹം പറഞ്ഞു, കേരളത്തിൽ അങ്ങോളമിങ്ങോളം മതതീവ്രവാദികൾ അവരുടെ മതപരമായ കാര്യങ്ങൾ തീരുമാനിക്കാനും കലാപം സൃഷ്ടിക്കാനുമുള്ള ശ്രമത്തിന്റെ ചില ചർച്ചകൾ നടത്തുന്നു എന്ന്. അതേപ്പറ്റി നമ്മൾ സീരിയസ്സായി കാണണം. ഇവിടെയുള്ള യുവജന സംഘടനകൾ രാഷ്ട്രീയ പ്രസ്ഥാനത്തിൽ മതതീവ്രവാദ സംഘടനകളുടെ പ്രവർത്തകരെ നുഴഞ്ഞു കയറാൻ അനുവദിക്കുന്നു എന്നത് ഒരു യാഥാർത്ഥ്യമാണ്. അത് കണ്ടെത്തി അതിന് പരിഹാരം കണ്ട് മേലിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതെ മുന്നോട്ടുപോകാൻ ശ്രമിക്കണം. ഇവിടെ പലരും അന്നത്തെ മുഖ്യമന്ത്രി ശ്രീ. എ.കെ. ആന്റണിയെപ്പറ്റി വിമർശനം നടത്തി. അദ്ദേഹത്തെ കുറ്റക്കാരനാക്കുന്ന ഒരു പരാമർശവും ഇതിൽ കണ്ടതായി തോന്നുന്നില്ല. കാരണം ഞാൻ അദ്ദേഹത്തോടൊപ്പം അടുത്ത് പെരുമാറുകയും പൊതുരംഗത്ത് പ്രവർത്തിക്കുകയും മന്ത്രിസഭയിൽ ഇരിക്കുകയും ചെയ്തതാണ്. മാറാട് ഒന്നാം കലാപത്തിലും രണ്ടാം കലാപത്തിലും അദ്ദേഹം എടുത്ത നിലപാടുകൾ വളരെ വ്യക്തിപരമായി അടുത്തുനിന്ന് കണ്ട ആൾ എന്ന നിലയിൽ സ്നേഹപൂർവ്വം മതസൗഹാർദ്ദം നിലനിൽക്കുന്ന തരത്തിൽ, ഒരു തരത്തിലുള്ള കലാപവും ഉണ്ടാകാത്ത വിധത്തിൽ ചെയ്യാവുന്നതെല്ലാം കഴിവിന്റെ പരമാവധി ശ്രമിച്ച ഒരു സംശുദ്ധ രാഷ്ട്രീയത്തിന്റെ പ്രതീകമാണ് ശ്രീ. എ.കെ. ആന്റണി എന്ന് ആർക്കും സംശയമില്ല. അതുപോലെ മുസ്ളീം ലീഗിനെപ്പറ്റി വിമർശനമുണ്ടായി. ഞാൻ മുസ്ലീം ലീഗ് അംഗമല്ല. യു.ഡി.എഫ്.നോ മുസ്ലീം ലീഗിനോ ഞങ്ങൾക്കാർക്കും തന്നെ സി.ബി.ഐ. അന്വേഷണത്തെ ഭയമില്ലെന്ന് എല്ലാ അംഗങ്ങളും മനസ്സിലാക്കണം. മുസ്ലീം ലീഗിനെപ്പറ്റി പറഞ്ഞു. ബാബറി മസ്ജിദ് തകർത്ത സംഭവത്തിൽ ലോകത്തിലെ മുഴുവൻ ന്യൂനപക്ഷങ്ങളും വേദിച്ച സമയത്ത് മതസൗഹാർദ്ദം നിലനിർത്താനും അവരോട് സംയമനം പാലിക്കണമെന്നും ബഹുമാനപ്പെട്ട പാണക്കാട് ഷിഹാബ് തങ്ങൾ ആവശ്യപ്പെടുകയുണ്ടായി. എന്നാൽ എൽ.ഡി.എഫ്. കൊണ്ടുനടക്കുന്ന ഒരു ന്യൂനപക്ഷനേതാവ് പറഞ്ഞു മുസ്ലീം ലീഗുകാരോടൊപ്പം നിന്ന് സമവായത്തിന്റേയും സഹിഷ്ണുതയുടേയും പാട്ടുപാടുന്നതവസാനിപ്പിച്ച് അവരെ തീവ്രവാദത്തിന്റെ വഴിയിലേയ്ക്ക് കൊണ്ടുപോകുമെന്ന്. അങ്ങനെ പറഞ്ഞയാളെ മഹാത്മാഗാന്ധിയോട് ഉപമിച്ച പലരും മറുവശത്തിരിപ്പുണ്ട്. അത് നമ്മൾ മറക്കരുത്. ഇത്തരം പ്രോൽസാഹനങ്ങൾ ഈ രാജ്യത്തിന് ചേർന്നതല്ല. യുവജന സംഘടനകളിലും

LIBRARY ARCHIVES Kerala Legislative Assembly

രാഷ്ട്രീയ സംഘടനകളിലും ഇത്തരം തീവ്രവാദപ്രവർത്തകർ നുഴഞ്ഞുകയറിയിട്ടുണ്ടോയെന്ന് ഒരു ആത്മപരിശോധന നടത്താൻ ഭരണ-പ്രതിപക്ഷനേതാക്കൾ ശ്രമിക്കണം...............(ബഹളം)........ അതിന്പരിഹാരം കാണാൻ ശ്രമിക്കുക, മേലിൽ ഇതാവർത്തിക്കാതിരിക്കാൻ ശ്രമിക്കുക. അതുപോലെ ഒരു അപേക്ഷ കൂടി .............

മി.സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: ദൈവനാമത്തിൽ സത്യപ്രതിജ്ഞ ചെയ്തുവന്ന എം.എൽ.എ.എന്ന നിലയിൽ ബഹുമാനപ്പെട്ട എന്റെ സ്നേഹിതൻ ശ്രീ. പി. ജയരാജൻ അദ്ദേഹത്തിന്റെ പ്രസംഗത്തിനിടയിൽ സഭയിൽ നടത്തിയ പരാമർശം രേഖയിൽ നിന്ന് മാറ്റണം എന്നുകൂടി അഭ്യർത്ഥിക്കുകയാണ്.

ശ്രീ. എ. കെ. ശശീന്ദ്രൻ: കേരളത്തിൽ ഇതിനുമുമ്പ് ഇങ്ങനെയൊരു ചർച്ച സഭ നടത്തിയത് വിതയത്തിൽ കമ്മീഷന്റെ റിപ്പോർട്ടിനെക്കുറിച്ചാണ്. പക്ഷേ അന്നത്തെ ആ ചർച്ചയിൽനിന്നും ഭിന്നമായി ഇന്ന് ഈ റിപ്പോർട്ട് നാം ചർച്ച ചെയ്യുന്നത് സർക്കാർ അതിശക്തമായ നടപടികൾ സ്വീകരിച്ചതിനെത്തുടർന്നാണ്. സർക്കാരിന്റെ ഈ നിലപാടിനെ അഭിനന്ദിച്ചുകൊണ്ട്, ഈ നിലപാടുകൾ തുടരേണ്ടതാണ് എന്നായിരുന്നു പ്രതിപക്ഷം ഇവിടെ നിർദ്ദേശം സമർപ്പിക്കേണ്ടിയിരുന്നത്. അങ്ങനെയാണെങ്കിൽ മാത്രമേ മാറാട് സംഭവങ്ങൾ ആവർത്തിക്കാതിരിക്കുകയുള്ളൂ. അതിനുള്ള സൗമനസ്യം ഇവിടെ കാണാത്തതിലുള്ള ദു:ഖം ഞാനിവിടെ രേഖപ്പെടുത്തുകയാണ്. ഇവിടെ ഭരണനേതൃത്വത്തെ വെള്ള പൂശാൻ ഇന്നത്തെ പ്രതിപക്ഷം ശ്രമിക്കുന്നത് സ്വാഭാവികമാണ്. പക്ഷേ ശ്രീ. ആര്യാടൻ മുഹമ്മദ് തന്നെ വിഷയം അവതരിപ്പിച്ചുകൊണ്ട് ഏറ്റവും ശക്തമായി ശ്രീ. എ. കെ. ആന്റണിയെ വിമർശിച്ചു. അദ്ദേഹം പറഞ്ഞു രണ്ടാം കലാപത്തിനുശേഷം ഒന്നും തന്നെ സംഭവിച്ചില്ല. അതിന്റെ അർത്ഥം എന്താണ്? ഒന്നാം കലാപത്തിനുശേഷം ഒന്നും ചെയ്യാതിരുന്നതുകൊണ്ടാണ് ഇതെല്ലാം സംഭവിച്ചതെന്നാണ്. അപ്പോൾ അദ്ദേഹം തന്നെ സമ്മതിച്ച കാര്യത്തിൽ പിന്നെ നമ്മൾ തർക്കിക്കാൻ പോണോ? അതിന്റെ കാര്യമില്ല. പിന്നെ അദ്ദേഹത്തെ ശ്രീ. പി. ജയരാജന് നന്നായി അറിയാത്തതുകൊണ്ടാണ്. അദ്ദേഹം ആരെക്കുറിച്ചാണോ നല്ലതു പറയുന്നത് അതിന് നേരെ എതിരാണെന്ന് അനുഭവത്തിൽ നിന്നും അറിയുന്ന ആളാണല്ലോ ഞാൻ. അതുകൊണ്ട് ശ്രീ. ആര്യാടൻ മുഹമ്മദ് നല്ല സർട്ടിഫിക്കറ്റ് തന്നു. ശ്രീ. എ. കെ. ആന്റണിയെക്കുറിച്ച് വളരെ മോശമായ പരാമർശം നടത്തി. ഇവിടെയിരിക്കുന്നവർക്കുമറിയാം. അദ്ദേഹം എങ്ങനെയാണ് പറയുകയെന്ന്. ഞാനതിലേയ്ക്ക് പോകുന്നില്ല. ഇവിടെ രണ്ട് കാര്യങ്ങൾ നമ്മൾ ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. ഒന്ന് ഇതുപോലുള്ള വർഗ്ഗീയകലാപങ്ങൾ ആവർത്തിക്കാൻ പാടുണ്ടോ? കമ്മീഷൻ പറഞ്ഞു എല്ലാവരും ആത്മപരിശോധന നടത്തണമെന്ന്. അതാണ് ഇവിടെ വേണ്ടത്. ആത്മപരിശോധന നടത്തി വർഗ്ഗീയതയെ താലോലിക്കുന്ന നിലപാടുകൾ സ്വീകരിക്കുന്നതിൽ നിന്നും പിന്തിരിയുമോ? അതാണ് ഞാൻ ഉന്നയിക്കുന്ന പ്രശ്നം. പിന്തിരിയേണ്ടതല്ലേയെന്ന ചോദ്യം ഞാൻ എല്ലാപേരുടെയും മനസ്സിന്റെ മുമ്പിൽ ഉന്നയിക്കുന്നു. രണ്ടാമത്തെ

LIBRARY ARCHIVES Kerala Legislative Assembly

കാര്യം കമ്മീഷൻ പറഞ്ഞു എന്നോടാരും പരിഭവിക്കരുതെന്ന്. ഞാനത് വായിച്ചപ്പോൾ കിട്ടിയതാണ്. അദ്ദേഹം തന്നെ പറഞ്ഞു കേരളത്തിൽ അസാധാരണമാംവിധം ഒരു പ്രതിഭാസം ഉണ്ടാകും. അതാണ് യു.ഡി.എഫ്. കേരളം ഭരിക്കുമ്പോഴെല്ലാം വർഗ്ഗീയകലാപങ്ങളും ഉണ്ടാകുന്നത്...........

മി.സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. എ. കെ. ശശീന്ദ്രൻ: ഇതെങ്ങനെ സംഭവിക്കുന്നുയെന്ന കാര്യം യു.ഡി.എഫ്. നല്ലപോലെ ആത്മപരിശോധന നടത്തുകയും ആ നിലപാടിൽനിന്നും അവർ തിരിയുകയും ചെയ്യണം. ആ നിലപാട് മാറ്റിയാൽ മാറാട് സംഭവങ്ങൾ ഉണ്ടാകുകയില്ല. കേരളം നാം ആഗ്രഹിക്കുന്ന പോലെ ഒരു മതേതര കേരളമായി ഉയർത്തിക്കാണിക്കാൻ നമുക്കു കഴിയും. അതിനുള്ള വിശാലമന:സ്ഥിതി വർഗ്ഗീയതയെ താലോലിക്കുന്നവർ കാണിക്കണമെന്നു മാത്രം ഞാൻ ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കുന്നു.

ശ്രീ. കെ. ടി. ജലീൽ: വളരെയേറെ സങ്കീർണ്ണതകളും വൈവിദ്ധ്യങ്ങളും നിലനിൽക്കുന്ന ഒരു രാജ്യമാണ് നമ്മുടേത്. മതാടിസ്ഥാനത്തിൽ ഒരു വിഭജനത്തിന് നമ്മുടെ രാജ്യം സാക്ഷിയാവുകയും ചെയ്തു. പാകിസ്ഥാനിലേയ്ക്ക് ഒരു കൂട്ടം ആളുകൾ പോയി. മഹാഭൂരിപക്ഷം വരുന്ന മുസ്ലീങ്ങൾ ഇന്ത്യയിൽ താമസിക്കാനാണ് ആഗ്രഹിച്ചത്. ഒരു ബഹുമതസമൂഹത്തിൽ എങ്ങനെയാണ് ഒരു വിശ്വാസി ജീവിക്കേണ്ടതെന്ന് നമ്മെ മഹാത്മാഗാന്ധി പഠിപ്പിച്ചിട്ടുണ്ട്. സ്വാതന്ത്ര്യത്തിനു തൊട്ടുമുമ്പ് ദേശീയപ്രസ്ഥാനത്തിന്റെ സിരാകേന്ദ്രമായിരുന്ന കൽക്കട്ടയിൽ വർഗ്ഗീയ കലാപം ആരംഭിച്ചിരിക്കുന്നുവെന്ന വാർത്തയറിഞ്ഞ് മഹാത്മാഗാന്ധി അങ്ങോട്ട് കുതിച്ചു. അദ്ദേഹം കൽക്കട്ടയിലെത്തിയ വിവരമറിഞ്ഞ് ബംഗാളിലെ മുൻപ്രധാനമന്ത്രിയും അവിടത്തെ മുസ്ലീങ്ങളുടെ സമാദരണീയനായ നേതാവുമായിരുന്ന സുഹർവർധി ഗാന്ധിജിയെ വന്നു കാണുകയുണ്ടായി. ഗാന്ധിജിയോട് അദ്ദേഹം പറഞ്ഞു: "അങ്ങേയ്ക്ക് മാത്രമേ കൽക്കട്ടയെ പഴയ അവസ്ഥയിലേയ്ക്ക് തിരിച്ചുകൊണ്ടുപോകാനാകൂ. അതുകൊണ്ട് അങ്ങിവിടെ കുറച്ചു ദിവസം താമസിക്കാൻ തയ്യാറാവണം". ഇതുകേട്ട ഗാന്ധിജി സുഹർവർധിയോട് പ്രതികരിച്ചത് ഇങ്ങനെയാണ് "അങ്ങും എന്റെ കൂടെ താമസിക്കാൻ ഒരുക്കമാണെങ്കിൽ എത്ര ദിവസം വേണമെങ്കിലും കൽക്കട്ടയിൽ ചെലവഴിക്കാൻ ഞാൻ ഒരുക്കമാണ്". അങ്ങനെ ഗാന്ധിജിയും സുഹർവർധിയും ഒരുമിച്ച് കൽക്കട്ടയെ പഴയ അവസ്ഥയിലേയ്ക്ക് തിരിച്ചുകൊണ്ടുപോകാൻ ശ്രമിച്ചപ്പോൾ വർഗ്ഗീയ ഭ്രാന്തന്മാരും വിഭാഗീയവാദികളും കൽക്കട്ടയുടെ നഗരപ്രാന്തപ്രദേശങ്ങളിൽ നിന്ന് മണിക്കൂറുകൾക്കകം ഉൾവലിഞ്ഞു. കൽക്കട്ട പഴയ അവസ്ഥയിലേയ്ക്ക് തിരിച്ചു പോയി. ഈ സംഭവം മുൻനിർത്തി മൗണ്ട് ബാറ്റൺ പ്രഭു ഗാന്ധിജിയെ പ്രശംസിച്ചുകൊണ്ടു പറഞ്ഞു: "അൻപതിനായിരത്തോളം വരുന്ന ബ്രിട്ടീഷ് പട്ടാളത്തിന് പഞ്ചാബിൽ സാധ്യമാകാത്തതാണ് ഗാന്ധിജിയെന്നു പറയുന്ന ഒരു മനുഷ്യന്റെ ഇച്ഛാശക്തികൊണ്ട് കൽക്കട്ടയിൽ സാധിച്ചിരിക്കുന്നത്" എന്ന്. അതിന് ഗാന്ധിജി പ്രത്യുത്തരമായി പറഞ്ഞത്, "അങ്ങയുടെ പ്രശംസാവചനങ്ങൾ ഞാൻ മുഖവിലയ്ക്കെടുക്കുകയില്ല. എന്നെപ്പോലെതന്നെ കൽക്കട്ടയെ പഴയ അവസ്ഥയിലേയ്ക്ക് തിരിച്ചു കൊണ്ടുവരാൻ എന്റെ മുസ്ലീം സ്നേഹിതനായ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സുഹർവർധിയും അക്ഷീണം-പരിശ്രമിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ പരിശ്രമങ്ങളെക്കുറിച്ചും അങ്ങ് പ്രശംസിച്ച് പറഞ്ഞാൽമാത്രമേ അങ്ങയുടെ എന്നെക്കുറിച്ചുള്ള നല്ല വാക്കുകൾ ഞാൻ അംഗീകരിക്കുകയുള്ളു" എന്ന് പറഞ്ഞ മഹാത്മാഗാന്ധി ഒരു ബഹുമത സമൂഹത്തിൽ എങ്ങനെയാണ് വ്യത്യസ്ത മതവിഭാഗക്കാർ വിശ്വസിച്ചുകൊണ്ടും വിശ്വാസം അർപ്പിച്ചുകൊണ്ടും ജീവിക്കേണ്ടതെന്ന് നമ്മെ പഠിപ്പിക്കുകയായിരുന്നു. വിഭജനത്തിന്റെ തൊട്ടുപുറകെ രാജ്യം മുഴുവൻ കലാപകലുഷിതമായപ്പോഴും കേരളം വർഗ്ഗീയകലാപങ്ങളിൽ നിന്ന് അകന്നുനിന്നു. സ്വാതന്ത്ര്യത്തിനുശേഷം 1954-ൽ മാറാടിനു തൊട്ടടുത്തുള്ള നടുവട്ടത്ത് ഒരു പോലീസ് വെടിവയ്പ്പ് നടന്നു. തമ്പി മുതലാളിയും ധനാഢ്യനായിരുന്ന അഹമ്മദ് കുട്ടി ഹാജിയും രണ്ടു ചേരികളിലായി നിലകൊണ്ടു. ഹിന്ദുക്കളും മുസ്ലീങ്ങളും രണ്ടായി പിരിഞ്ഞു. പള്ളിയിലേയ്ക്ക് പോലീസ് വെടിവച്ചു. മൂന്നു മുസ്ലീമുകളാണ് അന്ന് വെടിവെയ്പിൽ മരണപ്പെട്ടത്. രാജ്യത്ത് വർഗ്ഗീയ കലാപം കൊടുമ്പിരി കൊണ്ടപ്പോഴും സമാധാനപൂർണ്ണമായി നിലകൊണ്ട കേരളം വിഭാഗീയ ചേരിതിരിവുകൾക്ക് സ്വാതന്ത്ര്യത്തിനുശേഷം ആദ്യമായി സാക്ഷ്യം വഹിക്കുന്നത് അന്നായിരുന്നു. അതിനുശേഷം 2002-ൽ മാറാട് കടപ്പുറത്ത് ആദ്യത്തെ കലാപമരങ്ങേറി. 5 പേരാണ് അതിൽ വധിക്കപ്പെട്ടത്. ആ കലാപത്തിൽ തക്ക സമയത്ത് സർക്കാർ ഇടപെടുകയും കുറ്റവാളികളെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവന്ന് ശിക്ഷിക്കാൻ തയ്യാറാവുകയും ചെയ്തിരുന്നുവെങ്കിൽ രണ്ടാം മാറാട് കലാപം ഉണ്ടാകുമായിരുന്നില്ലെന്ന് അന്വേഷണ കമ്മീഷൻ റിപ്പോർട്ടിൽ വളരെ വ്യക്തമായി സൂചിപ്പിച്ചത് ഞാൻ സാന്ദർഭികമായി ഓർക്കുകയാണ്. 2003-ൽ എല്ലാവരേയും ഞെട്ടിച്ചുകൊണ്ട് 9 മനുഷ്യജീവൻ മാറാട് കടപ്പുറത്തിൽ വീണ്ടും വീഴുകയുണ്ടായി. 8 ആമ്പുലൻസുകളിൽ 8 മൃതദേഹങ്ങൾ കോഴിക്കോട് മെഡിക്കൽകോളേജിൽ നിന്നും മാറാട് കടപ്പുറത്തേയ്ക്ക് കൊണ്ടുവരുന്ന കാഴ്ച നമ്മുടെ സാമൂഹിക അന്തരീക്ഷത്തെ കലുഷിതമാക്കുകയും വിഭാഗീയ ചേരിതിരിവുകൾ സൃഷ്ടിക്കുകയും ചെയ്തുവെന്നുള്ളത് ആർക്കും നിഷേധിക്കാൻ കഴിയുകയില്ല. കേരളീയ പൊതുസമൂഹത്തോട് വിശിഷ്യാ ഹൈന്ദവ സമൂഹത്തോട് ഇതിന്റെ പിന്നിൽ പ്രവർത്തിച്ചവർ ഞാൻ കൂടി ഉൾക്കൊള്ളുന്ന വിഭാഗത്തിൽപ്പെടുന്നുവെന്നുള്ളതിന്റെ പേരിൽ സമാധാനം ആഗ്രഹിക്കുന്ന മുഴുവൻ മുസ്ലീങ്ങൾക്കും വേണ്ടി ഞാൻ ക്ഷമാപണം നടത്തുകയാണ്, അവരോട് ഞാൻ മാപ്പ് ചോദിക്കുകയാണ്. ഇതേ തുടർന്ന് മാറാട് കടപ്പുറത്ത് നിന്നും മുഴുവൻ മുസ്ലീങ്ങളേയും അടിച്ചോടിച്ചു. ലക്ഷക്കണക്കിന് രൂപയുടെ സമ്പത്ത് കൊള്ളയടിക്കപ്പെടുകയോ, തകർക്കപ്പെടുകയോ ചെയ്തു. കലാപാനന്തരം രൂപവത്കരിച്ച അന്വേഷണ കമ്മിഷന്റെ പരിധിയിൽ എന്തൊക്കെ വരണമെന്ന് തീരുമാനിക്കാനുള്ള അധികാരം അന്നത്തെ UDF സർക്കാരിനായിരുന്നു. രണ്ടാം മാറാട് കലാപത്തെക്കുറിച്ച് മാത്രം അന്വേഷിക്കാനാണ് സർക്കാർ തീരുമാനിച്ചത്. ഒന്നാം മാറാട് കലാപത്തിന് ഉത്തരവാദി ആരാണെന്നുള്ള കാര്യവും, രണ്ടാം മാറാട് കലാപത്തിനുശേഷം നിരവധി മുസ്ലീങ്ങളെ അടിച്ചോടിച്ച സംഭവവും അതേത്തുടർന്ന് നടന്ന ലക്ഷക്കണക്കിന് രൂപയുടെ സമ്പത്ത് കൊള്ളയടിക്കപ്പെട്ട സാഹചര്യവും അന്വേഷണ കമ്മിഷന്റെ പരിധിയിൽ കൊണ്ടുവന്നിരുന്നെങ്കിൽ മാറാട് കലാപത്തിന് പിന്നാമ്പുറങ്ങൾ ഉണ്ടാകുമായിരുന്നില്ല. ജോസഫ് കമ്മീഷൻ റിപ്പോർട്ട് ഏകപക്ഷീയവുമായിരുന്നില്ല. പിന്നീട് എന്തൊക്കെ നടന്നുവെന്ന് നമുക്കറിയാം

137 പേരെയാണ് ഇതുമായി ബന്ധപ്പെട്ട് ജയിലിൽ അടച്ചത്. ഈ 137 പേർക്ക് ഇതുവരെ ജാമ്യം പോലും ലഭ്യമാക്കിയിട്ടില്ല. ഇതേത്തുടർന്ന് ജീവിതം തന്നെ തുലയ്ക്കപ്പെട്ട നിരവധി കുടുംബങ്ങൾക്ക് നഷ്ടപരിഹാരം കൊടുക്കാൻ പോലും കഴിഞ്ഞ സർക്കാർ തയ്യാറായില്ല. അവിടെ കഷ്ടനഷ്ടങ്ങൾക്ക് വിധേയരായവർക്ക് നഷ്ടം എന്താണെന്ന് കണക്കാക്കി സഹായം നൽകാൻ ഗവൺമെന്റ് തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഈ കലാപത്തിൽ ആർക്കൊക്കെയാണ് പങ്ക് എന്ന് ഞാൻ ഇവിടെ സവിസ്തരം പറയുന്നില്ല. വീക്ഷണം പത്രത്തിന്റെ മുഖപ്രസംഗം മാത്രം ഞാൻ വായിക്കാം. " മാറാട് സംഭവത്തെക്കുറിച്ചുള്ള അന്വേഷണ റിപ്പോർട്ട് പുറത്തു കൊണ്ടുവന്നിരിക്കുന്നത് എന്താണ്, ഇന്ന് ഇൻഡ്യയിലും കേരളത്തിലും പ്രവർത്തിക്കുന്ന വിവിധ രാഷ്ട്രീയ പാർട്ടികളിൽ മതേതരം, ജനാധിപത്യം, സമാധാനം ഇക്കാര്യങ്ങളിൽ ഗൗരവപൂർണ്ണമായ വിശ്വാസം ഉറപ്പിക്കുന്ന ഒരേ ഒരു പാർട്ടി കോൺഗ്രസ് മാത്രമാണ് എന്ന് തന്നെയല്ലേ? ഒട്ടനവധി രാഷ്ട്രീയ പാർട്ടികളുടെ കുറ്റകരമായ പങ്കാളിത്തം റിപ്പോർട്ടിൽ എടുത്തുപറയുമ്പോഴും ഒരു സാധാരണ കോൺഗ്രസ് പ്രവർത്തകന്റെയോ നേതാവിന്റെയോ കലാപശ്രമം റിപ്പോർട്ടിൽ വന്നിട്ടില്ല. ഇത് കോൺഗ്രസ് പാർട്ടിക്ക് അഭിമാനം പകരുന്ന കാര്യമാണ്". ഇതിന്റെ പച്ച മലയാളത്തിലുള്ള അർത്ഥം മുസ്ലിം ലീഗിന് മാറാട് കലാപത്തിൽ പങ്കുണ്ടായിരുന്നു. എന്നു തന്നെയല്ലേ? മുസ്ലിം ലീഗിനെ പ്രതിക്കൂട്ടിലാക്കുന്നത് സി.പി.ഐ.(എം) അല്ല, കോൺഗ്രസ് മുഖപത്രമായ വീക്ഷണം തന്നെയാണ്. രാജ്യത്തിന്റെ ചരിത്രത്തിൽ ഇന്നുവരെ ഒരു കലാപവുമായി ബന്ധപ്പെട്ട് മുസ്ലിം ലീഗിന്റെ പേര് പരാമർശിച്ചിട്ടില്ല. മാറാട് കലാപവുമായി ബന്ധപ്പെട്ട റിപ്പോർട്ടിൽ മുസ്ലിംലീഗിന്റെ പേര് പരാമർശിച്ചിട്ടുണ്ടെന്നുള്ളത് ലീഗിന്റെ ക്രെഡിബിലിറ്റിയ്ക്ക് വലിയ ആഘാതമാണ് ഏൽപ്പിച്ചിരിക്കുന്നത്. മുൻ മുഖ്യമന്ത്രി ബഹുമാന്യനായ എ. കെ. ആന്റണിയെ സംബന്ധിച്ച് പലരും നല്ല അഭിപ്രായം ആണ് ഇവിടെ പറഞ്ഞുകേട്ടത്. ഞാനും അതിനോട് ഏറെക്കുറെ യോജിക്കുന്നു. ശ്രീ. ആന്റണി ലളിത ജീവിതം നയിക്കുന്ന ആളാണ്. അഴിമതി മുക്തനുമാണ്, തർക്കമില്ല പക്ഷേ ആന്റണിയുടെ ഏറ്റവും വലിയ അയോഗ്യത ആന്റണി ഒരു കാലത്തും ആർ.എസ്.എസ്.-നേയും ഹിന്ദു ഫാസിസത്തെയും വിമർശിച്ച് ഒരക്ഷരം പോലും പറഞ്ഞിട്ടില്ല എന്നതാണ്. ലളിത ജീവിതം നയിക്കുന്നത് വർത്തമാന കാലത്ത് ഒരു രാഷ്ട്രീയ പ്രവർത്തകന്റെ ഔന്നത്യത്തിന്റെ ഏകമാനദണ്ഡമല്ല അതിന് അപ്പുറം സാമ്രാജ്യത്വത്തോടും ഫാസിസത്തോടും ഒരു പൊതുപ്രവർത്തകൻ സ്വീകരിക്കുന്ന നിലപാടിനെ അടിസ്ഥാനമാക്കി മാത്രമേ ഒരു പൊതുപ്രവർത്തകന്റെ ഔന്നത്യം അളക്കുവാൻ കഴിയൂ. അങ്ങനെയെങ്കിൽ ശ്രീ. ആന്റണിക്ക് ആ ഔന്നത്യം അവകാശപ്പെടാൻ കഴിയില്ല എന്ന അഭിപ്രായമാണ് എനിക്കുള്ളത്. മാറാട് കലാപത്തിന്റെ മുറിവുകൾ ഉണക്കാനാവണം നമ്മുടെ ഓരോ നിരീക്ഷണവും എന്ന വിനീതമായ അഭിപ്രായം രേഖപ്പെടുത്തിക്കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. പി. സി. ജോർജ് : സർ, ഞാൻ ഈ ചർച്ചയേ ആവശ്യമില്ല എന്ന് അങ്ങയോട് നേരത്തെ പറഞ്ഞ കാര്യം അങ്ങേയ്ക്ക് ഓർമ്മയുണ്ടാവും. എന്റെ അഭിപ്രായം ഇപ്പോഴും അതുതന്നെയാണ്. ചർച്ച ആരംഭിച്ച ശ്രീ. ആര്യാടൻ മുഹമ്മദ് ഇവിടെയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഈ ചർച്ച ഈ നിമിഷം വരെ എത്തിയപ്പോൾ അദ്ദേഹത്തിന് ഇത് വേണ്ടായിരുന്നു എന്ന് തോന്നിക്കാണും. ബഹുമാനപ്പെട്ട ആന്റണിക്കും എന്റെ തൊട്ട് ഇടതുവശത്തിരിക്കുന്ന ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളിയ്ക്കും അവരുടെ സ്വാഭാവത്തിനു ചേരുന്ന ഒരു റിപ്പാർട്ടാണ് ഈ കമ്മീഷൻ നൽകിയിട്ടുള്ളത് എന്നാണ് എനിക്ക് തോന്നിയിട്ടുള്ളത്. ആരെയൊക്കെ തോണ്ടിയിട്ടുണ്ടോ അവരെയൊക്കെ തലോടിയിട്ടുമുണ്ട് അതാണ് എനിക്ക് ഈ റിപ്പോർട്ടിനെപ്പറ്റിയുള്ള അഭിപ്രായം. ബഹുമാനപ്പെട്ട ആര്യാടൻ സൂചിപ്പിച്ചതുപോലെ കേരളത്തിലെ മുഴുവൻ രാഷ്ട്രീയ പാർട്ടികളും സി.ബി.ഐ. അന്വേഷണം വേണ്ടെന്നു പറഞ്ഞു. ബി. ജെ. പി. മാത്രമാണ് അതിന് അനുകൂലമായി ആവശ്യപ്പെട്ടത്. സി.പി.ഐ.(എം) സംസ്ഥാന സെക്രട്ടറി അന്വേഷണം വേണ്ട എന്നു പറഞ്ഞു. ആ കാലഘട്ടത്തിന്റെ പ്രത്യേകത അന്ന് കേന്ദ്രം ഭരിച്ചിരുന്നത് ബി.ജെ.പി. ആയിരുന്നു. കേന്ദ്രത്തിൽ ബി.ജെ.പി. ഭരിക്കുമ്പോൾ സി. ബി. ഐ. അന്വേഷണത്തിന് തയ്യാറാകില്ല എന്ന നിലപാടാണ് നിങ്ങൾ സ്വീകരിച്ചത്. ഇടതുപക്ഷവും സ്വീകരിച്ചു എന്നുള്ളത് സത്യമാണ്. സത്യം എന്തിന് ഒളിച്ചുവയ്ക്കുന്നു? പക്ഷേ ഇപ്പോൾ കോൺഗ്രസ് ഗവൺമെന്റ് ആണെങ്കിൽപ്പോലും, സി. ബി. ഐ. അന്വേഷണം നീതിപൂർവ്വകമായിരിക്കുമെന്ന വിശ്വാസമുള്ളതുകൊണ്ടാണ് കമ്മീഷൻ റിപ്പാർട്ടിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് സി. ബി. ഐ. എൻക്വയറിക്ക് തയ്യാറായിരിക്കുന്നു എന്ന കാര്യം പറയേണ്ടതില്ല. വസ്തുതകൾ ഒളിച്ചുവച്ചതുകൊണ്ട് കാര്യമില്ല. തുറന്നു പറയാനുള്ള തന്റേടം പ്രകടിപ്പിക്കണം. രാഷ്ട്രീയത്തിനപ്പുറത്ത് കണ്ടുകൊണ്ടാണ് ഞാൻ പറയുന്നത്, ഇവിടെ മ്അദനി സാഹിബ് 8 കൊല്ലമായി ജയിലിൽ കിടക്കുകയാണ്. ന്യൂനപക്ഷ സമുദായത്തിന്റെ മാത്രമല്ല ഒരു മാതിരി മനസ്സാക്ഷിയുള്ള, ഇൻഡ്യൻ ഭരണഘടനയെ ബഹുമാനിക്കുന്ന ജനങ്ങൾ മുഴുവനും അതിൽ അപാകത കാണുന്നുണ്ട്. സ്വാഭാവികമായി ഉത്ക്കണ്ഠയുണ്ടാകും. ആ മതവിഭാഗത്തിൽ അദ്ദേഹത്തെ ബഹുമാനിക്കുന്നവരുടെ മാനസിക വികാരം എന്താണെന്ന് മനസ്സിലാക്കാതെ പോയിട്ട് കാര്യമില്ല. അതുകൂടി ചിന്തിക്കേണ്ട, കാര്യമാണ്. മാറാട് ഒന്നാം കലാപത്തിൽ അഞ്ച് മനുഷ്യ ജീവനുകൾ പോയി. അഞ്ചു മനുഷ്യജീവനുകൾ നഷ്ടപ്പെട്ട സാഹചര്യത്തിൽ ശക്തമായ നടപടികൾ, രണ്ടാം മാറാട് കലാപത്തിനുശേഷം സ്വീകരിച്ചതുപോലെ സ്വീകരിക്കാൻ അന്നത്തെ ഗവൺമെന്റ് തയ്യാറായിരുന്നുവെങ്കിൽ രണ്ടാം കലാപമുണ്ടാകില്ലായിരുന്നു എന്ന സത്യം നമ്മുടെ മുൻപിലുണ്ട്. അതുകൊണ്ട് ഇനിയെങ്കിലും ഈ കൊച്ചു കേരളത്തിൽ ഇതുപോലെയുള്ള സംഭവവികാസങ്ങൾ ഉണ്ടാകാതിരിക്കാൻ വേണ്ടിയുള്ള മാനസിക നിലയോടുകൂടിയുള്ള പ്രവർത്തനങ്ങൾ ഉണ്ടാകണമെന്നുമാത്രം ഞാൻ സൂചിപ്പിക്കുകയാണ്.

ശ്രീ. പി. എം. എ. സലാം : സർ, 14 പേരുടെ ജീവൻ ഒരു വാർഡിൽ വച്ചാണ് നിഷ്ഠൂരമായി നശിപ്പിക്കപ്പെട്ടത്. 14 പേരുടെ രക്തം ചിന്തിയതിനുശേഷം, പിന്നിട് രക്തം ചിന്തിയില്ല എന്നാണ് വാദം. അത് വലിയ നേട്ടമായി ചൂണ്ടിക്കാണിക്കുകയാണ്. 14 പേരുടെ രക്തം ചിന്തിയതിനുശേഷം വീണ്ടും ചിന്താൻ രക്തം അവിടെ ഉണ്ടായിരുന്നില്ല എന്നതാണ് യാഥാർത്ഥ്യം. പിന്നീട് അവിടെ രക്തം ഉള്ള ആളുകൾ ഇല്ലായിരുന്നു. കാരണം കലാപത്തിനുശേഷം പള്ളിയിൽ ഒളിച്ച പ്രതികളും നിസ്ക്കരിക്കാൻ വന്നവരുമടക്കം 137 പേരെ പോലീസ് പിടിച്ചുകൊണ്ടുപോയി. ബാക്കി സ്ത്രീകളും കുട്ടികളും

LIBRARY ARCHIVES Kerala Legislative Assembly

അടക്കമുള്ള ആളുകളെ അടിച്ചോടിച്ചു. പിന്നെ എവിടെയാണ് രക്തം ചിന്താനുള്ളത് ? അതുകൊണ്ട് രക്തം ചിന്തിയില്ല. പരിക്കുപറ്റിയവരും മരിച്ചവരുടെ കുടുംബാംഗങ്ങളും പറയുന്നത് അക്രമസംഭവങ്ങളിൽ 90-ഓളം പേരയുണ്ടായിരുന്നുള്ളുവെന്നാണ്. 137 ആളുകൾ മൂന്ന് വർഷമായി ജയിലിലാണ്. ഇവിടെ ബഹുമാനപ്പെട്ട കുട്ടി അഹമ്മദ് കുട്ടി സാഹിബ് പറഞ്ഞു മുസ്ലിം ലീഗിനെ പരമാർശിക്കപ്പെട്ടതിനെക്കുറിച്ച് കഴിഞ്ഞ അര നൂറ്റാണ്ടു കാലത്തെ മഹത്തായ പാരമ്പര്യം ഉണ്ടായിരുന്നുവെന്ന്, ഞാൻ സമ്മതിക്കുന്നു. ആ അര നൂറ്റാണ്ടിനുശേഷം മുസ്ലിംലീഗിന്റെ നവനേതൃത്വം മുസ്ലിംലീഗിനെ പഴയ പാരമ്പര്യത്തിൽ നിന്ന് മാറ്റി എന്നാണ് മാറാട് സംഭവം തെളിയിക്കുന്നത്. ഇത് ആദ്യം മനസ്സിലാക്കിയത് ബഹുമാനപ്പെട്ട എ. കെ. ആന്റണിയാണ്. കലാപം ഉണ്ടായ പ്രദേശത്ത് സമാധാന ദൗത്യത്തിന് പോയപ്പോൾ മുസ്ലിം ലീഗ് നേതാക്കളെ കൂട്ടാത്തതിന്റെ കാരണം ഇതായിരുന്നു. രണ്ടാം മാറാട് കലാപം ഇല്ലാതാക്കാൻ ഒരുപാട് സന്ദർഭങ്ങൾ ഉണ്ടായിരുന്നു. അന്നത്തെ സർക്കാരിന്റെ നിരുത്തരവാദിത്വവും നിസ്സംഗതയും മാത്രമല്ല, അതുണ്ടാകണമെന്ന് ആഗ്രഹമുള്ള ചിലരെങ്കിലും ആ മന്ത്രിസഭയിൽ ഉണ്ടായിരുന്നുവെന്നതാണ് സംഭവം വ്യക്തമാക്കുന്നത്. ഇവിടെ ഇന്റലിജൻസ് റിപ്പോർട്ട് കിട്ടി എന്ന് പരാമർശിച്ചു. മുസ്ലിം ലീഗ് നേതാവും ഭരണകക്ഷിയുടെ സംസ്ഥാന നേതാവുമായ വ്യക്തിയോട് പ്രതികളെന്ന് ആരോപിക്കപ്പെടുന്ന ആളുകൾ ചെന്ന് മുൻകൂട്ടി വിവരം പറയുകയുണ്ടായി. ആ പ്രദേശത്തെ എം.എൽ.എ. രണ്ടുതവണ മുഖ്യമന്ത്രിയെ കത്ത്മൂലം കുഴപ്പം ഉണ്ടാകാൻ പോകുന്നുവെന്ന് അറിയിച്ചിരുന്നു. ഒരു നടപടി പോലും എടുത്തില്ല. പോലീസ് ഫോഴ്സിനെ കുറച്ചുകൊണ്ടുവന്നു.

അവിടെ പോലീസിന് ഒരു വാച്ച്ടവർ ഉണ്ടാക്കാൻ 6,34,000 രൂപ അനുവദിച്ചു. ഒരു നയാ പൈസപോലും കൊടുത്തില്ല, വാച്ച് ടവർ ഉണ്ടാക്കാൻ. അപ്പോൾ സ്വാഭാവികമായും അവിടെ കലാപം ഉണ്ടാകണം എന്ന് ആഗ്രഹിക്കുന്ന ചിലരെങ്കിലും കേരളത്തിൽ ഉണ്ടായിരുന്നു എന്നതാണ് വ്യക്തമാവുന്നത്. രണ്ട് സമുദായത്തിലും പെട്ട ആളുകളെ പരസ്പരം തമ്മിലടിപ്പിച്ച് ആ പ്രദേശം കലാപകലുഷിതമാക്കി, ആ പ്രദേശം ഒഴിഞ്ഞുകിട്ടണം എന്ന് ആരോ ആഗ്രഹിച്ചിരുന്നു. കേരളത്തിൽ അന്ന് പ്രവർത്തിച്ചിരുന്ന വ്യവസായ ലോബിക്ക് ഇതിൽ പങ്കുണ്ട് എന്ന് ന്യായമായും സംശയിക്കണം. ബേപ്പൂർ പോർട്ട് വികസിച്ച് വരികയും കോഴിക്കോടിന്റെ വാണിജ്യ വ്യവസായ രംഗം വളർന്നുവരികയും ചെയ്യുമ്പോൾ മാറാട് തീരത്തിന്റെ പ്രാധാന്യം വർദ്ധിക്കുന്നു. ആ തീരം കൈക്കലാക്കാൻ നമ്മൾ സിനിമകളിൽ മാത്രം കണ്ട് പരിചയപ്പെട്ട ചില സംഭവങ്ങൾ കേരളത്തിൽ ഉണ്ടാകണം, അതാണ് അവിടെ ഉണ്ടായത്. അതോടൊപ്പം തന്നെ ഇത്തരം സംഭവങ്ങൾ ഇനി ആവർത്തിക്കാൻ പാടില്ല. മുസ്ലീം ലീഗിനെ സംബന്ധിച്ചുള്ള ഒരു കാര്യം പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം, ലീഗിനെതിരെയുള്ള ഏതു ചലനങ്ങളേയും അവരുടെ നയപരിപാടികളെ എതിർക്കുന്നവരെ മുഴുവൻ ഭീകരവാദികളും തീവ്രവാദികളുമായി ആരോപിക്കൽ ലീഗിന്റെ പതിവാണ്. ഇപ്പോൾ ലീഗിന്റെ പൊയ്മുഖം അഴിഞ്ഞുവീണിരിക്കുന്നു. ഞാൻ പറയുന്നതല്ല, ശ്രീമാൻ എ.കെ. ആന്റണി ഈ നിയമസഭയിൽ പറഞ്ഞു, 137 പേരിൽ 82 പേർ മുസ്ലീം ലീഗുകാരാണ്. (ബഹളം . . . . . ബഹളം . . . )

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : പ്ലീസ്, പ്ലീസ് കൺക്ലൂഡ്, ശ്രീ. കെ. സുധാകരൻ, പ്ലീസ്, പ്ലീസ്, .............ബഹളം ..............

ശ്രീ. കെ. സുധാകരൻ: സർ, മാറാട് കലാപത്തെക്കുറിച്ചുള്ള ഈ ചർച്ചയിൽ പങ്കെടുത്ത് പലരും സംസാരിച്ചത് കമ്മീഷന്റെ കണ്ടെത്തലുകളേയോ നിഗമനങ്ങളേയോ ആധാരമാക്കിയിട്ടല്ല. ഏതു കലാപത്തിനും ഒരു ബനിഫിഷ്യറി ഉണ്ടാകും. ഏതു കലാപവും ആകട്ടെ, വംശീയ കലാപമാകട്ടെ, രാഷ്ട്രീയ കലാപമാകട്ടെ, വർഗ്ഗീയ കലാപമാകട്ടെ ഒരു ബെനിഫിഷ്യറി ഉണ്ടാകും. മാറാട് കലാപത്തിൽ ആരാണ് ഇതിന്റെ ബെനിഫിഷ്യറി ? മാറാട് കുറേക്കാലമായി വർഗ്ഗീയ സംഘർഷം നടക്കുന്ന മണ്ണാണ്. 2000-ലെ തെരഞ്ഞെടുപ്പിൽ സി.പി.ഐ. (എം.) ന്റെ ഉരുക്കുകോട്ടയായ മാറാട് 20-ാം വാർഡിൽ ലീഗിന്റെ സ്ഥാനാർത്ഥി ജയിച്ചുവന്നത് അവിടെ ഉയർന്നുവന്ന ഒരു പുതിയ ഹിന്ദു മുസ്ലീം സൗഹൃദത്തിന്റെ അന്തരീക്ഷത്തിലാണ്. സ്വാഭാവികമായും അവിടെ ആ ഹിന്ദു- മുസ്ലീം ഐക്യം തകരേണ്ടത് ആരുടെ ആവശ്യമാണ് ? അവരാണ് ഇതിലെ ബെനിഫിഷ്യറീസ്. പലരും കമ്മീഷന്റെ റിപ്പോർട്ട് ഇവിടെ ക്വാട്ട് ചെയ്തു. ഞാൻ ചോദിക്കുന്നു, കമ്മീഷൻ ഈ ചോദ്യത്തിന് ഉത്തരം കണ്ടെത്തിയിട്ടുണ്ട്. എന്താണ് കമ്മീഷൻ പറഞ്ഞിരിക്കുന്നത്, ആ കമ്മീഷൻ പറഞ്ഞിരിക്കുന്ന ഉത്തരം എന്താണ്? It was reported that.... അത് ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് വായിച്ചു. വായിച്ചത് ഞാൻ റിപ്പീറ്റ് ചെയ്യുന്നില്ല. അതിനുശേഷം കമ്മീഷൻ പറയുന്നു, the CPI(M) was not showing enthusiasm in conciliation and instead was waiting for an opportunity to precipitate issues in communally sensitive areas. തീർന്നില്ല, There is evidence to show that CPI(M) activists were involved in the incidents at Marad Beach between 31-12-2001 and 4-1-2002. 106, 107, 108, 109, 110 പേജുകളിൽ ഈ വാദമുഖം ബലപ്പെടുത്താനുള്ള ആർഗ്യുമെന്റാണ് കമ്മീഷൻ നടത്തിയിരിക്കുന്നത്. അദ്ദേഹം വളരെ striking ആയ ഒരു എക്സാംപിൾ ചൂണ്ടിക്കാണിച്ചു. എന്താണ് ആ striking example? Commission Report, പേജ് 106, 107 നിങ്ങൾക്ക് പരിശോധിക്കാം. അതിനകത്ത് മാറാട് സംഭവത്തിൽ 3-1-2002-ൽ രാത്രി 8.10 ന് പുഷ്പരാജൻ എന്നുപറയുന്ന ഒരു ആർ.എസ്.എസ്. പ്രവർത്തകനെ കൊല്ലാൻപോയ ലത്തീഫ് അറിയപ്പെടുന്ന സി.പി.ഐ. (എം.) പ്രവർത്തകനാണ്. അദ്ദേഹത്തിന്റെ നേതൃത്വത്തിലാണ് ഒരു സംഘം ആ വീട് ആക്രമിക്കാൻ പോയത്. പുഷ്പരാജനെ കണ്ടില്ല, അവിടെ 18 വയസ്സുകാരൻ ഷിൻജിത് എന്നുപറയുന്ന മരുമകൻ ഉണ്ടായിരുന്നു, ആ മരുമകനെ വെട്ടിക്കൊന്നു. ഈ പുഷ്പരാജനും ഷിൻജിത്തും മാറാട് കലാപത്തിൽ അറിഞ്ഞോ അറിയാതെയോ പങ്കെടുത്തവരല്ല. അവർക്ക് അതിൽ പങ്കാളിത്തമുണ്ടെന്ന് ഒരു മുസ്ലീം സംഘടനയും ആരോപണം ഉന്നയിച്ചിട്ടില്ല. മാറാട് കലാപത്തിൽ ഒരു പങ്കും പങ്കാളിത്തവും ഇല്ലാത്ത പുഷ്പരാജനെ കൊല്ലാൻ എന്തിന് സി.പി.ഐ. (എം.) പ്രവർത്തകനായ ലത്തീഫും സഹപ്രവർത്തകരും പോയി എന്ന് കമ്മീഷൻ ചോദിക്കുന്നു, അപ്പോൾ എന്താണ് സംഭവം? പുഷ്പരാജൻ ഒരു സി.പി.ഐ. (എം.) പ്രവർത്തകനെ കൊന്ന കേസ്സിലെ പ്രതിയാണ്. സി.പി.ഐ. (എം). പ്രവർത്തകനെ കൊന്ന കേസ്സിലെ പ്രതിയെ കൊല്ലാൻ മാറാട് കലാപം മറയാക്കി എന്നാണ് കമ്മീഷൻ പറയുന്നത്.

(.............ബഹളം..................)

LIBRARY ARCHIVES Kerala Legislative Assembly

കമ്മീഷൻ റിപ്പോർട്ട് പേജ് 107-ൽ പറയുന്നു ......therefore, strong reason to think that the CPI(M) activists were utilizing the occasion to settle scores with Pushparajan, their political adversary. ഇത്രയും വ്യക്തമായി മാറാട് കലാപത്തിന്റെ ബനിഫിഷ്യറീസ് ആരാണെന്ന് സ്വന്തം റിപ്പോർട്ടിൽ കമ്മീഷൻ കണ്ടെത്തിയിട്ട്, ഞാൻ ശ്രീ. ജയരാജനോട് ചോദിക്കുന്നു, ഈ കമ്മീഷൻ റിപ്പോർട്ട് നിങ്ങൾ പൂർണ്ണമായും സ്വീകരിക്കുന്നുണ്ടോ? എന്താണ് നിങ്ങളുടെ അഭിപ്രായം?. എന്നാൽ ഞങ്ങൾ പറയട്ടെ, നിങ്ങളുടെ സ്റ്റാന്റ് എന്താണെന്ന് നിങ്ങൾ പറഞ്ഞില്ലേ, ഞങ്ങൾക്ക് ഈ കമ്മീഷൻ റിപ്പോർട്ടിൽ മാറാടിലെ പൊളിറ്റിക്കൽ റിയാലിറ്റിയെ സംബന്ധിച്ചിടത്തോളം കമ്മീഷൻ വിലയിരുത്തിയതൊഴിച്ച് ബാക്കി ഒന്നിനോടും യോജിപ്പില്ല. ശ്രീ. ഗണേശൻ പറഞ്ഞില്ലേ ഈ കമ്മീഷൻ റിപ്പോർട്ട് അബദ്ധ ജഡിലമാണ് എന്ന്. മാറാട് പഞ്ചായത്തിലെ രാഷ്ട്രീയ സാമൂഹ്യ പശ്ചാത്തലം വിലയിരുത്തിയതൊഴിച്ചാൽ മറ്റ് ഒരു കാര്യത്തിനും നിഗമനങ്ങൾക്ക് ഊഹാപോഹങ്ങൾക്ക് സ്ഥാനം നൽകിക്കൊണ്ടുള്ള കമ്മീഷൻ റിപ്പോർട്ടിൽ ഞങ്ങൾക്ക് വിശ്വാസമില്ല. ഭാവനയ്ക്ക് ചിറകു വച്ചതുപോലെയാണ്, ഭാവനയ്ക്ക് ചിറക് വച്ച ഒരു നോവലിസ്റ്റിനെപ്പോലെയാണ് അദ്ദേഹം പല സംഭവങ്ങളും ഇതിൽ ചൂണ്ടിക്കാണിച്ചത്. എഫ്.എം.-മുമായി ....., അന്നത്തെ മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണിയുടെ വിജിലൻസ് റിപ്പോർട്ടിനെ സംബന്ധിച്ച് പറഞ്ഞയിടത്ത്,..... അദ്ദേഹം പറഞ്ഞു....... നിങ്ങൾ വളരെ പരിശോധിക്കണം, അദ്ദേഹത്തെ നിശ്ചയിച്ചിരിക്കുന്ന എൻക്വയറി കമ്മീഷന്റെ ആക്ടുപോലും ബാധകമാകാത്ത രീതിയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് നാച്ചറൽ ജസ്റ്റീസ് ഡിനൈ ചെയ്തുകൊണ്ട് അദ്ദേഹം പറയുന്നു, നമുക്കറിയാമല്ലോ, ഒരു ഇന്റലിജൻസ് റിപ്പോർട്ട്, മുഖ്യമന്ത്രിയുടെ മുമ്പിൽ എത്തുക എങ്ങനെയാണ് എന്ന്, നിരവധി സ്ക്രീനിംഗ് തലങ്ങൾ ഉണ്ട്, അവിടെയൊക്കെ നോക്കി നോക്കി അവസാനം മുഖ്യമന്ത്രിക്ക് എത്തും. മുഖ്യമന്ത്രി അത് കണ്ടു എന്ന് ഈ കമ്മീഷൻ നിഗമനത്തിൽ എത്തുമ്പോൾ മുഖ്യമന്ത്രി കണ്ടു എന്ന് അത് കൺഫേം ചെയ്യാനുള്ള ഒരു മര്യാദയെങ്കിലും കമ്മീഷൻ പാലിക്കണ്ടേ? ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ വിളിച്ചുവരുത്തണ്ടേ? ബന്ധപ്പെട്ട ഡി.ഐ.ജി. മാരേയും ഐ.ജി. മാരേയും, ഡി.ജി.പി. മാരേയും വിളിച്ചുവരുത്തണ്ടേ? ഈ കമ്മീഷൻ റിപ്പോർട്ട് മുഖ്യമന്ത്രി കണ്ടു എന്ന് ഉറപ്പാക്കണ്ടേ? അത് ഉറപ്പാക്കതെ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ അന്വേഷണ കമ്മീഷനോട് കളവു പറഞ്ഞു എന്ന രീതിയിൽ പ്രതികരിച്ചത് വാസ്തവത്തിൽ ആർക്കാണ് ന്യായീകരിക്കാൻ സാധിക്കുക എന്ന് നിങ്ങൾ പരിശോധിക്കണം. ഇത് question of law അല്ല ഇത് question of facts ആണ്. അവരെ വിളിപ്പിക്കണം, അന്വേഷിക്കണം എന്നിട്ട് ഉറപ്പു വരുത്തിയാലും Commission of Enquiry Act-ലെ Section 8(b) പ്രകാരം ബന്ധപ്പെട്ടവർക്ക് പറയാനുള്ള സന്ദർഭം കൊടുക്കണം. കമ്മീഷന് ഇവിടെ സന്ദർഭം കൊടുത്തില്ല, ഏകപക്ഷീയമായി, സന്ദർഭം കൊടുക്കാതെ കമ്മീഷൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെക്കുറിച്ച് പറഞ്ഞിരിക്കുന്നത് വളരെ വളരെ മോശമായ വാക്കാണ്. അദ്ദേഹം പറഞ്ഞു Quiet unlikely that DW1 was not aware of such a serious Report concerning two of his colleagues in the Cabinet and particularly DW1 was also in charge of Home Portfolio, or am I think that a senior Police Officer, Intelligence Head Quarters had not shown that Report to

LIBRARY ARCHIVES Kerala Legislative Assembly

DW1. ഒരു മുഖ്യമന്ത്രിയുടെ ഇന്റഗ്രിറ്റിയെ ഇങ്ങനെ ഉള്ളംകയ്യിൽ എടുത്ത് അമ്മാനമാടുന്ന ഒരു കമ്മീഷൻ റിപ്പോർട്ട് ആദ്യമാണെന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. ഒന്നുകൂടി പറയട്ടെ, ഒരു ഡി.വൈ.എസ്.പി. യെ പോസ്റ്റ് ചെയ്യുന്നതിനെക്കുറിച്ച് കമ്മീഷൻ പറയുന്നു, നിങ്ങൾ വളരെ പക്വതയോടെ ഈ കമ്മീഷൻ റിപ്പോർട്ട് വായിക്കണം. മൊത്തമായി വായിക്കണം. കമ്മ്യൂണൽ വികാരം പതഞ്ഞുപൊങ്ങുന്ന വാക്കുകളാണ് കമ്മീഷൻ ആ റിപ്പോർട്ടിൽ ഉടനീളം പരാമർശിച്ചിരിക്കുന്നത്. മാറാട് കേസ് അന്വേഷിക്കുമ്പോൾ യാതൊരു ബന്ധവുമില്ലാതെ മുസ്ലീം ചെറുപ്പക്കാർ പ്രതികളായ, കേരളത്തിന് അകത്തും പുറത്തുമുള്ള ഒരുപാട് കേസ്സുകൾ വാരിവലിച്ച് അദ്ദേഹം ചികഞ്ഞ് പരിശോധിച്ചിരിക്കുന്നു. ഈ കേസ്സുമായി ബന്ധപ്പെടുത്താൻ വല്ല പഴുതുമുണ്ടോ, വല്ല മാർഗ്ഗവും ഉണ്ടോ എന്ന് പരിശോധിച്ചുകൊണ്ടാണ് അദ്ദേഹം ഇതിനെക്കുറിച്ചൊക്കെ സംസാരിച്ചിരിക്കുന്നത്. കൂട്ടത്തിൽ ഒരു ഡിവൈ.എസ്.പി. യുടെ നിയമനത്തെക്കുറിച്ച് കമ്മീഷന്റെ പ്രതികരണം, ഡിവൈ.എസ്.പി. യുടെ നിയമനം എന്നുപറയുന്നത് ഒരു usual posting ആണ്. Usual posting ആണെന്ന് മുഖ്യമന്ത്രി പറഞ്ഞിട്ടും അത് അവിശ്വസിച്ചു, അത് അവിശ്വസിക്കാൻ കമ്മീഷനെ പ്രേരിപ്പിച്ചത് ഡി.ജി.പി. പറഞ്ഞുവത്രേ ഈ നിയമനം ഞാൻ അറിഞ്ഞിട്ടില്ല. എന്തിനാണ് ഡി.ജി.പി. അറിയുന്നത്? അവസാനം പറയുന്നു ഈ മുസൽമാനായ.........

<u>മി. സ്പീക്കർ:</u> പ്ലീസ്, പ്ലീസ് കൺക്ലൂഡ്,

<u>ശ്രീ. കെ. സുധാകരൻ:</u> അദ്ദേഹം ചോദിക്കുന്നു ........................ Who was that Muslim leader, who was that somebody and who was that......

(...,............ബഹളം.........................)

<u>മി. സ്പീക്കർ:</u> പ്ലീസ്, പ്ലീസ് കൺക്ലൂഡ്, അങ്ങ് കൂടുതൽ സമയം എടുത്തു.

<u>ശ്രീ. കെ. സുധാകരൻ :</u> ഈ കമ്മീഷന്റെ മതത്തോടുള്ള വികലമായ ഒരു കാഴ്ച്ചപ്പാടിന്റെ ആകെ തുകയാണ് ഈ കമ്മീഷൻ റിപ്പോർട്ട്.

(മൈക്ക് ഓഫ് ചെയ്തു)

<u>മി. സ്പീക്കർ :</u> പ്ലീസ്, പ്ലീസ് കൺക്ലൂഡ്, ശ്രീ. പി. വിശ്വൻ, ഇനി പറയുന്നത് ഒന്നും രേഖയിൽ ഉണ്ടാകില്ല, ശ്രീ. സുധാകരൻ ഇരിക്കണം. പ്ലീസ്, പ്ലീസ്,

(.......................ബഹളം........................)

(മൈക്ക് ഓഫ് ചെയ്തു.)

<u>ശ്രീ. പി. വിശ്വൻ :</u> സർ, കേരളത്തിലെ ജനങ്ങൾ മാത്രമല്ല, ഇൻഡ്യയിലെ തന്നെ ജനങ്ങൾ ഉറ്റുനോക്കുന്ന ഒരു വിഷയമായി ഞാൻ ഇതിനെ കാണുകയാണ്. (........ബഹളം.......) മാറാട് കമ്മീഷൻ റിപ്പോർട്ട് .....

<u>മി.സ്പീക്കർ :</u> പ്ലീസ്, പ്ലീസ്, പ്ലീസ്, ശ്രീ. സുധാകരൻ ഇരിക്കണം. പ്ലീസ്, പ്ലീസ്, പറയുന്നതൊന്നും ഇനി രേഖയിലുണ്ടാകില്ല.



LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. വിശ്വൻ: ഇവിടെ മാറാട് കമ്മീഷൻ റിപ്പോർട്ട് ബഹുമാനപ്പെട്ട ആര്യാടൻ അംഗീകരിക്കുന്നു എന്നും സർവാത്മനാ പിൻതുണയ്ക്കുന്നു എന്നും പറയുന്നു. (............ബഹളം...........)

മി. സ്പീക്കർ: ഇത് ശരിയല്ല,

ശ്രീ. പി. വിശ്വൻ: എന്റെ സമയമാണ് പോകുന്നത്.

ശ്രീ. കെ.സുധാകരൻ: ഞാൻ ചോദിക്കട്ടെ ഒരു മതത്തെ..........(.......ബഹളം........)

മി. സ്പീക്കർ: പ്ലീസ്, പ്ലീസ്,

ശ്രീ. പി. വിശ്വൻ: യു.ഡി. എഫിന്റെ നേതാവായ ശ്രീ. ആര്യാടൻ മുഹമ്മദ് ഇതിനെ അംഗീകരിക്കുകയും അതേ പാർട്ടിയുടെ മറ്റൊരു ബഹുമാനപ്പെട്ട മെമ്പർ ഇതിനെ അംഗീകരിക്കാതിരിക്കുകയും ഇനി അവസാനം ഇതിനെ തള്ളിക്കളയുകയും അവസാനമായി സംസാരിക്കാൻ പോകുന്ന നമ്മുടെ പ്രിയപ്പെട്ട പ്രതിപക്ഷനേതാവ് എന്ത് നിലപാടെടുക്കുമെന്ന് പറയാനാകില്ല. ജനങ്ങൾ ഉറ്റുനോക്കിക്കൊണ്ടിരിക്കുന്നത്, ഈ കമ്മീഷനോടുള്ള നിഗമനം എന്താണെന്നാണ്. മാറാട് ജുഡീഷ്യൽ കമ്മീഷൻ റിപ്പോർട്ട് ആക്ഷൻ ടേക്കൺ റിപ്പോർട്ട് സഹിതം നിയമസഭയിൽ വച്ച ആഭ്യന്തര വകുപ്പുമന്ത്രിയുടെ നടപടി സഭാചരിത്രത്തിൽ രജതരേഖയാണ്. ഇത് വി.എസ്. സർക്കാറിന്റെ ദൃഢതയും ഇച്ഛാശക്തിയും ജുഡീഷ്യൽ കമ്മീഷനോടുള്ള ബഹുമാനവുമാണ് കാണിക്കുന്നത്. 2003 ആഗസ്റ്റ് 23-നാണ് കമ്മീഷൻ നിയമനം ഉണ്ടായിട്ടുള്ളത്. 2006 ഫെബ്രുവരി 18-ന് റിപ്പോർട്ടുകൊടുത്തു. യു.ഡി.എഫ്. ഭരിക്കുമ്പോൾ കമ്മീഷനെ നിയമിക്കുന്നു. യു.ഡി.എഫ്. ഭരണത്തിലിരിക്കുമ്പോൾ റിപ്പോർട്ട് കൊടുക്കുന്നു. എന്നാൽ ഈ റിപ്പോർട്ടിനോടുള്ള ഈ ഗവൺമെന്റിന്റെ പ്രതിബദ്ധത നിങ്ങൾ നോക്കൂ. ഈ ഗവൺമെന്റ് കുറ്റവാളികളെ ഒരിക്കലും രക്ഷിക്കുകയില്ല എന്നുള്ള കാഴ്ചപ്പാട് മാത്രമല്ല റിപ്പോർട്ടിന്റെ ഫൈൻഡിംഗ്സിൽ വരെ ഒരു സന്ദേശമുണ്ട്. ആ സന്ദേശമെന്താണ്? സീസർക്കുള്ളത് സീസറിനും, ദൈവത്തിനുള്ളത് ദൈവത്തിനും, അതാണ് ഉജ്ജ്വലമായ മതനിരപേക്ഷതയെന്ന് പറയുന്ന വികാരം. അത് ഇതിന്റെ സന്ദേശമാണ്. അതിന്റെ ഭാഗമായിട്ടാണ് ഈ സർക്കാരും നടപടികൾ എടുക്കാൻ തീരുമാനിക്കുന്നത്. അതുപോലെ ജാതി വർഗ്ഗീയ സംഘട്ടനങ്ങളോടുള്ള വിട്ടുവീഴ്ചയില്ലാത്ത പോരാട്ടത്തിലേയ്ക്ക് കേരള ജനതയെ സഹകരിപ്പിക്കുക എന്നുള്ളത് പ്രധാനപ്പെട്ട സന്ദേശമായി ഇവിടെ നിൽക്കുകയാണ്. എനിക്ക് ചോദിക്കാനുള്ളത് എന്താണ് യു.ഡി.എഫിന്റെ സമീപനം ? ഈ കമ്മീഷനെ എങ്ങനെയാണ് നിങ്ങൾ നോക്കിക്കാണുന്നത്? കേരളത്തിൽ യു.ഡി.എഫ്. ഭരിച്ചിരുന്നകാലത്താണ് രണ്ട് കലാപങ്ങളും മാറാട് നടന്നിട്ടുള്ളത്. എന്റെ ജില്ലയിലെ പ്രധാനപ്പെട്ട ഒരു മേഖലയാണ് മാറാട്. ജില്ലയിലുണ്ടായ ഓരോ സംഭവങ്ങളും വല്ലാത്ത വികാരമാണ് രാജ്യത്തെ ജനങ്ങളിലുണ്ടാക്കിയിരുന്നത്. ഒരമ്മ പെറ്റ മക്കളെപ്പോലെ ജീവിക്കുന്നവരാണ് അവിടത്തെ ഹിന്ദുക്കളും മുസ്ലീങ്ങളും ക്രിസ്ത്യാനികളും. എന്നാൽ അതിനെ തകർക്കാനായിരുന്നു വർഗ്ഗീയശക്തികൾ അവിടെ ശ്രമിച്ചത്. ആ വർഗ്ഗീയ ശക്തികളോടുള്ള അന്നത്തെ ഗവൺമെന്റിന്റെ സമീപനത്തെ കുറിച്ചാണ് ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

ഫൈൻഡിംഗ്സിൽ പറയുന്നത്. കമ്മിഷൻ റിപ്പോർട്ടിന്റെ പേജ് 256 ഫസ്റ്റ് പാരയിൽ പറയുന്നത്, The Kozhikode District Civil Administration failed in taking timely preventive and remedial action to prevent the massacre at Marad Beach on 2-5-2003 എന്നാണ്. പോലീസിന്റെ സമീപനം എന്താണ്? ക്രമസമാധാനം കാത്തുസൂക്ഷിക്കണ്ടേ? The Kozhikode City Police Administration failed in taking all effective steps to prevent the massacre at Marad Beach...... അതുമാത്രമല്ല, വീണ്ടും പറയുകയാണ്. But, it is queit unfortunate and disturbing that the police were not able to prevent the damaging or removal of household articles or even damaging the houses at Marad. The failure/refusal of the C.B.C.I.D., Kozhikode to investigate into the larger conspirary of this activities......Sri. T. O. Suraj, the then District Collector is also responsible for the failure of the Civil Administration....... Sri. Sanjiv Kumar Patjoshi, former Commissioner of Police, Kozhikode is also responsible for the failure of the City Police Administration..... ഇത് ഗവൺമെന്റിന്റെ ഭരണസിരാകേന്ദ്രങ്ങളാണ്. ഈ ഗവൺമെന്റിന്റെ ഭരണസിരാകേന്ദ്രങ്ങളെക്കുറിച്ച് കമ്മിഷൻ പറയുന്നത് കേൾക്കൂ. നിങ്ങൾ utter failure ആയിരുന്നു. ശ്രീ. ആര്യാടൻ മുഹമ്മദ് ചൂണ്ടിക്കാണിക്കുന്നത് ഈ നാട് ഭരിക്കുന്നവരുടെ സമീപനം അതുപോലെ ഓരോ പാർട്ടികളെക്കുറിച്ച് പറയുന്നത് കേൾക്കൂ. പേജ് 255 (4) The N.D.F. activists are actively involved in the planning and execution of the massacre at Marad Beach on 2-5-2003......(5) The I.U.M.L. activists are actively involved in the planning and execution of the massacre at Marad Beach...... (6) Some members of the Mahal Committee of Marad Juma Masjid Mosque........ (8) There is every reason to think that Sri Mayin Haji, is the real conspirator here... ഇതൊക്ക എന്റേതല്ല, ഈ റിപ്പോർട്ടിലുള്ളതാണ്. .....(ബഹളം....) ഈ റിപ്പോർട്ടിലുള്ളതാണ്. (ബഹളം) —റിപ്പോർട്ട് നിങ്ങൾ വായിക്കണം. എനിക്ക് പറയാനുള്ളത് ഒരു മതനിരപേക്ഷതയെ തകർക്കുക, ദൈവത്തിനുള്ളത് ദൈവത്തിന്, സീസറിനുള്ളത് സീസറിന്. മഹത്തായ ആശയത്തെ തകർത്തുകൊണ്ട് 1991-ൽ പറഞ്ഞല്ലോ. 1991-ലെ ഇലക്ഷനിൽ ആരായിരുന്നു ബേപ്പൂർ മണ്ഡലത്തിൽ കൂട്ടുകെട്ട്? ബി.ജെ.പി., കോൺഗ്രസ് (ഐ)—ഇൻഡ്യൻ മുസ്ലീം ലീഗ് ഇവരുടെ സ്ഥാനാർത്ഥി ആരായിരുന്നു? മാധവൻകുട്ടി ആയിരുന്നു. 1995-ൽ പഞ്ചായത്ത് ഇലക്ഷനിൽ ബേപ്പൂരിലെ 20-ാം നമ്പർ വാർഡിൽ 600 വോട്ടിന്റെ ഭൂരിപക്ഷമുണ്ടെന്നു പറഞ്ഞല്ലോ. അവിടെ ബി.ജെ.പി.-ലീഗ്-യു.ഡി.എഫ്. കൂട്ടുകെട്ട് ആയിരുന്നു. 6-ാം വാർഡിൽ യു.ഡി.എഫ്-ന് കെട്ടിവച്ച പണം നഷ്ടപ്പെട്ടു. എന്താണ് കാരണം ? അവിടെ യു.ഡി.എഫ്. വോട്ട് ചെയ്തിട്ടുള്ളത് ബി.ജെ.പി.യുടെ സ്ഥാനാർത്ഥിയ്ക്കാണ്. ചരിത്രത്തിൽ ആദ്യമായി ബി.ജെ.പി.യ്ക്ക് അനുകൂലമായി അണികളെക്കൊണ്ട് വോട്ടുചെയ്യിക്കാൻ യുഡി.എഫ്. ഒറ്റക്കെട്ടായി മുന്നോട്ടു വരികയായിരുന്നു. അവിടെ അവസാനിച്ചില്ല, 2001-ലെ ഇലക്ഷനിൽ ഇവിടെ ബഹുമാന്യരായ പലരും എഴുതിക്കണ്ടു, 2001-ലെ ഇലക്ഷനിൽ സി.പി.ഐ.(എം.)-ന്റെ വോട്ടുകുറഞ്ഞു എന്ന്, ഒരിക്കലും കുറഞ്ഞില്ല. 2001-ൽ ഇലക്ഷനിൽ സി.പി.ഐ.(എം.)-ന് ബേപ്പൂർ പഞ്ചായത്തിൽ 2860 വോട്ടിന്റെ ഭൂരിപക്ഷം

LIBRARY ARCHIVES Kerala Legislative Assembly

കിട്ടി. അതുമാത്രമല്ല അതിനുശേഷം നടന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ ബഹുമാനപ്പെട്ട മന്ത്രി കരീം 24,000 വോട്ടിന്റെ ഭൂരിപക്ഷത്തോടെ അവിടെ ജയിച്ചിരുന്നു. പാർലമെന്റ് തെരഞ്ഞെടുപ്പിൽ 22,000 വോട്ടിന്റെ ഭൂരിപക്ഷത്തോടെ വരുന്നു, ഇത് കാണിക്കുന്നതെന്താണ്? ഒരിക്കലും സി.പി.ഐ. (എം.)-ന്റെ മുന്നേറ്റമോ, ഇടതുപക്ഷ പാർട്ടിയുടെ മുന്നേറ്റമോ തടയാൻ അവിടെ കഴിയുകയില്ല എന്നുള്ളതാണ്. അത് ശക്തമായിപ്പോയി എന്നുള്ളതുതന്നെയാണ്. ഞാൻ ഇവിടെ സൂചിപ്പിക്കുന്നത്, ഇടതുപക്ഷ പാർട്ടികൾക്ക് ദൃഢതയുണ്ട്, അത് വർഗ്ഗീയതയ്ക്ക് എതിരാണ്., അത് ജാതി സംഘടനകൾക്ക് എതിരാണ്. ആ ദൃഢതയുമായി ബന്ധപ്പെട്ട് രണ്ടു നയങ്ങളുണ്ട്. യു.ഡി.എഫ്.-ന്റെ നയം വ്യത്യസ്ഥമാണ്. ദുഷ്ട രാഷ്ട്രീയ ലാഭത്തിനുവേണ്ടി ഏത് വർഗ്ഗീയ ജാതി പ്രസ്ഥാനങ്ങളുമായി നിങ്ങൾ ചേരുന്നു. എന്നാൽ ഞങ്ങൾ ആ രാഷ്ട്രീയ നയത്തിന് എതിരാണെന്ന് ഇവിടെ ചൂണ്ടിക്കാണിക്കുന്നു. അതുകൊണ്ടുതന്നെയാണ് മാറാട് കമ്മിഷൻ റിപ്പോർട്ടിന്റെ ഫൈൻഡിംഗ്സിൽ കാണിക്കുന്ന കാര്യങ്ങൾ ഉയർത്തിപ്പിടിക്കണമെന്ന് ഞങ്ങൾ പറയുന്നതും ആത്മാർത്ഥതയോടുകൂടിയാണ് യു.ഡി.എഫ്. നേതാക്കൻമാർ ഇതിനെ പിൻതുണയ്ക്കുന്നതെങ്കിൽ,

മി. സ്പീക്കർ: യേസ്, യേസ്.......

ശ്രീ. രാജു ഏബ്രഹാം: അയാൾക്ക് വെള്ളം കൊടുക്കാൻ പറ്റില്ല എന്നുപറഞ്ഞു.

മി. സ്പീക്കർ: ചെയർ പറഞ്ഞിട്ടുണ്ട്. (ബഹളം.......) ചെയർ പറഞ്ഞിട്ടുണ്ട്.

(ബഹുമാനപ്പെട്ട മെംബർക്ക് വെള്ളം നൽകി)

ശ്രീ. പി. വിശ്വൻ: മാറാട് ഇന്റലിജൻസ് റിപ്പോർട്ടുണ്ടായിരുന്നു എന്ന് സഭാരേഖയിൽ ചൂണ്ടിക്കാണിക്കുന്നുണ്ട്. നമ്മൾ രേഖ വച്ചാണല്ലോ കാര്യങ്ങളിലേക്ക് കടക്കാറുള്ളത്. മാറാട് ഇന്റലിജൻസ് റിപ്പോർട്ടിൽ ശ്രീ. ആന്റണി പറഞ്ഞത് വസ്തുതയല്ലായിരുന്നു എന്ന് സഭാരേഖകൾ രേഖപ്പെടുത്തുന്നു. ഞാൻ രേഖ നിങ്ങളുടെ മുമ്പിൽ വയ്ക്കാം. പതിനൊന്നാം കേരള നിയമസഭയുടെ ആറാം സമ്മേളനത്തിൽ ടി. കെ. ബാലൻ, ശ്രീ. പി. ജയരാജൻ, ശ്രീ. എ. കെ. ബാലൻ, ശ്രീ. കെ. കുഞ്ഞിരാമൻ എന്നിവരുടെ ഈ കലാപത്തെക്കുറിച്ചുള്ള നക്ഷത്രചിഹ്നമിട്ട ചോദ്യത്തിന്, മറുപടി എന്താണെന്നറിയാമോ? ഒന്നാം വാർഷികത്തിൽ വീണ്ടും കലാപമുണ്ടാകാൻ സാദ്ധ്യതയുണ്ടെന്ന് സംസ്ഥാന ഇന്റലിജൻസ് വിഭാഗം കോഴിക്കോട് സിറ്റി പോലീസ് കമ്മീഷണർക്ക് മുന്നറിയിപ്പ് നൽകിയതായി അറിയാമായിരുന്നു എന്നാണ് ശ്രീ. എ. കെ. ആന്റണിയുടെ മറുപടി. ഒരു മുഖ്യമന്ത്രിയെ സംബന്ധിച്ച് ഭരണസിരാകേന്ദ്രത്തിൽ ഓരോ ദിവസവും ഉണ്ടാകുന്ന ഇത്തരം റിപ്പോർട്ടുകൾ അദ്ദേഹത്തിന് കിട്ടുമെന്നുള്ളത് വസ്തുതയാണ്. എന്നിട്ടും ഇന്റലിജൻസ് റിപ്പോർട്ട് കിട്ടിയില്ല എന്നു പറയുന്ന പ്രചരണം അസ്ഥാനത്തായിരുന്നു. സഭാ രേഖകളിൽ കാണുന്നത് ഇന്റലിജൻസ് റിപ്പോർട്ട് അന്ന് കേരളം ഭരിച്ചിരുന്ന ഭരണ നേതൃത്വത്തിന് കിട്ടിയിരുന്നു എന്നാണ്. ശ്രീ. എ.കെ. ആന്റണിക്ക് ലഭിച്ചിട്ടുണ്ടായിരുന്നു. എന്തുകൊണ്ട് നടപടികൾ സ്വീകരിക്കാൻ അവർ മുന്നോട്ടു വന്നില്ല? ഒരു പ്രധാനപ്പെട്ട വിഷയം, എൽ.ഡി.എഫ്. സർക്കാർ 1996 മുതൽ 2001 വരെ കേരളം ഭരിച്ചിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ആ കാലഘട്ടത്തിൽ ഒരു വർഗ്ഗീയ കലാപവും കേരളത്തിൽ ഉണ്ടായിട്ടില്ല, ഒരു കുട്ടി പോലും അതിന്റെ ഭാഗമായി......... (മൈക്ക് ഓഫ്)... 1996 മുതൽ 2001 വരെ ജനങ്ങളെ അണിനിരത്തിക്കൊണ്ട് ഞങ്ങൾ അതിനെ നേരിടുന്നുണ്ടായിരുന്നു. എന്നാൽ 2001 മുതൽ 2006 വരെയുള്ള യു.ഡി.എഫ്. ഗവണ്മെന്റ് വർഗ്ഗീയ സംഘട്ടനങ്ങളുടെ പ്രോഡ ക്ടാണ്. അതുകൊണ്ട് ഭരണസിരാകേന്ദ്രങ്ങളെ ഹിന്ദു വർഗ്ഗീയ ശക്തികൾക്കും മുസ്ലീം വർഗ്ഗീയ ശക്തികൾക്കും അനുകൂലമായി സർക്കാർ ഉപയോഗിച്ചു എന്നുള്ളതിന്റെ ഏറ്റവും വലിയ ഉദാഹരണം........(മൈക്ക് ഓഫ്)......... എന്റെ നാട്ടിൽ നടന്ന സംഭവ മാണ്. പത്തെഴുപത് കിലോമീറ്റർ നീളമുള്ള കടപ്പുറത്ത് ഹിന്ദു വർഗ്ഗീയശക്തികൾ എല്ലാ മുസ്ലീം വീടുകളിലെയും കിണറുകളിൽ മലം കലക്കുകയും കരി ഓയിൽ ഒഴിക്കു കയും ചെയ്തപ്പോൾ അതിനെ ചെറുക്കാൻ മുന്നിട്ടിറങ്ങിയവരാണ് ഞങ്ങൾ, ആ വികാരം ഞങ്ങൾക്കുണ്ട്. ഇടതുപക്ഷ പാർട്ടിയും മാർക്സിസ്റ്റ് പാർട്ടിയും നേതൃത്വം കൊടുത്തു കൊണ്ടായിരുന്നു. എന്നാൽ വർഗ്ഗീയ ശക്തികളെ സഹായിക്കാനായിരുന്നു അന്ന് യു.ഡി.എഫ്. സർക്കാരും ഭരണനേതൃത്വവും, അന്നത്തെ പോലീസ് സേനെയെയും അഡ്മിനിസ്ട്രേഷനെയും ഉപയോഗിച്ചത്. അതുതന്നെയാണ് ഇടതുപക്ഷവും യു.ഡി.എഫ്.-ഉം തമ്മിലുള്ള നയ വ്യത്യാസമെന്ന് പറയുന്നത്. എനിക്ക് പറയാനുള്ള ത്, ഈ കമ്മീഷന്റെ ഫൈന്റിംഗ്സിന്റെയും, നിഗമനങ്ങളുടെയും അടിസ്ഥാനത്തിൽ ഉയർന്നുവരുന്ന മൂന്ന് പ്രധാനപ്പെട്ട സന്ദേശങ്ങളുണ്ട് അതിലൊന്ന് വർഗ്ഗീയ പാർട്ടികളോട് വിട്ടുവീഴ്ചയില്ലാത്ത........(മൈക്ക് ഓഫ്)...... അതുകൊണ്ട് പ്രതിപക്ഷം യോജിക്കുമോ? .......(മൈക്ക് ഓഫ്)....... ശ്രീ. ഉമ്മൻ ചാണ്ടി അടക്കമുള്ള പ്രതിപക്ഷനേതാക്കളും പ്രതി പക്ഷനിരയും തയ്യാറാകുമോ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ പ്രസംഗം ഇനി നടക്കാൻ പോകുകയാണ്. ഈ ഫൈന്റിംഗ്സ് .........(മൈക്ക് ഓഫ്)...... എന്താണ്? .......(മൈക്ക് ഓഫ്)..... ഈ റിപ്പോർട്ടിനെ ഞങ്ങൾ അംഗീകരിക്കുകയാണ്.

<u>പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി)</u> : സർ, മാറാട് കമ്മീഷൻ റിപ്പോർട്ടിനെക്കു റിച്ചുള്ള ചർച്ച കേരളം മുഴുവനും ഉറ്റുനോക്കുന്ന ഒരു ചർച്ചയാണ്. ഈ ചർച്ച നമ്മുടെ സമൂഹത്തിനേറ്റ ഏറ്റവും കനത്ത ആഘാതത്തിന് പരിഹാരം കണ്ടെത്താനും നമ്മളെല്ലാപേരും ആഗ്രഹിക്കുന്ന സമുദായ സൗഹാർദ്ദം ഊട്ടിയുറപ്പിക്കാൻ സാധിക്കുമോ യെന്ന് എല്ലാപേരും ഉറ്റുനോക്കുകയാണ്. ഈ ചർച്ചയിലൂടെ എല്ലാപേർക്കും ആത്മപരി ശോധന നടത്താനുള്ള അവസരം ഉണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിച്ചു റിപ്പോർട്ടിൽ വളരെയേറെ കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. പക്ഷേ, അതിൽനിന്നും വ്യത്യസ്തമായി പരസ്പരം പഴി ചാരി ആരുടെയെങ്കിലും തലയിൽ ഉത്തരവാദിത്വംവച്ച് ഒഴിഞ്ഞു മാറുന്നതിന് വേണ്ടിയുള്ള ശ്രമമാണ് നടന്നിട്ടുള്ളത്. ഈ ചർച്ചയിൽ ഭീകരവാദത്തിനെതിരായി എല്ലാ പേരും ഒറ്റക്കെട്ടായി നിൽക്കുമെന്ന് പറയാൻ സാധിക്കുമോ? രാഷ്ട്രീയ ലാഭത്തിനു വേണ്ടി വർഗ്ഗീയ വികാരം ആളിക്കത്തിക്കുന്ന പ്രവൃത്തിയിൽനിന്നും ഒഴിഞ്ഞുനിൽക്കാൻ തയ്യാറാകുമോ? ഇന്നലെ സംഭവിച്ചത് സംഭവിച്ചു. അത് നമ്മൾ ഒരിക്കലും വീണ്ടും ഓർക്കാൻ ആഗ്രഹിക്കാത്ത സംഭവമായി മാറ്റണം. എന്നിട്ട് അതിനി ഒരിക്കലും ഇവിടെ ആവർത്തിക്കാതിരിക്കാനും ഭീകരവാദത്തെ അനുകൂലിക്കാതിരിക്കാനും രാഷ്ട്രീയ ലാഭ ത്തിനുവേണ്ടി ഇതുപോലെയുള്ള അവസരങ്ങളെ ഉപയോഗപ്പെടുത്താതിരിക്കാനും വേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

ശ്രമിക്കുക., അതായിരുന്നു പ്രതീക്ഷിച്ചത്. ഞാൻ റിപ്പോർട്ടിന്റെ പരിധിയിൽനിന്നു മാത്രമേ സംസാരിക്കുന്നുള്ളൂ. ശ്രീ. എ. കെ. ആന്റണിയെ കുറ്റപ്പെടുത്തുന്ന രണ്ട് പരാമർശങ്ങൾ, അതിലൊന്ന്, സി.ബി.ഐ. എൻക്വയറി ഓർഡർ ചെയ്യാതിരുന്നതിൽ ദുരൂഹതയുണ്ട്. അത് ഏത് സാഹചര്യത്തിലാണ് വന്നതെന്ന് നമ്മൾ മറന്നുപോയി. ഈ സംഭവങ്ങൾ ഉണ്ടായപ്പോൾ ആൾ പാർട്ടി മീറ്റിംഗ് ശ്രീ. എ. കെ. ആന്റണി വിളിച്ചു കൂട്ടി. ബി.ജെ.പി. ഒഴികെയുള്ള മുഴുവൻ പാർട്ടികളും ഇവിടെ സി. ബി. ഐ. അന്വേഷണം വേണ്ടായെന്ന് പറഞ്ഞു. ശ്രീ. പി. സി. ജോർജ് മാത്രം അക്കാര്യം തുറന്നു പറഞ്ഞു. എല്ലാപേരുടേയും മനസ്സിൽ സി.ബി.ഐ. എൻക്വയറി വേണ്ടെന്ന് പറയാൻ പ്രേരിപ്പിച്ച ഘടകം എന്തായിരുന്നു എന്ന് പറഞ്ഞു. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സെക്രട്ടറി ശ്രീ. പിണറായി വിജയൻ ശ്രീ. എ. കെ. ആന്റണി രാജിവയ്ക്കണമെന്ന് പറഞ്ഞതുകൊണ്ട് ഞാൻ വായിക്കുകയാണ്. അദ്ദേഹം കമ്മീഷൻ മുമ്പാകെ ചെന്ന് പറഞ്ഞ കാര്യം ഈ അന്വേഷണം ഏൽപ്പിച്ചാൽ ക്രൈം ബ്രാഞ്ച് പൂർണ്ണമായി അംഗീകരിച്ചുകൊണ്ട് The witness, ശ്രീ. പിണറായി വിജയനാണ്, gave a clean chit to the Crime Branch in the matter of arresting the persons involved in the incident on 2-5-2003. അദ്ദേഹം പറയുന്നു, the CPI (M) does not hold the view that CBI investigation is required to the incident on 2-5-2003. That is because maintenance of law and order is a State subject and not the responsibility of a Central organisation like the CBI. സർ, ഇന്നത്തെ മുഖ്യമന്ത്രി, അദ്ദേഹം അന്ന് പ്രതിപക്ഷ നേതാവായിരുന്നു. മാറാട് പോയി ആരോടാണ് സംസാരിക്കുന്നത്? സി.ബി.ഐ. അന്വേഷണം വേണമെന്ന് പറഞ്ഞ് കലഹിച്ചു നിൽക്കുന്ന അവരോട് അദ്ദേഹം പറയുകയാണ്, അദ്ദേഹം അതിനുള്ള തന്റേടം കാണിച്ചു. സി.ബി.ഐ. എൻക്വയറി വേണമെന്ന് പറഞ്ഞു ശഠിച്ചുനിന്ന ജനങ്ങളോട് പറയുന്നു Mr. Achuthanandan tried to explain why the LDF had not demanded a CBI probe. Not all CBI enquiries successful. An example he added was the Abhaya case. സർ, ശ്രീ. പിണറായി വിജയനും, മാർക്സിസ്റ്റ് പാർട്ടിയും ഇതിനെ എതിർത്തു. അന്നത്തെ പ്രതിപക്ഷനേതാവ് എതിർത്തു. ഇതിനുംപുറമേ അവിടെ കോടതിയിൽ കേസിനു പോയി. കോടതിയിൽ കേസിനു പോയപ്പോൾ ജസ്റ്റിസ് വിളിപ്പിച്ചപ്പോൾ, അന്വേഷണ ഉദ്യോഗസ്ഥൻ ഐ.ജി.-യെ വിളിച്ചു. കാര്യങ്ങൾ തിരക്കി, എന്താണ് ഇനി വേണ്ടതെന്ന് ചോദിച്ചപ്പോൾ 3 ഒ.പി. കൊടുത്തിരിക്കുന്നു, 3 പേരും അത് പിൻവലിക്കുകയാണ് എന്നു പറഞ്ഞു, അപ്പോൾ ജഡ്ജി പറയുന്നുണ്ട്, ഏത് സ്റ്റേജിൽ വേണമെങ്കിലും പരാതിയുണ്ടെങ്കിൽ, ഈ കോടതിയിൽ വീണ്ടും വരാം. പിന്നെ ഒരാളും ആ കോടതിയിൽ പോയിട്ടില്ല. ഒരു ഒത്തുതീർപ്പുണ്ടാക്കി. രണ്ടു കക്ഷികളും ചേർന്നുണ്ടാക്കിയ ആ ഒത്തുതീർപ്പിനകത്ത് സി.ബി.ഐ. എൻക്വയറി വേണോ വേണ്ടയോ എന്ന് തീരുമാനിക്കാൻ അഡ്വക്കേറ്റ് ജനറലിന്റെ ഒപ്പീനിയൻ ചോദിക്കാൻ തീരുമാനിച്ചു. സി.ബി.ഐ. എൻക്വയറി വേണമെന്ന് ആവശ്യപ്പെടുന്നവർ, മൂന്നുനാല് ആളുകളുടെ ലീഗൽ ഒപ്പീനിയൻ അഡ്വക്കേറ്റ് ജനറലിന്റെ കയ്യിൽ എത്തിച്ചു കൊടുത്തു. എന്നാൽ അഡ്വക്കേറ്റ് ജനറൽ എടുത്ത തീരുമാനം ........Since, the C.B.C.I.D has already filed the chargesheet, further investigation by the C.B.I. was not factually or legally permissible. The State Government accepted the opinion given by the Advocate

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

General and closed the chapter. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി, ഞാൻ ചോദിക്കട്ടെ, സി.ബി.ഐ. അന്വേഷണം വേണ്ടെന്ന് വച്ചത് ശ്രീ. എ.കെ. ആന്റണി മാത്രമാണോ? നിങ്ങളുടെകൂടെ വിശ്വാസം കണക്കിലെടുത്താണ്. നിങ്ങൾ ഇന്ന് കാലുമാറുകയാണ്. നിങ്ങൾ ഓൾ പാർട്ടി യോഗം വിളിച്ചു കൂട്ടിയപ്പോൾ അവിടെ പറഞ്ഞു വേണ്ടായെന്ന്. മുഖ്യമന്ത്രി അന്നത്തെ പ്രതിപക്ഷ നേതാവ് അവിടെ പോയി പറഞ്ഞു വേണ്ടായെന്ന്. നിങ്ങളെക്കൂടി വിശ്വസിച്ചുകൊണ്ട് ഇത്രയും വലിയ സംഭവം ഉണ്ടായ സമയത്ത് എല്ലാ രാഷ്ട്രീയ പാർട്ടികളേയും വിശ്വാസത്തിൽ എടുക്കണ്ടേ? ശ്രീ. എ. കെ. ആന്റണി ചെയ്തത് കേരളത്തിലെ ബി.ജെ. പി. ഒഴികെയുള്ള എല്ലാ രാഷ്ട്രീയ പാർട്ടികളെയും വിശ്വാസത്തിൽ എടുത്തുകൊണ്ടായിരുന്നു. അതുകൊണ്ട് സി.ബി.ഐ. എൻക്വയറി വേണ്ട, അതിൽ ദുരൂഹതയുണ്ട് എന്ന് പറഞ്ഞാൽ, അത് ഈ കമ്മീഷൻ, ഇതിന്റെയെല്ലാം ആസ്പെക്ടും പരിശോധിച്ച് നോക്കിയില്ല എന്നുള്ളതാണ് ഇവിടെ പ്രധാനപ്പെട്ട പ്രതിപക്ഷ കക്ഷിയാണ് സി.പി.ഐ.(എം). അതിന്റെ സെക്രട്ടറി പറയുന്നു, ഞങ്ങൾ സി.ബി.ഐ. അന്വേഷണം ആവശ്യപ്പെട്ടിട്ടില്ല, ഞങ്ങൾക്കതിൽ വിശ്വാസമില്ലായെന്ന്. സ്റ്റേറ്റിന്റെ സബ്ജക്ടാണെന്ന് പറഞ്ഞിട്ട് അതിന്റെയകത്ത് ദുരൂഹതയുണ്ടെന്ന് ഒരു കമ്മീഷൻ പറഞ്ഞാൽ, എന്താണ് പറയുന്നത്? ശ്രീ. എ. കെ. ആന്റണി ഒറ്റയ്ക്കൊരു തീരുമാനമെടുത്താൽ നമുക്ക് മനസ്സിലാക്കാം, അല്ലെങ്കിൽ യു.ഡി.എഫ് ഒരു തീരുമാനമെടുത്താൻ മനസ്സിലാക്കാം ആരെയെങ്കിലും സഹായിക്കാനാണെന്ന്. പക്ഷേ ഇവിടത്തെ മുഴുവൻ പാർട്ടികളും പറയുന്നു. എന്നിട്ട് ഇതിനകത്ത് ദുരൂഹതയുണ്ടെന്ന് പറഞ്ഞാൽ അതിനെക്കുറിച്ച് ഞാൻ എന്താണ് പറയുക? ശ്രീ. എ. കെ. ആന്റണിക്കെതിരെ പിന്നെയുള്ള വിമർശനം ശ്രീ. സുധാകരൻ വായിച്ചതുകൊണ്ട് ഞാൻ വായിക്കുന്നില്ല. ഇന്റലിജൻസ് റിപ്പോർട്ടിനെക്കുറിച്ചുള്ള പരാമർശമാണ്. ഇവിടെ ശ്രീ. വിശ്വൻ പറഞ്ഞ ഇന്റലിജൻസ് റിപ്പോർട്ട് വേറെയാണ്. സഭയെ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിക്കരുത്. ആ ചോദ്യവും ഉത്തരവും എന്റെ കയ്യിലുണ്ട്. കാരണം ദേശാഭിമാനിയിൽ അതിട്ടതുകൊണ്ട് ഞാൻ അതുമായാണ് വന്നിരിക്കുന്നത്. ടി.കെ. ബാലനുൾപ്പെടെ നാല് പേർ ഒരു ചോദ്യം ചോദിച്ചു. എന്താണെന്നറിയാമോ? മാറാട് നടന്ന കലാപത്തിന് മുൻപ് സംസ്ഥാന ഇന്റലിജൻസ് വിഭാഗത്തിൽ നിന്നോ തമിഴ്നാട് ഇന്റലിജൻസ് വിഭാഗത്തിൽ നിന്നോ സംസ്ഥാന സർക്കാരിന് വല്ല മുന്നറിയിപ്പും ലഭിച്ചിരുന്നോ? ഇതാണ് ചോദ്യം. മറുപടി, തമിഴ്നാട് ഇന്റലിജൻസ് വിഭാഗത്തിൽ നിന്നും മുന്നറിയിപ്പൊന്നും ലഭിച്ചിരുന്നില്ല. 2002-ന് നടന്ന മാറാട് കലാപത്തിന്റെ ഒന്നാം വാർഷികത്തിന് വീണ്ടും കലാപമുണ്ടാകാൻ സാദ്ധ്യതയുണ്ടെന്ന് സംസ്ഥാന ഇന്റലിജൻസ് വിഭാഗം കോഴിക്കോട് സിറ്റി പോലീസ് കമ്മീഷണർക്ക് മുന്നറിയിപ്പ് നൽകിയിരുന്നു. ഒന്നാം വാർഷികത്തിന് എല്ലാ വിധത്തിലുള്ള കരുതലുകളും എടുത്തിരുന്നു. അവിടെ കർശന നടപടികളെടുത്തിരുന്നു, ഉന്നത ഉദ്യോഗസ്ഥർ അവിടെ പോയിരുന്നു. ഒന്നാം വാർഷികത്തിൽ അവിടെയൊരു അനിഷ്ട സംഭവവുമുണ്ടായിട്ടില്ല. പക്ഷേ ഇവിടെ പറയുന്ന ഇന്റലിജൻസ് റിപ്പോർട്ട് എന്താണെന്നറിയാമോ? ധനകാര്യവകുപ്പുമന്ത്രി എഫ്.എം-ന് സാമ്പത്തിക സഹായം കൊടുത്തു. അതിന്റെ പിന്നിൽ രണ്ട് മന്ത്രിമാർക്ക് പങ്കുണ്ട്. അതാണ് പറഞ്ഞത്. ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രി മറുപടി പറയുമ്പോൾ കേരളം കാതോർക്കുന്നത് ആ മറുപടിക്ക് വേണ്ടിയാണ്. അങ്ങനെയൊരു

ഇന്റലിജൻസ് റിപ്പോർട്ട് അന്നത്തെ മുഖ്യമന്ത്രി കണ്ടിട്ടുണ്ടോ? എനിക്ക് ചോദിക്കാനുള്ളത് ഇതാണ്? ശ്രീ. എ.കെ. ആന്റണി പറഞ്ഞത് എനിക്ക് ഓർമ്മയില്ലെന്നാണ്. കാരണം ശ്രീ. എ.കെ. ആന്റണി ഏത് തീരുമാനമെടുക്കുമ്പോഴും നൂറ് ശതമാനം കറക്റ്റായിരിക്കണമെന്ന് നിർബന്ധമുള്ള ആളാണ്. ഏതെങ്കിലും സാഹചര്യത്തിൽ ഈ റിപ്പോർട്ട് വന്നിട്ടുണ്ടോ എന്നുള്ള സംശയമുള്ളതുകൊണ്ടായിരിക്കാം അദ്ദേഹം എനിക്ക് ഓർമ്മയില്ലെന്ന് പറഞ്ഞത്. പക്ഷേ ശ്രീ. എ.കെ. ആന്റണിയെ അറിയാവുന്ന ആർക്കും പറയാൻ സാധിക്കും, ശ്രീ. എ.കെ. ആന്റണിയോട് ചോദിക്കാതെ പറയാൻ സാധിക്കും, അങ്ങനെയൊരു റിപ്പോർട്ട് ശ്രീ. എ.കെ. ആന്റണി കണ്ടിട്ടില്ല, കാരണം കണ്ടാൽ അദ്ദേഹം ആ റിപ്പോർട്ടിൻമേൽ നടപടിയെടുക്കും. ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രി, ഇതുസംബന്ധിച്ച റിപ്പോർട്ട് വരുന്നത് ഞാൻ മുഖ്യമന്ത്രിയാകുന്ന സമയത്താണ്. 2005 ആഗസ്റ്റ് 3, 4 തീയതികളിലാണ് മംഗളത്തിൽ റിപ്പോർട്ട് വരുന്നത്. ഞാൻ അന്വേഷിച്ചു. അങ്ങനെയൊരു റിപ്പോർട്ടുള്ളതായി എനിക്ക് വിവരം കിട്ടിയിട്ടില്ല. ഈ ലേഖകനെ ഈ കമ്മീഷനിൽ സാക്ഷിയായിട്ട് വിസ്തരിക്കുന്നുണ്ട്. അദ്ദേഹം പറഞ്ഞത് എന്താണെന്നറിയാമോ? Though he had come across the names of those two Ministers, he was not willing to disclose the names before the Commission since he felt that there are several other ways for the Commission to ascertain the names of the Ministers mentioned in the intelligence reports and since the intelligence reports need not always be 100% correct. നൂറ് ശതമാനം കറക്റ്റാണോയെന്ന് എനിക്കറിയില്ലെന്ന് അദ്ദേഹം തന്നെ പറയുമ്പോൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ വിളിച്ചുവരുത്തണ്ടേ? എ.ഡി.ജി.പി. ഇന്റലിജൻസിനെയോ ഐ.ജി., ഇന്റലിജൻസിനെയോ വിളിച്ചോ? ഈ കമ്മീഷൻ അവരെ ആരെയും വിളിക്കുന്നില്ല. അവരോട് ആരോടും ചോദിക്കുന്നില്ല. ഡി.ജി.പി.യെ ഈ കമ്മീഷൻ വിസ്തരിച്ച് ചോദ്യം ചോദിക്കുന്നില്ല. ഇന്റലിജൻസ് റിപ്പോർട്ടിനെ സംബന്ധിച്ചിടത്തോളം ആഭ്യന്തരവകുപ്പ്മന്ത്രിക്കറിയാമല്ലോ? ആഭ്യന്തരവകുപ്പ്മന്ത്രി കാണുന്ന ഇന്റലിജൻസ് റിപ്പോർട്ടാണെങ്കിൽ ആ റിപ്പോർട്ടിന് അഞ്ച് കോപ്പി കാണും. ആറാമതൊരു കോപ്പിയുണ്ടാകില്ല. ഒന്ന്, അയയ്ക്കുന്ന സ്പെഷ്യൽ ബ്രാഞ്ചിന്റെ ഓഫീസിൽ കാണും, രണ്ട്, സ്പെഷ്യൽ ബ്രാഞ്ചിന്റെ ഹെഡ് ഓഫീസ് എ.ഡി.ജി.പി. ഇന്റലിജൻസിന് കിട്ടും, മൂന്ന്, ഡി.ജി.പി.ക്ക് കിട്ടും, നാല്, ആഭ്യന്തരവകുപ്പ് സെക്രട്ടറിക്ക് കിട്ടും, അഞ്ച്, ആഭ്യന്തരവകുപ്പ്മന്ത്രിക്ക് കിട്ടും. ശ്രീ. കോടിയേരി ബാലകൃഷ്ണൻ, അങ്ങനെയൊരു റിപ്പോർട്ട് ശ്രീ. എ.കെ. ആന്റണി കണ്ടിട്ടുണ്ടെങ്കിൽ അതിൻമേൽ ആക്റ്റ് ചെയ്യാത്തത് വലിയ തെറ്റാണെന്ന് ഞാൻ പറയും. പക്ഷേ അങ്ങനെയൊരു റിപ്പോർട്ടുണ്ടെങ്കിൽ ശ്രീ. എ.കെ. ആന്റണി മാത്രമല്ല പ്രതി, ഞാനും ഇരുപത് മാസത്തേയ്ക്ക് പ്രതിയാണ്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ, അഞ്ച് മാസത്തേയ്ക്ക് നിങ്ങളും പ്രതിയാണ്. സംശയമൊന്നും വേണ്ട. കാരണം ഇത്രയും പ്രധാനപ്പെട്ട ഒരു റിപ്പോർട്ട് വന്നിട്ട് അതിൻമേൽ ആക്റ്റ് ചെയ്യാതിരുന്നല്ലോ? ശ്രീ. എ.കെ. ആന്റണി മാത്രമല്ല, അതിനുശേഷം ഞാൻ വന്നു 20 മാസം.......................................... (ബഹളം)..........................................നിങ്ങൾ കേൾക്കു, നമ്മുടെ രാജ്യത്തിന്റെ, സംസ്ഥാനത്തിന്റെ സുരക്ഷയ്ക്ക് ഭീഷണി വരത്തക്ക വിധത്തിലുള്ള ഒരു റിപ്പോർട്ടാണ്. ആ റിപ്പോർട്ടിൻമേൽ എന്തായിരുന്നാലും നടപടിയെടുക്കണം. ഞാൻ വന്നപ്പോൾ ഞാൻ നടപടിയെടുക്കേണ്ടതായിരുന്നു. ഞാൻ നടപടിയെടുത്തില്ലെങ്കിൽ ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

കുറ്റക്കാരനാണ്. ഇന്ന് ആ റിപ്പോർട്ട് അവിടെയുണ്ടെങ്കിൽ അതിൻമേൽ നടപടിയെടുക്കാൻ അങ്ങും ബാദ്ധ്യസ്ഥനാണ്. അതുകൊണ്ട് ശ്രീ. കോടിയേരി ബാലകൃഷ്ണനോട് വീണ്ടും വീണ്ടും അഭ്യർത്ഥിക്കുന്നു, നിങ്ങൾക്ക് മാത്രമേ ഇതിന് മറുപടി പറയാൻ സാധിക്കൂ. അങ്ങനെയൊരു ഇന്റലിജൻസ് റിപ്പോർട്ട് ശ്രീ. എ.കെ. ആന്റണി കണ്ടോ ഇല്ലയോ? അതിന് മറുപടി പറയാൻ നിങ്ങൾക്ക് മാത്രമേ സാധിക്കൂ. അങ്ങനെയൊരു റിപ്പോർട്ട് ശ്രീ. എ.കെ.ആന്റണിയുടെ അടുത്ത് വന്നിരുന്നുവെങ്കിൽ അതിന്റെ കോപ്പി ഇന്ന് ആഭ്യന്തര വകുപ്പ് സെക്രട്ടറിയുടെ ഫയലിൽ കാണണം, ഡി.ജി.പി.യുടെ ഫയലിൽ കാണണം, എ.ഡി.ജി.പി ഇന്റലിജൻസിന്റെ ഫയലിൽ കാണണം. ഏതെങ്കിലും എസ്.ഐ.യോ സി.ഐ.യോ ഡി.വൈ.എസ്.പി.യോ ഒക്കെ അയയ്ക്കുന്ന റിപ്പോർട്ടാണെങ്കിൽ ഞാൻ പറയില്ല. കാരണം അങ്ങനെ ആയിരക്കണക്കിന് റിപ്പോർട്ട് വരും. അതൊക്കെ ഇടയക്ക് വച്ച് സ്ക്രീൻ ചെയ്ത്, സ്റ്റഡി ചെയ്ത്, എല്ലാം ശരിയെന്ന് ബോദ്ധ്യപ്പെട്ട്, അതിന്റെ യഥാർത്ഥ സ്ഥിതി വിലയിരുത്തിയാണ് ആഭ്യന്തവകുപ്പുമന്ത്രിക്ക് അയയ്ക്കുന്നത്. അതുകൊണ്ട് ഇതുസംബന്ധിച്ച കമ്മീഷന്റെ പരാമർശം, അദ്ദേഹം എല്ലാ കാര്യങ്ങളും നോക്കിയെന്ന് ഞാൻ പറയുന്നില്ല. കാരണം ലേഖകൻ പോലും പറയുന്നു, നൂറ് ശതമാനം കറക്റ്റാകണമെന്നില്ലെന്ന്. എന്നിട്ട് ഒരാളോട് പോലും ചോദിക്കാതെ ശ്രീ. എ.കെ. ആന്റണിയെ കുറ്റപ്പെടുത്തി എഴുതുന്ന സാഹചര്യത്തിൽ, ശ്രീ. കോടിയേരി, അങ്ങ് ഇതിന് മറുപടി പറയുമ്പോൾ ഇങ്ങനെയൊരു റിപ്പോർട്ട് ശ്രീ. എ.കെ. ആന്റണി കണ്ടിരുന്നോ; ശ്രീ. എ.കെ.ആന്റണി കണ്ട റിപ്പോർട്ട് ഇന്നും സെക്രട്ടേറിയറ്റിലുണ്ടോ? അത് പറയണം. അങ്ങനെയാണെങ്കിൽ ശ്രീ. എ.കെ. ആന്റണി മാത്രമല്ല ഇതിനകത്ത് കുറ്റക്കാരൻ, ഞാനും കുറ്റക്കാരനാണ്. കഴിഞ്ഞ അഞ്ച് മാസത്തിനുളള ഉത്തരവാദിത്തം അങ്ങേയ്ക്കുമുണ്ട്. പക്ഷേ ഞങ്ങൾ ആരോപിക്കുന്നില്ല. അതിൻമേൽ നടപടിയെടുത്താൽ മതി. അഞ്ച് മാസത്തേക്കുളളത് ഞങ്ങൾ മറക്കാൻ തയ്യാറാണ്. പക്ഷേ ശ്രീ. എ.കെ. ആന്റണിയെയും എന്നെയും കുറ്റപ്പെടുത്താൻ കിട്ടുന്ന അവസരം നിങ്ങൾ കളയരുത്. മാർക്സിസ്റ്റ് പാർട്ടിയുടെ നേതാവായിട്ടാണ് അങ്ങ് മന്ത്രിയാകുന്നത്. പക്ഷേ ആഭ്യന്തരവകുപ്പു മന്ത്രി കേരളത്തിന്റെ ആഭ്യന്തരവകുപ്പു മന്ത്രിയാണ്. കേരളത്തിലെ ജനങ്ങൾക്ക് ഇതറിയാനുള്ള അവകാശമുണ്ട്. അങ്ങനെയൊരു റിപ്പോർട്ട് ശ്രീ. എ.കെ. ആന്റണി കണ്ടിരുന്നോ എന്നതിന് അങ്ങ് മറുപടി പറയുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. ഇവിടെ മുസ്ലീം ലീഗിനെ കുറ്റപ്പെടുത്തിക്കൊണ്ട് കാര്യങ്ങൾ പറഞ്ഞു. പേജ് 168-ൽ So far as the I.U.M.L. is concerned, there is no direct evidence to show that I.U.M.L. units as a party are involved in the conspiracy or massacre. Though, the A parties.... 'A parties' എന്നുപറഞ്ഞാൽ ബി.ജെ.പി. ....A parties have a case that AW12,.... AW12 എന്നുപറഞ്ഞാൽ ശ്രീ. കുഞ്ഞാലിക്കുട്ടി. .....Shri P. K. Kunhalikutty is connected with the massacre, after consideration of the entire materials, I did not find sufficient evidence in that line. ഇതാണ് എഴുതിയിരിക്കുന്നത്. എവിടെയെങ്കിലും എന്തെങ്കിലുമൊക്കെ കാര്യങ്ങൾ പറഞ്ഞ് മുസ്ലീം ലീഗിനെ കുറ്റപ്പെടുത്താനാണ് ശ്രമിക്കുന്നത്. ഇവിടെ ശ്രീ. കെ. ബി. ഗണേഷ്കുമാർ പറഞ്ഞല്ലോ, ഇവിടെ ബാബ്റി മസ്ജിദ് വീണപ്പോൾ ഇൻഡ്യയൊട്ടാകെ വർഗ്ഗീയ വികാരം ആളിക്കത്തി തമ്മിലടിച്ച കേരളത്തെ, ഏറ്റവും ദുഃഖരമായ ആ സാഹചര്യത്തിൽ നിന്ന് രക്ഷിക്കാൻ മുന്നോട്ടു

LIBRARY ARCHIVES Kerala Legislative Assembly

വന്നത് ശ്രീ. പാണക്കാട് തങ്ങളും മുസ്ലീം ലീഗുമാണെന്നത് കേരളം ഒരിക്കലും മറക്കില്ല. ഗവൺമെന്റ് ഈ റിപ്പോർട്ട് അംഗീകരിച്ചു. ശ്രീ. ജയരാജൻ ഈ റിപ്പോർട്ട് സ്വാഗതം ചെയ്തു. ശ്രീ.അനിരുദ്ധൻ ഇതു മുഴുവൻ വായിക്കണമെന്നു പറഞ്ഞു. അത്രയും പറഞ്ഞതുകൊണ്ട് ഞാൻ പറയുകയാണ്. പേജ് 108, There is evidence to show the C.P.I.(M) activists were involved in the incidents at Marad Beach between 31-12-2001 and 4-1-2002. I stated from the official records that 78 of the 393 accused are C.P.I.(M) activists. It is admitted by AW15, Shri Pinarai Vijayan also that CPI(M) activists are chargedsheeted for the incidents on 3/4-1-2002. According to him, it is a false implication. Prima facie, it is difficult to think so. കമ്മീഷൻ പറഞ്ഞിരിക്കുകയാണ്. It is difficult to think so. ശ്രീ. പിണറായി വിജയൻ ഇതിനെ ന്യായീകരിച്ചുകൊണ്ട് ഒരു പ്രസ്സ് കോൺഫറൻസ് നടന്നപ്പോൾ വളരെ പ്രധാനപ്പെട്ട ഒരു കാര്യം വായിച്ചു. എന്താണെന്ന് അറിയാമോ? I do not forget that after the incidents on 3/4-1-2002, the C.P.I.(M) activists or C.P.I.(M) controlled local body had called for peace meetings or set up 'secular' rehabilitation camp admitting people of different communities. വിവിധ സമുദായത്തിൽപ്പെട്ടവരെ ഒന്നിച്ചുകൂട്ടി സി.പി.ഐ. (എം.) നേതൃത്വം കൊടുത്ത് ക്യാമ്പ് നടത്തിയതിനെക്കുറിച്ചാണ് വായിച്ചത്. പക്ഷേ അദ്ദേഹം അടുത്ത സെന്റൻസ് വായിച്ചില്ല. That does not rule out the involvement of CPI(M) activists in the incidents on 3/4-1-2002. അതുകൊണ്ട് ഇത് റൂൾഔട്ട് ചെയ്യുന്നില്ല എന്നു പറഞ്ഞിട്ടുണ്ട്. There is no direct evidence....................(ബഹളം)...................... ശ്രീ. പുഷ്പരാജിന്റെ കാര്യമൊക്കെ ഇവിടെ പറഞ്ഞുകഴിഞ്ഞു. ഞാൻ കൺക്ലൂഡ് ചെയ്യാം. നമ്മളെല്ലാം ആത്മ പരിശോധന നടത്തേണ്ട കാര്യമാണ്. ഇതിനകത്ത് മാർക്സിസ്റ്റ് പാർട്ടി രാഷ്ട്രീയ ലക്ഷ്യത്തിനുവേണ്ടി അവരുടെ വർഗ്ഗീയ വികാരങ്ങൾ ആളിക്കത്തിച്ചുവെന്ന് നിങ്ങൾ അംഗീകരിച്ചു. നിങ്ങൾ സ്വാഗതം ചെയ്ത ഈ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. നമുക്ക് മതസൗഹാർദ്ദം നിലനിർത്തണം. അത് നിലനിർത്തുന്നതിനുവേണ്ടി കൂട്ടായി പരിശ്രമിക്കാം. നിങ്ങൾ എത്രയൊക്കെ കരിവാരി തേയ്ക്കാൻ ശ്രമിച്ചാലും ശ്രീ.എ.കെ. ആന്റണിയുടെ അടുത്തെത്തുകയില്ലെന്ന് പറയാൻ ആഗ്രഹിക്കുന്നു.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, ഇവിടെ ഈ ചർച്ചയിൽ ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് മുതൽ ശ്രീ. ഉമ്മൻ ചാണ്ടി വരെയുള്ള ബഹുമാന്യരായ 19 പേർ പങ്കെടുത്തു. എല്ലാ പാർട്ടിയിൽപ്പെട്ട ആളുകളും ചർച്ചയിൽ പങ്കെടുത്തുവെന്നുള്ളത് ഈ ചർച്ചയുടെ പ്രത്യേകതയാണ്. നമ്മുടെ സംസ്ഥാനത്ത് കളങ്കമുണ്ടാക്കിയ സംഭവമാണ് മാറാട് സംഭവം. ഇത്തരംസംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനു വേണ്ടിയുള്ള ചർച്ചയാണ് ഇന്ന് നാം ഉദ്ദേശിക്കുന്നത്. ഈ റിപ്പോർട്ടിനെ സംബന്ധിച്ച് ബഹുമാന്യനായ ആര്യാടൻ മുഹമ്മദ് വള്ളിപുള്ളിവിസർഗ്ഗം നിങ്ങൾ അംഗീകരിച്ചില്ലേ എന്നു ചോദിച്ചുകൊണ്ട് ഇതിനകത്തുള്ള ഓരോ വാചകങ്ങളും പഠിച്ച് അത് അംഗീകരിച്ചില്ലേ, ഇത് അംഗീകരിച്ചില്ലേ എന്ന് ചോദിച്ചു. സി.പി.ഐ.(എം)-നെ

LIBRARY ARCHIVES Kerala Legislative Assembly

പ്രതിക്കൂട്ടിൽ നിർത്തുക എന്ന ഉദ്ദേശത്തോടുകൂടി വ്യാഖ്യാനിക്കുവാൻ കഴിയുന്ന കുറേ ഭാഗങ്ങൾ വ്യാഖ്യാനിച്ചു. ഗവൺമെന്റിന് റിപ്പോർട്ടിനോടുള്ള സമീപനമെന്താണ്? ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ ഒന്നാം പേജ് വായിച്ചെങ്കിൽ മനസ്സിലാകും. Government have examined the report in detail. The findings and suggestions of the Commission have been generally accepted by the Council of Ministers on 8-9-2006. ഫൈന്റിംഗ്സും സജഷൻസുമാണ്. അതിനകത്ത് പറയുന്ന മറ്റു കാര്യങ്ങളെ സംബന്ധിച്ചിടത്തോളം എല്ലാം വ്യത്യസ്തമായ അഭിപ്രായമാണ് ഗവൺമെന്റിനുള്ളത്. അതുകൊണ്ടാണ് ഞങ്ങൾ ഇതുസംബന്ധിച്ച് നിലപാട് എടുത്തിട്ടുള്ളത്. പലരും ഈ റിപ്പോർട്ടിനെ സമീപിച്ചത് കുരുടന്മാർ ആനയെ കണ്ടതു പോലെയാണ് എന്ന് പറയേണ്ടിവന്നതിൽ ഖേദമുണ്ട്. ശ്രീ. എ. കെ. ആന്റണിക്ക് അനുകൂലമായി പറഞ്ഞു എന്നു പറഞ്ഞുകൊണ്ട് കുറേ ആളുകൾ അത് ഉദ്ധരിക്കുക, മാർക്സിസ്റ്റ് പാർട്ടിക്ക് എതിരായി പറഞ്ഞ ഒരു ഭാഗം ഉദ്ധരിക്കുക, ഇത്തരത്തിലുള്ള സമീപനമാണ് പൊതുവേ സ്വീകരിച്ചതായി കാണുന്നത്. സി.പി. ഐ.(എം)-നെ സംബന്ധിച്ച് ഒരു ഭാഗം പറഞ്ഞുകൊണ്ട് കുറ്റപ്പെടുത്താനുള്ള വലിയ ശ്രമങ്ങൾ അപ്പുറത്തുനിന്നും കണ്ടു. അത് എന്തിനാണ്? പേജ് 109-ൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്. There is no direct evidence to prove that the C.P.I.(M) as a Party is involved in the first communal riots on 3/4-1-2002. ..........................(ബഹളം).............................................ബഹുമാനപ്പെട്ട ഉമ്മൻചാണ്ടി പ്രസംഗിച്ചപ്പോൾ ഞാൻ ഇടപെട്ടില്ലല്ലോ? ..........(ബഹളം)....... നിങ്ങൾ പറയാൻ വേണ്ടി സമയം തരണം .........(ബഹളം)..... അവസാനം ഞാൻ വഴങ്ങാം. ഇങ്ങനെ ഈ റിപ്പോർട്ടിനകത്ത് ഓരോ ഭാഗത്തു നിന്നുള്ള വ്യത്യസ്തമായ നിലപാടുകൾ സ്വീകരിച്ചിട്ടുണ്ടെന്നുള്ള ബഹുമാന്യരായ അംഗങ്ങളുടെ അഭിപ്രായത്തോട് ഗവൺമെന്റ് യോജിക്കുകയാണ്. വ്യത്യസ്തമായ സ്ഥലങ്ങളിൽ വ്യത്യസ്തമായ രീതിയിൽ ഇത് സമീപിച്ചിട്ടുണ്ട്. അതുപോലെതന്നെ ഈ കമ്മീഷൻ റിപ്പോർട്ടിനകത്തുള്ള പ്രധാനമായ ന്യൂനത, ചില കാര്യങ്ങളെ കമ്മീഷൻ കണ്ടില്ലെന്നു നടിച്ചിട്ടുണ്ട്. പ്രത്യേകിച്ച് രണ്ടാം കലാപത്തിനുശേഷം ആർ.എസ്.എസ്. നടത്തിയ സംഭവങ്ങളെ ഈ കമ്മീഷൻ കണ്ടില്ലെന്നു നടിച്ചു. ഈ റിപ്പോർട്ട് ഉടനീളം പരിശോധിച്ചാൽ ഒരു പ്രധാനപ്പെട്ട ന്യൂനത അതാണ്. കമ്മീഷന്റെ ഒരു കണ്ണ് അടച്ചുവച്ചതായി കാണാൻ സാധിക്കും. ആ തരത്തിലാണ് ഈ കമ്മീഷൻ റിപ്പോർട്ടിനെ പൊതുവിൽ വിമർശിക്കേണ്ടത്. ഞാൻ എല്ലാ കാര്യങ്ങളും പറയുന്നില്ല. ബഹുമാന്യനായ സുധാകരൻ സി.പി.ഐ.(എം)-നെ കുറ്റപ്പെടുത്തുവാൻവേണ്ടി ഒരു ലത്തീഫിനെ സംബന്ധിച്ച് പറഞ്ഞു. ലത്തീഫിന്റെ നേതൃത്വത്തിൽ ആക്രമണം നടന്നുവെന്ന്. ലത്തീഫ് സി.പി.ഐ.(എം) പ്രവർത്തകനല്ല. ഈ പരാമർശം അങ്ങനെ വേണ്ട. ഞങ്ങൾ പറഞ്ഞതിനെ കുറ്റപ്പെടുത്തുന്നില്ല. കമ്മീഷന്റെ മുമ്പിൽ പാർട്ടി സംഘ് പരിവാർ നൽകിയിട്ടുള്ള മൊഴിക്കകത്താണ് ഈ പരാമർശം ഉണ്ടായിട്ടുള്ളത്. അത് കമ്മീഷൻ നോക്കണമല്ലോ? നമ്മൾ ഈ വസ്തുതകൾ വസ്തുതയായി പരിഗണിച്ചുകൊണ്ട് പ്രശ്നത്തെ സമീപിക്കണം. ഇതിനകത്തുവന്ന പ്രധാനപ്പെട്ട മറ്റൊരു പ്രശ്നം ബഹുമാന്യനായ കെ.എം. മാണി ഉന്നയിച്ചു. ഇങ്ങനെ ഇൻവെസ്റ്റിഗേഷൻ എന്നൊക്കെ പറഞ്ഞുകൊണ്ട് സി.ബി.ഐ.-ക്ക് വിട്ടത് ശരിയല്ല. വലിയ നിയമ

LIBRARY ARCHIVES Kerala Legislative Assembly

പ്രശ്നങ്ങൾ ഇതിനകത്തുണ്ടെന്ന് അദ്ദേഹം പറഞ്ഞു. ബഹുമാന്യനായ മാണി, അദ്ദേഹം ഇവിടെ ഇല്ല. അദ്ദേഹം നിയമവിദഗ്ദ്ധനാണെന്നുള്ള കാര്യത്തിൽ ഇവിടെ ആർക്കും അഭിപ്രായ വ്യത്യാസമില്ലല്ലോ? 1998-ലെ മറിയം റഷീദ കേസ്സും 2001-ലെ ആന്റണി വേഴ്സസ് കേരളാ കേസ്സിലുമുള്ള വിധിയാണ് അദ്ദേഹം ഇവിടെ വായിച്ചത്. അതിനുശേഷം സുപ്രീംകോടതിയുടെ തന്നെ വേറൊരു വിധി ബഹുമാനപ്പെട്ട മാണി കണ്ടതാണെന്നു തോന്നുന്നില്ല. 2005-ൽ സുപ്രീംകോടതിയിൽ വിധി ഉണ്ടായിട്ടുണ്ട്. ഉത്തർസിംഗ് വേഴ്സസ് വേദപ്രകാശ് ആന്റ് അദേഴ്സ് എന്നു പറയുന്ന കേസ്സിൽ ബഹുമാനപ്പെട്ട സുപ്രീംകോടതി സന്തോഷ് ഹെഗ്ഡെ സിൻഹ, മാധൂർ എന്നിവർ ഉൾപ്പെടെ വിധിയാകാത്ത ഇത്തരത്തിലുള്ള കേസ്സുകൾ കൈകാര്യം ചെയ്യുന്നതിന് പൂർണ്ണമായി സമ്മതിച്ചിട്ടുണ്ട്. മാത്രമല്ല, ബെസ്റ്റ് ബേക്കറി കേസ്സിന്റെ അനുഭവമെന്താണ്? ഇത്തരത്തിലുള്ള കേസ്സുകളിൽ വീണ്ടും ഒരു പരിശോധനയാകാം എന്ന് സുപ്രീംകോടതിയിൽ വന്നിട്ടുള്ള ലേറ്റസ്റ്റ് വിധിന്യായങ്ങൾ അനുസരിച്ച് സി.ബി.ഐ.ക്ക് ഇത് പരിശോധിക്കണമെന്ന് പറഞ്ഞതിനകത്ത് യാതൊരു തെറ്റുമില്ലെന്നാണ് ഞങ്ങൾക്ക് കിട്ടിയിട്ടുള്ള നിയമോപദേശം. ഇതിനകത്ത് ഒരു പ്രധാന തർക്കം വന്നിരിക്കുന്നത്, സി.ബി.ഐ.-ക്ക് വിടുന്നതിനെ സംബന്ധിച്ച് മുമ്പത്തെ ഗവൺമെന്റിന് ഇവിടെയുള്ള പ്രതിബദ്ധതയാണ്. അന്ന് ഉണ്ടായിരുന്നവരെക്കൂടി വിശ്വാസത്തിൽ എടുത്തുകൊണ്ടാണ് ഞങ്ങൾ ഇങ്ങനെ ചെയ്തതെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ പറഞ്ഞു. യഥാർത്ഥത്തിൽ സി.ബി.ഐ.ക്ക് വിടേണ്ട എന്നു പറഞ്ഞപ്പോൾ, പ്രതിപക്ഷത്തെക്കൂടി അംഗീകരിച്ചുകൊണ്ട് എടുത്ത തീരുമാനമാണെന്ന് അങ്ങ് ഇവിടെ പറഞ്ഞു. സി.പി.ഐ.(എം)-ന് ഇക്കാര്യത്തിൽ ഒരു നിലപാടുണ്ട്. അത് ഞങ്ങൾ അന്നും പറയുന്നു, ഇന്നും പറയുന്നു. ഇവിടെ ഉണ്ടാകുന്ന എല്ലാ കേസ്സുകളും സി.ബി.ഐ.ക്ക് വിടണമെന്നുള്ള അഭിപ്രായം ഞങ്ങൾക്കില്ല. ഇവിടെ അന്വേഷിക്കുവാൻ സാധിക്കുന്ന കേസ്സ്, ഇവിടത്തെ ക്രൈംബ്രാഞ്ചിന് അന്വേഷിച്ച് തെളിയിക്കുവാൻ സാധിക്കുന്ന കേസ്സ്, കേരളാ പോലീസിന് തെളിയിക്കുവാൻ സാധിക്കുന്ന കേസ് കേരളത്തിൽത്തന്നെ അന്വേഷിക്കണം. ക്രമസമാധാനം ഈ സംസ്ഥാനത്ത് ആവശ്യമാണ്. ഇതിനകത്ത് കേന്ദ്രം ഇടപെട്ടുകൊണ്ട് എല്ലാം അന്വേഷിച്ചു നടത്തുക എന്നുള്ള രീതിയോട് ഞങ്ങൾക്ക് യോജിപ്പില്ല.

മുത്തങ്ങ സംഭവമുണ്ടായ സാഹചര്യത്തിലും ഞങ്ങൾ സി.ബി.ഐ. അന്വേഷണം വേണമെന്ന് പറഞ്ഞില്ലല്ലോ. ഞങ്ങൾ അന്നും പറഞ്ഞത് ജുഡീഷ്യൽ അന്വേഷണം വേണമെന്നാണ്. ഞങ്ങൾക്ക് ഇക്കാര്യത്തിൽ വ്യവസ്ഥാപിതമായ ഒരു സമീപനമുണ്ടെന്നുള്ളതുകൊണ്ടാണ് ഞങ്ങൾ അന്ന് അത്തരമൊരു സമീപനം സ്വീകരിച്ചത്. എന്നാൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ചോദിച്ചത് നിങ്ങളെക്കൂടി വിശ്വാസത്തിലെടുത്തുകൊണ്ട് സർക്കാർ അത്തരമൊരു തീരുമാനമെടുത്തിട്ട് നിങ്ങൾ കാലുമാറിയില്ലേ എന്നാണ്. ഞങ്ങളെയാണോ നിങ്ങൾ വിശ്വാസത്തിലെടുത്തത്? 2003 മേയ് 2-ാം തീയതി മാറാട് നടന്ന ദുരന്ത സംഭവങ്ങളുടെ പേരിലുണ്ടായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി എ. കെ. ആന്റണിയുടെ സാന്നിദ്ധ്യത്തിൽ 2003 ഒക്ടോബർ മാസം 4-ാം തീയതിയും 5-ാം തീയതിയും ക്ലിഫ്

LIBRARY ARCHIVES Kerala Legislative Assembly

ഹൗസിൽ ചേർന്ന യോഗത്തിലുണ്ടായ ധാരണയാണ് നിങ്ങൾ നടപ്പാക്കിയത്. ആ യോഗത്തിൽ ഞങ്ങളുണ്ടോ? ആ യോഗത്തിൽ ആരൊക്കെയാണ് പങ്കെടുത്തത്? ഗാന്ധി സ്മാരകനിധി ചെയർമാൻ- ഗോപിനാഥൻ നായർ, മന്ത്രിമാരായ ശ്രീ. കെ. ശങ്കരനാരായണൻ, ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി, ശ്രീ. എം.കെ. മുനീർ, ബി.ജെ.പി. സംസ്ഥാന പ്രസിഡന്റ് ശ്രീ. പി.എസ്. ശ്രീധരൻ പിള്ള, ജനറൽ സെക്രട്ടറി ശ്രീ. പി.പി. മുകുന്ദൻ, ഹിന്ദു ഐക്യവേദി ചെയർമാൻ ശ്രീ. എ. ശിശുപാലൻ, ജനറൽ സെക്രട്ടറി ശ്രീ. കുമ്മനം രാജശേഖരൻ, ആർ.എസ്.എസ്. നേതാവ് ശ്രീ. കെ.സി. കണ്ണൻ, മാറാട് അരയസമാജം സെക്രട്ടറി ശ്രീ. സി. സുരേഷ്, ശ്രീ.കുഞ്ഞിക്കണ്ണൻ എന്നിവരാണ് പങ്കെടുത്തത്. ഞങ്ങൾ അതിലില്ല. നിങ്ങൾ അവസാനമെടുത്ത തീരുമാനം ഞങ്ങളുടെ മേൽ അടിച്ചേൽപ്പിക്കാൻവേണ്ടി എന്തിനാണ് ഇത്തരമൊരു സമീപനം സ്വീകരിക്കുന്നത്? അത് നിങ്ങളുടെ പൊളിറ്റിക്കൽ തീരുമാനമായിരുന്നു. സി.ബി.ഐ. അന്വേഷണം വേണ്ട എന്നുള്ളത് നിങ്ങളുടെ പൊളിറ്റിക്കൽ തീരുമാനമായിരുന്നു. അതിൽ നിങ്ങൾ അവസാനമെടുത്ത കേസ്സ് കോടതിയിൽ വന്ന് പിൻവലിച്ചുപോയില്ലേ എന്നു ചോദിച്ചു. പിൻവലിച്ചു പോയി. അന്നുണ്ടാക്കിയ ധാരണ എന്താണ്? 10 ലക്ഷം രൂപ നഷ്ടപരിഹാരം, ആശ്രിതർക്ക് ജോലി എന്നുള്ളതു സംബന്ധിച്ച് നിങ്ങൾ ആർ.എസ്.എസ്.-ഉം ആയി സെറ്റിൽമെന്റുണ്ടാക്കി. അതിന്റെ അടിസ്ഥാനത്തിൽ ആ കേസ് പിൻവലിക്കപ്പെട്ടു. ഈ വസ്തുത തുറന്നുപറയുന്നതിനു പകരം ഇടതുപക്ഷത്തിന്റെ കയ്യിൽ, ഇന്നത്തെ ഭരണപക്ഷത്തിന്റെ കയ്യിൽ ഇതുവച്ച് രക്ഷപ്പെടുന്നത് ശരിയല്ല. അത് നിങ്ങളെടുത്ത തീരുമാനമായിരുന്നു. ആ തീരുമാനം സംബന്ധിച്ച് കമ്മീഷൻ ഇപ്പോൾ പറഞ്ഞിരിക്കുന്ന കാര്യം ഇവിടെ പലരും പറഞ്ഞതാണ്. അന്നത്തെ മുഖ്യമന്ത്രിയെ സംബന്ധിച്ച് കമ്മീഷൻ ചില കാര്യങ്ങൾ ഇവിടെ പരാമർശിച്ചത് അതിന്റെ അടിസ്ഥാനത്തിലാണ്. അത് മെമ്പർമാർ ഇവിടെ ക്വാട്ട് ചെയ്തിട്ടുണ്ട്. സമയക്കുറവുകൊണ്ട് ഞാൻ അത് വായിക്കാൻ ഉദ്ദേശിക്കുന്നില്ല. കമ്മീഷൻ റിപ്പോർട്ടിൽത്തന്നെ അന്നത്തെ ഗവൺമെന്റ് അന്വേഷണം സി.ബി.ഐ.-ക്ക് വിടാത്തതു സംബന്ധിച്ച് ദുരൂഹതയുണ്ടെന്ന് അഭിപ്രായപ്പെട്ടു. ഓരോ പ്രയോഗത്തിലും സി.ബി.ഐ. അന്വേഷണം നടത്താത്തതു സംബന്ധിച്ച് ദുരൂഹതയുണ്ടെന്ന് സമർത്ഥിക്കുന്ന കമ്മീഷൻ റിപ്പോർട്ടാണ് ഇപ്പോൾ പുറത്തുവന്നിരിക്കുന്നത്. ഇത് നിങ്ങളുടെ ഗവൺമെന്റിന്റെ സമീപനത്തിന്റെ ഫലമായി സംഭവിച്ചതാണ്. വർഗ്ഗീയ ശക്തികളുമായുള്ള ബന്ധമാണ് നിങ്ങളെ ഇതിലേക്ക് എത്തിച്ചത്. അതാണ് ഈ സംഭവത്തിനിടയാക്കിയത്. പ്രധാനപ്പെട്ട മറ്റൊരു കാര്യം ഒന്നാം മാറാട് കലാപത്തിൽ സ്വീകരിച്ച സമീപനമാണ് രണ്ടാം മാറാട് സംഭവത്തിന് ഇടയാക്കിയത്. അതാണ് കമ്മീഷന്റെ പ്രധാനമായ ഫൈൻഡിംഗ്സ്. The unjustified delay in the State Government granting sanction for prosecution of the accused involved in the crime cases relating to the incidents on 3/4-1-2002 the consequent delay in prosecuting them and their getting enlarged on bail enabled the fundamentalist elements to ignite the fire of revenge in the mind of the close relatives of the Muslims killed on 3/4-1-2002 which also contributed to the massacre on 2-5-2003 എന്നാണ് പറഞ്ഞിരിക്കുന്നത്. ഒന്നാം സംഭവത്തിനുശേഷം യഥാർത്ഥമായ നടപടി സ്വീകരിച്ചിരുന്നെങ്കിൽ രണ്ടാം കലാപമുണ്ടാകുമായിരുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ ഉയർന്ന ഒരു ചോദ്യം എന്താണ്? രണ്ടാം കലാപത്തിനുശേഷം അവിടെ രക്തം ചോർന്നോ, അത് ഞങ്ങളുടെ മിടുക്കല്ലേ. എന്നാണ് ചോദിക്കുന്നത്. ഒന്നാം കലാപം കഴിഞ്ഞിട്ട് കുറച്ചു മാസം പ്രശ്നങ്ങളൊന്നും ഇല്ലാതിരുന്നപ്പോൾ ഇവർ ചോദിച്ചു കലാപം നടന്നിട്ട് പിന്നീട് എന്തെങ്കിലും ഉണ്ടായോ, ഞങ്ങളുടെ മിടുക്കല്ലേ? രണ്ടാം കലാപം കഴിഞ്ഞിട്ട് പിന്നെയൊന്നും ഇല്ലാത്തതിനെപ്പറ്റി ഇപ്പോൾ പറയുന്നത് ഞങ്ങളുടെ മിടുക്കല്ലേ എന്നാണ്. ഇനി മൂന്നാം കലാപമുണ്ടായിരുന്നെങ്കിൽ ഇവർ എന്ത് പറയുമായിരുന്നു? നാലാമത് കലാപം ഉണ്ടായില്ലല്ലോ ഞങ്ങളുടെ മിടുക്കല്ലേ എന്ന്. ഇങ്ങനെ പറഞ്ഞുകൊണ്ട് ഇതിനെ ന്യായീകരിക്കാൻ ശ്രമിക്കുന്നത് ശരിയാണോ? ഒന്നാം സംഭവമുണ്ടായശേഷം ഗവൺമെന്റ് സ്വീകരിച്ച നിലപാടിനെ സംബന്ധിച്ചാണ് കമ്മീഷൻ റിപ്പോർട്ടിൽ പ്രധാനമായും പറഞ്ഞിരിക്കുന്നത്. കമ്മീഷൻ റിപ്പോർട്ടന്റെ 115, 116, 119 എന്നീ പേജുകളിൽ അത് കാണാം. അവർക്ക് പ്രോസിക്യൂഷൻ അനുമതി നൽകാൻ വിസമ്മതിച്ചു. രണ്ടാം കലാപം ഉണ്ടായിട്ടാണ് ഒന്നാം കലാപ കേസ്സിൽ കുറ്റപത്രം തന്നെ നൽകിയത്. സർക്കാരിന്റെ അനാസ്ഥയാണ് ഈ ഗൂഢാലോചനയ്ക്ക് വഴിതെളിച്ചതെന്നാണ് കമ്മീഷന്റെ നിഗമനം. സർക്കാരിന്റെ ഭാഗത്തുനിന്ന് ഇത്രയും ഗുരുതരമായ കാലതാമസം എങ്ങനെയുണ്ടായി? ഇത് പരിശോധിക്കേണ്ടതായിട്ടുണ്ട്. ആക്ഷൻ ടേക്കൺ റിപ്പോർട്ടിൽ പറയാത്ത ഒരു കാര്യം ഇപ്പോൾ നടന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ പറയാൻ ഞാൻ ആഗ്രഹിക്കുന്നു. അന്ന് ഇതിൽ ഗുരുതരമായ കാലതാമസം ഉണ്ടായത് സംബന്ധിച്ച് നിയമവകുപ്പിനെക്കൊണ്ട് അന്വേഷിപ്പിച്ച് റിപ്പോർട്ട് വന്നാൽ ഗവൺമെന്റ് ആവശ്യമായ നടപടി കൈക്കൊള്ളും. ഇത്തരം സംഭവങ്ങൾ നമ്മുടെ സംസ്ഥാനത്ത് ആവർത്തിക്കാൻ പാടില്ല. എങ്ങനെ ഇതുണ്ടായി എന്നുള്ളത് പരിശോധിച്ച് നടപടി സ്വീകരിക്കണം. രണ്ടാം കലാപമുണ്ടാകുന്നതിന് പതിനഞ്ച് മിനിട്ടുകൾക്കുമുമ്പ് ജില്ലാ സ്പെഷ്യൽ ബ്രാഞ്ച് എ. എസ്. ഐ. എൻ.ഡി. ബാലന്, അനിശ്ചിതത്വം ഉണ്ടാകാൻ പോകുന്നുവെന്ന വിവരം ലഭിച്ചിരുന്നു. അദ്ദേഹം ഈ വിവരം അസിസ്റ്റന്റ് കമ്മീഷണർ ശ്രീ. തോമസിനേയും അറിയിച്ചതായി കാണുന്നുണ്ട്. കമ്മീഷൻ തന്നെ പറയുന്നത് സംഭവമുണ്ടാകുന്നതിനു തൊട്ടുമുമ്പ് വിവരം ലഭിച്ചിട്ടും സ്ഥലത്ത് പോലീസ് ഉണ്ടായിരുന്നിട്ടും സംഭവം നടക്കുന്ന സമയത്ത് അൽപ്പംപോലും ഇടപെടാൻ പോലീസ് കഴിയാത്തത് പ്രത്യക്ഷത്തിൽത്തന്നെയുള്ള ഗുരുതരമായ വീഴ്ചയാണെന്നാണ്. ഇക്കാര്യത്തെക്കുറിച്ചും കാര്യമായ ഒരു നടപടിയും അന്വേഷണവും നടത്തിയതായി എവിടേയും കാണുന്നില്ല. ഇത് അന്വേഷണത്തിൽ വിഷയമാക്കേണ്ട ഒരു കാര്യമാണ്. ഇത് ആവർത്തിക്കാൻ പാടില്ല. മാതൃകാപരമായ സമീപനം സ്വീകരിക്കണം. മറ്റൊന്ന് പേജ് 45-ൽ പറയുന്നതാണ്. അത് പ്രധാനപ്പെട്ടതായതുകൊണ്ട് ഞാൻ വായിക്കാം. He claimed that AW27 had informed him.............അത് തോമസിനെയാണ്. .................about 10-15 minutes before the massacre on 2-5-2003 that some incident is going to happen at Marad. He contacted the Assistant Commissioner (South) and conveyed the information. The witness claimed that whenever information was received about the collection of weapons including bombs, that was conveyed to the Commissioner who directed the Assistant Commissioner (South) to conduct search for the weapons. But, AW31 does not know whether any weapons were traced in

LIBRARY ARCHIVES Kerala Legislative Assembly

such............എന്നാണ് ആ സംഭവത്തെപ്പറ്റി പറയുന്നത്. ഇങ്ങനെ ഒരു അനാസ്ഥ വന്നതല്ലേ നമ്മൾ പരിശോധിക്കേണ്ടത്? നമ്മൾ രാഷ്ട്രീയമായി അങ്ങോട്ടുമിങ്ങോട്ടും കുറ്റം പറയുന്നതിനുപകരം ഈ റിപ്പോർട്ടിലെ ഇത്തരം പരാമർശങ്ങൾ പരിശോധിച്ച് ഭരണപരമായ നടപടിയെടുത്ത് മാതൃക കാണിക്കണം. അതിന് നമുക്ക് രണ്ട് കൂട്ടർക്കും ഒരുമിച്ച് നിൽക്കാൻ കഴിയണം. അതാണ് ഇവിടത്തെ പ്രശ്നം. ഗുരുതരമായ പ്രശ്നങ്ങളുണ്ടാകുമെന്ന് അറിഞ്ഞിട്ടും പോലീസിന്റെ വയർലെസ്സ് സെറ്റ് വച്ചിരുന്നത് റുക്കുബി എന്ന സ്ത്രീയുടെ വീട്ടിലായിരുന്നു എന്നാണ് കമ്മീഷൻ കണ്ടെത്തിയിട്ടുള്ളത്. പേജ് 40-ൽ ഇതുസംബന്ധിച്ച് വ്യക്തമായി പരാമർശിക്കുന്നുണ്ട്. He noticed that one of the picket posts at Marad was opened in the house of one Rukkubi. The wireless set was installed in that picket post. The witness realised that it was dangerous to keep the wireless set in that picket post since there was the possibility of information being leaked out through the inmates of the house and hence, made a strong suggestion that the picket post or at least, the wireless set be removed from that house. Nothing was done on that report............എന്താണിത്? ഒരു ഭരണം ഉണ്ടായിട്ടുണ്ടോ? ഇത്രയും ഗുരുതരമായ ഒരു റിപ്പോർട്ട് കിട്ടിയിട്ട് ഇടപെടുന്നതിൽ ആരാണ് വീഴ്ച വരുത്തിയത്? ഇത്തരം കാര്യങ്ങൾ പരിശോധിച്ചു നടപടിയെടുക്കാൻ നമുക്ക് സാധിക്കുന്നില്ലെങ്കിൽ ഇത് ആവർത്തിച്ചുകൊണ്ടിരിക്കുകയില്ലേ? അതുകൊണ്ട് കമ്മീഷൻ ചൂണ്ടിക്കാണിച്ച ഇക്കാര്യം ഗുരുതരമായി പരിശോധിക്കണം. കലാപം നടക്കുന്ന സമയത്ത് വിരലിലെണ്ണാവുന്ന പോലീസുകാർ മാത്രമേ അവിടെ ഉണ്ടായിരുന്നുള്ളൂ. അവരുടെ കയ്യിൽ തോക്കുണ്ടായിരുന്നില്ല. ശക്തിമത്തായ എന്തെങ്കിലും ആയുധം അവരുടെ കയ്യിൽ ഉണ്ടായിരുന്നില്ല. മുന്നറിയിപ്പുണ്ടായിട്ടും ആൾബലം കുറച്ചും ആയുധബലം ഇല്ലാതാക്കിയും വിവരവിനിമയോപാധി അനുചിതമായ സ്ഥലങ്ങളിൽ സ്ഥാപിച്ചുമാണ് പോലീസ് അവിടെ നിരുത്തരവാദപരമായി പ്രവർത്തിച്ചത്. ഇക്കാര്യങ്ങളെല്ലാം അറിഞ്ഞിട്ടും അത് തിരുത്താനോ ഉത്തരവാദികളായ പോലീസുകാരെ ശിക്ഷിക്കാനോ ഒരു നടപടിയും വകുപ്പിന്റെ ഭാഗത്തുനിന്ന് സ്വീകരിച്ചതായി കണ്ടില്ല. ഒരു കലാപമുണ്ടായശേഷം ഇത്തരം സംഭവങ്ങളുണ്ടായപ്പോൾ എന്തുകൊണ്ട് ഗവൺമെന്റ് നടപടിയെടുത്തില്ല? ആ പ്രദേശത്ത് ഗുരുതരമായ സംഭവമുണ്ടാകാനിടയുണ്ടെന്ന് അറിയിപ്പ് കിട്ടിയിരുന്നുവെന്ന് ഇന്റലിജൻസ് റിപ്പോർട്ട് മാത്രമല്ല നിയമസഭയിൽ കൊടുത്ത ഉത്തരത്തിൽ കോഴിക്കോട് സിറ്റി പോലീസ് കമ്മീഷണർക്ക് റിപ്പോർട്ട് കിട്ടിയിരുന്നുവെന്ന് മുഖ്യമന്ത്രി തന്നെ പറഞ്ഞിട്ടുണ്ട്. അങ്ങനെയൊരു റിപ്പോർട്ട് കിട്ടിയിട്ടും നടപടി എടുത്തിട്ടില്ല. സ്ഥലം എം.എൽ.എ. എത്ര തവണ മുന്നറിയിപ്പ് കൊടുത്തു? സ്ഥലം എം.എൽ.എ. കൊടുത്ത മുന്നറിയിപ്പിനെ സംബന്ധിച്ച് കമ്മിഷൻ പരാമർശിക്കുന്നുണ്ട്. ശ്രീ. വി.കെ.സി. മമ്മത്കോയ ഓരോ സമയത്തും ഇടപെട്ട് മുന്നറിപ്പ് നൽകിയതാണ്. ഫയലായിട്ട് തന്നെ കമ്മീഷന്റെ മുൻപിൽ അദ്ദേഹം കൊടുത്തിരുന്നു. പോലീസ് ഫോഴ്സ് കൂട്ടണമെന്ന് നിരന്തരമായി അഭ്യർത്ഥിച്ചിട്ടും പോലീസ് ഫോഴ്സ് കൂട്ടിയില്ലെന്നു മാത്രമല്ല കുറയ്ക്കുകയാണ് ചെയ്തത്. പോലീസ് ഫോഴ്സ് കുറച്ചതിന്റെ പിറ്റേന്നാണ് കലാപം നടന്നത്. എം.എൽ.എ.യും ഇന്റലിജൻസും മുന്നറിയിപ്പ് നൽകിയിട്ടും കലാപം നടത്താൻ ഈ ശക്തികൾക്ക് ശക്തി

LIBRARY ARCHIVES Kerala Legislative Assembly

ലഭിച്ചത് എവിടെ നിന്നാണ്? എവിടെയാണ് വീഴ്ച സംഭവിച്ചത്? നമ്മൾ ഭരണ കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ അങ്ങോട്ടും ഇങ്ങോട്ടും ഇത് പറയുന്നതിന് പകരം ഇനിയും ഇത്തരം കലാപങ്ങളുണ്ടാകാതിരിക്കാനുള്ള ചർച്ചയാണ് ഇവിടെ നടത്തേണ്ടത്. അതിനാണ് നമ്മൾ യോജിക്കേണ്ടത്. അന്ന് പത്രത്തിലും വന്നിരുന്നു, ഈ റിപ്പോർട്ടിനകത്തും പറയുന്നുണ്ട്. കലാപകാരികൾക്ക് ഗറില്ലാ ട്രെയിനിംഗ് ലഭിച്ചതിനെക്കുറിച്ച്. പോലീസ് ഉദ്യോഗസ്ഥരും ഇക്കാര്യം മാധ്യമങ്ങളെ അറിയിക്കുകയും ചെയ്തിരുന്നു. ആരാണ് അവർക്ക് ഗറില്ല ആയുധമുറ പഠിപ്പിച്ച് കൊടുത്തത്? ഇത് എങ്ങനെ വന്നു എന്നുള്ളത് ക്രൈംബ്രാഞ്ച് അന്വേഷിക്കണമായിരുന്നു. സംഭവത്തിനു മുൻപും അന്വേഷിച്ചില്ല, അതിനുശേഷവും അന്വേഷിച്ചില്ല. ഇത് ഗുരുതരമായ വീഴ്ചയല്ലേ? പോലീസ് പിക്കറ്റിംഗുള്ള സ്ഥലത്താണ് വൻതോതിൽ ആയുധക്കടത്ത് നടന്നത് എന്നുള്ളത് റിപ്പോർട്ട് വായിച്ചാൽ അറിയാൻ സാധിക്കും. ഏതാണ്ട് അര കിലോമീറ്റർ ദൂരെ ഏകദേശം പത്തോളം പോലീസ് പിക്കറ്റുള്ള സ്ഥലത്താണ് ഈ സംഭവം നടന്നത്. പോലീസിന്റെ കഴിവുകേട് എത്ര ഗുരുതരമാണ്. ആയുധം കടത്തൽ നടന്ന കാര്യം പരിശോധിക്കാൻ ഒരു ക്രമീകരണവും ഉണ്ടായില്ല എന്നല്ലേ ഇതിൽനിന്നും വ്യക്തമാകുന്നത്. കായിക പരിശീലന നിയന്ത്രണ നിയമം കേരളത്തിൽ 2000-ൽ ഏർപ്പെടുത്തിയിട്ടും യു.ഡി.എഫ്. സർക്കാർ അത് നടപ്പാക്കിയില്ല. ഈ നിയമത്തിനകത്ത് വളരെ വ്യക്തമാണ്. കായിക പരിശീലനം നടക്കുന്നുണ്ടെങ്കിൽ അത് പോലീസ് ഡിപ്പാർട്ടുമെന്റിനെ അറിയിക്കണം. അതു പോയി പരിശോധിക്കാൻ പോലീസിന് അധികാരം കൊടുത്തിട്ടുണ്ട്. അങ്ങനെ വല്ല പരിശോധനയും നമ്മുടെ നാട്ടിൽ ഉണ്ടായിരുന്നോ? കായിക പരിശീലനം വഴി ആരൊക്കെ പലിശീലനം നേടി എന്ന് കണ്ടുപിടിക്കാൻ സാധിച്ചിട്ടുണ്ടോ? പോലീസിന് യാതൊരു മേൽനോട്ടവും വഹിക്കാൻ കഴിഞ്ഞില്ലെന്ന കാര്യം റിപ്പോർട്ടിൽ തന്നെ പറയുകയല്ലേ? ഇതാണ് അന്നത്തെ ഗവൺമെന്റിന്റെ ദൗർബല്യം. സംഭവം നടന്ന ഉടൻ കൂടുതൽ പോലീസ് എത്തി. അത് കമ്മീഷൻ പറഞ്ഞിട്ടുണ്ട്. പോലീസ് കമ്മീഷണർ വിനോദിന്റെ നേതൃത്വത്തിൽ കൂടുതൽ പോലീസ് സ്ഥലത്ത് ഇടപെട്ടു എന്ന് പറഞ്ഞിട്ടുണ്ട്. ഇതു പറഞ്ഞകൂട്ടത്തിൽ കമ്മീഷൻ പറഞ്ഞു പോലീസ് സേന ഉണർന്നു പ്രവർത്തിക്കേണ്ട സന്ദർഭത്തിൽ പോലീസിന്റെ സാന്നിദ്ധ്യത്തിൽത്തന്നെയാണ് ഒരുവിഭാഗം ആളുകളുടെ വസ്തുവകകൾ നശിപ്പിക്കപ്പെട്ടത്. എന്ന് പോലീസ് അവിടെ എത്തിയിട്ടും പോലീസിന്റെ കൺമുന്നിൽ വച്ച് ഇതെല്ലാം നടക്കുമ്പോൾ പോലീസ് നോക്കി നിന്നു. ഇങ്ങനെയാകുമ്പോൾ എങ്ങനെയാണ് നമ്മുടെ പോലീസിനെക്കുറിച്ച് വിശ്വസ്തത ഉണ്ടാകുക. ഇത്തരം സന്ദർഭങ്ങളിലാണ് പോലീസ് ആക്ട് ചെയ്യേണ്ടത്. ഞങ്ങൾ സാധാരണഗതിയിൽ വെടിവയ്പ്പിനും മറ്റും എതിരാണ്. ഞാൻ ഇപ്പോൾ ഓർക്കുന്നു തലശ്ശേരി കലാപം ഉണ്ടായപ്പോൾ കലാപം നടന്ന സ്ഥലത്തെ അന്നത്തെ പാർട്ടിയുടെ നേതാവ് ബഹുമാന്യനായ അഴീക്കോടൻ സംഭവസ്ഥലത്ത് വന്നു. അന്ന് തലശ്ശേരിയിൽ വിളിച്ചുകൂട്ടിയ സമാധാന കമ്മിറ്റി യോഗത്തിൽ അഴീക്കോടൻ പറഞ്ഞു. 'ഞങ്ങൾ വെടി വയ്പ്പിന് എതിരാണ്. പക്ഷെ നിങ്ങൾക്ക് തോക്ക് തന്നിട്ടുള്ളത് കലാപം നടന്ന സ്ഥലത്ത് വെടി വയ്ക്കാനാണ്. നിങ്ങൾ എന്തുകൊണ്ട് വെടിവച്ചില്ല? കലാപം നടന്ന സ്ഥലത്ത് കലാപകാരികൾക്ക് എതിരായിട്ടാണ് തോക്ക് ഉപയോഗിക്കേണ്ടത്' എന്ന്.

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ ചെയ്തില്ല എന്ന് മാത്രമല്ല പോലീസിന്റെ കൺമുൻപിൽ വച്ച് വീടുകൾ കൊള്ള ചെയ്യുമ്പോൾ, കലാപം നടക്കുമ്പോൾ നോക്കി നിന്ന പോലീസ് നമുക്ക് മാതൃകയാണോ? ഇത് ഇല്ലാതാക്കാനാണ് ഈ ചർച്ച കൊണ്ട് ഉദ്ദേശിക്കുന്നത്. എൻ.ഡി.എഫ്-ന്റെയും ഐ.യു.എം.എൽ.-ന്റെയും പ്രവർത്തകരെ സംബന്ധിച്ച് ഇതിനകത്ത് പരാമർശം ഉണ്ടായി. ഈ സംഭവങ്ങൾ എങ്ങനെ ഉണ്ടായി എന്നുള്ളത് സംബന്ധിച്ച് പറയുന്നുണ്ട്, ഐ.യു.എം.എൽ. മത നിരപേക്ഷതയിലാണ് വിശ്വസിക്കുന്നത്, ഞങ്ങൾക്ക് ഇതിലൊന്നും പങ്കില്ലെന്നുള്ള കാര്യം പറഞ്ഞല്ലോ. നിങ്ങളെപ്പറ്റി വന്ന പരാമർശം വളരെ വ്യക്തമല്ലേ? ഇവിടെ ശ്രീ. കെ. ടി. ജലീൽ പറഞ്ഞില്ലേ ആദ്യമായിട്ടാണ് കമ്മീഷൻ റിപ്പോർട്ടിനകത്ത് ഇത്തരം പരാമർശം ഉണ്ടായത് എന്ന്. ലീഗിനെപ്പറ്റി പൊതുവിൽ പരാമർശിച്ച് പോവുകയാണ് ചെയ്തത്. നിങ്ങൾ ഇതിന്റെ ഗൗരവം കാണണം. മൊയ്തീൻ കോയയെക്കുറിച്ച് പ്രത്യേക പരാമർശം ഉണ്ടായല്ലോ. മൊയ്തീൻകോയ ഹാജിയെപ്പറ്റി പരാമർശം ഉണ്ടല്ലോ. രണ്ടുപേരും നിങ്ങളുടെ നേതാക്കൻമാരല്ലേ? മൊയ്തീൻ കോയ പഞ്ചായത്ത് മെമ്പറായിരുന്നല്ലോ? കമ്മീഷൻ റിപ്പോർട്ട് കിട്ടിയിട്ടും ആ മൊയ്തീൻ കോയഹാജിയെ നിങ്ങൾ സ്ഥാനാർത്ഥിപോലും ആക്കിയില്ലേ? അതിൽനിന്ന് വ്യക്തമാകുന്നത് എന്താണ്? നിങ്ങളായിരുന്നു കേരളത്തിൽ അധികാരത്തിലിരുന്നതെങ്കിൽ കമ്മീഷൻ റിപ്പോർട്ട് വെളിച്ചം കാണുമായിരുന്നില്ല. കമ്മീഷൻ റിപ്പോർട്ട് നിങ്ങൾ പൂഴ്ത്തുമായിരുന്നു. ഹാജി ജയിച്ചിരുന്നെങ്കിൽ ഇവിടെ എം.എൽ.എ. ആകുമായിരുന്നില്ലേ? ഹാജിയെ തോൽപ്പിച്ചുകൊണ്ടാണ് ഇടതുപക്ഷത്തിന്റെ കരുത്തനായ അന്തരിച്ച സഖാവ് മത്തായിചാക്കോ ആ മണ്ഡലത്തിൽ ജയിച്ചത്. 'ആ മൊയീൻ ഹാജിയെ സ്ഥാനാർത്ഥിയാക്കിയതിൽ ഞങ്ങൾക്ക് ഒരു തെറ്റ് പറ്റിപ്പോയി അങ്ങനെ ഒരു സംഭവം ഉണ്ടായി പോയി ഞങ്ങൾ കമ്മീഷൻ റിപ്പോർട്ട് പരിശോധിക്കാതെ പറ്റിയതാണ്' എന്ന് പറയാൻ എന്തുകൊണ്ട് അപ്പുറത്തിരിക്കുന്നവർ സന്നദ്ധമായില്ല. നിങ്ങൾ സ്വയം വിമർശനപരമായിട്ട് ഇത് പരിശോധിക്കാൻ തയ്യാറല്ല. ആ സംഭവത്തിനുശേഷം..............................(ബഹളം).............. ഇതിൽ നിങ്ങൾ ബഹളം വയ്ക്കേണ്ട. ഇതിൽ പറയുന്ന കൺക്ലൂഷൻ, Shri P. P. Moideen Koya (H party No. 2)..............local leader of the I.U.M.L. is involved in the conspiracy for the massacre at Marad Beach............എന്ന് വ്യക്തമായി പറഞ്ഞിട്ടുണ്ട്. ..............................(ബഹളം)......................പേജ് വേണോ? പേജ് 255 അതിൽ (7) പി. പി. മൊയ്തീൻ കോയ. ഇതാണ് മുസ്ലീം ലീഗിന് പറ്റിയ അപചയം. നിങ്ങൾ ഇത്തരം കാര്യങ്ങൾ സമചിത്തതയോടെ പരിശോധിക്കുന്നതിനു പകരം ഇത്തരത്തിലുള്ള സമീപനം സ്വീകരിക്കുകയല്ല വേണ്ടത്. (8)-ൽ പറയുന്നത് There is every reason to think that Sri. Mayin Haji, s/o. Kunhali (H party No. 3) Chairman of Calicut Development Authority and leader of the I.U.M.L., had prior information about the conspiracy which resulted in the massacre at Marad Beach................എന്നാണ് ഇതിൽ വ്യക്തമായിട്ട് പറയുന്നത്. ................................(ബഹളം)..................... കമ്മീഷൻ റിപ്പോർട്ടിനകത്ത് ഇല്ലാത്ത ഒരു കാര്യം പോലും ഞാൻ ഇവിടെ പരാമർശിക്കാൻ ഉദ്ദേശിക്കുന്നില്ല. കമ്മീഷൻ റിപ്പോർട്ടിനകത്ത് പറഞ്ഞ കാര്യമാണ്. യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ ഇരുന്ന കാലത്ത് കമ്മീഷൻ റിപ്പോർട്ട്



LIBRARY ARCHIVES Kerala Legislative Assembly

കിട്ടിയിട്ടും ബഹുമാനപ്പെട്ട ഉമ്മൻചാണ്ടി എന്തുകൊണ്ട് ആ കമ്മീഷൻ റിപ്പോർട്ടിൽ പരാമർശം ഉണ്ട്, യു.ഡി.എഫ്. സ്ഥാനാർത്ഥിയെ ലിസ്റ്റിൽനിന്നും ഒഴിവാക്കണമെന്ന് തീരുമാനിച്ചില്ല. ഇതിനകത്തുള്ള പ്രധാന പ്രശ്നം യു.ഡി.എഫ്-ന്റെ അഭിപ്രായം എന്താണ്? കോൺഗ്രസ്സിന് യോജിച്ച അഭിപ്രായം ഉണ്ടോ? ശ്രീ. ആര്യാടൻ മുഹമ്മദ് പറഞ്ഞതല്ല ശ്രീ. സുധാകരൻ പറയുന്നത്. നിങ്ങൾ രണ്ട് കൂട്ടരും പറഞ്ഞതല്ല ശ്രീ. ഉമ്മൻചാണ്ടി പറഞ്ഞത്. നിങ്ങൾ പറഞ്ഞതല്ല ശ്രീ. കെ. കെ. ഷാജു പറയുന്നത്. ഇങ്ങനെ വ്യത്യസ്തമായ രീതിയിൽ ഈ കമ്മീഷൻ റിപ്പോർട്ടിനെ സമീപിക്കുന്ന സ്ഥിതി പ്രതിപക്ഷത്തുനിന്ന് ഉണ്ടായി എന്നുള്ളത് തന്നെ ഇത്തരത്തിലുള്ള പരാമർശങ്ങൾ ഇതിനകത്ത് കടന്നുകൂടിയതുകൊണ്ടല്ലേ? ഞാൻ ഇതിനെ സംബന്ധിച്ച് പറയാൻ ഉദ്ദേശിക്കുന്നില്ല.

ഞാൻ മറ്റൊന്ന് പറയട്ടെ. നിങ്ങൾ ഇത് പറയുമ്പോൾ വിഷമിച്ചിട്ട് കാര്യമില്ല. സംഭവത്തിനുശേഷം മാറാട് പള്ളിയിൽ ചെന്നപ്പോൾ ജില്ലാ മുസ്ലീം ലീഗ് നേതാക്കൾ വന്നാലേ താൻ വെളിയിൽ വരികയുള്ളു എന്നാണ് പി. പി. മൊയ്തീൻ കോയ പറഞ്ഞത്. ഗൂഢാലോചന നടത്തിയ മൊയ്തീൻ കോയ നേതാക്കളിൽനിന്ന് സഹായം പ്രതീക്ഷിക്കുന്നുണ്ടായിരുന്നു എന്നാണ് കമ്മീഷൻ പറഞ്ഞിരിക്കുന്നത്. ഇത് നിസ്സാരമായ പ്രശ്നമാണോ? സംഭവുമായി എൻ.ഡി.എഫ്-ന് ബന്ധമുണ്ടെന്നുള്ളത് പുതുതായി പുറത്തുവന്ന കാര്യമല്ല. കമ്മീഷന്റെ കണ്ടുപിടുത്തം മാത്രമല്ല. ഈ സംഭവം നടന്ന അന്നുതന്നെ ഇതുസംബന്ധിച്ചുള്ള കാര്യങ്ങൾ പുറത്തുവന്നതാണ്. സി.പി.ഐ.(എം)-ന്റെ സംസ്ഥാന സെക്രട്ടറി അന്ന് നടത്തിയ പത്ര സമ്മേളനത്തിൽ സഖാവ് പിണറായി വിജയൻ പറഞ്ഞു, ഈ കലാപം ആസൂത്രണം ചെയ്തതാണ്, ഇത് പ്ളാൻ ചെയ്തത് എൻ.ഡി.എഫ് ആണ് എന്ന്, അത് അംഗീകരിക്കുകയാണ് കമ്മീഷൻ ചെയ്തിരിക്കുന്നത്. എല്ലാ പത്രങ്ങളിലും അത് അന്ന് പ്രധാനമായി വന്നിരുന്നു. എന്റെ പ്രശ്നം ആ വഴിക്ക് എന്തുകൊണ്ട് നിങ്ങളുടെ ക്രൈംബ്രാഞ്ച് അന്വേഷണം പോയില്ല? ഈ വന്ന വസ്തുതകളുടെ അടിസ്ഥാനത്തിൽ ക്രൈംബ്രാഞ്ച് അന്വേഷണം എന്തുകൊണ്ട് നടന്നില്ല എന്നുള്ളതാണ് എന്റെ ചോദ്യം. ഗൂഢാലോചനയെപ്പറ്റിയും എൻ.ഡി.എഫ്-നെപ്പറ്റിയും ഗറില്ലാ ആക്രമണ ഗൂഢാലോചനയെപ്പറ്റിയും ഗൗരവമായ ഒരു അന്വേഷണവും നടത്തിയതായി കാണുന്നില്ലല്ലോ? സംഭവം നടന്നതിന് ശേഷം ഈ ഗവൺമെന്റിന്റെ സമീപനം എന്തായിരുന്നു എന്ന് വ്യക്തമാക്കുന്നതാണ് ഡി.ജി.പി.-യുടെ പ്രസ്താവന. ഡി.ജി.പി. പറഞ്ഞു, കോട്ടയത്താണ് അദ്ദേഹം പോയത് കോഴിക്കോട്ട് അദ്ദേഹം പോയില്ല എന്ന് കലാപം നടന്ന പിറ്റേ ദിവസം അദ്ദേഹം കോഴിക്കോട്ട് പോയില്ല. അദ്ദേഹം നേരെ കോട്ടയത്ത് പോയിട്ട് പറഞ്ഞു, മാറാട് നടന്നത് വർഗ്ഗീയ സംഘട്ടനമല്ല, നിസ്സാര കൊലപാതകമാണ് എന്ന്. നിങ്ങളുടെ ഗവൺമെന്റിന്റെ സമീപനമായിരുന്നു ഇത്. ഡി.ജി.പി. പറഞ്ഞു, ഒരാൾ മരിച്ചാലും ഒൻപത് പേർ മരിച്ചാലും അത് സിമ്പിൾ കൊലപാതകമാണ്. അന്നത്തെ യു.ഡി.എഫ്. ഗവൺമെന്റിന്റെ ഡി.ജി.പി.യുടെ അഭിപ്രായം അതായിരുന്നു. ആ ഡി.ജി.പി.യുടെ അഭിപ്രായം ഇത്തരത്തിൽ ആയതുകൊണ്ട് .......... ആ ഡി.ജി.പി. നിങ്ങളുടെ ഡി.ജി.പി. അല്ലേ? ആ ഡി.ജി.പി. ഇത് പറഞ്ഞതുകൊണ്ട് എന്റെ പ്രശ്നം, ഞാൻ അവതരിപ്പിച്ച് വരുന്നത് ക്രൈംബ്രാഞ്ച്

LIBRARY ARCHIVES Kerala Legislative Assembly

അന്വേഷണം വഴിതെറ്റിയത് ഡി.ജി.പി.യുടെ ഈ പ്രസ്താവനകൊണ്ടാണ്. ഡി.ജി.പി. ഇത് നിസ്സാരവത്ക്കരിച്ച് കണ്ടതോടുകൂടി ഗവൺമെന്റ് അഭിപ്രായം ഇതാണെന്ന് വന്നപ്പോൾ ക്രൈംബ്രാഞ്ച് അന്വേഷണം ആ വഴിക്ക് പോയി. ഡി.ജി.പി. ഇത് സിമ്പിൾ കൊലപാതകമാണെന്ന് പറഞ്ഞപ്പോൾ അന്വേഷണമാകെ വഴിതെറ്റി. അതിന്റെ ഫലമായി സംഘടിത ഗൂഢാലോചനയെക്കുറിച്ച് യാതൊരു അന്വേഷണവും നടന്നില്ല. അതാണ് നിങ്ങൾക്ക് കിട്ടിയിരിക്കുന്ന ഇന്റലിജൻസ് റിപ്പോർട്ട്. നിങ്ങൾക്ക് കിട്ടിയ ഇന്റലിജൻസ് റിപ്പോർട്ട് അതാണ്. ...............(ബഹളം)............ക്രൈംബ്രാഞ്ച് അന്വേഷിച്ച് കേസ്സുകൾ കണ്ടുപിടിക്കണമെന്നുള്ളതാണ് അന്നുണ്ടായ നിലപാട്. ............ (ബഹളം) ............ ഞങ്ങൾ അത് തുറന്നു പറഞ്ഞല്ലോ? അതുകൊണ്ട് ക്രൈംബ്രാഞ്ച് അന്വേഷണത്തിനകത്ത് ഞങ്ങൾ ഇടപെട്ടില്ല...............(ബഹളം).........ഞങ്ങൾ ഇടപെട്ടതുകൊണ്ടാണോ ഈ കാര്യം ക്രൈംബ്രാഞ്ച് അന്വേഷിക്കാതെ പോയത്? അന്നത്തെ യു.ഡി.എഫ്. ഗവൺമെന്റ് നിയോഗിച്ച ക്രൈംബ്രാഞ്ചിന് അന്വേഷണത്തിനുവേണ്ടി പൂർണ്ണമായ ക്ളീൻ ചിറ്റ് ഞങ്ങൾ കൊടുത്തു എന്ന് നിങ്ങൾ പറഞ്ഞല്ലോ? ഞങ്ങൾ കൊടുത്തത് അത് അന്വേഷിച്ച് കണ്ടുപിടിക്കാനാണ്. അതിനെ ഞങ്ങൾ എതിർത്തില്ല. ..........(ബഹളം) ............ശ്രീ. കെ. സുധാകരൻ ബഹളം വയ്ക്കേണ്ട..................ക്ഷമിക്ക്............ കുറച്ച് വിഷമമുണ്ടാകും. .....(ബഹളം) ........ഇതൊന്ന് കേട്ടിരിക്ക്. .........അന്നത്തെ അന്വേഷണമാകെ വഴിതെറ്റിയതിന്റെ പ്രധാന കാരണം ഇത്തരത്തിൽ നിങ്ങൾ സ്വീകരിച്ച സമീപനമാണ്. മറ്റൊരു പ്രധാന പോയിന്റ്, അന്നത്തെ പോലീസിന്റെ അവസ്ഥ ഈ കമ്മീഷൻ റിപ്പോർട്ടിൽ പറയുന്നുണ്ട്. ഗവൺമെന്റിന്റെ പ്രധാന കുറ്റവും അതായിരുന്നു. അന്നത്തെ പോലീസിൽ അച്ചടക്കവും സാമൂഹ്യ ഉത്തരവാദിത്തവും ഉണ്ടായിരുന്നില്ല, പരസ്പരവിരുദ്ധമായ നിലപാടുകൾ സ്വീകരിച്ചു. അതാണ് കമ്മീഷന്റെ മൊഴികളിൽനിന്ന് ആകെ വ്യക്തമാകുന്നത്. ഉദ്യോഗസ്ഥ സ്ഥലംമാറ്റത്തെ സംബന്ധിച്ച് തന്റെ അറിവില്ലാതെ നടക്കുന്നു എന്ന് മുഖ്യമന്ത്രിപോലും പറയേണ്ട സാഹചര്യം ഉണ്ടായില്ലേ? ഡി.ജി.പി. കമ്മീഷനോട് പറഞ്ഞ കാര്യം, കമ്മീഷൻ ഡി.ജി.പി.യോട് പറഞ്ഞ കാര്യം, കമ്മീഷനും ഡി.ജി.പി.യും അങ്ങോട്ടുമിങ്ങോട്ടും കുറ്റപ്പെടുത്തിയതുമെല്ലാം ഇതിനകത്തുണ്ടല്ലോ? ജില്ലാ കളക്ടറും കമ്മീഷനും തമ്മിൽ സ്വരച്ചേർച്ച ഉണ്ടായിരുന്നില്ല. ജില്ലാ ഭരണകൂടം സമ്പൂർണ്ണ പരാജയമായിരുന്നു എന്നുള്ളതിന് തെളിവല്ലേ അത്? ഗവൺമെന്റ് അന്ന് സ്വീകരിച്ച സമീപനത്തിന്റെ ഫലമായിരുന്നു അത്. ജില്ലാ കളക്ടർ ഇന്റലിജൻസിനേയും ഇന്റലിജൻസ് ജില്ലാ കളക്ടറേയും കുറ്റം പറയുന്ന അവസ്ഥയുണ്ടായില്ലേ? കലാപ ബാധിത പ്രദേശത്ത് പോസ്റ്റ് ചെയ്ത ഡി.വൈ.എസ്.പി. മോശക്കാരനാണെന്ന് ഡി.ജി.പി. തന്നെ പറഞ്ഞത് ഈ കമ്മീഷനകത്ത് കാണുന്നുണ്ട്. അന്ന് ഒരു അരാജകത്വമായിരുന്നു, ഗവൺമെന്റിന് പിടിപ്പാടില്ലായിരുന്നു. ഭരണരംഗത്തുണ്ടായിരുന്ന പിടിപ്പുകേട് കലാപത്തിലേയ്ക്ക് നയിച്ചു. അന്ന് ഗവൺമെന്റ് സംവിധാനത്തിലുണ്ടായ പാളിച്ച, സംഭവമുണ്ടായപ്പോൾ കൈകാര്യം ചെയ്യാൻ സാധിക്കാത്ത സ്ഥിതിവിശേഷമുണ്ടാക്കി. ഈ കമ്മീഷൻ റിപ്പോർട്ട് ആകെ പരിശോധിച്ചു നോക്കിയാൽ, ആരും ചോദിച്ചുപോകും ഇവിടെ നിയന്ത്രിക്കാൻ ആരും ഉണ്ടായിരുന്നില്ലേ എന്ന്? ഇവിടെ ആരും ഉണ്ടായിരുന്നില്ലേ എന്നുള്ളതാണ് കമ്മീഷൻ റിപ്പോർട്ടിലെ ഓരോ വാചകവും പരിശോധിക്കുമ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

കാണുന്നത്. ആരാധനാ സ്ഥലങ്ങളിൽ ആയുധ സംഭരണം നടന്നിട്ട് നിങ്ങൾ കണ്ടുപിടിച്ചില്ലല്ലോ? മതസ്ഥാപനങ്ങൾ ഇത്തരത്തിൽ പരിശോധിക്കാൻ നിയമമുണ്ടല്ലോ? 1998-ലെ നിയമം ഇവിടെ എന്തുകൊണ്ട് നടപ്പാക്കിയില്ല? ഇതിന്റെ ഫലമായി ഇത്തരം സംഭവങ്ങൾ നടത്താൻ ഈ ശക്തികൾക്ക് പ്രോത്സാഹനം ചെയ്തുകൊടുത്തു. മറ്റൊരു പ്രധാനകാര്യം ഫിനാൻസ് മിനിസ്റ്റർ എന്ന് പറയപ്പെടുന്ന ഹിലാൽ മുഹമ്മദിന്റെ പങ്കിനെക്കുറിച്ച് യാതൊരു അന്വേഷണവും ഇന്റലിജൻസ് റിപ്പോർട്ട് ഉണ്ടായിട്ടും ക്രൈംബ്രാഞ്ച് നടത്തിയില്ല. ...........(ബഹളം) ...........പറയുന്നത് കേൾക്ക്. നിങ്ങൾ തോക്കിൽ കയറി വെടിവയ്ക്കാതെ........എന്നാൽ നിങ്ങൾ പറയുക ................ ഇത് പറയുമ്പോൾ നിങ്ങൾക്ക് കുറച്ച് വിഷമമുണ്ടാകുമെന്ന് എനിക്കറിയാം..........ശാന്തമായി കേൾക്ക് .........ഇന്റലിജൻസ് റിപ്പോർട്ട് ................ഫിനാൻസ് മിനിസ്റ്ററിലേയ്ക്ക് വരുമ്പോൾ എന്താണ് ഇവർക്കിത്ര ബേജാറ്? ........... അതിന്റെ കാര്യമെന്താ?.......(ബഹളം) ........ ഈ ഫിനാൻസ് മിനിസ്റ്ററെ സംബന്ധിച്ച് അന്ന് ഒരു റിപ്പോർട്ട് കൊടുത്തു. ഇയാളുടെ പേരിൽ ക്രൈംബ്രാഞ്ച് എന്തുകൊണ്ട് അന്വേഷിച്ചില്ല എന്നാണ് ഇവിടെ കമ്മീഷൻ ചോദിക്കുന്നത്, ഞാൻ ചോദിക്കുന്നില്ല. കമ്മീഷൻ റിപ്പോർട്ടിലെ പേജ് 186 എടുത്ത് വായിച്ചാൽ മതി. ഈ 186-ാം പേജിൽ പറഞ്ഞിട്ടുള്ള കാര്യം........... അതാണ് കമ്മീഷൻ എത്തിച്ചേർന്ന നിഗമനം. കമ്മീഷൻ പറയുന്നു ........186 വായിക്കണമോ? സമയം നൽകിയാൽ അത് വായിക്കാം. കമ്മീഷൻ റിപ്പോർട്ടിൽ പറയുന്നത് അങ്ങനെ ഒരു ഇന്റലിജൻസ് റിപ്പോർട്ട് ഉണ്ടായിരുന്നു എന്നാണ്. ഈ ഇന്റലിജൻസ് റിപ്പോർട്ട് കമ്മീഷൻ പരിശോധിച്ചിട്ടുണ്ട്. ആ. ഇന്റലിജൻസ് റിപ്പോർട്ട് കമ്മീഷൻ പരിശോധിച്ചതുകൊണ്ടാണ് കമ്മീഷൻ ഇത്തരമൊരു നിഗമനത്തിലേയ്ക്ക് എത്തിയത്. പ്രധാന കാരണം അദ്ദേഹത്തിന്റെ പേരിൽ കൊണ്ടോട്ടി പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 284/2 ആയിട്ട് ഒരു കേസ്സുണ്ട്, ആ കേസ്സ് ഇതുവരെ അന്വേഷിച്ചില്ല? ഇത് പുറത്തുവന്നപ്പോൾ നിങ്ങളുടെ ഗവൺമെന്റാണ് ഇപ്പോൾ പ്രൊസീഡ് ചെയ്യാൻ അനുമതി കൊടുത്തിരിക്കുന്നത്. ഇത് ഹിലാൽ മുഹമ്മദിന് യു.ഡി.എഫ്. ഭരണത്തിലുണ്ടായിരുന്ന സ്വാധീനം എത്ര വലുതായിരുന്നു എന്ന് വ്യക്തമാക്കുന്നതാണ്. അദ്ദേഹത്തിന് കിട്ടിയിരിക്കുന്ന പാസ്പോർട്ടും അതുസംബന്ധിച്ചുള്ള വിവരങ്ങളും നോക്കിയാൽ എല്ലാം വ്യക്തമാകും. It is also reliable understood that Hilal Muhammed is moving with the topmost two Muslim League leader of the State and also two Ministers in the present Cabinet. അത്തരം ബന്ധമുള്ള ഒരാളായതുകൊണ്ടാണ് ഹിലാൽ മുഹമ്മദിനെ സംബന്ധിച്ച് ഒരു കേസ്സ് ഉണ്ടായിരുന്നിട്ടും അത് അന്വേഷിക്കാതിരുന്നത്. അതുകൊണ്ടാണ് കമ്മീഷൻ ഈ വിശദാംശങ്ങളിലേയ്ക്ക് എത്തിയത്. ഇപ്പോൾ നിങ്ങൾ ചോദിക്കുന്ന ചോദ്യം മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി ഇന്റലിജൻസ് റിപ്പോർട്ട് കണ്ടതായി തെളിവുണ്ടോ എന്നാണ്. ഇത് ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടിയെപ്പോലെ ഒരാൾ ചോദിക്കാൻ പാടുണ്ടോ? ഇന്റലിജൻസ് റിപ്പോർട്ട് രാവിലെ മുഖ്യമന്ത്രിയുടെ കയ്യിൽ ഒപ്പിട്ട് നൽകിയിട്ടാണോ അവർ പോയത്? അങ്ങനെ പോകാറുണ്ടോ? ഇന്റലിജൻസിന്റെ ആൾ വന്നിട്ട് ഇതാ നിങ്ങൾ റിപ്പോർട്ട് ഒപ്പിട്ട് വാങ്ങിയിട്ട് പോകൂ എന്ന പതിവുണ്ടോ? ഇവിടെ ഒരു പുകമറ സൃഷ്ടിച്ച് അന്നത്തെ മുഖ്യമന്ത്രിയെ രക്ഷിക്കാൻ വേണ്ടി, ദീർഘകാലം മുഖ്യമന്ത്രിയായിരുന്ന,

LIBRARY ARCHIVES Kerala Legislative Assembly

ആഭ്യന്തരവകുപ്പുമന്ത്രി സ്ഥാനത്ത് പലപ്പോഴും ഇരുന്നിട്ടുള്ള ശ്രീ. ഉമ്മൻ ചാണ്ടി ഈ ചോദ്യം ചോദിക്കാൻ പാടില്ല. അപ്പുറത്തുള്ള ആളുകൾ ചോദിച്ചുകൊള്ളട്ടെ. അങ്ങേയ്ക്ക് അറിയാമല്ലോ ഇന്റലിജൻസിന്റെ സിസ്റ്റം. ഇന്റലിജൻസ് റിപ്പോർട്ട് ഒരു ദിവസവും വന്ന് ഒപ്പിട്ടു വാങ്ങാറില്ല.............(ബഹളം) ...............മുഖ്യമന്ത്രി കണ്ടിട്ടുണ്ടോ എന്ന് ചോദിച്ചാൽ, അതിന് തെളിവുണ്ടോ എന്ന് ചോദിച്ചാൽ അതിൽ ഉദ്ദേശിക്കുന്നത് മുഖ്യമന്ത്രി ഒപ്പിട്ട് വാങ്ങി ഇന്റലിജൻസ് റിപ്പോർട്ട് കിട്ടി എന്ന് പറയുന്ന സിസ്റ്റം ഇന്റലിജൻസിന് ഇല്ല. ഇന്റലിജൻസിൽ വരുന്ന എല്ലാ റിപ്പോർട്ടുകളും ആഭ്യന്തര വകുപ്പു കൈകാര്യം ചെയ്യുന്ന ആൾ കണ്ടിരിക്കണം എന്ന് വ്യവസ്ഥയില്ലേ? അതിന്റെ ഫലമായിട്ടാണ് കമ്മീഷൻ പറഞ്ഞത്. ആഭ്യന്തര വകുപ്പ് കൈകാര്യം ചെയ്യുന്ന ആൾ കണ്ടില്ല എന്ന്............(ബഹളം) .......... നിങ്ങൾ എന്റെ നേരെ ബഹളം വച്ചിട്ട് കാര്യമില്ല. കമ്മിഷൻ പറഞ്ഞ കാര്യമാണിത്................(ബഹളം).......... കമ്മീഷൻ റിപ്പോർട്ടിൽ 156-ാം പേജിൽ കമ്മീഷൻ പറയുന്ന കാര്യങ്ങൾ.............(ബഹളം) ............

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി) : എനിക്ക് രണ്ട് കാര്യങ്ങൾ അറിയണം. ഒന്ന്, അങ്ങ് പറഞ്ഞു രണ്ടാമത്തെ കലാപം ഉണ്ടായത് ഒന്നാം കലാപത്തിനുശേഷം ആവശ്യമായിട്ടുള്ള നടപടികൾ എടുക്കാത്തതുകൊണ്ടാണ് എന്ന് ഒന്നാമത്തെ കലാപം എങ്ങനെയാണ് ഉണ്ടായതെന്ന് കമ്മീഷൻ പറഞ്ഞിട്ടുണ്ട്. അത് അങ്ങ് വായിച്ചിട്ടില്ല.

പേജ് 110, പാരഗ്രാഫ് 8 -ൽ എറ്റവുമൊടുവിൽ പറയുന്നത് Viewed in the above backdrop, it is only reasonably to think that the C.P.I.(M) activists were also instrumental in the minor incident that occurred during the New Year Day celebration on 31-12-2001 developing into a major communal issue to create communal polarization. ഒന്നാമത്തെ സംഭവമുണ്ടാക്കിയതിന്റെ ഉത്തരവാദിത്വം ഒരു നിസ്സാര സംഭവം ഒരു മാർക്സിസ്റ്റ് പാർട്ടി ഉണ്ടാക്കിയതാണ്. ആക്ടിവിസ്റ്റ് ഉണ്ടാക്കിയതാണ്. അങ്ങ് അത് വായിച്ചില്ല. .........................(ബഹളം).. ..............................എനിക്ക് ഒന്നുകൂടി സൂചിപ്പിക്കാനുണ്ട്. അങ്ങ് ഒരു സെന്റൻസ് വായിച്ചു. There is no direct evidence to prove that the C.P.I.(M.) as a party is involved in the first communal riot on 3/4-1-2002. പക്ഷേ അടുത്ത സെന്റൻസ് ഉണ്ട്. But, it is diffcult to expect direct evidence for that. For, no party activist involved in the incident will be inclined or willing to speak about that. അതുകൂടിയുണ്ട് ഞാൻ ഇന്റലിജൻസ് റിപ്പോർട്ടിനെക്കുറിച്ച് പറഞ്ഞത്, ഇന്റലിജൻസ് റിപ്പോർട്ട് ഹോം മിനിസ്റ്റർക്ക് കിട്ടിയാൽ അതിന്റെയൊരു കോപ്പി ആഭ്യന്തരവകുപ്പുമന്ത്രിക്കുപോകും. ഒരു കോപ്പി ഡി.ജി.പി.ക്കുണ്ടാകും, ഒരു കോപ്പി ഹോം സെക്രട്ടറിക്കുപോകും. ഒരു കോപ്പി ഇന്റലിജൻസിന്റെ അഡീഷണൽ ഡി.ജി.പി.ക്കു കാണും. അതിന്റെയൊരു കോപ്പി ഇത് അയയ്ക്കുന്ന ഓഫീസിൽ കാണും. ഈ റിപ്പോർട്ട് വന്നപ്പോൾ ഞാൻ ഈ ഉദ്യോഗസ്ഥരോടൊക്കെ തിരക്കി. കാരണം അങ്ങനെ റിപ്പോർട്ട് വന്നു കഴിഞ്ഞാൽ ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആക്ട് ചെയ്യേണ്ട ഉത്തരവാദിത്വം എനിക്കില്ലേ? നേരത്തെയുള്ള

LIBRARY ARCHIVES Kerala Legislative Assembly

റിപ്പോർട്ട് ആണെങ്കിലും ആ റിപ്പോർട്ട് അവിടെവച്ചുകൊണ്ടിരിക്കാൻ പറ്റുമോ? അങ്ങനെയൊരു റിപ്പോർട്ട് ഇല്ലെന്നാണ് എനിക്ക് കിട്ടിയ വിവരം. ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ, അങ്ങനെയൊരു ഇന്റലിജൻസ് റിപ്പോർട്ട് ശ്രീ.എ.കെ.ആന്റണി കാണത്തക്കവിധത്തിൽ ഗവൺമെന്റിൽ വന്നിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിന്റെ കോപ്പി ഹോം സെക്രട്ടറിയുടെ ഓഫീസിൽ കാണും. ഡി.ജി.പി.യുടെ ഓഫീസിൽ കാണും. നിങ്ങളത് നോക്കിയിട്ട് അതിനെക്കുറിച്ച് ഉത്തരം പറയാൻ തയ്യാറാകുമോ? ........................(ബഹളം)...............................

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഇതിപ്പോൾ ഒരു പ്രധാന പ്രശ്നമായി, ഒരു പുകമറ സൃഷ്ടിക്കുകയാണ്. ........................(ബഹളം)................................... അന്നത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ സംബന്ധിച്ച്...................(ബഹളം)......................... നിങ്ങളൊന്ന് പറയുന്നതുകേൾക്കണം. നിങ്ങൾക്ക് വിഷമം ഉണ്ടാകുന്ന കാര്യം പറയുമ്പോൾ കൂകി വിളിച്ച് പ്രശ്നമുണ്ടാക്കാൻ പാടില്ല. .........................(ബഹളം)..............................നിങ്ങൾ കൂകി വിളിച്ച് ബഹളം ഉണ്ടാക്കരുത്. .........................(ബഹളം)...............................

മി.സ്പീക്കർ: പ്ലീസ്............പ്ലീസ്............പ്ലീസ്..........

ശ്രീ.കോടിയേരി ബാലകൃഷ്ണൻ: കമ്മിഷൻ റിപ്പോർട്ടിൽ മാർക്സിസ്റ്റ് പാർട്ടിക്കെതിരായി പറഞ്ഞ പരാമർശം മാത്രമാണോ നിങ്ങൾ അംഗീകരിക്കുന്നത്? .........................(ബഹളം).................... മാർക്സിസ്റ്റ് പാർട്ടിയെക്കുറിച്ച് നടത്തിയിട്ടുള്ള പരാമർശം മാത്രം നിങ്ങൾ അംഗീകരിക്കുകയും ബാക്കിയുള്ളതൊക്കെ നിരാകരിക്കുകയുമാണോ നിങ്ങളുടെ നയം? ശ്രീ. ഉമ്മൻ ചാണ്ടി പറയണം. .........................(ബഹളം)...............................

ശ്രീ. ഉമ്മൻ ചാണ്ടി: കമ്മിഷൻ ചില കാര്യങ്ങൾ വിലയിരുത്തിയത് മുഴുവൻ വസ്തുതകളും നോക്കിയിട്ടല്ലായെന്നുള്ളത് ഞാൻ പറഞ്ഞു. ഒന്ന് സി.ബി.ഐ. എൻക്വയറി, ശ്രീ. എ. കെ. ആന്റണിയുടെ നടപടി ദുരൂഹമാണെന്ന് പറഞ്ഞാൽ, ഇവിടത്തെ മുഴുവൻ രാഷ്ട്രീയപാർട്ടികളും ആവശ്യപ്പെട്ടിട്ട് എടുത്ത ഒരു തീരുമാനത്തിൽ ദുരൂഹതയുണ്ടെന്ന് പറഞ്ഞാൽ, അതെങ്ങനെ വിശ്വസിക്കാൻ പറ്റും? നിങ്ങൾക്ക് വിശ്വസിക്കാൻ പറ്റുമോ? ........................(ബഹളം)............................ അതുപോലെതന്നെ ഇന്റലിജൻസ് റിപ്പോർട്ട് വിസ്തരിച്ച പത്രപ്രതിനിധി പറഞ്ഞത് ഞാനിവിടെ വായിച്ചു. എല്ലാ ഇന്റലിജൻസ് റിപ്പോർട്ടും നൂറ് ശതമാനം കറക്ടാകണമെന്നില്ലായെന്ന് അദ്ദേഹം കോടതിയിൽ പറയുന്നു. അങ്ങനെയൊരു ഇന്റലിജൻസ് റിപ്പോർട്ടിനെക്കുറിച്ച് എന്തുകൊണ്ട് ഡി.ജി.പി.യോട് ചോദിച്ചില്ല? എന്തുകൊണ്ട് അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ്, ഇന്റലിജൻസിനെ വിളിച്ചുവരുത്തി ചോദിച്ചില്ല? ചോദിച്ചില്ലല്ലോ? അതുകൊണ്ട് അങ്ങനെയുള്ള കമ്മിഷന്റെ ഏകപക്ഷീയമായ നടപടിയെ ഞങ്ങൾക്ക് അംഗീകരിക്കാൻ നിവൃത്തിയില്ല.

ശ്രീ.കോടിയേരി ബാലകൃഷ്ണൻ: ഇതിപ്പോൾ യു.ഡി.എഫ്.-ന് വളരെ വിഷമം ഉണ്ടാക്കുന്ന ഒരു പോയിന്റ് ആയതുകൊണ്ടാണ് ഇതിൽ പ്രശ്നം നടക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

........................(ബഹളം)................................ഇങ്ങനെയൊരു ഇന്റലിജൻസ് റിപ്പോർട്ട് സംബന്ധിച്ച് മാറാട് കമ്മിഷൻ പരിശോധിച്ചപ്പോൾ പറഞ്ഞിട്ടുള്ള കാര്യങ്ങളാണ് ഇതിനകത്ത് 186-ാമത്തെ പേജിൽ ഉള്ളത്.......................(ബഹളം)................................അവർ സൗകര്യപൂർവ്വം, സി.പി.എം -നെക്കുറിച്ച് പറഞ്ഞിട്ടുള്ളതുതന്നെ അങ്ങനെ പറഞ്ഞുകൊണ്ടിരിക്കുകയാണ്. ........................(ബഹളം)................................ ഇപ്പോൾ ഞങ്ങളതിനെ അംഗീകരിക്കുന്നില്ലായെന്നുപറയുന്ന നിലപാട് ശരിയാണോയെന്ന് നിങ്ങളാലോചിക്കണം. കമ്മിഷൻ റിപ്പോർട്ടിൽ നിങ്ങളേതാണ് അംഗീകരിക്കുന്നത്, ഏതാണ് അംഗീകരിക്കാത്തത്? ഇവിടെ ഇന്റലിജൻസ് റിപ്പോർട്ട്.................. (ബഹളം).........................ശ്രീ. കെ. സുധാകരൻ, ഈ ബഹളംകൊണ്ട് പ്രശ്നത്തിന് പരിഹാരമുണ്ടാകില്ല. നിങ്ങൾ പ്രശ്നത്തിന് പരിഹാരമുണ്ടാക്കണം. ഈ രണ്ട് മന്ത്രിമാർ, ശ്രീ. സുധാകരനെപറ്റിയാണോ അന്ന് പറഞ്ഞതെന്ന് എനിക്കറിയില്ല. ആരാണെന്ന് എനിക്കറിയില്ല.........................(ബഹളം)................................നിങ്ങളിത്രയു മധികം ബഹളം ഉണ്ടാക്കുന്നത് എന്തിനാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. അന്നത്തെ മന്ത്രിസഭയിലെ രണ്ടുമന്ത്രിമാർക്ക് ബന്ധമുണ്ടായിരുന്നു എന്നുപറഞ്ഞത് നിങ്ങളെ പറ്റിയാണോയെന്ന് എനിക്കറിയില്ല. ........................(ബഹളം)..................നിങ്ങൾ എന്തിനാണിങ്ങനെ ബഹളമുണ്ടാക്കുന്നത്?.............(ബഹളം)........ എന്തിനിങ്ങനെ ബഹളമുണ്ടാക്കുന്നു?

മി.സ്പീക്കർ: പ്ലീസ്...........പ്ലീസ്............പ്ലീസ്.........

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഈ കമ്മിഷൻ റിപ്പോർട്ടിനകത്ത് വ്യക്തമായി പറയുന്നുണ്ട്. Who came to Kozhikode from the Gulf Countries...... ഞാനത് ക്വാട്ട് ചെയ്യുകയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്..............

മി.സ്പീക്കർ: പോയിന്റ് ഓഫ് ഓർഡർ.

ശ്രീ. വി.ഡി.സതീശൻ: ബഹുമാനപ്പെട്ട ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി ശ്രീ.കോടിയേരി ബാലകൃഷ്ണൻ സംസാരിച്ചപ്പോൾ ഈ ഇന്റലിജൻസ് റിപ്പോർട്ടിലുള്ള രണ്ട് മന്ത്രിമാരിലൊന്ന് ശ്രീ. കെ. സുധാകരനാണെന്ന് വളരെ മോശമായി, വളരെ ദുരൂഹമായി അദ്ദേഹം സംസാരിച്ചു.................. (ബഹളം)..........................അത് രേഖയിൽനിന്ന് നീക്കംചെയ്യണം. അദ്ദേഹം അങ്ങനെ സംസാരിച്ചു. അങ്ങ് രേഖ പരിശോധിച്ചാൽ അറിയാം. അങ്ങ് റൂളിംഗ് നൽകണം. അത് രേഖയിൽനിന്ന് നീക്കം ചെയ്യണം. ........................(ബഹളം)................................

മി.സ്പീക്കർ: ............................ പ്ലീസ്...........പ്ലീസ്............പ്ലീസ്.......... ........................(ബഹളം)................................ ഒരു കാര്യത്തിൽ രണ്ട്.............

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഇവിടെ പ്രധാനപ്പെട്ട ഈ ചർച്ച വൈന്റ് അപ്പ് ചെയ്യുന്നതിന്റെ ഭാഗമായി ബഹുമാനപ്പെട്ട ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിയോട് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചോദിച്ച ചോദ്യമുണ്ട്. ലോകത്തുള്ള മറ്റ് ചർച്ചയൊക്കെ നിൽക്കട്ടെ. ഞങ്ങൾ പിൻപോയിന്റ് ചെയ്യുന്നത് ........................(ബഹളം)................................

LIBRARY ARCHIVES Kerala Legislative Assembly

മി.സ്പീക്കർ: ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി പ്ലീസ് പ്ലീസ്........ ................ (ബഹളം)................ബഹുമാനപ്പെട്ട ഹോം മിനിസ്റ്റർ..........പ്ലീസ്............ .......................(ബഹളം).............................. പ്ലീസ്......... അങ്ങ് അവസാനിപ്പിക്കണം. അത് പോയിന്റ് ഓഫ് ഓർഡറൊന്നുമല്ല. .......................(ബഹളം)...............................

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഈ ഇന്റലിജൻസ് റിപ്പോർട്ട് എന്നുപറയുന്നത്, ഇപ്പോൾ വിവാദമായിരിക്കുന്നത് - കമ്മിഷൻ തന്നെ പറഞ്ഞിട്ടുള്ള ഇന്റലിജൻസ് റിപ്പോർട്ട് ആണ്. .......................(ബഹളം)..............................കമ്മിഷൻ തന്നെ പറയുന്നു............... .......................(ബഹളം)..............................കമ്മിഷൻ തന്നെ പറയുന്നത് ................ Who came to Kozhikode from the Gulf Countries on 2-5-2003 was the source of the money behind the massacre, that two Ministers...........(ബഹളം)...............................

മി.സ്പീക്കർ: അങ്ങനെ പറഞ്ഞിട്ടില്ല.. ..............(ബഹളം)..........................

ശ്രീ.കോടിയേരി ബാലകൃഷ്ണൻ: എന്തിനാണ് റൂളിംഗ് വേണ്ടത്. .......................(ബഹളം)..............................ഞാനേതെങ്കിലും ഒരു മന്ത്രിയെക്കുറിച്ച് പറഞ്ഞിട്ടില്ല. അപ്പുറത്തിരിക്കുന്ന ആളുകൾക്ക് ..................... .......................(ബഹളം)...............................

മി.സ്പീക്കർ: ശ്രീ.കെ.സുധാകരനെക്കുറിച്ച് എന്തെങ്കിലും അവ്യക്തമായി ബഹുമാനപ്പെട്ട ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി പറഞ്ഞിട്ടുണ്ടെങ്കിൽ അത് രേഖ പരിശോധിച്ച് നീക്കംചെയ്യാം. ഫയൽ 2544/ഇ.ബി/06/ലെജി. പ്രകാരം നിലനിർത്താൻ തീരുമാനിച്ചു.

ശ്രീ.കോടിയേരി ബാലകൃഷ്ണൻ: ഇതിൽപ്പറയുന്ന രണ്ട് മന്ത്രിമാർ ശ്രീ. കെ. സുധാകരനാണോയെന്ന് എനിക്കറിയില്ലായെന്നാണ് ഞാൻ പറഞ്ഞത്...................(ബഹളം).............എനിക്കറിയില്ലായെന്നാണ് പറഞ്ഞത്. ശ്രീ. സുധാകരനാണെന്ന് ഞാൻ പറഞ്ഞിട്ടില്ല.........................(ബഹളം)................... ശ്രീ. സുധാകരനെപ്പറ്റി നിങ്ങളേക്കാൾ നന്നായി എനിക്കറിയാം ........................ (ബഹളം).....................

ശ്രീ. കെ. സുധാകരൻ: ശ്രീ.കോടിയേരി ബാലകൃഷ്ണനെപ്പറ്റി എനിക്കും നന്നായി അറിയാം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ......(ബഹളം).........അവിടെയിരിക്കുന്ന ശ്രീ.ഉമ്മൻ ചാണ്ടിയേക്കാളും, ശ്രീ. ജി. കാർത്തികേയനേക്കാളും ശ്രീ. കെ. സുധാകരൻ ആരാണെന്നും എന്താണെന്നും എനിക്കറിയാം. എന്നെ ശ്രീ. കെ. സുധാകരനുമറിയാം. അതുകൊണ്ട് ശ്രീ.കെ.സുധാകരൻ ആരാണെന്ന് ഞാനങ്ങോട്ട് ചോദിച്ചാൽ.............. ശ്രീ. കെ.സുധാകരനാണെന്ന് ഞാൻ പറഞ്ഞിട്ടില്ല. ഞാൻ പറഞ്ഞിട്ടുണ്ടോ? ഇല്ല. ........................(ബഹളം)................................ അപ്പോൾ നമുക്ക് അന്യോന്യം അറിയമെന്നുള്ളതുകൊണ്ടാണ് ഞാൻ ഈ ചോദ്യം ചോദിക്കുകയും ചെയ്തത്. ഇതിൽ

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നു............. was the source of money behind the massacre, that two Ministers in the Cabinet...... എഫ്.എം.എന്നു പറയുന്ന ആളിനെ ക്രൈം ബ്രാഞ്ച് എന്തുകൊണ്ട് ചോദ്യം ചെയ്തില്ല? ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി, അത് സംബന്ധിച്ച് പറയുന്നത്, ഇത് കമ്മിഷൻ ഡി.ജി.പി.യെ വിളിച്ചു ചോദിക്കണ്ടേ, ഇതെന്നോട് ചോദിച്ചാൽ എനിക്കെങ്ങനെ ഉത്തരം പറയാൻ പറ്റും എന്ന് ഞങ്ങൾ നിയമിച്ച കമ്മിഷനാണോ? യു.ഡി.എഫ്. നിയമിച്ച കമ്മിഷൻ ആണ്. പൂർണ്ണമായും ആ കമ്മിഷന്റെ കാലാവധി കഴിയുന്നതുവരെ നിങ്ങളിതുസംബന്ധിച്ച് ഒന്നും പറഞ്ഞിട്ടില്ലല്ലോ. നിങ്ങൾ റിപ്പോർട്ട് കിട്ടിയതിനുശേഷവും ഒന്നും പറഞ്ഞില്ല. ഇപ്പോഴിത് വിവാദമായപ്പോഴാണ് നിങ്ങൾ ഈ പ്രശ്നം ഉന്നയിക്കുന്നത്. അങ്ങനെയാണെങ്കിൽ നിങ്ങൾക്കിത് സംബന്ധിച്ച് ആദ്യം പറയാമായിരുന്നു. മാത്രമല്ല, ഈ കമ്മിഷന്റെ ഇപ്പോഴുള്ള പരാമർശങ്ങൾ നീക്കിക്കിട്ടണമെന്നു പറഞ്ഞുകൊണ്ട് നിങ്ങൾക്ക് ഹൈക്കോടതിയെ സമീപിക്കാമായിരുന്നില്ലേ? നിങ്ങളെന്തുകൊണ്ട് സമീപിച്ചില്ല. ജില്ലാ കളക്ടറായിരുന്ന സൂരജ് ഈ പരമാർശങ്ങൾ നീക്കിക്കിട്ടണമെന്ന് പറഞ്ഞുകൊണ്ട് ഹൈക്കോടതിയെ സമീപിച്ചിട്ടുണ്ട്. ഇതിന് നിങ്ങൾ യോജിക്കുന്നില്ലെങ്കിൽ നിങ്ങളെന്തുകൊണ്ട് മറ്റ് നിയമനടപടികൾ സ്വീകരിച്ചില്ല. അതുകൊണ്ട് വളരെ ഗുരുതരമായിട്ടുള്ള ഒരു കാര്യമാണ് കമ്മിഷൻ റിപ്പോർട്ടിനകത്ത് ഇതിലെ സാമ്പത്തിക ഉറവിടത്തെ കുറിച്ച് സൂചിപ്പിച്ചിട്ടുള്ളത്.

ഈ കലാപത്തിന് പിന്നിൽ സാമ്പത്തികമായ സോഴ്സ് ഉപയോഗിച്ചിട്ടുണ്ട്, വൻതോതിൽ ആയുധങ്ങൾ വന്നിട്ടുണ്ട്. ഇത് പരിശോധിക്കുന്നതിനുവേണ്ടിയാണ് സി.ബി.ഐ. അന്വേഷിക്കണമെന്ന് ഞങ്ങൾ പറയുന്നത്. ഞാൻ അവസാനിപ്പിക്കാൻ പോകുന്നു. മുസ്ലിം വർഗ്ഗീയത ആയാലും ഹിന്ദു വർഗ്ഗീയത ആയാലും രണ്ടും സമൂഹത്തിന് ആപത്താണ്.

<u>മി. സ്പീക്കർ:</u> ശ്രീ. ആനത്തലവട്ടം ആനന്ദൻ....................

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : ആർ.എസ്.എസ്സും എൻ.ഡി.എഫും ഒരു നാണയത്തിന്റെ രണ്ടു വശങ്ങളാണ്. ആർ.എസ്.എസ്സിനും എൻ.ഡി.എഫിനും എതിരായി സഭ ഒറ്റക്കെട്ടായി നിൽക്കുമോ? ആ കാര്യത്തിൽ നമുക്ക് യോജിക്കാൻ സാധിക്കുമോ? കേരളത്തിൽ വർഗ്ഗീയ ശക്തികളായ ആർ.എസ്.എസ്സിനും എൻ.ഡി.എഫിനും എതിരെ ഒന്നിച്ചുനിൽക്കാൻ സാധിക്കുമോ? ഇവിടെ എല്ലാ സമയത്തും നടക്കുന്ന ഒരു കാര്യമുണ്ട്. വർഗ്ഗീയ ശക്തികൾ മതനിരപേക്ഷ ശക്തികളെ ക്ഷീണിപ്പിക്കാൻ ശ്രമിക്കും. മതനിരപേക്ഷ നിലപാടുകൾ സ്വീകരിക്കുന്ന ശക്തികളെ ക്ഷീണിപ്പിക്കാൻ അവർ പലപ്പോഴും പരസ്പരം യോജിക്കും. ബി.ജെ.പി.യും എൻ.ഡി.എഫും ആർ.എസ്.എസ്സും എൻ.ഡി.എഫും പരസ്പരം യോജിച്ചു മതേതര ശക്തികളെ ദുർബലപ്പെടുത്താൻ ശ്രമിക്കും. അതാണ് മാറാട്, കടപ്പുറത്തുണ്ടായത്. മാറാട് കടപ്പുറം അടങ്ങുന്ന ബേപ്പൂർ മണ്ഡലത്തിൽ 1970-ൽ തെരഞ്ഞെടുപ്പിൽ ജയിച്ചത് എം. പി. മൊയ്തീനാണ്. കോൺഗ്രസിന്റെ എം. പി. മൊയ്തീൻ ചാത്തുണ്ണി മാഷിനെ തോൽപ്പിച്ച് ജയിച്ച മണ്ഡലമാണത്. ആ മണ്ഡലത്തിൽ 1977-ലും ശ്രീ. മൊയ്തീൻ ജയിച്ചു. 1980-ലും ജയിച്ചു. 1982 -ലാണ് മണ്ഡലത്തിൽ സഖാവ്

LIBRARY ARCHIVES Kerala Legislative Assembly

കെ. മൂസാക്കുട്ടിയെ നിർത്തി ഇടതുപക്ഷ ജനാധിപത്യമുന്നണി ആ സീറ്റിൽ ജയിക്കുന്നത്. 1987-ൽ ശ്രീ. ടി.കെ. ഹംസ ജയിച്ചു. 1987-നു ശേഷം 1991-ൽ ടി. കെ. ഹംസയെ തോൽപ്പിക്കാൻ യു.ഡിഎഫും., ബിജെ.പിയും കൂടി മുന്നണിയുണ്ടാക്കി. മാറാട് കടപ്പുറം ഉൾപ്പെടുന്ന പ്രദേശത്ത് നിങ്ങൾ ഉണ്ടാക്കിയ ആ അവിശുദ്ധ കൂട്ടുകെട്ടിന്റെ അനന്തരഫലമാണ് മാറാട് ഉണ്ടായ വർഗ്ഗീയ ലഹള. കേരളത്തിൽ ലഹളകൾ ഉണ്ടാക്കിയതിന് നിങ്ങൾ സ്വീകരിച്ച നിലപാടാണിത്. എവിടെയൊക്കെ മതേതര ശക്തികൾ കലാപത്തിന്റെ പങ്കാളികളായിപ്പോയിട്ടുണ്ടോ, അവിടെ മതേതര ശക്തികൾ ദുർബലമാകും. ഞാൻ ഒന്നു പറയട്ടെ, ഗുജറാത്ത്...... (മൈക്ക് ഓഫ്).... ഗുജറാത്തിലെ കലാപം..... (മൈക്ക് ഓഫ്).... കോൺഗ്രസില്ലാതായി.... മാറാട് മുൻപ് ലഹള നടന്നപ്പോൾ അവിടെ കോൺഗ്രസ് ശക്തമായിരുന്നു. ഇപ്പോൾ കോൺഗ്രസ് അവിടെ ഇല്ലാതായി. അവിടെ സി.പി.ഐ.(എം) വർഗീയതയ്ക്കെതിരായി ഉറച്ചുനിന്ന് പോരാടുന്നു. വർഗീയതയ്ക്കെതിരെ ഉറച്ചുനിന്ന് പോരാടിക്കൊണ്ട് മാത്രമേ നമുക്ക് മുന്നോട്ടുപോകാൻ സാധിക്കുകയുള്ളൂ.................... (മൈക്ക് ഓഫ്).... ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിയമപരമായ നടപടി സ്വീകരിക്കണം. ഞാൻ അവസാനിപ്പിക്കുകയാണ്. ഭരണപരമായ നടപടി സ്വീകരിക്കണം. ഇവിടെ ഉന്നയിച്ചിട്ടുള്ള മറ്റു കാര്യങ്ങൾ സംബന്ധിച്ച് നമുക്ക് തീരുമാനമെടുക്കാം. അതുകൊണ്ട് സി.ബി.ഐ. ഈ കാര്യങ്ങളാകെ അന്വേഷിക്കണം. അതിന്റെ പേരിൽ നടന്ന ഗൂഢാലോചന പുറത്തുകൊണ്ടുവരണം. അതിൽ larger conspiracy നടന്നിട്ടുണ്ട് എന്ന് കമ്മീഷൻ ചൂണ്ടിക്കാണിച്ച ഭാഗങ്ങൾ എല്ലാം പുറത്തുവരണമെങ്കിൽ സി.ബി.ഐ. അന്വേഷിക്കണം. നിസ്സാരമായ കേസുകൾ പോലും സി.ബി.ഐ. യ്ക്ക് വിട്ടിട്ടുള്ള നമ്മുടെ സംസ്ഥാനത്ത് ഇതും സി.ബി.ഐ. അന്വേഷിക്കണം. അതിന്റെ അടിസ്ഥാനത്തിൽ എല്ലാം പുറത്തുവരട്ടെ. ഉപ്പുതിന്നവർ ആരായാലും അവർ വെള്ളം കുടിക്കട്ടെ. അതാണ് ഈ ഗവൺമെന്റിന്റെ സമീപനം.

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി) : അങ്ങ് മറുപടി പറഞ്ഞില്ല. അങ്ങ് കേരളത്തിന്റെ ആഭ്യന്തരവകുപ്പുമന്ത്രിയാണ്. ഈ ചർച്ചയിൽ കേരളം മുഴുവൻ കാതോർത്തിരിക്കുന്നത് അങ്ങനെ ഒരു ഇന്റലിജൻസ് റിപ്പോർട്ട് അന്നത്തെ മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണിക്ക് കിട്ടിയിട്ടുണ്ടോ· ആ റിപ്പോർട്ട് സബ്മിറ്റ് ചെയ്തിട്ടുണ്ടോ? അതിന്മേൽ.. ......................................(ബഹളം).......................

മി. സ്പീക്കർ : പ്ലീസ്.............

ശ്രീ.കോടിയേരി ബാലകൃഷ്ണൻ : ഇത് സംബന്ധിച്ച് അന്വേഷിച്ചപ്പോൾ മുഖ്യമന്ത്രിക്ക് കിട്ടിയോ എന്നത് സംബന്ധിച്ച് എന്നോട് ചോദിച്ചാൽ എനിക്ക് പറയാൻ സാധിക്കില്ല. അങ്ങനെ ഇന്റലിജൻസ് റിപ്പോർട്ട് ഉണ്ട് എന്നത് എനിക്ക് കിട്ടിയ റിപ്പോർട്ട് ആണ്. ഇന്റലിജൻസ് റിപ്പോർട്ട് ഇന്റലിജൻസ് ആസ്ഥാനത്ത് ഉണ്ട്. ആ ഇന്റലിജൻസ് റിപ്പോർട്ട് ചോദിച്ചു കൊടുക്കാതെ വന്നപ്പോൾ ഹൈക്കോടതി ഇടപെട്ടാണ് ഇന്റലിജൻസ് റിപ്പോർട്ട് കമ്മീഷനുമുൻപിൽ ഹാജരാക്കിയിട്ടുള്ളത്. അതുകൊണ്ട് ഇന്റലിജൻസ് റിപ്പോർട്ട് ഇല്ല എന്നു പറഞ്ഞുകൊണ്ട് നിങ്ങൾ പുകമറ സൃഷ്ടിക്കാൻ ശ്രമിക്കരുത്. അത് സംബന്ധിച്ച് നിങ്ങൾ നടത്തിയ പ്രചരണം വെറും അധരവ്യായാമം മാത്രമാണ്. കമ്മീഷന്റെ മുൻപിൽ ആ ഇന്റലിജൻസ് റിപ്പോർട്ട് ഹാജരാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രി............

ശ്രീ. ഉമ്മൻ ചാണ്ടി : ശ്രീ. എ.കെ. ആന്റണി കണ്ട വിധത്തിലുള്ള റിപ്പോർട്ടാണെങ്കിൽ അത് ഹോം സെക്രട്ടറിയുടെ കൈയിൽ ഉണ്ടാവണം; ഡി.ജി.പി.യുടെ കൈയിൽ ഉണ്ടാവണം. അങ്ങേയ്ക്ക് പറയാൻ സാധിക്കുമോ ? ഈ വാർത്ത വന്നപ്പോൾ ഞാൻ അന്വേഷിച്ചതാണ്, അങ്ങനെ ഒരു റിപ്പോർട്ട് ഇല്ല. അങ്ങനെ ഒരു റിപ്പോർട്ട് ഉണ്ടെങ്കിൽ അത് അഭ്യന്തരവകുപ്പു സെക്രട്ടറിയുടെ കൈയിൽ ഉണ്ടാകണം, ഡി.ജി.പി. യുടെ കൈയിൽ ഉണ്ടാകണം, ഇന്റലിജൻസ് ഓഫീസിൽ ഉണ്ടാകണം. ഏതെങ്കിലും ഒരു എസ്.ഐ.യോ ഒരു സി.ഐ. യോ ഡി.വൈ.എസ്.പി.യോ അയയ്ക്കുന്ന റിപ്പോർട്ട് ഇന്റലിജൻസ് റിപ്പോർട്ട് അല്ല. ആ റിപ്പോർട്ട് പ്രോസസ്സ് ചെയ്തു വരുന്ന റിപ്പോർട്ടാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : കമ്മീഷന്റെ മുൻപിൽ ഒരു ഇന്റലിജൻസ് റിപ്പോർട്ട് ഹാജരാക്കിയിട്ടുണ്ടോ എന്ന് ചോദിച്ചപ്പോൾ ഇന്റലിജൻസ് റിപ്പോർട്ട് ഹാജരായിട്ടുണ്ട് എന്നാണ്. അങ്ങനെ ഒരു ഇന്റലിജൻസ് റിപ്പോർട്ടുണ്ട്, എന്നതുകൊണ്ടാണ് കമ്മിഷന്റെ മുൻപിൽ ഹാജരാക്കിയിട്ടുള്ളത്. കമ്മിഷന്റെ രഹസ്യരേഖയ്ക്കകത്ത് അത് ഉൾപ്പെടുത്തിയിട്ടുണ്ട്.

......................................(ബഹളം).............................

മി. സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രി...

മുഖ്യമന്ത്രി (ശ്രീ. വി.എസ്.അച്ചുതാനന്ദൻ ) : ഈ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ശ്രീ. ഉമ്മൻ ചാണ്ടി സി.ബി.ഐ. അന്വേഷണം സി.പി.ഐ.(എം) അനുകൂലിച്ചിട്ടില്ലേ, സി.പി.ഐ.(എം), -ന്റെ സ്റ്റേറ്റ് സെക്രട്ടറി അനുകൂലിച്ചിട്ടില്ലേ, എതിർത്തിട്ടില്ലേ ? അന്നത്തെ പ്രതിപക്ഷ നേതാവായിരുന്ന ശ്രീ. വി.എസ്. അച്ചുതാനന്ദൻ എതിർത്തിട്ടില്ലേ, എന്ന് ചോദിക്കുകയുണ്ടായി. എതിർത്തു. എല്ലാ അന്വേഷണവും സി.ബി.ഐ. നടത്തിയാൽ പൂർണ്ണമായും വിജയമായിരിക്കുമെന്ന് ഞങ്ങളുടെ പാർട്ടി നിർദ്ദേശത്തിന്റെയും നയത്തിന്റെയും അടിസ്ഥാനത്തിൽ ഉണ്ടായിരുന്ന വിശ്വാസംകൊണ്ടാണ് അന്ന് ആ അഭിപ്രായ പ്രകടനം നടത്തിയിട്ടുള്ളത് ഇത് സംബന്ധിച്ചുള്ള അന്നത്തെ ഞങ്ങളുടെ അഭിപ്രായം പിന്നീട് മാറ്റിയില്ലേ എന്ന് ചോദിച്ചാൽ മാറ്റാൻ നിർബന്ധിതമായിട്ടുണ്ട്. നിങ്ങൾക്ക് അറിയാമല്ലോ മുത്തങ്ങ സംഭവം, മുത്തങ്ങ സംഭവത്തിൽ ജുഡീഷ്യൽ അന്വേഷണം നടത്തണമെന്ന് പറഞ്ഞ് ഞങ്ങൾ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഒട്ടേറെ പ്രക്ഷോഭ സമരം നടത്തി. ഞങ്ങളുടെ പ്രവർത്തകർ നിങ്ങളുടെ ഒട്ടേറെ മർദ്ദനങ്ങൾക്ക് വിധേയരാവുകയും ചെയ്തു. അവസാനം ജുഡീഷ്യൽ എൻക്വയറി ഇഷ്ടപ്പെടുന്ന ക്രൈംബ്രാഞ്ച് അന്വേഷണത്തെ, സ്റ്റേറ്റിന്റെ അന്വേഷണത്തെ ഏറെ താത്പ്പര്യത്തോടുകൂടി കാണുന്ന മിസ്റ്റർ ആന്റണി അഖിലേന്ത്യാ മനുഷ്യാവകാശകമ്മീഷന്റെ അഭിപ്രായം വന്നുകഴിഞ്ഞപ്പോൾ സി.ബി.ഐ. അന്വേഷണത്തെ അനുകൂലിച്ചു. അവസാനം ഞങ്ങളും സി.ബി.ഐ. അന്വേഷണത്തെ അനുകൂലിക്കേണ്ടതായി വന്നു.

LIBRARY ARCHIVES Kerala Legislative Assembly

അപ്പോൾ മുത്തങ്ങ പ്രശ്നത്തിൽതന്നെ ശ്രീ. ആന്റണി അതുവരെയുള്ള അദ്ദേഹത്തിന്റെ നിലപാട് മാറ്റി അങ്ങനെയുള്ള അവസരത്തിൽ ഞങ്ങളും മാറ്റി. എന്നാൽ ഇപ്പോൾ സ്ഥിതിയെന്താണ്? ഇപ്പോഴത്തെ സ്ഥിതി എന്നു പറയുമ്പോൾ, സി.ബി.ഐ. അന്വേഷണത്തെ അങ്ങനെ തള്ളിക്കളയാൻ കഴിയുമോ? ഈ മാർക്ക് തട്ടിപ്പ് കേസ് കണ്ടുപിടിച്ചതാരാണ് ? മാർക്ക് തട്ടിപ്പ് കേസിൽ ഇപ്പോൾ അറസ്റ്റ് ചെയ്ത രാജൻ ചാക്കോയെ കണ്ടുപിടിച്ച് അകത്താക്കിയത് ആരാണ് ? ക്രൈംബ്രാഞ്ച് അന്വേഷണത്തിന് കണ്ടുപിടിക്കാൻ കഴിഞ്ഞില്ല. ........(ബഹളം)

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി) : ക്രൈംബ്രാഞ്ചിനെ ചോദ്യപേപ്പർ ചോർച്ചയെക്കുറിച്ച് അന്വേഷിക്കാൻ ചുമതലപ്പെടുത്തി അവർ രാജൻ ചാക്കോയെ അറസ്റ്റ് ചെയ്ത് കേസ് എടുത്തു. അവരുടെ അന്വേഷണത്തിലാണ് ചോദ്യപേപ്പർ അച്ചടിക്ക്കൊടുത്തതിനകത്ത് ക്രമക്കേടുണ്ട് എന്ന് ചൂണ്ടിക്കാട്ടിയത്. ഇത് സംബന്ധിച്ച് അന്വേഷണം നടന്ന അവസരത്തിൽ കോടതിയിൽ ആരോ കേസ് കൊടുത്തു. സി.ബി. ഐ. -ക്ക് കൊടുക്കാൻ പറഞ്ഞു ക്രൈംബ്രാഞ്ച് അത് സംബന്ധിച്ച് വളരെ ഫലപ്രദമായ അന്വേഷണം നടത്തി, ചോദ്യപേപ്പർ ചോർച്ചയുടെ കേസാണ് ചാർജ് ചെയ്തത് ചോദ്യപേപ്പർ അച്ചടിക്ക് കൊടുത്തതിലെ ക്രമക്കേട് കണ്ടുപിടിച്ചു. അവരെ ഏൽപ്പിച്ചതല്ല. ഏൽപ്പിച്ചത് ചോദ്യപേപ്പർ ചോർച്ച മാത്രമാണ്. അത് തിരക്കി കണ്ടുപിടിച്ച് അതിന്റെ അന്വേഷണം തുടങ്ങുന്ന അവസരത്തിലാണ് കോടതി ഉത്തരവ് അനുസരിച്ച് സി.ബി.ഐ.ക്ക് വിട്ടത്............

മുഖ്യമന്ത്രി (ശ്രീ.വി.എസ്. അച്യുതാനന്ദൻ) : ഞാൻ സംസാരിച്ചുവന്നത് എല്ലാ കേസിലും സി.ബി.ഐ. ശരിയായി അന്വേഷണം നടത്തുമെന്ന വിശ്വാസമില്ല എന്നാൽ ഏതെങ്കിലും കേസ് സി.ബി.ഐ. അന്വേഷിച്ചു തെളിയിക്കാതിരുന്നിട്ടുണ്ടെന്ന് ഞാൻ കരുതുന്നില്ല. അതിപ്പോൾ ചാക്കോയുടെ കാര്യത്തിൽ ശ്രീ. ഉമ്മൻ ചാണ്ടി പറഞ്ഞത് ഞാൻ നിഷേധിക്കുന്നില്ല. പ്രശ്നമെന്താണെന്ന് ചോദിച്ചാൽ അന്നത്തെ ഗവൺമെന്റിന്റെ മുഖ്യമായ ചുമതലക്കാരെ സംബന്ധിച്ച് കമ്മീഷന്റെ പരാമർശനങ്ങൾ മാത്രം അങ്ങനെ പറയരുത് അതിനോട് യോജിക്കാൻ കഴിയില്ല. വിജിലൻസ് റിപ്പോർട്ട് ശ്രീ. ആന്റണി കണ്ടു എന്ന് പറയാൻ സാധിക്കുമോ? ഈ തരത്തിലേയ്ക്ക് ചർച്ചകൾ കൊണ്ടുപോകുന്നത് ശരിയല്ല. ഞങ്ങളുടെ സമീപനം ആ കമ്മീഷൻ റിപ്പോർട്ട് ആണ്. ആ കമ്മീഷൻ റിപ്പോർട്ടിൽ ഞങ്ങളെ അടക്കം പരാമർശിച്ചിട്ടുള്ള കാര്യങ്ങൾ ഞങ്ങൾ നിഷേധിക്കുന്നില്ല.

അങ്ങനെ പരാമർശിച്ചു കൊണ്ടുള്ളതാണെങ്കിലും ശരി ഒരു റിപ്പോർട്ട് വന്നു. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് സി.ബി.ഐ. അന്വേഷണം വേണം എന്ന ആവശ്യം ഉന്നയിച്ചിരിക്കുന്നത്. ആ ആവശ്യത്തെ വിമർശിക്കുന്നതോടൊപ്പം തന്നെ, ഞങ്ങൾക്കുള്ള ഭിന്നാഭിപ്രായം നിലനിർത്തിക്കൊണ്ടുതന്നെ, ആ റിപ്പോർട്ടിന്റെ പൊതുവിലുള്ള സ്വഭാവത്തെ സംബന്ധിച്ച് നേരത്തെ ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. കോടിയേരി പറഞ്ഞുകഴിഞ്ഞു. ആ കമ്മീഷന്റെ റിക്വസ്റ്റ് സി.ബി.ഐ. അന്വേഷണം വേണം എന്നാണ്. ആ അടിസ്ഥാനത്തിലാണ് ആക്ഷൻ ടേക്കണിൽ ഇത് പറഞ്ഞിട്ടുള്ളത്. പിന്നെ ഐക്യത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കറും പറഞ്ഞു, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും പറഞ്ഞു. മാറാട് റിപ്പോർട്ടിനെ

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ച ചർച്ച ഒരു വർഗ്ഗീയ പ്രേരണ ഇളക്കിവിടുന്നതിന് സഹായിക്കുന്നത് ആയിരിക്കരുത്, ആ അഭിപ്രായത്തോട് എല്ലാവരും നൂറ് ശതമാനം യോജിക്കുകയാണ്. ഇനി ഒരു മാറാട് സംഭവം കേരളത്തിൽ ഉണ്ടായിക്കൂടാ. ഇടതുപക്ഷത്തെ നേരിടാനും തോൽപ്പിക്കാനും 2001-ലെ തെരഞ്ഞെടുപ്പിൽ നിങ്ങൾ വർഗ്ഗീയ സാമുദായിക ശക്തികളെ ഹൈന്ദവ വർഗ്ഗീയതയേയും മുസ്ലീം വർഗ്ഗീയതയേയുമെല്ലാം കൂട്ടുകൂടി മുന്നണിയുണ്ടാക്കി, ആ മുന്നണിയിൽ നിങ്ങൾ ജയിച്ചു മന്ത്രിസഭയും രൂപീകരിച്ചു. അങ്ങനെ നിങ്ങൾ താൽക്കാലികമായി വിജയം നേടിയപ്പോൾ ഏറെ സന്തോഷിച്ചു. ആ കൂട്ടുകെട്ടിന്റെ ഫലമായി പിന്നീട് ഉണ്ടായിട്ടുള്ള പ്രത്യാഘാതം എന്താണ്? ഭരണം കിട്ടി മന്ത്രിസഭ രൂപീകരിച്ചു നിങ്ങൾ വിജയം വരിച്ചു. പക്ഷെ നിങ്ങളെ സ്വാധീനിച്ചത്, നിങ്ങളെ എപ്പോഴും അങ്ങോട്ടും ഇങ്ങോട്ടും പിടിവലി നടത്തിയത് ആ ഭൂരിപക്ഷ-ന്യൂനപക്ഷം വർഗ്ഗീയത തന്നെയാണ്. ആദ്യത്തെ സംഭവം പത്തനംതിട്ട വർഗ്ഗീയ സംഘട്ടനം. അതുകഴിഞ്ഞ് ചേർത്തല, തൈക്കൽ വർഗ്ഗീയ സംഘട്ടനം, അതിനുശേഷമാണ് മാറാട് സംഭവം ഉണ്ടായത്. ആ സംഭവവികാസങ്ങളൊന്നും നമുക്ക് ഇപ്പോൾ വിസ്മരിക്കാൻ കഴിയുന്നതല്ല. ഈ നിലയിൽ ദൂരവ്യാപകമായ പ്രത്യാഘാതം ഉണ്ടായിട്ടുണ്ട്. ആദ്യം ഞങ്ങളെ തോൽപ്പിക്കാൻ നിങ്ങൾക്ക് കഴിഞ്ഞു, തെരഞ്ഞെടുപ്പിൽ വിജയവും നേടി, അനുകൂലമായ സാഹചര്യം കണ്ട് സന്തോഷിച്ചപ്പോൾ ദൂരവ്യാപകമായി ഈ വർഗ്ഗീയ മുന്നണിക്കുണ്ടാകുന്ന പ്രത്യാഘാതത്തെ സംബന്ധിച്ച് ചിന്തിച്ചില്ല. അതും കൂടി ഈ അവസരത്തിൽ ചിന്തിക്കേണ്ടതായിട്ടുണ്ട്. വർഗ്ഗീയ പാർട്ടികളുമായി കൂട്ടുകെട്ട് ഉണ്ടാക്കുന്ന സമീപനത്തെ സംബന്ധിച്ച് പുനർ ചിന്തിക്കേണ്ടതായിട്ടുണ്ടോ ഇല്ലയോ എന്നുള്ളത് കൂടി നിങ്ങൾ ആലോചിക്കണം എന്നാണ് ഞങ്ങൾ പറയുന്നത്. അല്ലാതെ നേതാക്കൻമാരുടെ റോളുകളെ സംബന്ധിച്ച് മാത്രം പറഞ്ഞാൽ പോര. നേതാക്കൻമാരുടെ റോളുകളെ സംബന്ധിച്ച് ഇല്ലാത്ത പരാമർശനങ്ങൾ അവരുടെ sincerity -യെ ക്വാട്ട് ചെയ്യുന്ന തരത്തിലുള്ള പരാമർശനങ്ങൾ എന്തെങ്കിലുമുണ്ടെങ്കിൽ അതുസംബന്ധിച്ച് എല്ലാം നമുക്ക് പരിശോധിക്കാം. ഈ റിപ്പോർട്ടിലുള്ള പരാമർശങ്ങളല്ലാതെ ഞങ്ങൾ ഏതെങ്കിലും വലിച്ചുകെട്ടി കൊണ്ടുവന്നിട്ടില്ല. മ്അദനിയെ കാണാൻ ജയിലിൽ ഇതുവരെ വി.എസ്. അച്ചുതാനന്ദൻ പോയിട്ടില്ല. എട്ട് കൊല്ലമായി തടവിൽ കഴിയുന്ന ഒരാളിന് മാനുഷികമായി നൽകേണ്ട ചികിൽസയെ സംബന്ധിച്ച് അദ്ദേഹത്തിന്റെ സഹധർമ്മിണിയും ബാപ്പയും വന്ന് മുഖ്യമന്ത്രി എന്നുള്ള നിലയിൽ എന്നോട് റിക്വസ്റ്റ് ചെയ്തപ്പോൾ അദ്ദേഹം കിടക്കുന്ന ജയിലിന്റെ കസ്റ്റോഡിയനായ തമിഴ്നാട് മുഖ്യമന്ത്രിയെ കണ്ട് അദ്ദേഹത്തിന് മനുഷ്യത്വപരമായ ചികിൽസ കൊടുക്കണമെന്ന് പറഞ്ഞ ഉടനെതന്നെ പി.ഡി.പി., എൽ.ഡി.എഫ്. ന്റെ ബന്ധുവായി എന്ന നിലയിൽ നിങ്ങൾ വ്യാഖ്യാനിക്കുന്ന ഇത്ര അധഃപതിച്ച സമീപനം നിങ്ങളിൽ നിന്നല്ലാതെ വേറെ ആരിൽ നിന്നാണ് ഉണ്ടാകുക? ഭൂരിപക്ഷ ന്യൂനപക്ഷ വർഗ്ഗീയതയെ കൂട്ടുകൂടി 2001-ൽ നിങ്ങൾ വിജയം നേടി. ആ വർഗ്ഗീയ സംഘട്ടനം ഒന്നിനു പിറകെ ഒന്നായി അവസാനം മാറാട് സംഭവത്തിൽ എത്തിയതാണ്. മാറാടിനെ സംബന്ധിച്ചുള്ള കാര്യങ്ങൾ എല്ലാംതന്നെ ഇവിടെ വിശദമായി നിങ്ങളുടെ ചർച്ചയ്ക്ക് മറുപടിയായിട്ട് ആഭ്യന്തര വകുപ്പുമന്ത്രി സഖാവ് കോടിയേരി ബാലകൃഷ്ണൻ പറഞ്ഞിട്ടുണ്ട്. അന്വേഷണ റിപ്പോർട്ടിനെ സംബന്ധിച്ചുള്ള ഗവൺമെന്റിന്റെ സമീപനത്തെ കുറിച്ചും

LIBRARY ARCHIVES Kerala Legislative Assembly

അദ്ദേഹം വിശദമായി പ്രതിപാദിച്ചതുകൊണ്ട് ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല. ഇപ്പോൾ ഈ റിപ്പോർട്ട് നമ്മൾ ചർച്ച ചെയ്തു കഴിഞ്ഞു. കഴിഞ്ഞദിവസം സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി ശ്രീ. ദിവാകരൻ ഒരു അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചു. ഈ റിപ്പോർട്ടു പോലെതന്നെ ശ്രീ. സി. ദിവാകരൻ സമർപ്പിച്ച റിപ്പോർട്ടും ഞങ്ങളുടേതല്ലെന്ന് നിങ്ങൾക്കറിയാമല്ലോ? നിങ്ങൾ തന്നെ നിയോഗിച്ച അന്വേഷണ കമ്മീഷൻ റിപ്പോർട്ടാണ് ഞങ്ങൾക്ക് ഭാഗ്യവശാലോ നിർഭാഗ്യവശാലോ അവതരിപ്പിക്കാൻ കഴിഞ്ഞത്. ഏകദേശം 25 കോടി രൂപയുടെ അഴിമതിയാണ്. ഏറ്റവും നിലവാരം കുറഞ്ഞ പയറും മറ്റു സാധനങ്ങളും മാർക്കറ്റ് വിലയ്ക്ക് വാങ്ങി വിൽപ്പന നടത്തിയതിനെ സംബന്ധിച്ചുള്ള അഴിമതിയാണ്. അതുപോലെ തന്നെ ചോദ്യപേപ്പർ ചോർച്ചയെ സംബന്ധിച്ച് അപ്പുറം ഇരുന്നുകൊണ്ട് ഞങ്ങളെല്ലാം അതിനെ കുറിച്ചുള്ള അന്വേഷണം ആവശ്യപ്പെട്ട് തൊണ്ട കീറിയതാണ്. അതുകൊണ്ടൊന്ന് പറഞ്ഞുപോകുകയാണ്. ഇപ്പോൾ അതിന്റെ റിപ്പോർട്ടുകൾ എല്ലാം പുറത്തുവരുന്നതിൽ നമുക്കെല്ലാം സന്തോഷിക്കാം. ഇപ്പോൾ മാറാട് റിപ്പോർട്ടും വന്നു. ഇനി ഞങ്ങൾ എത്ര റിപ്പോർട്ടുകൾ വയ്ക്കേണ്ടി വരികയാണെങ്കിലും വരട്ടെ. എസ്.എൻ.സി. ലാവ്‌ലിന്റെ ഒരാൾ അപ്പുറം ഇരിപ്പുണ്ടല്ലോ, അതും കൂടി വച്ചിട്ട് വേണം ചോദിക്കാൻ. ലാവ്‌ലിൻ കേസ് റിപ്പോർട്ട് വരട്ടെ, അപ്പോൾ നമുക്ക് നോക്കാം. ഞാൻ പറഞ്ഞുവരുന്നത് വർഗ്ഗീയ സാമുദായികതയോടുള്ള സന്ധിയില്ലാത്ത ഒരു പോരാട്ടം, ഈ അനുഭവങ്ങളുടെയൊക്കെ അടിസ്ഥാനത്തിൽ പോരാടുന്നതിനു മുമ്പ് ഒരു സമീപനം തന്നെ ആദ്യമായി യോജിച്ച് എടുക്കാൻ കഴിയുകയാണെങ്കിൽ വലിയ ഭാഗ്യമാണ്. ഞങ്ങൾ അതിനുവേണ്ടിയിട്ടുള്ള ശ്രമം നടത്തിയിട്ടുള്ളത് നിങ്ങളിൽ നിന്ന് വ്യത്യസ്തമായിട്ടാണ്. മുസ്ലീം ലീഗുകാരുമായി എല്ലാം കൂട്ടുകൂടിയവർ അല്ലേ ഞങ്ങൾ? പക്ഷെ അനുഭവം മനസ്സിലായപ്പോൾ അവരെ ഒഴിവാക്കി. അതിനുശേഷം അവരുടെ കഷണങ്ങളായിട്ടും ഞങ്ങൾ കൂട്ടുകെട്ട് ഉണ്ടാക്കി. അതിനേയും ഞങ്ങൾ ഒഴിവാക്കി. അതിനെ സംബന്ധിച്ചെല്ലാം തന്നെ നിങ്ങളെപ്പോലെ ഒരു സമീപനം ആയിരിക്കും ഞങ്ങൾ സ്വീകരിക്കുന്നത് എന്ന് കരുതേണ്ട. ഏതായാലും അതിനെസംബന്ധിച്ച്, യായൊരു മാറ്റവുമില്ലാതെ എന്റെ പ്രിയപ്പെട്ട സ്നേഹിതൻ, പ്രതിപക്ഷനേതാവിന് ലീഗിനെപ്പറ്റി പ്രത്യേകമായി പരാമർശിക്കേണ്ടിവന്നത് ഞാൻ ഇപ്പുറത്തിരുന്ന് ശ്രദ്ധിച്ചിരിക്കുകയായിരുന്നു. ഞാൻ പറഞ്ഞുവരുന്നത്, നമ്മൾ തമ്മിലുള്ള വ്യത്യാസത്തെപ്പറ്റിയാണ്. ഈ കാര്യത്തെ സംബന്ധിച്ച് എടുത്തിട്ടുള്ളത് കുറേയെങ്കിലും നിങ്ങളിൽ നിന്ന് വ്യത്യസ്തമായി ഞങ്ങൾ മുന്നിട്ടുതന്നെ നിൽക്കുകയാണ്. അതിലുള്ള കുറവ് പരിഹരിക്കാൻ ഞങ്ങൾ സന്നദ്ധമാണ്, ശ്രമിക്കുന്നതാണ്. നിങ്ങളും ആ നിലയിലൊന്ന് ചിന്തിക്കുന്നത് നല്ലതാണ്, രാജ്യത്തിന്റെ മതേതരത്വം ഉയർത്തിപ്പിടിക്കാൻ അത്യാവശ്യമാണ്. ദേശീയ രംഗത്ത് ഞങ്ങൾ നിങ്ങളെ പിൻതുണയ്ക്കുന്നത് എന്തുകൊണ്ടാണ്? ഇൻഡ്യാ രാജ്യത്ത് ബി.ജെ.പി.-ആർ.എസ്.എസ്. വീണ്ടും അധികാരത്തിൽ വരാതിരിക്കാൻവേണ്ടി. ഇടതുപക്ഷം നിങ്ങളുടെ ഭരണത്തിൽ, മന്ത്രിസഭയിൽ പങ്കാളികളാകാതെ പിൻതുണയ്ക്കുകയാണ്. മന്ത്രിസഭയിൽ ചേരാതിരിക്കുന്നത് എന്താണ്? നിങ്ങളുടെ വർഗ്ഗീയനയത്തോട് സമ്പന്ന വർഗ്ഗത്തെ രക്ഷിക്കു നിങ്ങളുടെ സ്ഥായിയായ നയത്തോട്, ഒരു വർക്കിംഗ് ക്ളാസ്സ് പാർട്ടിയായ ഞങ്ങൾക്ക് യോജിക്കാൻ കഴിയാത്തതുകൊണ്ടുമാത്രമാണ് മന്ത്രിസഭയിൽ ചേരാത്തത്.

LIBRARY ARCHIVES Kerala Legislative Assembly

ഞങ്ങളുടെ കൺക്ലൂഷൻ ശരിയാണെന്ന് ഇപ്പോൾ ഞങ്ങൾ നിങ്ങളെ പിൻതാങ്ങിക്കൊണ്ടുള്ള ഈ രണ്ടുകൊല്ലത്തെ അനുഭവങ്ങൾ തെളിയിച്ചു കൊണ്ടിരിക്കുകയാണ്. വിദേശ നയത്തിൽ നിങ്ങൾ മായം ചേർത്തത്, ആഭ്യന്തര രംഗത്ത് പൊതുമേഖലയോടുള്ള നിങ്ങളുടെ സമീപനം ഇതെല്ലാം എടുത്തെടുത്ത് പറയുമ്പോൾ, പിൻതാങ്ങിയിട്ട് നിങ്ങൾ ഇങ്ങനെ കുറ്റം പറയുന്നത് ശരിയാണോയെന്ന് നേരത്തെ പ്രസംഗിക്കുന്നത് ഞാൻ കേട്ടു. അപ്പോൾ ഞാൻ പറഞ്ഞുവരുന്നത്, നിങ്ങളുടെ തെറ്റായ സമീപനങ്ങളും പൊതുവിൽ നാം യോജിച്ച് അംഗീകരിച്ചിട്ടുള്ള മിനിമം പരിപാടിയിൽ നിന്ന് വ്യതിചലിക്കുന്ന നയങ്ങളും കറക്ട് ചെയ്ത് ശരിയായ നിലയിലേയ്ക്ക് നിങ്ങളെ കൊണ്ടുവരുന്നതിനുവേണ്ടി ഈ പ്രശ്നങ്ങളെല്ലാം പാർലമെന്റിൽ ചർച്ചാവിഷയമാക്കുന്നുണ്ട്. അതിനുമുമ്പ് കൂടിയാലോചനയുടെ അവസരത്തിൽ ഞങ്ങളുടെ അഭിപ്രായങ്ങൾ പ്രധാനമന്ത്രിയുടെയും അവരെയെല്ലാം നയിക്കുന്ന ശ്രീമതി സോണിയാ ഗാന്ധിയേയും അറിയിച്ചിട്ടുണ്ട്. തുടർച്ചയായി അറിയിച്ചിട്ടും ഫലമില്ലാതെ വന്നപ്പോൾ അത് പാർലമെന്റിൽ പറഞ്ഞിട്ടുണ്ട്. അതിനുശേഷം ഇൻഡ്യയിലെ ഇടതുപക്ഷങ്ങൾ സമ്മേളനം കൂടി പറഞ്ഞുതുടങ്ങിയിട്ടുണ്ട്. ഇതെല്ലാം തന്നെ കറക്ഷനുവേണ്ടിയാണ്. അപ്പോൾ ഞങ്ങൾ, നിങ്ങളെ സംബന്ധിച്ച് അംഗീകരിച്ച നയത്തിൽ ഒരു പിശകുമില്ലായെന്ന് പിൻതാങ്ങിക്കൊണ്ടിരിക്കുമ്പോൾത്തന്നെ, സംയുക്തമായി അംഗീകരിച്ചിട്ടുള്ള മിനിമം പരിപാടിയിൽനിന്ന് നിങ്ങൾ വ്യതിചലിക്കുകയാണ്. ദേശീയ രംഗത്തെ സ്ഥിതിയായാലും കേരളത്തിലെ സ്ഥിതിയായാലും വർഗ്ഗീയ സാമുദായിക ശക്തികളുടെ ആപൽക്കരമായ നീക്കം ഇൻഡ്യയുടേയും കേരളത്തിന്റേയും മതനിരപേക്ഷതയെ ഞെക്കിക്കൊല്ലുന്നതാണ്. ആ അനുഭവമാണ്, പത്തനംതിട്ട, തൈയ്ക്കൽ, മാറാട്, വീണ്ടും മാറാട് ഉണ്ടായിട്ടുള്ളത്. ഇപ്പോൾ മാത്രമല്ല, നിങ്ങൾ എപ്പോൾ അധികാരത്തിൽ വന്നിട്ടുണ്ടോ അപ്പോഴെല്ലാം തന്നെ വർഗ്ഗീയ കലാപങ്ങൾ ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ നടന്നിട്ടുണ്ട് എന്നുള്ളത് നിങ്ങൾ അംഗീകരിക്കാൻ തയ്യാറാകുമെങ്കിൽ നല്ലത്. ആ നിലയിൽ ഈ ചർച്ചയെ കണ്ടാൽ മതി. നമ്മൾ യാതൊരു തരത്തിലും വർഗ്ഗീയ വൈരമിളക്കിവിടാൻ സഹായിക്കുന്ന ഒരു വാചകവും തുടർന്നുള്ള സംഭാഷണത്തിൽ വാശികയറി ഉണ്ടാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെതന്നെ അവിടെ കുടുംബങ്ങളുടെ, പോലീസ് നോക്കിനിൽക്കെ അവരുടെ താമസസ്ഥലത്തുനിന്ന്, അവരുടെ കിണറ്റിൽ ആർ.എസ്.എസ്. കാർ മലംകോരിയെറിഞ്ഞ് ആ വെള്ളം കുടിക്കാൻ പോലും സാധിക്കാതെ, അവരെ നിർബന്ധിച്ച് തല്ലിയോടിച്ച, ആ പത്തുമുന്നുറോളം കുടുംബങ്ങൾക്ക് വെറും നോമിനലായിട്ടുള്ള സഹായമാണ് നൽകിയത്. അത് പലരും സ്വീകരിച്ചില്ല. കോൺഗ്രസിന്റെയും മറ്റും അനുഭാവികൾ കുറേപ്പേർ സ്വീകരിച്ചു എന്നുള്ളതല്ലാതെ മഹാഭൂരിപക്ഷംപേരും അത് സ്വീകരിച്ചില്ല. അവർക്ക് അർഹമായ......(ബഹളം)........ഞാൻ പറഞ്ഞത് ആർ.എസ്.എസ്. കാർ തല്ലിയോടിച്ചവരുടെ കാര്യമാണ്. ആ കൂട്ടത്തിൽ നിങ്ങളുടെ ആളുകളും ഉണ്ടെങ്കിൽ സന്തോഷം. ഏതായാലും അവരിൽ ചുരുക്കം ചില ആളുകൾ ഈ കാശ് വാങ്ങി. അപ്പോൾ എനിക്ക് തോന്നി അവർ കാണുമെന്ന്. ഞാൻ പറഞ്ഞുവരുന്നത്, മഹാഭൂരിപക്ഷം പേരും ആ പൈസ വാങ്ങിയിട്ടില്ല. ആളുകളെ സഹായിക്കേണ്ടതായിട്ടുണ്ട്. അന്വേഷണത്തിന്റെ ശ്രമം നടത്തുന്നതിനിടയിൽ, ആ പാവപ്പെട്ടവരെ സഹായിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

കാര്യംകൂടി ശ്രദ്ധിക്കുന്നു. അവർക്ക് ഒരുപരിധിവരെ നഷ്ടപരിഹാരം നൽകാനും സൗഹാർദ്ദമായി കഴിയുന്ന വിധത്തിലുള്ള ഒരു അന്തരീക്ഷം ഉണ്ടാക്കിക്കൊടുക്കാനും നമുക്കെല്ലാപേർക്കും കൂടി യോജിച്ച് പ്രവർത്തിക്കേണ്ടതായിട്ടുണ്ട്. എന്റെ സ്നേഹിതൻ ശ്രീ. ആന്റണി അവിടെ പോയതിനെപ്പറ്റി ഒക്കെ ഇവിടെ പറഞ്ഞു, നമ്മളെല്ലാവരും അവിടെ പോയി. ശ്രീ. ആന്റണി ഒരു പ്രത്യേക സ്വഭാവത്തോടുകൂടിയാണ്. അവിടെ പോയത്. ഞങ്ങൾ ഒരു പൊതു സ്വഭാവത്തോടുകൂടി അവിടെ പോയി. ആ പോക്കിനെ സംബന്ധിച്ച് ഒന്നും നമ്മൾ ഇവിടെ തർക്കിച്ച് വലിപ്പവും ചെറുപ്പവും പറയേണ്ടതില്ല. ഏതായാലും നിർഭാഗ്യകരമായ ഒരു സംഭവമുണ്ടായപ്പോൾ നമ്മളെല്ലാം ഓടിയെത്തി അതിന് പരിഹാരം കാണാനുള്ള പരിശ്രമം നടത്തി. ആ പരിശ്രമത്തിൽ ഉണ്ടായിട്ടുള്ള ചില വ്യതിയാനങ്ങളും ചില പിശകുകളും ഈ റിപ്പോർട്ട് വഴി, നിങ്ങൾ തന്നെ സംഘടിപ്പിച്ച റിപ്പോർട്ടുവഴി പുറത്തുവന്നിട്ടുള്ളത് നമ്മൾ സിൻസിയറായി പരിശോധിച്ച് അതിന് ശരിയായ നിലയിൽ ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടക്കട്ടെ. ഞങ്ങളെ സംബന്ധിച്ച് കമ്മീഷൻ എത്തിച്ചേർന്നിട്ടുള്ള നിഗമനങ്ങൾ ശരിയാണോ, ഇല്ലയോ എന്ന് സി.ബി.ഐ. അന്വേഷിച്ചിട്ട് വസ്തുതയെന്താണെന്ന് പറയട്ടെ. അങ്ങനെ സി.ബി.ഐ.യും കൂടി പറയുകയാണെങ്കിൽ ഞങ്ങളെ സംബന്ധിച്ചുള്ള ആക്ഷേപത്തെ സംബന്ധിച്ച് ഞങ്ങൾ കോടതിയെ സമീപിക്കേണ്ടിവരും. അപ്പോൾ കണിശമായിട്ടും ആലോചിക്കും. ഞങ്ങൾക്ക് ഇവിടെ മതനിരപേക്ഷതയുടെ അടിസ്ഥാനത്തിലുള്ള പോരാട്ടത്തിന് ഒരു ഹിസ്റ്ററിയുണ്ട്. തലശ്ശേരി കലാപം നടന്ന അവസരത്തിൽ ഞങ്ങളുടെ നേതാക്കൻമാരെല്ലാം ഓടിയെത്തി. കലാപക്കാരിൽനിന്ന് അവിടത്തെ ന്യൂനപക്ഷത്തെയും ഭൂരിപക്ഷത്തേയും രക്ഷിക്കാനുള്ള നിലപാടാണ് സ്വീകരിച്ചത്. അവിടെ മുസ്ലീം പള്ളിയെ രക്ഷിക്കാൻവേണ്ടി കാവൽനിന്ന് ഞങ്ങളുടെ യു.കെ. കുഞ്ഞിരാമൻ ആർ.എസ്.എസ്-ന്റെ കുത്തേറ്റാണ് പള്ളിയുടെമുന്നിൽ മരിച്ചുവീണത്. എവിടെയാണോ മതന്യൂനപക്ഷങ്ങളിൽപ്പെട്ട ആളുകൾ ആക്രമിക്കപ്പെടാൻ വരുന്നത്, അവിടെ ഒരു കമ്മ്യൂണിസ്റ്റുകാരന്റെ സെൽ എങ്കിലും ഉണ്ടെങ്കിൽ, കമ്മ്യൂണിസ്റ്റുകാരന്റെ ഒരു പ്രവർത്തക വിഭാഗമുണ്ടെങ്കിൽ അവിടെ They are defenders of the Minority. ആ നിലയിലുള്ള ഹിസ്റ്ററിയാണ് ഞങ്ങൾക്കുള്ളത്. ആ നിലയിലുള്ള സമീപനം തന്നെയാണ് ഞങ്ങൾ തുടർന്നും സ്വീകരിക്കുകയെന്ന് ഈ അവസരത്തിൽ അറിയിച്ചുകൊണ്ട്, ഏതായാലും വളരെയധികം സമയം നീണ്ടുപോയി എങ്കിലും നമ്മൾ പരസ്പരം കുറ്റം പറയുന്ന സ്ഥിതിയുണ്ടായിട്ടുണ്ടെങ്കിലും നമുക്കെല്ലാം തന്നെ ഇതിന്റെ ആപത്ത് ഗൗരവമായി മനസ്സിലാക്കാൻ ഈ ചർച്ച സഹായിച്ചിട്ടുണ്ടെന്ന് ഞാൻ കരുതുന്നു. ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>മി. സ്പീക്കർ:</u> ചർച്ച ഒരു മണിക്കൂറാണ് വച്ചതെങ്കിലും ഇപ്പോൾ മൂന്നു മണിക്കൂർ നാൽപ്പത്തിയേഴു മിനിട്ടു കടന്നിരിക്കുകയാണ്. ഈ ചർച്ചയുടെ സ്പിരിറ്റ് എല്ലാപേരും ഉൾക്കൊള്ളണമെന്ന് ചെയർ വീണ്ടും അഭ്യർത്ഥിക്കുകയാണ്. ചർച്ച അവസാനിച്ചിരിക്കുന്നു. ഓർഡർ,.....ഓർഡർ സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2006 ഒക്ടോബർ മാസം 26-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ രാത്രി 9.08-ന് പിരിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## അനുബന്ധം-I

25-10-2006-ലെ നക്ഷത്ര ചിഹ്നമിട്ട ചോദ്യനമ്പർ *7 [709]-ന്റെ ഉത്തരം കാണുക

1. പെൻഷൻ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

പണ്ഡിതർ :

അപേക്ഷകന് 60 വയസ് പൂർത്തിയായിരിക്കേണ്ടതും ബിരുദധാരിയായ പണ്ഡിതൻ ആയിരിക്കേണ്ടതുമാണ്. കൂടാതെ ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ജമാഅത്തിൽ അംഗത്വവും 10 വർഷത്തിൽ കുറയാത്ത തുടർച്ചയായ സേവനവും ഉണ്ടായിരിക്കണം. വരുമാനം 22,000 രൂപയിൽ കുറവായിരിക്കേണ്ടതുമാണ്.

ഇമാം, മദ്രസ അദ്ധ്യാപകർ:

അപേക്ഷകന് 60 വയസ് പൂർത്തിയായിരിക്കേണ്ടതും ഇസ്ലാമിക പരിജ്ഞാനം ഉണ്ടായിരിക്കേണ്ടതും ഇത് തെളിയിക്കുന്നതിന് ബിരുദധാരിയായ പണ്ഡിതന്റെ സാക്ഷ്യപത്രം ഹാജരാക്കേണ്ടും കൂടാതെ ബോർഡിൽ രജിസ്റ്റർ ചെയ്ത ജമാഅത്തിൽ അംഗത്വവും 10 വർഷത്തിൽ കുറയാത്ത തുടർച്ചയായ സേവനവും ഉണ്ടായിരിക്കേണ്ടതും വരുമാനം 22,000 രൂപയിൽ കുറവായിരിക്കേണ്ടതുമാണ്.

മുക്രി, അസിസ്റ്റന്റ് ഇമാം, അറ്റൻഡർ:-

അപേക്ഷകന് 60 വയസ് പൂർത്തിയായിരിക്കേണ്ടതും ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ജമാഅത്തിൽ അംഗത്വവും 10 വർഷത്തിൽ കുറയാത്ത തുടർച്ചയായ സേവനവും ഉണ്ടായിരിക്കേണ്ടതും വരുമാനം 22,000 രൂപയിൽ കുറവായിരിക്കേണ്ടതുമാണ്.

2. ധനസഹായം ലഭിക്കേണ്ടതിനുള്ള മാനദണ്ഡങ്ങൾ

(i) വിവാഹ ധനസഹായം :

വിവാഹിതയാകുന്ന സ്ത്രീ അപേക്ഷിക്കേണ്ടതും ടിയാൾക്ക് 18 വയസ്സ് പൂർത്തി യായിരിക്കേണ്ടതും ബോർഡിൽ രജിസ്റ്റർ ചെയ്ത ജമാഅത്തിൽ അംഗത്വവും കുടുംബ വരുമാനം 22,000 രൂപയിൽ കുറവായിരിക്കേണ്ടതുമാണ്. വിവാഹത്തിനുമുമ്പ് അപേക്ഷ ഓഫീസിൽ ലഭിച്ചിരിക്കേണ്ടതുമാണ്. വിധവകളുടെ മക്കളാണെങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും വിവാഹ ധനസഹായം ലഭിച്ചിട്ടില്ലെന്ന് വ്യക്തമാക്കുന്ന സാക്ഷ്യപത്രം കൂടി ഹാജരാക്കേണ്ടതാണ്.

(ii) ചികിത്സാ സഹായം :

അപേക്ഷകന് ബോർഡിൽ രജിസ്റ്റർ ചെയ്ത ജമാഅത്തിൽ അംഗത്വവും 22,000 രൂപയിൽ കുറവ് വരുമാനവും രജിസ്റ്റേർഡ് മെഡിക്കൽ പ്രാക്ടീഷണറിൽ നിന്നുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

2/3777/2010/DTP.

അനുബന്ധം-II

## 25-10-2006-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 48[4369]-ന്റെ ഉത്തരം

1955-ലെ തിരുവിതാംകൂർ ലിറ്ററി സയന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റി രജിസ്ട്രേഷൻ ആക്ട് പ്രകാരം 25-4-1988-ൽ (ക്യൂ. 184/88) നമ്പറായി എസ്. ഐ. ആർ. ഡി. രജിസ്റ്റർ ചെയ്തു. അന്നു മുതൽ ഇതുവരെ സ്വയംഭരണസ്ഥാപനമായി പ്രവർത്തിച്ചുവരുന്നു. ഗ്രാമവികസന വകുപ്പിലെ ഒരു അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണറുടെ റാങ്കിലുള്ള ഉദ്യോഗസ്ഥനാണ് ഈ സ്ഥാപനത്തിലെ ഡയറക്ടർ. സ്ഥാപനത്തിന്റെ ദൈനംദിന പ്രവർത്തനങ്ങളുടെ ചുമതല വഹിക്കുന്നത് ഗ്രാമവികസന വകുപ്പിലെ ഡെപ്യൂട്ടിഡെവലപ്മെന്റ് കമ്മീഷണറുടെ റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥനാണ്. പരിശീലന ചുമതലകൾ നിർവഹിക്കുന്നത് അഞ്ച് ഫാക്കൽറ്റി അംഗങ്ങളാണ്. ഓഫീസ് കാര്യങ്ങൾക്കായി വിവിധ തസ്തികകളിൽ 20 ജീവനക്കാരുണ്ട്. എസ്.ഐ.ആർ.ഡി.യുടെ ഭരണ നിർവ്വഹണം, സൊസൈറ്റിയുടെ ചട്ടങ്ങൾക്ക് വിധേയമായി 9 അംഗങ്ങളുള്ള ഗവേണിംഗ് ബോഡിയിൽ നിക്ഷിപ്തമാണ്. പ്രസ്തുത സമിതിയുടെ ചെയർമാൻ സംസ്ഥാന ഗ്രാമവികസന മന്ത്രിയാണ്. ഗ്രാമവികസനവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനയുള്ള ഒരു എക്സിക്യൂട്ടീവ് കമ്മിറ്റിയാണ് ഈ സ്ഥാപനത്തിന്റെ ഭരണകാര്യങ്ങൾ നിർവഹിക്കുന്നത്. എസ്.ഐ.ആർ.ഡി.യുടെ ഉദ്ദേശ ലക്ഷ്യങ്ങൾ സംക്ഷിപ്തമായി ചുവടെ കൊടുത്തിരിക്കുന്നു.

(1) ഗ്രാമവികസന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ള ഉയർന്ന ഉദ്യോഗസ്ഥർക്കും, അനുദ്യോഗസ്ഥർക്കും അവരുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പരിശീലനം നൽകുക.

(2) ഗ്രാമവികസനത്തിൽ നയരൂപവൽക്കരണത്തിനും പദ്ധതി നടത്തിപ്പിനും ആവശ്യമായ നൂതന സാങ്കേതിക മാർഗ്ഗങ്ങൾ കണ്ടുപിടിയ്ക്കുന്നതിനുള്ള ഗവേഷണ പ്രവർത്തനങ്ങൾ നടത്തുക.

(3) കാലാകാലങ്ങളിൽ നടപ്പാക്കുന്ന ഗ്രാമവികസനവുമായി ബന്ധപ്പെട്ട മറ്റുപരിപാടികൾ ഏറ്റെടുക്കുക.

(4) ഗ്രാമീണ ജനതയുടെ പ്രശ്നങ്ങളെ കൈകാര്യം ചെയ്യുവാൻ ഉദ്യോഗസ്ഥരെ പ്രാപ്തരാക്കുക, ഗ്രാമവികസന പദ്ധതികളെ സമൂഹപങ്കാളിത്തത്തോടെ നടപ്പിലാക്കുവാനുള്ള സാങ്കേതികത്വവും കഴിവും വികസിപ്പിച്ചെടുക്കുക.

(5) നീതിയുക്തമായ നയരൂപീകരണത്തിനുതകുന്ന ഗവേഷണ പഠനങ്ങൾ, ആക്ഷൻ റിസർച്ച് ഇവ നടത്തുക, ഗ്രാമവികസന പ്രവർത്തനങ്ങൾക്ക് അനുയോജ്യമായ ആശയങ്ങളും പ്രവർത്തന സംവിധാനവും രൂപപ്പെടുത്തുക.

(6) ഗ്രാമവികസനവുമായി ബന്ധപ്പെട്ട മറ്റ് പ്രവർത്തനങ്ങൾ ഏറ്റെടുക്കുക.

LIBRARY ARCHIVES Kerala Legislative Assembly

## എസ്. ഐ. ആർ. ഡി.യുടെ നേട്ടങ്ങൾ

ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, സന്നദ്ധ സംഘടനാംഗങ്ങൾ ഉൾപ്പെടെ നിരവധി പേർക്ക് വിവിധ വിഷയങ്ങളെ ആസ്പദമാക്കി പരിശീലന പരിപാടികൾ സംഘടിപ്പിക്കുവാൻ കഴിഞ്ഞു. കഴിഞ്ഞ ഏതാനും വർഷങ്ങളായി നടത്തിയ പരിശീലന പരിപാടികളുടെ എണ്ണവും പങ്കെടുത്ത പരിശീലനാർത്ഥികളുടെ എണ്ണവും ചുവടെ ചേർക്കുന്നു.

| വർഷം | പരിശീലനങ്ങളുടെ എണ്ണം | പരിശീലനാർത്ഥികളുടെ എണ്ണം | | |
|---|---|---|---|---|
| | | ഉദ്യോഗസ്ഥർ | ജനപ്രതിനിധികൾ | മറ്റുള്ളവർ |
| 2001-02 | 52 | 948 | 591 | 112 |
| 2002-03 | 70 | 1382 | 358 | 469 |
| 2003-04 | 74 | 1678 | 728 | 228 |
| 2004-05 | 69 | 734 | 1320 | 60 |
| 2005-06 | 184 | 7910 | 1106 | 24 |

കൂടാതെ കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ ഏറ്റെടുത്ത് പൂർത്തിയാക്കിയ ഗവേഷണ പഠനങ്ങൾ താഴെപ്പറയുന്നവയാണ്:

1. സംയോജിത തരിശുഭൂമി വികസനം — ഒരവലോകനം—തൃശ്ശൂർ ജില്ല.
2. സംയോജിത തരിശുഭൂമി വികസനം—ഒരവലോകനം—ഇടുക്കി ജില്ല.
3. സംയോജിത തരിശുഭൂമി വികസനം—ഒരവലോകനം—മലപ്പുറം ജില്ല.
4. സംയോജിത തരിശുഭൂമി വികസനം—ഒരവലോകനം—പാലക്കാട് ജില്ല.
5. സംയോജിത തരിശുഭൂമി വികസനം—ഒരവലോകനം—വയനാട് ജില്ല.
6. സ്ത്രീശാസ്ത്രീകരണത്തെക്കുറിച്ചുള്ള ധ്രുതപഠനം
7. യു. എൻ. ഡി. പി. —കപ്പാസിറ്റി ബിൽഡിംഗ്—ഒരു പഠനം
8. യു. എൻ. ഡി. പി.—നീർത്തട വികസനം—ഒരു പഠനം
9. യു. എൻ. ഡി. പി.—ജെന്റർ ആന്റ് ഡെവലപ്മെന്റ്—ഒരു പഠനം
10. യു. എൻ. ഡി. പി—ജലവിതരണം —ഒരു പഠനം
11. സ്വയംസഹായസംഘങ്ങൾ വഴിയുള്ള തൊഴിൽ ശാക്തീകരണം, സാമൂഹിക ഉന്നതി —ഒരു പഠനം
12. പൂയപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ ആക്ഷൻ റിസേർച്ച് പ്രോജക്ട്.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം III

25-10-2006-ലെ നക്ഷത്രചിഹ്നമിടാത്ത 58 [4379]-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം കാണുക

Details of BPL Card holders as on 31-7-2006

| *Sl. No.* | *Districts* | *No.of Card Holders* |
|---|---|---|
| 1 | Trivandrum | 1,65,598 |
| 2 | Kollam | 1,57,987 |
| 3 | Pathanamthitta | 62,169 |
| 4 | Alappuzha | 1,35,267 |
| 5 | Kottayam | 1,00,655 |
| 6 | Idukki | 63,663 |
| 7 | Ernakulam | 1,05,212 |
| 8 | Thrissur | 1,62,307 |
| 9 | Palakkad | 97,926 |
| 10 | Malappuram | 1,45,401 |
| 11 | Kozhikkode | 1,29,009 |
| 12 | Wayanad | 25,077 |
| 13 | Kannur | 93,989 |
| 14 | Kasargod | 50,238 |
| | Total | 14,94,498 |

LIBRARY ARCHIVES Kerala Legislative Assembly

## അനുബന്ധം IV

### 25-10-2006-ലെ നക്ഷത്രചിഹ്നമിടാത്ത 60 [4381]-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം കാണുക

(1-8-2006-ലെ കണക്കുപ്രകാരമുള്ള അരി, മണ്ണെണ്ണ മൊത്തവ്യാപാരികളുടെ കണക്ക്)

| ക്രമ നമ്പർ | ജില്ല | അരിമൊത്ത വ്യാപാര ഡിപ്പോ | | മണ്ണെണ്ണ മൊത്ത വ്യാപാര ഡിപ്പോ | |
|---|---|---|---|---|---|
| | | സഹകരണ മേഖല | സ്വകാര്യ മേഖല | സഹകരണ മേഖല | സ്വകാര്യ മേഖല |
| 1 | തിരുവനന്തപുരം | 1 | 31 | .. | 40 |
| 2 | കൊല്ലം | 2 | 30 | .. | 26 |
| 3 | പത്തനംതിട്ട | 2 | 23 | .. | 20 |
| 4 | ആലപ്പുഴ | .. | 33 | .. | 33 |
| 5 | കോട്ടയം | .. | 33 | .. | 24 |
| 6 | ഇടുക്കി | .. | 16 | .. | 11 |
| 7 | എറണാകുളം | 1 | 33 | .. | 31 |
| 8 | തൃശ്ശൂർ | .. | 22 | .. | 29 |
| 9 | പാലക്കാട് | 13 | 6 | .. | 24 |
| 10 | മലപ്പുറം | 8 | 17 | .. | 29 |
| 11 | കോഴിക്കോട് | 2 | 14 | .. | 20 |
| 12 | വയനാട് | .. | 6 | .. | 4 |
| 13 | കണ്ണൂർ | 1 | 20 | .. | 14 |
| 14 | കാസർഗോഡ് | 6 | 5 | .. | 6 |
| | ആകെ | 36 | 289 | .. | 311 |

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം-IV A

[25-10-2006-ലെ നക്ഷത്രചിഹ്നമിടാത്ത 60 (4381)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം കാണുക]

2001-2006 കാലഘട്ടത്തിൽ ലൈസൻസ് നൽകിയ അരി, മണ്ണെണ്ണ മൊത്തവ്യാപാരികളുടെ കണക്ക്

| ക്രമ നമ്പർ | ജില്ല | അരി മൊത്ത വ്യാപാര ഡിപ്പോ | | മണ്ണെണ്ണ മൊത്ത വ്യാപാര ഡിപ്പോ | |
|---|---|---|---|---|---|
| | | സഹകരണ മേഖല | സ്വകാര്യ മേഖല | സഹകരണ മേഖല | സ്വകാര്യ മേഖല |
| 1 | തിരുവനന്തപുരം | .. | 6 | .. | 1 |
| 2 | കൊല്ലം | .. | 6 | .. | .. |
| 3 | പത്തനംതിട്ട | 2 | 3 | .. | .. |
| 4 | ആലപ്പുഴ | .. | .. | .. | .. |
| 5 | കോട്ടയം | .. | .. | .. | .. |
| 6 | ഇടുക്കി | .. | 11 | .. | .. |
| 7 | എറണാകുളം | .. | 7 | .. | .. |
| 8 | തൃശ്ശൂർ | .. | 6 | .. | .. |
| 9 | പാലക്കാട് | .. | .. | .. | .. |
| 10 | മലപ്പുറം | .. | .. | .. | 1 |
| 11 | കോഴിക്കോട് | .. | 6 | .. | .. |
| 12 | വയനാട് | .. | .. | .. | .. |
| 13 | കണ്ണൂർ | .. | 13 | .. | .. |
| 14 | കാസർഗോഡ് | .. | 3 | .. | .. |
| | ആകെ | 2 | 61 | .. | 2 |

അനുബന്ധം-V

[20-10-2006-ലെ നക്ഷത്രചിഹ്നമിടാത്ത 126(666)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം കാണുക]

സംക്ഷിപ്തം

| *ജില്ല* | *സംഘങ്ങളുടെ രജിസ്ട്രേഷൻ എണ്ണം* | *തസ്തിക അനുവാദം* | *ബ്രാഞ്ച് അനുവാദം* |
|---|---|---|---|
| തിരുവനന്തപുരം | 60 | 24 | 3 |
| കൊല്ലം | 14 | 6 | .. |
| പത്തനംതിട്ട | 1 | .. | .. |
| ആലപ്പുഴ | 1 | .. | 2 |
| കോട്ടയം | 4 | 13 | 2 |
| ഇടുക്കി | .. | .. | .. |
| എറണാകുളം | 1 | 8 | 1 |
| തൃശ്ശൂർ | 11 | .. | .. |
| പാലക്കാട് | 4 | 26 | .. |
| മലപ്പുറം | 4 | 7 | 6 |
| കോഴിക്കോട് | ഇല്ല | ഇല്ല | ഇല്ല |
| വയനാട് | 10 | .. | .. |
| കണ്ണൂർ | 31 | 208 | 14 |
| കാസർഗോഡ് | ഇല്ല | ഇല്ല | ഇല്ല |
| ആകെ | 141 | 292 | 28 |

LIBRARY ARCHIVES Kerala Legislative Assembly

## അനുബന്ധം-VI

[20-10-2006-ലെ നക്ഷത്രചിഹ്നമിടാത്ത 256(4105)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം കാണുക]

| *പഞ്ചായത്ത്* | *തകർന്നവീടുകളുടെ എണ്ണം* | *കിണറുകളുടെ എണ്ണം* |
|---|---|---|
| കുന്ദമംഗലം | 56 | 2 |
| പെരുവയൽ | 26 | 1 |
| പെരുവണ്ണ | 31 | .. |
| മുക്കം | 34 | 5 |
| കോടഞ്ചേരി | 88 | .. |
| തിരുവമ്പാട് | 53 | 1 |
| കാരശ്ശേരി | 3 | .. |
| ചാത്തമംഗലം | 21 | 1 |
| മാവൂർ | 25 | 9 |
| കൂടരഞ്ഞി | 90 | .. |
| കരുവെട്ടൂർ | 27 | .. |
| കൊടിയത്തൂർ | 16 | .. |

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം—VII

[20-10-2006-ലെ നക്ഷത്രചിഹ്നമിടാത്ത 336 (4188)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം കാണുക]

(1) നഴ്സറി മുതൽ 10-ാം ക്ലാസ് വരെ സർക്കാർ/അംഗീകൃത സ്കൂളുകളിൽ പഠിക്കുന്ന പട്ടിക വിഭാഗം വിദ്യാർത്ഥികൾക്ക് വ്യത്യസ്ത നിരക്കിൽ ലംപ്സം ഗ്രാന്റ് നൽകി വരുന്നു. കൂടാതെ പട്ടികവിഭാഗത്തിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന സമുദായ വിദ്യാർത്ഥികൾക്ക് വ്യത്യസ്ത നിരക്കിൽ പ്രതിമാസ സ്റ്റൈപ്പന്റും അൺ എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസ്, സ്പെഷ്യൽ ഫീസ് എന്നിവയും അനുവദിക്കുന്നുണ്ട്. പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പന്റും നൽകി വരുന്നു.

(2) തോട്ടിപ്പണിയിൽ ഏർപ്പെടുന്നവരുടേയും തുകൽ ഊറയ്ക്കിടുന്നവരുടേയും മക്കൾക്ക് ജാതി, വരുമാനം എന്നിവ നോക്കാതെ സ്കൂൾ വിദ്യാഭ്യാസത്തിന് അഡ്ഹോക്ക് ഗ്രാന്റ് സ്റ്റൈപ്പന്റ് എന്നിവ നൽകിവരുന്നു.

(3) എസ്.എസ്.എൽ.സി. കഴിഞ്ഞുള്ള വിവിധ കോഴ്സുകൾക്ക് സർക്കാർ/അംഗീകൃത എയ്ഡഡ് സ്ഥാപനങ്ങളിൽ പഠിക്കുന്ന പട്ടികവിഭാഗം വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ്, ഫീസ്, ഹോസ്റ്റലിൽ താമസിക്കുന്നവർക്ക് ഹോസ്റ്റൽ ഫീസ്, പോക്കറ്റ് മണി എന്നിവയും നൽകി വരുന്നു.

(4) സ്വാശ്രയ കോഴ്സുകൾക്ക്, പ്രവേശന പരീക്ഷാ കമ്മീഷണറുടെ ലിസ്റ്റിൽ നിന്നും സർക്കാർ മെരിറ്റ് സീറ്റിലും 10% സംവരണ സീറ്റിലും പ്രവേശനം നേടുന്ന പട്ടികവിഭാഗം വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പന്റ്, ലാംപ്സം ഗ്രാന്റ് എന്നിവയും ജസ്റ്റീസ് കെ. റ്റി. തോമസ് കമ്മീഷൻ ശുപാർശ ചെയ്ത നിരക്കിലുള്ള ഫീസും നൽകുന്നു.

(5) സ്വാശ്രയ പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൽക്ക് സ്ഥാപനത്തിന്റെ വക ഹോസ്റ്റലിലോ, അംഗീകൃത ഹോസ്റ്റലിലോ, സർക്കാർ ഹോസ്റ്റലിലോ പ്രവേശനം ലഭിയ്ക്കാത്തതുമൂലം പുറത്ത് സ്വകാര്യ ഹോസ്റ്റലിൽ താമസിച്ചു പഠിക്കുകയാണെങ്കിൽ സ്റ്റൈപ്പന്റ് ആയി പ്രതിമാസം 10,00 രൂപ അനുവദിച്ചു നൽകി വരുന്നു.

(6) എസ്.എസ്.എൽ.സി.യ്ക്ക് ഓരോ വിഷയത്തിലും ബി ഗ്രേഡിൽ കുറയാത്ത ഗ്രേഡ് വാങ്ങുന്ന പട്ടിക വിഭാഗം വിദ്യാർത്ഥികൾക്കും, +2, ഡിഗ്രി, പി.ജി. കോഴ്സുകൾക്ക് ഫസ്റ്റ് ക്ലാസ് വാങ്ങി പാസ്സാകുന്ന വിദ്യാർത്ഥികൾക്കും പ്രത്യേക പ്രോൽസാഹനമായി വിവിധ നിരക്കിൽ ധനസഹായം അനുവദിച്ചുവരുന്നു.

(7) മെഡിക്കൽ, എഞ്ചിനീയറിംഗ്, അഗ്രികൾച്ചർ, വെറ്ററിനറി, എം.ബി.എ., എൽ.എൽ.ബി. എൽ. എൽ. എം. തുടങ്ങിയ പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് റഫറൻസ് ഗ്രന്ഥങ്ങൾ വാങ്ങുന്നതിന് ബുക്ക് ബാങ്ക് പദ്ധതി പ്രകാരം കോളേജുകൾക്ക് ധനസഹായം നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(8) +2, ഡിഗ്രി, കോഴ്സുകൾക്ക് പരാജയപ്പെടുന്നവർക്കും ട്യൂട്ടോറിയലിൽ ചേർന്ന് പഠിക്കുന്നതിന് ആനുകൂല്യം അനുവദിച്ചു നൽകി വരുന്നു.

(9) സമർത്ഥരായ പട്ടികവിഭാഗം വിദ്യാർത്ഥികളെ ഹോസ്റ്റൽ സൗകര്യത്തോടുകൂടി നവോദയ സ്കൂൾ മാതൃകയിൽ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ ചേർത്ത് അവരുടെ മുഴുവൻ ചെലവും സർക്കാർ നൽകി പഠിപ്പിക്കുന്നു.

(10) സ്പോർട്ട്സിൽ പ്രഗൽഭരായ വിദ്യാർത്ഥികളെ കണ്ടെത്തി അവരുടെ മുഴുവൻ ചെലവും സർക്കാർ വഹിച്ച് സ്പോർട്ട്സ് സ്കൂളുകളിൽ ചേർത്ത് പഠിപ്പിക്കുന്നു.

(11) സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിലും അപേക്ഷിച്ചിട്ടും പ്രവേശനം ലഭിക്കാത്ത പട്ടികവിഭാഗം വിദ്യാർത്ഥികൾക്ക് പാരലൽ കോളേജിൽ ചേർന്നു പഠിക്കുന്നതിന് ആനുകൂല്യം നൽകുന്നു.

(12) പട്ടികവിഭാഗം വിദ്യാർത്ഥികൾക്ക് സിവിൽ സർവീസ് പരീക്ഷയ്ക്ക് പങ്കെടുത്ത് വിജയിക്കുന്നതിനും സിവിൽ സർവീസ് പരീക്ഷാ പരിശീലന കേന്ദ്രംവഴി പരിശീലനം നൽകി വരുന്നു. മത്സര പരീക്ഷകളിലും ഇന്റർവ്യൂകളിലും പങ്കെടുക്കുന്നതിനും പരിശീലനം നൽകുന്നു.

(13) തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, പാലക്കാട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകളിൽ മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷ എഴുതുന്നതിനും, പി.എസ്.സി., യു.പി.എസ്.സി., ബി.എസ്.ആർ.ബി. തുടങ്ങിയവയുടെ മത്സര പരീക്ഷകൾക്ക് കോച്ചിംഗ് ക്ലാസ്സുകൾ നടത്തി വരുന്നു.

(14) വകുപ്പിന്റെ അംഗീകാരമുള്ള സ്വകാര്യ വൊക്കേഷണൽ സ്ഥാപനങ്ങളിൽ പഠിക്കുന്ന പട്ടിക വിഭാഗം വിദ്യാർത്ഥികൾക്ക് ഫീസും സ്റ്റൈപ്പന്റ് നൽകി വരുന്നു.

(15) വകുപ്പിന്റെ 41 ഐ.റ്റി.സി. കളിലായി വിവിധ ട്രേഡുകളിൽ എൻ.സി.വി.റ്റി. സർട്ടിഫിക്കറ്റുകൾ കരസ്ഥമാക്കുന്നതിനുള്ള പരിശീലനം നൽകിവരുന്നു.

(16) ദേശീയ പ്രധാന്യമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മൽസര പരീക്ഷയിലൂടെ പ്രവേശനം ലഭിക്കുന്നതിനും തൊഴിൽ അവസരങ്ങൾക്കുള്ള മത്സര പരീക്ഷകളിലേക്ക് പ്രാപ്തരാക്കുന്നതിനും സെന്റർ ഓഫ് എക്സലൻസ് വഴി പരിശീലനം നൽകുന്നു.

(17) സമർത്ഥരായ വിദ്യാർത്ഥികളെ കണ്ടെത്തി മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭ്യമാക്കുന്നതിന് അയ്യങ്കാളി ടാലന്റ് സ്ക്കോളർഷിപ്പ് പദ്ധതിപ്രകാരം 4-ാം ക്ലാസിലും 7-ാം ക്ലാസിലും പഠിക്കുന്ന പട്ടികവിഭാഗം വിദ്യാർത്ഥികൾക്ക് തുടർ വിദ്യാഭ്യാസത്തിന് ആവശ്യമായ ധനസഹായം നൽകുന്നു.

(18) വീടുകളിൽ നിന്നും ദൂരക്കൂടുതലുള്ള സ്ഥാപനങ്ങളിൽ പഠിക്കുന്ന പട്ടിക വിഭാഗം വിദ്യാർത്ഥികൾക്ക് താമസിച്ച് പഠിക്കുവാൻ 90 പ്രീ മെട്രിക് ഹോസ്റ്റലുകളിലും 15 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലും സർക്കാർ ചെലവിൽ താമസ-ഭക്ഷണ സൗകര്യവും പോക്കറ്റ് മണിയും നൽകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(19) സംസ്ഥാനത്ത് പഠന സൗകര്യം ലഭ്യമല്ലാത്ത കോഴ്സുകൾക്കും അഖിലേന്ത്യ തലത്തിൽ പ്രവേശന പരീക്ഷയിലൂടെ പ്രവേശനം ലഭിക്കുന്ന കോഴ്സുകൾക്കും പട്ടികവിഭാഗം, വിദ്യാർത്ഥികൾക്ക് സംസ്ഥാനത്തിന് പുറത്ത് പഠിക്കുന്നതിന് ലംപ്സ് ഗ്രാന്റ്, ഫീസ്, ഹോസ്റ്റൽ ചെലവ് എന്നിവയും നൽകി വരുന്നു.

(20) എഞ്ചിനീയറിംഗ് കോളേജുകളിൽ ലാറ്ററൽ എൻട്രി പ്രകാരം പ്രവേശനം നേടുന്നവർക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി വിദ്യാഭ്യാസാനുകൂല്യം അനുവദിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ 90 പ്രീമെട്രിക് ഹോസ്റ്റലുകളിലെ അന്തേവാസികൾക്ക് നൽകി വന്നിരുന്ന ആഹാരച്ചെലവ് ഈ ഗവൺമെന്റ് പ്രതിമാസം 500 രൂപയിൽ നിന്നും 700 രൂപയായി വർദ്ധിപ്പിച്ചു നൽകിയിട്ടുണ്ട്.

(21) മുകളിൽ പറഞ്ഞ ആനുകൂല്യങ്ങൾ എല്ലാംതന്നെ മറ്റർഹ സമുദായ വിദ്യാർത്ഥികൾക്കും നൽകിവരുന്നുണ്ട്.

(22) അംഗീകൃത സംഘടനകൾ നടത്തി വരുന്ന ഹോസ്റ്റലുകളിൽ താമസിച്ച് പഠിക്കുന്ന പട്ടികവിഭാഗം വിദ്യാർത്ഥികൾക്ക് ഭക്ഷണ ചെലവിനും യൂണിഫോമിനും ധനസഹായം നൽകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## അനുബന്ധം-VIII

### 23-10-2006 നക്ഷത്രചിഹ്നമിടാത്ത 410[4251]-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം (ബി)കാണുക

എം. ജി.പി.യുമായി ബന്ധപ്പെട്ട് സംസ്ഥാനം സന്ദർശിച്ച എ.ഡി.ബി. സംഘത്തിൽ ശ്രീമതി ഷിയാവോ കിൻഫാൻ (ഇക്കണോമിസ്റ്റ്), ശ്രീമതി അന്നാ അലിപ്യോ (പ്രോജക്ട് അനലിസ്റ്റ്), ഡോ. കെ. കെ. സുബ്രഹ്മണ്യൻ (കൺസൽറ്റന്റ്), ശ്രീ. സൗമൻ ചതോപാദ്ധ്യായ(കൺസൽട്ടന്റ്) എന്നിവരാണുണ്ടായിരുന്നത്. ഇവർ സന്ദർശന വേളയിൽ ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യം), പ്രിൻസിപ്പൽ സെക്രട്ടറി (തദ്ദേശ സ്വയംഭരണം), പ്രിൻസിപ്പൽ സെക്രട്ടറി (ഊർജ്ജം), പ്രിൻസിപ്പൽ സെക്രട്ടറി (വ്യവസായം), പ്രിൻസിപ്പൽ സെക്രട്ടറി (ഭരണ പരിഷ്ക്കാരം), സെക്രട്ടറി (എം.ജി.പി.), സെക്രട്ടറി (നികുതി), സെക്രട്ടറി (ഐ.റ്റി), സെക്രട്ടറി (ആരോഗ്യം), സെക്രട്ടറി (വിദ്യാഭ്യാസം), എക്സി. ഡയറക്ടർ (കുടുംബശ്രീ), ഡയറക്ടർ (ഐ.റ്റി.മിഷൻ), സെക്രട്ടറി (ആസൂത്രണ ബോർഡ്), ചെയർമാൻ (വൈദ്യുത. ബോർഡ്), സെക്രട്ടറി (റിയാബ്), ഡയറക്ടർ (എം.ജി.പി.) എന്നിവരുമായാണ് ഔദ്യോഗിക ചർച്ചകൾ നടത്തിയത്.

സുനാമി അടിയന്തിര സഹായ പദ്ധതിയുടെ ഭാഗമായി സംസ്ഥാനം സന്ദർശിച്ച എ.ഡി.ബി.യുടെ ആദ്യ സംഘത്തിൽ ശ്രീ. രവി ഖേര, ശ്രീ ദീപക് സിംഗ്, ശ്രീ. അനിൽ ദാസ് എന്നീ സ്പെഷ്യലിസ്റ്റുകൾ ഉണ്ടായിരുന്നു. പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ്, മത്സ്യബന്ധന വകുപ്പ്, ജലവിതരണ വകുപ്പ്, തുറമുഖ വകുപ്പ്, വൈദ്യുതി വകുപ്പ്, പബ്ളിക് വർക്സ് വകുപ്പ് തുടങ്ങിയ വകുപ്പുകളുടെ തലവന്മാരുമായും കൂടാതെ പ്രോജക്ട് ഡയറക്ടറും പ്രോജക്ട് മാനേജ്മെന്റ് സ്പെഷ്യലിസ്റ്റുമായും പദ്ധതികളുടെ പുരോഗതിയെക്കുറിച്ച് ചർച്ച നടത്തി.

രണ്ടാം സംഘത്തിൽ ശ്രീ. തടാക്ഷി കോൺടോ, ശ്രീ. ജെ. ശ്രീനിവാസൻ, ശ്രീ. അശോക് ശ്രീവാസ്തവ എന്നിവർ അംഗങ്ങളായിരുന്നു. സംഘം ചീഫ് സെക്രട്ടറി, പ്രോജക്ട് ഡയറക്ടർ, പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ്, വിവിധ വകുപ്പുകളുടെ സെക്രട്ടറിമാർ, പ്രോജക്ട് ഇംപ്ളിമെന്റേഷൻ യൂണിറ്റിന്റെ ഉദ്യോഗസ്ഥൻമാർ എന്നിവരുമായി പദ്ധതികളുടെ പുരോഗതി വിലയിരുത്തി.

മൂന്നാം സംഘത്തിൽ ശ്രീ. തായ് ലീ മിംഗ്, ശ്രീ. അശോക് ശ്രീവാസ്തവ എന്നിവർ അംഗങ്ങളായിരുന്നു. സംഘം കൊല്ലത്തും ആലപ്പുഴയിലുമുള്ളമുള്ള പദ്ധതി പ്രദേശങ്ങൾ സന്ദർശിക്കുകയും കേരള ജല അതോറിറ്റിയുടെയും പബ്ളിക് വർക്ക്സ് ഡിപ്പാർട്ടുമെന്റിലെയും ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു.

സുസ്ഥിര നഗര വികസന പദ്ധതിയുടെ ഭാഗമായി സംസ്ഥാനം സന്ദർശിച്ച എ.ഡി.ബി. സംഘത്തിൽ സൗത്ത് ഏഷ്യ അർബൻ ഡവലപ്മെന്റ് ഡയറക്ടർ ശ്രീ. എൻ. കിം, എ.ഡി.ബി. പ്രോജക്ട് ഇക്കോണമിസ്റ്റ്, ശ്രീ. ഹിരോയോക്കി ഇക്കോമോട്ടോ, സീനിയർ ഫിനാൻസ്/അഡ്മിനിസ്ട്രേഷൻ ഓഫീസർ,

ശ്രീ. സി.ടി. എബ്രഹാം എന്നിവരാണുണ്ടായിരുന്നത്. സംഘം താഴെപ്പറയുന്ന സർക്കാർ പ്രതിനിധികൾ/ ഉദ്യോഗസ്ഥർ എന്നിവരുമായി ചർച്ച നടത്തുകയുണ്ടായി.

1. ഡോ. തോമസ് ഐസക്, ബഹു. കേരളാ ധനകാര്യ വകുപ്പുമന്ത്രി.
2. ശ്രീ. പാലൊളി മുഹമ്മദ് കുട്ടി, ബഹു. കേരളാ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി
3. ശ്രീ. മുഹമ്മദ് റിയാസുദ്ദീൻ, മുൻ ചീഫ് സെക്രട്ടറി, കേരള സർക്കാർ.
4. ശ്രീ. എസ്. എം. വിജയാനന്ദ്, പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശ സ്വയംഭരണവകുപ്പ്
5. ശ്രീ. ടി. കെ. ജോസ്, സെക്രട്ടറി തദ്ദേശസ്വയം ഭരണ വകുപ്പ്.
6. ശ്രീ. ആനന്ദ് സിംഗ്, പ്രോജക്ട് ഡയറക്ടർ, കെ.എസ്.യു.ഡി.പി.
7. ശ്രീ. വി. വി. കൃഷ്ണരാജൻ, ഡെപ്യൂട്ടി ഡയറക്ടർ, കെ.എസ്.യു.ഡി.പി.
8. ശ്രീ. ടോമി സിറിയക്, മെമ്പർ, കെ.എസ്.യു.ഡി.പി. ആന്റ് ഐ.ഇ.സി മാനേജർ, എം.ജി.പി.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം-VIII(a)

[23-10-2006-ലെ നക്ഷത്രചിഹ്നമിടാത്ത 410 (4251)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം (സി) കാണുക]

എം.ജി.പി.യുമായി എ.ഡി.ബി. സംഘം ഭരണ നവീകരണ പരിപാടിയുടെയും സേവന പ്രദാന പദ്ധതിയുടെയും പ്രവർത്തന പുരോഗതിയാണ് മുഖ്യമായും ചർച്ച ചെയ്തത്.

സുനാമി അടിയന്തിര സഹായ പദ്ധതിവഴി നടപ്പിലാക്കുന്ന പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനും അവ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി സ്വീകരിക്കേണ്ട നടപടി ക്രമങ്ങളെക്കുറിച്ചുമാണ് എ.ഡി.ബിയുടെ പ്രതിനിധി സംഘവുമായി ചർച്ച നടത്തിയത്. TEAP-ന്റെ കീഴിൽ വരുന്ന പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിൽ വകുപ്പുകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ചും അവ പരിഹരിക്കുന്നതിനുള്ള വിവിധ മർഗ്ഗങ്ങളെപ്പറ്റിയും ചർച്ചകൾ നടത്തുകയുണ്ടായി.

സുസ്ഥിര നഗര വികസന പദ്ധതിയുമായി ബന്ധപ്പെട്ട് സർക്കാർ പ്രതിനിധികൾ എ.ഡി.ബി. സംഘവുമായി ചുവടെ വിവരിക്കുന്ന വിഷയത്തിന്മേൽ ചർച്ച നടത്തുകയുണ്ടായി.

(എ) വായ്പ ഒപ്പിടലും വായ്പ നിലവിൽ വരുത്തലും.

(ബി) പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിനെ (KSUDP) സഹായിക്കുന്നതിനായി സാങ്കേതിക സപ്പോർട്ട് യൂണിറ്റ് രൂപീകരിക്കൽ (TSU)

(സി) കേരള ലോക്കൽ ഗവൺമെന്റ് ഡെവലപ്മെന്റ് ഫണ്ടിന്റെ രൂപീകരണം.

(ഡി) കെ.എസ്.യു.ഡി.പി.യ്ക്ക് പുതിയ ആസ്ഥാന മന്ദിരം കണ്ടെത്തൽ.

(ഇ) ബ്രിഡ്ജിംഗ് സാങ്കേതിക സഹായത്തിന്റെ പ്രവർത്തനങ്ങളുടെ വിലയിരുത്തൽ.

(എഫ്) നഗരസഭകളിലെ സേവന പ്രദാനക്ഷമത വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച പ്രവർത്തനങ്ങൾ

(ജി) നഗരങ്ങളിലെ ദരിദ്ര വിഭാഗങ്ങളുടെ ഉന്നമനം സംബന്ധിച്ച സഹായം.

(എച്ച്) പദ്ധതിയുടെ ഭാഗമായി ചൈന ജനകീയ റിപ്പബ്ളിക്കിലേക്കുള്ള പഠനയാത്ര.

LIBRARY ARCHIVES Kerala Legislative Assembly